

ഞായറാഴ്ചകളിലെ വചനവ്യാഖ്യാനം

# പാതയിൽ പ്രകാശം

ഡോ. മൈക്കിൾ കാരിമറ്റം



# പാതയിൽ പ്രകാശം

## ഞായറാഴ്ചകളിലെ വചനവ്യാഖ്യാനം

**ഡോ. മൈക്കിൾ കാരിമറ്റം**

**"അങ്ങയുടെ വചനം എന്റെ പാദങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശവുമാണ്" (സങ്കീ. 119, 105).**

ആരാധനക്രമത്തിന്റെ കേന്ദ്രമാണല്ലോ വി. കുർബാന. കുർബാനയുടെ ആദ്യഭാഗം വചനശുശ്രൂഷയാണ്. ഞായറാഴ്ചതോറും ദേവാലയത്തിൽ വി. കുർബാനയുടെ മധ്യേ വായിക്കുന്ന സുവിശേഷഭാഗങ്ങൾ ജീവിതബന്ധിയായി വ്യാഖ്യാനിച്ച് ജനത്തെ പഠിപ്പിക്കാനും പ്രബുദ്ധരാക്കാനും വൈദികരെ സഹായിക്കുക എന്നതാണ് ഈ പുസ്തകത്തിന്റെ മുഖ്യലക്ഷ്യം. എന്നാൽ വൈദികർക്കു മാത്രമല്ല, വചനം വായിച്ചു ധ്യാനിക്കാനും പങ്കുവയ്ക്കാനും ആഗ്രഹിക്കുന്ന ആർക്കും ഈ വചനവ്യാഖ്യാനങ്ങൾ സഹായകമാകും. കുടുംബകൂട്ടായ്മകളിലും പ്രാർത്ഥനായോഗങ്ങളിലും ആഴ്ച തോറും വചനം വായിച്ചു പങ്കുവയ്ക്കാനും സഹായകമാകണം ഈ ഗ്രന്ഥം എന്ന ആഗ്രഹവും ഇതിന്റെ രചനയുടെ പിന്നിലുണ്ട്.

സീറോ മലബാർ ആരാധനക്രമമനുസരിച്ചുള്ള വായനകളാണ് ഇവിടെ വ്യാഖ്യാന വിഷയമാകുന്നത്. ഇതൊരു പ്രസംഗകുറിപ്പുകളുടെ സമാഹാരമല്ല, സുവിശേഷ പ്രഘോഷണത്തിനു സഹായകമായ വചനവ്യാഖ്യാനമാണ്. അതിനായി വായിക്കുന്ന ഭാഗത്തിന്റെ സുവിശേഷത്തിലെ സ്ഥാനം, അതുൾക്കൊള്ളുന്ന മുഖ്യ സന്ദേശം, അനുകാലിക ജീവിതത്തിൽ ഈ സന്ദേശത്തിന്റെ പ്രസക്തി എന്നിവ എടുത്തു കാട്ടാൻ പ്രത്യേകം ശ്രമിക്കുന്നു. പ്രസംഗത്തിനു മാത്രമല്ല, വ്യക്തിപരമായ ധ്യാനത്തിനും സഹായകമാകണം എന്നു കരുതിയാണ് രചന ചിട്ടപ്പെടുത്തിയിരിക്കുന്നത്.

**ദൈവവചനം ജീവിതവഴിയിൽ പ്രകാശം ചൊരിയാൻ ഈ ഗ്രന്ഥം സഹായകമാകും.**

978-93-88909-52-5 ₹ 380

Scripture

atma books
Ph: +0495 4022600, 91 9746077500
www.atmabooks.com

# പാതയിൽ പ്രകാശം

(ഞായറാഴ്ചകളിലെ വചനവ്യാഖ്യാനം)

# ഡോ. മൈക്കിൾ കാരിമറ്റം

പതിനഞ്ചു വർഷക്കാലം തലശ്ശേരി അതിരൂപതയുടെ ബൈബിൾ അപ്പോസ്റ്റൊലേറ്റിന്റെ ഡയറക്ടറായും നാലുവർഷം മുരിങ്ങൂർ ഡിവൈൻ ബൈബിൾ കോളജിന്റെ പ്രിൻസിപ്പലായും പ്രവർത്തിച്ച ഡോ. മൈക്കിൾ കാരിമറ്റം 2002 മുതൽ തൃശ്ശൂർ മേരിമാതാ മേജർ സെമിനാരിയിൽ അദ്ധ്യാപകനായി സേവനം ചെയ്തുവരുന്നു.

മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ ബൈബിൾ വ്യാഖ്യാനമായ ആൽഫാ ബൈബിൾ കമന്ററിയുടെ ചീഫ് എഡിറ്റർ കൂടിയാണ് അദ്ദേഹം.

## ഞങ്ങൾ പ്രസാധനം ചെയ്ത ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ

1. അങ്ങയുടെ ചിറകിൻ കീഴിൽ
2. വെളിപാടുപുസ്തകം ഒരു വ്യാഖ്യാനം
3. കുരിശിന്റെ സുവിശേഷം
4. ആത്മാക്കളുടെ ലോകം
5. പുതിയനിയമത്തിലെ സ്ത്രീകൾ
6. കഴുതകൾ സംസാരിക്കുമ്പോൾ
7. നസ്രത്തിൽനിന്നൊരു പ്രവാചകൻ
8. കാണാപ്പുറം
9. പരാജിതരുടെ സുവിശേഷം
10. വിശ്വാസത്തിന്റെ വേരുകൾ
11. 101 വാഗ്ദാനങ്ങൾ
12. ഗുരുമൊഴികൾ

# പാതയിൽ പ്രകാശം

(ഞായറാഴ്ചകളിലെ വചനവ്യാഖ്യാനം)

**ഡോ. മൈക്കിൾ കാരിമറ്റം**

pavan
atma
atmabooks@gmail.com

Malayalam
*Pathayil Prakasam* (Sunday Bible Meditation)
(Scripture)
Author: Dr. Micheal Karimattam
Copyright: Author

Typing: Usha M S
Layout: Sheeja M
Cover Design: Sreejith George

First Published: November 2019

ISBN: 978-93-88909-52-5

Printed, Published & Distributed by

Pavanatma Publishers Pvt. Ltd.
Parayanchery, Kuthiravattam (P.O.)
Kozhikode - 673 016
Ph: +91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

# *മുഖവുര*

*"ദൈവവചനം പകർന്നു കൊടുക്കാൻ പല മാർഗ്ഗങ്ങളുണ്ട്. ആത്മപാലനാപരമായ പ്രഭാഷണങ്ങൾ, മതതത്വബോധനം, മറ്റു ക്രിസ്തീയോപദേശങ്ങൾ. ഇവയിൽ ദിവ്യബലിയോടനുബന്ധിച്ചുള്ള പ്രഭാഷണത്തിന് അതുല്യമായ സ്ഥാനമുണ്ടാകണം"* (DV 24).

*"വൈദികശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരും പ്രത്യേകിച്ച് ക്രിസ്തുവിന്റെ പുരോഹിതരും അതുപോലെതന്നെ വചനശുശ്രൂഷയിൽ നിയമാനുസതം വി. ഗ്രന്ഥത്തിന്റെ നിരന്തര പാരായണത്തോടും സൂക്ഷ്മപഠനത്തോടും അഭേദ്യം ബന്ധപ്പെടുക ആവശ്യമാണ്. അവരിലാരും ദൈവവചനത്തെ ശ്രവിക്കാത്ത, അകക്കാമ്പില്ലാത്ത ഉപരിപ്ളവ പ്രഭാഷകർ ആകരുത്. കാരണം ദൈവവചനത്തിന്റെ സമൃദ്ധമായ സമ്പത്ത് തങ്ങളെ ഏൽപ്പിച്ചിരിക്കുന്ന വിശ്വാസികൾക്ക് പകർന്നുകൊടുക്കാൻ, പ്രത്യേകിച്ച് ആരാധനക്രമം വഴി, അവർ കടപ്പെട്ടവരാണ്* (DV 25).

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ മേലുദ്ധരിച്ച, ദൈവവചനത്തെപ്പറ്റിയുള്ള പ്രബോധനമാണ് ഇപ്രകാരം ഒരു പുസ്തകം രചിക്കാൻ എനിക്കു പ്രചോദനമായത്. ആരാധനക്രമത്തിന്റെ കേന്ദ്രമാണല്ലോ വി. കുർബാന. കുർബാനയുടെ ആദ്യഭാഗം വചനശുശ്രൂഷയാണ്. ഞായറാഴ്ച തോറും ദേവാലയത്തിൽ വി. കുർബാനയുടെ മധ്യേ വായിക്കുന്ന സുവിശേഷഭാഗങ്ങൾ ജീവിതബന്ധിയായി വ്യാഖ്യാനിച്ച് ജനത്തെ പഠിപ്പിക്കാനും പ്രബുദ്ധരാക്കാനും വൈദികരെ സഹായിക്കുക എന്നതാണ് ഈ പുസ്തകത്തിന്റെ മുഖ്യലക്ഷ്യം. എന്നാൽ വൈദികർക്കു മാത്രമല്ല, വചനം വായിച്ചു ധ്യാനിക്കാനും പങ്കുവയ്ക്കാനും ആഗ്രഹിക്കുന്ന ആർക്കും ഈ വചനവ്യാഖ്യാനങ്ങൾ സഹായകമാകും. കുടുംബകൂട്ടായ്മകളിലും പ്രാർത്ഥനായോഗങ്ങളിലും ആഴ്ച

തോറും വചനം വായിച്ചു പങ്കുവയ്ക്കാനും സഹായകമാകണം ഈ ഗ്രന്ഥം എന്ന ആഗ്രഹവും ഇതിന്റെ രചനയുടെ പിന്നിലുണ്ട്.

സീറോ മലബാർ ആരാധനക്രമമനസരിച്ചുള്ള വായനകളാണ് ഇവിടെ വ്യാഖ്യാന വിഷയമാകുന്നത്. ആണ്ടുവട്ടത്തെ മംഗല വാർത്ത-പിറവി, ദനഹാ, നോമ്പ്, ഉയിർപ്പ്, ശ്ലീഹാ, കൈത്താ ഏലിയാ-മൂശാ-സ്ലീവാ, പള്ളിക്കൂദാശ എന്നിങ്ങനെ 8(11) കാല ങ്ങളായി തിരിച്ചാണ് ആരാധനവർഷം ആചരിക്കുന്നത്. ഓരോ കാലഘട്ടത്തിന്റെയും ചൈതന്യത്തെ ഉൾക്കൊണ്ട് രക്ഷാരഹസ്യ ത്തിൽ പങ്കുചേരാനും ജീവിതം ക്രമീകരിക്കാനും സഹായകര മായ വിധത്തിലാണ് സഭ വായനകൾ തിരഞ്ഞെടുത്തിരിക്കുന്നത്. പഞ്ചഗ്രന്ഥം, പ്രവാചകന്മാർ, ലേഖനങ്ങൾ, സുവിശേഷങ്ങൾ എന്നിങ്ങനെ ബൈബിളിനെ നാലായി തിരിച്ച് ഓരോ ഭാഗത്തു നിന്നും ഓരോ വായന നിർദ്ദേശിച്ചിട്ടുണ്ട്. അവയിൽ സുവിശേ ഷങ്ങളിൽ നിന്നുള്ള വായനകൾക്കാണ് ഇവിടെ വ്യാഖ്യാനവും വിചിന്തനവും തയ്യാറാക്കിയിരിക്കുന്നത്.

ഇതൊരു പ്രസംഗ സമാഹാരമല്ല, സുവിശേഷ പ്രഘോഷ ണത്തിനു സഹായകമായ വചനവ്യാഖ്യാനമാണ്. അതിനാൽ സാരോപദേശ കഥകളും അനുഭവ സാക്ഷ്യങ്ങളും ഒഴിവാക്കി, ദൈവവചനത്തിന്റെ ആഴങ്ങളിലേക്ക് അനുവാചകരുടെ ശ്രദ്ധ ക്ഷണിക്കാൻ ശ്രമിക്കുന്നു. അതിനായി വായിക്കുന്ന ഭാഗത്തിന്റെ സുവിശേഷത്തിലെ സ്ഥാനം, അതുൾക്കൊള്ളുന്ന മുഖ്യ സന്ദേശം, അനുകാലിക ജീവിതത്തിൽ ഈ സന്ദേശത്തിന്റെ പ്രസക്തി എന്നിവ എടുത്തു കാട്ടാൻ പ്രത്യേകം ശ്രമിക്കുന്നു. പ്രസംഗത്തിനു മാത്രമല്ല വ്യക്തിപരമായ ധ്യാനത്തിനും സഹാ യകമാകണം എന്നു കരുതിയാണ് രചന ചിട്ടപ്പെടുത്തിയിരിക്കു ന്നത്.

ആകെ 57 അധ്യയങ്ങളാണ് ഈ പുസ്തകത്തിലുള്ളത്. ആണ്ടുവട്ടത്തിലെ എല്ലാ ഞായറാഴ്ചകൾക്കും പുറമെ, തിരുപ്പി റവി, ദനഹ, പെസഹാ വ്യാഴം, സ്വർഗ്ഗാരോഹണം എന്നീ തിരു നാളുകൾക്കുള്ള വായനകളും ഇവിടെ വ്യാഖ്യാന വിഷയമാക്കു ന്നുണ്ട്. ആരാധനവർഷത്തിലെ തിരുനാളുകളെയും ഇടവകയിൽ ആഘോഷിക്കപ്പെടുന്നതും ഏറ്റം കൂടുതൽ അറിയപ്പെടുന്നതു മായ വിശുദ്ധരുടെ പെരുന്നാളുകളെയും ആസ്പദമാക്കി ഒരു ഗ്രന്ഥം കൂടി രചിക്കാൻ ആഗ്രഹമുണ്ട്, കർത്താവ് കനിഞ്ഞ് അനു

ഗ്രഹിച്ചാൽ ഏറെ താമസിയാതെ അതും പ്രസിദ്ധീകരിക്കാൻ കഴിയും എന്നു പ്രതീക്ഷിക്കുന്നു.

ഈ പുസ്തകത്തിന്റെ രചനയിൽ അനേകരുടെ സഹായം ലഭിച്ചത് നന്ദിയോടെ ഓർക്കുന്നു. ദൈവവചനം ധ്യാനിക്കാനും വ്യാഖ്യാനിച്ച് എഴുതാനും വേണ്ട പ്രചോദനവും ഉൾക്കാഴ്ചകളും നൽകി അനുഗ്രഹിച്ച ത്രിയേക ദൈവത്തിന് ആദ്യമേ നന്ദി. പ്രസിദ്ധീകരണത്തിനുവേണ്ടി ഭംഗിയായി പകർത്തിയെഴുതി തന്ന ശ്രീമതി ലീലാ ഫ്രാൻസിസിന് ഹൃദയംഗമമായ കൃതജ്ഞത. കയ്യെഴുത്തു പ്രതി സസൂക്ഷ്മം പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ നിർദ്ദേശിച്ചു തന്ന ഫാ. മാത്യു പെരുമ്പള്ളിയെ നന്ദിയോടെ ഓർക്കുന്നു. പ്രിസിദ്ധീകരണം ഏറ്റെടുത്തു നിർവഹിച്ച ആത്മ ബുക്സിന്റെ എല്ലാ സാരഥികൾക്കും നന്ദിയുടെ നറുമലരുകൾ. ആഴ്ചതോറും, സഭയോടൊന്നിച്ച് ദൈവവചനം വായിച്ച്, ധ്യാനിച്ച്, ശക്തിയാർജ്ജിക്കാൻ ഉപകരിക്കണമേ എന്ന പ്രാർത്ഥനയോടെ അനുവാചക സമക്ഷം, ഈ വചനവ്യാഖ്യാനം സവിനയം സമർപ്പിക്കുന്നു.

**ഫാ. മൈക്കിൾ കാരിമറ്റം**

# ഉള്ളടക്കം


1. **മംഗലവാർത്ത 1-ാം ഞായർ (ലൂക്കാ 1, 5-25)**
   മുന്നോടിയെക്കുറിച്ച് മുന്നറിയിപ്പ് 13

2. **മംഗലവാർത്ത 2-ാം ഞായർ (ലൂക്കാ 1, 26-38)**
   കർത്താവിന്റെ ദാസി 21

3. **മംഗലവാർത്ത 3-ാം ഞായർ (ലൂക്കാ 1, 57-80)**
   കൃപാദാനം 28

4. **മംഗലവാർത്ത 4-ാം ഞായർ (മത്താ 1, 18-25)**
   എമ്മാനുവേൽ 35

5. **പിറവിത്തിരുനാൾ (ലൂക്കാ 2:1-20)**
   വലിയ സന്തോഷത്തിന്റെ സദ്വാർത്ത 42

6. **പിറവി 1-ാം ഞായർ (ജ്ഞാനികളുടെ സന്ദർശനം, മത്താ 2,1-12)**
   എവിടെ? 51

7. **പിറവി 2-ാം ഞായർ (ലൂക്കാ 2,21-35)**
   എതിർക്കപ്പെടുന്ന അടയാളം 60

8. **ദനഹാത്തിരുനാൾ (മത്താ 3,13-17 (1-17)**
   യേശു ലോകത്തിന്റെ പ്രകാശം 69

9. **ദനഹാ 1-ാം ഞായർ (ലൂക്കാ 4,16-22)**
   ദരിദ്രർക്ക് സദ്വാർത്ത 78

10. **ദനഹാ 2-ാം ഞായർ (യോഹ 1:14-18)**
    വചനം മാംസമായി 88

11. **ദനഹാ 3-ാം ഞായർ (യോഹ 1,35-42)**
    സാക്ഷ്യം-ശിഷ്യത്വം-സാക്ഷ്യം 99

12. **ദനഹാ 4-ാം ഞായർ (യോഹ 2,1-11)**
    അടയാളങ്ങളുടെ ആരംഭം 107

13. **ദനഹാ 5-ാം ഞായർ (യോഹ 3,1-21)**
    ദൈവസ്നേഹത്തിന്റെ ആഴം 113

14. **ദനഹാ 6-ാം ഞായർ (യോഹ 3: 22-31)**
പിൻവാങ്ങുന്ന മുന്നോടി 121

15. **ദനഹാ 7-ാം ഞായർ (മത്താ 7,28 - 8,13)**
സൗഖ്യദായകമായ വിശ്വാസം 128

16. **നോമ്പ് 1-ാം ഞായർ (മത്താ 4,1-10)**
പ്രലോഭകന്റെ മേൽ വിജയം 133

17. **നോമ്പ് 2-ാം ഞായർ (മത്താ 7,15-27)**
ഉറച്ച അടിത്തറ 140

18. **നോമ്പ് 3-ാം ഞായർ (മത്താ 20,17-28)**
ശിഷ്യത്വം കുരിശിന്റെ വഴിയിൽ 148

19. **നോമ്പ് 4-ാം ഞായർ (മത്താ 21,33-44)**
ഫലം നൽകുന്നില്ലെങ്കിൽ... 157

20. **നോമ്പ് 5-ാം ഞായർ (യോഹ 8,12-20)**
യേശു ലോകത്തിന്റെ പ്രകാശം 165

21. **നോമ്പ് 6-ാം ഞായർ (യോഹ 10,1-18)**
യേശു നല്ല ഇടയൻ 174

22. **നോമ്പ് 7-ാം ഞായർ (ഓശാന ഞായർ, മത്താ 21,1-17)**
ദേവാലയത്തിലേക്കു വരുന്ന മിശിഹാരാജാവ് 181

23. **പെസഹാ വ്യാഴം (യോഹ 13,1-14; മത്താ 26,26-30)**
നിങ്ങൾക്കൊരു മാതൃക 190

24. **ഉയിർപ്പ് 1-ാം ഞായർ (യോഹ 20,1-18)**
കണ്ടു വിശ്വസിച്ചു 196

25. **ഉയിർപ്പ് 2-ാം ഞായർ (യോഹ 20,19-29)**
ഉത്ഥിതന്റെ ദർശനവും വിശ്വാസവും 203

26. **ഉയിർപ്പ് 3-ാം ഞായർ (യോഹ 14,1-14)**
വഴിയും സത്യവും ജീവനും 209

27. **ഉയിർപ്പ് 4-ാം ഞായർ (യോഹ 16,16-33)**
സന്തോഷം പൂർണ്ണമാകാൻ 217

28. **ഉയിർപ്പ് 5-ാം ഞായർ (യോഹ 21,1-14)**
കടൽത്തീരത്തെ തിരിച്ചറിവ് 224

29. **ഉയിർപ്പ് 6-ാം ഞായർ (യോഹ 17:20-26)**
യേശുവിന്റെ പ്രാർത്ഥന 231

30. **സ്വർഗ്ഗാരോഹണം (ലൂക്കാ 24,44-53)**
അവൻ വീണ്ടും വരും 239

31. **ഉയിർപ്പ് 7-ാം ഞായർ (മർക്കോ 16:9-20)**
സുവിശേഷ ദൗത്യം 245

32. **ശ്ലീഹാക്കാലം 1-ാം ഞായർ (യോഹ 16,5-15)**
പന്തക്കുസ്താ: പരിശുദ്ധാത്മാവിന്റെ പ്രവർത്തനം 255

33. **ശ്ലീഹാക്കാലം 2-ാം ഞായർ (ലൂക്കാ 7,36-50)**
പാപമോചനവും സ്നേഹവും 263

34. **ശ്ലീഹാക്കാലം 3-ാം ഞായർ (ലൂക്കാ 10,25-37)**
യഥാർത്ഥ അയൽക്കാരൻ 271

35. **ശ്ലീഹാക്കാലം 4-ാം ഞായർ (ലൂക്കാ 6,27-36)**
പിതാവിന്റെ പൂർണ്ണത: കരുണ 281

36. **ശ്ലീഹാക്കാലം 5-ാം ഞായർ (ലൂക്കാ 12,22-34)**
ഉൽക്കണ്ഠ വേണ്ടാ 288

37. **ശ്ലീഹാക്കാലം 6-ാം ഞായർ (ലൂക്കാ 12,57-13,5)**
കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിയുക 292

38. **ശ്ലീഹാക്കാലം 7-ാം ഞായർ (ലൂക്കാ 13,22-30)**
വാതിലടയ്ക്കും മുമ്പേ... 299

39. **കൈത്താ 1-ാം ഞായർ (ലൂക്കാ 14,1-14)**
മഹത്വത്തിന്റെ മാനദണ്ഡം 304

40. **കൈത്താ 2-ാം ഞായർ (ലൂക്കാ 15,11-32)**
സ്നേഹനിധിയായ പിതാവ് 311

41. **കൈത്താ 3-ാം ഞായർ (യോഹ 9,1-41)**
കാഴ്ച 317

42. **കൈത്താ 4-ാം ഞായർ (മർക്കോ 7,1-13(23)**
ശുദ്ധിയും വിശുദ്ധിയും 324

43. **കൈത്താ 5-ാം ഞായർ (ലൂക്കാ 16,19-31)**
കണ്ണീരു കാണുന്നില്ലെങ്കിൽ... 331

44. **കൈത്താക്കാലം 5-ാം ഞായർ (ലൂക്കാ 17,11-19)**
സൗഖ്യവും രക്ഷയും 339

45. **കൈത്താക്കാലം 6-ാം ഞായർ (ലൂക്കാ 18,1-8)**
പ്രാർത്ഥന കേൾക്കുന്ന ദൈവം 346

46. **ഏലിയാ 1-ാം ഞായർ (ലൂക്കാ 18,35-43)**
അന്ധതയിൽനിന്ന് ശിഷ്യത്വത്തിലേക്ക് 352

47. **ഏലിയാ 2-ാം ഞായർ (മത്തായി 4,12-17)**
തുടക്കം 360

48. **ഏലിയാ 3-ാം ഞായർ (മത്താ 17,14-27)**
സൗഖ്യവും നികുതിയും 368

49. **ഏലിയാ 4-ാം ഞായർ (മത്താ 15,21-28)**
അഗ്നിപരീക്ഷയെ അതിജീവിച്ച വിശ്വാസം 375

50. **ഏലിയാ 5-ാം ഞായർ (മത്താ 20,1-16)**
തുല്യവേതനം 383

51. **ഏലിയാ 6-ാം ഞായർ (ലൂക്കാ 8,41-56)**
സൗഖ്യം-ജീവൻ-രക്ഷ 389

52. **ഏലിയാ 7-ാം ഞായർ (മത്താ 8,23-34)**
പ്രപഞ്ചത്തിന്റെ നാഥൻ 398

53. **ഏലിയാ 8-ാം ഞായർ (മത്താ 22,23-33)**
മരിച്ചവരുടെ പുനരുത്ഥാനം 405

54. **പള്ളിക്കൂദാശ 1-ാം ഞായർ (മത്തായി 16, 13-19)**
കേപ്പാ 414

55. **പള്ളിക്കൂദാശ 2-ാം ഞായർ (മത്താ 12,1-14)**
സാബത്തിന്റെ കർത്താവ് 424

56. **പള്ളിക്കൂദാശ - 3 (യോഹ 2, 13-22)**
യേശു - ദേവാലയം 432

57. **പള്ളിക്കൂദാശ - 4 (മത്താ 22, 41-46)**
ദൈവപുത്രനായ മിശിഹാരാജാവ് 441

# 1

### മംഗലവാർത്ത 1 – ാം ഞായർ

## മുന്നോടിയെക്കുറിച്ച് മുന്നറിയിപ്പ്

### (ലൂക്കാ 1, 5 – 25)

ആരാധനക്രമവത്സരത്തിലെ ആദ്യകാലഘട്ടം *"മംഗലവാർത്തക്കാലം"* എന്നാണ് സീറോ മലബാർ റീത്തിൽ വിശേഷിപ്പിക്കുന്നത്. സകല ജനതകൾക്കും വലിയ സന്തോഷത്തിനു കാരണമാകുന്ന രക്ഷകന്റെ വരവിനെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ ഈ കാലഘട്ടത്തിൽ ധ്യാനവിഷയമാക്കുന്നു. അതിനാൽത്തന്നെ ഇത് സന്തോഷത്തിന്റെ കാലമാണ്; ശുഭവാർത്തയുടെയും കാലം. എന്നാൽ *"ആഗമനകാലം"* എന്നാണ് ഈ കാലഘട്ടത്തെ ലത്തീൻ ക്രമത്തിൽ വിശേഷിപ്പിക്കുക. രക്ഷകനുവേണ്ടി ലോകജനതകൾ മുഴുവൻ കാത്തിരുന്ന കാലം എന്നാണ് സൂചന. ഈ കാലഘട്ടത്തെ ബൈബിളിന്റെ വെളിച്ചത്തിൽ നാലാഴ്ചകളായി തിരിക്കുന്നു. മനുഷ്യോത്പത്തി മുതൽ അബ്രാഹത്തിന്റെ വിളിവരെയുള്ള രണ്ടായിരം വർഷവും അബ്രാഹം മുതൽ യേശുവരെയുള്ള രണ്ടായിരം വർഷവും അനുസ്മരിപ്പിക്കുന്നതാണ് നാലായിരം വർഷത്തെ സൂചിപ്പിക്കുന്ന നാലാഴ്ചകൾ.

ഇവിടെ പ്രപഞ്ചോല്പത്തിയും പ്രപഞ്ചത്തിന്റെ പ്രായവും ശാസ്ത്രീയമായി പഠിപ്പിക്കുകയല്ല, ദൈവം തന്നെ ഒരു രക്ഷകനെ നല്കുമെന്ന വാഗ്ദാനത്തിനുവേണ്ടി സകല ജനതകളും കാത്തിരുന്നു എന്നു സൂചിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്. രക്ഷകന്റെ വരവിനെ കാത്തിരിക്കുന്നതിനാൽ ആഗമനകാലം; രക്ഷകന്റെ വരവ് സന്തോഷം നല്കുന്ന സദ്വാർത്ത ആയതിനാൽ മംഗളവാർത്തക്കാലം.

മംഗളവാർത്തക്കാലം ആദ്യഞായറായ ഇന്നത്തെ വായനയ്ക്കായി സഭ നിർദ്ദേശിച്ചിരിക്കുന്നത് ലൂക്കായുടെ സുവിശേഷം വിവരിക്കുന്ന ആദ്യ സംഭവമാണ്, രക്ഷകന്റെ മുന്നോടിയായി ജനിക്കാൻ പോകുന്ന സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് (ലൂക്കാ 1,5–25). സുവിശേഷഭാഗത്തിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നതിനുമുമ്പേ പൊതുവായ ചില നിരീക്ഷണങ്ങൾ സംഭവത്തിന്റെ അർത്ഥവും ലക്ഷ്യവും ഗ്രഹിക്കാൻ സഹായകമാകും. പന്തക്കുസ്താദിവസം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിറഞ്ഞ അപ്പസ്തോലന്മാരും തുടർന്ന് ശിഷ്യഗണവും സുവിശേഷ പ്രഘോഷണത്തിൽ യേശുവിന്റെ മരണം, ഉത്ഥാനം, മഹത്വീകരണം എന്നീ ചരിത്ര യാഥാർത്ഥ്യങ്ങൾക്കാണ് ഊന്നൽ നല്കിയത്. പരസ്യ ജീവിതത്തെപ്പറ്റി ചുരുക്കം ചില സൂചനകൾ മാത്രം. അപ്പസ്തോല പ്രവർത്തനങ്ങൾ വിവരിക്കുന്ന ആദ്യസുവിശേഷ പ്രഘോഷണങ്ങളും പൗലോസിന്റെ എല്ലാ ലേഖനങ്ങളും ഈ നിഗമനത്തിലേക്കു നയിക്കുന്നു.

കാലക്രമത്തിൽ യേശുവിന്റെ പരസ്യജീവിതം, പ്രവർത്തനങ്ങൾ, പ്രബോധനങ്ങൾ എന്നിവ സുവിശേഷ പ്രഘോഷണത്തിന്റെ ഭാഗമായി. ആദ്യമേ രചിക്കപ്പെട്ടതെന്നു പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള മർക്കോസിന്റെ സുവിശേഷം ആരംഭിക്കുന്നത് സ്നാപകന്റെ പ്രസംഗവും യേശുവിന്റെ സ്നാനവും വിവരിച്ചുകൊണ്ടാണ്. യോഹന്നാൻ സുവിശേഷം അനാദിയായ ദൈവവചനം കാലത്തിന്റെ തികവിൽ മാംസം ധരിച്ചതിനെക്കുറിച്ചു പരാമർശിച്ചുകൊണ്ടു തുടങ്ങുന്നുണ്ടെങ്കിലും യേശുവിന്റെ ചെയ്തികൾ സ്നാനം മുതൽ മാത്രമേ വിവരണവിഷയമാകുന്നുള്ളൂ. മത്തായിയും ലൂക്കായും മാത്രമാണ് യേശുവിന്റെ ജനനവും ബാല്യകാലവും വിവരിക്കുന്നത്. അതിൽത്തന്നെ, ഇരുവരും തമ്മിൽ വലിയ വ്യത്യാസങ്ങളും നിലനില്ക്കുന്നു.

യേശുവിന്റെ മാതാപിതാക്കളുടെ പേര്, കന്യാജനനം, ബെത്‌ലെഹെമിലെ പിറവി എന്നീ കാര്യങ്ങളിൽ മത്തായിയും ലൂക്കായും ഒരേ അഭിപ്രായക്കാരാണ്. ബാക്കി വിവരണങ്ങളിൽ ഏറെ വ്യത്യാസങ്ങൾ കാണാം. കാരണം രണ്ടു സുവിശേഷങ്ങളും വിവരിക്കുന്നത് ഒരേ വ്യക്തിയെക്കുറിച്ചാണെങ്കിലും ഇരുവരുടെയും മുൻഗണനാക്രമത്തിലും ഊന്നലുകളിലും വ്യത്യാസമുണ്ട്. "അബ്രാഹത്തിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ

യേശുക്രിസ്തുവിന്റെ വംശാവലിഗ്രന്ഥം” എന്ന മുഖവുരയോടെ ആരംഭിക്കുന്ന മത്തായി നല്കുന്ന ഊന്നൽ വ്യക്തമാണ്. ഇസ്രാ യേൽ ജനത്തിന്റെ പിതാവാണ് അബ്രാഹം; രാജാവ് ദാവീദ്. അബ്രാഹത്തിന്റെ സന്തതിയിലൂടെ എല്ലാ ജനതകളും അനുഗ്ര ഹിക്കപ്പെടും എന്ന പ്രവചനം (ഉൽപ 12,1-3) ദാവീദിന്റെ പുത്ര നായ രാജാവിലൂടെ പൂർത്തിയാകും (2 സാമു 7, 8-17) എന്ന പ്രതീക്ഷയ്ക്കുള്ള മറുപടിയാണ് യേശുവിന്റെ ജനനം. അധിക പങ്കും യഹൂദ ക്രൈസ്തവരായിരുന്ന മത്തായിയുടെ അനുവാ ചകർക്ക് സുപ്രധാനമാണ് ഈ ഊന്നൽ. എന്നാൽ ലൂക്കാ പ്രാധാന്യം നല്കുന്നത് മറ്റു ചില കാര്യങ്ങൾക്കാണ്.

സകല ജനതകൾക്കും വേണ്ടിയുള്ള രക്ഷയാണ് യേശുവി ലൂടെ അവതരിക്കുന്നത്. ആ ജനനത്തിന്റെ സദ്വാർത്ത എല്ലാ വർക്കും ഉള്ളതെങ്കിലും, സമൂഹത്തിലെ താഴെക്കിടയിലും വിളു മ്പുകളും വേലിക്കുപുറത്തും കഴിയുന്ന പാവപ്പെട്ടവർക്കു മുൻഗ ണന ലഭിക്കുന്നു. അവിടെ സ്ത്രീകളും അശുദ്ധരെന്നു മുദ്രകു ത്തപ്പെട്ടിരുന്ന ഇടയന്മാരും ദൈവശാപമേറ്റവർ എന്നു കരുത പ്പെട്ടിരുന്ന വന്ധ്യരും എല്ലാം മുൻപന്തിയിലേക്കു വരുന്നു. ബാല്യ കാല സുവിശേഷം ഒരാമുഖമാണ്, യേശുവിലൂടെ ഇതൾ വിട രുന്ന രക്ഷയുടെ ഒരു മുന്നാസ്വാദനം. യേശുവാണ് രക്ഷകൻ. അവന്റെ വരവിനു വഴിയൊരുക്കുകയായിരുന്നു പഴയ നിയമം മുഴുവൻ.

വളരെ ശ്രദ്ധാപൂർവ്വം, തന്മയത്വത്തോടെ ലൂക്കാ മെനഞ്ഞെ ടുത്തതാണ് ബാല്യകാല സുവിശേഷം. പഴയനിയമത്തിന്റെ അനേകം ധ്വനികൾ ഇവിടെ മുഴങ്ങിക്കേൾക്കാം; ഇവിടെ രംഗത്തു വരുന്ന കഥാപാത്രങ്ങൾക്കു പിന്നിൽ പല പഴയ നിയമവ്യക്തി ത്വങ്ങളും മിന്നിമറയുന്നതു കാണാം. സ്നാപകയോഹന്നാനും യേശുവുമാണ് ഈ ബാല്യകാല സുവിശേഷത്തിന്റെ കേന്ദ്രക ഥാപാത്രങ്ങൾ. ഇരുവരുടെയും ജനനത്തെക്കുറിച്ചുള്ള മുന്നറി യിപ്പും ജനനവും അനുബന്ധസംഭവങ്ങളും സമാന്തരമായി അവ തരിപ്പിച്ചിരിക്കുന്നു. ഈ രണ്ടു സംഭവങ്ങൾക്കിടയിൽ (മുന്നറി യിപ്പ് - ജനനം) അജാതശിശുക്കളുടെ മാതാക്കൾ തമ്മിലുള്ള കണ്ടുമുട്ടലും അവർ ഉതിർക്കുന്ന സ്തോത്രഗീതങ്ങളും ഒരു ലിറ്റർജിയുടെ മനോഹാരിതയോടെ, അർത്ഥഗർഭമായി, അവത രിപ്പിച്ചിരിക്കുന്നു. ഇരുവരെയും സമാന്തരമായി അവതരിപ്പിക്കു മ്പോഴും അവർ തമ്മിലുള്ള ബന്ധവും വ്യതിരിക്തതകളും അടി

വരയിട്ടുറപ്പിക്കുന്നത് അനുവാചകർ കാണാതെ പോകരുത്. ഒരു യുഗത്തിന്റെ അവസാനത്തിലാണ് സ്നാപകൻ നില്ക്കുക; പുതു യുഗത്തിന്റെ തുടക്കത്തിൽ യേശുവും. "നിയമവും പ്രവാചകന്മാരും യോഹന്നാൻവരെ ആയിരുന്നു. അതിനുശേഷം ദൈവരാജ്യ ത്തിന്റെ സുവിശേഷം പ്രസംഗിക്കപ്പെടുന്നു" (ലൂക്കാ 16,16) എന്ന യേശുവിന്റെ പ്രഖ്യാപനം ഇക്കാര്യം വ്യക്തമാക്കുന്നു. പഴയ തിൽനിന്നു പുതിയതിലേക്കു തുറക്കുന്ന വാതിൽ പടിയിലാണ് സ്നാപകന്റെ സ്ഥാനം.

ഹ്രസ്വമായ ഈ ആമുഖത്തിനുശേഷം ധ്യാനവിഷയമായ സുവിശേഷ ഭാഗത്തിലേക്കു വരാം. പുസ്തകത്തിന്റെ ലക്ഷ്യവും സ്വഭാവവും സൂചിപ്പിക്കുന്ന ആമുഖത്തിനുശേഷം (1,1-4) ആദ്യമേ വിവരിക്കുന്ന സംഭവമാണിത്, രക്ഷകനു വഴിയൊരുക്കാൻ വരുന്ന മുന്നോടിയുടെ ജനനത്തെക്കുറിച്ചുള്ള മുന്നറിയിപ്പ്. വളരെ ലളി തമായൊരു ഘടനയാണ് ഈ സുവിശേഷഭാഗത്തിനുള്ളത്. 5-7 വാക്യങ്ങൾ സ്ഥലകാലങ്ങളെയും കഥാപാത്രങ്ങളെയും പരിച യപ്പെടുത്തുന്ന ആമുഖം; 8-20 വാക്യങ്ങൾ സംഭവത്തിന്റെ വിവ രണം; 21-25 ജനത്തിന്റെ പ്രതികരണവും ദർശനത്തിന്റ പൂർത്തീ കരണവും ചുരുക്കമായി അവതരിപ്പിക്കുന്ന ഉപസംഹാരം. കാലം, കഥാപാത്രങ്ങൾ, സംഭാഷണങ്ങൾ, സംഭവങ്ങൾ എന്നിവ അടുത്തു പരിശോധിക്കുന്നത് അർത്ഥം ഗ്രഹിക്കാൻ സഹാ യിക്കും. എന്നാൽ ദീർഘമായൊരു വിശകലനത്തിന് സ്ഥലപരി മിതി അനുവദിക്കാത്തതിനാൽ സുപ്രധാനമായവ മാത്രം എടുത്തു കാട്ടാനാണ് ശ്രമിക്കുന്നത്.

യൂദാ രാജാവായ ഹേറോദോസ് ബി.സി. 40-ൽ റോമൻ സെനറ്റിന്റെ ആശിർവാദത്തോടെ പലസ്തീനായുടെ രാജാവായി പ്രഖ്യാപിക്കപ്പെട്ടു. എന്നാൽ ആഭ്യന്തര കലാപങ്ങൾ അവസാ നിപ്പിച്ച് പാലസ്തീനാ മുഴുവന്റെയും രാജാവായി അംഗീകരിക്ക പ്പെട്ടത് ബി.സി. 37ലാണ്. "വലിയ ഹേറോദോസ്" എന്ന് ഇയാൾ അറിയപ്പെടുന്നു. കാരണം മക്കൾ പലരും ഹേറോദേസ് എന്ന പേരിൽത്തന്നെ അറിയപ്പെട്ടിരുന്നു. ഹേറോദേസ് അന്തിപ്പാസ്, ഹേറോദേസ് ഫിലിപ്പ്, ഹേറോദേസ് അഗ്രിപ്പാ ഉദാഹരണങ്ങൾ.

പരാമർശ വിഷയമായ കാലത്ത് ഇസ്രായേലിൽ ആറായിര ത്തിൽപരം പുരോഹിതന്മാരുണ്ടായിരുന്നു; അതിന്റെ ഇരട്ടി യോളം ലേവായരും. പുരോഹിതന്മാരെ 24 ഗണങ്ങളായി തിരി ച്ചിരുന്നു. ഓരോ ഗണത്തിൽനിന്നും നറുക്കിട്ടു നിശ്ചയിക്കുന്ന

300 പേർക്കാണ് ഓരോ ആഴ്ചയിലും ദേവാലയശുശ്രൂഷ. അതിൽ നിന്നും വീണ്ടും നറുക്കിട്ടാണ് ബലിയർപ്പണത്തിനും ധൂപാർപ്പണത്തിനും നിയുക്തരായവരെ തിരഞ്ഞെടുക്കുക. വിരിയിട്ടു മറച്ച അതിവിശുദ്ധസ്ഥലത്തിനു മുമ്പിൽ, വിശുദ്ധസ്ഥലത്ത്, സുഗന്ധ ബലിപീഠത്തിൽ ധൂപമർപ്പിക്കുക പുരോഹിതരെ സംബന്ധിച്ച് ഏറ്റം വിശിഷ്ടവും സൗഭാഗ്യകരവുമായ ഒരു ശുശ്രൂഷയായിരുന്നു. ഇപ്രകാരം ഒരു ഭാഗ്യം ലഭിച്ചവനാണ് ആദ്യകഥാപാത്രമായ സഖറിയാ.

"കർത്താവ് അനുസ്മരിച്ചു" എന്ന് അർത്ഥമുള്ള *"സഖാർ യാഹ്‌വേ"* എന്ന ഹീബ്രു വാക്കുകളിൽ നിന്നാണ് സഖറിയാ എന്ന പേരുണ്ടായത്. ദൈവം തന്റെ വാഗ്ദാനങ്ങൾ അനുസ്മരിക്കുന്നു; പൂർത്തിയാക്കാൻ പോകുന്നു എന്ന സൂചന ഈ പേരിനു പിന്നിലുണ്ടാകാം. ഭാര്യയുടെ പേരിനുമുണ്ട് സമാനമായൊരു ധ്വനി. *"ഏലി+ഷ്വാ"* എന്ന രണ്ടു വാക്കുകളാണ് "ഏലീശ്വാ" എന്ന് അരമായയിലും എലിസബത്ത് എന്ന് ഗ്രീക്കിലും പറയുന്ന പേരിനു പിന്നിലുള്ളത്. "എന്റെ ദൈവം രക്ഷ" എന്നർത്ഥം. കർത്താവായ ദൈവം വാഗ്ദാനങ്ങൾ അനുസ്മരിച്ച് രക്ഷ നല്കാൻ പോകുന്നു എന്ന് പേരുകൾ സൂചിപ്പിക്കുന്നു. ഇരുവരും പുരോഹിത ഗോത്രത്തിൽപെട്ടവരായിരുന്നു.

വളരെ ഹൃദ്യവും മനോഹരവും മാതൃകാപരവുമായ ഒരു തൂലികാചിത്രമാണ് ലൂക്കാ ഇരുവരെയുംകുറിച്ച് വരച്ചുകാട്ടുന്നത്. ദൈവത്തിന്റെ മുമ്പിൽ നീതിനിഷ്ഠർ, പ്രമാണങ്ങളെല്ലാം കുറ്റമറ്റവിധം അനുസരിക്കുന്നവർ, ഇരുവരും വൃദ്ധർ; ഭാര്യ വന്ധ്യ. വാർദ്ധക്യത്തെയും വന്ധ്യത്വത്തെയും അവരുടെ നീതിനിഷ്ഠയെയും കുറിച്ചുള്ള പരാമർശങ്ങൾ ഇരുവരെയും പൂർവ്വ പിതാക്കളുടെയും മാതാക്കളുടെയും നിരയിലേക്ക് ഉയർത്തുന്നു; അബ്രാഹം-സാറാ; ഇസഹാക്ക്-റബേക്കാ; എൽക്കാനാ-ഹന്നാ ഉദാഹരണങ്ങൾ. ദൈവത്തിന്റെ പ്രത്യേക കൃപയ്ക്കായി മാറ്റിവയ്ക്കപ്പെട്ടവരാണിവർ; അതേസമയം ഇസ്രായേൽ ജനതയിലെ വിശുദ്ധമായ അവശിഷ്ടഭാഗത്തിന്റെ (holy remnant) മാതൃകകളും.

ധൂപാർപ്പണസമയത്ത് പ്രത്യക്ഷപ്പെടുന്ന ദൈവദൂതൻ "ഗബ്രിയേൽ" എന്നു സ്വയം പരിചയപ്പെടുത്തുമ്പോൾ ദൈവജനത്തെ മുഴുവൻ സ്പർശിക്കുന്ന സുപ്രധാനമായൊരു സന്ദേശമാണ് ഇവിടെ നല്കപ്പെടുന്നത് എന്നു സൂചിപ്പിക്കുന്നു. ദാനി

യേലിനു ലഭിച്ച ദർശനവുമായി (ദാനി 8,16-19; 9,20-27) ഇതിനുള്ള സാമ്യവും ബന്ധവും ഈ ദിശയിലേക്കു വിരൽചൂണ്ടുന്നു. സഖറിയായുടെ അസ്വസ്ഥതയും ഭയവും ദൈവിക സാന്നിധ്യത്തെ സൂചിപ്പിക്കുന്നു.

"ഭയപ്പെടേണ്ടാ" എന്ന സാന്ത്വനം ദൈവികദർശനത്തിൽ പൊതുവേ നല്കപ്പെടാറുള്ളതാണ്. ദൂതന്റെ സന്ദേശം സഖറിയായുടെ പ്രാർത്ഥനകൾക്കുള്ള മറുപടി മാത്രമല്ല; അയാൾക്കു സ്വപ്നം കാണാനോ ഊഹിക്കാനോ പോലും കഴിയാത്ത ഒരു ഔന്നിത്യത്തിലേക്ക് അയാളെയും കുടുംബത്തെയും ഉയർത്തുന്നു. ജനിക്കാൻ പോകുന്ന ശിശുവിനു നല്കാൻ നിർദ്ദേശിക്കുന്ന പേര് പ്രത്യേക ശ്രദ്ധയർഹിക്കുന്നു. *"യാഹ്‌വേ ഹനാൻ"* എന്ന രണ്ടു വാക്കുകൾ കൂട്ടിച്ചേർത്തതാണ് യോഹന്നാൻ. "കർത്താവിന്റെ കൃപ എന്നോ "കർത്താവ് കൃപ നല്കന്നു" എന്നോ ഇതിനെ വിവർത്തനം ചെയ്യാം. "അനേകർ" എന്ന പ്രയോഗം "സകലരും" എന്നു മനസിലാക്കാം. സകല ജനതകൾക്കും ആനന്ദം നല്കുന്നതായിരിക്കും അവന്റെ ജനനം. കാരണം ലോകരക്ഷകനായി ജനിക്കാൻ പോകുന്നവനു വഴിയൊരുക്കാനും അവനെ ജനതകൾക്കു മുമ്പിൽ അവതരിപ്പിക്കാനുമായി മുന്നേ പോകുന്ന ദൂതനായിരിക്കും കർത്താവിന്റെ ഈ കൃപാദാനം.

ജീവിതക്രമത്തെക്കുറിച്ചുള്ള പരാമർശത്തിൽ സാംസന്റെ ജനനത്തിനുമുമ്പ് അയാളുടെ മാതാവിന് ദൈവദൂതൻ നല്കിയ നിർദ്ദേശങ്ങളെ അനുസ്മരിപ്പിക്കുന്നു (ന്യായാ 13,2-5). ജനനത്തിനു മുമ്പു തന്നെ കർത്താവിനു പൂർണ്ണമായി പ്രതിഷ്ഠിക്കപ്പെട്ട ഒരു നാസീർ വ്രതക്കാരൻ. സാംസൺ പരാജയപ്പെട്ടിടത്ത് യോഹന്നാൻ വിജയിക്കും. മാതൃഗർഭത്തിൽ വച്ചുതന്നെ പരിശുദ്ധാത്മാവിനാൽ നിറയും എന്ന പ്രവചനം അവൻ ദൈവാത്മാവിനാൽ മാത്രമായിരിക്കും നിരന്തരം നയിക്കപ്പെടുക എന്നു സൂചിപ്പിക്കുന്നു. ഈ പ്രവചനം മറിയത്തിന്റെ സന്ദർശനവേളയിൽ പൂർത്തിയായതു് ലൂക്കാ എടുത്തു പറയുന്നുണ്ട് (ലൂക്കാ 1,41). സമഗ്രമായ അനുരഞ്ജനത്തിലൂടെ കർത്താവിനെ സ്വീകരിക്കാൻ ജനത്തെ സന്നദ്ധമാക്കുക എന്ന ദൗത്യം മടങ്ങിവരുന്ന ഏലിയായിൽനിന്നു പ്രതീക്ഷിച്ചിരുന്നതാണ് (മലാ 4,5-6, പ്രഭാ. 48,10). ഏലിയായുടെ പുനരവതാരമല്ല, ഏലിയായുടെ ചൈതന്യം ഉൾക്കൊണ്ട്, ആ പ്രവാചകനിൽനിന്നു പ്രതീക്ഷിച്ചിരുന്ന മാനസാന്തരദൗത്യം പൂർത്തിയാക്കുന്ന പുതിയ പ്രവാചകനായിരിക്കും

യോഹന്നാൻ; ഇതുവരെ വന്ന സകല പഴയനിയമപ്രവാചകരുടെയും പ്രതിനിധി.

കാത്തിരിപ്പിന്റെ സമയം കഴിഞ്ഞു. ഇതാ ദൈവം ചരിത്രത്തിൽ നിർണ്ണായകമായി ഇടപെടാൻ പോകുന്നു. അതിൽ നിനക്കു വലിയൊരു പങ്ക് ദൈവം നല്കുന്നു. ദൈവദൂതന്റെ ഈ സന്ദേശം സഖറിയായിൽ സന്തോഷത്തേക്കാൾ കൂടുതൽ സംശയമാണ് ഉളവാക്കിയത്. "ഞാൻ ഇതെങ്ങനെ അറിയും?" അടയാളം ആവശ്യപ്പെടുന്ന സംശയം. വിശ്വസിക്കാതിരിക്കാൻ വാർദ്ധക്യവും വന്ധ്യത്വവും കാരണങ്ങളായി നില്ക്കുന്നു. അപ്പോൾ ഒരു കുഞ്ഞിനുവേണ്ടി അവർ നിരന്തരം പ്രാർത്ഥിച്ചിരുന്നതെന്തുകൊണ്ട് എന്ന ചോദ്യം അനുവാചകരിൽ ഉയരും- വിശ്വാസമില്ലാത്ത പ്രാർത്ഥനയുടെ മാതൃകയോ?

ദൂതന്റെ മറുപടി സംശയത്തിനു പഴുതിടുന്നില്ല. ദൈവത്തിന്റെ തീരുമാനത്തിൽ മാറ്റമില്ല. യഥാകാലം അതു പൂർത്തിയാവുകതന്നെ ചെയ്യും. അതേസമയം അടയാളം ചോദിച്ചവന് അടയാളം കിട്ടുകയും ചെയ്യും. ദൈവവചനം പൂർത്തിയാകുന്നതുവരെ നീ മൂകനായിരിക്കും! ദൈവത്തിന്റെ തമാശയോ? അതോ വിശ്വസിക്കാത്തവർ സംസാരിക്കരുത് എന്ന താക്കീതോ?

വിശുദ്ധ സ്ഥലത്തിനു പുറത്തു കാത്തുനിന്ന ജനത്തിന് സഖറിയായ്ക്കു ലഭിച്ച അടയാളം ബോധ്യമായി. അയാൾക്ക് എന്തോ ദർശനമുണ്ടായി എന്ന് അവർക്കു മനസിലായി. ഏറെ താമസിയാതെ എലിസബത്തിനും പ്രവചനത്തിന്റെ പൂർത്തീകരണം ബോധ്യമായി. തന്റെ അപമാനം നീക്കികളയാൻ തിരുവുള്ളമായ ദൈവത്തോടുള്ള നന്ദിയാൽ നിറഞ്ഞ ഹൃദയവുമായി അവൾ വീട്ടിൽത്തന്നെ കഴിഞ്ഞുകൂടി-ഒരു വലിയ തുടക്കം.

മംഗലവാർത്തക്കാലത്തിനു തുടക്കം കുറിക്കുന്ന ഈ സുവിശേഷഭാഗത്തിൽനിന്ന് സുപ്രധാനമായ രണ്ടു നിർദ്ദേശങ്ങൾ ശ്രദ്ധിക്കുന്നതു നന്നായിരിക്കും.

1. വിശ്വാസത്തോടെ പ്രാർത്ഥിക്കണം; പ്രാർത്ഥനയോടെ കാത്തിരിക്കണം. സഖറിയായുടെ വിശ്വാസരാഹിത്യം ഒരു താക്കീതായി നിലകൊള്ളുന്നു. "അവന്റെ ഇഷ്ടമനുസരിച്ച് എന്തെങ്കിലും നാം ചോദിച്ചാൽ അവിടുന്നു നമ്മുടെ പ്രാർത്ഥന കേൾക്കും എന്നതാണ് നമുക്ക് അവനിലുള്ള ഉറപ്പ്. നമ്മുടെ അപേക്ഷ അവിടുന്നു കേൾക്കുന്നു എന്ന് നമുക്കറിയാമെങ്കിൽ

നാം ചോദിച്ചതു കിട്ടിക്കഴിഞ്ഞു എന്നും നമുക്ക് അറിയാം" (യോഹ 5.14-15). ദൈവത്തിന് ഒന്നും അസാധ്യമല്ല. അവിടുന്ന് തന്റെ വാഗ്ദാനം നിറവേറ്റുക തന്നെ ചെയ്യും.

2. രക്ഷകനെ സ്വീകരിക്കാൻ എല്ലാവരുമായി രമ്യതപ്പെട്ട് ഒരുങ്ങണം. രമ്യതയാണ് ഒരുക്കത്തിന്റെ കാതൽ. ആരോടെങ്കിലും വെറുപ്പോ നീരസമോ ഉണ്ടെങ്കിൽ ക്ഷമിച്ച് രമ്യതപ്പെടുക. ഈ രമ്യതയ്ക്ക് നാലു മാനങ്ങളുണ്ട്. a). ദൈവവുമായി രമ്യത. നമ്മുടെ ജീവിതത്തെ തിരുഹിതമനുസരിച്ചു രൂപപ്പെടുത്തണം. മാനസാന്തരം ആവശ്യം. b). സഹോദരങ്ങളോടു രമ്യത. സകല മനുഷ്യരും ഒരേ പിതാവായ ദൈവത്തിന്റെ മക്കളും, അതിനാൽത്തന്നെ പരസ്പരം സഹോദരങ്ങളുമാണ്. എല്ലാവരുമായി രമ്യതയിൽ കഴിയുക. സമൂഹത്തിന്റെ ഏറ്റം ചെറുതും അടിസ്ഥാനഘടകവുമായ കുടുംബത്തിൽ തുടങ്ങണം ഈ രമ്യത. c). സൃഷ്ടപ്രപഞ്ചത്തോടു മുഴുവൻ രമ്യതയിൽ, ഐക്യത്തിൽ കഴിയണം. വി. ഫ്രാൻസിസ് അസ്സീസിയുടെ ഭാഷയിൽ സകല വസ്തുക്കളെയും സഹോദരങ്ങളായി കാണുക, മാനിക്കുക. d). തന്നോടുതന്നെ രമ്യതപ്പെടുക. ഞാൻ ആയിരിക്കുന്ന അവസ്ഥയിൽ എന്നെത്തന്നെ സ്വീകരിക്കുക, സ്നേഹിക്കുക, അംഗീകരിക്കുക. അവിടെനിന്നു തുടങ്ങണം രമ്യത.

ഇപ്രകാരമൊരു രമ്യതയിലേക്കാണ് സുവിശേഷം നമ്മെ ക്ഷണിക്കുന്നത്. ഈ രമ്യത അതിന്റെ പൂർണ്ണതയിൽ നമുക്കു ലഭ്യമാക്കാൻ വേണ്ടിയാണ് ദൈവപുത്രൻ മനുഷ്യനായി അവതരിച്ചത്-പൂർണ്ണമായ ഐക്യവും സമാധാനവും-ശാലോം-സാധ്യമാക്കാൻ. ആഗമന-മംഗലവാർത്താകാലം ആചരിക്കുമ്പോൾ വരാനിരിക്കുന്ന രക്ഷ കാത്തിരിക്കുന്നതിലുപരി ഇന്നും എന്നും ഏതു നിമിഷവും നമ്മുടെ ഉള്ളിലേക്ക്, സമൂഹത്തിലേക്ക് കടന്നുവരുന്ന ദൈവത്തെ സ്വീകരിക്കാൻ ഒരുങ്ങുകയാണ് വേണ്ടത്. ഇനിയും വിദൂരഭാവിയിലെങ്ങോ സംഭവിക്കാനിരിക്കുന്ന ഒരു രണ്ടാം വരവിനായി കാത്തിരിക്കുകയോ, രണ്ടായിരം വർഷം മുമ്പു സംഭവിച്ച മനുഷ്യവതാരത്തെ ഒരു ഗതകാല ചരിത്രസംഭവം പോലെ വീക്ഷിക്കുകയോ അല്ല, ഇന്ന് എന്റെ ജീവിതത്തിലേക്കു കടന്നുവരുന്ന ദൈവത്തെ സ്വീകരിക്കാൻ ഒരുങ്ങുക (റോമ 13,11-12). "ഇതാ ഇപ്പോൾ സ്വീകാര്യമായ സമയം. ഇതാ ഇപ്പോൾ രക്ഷയുടെ ദിവസം" (2 കോറി 6,2).

# 2

### മംഗലവാർത്ത 2 – ാം ഞായർ

## കർത്താവിന്റെ ദാസി

**(ലൂക്കാ 1, 26 – 38)**

രക്ഷകന്റെ വരവിനെക്കുറിച്ചുള്ള മുന്നറിയിപ്പാണ് ഇന്നത്തെ വായനയ്ക്കും വിചിന്തനത്തിനുമായി സഭ നിർദ്ദേശിച്ചിരിക്കുന്നത്. ദൈവപുത്രന്റെ അമ്മയാകാൻ വിളിക്കപ്പെട്ട മറിയത്തെ ദൈവദൂതൻ അറിയിക്കുന്ന സന്ദേശത്തിൽ സുവിശേഷത്തിന്റെ കാതൽ കാണാം; മറിയത്തിന്റെ പ്രതികരണങ്ങളിൽ സുവിശേഷത്തിന് മനുഷ്യൻ നൽകേണ്ട മറുപടിയിലൂടെ ഒരു മുന്നറിയിപ്പിന്റെ വിവരണവും. രക്ഷകന്റെ വരവിനെക്കുറിച്ചുള്ള മുന്നറിയിപ്പിന്റെ വിവരണം അതിനു തൊട്ടുമുമ്പായി അവതരിപ്പിച്ചിരിക്കുന്ന മുന്നോടിയുടെ ജനനത്തെക്കുറിച്ചുള്ള മുന്നറിയിപ്പുമായി അഭേദ്യം ബന്ധപ്പെടുത്തിയിരിക്കുന്നു. മുന്നറിയിപ്പുകളിൽ മാത്രമല്ല, തുടർന്നുള്ള വിവരണങ്ങളിലും രക്ഷകനെയും മുന്നോടിയെയും സമാന്തരമായി അവതരിപ്പിച്ചിരിക്കുന്നു. അവതരണങ്ങളിൽ കാണുന്ന സമാനതയും വ്യത്യാസങ്ങളും സവിശേഷ ശ്രദ്ധയർഹിക്കുന്നു.

ബാല്യകാല സുവിശേഷം എന്നു സാധാരണ വിശേഷിപ്പിക്കാറുള്ള ലൂക്കാ 1–2 അധ്യായങ്ങൾ തനതായ ഒരു രചനാരീതി വെളിപ്പെടുത്തുന്നുണ്ട്. സുവിശേഷത്തിന് പൊതുവായ ആമുഖ (1,1–4)ത്തിനുശേഷം മുന്നോടിയുടെയും രക്ഷകന്റെയും ജനനത്തെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ (1,5–25. 26–38), ഇരുവരുടെയും ജനനം (1,57–66; 2,1–7) എന്നിവ സമാന്തരമായി അവതരിപ്പിച്ചിരിക്കുന്നു. ഇവയ്ക്കു മധ്യേ ഇരുവരുടെയും മാതാക്കൾ തമ്മിലുള്ള കണ്ടുമുട്ടലും പ്രതികരണങ്ങളും (1,39–56) സമാന്തരമായി രേഖപ്പെടുത്തിയിരിക്കുന്നു. ഈ വിവരണങ്ങളിലെല്ലാം മുന്നോടിയുടെയും രക്ഷകന്റെയും സവിശേഷതകൾ അവതരിപ്പിക്കുന്നു;

അതേസമയം രക്ഷകന് മുന്നോടിയേക്കാൾ വലിയ പ്രാധാന്യം നല്കിയിരിക്കുന്നതായും കാണാം. ഈ സവിശേഷതകളും വ്യത്യാസങ്ങളും ഇന്നത്തെ വായനയ്ക്കായി നിർദ്ദേശിച്ചിരിക്കുന്ന വചനഭാഗത്തും (1,26-38) ദൃശ്യമാണ്.

ഈ വചനഭാഗം ശ്രദ്ധിച്ചാൽ വ്യക്തമായൊരു ഘടന ദൃശ്യമാകും. ഗബ്രിയേൽ ദൂതൻ അയയ്ക്കപ്പെട്ടു എന്ന ആമുഖവും (1,26-27) ദൂതൻ അവളുടെ മുമ്പിൽ നിന്നു മറഞ്ഞു എന്ന ഉപസംഹാരവും (1,38) വചനഭാഗത്തെ ഒരു പ്രത്യേക ഖണ്ഡികയായി അവതരിപ്പിക്കുന്നു. ദൂതന്റെ വരവിനും പോക്കിനും മധ്യേ സന്ദേശം മൂന്നു ഘട്ടമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. ഓരോ ഘട്ടത്തിലും ദൂതന്റെ വചനവും മറിയത്തിന്റെ മറുപടിയും വിവരിക്കുന്നു. ഈ ഓരോ ഭാഗവും അടുത്ത് പരിശോധിക്കുന്നത് സന്ദേശം ഗ്രഹിക്കാൻ സഹായകമാകും. അതോടൊപ്പം മുന്നോടിയുടെ ജനനത്തെക്കുറിച്ചുള്ള ഒരു താരതമ്യപഠനവും ആവശ്യമാണ്.

### 1. ആമുഖം

"ആറാംമാസം" എന്ന കാലസൂചന ഇതിനുമുമ്പ് അവതരിപ്പിച്ച മുന്നോടിയുടെ ജനനത്തെക്കുറിച്ചുള്ള മുന്നറിയിപ്പുമായി ഇതിനെ ബന്ധപ്പെടുത്തുന്നു; അതോടൊപ്പം രണ്ടും തമ്മിലുള്ള വ്യത്യാസങ്ങളും ശ്രദ്ധിക്കണം. ദൈവത്താൽ അയയ്ക്കപ്പെടുന്ന ദൂതൻ രണ്ടിടത്തും ഒരാൾ തന്നെ, ഗബ്രിയേൽ. എന്നാൽ ആദ്യത്തെ രംഗം ജറുസലെം ദേവാലയവും സുഗന്ധ ബലിപീഠവുമാണെങ്കിൽ രണ്ടാമത്തേത് തികച്ചും അജ്ഞാതമായ ഒരു കുഗ്രാമമാണ്, ഗലീലിയിലെ നസ്രത്ത്. സന്ദേശം സ്വീകരിക്കുന്ന ആളുകളിലുമുണ്ട് കാതലായ വ്യത്യാസങ്ങൾ. ആദ്യത്തേത് സമൂഹത്തിൽ ഏറ്റം ആദരണീയനായ പുരോഹിതൻ; രണ്ടാമത്തേത്, ഒരു സ്ഥാനവുമില്ലാത്ത, വിവാഹവാഗ്ദാനം നടത്തി വിവാഹ നാളുകൾ കാത്തിരിക്കുന്ന, ഒരു ഗ്രാമീണകന്യക.

"ദാവീദിന്റെ വംശത്തിൽപ്പെട്ട ജോസഫ്" എന്ന വിവരണം പിന്നീടു പറയാൻ പോകുന്നതിന് ഒരു ആമുഖമായി കാണണം. ജനിക്കാൻ പോകുന്ന ശിശുവിന്റെ പിതൃത്വത്തെക്കുറിച്ചുള്ള സൂചനയാണിവിടെ പ്രധാനം. ശാരീരികമായല്ലെങ്കിലും നിയമത്തിനു മുമ്പിൽ ഈ പ്രതിശ്രുത വരനായിരിക്കും ശിശുവിന്റെ പിതാവ്; അങ്ങനെ ശിശു ദാവീദിന്റെ പുത്രനായി അറിയപ്പെടും.

## 2. അഭിവാദനം – പ്രതികരണം

ദൂതന്റെ അഭിവാദനം ഗ്രീക്കു മൂലത്തിലേതിൽനിന്ന് അല്പം വ്യത്യസ്തമായാണ് മിക്ക വിവർത്തനങ്ങളിലും കാണുന്നത്. "ദൈവകൃപ നിറഞ്ഞവളേ സ്വസ്തി" എന്നത് വിവർത്തനത്തേക്കാൾ ഒരു വ്യാഖ്യാനമാണ്. *"ഖയിരേ കെഖരിത്തോമെനേ"* എന്നാണ് ഗ്രീക്കുമൂലം. ഒരു അഭിവാദനമെന്ന രൂപത്തിൽ "സ്വസ്തി" എന്നു വിവർത്തനം ചെയ്യുന്നെങ്കിലും *"ഖയിരേ"* എന്ന വാക്കിന് "സന്തോഷിക്കുക, ആനന്ദിച്ചാലും" എന്നാണ് വാച്യാർത്ഥം. സകല ജനതകൾക്കും ഉണ്ടാകാൻ പോകുന്ന രക്ഷയുടെ വലിയ ആനന്ദത്തിനു തുടക്കമാണ് ഇപ്പോൾ സംഭവിക്കുന്നത് എന്നു ദൂതൻ സൂചിപ്പിക്കുന്നു. രക്ഷകന്റെ സാന്നിധ്യത്തിൽ ജനത്തിനുണ്ടാകുന്ന സന്തോഷത്തെക്കുറിച്ച് പ്രവാചകന്മാരുടെ ഉദ്ഘോഷണം ഈ അഭിവാദനത്തിൽ പ്രതിധ്വനിക്കുന്നതായി കാണാം. ഉദാ: "സീയോൻ മക്കളേ ആനന്ദിക്കുവിൻ" (ജോയേൽ 2,23); "സീയോൻ പുത്രീ ആനന്ദഗീതമാലപിക്കുക" (സെഫാ 3,14).

*"കെഖരിത്തോമെനേ"* എന്ന വാക്കിന് കൃപയ്ക്കു പാത്രീഭൂതയായവൾ, എന്നാണ് അർത്ഥം. നിറവിനേക്കാൾ ഒരു തിരഞ്ഞെടുപ്പിലേക്കും ദൗത്യത്തിലേക്കുമാണ് ഈ വാക്ക് വിരൽ ചൂണ്ടുന്നത്. ദൈവത്തിന്റെ പ്രത്യേകമായൊരു കൃപയ്ക്ക് നീ വിഷയമായിരിക്കുന്നു. സംഭവിച്ചു കഴിഞ്ഞതും അതിന്റെ ഫലം ഇപ്പോഴും നിലനില്ക്കുന്നതുമായൊരു പ്രവൃത്തിയിലേക്കാണ് ഈ ക്രിയാരൂപം ശ്രദ്ധ ക്ഷണിക്കുന്നത്. ഇവിടെ നിന്നാണ് പിന്നീട് മറിയത്തിന്റെ അമലോത്ഭവത്തെക്കുറിച്ചുള്ള വിചിന്തനങ്ങൾ സഭയിൽ ആരംഭിച്ചത്. സവിശേഷമായ കൃപയും തിരഞ്ഞെടുപ്പും തനതായ ഒരു ദൗത്യത്തിനു വേണ്ടിയാണെന്ന സൂചന "കർത്താവു നിന്നോടുകൂടെ" എന്ന അടുത്ത വാക്കുകൾ നല്കുന്നു. ഒരാളെ ദൗത്യം ഏല്പിക്കുമ്പോൾ അതു നിർവഹിക്കാനുള്ള കൃപയും നല്കും; അതിനായി കർത്താവ് കൂടെയുണ്ടാകും എന്നതിന് അനേകം ഉദാഹരണങ്ങൾ ബൈബിളിൽ കാണാം (ഉൽപ. 28,15; 39,23; 33,14; ജോഷ്വാ 1,5; ജറെ 1,8–19).

മറിയത്തിന്റെ പ്രതികരണമായി രണ്ടു കാര്യങ്ങൾ എടുത്തുകാട്ടുന്നു; അസ്വസ്ഥത, വിചിന്തനം. ദൈവിക സാന്നിധ്യത്തിൽ മനുഷ്യനുണ്ടാകുന്ന ഒരു സ്വാഭാവിക പ്രതികരണമാണ് ഭയം. ഇവിടെ മറിയത്തിന്റെ അസ്വസ്ഥതയ്ക്കു കാരണവും അതു തന്നെ

യാകാം. എന്നാൽ അതോടൊപ്പം ദൂതന്റെ അഭിസംബോധനയിൽ ഉൾച്ചേർത്തിരിക്കുന്ന ദൗത്യത്തെക്കുറിച്ചുള്ള സൂചന ഈ അസ്വസ്ഥതയ്ക്കു കാരണമായി എന്ന് മറിയത്തിന്റെ വിചിന്തനം വ്യക്തമാക്കുന്നു. എന്തായിരിക്കും ഈ അഭിവാദനത്തിന്റെ അർത്ഥം? ഇതാണ് ഉത്തരം തേടുന്ന മറിയത്തിന്റെ ഉള്ളിൽ ഉയരുന്ന ചോദ്യം. അതിനുള്ള വിശദീകരണമാണ് ദൂതൻ അടുത്തതായി നല്കുന്നത്.

### 3. ദൗത്യം – ചോദ്യം

മറിയമേ, ഭയപ്പെടേണ്ടാ എന്ന ദൂതന്റെ വാക്കുകൾ തുടർന്നു പറയാൻ പോകുന്ന കാര്യങ്ങളുടെ, അഥവാ ഏല്പിക്കാൻ പോകുന്ന ദൗത്യത്തിന്റെ പ്രാധാന്യത്തിലേക്കു വിരൽ ചൂണ്ടുന്നു. എന്താണ് മറിയത്തിനു നല്കപ്പെട്ട പ്രത്യേക കൃപയെന്ന് ദൂതൻ തുടർന്നു വിവരിക്കുന്നു. വലിയൊരു ദൗത്യമാണ് ഈ കൃപയിലൂടെ ഏല്പിക്കപ്പെടുന്നത്. ദൈവപുത്രന്റെ മാതാവാകാനുള്ള വിളിയും അതു സ്വീകരിച്ചു യാഥാർത്ഥ്യമാക്കാനുള്ള അനുഗ്രഹവും. ജനിക്കാൻ പോകുന്ന ശിശുവിനു നല്കുന്ന യേശു എന്ന പേരിന് രക്ഷകൻ എന്നാണർത്ഥം. *യാഹ്വേ+ഷ്വാ* - (യാഹ്വേ -രക്ഷകൻ) എന്ന രണ്ടു വാക്കുകൾ ലോപിച്ചാണ് *ജോഷ്വ-ജെഷ്വ-യേശു-ഈശോ* എന്നൊക്കെ ആയത്. അർത്ഥം എല്ലാറ്റിനും ഒന്നുതന്നെ.

"വലിയവൻ" എന്ന വിശേഷണം ശിശുവിന്റെ ദൈവികതയിലേക്കു വിരൽചൂണ്ടുന്നു. മുന്നോടിയെക്കുറിച്ചുള്ള വിവരണത്തിൽ "കർത്താവിന്റെ സന്നിധിയിൽ അവൻ വലിയവനായിരിക്കും" (1,15) എന്നു പറഞ്ഞതിൽനിന്നു വ്യത്യസ്തമാണിത്. ആരുമായും ബന്ധപ്പെടുത്താതെ കേവലമായ രീതിയിൽ "വലിയവൻ" എന്ന വിശേഷണം, ബൈബിളിന്റെ ഭാഷയിൽ, ദൈവികതയുടെ സൂചനയാണ്. തുടർന്ന് അത്യുന്നതന്റെ പുത്രൻ എന്ന വിശേഷണവും ദൈവികതയിലേക്കു തന്നെ ശ്രദ്ധ ക്ഷണിക്കുന്നു. പിതാവായ ദാവീദിന്റെ സിംഹാസനത്തെക്കുറിച്ചുള്ള പ്രതിപാദനം രക്ഷകനെ സംബന്ധിച്ചു നാളിതുവരെ ഉണ്ടായ പ്രവചനങ്ങളുടെയെല്ലാം പൂർത്തീകരണമായിരിക്കും ഈ ശിശു എന്നു സൂചിപ്പിക്കുന്നു. അനന്തമായ ഭരണം ദാവീദിനു നല്കപ്പെട്ട വാഗ്ദാനത്തിന്റെ (2 സാമു 7,12-16) പൂർത്തീകരണത്തെയും മറികടക്കുന്നു. ദാവീദിന്റെ രാജ്യം പുനഃസ്ഥാപിക്കുകയല്ല, ദൈവ

രാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കുകയാണ് ദൈവപുത്രന്റെ മനുഷ്യവതാരത്തിന്റെ ലക്ഷ്യം എന്നു വ്യക്തമാക്കുന്നു.

ദൗത്യം വ്യക്തമായതോടെ മറിയത്തിന്റെ പ്രതികരണം ശ്രദ്ധേയമാണ്. "ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ?" ദൈവദൂതിന് സഖറിയാ നല്കിയ പ്രതികരണവുമായി ഇതിനുള്ള സാമ്യവും വ്യത്യാസവും ശ്രദ്ധിക്കണം. അസാധ്യം എന്നു തോന്നാവുന്ന ഒരു കാര്യമാണ് ദൂതൻ രണ്ടു പേരോടും പറഞ്ഞത്. സഖറിയാ വൃദ്ധനും ഭാര്യ വന്ധ്യയുമാണ്. ഈ സാഹചര്യത്തിൽ ദൂതൻ അറിയിച്ച ശിശു ജനനം എന്ന സന്ദേശം വാസ്തവമാണെന്ന് എങ്ങനെ അറിയാൻ കഴിയും? സഖറിയാ ചോദിക്കുന്നത് അറിയാൻ ആവശ്യമായ അടയാളമാണ്. അത് വിശ്വാസ രാഹിത്യമായി ദൂതൻ വ്യാഖ്യാനിച്ചു; അപ്രതീക്ഷിതമായൊരു അടയാളവും നല്കി; മൂകത! വിശ്വസിക്കാത്തവൻ സംസാരിക്കേണ്ടാ!

മറിയത്തിന്റെ പ്രതികരണം സമാനമെങ്കിലും മനോഭാവവും ലക്ഷ്യവും വ്യത്യസ്തമാണ്. ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ എന്ന ചോദ്യത്തിൽ സംശയമല്ല, വിധേയത്വമാണ് പ്രകടമാവുക. ഞാൻ എന്തു ചെയ്യണം? പുരുഷനെ അറിയുന്നില്ലല്ലോ എന്ന വിശദീകരണം മറിയം നിത്യകന്യാത്വം വാഗ്ദാനം ചെയ്തിരുന്നു എന്നു സൂചിപ്പിക്കുന്നു എന്നു കരുതാനാവില്ല. മറിച്ച് എന്താണ് ദൈവം തന്നിൽ നിന്നു പ്രതീക്ഷിക്കുന്നത് എന്നതിനു വ്യക്തതയാണവൾക്കാവശ്യം. ഇത് അടയാളം തേടുന്ന അവിശ്വാസമല്ല, വ്യക്തത തേടുന്ന വിധേയത്വമാണ്.

### 4. വിശദീകരണം – സമ്മതം

തികച്ചും സ്വാഭാവികമായ മറിയത്തിന്റെ ചോദ്യത്തിനു ദൂതൻ വ്യക്തമായ മറുപടി നല്കുന്നു. മനുഷ്യസാധാരണമായ വിധത്തിലായിരിക്കുകയില്ല ദൈവപുത്രന്റെ ജനനം. അത് പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രവൃത്തിയാലായിരിക്കും സംഭവിക്കുക. സൃഷ്ടി കർമ്മത്തിന്റെ ആരംഭത്തിൽ രൂപരഹിതമായ ആഴത്തിനു മുകളിൽ പരിവർത്തിച്ച് രൂപഭാവങ്ങൾ മെനഞ്ഞെടുത്ത് സൃഷ്ടി നടത്തിയ ദൈവത്തിന്റെ ആത്മാവ് സമാനമായ വിധത്തിൽ കന്യകയായ മറിയത്തിൽ ആവസിച്ച് ദൈവപുത്രനു ജന്മം നല്കും. "പരിശുദ്ധൻ, ദൈവപുത്രൻ" എന്ന പേരുകൾ ശിശുവിന്റെ ദൈവി

കത വെളിവാക്കുന്നു. ഇവിടെ മറിയത്തിന്റെ കന്യകാത്വത്തേക്കാൾ ശിശുവിന്റെ ദൈവപുത്രത്വത്തിനാണ് ഊന്നൽ നല്കുന്നത്. ജനിക്കാൻ പോകുന്ന ശിശുവിന് ഒരു ഭൗമിക പിതാവുണ്ടായിരിക്കുകയില്ല. എന്നാൽ, വിവാഹവാഗ്ദാനം നടത്തിയിരിക്കുന്ന ജോസഫിലൂടെ ഈ ശിശു ദാവീദിന്റെ പുത്രനായി അറിയപ്പെടും.

കന്യകയായിരിക്കെത്തന്നെ ദൈവപുത്രന്റെ അമ്മയാവുക എന്നതാണ് ദൂതൻ ഏല്പിക്കുന്ന ദൗത്യം. ഇതൊരു വിളിയും വലിയൊരു സാഹസികതയ്ക്കുള്ള വെല്ലുവിളിയുമാണ്. മനുഷ്യരക്ഷകനായി ജനിക്കുന്ന ദൈവപുത്രന്റെ അമ്മയാവുക എന്നതാണ് വിളി. അതേസമയം, വിവാഹത്തിനുമുമ്പേ, വരനറിയാതെ ഗർഭിണിയാവുകയെന്നത് ഉയർത്തുന്ന വെല്ലുവിളി നിസാരമല്ല. മനുഷ്യദൃഷ്ടിയിൽ ഈ ഗർഭധാരണം വ്യഭിചാരഫലമായേ വ്യാഖ്യാനിക്കപ്പെടുകയുള്ളൂ. അതിനുള്ള ശിക്ഷ കല്ലെറിഞ്ഞു കൊല്ലുക എന്നതാണ് (നിയ 22, 13-21). മറിയം ചോദിക്കാതെ തന്നെ ദൂതൻ ഒരു അടയാളവും നല്കി-ചാർച്ചാക്കാരി എലിസബത്ത് ഗർഭിണിയായിരിക്കുന്നു. ദൂതന്റെ സമാപനസന്ദേശം ഏറെ ശ്രദ്ധയർഹിക്കുന്നു; ''ദൈവത്തിന് ഒന്നും അസാധ്യമല്ല''. വൃദ്ധയും വന്ധ്യയുമായ എലിസബത്ത് ഗർഭിണി ആയതുപോലെ, കന്യകയായ മറിയം പുരുഷനെ അറിയാതെ, ദൈവാത്മാവിന്റെ പ്രത്യേക പ്രവർത്തനത്താൽ ദൈവപുത്രന്റെ അമ്മയാകും.

ചോദ്യങ്ങൾക്ക് ഉത്തരം കിട്ടി; തന്നെ ഏല്പിക്കുന്ന ദൗത്യത്തെക്കുറിച്ചു വ്യക്തത ലഭിച്ചു. മറിയം മറുപടി നല്കി: "ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ". അതൊരു സമ്മതം നല്കലായിരുന്നു; പോരാ, ജീവിതം മുഴുവൻ ദൈവതിരുമുമ്പിൽ അടിയറ വയ്ക്കലായിരുന്നു; തിരുക്കരങ്ങളിൽ സമർപ്പിക്കലായിരുന്നു. "ദാസി" എന്നു വിവർത്തനം ചെയ്യുന്ന *"ദൂലേ"* എന്ന ഗ്രീക്കു വാക്കിന് അടിമയെന്നാണ് വാച്യാർത്ഥം. സ്വന്തമായി അവകാശമൊന്നുമില്ലാത്ത, എല്ലാം യജമാനന്റെ കൈകളിൽ നിക്ഷിപ്തമായിരിക്കുന്ന വ്യക്തിയുടെ അവസ്ഥയാണിത്. യജമാനന് ഇഷ്ടമുള്ളത് അടിമയോടു ചെയ്യാം. ചോദ്യം ചെയ്യാൻ അടിമയ്ക്കവകാശമില്ല. ഇപ്രകാരമൊരു സമ്പൂർണ്ണ സമർപ്പണമാണ് മറിയത്തിന്റെ വാക്കുകളിൽ മുഴങ്ങുന്നത്.

എന്നാൽ, "കർത്താവിന്റെ" എന്ന വിശേഷണം അവഗണിക്കരുത്. മറ്റാരുടെയുമല്ല, തന്റെ സ്രഷ്ടാവും നാഥനും സംരക്ഷകനും

പിതാവുമായ, തന്റെ സർവ്വസ്വവുമായ കർത്താവിന്റെ ദാസിയാണ വൾ; കർത്താവിന്റെ മാത്രം ദാസി. ഇതിന്റെ വിശദീകരണമാണ് തുടർന്നു നല്കുന്നത്; “നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!” ഇവിടെ ഉൽക്കണ്ഠയോ, ഭയമോ, ദുഃഖമോ, നിരാശയോ ഇല്ല; ഇനി എന്റെ ജീവിതത്തിന്റെ ഉടമ ഞാനല്ല, കർത്താവാണ്. അവിടുത്തേക്ക് ഇഷ്ട മുള്ളത് എന്നോടു ചെയ്തുകൊള്ളട്ടെ. ഞാൻ അവിടുത്തെ കരങ്ങ ളിൽ ഒരു ഉപകരണം മാത്രം. ഇവിടെ സ്നേഹവും വിശ്വാസവു മുണ്ട്; പ്രത്യാശയും സന്തോഷവുമുണ്ട്. ദൈവകരങ്ങളിൽ താൻ സുരക്ഷിതയാണെന്ന ഉറച്ച ബോധ്യം. വിശ്വാസത്തിന്റെ ഏറ്റം ശക്ത മായ പ്രകടനമാണ് ഈ സമ്മതം നല്കൽ.

ദൈവഹിതത്തിനു കീഴ്‌വഴങ്ങുന്നത് എന്തോ കുറവായിക്കണ്ട് സ്വന്തം ഇഷ്ടത്തെ ദൈവകല്പനയ്ക്കുപരി പ്രതിഷ്ഠിക്കുക വഴി മനുഷ്യവർഗ്ഗത്തെ പാപത്തിലേക്കു നയിച്ച ആദ്യ സ്ത്രീയായ ഹവ്വയുടെ സ്ഥാനത്ത് ദൈവഹിതത്തിനു സ്വയം പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് മറിയം പുതിയ ഹവ്വായായി; രക്ഷകന്റെ അമ്മ യായി. മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പ്രതിനിധിയെന്ന നിലയി ലാണ് മറിയം ഇവിടെ നില്ക്കുന്നത്. രക്ഷാകരചരിത്രത്തിന്റെ പൂർത്തീകരണത്തിനു തുടക്കം കുറിക്കുന്നത് അവളിലൂടെയാണ്. അവളുടെ വിശ്വാസവും അനുസരണവും രക്ഷകന്റെ ജനനത്തിനു നിദാനമാകുന്നു.

ഈ സമർപ്പണത്തിലൂടെ മറിയം സകലർക്കും അനുകര ണാർഹമായ ഒരു മാതൃകയും നല്കുന്നു. വ്യക്തമായറിയുന്ന ദൈവഹിതത്തിനു സമ്പൂർണ്ണമായി സ്വയം സമർപ്പിക്കുക. ഇതാ കർത്താവിന്റെ ദാസി/ദാസൻ; നിന്റെ വാക്ക് എന്നിൽ നിറവേ റട്ടെ! കർത്താവിനെ നാഥനും യജമാനനുമായി ഏറ്റുപറയുന്ന തിലൂടെ നമുക്ക് സ്വാതന്ത്ര്യം നഷ്ടപ്പെടുകയല്ല, യഥാർത്ഥ സ്വാതന്ത്ര്യം ലഭിക്കുകയാണ് ചെയ്യുന്നത്. കാരണം ദൈവം ആരെയും അടിമയാക്കുന്നില്ല. അടിമകളുടെ സേവനമല്ല, മക്ക ളുടെ സ്നേഹവും സന്തോഷവുമാണ് ദൈവം ആഗ്രഹിക്കുന്നത്. ബൈബിളിൽ ഉടനീളം പ്രത്യക്ഷപ്പെടുന്നത് മനുഷ്യനെ സ്വന്തം ഛായയിലും സാദൃശ്യത്തിലും മക്കളായി സൃഷ്ടിക്കുകയും എല്ലാ ബന്ധനങ്ങളിലും അടിമത്തങ്ങളിലും നിന്നു മോചിപ്പിക്കുകയും ചെയ്യുന്ന ദൈവചിത്രമാണ്. അതിനാൽ, മറിയത്തോടൊപ്പം നമുക്കും പറയാം. ഇതാ കർത്താവിന്റെ ദാസി/ദാസൻ; നിന്റെ ഹിതം, നിന്റെ വചനം എന്നിൽ നിറവേറട്ടെ.

# 3

## മംഗലവാർത്ത 3 – ാം ഞായർ

## കൃപാദാനം

**(ലൂക്കാ 1, 57 – 80)**

സ്നാപകന്റെ ജനനവും (ലൂക്കാ 1,57–66) അതോടനുബന്ധിച്ച് പിതാവ് സഖറിയാ ദൈവത്തെ സ്തുതിച്ചുകൊണ്ടാലപിച്ച ഒരു കീർത്തനവും (1,67–80) ആണ് ഇന്നത്തെ ധ്യാനവിഷയം. ലൂക്കാ എഴുതിയ സുവിശേഷത്തിലെ ബാല്യകാല സുവിശേഷം എന്ന റിയപ്പെടുന്ന ഭാഗത്താണ് ഇവ രേഖപ്പെടുത്തിയിരിക്കുന്നത്. ബാല്യകാല സുവിശേഷം ഏഴു സംഭവങ്ങളായി വിഭജിച്ചിരി ക്കുന്നു. അതിൽ നാലാമത്തേതാണ് ഇന്നത്തെ വായനയുടെയും ധ്യാനത്തിന്റെയും വിഷയം. വ്യക്തമായ രണ്ടു ഭാഗങ്ങളുണ്ട് ഇന്നത്തെ വായനയിൽ; അവ രണ്ടും പരസ്പരം അഭേദ്യം ബന്ധ പ്പെട്ടിരിക്കുന്നു.

വലിയ സന്തോഷത്തിന്റെയും ആഘോഷത്തിന്റെയും സ്വര മാണ് ഈ വായനയിൽ മുഴങ്ങുന്നത്. എല്ലാം ഒരു ശിശുവിന്റെ ജനനത്തെ കേന്ദ്രീകരിച്ചാണുതാനും. പ്രവചനങ്ങളുടെ പൂർത്തീ കരണമാണ് ആ ജനനം. ആദ്യ അധ്യായത്തിൽ വിവരിച്ച ഗബ്രി യേൽ ദൂതന്റെ സന്ദേശവും സംശയിച്ച സഖറിയായ്ക്കു നല്കിയ അടയാളവും ഇവിടെ പൂർത്തിയാകുന്നു. എന്നാൽ ഈ ശിശു വിന്റെ ജനനം ഒരു തുടക്കം മാത്രമേ ആകുന്നുള്ളൂ. കൂടുതൽ പ്രാധാന്യമുള്ള മറ്റൊരു ജനനത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്ന താണ് ഈ വിവരണവും സ്തോത്രഗീതവും.

“എലിസബത്തിനു പ്രസവസമയമായി; അവൾ ഒരു പുത്രനെ പ്രസവിച്ചു” (1,57) എന്ന കാര്യമാത്ര പ്രസക്തമായ പ്രസ്താവ നയ്ക്കുശേഷം ഈ സംഭവത്തിന്റെ വിവരണത്തിൽ ശ്രദ്ധ മുഴു

വൻ കേന്ദ്രീകരിച്ചിരിക്കുന്നത് ശിശുവിനു നല്കുന്ന പേരിലാണ്. ശിശുവിന്റെ ജനനത്തിൽ ബന്ധുക്കൾക്കും അയൽക്കാർക്കുമുണ്ടാകുന്ന സന്തോഷത്തെക്കുറിച്ചു സൂചിപ്പിച്ചതിനുശേഷം ശിശുവിന്റെ നാമകരണത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. എട്ടാം ദിവസമാണ് പരിഛേദനം നല്കുക. അബ്രാഹവുമായി ദൈവം ചെയ്ത ഉടമ്പടിയുടെ അടയാളമായിരുന്നു പരിഛേദനം (ഉൽപ.17,9-12). അബ്രാഹത്തിന്റെ സന്തതിയും ഉടമ്പടിയുടെ അവകാശിയുമാണ് ശിശു എന്നതിന്റെ അടയാളമായിരുന്ന ശരീരത്തിൽ സ്വീകരിക്കുന്ന പരിഛേദനം. അതോടൊപ്പം ശിശുവിന് പേരു നല്കുകയും ചെയ്യും.

പിതാവിന്റെ പേരാണ് ആദ്യജാതനു നല്കുക. ഈ പതിവനുസരിച്ച് ബന്ധുക്കൾ ശിശുവിനെ സഖറിയാ എന്നു വിളിക്കാൻ ശ്രമിച്ചു. "കർത്താവ് അനുസ്മരിച്ചു" എന്നാണ് ഈ പേരിനർത്ഥം. *സഖർ+യാഹ്‌വേ* എന്ന രണ്ടു ഹീബ്രു വാക്കുകളിൽ നിന്നുണ്ടായതാണ് ഈ പേര്. വളരെ അർത്ഥവത്താണ് ഈ പേരെങ്കിലും എലിസബത്ത് എതിർത്തു; യോഹന്നാൻ എന്നു വിളിക്കണം എന്ന് ശഠിച്ചു. *യാഹ്‌വേ+ഹനാൻ* എന്ന രണ്ടു വാക്കുകൾ യോജിച്ചതാണ് യോഹന്നാൻ. കർത്താവ് കൃപ ചെയ്തു; കർത്താവിന്റെ കൃപ, അഥവാ *"കൃപാദാനം"* എന്ന് പേരു വിവർത്തനം ചെയ്യാം. പതിവിനു വിരുദ്ധമായി മാതാവ് പുതിയ പേരു നിർദ്ദേശിച്ചതിൽ അതൃപ്തി തോന്നിയ ബന്ധുക്കൾ പിതാവിന്റെ ഹിതം ആരാഞ്ഞു. മാതാവു നല്കിയ പേര് പിതാവ് സ്ഥിരീകരിച്ചു. കാരണം ദൂതൻ വഴി ദൈവം തന്നെ നല്കിയതായിരുന്നു യോഹന്നാൻ എന്ന പേര്.

ഒരു പേരിലെന്തിരിക്കുന്നു എന്ന് ഇന്നു പലരും ചോദിക്കാറുണ്ട്. കേൾക്കാൻ ഇമ്പമുള്ള ഒരു സ്വരം, അല്ലെങ്കിൽ ആർക്കും ഇല്ലാത്തതും ആരും കേട്ടിട്ടില്ലാത്തതും അതിനാൽത്തന്നെ ശ്രദ്ധ പിടിച്ചു പറ്റുന്നതുമായ ഒന്ന് ആയിരിക്കണം മക്കൾക്കു നല്കുന്ന പേര് എന്നു കരുതുന്ന മാതാപിതാക്കൾ ധാരാളം. പിതാവിന്റെയും മാതാവിന്റെയും പേരുകളിൽനിന്ന് ഓരോ അക്ഷരമെടുത്ത് കൂട്ടിക്കെട്ടി പേരു നല്കുന്നവരുമുണ്ട്. പിന്നീട് എന്താണ് പേരെന്നു ചോദിക്കുമ്പോൾ നാലുതവണ ആവർത്തിച്ചിട്ടും കേൾക്കുന്നവർക്കു മനസിലാകാതെ പോകുമ്പോൾ നാമധാരിക്കുണ്ടാകുന്ന വിഷമം ചെറുതല്ല. എന്താണ് ഈ പേരിന്റെ അർത്ഥം എന്നു ചോദിച്ചാൽ അതിട്ടവർക്കേ അറിയൂ എന്നു പറ

യേണ്ട ഗതികേടുണ്ടാക്കാവുന്ന വൈക്ലബ്യവും നിസ്സാരമല്ല. ഇനി പേരിട്ട മാതാപിതാക്കളോടു മക്കൾ ചോദിച്ചാൽ അവർക്കും ഉത്തരമുണ്ടാവില്ല.

വാസ്തവത്തിൽ പേരിനു വലിയ അർത്ഥവും പ്രാധാന്യവുമുണ്ട്. പേര് ഒരു നിർവ്വചനമാണ്. ഒരു വസ്തു എന്താണ് എന്നു സൂചിപ്പിക്കാൻ വേണ്ടിയാണല്ലോ പേരു നല്കുന്നത്. വ്യക്തികൾക്കു നല്കുന്ന പേരിനും ഇതേ ലക്ഷ്യമുണ്ട്, മാത്രമല്ല, ഒരു പടികൂടി കടന്ന്, ഒരു വ്യക്തി ആരായിത്തീരണം, എന്തു ലക്ഷ്യം പ്രാപിക്കണം എന്നൊക്കെയുള്ള ആഗ്രഹങ്ങളും സ്വപ്നങ്ങളും പേരു നല്കുന്ന ആളിനുണ്ടായിരിക്കും. പേര് സ്വീകരിക്കുന്ന ആൾക്ക് തന്റെ പേര് ഒരു ദാനവും അതേ സമയം ഒരു ദൗത്യവുമായിരിക്കും; ആയിരിക്കണം.

ഈ അർത്ഥത്തിലാണ് ബൈബിൾ പേരിനെ കാണുന്നത്. എരിയുന്ന മുൾപ്പടർപ്പിൽ തനിക്കു പ്രത്യക്ഷപ്പെട്ട ദൈവത്തോട് മോശ പേരു ചോദിച്ചു. കിട്ടിയ ഉത്തരം ദൈവം ആരാണ്, എന്തു ചെയ്യും, എങ്ങനെ ആ ദൈവത്തെ അറിയാൻ കഴിയും എന്നൊക്കെ വ്യക്തമാക്കുന്നതായിരുന്നു; "ഞാൻ ഞാൻ തന്നെ" (പുറ 3,14-15). ആരാണ് ഈ ഞാൻ എന്ന് അവർ സാവധാനം അറിയും. "ദാസ്യഭവനമായ ഈജിപ്തിൽ നിന്ന് നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്" (പുറ 20,1) എന്ന ഒന്നാം പ്രമാണത്തിൽ ഈ പേരിന്റെ അർത്ഥവും സ്വഭാവവും വ്യക്തമാകുന്നു. "ഈജിപ്തുകാരുടെ ദാസ്യത്തിൽ നിന്നു നിങ്ങളെ മോചിപ്പിച്ച ഞാനാണ് നിങ്ങളുടെ ദൈവമായ കർത്താവ് എന്നു നിങ്ങൾ അറിയും" (പുറ 6,7). പേരിന്റെ അർത്ഥത്തിൽ സംശയമില്ല.

ഇതുപോലെ തന്നെയാണ് ദൈവം ഓരോ വ്യക്തികൾക്കും പേരു നല്കുന്നതും, പഴയ പേരുമാറ്റി പുതിയ പേരു നൽകുന്നതും. ഏല്പിക്കാൻ പോകുന്ന ദൗത്യത്തിന്റെ സൂചന ആ പേരിലുണ്ടാകും. അത് പേരു നല്കുന്ന ദൈവത്തിന്റെ പദ്ധതിയും സ്വപ്നവുമാണ്. "എന്റെ പിതാവ് ഉന്നതൻ" എന്നർത്ഥമുള്ള "അബ്രാം" എന്ന പേരു മാറ്റി "ജനതകളുടെ പിതാവ്" എന്നർത്ഥമുള്ള "അബ്രാഹം" എന്ന പേരു നല്കുന്നത് ഉദാഹരണമാണ് (ഉൽപ.17,6). പാറ എന്നർത്ഥമുള്ള *"കേപ്പാ"* (ഗ്രീക്കിൽ പത്രോസ്) (യോഹ. 1,42) എന്ന പേരു ശിമയോനു നല്കിയപ്പോൾ യേശു

കണ്ടതും ഇതുപോലൊരു സ്വപ്നമായിരുന്നു. തന്റെ സഭയാകുന്ന സൗധം നിർമ്മിക്കാൻ തിരഞ്ഞെടുത്ത പാറയാണ് ഈ ശിഷ്യ പ്രഥമൻ.

ഈ പശ്ചാത്തലത്തിൽ എലിസബത്തും സഖറിയായും ദൈവിക വെളിപാടനുസരിച്ച് ശിശുവിനു നല്കുന്ന "യോഹന്നാൻ" എന്ന പേരിന്റെ അർത്ഥവും ധ്വനികളും മനസിലാക്കണം. ദൈവം സൗജന്യമായി നല്കുന്ന ദാനങ്ങളുടെ ആകെത്തുകയാണ് കൃപ. *"ഹനാൻ"* എന്ന ഹീബ്രുവിലും *"കാരിസ്"* എന്നു ഗ്രീക്കിലും. Grace എന്നാണ് സാധാരണ ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യുക. വിമോചകനായി ഇസ്രായേൽ ജനത്തിനു സ്വയം വെളിപ്പെടുത്തിയ ദൈവം നല്കുന്ന ദാനത്തിന്റെ നീർച്ചാലായിരിക്കും ഈ ശിശു എന്നു മാതാപിതാക്കന്മാർ വിശ്വസിച്ചു. അതിനാൽത്തന്നെ ദൈവം നല്കിയ ആ പേരിൽ അവർ ഉറച്ചു നിന്നു.

അതുവരെ മൂകനായിരുന്ന സഖറിയായ്ക്കു സംസാരശേഷി തിരിച്ചുകിട്ടിയത് ദൈവത്തിന്റെ പ്രത്യേക ഇടപെടലായി കണ്ട ജനം ശിശുവിനെ ദൈവത്തിന്റെ സവിശേഷദാനമായി കണ്ടു. അവർക്കുണ്ടായ ഭയം ദൈവിക സാന്നിധ്യത്തിന്റെ സൂചനയാണ്. ഈ ശിശു ആരായിത്തീരും എന്ന ചോദ്യത്തിനുള്ള മറുപടി സഖറിയായുടെ സ്തോത്രഗീതമായി തുടർന്ന് അവതരിപ്പിക്കുന്നു. ശിശുവിന്റെ ജനനത്തെ മുൻകൂട്ടി അറിയിച്ച ദൂതനോട് സഖറിയ ആവശ്യപ്പെട്ട അടയാളം അയാൾക്കു ലഭിച്ചു. "യഥാകാലം പൂർത്തിയാകേണ്ട എന്റെ വചനം അവിശ്വസിച്ചതുകൊണ്ട് നീ മൂകനായിത്തീരും. ഇവ സംഭവിക്കുന്നതുവരെ സംസാരിക്കാൻ നിനക്കു സാധിക്കുകയില്ല" (ലൂക്ക 1,20). സംസാരശേഷി തിരിച്ചു കിട്ടിയപ്പോൾ അടയാളവും പൂർത്തിയായി.

സഖറിയായുടെ സ്തോത്രഗീതം *"ബെനെദിക്തുസ്"* (Benedictus) എന്നാണ് അറിയപ്പെടുന്നത്; മാതാവിന്റെ സ്തോത്ര ഗീതം *"മാഗ്നിഫികാത്"* എന്നറിയപ്പെടുന്നതുപോലെ. ശിശുവിന്റെ നാമകരണത്തോടനുബന്ധിച്ച് ആലപിക്കുന്ന കീർത്തനമാണെങ്കിലും ആ കീർത്തനത്തിന്റെ ശ്രദ്ധാകേന്ദ്രം ഈ ശിശുവല്ല, ഇനിയും ജനിക്കാനിരിക്കുന്ന രക്ഷക ശിശുവാണ്. ദൈവം പിതാക്കന്മാർക്കു നല്കിയ വാഗ്ദാനങ്ങൾ മുഴുവൻ പൂർത്തിയാകുന്നത് ആ ശിശുവിലായിരിക്കും. ആ പൂർത്തീകരണത്തിന്റെ ഒരുക്കവും

തുടക്കവുമാണ് യോഹന്നാനിൽ സംഭവിക്കുന്നത്. രണ്ടുപേരും തമ്മിലുള്ള ബന്ധവും സ്തോത്രഗീതത്തിൽ എടുത്തു പറയുന്നുണ്ട്.

"അവന്റെ പിതാവായ സഖറിയാ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് പ്രവചിച്ചു" എന്ന ആമുഖവാക്യം തന്നെ കീർത്തനത്തിന്റെ പ്രാധാന്യം എടുത്തു കാട്ടുന്നു. ദൈവത്തെ സ്തുതിക്കുന്നതോടൊപ്പം വരാൻ പോകുന്ന രക്ഷാകര സംഭവങ്ങളെക്കുറിച്ചുള്ള ഒരു പ്രവചനം കൂടിയാണ് ഈ കീർത്തനം. ദൈവത്തിന്റെ സന്ദർശനം രക്ഷാകരമാണ്. "ശക്തനായ രക്ഷകൻ" എന്നു വിവർത്തനം ചെയ്യുന്നത് ഗ്രീക്കുമൂലത്തിൽ *"രക്ഷയുടെ കൊമ്പ്"* എന്നാണു കാണുന്നത്. കൊമ്പ് ബൈബിളിൽ ശക്തിയുടെ മാത്രമല്ല രാജത്വത്തിന്റെയും അടയാളമാണ്. ദാവീദിന്റെ ഭവനത്തിൽ കൊമ്പ് ഉയർത്തി എന്നു പറയുന്നതിലൂടെ ജനിക്കാൻ പോകുന്ന ശിശു ദൈവം ദാവീദിനു നല്കിയ വാഗ്ദാനത്തിൽ സൂചിപ്പിച്ചിരുന്നതും അനേകം പ്രവചനങ്ങളിലൂടെ ആവർത്തിക്കപ്പെട്ടതുമായ മിശിഹാ രാജാവായിരിക്കും എന്നു വ്യക്തമാക്കുന്നു.

ഈ ശിശു എന്തു ചെയ്യും എന്നാണ് തുടർന്ന് പ്രസ്താവിക്കുന്നത്. ശത്രുക്കളുടെ കയ്യിൽനിന്നു രക്ഷിക്കും; നിർഭയരും സ്വതന്ത്രരുമായി നിരന്തരം ദൈവസന്നിധിയിൽ ശുശ്രൂഷ ചെയ്യാൻ വേണ്ട അനുഗ്രഹം നല്കുകയും ചെയ്യും (1,70-75). ഇതൊന്നും യോഹന്നാനെക്കുറിച്ചല്ല എന്നു വ്യക്തമാക്കുന്നതാണ് "നീയോ പൈതലേ" എന്ന അഭിസംബോധന (1,76). സഖറിയായുടെ മകൻ യോഹന്നാൻ രക്ഷകനോ രാജാവോ അല്ല, രക്ഷകനു വഴിയൊരുക്കാൻ പോകുന്ന പ്രവാചകനായിരിക്കും എന്നു വ്യക്തമാക്കുന്നു. രണ്ടു കാര്യങ്ങളാണ് വഴിയൊരുക്കലിന്റെ ഭാഗമായി എടുത്തു പറയുന്നത്. 1. പാപമോചനത്തിലൂടെ ലഭിക്കുന്ന രക്ഷയെക്കുറിച്ച് അറിവു നല്കുക. 2. ഇരുളിൽ കഴിയുന്നവരെ പ്രകാശത്തിന്റെ പാതയിലേക്കു നയിക്കുക.

ഈ രണ്ടു ദൗത്യങ്ങളും അവസാന നാളുകളിൽ മടങ്ങിവരുന്ന ഏലിയാ നിർവ്വഹിക്കും എന്നു മലാക്കി പ്രവാചകനിലൂടെ മുൻകൂട്ടി അറിയിച്ചിരുന്നതാണ് (മലാ 4,5-6). അനുരഞ്ജനം വഴി ആസന്നമായിരിക്കുന്ന ശിക്ഷയിൽ നിന്നു രക്ഷപ്പെടാൻ ജനത്തെ ഒരുക്കുകയായിരുന്നു മടങ്ങിവരുന്ന ഏലിയായിൽ നിന്നു പ്രതീക്ഷിച്ചിരുന്നത്. ജനത്തെ ഒരുക്കാൻ ഏലിയായുടെ ചൈതന്യ

ത്തോടെ കർത്താവിനുമുമ്പേ പോകും എന്ന് ജനനത്തെക്കുറിച്ചു മുൻകൂട്ടി അറിയിച്ച ദൂതന്റെ വാക്കുകൾ ഇവിടെ അനുസ്മരിക്കപ്പെടുന്നു. ജനം പ്രതീക്ഷിച്ചിരുന്ന ഏലിയാ ആണ് ഇപ്പോൾ യോഹന്നാൻ എന്ന പേരു സ്വീകരിച്ചിരിക്കുന്ന ശിശു. പാപമോചനവും രക്ഷയും സ്വീകരിക്കാൻ ജനത്തെ ഒരുക്കുക മാത്രമാണ് മുന്നോടിയായ യോഹന്നാനിൽ നിന്നു പ്രതീക്ഷിക്കുന്നത്. പാപമോചനവും രക്ഷയും നല്കുന്നതു പിന്നാലെ വരുന്നവനായിരിക്കും.

"ഉന്നതത്തിൽനിന്നുള്ള ഉദയരശ്മി" എന്നു വിശേഷിപ്പിക്കുന്നതും പിന്നാലെ വരുന്ന യേശുവിനെയാണ്. അവനാണു രക്ഷകൻ; അവനെ സ്വീകരിക്കാൻ ജനത്തെ ഒരുക്കുകയാണ് യോഹന്നാന്റെ ദൗത്യം എന്ന് സഖറിയായുടെ കീർത്തനം ആവർത്തിച്ച് അനുസ്മരിപ്പിക്കുന്നു. തിരുപ്പിറവിയുടെ ആഘോഷത്തിനായി ഒരുങ്ങുമ്പോൾ ഈ കീർത്തനം മുന്നോട്ടുവയ്ക്കുന്ന സന്ദേശം ഒരാഹ്വാനമായി സ്വീകരിക്കണം.

പലവിധത്തിലും തലങ്ങളിലും അന്ധകാരം നമ്മെ ആവരണം ചെയ്യുന്നതായി നാം തിരിച്ചറിയുന്നു. ലോകത്തെ മുഴുവൻ ഭീതിയുടെ മുൾമുനയിൽ നിർത്തുന്ന മതഭീകരതയാവാം, അയൽക്കാരനെ ശത്രുവായിക്കാണാൻ പ്രേരിപ്പിക്കുന്ന തീവ്രവാദങ്ങളാവാം. ക്രിസ്തീയ ധാർമ്മികതയെ കാലഹരണപ്പെട്ട പഴഞ്ചരക്കായി ചിത്രീകരിക്കുന്ന മതവിരുദ്ധ മനോഭാവങ്ങളാകാം. കുടുംബത്തെയും, സ്ഥിരമായ കൂട്ടായ്മയിലേക്കും പ്രജനനത്തിലേക്കും നയിക്കുന്ന ദാമ്പത്യത്തെയും പരിഹസിക്കുന്ന കടിഞ്ഞാണില്ലാത്ത ലൈംഗികാസക്തികളാകാം. അതുമല്ലെങ്കിൽ എത്ര കിട്ടിയാലും തൃപ്തിയാവാതെ സമ്പത്തു സ്വരുക്കൂട്ടാൻ പ്രേരിപ്പിക്കുന്ന ദ്രവ്യാസക്തിയാകാം. ആഗോളതലത്തിലും, പ്രാദേശികതലത്തിലും, കുടുംബ-വ്യക്തിതലങ്ങളിലും ഇപ്രകാരമുള്ള ചിന്താഗതികളും മനോഭാവങ്ങളും അന്ധകാരം നിറയ്ക്കുന്നതായി നാം ഭീതിയോടെ കാണുന്നു. ഇവിടെയാണ് "ഇരുളിലും മരണത്തിന്റെ നിഴലിലും ഇരിക്കുന്നവർക്കു പ്രകാശം" വീശാൻ കഴിയുന്ന ഉദയരശ്മിയായ ക്രിസ്തുവിനു വഴിയൊരുക്കേണ്ടതിന്റെ ആവശ്യം വ്യക്തമാകുന്നത്.

രക്ഷകനായ യേശുവിനു വഴിയൊരുക്കാൻ അയയ്ക്കപ്പെട്ട യോഹന്നാന്റെ ദൗത്യം ഇന്നു നമുക്കാണു നല്കപ്പെട്ടിരിക്കുന്നത്. നമുക്ക് ക്രിസ്തുവോ രക്ഷകനോ ആകാൻ സാധിക്കുകയില്ല,

എന്നാൽ ക്രിസ്തുവിനു സാക്ഷികളാവാൻ കഴിയും. അന്ധകാര മകറ്റുന്ന പ്രകാശരശ്മിയായ യേശുവിനെ വാക്കും പ്രവൃത്തിയും സർവ്വോപരി ജീവിതസാക്ഷ്യവും കൊണ്ടു പ്രഘോഷിക്കാൻ കഴിയും. അതിനായി ആദ്യമേ ഉള്ളിലെ അന്ധകാരമകറ്റാൻ പ്രകാ ശമായ യേശുവിനെ ഹൃദയത്തിൽ സ്വീകരിക്കണം. "ഞാൻ ലോക ത്തിന്റെ പ്രകാശമാണ്, എന്നെ അനുഗമിക്കുന്നവൻ അന്ധകാര ത്തിൽ നടക്കുന്നില്ല" (യോഹ 8,12) എന്നു പറഞ്ഞവൻ തന്നെ യാണ് ശിഷ്യന്മാരെ ലോകത്തിന്റെ പ്രകാശമാകാൻ ആഹ്വാനം ചെയ്തത് (മത്താ 5,14). അതേസമയം അന്ധകാരം വരുന്നെന്നും അതു വന്നു കീഴടക്കുന്നതിനുമുമ്പേ പ്രകാശത്തിന്റെ പാതയിൽ ചരിക്കുകയും മറ്റുള്ളവരെ പ്രകാശത്തിലേക്കു നയിക്കുകയും ചെയ്യണമെന്നും ശിഷ്യന്മാരെ ഉദ്ബോധിപ്പിച്ചു (യോഹ 9,4). "താൻ പ്രകാശത്തിലാണെന്നു പറയുകയും അതേസമയം തന്റെ സഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നവൻ അന്ധകാരത്തി ലാണ്. സഹോദരനെ സ്നേഹിക്കുന്നവൻ പ്രകാശത്തിൽ വസി ക്കുന്നു... എന്നാൽ തന്റെ സഹോദരനെ വെറുക്കുന്നവർ ഇരുട്ടി ലാണ്" (1 യോഹ 2,9-11). ഇതു യോഹന്നാന്റെ ഭാഷ്യം. ഈ അന്ധകാരം അകറ്റാനും പ്രകാശത്തിലേക്കു നയിക്കാനുമാണ് ദൈവം തന്റെ ഏകജാതനെ ഈ ഭൂമിയിലേക്കയച്ചത്.

അന്ധകാരത്തിൽ നിന്നു പ്രകാശത്തിലേക്കു നയിക്കണമേ എന്നായിരുന്നു ഭാരതമഹർഷിമാരുടെ ചിരപുരാതനമായ പ്രാർത്ഥന: "തമസ്സോമാ ജ്യോതിർഗമയാ". എപ്പോഴാണ് രാത്രി അവസാനിച്ച് പകൽ തുടങ്ങി എന്നു പറയാൻ കഴിയുക, ഗുരു ചോദിച്ചു. ശിഷ്യന്മാർ പല മറുപടികൾ പറഞ്ഞു. അകലെ നില്ക്കുന്ന മൃഗം ആടോ പട്ടിയോ എന്നു തിരിച്ചറിയാൻ കഴിയു മ്പോൾ എന്നൊരാൾ; അകലെ കാണുന്ന മരം മാവോ, പ്ലാവോ എന്നു പറയാൻ കഴിയുമ്പോൾ എന്നു വേറൊരാൾ - തൃപ്തിക രമായ ഉത്തരം ആരും പറയാതായപ്പോൾ ഗുരുതന്നെ പറഞ്ഞു: അടുത്തുനില്ക്കുന്നത് നിന്റെ സഹോദരൻ ആണെന്നു തിരിച്ച റിയാൻ കഴിയുമ്പോൾ നിനക്കു പ്രഭാതമായി. പ്രകാശം ഉദിക്കേ ണ്ടത് ഉള്ളിലാണ്. അപ്പോൾ ഉൾക്കണ്ണുതുറക്കും. അതു തന്നെ യാണ് യേശു പഠിപ്പിച്ചത്; അതാണ് തന്റെ ആഗമനോദ്ദേശ്യമായി നസ്രത്തിൽ അവതരിപ്പിച്ചത് (ലൂക്കാ 4,18-19). യേശുവാകുന്ന പ്രകാശം ഉള്ളിൽ ഉദിക്കുമ്പോൾ ശിഷ്യരും പ്രകാശിതരാകും. അതിനുള്ള കൃപ നാഥൻ തന്നെ നല്കട്ടെ.

# 4

## മംഗലവാർത്ത 4 – ാം ഞായർ

# എമ്മാനുവേൽ

**(മത്താ 1, 18 – 25)**

മംഗലവാർത്തക്കാലം നാലാം ഞായറാഴ്ചത്തെ വിചിന്തനത്തിനായി സഭ നിർദ്ദേശിക്കുന്നത് യേശുവിന്റെ ജനനം മുൻകൂട്ടി അറിയിക്കുന്നതായി മത്തായി രേഖപ്പെടുത്തിയിരിക്കുന്ന സുവിശേഷഭാഗമാണ്. ഇതുപോലൊരു മുന്നറിയിപ്പ് ലൂക്കായും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രണ്ടും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഈ വ്യത്യാസം ജനനത്തിന്റെ മുന്നറിയിപ്പിൽ മാത്രമല്ല രണ്ടു സുവിശേഷങ്ങളിലെയും ബാല്യകാല സുവിശേഷം എന്നറിയപ്പെടുന്ന ആദ്യത്തെ രണ്ട് അധ്യായങ്ങളിൽ മുഴുവൻ കാണാം. രണ്ടു സുവിശേഷങ്ങളും രേഖപ്പെടുത്തുന്ന സംഭവങ്ങളുടെ വിശദാംശങ്ങളിലും ഊന്നൽ നൽകുന്ന പ്രമേയങ്ങളിലും ഈ വ്യത്യാസങ്ങൾ ദൃശ്യമാണ്.

ബാല്യകാല സുവിശേഷം മത്തായി ആറു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. 1. യേശുവിന്റെ വംശാവലി – 1,1–18; 2. യേശുവിന്റെ ജനനം – 1,18–25; 3. ജ്ഞാനികളുടെ സന്ദർശനം – 2,1–12; 4. ഈജിപ്തിലേക്കു പലായനം – 2,13–15; 5. ശിശുവധം – 2,16–18; 6. ഈജിപ്തിൽനിന്നു മടങ്ങിവരവ് – 2,19–23. ഇതിൽ രണ്ടാം ഭാഗമാണ് ഇന്നത്തെ വായനയ്ക്കായി നിർദ്ദേശിച്ചിരിക്കുന്നത്.

“യേശുക്രിസ്തുവിന്റെ ജനനം ഇപ്രകാരമായിരുന്നു” എന്ന ആമുഖത്തോടെ തുടങ്ങുന്ന വിവരണം കന്യാജനനം, ജനിക്കാൻ പോകുന്ന ശിശുവിന്റെ വ്യക്തിത്വം, ആ ശിശുവിന്റെ ജനനത്തിൽ ജോസഫിനുള്ള പങ്ക്, ഈ സംഭവത്തിലൂടെ നടക്കുന്ന പ്രവചനങ്ങളുടെ പൂർത്തീകരണം എന്നിവ അവതരിപ്പിക്കുന്നു. ലൂക്കാ

യുടെ വിവരണത്തിൽ മറിയത്തിനാണ് പ്രാമുഖ്യം നല്കിയിരിക്കുന്നത്. ദൂതൻ പ്രത്യക്ഷപ്പെടുന്നതും മറിയത്തിനാണ്. മത്തായിയുടെ വിവരണത്തിലാകട്ടെ ദൈവദൂതദർശനം ലഭിക്കുന്നതു ജോസഫിനാണ്. വേറെയും ഉണ്ട് വ്യത്യാസങ്ങൾ.

യേശുക്രിസ്തുവിന്റെ ജനനം ആണ് ഇവിടെ അവതരിപ്പിക്കുന്ന വിഷയം എന്ന് സുവിശേഷകൻ ആമുഖമായി പറയുന്നു. "ജനനം" എന്നു വിവർത്തനം ചെയ്യുന്നത് *ഗെനേസിസ്* (Genesis) എന്ന ഗ്രീക്കുവാക്കാണ്. ഇംഗ്ലീഷിനെ അനുകരിച്ച് മലയാളത്തിലും *ഗമ്മ* (g) എന്ന ഗ്രീക്കക്ഷരം "ജ" എന്ന് ഉച്ചരിക്കുന്നതിനാൽ ജെനെസിസ് സുവിശേഷത്തിന്റെ ആരംഭത്തിൽ കാണുന്ന "വംശാവലി" എന്നു വിവർത്തനം ചെയ്യുന്നതും ഗ്രീക്കിൽ ഇതേ പദം തന്നെയാണ്. "പിതാവായി" എന്നു പി.ഒ.സി വിവർത്തനം ചെയ്യുന്നതിന്റെ ഗ്രീക്കുമൂലം *"ഗെന്നാവോ"* എന്ന ക്രിയാപദമാണ്. ജനിപ്പിച്ചു എന്ന് വ്യാച്യാർത്ഥം. തലമുറ (മത്താ 1,17) എന്ന പദവും ഇതോടു ബന്ധപ്പെട്ടതത്രെ; *"ഗെനെയാ".* അങ്ങനെ ജനനം, വംശാവലി, തലമുറ, ജനിപ്പിക്കൽ എന്നീ പദങ്ങളെല്ലാം ഒരേ ഒരു കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു - യേശുവിന്റെ ഉത്ഭവം. "ഉൽപത്തി" എന്നു വിളിക്കുന്ന ബൈബിളിലെ ആദ്യത്തെ പുസ്തകം *"ഗെനെസിസ്"* എന്നാണ് ഗ്രീക്കിൽ അറിയപ്പെടുന്നത് എന്ന വസ്തുതയും കൂട്ടി വായിക്കുമ്പോൾ ശ്രദ്ധേയമായ ഒരു നിഗമനം ഉരുത്തിരിയുന്നു. യേശുവിന്റെ ഉത്ഭവത്തിലേക്കാണ് ഈ ഗ്രന്ഥങ്ങൾ മുഴുവൻ വിരൽ ചൂണ്ടുന്നത്.

യേശുക്രിസ്തുവിനെ അബ്രാഹത്തിന്റെയും ദാവീദിന്റെയും പുത്രൻ എന്നാണ് സുവിശേഷത്തിന്റെ ആരംഭത്തിൽ വിശേഷിപ്പിച്ചത്. ഈ രണ്ടു വിശേഷണങ്ങൾ വിവരിക്കാനാണ് 42 തലമുറകളുടെ ഒരു വംശാവലിപ്പട്ടിക അവതരിപ്പിച്ചത്. ജോസഫിൽ വന്നുനില്ക്കുന്ന ആ പട്ടികയിൽ യേശുവിന്റെ സ്ഥാനമെന്ത്, യേശു യഥാർത്ഥത്തിൽ ആരാണ് എന്നീ ചോദ്യങ്ങൾക്ക് തുടർന്നുള്ള വിവരണത്തിലൂടെ ഉത്തരം നല്കുന്നു. കന്യകയിൽ നിന്നു ജനിച്ച ദൈവപുത്രനാണ് യേശു എന്ന വിശ്വാസം വംശാവലിയുമായി എങ്ങനെ പൊരുത്തപ്പെടുന്നു എന്നാണ് ഇവിടെ വിവരിക്കുന്നത്. യഥാർത്ഥത്തിൽ യേശുവിന് മാനുഷികനായ ഒരു പിതാവില്ല; ദൈവമാണ് അവന്റെ ഏക പിതാവ്. എന്നാൽ നിയമത്തിന്റെ ദൃഷ്ടിയിൽ യേശു ജോസഫിന്റെ പുത്രനാണ്,

ജോസഫാകട്ടെ ദാവീദിന്റെ ഗോത്രത്തിൽ പിറന്നവനും. അങ്ങനെ രക്ഷകന്റെ ജനനത്തെക്കുറിച്ച് നല്കപ്പെട്ട എല്ലാ പ്രവചനങ്ങളുടെയും പൂർത്തീകരണമാണ് യേശുവിൽ സംഭവിച്ചത് എന്ന് സുവിശേഷകൻ ഊന്നിപ്പറയുന്നു. ഇതിനായി ബാല്യകാല സുവിശേഷത്തിൽ "പ്രവചനത്തിന്റെ പൂർത്തീകരണത്തിനു വേണ്ടിയാണിത് സംഭവിച്ചത്" എന്ന് അഞ്ചുതവണ ആവർത്തിക്കുന്നുണ്ട് (1,22; 2,6.15. 17.23).

പാലസ്തീനായിൽ നിലവിലിരുന്ന ആചാരമനുസരിച്ച് വിവാഹം രണ്ടു ഘട്ടങ്ങളായിട്ടാണ് നടന്നിരുന്നത്. ആദ്യത്തേതു മനസമ്മതം അഥവാ വിവാഹനിശ്ചയം. വധൂവരന്മാർ വിവാഹം ചെയ്യാനുള്ള തങ്ങളുടെ തീരുമാനം ഔദ്യോഗികമായി, ബന്ധപ്പെട്ട അധികാരിയുടെ മുമ്പിൽ അറിയിക്കുന്നു. അതിനുശേഷം ഒരു വർഷത്തിനകം വിവാഹം നടന്നിരിക്കണം. വിവാഹനിശ്ചയം മുതൽ ഇരുവരും ഒരുമിച്ചു വസിക്കുന്നില്ലെങ്കിലും ഭാര്യാഭർത്താക്കന്മാരായി അറിയപ്പെട്ടിരുന്നു. ഈ അവസരത്തിൽ വരനിൽനിന്നല്ലാതെ വധു ഗർഭിണി ആയാൽ അതു വ്യഭിചാരമായി പരിഗണിക്കപ്പെടും. കുറ്റം തെളിഞ്ഞാൽ കല്ലെറിഞ്ഞു കൊല്ലുകയാണ് ശിക്ഷ (നിയ 22,13-21). ഇതാണ് ജോസഫ് നേരിടുന്ന പ്രതിസന്ധി.

ജോസഫിന്റെ വ്യക്തിത്വത്തിലേക്കു വിരൽ ചൂണ്ടുന്ന ബൈബിളിലെ ഏകവിശേഷണമാണ് ഇവിടെ നല്കിയിരിക്കുന്ന "നീതിമാൻ". ഒരു വ്യക്തിയെക്കുറിച്ച് ഭാവാത്മകമായി പറയാവുന്ന എല്ലാ കാര്യങ്ങളും ഈ ഒറ്റവാക്കിലുണ്ട്. ആരാണ് നീതിമാൻ എന്ന് ബൈബിളിൽ ഉടനീളം വിവരിക്കുന്നുണ്ട്. ദൈവത്തോടും സഹജീവികളോടുമുള്ള ബന്ധത്തിൽ പൂർണ്ണമായും ദൈവഹിതം അനുസരിച്ചു ജീവിക്കുന്നവനാണ് നീതിമാൻ. 1,15 സങ്കീർത്തനങ്ങൾ ഉദാഹരണങ്ങളാണ്. നീതിമാന്റെ ഒരു പ്രത്യേകതയായി മത്തായി എടുത്തുകാട്ടുന്നത് "മറിയത്തെ അപമാനിതയാക്കാൻ ഇഷ്ടപ്പെട്ടില്ല" എന്നതാണ്. തനിക്കു മനസിലാക്കാൻ സാധിക്കാത്ത എന്തോ ഒന്ന് സംഭവിച്ചിരിക്കുന്നു. മറിയത്തിന്റെ വിശ്വസ്തതയെ ചോദ്യം ചെയ്യാൻ കഴിയുന്നില്ല. അതേസമയം അവൾ എങ്ങനെ ഗർഭിണിയായി എന്നു മനസിലാകുന്നുമില്ല. പൊതുജനസമക്ഷം ഈ യാഥാർത്ഥ്യം അവതരിപ്പിച്ചാൽ മറിയം തീർച്ചയായും വധശിക്ഷ നേരിടേണ്ടിവരും. അതിനാൽ രഹസ്യമായി ഉപേക്ഷിക്കുക എന്ന തീരുമാനത്തിലേക്കാണ് ജോസഫ്

നീങ്ങുന്നത്. ഈ പ്രതിസന്ധിയിലാണ് ദൈവം ഇടപെടുന്നത്.

സ്വപ്നത്തിൽ കർത്താവിന്റെ ദൂതൻ പ്രത്യക്ഷപ്പെടുന്നതായ വിവരണങ്ങൾ സമകാലിക രചനകളിൽ പ്രചാരത്തിലുണ്ടായിരുന്നു. മത്തായിതന്നെ മൂന്നുതവണ ഈ രചനാ സങ്കേതം സ്വീകരിച്ചിട്ടുണ്ട് (1,20;2,13.19). ദൈവമാണ് വഴിനടത്തുന്നതെന്നും ദൈവം നയിക്കുന്ന വഴിയിലൂടെ മാത്രമാണ് ജോസഫ് ചരിക്കുന്നതെന്നും സുവിശേഷകൻ ഊന്നിപ്പറയുന്നു. "ദാവീദിന്റെ പുത്രനായ ജോസഫ്" എന്ന അഭിസംബോധനയിൽ മിശിഹാ ദാവീദിന്റെ പുത്രനായിരിക്കും എന്ന പ്രവചനത്തിന്റെ ധ്വനിയുണ്ട്. ഭാര്യയായി സ്വീകരിക്കാൻ "ശങ്കിക്കേണ്ട" എന്ന വിവർത്തനം ആശയം വ്യക്തമാക്കാൻ സഹായിക്കുമെങ്കിലും മൂലത്തിന്റെ മുഴുവൻ ആഴവും വ്യക്തമാക്കുന്നില്ല. *"ഫോബെയോ"* എന്ന ഗ്രീക്കു മൂലപദത്തിന് "ഭയപ്പെടേണ്ടാ" എന്നാണ് വ്യാച്യാർത്ഥം. ഇത് ഒരു സംശയത്തേക്കാൾ കൂടുതൽ അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്നുണ്ട്.

മറിയത്തിന്റെ ഉദരത്തിൽ രൂപം പ്രാപിച്ചിരിക്കുന്ന ശിശു ഒരു മാനുഷിക പ്രവർത്തനത്തിന്റെ ഫലമല്ല. ദൈവാത്മാവിന്റെ പ്രത്യേകപ്രവർത്തനം വഴിയാണ് അവൾ ഗർഭിണിയായത്. ആ ശിശു മനുഷ്യകുലത്തെ മുഴുവൻ പാപത്തിൽനിന്നു മോചിക്കുന്ന രക്ഷകനായിരിക്കും എന്ന് സൂചിപ്പിക്കാൻ യേശു എന്ന പേരു നല്കണം. യാഹ്‌വേ രക്ഷിക്കുന്നു, അഥവാ യാഹ്‌വേ - രക്ഷകൻ എന്നർത്ഥമുള്ള *യാഹവേ ഷാ* എന്ന ഹീബ്രുവാക്കുകളാണ് *യെഹോഷാ-ജെഷാ-ജോഷാ* എന്നിങ്ങനെ ലോപിച്ചത്. അതിൽ നിന്നാണ് യേശു എന്ന പേരിന്റെ ഉത്ഭവം. ജോസഫ് പേരു നല്കണം എന്നു നിർദ്ദേശിക്കുന്നതിലൂടെ ശിശുവിന്റെ പിതൃത്വം ഏറ്റെടുക്കാനാണ് ദൂതൻ ആവശ്യപ്പെടുന്നത്. ഇവിടെ ദൈവപുത്രൻ മനുഷ്യപുത്രനായി അവതരിക്കുന്നു. നിയമദൃഷ്ടിയിൽ അവൻ ദാവീദിന്റെ സന്തതി പരമ്പരയിൽ ജനിച്ച മിശിഹാ അഥവാ അഭിഷിക്തൻ (ക്രിസ്തു) ആണ്.

ഈ സംഭവം ആകസ്മികമല്ല, ദൈവം പ്രവാചകൻ വഴി മുൻകൂട്ടി അറിയിച്ചതിന്റെ പൂർത്തീകരണമാണെന്ന് ഏശ 7,14 ഉദ്ധരിച്ചുകൊണ്ട് സമർത്ഥിക്കുന്നു. ഈ പ്രവചനം ഹീബ്രു മൂലത്തിൽ "യുവതി" എന്നാണ് കാണുന്നത്. *"അൽമാ"* എന്ന ഹീബ്രു വാക്കിന് ഋതുമതിയായ, ഗർഭധാരണശേഷിയുള്ള സ്ത്രീ എന്നേ

അർത്ഥമുള്ളൂ. അതു കന്യകയാവാം; കന്യക ആയിരിക്കണം എന്നു നിർബന്ധമില്ല. പില്ക്കാലത്ത് ബി.സി. മൂന്നാം നൂറ്റാണ്ടിൽ രൂപംകൊണ്ട സപ്തതി എന്നറിയപ്പെടുന്ന ഗ്രീക്കു വിവർത്തനത്തിലാണ് അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം ''കന്യക'' എന്നർത്ഥമുള്ള *"പർത്തേനോസ്"* എന്ന പദം കാണുന്നത്. പുതിയനിയമം പൊതുവേ സപ്തതി ആയിരുന്നു മൂലഗ്രന്ഥമായി ഉപയോഗിച്ചിരുന്നത്. തന്നെയുമല്ല, സപ്തതി രൂപപ്പെടുന്നതിനു മുമ്പുതന്നെ "കന്യാജനനം" എന്ന ആശയം ഇസ്രായേൽ സമൂഹത്തിൽ രൂപംകൊണ്ടു കഴിഞ്ഞിരുന്നു.

എമ്മാനുവേൽ എന്ന പേരിന്റെ അർത്ഥം സുവിശേഷകൻ തന്നെ വ്യക്തമാക്കുന്നുണ്ട്. *ഇം* (= കൂടെ) +*അനു* (= നമ്മോട്) + ഏൽ (= ദൈവം) എന്നീ മൂന്നു വാക്കുകളാണ് *എമ്മാനുവേൽ* എന്ന പേരിനു പിന്നിലുള്ളത്. *ഇമ്മാനുവേൽ* എന്ന് എഴുതുകയായിരിക്കും കൂടുതൽ ശരി. ഇപ്രകാരം ഒരു പേരിൽ രക്ഷകൻ ഇതുവരെ വന്നില്ല, അവൻ ഇനിയും വരാനിരിക്കുന്നതേയുള്ളൂ, ഉടനെ വരും എന്നൊക്കെ പറഞ്ഞു നടക്കുന്ന ഒരു വിഭാഗം ആളുകൾ അടുത്തകാലത്ത് രംഗപ്രവേശം ചെയ്തത് കേരളത്തിൽ പൊതുവേ അറിയപ്പെട്ടതാണല്ലോ. "എമ്പറർ എമ്മാനുവേൽ ട്രസ്റ്റ്" എന്ന പേരിൽ രൂപംകൊണ്ട പ്രസ്ഥാനത്തിന്റെ പ്രണേതാക്കൾ സുവിശേഷം മുഴുവൻ ശരിയായി വായിച്ചില്ല എന്നേ പറയാനാവൂ. യേശു എന്ന പേരാണ് ശിശുവിനു നല്കിയത്. പാപത്തിൽ നിന്നു ജനത്തെ രക്ഷിക്കും എന്ന വാഗ്ദാനമാണ് പേരിനു പിന്നിൽ. ആ പേരിലാണ് രക്ഷകൻ അറിയപ്പെട്ടതും. എന്നാൽ നമ്മോടുകൂടെ വസിക്കുന്ന ദൈവമാണ് യേശു എന്നും അവൻ എന്നും നമ്മോടുകൂടെ ഉണ്ടായിരിക്കും എന്ന് യേശു തന്നെ വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും മത്തായി രേഖപ്പെടുത്തിയിട്ടുണ്ട്. "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും" (മത്താ 18,20). ഇതേ വാഗ്ദാനത്തോടെയാണ് മത്തായി സുവിശേഷം സമാപിക്കുന്നത്. "യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28,20).

യേശു, എമ്മാനുവേൽ എന്നീ രണ്ടു പേരുകൾ യേശുവിന്റെ വ്യക്തിത്വവും ദൗത്യവും വ്യക്തമാക്കുന്നു. എന്നും നമ്മോടുകൂടെ വസിക്കുന്ന ദൈവമാണവൻ. അതേസമയം, പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രവർത്തനത്താൽ കന്യകയിൽനിന്നു ജനിച്ച ദൈവ

പുത്രൻ. മനുഷ്യവർഗ്ഗത്തെ പാപത്തിൽനിന്നു രക്ഷിക്കുന്നവനാണ് യേശു. ദാവീദിന്റെ പുത്രൻ എങ്ങനെ ദൈവപുത്രനാകും? മറിച്ച് ദൈവപുത്രൻ എങ്ങനെ ദാവീദിന്റെ പുത്രനാകും? എന്ന ചോദ്യങ്ങൾക്ക് ഈ വിവരണത്തിലൂടെ ഉത്തരം നല്കുന്നു. യഹൂദനേതാക്കന്മാരുമായുള്ള വിവാദത്തിന്റെ അവസാനം യേശുതന്നെ ഈ ചോദ്യം ഉന്നയിച്ചു. ഉത്തരം മുട്ടിയ നേതാക്കന്മാർ നിശ്ശബ്ദരായി (മത്താ 22,41-46). അവർ മനസിലാക്കിയിരിക്കേണ്ട ഉത്തരമാണ് മത്തായി ഇവിടെ അവതരിപ്പിക്കുന്നത്.

ദൂതന്റെ നിർദ്ദേശങ്ങൾ ജോസഫ് പൂർണ്ണമായും അനുസരിച്ചു എന്നു പറഞ്ഞുകൊണ്ട് വിവരണം സമാപിക്കുമ്പോൾ ദൈവപുത്രൻ എങ്ങനെ ദാവീദിന്റെ പുത്രനായി എന്ന് വീണ്ടും വ്യക്തമാക്കുന്നു. മറിയത്തെ ഭാര്യയായി സ്വീകരിക്കുകയും അവളിൽനിന്നു ജനിക്കുന്ന ശിശുവിനു പേരിടുകയും ചെയ്യുന്നതിലൂടെ ജോസഫ് ശിശുവിന്റെ പിതൃത്വം ഔദ്യോഗികമായി ഏറ്റെടുക്കുകയാണ്. ശിശുവിനു പേരു നല്കുക മാതാപിതാക്കന്മാരുടെ, പ്രത്യേകിച്ചും പിതാവിന്റെ അവകാശവും കടമയുമാണ്.

"പുത്രനെ പ്രസവിക്കുന്നതുവരെ അവളെ അവൻ അറിഞ്ഞേ ഇല്ല" എന്ന പ്രസ്താവന ഏറെ തെറ്റിദ്ധാരണകൾക്കും ദുർവ്യാഖ്യാനങ്ങൾക്കും വഴിതെളിച്ചിട്ടുണ്ട്. "അറിയുക" എന്ന പദത്തിന് ഇവിടെ ലൈംഗികബന്ധത്തിൽ ഏർപ്പെടുക എന്നാണർത്ഥം. "വരെ" എന്ന പ്രയോഗത്തിൽ ഊന്നി ശിശുവിന്റെ ജനനത്തിനു ശേഷം ജോസഫ് മറിയത്തെ അറിഞ്ഞു എന്നും അവർക്ക് മക്കളുണ്ടായി എന്നും ആ മക്കളിൽ പലരുടെയും പേരുകൾ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ഉദാ. മത്താ 13,55: മർക്കോ 6,3) എന്നും വാദിക്കുന്നവരുണ്ട്. എന്നാൽ "വരെ" എന്ന പദത്തിൽ അതുവരെ എന്തു സംഭവിച്ചു, അല്ലെങ്കിൽ സംഭവിച്ചില്ല എന്നല്ലാതെ, അതിനുശേഷം എന്തു സംഭവിച്ചു എന്ന സൂചനയില്ല. യേശുവിനു ഭൗതിക പിതാവുണ്ടായിരുന്നില്ല എന്നു മാത്രമേ ഈ പ്രസ്താവന അർത്ഥമാക്കുന്നുള്ളൂ. മറിയത്തിന് വേറെ മക്കളുണ്ടായിരുന്നോ ഇല്ലയോ എന്നത് ഇവിടെ പ്രതിപാദ്യ വിഷയമല്ല. സഹോദരന്മാർ, സഹോദരിമാർ എന്ന പദങ്ങൾക്ക് ഒരേ മാതാപിതാക്കന്മാരുടെ മക്കൾ എന്നു മാത്രമല്ല, അടുത്ത ബന്ധുക്കൾ (Cousin) എന്നും അർത്ഥമുണ്ട്. "കലഹിക്കരുത്, നമ്മൾ സഹോദരങ്ങളാണ്" (ഉൽപ 13,8) എന്ന് അബ്രാഹം ലോത്തി

നോടു പറയുന്നതിൽനിന്ന് ഇതു വ്യക്തമാകുന്നു. ലോത്ത് അബ്രാഹത്തിന്റെ സഹോദരനല്ല, സഹോദരപുത്രനാണ് (ഉൽപ 12,5).

പ്രവാചകന്മാർ വഴി ദൈവം നല്കിയ വാഗ്ദാനങ്ങളെ ആധാരമാക്കി ഇസ്രായേൽ ജനം പ്രതീക്ഷിച്ചിരുന്ന രക്ഷകനും രാജാവുമാണ് യേശു എങ്കിലും അവനെ മനസിലാക്കാനോ സ്വീകരിക്കാനോ ആ ജനത്തിനു കഴിയാതെപോയി. അതേസമയം വിജാതിയർ അവനെ രക്ഷകനും നാഥനുമായി സ്വീകരിച്ചു. ഈ വൈരുദ്ധ്യമാണ് മത്തായി സുവിശേഷകൻ ആദ്യന്തം അവതരിപ്പിക്കുന്നത്. കാത്തിരുന്നവർക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ല. അതേസമയം ദൈവം നല്കിയ അടയാളങ്ങൾ സശ്രദ്ധം വായിച്ചറിഞ്ഞ വിജാതീയർ അവനെ തിരിച്ചറിഞ്ഞു, സ്വീകരിച്ചു. അസാധ്യമെന്നു തോന്നിയതും ദൈവത്തിനു സാധ്യമാണെന്ന് വിശ്വസിച്ച ജോസഫ് ആ തിരുഹിതത്തിനു സസന്തോഷം വഴങ്ങി. നാമോ?

# 5

## പിറവിത്തിരുനാൾ

# വലിയ സന്തോഷത്തിന്റെ സദ്വാർത്ത

**(ലൂക്കാ 2:1 – 20)**

ലോകചരിത്രത്തെ രണ്ടായി വിഭജിച്ച്, ചരിത്രത്തിന്റെ ചുഴക്കുറ്റിപോലെ നിൽക്കുന്ന സംഭവമാണ് യേശുവിന്റെ തിരുപ്പിറവി. യേശുവിന്റെ ജനനത്തെ 0 വർഷമായി കരുതി, അതിനുമുമ്പുള്ള ചരിത്രത്തെ ബി.സി. (Before Christ ക്രിസ്തുവിനു മുമ്പ്) എന്നും ശേഷമുള്ള ചരിത്രത്തെ (AD - Anno Domini) കർത്താവിന്റെ വർഷം എന്നും നാം കണക്കുകൂട്ടുന്നു. 'ക്രിസ്തു' എന്ന വാക്ക് ഉപയോഗിക്കാൻ മടിക്കുന്ന ആധുനിക 'മതനിരപേക്ഷചിന്തക്കാർ' BC- AD യ്ക്കുപകരം BCE (Befor the Common Era- പൊതു കാലഘട്ടത്തിനു മുമ്പ്) എന്നും CE Common Era – പൊതുകാലഘട്ടം) എന്നു പറയുമ്പോഴും, പരോക്ഷമായെങ്കിലും യേശുവിന്റെ ജനനത്തെ ചരിത്രത്തിന്റെ കേന്ദ്രമായി അംഗീകരിക്കുന്നു എന്നതു മറച്ചുവയ്ക്കാനാവില്ല.

യേശു ജനിച്ചത് ഡിസംബർ 25-ാം തീയതി ആണെന്നതിനു ചരിത്രപരമായ തെളിവൊന്നുമില്ല. പേർഷ്യക്കാരിൽനിന്ന് കടമെടുത്ത്, റോമാക്കാർ ആഘോഷിച്ചിരുന്ന ഒരു ദിവസമാണ് ഡിസംബർ 25. ഭൂമധ്യരേഖയ്ക്കു വടക്കു വസിക്കുന്നവർക്ക് ഏറ്റം ദീർഘമായ രാത്രി ഡിസംബർ 21-ാം തീയതിയാണ്. സൂര്യന്റെ ദക്ഷിണായനം അന്ന് ഏറ്റം തെക്കേ അറ്റത്ത് എത്തുന്നു. തുടർന്നു വരുന്ന ദിവസങ്ങളിൽ ക്രമേണ രാത്രി കുറയുകയും പകലിനു ദൈർഘ്യം കൂടുകയും ചെയ്യുന്നു. ഈ ഭൗമിക യഥാർത്ഥ്യത്തെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിച്ച പേർഷ്യക്കാർ സൂര്യനെ ദൈവമായി കരുതി ആരാധിച്ചിരുന്നു. അന്ധകാര ശക്തികളുമായുള്ള യുദ്ധത്തിൽ ഡിസംബർ 21 ന് സൂര്യൻ മരിക്കുന്നു.

എന്നാൽ പിറ്റേ ദിവസം അന്ധകാരത്തെ കീഴടക്കി കൂടുതൽ ശക്തിയാർജ്ജിച്ച് തിരിച്ചുവരുന്നു.

ഈ പ്രതിഭാസത്തെ സൂര്യന്റെ പുനർജനനമായും, അതിലുപരി അന്ധകാരശക്തികളുടെ മേലുള്ള വിജയമായും അവർ കരുതി, ഈ ദിനത്തെ *'അജയ്യ സൂര്യന്റെ തിരുനാൾ'* (Sol invictus) എന്നു വിളിച്ചിരുന്നു. ക്രിസ്തുമതം റോമാ സാമ്രാജ്യത്തിന്റെ ഔദ്യോഗികമതമായി അംഗീകരിക്കപ്പെട്ടപ്പോൾ ഡിംസബർ 25 "ലോകത്തിന്റെ പ്രകാശം" എന്നു സ്വയം വിശേഷിപ്പിച്ച യേശുവിന്റെ ജന്മദിനമായി ആഘോഷിക്കാൻ തുടങ്ങി. പേർഷ്യക്കാരും റോമാക്കാരും തങ്ങൾ അറിയാതെ ആഘോഷിച്ചിരുന്നത് സംഭവിക്കാൻ പോകുന്ന യേശുവിന്റെ ജന്മദിനമായിരുന്നു എന്നു കരുതുന്നതിൽ തെറ്റുണ്ടാവില്ലല്ലോ, ആഥൻസുകാർ അജ്ഞാത ദേവനുവേണ്ടി ബലിപീഠം മാറ്റി വച്ചിരുന്നതുപോലെ (അപ്പ 17: 23).

ദൈവം മനുഷ്യചരിത്രത്തിൽ ഏറ്റം നിർണ്ണായകമായി ഇടപെട്ട സംഭവമാണ് ദൈവപുത്രന്റെ മനുഷ്യവതാരം. 'വചനം മാംസമായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു' എന്നു യോഹന്നാൻ ഈ സംഭവത്തെ വിശേഷിപ്പിക്കുന്നു. ദൈവം നൽകാൻ പോകുന്ന രക്ഷയെയും അയയ്ക്കാൻ പോകുന്ന രക്ഷകനെയും കുറിച്ച് അനേകം പ്രവചനങ്ങൾ പഴയ നിയമത്തിൽ കാണാം. അതിന്റെയെല്ലാം പൂർത്തീകരണമാണ് യേശുവിന്റെ ജനനം. എന്നാൽ പൂർത്തീകരണം പ്രവചനങ്ങളെയും അവയിൽ അടിയുറപ്പിച്ച പ്രതീക്ഷകളെയും മറികടക്കുന്നതായിരുന്നു.

വരാനിരിക്കുന്ന രക്ഷകനെ മിശിഹാ, രാജാവ്, ദാവീദിന്റെ പുത്രൻ, മോശയെപ്പോലൊരു പ്രവാചകൻ, ദാനിയേൽ കണ്ട മനുഷ്യപുത്രൻ, ഏശയ്യായുടെ പ്രവചനങ്ങളിലെ സഹന ദാസൻ എന്നൊക്കെ വിശേഷിപ്പിക്കാമെങ്കിലും ദൈവം തന്നെ മനുഷ്യനായി അവതരിക്കുമെന്ന് സ്വപ്നത്തിൽ പോലും പ്രവാചകന്മാരും അവരിൽ വിശ്വാസമർപ്പിച്ചിരുന്ന ജനവും ഒരിക്കലും പ്രതീക്ഷിച്ചില്ല. അന്നും ഇന്നും മനുഷ്യ ബുദ്ധിക്ക് അഗ്രാഹ്യവും യുക്തികൊണ്ട് തെളിയിക്കാൻ കഴിയാത്തതുമായ ഒരു ദിവ്യരഹസ്യമായി നിൽക്കുന്നു, ദൈവപുത്രന്റെ മനുഷ്യവതാരം. ജനനം മാത്രമല്ല, യേശുവിന്റെ അനേകം പ്രവൃത്തികളും പ്രബോധനങ്ങളും മനസ്സിലാക്കാൻ വിഷമമുണ്ട്. അവയുടെയെല്ലാം മകുടമായി നിൽക്കുന്നു മരണത്തിൽ നിന്നുള്ള ഉത്ഥാനം. യേശുവിന്റെ ജന

നവും ഉത്ഥാനവും ഈ മഹാരഹസ്യത്തിന്റെ രണ്ടു മുഹൂർത്ത ങ്ങളാണ്. അതിൽ ആദ്യത്തേതാണ് ഇന്ന് സഭ ആഘോഷിക്കു ന്നതും ധ്യാനവിഷയമാക്കുന്നതുമായ തിരുപ്പിറവി.

ലൂക്കാ 2:1-20 വാക്യങ്ങളാണ് പിറവിത്തിരുനാളിന് വി. കുർബാനയുടെ മധ്യേ ഉള്ള വായനയ്ക്കും വിചിന്തനത്തിനുമായി സഭ നിർദ്ദേശിച്ചിരിക്കുന്നത്. യേശുവിന്റെ ജനനം സുവിശേഷ കൻ മത്തായിയും രേഖപ്പെടുത്തിയിട്ടുണ്ട്, എന്നാൽ രണ്ടു വിവ രണങ്ങളും തമ്മിൽ വലിയ വ്യത്യാസങ്ങൾ കാണാം. യേശു ജനിച്ചത് ബേത്‌ലെഹെമിൽ ആണ്; ജോസഫും മേരിയുമാണ് മാതാപിതാക്കൾ, ശിശുവിന് നൽകുന്ന പേര് യേശു, ഇത്രയും കാര്യങ്ങൾ രണ്ടു സുവിശേഷങ്ങളിലുമുണ്ട്. ബാക്കിയെല്ലാം വ്യത്യസ്തമത്രേ. ഗ്രന്ഥകർത്താവിന്റെ പ്രത്യേക താൽപര്യങ്ങൾ രചനയിൽ പ്രതിഫലിക്കുക തികച്ചും സ്വാഭാവികം. സുവിശേഷ കഗ്രന്ഥങ്ങളെ സംബന്ധിച്ചും ഇതൊരു യാഥാർത്ഥ്യമാണ്.

സ്വന്തം ജനം തിരസ്കരിക്കുകയും വിജാതീയർ സ്വീകരി ക്കുകയും ചെയ്ത, അബ്രാഹത്തിന്റെ പുത്രനായ ദാവീദിന്റെ പുത്ര നാണ് യേശു എന്ന് മത്തായി പ്രത്യേകം എടുത്തു പറയുന്നുണ്ട്. പ്രവചനങ്ങളുടെ പൂർത്തീകരണമായി യേശുവിനെ അവതരിപ്പി ക്കാൻ മത്തായി പ്രത്യേകം ശ്രദ്ധിക്കുന്നതും കാണാം. പ്രവാച കൻ വഴി ദൈവം അറിയിച്ചതു പൂർത്തിയാകാൻ വേണ്ടിയാണിതു സംഭവിച്ചത് എന്ന് ബാല്യകാല സുവിശേഷം അവതരിപ്പിക്കുന്ന ആദ്യത്തെ രണ്ടധ്യായങ്ങളിൽ അഞ്ചു തവണ ആവർത്തിക്കുന്ന തിൽനിന്ന് (മത്താ 1:22-23; 2,15.18.23) ഇതു വ്യക്തമാക്കുന്നു. അതി നാൽ കിഴക്കു നക്ഷത്രം ഉദിച്ചതും, അതിനെ അനുഗമിച്ച് ജ്ഞാനി കൾ രക്ഷകനെ തേടി ബേത്‌ലഹെമിൽ എത്തിയതും, ഹേറോ ദേസ് രാജാവും ജറുസലെ മുഴുവനും അസ്വസ്ഥമായതുമൊക്കെ യാണ് മത്തായി ശ്രദ്ധ കേന്ദ്രീകരിക്കുന്ന സംഭവങ്ങൾ. ഈ വിവ രണം വായിച്ചാൽ യേശുവിന്റെ മാതാപിതാക്കൾ ബേത്‌ലെഹെ മിൽ ആയിരുന്നു വസിച്ചതെന്നു തോന്നും. ഹേറോദേസിനെ ഭയന്ന് ഒളിച്ചോടി ഈജിപ്തിലെത്തിയതും തിരിച്ചു വന്ന് നസ്രേ ത്തിൽ താമസമാക്കിയതും എല്ലാം പ്രവചനങ്ങളുടെ പൂർത്തീക രണമായി മത്തായി അവതരിപ്പിക്കുന്നു.

എന്നാൽ ലൂക്കാ സുവിശേഷകൻ നല്കുന്ന ഊന്നലുകൾ വ്യത്യസ്തമാണ്. ദിരിദ്രർക്കു സദ്വാർത്തയാണ് 'സുവിശേഷം'.

യേശുവിന്റെ നയപ്രഖ്യാപനം എന്നു വിശേഷിപ്പിക്കാവുന്ന, സ്വന്തം പട്ടണമായ നസ്രത്തിൽ വച്ചു നടത്തിയ പ്രസംഗത്തിൽ (ലൂക്കാ 4:16-30) ഈ ഊന്നൽ വ്യക്തമാണ്. "ദരിദ്രരെ സദ്വാർത്ത അറിയിക്കാൻ എന്നെ അയച്ചിരിക്കുന്നു" എന്ന പ്രവചനഭാഗം തന്നിൽ പൂർത്തിയായി എന്ന് യേശു പ്രഖ്യാപിച്ചു. യേശുവിന്റെ ജീവിതവും പ്രവർത്തനങ്ങളും പ്രബോധനങ്ങളും എല്ലാം ഈ ഒരു കാഴ്ചപ്പാടിലൂടെയാണ് ലൂക്കാ അവതരിപ്പിക്കുന്നത്. ജനന ത്തിൽത്തന്നെ ദൈവത്തിന് ദരിദ്രരോടുള്ള പ്രത്യേക സ്നേഹം, അഥവാ പക്ഷപാതം എടുത്തു കാട്ടുന്നതാണ് ലൂക്കായുടെ വിവ രണം. യേശുവിന്റെ ജനനവും ആദ്യസന്ദർശകരുമാണ് ഇന്നത്തെ വായനയുടെ മുഖ്യ പ്രമേയങ്ങൾ. സുപരിചിതമെങ്കിലും ലൂക്കാ എടുത്തു പറയുന്ന ചില കാര്യങ്ങൾ അടുത്തു പരിശോധിക്കു ന്നത് സുവിശേഷം നൽകുന്ന സന്ദേശം ഗ്രഹിക്കാൻ സഹായക മാകും.

യേശുവിന്റെ പിറവിത്തിരുനാളുമായി ബന്ധപ്പെട്ട് ഇന്നും ഓർമ്മിക്കുന്നതും ആചരിക്കുന്നതുമായ പല കാര്യങ്ങളും ലൂക്കാ എഴുതിയ സുവിശേഷത്തിൽ മാത്രമേയുള്ളൂ എന്നതാണ് ആദ്യമേ ശ്രദ്ധയിൽപ്പെടുന്ന കാര്യം. നസ്രത്തിൽ നിന്നു യാത്ര, കാലി ത്തൊഴുത്തിൽ ജനനം, പുൽത്തൊട്ടിയിൽ ശയനം, ദൈവദൂത ദർശനം, ഇടയന്മാരുടെ സന്ദർശനം ഇവയൊക്കെ ലൂക്കായിൽ മാത്രമേ കാണൂ. ഇവയിൽ പ്രധാനപ്പെട്ട ചില കാര്യങ്ങൾ അടുത്തു പരിശോധിക്കാനാണ് അടുത്തതായി ശ്രമിക്കുന്നത്.

**1. യാത്ര:** റോമാ ചക്രവർത്തിയായ അഗസ്റ്റസ് സീസറിന്റെ കല്പനപ്രകാരം ജനസംഖ്യാ കണക്കെടുപ്പിൽ പേരെഴുതിക്കാ നായി ജോസഫും പൂർണ്ണ ഗർഭിണിയായ മറിയവും കൂടി നസ്ര ത്തിൽനിന്ന് ബേത്‌ലേഹെമിലേക്കു പോയി എന്ന യാത്രാസൂച നയോടെയാണ് തിരുപ്പിറവിയുടെ വിവരണം ആരംഭിക്കുന്നത്. ബി.സി 63 മുതൽ പലസ്തീനാ റോമിന്റെ ആധിപത്യത്തിൻ കീഴി ലായിരുന്നു. പോംപെ എന്ന റോമൻ സേനാധിപൻ പലസ്തീനാ കീഴടക്കിയ ബി.സി. 63ലാണ് പിന്നീട് അഗസ്റ്റസ് എന്നറിയപ്പെട്ട ഒക്ടേവിയന്റെ ജനനം. ജൂലിയസ് സീസറിന്റെ സഹോദരിയുടെ പുത്രനായിരുന്നു ഒക്ടേവിയൻ. മക്കളില്ലാതിരുന്ന ജൂലിയസ് സീസർ ഒക്ടേവിയനെ ദത്തു പുത്രനായി സ്വീകരിച്ച് തന്റെ എല്ലാ അവകാശങ്ങളും അയാൾക്ക് ഏൽപ്പിച്ചു കൊടുത്തു.

ഗൂഢാലോചനയിൽ കൊല്ലപ്പെട്ട ജൂലിയസിന്റെ എതിരാളികളെ ഉന്മൂലനം ചെയ്ത് ബി.സി 27ലാണ് ഒക്ടേവിയൻ റോമാ ചക്രവർത്തിയായി സ്ഥാനാരോഹണം ചെയ്തത്. അദ്ദേഹം രാജ്യത്തിനുവേണ്ടി ചെയ്ത വലിയ സേവനങ്ങളെ പരിഗണിച്ച് റോമൻ സെനറ്റ് അദ്ദേഹത്തിന് *'അഗസ്റ്റസ്'* (ദിവ്യൻ) എന്ന പദവി നൽകി. സാമ്രാജ്യത്തിൽ സമാധാനം സ്ഥാപിച്ചു നിലനിർത്തിയ അഗസ്റ്റസ് 77-ാം വയസിലാണ് മരിച്ചത്, 41 വർഷം ദീർഘിച്ച രാജഭരണത്തിനുശേഷം. അദ്ദേഹത്തിന്റെ കാലത്ത് സാമ്രാജ്യത്തിൽ നിലനിന്ന സമാധാനത്തെ ചരിത്രകാരന്മാർ *പാകസ് റൊമാന* (Pax Romana, റോമൻ സമാധാനം) എന്നു വിശേഷിപ്പിക്കുന്നു.

പലസ്തീനായിൽ ജനസംഖ്യ കണക്കെടുത്തതിന്റെ മുഖ്യ ലക്ഷ്യം നികുതി നിർണ്ണയിക്കലായിരുന്നു. അതിനെതിരേ ജനങ്ങളുടെ ഇടയിൽ ശക്തമായ പ്രതിഷേധമുണ്ടായി. ലക്ഷ്യവും കാരണവും എന്തായിരുന്നാലും, രക്ഷകൻ ബേത്‌ലെഹെമിൽ ജനിക്കും എന്നു പ്രവാചകന്മാർ വഴി മുൻകൂട്ടി അറിയിച്ച ദൈവിക പദ്ധതി പൂർത്തിയാകാൻ ഈ ജനസംഖ്യാ കണക്കെടുക്കൽ സാഹചര്യമൊരുക്കി. മനുഷ്യന്റെ ചിന്തയ്ക്കും പദ്ധതികൾക്കും അതീതമായി പ്രവർത്തിക്കുന്ന ദൈവിക പദ്ധതിയുടെ ഒരുദാഹരണം ഇവിടെ കാണാം. ചരിത്രത്തിൽ നടക്കുന്ന എല്ലാ സംഭവങ്ങൾക്കും ദൈവത്തിന്റെ പദ്ധതിയിൽ സ്ഥാനമുണ്ട്.

നസ്രത്തിൽ നിന്ന് ബേത്‌ലെഹെമിലേക്ക് ഏകദേശം 130 കിലോ മീറ്റർ ദൂരമുണ്ട്. പൂർണ്ണ ഗർഭിണിയായ മറിയവും ഭർത്താവായ ജോസഫും ഈ യാത്രയ്ക്ക് സഹിക്കേണ്ടി വന്ന ക്ലേശങ്ങൾ ഊഹിക്കാനേ കഴിയൂ. രക്ഷകന്റെ ജനനത്തിനുള്ള ഒരുക്കം തന്നെ ഇപ്രകാരമുള്ള ക്ലേശങ്ങളിലൂടെ ആയിരുന്നു എന്നതു ശ്രദ്ധേയം. പക്ഷേ, ഇത് ഒരു ചെറിയ തുടക്കം മാത്രമായിരുന്നു. രക്ഷകനെ സ്വീകരിക്കാൻ സഹനം ആവശ്യമായിവരും.

**2 പുറമ്പോക്കിൽ ജനനം:** കുഞ്ഞിനു പിറക്കാൻ ഒരു സ്ഥലം അന്വേഷിച്ച മാതാപിതാക്കൾക്കു മുന്നിൽ വാതിലുകൾ കൊട്ടിയടയ്ക്കപ്പെട്ടു. സത്രത്തിൽ അവർക്കു സ്ഥലമില്ലായിരുന്നു. അവസാനം, വളർത്തുമൃഗങ്ങൾ രാപാർക്കുന്ന ഒരു ഗുഹയിൽ അവർ അഭയം തേടി. ജനിച്ച ശിശു മരം കോച്ചുന്ന തണുപ്പിൽ മരവിച്ച് മരിച്ചു പോകാതിരിക്കാൻ പിള്ളക്കച്ചയിൽ പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി. ശിശു പൂർണ്ണമായും മനുഷ്യനായിരുന്നു

എന്നു സൂചിപ്പിക്കുന്നതാണ് പിള്ളക്കച്ച (ജ്ഞാനം 7:4-6). മൃഗ ങ്ങൾക്കു തീറ്റിയായ വൈക്കോൽ സൂക്ഷിക്കുന്ന ഇടമാണ് പുൽത്തൊട്ടി. അല്പം വൃത്തിയും ചൂടും ഉള്ള സ്ഥലം അതു മാത്രമായിരുന്നു.

ദാവീദിന്റെ ജന്മസ്ഥലമാണ് ബേത്‌ലെഹം. ദാവീദിന്റെ പുത്ര നായ മിശിഹാരാജാവ് അവിടെ ജനിക്കും എന്ന പ്രവചനമുണ്ടാ യിരുന്നു (മിക്ക 5:2). എന്നാൽ അഭയാർത്ഥിയായ ഒരു ആശാരി യുടെ മകനായി രക്ഷകൻ ജനിക്കും എന്ന് ആരും കരുതിയില്ല. അതിനാൽത്തന്നെ, അഭയം തേടി വന്ന പൂർണ്ണ ഗർഭിണിക്കു മുമ്പിൽ വാതിലടയ്ക്കാൻ ആർക്കും മടിതോന്നിയില്ല. എന്നാൽ ഈ തിരസ്കരണവും ദൈവിക പദ്ധതിയുടെ ഭാഗമായിരുന്നു. ദൈവം മനുഷ്യനായി അവതരിച്ചപ്പോൾ മനുഷ്യന്റെ എല്ലാ ബല ഹീനതകളും, ദുഃഖദുരിതങ്ങളും ഏറ്റെടുക്കാൻ തയ്യാറായി (ഫില 2:6-8). ദരിദ്രരും വീടില്ലാത്തവരും പ്രാന്തവൽക്കരിക്കപ്പെട്ടവരു മായ പാവപ്പെട്ടവരോടു താദാത്മ്യം പ്രാപിക്കുന്ന, ദൈവത്തിന്റെ വിപ്ലവാത്മകമായ ഒരു തീരുമാനവും തിരഞ്ഞെടുപ്പും ഇവിടെ കാണാം.

മനുഷ്യൻ വിലപ്പെട്ടതായി കരുതുന്ന പലതും ദൈവദൃഷ്ടി യിൽ അർത്ഥശൂന്യവും വിലകെട്ടതുമാണെന്ന് ഈ തീരുമാനം വ്യക്തമാക്കുന്നു. രാജാകൊട്ടാരത്തിലല്ല, കാലിത്തൊഴുത്തിലാണ് തന്റെ മകന് പിതാവായ ദൈവം പിള്ളമെത്തയൊരുക്കിയത്. അവിടേക്ക് ആർക്കും കടന്നുവരാം. സമൂഹത്തിലെ ഉന്നതരെന്നു കരുതുന്നവർ താഴത്തിറങ്ങണം എന്നുമാത്രം. കന്നുകാലികൾ രാപാർക്കുന്ന ഗുഹയുടെയും പിള്ളക്കച്ചയുടെയും പുൽത്തൊ ട്ടിയുടെയും അർത്ഥവും ധ്വനികളും നാം എന്നേ മറന്നു! പുൽ ത്തൊട്ടിക്കുപകരം പഞ്ചനക്ഷത്ര പുൽക്കൂടുകൾ ഉണ്ടാക്കി, മത്സ രിപ്പിച്ച് സമ്മാനം നല്കുന്നവരും സമ്മാനം തേടുന്നവരും ഒരി ക്കൽ കൂടി പട്ടണത്തിനു പുറത്ത്, ചേരിപ്രദേശത്ത്, തണുത്തു വിറയ്ക്കുന്ന ശിശുവിന്റെ അടുക്കലേക്ക് ഇറങ്ങിവരണം എന്നല്ലേ ഈ പുറമ്പോക്കിലെ ജനനം നമ്മെ അനുസ്മരിപ്പിക്കുന്നത്?

**3. ദൈവദൂത്:** അർദ്ധരാത്രിയിൽ, പട്ടണത്തിനുപുറത്ത്, ഒരു ഗുഹയിൽ, രക്ഷകൻ ജനിച്ച വിവരം വിളംബരം ചെയ്യുന്നത് ദൈവം തന്നെയാണ്, തന്റെ ദൂതന്മാരെ അയച്ച്. ആ നല്ല വാർത്ത ആദ്യമായി കേൾക്കാൻ തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളും

ദൈവിക പദ്ധതിയുടെ സവിശേഷത വെളിപ്പെടുത്തുന്നു. രാത്രി ആടുകൾക്കു കാവലിരുന്ന ഇടയന്മാരുടെ അടുത്തേക്കാണ് ദൂതൻ വന്നത്. അവരും സമൂഹത്തിന്റെ പുറമ്പോക്കിൽ കഴിയാൻ വിധിക്കപ്പെട്ടവരായിരുന്നു. ഇസ്രയേൽ ജനത്തിന്റെ പിതാവായ അബ്രാഹവും, രാജാവായ ദാവീദും ഇടയന്മാരായിരുന്നു. ദൈവത്തെത്തന്നെ ഇടയൻ എന്ന് അവർ ചിത്രീകരിച്ചിരുന്നു (സങ്കീ 23). എന്നാൽ യേശുവിന്റെ കാലത്തെ പലസ്തീനായിൽ ഇടയന്മാർ അധഃകൃതരും അശുദ്ധരുമായി മുദ്രകുത്തപ്പെട്ടിരുന്നു. അവരെയാണ് രക്ഷയുടെ സദ്വാർത്ത ആദ്യമായി കേൾക്കാനും, പ്രഘോഷിക്കാനും ദൈവം തിരഞ്ഞെടുത്ത് ചുമതലപ്പെടുത്തിയത്.

ദൂതൻ നല്കുന്ന സന്ദേശം പ്രത്യേക ശ്രദ്ധയർഹിക്കുന്നു; 'ഇതാ, സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ *നിങ്ങളെ* അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ *നിങ്ങൾക്കായി* ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്ന് ജനിച്ചിരിക്കുന്നു" (ലൂക്കാ 2:10–11). അളന്നു തൂക്കി ഉപയോഗിച്ചിരിക്കുന്ന ഓരോ വാക്കും വെളിപാടിന്റെ മാധ്യമമാണ്. 'നിങ്ങളെ,' 'നിങ്ങൾക്കായി' എന്ന ആവർത്തനം കാണാതെ പോകരുത്. സകലജനത്തിനും വേണ്ടിയുള്ളതാണ് രക്ഷകൻ ജനിച്ചിരിക്കുന്നു എന്ന സദ്വാർത്ത. അതാണ് സുവിശേഷം. എന്നാൽ ഈ സുവിശേഷം ആദ്യമായി കേൾക്കാനും സ്വീകരിക്കാനും കൃപ ലഭിച്ചത് സമൂഹം പുറന്തള്ളിയ ഇടയന്മാർക്കാണ് എന്ന് സുവിശേഷകൻ എടുത്തു പറയുന്നു.

അവർക്കു മനസ്സിലാകുന്നതാണ് പിള്ളക്കച്ചയുടെയും പുൽത്തൊട്ടിയുടെയും ഭാഷ. അവർക്കു രക്ഷ നൽകാനായി ജനിച്ച ദൈവപുത്രൻ അവരിൽ ഒരുവനായിത്തീർന്നിരിക്കുന്നു. ദൈവദൃഷ്ടിയിൽ അവർ അധഃകൃതരല്ല, അശുദ്ധരുമല്ല; ദൈവത്തിന്റെ പ്രത്യേക സ്നേഹത്തിനും പരിഗണനയ്ക്കും പാത്രീഭൂതരാണ്. മാനുഷികപരിഗണനകളെ തലകുത്തി നിർത്തുന്ന, ദൈവം നയിക്കുന്ന, നിശബ്ദവിപ്ലവം! മൂല്യങ്ങൾ തകിടം മറിയുന്നു. അതിരുകൾ മാറ്റിവരയ്ക്കുന്നു. പുറന്തള്ളിയവർ പുറത്ത്; പുറന്തള്ളപ്പെട്ടവർ അകത്ത്. അതാണ് പുൽക്കൂട്ടിലെ ശിശുവിലൂടെ ദൈവം നൽകുന്ന ഒരു സന്ദേശം.

ദൈവ ദൂത കീർത്തനവും ഇതേ സത്യത്തിന് അടിവരയിടുന്നു. "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം" (ലൂക്കാ 2:14).

ദൈവത്തിന്റെ മഹത്വം പ്രകടമായത് ദേവാലയത്തിന്റെ മനോഹാരിതയിലോ രാജകൊട്ടാരത്തിന്റെ പ്രൗഢിയിലോ അല്ല, പാവപ്പെട്ടവർ അന്തിയുറങ്ങുന്ന ചേരിയിലാണ്. 'മഹത്വം' എന്ന ആശയത്തിനു തന്നെ മാറ്റം വരുന്നു. കാലിത്തൊഴുത്തിലും ചേരിയിലും ചെറ്റക്കുടിലിലും ഒക്കെയാണ് ദൈവമഹത്വം പ്രകടമാകുന്നത്. ഒരു കുടിൽ പോലുമില്ലാതെ വഴിവക്കിലും മരച്ചുവട്ടിലും അന്തിയുറങ്ങുന്ന മനുഷ്യപുത്രൻ (ലൂക്കാ 9:58) ഈ മഹത്വത്തിന്റെ പുതിയ മാനങ്ങൾ കാണിച്ചു തരും. അവസാനം, സകല മനുഷ്യരുടെയും ദുഃഖവും ദുരിതവും, അവയ്ക്കെല്ലാം കാരണമായ ലോകത്തിന്റെ പാപവും ഏറ്റുവാങ്ങി, കുരിശിൽ മരിക്കുമ്പോഴാണ് ദൈവമഹത്വത്തിന്റെ യഥാർത്ഥ സ്വഭാവം പ്രകടമാക്കിയത് (യോഹ 3:16). സ്നേഹമാണ് മഹത്വത്തിന്റെ നിദാനം. താദാത്മീകരണമാണ് സ്നേഹത്തിന്റെ പ്രകടനം. ദൈവത്തിന്റെ പ്രത്യേക സ്നേഹത്തിനു പാത്രീഭൂതരാണ് കൃപ ലഭിച്ചവർ. ഇടയന്മാർ അവരുടെ മുൻപന്തിയിൽ നിൽക്കുന്നു.

**4. ഇടയസന്ദർശനം:** ദൂതന്റെ വാക്കുകേട്ട്, ദൈവദൂതന്മാരുടെ കീർത്തനത്താൽ മനസ്സും ഹൃദയവും നിറഞ്ഞ ഇടയന്മാർ ഒട്ടും വൈകാതെ, രാത്രിയിൽ തന്നെ പുറപ്പെട്ടു, ശിശുവിനെ തേടി. പറഞ്ഞതുപോലെ തന്നെ അവർ കണ്ടു. തങ്ങളുടെ ഇല്ലായ്മയിൽ പങ്കുചേർന്ന്, തങ്ങളിൽ ഒരുവനെപ്പോലെ ആയിരിക്കുന്ന ശിശുവിൽ അവർ രക്ഷകനെ കണ്ടു; ഇറങ്ങിവന്ന് താദാത്മ്യപ്പെടുന്ന ദൈവത്തെ കണ്ടു. അവരുടെ യാത്ര സഫലമായി, ജീവിതം ധന്യമായി. കാഴ്ചയായി സമർപ്പിക്കാൻ അവർക്കൊന്നുമില്ല, തങ്ങൾ കണ്ടതും കേട്ടതും വിശ്വസിച്ചതുമായ കാര്യങ്ങൾ ഒഴികെ. അതവർ പറഞ്ഞു, അങ്ങനെ അവർ ആദ്യസുവിശേഷകരായി.

അവർ തിരിച്ചുപോയി, വന്നതുപോലെയല്ല, പുതിയ മനുഷ്യരായി. ആകാംക്ഷയോടെ, പ്രതീക്ഷയോടെ വന്നു; പ്രതീക്ഷിച്ചതിന്റെ ആയിരം ഇരട്ടിയാണവർക്കു ലഭിച്ചത്- ദൈവദർശനം! അവരുടെ ഹൃദയത്തിൽ സന്തോഷം നിറഞ്ഞുതുളുമ്പി. അത് ദൈവസ്തുതികളായി പ്രവഹിച്ചു. താഴ്ന്നിറങ്ങി വരുന്ന ദൈവത്തിന്റെ സ്നേഹപൂർണ്ണമായ തിരഞ്ഞെടുപ്പിൽ ദർശിച്ച മഹത്വം അവർക്ക് ആനന്ദനിർവൃതി നല്കി. പരിസരങ്ങളിൽ മാറ്റമുണ്ടായില്ലെങ്കിലും അവരുടെ ഉള്ളിൽ മാറ്റമുണ്ടായി. തങ്ങളെയും ചുറ്റുപാടുകളെയും പുതിയൊരു വെളിച്ചത്തിൽ അവർ കണ്ടു. അത്

അവരെ ജീവിക്കുന്ന സുവിശേഷങ്ങളാക്കി മാറ്റി, ഏവർക്കും എന്നു അനുകരണാർഹമായൊരു മാതൃക!

**5. എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു:** തിരുപ്പിറവിയുടെ വിവരണം അവസാനിപ്പിക്കുന്നതിനു മുമ്പേ സുവിശേഷകൻ ശിശുവിന്റെ അമ്മയിലേക്കു കണ്ണു തിരിക്കുന്നു. "മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചു കൊണ്ടിരുന്നു" (2:19). കണ്ടതും കേട്ടതും എല്ലാം അമ്മയ്ക്ക് ഉടനെ മനസ്സിലായില്ല. ഒരായുസു മുഴുവൻ ധ്യാനിക്കാനുള്ള വിഷയമാണിത്. ദൂതൻ നസ്രത്തിൽ വച്ചറിയിച്ച സന്ദേശം മുതൽ മനസ്സിലാക്കാൻ പ്രയാസമുള്ള എത്രയെത്ര കാര്യങ്ങൾ! വാതിലടച്ചു പുറത്താക്കിയ പട്ടണവാസികൾക്കുപകരം തുറന്ന ഹൃദയത്തോടെ കണ്ടു വണങ്ങുന്ന ഇടയന്മാർ. അർദ്ധരാത്രിയൽ കാലിക്കൂട്ടിൽ സൂര്യോദയം. ഇനിയും എത്രയെത്ര സംഭവങ്ങൾ, അനുഭവങ്ങൾ! മറിയം ഒന്നും തിരസ്കരിക്കുന്നില്ല; ചോദ്യം ചെയ്യുന്നുമില്ല. എല്ലാ സ്വീകരിച്ച് അമൂല്യ നിധിയായി ഹൃദയത്തിൽ സൂക്ഷിക്കുന്നു; നിരന്തരം ധ്യാനിക്കുന്നു. സാവകാശം ഓരോന്നിന്റെയും അർത്ഥവും ലക്ഷ്യവും പ്രസക്തിയും വ്യക്തമാകും. അതുവരെ ഹൃദയത്തിൽ സൂക്ഷിക്കുക.

ഇതായിരിക്കട്ടെ പിറവിത്തിരുനാളിന്റെ ആശംസയും സന്ദേശവും. അപ്രതീക്ഷിതമായ സാഹചര്യങ്ങളിലും സംഭവങ്ങളിലും നമ്മുടെ അടുത്തേക്കു വരുന്ന ദൈവത്തിന്റെ സന്ദർശനം തിരിച്ചറിയാൻ ശ്രമിക്കുക. വചനം ഹൃദയത്തിൽ സ്വീകരിച്ച് ധ്യാനിക്കുക. പുൽക്കൂടു മത്സരങ്ങളും ഉണ്ണിക്കു പിറക്കാൻ കൊട്ടാരങ്ങൾ ഒരുക്കലും അവസാനിപ്പിച്ച്, യേശു തന്നതും പഠിപ്പിച്ചതുമായ സ്നേഹത്താൽ ഹൃദയം നിറയ്ക്കാം. സഹോദരസ്നേഹത്തിൽ പ്രകടമാകുന്ന ദൈവസ്നേഹത്താൽ യേശുവിനു പിറക്കാൻ ഹൃദയത്തിൽ ഇടമൊരുക്കാം. അപ്പോൾ നമുക്കും കേൾക്കാം ദൈവ ദൂത സന്ദേശം "നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്ന് ജനിച്ചിരിക്കുന്നു". അതിനു ദൈവം കൃപ നൽകട്ടെ. പിറവിത്തിരുനാളിന്റെ ശാന്തിയും സമാധാനവും സന്തോഷവും എല്ലാവർക്കും ലഭ്യമാകട്ടെ!

# 6

## പിറവി 1 –ാം ഞായർ

## എവിടെ?

**(ജ്ഞാനികളുടെ സന്ദർശനം, മത്താ 2,1 – 12)**

രക്ഷകനെ തേടിയുള്ള യാത്രകളെയും പരിണതഫലങ്ങളെയും കുറിച്ചുള്ള വിവരണമാണ് ഇന്നത്തെ വായനയ്ക്കായി നിർദ്ദേശിച്ചിരിക്കുന്ന സുവിശേഷഭാഗത്തിന്റെ വിഷയം. "ജ്ഞാനികളുടെ സന്ദർശനം" എന്നു പൊതുവേ വിശേഷിപ്പിക്കുന്ന ഈ സുവിശേഷഭാഗം ആ തലക്കെട്ടിൽ ഒതുങ്ങുന്നതല്ല. അന്വേഷണമാണ് മുഖ്യപ്രമേയം. പ്രകൃതിയിൽ കണ്ട അടയാളത്തെ അനുഗമിച്ചു യാത്ര തിരിക്കുന്ന വിജാതിയർ, അടയാളത്തെക്കുറിച്ചു കേട്ടു ഭയവിഹ്വലരാകുന്ന രാജാവും പരിവാരവും, രക്ഷകജനനത്തിന്റെ സ്ഥലം തേടുന്ന വേദപുസ്തക പണ്ഡിതർ, പുതിയ രാജാവിനെ വകവരുത്താനായി അവന്റെ ജന്മ സ്ഥലം തേടുന്ന യൂദാരാജാവ്, വീണ്ടും നക്ഷത്രത്തെ അനുഗമിച്ച് രക്ഷകനെ കണ്ടെത്തി, ആരാധിച്ചു നിർവൃതി നേടി മറ്റൊരുവഴിയേ മടങ്ങിപ്പോകുന്ന വിജാതീയ ജ്ഞാനികൾ; കബളിപ്പിക്കപ്പെട്ടു എന്നു മനസിലാക്കി, ഒരു നഗരത്തിലുള്ള മുഴുവൻ ശിശുക്കളെയും കൊന്നൊടുക്കാൻ കല്പിക്കുന്ന രാജാവ് - തികച്ചും ഉദ്വേഗജനകവും, ആഴമേറിയ അർത്ഥസൂചനകളും ധ്വനികളും അടങ്ങുന്നതുമാണ് വിവരണം.

ലത്തീൻ ആരാധന ക്രമമനുസരിച്ച്, ജനുവരി 6–ാം തിയതി *"എപ്പിഫനി"* (പ്രത്യക്ഷീകരണം) എന്ന പേരിൽ യേശുക്രിസ്തു വിജാതീയർക്കു രക്ഷകനായി പ്രത്യക്ഷപ്പെട്ടതിന്റെ ഓർമ്മ ആചരിച്ചുകൊണ്ട് അർപ്പിക്കുന്ന ദിവ്യബലി മധ്യേ ഈ സുവിശേഷഭാഗമാണ് വായിക്കുന്നത്. സീറോ മലബാർ ആരാധനക്രമപ്രകാരം

ജനുവരി 6 *ദനഹാ* (പ്രത്യക്ഷീകരണം) എന്ന പേരിൽ ആഘോഷിക്കുമ്പോൾ വായിക്കുന്നത് യേശു ജോർദ്ദാൻ നദിയിൽവച്ച് യോഹന്നാനിൽനിന്നും സ്നാനം സ്വീകരിച്ചപ്പോൾ സ്വർഗ്ഗത്തിൽ നിന്നു മുഴങ്ങിയ സ്വരവും പ്രാവിന്റെ രൂപത്തിൽ ഇറങ്ങി വന്ന പരിശുദ്ധാത്മാവും യേശുവിനെ ദൈവപുത്രനായി പ്രഖ്യാപിച്ച സംഭവമാണ് - പ്രത്യക്ഷീകരണത്തിന്റെ രണ്ടുമാനങ്ങൾ.

ധ്യാനവിഷയമായ ദൈവവചനഭാഗം മത്തായി എഴുതിയ സുവിശേഷത്തിൽ മാത്രമേ കാണുന്നുള്ളൂ എന്നതു പ്രത്യേക ശ്രദ്ധയർഹിക്കുന്നു. അതു മത്തായി സുവിശേഷകൻ അവതരിപ്പിക്കുന്ന ചില പ്രമേയങ്ങളിലേക്കും നല്കുന്ന ഊന്നലുകളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നതാണ്. യേശുവിന്റെ ജനനവും ബാല്യകാലവും ലൂക്കായും അവതരിപ്പിക്കുന്നുണ്ട്. എന്നാൽ ലൂക്കാ ഊന്നൽ നല്കുന്നത് സമൂഹത്തിന്റെ പുറമ്പോക്കിലേക്കു തള്ളിമാറ്റപ്പെടുന്നവർക്ക് ദൈവം നല്കുന്ന രക്ഷ എന്ന പ്രമേയത്തിനാണ്. സത്രത്തിൽ സ്ഥലം ലഭിക്കാഞ്ഞതിനാൽ നഗരത്തിനു വെളിയിൽ, കന്നുകാലികൾക്കു വാസസ്ഥലമായ ഗുഹയിൽ, ജനനം. തണുത്തു മരവിച്ചുപോകാതിരിക്കാൻ പിള്ളക്കച്ചയിൽ പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടക്കുന്ന രക്ഷകൻ. അവന്റെ ജനനവാർത്ത ആദ്യമായി കേൾക്കാൻ തിരഞ്ഞെടുക്കപ്പെട്ടത് പുറമ്പോക്കിൽ കഴിയുന്ന ആട്ടിടയന്മാർ. "നിങ്ങൾക്കായി ഒരു രക്ഷകൻ ഇന്നു ജനിച്ചിരിക്കുന്നു" എന്ന ദൈവദൂത സന്ദേശം. ഇതെല്ലാം ലൂക്കായുടെ സവിശേഷതകൾ. ദരിദ്രർക്കു സദ്വാർത്തയുമായി വന്നവൻ, പാവപ്പെട്ടവരുടെ രക്ഷകൻ– അതാണ് ലൂക്കാ അവതരിപ്പിക്കുന്ന യേശു. എന്നാൽ മത്തായിയുടെ താൽപര്യങ്ങളും ഊന്നലുകളും വേറെയാണ്.

മുഖ്യമായും യഹൂദക്രൈസ്തവരെ മുന്നിൽ കണ്ടുകൊണ്ടാണ് മത്തായി സുവിശേഷം രചിച്ചത്. യഹൂദ നേതൃത്വം യേശുവിനെ തിരസ്കരിച്ചു കഴിഞ്ഞിരുന്നു. വ്യാജപ്രവാചകൻ എന്ന പേരിൽ നേതൃത്വം തന്നെയാണ് ദൈവദൂഷണക്കുറ്റം ആരോപിച്ച് യേശുവിനെ മരണത്തിനു വിധിച്ചതും റോമാക്കാർക്ക് ഏല്പിച്ചുകൊടുത്തതും. നസ്രത്തിൽനിന്നു വന്ന, മരപ്പണിക്കാരന്റെ മകനായ യേശു തങ്ങൾ പ്രതീക്ഷിച്ച മിശിഹായും രക്ഷകനുമാണെന്ന് അവർക്ക് ഒരു തരത്തിലും സ്വീകരിക്കാനായില്ല. യേശുവിന്റെ മരണശേഷവും ഈ എതിർപ്പു നിലനിന്നു. യഹൂദരിൽ അനേകർ യേശുവിനെ രക്ഷകനായി സ്വീകരിച്ചെങ്കിലും നേതൃനിര

എതിർത്തു നിന്നതേയുള്ളൂ. എ.ഡി.70 ൽ ജറുസലെം നഗരവും ദേവാലയവും നശിപ്പിക്കപ്പെട്ടതിനുശേഷം ഈ എതിർപ്പ് കൂടുതൽ ശക്തമായി.

ഈ സാഹചര്യത്തിൽ സുവിശേഷം എഴുതുന്ന മത്തായി എടുത്തുകാട്ടുന്ന ഒരു മുഖ്യ പ്രമേയമാണ് യഹൂദ നേതൃത്വത്തിന്റെ വിയോജിപ്പും അവിശ്വാസവും. എന്തുകൊണ്ട് യഹൂദനേതൃത്വം യേശുവിനെ രക്ഷകനായി സ്വീകരിച്ചില്ല എന്നു സുവിശേഷകൻ വ്യക്തമാക്കുന്നു, ദൈവവചനത്തിന്റെ പിൻബലത്തോടെ സുവിശേഷം തുടങ്ങുന്നതുതന്നെ മുഖ്യപ്രമേയം അവതരിപ്പിച്ചുകൊണ്ടാണ്; "അബ്രാഹത്തിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ യേശുക്രിസ്തുവിന്റെ വംശാവലിഗ്രന്ഥം" (മത്താ 1,1). അബ്രാഹത്തിന്റെ പുത്രൻ സകല ജനതകൾക്കും രക്ഷ നല്കുന്നവനാണ് (ഉൽപ 12,3; 22,18); ദാവീദിന്റെ പുത്രനാകട്ടെ ഇസ്രായേൽ ജനം പ്രതീക്ഷിച്ചിരുന്ന മിശിഹാ രാജാവും (2 സാമു 7,9-17; ഏശ 7;9;11;32; ജറെ 23,56). ഇസ്രായേൽജനം പ്രതീക്ഷിച്ചിരുന്ന രാജാവും രക്ഷകനും യേശുതന്നെയാണെന്ന് അനേകം അടയാളങ്ങൾ എടുത്തുകാട്ടിയും പഴയനിയമത്തിലെ അനേകം പ്രവചനങ്ങൾ ഉദ്ധരിച്ചും മത്തായി സമർത്ഥിക്കുന്നുണ്ട്. എന്നാൽ യഹൂദ നേതാക്കൾ ഇതൊന്നും കാണാനോ അംഗീകരിക്കാനോ തയ്യാറാകുന്നില്ല. അതിനാൽ, യഹൂദർ തിരസ്കരിക്കുകയും അതേസമയം വിജാതീയർ സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്ത രക്ഷകനും രാജാവുമാണ് യേശു എന്ന സത്യം മത്തായി എഴുതിയ സുവിശേഷത്തിലെ ഒരു മുഖ്യപ്രമേയമായി. സുദീർഘമായ ഈ സംഭവപരമ്പരയിൽ ആദ്യത്തേതാണ് ധ്യാനവിഷയമായ "ജ്ഞാനികളുടെ സന്ദർശനം."

വിശ്വസിക്കാൻ ആവശ്യമായ സകല തെളിവുകളും അടയാളങ്ങളും ഉണ്ടായിട്ടും യഹൂദ നേതൃത്വം യേശുവിനെ തിരസ്കരിച്ചു. ഈ തിരസ്കരണത്തിന്റെ അവസാനത്തെ സംഭവമാണ് മത്തായി അവതരിപ്പിക്കുന്ന കല്ലറയുടെ കാവലും കാവൽക്കാർക്ക് നേതാക്കൾ നല്കുന്ന കൈക്കൂലിയും (മത്താ 28,11-15). അറിഞ്ഞ സത്യം മനഃപൂർവ്വം നിഷേധിക്കുന്നു; നുണ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നു. ഇതാണ് യഹൂദ നേതൃത്വത്തിനെതിരേ മത്തായി അവതരിപ്പിക്കുന്ന കുറ്റപത്രത്തിന്റെ രത്നചുരുക്കം. അതേസമയം മുൻവിധികളൊന്നുമില്ലാതെ, തുറന്ന ഹൃദയത്തോടെ, രക്ഷകനെ അന്വേഷിക്കുന്നവർ അവനെ കണ്ടെത്തുന്നു. അവരുടെ ജീവിതം

സഫലമാകുന്നു. സന്തോഷത്തോടെ സ്വഭവനങ്ങളിലേക്കു മടങ്ങുന്നു, തങ്ങൾ കണ്ടതും കേട്ടതും മറ്റുള്ളവരെയും അറിയിക്കാൻ. ഈ പശ്ചാത്തലത്തിൽ വേണം വിചിന്തനവിഷയമായ സുവിശേഷഭാഗം അപഗ്രഥിക്കാൻ.

ഒരു സുവിശേഷഭാഗം ശരിയായി മനസിലാക്കാൻ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. സംഭവം നടക്കുന്ന കാലം, സ്ഥലം, സംഭവത്തിൽ ഭാഗഭാക്കാകുന്ന വ്യക്തികൾ, ഓരോരുത്തരുടെയും പ്രവർത്തനങ്ങൾ, ലക്ഷ്യങ്ങൾ, സംഭവത്തിന്റെ തുടക്കം, പൊതുവായ നീക്കം, പരിസമാപ്തി എന്നിവ സസൂക്ഷ്മം പരിശോധിക്കണം. എവിടെ തുടങ്ങി, എവിടെ അവസാനിച്ചു, എപ്രകാരമാണ് ഈ ലക്ഷ്യത്തിലേക്ക് സംഭവങ്ങൾ നീങ്ങിയത് എന്നീ ചോദ്യങ്ങളോടൊപ്പം എന്തു സന്ദേശമാണ് ഗ്രന്ഥകർത്താവ് ഈ വിവരണത്തിലൂടെ നൽകാൻ ശ്രമിക്കുന്നത് എന്നും അന്വേഷിക്കണം.

"ഹേറോദേസ് രാജാവിന്റെ കാലത്ത് യൂദയായിലെ ബേത്‌ലെഹെമിൽ യേശു ജനിച്ചപ്പോൾ" എന്ന ആമുഖം സ്ഥലകാല സൂചനകൾ നൽകുന്നുണ്ട്. യേശുവിന്റെ ജനനമല്ല, അതിനോടനുബന്ധിച്ചുണ്ടായ സംഭവ പരമ്പരകളാണ് സുവിശേഷകൻ വിവരിക്കാൻ പോകുന്നത്. ദാവീദിന്റെ ജന്മസ്ഥലമായ ബെത്‌ലെഹം, തലസ്ഥാനനഗരമായ ജെറുസലെം - ഈ രണ്ടു പട്ടണങ്ങളുമായി ബന്ധപ്പെട്ടതാണ് വിവരണം. കിഴക്കുനിന്നുവന്ന ജ്ഞാനികൾ, യൂദാരാജാവായ ഹേറോദേസ്, യഹൂദനിയമ പണ്ഡിതൻ, പുരോഹിത പ്രമുഖർ എന്നിവരാണ് മുഖ്യ കഥാപാത്രങ്ങൾ. യേശുവും അമ്മയായ മറിയവും പരാമർശ വിഷയമാകുന്നുണ്ട്.

കിഴക്കുനിന്നു വന്ന "ജ്ഞാനികൾ" എന്നു വിവർത്തനം ചെയ്യുന്നത് *"മാഗോയി"* എന്ന ഗ്രീക്കു പദമാണ്. ഇതിന് വാനനിരീക്ഷകർ, പ്രകൃതി ശാസ്ത്രജ്ഞന്മാർ, മന്ത്രവാദികൾ എന്നൊക്കെ അർത്ഥമുണ്ട്. പ്രകൃതിയിൽ ഉണ്ടാകുന്ന പ്രത്യേക പ്രതിഭാസങ്ങളെ സസൂക്ഷ്മം നിരീക്ഷിച്ച്, അവയിലൂടെ ദൈവിക വെളിപ്പെടുത്തലുകൾ കണ്ടെത്താൻ ശ്രമിക്കുന്നവരാണ് ഈ ജ്ഞാനികൾ. അവർ ഇസ്രായേൽക്കാരല്ല, വിജാതീയരാണ്. "കിഴക്കുനിന്ന്" എന്ന വിശേഷണം കൃത്യമായ ഒരു സ്ഥലനിർണ്ണയത്തിനു സഹായിക്കുന്നില്ല. അവർ എത്ര പേരുണ്ടായിരുന്നെന്നോ എത്രനാൾ യാത്ര ചെയ്തെന്നോ ഒന്നും സുവിശേഷകൻ പറയുന്നില്ല. പിൽക്കാല പാരമ്പര്യങ്ങളാണ് അവർ മെൽക്കിയോർ,

കാസ്പർ, ബൽത്താസർ എന്നുപേരായ മൂന്നു രാജാക്കന്മാരായിരുന്നു എന്നു പഠിപ്പിച്ചത്. അവർ മടങ്ങിച്ചെന്ന് ക്രിസ്തുവിശ്വാസികളായി, രക്തസാക്ഷികളായി മരിച്ചു, അവരുടെ ഭൗതികാവശിഷ്ടങ്ങൾ പന്ത്രണ്ടാം നൂറ്റാണ്ടിൽ യൂറോപ്പിലേക്കു കൊണ്ടുവന്നു. ഇന്ന് ജർമ്മനിയിലെ കൊളോൺ രൂപതയുടെ കത്തീഡ്രലിൽ ആ ഭൗതികാവശിഷ്ടങ്ങൾ പേടകങ്ങളിൽ സൂക്ഷിക്കുന്നു. ഇത്രയുമാണ് *പൂജരാജാക്കന്മാർ* എന്നറിയപ്പെടുന്നവരെക്കുറിച്ചുള്ള സഭാപാരമ്പര്യങ്ങൾ. എന്നാൽ ഇതൊന്നും സുവിശേഷകൻ പറയുന്നില്ല; ഇവയുടെ ചരിത്രപരതയ്ക്കു തക്കതായ തെളിവുകളുമില്ല.

അവരുടെ വിശ്വാസത്തിനും അന്വേഷണപരതയ്ക്കുമാണ് സുവിശേഷകൻ ഊന്നൽ നൽകുന്നത്. "എവിടെയാണ് യഹൂദരുടെ രാജാവായി ജനിച്ചവൻ?..... ഞങ്ങൾ..... അവനെ ആരാധിക്കാൻ വന്നിരക്കുകയാണ്." ജ്ഞാനികളുടെ വാക്കകൾ ആഴമേറിയ വിശ്വാസവും സമർപ്പണസന്നദ്ധതയും വ്യക്തമാക്കുന്നു. യഹൂദരുടെ രാജാവായി അവതരിച്ചിരിക്കുന്നത് ദൈവം തന്നെയാണ് എന്ന വിശ്വാസം പ്രകടമാക്കുന്നതാണ് ആരാധിക്കുക എന്ന ലക്ഷ്യം. പിന്നീട് അവർ ശിശുവിനെകണ്ട് ആരാധിക്കുന്നതായി സുവിശേഷകൻ എടുത്തു പറയുന്നുണ്ട്.

അവർ കണ്ട നക്ഷത്രം എന്തായിരുന്നുവെന്ന് വാനശാസ്ത്രജ്ഞന്മാർ അന്വേഷിക്കാറുണ്ട്; പല തീരുമാനങ്ങളും അവതരിപ്പിക്കാറുമുണ്ട്. ബി.സി. 4 ൽ പ്രത്യക്ഷപ്പെട്ട ഒരു വാൽനക്ഷത്രം (Comet) ആണെന്ന നിഗമനത്തിന് ശാസ്ത്രത്തിന്റെ പരിവേഷവുമുണ്ട്. എന്നാൽ സുവിശേഷത്തിലെ നക്ഷത്രം ഏതെന്നു നിശ്ചയിക്കാൻ ആകാശത്തിലേക്കല്ല, ബൈബിളിലേക്കു നോക്കണം. വിജാതീയ പ്രവാചകനായ ബാലാമിന്റെ പ്രവചനത്തിന്റെ, "യാക്കോബിൽ നിന്ന് ഒരു നക്ഷത്രം ഉദിക്കും, ഇസ്രായേലിൽ നിന്ന് ഒരു ചെങ്കോൽ ഉയരും" (സംഖ്യ 24,17) പൂർത്തീകരണമാണ് മത്തായി അവതരിപ്പിക്കുന്ന നക്ഷത്രം. അതിനെ പ്രകൃതിയിലെ ഒരു സാധാരണ പ്രതിഭാസമായിട്ടല്ല, അത്ഭുതമായിത്തന്നെ കാണണം. അതാണല്ലോ ജറുസലെമിൽ വന്നപ്പോൾ അപ്രത്യക്ഷമാവുകയും വീണ്ടും പ്രത്യക്ഷപ്പെട്ട് ബേത്‌ലെഹെമിൽ എത്തി, വീടിനു മുകളിൽ നിലയുറപ്പിക്കുകയും ചെയ്തത്. പ്രവചനങ്ങൾ അറിയാതിരുന്ന വിജാതീയർ പ്രകൃതി ശക്തികളിലൂടെ ദൈവം നല്കിയ അടയാളങ്ങൾ സ്വീകരിച്ചു; അനുസ

രിച്ചു, അനുഗമിച്ചു. അവർ രക്ഷകനെ കണ്ടെത്തി, ആരാധിച്ചു. യാത്ര സഫലമായി.

ജ്ഞാനികളുടെ സന്ദർശനത്തെക്കുറിച്ചുള്ള ഈ വിവരണം നടുക്കുവച്ച് മുറിച്ച്, ഹേറോദേസിന്റെയും ജറുസലെമിന്റെയും പ്രതികരണങ്ങൾ ചേർത്തിരിക്കുന്നതിന് വ്യക്തമായ ഉദ്ദേശ്യലക്ഷ്യങ്ങളുണ്ട്. ജ്ഞാനികളുടെ അന്വേഷണത്തെക്കുറിച്ചുകേട്ട രാജാവും ജറുസലെം മുഴുവനും അസ്വസ്ഥരായി. ബി.സി. 37-4 ഇസ്രായേലിനെ ഭരിച്ച രാജാവാണ് ഹേറോദേസ്. അന്തിപ്പാത്തർ എന്ന ഇദുമേയന് ഒരു യഹൂദസ്ത്രീയിൽ ജനിച്ച രണ്ടാമത്തെ മകനാണ് ഹേറോദേസ്- പകുതി യഹൂദൻ, പകുതി വിജാതീയൻ. റോമാക്കാരുടെ സാമന്തനായി പലസ്തീനാ ഭരിച്ച പിതാവിന്റെ മരണത്തോടെ പിൻതുടർച്ചയ്ക്കു തർക്കമായി. ഹേറോദേസ് റോമിലെത്തി സഹായം അഭ്യർത്ഥിച്ചു. ബി.സി. 40-ൽ റോമൻ സെനറ്റ് അയാളെ പലസ്തീനായുടെ രാജാവായി അംഗീകരിച്ചു. മൂന്നു വർഷത്തെ യുദ്ധത്തിനുശേഷം 37 ലാണ് ശത്രുക്കളെ ഉന്മൂലനം ചെയ്തു സിംഹാസനത്തിലിരിക്കാൻ ഹേറോദേസിനു സാധിച്ചത്.

തനിക്കു അവകാശപ്പെട്ടതല്ല താൻ ഇരിക്കുന്ന സിംഹാസനം എന്ന അവബോധം അയാളെ നിരന്തരം അലട്ടിയിരുന്നു. ആരെങ്കിലും തന്നെ സ്ഥാനഭ്രഷ്ടനാക്കി അധികാരം പിടിച്ചെടുക്കും എന്ന ഭയം അയാളെ വേട്ടയാടിയിരുന്നു. തനിക്കു ഭീഷണിയാകുമെന്ന് കരുതിയവരെ എല്ലാം, അവർ സ്വന്തം ഭാര്യയും മക്കളും ആണെങ്കിൽപോലും, വധിക്കാൻ അയാൾ മടിച്ചില്ല. ഈ പശ്ചാത്തലത്തിൽ ഹേറോദേസിന്റെ അസ്വസ്ഥത മനസിലാക്കാൻ പ്രയാസമില്ല. “അസ്വസ്ഥനായി” എന്നു വിവർത്തനം ചെയ്യുന്ന *“എത്തരാക്തേ”* എന്ന ഗ്രീക്കു വാക്കിന് ഭയന്നുവിറച്ചു, ഭയവിഹ്വലനായി എന്നൊക്കെ അർത്ഥമുണ്ട്.

ഹേറോദേസിന്റെ ഭയം മനസിലാക്കാൻ കഴിയും. എന്നാൽ എന്തുകൊണ്ടാണ് അവനോടൊപ്പം ജറുസലെം മുഴുവൻ ഭയന്നു വിറച്ചത്? ഇവിടെ ചരിത്രത്തേക്കാൾ ദൈവശാസ്ത്രത്തിനും ചരിത്ര വ്യാഖ്യാനത്തിനും കൂടുതൽ പ്രാധാന്യം നല്കുന്നതായി കാണാം. ഹോസാന വിളികൾക്കു മധ്യേ യേശു നഗരത്തിൽ പ്രവേശിച്ചപ്പോൾ “നഗരം മുഴുവൻ ഇളകിവശായി” (മത്താ 21,10) എന്ന പ്രസ്താവനയോട് ഇതിനു സാമ്യമുണ്ട്. *സെയിയോ* (Seio) എന്ന ഗ്രീക്കു വാക്കാണ് ഇവിടെ ഉപയോഗിക്കുന്നത്. യേശു

വിന്റെ മരണ സമയത്തുണ്ടായ ഭൂമികുലുക്കത്തെ സൂചിപ്പിക്കാൻ ഈ പദമാണ് മത്തായി ഉപയോഗിക്കുന്നത് (27,51). അപ്രീതികരമായ ഒരു വാർത്ത കേട്ടുണ്ടായ ചെറിയൊരസ്വസ്ഥതയല്ല, ഭയമാണ് മത്തായി സൂചിപ്പിക്കുന്നത്. യഹൂദനേതൃത്വം പിന്നീട് യേശുവിനെ ഭയപ്പെടുകയും തിരസ്കരിക്കുകയും ചെയ്തതിന്റെ തുടക്കം ഇവിടെ കാണാം.

ജ്ഞാനികളുടെ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ഹേറോദേസ് വിളിച്ചു വരുത്തിയത് രണ്ടുഗണം ആളുകളെയാണ്. "പ്രധാന പുരോഹിതന്മാർ" എന്ന ബഹുവചന പ്രയോഗം ദേവാലയവും ജനത്തിന്റെ മതാത്മക ജീവിതവുമായി ബന്ധപ്പെട്ട വിവിധ ജോലികൾക്കു മേൽനോട്ടം വഹിച്ചിരുന്ന പുരോഹിത പ്രമുഖന്മാരെയാണ് സൂചിപ്പിക്കുന്നത്. പ്രധാന പുരോഹിതൻ ഒരാളേ ഉള്ളൂ; എന്നാൽ പ്രമുഖന്മാർ ഒരു ഡസനിലേറെ ഉണ്ടായിരുന്നു. "നിയമജ്ഞർ" ബൈബിളിലും ഇസ്രായേലിന്റെ നിയമസംഹിതകളിലും പാണ്ഡിത്യം നേടിയിരുന്ന നേതാക്കന്മാരാണ്. ഈ രണ്ടു കൂട്ടർ യഹൂദമത നേതൃത്വത്തിന്റെ പ്രതിനിധികളായി നിലകൊള്ളുന്നു.

അവർ തങ്ങളുടെ ദൗത്യം ശരിയായി നിർവ്വഹിച്ചു. ക്രിസ്തു ജനിക്കുന്നത് ദാവീദിന്റെ ജന്മസ്ഥലമായ, ബേത്‌ലെഹെമിൽ ആയിരിക്കും എന്ന മിക്കാ 5,2 ൽ അവർ കണ്ടുപിടിച്ചു. രാജാവിനും മത നേതാക്കൾക്കും കാര്യം വ്യക്തമായി. അത് അവർ വിജാതീയ ജ്ഞാനികളെ അറിയിക്കുകയും ചെയ്തു. എന്നാൽ ഹേറോദേസ് അവർക്കു നല്കുന്ന നിർദ്ദേശത്തിൽ ദുഃസൂചനയുണ്ട്. എപ്പോഴാണ് നക്ഷത്രം പ്രത്യക്ഷപ്പെട്ടത് എന്ന അന്വേഷണം ശിശുവിന്റെ പ്രായം നിർണ്ണയിക്കാനാണ്. തിരിച്ചുവന്നു തന്നെ അറിയിക്കണം എന്ന നിർദ്ദേശമാകട്ടെ ശിശുവിനെ ആരാധിക്കാനല്ല, വധിക്കാനാണ് എന്നു താമസിയാതെ വ്യക്തമാകും.

ജറുസലെമിലെ ഇടവേളയ്ക്കുശേഷം ജ്ഞാനികൾ വീണ്ടും നക്ഷത്രം കണ്ടു. ക്രിസ്തു ജനിച്ച സ്ഥലം കൃത്യമായി ചൂണ്ടിക്കാണിക്കാൻ ഭവനത്തിനു മുകളിൽ നക്ഷത്രം നിലയുറപ്പിച്ചു. ശാസ്ത്രവും യുക്തിയുമല്ല, വിശ്വാസവും പ്രതീകവുമാണ് ഇവിടെ പ്രധാനം. ഇടയ്ക്കുവച്ചു വഴിതെറ്റിയവർ വീണ്ടും നക്ഷത്രത്തെ കണ്ടപ്പോൾ അത്യധികം സന്തോഷിച്ചു. രക്ഷകനെ കണ്ടെത്തുന്നതിലുള്ള സന്തോഷമാണിവിടെ സൂചിപ്പിക്കുന്നത്. "വലിയ

സന്തോഷത്താൽ സന്തോഷിച്ചു" (2,10) എന്നാണ് മൂലം. ആവർത്തനം വഴി ഊന്നൽ വ്യക്തമാക്കുന്ന സെമിറ്റിക് ശൈലിയാണിത്.

അവർ ഭവനത്തിൽ പ്രവേശിച്ചു. ശിശുവിനെ അമ്മയായ മറിയത്തോടുകൂടെ കണ്ടു; അവനെ കുമ്പിട്ട് ആരാധിച്ചു. ശിശുവിനെയാണ്, ശിശുവിനെ മാത്രമാണ് ആരാധിച്ചത്. എന്നാൽ ശിശുവിനെ കാണുന്നതിനുമുമ്പേ അമ്മയെ കണ്ടു, അഥവാ ശിശുവിനെ അമ്മയോടുകൂടെ കണ്ടു എന്ന വിശദീകരണം "മറിയം വഴി ക്രിസ്തുവിലേക്ക്" എന്ന വിശ്വാസത്തിന് വഴിതെളിക്കുന്നു. മറിയം ക്രിസ്തുവിലേക്കു നയിക്കുന്ന മാർഗ്ഗമാണ്, വിലങ്ങു തടിയല്ല. യേശുവിന്റെ ദൈവത്വം പരസ്യമായി ഏറ്റുപറയുന്നതാണ് ആരാധന. അവർ സമർപ്പിച്ച കാഴ്ചവസ്തുക്കൾക്ക് പ്രതീകാത്മകമായ അർത്ഥമുണ്ട്. പുരോഹിതശുശ്രൂഷയ്ക്ക് ഉപയോഗിക്കുന്നതാണ് കുന്തുരുക്കം; രാജത്വത്തെ സൂചിപ്പിക്കുന്ന സ്വർണ്ണം; മുഖ്യമായും മൃതശരീരം പൂശുന്ന സുഗന്ധദ്രവ്യമാണ് മീറ. യേശുവിനെ ഒരേസമയം രാജാവും പുരോഹിതനും മർത്യനായ മനുഷ്യപുത്രനുമായി ഏറ്റുപറയുന്നതിന്റെ അടയാളമായി അതിനെ മനസിലാക്കാനാവും.

സ്വപ്നത്തിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് മറ്റൊരു വഴിയേ മടങ്ങിപ്പോയത് തുടർന്നു വരുന്ന ശിശുഹത്യക്ക് വഴിയൊരുക്കുന്നു. യേശുവിനെകണ്ട് ആരാധിച്ചവരിൽ വന്ന ആന്തരികമായ മാറ്റത്തെ ഈ വഴിമാറ്റം സൂചിപ്പിക്കുന്നതായി ചില വ്യാഖ്യാതാക്കൾ കാണാറുണ്ട്. സുവിശേഷകൻ ഇത് ഉദ്ദേശിച്ചിരുന്നോ എന്നു പറയുക എളുപ്പമല്ല.

രണ്ടുതരം പ്രതികരണങ്ങളാണ് ശ്രദ്ധേയം. നൂറ്റാണ്ടുകളായി രക്ഷകനെ, മിശിഹാ രാജാവിനെ, പ്രതീക്ഷിച്ചു കഴിഞ്ഞവർ അവന്റെ ജനനത്തെക്കുറിച്ചു കേട്ട് ഭയവിഹ്വലരാകുന്നു. എവിടെയാണ് രക്ഷകൻ എന്ന് അവർക്കറിയാം. എന്നാൽ ആ അറിവ് രക്ഷണീയമാകുന്നില്ല. മറിച്ച് ഹൃദയകാഠിന്യത്തിലേക്കും വധശ്രമത്തിലേക്കും നയിക്കുന്നു. പ്രവചനങ്ങളും വാഗ്ദാനങ്ങളും ഒന്നും കൈമുതലായി ഇല്ലാത്ത വിജാതീയർ തുറന്ന ഹൃദയത്തോടെ, വിശ്വാസവും വിധേയത്വവുമുള്ള മനസ്സോടെ, അന്വേഷിച്ചിറങ്ങുന്നു; അടയാളങ്ങളെ അനുഗമിക്കുന്നു, അവസാനം രക്ഷകനെ കണ്ടെത്തി ജീവിതയാത്ര സഫലമാകുന്നു.

അറിയാം എന്നു കരുതുന്നവർ അറിയേണ്ടത് അറിയുന്നില്ല. തങ്ങൾ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാണെന്ന അവകാശബോധവും, എല്ലാം അറിയാം എന്ന ധാർഷ്ട്യവും ഹൃദയകാഠിന്യത്തിന്റെ അടയാളമാകാം. യഹൂദജനത്തിന്റെ അനുഭവം നമുക്കുണ്ടാകാതിരിക്കാൻ വേണ്ടികൂടിയാണ് സുവിശേഷകൻ ഈ സംഭവം ഇത്ര നാടകീയമായി അവതരിപ്പിക്കുന്നത്. വിശദാംശങ്ങളുടെ ചരിത്ര പരതയല്ല, സുവിശേഷം നൽകുന്ന സന്ദേശമാണ് പ്രധാനം. തുറന്ന ഹൃദയത്തോടെ, വിധേയത്വമുള്ള മനസ്സോടെ, രക്ഷകനെ സ്വീകരിക്കുക. ദൈവം നൽകുന്ന അടയാളങ്ങൾ അവഗണിക്കരുത്. അവസരങ്ങൾ നഷ്ടപ്പെടുത്തുകയുമരുത്. പിന്നീടതു കിട്ടിയെന്നു വരില്ല!

# 7

### പിറവി 2 – ാം ഞായർ

## എതിർക്കപ്പെടുന്ന അടയാളം

**(ലൂക്കാ 2,21 – 35)**

യേശുവിന്റെ പരിച്ഛേദനം, നാമകരണം, മാതാവിന്റെ ശുദ്ധീകരണം, ശിശുവിന്റെ സമർപ്പണം, വീണ്ടെടുക്കൽ, ശിമയോന്റെ സ്തോത്രഗീതം, പ്രവചനങ്ങൾ എന്നിങ്ങനെ ഏഴു കാര്യങ്ങളാണ് ഇന്നത്തെ വായനയ്ക്കായി സഭ നിർദ്ദേശിച്ചിരിക്കുന്ന ബൈബിൾ ഭാഗം ഉൾക്കൊള്ളുന്നത്. ശിശുവിന്റെ പരിച്ഛേദനത്തിൽ തുടങ്ങി മാതാവിന്റെ ഹൃദയം പിളർക്കുന്ന വാളിനെക്കുറിച്ചുള്ള പ്രവചനത്തിൽ അവസാനിക്കുന്ന ഈ വാക്യങ്ങൾ ലൂക്കാ സുവിശേഷത്തിൽ മാത്രമേ കാണുന്നുള്ളൂ. ഇവയെല്ലാം ലൂക്കാ അവതരിപ്പിക്കുന്ന യേശു ചിത്രത്തിന്റെയും യേശുവിലൂടെ ലഭ്യമായ രക്ഷയുടെയും വിവിധ മാനങ്ങൾ വെളിപ്പെടുത്തുന്നു.

**1. പരിച്ഛേദനം:** ദൈവം അബ്രാഹവുമായി ചെയ്ത ഉടമ്പടിയുടെ അടയാളമാണ് പരിച്ഛേദനം. ഉൽപത്തി 17-ാം അധ്യായത്തിൽ ഇതിനെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. “ഞാനും നിങ്ങളുമായുള്ള ഉടമ്പടിയുടെ അടയാളമായിരിക്കുമത്. നിങ്ങളിൽ എട്ടുദിവസം പ്രായമായ ആൺകുട്ടിക്കു പരിച്ഛേദനം ചെയ്യണം” (ഉൽപ 17,9-14). അബ്രാഹത്തിന്റെ സന്തതിയും ദൈവജനത്തിലെ അംഗവുമായി അംഗീകരിക്കപ്പെടുന്നതിന്റെ അടയാളമാണ് പരിച്ഛേദനം. അതുവഴി ഒരുവൻ ഉടമ്പടിയിൽ പങ്കുകാരനാകുന്നു; അതോടൊപ്പം അബ്രാഹത്തിനു ദൈവം നൽകിയ വാഗ്ദാനങ്ങൾക്ക് അവകാശിയും. ഇസ്രായേൽജനം അന്നു മുതൽ ഇന്നുവരെ നിഷ്ഠയോടെ ഈ ആചാരം അനുഷ്ഠിച്ചുവരുന്നു. യേശുവും നിയമങ്ങളെല്ലാം പൂർണ്ണമായി അനുസരിച്ചിരുന്ന ഒരി

സ്രായേൽക്കാരനായിരുന്നു എന്ന് ഇതും തുടർന്നു വരുന്ന ആചാരങ്ങളും വ്യക്തമാക്കുന്നു.

എന്നാൽ ആദിമസഭയിൽ വലിയ വിവാദങ്ങൾക്ക് ഈ ആചാരം കാരണമായി. വിജാതീയൻ ക്രിസ്ത്യാനിയാകാൻ പരിഛേദനം സ്വീകരിക്കണമോ വേണ്ടയോ എന്ന ചോദ്യം സഭയെ ഒരു പിളർപ്പിന്റെ വക്കുവരെ എത്തിച്ചു. ആദ്യത്തെ സാർവ്വത്രിക സൂനഹദോസ് എന്നു വിശേഷിപ്പിക്കുന്ന ജറുസലെം സമ്മേളനത്തിലാണ് ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം നിർദ്ദേശിക്കപ്പെട്ടത് (അപ്പ 15). അതിൻപ്രകാരം വിജാതീയർ രക്ഷപ്രാപിക്കാൻ പരിഛേദനം സ്വീകരിക്കേണ്ടതില്ല. നിയമങ്ങളുടെ അനുഷ്ഠാനം വഴിയല്ല, കൃപയാൽ, യേശുവിലുള്ള വിശ്വാസം വഴിയാണ് രക്ഷ കൈവരുന്നത് (റോമാ 3,21-26; എഫേ 2,8-9) എന്ന പൗലോസിന്റെ പഠനത്തിനു ലഭിച്ച അംഗീകാരമായിരുന്നു ആ തീരുമാനം. അതിനാൽ യേശു പരിഛേദനം സ്വീകരിച്ചെങ്കിലും ഇന്ന് യേശുവിൽ വിശ്വസിക്കുന്നവർ പരിഛേദനത്തിനു വിധേയരാകേണ്ടതില്ല. തന്നെയുമല്ല, അബ്രാഹവുമായി ചെയ്ത ഉടമ്പടിക്കു പകരം ദൈവം യേശുവിന്റെ രക്തത്തിൽ സ്ഥാപിച്ച പുതിയ ഉടമ്പടിയിലാണ് നാം പങ്കു ചേരുന്നത്. അതിനാൽ അബ്രാഹത്തിനു നൽകപ്പെട്ട വാഗ്ദാനങ്ങൾ ഇന്ന് യേശുവിലൂടെ, അവനിലുള്ള വിശ്വാസത്തിലൂടെ, സംലഭ്യമാകുന്നു.

**2. നാമകരണം:** എട്ടാം ദിവസം നടത്തുന്ന പരിഛേദന കർമ്മത്തോടനുബന്ധിച്ചാണ് ശിശുവിനു പേരു നല്കുക. പേര് വ്യക്തിത്വത്തിന്റെ നിർവ്വചനവും ശിശുവിനെ സംബന്ധിച്ച ദൈവത്തിന്റെ പദ്ധതിയുടെയും മാതാപിതാക്കളുടെ സ്വപ്നത്തിന്റെയും അടയാളവുമാണ്. ദൈവം തന്നെ നിർദ്ദേശിച്ചതാണ് യേശു എന്ന പേര് (ലൂക്കാ 1,31). യാഹ്വേ രക്ഷിക്കുന്നു, അഥവാ യാഹ്വേയാണ് രക്ഷ എന്നർത്ഥമാക്കുന്ന *യാഹ്വേ+ഷ്വാ* എന്ന രണ്ടു വാക്കുകൾ കൂട്ടി യോജിപ്പിച്ചതാണ് ഈ പേര്. ആ വാക്കുകൾ ലോപിച്ച് യെഹോഷ്വാ എന്നും തുടർന്ന് ജോഷ്വാ യെന്നും ജെഷ്വാ എന്നുമായി. ജെഷ്വാ (Jesua) ഗ്രീക്കിലേക്കു വിവർത്തനം ചെയ്തപ്പോൾ യേസൂസ് (Jesus) എന്നായി. ലത്തീനിലും ഇതു തന്നെ. ഇത് ഇംഗ്ലീഷിൽ ജീസസ് എന്നും മലയാളത്തിൽ "യേശു" എന്നും ആയി. ജെഷ്വാ എന്ന പേര് സുറിയാനിയിൽ ഈശോ എന്ന് ആയി; അതാണ് മലയാളത്തിലും ഉപയോഗിക്കുന്ന

ഈശോ. ഇതിൽ ഏതുരൂപമാണ് ശരിയായത് എന്ന ചോദ്യം തന്നെ അപ്രസക്തമാണ്. ഗ്രീക്കിൽ നിന്നു വിവർത്തനം ചെയ്താൽ യേശു; സുറിയാനിയിൽ നിന്നെങ്കിൽ ഈശോ. മാതാവ് മകനെ വിളിച്ചിരുന്നത് ജെഷ്വാ എന്നായിരുന്നു. അതാണ് അന്നും ഇന്നും നിലവിലിരിക്കുന്ന സാധാരണരൂപം.

പേരിന്റെ നിഷ്പത്തിയെക്കാൾ പ്രധാനം അർത്ഥമാണ്. "നീ അവന് യേശു എന്നു പേരിടണം, എന്തെന്നാൽ അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു മോചിപ്പിക്കും" (മത്താ 1,21) എന്ന വിശദീകരണം അർത്ഥം വ്യക്തമാക്കുന്നു. മനുഷ്യവർഗ്ഗത്തെ പാപത്തിൽനിന്നും മോചിപ്പിക്കുന്ന രക്ഷകനായിരിക്കും ഈ ശിശു എന്ന് പേരു സൂചിപ്പിക്കുന്നു. യേശുവിന്റെ നാമത്തിലാണ് ശിഷ്യർ പ്രസംഗിക്കുന്നതും പ്രവർത്തിക്കുന്നതും. "ആകാശത്തിനു കീഴെ മനുഷ്യരുടെ ഇടയിൽ നമുക്കു രക്ഷക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല" (അപ്പ 4,11-12) എന്ന അപ്പസ്തോല പ്രമുഖന്റെ പ്രഖ്യാപനം പേരിന്റെ അർത്ഥം എന്താണെന്നു വ്യക്തമാക്കുന്നു. "കർത്താവായ യേശുവിൽ വിശ്വസിക്കുക. നീയും കുടുംബവും രക്ഷ പ്രാപിക്കും" (അപ്പ 16,31). മനുഷ്യരക്ഷയ്ക്കായി ദൈവം നൽകിയിരിക്കുന്ന നാമമാണ് യേശു. അതാണ് നാം ഏറ്റു പറയുന്നത്. ആ നാമത്തിലാണ് നമ്മുടെ പ്രത്യാശ. പേര് വ്യക്തിയെ സൂചിപ്പിക്കുന്നു എന്നു പറയേണ്ടതില്ലല്ലോ.

**3. മാതാവിന്റെ ശുദ്ധീകരണം:** ശിശുവിന്റെ ജനനത്തോടനുബന്ധിച്ചുണ്ടാകുന്ന സ്രാവം വഴി മാതാവ് അശുദ്ധയാകുമെന്നും അതിനാൽ അവൾ ശുദ്ധീകരിക്കപ്പെടേണ്ടതുണ്ട് എന്നും മോശയുടെ നിയമത്തിൽ കല്പിച്ചിരിക്കുന്നു. ആൺകുഞ്ഞിനെ പ്രസവിക്കുന്ന സ്ത്രീ നാല്പതു ദിവസത്തേക്കും പെൺകുഞ്ഞിന്റെ അമ്മയാകുന്നവൾ എൺപതു ദിവസത്തേക്കും അശുദ്ധയായിരിക്കും എന്നാണ് വ്യവസ്ഥ (ലേവ്യ 12,1-5) എന്താണ് ഈ വ്യത്യാസത്തിനു കാരണം എന്നു ബൈബിൾ പറയുന്നില്ല.

ജന്മപാപമില്ലാത്തവളും പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രവർത്തനത്താൽ ഗർഭം ധരിച്ച കന്യകയും ആയതിനാൽ ശുദ്ധീകരണകർമ്മത്തിന് ബാധ്യത ഇല്ലായിരുന്നെങ്കിലും മറ്റെല്ലാ മനുഷ്യരെയുംപോലെ യേശുവിന്റെ അമ്മയും ആ നിയമത്തിനു വിധേയപ്പെട്ടു; പാപമില്ലാത്തവൻ യോഹന്നാനിൽ നിന്നു സ്നാനം സ്വീകരിച്ചതുപോലെ. ദേശത്തും സഭയിലും നിലനിൽക്കുന്ന

നീതിനിഷ്ഠമായ നിയമങ്ങൾ അനുസരിക്കാൻ എല്ലാ പൗരന്മാരും വിശ്വാസികളും കടപ്പെട്ടിരിക്കുന്നു. ശുദ്ധീകരണം എല്ലാവർക്കും ആവശ്യമുണ്ട്, ശരീരത്തെക്കാൾ ഉപരി ആത്മാവിന്. ആ ശുദ്ധീകരണമാണ് യേശുവിലൂടെ ലഭ്യമാകുന്നത്.

**4. സമർപ്പണം:** മൃഗങ്ങളുടെയും മനുഷ്യരുടെയും എല്ലാം ആദ്യജാതന്മാരെ ദൈവത്തിനു സമർപ്പിക്കണം എന്ന നിയമം ഉണ്ടായിരുന്നു. പ്രഥമ ഫലം സമർപ്പിക്കുന്നതിലൂടെ ദൈവത്തിന്റെ കൃപാദാനത്തെ നന്ദിയോടെ ഏറ്റുപറയുകയാണ് സമർപ്പകൻ ചെയ്യുന്നത്. ഇതു ധാന്യത്തിന്റെ കാര്യത്തിലെന്നതുപോലെ എല്ലാ പ്രഥമ ഫലത്തിന്റെ കാര്യത്തിലും പ്രസക്തമാണ്. എന്നാൽ അതിലുപരി, രക്ഷാചരിത്രവുമായി ബന്ധപ്പെടുത്തിയാണ് ആദ്യജാതന്മാരുടെ സമർപ്പണത്തെ ബൈബിൾ വിശദീകരിക്കുന്നത്. ഇസ്രായേൽ ജനത്തെ അടിമത്തത്തിൽനിന്നു മോചിപ്പിക്കാനായി ഈജിപ്തിലെ എല്ലാ ആദ്യജാതന്മാരെയും വധിച്ച സംഹാരദൂതൻ ഇസ്രായേൽക്കാരുടെ ആദ്യജാതന്മാരെ വധിക്കാതിരുന്നതിന്റെ ഓർമ്മ നിലനിർത്താൻ വേണ്ടിയാണ് ഈ ആദ്യജാത സമർപ്പണം (പുറ 13,2. 11-16). ഇസ്രായേൽ ജനം അനുഷ്ഠിച്ചിരുന്ന ഈ ആചാരത്തിന് യേശുവിന്റെ സമർപ്പണത്തിൽ പുതിയ അർത്ഥം കൈവന്നു.

ദൈവപുത്രനായ യേശുവിനെ ദൈവത്തിനു സമർപ്പിക്കുക വഴി അവൻ എന്നും ദൈവത്തിന്റേതായിരിക്കും, ദൈവഹിതമായിരിക്കും അവൻ എന്നും അനുസരിക്കുക എന്ന് സൂചിപ്പിക്കുന്നു. യേശുവിന്റെ ആദ്യത്തെ ദേവാലയപ്രവേശനമാണിത്. ഇനി അങ്ങോട്ട് പലതവണ യേശു ദേവാലയത്തിലേക്കു വരുന്നതായി സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട്. പന്ത്രണ്ടാം വയസിൽ ദേവാലയത്തിൽ തങ്ങിയതും മൂന്നു ദിനരാത്രങ്ങൾക്കുശേഷം മാതാപിതാക്കൾ അവനെ ദേവാലയത്തിൽ കണ്ടെത്തിയതും യേശുവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഒരു മുന്നാസ്വാദനമായിരുന്നു. ഓശാന വിളികൾക്കു മധ്യേ ദേവാലയത്തിൽ പ്രവേശിച്ച് ആലയം ശുദ്ധീകരിക്കുന്നതിലൂടെ ദേവാലയത്തിനു തന്നെ പുതിയ അർത്ഥവും മാനവും കൈവന്നു. ലൂക്കാ സുവിശേഷം ആരംഭിക്കുന്നതും അവസാനിക്കുന്നതും ദേവാലയത്തിലാണ്. എന്നാൽ അപ്പസ്തോല പ്രവർത്തനങ്ങളിൽ ദേവാലയത്തിന്റെ പ്രസക്തിയും പ്രാധാന്യവും കുറയുന്നു. ആത്യന്തികമായി യേശുവും യേശുവിൽ വിശ്വസിക്കുന്നവരുടെ സമൂഹവു

മാണ് ദൈവാലയം. സന്ദർശന ദിനം തിരിച്ചറിയാതിരുന്ന നഗരവും ആലയവും തകർക്കപ്പെടും (ലൂക്കാ 19,41-44; മത്താ 24,1-2). ഇനി അങ്ങോട്ട്, മനുഷ്യ നിർമ്മിതമല്ലാത്ത ഒരാലയത്തിൽ, യേശുവിൽ, ആയിരിക്കും മനുഷ്യർ ദൈവത്തെ കണ്ടുമുട്ടുന്നത്.

തങ്ങളുടെ ആദ്യജാതനെ ദൈവത്തിനു സമർപ്പിച്ച മാതാപിതാക്കൾ അന്ന് അറിഞ്ഞിട്ടുണ്ടാവില്ല, അബ്രാഹത്തോട് ദൈവം ആവശ്യപ്പെട്ടതും അവസാന നിമിഷത്തിൽ ഒഴിവാക്കിയതുമായ ബലിയുടെ പൂർത്തീകരണത്തിനായാണ് തങ്ങൾ പുത്രനെ കാഴ്ച വയ്ക്കുന്നതെന്ന്. സമർപ്പണം പൂർണ്ണമായ വിട്ടുകൊടുക്കലാണ്. ഇനി ഇത് എന്റേതല്ല, നിന്റേതുമാത്രം. ഇതാ കർത്താവിന്റെ ദാസി എന്നു പറഞ്ഞു ദൈവഹിതത്തിനു സ്വയം വിട്ടുകൊടുത്തവൾ ഇപ്പോൾ തന്റെ ആദ്യജാതനെയും ആ തിരുഹിതത്തിനു സമർപ്പിക്കുന്നു. ഒരർത്ഥത്തിൽ നാം എല്ലാം സമർപ്പിതരാണല്ലോ. മാമ്മോദീസായിൽ തുടങ്ങിയ ആ സമർപ്പണം എത്രയോ തവണ ആവർത്തിച്ചിരിക്കുന്നു. ആ സമർപ്പണത്തെക്കുറിച്ച് ആഴമേറിയ ബോധ്യത്തിലേക്കു വരാൻ യേശുവിന്റെ സമർപ്പണം ആഹ്വാനം ചെയ്യുന്നു.

**5. വീണ്ടെടുക്കൽ:** മൃഗങ്ങളുടെ കടിഞ്ഞൂലുകളെ ബലിയർപ്പിക്കണം. കഴുത അശുദ്ധമൃഗമായതിനാൽ ബലിയർപ്പിക്കാൻ പാടില്ല; ഒന്നുകിൽ ഒരാട്ടിൻകുട്ടിയെ പകരം കൊടുത്ത് വീണ്ടെടുക്കാം; അല്ലെങ്കിൽ കഴുത്തുഞെരിച്ച് കൊന്നുകളയണം (പുറ 13,12). ആദ്യജാതന്റെ വീണ്ടെടുപ്പുവിലയായി ഒരാട്ടിൻകുട്ടിയെയും ഒരു ചെങ്ങാലിയെ അഥവാ പ്രാവിനെയും കൊടുക്കണം. ആട്ടിൻകുട്ടിയെ സമർപ്പിക്കാൻ കഴിവില്ലാത്തവർ രണ്ടു ചെങ്ങാലിയെ കൊടുത്താൽ മതിയാകും (ലേവ്യ 12,6-8). യേശുവിന്റെ മാതാപിതാക്കൾ ദരിദ്രരുടെ കാണിക്കയാണ് സമർപ്പിച്ചത്. ദരിദ്രരോടുള്ള പക്ഷം ചേരൽ തുടക്കം മുതലേ പ്രകടമാകുന്നു. മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ വീണ്ടെടുപ്പു വിലയായി സ്വന്തം ജീവൻ നൽകാൻ വന്നവൻ (മർക്കോ 10,45) ഇപ്പോൾ രണ്ടു ചെങ്ങാലികളിലൂടെ വീണ്ടെടുക്കപ്പെടുന്നത് വലിയൊരു വിരോധാഭാസമായി തോന്നാം. എല്ലാ നിയമങ്ങളും അവൻ അവസാനം വരെ അനുസരിച്ചു. അവന്റെ മരണത്തിനുശേഷം പാപപരിഹാരത്തിനായി ചെങ്ങാലിയല്ല, ഒരു ഉറുമ്പുപോലും കൊല്ലപ്പെടരുത്. അവൻ വന്നതും ദൈവത്തിനു സ്വജീവൻ സമർപ്പിച്ചതും സകല മനുഷ്യർക്കും സമ്പൂർണ്ണവും സമഗ്രവുമായ മോചനം നൽകാൻ വേണ്ടിയാണ്.

**6. ശിമയോന്റെ സ്തോത്രഗീതം:** നൂറ്റാണ്ടുകളായി ഇസ്രായേൽ പ്രതീക്ഷിച്ചിരുന്ന മിശിഹാ രാജാവ് ദേവാലയത്തിലേക്കു വന്നപ്പോൾ അവനെ തിരിച്ചറിഞ്ഞത് രണ്ടു വൃദ്ധർ മാത്രം - ശിമയോനും ഹന്നായും. ദൈവജനമായ ഇസ്രായേലിന്റെ, അഥവാ വിശ്വസ്തരായ ഒരു ചെറിയ ഗണത്തിന്റെ പ്രതീകമാണവർ. ശിമയോനെക്കുറിച്ച് ഏഴുകാര്യങ്ങൾ സുവിശേഷകൻ എടുത്തുകാട്ടുന്നു. 1. *അവൻ നീതിമാനായിരുന്നു.* ദൈവഹിതം ആരായുകയും അതുമാത്രം പ്രവർത്തിക്കുകയും ചെയ്യുന്നവനാണ് നീതിമാൻ (സങ്കീ 15). 2. *ദൈവഭക്തൻ.* ദൈവത്തിന്റെ നിയമം അനുസരിക്കുകയും എപ്പോഴും താൻ ദൈവന്നിധിയിലാണെന്ന ഉത്തമബോധ്യത്തോടെ ജീവിതത്തെ ക്രമീകരിക്കുകയും ചെയ്യുന്നവനാണ് ഭക്തൻ. "സർവ്വശക്തനായ ദൈവമാണ് ഞാൻ; എന്റെ മുമ്പിൽ വ്യാപരിക്കുക, കുറ്റമറ്റവനായിരിക്കുക" (ഉൽപ 17,1) എന്ന കല്പനയിൽ ദൈവഭക്തിയുടെ ഒരു സംക്ഷിപ്ത വിവരണം കാണാം. 3. *ഇസ്രായേലിന്റെ ആശ്വാസം പ്രതീക്ഷിച്ചിരുന്നവൻ.* അബ്രാഹം മുതലിങ്ങോട്ട് പിതാക്കന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും ദൈവം നൽകിയ വാഗ്ദാനങ്ങളുടെ പൂർത്തീകരണമാണ് "ആശ്വാസം" എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ദൈവജനമായ ഇസ്രായേലിന്റെ ഉത്തമനായ പ്രതിനിധിയാണിയാൾ. 4. *പരിശുദ്ധാത്മാവുള്ളവൻ.* ദൈവത്തിന്റെ ചൈതന്യമാണ് അയാളിൽ നിറയുന്നതും അയാളെ നയിക്കുന്നതും. 5. *വെളിപാടു ലഭിച്ചവൻ.* തന്റെ കണ്ണുകൊണ്ട് തന്നെ രക്ഷകനെ കാണാൻ കഴിയും എന്ന ഉറച്ച വിശ്വാസമാണ് പരിശുദ്ധാത്മാവിന്റെ വെളിപ്പെടുത്തലിലൂടെ അവനു ലഭിച്ചത്. 6. *പ. ആത്മാവിന്റെ പ്രേരണയ്ക്കു വഴങ്ങി.* അവന്റെ ഓരോ ചെയ്തികളും ആ ആത്മാവിനാൽ നയിക്കപ്പെട്ടതായിരുന്നു. ദൈവത്തിന്റെ ആത്മാവാണ് അവനെ നിർണ്ണായക നിമിഷത്തിൽ ദേവാലയത്തിലേക്കു നയിച്ചതും രക്ഷകനെ തിരിച്ചറിയാൻ സഹായിച്ചതും. 7. *ശിശുവിനെ കയ്യിലെടുത്തു.* മറ്റെല്ലാവരും ദരിദ്രദമ്പതികളുടെ ആദ്യജാതനായി കണ്ട് അവഗണിച്ച ശിശുവിൽ ദൈവം ഒരുക്കി അയച്ച രക്ഷകനെ, ദൈവപുത്രനെ, ദർശിക്കാൻ ശിമയോനു കഴിഞ്ഞു. അത് ആത്മാവ് നൽകിയ ദർശനമായിരുന്നു. ഇങ്ങനെ ആമുഖമായി ഏഴുകാര്യങ്ങൾ പറഞ്ഞതിനുശേഷം സുവിശേഷകൻ ശിമയോന്റെ വാക്കുകൾ രേഖപ്പെടുത്തുന്നു. ആ വാക്കുകൾ ഒരു സ്തോത്രഗീതവും ഒരു പ്രവചനവും ഉൾക്കൊള്ളുന്നു.

വാഗ്ദാനങ്ങൾ നിറവേറി; പ്രവചനങ്ങൾ പൂർത്തിയായി; കാത്തിരിപ്പു സഫലമായി; ജീവിതം ധന്യമായി. ഈ ഒരു നിർവൃതിയാണ് ശിമയോന്റെ സ്തോത്രഗീതത്തിൽ പ്രതിധ്വനിക്കുന്നത്. സമാധാനത്തിൽ വിട്ടയക്കണം എന്ന യാചനയിൽ ഈ സംതൃപ്തി കാണാം. ഇനി മരിക്കാൻ ഒരുക്കമാണ്. മരണത്തിനുമുമ്പ് രക്ഷകനെ കാണാൻ കഴിയും എന്ന പ്രത്യാശയാണ് ഇവിടെ പൂവണിയുന്നത്. താൻ കൈകളിൽ എടുത്തിരിക്കുന്ന ശിശുവിന് രണ്ടു വിശേഷണങ്ങൾ നൽകുന്നു. രണ്ടും രക്ഷാചരിത്രത്തിന്റെ പൂർത്തീകരണത്തിലേക്കു വിരൽ ചൂണ്ടുന്നവയാണ്.

സകലജനതകൾക്കും വേണ്ടിയാണ് ദൈവം രക്ഷകനെ അയച്ചിരിക്കുന്നത്. രക്ഷാകര പ്രവൃത്തിയുടെ സാർവ്വത്രികമാനം ആദ്യമേ വ്യക്തമാക്കുന്നു. "വിജാതീയർക്കു വെളിപാടിന്റെ പ്രകാശം" എന്ന വിശേഷണത്തിൽ അനേകം പ്രവചനങ്ങളുടെ പ്രതിധ്വനി കേൾക്കാം (ഏശ 42,7-16; 49,6; 51,4; 60,3-19) അന്ധകാരത്തിൽ നിന്നു പ്രകാശത്തിലേക്കു നയിക്കണമേ എന്ന ആർഷഭാരതത്തിന്റെ പ്രാർത്ഥനയ്ക്കുള്ള മറുപടിയും ഈ സ്തുതിഗീതത്തിൽ കേൾക്കാം. "ഇസ്രായേലിന്റെ മഹത്വം" എന്ന വിശേഷണത്തിൽ യേശുവിനെ ഇസ്രായേൽ ജനത്തിന്റെ പ്രതീക്ഷകളുടെ പൂർത്തീകരണമായി ചിത്രീകരിക്കുന്നു. സകല പ്രതീക്ഷകൾക്കും അതീതമായ ഈ പൂർത്തീകരണത്തിൽ നിർവൃതിയടയുന്ന വൃദ്ധഭക്തൻ ഇനി വിരമിക്കാൻ ഒരുക്കമാണ്. രക്ഷകനെ കണ്ടു. ആ ദിവ്യദർശനം ജീവിതസാക്ഷാൽക്കാരമായി. ഇനി മറ്റൊന്നും വേണ്ടാ. ഇതല്ലേ നാമെല്ലാം ആഗ്രഹിക്കുന്നത്?

**7. പ്രവചനം:** സ്തോത്രഗീതത്തിനുശേഷം മാതാപിതാക്കന്മാരെ അനുഗ്രഹിച്ചു. ദൈവകൃപ അവർക്കു നേർന്നു. പുരോഹിതരാണ് സാധാരണമായി ജനത്തെ ആശിർവദിക്കുക (സംഖ്യ 6,22-27). ആശിർവ്വാദം പക്ഷെ ഭീതിദമായ ഒരു മുന്നറിയിപ്പായിത്തീരുന്നു; ആഹ്ലാദത്തിന്റെ മധ്യത്തിലേക്ക് ഇടിത്തീപോലെ; വിവാഹഗൃഹത്തിൽ വിലാപകീർത്തനം പോലെ. രക്ഷകനായിട്ടാണ് ശിശു അവതരിച്ചിരിക്കുന്നത്. അവന്റെ പേരുതന്നെ അതാണ് സൂചിപ്പിക്കുന്നത്. എന്നാൽ അവന്റെ സാന്നിധ്യം രക്ഷ മാത്രമല്ല, വിധിയും കൊണ്ടു വരുന്നു. യേശുവിന്റെ സാന്നിധ്യത്തിൽ യാന്ത്രികമായി ലഭിക്കുന്ന ഒന്നല്ല രക്ഷ. അവന്റെ വാക്കു ശ്രവിച്ച് അനുസരിക്കുന്നതിലൂടെ മാത്രമേ രക്ഷ ലഭിക്കൂ! ഇവിടെ ഒരു തീരുമാനം ആവശ്യമായി വരുന്നു. ആ തീരുമാനത്തിൽനിന്ന് ആരും

ഒഴിവാക്കപ്പെടുന്നില്ല. ജനനം കൊണ്ട് ഇസ്രായേൽ ജനത്തിലെ അംഗമായി എന്നതു മാത്രം രക്ഷ ലഭിക്കാൻ പര്യാപ്തമല്ല. അവനെ സ്വീകരിക്കാൻ സന്നദ്ധരാകാത്തവർക്ക് അവൻ വീഴ്ചയ്ക്കു കാരണമാകും. തട്ടിവീഴാൻ കാരണമാകുന്ന ഇടർച്ചയുടെ കല്ലിനെക്കുറിച്ച് ഏശയ്യാ മുൻകൂട്ടി അറിയിച്ചത് (ഏശ 8,14) ഈ ശിശുവിൽ പൂർത്തിയാകുന്നു എന്ന് ശിമയോൻ പ്രഖ്യാപിക്കുന്നു.

യേശുവിന്റെ മുമ്പിൽ ഓരോ വ്യക്തിയും ഒരു തീരുമാനത്തിനു നിർബന്ധിതനാകുന്നു. നിഷ്പക്ഷത ഇവിടെ സാധ്യമല്ല. "വിവാദവിഷയമായ അടയാളം" എന്ന വിവർത്തനം വിശദീകരണം ആവശ്യപ്പെടുന്നു. അടയാളം എന്നത് വ്യക്തമാണ്. ഈ ശിശു ഒരു അടയാളമായിരിക്കും. എന്തിന്റെ? "*ആന്റി ലെഗോമെനോൺ*" (antilegomenon) എന്നാണ് ഗ്രീക്കുമൂലം. വാദിക്കുക, തകർക്കുക എന്നു മാത്രമല്ല, എതിർക്കുക, നിഷേധിക്കുക, തിരസ്കരിക്കുക, നശിപ്പിക്കാൻ ശ്രമിക്കുക എന്നും ഈ വാക്കിന് അർത്ഥമുണ്ട്. അതിനാൽ യേശുവിന്റെ ജീവിതത്തെയും പ്രാധാന്യത്തെയും കുറിച്ച് നിർണ്ണായകമായൊരു പ്രവചനമാണിത്. അവനെ സ്വീകരിക്കുന്നവരുണ്ടാകും. അതേസമയം എതിർത്തു നശിപ്പിക്കാൻ ശ്രമിക്കുന്നവരുമുണ്ടാകും. യേശുവിന്റെ സാന്നിധ്യം ജനഹൃദയങ്ങളിലും തദ്വാരാ ജനമധ്യത്തിലും എതിർപ്പുകൾ ഉളവാക്കും. എതിർക്കുന്നവർ നശിപ്പിക്കാൻ ശ്രമിക്കും. ശിശുവിന്റെ ജനനത്തിൽ അസ്വസ്ഥനായ ഹേറോദേസു മുതൽ ഇന്നത്തെ ക്രിസ്തു വിദ്വേഷികളായ മതമർദ്ദകർ വരെ, യേശുവിനെയും അവന്റെ അനുയായികളെയും ഉന്മൂലനം ചെയ്ത്, അവന്റെ നാമം തന്നെ ഭൂമുഖത്തുനിന്നു മായിച്ചുകളയാൻ ശ്രമം നടത്തും എന്ന പ്രവചനമാണ് വൃദ്ധ ഭക്തൻ നടത്തുന്നത്.

രക്ഷയുടെ അടയാളം തിരസ്കരണത്തിന്റെയും ശിക്ഷയുടെയും അടയാളമായിത്തീരുന്നത് വിരോധാഭാസമായി തോന്നാം. ദൈവം നൽകുന്ന രക്ഷകനെ തിരസ്കരിക്കുന്നവർ സ്വയം തിരസ്കരിക്കപ്പെടും. സമയത്തിന് അകത്തു പ്രവേശിക്കാത്തവർ വാതിലടച്ചു കഴിയുമ്പോൾ വിരുന്നുശാലയ്ക്കു പുറത്തായിരിക്കും. "സമാധാനമല്ല, വാളാണ് ഞാൻ കൊണ്ടുവന്നിരിക്കുന്നത്" (മത്താ 10,34) എന്ന യേശു വചനത്തിൽ ശിമയോന്റെ പ്രവചനത്തിന്റെ പ്രതിധ്വനി കേൾക്കാം. തെറ്റിദ്ധരിക്കപ്പെടുന്ന, എതിർത്ത് തിരസ്കരിക്കപ്പെടുന്ന അടയാളമായവന്റെ ജീവിതം എങ്ങോട്ടാണ് നയിക്കാൻ പോകുന്നത് എന്ന ഒരു സൂചനയും ഈ പ്രവചനത്തിലുണ്ട്. കുരി

ശിലായിരിക്കും ഈ തിരസ്കരണം അതിന്റെ പൂർണ്ണരൂപത്തിൽ പ്രത്യക്ഷമാവുക. അപ്പോൾ രക്ഷയെക്കുറിച്ചുള്ള സ്തോത്രഗീതം മരണത്തെക്കുറിച്ചുള്ള ഒരു മുന്നറിയിപ്പിൽ എത്തിനിൽക്കുന്നു. ഇതിൽനിന്നാണ് മറിയത്തിനു നൽകുന്ന വെളിപ്പെടുത്തൽ.

യേശുവിന്റെ മുമ്പിൽ ഓരോരുത്തരും എടുക്കുന്ന തീരുമാനം അവരുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടുത്തും. കാപട്യത്തിന്റെ മുഖംമൂടികൾ അവിടെ അഴിച്ചു മാറ്റപ്പെടും. കുരിശിൻചുവട്ടിലാണ് അന്തിമതീരുമാനം. അതുതന്നെയാണ് മറിയത്തിന്റെ ഹൃദയം പിളർക്കുന്നവാൾ. യേശുവിന്റെ ജീവിതത്തിൽ പൂർണ്ണമായി പങ്കു ചേരുന്ന അമ്മ അവന്റെ സന്തോഷത്തിലും ദുഃഖത്തിലും, സർവ്വോപരി അവന്റെ കുരിശിലും പങ്കുചേരും. കന്യകയായി രിക്കെ ഗർഭധാരണത്തിനു സമ്മതം നൽകിയതു മുതൽ കുരിശും കല്ലറയും വരെ നീണ്ടതാണ് ഹൃദയത്തിൽ തറച്ച വാളുമായുള്ള മറിയത്തിന്റെ യാത്ര. പക്ഷേ, അവൾ പതറിയില്ല; കാലിടറാതെ, വഴിമാറാതെ അവൾ നടന്നു, കുരിശിനും ശൂന്യമായ കല്ലറയ്ക്കു മപ്പുറം ഉത്ഥിതന്റെ സാന്നിധ്യത്തിലേക്കും അവൻ അയച്ച ആത്മാ വിന്റെ നിറവിലേക്കും ശിഷ്യസമൂഹത്തെ നയിച്ചുകൊണ്ട്.

എതിർപ്പിന്റെ അടയാളമായ യേശുവിനെ അനുഗമിക്കുന്ന വർ എതിർപ്പുകളെ നേരിടാനും തിരസ്കൃതരാകാനും തയ്യാറാ കണം. സകല ജനത്തിനുംവേണ്ടിയുള്ള രക്ഷ യാഥാർത്ഥ്യമാകു ന്നത് കുരിശിലൂടെയാണ്. എനിക്കും രക്ഷ പ്രാപിക്കാൻ മറ്റൊരു മാർഗ്ഗമില്ല. എതിർപ്പിന്റെ അടയാളമായി യേശുവിനെ ചിത്രീകരി ക്കുമ്പോൾ മറ്റൊരർത്ഥവും കൂടി സൂചിപ്പിക്കുന്നുണ്ട്. മനുഷ്യർ എതിർത്തു നശിപ്പിക്കാൻ ശ്രമിക്കുന്നതു മാത്രമല്ല ഈ എതിർപ്പ്. ദൈവത്തെ മറന്ന് മനുഷ്യൻ പടുത്തുയർത്തുന്ന അഹങ്കാരത്തി ന്റെയും സ്വാർത്ഥതയുടെയും, ഉപഭോഗതൃഷ്ണയുടെയും ആസ ക്തികളുടെയും, മനുഷ്യരെ പല തട്ടുകളും വർഗ്ഗങ്ങളുമായി തിരിച്ച് ചൂഷണം ചെയ്യാനും തമ്മിലടിപ്പിച്ച് നശിപ്പിക്കാനും ശ്രമിക്കുന്ന സകല തത്വസംഹിതകളുടെയും പ്രത്യയശാസ്ത്രങ്ങളുടെയും നേരെയുള്ള ദൈവത്തിന്റെ എതിർപ്പും തിരസ്കാരവും യേശു വാകുന്ന അടയാളത്തിൽ കാണാം. കാലിത്തൊഴുത്തു മുതൽ കാൽവരി വരെ അവൻ നടന്ന വഴികളെല്ലാം ദൈവം ഉയർത്തുന്ന പ്രതിഷേധത്തിന്റെയും നിഷേധത്തിന്റെയും അടയാളങ്ങളാ ണെന്ന് എന്നാണ് നാം തിരിച്ചറിയുക?

# 8

### ദനഹാത്തിരുനാൾ

## യേശു ലോകത്തിന്റെ പ്രകാശം

**(മത്താ 3,13 – 17 (1 – 17) )**

ജനുവരി 6 പാശ്ചാത്യ-പൗരസ്ത്യ സഭകൾക്ക് ഒരുപോലെ വളരെ പ്രധാനപ്പെട്ട ഒരു തിരുനാൾ ദിനമാണ്. *"ദനഹാ"* എന്ന് സുറിയാനിയിലും *"എപ്പിഫനി"* എന്ന് ഗ്രീക്ക്-ലത്തീൻ ഭാഷകളിലും ഈ തിരുനാൾ അറിയപ്പെടുന്നു. ചില സഭകളിൽ യേശുവിന്റെ ജന്മദിനം ആഘോഷിക്കുന്ന ഡിസംബർ 25 നെക്കാൾ കൂടുതൽ പ്രാധാന്യം ഈ തിരുനാളിനു നൽകപ്പെടുന്നുണ്ട്. സീറോ മലബാർ ആരാധന ക്രമത്തിൽ ഈ തിരുനാളോടുകൂടി ഒരു പുതിയ കാലം (ദനഹാക്കാലം) ആരംഭിക്കുന്നു.

ഉദയം, പ്രത്യക്ഷവൽക്കരണം, സ്വയം വെളിപ്പെടുത്തൽ എന്നൊക്കെയാണ് *"ദനഹാ"* എന്ന വാക്കിനർത്ഥം. ഗ്രീക്കു വാക്കിന്റെ അർത്ഥവും വ്യത്യസ്തമല്ല. *എപ്പിഫാനെയിൻ* (epiphanein) എന്ന ക്രിയാധാതുവിൽ നിന്നാണ് *എപ്പിഫനിയ* (epiphania) എന്ന ഗ്രീക്കു പദത്തിന്റെ ഉത്ഭവം. ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തൽ, അഥവാ പ്രത്യക്ഷപ്പെടൽ എന്നാണ് വാക്കിനർത്ഥം. മനുഷ്യ ദൃഷ്ടിക്കു ദൃശ്യനായിത്തീരുന്ന ദൈവം എന്നാണ് *"എപ്പിഫാനെസ്"* എന്ന വാക്ക് സൂചിപ്പിക്കുന്നത്. ഈ അർത്ഥത്തിലാണ് സിറിയൻ രാജാവായ അന്തിയോക്കസ് IV *"എപ്പിഫാനെസ്"* എന്ന വിശേഷണം സ്വീകരിക്കുകയും, തന്നെ ദൈവമായി അംഗീകരിച്ച് ആരാധിക്കാൻ ഇസ്രായേൽ ജനത്തെ നിർബ്ബന്ധിക്കുകയും, വഴങ്ങാത്തവരെ കഠിനമായി പീഡിപ്പിക്കുകയും ചെയ്തത്. ബി.സി. 167-164 കാലഘട്ടത്തിലായിരുന്നു അത്.

യേശുവിനെ ലോകത്തിന്റെ പ്രകാശമായി, അഥവാ രക്ഷ

യുടെ ഉദയമായി ഏറ്റുപറയുന്ന തിരുനാളാണ് ദനഹാ-എപ്പിഫനി. എന്നാൽ യേശുവിന്റെ ജീവിതത്തിലെ ഏതു സംഭവത്തെയാണ് ഈ തിരുനാൾ അനുസ്മരിക്കുന്നത് എന്ന കാര്യത്തിൽ പാശ്ചാത്യ-പൗരസ്ത്യ സഭകൾ തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ട്. കിഴക്കുനിന്ന് വന്ന ജ്ഞാനികൾക്ക് യേശു ലോകരക്ഷകനും യഹൂദരുടെ രാജാവുമായി പ്രത്യക്ഷപ്പെട്ട സംഭവത്തെയാണ് ലത്തീൻ ആരാധന ക്രമത്തിൽ അനുസ്മരിക്കുന്നത്. പൗരസ്ത്യ സഭകളാകട്ടെ യേശുവിന്റെ ജ്ഞാനസ്നാന വേളയിൽ ഉണ്ടായ വെളിപ്പെടുത്തലിന്റെ ഓർമ്മ ആഘോഷിക്കുന്നു.

മധ്യകേരളത്തിലെ ചില ഭാഗങ്ങളിൽ ഈ തിരുനാൾ *"പിണ്ടി കുത്തിപ്പെരുന്നാൾ"* എന്ന പേരിലാണ് അറിയപ്പെടുന്നത്. വാഴപ്പിണ്ടിയിൽ പന്തങ്ങൾ കുത്തിനിർത്തി, *ഏൽപയ്യാ* (ദൈവം പ്രകാശമാകുന്നു) എന്നു പാടിക്കൊണ്ട്, അതിനുചുറ്റും നൃത്തം വയ്ക്കുന്ന ഒരു ആചാരത്തിൽ നിന്നാണ് ഈ പേരുണ്ടായത്. മറ്റു ചില പ്രദേശങ്ങളിൽ *"രാക്കുളിപ്പെരുന്നാൾ"* എന്ന പേരിൽ ഈ തിരുനാൾ അറിയപ്പെടുന്നു. ജോർദ്ദാനിൽ വച്ച് യേശു സ്നാനം സ്വീകരിച്ചതിന്റെ ഓർമ്മ ആചരിക്കാനായി ജനുവരി 5-ാം തിയതി സന്ധ്യയ്ക്ക് അടുത്തുള്ള ജലാശയത്തിൽ പോയി വിശ്വാസികൾ കുളിച്ചിരുന്നു. അതിൽ നിന്നാണ് *"രാക്കുളി"* എന്ന പേരുണ്ടായത്.

ഇന്നത്തെ വായനയ്ക്കായി നിർദ്ദേശിച്ചിരിക്കുന്നത് മത്തായി എഴുതിയ സുവിശേഷത്തിലെ യേശുവിന്റെ ജ്ഞാനസ്നാനത്തിന്റെ വിവരണമാണ്. ജ്ഞാനസ്നാനം മാത്രം വിവരിക്കുന്ന ഹ്രസ്വമായൊരു വായനയും (മത്താ 3,13-17) അതിന്റെ സാഹചര്യം കൂടി വിവരിക്കുന്ന കൂടുതൽ ദീർഘമായ വായനയും ഐഛികമായി നിർദ്ദേശിച്ചിട്ടുണ്ട്. ഏലിയാ പ്രവാചകനെ അനുസ്മരിപ്പിക്കുന്ന വേഷത്തിൽ പ്രത്യക്ഷപ്പെട്ട യോഹന്നാന്റെ പ്രസംഗമാണ് മാമ്മോദീസായൂടെ പശ്ചാത്തലമായി സുവിശേഷകൻ അവതരിപ്പിച്ചിരിക്കുന്നത് (3,1-12). പൂർവ്വികരെയും വിശ്വാസപാരമ്പര്യങ്ങളെയും കുറിച്ചുള്ള അവകാശവാദങ്ങളും വെറും ബാഹ്യമാത്രമായ അനുഷ്ഠാനങ്ങളുമല്ല, യഥാർത്ഥ ഹൃദയ പരിവർത്തനമാണ് രക്ഷ (രക്ഷകനെ) സ്വീകരിക്കാൻ ആവശ്യം എന്ന് യോഹന്നാൻ തറപ്പിച്ചു പറഞ്ഞു. തുടർന്നാണ് മാമ്മോദീസായും അതുമായി ബന്ധപ്പെട്ട സംഭവങ്ങളും വിവരിക്കുന്നത്.

സമാന്തര സുവിശേഷങ്ങൾ മൂന്നും യേശുവിന്റെ ജ്ഞാന സ്നാനം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആ വിവരണങ്ങളിൽ ചില വ്യത്യാസങ്ങൾ കാണാം. യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ യേശുവിന്റെ ജ്ഞാനസ്നാനത്തെക്കുറിച്ചു സൂചനയുണ്ടെങ്കിലും സംഭവം വിവരിച്ചിട്ടില്ല. യേശുവും സ്നാപകനും തമ്മിലുള്ള ബന്ധവും വ്യത്യാസവുമാണ് ഈ വ്യത്യാസങ്ങളുടെ കാരണം.

യേശുവിന്റെ മഹത്വീകരണത്തിനു ശേഷമുള്ള ആദ്യദശകങ്ങളിൽ ക്രിസ്തു ശിഷ്യന്മാർക്കു സമാന്തരമായി സ്നാപകശിഷ്യന്മാരും ഉണ്ടായിരുന്നു. തങ്ങളുടെ ഗുരുവായ യോഹന്നാനാണ് യേശുവിനെക്കാൾ വലിയവൻ, കാരണം യേശുവിനു സ്നാനം നൽകിയത് യോഹന്നാനാണ്. അതിനാൽ യേശുവിനെയല്ല, യോഹന്നാനെയാണ് രക്ഷകനും മിശിഹായും ആയി കരുതേണ്ടത് എന്ന് അവർ വാദിച്ചു. യേശു യോഹന്നാനിൽനിന്നു സ്നാനം സ്വീകരിച്ചു എന്ന ചരിത്ര വസ്തുത നിഷേധിക്കാനാവില്ല. അപ്പോൾ എങ്ങനെയാണ് സ്നാനം സ്വീകരിച്ച യേശു സ്നാനം നൽകിയ യോഹന്നാനെക്കാൾ വലിയവനാണ് എന്നു സമർത്ഥിക്കുക? അതാണ് മാമ്മോദീസായെയും യോഹന്നാനെയും കുറിച്ച് സുവിശേഷങ്ങൾ നൽകുന്ന വിവരണങ്ങളിൽ സൂചിപ്പിക്കുന്നത്.

റോമിൽ വച്ചു സുവിശേഷം എഴുതിയ മർക്കോസിന് ഇത് ഒരു പ്രശ്നമേ ആയിരുന്നില്ല. അതിനാൽ യാതൊരു വിശേഷണവും ശങ്കയും കൂടാതെ മർക്കോസ് എഴുതി: "യേശു ജോർദ്ദാനിൽ വച്ച് യോഹന്നാനിൽനിന്നു സ്നാനം സ്വീകരിച്ചു" (മർക്കോ 1,9). യോഹന്നാനും യേശുവും തമ്മിൽ ഒരു സംഭാഷണം ചേർത്തുകൊണ്ട് മത്തായി പ്രശ്നം പരിഹരിച്ചു. യേശു തന്നെക്കാൾ വലിയവനാണെന്നും താനാണ് യേശുവിൽനിന്നു സ്നാനം സ്വീകരിക്കേണ്ടത് എന്നും ഏറ്റു പറയുന്ന യോഹന്നാൻ യേശുവിന്റെ വിശദീകരണത്തിനും നിർബന്ധത്തിനും വഴങ്ങിയാണ് മാമ്മോദീസാ നൽകിയത്. "സർവ്വനീതിയും പൂർത്തിയാക്കുക" (മത്താ 3,15) എന്നാൽ ദൈവഹിതം പൂർണ്ണമായും അനുസരിക്കുക എന്നർത്ഥം. യേശു യോഹന്നാനിൽനിന്നു സ്നാനം സ്വീകരിക്കണം എന്നത് ദൈവഹിതമായിരുന്നു, അതിനാൽ യോഹന്നാനാണ് വലിയവൻ എന്ന വാദത്തിന് അടിസ്ഥാനമില്ല.

ലൂക്കാ മറ്റൊരു വിധത്തിലാണ് നീങ്ങിയത്. സ്നാപകനെ ജയിലിൽ അടച്ചതിന്റെ വിവരണത്തിനുശേഷം യേശുവിന്റെ മാമ്മോദീസാ അവതരിപ്പിക്കുന്നതിനാൽ സ്നാപകനിൽനിന്നു സ്നാനം സ്വീകരിച്ചു എന്നു പറയുന്നില്ല, ധ്വനി അതാണെങ്കിലും. ഈ പ്രക്രിയയിൽ അവസാനത്തേതാണ് നാലാം സുവിശേഷത്തിന്റെ അവതരണരീതി. അവിടെ സ്നാപകൻ തന്നെ അനേകം തവണ താൻ ക്രിസ്തുവല്ലെന്നും ക്രിസ്തുവിനെ ജനത്തിനു പരിചയപ്പെടുത്താൻ വേണ്ടി മാത്രം വന്നവനാണെന്നും അതിന്റെ ഭാഗമാണ് താൻ നൽകുന്ന സ്നാനമെന്നും വ്യക്തമായി ഏറ്റുപറയുന്നു. തന്നെയുമല്ല യേശുവിന്റെ മേൽ പരിശുദ്ധാത്മാവ് ഇറങ്ങിവരുന്നതു താൻ കണ്ടു. യേശു തന്നെയാണ് ജനം പ്രതീക്ഷിക്കുന്ന രക്ഷകനായ മിശിഹാ; താനാകട്ടെ മിശിഹായെ ജനസമക്ഷം പരിചയപ്പെടുത്തുന്ന വെറും ഒരു സ്വരം മാത്രം (യോഹ 1,19-36).

പാപം ഏറ്റു പറഞ്ഞു സ്നാനം സ്വീകരിക്കുന്ന ജനത്തോടൊപ്പം വന്ന് യേശു സ്നാനം സ്വീകരിച്ചത് പാപികളായ മനുഷ്യരോടുള്ള ഐക്യദാർഢ്യം പ്രകടിപ്പിക്കലായിരുന്നു. മാത്രമല്ല, ലോകത്തിന്റെ പാപം ഏറ്റുവാങ്ങി, സ്വയം ബലിയായി അർപ്പിച്ച്, മനുഷ്യവർഗ്ഗത്തിനു മുഴുവൻ പാപമോചനവും രക്ഷയും ലഭ്യമാക്കുക എന്നത് ദൈവികപദ്ധതിയുടെ ഭാഗമായിരുന്നു എന്നു വ്യക്തമാക്കിയതിനുശേഷമാണ് ജ്ഞാനസ്നാനവും അതോടനുബന്ധിച്ചുണ്ടായ സംഭവങ്ങളും വിവരിക്കുന്നത്. സമാന്തര സുവിശേഷങ്ങൾ മൂന്നും ഇവയെല്ലാം വിവരിക്കുന്നുണ്ടെങ്കിലും അവ തമ്മിൽ ചില വ്യത്യാസങ്ങൾ കാണാം.

സ്നാനം സ്വീകരിച്ചു, വെള്ളത്തിൽ നിന്നു കയറി, സ്വർഗ്ഗം തുറക്കപ്പെട്ടു, പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങി വന്നു, സ്വർഗ്ഗത്തിൽനിന്ന് മുഴങ്ങിയ സ്വരം യേശുവിനെ ദൈവ പുത്രനായി പ്രഖ്യാപിച്ചു-ഇത്രയുമാണ് സംഭവങ്ങൾ. ഇവയിൽ ഓരോന്നും അല്പം അടുത്തു പരിശോധിക്കുന്നത് അർത്ഥവും സുവിശേഷകൻ നൽകുന്ന ഊന്നലും ഗ്രഹിക്കാൻ സഹായിക്കും.

**1. സ്നാനം:** യോഹന്നാനിൽനിന്ന് യേശു സ്വീകരിച്ച സ്നാനം ഒരു സാഹചര്യം മാത്രമാണ്. സ്നാനം സ്വീകരിച്ചതു വഴിയോ, അതു മൂലമോ അല്ല യേശുവിന്റെ മേൽ പരിശുദ്ധാത്മാവ് ആവസിച്ചത്. യേശു പാപികളോട് താദാത്മ്യപ്പെട്ടു; സ്വയം

ശൂന്യവൽക്കരിച്ചു. പിതാവിന്റെ ഹിതത്തിനു പൂർണ്ണമായും വഴങ്ങി -ഇതെല്ലാമാണ് സ്നാനംകൊണ്ട് അർത്ഥമാക്കുക. യോഹന്നാൻ ജലംകൊണ്ട് സ്നാനം നൽകിയത് പാപമോചനം സ്വീകരിക്കാൻ ഒരുക്കുന്നതിനുവേണ്ടിയാണ്. ആ സ്നാനം പാപമോചനം നൽകിയില്ല; പരിശുദ്ധാത്മാവിനെയും നൽകിയില്ല. വെള്ളത്തിൽനിന്നു കയറുമ്പോഴാണ് മറ്റു കാര്യങ്ങൾ സംഭവിക്കുന്നത്.

**2. യേശു വെള്ളത്തിൽനിന്നു കയറി:** ഉടനെ കയറി എന്ന് മർക്കോസിനെ അനുകരിച്ച് മത്തായിയും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൂക്കാ ഒന്നുകൂടി കൂട്ടിച്ചേർക്കുന്നു; "അവൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ" (ലൂക്കാ 3,21). ലൂക്കാ അനേകം തവണ രേഖപ്പെടുത്തിയിട്ടുള്ളതാണ് യേശുവിന്റെ പ്രാർത്ഥന. അതിന്റെ തുടക്കം ഇവിടെ കാണാം. യോഹന്നാൻ നൽകിയ സ്നാനത്തിന്റെ ഫലമല്ല, യേശുവിന്റെ പ്രാർത്ഥനയാണ് തുടർന്നുള്ള സംഭവങ്ങൾക്കു കാരണം എന്ന് ലൂക്കാ സൂചിപ്പിക്കുന്നു.

**3. സ്വർഗ്ഗം തുറക്കപ്പെട്ടു:** മത്തായിയും ലൂക്കായും "സ്വർഗ്ഗം തുറക്കപ്പെട്ടു" എന്നത് ഒരു സംഭവമോ വസ്തുതയോ ആയി അവതരിപ്പിക്കുമ്പോൾ സ്വർഗ്ഗം പിളരുന്നതായി യേശു കണ്ടു എന്നാണ് മർക്കോസ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇവിടെ യേശുവിന്റെ വ്യക്തിപരമായ ഒരനുഭവമായി ഇതിനെ കാണുന്നു. ആദിമനുഷ്യന്റെ പാപമൂലം അടയ്ക്കപ്പെട്ട സ്വർഗ്ഗവാതിൽ ഇപ്പോൾ യേശുവിലൂടെ തുറക്കപ്പെടുന്നു; അറ്റുപോയ ദൈവ-മനുഷ്യ ബന്ധം പുനഃസ്ഥാപിക്കപ്പെടുന്നു എന്ന സൂചനയാണിതുവഴി നൽകുന്നത്. ഇതിനു വേണ്ടിയാണ് യേശു അയയ്ക്കപ്പെട്ടത്; ഈ ദൗത്യത്തിന്റെ തുടക്കമാണ് ഇവിടെ സംഭവിക്കുന്നത്.

**4. പരിശുദ്ധാത്മാവിന്റെ ആഗമനം:** "പ്രാവിന്റെ രൂപത്തിൽ" എന്ന് സമാന്തര സുവിശേഷങ്ങൾ മൂന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രാവിന്റെ രൂപം ഒരു പ്രതീകമാണ്. ദൈവപുത്രൻ മനുഷ്യനായി അവതരിച്ചതുപോലെ പരിശുദ്ധാത്മാവ് പ്രാവായി അവതരിച്ചു എന്ന് ഇതിനർത്ഥമില്ല. പരിശുദ്ധാത്മാവിന്റെ ആഗമനോദ്ദേശ്യം വ്യക്തമാക്കുന്ന ഈ പ്രതീകം രണ്ടു സൂചനകൾ നൽകുന്നു. പ്രളയം അവസാനിച്ചു എന്നതിന്റെ അടയാളമായി ഒലിവില കൊത്തിക്കൊണ്ട് നോഹയുടെ പേടകത്തിലേക്കു വരുന്നതാണ് (ഉൽപ 8,11) പ്രാവിന്റെ ഒരു പ്രതീകം. ദൈവത്തോടു രമ്യതപ്പെടുന്നതിലൂടെ മനുഷ്യവർഗ്ഗത്തിന് യഥാർത്ഥവും ശാശ്വതവുമായ

സമാധാനം നൽകാൻ യേശുവിൽ പരിശുദ്ധാത്മാവ് പ്രവർത്തിക്കും എന്നതാവാം ഈ പ്രതീകത്തിന്റെ അർത്ഥം. എന്നാൽ അതു മാത്രമല്ല. പ്രാവിനെ ഇസ്രായേൽ ജനത്തിന്റെ പ്രതീകമായി കാണുന്ന ബൈബിൾ ഭാഗങ്ങളുണ്ട് (ഉദാ: ഹോസി 7,11). വിവേക ശൂന്യയായ ഇസ്രായേലിനു പകരം ദൈവത്തിനു സ്വീകാര്യവും വിശ്വസ്തവുമായ ഒരു ജനത്തെ വാർത്തെടുക്കാൻ യേശുവിനെ ഒരുക്കുന്നു എന്ന സൂചനയും ഈ പ്രാവിന്റെ രൂപത്തിലുണ്ട്.

പരിശുദ്ധാത്മാവ് ഇറങ്ങിവരുന്നത് അവൻ കണ്ടു എന്നാണ് മത്തായിയും മർക്കോസും രേഖപ്പെടുത്തിയിരിക്കുന്നത്. അത് യേശുവിന്റെ വ്യക്തിപരമായ അവബോധത്തിലേക്ക്, താൻ പരി ശുദ്ധാത്മാവിനാൽ അഭിക്ഷിക്തനായിരിക്കുന്നു, ശാക്തീകരിക്ക പ്പെട്ടിരിക്കുന്നു എന്ന അവബോധത്തിലേക്ക്, ഇത് വിരൽചൂ ണ്ടുന്നു. ലൂക്കായിലാകട്ടെ പരിശുദ്ധാത്മാവ് അവന്റെ മേൽ ഇറ ങ്ങിവന്നു എന്നു വസ്തുനിഷ്ഠമായി പ്രസ്താവിക്കുന്നു. ഇത് പരിശുദ്ധാത്മാഭിഷേകമായി പിന്നീട് സുവിശേഷകൻ എടുത്തു കാട്ടുന്നുണ്ട് (ലൂക്കാ 4,18; അപ്പ 10,38).

**5. സ്വർഗ്ഗത്തിൽനിന്നു സ്വരം:** മർക്കോസ്, ലൂക്കാ സുവി ശേഷങ്ങൾ ഇത് ഒരു വസ്തുതയായി അവതരിപ്പിക്കുമ്പോൾ മത്തായി അല്പം വ്യത്യസ്തമായിട്ടാണ് ഇക്കാര്യം രേഖപ്പെടു ത്തിയിരിക്കുന്നത്: "സ്വർഗ്ഗത്തിൽ നിന്നു സ്വരം കേട്ടു". കേട്ടത് ആരെന്നു പറയാത്തതിനാൽ എല്ലാവർക്കും കേൾക്കാൻ കഴിയു ന്നതായിരുന്ന സ്വരം എന്നനുമാനിക്കാം. സ്വർഗ്ഗത്തിൽനിന്നു മുഴ ങ്ങിയത് ദൈവത്തിന്റെ സ്വരമാണ്. അവസാനത്തെ പ്രവാചക നായ മലാക്കിയുടെ മരണത്തോടെ ദൈവസ്വരം കേൾക്കാതായി എന്ന് യഹൂദർ വിശ്വസിച്ചിരുന്നു. ആ സ്വരം വീണ്ടും കേൾക്കാൻ കഴിയുന്നത് ദൈവ-മനുഷ്യബന്ധം പുനഃസ്ഥാപിക്കുന്നതിന്റെ അട യാളമാണ്.

**6. യേശു-ദൈവപുത്രൻ:** തുറന്ന സ്വർഗ്ഗത്തിൽനിന്നു മുഴ ങ്ങിയ സ്വരം യേശുവിനെ ദൈവപുത്രനായി പ്രഖ്യാപിക്കുന്നു. ഇത് വസ്തുനിഷ്ഠമായ ഒരു സംഭവമായി മത്തായി അവതരിപ്പി ക്കുമ്പോൾ യേശു മാത്രം കേട്ട, യേശുവിനുണ്ടായ, ഒരാന്തരിക അനുഭവം എന്ന മട്ടിലാണ് മർക്കോസും ലൂക്കായും രേഖപ്പെടു ത്തിയിരിക്കുന്നത്. "ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (മത്താ 3,17) എന്ന പ്രഖ്യാപനം പിതാ

വായ ദൈവം തന്നെ യേശുവിനു സാക്ഷ്യം നൽകുന്നു, അഥവാ യേശുവിനെ ദൈവപുത്രനായി ജനങ്ങൾക്കു പരിചയപ്പെടുത്തുന്നു എന്ന സൂചനയാണ് നൽകുന്നത്.

സ്വർഗ്ഗത്തിൽ നിന്നു മുഴങ്ങിയ ഈ സ്വരം പഴയനിയമത്തിലെ രണ്ടു വാക്യങ്ങൾ സംയോജിപ്പിച്ചതാണെന്നു ബൈബിൾ വ്യാഖ്യാതാക്കൾ കരുതുന്നു: "നീ എന്റെ പ്രിയപുത്രൻ, ഇന്നു ഞാൻ നിനക്കു ജന്മം നൽകി" (സങ്കീ 2,7), ഇതാണ് ഒരു വചനം. "പ്രിയപുത്രൻ" എന്ന വിശദീകരണം സങ്കീർത്തനത്തിൽ രാജാവിനെയാണ് സൂചിപ്പിക്കുക. രാജാവായി അഭിഷേചിക്കപ്പെടുന്ന വ്യക്തിയോട് അഭിഷേകം നൽകുന്ന പുരോഹിതൻ പറയുന്നതാണ് ഈ വാക്യം. അതു രാജാവിനെ ദൈവത്തിന്റെ ദത്തുപുത്രനായി അവതരിപ്പിക്കുന്നു. പിന്നീട് ഇതു വരാനിരിക്കുന്ന രക്ഷകനായ മിശിഹായെക്കുറിച്ചുള്ള ഒരു പ്രവചനമായി പരിഗണിക്കപ്പെട്ടു. യേശുവിൽ പൂർത്തിയാകുമ്പോൾ ദത്തുപുത്രനായിട്ടല്ല, യഥാർത്ഥ പുത്രനായിട്ടാണ് ഈ പ്രവചനം വ്യാഖ്യാനിക്കപ്പെടുന്നത്.

സ്വർഗത്തിൽനിന്നു മുഴങ്ങിയ സ്വരത്തിന്റെ രണ്ടാം ഭാഗം ഏശയ്യായുടെ പുസ്തകത്തിലെ ദാസഗീതികൾ എന്നറിയപ്പെടുന്ന നാലുകീർത്തനങ്ങളിൽ ആദ്യത്തേതിന്റെ ഒന്നാം വാക്യത്തിന്റെ ഭാഗമാണ്. "ഇതാ ഞാൻ താങ്ങുന്ന എന്റെ ദാസൻ, ഞാൻ തിരഞ്ഞെടുത്ത എന്റെ പ്രീതിപാത്രം" (ഏശ 42,1). വചനത്തിലൂടെ ജനതകൾക്കു പ്രകാശവും, സഹനവും മരണവും വഴി രക്ഷയും നൽകാനായി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയാണ് ഏശയ്യായുടെ ഗീതങ്ങളിലെ ദാസൻ. യേശുവിൽ പൂർത്തിയായ പ്രവചനങ്ങളായി ഈ ഗീതങ്ങളെ പുതിയ നിയമം വ്യാഖ്യാനിക്കുന്നുണ്ട് (അപ്പ 8,32-35). ഹീബ്രുവിൽ *ഏബെദ്* (Ebed) എന്നും ഗ്രീക്കിൽ *പയിസ്* (Pais) എന്നും ഉള്ള വാക്കാണ് "ദാസൻ" എന്നു വിവർത്തനം ചെയ്യുന്നത്. എന്നാൽ ഈ വാക്കു തന്നെ "പുത്രൻ" എന്നും വിവർത്തനം ചെയ്യാം, മലയാളത്തിലെ "പയ്യൻ" എന്ന വാക്കുപോലെ.

മേൽ വിവരിച്ച രണ്ട് ബൈബിൾ ഭാഗങ്ങൾ ഒരുമിച്ച് സ്വർഗ്ഗത്തിൽനിന്നു മുഴങ്ങിയ പിതാവിന്റെ സ്വരമായി അവതരിപ്പിക്കുന്നതിലൂടെ യേശുവിന്റെ യഥാർത്ഥ വ്യക്തിത്വത്തെയും ദൗത്യത്തെയും സംബന്ധിച്ച വ്യക്തമായ സൂചനകളാണ് സുവിശേഷ

കൻ നൽകുന്നത്. പുത്രൻ എന്ന വിശേഷണം യേശുവിനെ ഒരേ സമയം ദൈവപുത്രനും ഇസ്രായേൽ ജനം പ്രതീക്ഷിച്ചിരുന്ന ദാവീദിന്റെ പുത്രനായ മിശിഹാ രാജാവുമായി ചിത്രീകരിക്കുന്നു. അതേസമയം ദൈവപ്രീതിയെ സംബന്ധിച്ച പരാമർശം യേശുവിന്റെ പ്രവാചക ദൗത്യത്തെയും രക്ഷാകര സഹന-മരണ-ഉത്ഥാനത്തെയും സൂചിപ്പിക്കുന്നു. "ഇവൻ എന്റെ പ്രിയപുത്രൻ" എന്ന പ്രഖ്യാപനത്തിലൂടെ യേശു ആരെന്ന് വിശ്വാസികൾ അറിയണം. യേശുവിനെ മിശിഹായും രക്ഷകനുമായി ഏറ്റു പറയുന്ന ക്രൈസ്തവരെ ഉദ്ദേശിച്ചാണല്ലോ സുവിശേഷം രചിക്കപ്പെട്ടിരിക്കുന്നത്.

യേശുവിന്റെ വ്യക്തിത്വവും ദൗത്യവും മാത്രമല്ല ഈ സംഭവത്തിലൂടെ വെളിപ്പെടുക. ത്രിയേകദൈവം, അഥവാ പരിശുദ്ധ ത്രിത്വം എന്ന സത്യം തന്നെ ഇവിടെ അനാവരണം ചെയ്യപ്പെടുന്നു. തുറന്ന സ്വർഗ്ഗത്തിൽനിന്ന് പിതാവിന്റെ സ്വരം മുഴങ്ങുന്നു; യേശു ദൈവപുത്രനായി പ്രഖ്യാപിക്കപ്പെടുന്നു; പരിശുദ്ധാത്മാവ് അവന്റെ മേൽ ആവസിച്ച് സുവിശേഷ പ്രഘോഷണത്തിനും രക്ഷണീയ ദൗത്യത്തിനും വേണ്ടി ശക്തിപ്പെടുത്തുന്നു. ഒരേ ദൈവം-മൂന്നാളുകൾ. മൂന്നു വ്യത്യസ്ത പ്രവൃത്തികൾ, അഥവാ ദൗത്യങ്ങൾ-എല്ലാറ്റിന്റെയും ലക്ഷ്യം ഒന്നുമാത്രം-ദൈവ-മനുഷ്യ ഐക്യം. നിത്യരക്ഷ, നിത്യജീവൻ.

ദൈവത്തിന്റെ പ്രത്യക്ഷീകരണമാണ് ദനഹാ. ലോകത്തിന്റെ പ്രകാശമായി യേശുവിനെ അവതരിപ്പിക്കുന്ന ദിവസം. അതിനാൽ ഇതിനെ പ്രകാശത്തിന്റെ തിരുനാൾ എന്നും വിശേഷിപ്പിക്കാം. "അന്ധകാരത്തിൽ കഴിഞ്ഞ ജനം മഹത്തായ ഒരു പ്രകാശം കണ്ടു..." (ഏശ 9,2) എന്ന പ്രവചനം യേശുവിൽ പൂർത്തിയാവുകയാണ്. അവനാണ് ജനതകൾക്കു പ്രകാശം (ഏശ 42,7;49,6). ലോകജനതകൾ സഹസ്രാബ്ദങ്ങളായി പ്രാർത്ഥനാപൂർവ്വം കാത്തിരുന്ന പ്രകാശമാണ് യേശു. ഈ പ്രാർത്ഥനയാണല്ലോ നമ്മുടെ പൂർവ്വികരായ ഋഷിമാർ നിരന്തരം ഉരുവിട്ടിരുന്നത്, ഭാരതീയർ ഇന്നും ഉരുവിടുന്നത്; "തമസോമ ജ്യോതിർഗമയ". ഈ പ്രാർത്ഥനയ്ക്കുള്ള ഉത്തരമാണ് ജോർദ്ദാനിൽ, തുറന്ന സ്വർഗ്ഗത്തിൽനിന്നു മുഴങ്ങിയത്.

യേശുവിനെ ലോകത്തിന്റെ പ്രകാശമായി ഏറ്റു പറയുന്നതിനാൽ ദനഹാത്തിരുനാളിനെ പ്രകാശത്തിന്റെ ആഘോഷമായും

കാണണം. ഒരു പക്ഷേ നമ്മുടെ നാട്ടിൽ ഇന്നും വ്യാപകമായി ആഘോഷിക്കപ്പെടുന്ന “ദീപാവലിയും” “വിഷു”വും യേശുവാകുന്ന പ്രകാശത്തിനുവേണ്ടിയുള്ള ദാഹവും പ്രതീക്ഷയുമല്ലേ, അറിയാതെതന്നെ, ഏറ്റുപറയുന്നത് എന്നതും ചിന്തനീയമത്രേ. ഓണാഘോഷം “മഹാബലി”യുടെ അനുസ്മരണമാണെങ്കിൽ ലോകം കണ്ട ഏറ്റം വലിയ ബലി യേശുവിന്റേതാണല്ലോ. അപ്പോൾ അർത്ഥമറിയാതെ യേശുവിന്റെ ബലിയും അതിലൂടെ സാക്ഷാൽകൃതമായ ദൈവരാജ്യവും തിരുവോണത്തിൽ അന്തർ ലീനമായിരിക്കുന്ന ദൈവികപദ്ധതിയുടെ പൂർത്തീകരണമായി കരുതാനാവും. അതുപോലെത്തന്നെ പ്രകാശത്തിനുവേണ്ടിയുള്ള പ്രാർത്ഥനയും പ്രകാശത്തിന്റെ ആഘോഷവും യേശുവിന്റെ ദന ഹായിൽ സഫലമാകുന്നു എന്നു കരുതാനാവില്ലേ? തങ്ങൾ അറി യാതെ ആരാധിച്ച അജ്ഞാത ദൈവമായി യേശുവിനെ ഗ്രീക്കു കാരുടെ സദസിൽ അവതരിപ്പിച്ച വി. പൗലോസിന്റെ സുവിശേഷ പ്രഘോഷണം (അപ്പ 17,23) നമുക്കു മാതൃകയാക്കിക്കൂടേ?

നാം സ്വീകരിച്ച ജ്ഞാനസ്നാനത്തെ അനുസ്മരിക്കാനും ധ്യാനവിഷയമാക്കാനുമുള്ള ഒരവസരം കൂടിയാകട്ടെ ദനഹാത്തി രുനാൾ. പരിശുദ്ധാത്മാവിലൂടെ, യേശുക്രിസ്തുവഴി, ദൈവമക്ക ളായി നാം പുനർജനിച്ച, അഥവാ ദത്തെടുക്കപ്പെട്ട അവസരമാണ് നാം സ്വീകരിച്ച മാമ്മോദീസാ. അതുവഴി ദൈവത്തെ അബ്ബാ, പിതാവേ എന്ന് വിളിക്കാൻ നമുക്ക് അവകാശം ലഭിച്ചിരിക്കുന്നു. (റോമാ 8,15) നമുക്ക് ദൈവം നൽകിയിരിക്കുന്ന യഥാർത്ഥ മഹ ത്വത്തെക്കുറിച്ച് അവബോധം ഉൾക്കൊള്ളുന്നതോടൊപ്പം, ദൈവ മക്കൾക്കു യോജിച്ച വിധത്തിൽ ജീവിക്കാനുള്ള ആഹ്വാനവും ദനഹാത്തിരുനാളിൽ മുഴങ്ങുന്നുണ്ട്. കണ്ണുതുറക്കാം, യേശുവാ കുന്ന പ്രകാശത്തിലേക്ക്; കാതോർക്കാം അവിടുത്തെ ശബ്ദ ത്തിന്.

# 9

### ദനഹാ 1 – ാം ഞായർ

## ദരിദ്രർക്ക് സദ്വാർത്ത

### (ലൂക്കാ 4,16 – 22)

യേശുവിന്റെ നയപ്രഖ്യാപനം (*നസ്രത്ത് മാനിഫെസ്റ്റോ*) എന്ന് ബൈബിൾ വ്യാഖ്യാതാക്കൾ വിശേഷിപ്പിക്കാറുള്ള ഒരു സുവിശേഷഭാഗമാണ് ഇന്നത്തെ പരിചിന്തനത്തിനായി സഭ നിർദ്ദേശിച്ചിരിക്കുന്നത്. ജനതകൾക്കു പ്രകാശമായി യേശുവിനെ അവതരിപ്പിക്കുന്ന ദനഹാതിരുന്നാളിനു തൊട്ടു പിന്നാലെ വരുന്ന ഞായറാഴ്ച ഈ സുവിശേഷഭാഗം ധ്യാനത്തിനായി നിർദ്ദേശിക്കുന്നതിലൂടെ എപ്രകാരമാണ് യേശു ലോകത്തിനു പ്രകാശമാകുന്നത് എന്നു പഠിപ്പിക്കുന്നു. ജോർദ്ദാനിലെ സ്നാനവേളയിൽ പരിശുദ്ധാത്മാവ് യേശുവിന്റെ മേൽ ഇറങ്ങിവന്നു. സ്വർഗ്ഗത്തിൽനിന്നു മുഴങ്ങിയ പിതാവിന്റെ സ്വരം യേശുവിനെ ദൈവപുത്രനായി ഏറ്റുപറഞ്ഞു. പരിശുദ്ധാത്മാവിനാലുള്ള അഭിഷേകവും പരസ്യ ജീവിതത്തിനുള്ള അടുത്ത ഒരുക്കവുമായിരുന്നു ഈ സംഭവം. പരിശുദ്ധാത്മാവുതന്നെയാണ് യേശുവിനെ മരുഭൂമിയിലേക്കു നയിച്ചതും തിന്മയുടെ ശക്തിയെ പരാജയപ്പെടുത്താൻ സഹായിച്ചതും. പിതാവിനോടും അവിടുത്തെ തിരുഹിതത്തോടും പരിപൂർണ്ണ വിശ്വസ്തതയും വിധേയത്വവും പ്രഖ്യാപിച്ചുകൊണ്ട് യേശു പ്രലോഭകനെ പരാജയപ്പെടുത്തി; പരീക്ഷണങ്ങളിൽ വിജയിച്ചു.

അതേ ആത്മാവിന്റെ ശക്തിയോടെയാണ് യേശു ഗലീലിയിലേക്കു മടങ്ങിയതും സുവിശേഷ പ്രഘോഷണം ആരംഭിച്ചതും (ലൂക്കാ 4,14–15). പരസ്യജീവിതത്തിന്റെ തുടക്കത്തിൽ മൂന്നുതവണ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ചു സൂചിപ്പി

ച്ചുകൊണ്ട് (ലൂക്കാ 3,22; 4,1.14) യേശുവിന്റെ ജീവിതത്തിലും പ്രവർത്തനങ്ങളിലും പ്രബോധനങ്ങളിലും പരിശുദ്ധാത്മാവിന്റെ നിരന്തര സാന്നിധ്യവും വഴിനടത്തലും ഉണ്ടായിരുന്നു എന്ന് ലൂക്കാ ഊന്നിപ്പറയുന്നു. അങ്ങനെ മനുഷ്യനായി അവതരിച്ച യേശു, പിതാവും പരിശുദ്ധാത്മാവുമായുള്ള നിരന്തര ബന്ധത്തിലാണ് ജീവിച്ചതും പ്രവർത്തിച്ചതും; യേശുവിലൂടെ പ്രകടമാകുന്നത് ത്രിയേകദൈവമാണ്, അവിടുത്തെ പ്രവർത്തനങ്ങളാണ് എന്ന് സുവിശേഷകൻ എടുത്തുകാട്ടുന്നു.

മത്തായിയും (13,53–58) മർക്കോസും (6,1–6) യേശു നസ്രത്തിലേക്ക് വരുകയും അവിടെ നിന്നു തിരസ്കരിക്കപ്പെടുകയും ചെയ്ത ഒരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അത് പരസ്യജീവിതത്തിന്റെ ഏതാണ്ട് പകുതിക്കാലത്തോടെ സംഭവിച്ചതായിട്ടാണ് ഇരുവരും പറയുന്നത്. ലൂക്കായാകട്ടെ നസ്രത്തു സംഭവത്തെ യേശുവിന്റെ പ്രവർത്തനങ്ങളുടെ തുടക്കമായി ചിത്രീകരിക്കുന്നു. അതിനുമുമ്പ് യേശു പലേടത്തും പ്രവർത്തിച്ചുകഴിഞ്ഞിരുന്നു എന്ന സൂചന (ലൂക്കാ 4,14–15) നൽകുന്നുണ്ടെങ്കിലും ഒരു പ്രവർത്തനത്തിന്റെ വിവരണം ആദ്യമായി നൽകുന്നത് ഇവിടെയാണ്. തന്നെയുമല്ല, ഇതര സുവിശേഷങ്ങളെക്കാൾ വളരെ ദീർഘവുമാണ് ലൂക്കായുടെ അവതരണം.

യേശു ആരാണ്, എന്താണ് അവന്റെ ദൗത്യം, എന്തായിരിക്കും ആ ദൗത്യത്തിന്റെ പരിണതഫലം, യേശുവിന് എന്തു സ്വീകരണമായിരിക്കും സ്വജനങ്ങൾക്കു മധ്യേ ലഭിക്കുക എന്നെല്ലാം സൂചിപ്പിക്കുന്ന ഒരു സംഭവമായി ഇതിനെ ലൂക്കാ അവതരിപ്പിക്കുന്നു. യേശുവിന്റെ മാത്രമല്ല, സുവിശേഷത്തിന്റെ തന്നെ ഗതിവിഗതികൾ എന്തായിരിക്കും എന്നതിലേക്ക് ഒരു സൂചനയും ഇവിടെ നൽകുന്നുണ്ട്. അതിനാൽ സുവിശേഷവും അപ്പസ്തോലപ്രവർത്തനങ്ങളും അടങ്ങുന്ന ലൂക്കായുടെ മൊത്തം രചനയിൽ ഒരു പ്രവേശിക ആയിട്ടാണ് ഈ സംഭവം അവതരിപ്പിച്ചിരിക്കുന്നത്.

നസ്രത്തു സംഭവത്തിനു ലൂക്കായുടെ അവതരണത്തിൽ വ്യക്തമായ രണ്ടു ഭാഗങ്ങളുണ്ട്. അതിൽ ആദ്യഭാഗം മാത്രമാണ് കുർബ്ബാന മധ്യേയുള്ള വായനയ്ക്കായി സഭ നിർദ്ദേശിച്ചിരിക്കുന്നത്. പക്ഷേ ഈ സംഭവത്തിന്റെ ആഴവും അർത്ഥവും ധ്വനികളും ഗ്രഹിക്കണമെങ്കിൽ സംഭവം മുഴുവൻ (4,16–30) ഒരുമിച്ചു

വായിക്കണം. നസ്രത്തിലേക്കു വന്നു, സിനഗോഗിൽ എണീറ്റു നിന്നു (4,16) എന്നു പറഞ്ഞു തുടങ്ങുന്ന വിവരണം അവസാനിക്കുന്നത് അവൻ അവരുടെ ഇടയിലൂടെ നടന്ന് അവിടം വിട്ടു പോയി (4,30) എന്നു പറഞ്ഞുകൊണ്ടാണ്. ഈ വരവും പോക്കും തന്നെ പ്രതീകാത്മകമാണ്; വളരെയേറെ ധ്വനികൾ ഉള്ള ഒരു പ്രയോഗമാണിത്. ഈ വരവിനും പോക്കിനും മധ്യേ എത്രയെത്ര സംഭവങ്ങൾ, പ്രഘോഷണങ്ങൾ, വെളിപ്പെടുത്തലുകൾ, സംഘട്ടനങ്ങൾ, തിരസ്കരണങ്ങൾ!

ശാന്തമായി തുടങ്ങുന്ന സംഭവം സംശയവും തെറ്റിധാരണകളും വഴി സംഘട്ടനത്തിലേക്കും പരസ്പരം തിരസ്കരിക്കുന്നതിലേക്കും എത്തുന്നു. യേശുവിന്റെ പ്രസംഗത്തിൽ വിസ്മയഭരിതരായ ജനം എന്തേ പെട്ടെന്ന് അക്രമാസക്തരാകുകയും അവനെ കൊല്ലാൻ ഉദ്യമിക്കുകയും ചെയ്യുന്നു? വെറും പതിനഞ്ചു വാക്യങ്ങളിൽ ഒതുക്കിപ്പറയുന്ന ഈ സംഭവത്തിൽ ലൂക്കാ വെളിപാടിന്റെ ഒരു വലിയ ചരിത്രം ഒളിപ്പിച്ചു വച്ചിട്ടുണ്ട്. സദ്വാർത്തയായി ഈ ലോകത്തിലേക്കു കടന്നുവന്ന, വരുന്ന, ദൈവവചനത്തിനു മനുഷ്യൻ നൽകുന്ന മറുപടിയും അനന്തരഫലങ്ങളും ഈ ഒരു സംഭവത്തിൽ സൂചിപ്പിക്കുന്നു. അതിനാൽ വിശദമായൊരു അപഗ്രഥനം ആവശ്യപ്പെടുന്നതാണ് ഈ വിവരണം.

*താൻ വളർന്നു വന്ന സ്ഥലം* എന്നു വിശേഷിപ്പിക്കുന്നതിലൂടെ യേശുവിന് നസ്രത്തുമായുള്ള ബന്ധവും സംഭവിക്കാൻ പോകുന്ന കാര്യങ്ങളുടെ പ്രാതിനിധ്യസ്വഭാവവും എടുത്തുകാട്ടുന്നു. സാബത്തു ദിവസം യഹൂദരെല്ലാവരും സിനഗോഗിൽ പ്രാർത്ഥനയ്ക്കായി പോകുമായിരുന്നു. ദീർഘമായ പ്രാർത്ഥനാശുശ്രൂഷ നയിക്കുന്നത് സിനഗോഗധികാരിയായ പുരോഹിതനാണ്. നിയമത്തിൽനിന്നും (പഞ്ചഗ്രന്ഥം) പ്രവാചകന്മാരിൽ നിന്നുമുള്ള വായനകൾക്കായി പന്ത്രണ്ടു വയസു പൂർത്തിയായ ഏതു യഹൂദ പുരുഷനും അവകാശമുണ്ട്, സിനഗോഗധികാരി വായനയ്ക്കായി ആളുകളെ ക്ഷണിക്കുകയാണ് സാധാരണ ചെയ്യുക. വായനയ്ക്കുശേഷം, വായിച്ചുകേട്ട ഭാഗത്തെ ആധാരമാക്കി ഒരു സന്ദേശം നൽകുന്നത് സിനഗോഗധികാരിയാണ്, എന്നാൽ ശ്രദ്ധേയരായി ആരെങ്കിലും പ്രാർത്ഥനാ സമൂഹത്തിലുണ്ടെങ്കിൽ അയാളെ ക്ഷണിക്കുകയും പതിവായിരുന്നു (ഉദാ: അപ്പ 13,14-16).

ഈ പതിവുകൾക്കെല്ലാം വിരുദ്ധമായി, ആരും ക്ഷണി ക്കാതെ, യേശു തന്നെ വായിക്കാനായി എണീറ്റു നിന്നതും വായി ച്ചതിനുശേഷം ഇരുന്നു പ്രസംഗിക്കാൻ തുടങ്ങിയതും ശ്രദ്ധേയ മായി. ഏവർക്കും സുപരിചിതനായ ഈ മരപ്പണിക്കാരൻ എന്താ ണിങ്ങനെ പെരുമാറുന്നത് എന്ന് അവർ അത്ഭുതം കൂറി. അതി നാൽത്തന്നെ എന്താണവൻ പറയാൻ പോകുന്നതെന്ന് എല്ലാ വരും ശ്രദ്ധിച്ചു. വായനയ്ക്കായി തിരഞ്ഞെടുത്ത വചനഭാഗം തന്നെ പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

ഏശയ്യാ 61,1-2 ആണ് വായിച്ച ഭാഗം. പ്രവാസത്തിൽ നിന്നു മടങ്ങി വന്നിട്ടും ക്ലേശങ്ങളും ദാരിദ്ര്യവും അവസാനിക്കാത്തതി നാൽ നിരാശരായ ഒരു ജനത്തോടാണ് മൂന്നാം ഏശയ്യാ എന്ന് ബൈബിൾ പഠിതാക്കൾ വിളിക്കുന്ന ഏശ 56-66 അധ്യായങ്ങ ളുടെ രചയിതാവ് സംവദിക്കുന്നത്. ഇതുവരെ ഉണ്ടായ പ്രവചന ങ്ങൾ നിറവേറാത്തതിനാൽ ഇനിയൊരു പ്രവാചകനെ കേൾക്കാൻ തന്നെ അവർ വിമുഖരായിരുന്നു. അതിനാൽ ദൈവ മാണ് തന്നെ അയച്ചിരിക്കുന്നത് എന്നു ജനത്തെ ബോധ്യപ്പെടു ത്തുക എളുപ്പമായിരുന്നില്ല. അതിനാലാവണം തന്റെ പ്രവാചക ദൗത്യത്തെ മൂന്നു വാക്കുകളിലൂടെ ആവർത്തിച്ചു സ്ഥാപിക്കാൻ ശ്രമിക്കുന്നത്; കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്; അവി ടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു; സുവിശേഷം പ്രഘോഷിക്കാൻ എന്നെ അയച്ചിരിക്കുന്നു.

പ്രവാചകൻ തന്റെ തന്നെ ദൗത്യത്തെക്കുറിച്ചു പറഞ്ഞ ഈ കാര്യങ്ങൾ പിന്നീട്, ഇസ്രായേലിൽ പ്രവാചകർ ഇല്ലാതായൊരു സാഹചര്യത്തിൽ, യുഗാന്തത്തിൽ വരാനിരിക്കുന്ന ഒരു വലിയ പ്രവാചകനെക്കുറിച്ചുള്ള പ്രവചനമായി ജനം കരുതി. ആ പ്രവ ചനമാണ് ഇപ്പോൾ യേശു വായിക്കുന്നത്. വായിക്കുന്ന പാഠഭാ ഗത്തിലും ചെറിയൊരു തിരുത്തൽ കാണാം. ഏശ 61,1-2 ആണ് വായിക്കുന്നതെങ്കിലും അതിൽനിന്ന് "ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കാനും" എന്ന വാക്യശകലം വിട്ടുപോയിരിക്കുന്നു. പകരം "അടിച്ചമർത്തപ്പെട്ടവർക്കു മോചനം" എന്ന ഭാഗം ഏശ 58,6 ൽ നിന്ന് എടുത്തു ചേർത്തിട്ടുമുണ്ട്. യേശു വായിച്ച കയ്യെ ഴുത്തു പ്രതിയുടെ പ്രത്യേകതയാണിതെന്നു പറയാനാവില്ല. ഈ തിരുത്തൽ മനഃപൂർവ്വം വരുത്തിയതാണ്; അതിനു മതിയായ കാര ണവുമുണ്ട് എന്നു ബൈബിൾ വ്യാഖ്യാതാക്കൾ കരുതുന്നു.

ഈ തിരുത്തലിലൂടെ രണ്ടു കാര്യങ്ങൾ സംഭവിക്കുന്നു. "വിമോചനം" എന്ന പദം രണ്ടു തവണ പ്രത്യക്ഷപ്പെടുന്നതാണ് ഒന്ന്. "ഹൃദയം തകർന്നവർ" എന്ന മാനസികാവസ്ഥയിൽനിന്ന് അടിച്ചമർത്തപ്പെട്ടവർ എന്ന സമൂർത്ത യാഥാർത്ഥ്യത്തിലേക്ക് ശ്രദ്ധ തിരിക്കുന്നതാണ് രണ്ടാമത്തേത്. പ്രവാചക ദൗത്യത്തെ വിശദമാക്കുന്നതാണ് ആദ്യമേ കാണുന്ന വാക്കുകൾ. *കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്* എന്ന പ്രഖ്യാപനം യേശുവിൽ യാഥാർത്ഥ്യമായിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലാണ് ദൈവപുത്രൻ മനുഷ്യപുത്രനായത് (ലൂക്കാ 1,35). ആത്മാവു തന്നെയാണ് യേശുവിനെ ജോർദ്ദാൻ നദിയിൽ വച്ച് അഭിഷേകം ചെയ്തതും ദൗത്യത്തിൽ നിരന്തരം നയിക്കുന്നതും. *അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു* എന്ന പ്രഖ്യാപനം ആത്മാവിന്റെ ആവാസത്തെയാണ് സൂചിപ്പിക്കുക. ഇതൊരു പ്രവാചകാഭിഷേകമാണ്-ദൈവവചനം പ്രഘോഷിക്കാനുള്ള അഭിഷേകം. *അവിടുന്ന് എന്നെ അയച്ചിരിക്കുന്നു* എന്ന മൂന്നാമത്തെ പ്രഖ്യാപനവും പ്രവാചകദൗത്യത്തെ സൂചിപ്പിക്കുന്നു.

ദൈവമാണ് തന്നെ അയച്ചിരിക്കുന്നത് എന്ന് സംശയത്തിനു പഴുതടച്ച്, മൂന്നുതവണ ആവർത്തിച്ചു പ്രഖ്യാപിച്ചതിനുശേഷം എന്താണ് ദൗത്യം എന്നു വിശദീകരിക്കുന്നു. അഞ്ചു കാര്യങ്ങളാണ് തന്റെ ദൗത്യമായി ഇവിടെ അവതരിപ്പിക്കുന്നത്. അവതരണത്തിൽ ലൂക്കാ സ്വീകരിച്ചിരിക്കുന്ന ഘടന പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

A. ദരിദ്രരെ സുവിശേഷം അറിയിക്കൽ

B. ബന്ധിതർക്കു മോചനം

C. അന്ധർക്കു കാഴ്ച

B¹. അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യം

A¹. കർത്താവിനു സ്വീകാര്യമായ വത്സരം

ഈ ഘടനയിൽ ആദ്യവും അവസാനവും പറയുന്ന കാര്യങ്ങൾ തമ്മിൽ അടുത്ത ബന്ധമുണ്ട്; അവ പരസ്പരം വിശദീകരിക്കുകയും ചെയ്യുന്നു. *ദരിദ്രർക്ക് സദ്വാർത്ത* എന്നത് പ്രവാചകദൗത്യത്തിന്റെ രത്നചുരുക്കമാണ്. *കർത്താവിനു സ്വീകാര്യമായ വത്സരം* തന്നെയാണ് സദ്വാർത്ത. ഇസ്രായേൽ ജനം 50-ാം വർഷം ആചരിക്കാൻ കടപ്പെട്ടിരുന്ന സമഗ്രവിമോചനത്തിന്റെ

വർഷമായ ജൂബിലി വർഷമാണ് കർത്താവിനു സ്വീകാര്യമായ വത്സരം. കർത്താവ് എല്ലാവരുടെയും മേൽ സമൃദ്ധമായി കൃപ വർഷിക്കുന്ന വത്സരം. ഈ രണ്ടു പ്രഖ്യാപനങ്ങളും സൂചിപ്പിക്കുന്ന വിമോചനം എന്ത്, ആർക്ക് എന്ന് അടുത്ത മൂന്നു വാക്യങ്ങളിൽ വിശദീകരിക്കുന്നു.

ഇവിടെ രണ്ടും നാലും വാക്യങ്ങൾ സമാന്തരമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. ബന്ധിതർ, മർദ്ദിതർ; സ്വാതന്ത്ര്യം, മോചനം രണ്ടും ഏകാർത്ഥമുള്ള സമാന്തരവാക്യങ്ങളാണ്. മനുഷ്യൻ അനുഭവിക്കുന്ന എല്ലാ അടിമത്തങ്ങളും മർദ്ദനങ്ങളും ഇവിടെ വിവക്ഷിക്കപ്പെടുന്നു. സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും അതോടൊപ്പം ആത്മീയവുമായ സകല മേഖലകളെയും സ്പർശിക്കുന്നതാണ് ഇവിടെ വിവക്ഷിക്കുന്ന മോചനം. മോചനം അടിമത്തത്തിൽനിന്നുള്ള വിടുതലിന് ഊന്നൽ നൽകുമ്പോൾ സ്വാതന്ത്ര്യം ലഭ്യമായ പുതുജീവനിലേക്കാണ് ശ്രദ്ധ ക്ഷണിക്കുക. എല്ലാ അടിമത്തങ്ങളുടെയും അടിസ്ഥാനകാരണമായി തിന്മയുടെ ആധിപത്യത്തെ, അഥവാ സാത്താന്റെ ആധിപത്യത്തെയാണ് ബൈബിൾ കാണുന്നത്. ഈ വീക്ഷണം തന്നെ ലൂക്കായും സ്വീകരിച്ചിരിക്കുന്നതായി കാണാം.

"നസ്രായനായ യേശുവിനെ പരിശുദ്ധാത്മാവിനാലും ശക്തിയാലും ദൈവം എങ്ങനെ അഭിഷേകം ചെയ്തുവെന്നും അവൻ എപ്രകാരം നന്മ പ്രവർത്തിച്ചുകൊണ്ടു ചുറ്റി സഞ്ചരിച്ചു എന്നും നിങ്ങൾക്കറിയാം" (അപ്പ 10,38). അന്തിയോക്കിയായിലെ സിനഗോഗിൽ വച്ചു നടത്തിയ പ്രസംഗത്തിൽ പൗലോസിന്റേതായ ഈ വാക്കുകൾ രേഖപ്പെടുത്തുന്നതിലൂടെ നസ്രത്തിൽ പ്രഖ്യാപിച്ച വിമോചനത്തിന്റെ ആഴവും വ്യാപ്തിയും വെളിവാക്കുന്നു. മനുഷ്യൻ അനുഭവിക്കുന്ന സകല തിന്മകളുടെയും മൂലകാരണം പാപവും പാപത്തിലേക്കു മനുഷ്യനെ നയിച്ചത് സാത്താൻ ഉയർത്തിയ പ്രലോഭനവും ആകയാൽ അടിമത്തത്തിന്റെ വേരിൽ തന്നെയാണ് യേശു കോടാലിവയ്ക്കുന്നത്. എല്ലാ അടിമത്തങ്ങൾക്കും അറുതി വരുത്തുകയാണ് തന്റെ ദൗത്യം എന്ന് യേശു പ്രവചനം ഉദ്ധരിച്ചുകൊണ്ട് പ്രഖ്യാപിക്കുന്നു.

എന്നാൽ എങ്ങനെയാണ് ഈ മോചനം സാധ്യമാവുക? അതാണ് ഉദ്ധരണിയുടെ മൂന്നാമത്തെ വാക്യമായി കേന്ദ്രസ്ഥാനത്തു നിൽക്കുന്നത്. അന്ധർക്കു കാഴ്ച. യേശുവിന്റെ മുഴുവൻ

ദൗത്യത്തിന്റെയും കേന്ദ്രമായി നിൽക്കുന്നതാണ് ഈ കാഴ്ച. അനേകം കുരുടർക്ക് യേശു കാഴ്ച നൽകിയതായി സുവിശേഷ കന്മാർ വിവരിക്കുന്നുണ്ട്. എന്നാൽ അതു വെറും ബാഹ്യമായ കാഴ്ച മാത്രമായിരുന്നില്ല എന്നും സൂചിപ്പിക്കുന്നുണ്ട്. കാഴ്ച പ്രാപിച്ച ജെറിക്കോയിലെ കുരുടൻ ദൈവത്തെ സ്തുതിച്ചു കൊണ്ട് യേശുവിനെ അനുഗമിക്കുന്നതായി ചിത്രീകരിക്കുമ്പോൾ (ലൂക്കാ 18,35-43) യേശു നൽകുന്ന സമഗ്ര വിമോചനത്തിന്റെ പ്രതീകമായിത്തീരുന്നു അയാൾ. ജറുസലെമിലെ കുരുടൻ എപ്ര കാരം സ്വതന്ത്രനും യേശുവിന്റെ അതിശക്തനായ ഒരു സാക്ഷി യുമായി മാറിയെന്ന് യോഹന്നാൻ വിവരിക്കുന്നുണ്ട് (യോഹ 9,1-41).

കാഴ്ച-യേശു നൽകുന്ന കാഴ്ച ഒരു ഉൾക്കാഴ്ചയും കാഴ്ച പ്പാടുമാണ്. യേശുവാകുന്ന പ്രകാശത്തിലൂടെ സകലതിനെയും നോക്കിക്കാണുന്ന ഉൾക്കാഴ്ച; എല്ലാറ്റിനെയും ദൈവത്തിന്റെ കാഴ്ചപ്പാടിലൂടെ കാണാനുള്ള കഴിവ്. ഇതു സത്യം തിരിച്ചറിയ ലാണ്; കാഴ്ച ലഭിക്കുന്നത് സത്യം നൽകുന്ന സ്വാതന്ത്ര്യം അനു ഭവിക്കലാണ്. അപ്പോൾ ഓരോ മനുഷ്യനും ദൈവത്തിന്റെ മുഖം വഹിക്കുന്ന, ദൈവത്തിനു വിലപ്പെട്ട, പ്രിയങ്കരരായ മകനും മക ളുമാണെന്നു തിരിച്ചറിയും. ഈ തിരിച്ചറിവ് ഉള്ളിലെ അന്ധകാ രമകറ്റും, അതോടെ തിന്മയുടെ ആധിപത്യം അവസാനിക്കും. അന്ധകാരത്തിന്റെ ശക്തിയെന്നാണല്ലോ പിശാച് അറിയപ്പെടുക. പ്രകാശം വരുമ്പോൾ അന്ധകാരത്തിനു സ്ഥാനമുണ്ടാവില്ല.

സുവിശേഷപ്രഘോഷണവും പിശാചു ബഹിഷ്കരണവും തമ്മിലുള്ള അഭേദ്യമായ ബന്ധം സുവിശേഷകന്മാർ എടുത്തു കാട്ടുന്നുണ്ട്. “തന്നോടുകൂടെ ആയിരിക്കാനും സുവിശേഷം പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്ക്ക രിക്കാൻ അധികാരം നൽകുന്നതിനും” (മർക്കോ 3,14-15) വേണ്ടി പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു എന്നു പറയുമ്പോൾ ഇതു വ്യക്തമാകുന്നു. അജ്ഞതയാണ് അടിമത്തത്തിന്റെ മൂലകാരണം. യഥാർത്ഥജ്ഞാനം മനസിലുദിക്കുമ്പോൾ സ്വാതന്ത്ര്യമാകും. അതുകൊണ്ടാണല്ലോ അജ്ഞതയകറ്റുന്നവനെ ഗുരുവെന്നു വിളി ക്കുന്നതും അന്ധകാരത്തിൽ നിന്നു പ്രകാശത്തിലേക്കു നയിക്ക ണമേ എന്നു പ്രാർത്ഥിക്കുന്നതും. അജ്ഞതയാകുന്ന അന്ധകാ രത്തിൽനിന്ന് പ്രകാശമായ യഥാർത്ഥ ജ്ഞാനത്തിലേക്കു നയി

ക്കുന്നവനാണ് ഗുരു. അതുതന്നെയാണ് തന്റെ ദൗത്യം എന്ന് യേശു വാക്കും പ്രവൃത്തിയും വഴി അനേകം തവണ വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ തുടക്കമാണ് നസ്രത്തിലെ പ്രഘോഷണം.

വായനയ്ക്കുശേഷം ചുരുൾ ചുരുട്ടി സിനഗോഗധികാരിയെ ഏല്പിച്ചിട്ട് യേശു ഇരുന്നു. ഗുരുവാണ്, അധികാരമുള്ളവനാണ്, ഇരുന്നുകൊണ്ട് പഠിപ്പിക്കുന്നത്. പ്രവാചകൻ നിന്നുകൊണ്ട് പ്രഘോഷിക്കുന്നു. ജനം മുഴുവൻ അവനെ ഉറ്റുനോക്കിക്കൊണ്ടിരുന്നു എന്ന പ്രസ്താവനയിൽ ഒരു പ്രത്യേകതയുണ്ട്. "അവരെല്ലാം തങ്ങളുടെ കണ്ണുകൾ അവന്റെ മേൽ തറച്ചിരുന്നു" എന്നാണ് ഗ്രീക്കുമൂലം. എന്തോ കാണാൻ വേണ്ടി ആകാംക്ഷയോടെ കാത്തിരിക്കുന്നു എന്ന പ്രതീതിയാണ് ഈ പ്രയോഗം ജനിപ്പിക്കുന്നത്.

മറുപടിയായി യേശു പറയുന്ന വാക്കുകളിലുമുണ്ട് പ്രത്യേകത. "നിങ്ങൾ കേട്ടിരിക്കെത്തന്നെ ഇന്ന് ഈ തിരുവെഴുത്ത് നിറവേറിയിരിക്കുന്നു" എന്ന വിവർത്തനം ശരിയാണ്. പക്ഷേ മൂലഭാഷയുടെ ഊന്നൽ ഇതിൽ വ്യക്തമാകുന്നില്ല. "ഇന്ന് ഈ തിരുവെഴുത്ത് നിങ്ങളുടെ കാതുകളിൽ നിറവേറിയിരിക്കുന്നു" എന്നാണ് ഗ്രീക്കുമൂലം. ഇവിടെ യേശുവിൽ അവർ തറച്ച കണ്ണുകളും യേശുവിന്റെ വാക്കുകൾ പതിച്ച കാതുകളും തമ്മിൽ ശ്രദ്ധേയമായൊരു വൈരുദ്ധ്യമുണ്ട്. ഈ വൈരുദ്ധ്യമാണ് തുടർന്നു നടക്കുന്ന സംഭാഷണങ്ങളിലും സംഭവങ്ങളിലും പ്രകടമാകുന്നത്.

ഇവിടെ കേൾവിക്കു പ്രാധാന്യം നൽകുന്നു. വചനം കേൾക്കണം, അനുസരിക്കണം; ജീവിതത്തിൽ ഫലം പുറപ്പെടുവിക്കണം. അതിനു തയ്യാറാകാതെ അത്ഭുതങ്ങൾ കാണാനായി കണ്ണു മിഴിച്ചിരുന്നാൽ വചനം ജീവിതത്തിൽ നിറവേറുകയില്ല എന്ന് തുടർന്നുള്ള വിവരണത്തിലൂടെ സുവിശേഷകൻ പഠിപ്പിക്കുന്നു. "ഇന്ന്" എന്ന വാക്കിന് പ്രത്യേക ഊന്നൽ നൽകിയിരിക്കുന്നു. ദൈവവചനം പ്രഘോഷിക്കപ്പെടുന്ന അവസരമാണ് ഇന്ന്. നസ്രത്തിൽ യേശു പ്രഘോഷിച്ചു. പ്രവചനങ്ങളുടെയെല്ലാം പൂർത്തീകരണമായിരുന്നു അത്. എന്നാൽ അതു മനസിലാക്കാനോ സ്വീകരിക്കാനോ കേൾവിക്കാർക്കു കഴിയാതെ പോയി. ഇതിലേക്കുള്ള ഒരു സൂചനയാണ് അവരുടെ പ്രതികരണമായി ലൂക്കാ അവതരിപ്പിച്ചിരിക്കുന്നത്.

അവർ അവനെപ്പറ്റി പ്രശംസിച്ചു പറഞ്ഞു. എന്നാൽ തുടർന്നു

വരുന്ന ഒരു വാക്കിന് ആഴമേറിയ ധ്വനിയുണ്ട്. "അവന്റെ നാവിൽ നിന്നു പുറപ്പെട്ട കൃപാവചസുകേട്ട് അവർ അത്ഭുതപ്പെട്ടു" (4,22). അത്ഭുതപ്പെട്ടു എന്ന വാക്കിന്റെ മൂലാർത്ഥം വിസ്മയിച്ചു എന്നാണ്. അത് ആശ്ചര്യവും സംശയവും തെറ്റിദ്ധാരണയും എല്ലാം സൂചിപ്പിക്കുന്ന ഒരു പദമാണ്. അവരുടെ പ്രതികരണം നിഷേധാത്മകമായിരുന്നു എന്ന ധ്വനിയാണ് അവരുടെ ചോദ്യത്തിലുള്ളത്. "ഇവൻ ജോസഫിന്റെ മകനല്ലേ?"

വിസ്മയത്തിനു മൂന്നു കാരണങ്ങളുണ്ട്. 1. ഏശയ്യായുടെ പ്രവചനത്തിൽ മാറ്റങ്ങൾ വരുത്തുക മാത്രമല്ല പകുതിക്കു വച്ചു നിർത്തുകയും ചെയ്തു. "കർത്താവിന്റെ കൃപാവത്സരം" എന്നതിനു പിന്നാലെ "ദൈവത്തിന്റെ പ്രതികാരദിനവും" (ഏശ 61,2) എന്നുണ്ടായിരുന്നു. ഇസ്രായേലിനു രക്ഷയും വിജാതീയർക്കു ശിക്ഷയും നൽകുന്ന യുഗാന്തമാണ് പ്രവാചകൻ കണ്ടത്. എന്നാൽ ഇവിടെ ശിക്ഷയെക്കുറിച്ചുള്ള പരാമർശം വിട്ടുകളഞ്ഞിരിക്കുന്നു. 2. പ്രവചനം പൂർത്തിയായിരിക്കുന്നു എന്ന പ്രഖ്യാപനം യുഗാന്തത്തിൽ, രക്ഷകനായ മിശിഹാ യുഗാന്ത പ്രവാചകനായി വരുമ്പോൾ മാത്രം പൂർത്തിയാകും എന്ന് അവർ വിശ്വസിച്ചിരുന്ന പ്രവചനം ഇന്നു പൂർത്തിയായിരിക്കുന്നു എന്ന പ്രഖ്യാപനം ഉൾക്കൊള്ളുന്ന അവകാശവാദം ശ്രദ്ധിക്കാതെ പോകില്ല. 3. ജോസഫിന്റെ മകനല്ലേ എന്ന ചോദ്യം പരോക്ഷമായ ഈ അവകാശവാദത്തെ ഖണ്ഡിക്കുന്നു. യേശു ജോസഫിന്റെ മകൻ എന്ന് അറിയപ്പെട്ടിരുന്നുവെങ്കിലും (ലൂക്കാ 3,23) യഥാർത്ഥത്തിൽ ദൈവപുത്രനാണെന്നു വായനക്കാർക്കറിയാം. യേശുവിന്റെ തൊഴിലിനെക്കാൾ അവന്റെ മനുഷ്യത്വവും അവനെ അറിയാം എന്ന ധാരണയുമാണ് നസ്രത്തുകാർക്ക് ഇടർച്ചയ്ക്കു കാരണമായത്.

അതോടെ സംഭവത്തിന്റെ ഗതിമാറി. യേശു പ്രഘോഷണത്തിൽനിന്ന് ആരോപണങ്ങളിലേക്കു കടന്നു. അവരുടെ അവിശ്വാസവും, അത്ഭുതങ്ങളും അടയാളങ്ങളും കാണാനുള്ള അമിതാഗ്രഹവും അവൻ തുറന്നുകാട്ടി. സ്വന്തം നാട്ടിൽ തിരസ്കരിക്കപ്പെടുന്ന പ്രവാചകനായി സ്വയം അവതരിപ്പിച്ചു. പ്രവാചകന്റെ ദൗത്യം വിജാതീയർക്കേ ഫലപ്രദമാകൂ എന്ന് ചരിത്രത്തിലൂടെ തെളിയിച്ചു. ഇത്രയും ആയപ്പോഴേക്കും ജനം അക്രമാസക്തമായി. അവനെ സിനഗോഗിനു പുറത്തേക്കു കൊണ്ടുവന്ന് മലയുടെ

ഉച്ചിയിൽ നിന്നു തള്ളിയിടാൻ ശ്രമിച്ചു. കല്ലെറിഞ്ഞു കൊല്ലുന്നതിന്റെ ആദ്യപടിയാണ് ഈ തള്ളിയിടൽ. അവൻ അവരുടെ ഇടയിലൂടെ നടന്ന് അവിടം വിട്ടുപോയി. പിന്നീടൊരിക്കലും യേശു നസ്രത്തിൽ വന്നതായി സുവിശേഷകൻ പറയുന്നില്ല. അവരുടെ പട്ടണം സ്ഥിതി ചെയ്തിരുന്ന മല മറ്റൊരു മലയുടെ പ്രതീകവും നാന്ദിയുമാണ്. അവസാനം യഹൂദനേതൃത്വം തിരസ്കരിച്ച് വധശിക്ഷ വിധിച്ച യേശുവിനെ പട്ടണത്തിന് പുറത്ത് ഗാഗുൽത്താ മലയിൽ കുരിശിൽ തറച്ചുകൊന്നപ്പോൾ യാഥാർത്ഥ്യമായ തിരസ്കരണത്തിന്റെ പ്രതീകം.

അതീവ ശ്രദ്ധേയമായ ചില പാഠങ്ങൾ ഈ വിവരണത്തിലൂടെ സുവിശേഷം നൽകുന്നുണ്ട്. വചനം കേൾക്കുന്ന ഇന്നാണ്, ഇപ്പോഴാണ് രക്ഷ നമുക്കു ലഭ്യമാകുന്നത്. അതു മുഖ്യമായും കാഴ്ചയും, പുതിയ ഉൾക്കാഴ്ചയും അനുഭവവുമായിരിക്കും. അത്ഭുതങ്ങളും അടയാളങ്ങളും തേടി പോകാതെ, വചനത്തിനു ഹൃദയം തുറക്കണം. വിശ്വാസം അനുസരണത്തിലേക്കു നയിക്കണം. വചനത്തിനു കാതടച്ചാൽ രക്ഷ ലഭ്യമാകില്ല. അടയാളങ്ങൾ എത്ര കണ്ടാലും വചനത്തിൽ വിശ്വസിച്ച് അതനുസരിച്ച ജീവിതം ക്രമീകരിക്കാൻ തയ്യാറായെങ്കിൽ മാത്രമേ യേശു നൽകുന്ന രക്ഷ അനുഭവിക്കാൻ കഴിയൂ. കേൾവിയാണ് പ്രധാനം. വിശ്വാസം കേൾവിയിൽ നിന്നാണ്. അസാധാരണ സംഭവങ്ങൾക്കും അത്ഭുതങ്ങൾക്കും അമിതപ്രാധാന്യം നൽകുന്നവർക്ക് യഥാർത്ഥവിശ്വാസത്തിലേക്കു കടന്നുവരാൻ കഴിയാതെ പോകും. അപ്പോൾ അത്ഭുതങ്ങൾ തേടി നിരന്തരം അലയേണ്ടി വരും.

നസ്രത്തിൽ നിന്ന് യേശു വിളംബരം ചെയ്ത ആ സദ്വാർത്ത നമുക്കു വീണ്ടും ശ്രവിക്കാം. ഇന്ന്, നിങ്ങളുടെ കാതുകളിൽ, ഈ തിരുവെഴുത്ത് നിറവേറിയിരിക്കുന്നു. "ഇതാ ഇപ്പോൾ സ്വീകാര്യമായ സമയം. ഇതാ ഇപ്പോൾ രക്ഷയുടെ ദിവസം" (2 കോറി 6,2).

# 10

### ദനഹാ 2 – ാം ഞായർ

## വചനം മാംസമായി

**(യോഹ 1:14 – 18)**

വി. യോഹന്നാൻ എഴുതിയ സുവിശേഷത്തിന്റെ ആദ്യ അധ്യാ യത്തിലെ ആദ്യത്തെ 18 വാക്യങ്ങൾ സുവിശേഷത്തിന്റെ മുഖ്യ പ്രമേയങ്ങൾ അവതരിപ്പിക്കുന്ന ആമുഖമാണ്. "*പ്രൊലോഗ്*" (Prologue) എന്നാണ് ഗ്രീക്കിന്റെ തത്സമ വിവർത്തനമായി ഇംഗ്ലീഷിൽ ഈ ഭാഗം അറിയപ്പെടുന്നത്. രണ്ടാം വത്തിക്കാൻ സൂഹനദോ സിനു മുമ്പ് ലത്തീൻ ക്രമത്തിലുള്ള വി. കുർബ്ബാനയിൽ, സമാപ നാശീർവ്വാദത്തിനു തൊട്ടു മുമ്പായി എല്ലാ ദിവസവും ഈ സുവി ശേഷഭാഗം വായിച്ചിരുന്നത് ഇതിന്റെ അതുല്യ പ്രധാന്യം വ്യക്ത മാക്കുന്നു.

*"വചനകീർത്തനം"* എന്നും *"ക്രിസ്തു കീർത്തനം"* എന്നും ഈ സുവിശേഷഭാഗത്തെ വിശേഷിപ്പിക്കാറുണ്ട്. യോഹന്നാൻ സുവിശേഷം രചിക്കുന്നതിനു മുമ്പു തന്നെ ഈ വചനങ്ങൾ ഒരു സ്വതന്ത്ര കീർത്തനമായി സഭയിൽ, പ്രത്യേകിച്ചും ഏഫേ സൂസിൽ, ഉപയോഗിച്ചിരുന്നുവെന്നും അത്യാവശ്യം വേണ്ട ക്രമീ കരണങ്ങളോടെ യോഹന്നാൻ ഈ കീർത്തനം സുവിശേഷ ത്തിന്റെ ആമുഖമായി അവതരിപ്പിച്ചതാണെന്നും കരുതുന്ന വ്യാഖ്യാതാക്കളുണ്ട്. എന്നാൽ ഈ നിലപാടിന് പൊതുവായൊരു പിന്തണയില്ല. അതിനാൽ ദൈവാത്മാവിനാൽ പ്രചോദിതനായ യോഹന്നാൻ തന്നെ, സുവിശേഷത്തിന്റെ ഒരു രത്നചുരുക്കം അവതരിപ്പിക്കുന്ന മുഖവുരയായി രചിച്ചതാണ് ഇതെന്നു കരു തുകയാവും കൂടുതൽ സ്വീകാര്യം.

ഇതര സുവിശേഷങ്ങളുടെ ആമുഖങ്ങളിൽനിന്ന് തികച്ചും

വ്യത്യസ്തമാണ് യോഹന്നാൻ സുവിശേഷം തുടങ്ങുന്ന വിധം. “ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം” എന്നു പറഞ്ഞു തുടങ്ങുന്ന മർക്കോസ് യാതൊരു മുഖവുരയും കൂടതെ “യേശു നസ്രത്തിൽ നിന്ന് വന്ന്... സ്നാനം സ്വീകരിച്ചു” (മർക്കോ1:1-9) എന്ന് യേശുവിനെ അവതരിപ്പിക്കുന്നു. മത്തായും ലൂക്കായും ജനനത്തിന്റെ മുന്നറിയപ്പ്, ജനനം, ബാല്യകാലം മുതലായവയുടെ വിവരണങ്ങൾക്കായി ആദ്യത്തെ രണ്ടധ്യായങ്ങൾ മാറ്റിവച്ചിരിക്കുന്നു. യോഹന്നാനാകട്ടെ, എല്ലാറ്റിന്റെയും തുടക്കത്തിൽത്തന്നെയാണ് തുടങ്ങുന്നത്: “ആദിയിൽ വചനമുണ്ടായിരുന്നു” (1:1). ആരംഭമില്ലാത്ത ദൈവത്തോടൊന്നിച്ചു വസിക്കുന്ന, ദൈവം തന്നെ ആയ വചനമാണ് സുവിശേഷത്തിന്റെ ആരംഭം.

യേശു ആര് എന്ന ചോദ്യത്തിന് ഏറ്റം സമഗ്രവും അത്യഗാധവുമായ മറുപടിയാണ് ഈ മുഖവുരയിലൂടെ യോഹന്നാൻ നല്കുന്നത്. ഇവിടെ ചൂണ്ടിക്കാണിക്കുന്ന പ്രമേയങ്ങളുടെ വിശദീകരണമായിരിക്കും സുവിശേഷത്തിൽ അവതരിപ്പിക്കുന്നത്. യേശു ദൈവത്തിന്റെ വചനമാണ്; ദൈവമാണ്; പ്രകാശമാണ്; സത്യമാണ്; ജീവനാണ്. വചനം മാംസമായി, മനുഷ്യനായി, മനുഷ്യമധ്യത്തിൽ കൂടാരമടിച്ചു, വസിച്ചു. തന്നെ സ്വീകരിക്കുന്ന സകലർക്കും ദൈവമക്കളാകാനുള്ള കഴിവു നൽകി. ദൈവം ആരെന്നും താൻ ആരെന്നും യേശു വെളിപ്പെടുത്തി. എന്താണ് തന്നിലൂടെ ദൈവം മനുഷ്യനു മുമ്പിൽ വച്ചു നീട്ടുന്നതെന്നും അതു സ്വീകരിക്കാൻ എന്തു ചെയ്യണമെന്നും വ്യക്തമാക്കി. ഈ വെളിപ്പെടുത്തലിനു മുമ്പിൽ തീരുമാനെടുക്കാൻ ഓരോ മനുഷ്യനും നിർബന്ധിതനാകുന്നു. വിശ്വസിച്ചു സ്വീകരിക്കുന്നവർ ദൈവമക്കളാകുന്നു; നിത്യജീവൻ അവകാശമാകുന്നു. വിശ്വസിക്കാത്തവർ ജീവനിൽനിന്ന് പുറന്തള്ളപ്പെടുന്നു. നിത്യമരണം- നാശമാണ് ഫലം.

ഈ ആമുഖവചനങ്ങളുടെ രണ്ടാം ഭാഗമാണ് (1:14-18) ഇന്നത്തെ വായനയ്ക്കും വിചിന്തനത്തിനുമായി സഭ നിർദ്ദേശിച്ചിരിക്കുന്നത്. ഇന്നു ദനഹാ രണ്ടാം ഞായറാഴ്ചയാണ്. യേശുവിലും യേശുവിലൂടെയും നടക്കുന്ന ദൈവത്തിന്റെ പ്രത്യക്ഷീകരണം, അഥവാ വെളിപ്പെടുത്തലാണ് ഈ കാലഘട്ടത്തിന്റെ മുഴുവൻ മുഖ്യമായ ധ്യാന വിഷയം. യേശുവിനെ ലോകത്തിന്റെ പ്രകാശമായി അവതരിപ്പിക്കുന്ന സുപ്രധാനമായൊരു സുവിശേഷ ഭാഗമാണ് ഇന്നത്തെ വായന. “വചനം മാംസമായി നമ്മുടെ ഇട

യിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു" (1:14) എന്ന പ്രഖ്യാപനം ഈ വെളിപ്പെടുത്തലിന്റെ ഉച്ചകോടിയാണ്. ഈ സുവിശേഷഭാഗത്തിലെ മുഖ്യ പ്രമേയങ്ങൾ ചുരുക്കമായി അപ ഗ്രഥിക്കാനാണ് അടുത്തതായി ശ്രമിക്കുന്നത്.

**1. വചനം:** ***ലോഗോസ്*** എന്നാണ് ഗ്രൂക്കു മൂലം. സ്വയം വെളി പ്പെടുത്താൻ ഉപയോഗിക്കുന്ന മാധ്യമത്തെയാണല്ലോ പൊതുവേ 'വചനം' എന്നതുകൊണ്ട് അർത്ഥമാക്കുക. പറയുന്ന വാക്കു മാത്ര മല്ല ചെയ്യുന്ന പ്രവൃത്തിയും വചനമാണ്. ആത്യന്തികമായി ദൈവ ത്തിന്റെ സ്വയം വെളിപ്പെടുത്തൽ, അഥവാ സ്വയം വെളിപ്പെടു ത്തുന്ന ദൈവം ആണ് വചനം. സൃഷ്ടികർമ്മത്തിലൂടെ ഈ വച നമാണ് വെളിപ്പെട്ടത്. "ഉണ്ടാകട്ടെ എന്നു പറഞ്ഞു - ഉണ്ടായി" (ഉൽപ 1:1-25) എന്ന വിവരണം സൃഷ്ടിക്കുന്ന വചനത്തിലൂടെ നടന്ന ദൈവിക വെളിപ്പെടുത്തലിനെ സൂചിപ്പിക്കുന്നു. സൃഷ്ട വസ്തുക്കൾ മുഴുവൻ ഇപ്രകാരമുള്ള വെളിപ്പെടുത്തലിന്റെ ഭാഗ മാണ്. "ആകാശം ദൈവമഹത്വം പ്രഘോഷിക്കുന്നു. വാനവി താനും അവിടുത്തെ കരവേലയെ വിളംബരം ചെയ്യുന്നു" (സങ്കി. 19:1).

സൃഷ്ടികർമ്മത്തിലൂടെ മാത്രമല്ല നേരിട്ട് വ്യക്തികളെ വിളിച്ചും നയിച്ചും ദൈവം സ്വയം വെളിപ്പെടുത്തുന്നതായി അനേകം തവണ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അബ്രാഹം, ഇസ ഹാക്ക്, യാക്കോബ്, മോശ, പ്രവാചകന്മാർ എന്നിങ്ങനെ നിര വധി ഉദാഹരണങ്ങൾ കാണാം. ഈ വെളിപ്പെടുത്തലിലെ സുപ്ര ധാനമായൊരു സംഭവമാണ് സീനായ് ഉടമ്പടിയും അതുമായി ബന്ധപ്പെട്ട പ്രമാണങ്ങളും. ദൈവം തന്റെ വചനത്തിലൂടെയാണ് ഈ വെളിപ്പെടുത്തലുകൾ എല്ലാം നല്കിയത്. എഴുതപ്പെട്ട ദൈവ വചനമാണ് ബൈബിൾ. അതിൽ ഏറ്റം പ്രധാനഭാഗമാണ് *"തോറാ"* എന്ന് ഹീബ്രുവിൽ വിളിക്കുന്ന, മോശയുടെ ഗ്രന്ഥം എന്നറിയപ്പെട്ടിരുന്ന, പഞ്ചഗ്രന്ഥം. ദൈവവചനത്തിന്റെ ആവി ഷ്കാരമായി, അഥവാ അവതാരമായി തോറാ പരിഗണിക്കപ്പെട്ടി രുന്നു. ഇവയിലൂടെയെല്ലാം ദൈവം മനുഷ്യനോട് സംസാരിച്ചു.

ദൈവം പറയാനും വെളിപ്പെടുത്താനും തിരുമനസായ സക ലതും തോറായിലുണ്ട് എന്നു യഹൂദ റബ്ബിമാർ പഠിപ്പിച്ചിരുന്നു. അതിനാൽ പുതിയൊരു വെളിപ്പെടുത്തൽ പ്രതീക്ഷിക്കാനില്ല. ബി.സി അഞ്ചാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ഈ വെളിപ്പെടുത്ത

ലുകളെല്ലാം അവസാനിച്ചു. ഇവയുടെ ആധികാരികമായ വിശദീകരണം മാത്രമേ ഇനി പ്രതീക്ഷേണ്ടതുള്ളൂ. മോശയെപ്പോലൊരു പ്രവാചകനും രക്ഷകനായി വരുന്ന മിശിഹായും എല്ലാം തോറായുടെ ആധികാരിക വ്യാഖ്യാനം നൽകുകയല്ലാതെ പുതിയൊരു വെളിപ്പടുത്തലുണ്ടാവുകയില്ല. ഈ നിലപാടിനെ തിരുത്തിക്കുറിക്കുന്നതാണ് യോഹന്നാൻ അവതരിപ്പിക്കുന്ന വചനത്തിന്റെ അവതാരം.

**2. മാംസമായി:** തികച്ചും അപ്രതീക്ഷിതവും യഹൂദമനസ്സിന് ഞെട്ടൽ ഉളവാക്കുന്നതുമാണ് "വചനം മാംസമായി" എന്ന മഹാവാക്യം. സുവിശേഷത്തിന്റെ കാതലാണിത്; വെളിപാടിന്റെ രത്നചുരുക്കം. ഇവിടെ ദൈവം സംസാരിക്കുന്നത് തികച്ചും വ്യത്യസ്തമായ രീതിയിലാണ്- മനുഷ്യാവതാരത്തിലൂടെ പരമപരിശുദ്ധനും അദൃശ്യനും അഗ്രാഹ്യനും അസ്പൃശ്യനുമായ ദൈവം മാംസമായി എന്ന പ്രസ്താവന ഗ്രഹിക്കുക എളുപ്പമല്ല. വചനം ദൈവമാണ് എന്ന് ആരംഭത്തിൽ രേഖപ്പെടുത്തിയ സുവിശേഷകൻ ഇപ്പോൾ ആ വചനത്തിന്റെ മനുഷ്യവതാരത്തെക്കുറിച്ചു പറയുന്നു.

*സാർക്സ്* (Sarx) എന്ന ഗ്രീക്കു വാക്കാണ് മാംസം എന്നു വിവർത്തനം ചെയ്യുന്നത്. *ബാഷാർ* എന്നാണ് ഹീബ്രു മൂലം. ഇതേ മൂലത്തിൽ നിന്നു തന്നെയാണ് ഹീബ്രു ഭാഷയിൽ *'സുവിശേഷം'* എന്നു വിവർത്തനം ചെയ്യുന്ന *'ബാഷാർ'* എന്ന വാക്കിന്റെയും ഉത്ഭവം. വചനം മാംസമായതുതന്നെയാണ് സുവിശേഷം എന്ന് ഒരു പക്ഷേ ഈ വാക്ക് സൂചിപ്പിക്കുന്നുണ്ടാവും. പ്രവാചകന്മാർ സ്വപ്നം കാണുകപോലും ചെയ്യാത്ത ഒന്നാണ് ദൈവ വചനത്തിന്റെ മാംസാവതാരം. എന്നാൽ അതാണ് യേശുവിൽ സംഭവിച്ചത് എന്നു യോഹന്നാൻ എടുത്തു പറയുന്നു.

മനുഷ്യന്റെ പരിമിതകളെയും ബലഹീനതകളെയും സൂചിപ്പിക്കുന്ന ഒരു പദമാണ് മാംസം. അതിനാൽ ദൈവമായ വചനം മാംസമായി എന്നു പറയുമ്പോൾ എല്ലാ അർത്ഥത്തിലും, സകല ബലഹീനതകളോടും കൂടെ, മനുഷ്യപ്രകൃതിയെ ഏറ്റെടുത്തു എന്ന് അടിവരയിട്ട് ഉറപ്പിക്കുകയാണ്. യേശുവിന്റെ വ്യക്തിത്വത്തെ സംബന്ധിച്ച് പിൽക്കാലത്തുണ്ടായ സകല തർക്കങ്ങൾക്കും ഈ പ്രസ്താവന മുൻകൂർ മറുപടി നൽകുന്നു. യേശുവിന്റെ മനുഷ്യപ്രകൃതി വെറും ഒരു തോന്നൽ മാത്രമല്ല; ആത്മാ

വില്ലാത്ത ശരീരത്തെ ദത്തെടുത്തതല്ല; മനുഷ്യനെ ദൈവമായി പിന്നീട് അംഗീകരിച്ചതുമല്ല. ദൈവം തന്നെ മനുഷ്യനായി, ബല ഹീനനായി; മർത്യനായി. അമർത്യനായ ദൈവവും മർത്യനായ മനുഷ്യനും യേശുവിൽ ഒന്നാകുന്നു. ഇതാണ് യുക്തിക്കും ബുദ്ധിക്കും കടന്നു ചെല്ലാൻ സാധിക്കാത്ത ദൈവിക രഹസ്യ ത്തിന്റെ ഉള്ളറ.

**3. വസിച്ചു: *എസ്കെനോസെൻ*** (eskenosen) എന്നാണ് ഗ്രീക്കു മൂലം. "കൂടാരമടിച്ചു" എന്ന് അക്ഷരാത്ഥം. കൂടാരം എന്നർത്ഥ മുള്ള *സ്കെനേ* (Skene) എന്ന വാക്കിന്റെ ക്രിയാരൂപമാണിത്. ദൈവം സീനായ്മലയിൽ വച്ചു നല്കിയ രണ്ടു പ്രമാണപ്പലക കൾ സൂക്ഷിച്ചിരുന്ന പേടകം വച്ചത് കൂടാരത്തിലാണ്. അതിനെ "സമാഗമകൂടാരം" എന്നു വിശേഷിപ്പിച്ചിരുന്നു. തന്റെ വചനം ജീവിതപ്രമാണങ്ങളായി ദൈവം തന്നെ എഴുതിയ കല്പലക കൾ ദൈവിക സാന്നിധ്യത്തിന്റെ അടയാളമായി പരിഗണിക്ക പ്പെട്ടു. അതിനാൽ പേടകം സൂക്ഷിച്ചിരുന്ന കൂടാരം ദൈവിക സാന്നിധ്യത്തിലേക്കു മനുഷ്യൻ കടന്നുവരാനുള്ള ഒരു പ്രതീക മായി.

മരുഭൂമിയിലൂടെയുള്ള യാത്രാ മധ്യേ പേടകവും കൂടാരവും ജനത്തിനുമുമ്പേ പോകുമായിരുന്നു (നിയ 10, 33). വാഗ്ദത്തഭൂ മിയിൽ വാസമുറപ്പിച്ചപ്പോൾ കൂടാരം പല സ്ഥലങ്ങളിൽ മാറി മാറി പ്രതിഷ്ഠിച്ചു. അവസാനം ദാവീദ് കൂടാരവും പേടകവും ജറുസലെമിലേക്കു കൊണ്ടുവന്നു. സോളമൻ ദേവാലയം നിർമ്മി ച്ചപ്പോൾ പേടകം ദേവാലയത്തിലെ അതിവിശുദ്ധസ്ഥലത്തു പ്രതി ഷ്ഠിച്ചു. അങ്ങനെ ദൈവിക സാന്നിധ്യം ദേവാലയത്തിൽ നിറ ഞ്ഞുനില്ക്കുന്നു എന്ന വിശ്വാസമുണ്ടായി. മോശ നിർമ്മിച്ചു സമർപ്പിച്ച കൂടാരത്തിലും (പുറ 40, 34) സോളമൻ നിർമ്മിച്ചു പ്രതിഷ്ഠിച്ച ദേവാലയത്തിലും (1 രാജാ 8, 10-11; ഏശ 6, 1) മേഘത്തിന്റെ രൂപത്തിൽ ദൈവികസാന്നിധ്യം പ്രകടമായി. എന്നാൽ ദൈവം കൂടാരത്തിലോ ദേവാലയത്തിലോ വസിക്കു ന്നില്ല എന്ന് പില്ക്കാലത്ത് പ്രവാചകന്മാർ ശക്തമായി ഉദ്ബോ ധിപ്പിച്ചു (ഏശ 66, 1; ജറെ 7; മിക്കാ 3, 9-12).

ഈ പശ്ചാത്തലത്തിൽ, വചനം മാംസമായി നമ്മുടെ ഇടയിൽ കൂടാരമടിച്ചു എന്ന പ്രസ്താവനയുടെ അർത്ഥവും ആഴവും ഗ്രഹി ക്കാനാവും. മനുഷ്യ നിർമ്മിതമായ ഏതെങ്കിലും വസ്തുവോ

ഭവനമോ അല്ല യഥാർത്ഥ ദേവാലയം, മറിച്ച് വചനം സ്വന്തമായി സ്വീകരിച്ച മനുഷ്യശരീരമാണ്. ദൈവിക സാന്നിധ്യം ഇപ്പോൾ ഒരു വ്യക്തിയിൽ, ദൃശ്യനായ ഒരു മനുഷ്യനിൽ പ്രകടമാകുന്നു. ദേവാലയശുദ്ധീകരണവുമായി ബന്ധപ്പെട്ട ചോദ്യത്തിന് യേശു നൽകുന്ന മറുപടി ഈ സത്യം വെളിവാക്കുന്നു. "നിങ്ങൾ ഈ ആലയം നശിപ്പിക്കുവിൻ; മൂന്നു ദിവസത്തിനകം ഞാനതു പുന രുദ്ധരിക്കും... അവൻ പറഞ്ഞത് തന്റെ ശരീരമാകുന്ന ആലയ ത്തെക്കുറിച്ചാണ്" (യോഹ 2: 19-21).

യേശുവിന്റെ ശരീരമാണ് യഥാർത്ഥ ദൈവാലയം. അവിടെ യാണ് ദൈവ-മനുഷ്യസമാഗമം നടക്കുക. മനുഷ്യൻ ദൈവത്തെ കണ്ടുമുട്ടുന്ന ഇടമാണ് യേശു - മാംസമായ വചനം.

**4. മഹത്വം ദർശിച്ചു:** അദൃശ്യനാണ് ദൈവം. ദൈവം എല്ലാ റ്റിൽനിന്നും വ്യത്യസ്തനും എല്ലാറ്റിനും ഉപരിയായി വർത്തിക്കു ന്നവനും (Ternscendent), മനുഷ്യദൃഷ്ടിക്ക് അഗോചരനും മനുഷ്യ ബുദ്ധിക്ക് അഗ്രാഹ്യനുമാണ്. എല്ലാറ്റിന്റെയും സ്രഷ്ടാവും അധി നാഥനുമായ ദൈവം. ഈ സത്യമാണ് ദൈവത്തിന്റെ മഹത്വം- (*ദോക്സ*- doxa എന്ന് ഗ്രീക്കിലും *കബോദ്* - Kabod എന്ന് ഹീബ്രു വിലും). ദൈവത്തിന്റെ തന്നെ പര്യായമാണ് മഹത്വം. അതിനാൽ ദൈവം തന്റെ മഹത്വം വെളിപ്പെടുത്തി, മഹത്വം സ്ഥാപിച്ചു എന്നൊ ക്കെപ്പറയുന്നത് ദൈവം സ്വയം വെളിപ്പെടുത്തുന്നതിനെയാണ് സൂചിപ്പിക്കുന്നത്. ഇസ്രായേൽ ജനം മേഘത്തിൽ ദൈവമഹത്വം ദർശിച്ചു. എന്നാൽ ഇവിടെ മനുഷ്യനായി അവതരിച്ച ദൈവവച നത്തിലാണ് മനുഷ്യൻ ദൈവമഹത്വം ദർശിക്കുന്നത്. ഈ മഹത്വം മനുഷ്യനിൽനിന്ന് അകന്നു നിൽക്കുന്നതിലൂടെയല്ല, അടുത്തു വന്ന് അവന്റെ ബലഹീനതകൾ സ്വന്തമാക്കി, അവസാനം കുരിശുമര ണത്തിലൂടെ മനുഷ്യനെ പാപത്തിന്റെ അടിമത്തത്തിൽ നിന്ന് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് വിമോചിപ്പിച്ച് നയിക്കുന്നതി ലൂടെയാണ് പ്രകടമാകുന്നത്. ഈ മഹത്വം മറ്റൊന്നുമല്ല, ദൈവ ത്തിന്റെ അത്യഗാധവും നിസ്സീമവുമായ, തന്റെ ഏക ജാതനെ നല്കാൻ മാത്രം ശക്തമായ (യോഹ 3:16) സ്നേഹമാണ്. മനു ഷ്യവതാരം മുതൽ കുരിശുമരണവും ഉത്ഥാനവും വരെയുള്ള സക ലപ്രവൃത്തികളിലും സംഭവങ്ങളിലും ഈ മഹത്വം ദൃശ്യമായി. അതിനു സാക്ഷികളാണ് ക്രിസ്തു ശിഷ്യർ. അവരിൽ ഒരുവനാണ് സുവിശേഷത്തിന്റെ ഗ്രന്ഥകർത്താവ്.

**5. കൃപ:** ഈ മഹത്വത്തിന്റെ ഒരു സവിശേഷതയാണ് കൃപ. *കാരിസ്* (charis) എന്നാണ് ഗ്രീക്കുമൂലം. സൗജന്യദാനം എന്നാണ് മൂലാർത്ഥം. എന്നാൽ ഈ വാക്കിന് കൂടുതൽ ആഴമേറിയ അർത്ഥമുണ്ട്. ദൈവം മനുഷ്യനു നൽകുന്ന സകല ദാനങ്ങളുടെയും ആകെ തുകയാണിത്. *ഹെസെദ്, എമെത്ത്,* (hezed, emeth) എന്ന രണ്ടു ഹീബ്രുവാക്കുകളാണ് കാരിസ് എന്ന വാക്കുകൊണ്ട് വിവർത്തനം ചെയ്യുന്നത്. കരുണാർദ്രസ്നേഹം, അചഞ്ചലസ്നേഹം, ഉടമ്പടിയാൽ ഉറപ്പിച്ചിരിക്കുന്ന സ്നേഹം എന്നാണ് ഹെസെദ് എന്ന വാക്കിനർത്ഥം; എമെത്ത് എന്ന വാക്കിനാകട്ടെ "വിശ്വസ്തത" എന്നും. "ആമ്മേൻ" എന്ന വാക്കും ഇതേ മൂലത്തിൽ നിന്നു വരുന്നു. ഒരിക്കലും മാറ്റമില്ലാത്ത, കുറവു വരാത്ത, നിഷേധിക്കാത്ത, ദൈവത്തിന്റെ വിശ്വസ്തതയാണ് ഇവിടെ വിവക്ഷിക്കുന്നത്. യേശുവിൽ പ്രകടമായ മഹത്വത്തിന്റെ സവിശേഷതകളാണിത്. ദൈവം സൗജന്യമായി നൽകുന്ന, ഒരിക്കലും പിൻവലിക്കാത്ത, യോഗ്യതകൾ പരിഗണിക്കാതെ നല്കുന്ന സ്നേഹമാണ് യേശുവിൽ പ്രകടമായത്; കുരിശു മരണം വരെ വിശ്വസ്തമായ സ്നേഹം. സ്നേഹിക്കപ്പെടുന്നവർ സ്നേഹം തിരസ്കരിച്ചാലും അവിശ്വസ്തരായി അകന്നു പോയാലും കൈവിടാത്ത, ഉപേക്ഷിക്കാത്ത ദൈവസ്നേഹം - അതാണ് കൃപ നിറഞ്ഞ മഹത്വം.

**6. സത്യം:** യോഹന്നാൻ എഴുതിയ സുവിശേഷത്തിലെ അതിപ്രധാനമായൊരു പ്രമേയമാണ് സത്യം. താൻ തന്നെയാണ് സത്യം എന്ന് യേശു സ്വയം വെളിപ്പെടുത്തുകയുണ്ടായി: "വഴിയും സത്യവും ജീവനും ഞാനാണ്" (14,6). സ്വയം വെളിപ്പടുത്തുന്ന ദൈവമാണ് സത്യം എന്ന് ഒറ്റവാക്കിൽ പറയാം. ഈ പരമ സത്യത്തിന്റെ പ്രകാശനമാണ് എല്ലാം. ആ വെളിപ്പെടുത്തലിന്റെ ഏറ്റം നിർണ്ണായകവും അവസാനത്തേതുമായ മുഹൂർത്തമാണ് യേശു.

പീലാത്തോസിന്റെ വിചാരണമധ്യേ യേശു തന്നെ ഈ സത്യം അവസാനമായി വെളിപ്പെടുത്തി: "ഇതിനു വേണ്ടിയാണ് ഞാൻ ജനിച്ചത്; ഇതിനുവേണ്ടിയാണ് ഞാൻ ലോകത്തിലേക്കു വന്നതും- സത്യത്തിനു സാക്ഷ്യം വഹിക്കാൻ" (18, 37). യേശുവിനെ മനസ്സിലാക്കണമെങ്കിൽ അവിടുത്തെ സ്വരം ശ്രവിക്കണം. എന്നാൽ എല്ലാവർക്കും അതിനു കഴിയുന്നില്ല. കാരണം ഈ വെളിപ്പെടുത്തൽ തന്നെ കൃപയാണ്. യേശുവിനെ ശ്രവിക്കാനോ സ്വീകരിക്കാനോ കഴിയാതെ പോയ പീലാത്തോസിന്റെ ചോദ്യം

"എന്താണ് സത്യം" (18:33) ഉത്തരം തേടി ഇന്നും ദിഗന്തങ്ങളിൽ മുഴങ്ങുന്നു. ഒരേ ഒരു മറുപടിയേ ഉള്ളൂ. അതാണ് മനുഷ്യനായി അവതരിച്ച ദൈവവചനം - യേശു.

**7. ഏകജാതൻ: *മോണോഗെനേസ്*** എന്നാണ് ഗ്രീക്കു മൂലം. ഏകജാതൻ, അനന്യൻ, തികച്ചും വ്യത്യസ്തൻ എന്നക്കെ ഈ വാക്കിന് അർത്ഥമുണ്ട്. ദൈവവും യേശുവും തമ്മിലുള്ള ബന്ധം ഒരു പിതൃപുത്രബന്ധംപോലെയാണ്. എന്നാൽ ശാരീരികമായ ഒരു പിതൃത്വംപോലെയല്ലിത്. അതിനാൽ തന്നെ യേശു ദൈവ പുത്രനാണ് എന്ന പ്രസ്താവന ഏറെ തെറ്റിധാരണകൾക്ക് ഇന്നും വിഷയമാകുന്നുണ്ട്. "ദൈവം ജനിക്കുന്നില്ല, ജനിപ്പിക്കുന്നുമില്ല" എന്ന പ്രസ്താവന ഈ തെറ്റിധാരണയുടെ ഒരു ഉദാഹരണമാണ്. ലൈംഗികവൃത്തിയിലൂടെ കുഞ്ഞിനു ജന്മം നൽകുന്ന ഒരു പ്രക്രിയ അല്ല ഇവിടെ പരാമർശവിഷയം.

ദൈവത്തിന്റെ വചനമാണ് പുത്രൻ. ദൈവത്തിൽനിന്നു പുറപ്പെടുന്ന, ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലാണ് വചനം. ആദിയിലേ വചനം ഉണ്ടായിരുന്നു. വചനമില്ലാത്ത ഒരു നിമിഷവുമില്ല. അതിനാൽ ദൈവത്തെപ്പോലെ തന്നെ വചനവും നിത്യമാണ്; ദൈവവുമാണ്; ഒരേ സമയം ഐക്യവും വ്യതിരിക്തതയും ഉണ്ട്. ഉറവിടത്തെ പിതാവ് എന്നും പുറപ്പെടുന്ന വചനത്തെ പുത്രൻ എന്നും വിളിക്കുന്നു. രണ്ടുപേരും തുല്യർ, ഒരുപോലെ തുടക്കവും ഒടുക്കവുമില്ലാത്തവർ. ഈ വചനത്തെയാണ് ഏകജാതൻ എന്നു വിളിക്കുന്നത്. ഏകജാതൻ വഴിയാണ് മനുഷ്യർക്ക് ദൈവപുത്രസ്ഥാനം ലഭ്യമാകുന്നത്.

**8. യോഹന്നാന്റെ സാക്ഷ്യം:** യേശുവിനു സാക്ഷ്യം വഹിക്കാനായി അയക്കപ്പെട്ട സ്നാപകയോഹന്നാനെക്കുറിച്ച് മുഖവുരയിൽ പലതവണ പരാമർശിക്കുന്നുണ്ട് (1:6-8. 15); ഇരുവരും തമ്മിലുള്ള ബന്ധവും വ്യത്യാസവും എടുത്തുകാട്ടുന്നുമുണ്ട്. പിന്നീട് യഹൂദ നേതാക്കന്മാരുടെ മുമ്പിലും (1:19-34) ശിഷ്യന്മാരോടും (1:35-36; 3:22-30) ഈ സാക്ഷ്യം ആവർത്തിച്ചുകൊണ്ട് രണ്ടു പേരുടെയും സ്വഭാവവും ദൗത്യവും വീണ്ടും വ്യക്തമാക്കുന്നു. യഥാർത്ഥ വെളിച്ചമായ യേശുവിലേക്ക് അനേകരെ നയിക്കാൻവേണ്ടി അയക്കപ്പെട്ട മുന്നോടിയാണ് സ്നാപകൻ. "എനിക്കുമുമ്പേ അവൻ ഉണ്ടായിരുന്നു" എന്ന യോഹന്നാന്റെ സാക്ഷ്യം കാലത്തിനതീതമായ യേശുവിന്റെ വ്യക്തിത്വത്തിലേക്ക് വിരൽ

ചൂണ്ടുന്നു. യേശുവിന്റെ ശിഷ്യർക്കെല്ലാം അനുകരണാർഹമായ ഒരു മാതൃകയാണ് സ്നാപകയോഹന്നാൻ.

**9. കൃപയ്ക്കുമേൽ കൃപ:** *കാരിൻ ആന്റികാരിത്തോസ്* (charin anti charitos) എന്നാണ് ഗ്രീക്കു മൂലം. കൃപയുടെ അർത്ഥം നാം കണ്ടു കഴിഞ്ഞു. 'ആന്റി' എന്ന ഗ്രീക്കുവാക്കാണ് ഇവിടെ ശ്രദ്ധാവിഷയം പകരം നിൽക്കുന്നത്, ഒന്നിനെ മാറ്റി പ്രതിഷ്ഠിക്കുന്നത് എന്ന് ഈ വാക്കിന് അർത്ഥമുണ്ട്. അപ്പോൾ കൃപയ്ക്കുപകരം കൃപ എന്നാവും അർത്ഥം. പഴയ നിയമത്തിലൂടെ നൽകപ്പെട്ട കൃപയ്ക്കുപകരം യേശുവിലൂടെ ലഭ്യമായ പുതിയ കൃപ എന്നായിരിക്കും ഒരു വ്യാഖ്യാന സാധ്യത. എന്നാൽ അധികമാരും ഈ വ്യാഖ്യാനം സ്വീകരിക്കുന്നില്ല. മോശവഴി നൽകപ്പെട്ട നിയമവും യേശു വഴി ഉണ്ടായ സത്യവും കൃപയും തമ്മിൽ സുവിശേഷകൻ തന്നെ വൈരുധ്യം എടുത്തു കാട്ടുന്നതിനാൽ ഈ വ്യാഖ്യാനം ശരിയെന്നു പറയാനാവില്ല.

"ഒന്നിനുമേൽ മറ്റൊന്ന്" അഥവാ "ഒന്നിനുപിന്നാലെ മറ്റൊന്ന്" എന്ന അർത്ഥവും ആന്റി എന്ന വാക്കിനുണ്ട്. ഈ അർത്ഥത്തിലാണ് മിക്ക വിവർത്തനങ്ങളും വ്യാഖ്യാനങ്ങളും ഈ വാക്കിനെ മനസ്സിലാക്കുന്നത് അവന്റെ പൂർണ്ണതയിൽനിന്ന് ദൈവത്തിന്റെ കൃപ നമ്മിലേക്ക് അനുസ്യൂതം, ക്രമപ്രവൃദ്ധമായി പ്രവഹിക്കുന്നു. ഒന്നു ലഭിച്ചുകഴിയുമ്പോൾ അതിനേക്കാൾ വലുത് തുടർന്നു വരുന്നു. അങ്ങനെ ദൈവത്തിന്റെ പൂർണ്ണതയിലേക്ക് നമ്മെ നയിക്കുന്ന കൃപാപ്രവാഹമാണ് യേശുവിലൂടെ നമുക്ക് ലഭ്യമായിരിക്കുന്നത്.

**10. മോശയും യേശുവും:** സീനായ് ഉടമ്പടിയിലൂടെ നൽകപ്പെട്ട നിയമത്തിന്റെ മധ്യസ്ഥനായിരുന്നു മോശ. എന്നാൽ ഈ ഉടമ്പടിക്കോ നിയമത്തിനോ മനുഷ്യനു രക്ഷ നൽകാനായില്ല. എന്തു ചെയ്യണം, എന്തു ചെയ്യരുത് എന്ന് അനുശാസിക്കാനല്ലാതെ, അനുസരിക്കാനുള്ള കഴിവു നൽകാൻ മോശ വഴി നൽകപ്പെട്ട നിയമത്തിനു കഴിഞ്ഞില്ല. എന്നാൽ യേശുവിലൂടെ വെളിപ്പെടുന്ന സത്യവും നൽകപ്പെടുന്ന കൃപയും മനുഷ്യന് ദൈവിക ജീവൻ പ്രദാനം ചെയ്യുന്നു. നിയമവും കൃപയും തമ്മിലുള്ള വ്യത്യാസവും വൈരുധ്യവും വി. പൗലോസിന്റെ ലേഖനങ്ങളിലെ ഒരു മുഖ്യ ചർച്ചാവിഷയമാണ് (ഉദാ. റോമ 2:7; ഗലാ 3-4).

**11. പിതാവിന്റെ മടിയിൽ:** "പിതാവുമായി ഗാഢബന്ധം

പുലർത്തുന്നു" എന്ന വിവർത്തനം ഒരു വ്യാഖ്യാനമാണ്. *എയിസ് തോൺ കോൾപോൺ തൂ പത്രോസ്* (eis ton kalpon tou patros) എന്നാണ് ഗ്രീക്കു മൂലം. *"കോൾപോസ്"* എന്ന വാക്കിന് മടി, വക്ഷസ്, മാറ്, എന്നൊക്കെ അർത്ഥമുണ്ട്. "അബ്രാഹത്തിന്റെ മടിയിൽ" എന്ന് വിവർത്തനം ചെയ്യുന്നത് ഈ വാക്കാണ് (ലൂക്കാ 16:22). "പിതാവിന്റെ മടിയിൽ ആയിരിക്കുന്നു" എന്നാവും ഈ വാക്കിന്റെ അർത്ഥം. ഒന്നുകൂടിയുണ്ട്. *'ഇൽ'* എന്നു വിവർത്തനം ചെയ്യുന്നത് *'എയ്സ്'* എന്ന ഗ്രീക്കു പ്രത്യയമാണ്. ഇത് ചലനത്തെ അഥവാ നീക്കത്തെ സൂചിപ്പിക്കുന്ന പ്രത്യയമാണ്. നിശ്ചലമായ ഒരവസ്ഥയല്ല, നിരന്തരമായ ഒരു പ്രക്രിയയെ ആണ് (not static but dynamic) ഈ പ്രത്യയം സൂചിപ്പിക്കുന്നത്. *"പിതാവിന്റെ മടിയിലേക്ക് ആയിരിക്കുന്നു"* എന്നാവും അക്ഷരാർത്ഥത്തിലുള്ള വിവർത്തനം. എന്നാൽ ഇതു ഭാഷയോടു ചെയ്യുന്ന അതിക്രമമായതിനാലാണ് 'ഗാഢബന്ധം' പുലർത്തുന്ന എന്നു പി.ഒ.സി. ബൈബിൾ വിവർത്തനം ചെയ്തത്. പുതിയ വിവർത്തനത്തിൽ "ആത്മ ബന്ധം" എന്നാക്കിയിട്ടുണ്ടെങ്കിലും മൂലത്തിന്റെ അർത്ഥം ഇതിൽനിന്നും കിട്ടുകയില്ല.

പിതാവും ഏകജാതനായ വചനവും തമ്മിലുള്ള ബന്ധവും അതേ സമയം വ്യതിരിക്തതയും ഇതിലൂടെ പ്രകടമാകുന്നു. ആരാണ് യേശു എന്നും എന്താണ് അവിടുത്തെ സ്വഭാവവും ദൗത്യവുമെന്നും ഒരിക്കൽ കൂടി ആവർത്തിച്ചുകൊണ്ടാണ് മുഖവുര അവസാനിക്കുന്നത്.

യേശു മനുഷ്യനാണ്; അതേ സമയം ദൈവവുമാണ്. പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവും. ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലായ വചനമാണവൻ. അദൃശ്യനും അശരീരിയുമായ വചനം മാംസമായി – മനുഷ്യനായി. അതാണ് യേശു. ഈ യേശു അദൃശ്യനായ ദൈവത്തെ ദൃശ്യനാകുന്നു. മനുഷ്യബുദ്ധിക്ക് അഗ്രാഹ്യനായ ദൈവത്തെ വെളിപ്പെടുത്തുന്നു– സ്നേഹമായി, കൃപയായി, മഹത്വമായി, ജീവനായി, പ്രകാശമായി, സത്യമായി. മനുഷ്യന്റെ സകല അന്വേഷണങ്ങൾക്കും ഉത്തരമാണവൻ, സകല ആഗ്രഹങ്ങളുടെയും പൂർത്തീകരണമാണവൻ.

"അസതോമാ സദ്ഗമയാ, തമസോമാ ജ്യോതിർഗമയാ മൃത്യോർമാ അമൃതം ഗമയാ" എന്ന ഭാരതഋഷിമാരുടെ നിരന്തരമായ പ്രാർത്ഥനയ്ക്കുള്ള മറുപടിയാണ് ഇരുളകറ്റുന്ന പ്രകാശ

മായി, സ്വയം വെളിപ്പെടുത്തുന്ന സത്യമായി, പിതാവുമായ ഗാഢ ബന്ധത്തിലേക്കു നയിക്കുന്ന ജീവനായി പ്രത്യക്ഷപ്പെട്ട, മനുഷ്യനായി അവതരിച്ച ദൈവവചനം, യേശുക്രിസ്തു.

അവനെ സ്വീകരിക്കുന്നവർക്കെല്ലാം, അവനിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവമക്കളാകാൻ അവൻ കഴിവു നൽകി. ഒന്നു മത്രമേ ആവശ്യമുള്ളൂ; അവനെ പൂർണ്ണമായി സ്വീകരിക്കുക, അവനിൽ വിശ്വസിക്കുക. അവൻ സ്നേഹിച്ചതുപോലെ സ്നേഹിക്കുക; സ്നേഹത്തിലൂടെ മാത്രമേ അവനെ തിരിച്ചറിയാൻ കഴിയൂ; ജീവനിലേക്കു പ്രവേശിക്കാൻ കഴിയൂ. "ദൈവം നമ്മെ ഇപ്രകാരം സ്നേഹിച്ചെങ്കിൽ നാമും പരസ്പരം സ്നേഹിക്കാൻ കടപ്പെട്ടിരിക്കുന്നു. ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല; എന്നാൽ നാം പരസ്പരം സ്നേഹിച്ചാൽ ദൈവം നമ്മിൽ വസിക്കും" (1 യോഹ 4:12). നമ്മൾ ദൈവമക്കളായിരിക്കുകയും ചെയ്യും. അതിനുള്ള കൃപ നമ്മുടെ ഇടയിൽ കൂടാരമടിച്ചു വസിക്കുന്ന ദൈവവചനമാകുന്ന യേശുനാഥൻ തന്നെ പ്രദാനം ചെയ്യട്ടെ!

# 11

### ദനഹാ 3 – ാം ഞായർ

## സാക്ഷ്യം-ശിഷ്യത്വം-സാക്ഷ്യം

### (യോഹ 1,35 – 42)

മാനവരക്ഷയ്ക്കുവേണ്ടി മനുഷ്യനായി അവതരിച്ച ദൈവ വചനമാകുന്ന യേശുക്രിസ്തുവിന്റെ പടിപടിയായുള്ള സ്വയം വെളിപ്പെടുത്തലാണ് ദനഹാക്കാലത്ത് സഭ അനുസ്മരിക്കുന്നത്. മൂന്നാം ഞായറാഴ്ചത്തെ പരിചിന്തനത്തിനായി നിർദ്ദേശിച്ചിരിക്കുന്ന സുവിശേഷഭാഗം (യോഹ 1,35-42) ഇപ്രകാരം ഒരു വെളിപ്പെടുത്തലും ആ വെളിപ്പെടുത്തലിനോടുള്ള ഒരു പ്രതികരണവും അവതരിപ്പിക്കുന്നു. "ആദ്യശിഷ്യന്മാർ" എന്നു പൊതുവേ അറിയപ്പെടുന്ന ഈ ഭാഗത്ത് സ്നാപകയോഹന്നാന്റെ രണ്ടു ശിഷ്യന്മാർ ഗുരുവിന്റെ തന്നെ വാക്കുകേട്ട് യേശുവിനെ അനുഗമിക്കുന്നതും യേശുവിന്റെ ശിഷ്യന്മാരായി മാറിയ അവരിൽ ഒരാൾ തന്റെ സഹോദരനെ യേശുവിന്റെ അടുക്കലേക്ക് ആനയിക്കുന്നതുമാണ് വിവരിക്കുന്നത്. സ്നാപകന്റെ സാക്ഷ്യം കേട്ട് യേശുവിനെ അനുഗമിച്ചവർ യേശുവിനെ കണ്ടെത്തുന്നതോടെ തങ്ങളുടെ അന്വേഷണം സഫലമായി എന്നു തിരിച്ചറിയുന്നു. അതോടെ അവർ തന്നെ യേശുവിനു സാക്ഷികളാവുകയും മറ്റുള്ളവരെ യേശുവിലേക്ക് ആകർഷിക്കുകയും ചെയ്യുന്നു. ഇപ്രകാരം നിരന്തരമായി തുടരുന്ന, തുടരേണ്ട ശിഷ്യത്വത്തിന്റെ പ്രക്രിയയാണ് ഇന്നു ധ്യാനവിഷയമായി നൽകിയിരിക്കുന്നത്.

സുവിശേഷഭാഗം വളരെ ലളിതമാണ്. സ്നാപകന്റെ വാക്കുകേട്ട് യേശുവിന്റെ പിന്നാലെ പോയവർ യേശുവിനോടുകൂടെ ഒരു ദിവസം വസിച്ചു; പിറ്റേ ദിവസം അവരിലൊരാൾ തന്റെ സഹോദരനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. യേശു

അയാൾക്ക് പുതിയൊരു പേരു നൽകി. ലളിതമായ രണ്ടു സംഭ വങ്ങൾ ഉൾക്കൊള്ളുന്ന ഈ സുവിശേഷഭാഗം രണ്ടായി തിരി ച്ചിരിക്കുന്നു. 35-39; 40-42 വാക്യങ്ങൾ. പ്രത്യക്ഷത്തിൽ വളരെ ലളിതമെങ്കിലും ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഓരോ വാക്കിനും ആഴമേറിയ അർത്ഥവും ദൂരവ്യാപകമായ ധ്വനികളുമുണ്ട്. അതി നാൽ അവ അടുത്തു പരിശോധിക്കുക ആവശ്യമാണ്.

"അടുത്ത ദിവസം" എന്ന ആമുഖത്തിലൂടെ ഈ സംഭവം സുവിശേഷത്തിൽ പൊതുഘടനയുമായി ബന്ധിപ്പിക്കുന്നു; മാത്ര മല്ല സംഭവങ്ങളെ ഏഴുദിവസം എന്ന ഒരു സമയബന്ധിത പ്രവർത്തനങ്ങളായി അവതരിപ്പിക്കുന്ന ആദ്യ അധ്യായത്തിൽ ഈ സംഭവത്തിന്റെ സ്ഥാനം എടുത്തു കാട്ടുകയും ചെയ്യുന്നു. ഒന്നാം ദിവസം യഹൂദാധികാരികളുടെ മുമ്പിൽ യോഹന്നാൻ നൽകിയ സാക്ഷ്യമാണ് അവതരിപ്പിച്ചിരിക്കുന്നത് (1,9-28). പിറ്റേ ദിവസം, അതായത് രണ്ടാം ദിവസം യേശുവിനെകണ്ട്, ആരോ ടെന്നില്ലാതെ യോഹന്നാൻ സാക്ഷ്യം നൽകുന്നു (1,29-34). അടുത്ത ദിവസം, അതായത് മൂന്നാം ദിവസം, സ്നാപകന്റെ സാക്ഷ്യം കേട്ട് രണ്ടുശിഷ്യന്മാർ യേശുവിനെ അനുഗമിക്കുന്നു (1,35-42). വീണ്ടും അടുത്ത ദിവസം, അത് അഞ്ചാം ദിവസമാണ്, രണ്ടു പുതിയ ശിഷ്യന്മാർക്ക് യേശു സ്വയം വെളിപ്പെടുത്തുന്നു; മാത്രമല്ല ദൈവപുത്രനായി അവർ തന്നെ കാണും എന്ന് യേശു വാഗ്ദാനം ചെയ്യുന്നു. ഈ അവതരണരീതിയിൽ എട്ടാം ദിവസ മാണ് കാനായിലെ അത്ഭുതകരമായ വെളിപ്പെടുത്തൽ. അത് മൂന്നാം ദിവസവുമാണ് എന്നു പറയുമ്പോൾ ഉത്ഥാനത്തിലൂടെ സംഭവിക്കാൻ പോകുന്ന വെളിപ്പെടുത്തലിന്റെ ഒരു മുന്നാസ്വാദ നമായി കാനായിലെ സംഭവത്തെ കാണണം എന്ന് സുവിശേഷ കൻ സൂചിപ്പിക്കുന്നു. മൂന്നാം ദിവസം എന്ന എട്ടാം ദിവസം യേശുവിന്റെ ഉത്ഥാനത്തിലൂടെ ആരംഭിച്ച പുതിയ സൃഷ്ടിയി ലേക്കും വിരൽ ചൂണ്ടുന്നു.

യോഹന്നാനു ശിഷ്യന്മാരുണ്ടായിരുന്നുവെന്നും അവരിൽ രണ്ടുപേരോടാണ് യേശുവിനെക്കുറിച്ചു പറയുന്നത് എന്നും തുടർന്നു വിവരിക്കുന്നു. "യേശു നടന്നുവരുന്നത് കണ്ടു" എന്ന പി.ഒ.സി വിവർത്തനം മൂലത്തിന്റെ അർത്ഥം പൂർണ്ണമായും വ്യക്ത മാക്കുന്നില്ല. "നടന്നുപോകുന്ന യേശുവിനെ നോക്കിക്കൊണ്ട്" എന്നാണ് ഗ്രീക്കുമൂലം. ചില കാര്യങ്ങൾ ഇവിടെ ശ്രദ്ധേയമാണ്. യോഹന്നാൻ തന്റെ ശിഷ്യന്മാരോടുകൂടെ നിൽക്കുന്നു. അവിടെ

ഒരു ഗുരു ശിഷ്യബന്ധമുണ്ട്. നടന്നുപോകുന്ന യേശുവിനെ യാദൃശ്ചികമായി കണ്ടതല്ല; യേശു അവരുടെ അടുത്തേക്കു വന്നതുമല്ല. നടന്ന്, കടന്നുപോകുന്ന യേശുവിനെ സ്നാപകൻ ഉറ്റുനോക്കിക്കൊണ്ടാണ് പറയുന്നത്. തന്റെ അടുക്കലേക്കു വന്ന ശിമയോനെ യേശു "നോക്കി" എന്നു പറയാനും ഗ്രീക്കിൽ ഇതേ വാക്കു തന്നെ ഉപയോഗിച്ചിരിക്കുന്നു. ആ നോട്ടത്തിനു പ്രാധാന്യമുണ്ട്. ബാഹ്യമായ ഒരു കാഴ്ചയ്ക്കപ്പുറത്ത്, വ്യക്തിയുടെ അന്തഃസത്തയിലേക്ക് ചൂഴ്ന്നിറങ്ങുന്നതാണ് ഈ നോട്ടം.

"ഇതാ ദൈവത്തിന്റെ കുഞ്ഞാട്". "ഇതാ" എന്ന വിവർത്തനവും പൂർണ്ണമല്ല. "കണ്ടാലും" എന്നാണ് മൂലം. സൂക്ഷ്മമായി നോക്കാനുള്ള ഒരാഹ്വാനം ഈ വാക്കിലുണ്ട്. "ദൈവത്തിന്റെ കുഞ്ഞാട്" എന്ന വിവരണം "ലോകത്തിന്റെ പാപം നീക്കുന്ന" എന്ന് 1,29 ൽ വിശേഷിപ്പിച്ചതിന്റെ തുടർച്ചയാണ്. ലോകത്തിന്റെ മുഴുവൻ പാപം പരിഹരിക്കാൻ വേണ്ടി അർപ്പിക്കാൻ പോകുന്ന യേശുവിന്റെ ആത്മബലിയിലേക്കും അതുവഴി ലഭിക്കാൻ പോകുന്ന രക്ഷയിലേക്കും ഇത് വിരൽചൂണ്ടുന്നു. ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് മോചനവും സംഹാര ദൂതനിൽനിന്നു രക്ഷയും നൽകിയ പെസഹാ കുഞ്ഞാടിന്റെയും (പുറ 12,1-4) ജനം മുഴുവന്റെയും പാപങ്ങളുടെ പരിഹാരത്തിനായി ആണ്ടുതോറും അർപ്പിച്ചിരുന്ന കുഞ്ഞാടിന്റെയും (ലേവ്യർ 16) പ്രതീകങ്ങളുടെ പൂർത്തീകരണമായി യേശുവിനെ യോഹന്നാൻ ഇവിടെ വെളിപ്പെടുത്തുന്നു. ഈ സാക്ഷ്യം കേട്ട് സ്നാപകന്റെ രണ്ടു ശിഷ്യർ യേശുവിന്റെ പിന്നാലെ പോയി.

സ്നാപകന്റെ സാക്ഷ്യവും ശിഷ്യന്മാരുടെ പ്രതികരണവും പ്രത്യേക ശ്രദ്ധയർഹിക്കുന്നു. തന്റെ ദൗത്യത്തെക്കുറിച്ച് യോഹന്നാന് വ്യക്തമായ ബോധ്യമുണ്ട്. താൻ മിശിഹായല്ല; താനല്ല ശ്രദ്ധാകേന്ദ്രം. മിശിഹായ്ക്കു വഴിയൊരുക്കാൻ വന്നവൻ മാത്രമാണു താൻ. അതിനാൽ തന്റെ ശിഷ്യന്മാരെ യേശുവിന്റെ പിന്നാലെ പറഞ്ഞയയ്ക്കാൻ അയാൾക്കു സന്തോഷമേയുള്ളൂ. ജനശ്രദ്ധയിൽ അവൻ വളരുകയും താൻ ചെറുതായി ചെറുതായി വിസ്മരിക്കപ്പെടുകയും ചെയ്യണം (യോഹ 3,20) എന്ന മുന്നോടിയുടെ അനുകരണാർഹമായ മനോഭാവം സുവിശേഷകൻ എടുത്തുകാട്ടുന്നു. സ്നാപകന്റെ സാക്ഷ്യം കേട്ട ശിഷ്യന്മാർ യേശുവിന്റെ പിന്നാലെ പോയി. എന്നാൽ അതുകൊണ്ടു മാത്രം അവർ യേശുവിന്റെ ശിഷ്യന്മാരായി മാറുന്നില്ല. ശിഷ്യത്വം മറ്റു ചിലതു

കൂടി ആവശ്യപ്പെടുന്നുണ്ട്. സാക്ഷ്യം സ്വീകരിക്കുന്നതും യേശുവിന്റെ പിന്നാലെ പോകുന്നതും ആദ്യത്തെ പടിയാണ്; ഒരന്വേഷണത്തിന്റെ തുടക്കവും.

യേശുവിന്റെ പിന്നാലെ ചെല്ലുന്ന രണ്ടുപേരെ യേശു പാതി വഴിയിൽ വച്ചു നേരിടുന്നു. യേശു "തിരിഞ്ഞു" എന്നു പറയുന്നതുതന്നെ ശ്രദ്ധിക്കണം. യോഹന്നാന്റെ അടുക്കലേക്ക് യേശു വരുകയായിരുന്നില്ല, കടന്നു പോവുകയായിരുന്നു. കടന്നുപോകുന്നവന്റെ പിന്നാലെ ചെന്നവരുടെ നേരെതിരിഞ്ഞ് യേശു അവരുമായി സംഭാഷണം ആരംഭിക്കുന്നു. ശിഷ്യത്വത്തിന്റെ തുടക്കത്തെക്കുറിച്ചുള്ള ഈ വിവരണം സമാന്തര സുവിശേഷങ്ങളുടേതിൽനിന്നു വ്യത്യസ്തമാണ്. അവിടെ ജോലിയിൽ വ്യാപൃതരായിരിക്കുന്നവരുടെ അടുത്തേക്ക് യേശു ചെന്ന് അവരെ വിളിക്കുകയാണ്. എന്നാൽ ഇവിടെ ശിഷ്യന്റെയും ഗുരുവിന്റെയും ഭാഗത്തുനിന്നുണ്ട് അന്വേഷണവും കണ്ടുമുട്ടലും. തന്നെയുമല്ല, ഇവിടെ യേശുവിന്റെ ചോദ്യവും വിളിയും വ്യത്യസ്തമാണ്.

"നിങ്ങൾ എന്തന്വേഷിക്കുന്നു" എന്ന ചോദ്യത്തിന് ആഴമേറിയ അർത്ഥമുണ്ട്. ഒരു ജീവിതം മുഴുവന്റെയും അർത്ഥം ഉൾക്കൊള്ളുന്നത്ര ആഴവും വ്യാപ്തിയും ഈ ചോദ്യത്തിനുണ്ട്. അവരുടെ മറുപടിയും അത്ര ലളിതമല്ല. റബ്ബീ എന്ന അഭിസംബോധന യേശുവിനെ ഒരു ഗുരുവായി അംഗീകരിക്കുന്നു. "എന്റെ വലിയവനേ" എന്നാണ് ഈ അരമായ വാക്കിന്റെ വാച്യാർത്ഥം. ഗുരു എന്നു വിവർത്തനം ചെയ്യാമെങ്കിലും വാച്യാർത്ഥത്തിന്റെ പ്രസക്തി മറക്കരുത്. വലിയവൻ ഒരുവൻ മാത്രമേയുള്ളൂ, ദൈവം, എന്ന പ്രബോധനം ഓർത്തിരിക്കണം. ചോദ്യം ഉന്നയിക്കുന്ന ശിഷ്യന്മാർ ഈ അർത്ഥം ഉദ്ദേശിച്ചിരുന്നോ എന്നു പറയാനാവില്ല. തുടർന്നുള്ള അവരുടെ ചോദ്യമാണ് കൂടുതൽ പ്രസക്തം. "അങ്ങ് എവിടെ വസിക്കുന്നു?" "വസിക്കുക" എന്നു വിവർത്തനം ചെയ്യുന്ന *"മെനെയിൻ"* എന്ന ഗ്രീക്കു വാക്കിനും പല അർത്ഥതലങ്ങളുണ്ട്. വീട്, വസതി എന്നൊക്കെ വിശേഷിപ്പിക്കാമെങ്കിലും അതിലുപരി വ്യക്തിത്വത്തിന്റെ അഗാധതലങ്ങളെ പരിചയപ്പെടാനുള്ള ആഗ്രഹമാണ് ഈ ചോദ്യത്തിലുള്ളത്. നീ ആരാണ്; നിന്നെ കൂടുതലായി, അടുത്തറിയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഇതാവാം അവരുടെ ചോദ്യത്തിന്റെ അർത്ഥം. അത് ഭൗതികമായൊരു വാസസ്ഥലത്തെക്കുറിച്ചു മാത്രമല്ല ശ്രദ്ധിക്കുന്നത്.

"വന്നു കാണുക" എന്ന വിവർത്തനവും പൂർണ്ണമല്ല. "വരുവിൻ, നിങ്ങൾ കാണും" എന്നാണ് മൂലത്തിന്റെ വാച്യാർത്ഥം. വരുവിൻ എന്ന ആഹ്വാനം അവർ ചെയ്യേണ്ട പ്രവൃത്തിയെ സൂചിപ്പിക്കുന്നു. യേശുവിന്റെ കൂടെ, പിന്നാലെ അവർ പോകണം. പോയാൽ അവർ കാണും. അത് ഒരു വാഗ്ദാനമാണ്. വന്നാൽ നിങ്ങൾക്കു കാണാം. എന്നു പറഞ്ഞാൽ, യേശുവിനെ അടുത്ത്, ആഴത്തിൽ അറിയണമെങ്കിൽ കൂടെ പോകാൻ തയ്യാറാകണം. കേട്ടു കേൾവി പോരാ, ഉപരിപ്ലവമായൊരു കാഴ്ചയും പോരാ. കൂടെ നടക്കണം; കൂടെ വസിക്കണം; അപ്പോഴാണ് കാണാൻ, അറിയാൻ കഴിയുക. ഈ ആഹ്വാനവും വാഗ്ദാനവും ആദ്യത്തെ രണ്ടു ശിഷ്യന്മാർക്കു മാത്രമുള്ളതല്ല, എക്കാലവും ഏവർക്കും പ്രസക്തമാണ്. ഇന്നും യേശുവിനെ അറിയണമെങ്കിൽ വ്യക്തിബന്ധത്തിൽ ഏർപ്പെടണം. അവന്റെ വാക്കു കേൾക്കണം; അവന്റെ പിന്നാലെ നടക്കണം, അങ്ങനെ അവന്റെ വ്യക്തിത്വത്തിന്റെ ആഴങ്ങളിലേക്ക്, അഥവാ അവന്റെ വാസസ്ഥലമായ പിതാവിലേക്ക് എത്താൻ കഴിയും. അപ്പോൾ മാത്രമേ യേശു ആരെന്ന് പൂർണ്ണമായി ഗ്രഹിക്കാൻ കഴിയൂ. കേട്ടുകേൾവിയിലൂടെയും അന്യരുടെ സാക്ഷ്യത്തിലൂടെയും യേശുവിനെക്കുറിച്ച് അറിയാൻ കഴിയും. എന്നാൽ അത് യേശുവിനെ അറിയലാവില്ല. യേശുവിനെ അറിയണമെങ്കിൽ നേരിട്ട്, വ്യക്തിപരമായ അനുഭവമുണ്ടാകണം. അതിന് കൂടെ നടന്നേ മതിയാകൂ!

"അവർ പോയി; അവൻ എവിടെ വസിക്കുന്നു എന്നു കണ്ടു; ആ ദിവസം അവന്റെ അടുത്ത് വസിച്ചു", ഇതാണ് വാച്യാർത്ഥത്തിൽ അവരുടെ മറുപടി, അഥവാ അടുത്ത പ്രവൃത്തി. പോയി, കണ്ടു, വസിച്ചു-ഈ മൂന്ന് വാക്കുകൾ അവരുടെ മറുപടിയായി നിൽക്കുന്നു. എന്താണവർ കണ്ടതെന്ന് സുവിശേഷകൻ പറയുന്നില്ല. ഭൗതികമായ ഒരു വാസസ്ഥലത്തേക്കാൾ ആഴമേറിയ എന്തോ ഒന്നാണ് ഇവിടെ വിവക്ഷക്കുന്നത് എന്നു വ്യക്തം. ജോർദ്ദാൻ നദിയുടെ മറുകരെ, യോഹന്നാൻ സ്നാനം നൽകിക്കൊണ്ടിരുന്ന "സാലിമിനടുത്തുള്ള ഏനോൻ" ജെറീക്കോയുടെ സമീപത്തായിരുന്നു എന്ന് കരുതപ്പെടുന്നു. അവിടെ നിന്ന് ഏതാനും മണിക്കൂർകൊണ്ട് യേശുവിന്റെ ഗ്രാമമായ നസ്രത്തിലോ, പരസ്യജീവിതം തുടങ്ങിയപ്പോൾ താമസിച്ചിരുന്ന കഫർണാമിലോ എത്തുക സാധ്യമല്ല. രണ്ടും ഏകദേശം നൂറു കിലോമീറ്ററിൽ കൂടുതൽ അകലെയാണ്. അതിനാൽ എന്താണ്

അവർ കണ്ട "വസിക്കുന്ന ഇടം?" യേശുവിന്റെ വ്യക്തിത്വത്തെ ക്കുറിച്ചുള്ള ആഴമേറിയ ഒരവബോധത്തിലേക്കു വന്നു എന്ന താവാം സുവിശേഷകൻ അർത്ഥമാക്കുന്നത്. അവർ കണ്ടുമുട്ടിയ സമയത്തെക്കുറിച്ചുള്ള സൂചനയും പിറ്റേന്ന് അവരിൽ ഒരാൾ നടത്തുന്ന പ്രസ്താവനയും ഈ അനുഭവത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

"കൂടെ താമസിച്ചു" എന്നതിനേക്കാൾ "അടുത്തു വസിച്ചു" എന്നതാണ് ഗ്രീക്കുമൂലം. രണ്ടും തമ്മിൽ വലിയ അർത്ഥവ്യത്യാസമില്ലെങ്കിലും ധ്വനികളിൽ അല്പം ഭിന്നതയുണ്ട്. അടുത്തായിരിക്കുന്നവൻ ശ്രദ്ധിച്ചു കാണുന്നു, കേൾക്കുന്നു; എല്ലാം സസൂക്ഷ്മം നിരീക്ഷിക്കുന്നു. ഈ ശ്രദ്ധയാണ് അവരെ വലിയൊരനുഭവത്തിലേക്കു നയിക്കുന്നത്. "വസിക്കുക" എന്ന പദത്തിനും യോഹന്നാന്റെ സുവിശേഷത്തിൽ ഏറെ ധ്വനികളുണ്ട്. *"മെനെയിൻ"* (menein) എന്നു ഗ്രീക്കുമൂലം. "നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും" (യോഹ 15,4). "ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും" (15,10). മുന്തിരിച്ചെടിയുടെ ശാഖയ്ക്ക് തായ്ത്തണ്ടിനോടുള്ള ബന്ധം പോലെയാണ് ഈ വാസം. ഇപ്രകാരമൊരു ഗാഢമായ ബന്ധത്തിന്റെയും ഐക്യത്തിന്റെയും തുടക്കമായി വേണം ഈ രണ്ടുപേരുടെ യേശുവിന്റെ അടുക്കലുള്ള വാസത്തെ മനസിലാക്കാൻ. ആ കണ്ടുമുട്ടലും സഹവാസവും അവരുടെ ജീവിതത്തെ സമൂലം മാറ്റിമറിച്ചു. അതോടെ അവരുടെ അന്വേഷണം അവസാനിച്ചു; കാരണം അവർ അന്വേഷിച്ചത് കണ്ടെത്തി.

സ്നാപകന്റെ സാക്ഷ്യം കേട്ട് യേശുവിനെ അനുഗമിച്ച്, കൂടെ വസിച്ചവർ പിറ്റേന്ന് യേശുവിന്റെ സാക്ഷികളായി മാറുന്ന സംഭവമാണ് തുടർന്നു വിവരിക്കുന്നത്. അന്ത്രയോസിനെ അവതരിപ്പിക്കുന്നത് ശിമയോൻ പത്രോസിന്റെ സഹോദരനായിട്ടാണ്. എന്നാൽ ശിമയോൻ പത്രോസിനെക്കുറിച്ച് പറയാൻ പോകുന്നതേയുള്ളൂ. ഇത് യോഹന്നാന്റെ അവതരണശൈലിയുടെ ഒരു പ്രത്യേകതയാണ്. സുഗന്ധതൈലം കൊണ്ട് കർത്താവിനെ പൂശിയവൾ എന്ന് 11,2 ൽ മറിയത്തെ വിശേഷിപ്പിക്കുന്നുണ്ടെങ്കിലും 12,3 ലാണ് ആ പൂശൽ വിവരിക്കുന്നത്. ശിമയോൻ പത്രോസ്

സഭാസമൂഹത്തിൽ കൂടുതൽ അറിയപ്പെടുന്നതിനാലാവാം ഇങ്ങനെയൊരു അവതരണം.

"ആദ്യമേ" എന്ന കാലസൂചനയും വിവാദവിഷയമാണ്. എന്താണിതിനർത്ഥം? മറ്റാരോടും പറയുന്നതിനുമുമ്പേ തന്റെ സഹോദരൻ ശിമയോനോടു പറഞ്ഞു എന്നാണോ? അതോ ഈ അനുഭവം കഴിഞ്ഞതിനുശേഷം അന്ത്രയോസ് ആദ്യമേ ചെയ്തത് തന്റെ സഹോദരനോട് പറയുകയാണ് എന്നാവുമോ? രണ്ടിനും സാധ്യതയുണ്ട്. എന്നാൽ ഇതിൽ നിന്നു വ്യത്യസ്തമായി മറ്റൊരു സാധ്യതയുണ്ട്. "അതിരാവിലെ" എന്ന ഒരു കാലസൂചനയും ഇവിടെ സാധ്യമാണ്. ഈ രണ്ടു സാധ്യതകൾ ഗ്രീക്കുഭാഷയിലുള്ള പുരാതന കയ്യെഴുത്തു പ്രതികൾ *"പ്രോത്തോൺ"* (Proton) എന്ന് എഴുതുമ്പോൾ തുല്യ പ്രാധാന്യമുള്ള മറ്റുചില കയ്യെഴുത്തു പ്രതികളിൽ *"പ്രോയി"* (Proi) എന്നാണ് കാണുക. ആദ്യത്തെ ലിഖിതം സ്വീകരിക്കുന്നവർ *ആദ്യമേ* എന്നു വിവർത്തനം ചെയ്യുന്നു; രണ്ടാമത്തേതു സ്വീകരിക്കുന്നവർ *രാവിലെ* എന്നും. സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ രണ്ടാമത്തെ വിവരണമാണ് കൂടുതൽ സ്വീകാര്യം എന്നു തോന്നും. രാത്രി മുഴുവൻ യേശുവിന്റെ അടുക്കൽ ചിലവഴിച്ചവൻ അതിരാവിലെ തന്റെ അനുഭവം സഹോദരനുമായി പങ്കുവച്ചു; അവനേയും യേശുവിന്റെയടുക്കലേക്കു കൊണ്ടുവന്നു എന്നു പറയുന്നതാണല്ലോ കൂടുതൽ യുക്തിസഹവും മനസിലാക്കാൻ എളുപ്പവും.

സമയ സൂചനയേക്കാൾ കൂടുതൽ പ്രാധാന്യമുള്ളതാണ് അന്ത്രയോസിന്റെ വാക്കുകൾ. "ഞങ്ങൾ മിശിഹായെ കണ്ടു". ഇതാണ് അന്ത്രയോസിന്റെ സാക്ഷ്യം. ഇത് സംശയരഹിതമായൊരു വിശ്വാസപ്രഖ്യാപനമാണ്. ഇതുവരെ നമ്മൾ അന്വേഷിച്ചു നടന്നവനെ ഇന്നലെ ഞങ്ങൾ കണ്ടെത്തി. ഈ അനുഭവ സാക്ഷ്യമാണ് ശിമയോനെ യേശുവിന്റെയടുക്കലേക്കാകർഷിക്കുന്നത്. സാക്ഷ്യം കേട്ട് അനുഗമിച്ചവൻ ഇപ്പോൾ സാക്ഷിയാകുന്നു. അങ്ങനെ ശിഷ്യത്വം സാക്ഷികളുടെ ഒരു ശൃംഖലയായി മാറുന്നു. യേശുവിന്റെ അടുക്കലേക്കു വരുന്ന ശിമയോനെ നോക്കി യേശു അവന് പുതിയൊരു പേരു നൽകുന്നു. *കേപ്പാ*, പാറ എന്നർത്ഥം. ഈ പേര് യേശു അയാളെ ഏല്പിക്കാൻ പോകുന്ന ദൗത്യത്തെക്കുറിച്ച് ഒരു സൂചനയും നൽകുന്നുണ്ട്. ബൈബിളിൽ പേരുകൾ അങ്ങനെയാണ്. സ്വീകരിക്കുന്ന ആളിന്റെ ലക്ഷ്യം, പുതിയ

ദൗത്യം; നൽകുന്ന ആളിന്റെ സ്വപ്നം, പ്രതീക്ഷ. പേരിനെ സംബ ന്ധിച്ച ഈ കാഴ്ചപ്പാട് എന്നത്തേക്കാളേറെ ഇന്നു പ്രസക്തമാ യിരിക്കുന്നു. എന്താണ് എന്റെ പേരിന്റെ അർത്ഥം? എന്തു സ്വപ്ന മാണ്, എന്തു ദൗത്യമാണ് അത് എന്നിൽ ഉണർത്തുന്നത്? അർത്ഥ മില്ലെങ്കിൽ ഇനിയെങ്കിലും അർത്ഥമില്ലാത്ത പേരുകൾ ആർക്കും കൊടുക്കാതിരിക്കുക.

ദൈവവിളിയുടെ ചില പുതിയ മാനങ്ങൾ വെളിപ്പെടുത്തു ന്നതാണ് നാം അപഗ്രഥിച്ച ഈ ബൈബിൾ ഭാഗം. ബൈബി ളിൽ കാണുന്ന മറ്റ് അനേകം വിളികളിൽനിന്നു വ്യത്യസ്തമാ ണിത്. വിളി കേട്ട് അനുഗമിക്കുന്നതിനേക്കാൾ ഗുരുവായ യേശു വിന്റെ വ്യക്തിത്വത്തിന്റെ കേന്ദ്രത്തിലേക്കുള്ള ഒരു യാത്രയാ ണിത്. ആ വ്യക്തിത്വത്തെ പടിപടിയായി കണ്ടെത്തുന്നതിന്റെ ഒരു അനുഭവവിവരണം. അതിനാൽത്തന്നെ ശിഷ്യത്വത്തെ സംബ ന്ധിച്ച സുപ്രധാനമായ ഉൾക്കാഴ്ചകൾ സുവിശേഷകൻ ഇവിടെ പങ്കുവയ്ക്കുന്നു.

അനുഭവസ്ഥന്റെ സാക്ഷ്യത്തിലാണ് തുടക്കം. സാക്ഷ്യം കേൾക്കുന്നവർ യേശുവിന്റെ പിന്നാലെ പോകാൻ തീരുമാ നിക്കുന്നു. അവരുടെ യാത്രയിൽ യേശു അവരെ സ്വീകരിച്ചു മുന്നോട്ടു നയിക്കുന്നു; ലക്ഷ്യം കൂടുതൽ വ്യക്തമാക്കുന്നു. അവ രുടെ അന്വേഷണം യേശു വസിക്കുന്നിടത്തേക്ക്, പിതാവിന്റെ ഹൃദയത്തിലേക്ക്, അവരെ എത്തിക്കുന്നു. അവിടെ ലഭിക്കുന്ന വ്യക്തിപരമായ അനുഭവം അവരെ യഥാർത്ഥ ക്രിസ്തുശിഷ്യ രാക്കി മാറ്റുന്നു. അതോടെ അവർ യേശുവിനു സാക്ഷികളായി മാറുന്നു. ഈ പ്രക്രിയ ഇന്നും തുടരുന്നു. തുടരണം, നമ്മിലൂടെ. തത്വങ്ങളും വിശ്വാസപ്രമാണങ്ങളും കേട്ടു പഠിക്കുകയും ഉരു വിട്ടു മനഃപാഠമാക്കുകയും ചെയ്താൽ പോരാ, യേശുവിനെ അറി യണം. യേശുവിനെക്കുറിച്ചുള്ള അറിവുമാത്രം മതിയാവുകയില്ല. വ്യക്തിപരമായ അന്വേഷണം, കണ്ടുമുട്ടൽ, സഹവാസം, അനു ഭവം എന്നീ പടികളിലൂടെ കടന്ന് യേശുവിനു സാക്ഷ്യം വഹി ക്കുന്ന ശിഷ്യരാകാനുള്ള ആഹ്വാനമാണ് ഈ വിവരണത്തിലൂടെ ലഭിക്കുന്നത്.

# 12

### ദനഹാ 4 – ാം ഞായർ

## അടയാളങ്ങളുടെ ആരംഭം

### (യോഹ 2,1 – 11)

മാതാവിന്റെ അപേക്ഷ പരിഗണിച്ച് കാനായിലെ കല്യാണ വിരുന്നിൽ വെള്ളം വീഞ്ഞാക്കി അത്ഭുതം പ്രവർത്തിച്ച് യേശു തന്റെ മഹത്വം വെളിപ്പെടുത്തിയ സംഭവമാണ് ഇന്നത്തെ വായനയ്ക്കായി സഭ നിർദ്ദേശിച്ചിരിക്കുന്ന സുവിശേഷഭാഗം. വളരെ പ്രധാനപ്പെട്ടതും എന്നാൽ ചില തെറ്റിധാരണകൾക്കും ദുർവ്യാഖ്യാനങ്ങൾക്കും വിധേയമായിട്ടുള്ളതുമാണ് ഈ വിവരണം. സ്ത്രീയേ എന്നു വിളിച്ചുകൊണ്ട് യേശു തന്റെ അമ്മയെ തള്ളിപ്പറയുകയാണെന്നും എനിക്കും നിനക്കും എന്തു എന്നു ചോദിച്ചുകൊണ്ട് മാതാവിന്റെ ഇടപെടലിൽ അതൃപ്തിയും നീരസവും പ്രകടിപ്പിച്ചു എന്നും വ്യാഖ്യാനിക്കുന്നവരുണ്ട്. അതേസമയം യേശു തന്റെ മഹത്വം വെളിപ്പെടുത്തിയ ആദ്യത്തെ അടയാളമാണിത് എന്ന് എടുത്തു പറയുന്നതിലൂടെ ഈ സംഭവത്തിന്റെ അതുല്യ പ്രാധാന്യത്തിലേക്ക് സുവിശേഷകൻ തന്നെ ശ്രദ്ധ ക്ഷണിക്കുന്നുണ്ട്. അതിനാൽ ഈ വിവരണം വിശദമായ പഠനം ആവശ്യപ്പെടുന്നു.

"മൂന്നാം ദിവസം" എന്ന ആമുഖം തന്നെ ശ്രദ്ധേയമാണ്. ക്രൈസ്തവനെ സംബന്ധിച്ച് "മൂന്നാം ദിവസം" എന്ന പദപ്രയോഗം യേശുവിന്റെ ഉത്ഥാനത്തിലേക്കാണ് ശ്രദ്ധ ക്ഷണിക്കുന്നത്. അതേസമയം യോഹന്നാൻ നൽകിയിരിക്കുന്ന ദിവസങ്ങളുടെ കണക്കുകൂട്ടിയാൽ ഈ മൂന്നാംദിവസം എന്നു പറയുന്നത് എട്ടാംദിവസമാണ്. സൃഷ്ടികർമ്മം പൂർത്തിയാക്കി ദൈവം വിശ്രമിച്ച ദിവസമാണ് ഏഴാം ദിവസം (ഉൽപ. 2, 2). അപ്പോൾ എട്ടാം

ദിവസം ഒരു പുതിയ തുടക്കത്തെ സൂചിപ്പിക്കുന്നു എന്നു കരുതാനാവും. അതിനാൽ യേശുവിന്റെ പുനരുത്ഥാനത്തിലൂടെ ആരംഭിക്കുന്ന പുതിയ സൃഷ്ടി കർമ്മത്തെക്കുറിച്ചുള്ള ഒരു സൂചന ഈ സംഭവത്തിന്റെ വിശദീകരണത്തിലൂടെ സുവിശേഷകൻ നൽകുന്നു എന്ന് അനുമാനിക്കാം.

"വിവാഹവിരുന്ന്" ദൈവരാജ്യത്തിന്റെ അഥവാ രക്ഷാചരിത്രത്തിന്റെ പൂർത്തീകരണത്തിന്റെ പ്രതീകമാണ് (വെളി 19,7-8; 21,2). ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിക്കാൻ വിവാഹവിരുന്നിന്റെ ഉപമകൾ യേശുതന്നെ പറഞ്ഞിട്ടുണ്ടല്ലോ (ലൂക്കാ 14,15-24; 13,28). കാനായിലെ കല്യാണവിരുന്നിനെ ദൈവരാജ്യത്തോട് ഉപമിച്ചുകൊണ്ടാണ് സുവിശേഷകൻ അവതരിപ്പിക്കുന്നത്. വിവാഹവിരുന്നിൽ വീഞ്ഞു ലഭ്യമാക്കുക വരന്റെ കടമയാണ്. അതിനാൽ തീർന്നുപോയ വീഞ്ഞിന്റെ സ്ഥാനത്ത് പുതുവീഞ്ഞു നൽകുന്ന യേശു തന്നെ യഥാർത്ഥ മണവാളൻ; സഭ മണവാട്ടിയും. അങ്ങനെ അനേകം ധ്വനികളും പ്രതീകാത്മകതയുമുള്ള ഒരു വിവരണമാണിത്.

യേശുവിന്റെ അമ്മയാണ് സംഭവത്തിൽ പരാമർശ വിഷയമാകുന്ന ആദ്യവ്യക്തി. പേരു പറയുന്നില്ല. "യേശുവിന്റെ അമ്മ" എന്ന ബന്ധത്തിനാണ് ഊന്നൽ നൽകുന്നത്. അതിനാൽത്തന്നെ യേശുവിന്റെ അഭിസംബോധനാരൂപത്തിന് പ്രത്യേക പ്രാധാന്യമുണ്ട്. യേശുവും ശിഷ്യന്മാരും ക്ഷണിതാക്കളാണ്; അമ്മയാകട്ടെ നേരത്തെതന്നെ അവിടെ ഉണ്ടായിരുന്നു. കല്യാണവീടുമായി അടുത്ത ബന്ധമുള്ള വ്യക്തിയാണമ്മ. അതിനാലാണ് വിളമ്പുകാർ അറിയുന്നതിനുമുമ്പേ കലവറയിൽ വീഞ്ഞു തീർന്ന കാര്യം അമ്മ അറിഞ്ഞതും പരിഹാരം തേടിയതും.

"അവർക്കു വീഞ്ഞില്ല" എന്നു രണ്ടു വാക്കുകളിൽ അമ്മയുടെ അഭ്യർത്ഥന ഒതുങ്ങി. എന്തുചെയ്യണം എന്ന് മകൻ നിശ്ചയിക്കട്ടെ. ഈ പ്രതിസന്ധിയിൽ സഹായിക്കുക തന്റെ കടമയാണെന്നും സഹായിക്കാൻ കഴിയുമെന്നും ഉള്ള ആഴമേറിയ വിശ്വാസം പ്രതിധ്വനിക്കുന്ന വാക്കുകൾ. ആവശ്യങ്ങൾ കണ്ടറിഞ്ഞ് മകന്റെയടുക്കൽ മാധ്യസ്ഥ്യം വഹിക്കുന്നവളാണ് യേശുവിന്റെ അമ്മ എന്ന് ഈ വാക്കുകൾ വ്യക്തമാക്കുന്നു. മധ്യസ്ഥ പ്രാർത്ഥനയുടെ ഉത്തമ മാതൃകയാണിത്. ഇന്നും എന്നും അമ്മയുടെ മധ്യസ്ഥത ഈ വിധത്തിലുള്ളതാണ്. അതിനാലാണ് നാം അമ്മയോടു മധ്യസ്ഥപ്രാർത്ഥനയ്ക്കായി യാചിക്കുന്നത്.

തികച്ചും അപ്രതീക്ഷിതമായ മറുപടിയാണ് യേശു നൽകുന്നത്. "സ്ത്രീയേ എനിക്കും നിനക്കും എന്ത്?" "സ്ത്രീയേ" എന്ന അഭിസംബോധന മാന്യമായ ഒന്നാണ്; സ്ത്രീകളെ ആദരിച്ചും ബഹുമാനിച്ചും നടത്തുന്ന ഒരു വിളിയാണിത്. യേശു തന്നെ ഇത്തരത്തിൽ പല സ്ത്രീകളെയും വിളിച്ചതായി യോഹന്നാൻ രേഖപ്പെടുത്തിയിട്ടുണ്ട് (യോഹ 4,21;8,10;20,13). എന്നാൽ മകൻ അമ്മയെ ഇപ്രകാരം അഭിസംബോധന ചെയ്യുക സാധാരണമല്ല. അനാവശ്യമായി തന്റെ കാര്യത്തിൽ അമ്മ ഇടപെട്ടതിലുള്ള അതൃപ്തിയാണ് ഈ വിളിയിൽ പ്രകടമാകുന്നത് എന്ന് കരുതുന്നവരുണ്ട്. അതു ശരിയാണെന്നു കരുതുന്നവർ മറ്റൊരു ചോദ്യത്തിന് ഉത്തരം പറയണം.

കുരിശിൽ മരിക്കുന്നതിനു തൊട്ടുമുമ്പ് യേശു അമ്മയെ വീണ്ടും "സ്ത്രീയേ" എന്നു വിളിച്ചത് എന്തുകൊണ്ട്? കുരിശിൻ ചുവട്ടിൽനിന്ന അമ്മ യാതൊരു ഇടപെടലും നടത്തിയില്ല. സ്ത്രീ എന്നു വളിക്കുക മാത്രമല്ല, താൻ സ്നേഹക്കുന്ന ശിഷ്യന് തന്റെ അമ്മയെ അമ്മയായി നൽകുകയാണ് യേശു ചെയ്തത്; "സ്ത്രീയേ, ഇതാ നിന്റെ മകൻ" (യോഹ 10,26). അപ്പോൾ ഈ അഭിസംബോധനയ്ക്ക് അർത്ഥം വേറെയാണ്. യോഹന്നാൻ രണ്ടു തവണ മാത്രമേ യേശുവിന്റെ അമ്മയെക്കുറിച്ചു പ്രതിപാദിക്കുന്നുള്ളൂ. രണ്ടുതവണയും യേശു അമ്മയെ "സ്ത്രീയേ" എന്നു വിളിക്കുകയും ചെയ്യുന്നു. യേശുവിന്റെ മഹത്വം വെളിപ്പെടുത്തപ്പെട്ടതിന്റെ തുടക്കത്തിലും അന്ത്യത്തിലുമാണ് ഈ വിളി. കാനായും കാൽവരിയും, തുടക്കവും ഒടുക്കവും എന്ന രീതിയിൽ, പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

സ്ത്രീ എന്ന അഭിസംബോധന ഉൽപ 3,15 ലെ വാഗ്ദാനത്തിലേക്കാണ് ശ്രദ്ധ ക്ഷണിക്കുന്നത്. "നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും" എന്ന പ്രവചനം യേശുവിന്റെ അമ്മയിൽ പൂർത്തിയാകുന്നു എന്ന് എടുത്തുകാണിക്കാൻ വേണ്ടിയാണ് യോഹന്നാൻ ഈ ഗുരുമൊഴി ഉദ്ധരിക്കുന്നത്. സർപ്പത്തിന്റെ തല തകർക്കുന്ന സന്തതി മിശിഹായാണ്. ആ പ്രവചനം യേശുവിൽ പൂർത്തിയാകുന്നു. മിശിഹായുടെ മാതാവായ സ്ത്രീ മറിയമാണ്. അതിനാൽ ശാരീരിക മാതൃത്വത്തിനുപരി, രക്ഷാചരിത്രത്തിൽ "പുതിയ ഹവ്വാ" എന്ന

മറിയത്തിന്റെ സ്ഥാനം എടുത്തു കാട്ടുകയാണ് ഈ അഭിസം ബോധനയുടെ ലക്ഷ്യം.

"എനിക്കും നിനക്കും എന്ത്?" എന്ന ചോദ്യം തള്ളിപ്പറയലായി വ്യാഖ്യാനിക്കാറുണ്ട്. എനിക്കും നിനക്കും *തമ്മിൽ* എന്ത് എന്ന് ഒരു വാക്കു കൂട്ടിച്ചേർത്തു ബന്ധം വിച്ഛേദിക്കുന്നതായി പഠിപ്പിക്കുന്നവരുമുണ്ട്. എന്നാൽ ഇതു രണ്ടുമല്ല ഗുരുമൊഴിയുടെ അർത്ഥം. അമ്മയുടെ വാക്കുകൾ യേശുവിനെ ഒരു അത്ഭുതപ്രവർത്തനത്തിനു പ്രേരിപ്പിക്കുന്നതാണ് എന്നതിൽ സംശയമില്ല. എന്നാൽ അത്ഭുതം പ്രവർത്തിക്കുന്നതിലൂടെ യേശു കുരിശിന്റെ വഴിയിലേക്കു പ്രവേശിക്കുകയാവും ചെയ്യുക.

"എന്റെ സമയം ഇനിയും ആയിട്ടില്ല" എന്ന വിശദീകരണത്തിലൂടെ ഇതു വ്യക്തമാകുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിന്റെ സമയം (*ഹോറാ*=മണിക്കൂർ എന്ന് ഗ്രീക്കു മൂലം) എന്ന പ്രയോഗം പീഡാനുഭവവും മരണവും ഉത്ഥാനവും വഴി യേശുവിന്റെ മഹത്വം വെളിപ്പെടുന്ന സമയത്തെയാണ് സൂചിപ്പിക്കുക. അതിനാൽ അമ്മ ആവശ്യപ്പെടുന്ന ഈ കാര്യം ഞാൻ ഇപ്പോൾ ചെയ്യുകയാണെങ്കിൽ അതു നാം രണ്ടുപേർക്കും വരുത്താൻ പോകുന്ന പ്രത്യാഘാതങ്ങൾ എന്തെന്ന് അറിയാമോ എന്ന ഒരു ചോദ്യമാണ് യേശുവിന്റെ ചോദ്യത്തിനു പിന്നിലുള്ളത്. ചുരുക്കത്തിൽ കുരിശിന്റെ വഴിയിലേക്കു പ്രവേശിക്കാനാണ് അമ്മ ആവശ്യപ്പെടുന്നത്. ആ വഴിയിൽ മകൻ മാത്രമല്ല, അമ്മയുമുണ്ടാകും. ആഴമേറിയ ഈ സത്യമാണ് ലളിതമായ ചോദ്യത്തിൽ ഒളിപ്പിച്ചു വച്ചിരിക്കുന്നത്.

അർത്ഥം മനസിലായാലും ഇല്ലെങ്കിലും അമ്മയ്ക്ക് ഒരു കാര്യം തീർച്ചയാണ്. മകൻ തന്റെ യാചന നിരസിക്കുകയില്ല. ആ വിശ്വാസമാണ് അടുത്ത വാക്കുകളിൽ പ്രതിഫലിക്കുന്നത്. "അവൻ നിങ്ങളോടു പറയുന്നത് ചെയ്യുവിൻ" ഇതാണ് അമ്മ എന്നും പറയുന്നത്. സ്വയം ശ്രദ്ധാകേന്ദ്രമാവുകയല്ല, യേശുവിന്റെ അടുക്കലേക്കു നയിക്കുകയും യേശുവിന്റെ വാക്കനുസരിക്കാൻ പ്രേരിപ്പിക്കുകയുമാണ് അമ്മ എന്നും ചെയ്യുന്നത്. അതിനാൽ മരിയഭക്തിയും മധ്യസ്ഥ പ്രാർത്ഥനയും മരിയാരാധനയല്ല. യേശു തന്നെയാണ് തന്റെ അമ്മയെ നമുക്ക് അമ്മയായി നൽകിയതും അമ്മയുടെ മാധ്യസ്ഥ്യം സ്വീകരിച്ച്, അത്ഭുതം പ്രവർത്തിച്ച്, ആവശ്യം നിറവേറ്റിയതും. ആഴമായ വിശ്വാസമുള്ളിടത്ത് അധികം

വാക്കുകളുടെ ആവശ്യമില്ല. യേശുവിന്റെ അടുക്കൽ രണ്ടുവാക്ക്; സേവകരോട് മൂന്നുവാക്ക്; അമ്മയുടെ വാക്കുകൾ ആകെ അഞ്ച്, അതുമതി! ഭക്തരുടെ ആവശ്യം യേശുവിനോടും യേശുവിനെ അനുസരിക്കാൻ ഭക്തരോടും പറയുന്നു. ഇതുതന്നെയല്ലേ യഥാർത്ഥ മാധ്യസ്ഥ്യം?

അമ്മയുടെ വിശ്വാസം പാഴായില്ല. കൽഭരണികളിൽ വെള്ളം നിറയ്ക്കാൻ യേശു പരിചാരകരോട് കല്പിച്ചു. നിറച്ച വെള്ളത്തിൽ നിന്നു കോരി കൊടുക്കാൻ വീണ്ടും കല്പന. നിറയ്ക്കലിനും കോരലിനും ഇടയിൽ വെള്ളം വീഞ്ഞായി മാറി. ഇവിടെ പ്രത്യേകം ശ്രദ്ധയർഹിക്കുന്ന ചില കാര്യങ്ങളുണ്ട്. യഹൂദരുടെ ശുദ്ധീകരണകർമ്മത്തിനുള്ള വെള്ളം നിറയ്ക്കാനായിരുന്നു കൽഭരണികൾ. അവയിൽ വെള്ളം കുറവായതിനാലാണല്ലോ നിറയ്ക്കാൻ പറയുന്നത്. നിയമപ്രകാരം കൈകാലുകൾ കഴുകി ശുദ്ധിവരുത്താനുള്ള വെള്ളമാണ് ആ കൽഭരണികളിൽ. അത് യഹൂദനിയമങ്ങളുടെയും അതോടൊപ്പം പഴയ ഉടമ്പടിയുടെയും പ്രതീകമാണ്. കൈകാലുകൾ കഴുകിയതു കൊണ്ടുമാത്രം യഥാർത്ഥശുദ്ധി-ഹൃദയശുദ്ധി-ഉണ്ടാവുകയില്ല. മനുഷ്യനെ ശുദ്ധീകരിക്കാൻ അപര്യാപ്തമായ വെള്ളത്തിനു പകരം പുതുജീവൻ -രക്ഷ-പ്രദാനം ചെയ്യുന്ന വീഞ്ഞാണ് യേശു നൽകുന്നത്.

കൽഭരണികൾ വലുതായിരുന്നു. “ഒരളവ്” എന്നു പറയുന്നത് ഏകദേശം 40 ലിറ്ററാണ്. 80-120 ലിറ്റർ വെള്ളം കൊള്ളുന്ന ആ വലിയ കൽഭരണികളിൽ നിറഞ്ഞുകവിയുന്ന പുതുവീഞ്ഞ് മിശിഹാ നൽകുന്ന സമൃദ്ധമായ ദൈവിക ജീവനെ സൂചിപ്പിക്കുന്നു. രക്ഷയുടെ യുഗത്തെക്കുറിച്ചുള്ള പ്രവാചക വീക്ഷണം (ആമോ 9, 13-14; ഹോസി 14,7; ജെറെ 31,12) ഇവിടെ പൂർത്തിയാകുന്നതായി സുവിശേഷകൻ എടുത്തുകാട്ടുന്നു. യേശു നൽകിയ വീഞ്ഞ് പഴയതിനേക്കാൾ ഏറെ മെച്ചപ്പെട്ടതാണെന്ന വിചാരിപ്പുകാരന്റെ വിലയിരുത്തൽ പുതിയ നിയമത്തിന്റെ മാഹാത്മ്യവും യേശു നൽകുന്ന രക്ഷയുടെ അമൂല്യതയും വ്യക്തമാക്കുന്നു.

യേശുവിന്റെ മഹത്വം വെളിപ്പെടുത്തിയ ആദ്യത്തേ അടയാളമാണിത്. യോഹന്നാന്റെ സുവിശേഷത്തിന്റെ ആദ്യഭാഗം (1-12 അദ്ധ്യായങ്ങൾ) അടയാളങ്ങളുടെ പുസ്തകം എന്നും രണ്ടാം ഭാഗം (13-21) മഹത്വത്തിന്റെ പുസ്തകം എന്നും അറിയപ്പെടുന്നു. ആദ്യഭാഗത്ത് ഏഴ് അടയാളങ്ങളാണുള്ളത്. അതിൽ ആദ്യത്തേ

താണ് കാനായിൽ സംഭവിച്ചത്. അവസാനത്തേത് ലാസറിനെ ഉയിർപ്പിച്ചതും. അത്ഭുതം എന്ന പദമല്ല, അടയാളം എന്ന പദമാണ് യോഹന്നാൻ ഉപയോഗിക്കുന്നത്. ജനങ്ങളെ വിസ്മയിപ്പിക്കുകയല്ല, ദൈവപുത്രൻ എന്ന യേശുവിന്റെ വ്യക്തിത്വവും അവിടുന്നു നൽകുന്ന ദൈവികജീവൻ എന്ന രക്ഷയും വെളിപ്പെടുത്തുകയാണ് ഈ സംഭവങ്ങളുടെ ലക്ഷ്യം. ഈ അടയാളങ്ങൾ വിശ്വാസത്തിലേക്കു  നയിക്കണം.

"അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു" എന്ന പ്രസ്താവനയോടെ വിവരണം സമാപിക്കുമ്പോൾ എന്താണ് ഈ വിവരണത്തിന്റെ ലക്ഷ്യം എന്നു സുവിശേഷകൻ സൂചിപ്പിക്കുന്നു. ശിഷ്യന്മാർ ചെയ്തതുപോലെ അനുവാചകരും യേശുവിൽ വിശ്വസിക്കണം. വിശ്വസിക്കുന്നവന് ജീവനുണ്ട്. "യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വിസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്" (യോഹ 20,31) താൻ സുവിശേഷം എഴുതിയിരിക്കുന്നത് എന്ന സാക്ഷ്യം കാനായിലെ അടയാളത്തെ സംബന്ധിച്ചും സത്യമാണ്. ഈ വിശ്വാസത്തിന്റെ ഉദാഹരണങ്ങളാണ് യേശുവിന്റെ അമ്മയും ശിഷ്യന്മാരും. അവരുടെ മാതൃക നമുക്കും പ്രചോദനമാകട്ടെ!

# 13

### ദനഹാ 5 – ാം ഞായർ

## ദൈവസ്നേഹത്തിന്റെ ആഴം

### (യോഹ 3,1 – 21)

കുറേക്കാലംമുമ്പ് കേരളത്തിലെ ഒരു പ്രമുഖ കത്തോലിക്കാ പ്രസിദ്ധീകരണത്തിൽ വന്ന മുഖചിത്രം ഇപ്പോഴും വ്യക്തമായി മനസിൽ തങ്ങിനിൽക്കുന്നു. ഈസ്റ്റർ പതിപ്പിന്റെ ആദ്യപേജിലായിരുന്നു ചിത്രം. കുരിശിൽ നിന്നിറക്കിയ യേശുവിന്റെ ശരീരം പിതാവായ ദൈവത്തിന്റെ മടിയിൽ കിടത്തിയിരിക്കുന്നു. തികച്ചും അസാധാരണചിത്രം. മൈക്കൾ ആഞ്ചലോയുടെ പിയെത്താ നമുക്ക് സുപരിചിതമാണ്. എന്നാൽ ഇതോ? ദൈവശാസ്ത്രപരമായ അനേകം സൂചനകൾ നൽകുന്ന ഈ ചിത്രത്തിൽ ഒരു പിശകു പറ്റി. ഓഫ്സെറ്റ് പ്രിന്റിംഗ് അന്നു പ്രചാരത്തിലായിരുന്നില്ല. കല്ലച്ചിൽ അച്ചടിച്ചപ്പോൾ പുത്രന്റെ മുറിവുകളിലെ ചോര പിതാവിന്റെ വെളുത്ത താടിയിലേക്കു വ്യാപിച്ചു. ആകെ ഭീകരവും ബീഭത്സവുമായ ഒരു ചിത്രം. ഷെയ്ക്സ്പിയറിന്റെ വെനീസിലെ വ്യാപാരിയിലെ ഷൈലോക്കിനെ അനുസ്മരിപ്പിക്കുന്ന ഈ ചിത്രം ഇന്നും പലരുടെയും മനസിൽ നിലനിൽക്കുന്ന ദൈവചിത്രത്തെ പ്രതിഫലിപ്പിക്കുന്നതായി തോന്നും.

പുത്രന്റെ രക്തം കൊണ്ടുമാത്രം തൃപ്തിപ്പെടുകയും മരണം കൊണ്ടു മാത്രം രമ്യതപ്പെടുകയും ചെയ്യുന്ന ഒരു ദൈവത്തിന്റെ ചിത്രം അറിഞ്ഞോ അറിയാതെയോ നമ്മുടെ മനസിൽ കടന്നുകൂടിയിട്ടുണ്ട്. നമ്മൾ ചൊല്ലുന്ന പല പ്രാർത്ഥനകളും കേൾക്കുന്ന പല പ്രസംഗങ്ങളും ഈ ആശയത്തെ മനസിൽ ഉറപ്പിക്കുന്നു. നീതിമാനായ ദൈവം മനുഷ്യപാപത്തിന് നീതിയുക്തമായ പരിഹാരം ആവശ്യപ്പെടുന്നു. അങ്ങനെ പുത്രന്റെ മരണംകൊണ്ടേ ഈ നീതി തൃപ്തമാകൂ എന്ന ദൈവശാസ്ത്രചിന്തയും ഈ ചിത്ര

ത്തിൽ പ്രകടമാകുന്നതായി കാണാം. എന്നാൽ ഇതിൽനിന്നു തികച്ചും വ്യത്യസ്തമായ ഒരു ദൈവചിത്രമാണ് ഇന്നത്തെ വിചിന്തനത്തിനായി നിർദ്ദേശിച്ചിരിക്കുന്ന സുവിശേഷഭാഗം അവതരിപ്പിക്കുന്നത്. "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3,16). ആഴമളക്കാനാവാത്ത ദൈവസ്നേഹ പാരമ്യത്തിന്റെ ദൃശ്യമായ അടയാളമാണ് യേശുവിന്റെ കുരിശുമരണം എന്ന വെളിപ്പെടുത്തൽ പഠനവിഷയമായ സുവിശേഷഭാഗത്തിന്റെ കേന്ദ്രമായി കരുതാം.

"യേശുവും നിക്കോദേമൂസും" എന്നാണ് ഈ സുവിശേഷ ഭാഗത്തിനു സാധാരണ നൽകാറുള്ള ശീർഷകം. രാത്രിയിൽ കാണാൻ വന്ന നിക്കോദേമൂസും യേശുവും തമ്മിലുള്ള സംഭാഷണമായിട്ടാണ് ഈ ഭാഗം അവതരിപ്പിച്ചിരിക്കുന്നത്. യേശുവിനെക്കുറിച്ചു വാചാലമായി പ്രസംഗിച്ചുകൊണ്ടു തുടങ്ങിയ ആ യഹൂദ നേതാവ് സാവകാശം തന്റെ അജ്ഞത തുറന്നു സമ്മതിക്കാൻ നിർബ്ബന്ധിതനാകുന്നു. നിക്കോദേമോസിന്റെ ഒരു പ്രസ്താവനയും തുടർന്ന് രണ്ടു ചോദ്യങ്ങളും; മൂന്നിനും യേശുവിന്റെ മറുപടി. സംഭാഷണമായി തുടങ്ങിയ വിവരണം ഒടുവിൽ യേശുവിന്റെ ഒരു പ്രഘോഷണമായി അവസാനിക്കുന്നു. ഇത് യോഹന്നാൻ സുവിശേഷകന്റെ രചനയുടെ ഒരു സവിശേഷതയാണ്. അതോടൊപ്പം യേശുവിന്റെ വാക്കുകൾ നിക്കോദേമോസ് തെറ്റിദ്ധരിക്കുന്നു; അവസാനം അയാൾക്ക് ഒന്നും മനസിലാകുന്നില്ല.

ഒന്നിലധികം അർത്ഥതലങ്ങളുള്ള വാക്കുകൾ പ്രയോഗിക്കുന്നതും നാലാം സുവിശേഷകന്റെ ഒരു പ്രത്യേകത തന്നെ. വീണ്ടും ജനനം, കാറ്റ്, ഉയർത്തൽ മുതലായ പദങ്ങൾ ഉദാഹരണങ്ങളാണ്. സുപ്രധാനമായ അനേകം വിഷയങ്ങൾ ഈ സുവിശേഷഭാഗത്തു കാണാം; ദൈവരാജ്യം, ആത്മാവിനാൽ ജനനം, ആത്മാവിന്റെ പ്രവർത്തനങ്ങൾ, മനുഷ്യപുത്രൻ, യേശുവിന്റെ മഹത്വീകരണം, ദൈവസ്നേഹം, നിത്യജീവൻ, ശിക്ഷാവിധി, വിശ്വാസം എന്നിങ്ങനെ സുവിശേഷത്തിലെ നിരവധി മുഖ്യപ്രമേയങ്ങൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. രാത്രിയിൽ യേശുവിനെ കാണാൻ വരുന്ന നിക്കോദേമോസ് അവിശ്വാസത്തിന്റെ അന്ധകാരത്തിൽനിന്ന് പ്രകാശമായ യേശുവിലേക്കു വരുന്ന വിശ്വാസിയുടെ പ്രതീകമായി നിലകൊള്ളുന്നു.

പെസഹാതിരുനാളിനോടനുബന്ധിച്ച് യേശു ജറുസലെമിൽ ചെയ്ത കാര്യങ്ങൾ കണ്ട് വിശ്വസിച്ച അനേകരിൽ (യോഹ 2,23-25) ഒരുവനാണ് നിക്കോദേമോസ്. അത്ഭുതങ്ങളും അടയാളങ്ങളും കണ്ടതുമൂലം ഉണ്ടാകുന്ന വിശ്വാസത്തിന് ആഴമില്ല; അത് മനുഷ്യഹൃദയത്തിൽ പരിവർത്തനമുണ്ടാക്കണമെന്നില്ല എന്ന് 2,25 ൽ രേഖപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ പ്രതികരണത്തിലൂടെ വ്യക്തമാക്കുന്നു. ഇപ്രകാരം ആഴമില്ലാത്ത വിശ്വാസത്തിന്റെ ഒരു ഉദാഹരണമാണ് കഥാപാത്രമായ നിക്കോദേമോസ്. അയാൾ എപ്രകാരമാണ് വിശ്വാസത്തിൽ ആഴപ്പെട്ട് യേശുവിന്റെ നിർഭയനായ സാക്ഷിയായി മാറിയതെന്ന് യോഹന്നാൻ പിന്നീട് വരച്ചു കാട്ടുന്നുണ്ട് (യോഹ 7,50; 19,39). ഫരിസേയനും സാൻഹദ്രൻ സംഘത്തിലെ അംഗവുമായിരുന്നു അയാൾ എന്ന് സുവിശേഷകൻ എടുത്തു പറയുന്നുണ്ട്. അതിനാൽ ഒറ്റപ്പെട്ട ഒരു വ്യക്തിയെന്നതിനെക്കാൾ യഹൂദ സമൂഹത്തിന്റെ ആധികാരികതയുള്ള പ്രതിനിധിയായിട്ടാണ് നിക്കോദേമോസ് ഇവിടെ പ്രത്യക്ഷപ്പെടുന്നത്. “ഞങ്ങൾ” എന്ന അയാളുടെ സംഭാഷണശൈലി തന്നെ ഇതിനു തെളിവാണ്.

യേശു ചെയ്ത പ്രവൃത്തികൾ യേശുവിന്റെ ആധികാരികതയ്ക്കു തെളിവായി അംഗീകരിച്ചുകൊണ്ട് സംഭാഷണം ആരംഭിക്കുന്ന നിക്കോദേമോസിനു സത്യത്തിനു നേരെ തുറവിയുണ്ട്; റബ്ബീ എന്ന അഭിസംബോധനതന്നെ ആദരവും അംഗീകാരവും വെളിപ്പെടുത്തുന്നു. ദൈവത്തിൽനിന്നു വന്ന ഗുരു, ദൈവികശക്തിയാൽ അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ഒരു വ്യക്തി. ഇതൊക്കെ അയാൾ പ്രതിനിധാനം ചെയ്യുന്ന സമൂഹം അംഗീകരിക്കുന്നു. ഈ അടിസ്ഥാനത്തിൽ, റബ്ബിമാരുടെ ഇടയിൽ പതിവുള്ളതുപോലെ ഒരു സംഭാഷണത്തിനായി വന്നതായി തോന്നും. രാത്രിയാവുമ്പോൾ സ്വസ്ഥതയുണ്ട്. ആരും ശല്യപ്പെടുത്താതെ യേശുവിനോട് മുഖാഭിമുഖം സംസാരിച്ച് കാര്യങ്ങൾക്ക് വ്യക്തതനേടാം. അതേസമയം രാത്രിയിൽ വരുന്നതിന് പ്രതീകാത്മക പ്രാധാന്യവുമുണ്ട്.

എന്നാൽ യേശുവിന്റെ മറുപടി തികച്ചും അപ്രതീക്ഷിതമെന്നു മാത്രമല്ല, അപ്രസക്തമായും തോന്നാം. “വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനു ദൈവരാജ്യം കാണാൻ കഴിയുകയില്ല” (യോഹ 3,3). “സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു” എന്ന ആമുഖവാക്യത്തിന് ഒരു ദൈവിക വെളിപാടിന്റെ പരിവേഷമുണ്ട്.

“ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു” എന്ന പ്രവാചക ശൈലിയല്ല ഇത്; മറിച്ച് ആധികാരിക പ്രബോധനമാണ്. ഈ സംഭാഷണത്തിൽ വീണ്ടും രണ്ടു തവണകൂടി യേശു ഇതേ വാക്കുകൾ ഉപയോഗിക്കുന്നുണ്ട്. നിക്കോദേമോസിനു നൽകുന്ന മൂന്നു മറുപടിയും ദൈവികമായ അധികാരത്തോടെയാണ് എന്ന് ഇത് സൂചിപ്പിക്കുന്നു.

“വീണ്ടും ജനിക്കുക” എന്ന പദമാണ് നിക്കോദേമോസിനെ കുഴക്കുന്നത്. “ഞങ്ങൾക്കറിയാം” എന്ന ഉറപ്പും, ഒരുപക്ഷേ അതിൽ ഒളിച്ചിരുന്ന ധാർഷ്ഠ്യവും പെട്ടെന്ന് അപ്രത്യക്ഷമാകുന്നു. യേശുവിന്റെ വാക്ക് തന്നെ വിഡ്ഢിയാക്കിയതുപോലെ തോന്നും അയാളുടെ മറുപടി കേട്ടാൽ. “വീണ്ടും” എന്നു വിവർത്തനം ചെയ്യുന്ന *“അനാ”* എന്ന ഗ്രീക്കു വാക്കിന് “ഉന്നതത്തിൽനിന്ന്” എന്നും അർത്ഥമുണ്ട്. യേശുവിന്റെ പ്രഖ്യാപനത്തിൽ ഈ രണ്ടർത്ഥവും ഉദ്ദേശിക്കുന്നു. എന്നാൽ ആദ്യത്തേതു മാത്രമേ നിക്കോദേമോസ് കാണുന്നുള്ളൂ.

“ഇതെങ്ങനെ സാധിക്കും” എന്ന ചോദ്യത്തിന് യേശു നൽകുന്ന മറുപടിയിൽ ഈ രണ്ടർത്ഥവും കാണാം. ശാരീരികമായി മാതാവിൽ ജനിച്ചതുപോലല്ല, ആത്മീയമായി ഒരു രണ്ടാം ജനനം ആവശ്യമാണ്. ഈ വീണ്ടും ജനനം സംഭവിക്കുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലായിരിക്കും. അതേസമയം അത് യാഥാർത്ഥ്യമാകുന്നത് ജലത്താൽ നൽകുന്ന മാമ്മോദീസായിലൂടെ ആയിരിക്കും. “ജലത്താലും ആത്മാവിനാലും” എന്ന പ്രയോഗം സഭയിൽ നിലനിൽക്കുന്ന “ജ്ഞാനസ്നാനം” എന്ന കൂദാശയെക്കുറിച്ചുള്ള ഒരു മുൻസൂചനയാകാം. അതേസമയം “ജലം” തന്നെ പരിശുദ്ധാത്മാവിന്റെ പ്രതീകമാകയാൽ (യോഹ 7,39) “ജലത്താലും ആത്മാവിനാലും” എന്നത് സെമിറ്റിക് ശൈലിയിലുള്ള ഒരു സമാന്തര പ്രയോഗവും ആകാം. ഒരു പുതിയ ജനനമാണാവശ്യം. ബാഹ്യമായ അടയാളങ്ങളിൽ അടിസ്ഥാനപ്പെടുത്തിയുള്ള അറിവ് യഥാർത്ഥ ജ്ഞാനത്തിലേക്കും വിശ്വാസത്തിലേക്കും നയിക്കുകയില്ല. അതിന് ആത്മാവിന്റെ പ്രത്യേക പ്രവർത്തനമുണ്ടാകണം. അതാകട്ടെ, ജനനത്തെപ്പോലെ തന്നെ, ദൈവം നൽകുന്ന സൗജന്യദാനമാണ്.

“ആത്മാവ്” എന്നു വിവർത്തനം ചെയ്യുന്ന *“പ്നെവുമാ”* (Pneuma) എന്ന ഗ്രീക്കുവാക്കിന് “കാറ്റ്” എന്നും അർത്ഥമുണ്ട്.

(*"റൂവാഹ്"* എന്ന് ഹീബ്രു മൂലം - *"റൂഹാ"* എന്ന് സുറിയാനി). ഈ ദ്വയാർത്ഥപ്രയോഗമാണ് നിക്കോദേമോസിനെ വീണ്ടും ആശ യക്കുഴപ്പത്തിലാക്കുന്നത്. കാറ്റിനെ ആർക്കും കാണാൻ കഴിയില്ല; എന്നാൽ പ്രവൃത്തിയിലൂടെ കാറ്റിന്റെ സാന്നിധ്യം മനസിലാക്കാം. ഇതുപോലെ ആയിരിക്കും ആത്മാവിന്റെ കാര്യത്തിലും. അദൃ ശ്യനെങ്കിലും പ്രവൃത്തിയിലൂടെ സാന്നിധ്യം അറിയിക്കും. ആത്മാ വിനാൽ ജനിക്കുന്നയാൾ ആത്മാവിന്റെ പ്രചോദനമനുസരിച്ച് ജീവിക്കും, പ്രവർത്തിക്കും. അങ്ങനെ മാത്രമേ ദൈവരാജ്യാനുഭ വത്തിലേക്കു കടന്നുവരാൻ കഴിയൂ. അതുതന്നെയാണ് നിത്യജീ വൻ, അഥവാ യഥാർത്ഥ ജീവൻ.

നിക്കോദേമോസിന്റെ മൂന്നാമത്തെ പ്രതികരണം പരിപൂർണ്ണ അജ്ഞത വെളിവാക്കുന്നു. മറ്റുള്ളവരെ പഠിപ്പിക്കുന്ന ഗുരു എന്ന ഭിമാനിക്കുന്നവന് ജീവിതത്തിലെ പ്രാഥമിക കാര്യങ്ങൾപോലും മനസിലാകുന്നില്ലെങ്കിൽ പിന്നെ എങ്ങനെ ആത്മീയകാര്യങ്ങൾ ഗ്രഹിക്കാനാവും എന്ന യേശുവിന്റെ മറുചോദ്യം സംഭാഷണത്തെ വിഷയത്തിന്റെ കേന്ദ്രത്തിലേക്കു തിരിച്ചുവിടുന്നു. അതോടെ നിക്കോദേമോസ് അപ്രത്യക്ഷനാകുന്നു. ഇനി അങ്ങോട്ട് സംഭാ ഷണമല്ല, പ്രഘോഷണമാണ്. ഞങ്ങൾ-നിങ്ങൾ എന്ന ദ്വന്ദ്വഭാവം ഒരു ഭാഗത്ത് യേശുവും സഭയും, മറുഭാഗത്ത് യഹൂദ സമൂഹവും തമ്മിലുള്ള സംഭാഷണമോ വിവാദമോ ആണ് ഇവിടെ അവത രിപ്പിക്കുന്നത് എന്ന പ്രതീതി ഉളവാക്കുന്നു. സ്വർഗ്ഗീയ കാര്യ ങ്ങളെക്കുറിച്ച്, അഥവാ ദൈവത്തെക്കുറിച്ച്, ആധികാരികമായി സംസാരിക്കാൻ ദൈവത്തെ കണ്ടവനു മാത്രമേ കഴിയൂ. സുവി ശേഷത്തിന്റെ ആമുഖത്തിൽ പറഞ്ഞതുപോലെ (യോഹ 1,18) ദൈവത്തോട് ഹൃദയ ഐക്യം പുലർത്തുന്ന ഏകജാതനും സ്വർഗ്ഗ ത്തിലേക്കു പ്രവേശിച്ചിട്ടുള്ള മനുഷ്യപുത്രനുമായവൻ (യോഹ 3,13) ദൈവത്തെ പൂർണ്ണമായി അറിയുന്നു. ആ അറിവാണ് യേശു പങ്കുവയ്ക്കുന്നത്; അതിന്റെ ലക്ഷ്യമാകട്ടെ നിത്യജീവനും.

ഈ നിത്യീജവൻ എങ്ങനെയാണ് സംലഭ്യമാവുക എന്ന് തുടർന്നു വിശദീകരിക്കുന്നു. ഇവിടെ രണ്ടു കാര്യങ്ങളാണ് എടുത്തു പറയുന്നത്. 1. മനുഷ്യപുത്രന്റെ ഉയർത്തപ്പെടൽ. 2. വിശ്വാസം. മരുഭൂമിയിലൂടെയുള്ള യാത്രാമദ്ധ്യേ ദൈവത്തിനെ തിരേ പിറുപിറുക്കുകയും പ്രതിഷേധിക്കുകയും ചെയ്തതിന്റെ പേരിൽ ശിക്ഷയായി അയയ്ക്കപ്പെട്ട പാമ്പിന്റെ കടിയേറ്റവർക്കു ജീവൻ രക്ഷിക്കാൻ ഉപാധിയായി ദൈവം തന്നെ നിർദ്ദേശിച്ച

താണ് വടിയിൽ ഉയർത്തിയ പിത്തള സർപ്പം. ജീവദാതാവായ ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് സർപ്പപ്രതിമയെ നോക്കിയ വർക്കു ജീവൻ നിലനിർത്താൻ കഴിഞ്ഞു (സംഖ്യ 21,4-9). ഈ സംഭവം ഉദാഹരണമായി എടുത്തുകൊണ്ടാണ് യേശു നിത്യജീവന്റെ ഉറവിടത്തെക്കുറിച്ചു പഠിപ്പിക്കുന്നത്. സർപ്പമോ പ്രതിമയോ അല്ല, ദൈവമാണ് ജീവൻ നൽകുന്നത്. അതു ലഭിക്കണമെങ്കിൽ വിശ്വാസത്തോടെ നോക്കണം. ഉയർത്തപ്പെട്ട സർപ്പ പ്രതിമയിലേക്കുള്ള നോട്ടമാണ് ജനത്തിന്റെ ഭാഗത്തുനിന്നും ആവശ്യപ്പെടുന്നത്.

"ഉയർത്തപ്പെടുക" എന്ന പദം ഇവിടെ ശ്രദ്ധേയമാകുന്നു. ശാരീരികമായ ഉയർത്തൽ എന്നാണ് പദത്തിന്റെ വാച്യാർത്ഥം. ഈ അർത്ഥത്തിൽ മനുഷ്യപുത്രൻ ഉയർത്തപ്പെടുന്നത് കുരിശുമരണത്തെ സൂചിപ്പിക്കുന്നു. ഭൂമിയിൽ നാട്ടിയ കുരിശിൽ ഉയർത്തപ്പെടുന്ന മനുഷ്യൻ ആകാശത്തിനും ഭൂമിക്കും മധ്യേ തൂങ്ങിക്കിടക്കുന്നു. എന്നാൽ ഈ ഉയർത്തപ്പെടൽ ആത്മീയമായ ഒരു യാഥാർത്ഥ്യം കൂടെ സൂചിപ്പിക്കുന്നു. ഇതിലൂടെ മനുഷ്യപുത്രനായ യേശു ഭൂമിയിൽനിന്ന് പിതാവിന്റെ സന്നിധിയിലേക്ക്, അഥവാ സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെടുകയാണ്. ഉത്ഥാനവും സ്വർഗ്ഗാരോഹണവും വഴി സംഭവിച്ച യേശുവിന്റെ മഹത്വീകരണം തന്നെയാണ് ഈ ഉയർത്തപ്പെടൽ. അതിനാൽ യോഹന്നാന്റെ കാഴ്ചപ്പാടിൽ കുരിശ് പീഡനത്തിന്റെയും മരണത്തിന്റെയുമല്ല, മഹത്വീകരണത്തിന്റെ ഉപകരണമാണ്. ഈ അർത്ഥത്തിലാണ് "ഞാൻ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരേയും എന്നിലേക്കാകർഷിക്കും" (യോഹ 12,32) എന്നു പറഞ്ഞത്.

ഉയർത്തപ്പെടലിന്റെ ലക്ഷ്യം ഒന്നുമാത്രം. എല്ലാ മനുഷ്യർക്കും നിത്യജീവൻ ലഭിക്കണം. സർപ്പദംശനത്താൽ അപകടത്തിലായ ജീവൻ പിത്തള സർപ്പദർശനത്തിലൂടെ രക്ഷിക്കപ്പെട്ടതുപോലെ, പാപം മൂലം മൃതനായ മർത്യന് യേശുവിന്റെ ഉയർത്തപ്പെടൽ വഴി നിത്യജീവൻ ലഭിക്കുന്നു. ഇതിനുവേണ്ടിയാണ് ദൈവവചനം മാംസം ധരിച്ചു ഭൂമിയിലേക്കു വന്നത്; ദൈവപുത്രൻ മനുഷ്യപുത്രനായത്. ഇപ്രകാരം ലഭ്യമായ ജീവൻ ഓരോ വ്യക്തിയും സ്വന്തമാക്കണം. അതിന് ഒന്നേ ആവശ്യമുള്ളൂ. വിശ്വാസം.

ഏതെങ്കിലും തത്വസംഹിതകൾ സത്യമാണെന്നു മനസുകൊണ്ടംഗീകരിക്കുന്നതല്ല ഇവിടെ വിവക്ഷിക്കുന്ന വിശ്വാസം "അവനിൽ വിശ്വസിക്കുക" എന്നു വിവർത്തനം ചെയ്യുന്ന ഗ്രീക്കു പദത്തിന് ഒരു സവിശേഷതയുണ്ട്. "ഇൽ" എന്നു വിവർത്തനം ചെയ്യുന്ന *"എയിസ്"* (eis) എന്ന ഗ്രീക്കു പ്രത്യയത്തിന് "ലേക്ക്" (into) എന്നാണ് വാച്യാത്ഥം. ഇത് ഒരു ചലനത്തെ സൂചിപ്പക്കുന്നു. ''എന്നിലേക്കു വിശ്വസിക്കുക'' എന്നായിരിക്കും വാച്യാർത്ഥം. കേൾക്കാൻ സുഖമില്ലെങ്കിലും ഇതിന്റെ അർത്ഥസൂചന വ്യക്തമാണ്. യേശുവിൽ വിശ്വസിക്കുക എന്നാൽ സ്വന്തം ജീവിതം യേശുവിൽ അർപ്പിക്കുക, അവനിൽ മാത്രം ആശ്രയിക്കുക, അവനുവേണ്ടി ജീവിക്കുക, അവന്റേതുമാത്രം ആയിരിക്കുക എന്നൊക്കെയാണ് അർത്ഥം. ഇത് നിഷ്ക്രിയത്വമല്ല, നിരന്തരം സംഭവിക്കേണ്ട ഒരു പ്രക്രിയയാണ്, സമർപ്പണമാണ്. ഇപ്രകാരം ജീവിക്കുന്നവർക്കു നിത്യജീവൻ ഉണ്ടാകും. അഥവാ, അവർ ജീവിക്കുന്നത് ദൈവിക ജീവനാലായിരിക്കും. "ഇനിമേൽ ഞാനല്ല ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" (ഗലാ 2,20) എന്ന പൗലോസ് അപ്പസ്തോലന്റെ വാക്കുകളിൽ ഈ യാഥാർത്ഥ്യം വ്യക്തമാകുന്നു.

ഇപ്രകാരം ഒരു ജീവൻ, അഥവാ ജീവിതം, എല്ലാ മനുഷ്യർക്കും ലഭ്യമാകണം എന്നത് പിതാവായ ദൈവത്തിന്റെ പദ്ധതിയാണ്. അതിന്റെ പൂർത്തീകരണത്തിനു വേണ്ടിയാണ് തന്റെ ഏകജാതനെ ഭൂമിയിലേക്കയച്ചത്. ഇവിടെ ആഴമളക്കാനാവാത്ത ദൈവസ്നേഹത്തിന്റെ പാരമ്യം പ്രകടമാകുന്നു. യേശുവിന്റെ കുരിശു മരണം കർക്കശക്കാരനായ ഒരു ദൈവത്തിന്റെ നിർവ്വികാരമായ നിർബ്ബന്ധബുദ്ധിക്കു മുന്നിൽ വിനീതമായ അനുസരണത്തോടെ യേശു നടത്തുന്ന ബലിയർപ്പണമല്ല, മറിച്ച് നിസ്സീമവും അഗ്രാഹ്യവുമായ ദൈവസ്നേഹത്തിന്റെ പരമവും ദൃശ്യവുമായ പ്രകടനമാണ്. "ദൈവം അത്രയേറെ സ്നേഹിച്ചു"-യേശുവിന്റെ കുരിശുമരണത്തിന്റെ ഏറ്റം മനോഹരവും അഗാധവുമായ വ്യാഖ്യാനമാണിത്.

യേശു വന്നിരിക്കുന്നതിന്റെ, അഥവാ പിതാവ് തന്റെ പുത്രനെ അയച്ചതിന്റെ ലക്ഷ്യമാണ് തുടർന്നു വിവരിക്കുന്നത്. ലോകത്തെ ശിക്ഷയ്ക്കു വിധിക്കുകയല്ല, രക്ഷിക്കുകയാണ് ദൈവത്തിന്റെ ലക്ഷ്യം. എന്നാൽ ഈ ലക്ഷ്യം പ്രാപിക്കണമെങ്കിൽ മനുഷ്യൻ വിശ്വസിക്കണം. ഇപ്പോൾ രക്ഷയും ശിക്ഷയും മനുഷ്യന്റെ തീരു

മാനത്തെ ആശ്രയിച്ചിരിക്കുന്നു. ദൈവം സൗജന്യമായി തന്റെ ഏകജാതനിലൂടെ വച്ചുനീട്ടുന്ന രക്ഷ, അഥവാ നിത്യജീവൻ വിശ്വാസം വഴി സ്വീകരിച്ചാലേ രക്ഷ സാധ്യമാകൂ. തീരുമാനമെടുക്കേണ്ടത് ഓരോ മനുഷ്യവ്യക്തിയുമാണ്. യേശുവിന്റെ സാന്നിധ്യത്തിൽ എടുക്കുന്ന തീരുമാനം രക്ഷയോ ശിക്ഷയോ ആയി മാറാം. വിശ്വസിച്ചു സ്വീകരിക്കുന്നവന് രക്ഷ; വിശ്വസിക്കാതെ തിരസ്കരിക്കുന്നവന് ശിക്ഷ.

ഇവിടെ വിധിക്കുന്നത് പിതാവല്ല, പുത്രനുമല്ല; ഓരോ മനുഷ്യ വ്യക്തിയുമാണ്. ആത്മദാനത്തിലൂടെ പ്രകടമാകുന്ന അനന്തമായ ദൈവസ്നേഹത്തിനുമുമ്പിൽ നിൽക്കുന്ന ഞാൻ തന്നെയാണ് എന്റെ മേൽ വിധിപ്രസ്താവിക്കുന്നത് എന്ന പ്രബോധനം എന്റെ ഉത്തരവാദിത്വത്തിന് അടിവരയിടുന്നു. അതേസമയം വലിയൊരു ആത്മശോധനയ്ക്കു പ്രേരിപ്പിക്കുകയും ചെയ്യുന്നു. വിധി നാളെയല്ല; മരണസമയത്തോ ലോകാവസാനത്തിലോ അല്ല, ഇപ്പോഴാണ്-ഞാൻ യേശുവിനെ കണ്ടുമുട്ടുന്ന ഈ നിമിഷത്തിൽ. ഞാൻ എടുക്കുന്ന തീരുമാനമാണ് എന്റെ വിധി. അതിന് മറ്റാരെയും, ദൈവത്തെപ്പോലും ഞാൻ പഴിക്കേണ്ടതില്ല. ഇപ്പോഴാണ് സമയം; ഇപ്പോഴാണ് വിധിയുടെ നിർണ്ണായകനിമിഷം (2 കോറി 6,2). പ്രകാശത്തിലേക്കു വരണമോ, അതോ അന്ധകാരത്തിൽത്തന്നെ തുടരണമോ, യേശുവിൽ വിശ്വാസമർപ്പിച്ചു ജീവിക്കണമോ അതോ നിത്യനാശത്തിൽ പതിക്കണമോ എന്നു ഞാൻ തന്നെ തീരുമാനിക്കണം. ഇപ്പോൾ!

# 14

## ദനഹാ 6 – ാം ഞായർ

# പിൻവാങ്ങുന്ന മുന്നോടി

**(യോഹ 3: 22 – 31)**

ഇസ്രയേൽ ജനം പ്രതീക്ഷിച്ചിരുന്ന രക്ഷകനും മിശിഹായും നസ്രത്തിൽ നിന്നുള്ള യേശുവാണെന്ന് സ്നേഹപകയോഹന്നാൻ നൽകുന്ന സാക്ഷ്യമാണ് ഇന്നത്തെ വായനയ്ക്കായി നിർദ്ദേശിച്ചിരിക്കുന്ന സുവിശേഷഭാഗത്തിന്റെ മുഖ്യ പ്രമേയം. യോഹന്നാൻ എഴുതിയ സുവിശേഷത്തിന്റെ തുടക്കത്തിൽ അനേകം തവണ സ്നാപകൻ പരാമർശവിഷയമാക്കുന്നുണ്ട്. അവിടെയെല്ലാം താൻ ഇസ്രയേൽ ജനം പ്രതീക്ഷിക്കുന്ന ക്രിസ്തുവല്ല, പ്രവാചകനുമല്ല, ക്രിസ്തുവിനു വഴിയൊരുക്കാൻ വന്നവൻ മാത്രമാണ് എന്ന് യോഹന്നാൻ ആവർത്തിച്ചു പറയുന്നുണ്ട്. അതിൽ അവസാനത്തെ സാക്ഷ്യമാണ് ഇന്നത്തെ ധ്യാന വിഷയം.

സുവിശേഷത്തിന്റെ രത്നചുരുക്കമായി അവതരിപ്പിക്കുന്ന ആമുഖത്തിൽ(Prologue1:1-18)ത്തന്നെ രണ്ടു തവണ സ്നാപകൻ പരാമർശവിഷയമാകുന്നുണ്ട്. ദൈവം അയച്ച ഒരു മനുഷ്യൻ, യോഹന്നാൻ എന്ന് അവന്റെ പേര്, അവൻ വെളിച്ചമല്ല, വെളിച്ചത്തിനു സാക്ഷ്യം നൽകാൻ വന്നവനാണ് (1:6–8) എന്നു പറയുന്നത് യോഹന്നാനെ യഥാർത്ഥ പ്രകാശമായ യേശുവിനോട് ബന്ധിപ്പിക്കയും അതേസമയം ഇരുവരും തമ്മിലുള്ള അന്തരം എടുത്തു കാട്ടുകയും ചെയ്യുന്നു. തനിക്കു പിന്നാലെ വരുന്നവൻ തന്നെക്കാൾ വലിയവനാണെന്ന യോഹന്നാന്റെ സാക്ഷ്യം 1:15 ൽ അവതരിപ്പിക്കുന്നു.

1:19–36 വാക്യങ്ങളിൽ യോഹന്നാന്റെ സാക്ഷ്യം വീണ്ടും വിശ

ദമായി അവതരിപ്പിക്കുന്നുണ്ട്. ജറുസലെമിൽ നിന്നു വന്ന സാൻഹദ്രീൽ സംഘത്തിന്റെ ഔദ്യോഗിക വക്താക്കളുടെ മുമ്പിലാണ് ആദ്യത്തെ സാക്ഷ്യം (1:19-28). ജോർദ്ദാൻ നദിയുടെ കിഴക്കെ തീരത്ത് ബെഥാനിയായിൽ വച്ചാണ് ഈ സാക്ഷ്യം നൽകുന്നത്. (ലാസറിന്റെയും സഹോദരിമാരുടെയും ഗ്രാമമായ ബഥാനിയാ അല്ല ഇത്.) താൻ ക്രിസ്തുവല്ല, ഏലിയായല്ല, മോശയെപ്പോലുള്ള യുഗാന്തപ്രവാചകനുമല്ല, മറിച്ച് മരുഭൂമിയിൽ കർത്താവിനു വഴിയൊരുക്കാൻ വിളിച്ചു പറയുന്ന ഒരു ശബ്ദം മാത്രമാണ് എന്ന സ്നാപകവചനം അദ്ദേഹത്തിന്റെ യഥാർത്ഥ വ്യക്തിത്വവും ദൗത്യവും വ്യക്തമാക്കുന്നു. യേശുവിനെ ദൈവത്തിന്റെ കുഞ്ഞാടായി ചൂണ്ടിക്കാണിക്കുന്ന സ്നാപകൻ (1:29-34) തന്റെ ശിഷ്യരെ യേശുവിന്റെ പിന്നാലെ പറഞ്ഞു വിടുന്നതും (1:35-37) ശ്രദ്ധേയമാണ്. ഈ ഒരു വിവരണത്തിന്റെ തുടർച്ചയും അവസാനത്തെ സാക്ഷ്യവുമാണ് പഠനവിഷയമായ സുവിശേഷ ഭാഗം.

സ്നാപകശിഷ്യർ നേരിട്ട ഒരു പ്രതിസന്ധിയുടെ, അഥവാ തർക്കത്തിന്റെ പശ്ചാത്തലത്തിലാണ് സുവിശേഷകൻ ഈ സംഭവം രേഖപ്പെടുത്തിയിരിക്കുന്നത്. സ്നാപകശിഷ്യരുമായി ശുദ്ധീകരണത്തെക്കുറിച്ച് തർക്കത്തിൽ ഏർപ്പെട്ട യഹൂദൻ (3:25) ആരെന്ന് സുവിശേഷകൻ പറയുന്നില്ല. തന്നെയുമല്ല, ഈ തർക്കവിഷയവും തുടർന്നു പ്രതിപാദിക്കുന്ന സ്നാപകനും യേശുവും തമ്മിലുള്ള ബന്ധവും വ്യക്തമല്ല. എന്നാൽ ശ്രദ്ധേയമായ ഒരു കാര്യം സ്നാപകൻ നൽകുന്ന സാക്ഷ്യമാണ്. താൻ ക്രിസ്തുവല്ല, ക്രിസ്തുവിനു മുമ്പേ അയക്കപ്പെട്ടവൻ മാത്രമാണ് എന്ന് സ്നാപകൻ തന്റെ ദൗത്യം വീണ്ടും ആവർത്തിച്ചു പറയുന്നു. ഈ ഭാഗത്ത് അവതരിപ്പിക്കുന്ന സുവിശേഷ സന്ദേശം വിശദമായി അപഗ്രഥിക്കുന്നതിനു മുമ്പേ സ്നാപകനും യേശുവും തമ്മിലുള്ള ബന്ധത്തിനു നൽകുന്ന ഈ ഊന്നലിന്റെ കാരണം കണ്ടെത്തുന്നത് നന്നായിരിക്കും.

സ്നാപകന്റെ സന്ദേശവും ദൗത്യവും വാക്കുകളും നാലു സുവിശേഷങ്ങളും അവതരിപ്പിക്കുന്നുണ്ട്. എന്നാൽ അവയിൽ കാണുന്ന ചില വ്യത്യാസങ്ങൾ ശ്രദ്ധേയമാണ്. ചരിത്രപരമായി നോക്കുമ്പോൾ ആദ്യം രചിക്കപ്പെട്ടത് എന്ന് കരുതപ്പെടുന്ന മാർക്കോസിന്റെ സുവിശേഷത്തിൽ യേശു ജോർദ്ദാനിൽ വന്ന് യോഹന്നാനിൽനിന്ന് സ്നാനം സ്വീകരിച്ചു എന്ന് വളരെ ലളിത

മായി പറയുന്നു (1:9). പിന്നീട് സ്നാപകന്റെ ശിരച്ഛേദം വിശദമായി പ്രതിപാദിക്കുന്നുണ്ട് (6:14-29). യേശുവും സ്നാപകനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഒരു തർക്കവുമില്ല. വിശദീകരണവുമില്ല. മത്തായി എഴുതിയ സുവിശേഷത്തിൽ സ്നാനം സ്വീകരിക്കാൻ വരുന്ന യേശുവിനെ യോഹന്നാൻ ആദ്യം തടയുന്നു. ദൈവഹിതം നിറവേറ്റാൻ കടപ്പെട്ടിരിക്കുന്നു എന്ന യേശുവിന്റെ വിശദീകരണത്തിനു ശേഷമാണ് യോഹന്നാൻ സ്നാനം നൽകുന്നത്. "ഞാൻ നിന്നിൽ നിന്നു സ്നാനം സ്വീകരിക്കേണ്ടിയിരക്കെ, നീ എന്റെ അടുത്തേക്കു വരുന്നുവോ? (മത്താ 3:14) എന്ന ചോദ്യം ശ്രദ്ധേയമാണ്. ലൂക്കായാകട്ടെ യേശുവിന്റെ സ്നാനത്തിനു മുമ്പേ യോഹന്നാന്റെ കാരഗൃഹവാസം വിവരിച്ചുകൊണ്ട് ഈ പ്രശ്നം തന്നെ ഒഴിവാക്കുന്നു (ലൂക്കാ 3:19-20). യോഹന്നാനാണ് സ്നാനം നൽകിയത് എന്ന സൂചനയുണ്ടെങ്കിലും അത് നേരിട്ട് പറയുന്നില്ല. യോഹന്നാന്റെ സുവിശേഷമാകട്ടെ യേശുവിനു സ്നാനം നൽകുന്നത് വിവരിക്കുന്നതേയില്ല. വരാനിരിക്കുന്നവൻ നീ തന്നെയോ അതോ ഞങ്ങൾ മറ്റൊരുവനെ കാത്തിരിക്കണമോ എന്ന ചോദ്യവുമായി യേശുവിന്റെ അടുക്കലേക്കു സ്നാപകൻ തന്റെ ശിഷ്യന്മാരെ അയയ്ക്കുന്നതും അതിന് യേശു നൽകുന്ന മറുപടിയും മത്തായിയും (11:1-6) ലൂക്കായും (7:18-23) വിവരിക്കുന്നുണ്ട്. സ്നാപകൻ ചൂണ്ടിക്കാണിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്ത യേശു തന്നെയാണ് രക്ഷകനായ ക്രിസ്തു എന്ന് സ്നാപകനെയും ശിഷ്യന്മാരെയും ബോധ്യപ്പെടുത്തുന്നതാണ് ഈ വിവരണം. യോഹന്നാന്റെ സുവിശേഷത്തിലാകട്ടെ അനേകം തവണ സ്നാപകൻ തന്നെ ഏറ്റു പറയുന്നു, താൻ ക്രിസ്തുവല്ല എന്ന്. എന്താണ് ഈ ഊന്നലിന്റെ കാരണം? യേശു സ്നാപകനിൽനിന്ന് സ്നാനം സ്വീകരിച്ചു എന്നത് അനിഷേധ്യമായ ഒരു ചരിത്ര വസ്തുതയാണ്. അതിനാൽ സ്വാഭാവികമായും യേശുവിനെ സ്നാപകന്റെ ശിഷ്യനായി കരുതണം. എന്നാൽ സ്നാപകൻ കാരാഗൃഹത്തിൽ അടയ്ക്കപ്പെടുന്നതിനു മുമ്പു തന്നെ യേശുവും ശിഷ്യന്മാരും സ്നാനം നൽകാൻ തുടങ്ങി. ആളുകൾ കൂടുതലായി യേശുവിന്റെ അടുക്കലേക്കു പോകാൻ തുടങ്ങിയപ്പോൾ സ്നാപകശിഷ്യർ അസ്വസ്ഥരും അസൂയാലുക്കളും ആയിട്ടുണ്ടാവാം. അതായിരിക്കാം സുവിശേഷകൻ എടുത്തു കാട്ടുന്ന സാഹചര്യം (യോഹ 3:22-24). എന്നാൽ യേശുവല്ല, ശഷ്യന്മാർ മാത്രമാണ് സ്നാനം നൽകിയത് എന്നു എടുത്തു

പറയുന്നുണ്ടെങ്കിലും സ്നാപകശിഷ്യരുടെ അസ്വസ്ഥത മനസ്സിലാക്കിയ യേശു അവിടെ നിന്ന് ഗലീലിയിലേക്കുപോയി എന്ന് യോഹന്നാൻ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട് (4:1-3). പക്ഷേ, ഇതു മാത്രമല്ല താൻ മുന്നോടിമാത്രമാണെന്ന് സ്നാപകൻ ഊന്നിപ്പറയുന്നതിന്റെ കാരണം എന്നു ബൈബിൾ പഠിതാക്കൾ കരുതുന്നു.

സ്നാപകന്റെയും യേശുവിന്റെയും മരണത്തിനു ശേഷവും ഇരുവരുടെയും ശിഷ്യഗണം യൂദയായിലുണ്ടായിരുന്നു. സ്നാപകന്റെ ശിഷ്യഗണം പ്രയേണ ചെറുതായിരുന്നു; യേശുവിന്റെ ശിഷ്യരാകട്ടെ അനുദിനം വളർന്നു ശക്തിയാർജ്ജിച്ചുകൊണ്ടിരുന്നു. ഈ സാഹചര്യത്തിൽ ആരാണ് വലിയവൻ, ആരാണ് യഥാർത്ഥ ക്രിസ്തു എന്ന തർക്കം ഇവരുടെ ഇടയിൽ ഉണ്ടായി എന്നു കരുതപ്പെടുന്നു. യോഹന്നാൻ യേശുവിനു സ്നാനം നൽകിയതിനാൽ യേശുവിനെ ശിഷ്യനും യോഹന്നാനെ ഗുരുവും ആയി പരിഗണിക്കണം. ആകയാൽ തങ്ങളുടെ ഗുരുവാണ് വലിയവൻ, യഥാർത്ഥത്തിൽ മിശിഹാ എന്ന് സ്നാപകശിഷ്യർ വാദിച്ചു. ഈ വാദമുഖത്തെ ഖണ്ഡിക്കുക ക്രിസ്തുശിഷ്യർക്ക് അവശ്യമായിരുന്നു. അതിനാലാവും സുവിശേഷകന്മാർ മേൽ വിവരിച്ച തർക്കങ്ങൾക്കും സാക്ഷ്യങ്ങൾക്കും ഊന്നൽ നല്കിയത്. റോമിൽ വച്ചു സുവിശേഷം എഴുതുന്ന മർക്കോസിന് വിഷയം ഒട്ടും പ്രസക്തമായിരുന്നില്ല. അതിനാൽ പ്രത്യേകം ഒരു സാക്ഷ്യത്തിന്റെയും ഏറ്റു പറച്ചിലിന്റെയും ആവശ്യവും ഉണ്ടായിരുന്നില്ല.

യേശുവിനെ രക്ഷകനും ക്രിസ്തുവുമായി അംഗീകരിക്കാൻ വിസമ്മതിച്ച സ്നാപകശിഷ്യർ തുടർന്നും തങ്ങളുടെ ഗുരുവിനെ ദൈവം അയച്ച അവസാനത്തെ പ്രവാചകനായി കരുതി. പിന്നീട് അവർ *മൻഡേയർ* (Mandeans) എന്ന് അറിയപ്പെട്ടു. പഴയ നിയമവും പ്രവാചകപാരമ്പര്യങ്ങളും മാത്രം സ്വീകരിച്ച അവരുടെ പിൻതലമുറകൾ ഇസ്ലാം മതവിശ്വാസികളായി എന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.

സ്നാപകശിഷ്യരും ക്രിസ്തു ശിഷ്യരും തമ്മിലുണ്ടായ വിവാദത്തിനു വിരാമമിടാൻ സ്നാപകന്റെ തന്നെ സാക്ഷ്യം സുവിശേഷകന്മാർ അവതരിപ്പിക്കുന്നു. മത്തായിയും യോഹന്നാനും ഈ വിഷയത്തിനു കൂടുതൽ പ്രാധാന്യം നൽകുന്നതും ഈ വിവാദത്തിന്റെ പശ്ചാത്തലത്തിൽ മനസ്സിലാക്കാൻ എളുപ്പമാകും.

ഇന്നത്തെ ധ്യാന വിഷയമായ സുവിശേഷഭാഗം ഈ വിവാദത്തിന്റെയും അതിനു നൽകുന്ന നിർണ്ണായക മറുപടിയുടെയും ഉദാഹരണമാണ്.

യേശുവിനെ രാത്രിയിൽ സന്ദർശിക്കാൻ വന്ന ഫരിസേയ നേതാവായ നിക്കേദേമോസുമായി നടത്തിയ സംഭാഷണത്തിന്റെ അവസാനത്തിലാണ് സ്നാപകന്റെ സാക്ഷ്യം രേഖപ്പെടുത്തയിരിക്കുന്നത്. സംശയത്തിലും അജ്ഞതയിലും ആണ്ടുപോകുന്ന യഹൂദപ്രമാണിക്കും സംശയഗ്രസ്തരും അസൂയാലുക്കളുമായ സ്നാപകശിഷ്യർക്കും ബദലായി നിൽക്കുന്നു തന്റെ വിശ്വാസവും ദൗത്യവും ഏറ്റുപറയുന്ന സ്നാപകൻ. ജോർദ്ദാൻ നദിയുടെ പടിഞ്ഞാറെ കരയിൽ, ജെറിക്കോയ്ക്ക് വടക്കുള്ള ഒരു ഗ്രാമമാണ് ഏനോൻ. 'ഉറവ' എന്നർത്ഥമുള്ള *'അയിൻ'* എന്ന ഹീബ്രു വാക്കിൽ നിന്നാണ് *'ഏനോൻ'* എന്ന ഗ്രീക്കു നാമത്തിന്റെ ഉത്ഭവം. ധാരാളം വെള്ളമുള്ളതിനാൽ അവിടെ വച്ച് സ്നാപകൻ സ്നാനം നൽകിയിരുന്നു. യേശുശിഷ്യരും അതിനുടത്തായി സ്നാനം നൽകിയതാണ് ചർച്ചാവിഷയമായ സാഹചര്യം.

യോഹന്നാന്റെ മറുപടിയാണ് വിവരണത്തിന്റെ കേന്ദ്രം. യേശുവിന്റെ അധികാരം സ്വർഗ്ഗത്തിൽ നിന്നാണ്. അവനാണ് ദൈവം അയച്ച രക്ഷകനായ ക്രിസ്തു. അവനു വഴിയൊരുക്കാനും സാക്ഷ്യം നൽകാനുമായി അയക്കപ്പെട്ട മുന്നോടി മാത്രമാണ് താൻ. അതിനാൽ മത്സരത്തിനോ അസൂയയ്ക്കോ സ്ഥാനമില്ല. തന്റെ ഈ ദൗത്യത്തെ ഏറ്റു പറഞ്ഞതിനുശേഷം മണവാളന്റെയും മണവറത്തോഴന്റെയും ഉപമയിലൂടെ യോഹന്നാൻ തന്റെ ദൗത്യം കൂടുതൽ വ്യക്തമാക്കുന്നു.

ഇസ്രായേൽക്കാർക്ക് സുപരിചിതമാണ് മണവാളന്റെ ഉദാഹരണം. ഹോസിയാ പ്രവാചകന്റെ കാലം മുതൽ ദൈവവും ഇസ്രയേൽ ജനവും തമ്മിലുള്ള ഉടമ്പടി ബന്ധത്തെ വിവാഹോടമ്പടിയായി ചിത്രീകരിച്ചിരുന്നു. അതിൻപ്രകാരം ദൈവം മണവാളൻ, ജനം മണവാട്ടി. ഈ ഉപമയാണ് സ്നാപകൻ ഉയോഗിക്കുന്നത്. അതനുസരിച്ച് യേശു മണവാളനും ദൈവജനം അഥവാ ശിഷ്യസമൂഹം മണവാട്ടിയും പോലെയാണ്. ഈ പശ്ചാത്തലത്തിൽ സ്നാപകന്റെ സ്ഥാനം മണവാളന്റേതല്ല, മണവളാന് അകമ്പടി സേവിക്കുന്ന മണവറത്തോഴന്റേതാണ്. ഈ ദൗത്യം സന്തോഷപൂർവ്വം സ്വീകരിച്ച് സംതൃപ്തിയടയുന്ന സ്നാപകൻ

എന്നും ഏവർക്കും വലിയൊരു മാതൃകയും പ്രചോദനവുമാണ്.

"അവൻ വളരുകയും ഞാൻ കുറയുകയും വേണം" (3:30) എന്ന അന്തിമ വചസുകൾ സ്നാപകന്റെ അസൂയയോ നിരാശയോ അല്ല, ദൈവം ഏല്പിച്ച ദൗത്യം പൂർത്തീകരിച്ചതിലുള്ള സന്തോഷവും സംതൃപ്തിയുമാണ് പ്രകടമാക്കുന്നത്. എന്നും ഏവർക്കും അനുകരണീയമായ ഒരു മാതൃക. ഏൽപിച്ച ദൗത്യം കഴിവനുസരിച്ച് പൂർത്തിയാക്കിക്കഴിയുമ്പോൾ സ്ഥാനം പിൻഗാമിക്കു കൈമാറുക, മാന്യമായി വിടവാങ്ങുക. ഞാൻ ക്രിസ്തുവല്ല എന്ന് ആവർത്തിച്ചു പറഞ്ഞ സ്നാപകൻ ക്രിസ്തുവിനെ ജനസമൂഹത്തിനു പരിചയപ്പെടുത്തിക്കഴിയുമ്പോൾ തന്റെ ദൗത്യം പൂർത്തിയാക്കിയതായി കരുതുന്നു. തടവറയിൽ കിടക്കുമ്പോൾ യേശുവിന്റെ പ്രവർത്തനങ്ങളെക്കുറിച്ചു കേൾക്കുന്നത് അസൂയയല്ല, നിർവൃതിയാണ് അവനിൽ ഉണർത്തുന്നത്. ശഷ്യന്മാർക്ക് ബോധ്യമുണ്ടാകാൻ വേണ്ടി മാത്രമാണ് അവരെ ചോദ്യവുമായി യേശുവിന്റെ അടുത്തേക്ക് പറഞ്ഞയയ്ക്കുന്നത്.

ലഭിച്ച ദൗത്യത്തിൽ സന്തോഷിക്കുക. ചെയ്യാൻ സാധിച്ചതിൽ സംതൃപ്തി കണ്ടെത്തുക; പിൻഗാമിയെ ചുമതല ഏൽപ്പിക്കുന്നത് സന്തോഷത്തോടെ ആയിരിക്കണം. ഞാൻ തുടങ്ങിവച്ച കാര്യങ്ങൾ ഞാൻ തന്നെ പൂർത്തിയാക്കണം എന്ന് ആരും ശഠിക്കേണ്ടതില്ല. മോശയ്ക്കുശേഷം ജോഷ്വാ വന്നു; സാമുവലിനുശേഷം സാവൂളും, ദാവിദും. അതുപോലെ സ്നാപകനുശേഷം യേശു. യേശുവിന്റെ ദൗത്യം പിൻഗാമികളായ ശിഷ്യന്മാരെ ഏൽപ്പിച്ചു. ഇതെല്ലാം ഇന്നും പ്രസക്തമായ ചില പാഠങ്ങൾ നൽകുന്നുണ്ട്.

മക്കൾക്കു പ്രായമാകുമ്പോൾ അവരെ ഉത്തരവാദിത്വം ഏൽപ്പിക്കാൻ മാതാപിതാക്കൾ തയ്യാറാകണം. മരണംവരെ അധികാരവും അവകാശവും വിട്ടുകൊടുക്കാതെ സൂക്ഷിക്കുന്നത് ഒരിക്കലും അഭിലഷണീയമല്ല; ഉപകാരപ്രദവുമല്ല. ഏതു സമഹൂത്തിലും ഇതു പ്രസ്കതമാണ്. ഭരണാധികാരികൾ തങ്ങൾക്കു നിശ്ചയിച്ച കാലാവധി കഴിയുമ്പോൾ കസേര ഒഴിഞ്ഞുകൊടുക്കണം. നിശ്ചിത പ്രായത്തിൽ വിരമിക്കാൻ ബാധ്യസ്ഥരായവർ പിൻഗാമിയെ അധികാരം ഏൽപ്പിച്ച് ഭരണത്തിൽനിന്നു പിന്മാറണം. പേരിനു മാത്രം വിരമിക്കുകയും എന്നാൽ എല്ലാം തന്റെ ഹിതവും പദ്ധതിയും അനുസരിച്ച് നടക്കണം എന്ന് കരുതുകയും ചെയ്യുന്നതും ഗുണത്തേക്കാൾ അധികം ദോഷം ചെയ്തെന്നു

വരും, വണ്ടി ഓടിക്കുന്ന ഡ്രൈവറെ പിൻസീറ്റിലിരുന്ന് നിരന്തരം നിയന്ത്രിച്ച് ശല്യം ചെയ്യുന്നതുപോലെ.

ഇവിടെയെല്ലാം സ്നാപകന്റെ നിലപാട് തികച്ചും മാതൃകാപരവും അനുകരണാർഹവുമാണ്. മണവാട്ടിയുള്ളവനാണ് മണവാളൻ. അത് ഒരാളേ ഉള്ളൂ, സഭയുടെ മണവാളനായ യേശുക്രിസ്തു. ആ സ്ഥാനത്ത് ആർക്കും കയറിയിരിക്കാനാവില്ല. "മറ്റൊരു ക്രിസ്തു" ആകണമെന്നു പറയുമ്പോഴും അത് ഒരു ആലങ്കാരിക പ്രയോഗമായേ കരുതാനാവൂ. യേശുക്രിസ്തുവിന്റെ പ്രതിനിധിയാണ് പുരോഹിതൻ; രക്ഷകനായ യേശുവിലേക്കും ആത്യന്തികമായി രക്ഷയുടെയും ജീവന്റെയും ഉറവിടമായ പിതാവിലേക്കും നയിക്കുന്ന വഴികാട്ടികളാവണം, ശുശ്രൂഷാപുരോഹിതരും രാജകീയ പൗരോഹിത്യം സ്വീകരിച്ച "ആത്മായരും". ആരും ക്രിസ്തുവല്ല. ആത്യന്തികമായി ഞാൻ ഒരു വഴികാട്ടി മാത്രം. ക്രിസ്തുവിന് ജനമധ്യത്തിൽ സാക്ഷ്യം നൽകിയതിനുശേഷം പിൻവാങ്ങിയ മുന്നോടി നമുക്കും ഒരു പ്രചോദനമാകട്ടെ. "അവൻ വളരുകയും ഞാൻ കുറയുകയും വേണം."

# 15

### ദനഹാ 7 – ാം ഞായർ

## സൗഖ്യദായകമായ വിശ്വാസം

**(മത്താ 7,28 – 8,13)**

ദനഹാക്കാലത്തെ അവസാനത്തെ ഞായറാഴ്ച സൗഖ്യദായകനായ യേശുവിന്റെ ചിത്രവും സൗഖ്യം പ്രാപിക്കുന്നതിന് ആവശ്യകമായ വിശ്വാസവും ആണ് സുവിശേഷവായനയിലൂടെ നമ്മുടെ വിചിന്തനത്തിനായി സഭ നിർദ്ദേശിച്ചിരിക്കുന്നത്. മലയിലെ പ്രസംഗത്തിന്റെ സമാപനത്തെ തുടർന്ന് അത്ഭുതകരമായ രണ്ടു രോഗശാന്തികൾ വിവരിക്കുന്നു. ഈ സുവിശേഷഭാഗം വിചിന്തനവിഷയമാക്കുമ്പോൾ മത്തായി സംഭവങ്ങൾ അവതരിപ്പിക്കുന്ന പ്രത്യേക ക്രമം ശ്രദ്ധിക്കുന്നത് അർത്ഥവും ധ്വനികളും മനസിലാക്കാൻ സഹായിക്കും.

അഞ്ചു പ്രസംഗങ്ങളായിട്ടാണ് മത്തായി യേശുവിന്റെ പ്രബോധനങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. 1. 5–7 മലയിലെ പ്രസംഗം- ദൈവരാജ്യത്തിന്റെ സുവിശേഷം. 2. 10: പ്രേഷിത പ്രസംഗം- ശിഷ്യന്മാരുടെ ദൗത്യവും അവർക്കു നൽകുന്ന നിർദ്ദേശങ്ങളും. 3. 13: ദൈവരാജ്യത്തിന്റെ സ്വഭാവം വിവരിക്കുന്ന ഉപമകൾ. 4. 18: സഭയിൽ നിലനിൽക്കേണ്ട ക്രമങ്ങൾ. 5. 24–25 യുഗാന്ത പ്രഭാഷണം. ഈ അഞ്ചു പ്രസംഗങ്ങൾ പ്രപഞ്ചഗ്രന്ഥത്തിലെ അഞ്ചു പുസ്തകങ്ങൾക്കു സമാന്തരമായി അവതരിപ്പിക്കുന്നതിലൂടെ യേശുവിനെ പുതിയ മോശയായും, സഭയെ പുതിയ ഇസ്രായേലായും, യേശു സ്ഥാപിക്കുന്ന ഉടമ്പടിയെ പുതിയ ഉടമ്പടിയായും മത്തായി ചിത്രീകരിക്കുന്നു എന്ന് ബൈബിൾ വ്യാഖ്യാതാക്കൾ കരുതുന്നു. മലയിലെ പ്രസംഗം യേശുവിലൂടെ വിടരുന്ന ദൈവരാജ്യത്തിന്റെ സവിശേഷതകളും അതിൽ അംഗത്വം ലഭിക്കുന്ന

തിന് ആവശ്യമായ നിബന്ധനകളും സമഗ്രമായി അവതരിപ്പി ക്കുന്നു.

പ്രസംഗത്തിന്റെ സമാപനം ജനങ്ങളുടെ പ്രതികരണവും നിയമജ്ഞരിൽനിന്നു വ്യത്യസ്തമായ യേശുവിന്റെ പ്രബോധനശൈലിയും അധികാരവും എടുത്തുകാട്ടുന്നു. "യേശു ഈ വചനങ്ങൾ അവസാനിപ്പിച്ചപ്പോൾ" എന്ന സംഗ്രഹവാക്യം അഞ്ചുതവണ ആവർത്തിച്ചുകൊണ്ട് ഓരോ പ്രഭാഷണത്തിന്റെയും അന്ത്യം കുറിക്കുന്നത് (7,28; 11,1; 13,53; 19,1; 26,1) ശ്രദ്ധേയമത്രെ.

സീനായ് ഉടമ്പടിയെ അനുസ്മരിപ്പിക്കുന്ന മലയിലെ പ്രസംഗത്തിനുശേഷം മത്തായി പത്ത് അത്ഭുതങ്ങൾ വിവരിക്കുന്നുണ്ട്. ഇത് മോശ വഴി ഈജിപ്തിൽ സംഭവിച്ച പത്തു മഹാമാരികൾക്ക് സമാന്തരവും അതേസമയം വിരുദ്ധവും ആയി നിൽക്കുന്നു. മോശയിലൂടെ സംഭവിച്ചതെല്ലാം ശിക്ഷകളായിരുന്നെങ്കിൽ യേശുവിലൂടെ സംഭവിക്കുന്നത് രക്ഷയുടെ അടയാളങ്ങളാണ്.

ഇന്നത്തെ വിചിന്തനത്തിനായി നിർദ്ദേശിച്ചിരിക്കുന്ന സുവിശേഷ ഭാഗത്ത് രണ്ട് അത്ഭുതങ്ങൾ വിവരിക്കുന്നുണ്ട്. കുഷ്ഠരോഗിക്കു ലഭിച്ച സൗഖ്യവും ശതാധിപന്റെ ഭൃത്യനു ലഭിച്ച രോഗശാന്തിയും. കുഷ്ഠരോഗിക്കു നൽകുന്ന സൗഖ്യമാണ് മത്തായി രേഖപ്പെടുത്തുന്ന യേശുവിന്റെ ആദ്യത്തെ അത്ഭുതം. മലയിൽ നിന്ന് ഇറങ്ങിവരുന്ന യേശുവിനെ അനുഗമിക്കുന്ന വലിയ ജനക്കൂട്ടം (മത്താ 8,1) പുതിയ നിയമസംഹിത സ്വീകരിക്കുന്ന പുതിയ ജനത്തിന്റെ പ്രതിനിധികളായി നിലകൊള്ളുന്നു.

കുഷ്ഠരോഗി യേശുവിനെ സമീപിച്ചതുതന്നെ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. നിലവിലിരുന്ന മതനിയമപ്രകാരം കുഷ്ഠരോഗികൾ പൊതുജന സമ്പർക്കത്തിൽനിന്ന് അകന്നു നിൽക്കണമായിരുന്നു (ലേവ്യ 13,45-46). അവരുടെ സ്പർശനം മാത്രമല്ല സാമീപ്യംപോലും മറ്റുള്ളവരെ അശുദ്ധരാക്കും എന്നാണ് കരുതപ്പെട്ടിരുന്നത്. ഈ പശ്ചാത്തലത്തിൽ ഒരു കുഷ്ഠരോഗി യേശുവിന്റെ അടുക്കൽ വരാൻ ധൈര്യപ്പെടുന്നതുതന്നെ യേശുവിന് അവരോടുള്ള താൽപര്യവും യേശുവിന്റെ പെരുമാറ്റത്തിലും പ്രബോധനത്തിലുമുള്ള വ്യത്യാസവും വ്യക്തമാക്കുന്നു. കുഷ്ഠരോഗി സൗഖ്യത്തിനു വേണ്ടിയല്ല, ശുദ്ധിക്കുവേണ്ടിയാണ് യാചിക്കുന്നത്. "കർത്താവേ" എന്ന അഭിസംബോധനയിൽ യേശുവിന്റെ ദൈവത്വം നിഴലിക്കുന്നു; വിശ്വാസ പ്രഖ്യാപനത്തിൽ

സൗഖ്യദായകനായ യേശുവിന്റെ ശക്തിയും.

അവന്റെ വിശ്വാസം വ്യർത്ഥമായില്ല. യേശു കൈനീട്ടി അവനെ സ്പർശിച്ചത് സൗഖ്യദായകമായ ദൈവികശക്തിയുടെ പ്രവാഹത്തിന്റെ അടയാളമായിരുന്നു. ഇതിലൂടെ നിയമദൃഷ്ടിയിൽ തന്നെത്തന്നെ അശുദ്ധനാക്കുന്നുവെന്ന് യേശു കരുതിയില്ല. മാത്രമല്ല, ഇതിലൂടെ ബാഹ്യമാത്രമായ ശുദ്ധാശുദ്ധ വിവേചനത്തെ നിഷ്കർഷിക്കുന്ന നിയമങ്ങളുടെ വ്യർത്ഥതയും നിരർത്ഥകതയും എടുത്തുകാട്ടുകയും ചെയ്തു. അതേസമയം പുരോഹിതന്റെ സാക്ഷ്യപത്രം വാങ്ങാൻ നിർദ്ദേശിക്കുന്നതിലൂടെ സുഖം പ്രാപിച്ച കുഷ്ഠരോഗിയെ സമൂഹത്തിന്റെ പുറമ്പോക്കിൽനിന്ന് മുഖ്യധാരയിലേക്ക് വീണ്ടും കൊണ്ടുവരികയും ചെയ്യുന്നു. അശുദ്ധനെന്നു മുദ്രകുത്തി മാറ്റി നിർത്തിയ പുരോഹിതൻ തന്നെ ഇപ്പോൾ ശുദ്ധനെന്നു പ്രഖ്യാപിച്ച് അവനെ സമൂഹത്തിലേക്കു തിരിച്ചെടുക്കണം. ശാരീരിക സൗഖ്യം മാത്രംപോരാ. സാമൂഹികവും സർവ്വോപരി ആത്മീയവുമായ സൗഖ്യവും രോഗിക്ക് ആവശ്യമാണ്.

തളർവാതം ബാധിച്ച് വീട്ടിൽ കിടക്കുന്ന ഭൃത്യനുവേണ്ടി യാചിക്കാൻ വരുന്ന റോമൻ ശതാധിപന്റെ ചിത്രീകരണത്തിൽ വിശ്വാസം എന്ന പ്രമേയം കൂടുതൽ ശ്രദ്ധേയമാകുന്നു. കൂടെ വീട്ടിൽച്ചെന്ന് ഭൃത്യനെ സുഖപ്പെടുത്താൻ സന്നദ്ധത പ്രകടിപ്പിച്ച യേശുവിന്റെ മുൻപിൽ ശതാധിപൻ നടത്തുന്ന വിശ്വാസ പ്രഖ്യാപനം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. അനുസരണത്തിനും അച്ചടക്കത്തിനും സുപ്രസിദ്ധമായിരുന്നു റോമൻ ഭരണസംവിധാനം, പ്രത്യേകിച്ചും റോമൻ പട്ടാളം. ശതാധിപനു മുകളിൽ സഹസ്രാധിപനും ലെഗേറ്റും എല്ലാറ്റിനും ഉപരി സീസറുമുണ്ട്. ശതാധിപനു താഴെ ദശാധിപനും സാധാരണ സൈനികരുമുണ്ട്. ഇവിടെയെല്ലാം മുകളിൽനിന്നു വരുന്ന കല്പനകൾ ചോദ്യം ചെയ്യാതെ അനുസരിക്കും എന്നതു സ്വാഭാവികമത്രെ. ഇതുപോലെ ഒരധികാരസംവിധാനം ഈ പ്രപഞ്ചത്തിലും ഉണ്ടെന്നും രോഗങ്ങളോടു കല്പിക്കാനും രോഗികളെ സുഖപ്പെടുത്താനും അധികാരമുള്ള ദൈവിക വ്യക്തിത്വത്തിനു മുമ്പിലാണ് താൻ നിൽക്കുന്നത് എന്നും ഏറ്റു പറയുന്ന ശതാധിപൻ വിശ്വാസത്തിന്റെ മാതൃകയായി നിലകൊള്ളുന്നു.

യേശുവിന്റെ ആശ്ചര്യവും അനുയായികളോടുള്ള പ്രതികര

ണവും മത്തായി സുവിശേഷകന്റെ ഒരു മുഖ്യപ്രമേയമാണ് വ്യക്ത മാക്കുന്നത്. സ്വജനമായ ഇസ്രായേൽ തിരസ്കരിക്കുകയും വിജാ തീയർ വിശ്വസിച്ച് സ്വീകരിക്കുകയും ചെയ്ത അബ്രാഹത്തിന്റെ പുത്രനായ രക്ഷകനും ദാവീദിന്റെ പുത്രനായ മിശിഹാ രാജാ വുമാണ് യേശു. ഇസ്രായേലിൽപ്പോലും ഇപ്രകാരം ഒരു വിശ്വാസം കണ്ടിട്ടില്ല എന്ന് വിജാതീയരുടെ വിശ്വാസത്തെ പുക ഴ്ത്തിപ്പറയുന്നത് ഈ പ്രമേയത്തിന്റെ തന്നെ ആവിഷ്കരണമാണ്. പിശാചുബാധിതയായ മകൾക്കുവേണ്ടി യാചിച്ച കാനാൻകാ രിയും (മത്താ 15,21-28) ഇപ്രകാരമൊരു വിശ്വാസത്തിനു സാക്ഷ്യം വഹിക്കുന്നു.

ഇസ്രായേലിൽ കാണാൻ കഴിയാത്ത വിശ്വാസം പ്രകടമാ ക്കിയ റോമൻ ശതാധിപൻ രക്ഷപ്രാപിക്കുന്ന വിജാതീയരുടെ ആദ്യഫലമായി നിലകൊള്ളുന്നു. വിജാതീയർ വിശ്വാസത്തോടെ കടന്നുവരുമ്പോൾ വിശ്വസിക്കാത്ത സ്വജാതീയർ പുറന്തള്ളപ്പെ ടുന്നു. അബ്രാഹത്തിന്റെ മക്കളും ഉടമ്പടിയിലൂടെ അവകാശി കളും ആണ് തങ്ങൾ എന്ന അഹങ്കാരവും വ്യർത്ഥമായ സുര ക്ഷിതത്വബോധവും ഇടിച്ചു തകർക്കുകയും പിഴുതെറിയുകയും ചെയ്യുന്ന വിധി വാചകമാണ് യേശു ഉച്ചരിക്കുന്നത് (8,11-12). കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വരുന്ന നിരവധിയാളുകൾ വിജാതീയരാണ്. സ്വർഗ്ഗരാജ്യത്തെ ഇവിടെ ഒരു വിരുന്നിനോട് ഉപമിക്കുന്നു. അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നീ പിതാ ക്കന്മാർ ഉടമ്പടിയുടെ അവകാശികളാണ്. എന്നാൽ ശാരീരിക മായി അവരുടെ മക്കളായതുകൊണ്ടുമാത്രം ആരും ദൈവരാജ്യ ത്തിന് അവകാശികളാകുന്നില്ല. വിശ്വസിച്ച്, മാനസാന്തരപ്പെട്ട്, യേശുവിനെ സ്വീകരിക്കാൻ സന്നദ്ധരല്ലെങ്കിൽ അവരുടെ സ്ഥാനം ദൈവരാജ്യത്തിനു പുറത്തായിരിക്കും. പുറത്തുള്ള അന്ധകാരം നിത്യനാശത്തിന്റെ പ്രതീകമായി നിലകൊള്ളുന്നു.

ശതാധിപന്റെ വിശ്വാസത്തെ മാതൃകയായി അവതരിപ്പിക്കുന്ന സുവിശേഷകൻ നൽകുന്ന വ്യക്തമായ താക്കീത് കേൾക്കാതെ പോകരുത്. യഹൂദർക്കോ, ഇസ്രായേൽ ജനത്തിനോ എന്തു സംഭ വിച്ചു, അഥവാ സംഭവിക്കും എന്നതല്ല സുവിശേഷകന്റെ ശ്രദ്ധാ കേന്ദ്രം. മറിച്ച് യേശുവിൽ വിശ്വസിക്കുന്നു എന്നു പറയുകയും സഭയുടെ അംഗങ്ങളാണെന്ന് അഭിമാനിക്കുകയും ചെയ്യുന്ന ക്രിസ്തുവിശ്വാസികൾക്കു നൽകുന്ന താക്കീതാണിവിടെ കൂടു തൽ ശ്രദ്ധേയം. പാരമ്പര്യങ്ങളിൽ ഊറ്റംകൊള്ളുകയും ആചാ

രാനുഷ്ഠാനങ്ങളിൽ അമിതമായി ശ്രദ്ധ ചെലുത്തുകയും ചെയ്യുന്നവർ തങ്ങളുടെ തന്നെ വിശ്വാസത്തെയും പ്രവൃത്തികളെയും നിശിതമായ ഒരു അപഗ്രഥനത്തിനു വിധേയമാക്കണം എന്ന് ഈ സുവിശേഷസന്ദേശം അനുസ്മരിപ്പിക്കുന്നു.

പൊള്ളയായ അനുഷ്ഠാനങ്ങളും ആത്മീയത ചോർന്നുപോയ ആഘോഷങ്ങളും നൽകുന്നത് വ്യർത്ഥമായ സുരക്ഷിതത്വബോധമായിരിക്കും. അതൊന്നും ദൈവരാജ്യത്തിൽ അംഗത്വം ലഭിക്കാൻ പര്യാപ്തമാവുകയില്ല. വിലക്കുകളെ വകവയ്ക്കാതെ യേശുവിനെ സമീപിച്ചു യാചിക്കാൻ തയ്യാറായ കുഷ്ഠരോഗിയുടെ ധൈര്യവും, യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റുപറയാൻ ശതാധിപൻ കാട്ടിയ വിനയവും മാതൃകകളാകുന്നു. ഇവയുടെ വെളിച്ചത്തിൽ ഓരോ വിശ്വാസിയും തന്റെ വിശ്വാസത്തെയും ജീവിതത്തെയും വിലയിരുത്തണം. ഈ മാതൃകകളിൽ നിന്നു പഠിക്കണം. പുറത്തെ അന്ധകാരത്തെയും അവിടെ നിന്നുയരുന്ന വിലാപത്തെയും കുറിച്ച് യേശു നൽകുന്ന താക്കീതുകൾ ശ്രവിക്കണം. അത് ഒരു യഥാർത്ഥമാനസാന്തരത്തിലേക്കും ജീവിത നവീകരണത്തിലേക്കും നയിക്കണം. അതിനു നാഥൻ തന്നെ കൃപയരുളട്ടെ.

# 16

### നോമ്പ് 1 – ൧ം ഞായർ

## പ്രലോഭകന്റെ മേൽ വിജയം

**(മത്താ 4,1 – 10)**

ജോർദ്ദാനിൽ വച്ചു മാമ്മോദീസാ സ്വീകരിച്ച യേശു പരസ്യ ജീവിതത്തിന് ഒരുക്കമായി മരുഭൂമിയിൽ നാല്പതു ദിവസം ഉപവസിക്കുകയും പ്രലോഭകന്റെ മേൽ വിജയം വരിക്കുകയും ചെയ്തതിന്റെ വിവരണമാണ് നോമ്പുകാലത്തിന്റെ ആദ്യ ഞായറാഴ്ചത്തെ ധ്യാനത്തിനായി തിരുസഭ നിർദ്ദേശിച്ചിരിക്കുന്നത്. "അനന്തരം" എന്ന കാല സൂചനയിലൂടെ തുടർന്നു വരുന്ന വിവരണം ജ്ഞാനസ്നാനവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ജ്ഞാനസ്നാനവേളയിൽ ഇറങ്ങിവന്ന പരിശുദ്ധാത്മാവു തന്നെയാണ് യേശുവിനെ പരീക്ഷിക്കപ്പെടാനായി മരുഭൂമിയിലേക്കു നയിക്കുന്നത്. അതിനാൽ മരുഭൂമിയിലെ പ്രലോഭനം ആകസ്മികമായ ഒരു സംഭവമല്ല, ദൈവികപദ്ധതിയുടെ ഭാഗമാണെന്ന് സുവിശേഷകൻ ആരംഭത്തിലേ വ്യക്തമാക്കുന്നു. യേശുവിന്റെ മേൽ ഇറങ്ങിവന്ന് അഭിഷേകം ചെയ്ത പരിശുദ്ധാത്മാവ് എപ്പോഴും യേശുവിനോടുകൂടെ ഉണ്ടായിരുന്നു; ആ ആത്മാവാണ് യേശുവിനെ നിരന്തരം നയിച്ചിരുന്നത്. ആത്മാവിന്റെ ശക്തിയാലാണ് യേശു പ്രലോഭകനെ നേരിടുന്നതും വിജയം വരിക്കുന്നതും.

മരുഭൂമിയിലേക്കു നയിച്ചതിന്റെ ലക്ഷ്യം പ്രലോഭിപ്പിക്കപ്പെടുക എന്നതായിരുന്നു. നാല്പതു ദിവസം, മരുഭൂമി, പ്രലോഭനം എന്നീ പ്രമേയങ്ങൾ സംഭവത്തെ ഇസ്രായേലിന്റെ ചരിത്രവുമായി ബന്ധിപ്പിക്കുന്നു. ഇസ്രായേൽ ജനം വാഗ്ദത്ത ഭൂമിയിലേക്കുള്ള യാത്രാമദ്ധ്യേ നാല്പതു വർഷം മരുഭൂമിയിലൂടെ യാത്ര ചെയ്തതിനെയാണ് ഈ വിവരണം ആദ്യമേ അനുസ്മരിപ്പിക്കുന്നത്.

ആ നാല്പതു വർഷവും ഇസ്രായേൽ ജനം പല വിധത്തിൽ പരീക്ഷിക്കപ്പെട്ടു; പ്രലോഭന വിധേയരായി, പരാജയപ്പെട്ടു. ഇസ്രായേൽ പരാജയപ്പെട്ടിടത്ത് രക്ഷകനായ മിശിഹാ വിജയം വരിച്ച് ഇസ്രായേലിന്റെ ചരിത്രത്തെ തിരുത്തി, രക്ഷാചരിത്രം പൂർത്തിയാക്കുന്നതായി സുവിശേഷകൻ സൂചിപ്പിക്കുന്നു. ഇതിനുപുറമെ നാല്പതു ദിവസത്തെക്കുറിച്ചുള്ള പരാമർശം മോശ മലമുകളിൽ ചിലവഴിച്ച നാല്പതു ദിവസത്തെയും (പുറ 24,18;34,28) ഏലിയാ ഹോറെബു മലയിലേക്കു നടത്തിയ നാല്പതു ദിവസത്തെ യാത്രയെയും (1 രാജാ 19,8) സൂചിപ്പിക്കുന്നു. ഈ ദിവസങ്ങളിൽ രണ്ടു പേരും ഒന്നും ഭക്ഷിച്ചില്ല. ഉപവാസത്തിന്റെ ദിനങ്ങളായിരുന്നു അത്. മരുഭൂമി പിശാചിന്റെ വാസസ്ഥലമായി കരുതപ്പെട്ടിരുന്നു. പരസ്യജീവിതത്തിന്റെ തുടക്കത്തിൽത്തന്നെ, പരിശുദ്ധാത്മാവിനാൽ നിറഞ്ഞ യേശു, പിശാചിനെ അവന്റെ കോട്ടയിൽ കടന്നാക്രമിച്ചു പരാജയപ്പെടുത്തുന്നതായും ഈ പ്രലോഭനത്തിന്റെ വിവരണത്തെ കാണാവുന്നതാണ്.

പരീക്ഷിക്കപ്പെടുന്നതിനായി യേശുവിനെ പരിശുദ്ധാത്മാവു മരുഭൂമിയിലേക്കു നയിച്ചു. ''പരീക്ഷിക്കപ്പെടുക'' എന്ന വിവർത്തനം ചെയ്യുന്ന *"പെയിരാസോ"* എന്ന ഗ്രീക്കുവാക്കിന് പ്രലോഭിപ്പിക്കുക എന്നും അർത്ഥമുണ്ട്. വിശ്വാസവും വിശ്വസ്തതയും തെളിയിക്കുകയും ശക്തിപ്പെടുത്തുകയുമാണ് പരീക്ഷിക്കുന്നതിന്റെ ലക്ഷ്യം. ഇതു ദൈവം ചെയ്യുന്നതായി ബൈബിളിൽ പലതവണ രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാ: "പിന്നീടൊരിക്കൽ ദൈവം അബ്രാഹത്തെ പരീക്ഷിച്ചു" (ഉൽപ 22,1). ഇവിടെ അബ്രാഹത്തിന്റെ വിശ്വാസം തെളിയിക്കാനുള്ള അവസരമായിരുന്നു പരീക്ഷ. അബ്രാഹം അതിൽ വിജയിച്ചു. എന്നാൽ പ്രലോഭനത്തിന്റെ ലക്ഷ്യം വ്യത്യസ്തമാണ്. തിന്മയിലേക്കു നയിക്കുക, ദൈവഹിതത്തിനു വിരുദ്ധമായി പ്രവർത്തിക്കാൻ പ്രേരിപ്പിക്കുക എന്നതാണ് പ്രലോഭനത്തിന്റെ ലക്ഷ്യം. പറുദീസായിൽ വച്ച് ആദിമാതാപിതാക്കൾ നേരിട്ടത് ഇപ്രകാരം ഒരു പ്രലോഭനമായിരുന്നു. "താൻ ദൈവത്താലാണ് പരീക്ഷിക്കപ്പെടുന്നത് എന്ന് ഒരുവനും പറയാതിരിക്കട്ടെ. എന്തെന്നാൽ ദൈവം തിന്മയാൽ പരീക്ഷിക്കപ്പെടുന്നില്ല; അവിടുന്ന് ആരെയും പരീക്ഷിക്കുന്നുമില്ല" (യാക്കോ 1,13) എന്നു പറയുമ്പോൾ ഈ അർത്ഥമാണ് വാക്കിനു നൽകുന്നത്. പ്രലോഭനം ദൈവത്തിൽ നിന്നല്ല, സാത്താനിൽ നിന്നാണ് വരുക.

ഇവിടെ യേശു നേരിട്ടത് പരീക്ഷണമോ പ്രലോഭനമോ എന്ന ചോദ്യം ഉദിക്കുന്നു. ദൈവത്തിന്റെ ഭാഗത്തുനിന്ന് അത് ഒരു പരീക്ഷണമായിരുന്നു. ആദവും ഇസ്രായേലും പരാജയപ്പെട്ടിടത്ത് വിജയം വരിക്കുക എന്നതാണ് ലക്ഷ്യം. അങ്ങനെ പാപത്തിന്റെ ചരിത്രത്തെ തിരുത്തിക്കുറിക്കുക. എന്നാൽ പരീക്ഷണത്തിന് ഉപകരണമാക്കപ്പെട്ട പിശാചിന്റെ ലക്ഷ്യം പരീക്ഷിക്കുകയല്ല, യേശുവിനെ പ്രലോഭിപ്പിച്ച് ദൈവഹിതത്തിനെതിരേ പ്രവർത്തിക്കാൻ പ്രേരിപ്പിക്കുകയാണ്.

ഈ വിവരണത്തിൽ പിശാച്, പ്രലോഭകൻ, സാത്താൻ എന്നീ മൂന്നു പദങ്ങൾ സുവിശേഷകൻ ഉപയോഗിക്കുന്നുണ്ട്. മൂന്നും ഒരേ യാഥാർത്ഥ്യത്തെത്തന്നെയാണ് സൂചിപ്പിക്കുന്നതെങ്കിലും ധ്വനികളിൽ വ്യത്യാസമുണ്ട്. പിശാച്-*ദിയാബൊളോസ്* (diabolos) ''ഇടയിൽ എറിയുക'' എന്നർത്ഥമുള്ള *ദിയാബള്ളേയിൻ* (diaballein) എന്ന ഗ്രീക്കുമൂലത്തിൽനിന്നാണ് ഈ വാക്കിന്റെ ഉത്ഭവം. പരസ്പരം അകറ്റുക, കലഹം സൃഷ്ടിക്കുക എന്നൊക്കെയാണ് വാച്യാർത്ഥം. മനുഷ്യരെ ദൈവത്തിൽനിന്നും പരസ്പരവും അകറ്റുന്നവൻ എന്നതാണ് *ദിയാബൊളോസ്* എന്ന വാക്കിന്റെ അർത്ഥം. *"പെയിരാസോൺ"* എന്ന വാക്കാണ് പ്രലോഭകൻ എന്നു വിവർത്തനം ചെയ്യുന്നത്. ദൈവത്തിനെതിരേ പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നവൻ എന്ന അർത്ഥമാണ് ഈ വാക്കിനുള്ളത് *"സാത്താനാ"* എന്ന ഹീബ്രുവാക്കിൽനിന്നാണ് സാത്താൻ എന്ന വാക്കിന്റെ ഉത്ഭവം. "കുറ്റം ആരോപിക്കുന്നവൻ", ശത്രു എന്നൊക്കെയാണ് വാക്കിനർത്ഥം. യേശു മരുഭൂമിയിൽ വച്ച് നേരിട്ട തിന്മയുടെ ശക്തിയുടെ വ്യത്യസ്തഭാവങ്ങൾ ഈ പദങ്ങൾ സൂചിപ്പിക്കുന്നു.

സമാന്തര സുവിശേഷങ്ങൾ മൂന്നും യേശുവിന്റെ നാല്പതു ദിവസത്തെ ഉപവാസത്തെയും പ്രലോഭനങ്ങളെയും കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. ''സാത്താനാൽ പരീക്ഷിക്കപ്പെട്ട് നാല്പതു ദിവസം അവൻ മരുഭൂമിയിൽ വസിച്ചു" (മർക്കോ 1,13) എന്നു മർക്കോസ് പൊതുവായി പറയുമ്പോൾ മത്തായിയും ലൂക്കായും യേശു നേരിട്ട മൂന്നു പ്രലോഭനങ്ങളെ പ്രത്യേകം വിവരിക്കുന്നു. യോഹന്നാനാകട്ടെ മരുഭൂമിയെയും ഉപവാസത്തെയും കുറിച്ച് പ്രതിപാദിക്കുന്നില്ല. എന്നാൽ പരസ്യജീവിതകാലത്ത് യേശു നേരിട്ട അനേകം പ്രലോഭനങ്ങളെക്കുറിച്ചു സൂചിപ്പിക്കുന്നുണ്ട്. സമാന്തര സുവിശേഷങ്ങളിലെ വിവരണങ്ങൾ യേശു നേരിട്ട

ആന്തരിക സംഘർഷമായിട്ടാണ് വ്യാഖ്യാതാക്കൾ പൊതുവേ കരുതുന്നത്. പ്രലോഭനം പുറത്തല്ല, ഉള്ളിലാണ് സംഭവിച്ചത്. അത് ഒരു തിരഞ്ഞെടുപ്പിനു പ്രേരിപ്പിക്കുന്നതായിരുന്നു. മരുഭൂമി, ദേവാലയഗോപുരം, ഉയർന്നമല എന്നിവ ചില ആശയങ്ങൾ ആവിഷ്കരിക്കാൻ സഹായിക്കുന്ന പ്രതീകങ്ങളായി കാണാനാണ് വ്യാഖ്യാതാക്കൾ പൊതുവേ ഇഷ്ടപ്പെടുന്നത്. അല്ലാതെ യേശുവിനെ പിശാച് ശാരീരികമായി ഓരോ സ്ഥലത്തേക്കും കൊണ്ടുപോയി എന്നു കരുതേണ്ടതില്ല. ചിന്തയുടെയും തീരുമാനത്തിന്റെയും തലങ്ങളിലാണ് പ്രലോഭനം പ്രവർത്തിക്കുന്നത്.

ജ്ഞാനസ്നാനത്തിന്റെ അവസരത്തിൽ ഇറങ്ങി വന്ന പരിശുദ്ധാത്മാവ് യേശുവിനെ രക്ഷാകര പ്രവൃത്തിക്കായി അഭിഷേകം ചെയ്തു; തുറന്ന സ്വർഗ്ഗത്തിൽ നിന്നു മുഴങ്ങിയ പിതാവിന്റെ സ്വരം ദൈവപുത്രനായി പ്രഖ്യാപിച്ചു. ഈ രണ്ടു സംഭവങ്ങളാണ് പ്രലോഭന വിധേയമാക്കുന്നത്. ദൈവപുത്രനായ മിശിഹാ എപ്രകാരം രക്ഷാകര കർമ്മം പൂർത്തിയാക്കണം എന്നതാണ് മൂന്നു പ്രലോഭനങ്ങളിലും ഉന്നയിക്കപ്പെടുന്ന കേന്ദ്രവത്തായ ആശയം. മാനുഷികവും ലൗകികവുമായ മാർഗ്ഗങ്ങൾ പ്രലോഭകൻ നിർദ്ദേശിക്കുന്നു; ദൈവഹിതത്തോടുള്ള അടിപതറാത്ത വിശ്വസ്തത യേശു ഏറ്റു പറയുന്നു. അങ്ങനെ തന്റെ വിസ്വസ്തത വഴി യേശു പ്രലോഭകനെ പരാജയപ്പെടുത്തുന്നു.

അപ്പം എന്ന പ്രമേയമാണ് ആദ്യത്തെ പ്രലോഭന വിഷയം. ഇതു രണ്ടു തലങ്ങളിൽ മനസിലാക്കേണ്ടതുണ്ട്. നാല്പതു ദിവസം ഭക്ഷിക്കാതിരുന്ന യേശുവിന് വിശപ്പ് അനുഭവപ്പെടുക തികച്ചും സ്വാഭാവികം. ദൈവപുത്രനായ തനിക്ക് കല്ലുകളെ അത്ഭുതകരമായി അപ്പമാക്കി വിശപ്പടക്കാൻ കഴിയും എന്നത് തികച്ചും യുക്തിസഹജമായ ചിന്തയാണ്. ദൈവപുത്രൻ എന്ന നിലയിൽ തനിക്കുള്ള ശക്തിയെ സ്വന്തം ആവശ്യങ്ങൾ നിർവ്വഹിക്കാനായി ഉപയോഗിക്കുക എന്നതാണ് പ്രത്യക്ഷത്തിൽ ലഭിക്കുന്ന വിശദീകരണം. എന്നാൽ ഇതു മാത്രമല്ല. കല്ലുകളെ അപ്പമാക്കി മാറ്റാനുള്ള കഴിവ് അനുയായികളെ നേടാനുള്ള മാർഗ്ഗമായി ഉപയോഗിക്കുക എന്ന ഒരു ധ്വനി ഈ നിർദ്ദേശത്തിനു പിന്നിലുണ്ട്. അപ്പം കൊടുത്ത് അനുയായികളെ നേടുന്ന ഭൗതികമായ രക്ഷാകര പ്രവൃത്തിയാണ് പ്രലോഭനം. കഫർണാമിൽ തന്നെ തേടിവന്നവർ അപ്പം അന്വേഷിച്ചാണ് വന്നത് എന്നു യേശു പറ

യുമ്പോൾ (യോഹ 6,26-34) ഈ പ്രലോഭനത്തിന്റെ സാമൂഹിക മാനം പ്രകടമാകുന്നു.

മനുഷ്യനെ ഭൗതികതയുടെ അടിമയാക്കുന്ന ഈ പ്രലോഭനത്തിനെതിരേ യേശു പ്രതികരിക്കുന്നത് അവന്റെ ആത്മീയമാനം എടുത്തുകാട്ടിക്കൊണ്ടാണ്. അപ്പം മാത്രം പോരാ, ദൈവത്തിന്റെ വചനവും വേണം. മരുഭൂമിയിലൂടെയുള്ള അലച്ചിലിന്റെ കാലത്ത് ഇസ്രായേൽ ജനത്തെ വിശപ്പറിയാൻ അനുവദിച്ചത് മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ അധരത്തിൽനിന്നു പുറപ്പെടുന്ന ഓരോ വചനം കൊണ്ടുമാണ് ജീവിക്കുന്നത് എന്നറിയാൻ വേണ്ടിയായിരുന്നു (നിയ 8,3). ആത്മാവിനെയും ദൈവ-മനുഷ്യ ബന്ധത്തെയും മറന്ന്, യഥാർത്ഥമായ രക്ഷാപ്രവൃത്തി സാധ്യമല്ല എന്ന് ഈ മറുപടിയിലൂടെ യേശു വ്യക്തമാക്കി.

അസാധാരണമായ ഒരത്ഭുതം പ്രവർത്തിക്കാനാണ് രണ്ടാമത്തെ പ്രലോഭനം. ബലിയർപ്പണസമയം വിളിച്ചറിയിക്കാനായി ലേവ്യർ കയറിനിൽക്കുന്ന ദേവാലയ ഗോപുരത്തിനു മുകളിൽനിന്നു തേഴേക്കു ചാടാനുള്ള നിർദ്ദേശം ജനശ്രദ്ധ പിടിച്ചുപറ്റാനുള്ള ഒരു എളുപ്പമാർഗ്ഗമാണ്. താഴെ ദേവാലയാങ്കണത്തിൽ നിൽക്കുന്ന ജനമധ്യത്തിലേക്ക് അപ്രതീക്ഷിതമായി മുകളിൽനിന്ന് അവതരിക്കുന്ന യേശുവിനെ പ്രവചനങ്ങളുടെ പൂർത്തീകരണമായി ("കർത്താവ് ഉടനെ തന്റെ ആലയത്തിലേക്കു വരും" മലാ 3,1) ജനം കരുതും. മിശിഹാ വരുമ്പോൾ സ്വർഗ്ഗത്തിൽനിന്ന് അടയാളം കാണിക്കും എന്ന് യഹൂദർ വിശ്വസിച്ചിരുന്നു. ഈ വിശ്വാസം അനുസരിച്ചു പ്രവർത്തിക്കാൻ യേശുവിനെ അവർ വെല്ലുവിളിക്കുകയുണ്ടായി (മർക്കോ 8,11; യോഹ 2,18; 6,30). അനുയായികളെ നേടുക എന്നതാണ് ഇവിടെയും നിർദ്ദേശിക്കപ്പെടുന്ന പ്രവൃത്തിയുടെ ലക്ഷ്യം. ദൈവദൂതന്മാർ താങ്ങിക്കൊള്ളും എന്ന വാഗ്ദാനം ദൈവത്തിന്റെ പുത്രനു ദൈവം നൽകുന്ന സംരക്ഷണത്തെ സൂചിപ്പിക്കുന്നു.

ദൈവത്തെ പരീക്ഷിക്കരുത് എന്ന മറുപടി ഈ പ്രലോഭനം ഉൾക്കൊള്ളുന്ന ദുരുദ്ദേശത്തിന്റെ മറനീക്കുന്നു. ദൈവപുത്രൻ എന്ന നിലയിൽ തന്നിൽ നിക്ഷിപ്തമായിരിക്കുന്ന ശക്തിയും അധികാരവും ദൈവം നൽകുന്ന സംരക്ഷണവും ദൈവഹിതത്തിനുപരി സ്വന്തം ഹിതം അനുസരിച്ചു പ്രവർത്തിക്കാൻ പ്രേരിപ്പിക്കരുത് എന്നു യേശു ഉറപ്പിച്ചു പറഞ്ഞു. ദേവാലയ ഗോപുര

ത്തിന്റെ മുകളിൽനിന്നു ചാടേണ്ട യാതൊരാവശ്യവുമില്ല. ഇപ്ര കാരം വിലകെട്ട അത്ഭുതങ്ങൾ വഴി ജനത്തെ സ്വാധീനിക്കാൻ ശ്രമിക്കുന്നത് വലിയ വഞ്ചനയാണ്, ഒപ്പം ഔദ്ധത്യവും.

മൂന്നാമത്തെ പ്രലോഭനത്തിൽ പ്രലോഭകന്റെ യഥാർത്ഥ ലക്ഷ്യം മറനീക്കി പുറത്തുവരുന്നു. ഇവിടെ ദൈവപുത്രൻ എന്ന സ്ഥാനം പരാമർശ വിഷയമാകുന്നില്ല. ദൈവത്തിനുപകരം സാത്താനെ ആരാധിക്കാനുള്ള പ്രേരണയാണ്; ലക്ഷ്യമാകട്ടെ ലോകത്തിന്റെ മേലുള്ള ആധിപത്യവും. ലോകരക്ഷ എന്നത് ഭൗതിക ആധിപത്യമായി ഇവിടെ വ്യാഖ്യാനിക്കപ്പെടുന്നു. തനി നിറം വ്യക്തമാക്കിയ പ്രലോഭകനെ, ദൈവത്തോടുള്ള സമ്പൂർണ്ണ വിധേയത്വം പ്രഖ്യാപിച്ചുകൊണ്ട്, യേശു ശാസിച്ചു; പ്രലോഭന ങ്ങൾക്ക് അറുതി വരുത്തി. സാത്താൻ വിട്ടുപോയപ്പോൾ ദൈവ ദൂതന്മാർ യേശുവിനു ശുശ്രൂഷ ചെയ്തു. പിതാവിന്റെ അംഗീ കാരമുദ്രയായിരുന്നു ഈ ദൈവദൂത ശുശ്രൂഷ.

യേശു നേരിട്ട പ്രലോഭനങ്ങൾ മൂന്നും ദൈവപുത്രൻ എന്ന നിലയിലുള്ളതായിരുന്നു. എപ്രകാരമാണ് മനുഷ്യരക്ഷ നേടുക എന്നതിന് നിർദ്ദേശിക്കപ്പെട്ട മൂന്ന് എളുപ്പമാർഗ്ഗങ്ങൾ. അവ യെല്ലാം ഒരുപോലെ തിരസ്കരിച്ചുകൊണ്ട് മാമ്മോദീസായുടെ അവസരത്തിൽ നിർദ്ദേശിക്കപ്പെട്ട സഹനദാസന്റെ ദൗത്യം യേശു പൂർണ്ണഹൃദയത്തോടെ ഏറ്റുപറഞ്ഞ് സ്വീകരിച്ചു. രക്ഷയുടെ മാർഗ്ഗം അപ്പത്തിന്റെയും അത്ഭുതത്തിന്റെയും അധികാരത്തി ന്റെയും വിശാലമായ പാതയല്ല, കുരിശിന്റെ ഇടുങ്ങിയ വഴിയാണ്. പ്രലോഭനങ്ങളെല്ലാം തള്ളിപ്പറഞ്ഞ്, പ്രലോഭകന്റെ മേൽ വിജയം വരിച്ച യേശു സഹനത്തിന്റെയും മരണത്തിന്റെയും മാർഗ്ഗമാണ് തിരഞ്ഞെടുത്തത്.

പ്രലോഭനമായി അവതരിപ്പിക്കപ്പെട്ട കാര്യങ്ങൾ യേശു പിന്നീടു പ്രവർത്തിക്കുന്നതായി സുവിശേഷങ്ങൾ രേഖപ്പെടു ത്തിയിട്ടുണ്ട്, പക്ഷേ ലക്ഷ്യവും വിധവും വ്യത്യസ്തമാണെന്നു മാത്രം. യേശു അപ്പം വർദ്ധിപ്പിച്ചു; അത് കല്ലുകളെ അപ്പമാക്കി മാറ്റിയല്ല, ശിഷ്യന്മാർ തങ്ങളുടെ കൈവശം ഉണ്ടായിരുന്നതു മുഴു വൻ കൊടുക്കാൻ തയ്യാറായപ്പോൾ ജനസമൂഹത്തിനു മുഴുവൻ തൃപ്തിവരത്തക്കവിധം അവയെ വർദ്ധിപ്പിക്കുകയാണു ചെയ്തത്; അടയാളം പ്രവർത്തിച്ചു. അതു മരണത്തിൽനിന്ന് ഉയിർത്തെഴുന്നേറ്റതായിരുന്നു. പ്രലോഭകൻ വച്ചു നീട്ടിയതിലും

വലിയ അധികാരം, "സ്വർഗ്ഗത്തിലും ഭൂമിയിലും എല്ലാ അധികാരവും" (മത്താ 28,18) പിതാവാണു നൽകിയത്. സ്വന്തം ഹിതമനുസരിച്ച് അധികാരം പിടിച്ചെടുക്കുകയല്ല, ദൈവഹിതത്തിനു പൂർണ്ണമായി കീഴ്വഴങ്ങി പിതാവിൽ നിന്നു സ്വീകരിക്കുകയാണ് യേശു ചെയ്തത്. കുരിശുമരണം വരെയുള്ള അനുസരണമാണ് യേശു തിരഞ്ഞെടുത്ത മാർഗ്ഗം. അതു തന്നെയാണ് പ്രലോഭകനെ പരാജയപ്പെടുത്തിയതും.

യേശു നേരിട്ട പ്രലോഭനങ്ങൾ, അതേ വിധത്തിലല്ലെങ്കിൽത്തന്നെ, ഇന്നും ഓരോ വ്യക്തിയും നേരിടുന്നുണ്ട്. അധ്വാനിക്കാതെ സമ്പാദിക്കാനും അത്ഭുതപ്രകടനങ്ങളിലൂടെ അനുയായികളെ നേടാനും ഭൗതികമേഖലയിൽ ആധിപത്യം ഉറപ്പിക്കാനുമുള്ള പ്രലോഭനം ഇന്നും ശക്തമാണ്. അപ്പത്തെ അധികാരത്തിനുള്ള ഉപാധിയായി കരുതുകയും ഉപയോഗിക്കുകയും ചെയ്യുന്നവർ ഏറെയുണ്ട്. അനുയായികളെ കൂട്ടാൻ അത്ഭുതങ്ങളെ ഉപകരണമാക്കുന്നവരും വിരളമല്ല. ഭൗതികനേട്ടങ്ങൾക്കുവേണ്ടിയുള്ള സാത്താൻ ആരാധന ഇന്നു ലോകമാസകലം പടർന്നുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ പ്രലോഭകന്റെ മേൽ യേശു നേടിയ വിജയം നമുക്കും വിജയത്തിന്റെ ഉറവിടവും മാതൃകയുമാകണം.

# 17

### നോമ്പ് 2 – ാം ഞായർ

## ഉറച്ച അടിത്തറ

**(മത്താ 7,15 – 27)**

2017 നവംബർ 29–ാം തിയതി കേരളത്തിന്റെ തെക്കുപടിഞ്ഞാറെ തീരത്തെ അടിമുടി പിടിച്ചുകുലുക്കിയ ഓഖി ചുഴലിക്കാറ്റിന്റെ ഭീകരമുഖം ഇന്നത്തെ വായനയ്ക്കായി നിശ്ചയിച്ചിരിക്കുന്ന സുവിശേഷഭാഗം മനസിലാക്കാൻ ഏറെ സഹായകമാകും. ഇരുന്നൂറിലധികം പേരുടെ മൃതദേഹങ്ങൾ കണ്ടെത്തി; എത്രപേർ മരിച്ചു, എത്രപേരെ ഇനിയും കണ്ടെത്താനുണ്ട് എന്ന് സർക്കാരിനെന്നല്ല, നാട്ടുകാർക്കുപോലും തിട്ടമില്ല. എന്നാൽ തകർന്നു കിടക്കുന്ന വീടുകൾ എത്രയെന്ന് ഏവർക്കും കണ്ടു ബോധ്യപ്പെടും. കടലിൽ രൂപം കൊണ്ട ചുഴലികൊടുങ്കാറ്റ് സർവ്വ ഭീകരതയോടും കൂടെ കരയിൽ ആഞ്ഞടിച്ചപ്പോൾ തകർന്നുവീഴാതെ ഉറച്ചുനിന്ന വീടുകൾ ചുരുക്കം. കാരണം ഉറച്ച അടിത്തറ മേൽ ബലിഷ്ഠമായി പണിതവ ആയിരുന്നു ആ വീടുകൾ.

ചുഴലിക്കൊടുങ്കാറ്റുകളുടെ ഏറ്റം പുതിയ പതിപ്പാണ് നവംബർ അവസാനം കേരളതീരത്തു സംഹാര താണ്ഡവമാടിയ ഓഖി. അതിനുമുമ്പ് എത്രയെത്ര കൊടുങ്കാറ്റുകൾ! 2004 ക്രിസ്മസ് പിറ്റേന്ന് ആയിരക്കണക്കിന് വീടുകൾ തകർത്തും ആളുകളെ വിഴുങ്ങിയും ആഞ്ഞടിച്ച സുനാമിത്തിരകളും ഓർമ്മിപ്പിക്കുന്നത് ഇതേ യാഥാർത്ഥ്യം തന്നെ. ഉറപ്പുള്ള അടിത്തറയിൽ വീടു പണിയണം. അല്ലെങ്കിൽ പേമാരിയും വെള്ളപ്പൊക്കവുമുണ്ടാകുമ്പോൾ വീടുകൾ തകർന്നുവീഴും; അതിനടിയിൽപ്പെട്ട് മനുഷ്യർ ചതഞ്ഞരഞ്ഞ് ചാകും. ഈ ഒരു സാധാരണ അനുഭവമാണ് ഇന്നത്തെ സുവിശേഷത്തിൽ ഒരു താക്കീതായി എടുത്തു കാട്ടുന്നത്. ഉറച്ച അടി

ത്തറയിൽ വീടു പണിതാൽ പോരാ, ജീവിതം പടുത്തുയർത്തുന്നതും ഉറച്ച അടിത്തറയിലായിരിക്കണം. അല്ലെങ്കിൽ വീടിനു സംഭവിക്കുന്നത് മനുഷ്യനും സംഭവിക്കും. വീടു തകർന്നു വീണാൽ പുതുക്കിപ്പണിയാം. എന്നാൽ മരണാനന്തരം ജീവിതം പുതുക്കിപ്പണിയാനാവില്ല. നിത്യാനാശമായിരിക്കും ഫലം.

ദൈവം തന്റെ ഭരണം ഈ ഭൂമിയിൽ സ്ഥാപിക്കുന്നു. ദൈവരാജ്യം ഇതാ പടിവാതിൽക്കൽ എത്തിയിരിക്കുന്നു. ഹൃദയം തുറന്നു സ്വീകരിക്കുവിൻ എന്ന ആഹ്വാനവുമായിട്ടാണ് യേശു ഗലീലിയിലേക്കു വന്നത്. ദൈവഭരണത്തിനു സ്വയം വിധേയരാകുവാൻ മനുഷ്യർ രണ്ടു കാര്യങ്ങൾ ചെയ്യണം. 1. വിശ്വസിക്കണം. 2. മാനസാന്തരപ്പെടണം. എന്തു വിശ്വസിക്കണം, ആ വിശ്വാസം എപ്രകാരം ജീവിതത്തിൽ പരിവർത്തനം വരുത്തണം എന്ന് യേശു പഠിപ്പിച്ച കാര്യങ്ങൾ സമഗ്രമായി അവതരിപ്പിക്കുന്നതാണ് മലയിലെ പ്രസംഗം (മത്താ 5-7). ദൈവരാജ്യത്തിന്റെ സാന്നിധ്യം ആവശ്യപ്പെടുന്ന വിശ്വാസവും ധാർമ്മികതയും പുതുമയാർന്നതാണ്. മലയിലെ പ്രസംഗത്തിൽ ഈ പുതുമ വ്യക്തമാക്കുന്നു. ഈ പ്രസംഗത്തിന്റെ ഉപസംഹാരമാണ് ഇന്നത്തെ വായനയ്ക്കായി സഭ നിർദ്ദേശിച്ചിരിക്കുന്നത്.

സുവിശേഷഭാഗത്തെ (മത്താ 7,15-27) മൂന്നായി തിരിക്കാം. 1. ഫലമാണ് പ്രധാനം (7,15-20). 2. നീതി പ്രവർത്തിക്കുക-ജീവിതവും പ്രവൃത്തിയും തമ്മിൽ പൊരുത്തമുണ്ടാകണം (7,21-23); 3. ഉറച്ച അടിത്തറയിൽ ജീവിതം പണിയണം. മലയിലെ പ്രസംഗം ആരംഭിച്ചത് യേശുവിന്റെ അടുക്കലേക്കു വരുന്ന ജനക്കൂട്ടത്തെ അവതരിപ്പിച്ചുകൊണ്ടാണ്. “ജനക്കൂട്ടത്തെ കണ്ടപ്പോൾ യേശു മലയിലേക്കു കയറി” (മത്താ 5,1). അതുപോലെ തന്നെ ജനക്കൂട്ടത്തിന്റെ പ്രതികരണം വിവരിച്ചുകൊണ്ടാണ് പ്രസംഗം സമാപിക്കുന്നത്; “ജനക്കൂട്ടം അവന്റെ പ്രബോധനത്തെപ്പറ്റി വിസ്മയിച്ചു” (മത്താ 7,28). തുടക്കവും ഒടുക്കവും ഒരേ വാക്കുകളിൽ അവതരിപ്പിക്കുന്ന ഈ രചനാ സങ്കേതത്തെ “ഉൾപ്പെടുത്തൽ” (inclusion) എന്നാണ് ബൈബിൾ വ്യാഖ്യാതാക്കൾ വിശേഷിപ്പിക്കുക. ഇവയ്ക്കു മധ്യേ പറയുന്ന കാര്യങ്ങൾ മുഴുവൻ ഒന്നായി കാണണം എന്നാണ് വിവക്ഷ. വിചിന്തന വിഷയമായ സുവിശേഷ ഭാഗത്തെ ചുരുക്കമായി അപഗ്രഥിക്കാൻ ശ്രമിക്കാം.

## I. ഫലമാണ് പ്രധാനം

തന്റെ ജനമായ ഇസ്രായേലിനെ തിരുഹിതം അറിയിക്കാനായി ദൈവം തന്നെ തിരഞ്ഞെടുത്ത് അയച്ചവരാണ് പ്രവാചകന്മാർ, ദൈവം കാട്ടുന്ന പാതയിലൂടെ ജനത്തെ നയിക്കാനും വഴിതെറ്റിയാൽ തിരുത്താനും മനം തളരുമ്പോൾ ആശ്വാസം നൽകി ശക്തി പകരാനുമായി വിളിക്കപ്പെട്ട ദൈവത്തിന്റെ മനുഷ്യർ. എന്നാൽ പലപ്പോഴും ദൈവ വചനത്തിനു പകരം സ്വന്തം സ്വപ്നങ്ങളും പദ്ധതികളും ദൈവത്തിന്റേതായി അവതരിപ്പിച്ച് ജനത്തെ വഴിതെറ്റിക്കുന്ന പ്രവാചകന്മാർ കടന്നു വന്നു (ജറെ. 23,25-29). ജനത്തിനുമേൽ പതിച്ച ഒരു ശാപം പോലെ ആയിരുന്നു വ്യാജപ്രവാചകന്മാർ. എന്നാൽ എങ്ങനെയാണ് യഥാർത്ഥ പ്രവാചകന്മാരെ വ്യാജപ്രവാചകന്മാരിൽനിന്നു തിരിച്ചറിയുക? ഇസ്രായേൽജനം എന്നും നേരിട്ട ഒരു പ്രതിസന്ധിയായിരുന്നു ഇത്. യഥാർത്ഥ പ്രവാചകരെ തിരിച്ചറിയാൻ മൂന്നു മാനദണ്ഡങ്ങൾ പഴയ നിയമത്തിൽ കാണാം.

***1. പ്രവചന പൂർത്തീകരണം:*** തന്റെ ജനത്തെ നയിക്കാനായി മോശയെപ്പോലെ ഒരു പ്രവാചകനെ ദൈവം നിരന്തരം അയച്ചുകൊണ്ടിരിക്കും എന്ന വാഗ്ദാനത്തിനു പിന്നാലെയാണ് യഥാർത്ഥ പ്രവാചകനെ തിരിച്ചറിയാനുള്ള ഈ മാനദണ്ഡം നൽകുന്നത്! "ഒരു പ്രവാചകൻ കർത്താവിന്റെ നാമത്തിൽ സംസാരിച്ചിട്ട് അതു സംഭവിക്കാതിരിക്കുകയോ സഫലമാകാതിരിക്കുകയോ ചെയ്താൽ ആ വാക്ക് കർത്താവ് അരുളിച്ചെയ്തതല്ല; ആ പ്രവാചകൻ അവിവേകത്തോടെ സ്വയം സംസാരിച്ചതാണ്" (നിയ 18,22).

***2. പൂർത്തീകരണം വാഗ്ദാനങ്ങൾക്കു മാത്രം:*** പ്രവാചകന്മാർ പറയുന്ന കാര്യങ്ങൾ എപ്പോഴും പൂർത്തിയാകണം എന്നില്ല. മാനസാന്തരപ്പെടുന്നില്ലെങ്കിൽ ദൈവത്തിന്റെ ശിക്ഷയുണ്ടാകും എന്ന താക്കീതുകൾ നിറവേറിയില്ലെങ്കിലും മാനസാന്തരത്തിനു ക്ഷണിക്കുന്ന പ്രവാചകന്മാർ യഥാർത്ഥ പ്രവാചകരാകാം. നിനവേയുടെ മാനസാന്തരത്തിനായി ആഹ്വാനം ചെയ്ത യോനാ ഉദാഹരണം. യഥാർത്ഥ പ്രവാചകൻ ആര് എന്നു തിരിച്ചറിയാൻ വ്യക്തമായൊരു മാനദണ്ഡം ജറെമിയാ അവതരിപ്പിക്കുന്നുണ്ട്. നൂറു കണക്കിനു പ്രവാചകന്മാർക്കെതിരേ ഒറ്റയ്ക്കുനിൽക്കാൻ വിളിക്കപ്പെട്ട ജറെമിയാ നൽകുന്ന മാനദണ്ഡം ഇതാണ്. "സമാധാനം പ്രവചിക്കുന്ന പ്രവാചകൻ യഥാർത്ഥത്തിൽ കർത്താവി

നാൽ അയയ്ക്കപ്പെട്ടവനാണെന്നു തെളിയുന്നത് അവൻ പ്രവചിച്ച കാര്യം സംഭവിക്കുമ്പോഴാണ്" (ജറെ 28,9).

***3. വിശ്വാസപാരമ്പര്യത്തോടു വിശ്വസ്തത:*** പറയുന്ന നല്ല കാര്യങ്ങൾ നിറവേറിയാൽപ്പോലും ഒരാൾ വ്യാജപ്രവാചകനായിരിക്കാം എന്ന വലിയ ഒരു ദുരന്തത്തിന്റെ വെളിച്ചത്തിലാണ് മൂന്നാമത്തെ മാനദണ്ഡം അവതരിപ്പിച്ചിരിക്കുന്നത്. "നിങ്ങളുടെ ഇടയിൽ നിന്ന് ഒരു പ്രവാചകനോ സ്വപ്നവിശകലനക്കാരനോ വന്ന് അടയാളമോ അത്ഭുതമോ നിങ്ങൾക്കു വാഗ്ദാനം ചെയ്യുകയും അവൻ പറഞ്ഞവിധം സംഭവിക്കുകയും ചെയ്താലും നിങ്ങൾക്ക് അജ്ഞാതരായ അന്യദേവന്മാരെ നമുക്കു പിഞ്ചെല്ലാം; അവരെ സേവിക്കാം എന്ന് അവൻ പറയുകയാണെങ്കിൽ നിങ്ങൾ ആ പ്രവാചകന്റെയോ സ്വപ്ന വിശകലനക്കാരന്റെയോ വാക്കുകൾ കേൾക്കരുത്" (നിയ 13,1-2). ജനത്തിന്റെ പരമ്പരാഗതമായ വിശ്വാസത്തിൽ നിന്നു വ്യതിചലിക്കാൻ പ്രേരിപ്പിക്കുന്നവൻ വ്യാജപ്രവാചകനാണ്, അവൻ വധിക്കപ്പെടണം (നിയ 13,3-5) എന്ന കല്പന പഴയനിയമത്തിൽ പ്രവാചകത്വത്തിന്റെ നിർണ്ണായക മാനദണ്ഡമാണ്. ഈ മാനദണ്ഡം തന്നെയാണ് കൂടുതൽ കണിശമായി യേശു മറ്റു വാക്കുകളിൽ അവതരിപ്പിക്കുന്നത്.

ഇവിടെ പ്രവാചകന്മാർ എന്നു വിശേഷിപ്പിക്കുന്നത് യേശുവിന്റെ എതിരാളികളായിരുന്ന യഹൂദ നേതാക്കന്മാർ എന്നതിനേക്കാൾ ശിഷ്യഗണത്തെ വഴിതെറ്റിക്കുന്ന ശിഷ്യപ്രമുഖർ തന്നെയാവും. ആദിമസഭയിൽ അപ്പസ്തോലന്മാർ കഴിഞ്ഞാൽ ഏറ്റം കൂടുതൽ അധികാരവും സ്വീകാര്യതയും ഉണ്ടായിരുന്ന നേതാക്കന്മാരായിരുന്നു പ്രവാചകന്മാർ (1 കോറി 12,28). എന്നാൽ ഈ പ്രവാചകന്മാരിൽ ചിലർ ജനത്തെ വഴിതെറ്റിക്കുന്ന അനുഭവവും സഭയിൽ ഉണ്ടായിട്ടുണ്ട്. ഇന്നും ഉണ്ടാവുകയും ചെയ്യുന്നു. യേശുവിന്റെ സഭയിൽ ഉണ്ടായ പിളർപ്പുകൾക്കും ഉതപ്പുകൾക്കും മുഖ്യകാരണം ഇപ്രകാരമുള്ള വ്യാജ പ്രവാചകരായിരുന്നു.

"ആടുകളുടെ വേഷത്തിൽ വരുന്ന ചെന്നായ്ക്കൾ" എന്നാണ് യേശു അവരെ വിശേഷിപ്പിക്കുന്നത്. എങ്ങനെയാണ് അവരെ തിരിച്ചറിയുക? ഇവിടെയാണ് ഫലത്തിന്റെ പ്രാധാന്യം. അവരുടെ വാക്കുകളും പ്രബോധനങ്ങളും കുറ്റമറ്റവയായിരിക്കും. അതിനാൽ പഴയനിയമം നൽകുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് അവരെ വ്യാജപ്രവാചകന്മാരായി കരുതാനാവില്ല. എന്നാൽ യേശു നൽകുന്ന

മാനദണ്ഡം കൂടുതൽ വ്യക്തമാണ്. "അവരുടെ പ്രവൃത്തികൾ"– അതായിരിക്കും മാനദണ്ഡം. എന്തുതരം പ്രവൃത്തികളാണ് അവർ ചെയ്യുന്നതെന്നും എന്തുകൊണ്ട് അവർ യഥാർത്ഥ പ്രവാചകന്മാരല്ല എന്നും അടുത്ത വാക്യങ്ങളിൽ വിശദമാക്കുന്നു.

എന്താണ് നല്ല ഫലം? ദൈവവചനം വിശ്വസ്തമായി പ്രഘോഷിക്കുക; പ്രഘോഷിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതനുസരിച്ച് ജീവിക്കുക. വാക്കും പ്രവൃത്തിയും തമ്മിൽ പൊരുത്തമുണ്ടാകണം. ഇല്ലെങ്കിൽ അവരുടെ പ്രവാചകത്വം കാപട്യമാണ്. കടിച്ചുകീറുന്ന ചെന്നായ്ക്കൾ എന്ന പ്രതീകം ജനത്തെ ചൂഷണം ചെയ്യുകയും ആത്യന്തികമായി തിന്മയിലേക്കും നാശത്തിലേക്കും നയിക്കുകയും ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു.

## II. നീതി പ്രവർത്തിക്കുക

യേശു തന്റെ പരസ്യജീവിതകാലത്ത് ഏറ്റം അധികം കലഹിച്ചത് ഫരിസേയ നേതാക്കന്മാരോടായിരുന്നു. കലഹത്തിന്റെ മുഖ്യവിഷയം അവരുടെ കാപട്യം തന്നെ. വാക്കും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തക്കേടാണ് കാപട്യം. ഏഴുതവണ "കപടഭക്തരേ" എന്നു വിളിച്ചുകൊണ്ട് നടത്തുന്ന അതിരൂക്ഷമായ വിമർശനങ്ങളും കുറ്റാരോപണങ്ങളും (മത്താ 23,13–36) ഉദാഹരണമാണ്. സാവകാശം ഈ കാപട്യം ശിഷ്യ സമൂഹത്തിലേക്കും കടന്നുകൂടി. മറ്റുള്ളവരുടെ മുമ്പിൽ വിശുദ്ധരായി നടിക്കുന്നു. എന്നാൽ ജീവിതം അതിനു കടകവിരുദ്ധമായി നിൽക്കുന്നു.

ശിഷ്യന്മാരുടെ ഇടയിലെ ഈ കാപട്യവും അതു നൽകുന്ന വിരുദ്ധസാക്ഷ്യവും ഉതപ്പും വ്യക്തമായി അപലപിക്കുന്നതാണ് ഇന്നത്തെ സുവിശേഷ വായനയുടെ രണ്ടാം ഭാഗം (മത്താ 7,21–23). രണ്ടു കാര്യങ്ങളാണ് ഇവിടെ എടുത്തുകാട്ടി തള്ളിപ്പറയുന്നത്. 1. അർത്ഥശൂന്യമായ പ്രാർത്ഥന. 2. വ്യർത്ഥമായ അത്ഭുത പ്രവൃത്തികൾ. അനുദിന ജീവിതാനുഭവങ്ങൾക്കുപരി അന്തിമ വിധിയെ സൂചിപ്പിക്കുന്നതാണ് ഈ ആരോപണങ്ങളും താക്കീതുകളും. "അന്ന്" എന്ന കാലസൂചന വിധിയിലേക്കാണ് ശ്രദ്ധ ക്ഷണിക്കുന്നത്.

***1. അർത്ഥശൂന്യമായ പ്രാർത്ഥന:*** കർത്താവേ, കർത്താവേ എന്ന ആവർത്തിച്ചുള്ള അഭിസംബോധന ഒരു ഔദ്യോഗിക ലിറ്റർജിയുടെ ഭാവം ഉൾക്കൊള്ളുന്നു. വിളിച്ചപേക്ഷിക്കുന്നതിൽ ഒരു കുറവുമില്ല. എപ്രകാരം പ്രാർത്ഥിക്കരുത്, എങ്ങനെ പ്രാർത്ഥി

ക്കണം എന്ന് യേശു നൽകിയ നിർദ്ദേശങ്ങൾ (മത്താ 6,6–15) ഇവിടെ ശ്രദ്ധേയമാകുന്നു. പ്രാർത്ഥന ഒരു അധര വ്യായാമം മാത്ര മായി അധഃപതിക്കാം എന്ന ഒരു മുന്നറിയിപ്പും ഇവിടെയുണ്ട്.

പിതാവിന്റെ ഇഷ്ടം അനുസരിച്ച് ജീവിതം ക്രമീകരിക്കുന്നി ല്ലെങ്കിൽ ഒരു പ്രാർത്ഥനയ്ക്കും ആരെയും രക്ഷിക്കാനാവില്ല എന്ന താക്കീത് ശക്തമായൊരു ഭീഷണി തന്നെ. പ്രാർത്ഥന ആത്മാർത്ഥവും സത്യസന്ധവും ആയിരിക്കണം. വിശ്വാസവും ധാർമ്മികതയും സംബന്ധിച്ച് യേശു നൽകിയ പ്രബോധനങ്ങൾ അനുസരിച്ചുള്ള ജീവിതത്തിന്റെ പിൻബലം പ്രാർത്ഥനയ്ക്കുണ്ടാ യിരിക്കണം. വാക്കുകൊണ്ട് എന്നതിലുപരി വിശുദ്ധമായ ഒരു ജീവിതം കൊണ്ടായിരിക്കണം സത്യസന്ധവും ദൈവത്തിനു സ്വീകാര്യവുമായ പ്രാർത്ഥന ഉയർത്തുന്നത്. ഇതില്ലാതെ ആർക്കും ദൈവരാജ്യത്തിൽ പ്രവേശിക്കാൻ കഴിയില്ല.

***2. അത്ഭുത പ്രവൃത്തികൾ:*** സുവിശേഷ പ്രഘോഷണ ത്തിന്റെ വിശ്വസനീയതയ്ക്കു സഹായകമായി യേശു തന്നെ വാഗ്ദാനം ചെയ്തതാണ് ഇവിടെ എടുത്തു പറയുന്ന പ്രവചനം, പിശാചു ബഹിഷ്കരണം, അത്ഭുത പ്രവർത്തനം എന്നിവ (മത്താ 10,7–8; മർക്കോ 16,17–18). എന്നാൽ ഇതും ദൈവരാജ്യപ്രവേശന ത്തിനു മതിയാവില്ല; യഥാർത്ഥശിഷ്യത്വത്തിന്റെ തെളിവുകളും ആവില്ല എന്നത് വളരെ ശക്തമായ താക്കീതുതന്നെ. യേശുവിന്റെ നാമത്തിൽ പ്രവചിച്ചു, പിശാചുക്കളെ ബഹിഷ്കരിച്ചു, നിരവധി അത്ഭുതങ്ങൾ പ്രവർത്തിച്ചു എന്നിങ്ങനെയുള്ള സാക്ഷ്യങ്ങളും അവകാശവാദങ്ങളും ഹൃദയം കാണുന്ന ന്യായാധിപന്റെ മുമ്പിൽ വിലപ്പോകില്ല.

“നിങ്ങളെ ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല” എന്ന പ്രഖ്യാ പനം സമൂഹത്തിൽ നിന്ന് പുറത്താക്കൽ (excommunication) തന്നെയാണ് “അറിയുക” എന്നാൽ സ്വന്തമായി അംഗീകരിക്കുക എന്നാണർത്ഥം. മുമ്പിൽ നിൽക്കുന്നവർ ആരെന്നും, അവർ എന്തു ചെയ്തു- ചെയ്തില്ല എന്നും കൃത്യമായി അറിയുന്ന വിധിയാള നാണ് ഇവിടെ സംസാരിക്കുന്നത്. അവർ എടുത്തു കാട്ടുന്ന അട യാളങ്ങൾക്കെല്ലാം എതിർ സാക്ഷ്യമായി നിൽക്കുന്ന അവരുടെ ജീവിതവും പ്രവൃത്തികളും, അതാണ് “അനീതി പ്രവർത്തിക്കു ന്നവർ” എന്ന ഒറ്റവാക്കിൽ സംഗ്രഹിച്ചിരിക്കുന്നത്. വെളിപ്പെടു ത്തപ്പെട്ട ദൈവഹിതം അനുസരിച്ചുള്ള ജീവിതമാണ് നീതി

പ്രവർത്തിക്കൽ. അതിന്റെ അഭാവവും ലംഘനവും “അനീതി” യാകുന്നു. അത് എന്തെന്ന് അന്തിമവിധിയുടെ വിവരണത്തിൽ (മത്താ 25, 31-46) വ്യക്തമാക്കുന്നുണ്ട്.

ആവശ്യം അനുഭവിക്കുന്ന സഹോദരങ്ങളിൽ ദൈവത്തെ കാണാതെ വാചാലമായ പ്രഭാഷണങ്ങളിലും കൊട്ടിഘോഷി ക്കുന്ന അത്ഭുതങ്ങളിലും അഭിരമിക്കുന്നവർക്കു വരാനിരിക്കുന്നത് നിത്യനരകമാണെന്ന താക്കീത് കഠിനമെങ്കിലും കണ്ണുതുറപ്പിക്കേ ണ്ടതാണ്. അസാധാരണവരങ്ങളും അത്ഭുതസിദ്ധികളും ദൈവ ത്തിന്റെ ദാനം തന്നെ. എന്നാൽ അവ വിശുദ്ധിയുടെ അടയാളം ആകണമെന്നില്ല. എത്രയോ അത്ഭുതസിദ്ധിയുള്ളവർ ദയനീയവും അന്യർക്കു പാപഹേതുവും ആകത്തക്കവിധത്തിൽ വഴിപിഴ യ്ക്കുന്ന സംഭവങ്ങൾ ഇന്നും നാം കാണുന്നു.

“എന്നിൽനിന്ന് അകന്നുപോകുവിൻ” എന്നു പറയുന്നത് വിധി യാളനായി വരുന്ന ദൈവപുത്രനായ യേശു തന്നെയാണ്. ദൈവ ത്തിൽ നിന്നകന്ന് എങ്ങോട്ടാണു പോവുക? ജീവന്റെ ഉറവിടവും ലക്ഷ്യവുമായ ദൈവത്തിൽനിന്ന് അകറ്റപ്പെടുക-അതാണു നിത്യ ശിക്ഷ. ‘നരകം’, മനുഷ്യനു വിഭാവനം ചെയ്യാൻ കഴിയുന്ന വിധം അതിനെ നിത്യാഗ്നി (മത്താ 18,8; 25,41), കെടാത്ത തീയും ചാകാത്ത പുഴുവും (മർക്കോ 9,48), വിലാപവും പല്ലുകടിയും (മത്താ 22,13; 25,30) എന്നൊക്കെ വിശേഷിപ്പിക്കുന്നു. അതിശ ക്തമായൊരു മുന്നറിയിപ്പും താക്കീതുമാണ് ഗിരിപ്രഭാഷണ ത്തിന്റെ അവസാനം യേശു നൽകുന്നത്.

### III. ഉറച്ച അടിസ്ഥാനം (7,24 – 27)

ജീവിതം എപ്രകാരം കരുപ്പിടിപ്പിക്കണം എന്ന് സുപരിചിത മായ രണ്ട് ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കിക്കൊണ്ടാണ് പ്രഭാ ഷണം സമാപിക്കുന്നത്. ആരംഭത്തിൽ സൂചിപ്പിച്ച ഓഖി ദുരന്തം ഈ താക്കീതിന്റെ വ്യക്തമായ ഉദാഹരണമാണ്. എന്താണ് ഉറച്ച അടിത്തറ എന്നു യേശു തന്നെ വ്യക്തമാക്കുന്നു. യേശുവിന്റെ വചനം കേൾക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുക. ദൈവത്തിന്റെ രക്ഷാകരപദ്ധതിയും അതിനു മനുഷ്യൻ നൽകേണ്ട മറുപടിയുമാണ് ദൈവവചനം വെളിപ്പെടുത്തുന്നത്. വചനശ്രവണം വിശ്വാസത്തിലേക്കും വിശ്വാസം അനുസരണ ത്തിലേക്കും നയിക്കണം. അനുസരണം മാനസാന്തരത്തിലൂടെ ദൃശ്യമാകണം. വാക്കും പ്രവൃത്തിയും തമ്മിൽ, വിശ്വാസവും ജീവി

തവും തമ്മിൽ പൊരുത്തമുണ്ടാകണം. ഇതാണ് ഉറച്ച പാറമേൽ ജീവിതം പടുത്തുയർത്തുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഇങ്ങനെയുള്ള ജീവിതം നിലനിൽക്കും; പ്രലോഭനങ്ങളെയും പ്രതിസന്ധികളെയും പീഡനങ്ങളെയും അതിജീവിക്കും. ഇതാണ് നിത്യ സന്തോഷത്തിലേക്ക്, സ്വർഗ്ഗത്തിലേക്കുള്ള വഴി.

നേരെ മറിച്ചാണ് മണൽപ്പുറത്തു വീടു പണിയുന്നവർ. വചനം കേൾക്കുന്നു, പ്രഘോഷിക്കുന്നു. പക്ഷേ അത് അവരുടെ ജീവിതത്തെ സ്വാധീനിക്കുന്നില്ല. ജീവിതത്തിൽ പരിവർത്തനം വരുത്താത്ത വചനശ്രവണം ഉപയോഗശൂന്യമെന്നു മാത്രമല്ല, ആപൽക്കരവും ആയിരിക്കും എന്ന് അനേകം തവണ യേശു ഉപമകളിലൂടെ പഠിപ്പിച്ചിട്ടുണ്ട് (മത്താ 13,18-22; 21,28-32; 25,24-30). "നിങ്ങൾ വചനം കേൾക്കുക മാത്രം ചെയ്യുന്ന ആത്മവഞ്ചകരാകാതെ അത് അനുവർത്തിക്കുന്നവരും ആയിരിക്കുവിൻ'' (യാക്കോ 1,22-25) എന്ന വി. യാക്കോബിന്റെ ഉപദേശം ഈ പ്രബോധനത്തിന്റെ ഒരു ഭാഷ്യമായി കരുതാവുന്നതാണ്.

ദൈവം മനുഷ്യന് സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. എന്തു ചെയ്യണം, എന്തു ചെയ്യരുത് എന്നു പഠിപ്പിക്കുമ്പോഴും ആ സ്വാതന്ത്ര്യം എടുത്തുകളയുന്നില്ല. അനുസരണവും നിയമ ലംഘനവും നൽകുന്നതെന്തായിരിക്കും എന്നു വ്യക്തമാക്കിക്കൊണ്ടാണ് പ്രമാണങ്ങൾ നൽകിയിരിക്കുന്നത്. "ഇതാ ഇന്നു ഞാൻ നിന്റെ മുമ്പിൽ ജീവനും നന്മയും, മരണവും തിന്മയും വച്ചിരിക്കുന്നു... നീയും നിന്റെ സന്തതികളും ജീവിക്കേണ്ടതിന് ജീവൻ തിരഞ്ഞെടുക്കുക" (നിയ 30,15-20) എന്ന് മോശയിലൂടെ നൽകിയ ആഹ്വാനം തന്നെയാണ് ഗിരിപ്രഭാഷണത്തിന്റെ ഉപസംഹാരമായി യേശുവും നൽകുന്നത്. "നീ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ നിന്റെ കാതുകൾ പിന്നിൽനിന്ന് ഒരു സ്വരം ശ്രവിക്കും; ഇതാണു വഴി, ഇതിലേ പോവുക" (ഏശ 30,21). പ്രവാചകന്റെ ഈ വചനങ്ങൾപോലെ തന്നെയാണ് യേശുവിന്റെ ഉദ്ബോധനം.

ദൈവം ആര്, എന്തു നൽകുന്നു, എന്താവശ്യപ്പെടുന്നു എന്നു വ്യക്തമാക്കിയതിനുശേഷം തീരുമാനമെടുക്കാൻ ശിഷ്യരെ പ്രേരിപ്പിക്കുന്നതാണ് ഈ വചനങ്ങൾ. തീരുമാനം എടുക്കേണ്ടതു ഞാനാണ്; അത് ഇപ്പോൾ തന്നെ വേണം. സ്വർഗ്ഗമോ നരകമോ ഏതാണ് വേണ്ടതെന്ന് എനിക്കു നിശ്ചയിക്കാം. യേശുവിന്റെ വചനമാകുന്ന ഉറച്ച പാറമേൽ ജീവിതം പണിയാൻ ദൈവം തന്നെ തുണയ്ക്കട്ടെ!

# 18

## നോമ്പ് 3 – ാം ഞായർ

# ശിഷ്യത്വം കുരിശിന്റെ വഴിയിൽ

**(മത്താ 20,17 – 28)**

ഒരു പീഡാനുഭവ പ്രവചനവും ശിഷ്യത്വത്തെ സംബന്ധിച്ച സുപ്രധാനമായ ഒരു പ്രബോധനവും ഉൾക്കൊള്ളുന്നതാണ് ഇന്നത്തെ വായന. സമാന്തര സുവിശേഷങ്ങൾ മൂന്നും, വലിയ വ്യത്യാസങ്ങളില്ലാതെ രേഖപ്പെടുത്തിയിരിക്കുന്ന മൂന്നാമത്തെ പീഡാനുഭവ പ്രവചനമാണിത്. ഗലീലിയിലെ പ്രവർത്തനങ്ങളുടെ ഉച്ചകോടിയും അതേസമയം സമാപനവുമായി പരിഗണിക്കാവുന്ന, കേസറിയാ ഫിലിപ്പിയിൽ വച്ചു നടന്ന, പത്രോസിന്റെ വിശ്വാസ പ്രഖ്യാപനത്തിനു തൊട്ടു പിന്നാലെയാണ് ആദ്യത്തെ പീഡാനുഭവ പ്രവചനം. അതോടെ ജറുസലെം യാത്ര ആരംഭിക്കുകയായി. യാത്രാമദ്ധ്യേ വീണ്ടും പീഡാനുഭവത്തെക്കുറിച്ച് യേശു സൂചിപ്പിച്ചു. എന്നാൽ ശിഷ്യന്മാർക്ക് അതു സ്വീകരിക്കാനോ മനസിലാക്കാനോ സാധിച്ചില്ല എന്നു സിവുശേഷകന്മാർ പ്രത്യേകം എടുത്തു പറയുന്നുണ്ട്.

ഇവിടെ വ്യക്തമായ ഒരു അവതരണശൈലി കാണാൻ കഴിയും. പീഡാനുഭവ പ്രവചനം, ശിഷ്യന്മാരുടെ അജ്ഞത അഥവാ പ്രതിഷേധം, ശിഷ്യത്വത്തെക്കുറിച്ച്, അതും കുരിശിന്റെ വഴിയിൽ യേശുവിനെ അനുഗമിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വ്യക്തമായൊരു പ്രബോധനം– ഈ ഒരു അവതരണ രീതി മൂന്നു തവണ ആവർത്തിക്കുന്നുണ്ട് (മത്താ 16,21–28; 17,22–18,5; 20, 17–28). അതിലൂടെ യേശുവിന്റെ പരസ്യജീവിതത്തിന്റെ രണ്ടാംഘട്ടം കുരിശുമരണവും ഉത്ഥാനവും വഴി സംഭവിക്കാനിരിക്കുന്ന മഹത്വീകരണത്തിലേക്കുള്ള യാത്രയായി

ചിത്രീകരിക്കുന്നു. മർക്കോസ് അവതരിപ്പിച്ച ഈ ഘടന മറ്റു രണ്ടു സമാന്തര സുവിശേഷങ്ങളും ആവർത്തിക്കുന്നു.

യേശുവിന്റെ പരസ്യ ജീവിതത്തിലെ നിർണ്ണായകമായൊരു വഴിത്തിരിവായിരുന്നു പത്രോസിന്റെ വിശ്വാസ പ്രഖ്യാപനം. അതുവരെ നിരവധി അത്ഭുതപ്രവർത്തനങ്ങളിലൂടെയും വിശദമായ പ്രബോധനങ്ങളിലൂടെയും യേശു തന്റെ വ്യക്തിത്വം വെളിപ്പെടുത്തി. ആ വെളിപ്പെടുത്തലിന്റെ ഫലവും ശിഷ്യന്മാരുടെ പ്രതികരണവുമാണ് പത്രോസിന്റെ വിശ്വാസ പ്രഖ്യാപനം: "നീ ക്രിസ്തുവാണ്" (മർക്കോ 8,30); "നീ ദൈവത്തിന്റെ ക്രിസ്തുവാണ്" (ലൂക്കാ 9,20); "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്" (മത്താ 16,16). ഇതിൽ മത്തായി രേഖപ്പെടുത്തുന്നതാണ് ഏറ്റം പൂർണ്ണമായ വിശ്വാസ പ്രഖ്യാപനം. ഉത്ഥാനത്തിനുശേഷം സഭയിൽ രൂപപ്പെട്ട വിശ്വാസപ്രമാണത്തിന്റെ ഏറ്റം ഹ്രസ്വമായ രൂപമായി ഈ പ്രഖ്യാപനത്തെ കാണാൻ കഴിയും. മൂന്നു സുവിശേഷകന്മാരും എടുത്തു കാട്ടുന്ന ഒന്ന് യേശുവിനെ ക്രിസ്തുവായി ശിഷ്യന്മാർ മനസിലാക്കി ഏറ്റു പറഞ്ഞു എന്നതത്രെ.

എന്നാൽ ആരാണ് ഈ ക്രിസ്തു? എന്താണവന്റെ ദൗത്യം, ജീവിതശൈലി? ഇതാണ് തുടർന്നുള്ള പ്രബോധനങ്ങളുടെ കേന്ദ്രം. ശിഷ്യന്മാരുടെയും ഇസ്രായേൽ ജനം മുഴുവന്റെയും പ്രതീക്ഷകളുടെ കേന്ദ്രമായിരുന്നു ക്രിസ്തു, ദാവീദിന്റെ പുത്രനും രാജാവുമായ മിശിഹാ. ഇസ്രായേലിന് സാമ്രാജ്യം പുനഃസ്ഥാപിച്ചു കൊടുക്കാനായി ദൈവം അയയ്ക്കുന്ന ദാവീദിന്റെ പുത്രനാണ് ക്രിസ്തു എന്ന് അവർ ദൃഢമായി വിശ്വസിച്ചു. അതിനുവേണ്ടി തീവ്രമായി പ്രാർത്ഥിച്ചു; തീക്ഷ്ണമായി പ്രവർത്തിച്ചു, പ്രതീക്ഷിച്ചു. ഇതെല്ലാം യേശുവിൽ പൂർത്തിയായിരിക്കുന്നു എന്നതാണ് ശിഷ്യന്മാരുടെ മുഴുവൻ പ്രതിനിധി എന്ന രീതിയിൽ പത്രോസ് നടത്തുന്ന വിശ്വാസ പ്രഖ്യാപനത്തിന്റെ കാതൽ.

ഈ വിശ്വാസത്തെ യേശു നിഷേധിക്കുന്നില്ല. എന്നാൽ ഇത് അർദ്ധസത്യം മാത്രമാണെന്ന് അവരെ പഠിപ്പിക്കാനാണ് തുടർന്ന് ശ്രമിക്കുന്നത്. ദൈവം തന്നെ വെളിപ്പെടുത്തി കൊടുത്തതാണീ സത്യം. എന്നാൽ അവർ കരുതുന്നതുപോലെ മഹത്വപൂർണ്ണനായ ഒരു രാജാവല്ല, മറിച്ച് കഠിനമായ സഹനവും ക്രൂരമായ മരണവും വഴി മഹത്വത്തിലേക്കു പ്രവേശിക്കുന്ന, മനുഷ്യപുത്രനായി അവ

തരിച്ച ദൈവപുത്രനാണ് താൻ എന്ന് ശിഷ്യന്മാരെ ബോധ്യപ്പെടുത്തുക എളുപ്പമായിരുന്നില്ല. തന്നെയുമല്ല, തന്റെ ജീവിതം അനിവാര്യമായ തിരസ്കരണത്തിലേക്കും മരണത്തിലേക്കുമാണ് നയിക്കുന്നതെന്നും, തന്നെ അനുഗമിക്കുന്നവർക്കും ഇതു തന്നെ ആയിരിക്കും ലഭിക്കുക എന്നും, അതിനാൽ ഇതൊക്കെ സ്വീകരിക്കാൻ സന്നദ്ധതയുള്ളവർ മാത്രം കൂടെപ്പോന്നാൽ മതിയെന്നും അസന്നിഗ്ദ്ധമായി യേശു പഠിപ്പിക്കുമ്പോൾ അതു സ്വീകരിക്കുക അവർക്ക് എളുപ്പമായിരുന്നില്ല. എന്നാലും അവർ പിന്നാലെ നടന്നു, രാജകീയ മഹത്വത്തെക്കുറിച്ചുള്ള തങ്ങളുടെ സ്വപ്നങ്ങൾ കൈവിടാതെ. ഈ സാഹചര്യത്തിലാണ് പീഡാനുഭവ പ്രവചനവും കുരിശുമെടുത്തു പിന്നാലെപോകാനുള്ള ആഹ്വാനവും മൂന്നു തവണ ആവർത്തിക്കുന്നത്. യേശുവിന്റെ പ്രബോധനവും ശിഷ്യന്മാരുടെ സ്വപ്നങ്ങളും തമ്മിലുള്ള വൈരുദ്ധ്യം ഇവിടെ സ്പഷ്ടമാകുന്നു. ഇതിൽ ഏറ്റം വ്യക്തമായതാണ് ഇന്നത്തെ ധ്യാനവിഷയമായി സഭ നിർദ്ദേശിച്ചിരിക്കുന്ന സുവിശേഷഭാഗം. ഈ ഭാഗം അടുത്തു പരിശോധിക്കാം.

**1. പീഡാനുഭവ പ്രവചനം (മത്താ 20,17 – 19)**

ആദ്യ വാക്യത്തിൽത്തന്നെ മൂന്നു കാര്യങ്ങൾ എടുത്തു പറയുന്നു; പന്ത്രണ്ടു പേർക്ക് രഹസ്യമായി നൽകുന്ന ഒരു പ്രബോധനമാണിത്. സഭയുടെ അടിസ്ഥാനമാകേണ്ട അപ്പസ്തോലന്മാരാണീ പന്ത്രണ്ടു പേർ. അവർ അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യം അവരെ മാത്രമായി ബോധ്യപ്പെടുത്തുകയാണ് യേശു. ജറുസലേമിലേക്കു യാത്ര ചെയ്യുമ്പോഴാണിതു പറയുന്നത്. ജറുസലെം ഇസ്രായേലിന്റെ മത-രാഷ്ട്രീയ തലസ്ഥാനമാണ്. അവിടെയാണ് ദാവീദിന്റെ സിംഹാസനം പുനഃസ്ഥാപിക്കപ്പെടേണ്ടത്. രാജകീയ മഹത്വം വെളിപ്പെടുത്താൻ, അഥവാ, മഹിമയുടെ സിംഹാസനത്തിൽ ആരൂഢനാകാൻ വേണ്ടിയാണ് യേശു ഈ യാത്ര നയിക്കുന്നത്. എന്നാൽ എപ്രകാരമായിരിക്കും ഈ മഹത്വീകരണം? വഴിയിൽ വച്ചാണ് പഠിപ്പിക്കുന്നത് എന്നതും ശ്രദ്ധേയമത്രേ. ശിഷ്യത്വം യേശുവിനോടുകൂടെ, അവന്റെ പിന്നാലെ ചെയ്യുന്ന ഒരു യാത്രയാണെന്ന് സുവിശേഷകൻ അനുസ്മരിപ്പിക്കുന്നു. ഈ യാഥാർത്ഥ്യങ്ങളെ അനുസ്മരിപ്പിക്കുന്നതാണ് യേശുവിന്റെ വചനങ്ങൾ.

“മനുഷ്യപുത്രൻ” എന്നാണ് യേശു സ്വയം വിശേഷിപ്പിക്കു

ന്നത്. അനേകം ധ്വനികളുള്ള ഒരു പദമാണിത്. മുഖ്യമായും ദാനിയേലിന്റെ ദർശനത്തിലാണ് ഈ പദം പ്രത്യക്ഷപ്പെടുന്നത്. “നിശാ ദർശനത്തിൽ ഞാൻ കണ്ടു; ഇതാ, വാനമേഘങ്ങളോടുകൂടെ മനുഷ്യപുത്രനെപ്പോലെ ഒരുവൻ വരുന്നു” (ദാനി 7,13). ആധിപത്യവും മഹത്വവും സ്വീകരിച്ച്, ശാശ്വതമായ രാജ്യം സ്ഥാപിച്ചു വാഴുന്ന മനുഷ്യപുത്രൻ ഇസ്രായേൽ ജനത്തിനു ലഭിക്കാൻ പോകുന്ന മഹത്വത്തിന്റെ പ്രതീകമാണ് എന്നു ദാനിയേൽ തന്നെ വിശദീകരിക്കുന്നുണ്ട് (ദാനി 7,18). അതേസമയം ഭാവിരാജാവിനെ സംബന്ധിച്ച പ്രവചനമായും ഇതു പരിഗണിക്കപ്പെട്ടിരുന്നു. മഹത്വത്തിന്റെ ഈ ചിത്രത്തോടൊപ്പം തിരസ്കരിക്കപ്പെടുന്ന, തന്റെ സഹനവും മരണവും വഴി ജനത്തിനു രക്ഷ നൽകും എന്നു പ്രതീക്ഷിച്ചിരുന്ന, സഹനദാസന്റെ ചിത്രവും (ഏശ 52,13–53,12) കൂട്ടിച്ചേർത്താണ് യേശു തന്റെ പീഡാനുഭവത്തെക്കുറിച്ചു പറയുന്നത്.

“ഏല്പിക്കപ്പെടും” എന്ന പദം രണ്ടുതവണ ആവർത്തിക്കുന്നുണ്ട്. *“പാരാദിദോനായി”* (paradidonai) എന്നാണ് ഗ്രീക്കുമൂലം. ഇതിന് കൈവെടിയുക, ഒറ്റിക്കൊടുക്കുക, മറ്റൊരാളെ ഏല്പിക്കുക, ശിക്ഷയ്ക്കായി വിട്ടുകൊടുക്കുക, എന്നൊക്കെ അർത്ഥമുണ്ട്. ഈ അർത്ഥതലങ്ങളെല്ലാം തന്നെ യേശുവിന്റെ പ്രവചനത്തിൽ അന്തർലീനമായിരിക്കുന്നു. പിതാവായ ദൈവം തന്നെയാണ് മനുഷ്യരക്ഷയ്ക്കായി തന്റെ പുത്രനെ ഏല്പിച്ചുകൊടുക്കുന്നത്. “ഏല്പിക്കപ്പെടും” എന്ന കർമ്മണിപ്രയോഗം (divine passive) ഈ അർത്ഥം ഉൾക്കൊള്ളുന്നു. അതേസമയം പന്ത്രണ്ടുപേരിൽ ഒരുവൻ ഒറ്റിക്കൊടുക്കുന്നതിലൂടെയാണ് ഇതു സംഭവിക്കുക. ഏല്പിച്ചുകൊടുക്കൽ അവിടെ തീരുന്നില്ല. യഹൂദനേതാക്കൾ അവനെ റോമാക്കാർക്ക് ഏല്പിച്ചുകൊടുക്കും. റോമൻ അധികാരി അവനെ കുരിശിൽ തറയ്ക്കാനായി ആരാച്ചാർക്ക് ഏല്പിച്ചു കൊടുക്കും. ദൈവത്തിന്റെ പുത്രനെ ആർക്കും വേണ്ടാ എന്നു തോന്നിപ്പിക്കുന്നതാണ് ഈ പദം. ഇത് സമ്പൂർണ്ണമായ തിരസ്കരണത്തെ സൂചിപ്പിക്കുന്നു. ഏറ്റം വേദനാജനകമായ അനുഭവമാണിത്, ഹൃദയത്തെ തകർക്കുന്ന വിദ്വേഷവും തിരസ്കരണവും. പാപത്തിന്റെ കേന്ദ്രവും ഇതുതന്നെ–ദൈവത്തിന്റെ ആത്മദാനം തിരസ്കരിക്കൽ!

തുടർന്ന് ശാരീരിക പീഡനവും അവഹേളനവും അവസാനം വധവും വിവരിക്കുന്നു. മനുഷ്യന്റെ മനസും ഹൃദയവും ശരീ

രവും എല്ലാം ഉൾക്കൊള്ളുന്ന, സമഗ്രവും സംഭ്രമജനകവുമായ പീഡനമാണ് തന്നെ കാത്തിരിക്കുന്നത്. തന്നെ അനുഗമിക്കുന്നവർക്കും ഇതൊക്കെത്തന്നെ ആയിരിക്കും സംഭവിക്കുക എന്ന് യേശു വ്യക്തമാക്കി. എന്നാൽ ഇത് അവസാനമല്ല, യഥാർത്ഥ മഹത്വത്തിലേക്കുള്ള വഴിയും വാതിലുമാണ്. "മൂന്നാം ദിവസം ഉയിർപ്പിക്കപ്പെടും"- അതാണ് മനുഷ്യപുത്രന്റെ ആത്യന്തികമായ ലക്ഷ്യം; അന്ത്യം. "മൂന്നാം ദിവസം" എന്ന പ്രയോഗം തന്നെ ദൈവത്തിന്റെ പ്രവൃത്തിയാണിതെന്നു സൂചിപ്പിക്കുന്നു. അതേ ആശയം തന്നെയാണ് "ഉയിർപ്പിക്കപ്പെടും" എന്ന കർമ്മിണിപ്രയോഗത്തിലും ഉള്ളത്. അതിനാൽ യേശുവിന്റെ ജറുസലെം യാത്ര സഹനത്തിലൂടെ മഹത്വീകരണത്തിലേക്കുള്ള യാത്രയാണ്. ശിഷ്യന്മാരും ഇതേ പാതയിലൂടെ സഞ്ചരിക്കണം. കുരിശിന്റെ വഴിയിലൂടെയാണ് ശിഷ്യത്വം പൂർണ്ണമാകുന്നത്; കുരിശുമരണത്തിലൂടെയാണ് മഹത്വത്തിലേക്കു പ്രവേശിക്കുക. ഈ സത്യം ശിഷ്യന്മാർ മനസിലാക്കിയില്ല എന്നു തുടർന്നുള്ള വിവരണം വ്യക്തമാക്കുന്നു.

### 2. അധികാരമോഹം

രാജത്വം ഏറ്റെടുക്കാനുള്ള യാത്രയിലാണ് തങ്ങൾ ഗുരുവിനെ അനുഗമിക്കുന്നത് എന്നു കരുതിയ ശിഷ്യന്മാർ ആ രാജ്യത്തിൽ ലഭിക്കാവുന്ന സ്ഥാനമാനങ്ങളെയും അധികാരങ്ങളെയും കുറിച്ചു സ്വപ്നം കാണാൻ തുടങ്ങി. ഇപ്രകാരം ഒരു സ്വപ്നമാണ് തുടർന്നു വിവരിക്കുന്നത്. മർക്കോസിന്റെ സുവിശേഷത്തിൽ സബദീപുത്രന്മാരായ യാക്കോബും യോഹന്നാനും നേരിട്ടാണ് യേശുവിന്റെ മുമ്പിൽ നിവേദനം സമർപ്പിക്കുന്നത്. ആദിമസഭയിൽ അപ്പസ്തോലപ്രമുഖരായി കരുതപ്പെട്ടിരുന്ന അവർ നേരിട്ട് ഇപ്രകാരം ഒരപേക്ഷയുമായി യേശുവിനെ സമീപിച്ചു എന്നു പറയുന്നത് അഭംഗിയായി കരുതിയതുകൊണ്ടാവാം മത്തായി അപേക്ഷ അവരുടെ അമ്മയുടെ അധരങ്ങളിലേക്കു മാറ്റിയത്.

സബദിയുടെ ഭാര്യയും യാക്കോബ്-യോഹന്നാൻ സഹോദരന്മാരുടെ അമ്മയും എന്നു വിശേഷിപ്പിക്കപ്പെടുന്ന ആളെക്കുറിച്ച് സുവിശേഷങ്ങളിൽ വേറെയും പരാമർശങ്ങളുണ്ട്. അവയെല്ലാംകൂടി പരിഗണിച്ചാൽ ശ്രദ്ധേയമായ ചില കാര്യങ്ങൾ ഗ്രഹിക്കാൻ കഴിയും. അവളുടെ പേര് സലോമി എന്നാണ്; അവൾ

യേശുവിന്റെ അമ്മയായ മറിയത്തിന്റെ സഹോദരിയുമാണ്. അവൾ യേശുവിനെ അനുഗമിച്ചിരുന്നു; കുരിശിൻ ചുവട്ടിലും അവൾ നിന്നു; ശൂന്യമായ കല്ലറ കാണാൻ അതിരാവിലെ വന്ന വരുടെ കൂടെയും അവൾ ഉണ്ടായിരുന്നു (മത്താ 27,56; മർക്കോ 15,40; 16,1 യോഹ 19,25). യേശുവിന്റെ മാതൃസഹോദരിയെന്ന സ്വാതന്ത്ര്യവും അവകാശബോധവുമായിരിക്കാം ഇപ്രകാരം ഒര ഭ്യർത്ഥനയുമായി വരാൻ അവളെ പ്രേരിപ്പിച്ചത്.

അപേക്ഷയിൽ ഒരു കാര്യം ശ്രദ്ധേയമാണ്. വരാൻ പോകുന്ന മിശിഹായുടെ രാജ്യത്തിലെ ഏറ്റം പ്രധാനപ്പെട്ട രണ്ടു തസ്തി കകൾ തന്റെ മക്കൾക്ക് (തങ്ങൾക്ക്) ലഭിക്കണം. ഇതാണാവശ്യം. അധികാരമോഹം എന്നല്ലാതെ ഇതിനെ മറ്റെന്തു വിളിക്കും? സഹ നത്തെയും മരണത്തെയും കുറിച്ച് യേശു പറഞ്ഞതൊന്നും അവർ മനസിലാക്കിയില്ല; അഥവാ കാര്യമായി പരിഗണിച്ചില്ല എന്നു തോന്നും. കുരിശില്ലാതെ കിരീടമണിയാനുള്ള വ്യഗ്രത, അധി കാരക്കസേര സ്വപ്നം കാണുന്ന ശിഷ്യത്വം-അത് ആ രണ്ടു പേരു ടെമാത്രം പ്രത്യേകതയല്ലല്ലോ? ഈ സ്വപ്നങ്ങൾ ഉപേക്ഷിക്കണം എന്ന് ഫ്രാൻസിസ് മാർപ്പാപ്പ അനുസ്മരിപ്പിക്കേണ്ടി വന്നത് അതു കൊണ്ടായിരിക്കുമല്ലോ. സഭയിൽ കരിയറിസത്തിനു സ്ഥാനമില്ല എന്നു മാർപ്പാപ്പ പറയുമ്പോഴും, താഴെയുള്ളവർക്ക് അത് മന സിലാകുന്നില്ല; അഥവാ ദഹിക്കുന്നില്ല എന്ന പ്രതീതി നില നിൽക്കുന്നു.

### 3. പാനപാത്രം

അപേക്ഷ വച്ചത് അമ്മയാണെന്നു പറയുമ്പോഴും യേശു ചോദിക്കുന്നത് മക്കളോടാണ്; മറുപടി പറയുന്നതും അവർതന്നെ. അതിനാൽ അമ്മയെ മത്തായി കൊണ്ടുവന്നതാണെന്നു കരു താൻ ന്യായമുണ്ട്. ശിഷ്യന്മാർ അപേക്ഷയുടെ അർത്ഥം ഗ്രഹി ക്കുന്നില്ല എന്ന യേശുവിന്റെ പ്രസ്താവന ശിഷ്യത്വത്തിന്റെ യഥാർത്ഥ സ്വഭാവത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. രാജാഭിഷേ കത്തെ പാനപാത്രം കുടിക്കലായിട്ടാണ് യേശു വിശേഷിപ്പിക്കു ന്നത്. പഴയനിയമത്തിലെ അനേകം ധ്വനികൾ ഉണർത്തുന്ന ഒരു പ്രതീകമാണ് “പാനപാത്രം”. ദൈവം നൽകുന്ന ഒരു ദാനം, ദൈവ ത്തിന്റെ സംരക്ഷണം, അംഗീകാരം മുതലായവ സൂചിപ്പിക്കാൻ പാനപാത്രം എന്ന പ്രതീകം ഉപയോഗിക്കാറുണ്ട്. “കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും” (സങ്കീ 16,5); “കർത്താവാണ്

എന്റെ ഇടയൻ... എന്റെ പാനപാത്രം കവിഞ്ഞൊഴുകുന്നു" (സങ്കീ 23,1-5); "ഞാൻ രക്ഷയുടെ പാനപാത്രമുയർത്തി കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കും" (സങ്കീ 116,13) മുതലായവ ഉദാഹരണങ്ങളാണ്.

എന്നാൽ "പാനപാത്രം" എന്ന പ്രതീകം അധികപങ്കും ശിക്ഷാവിധി, ദൈവത്തിന്റെ ക്രോധം, തീവ്രമായ സഹനം മുതലായവയെ ആണ് സൂചിപ്പിക്കുക. സങ്കീ 75,8; ഏശ 51,17-22; ജറെ 25,15-29; 49,12; വിലാ 4,21; എസെ 23,32-33; സഖ 12,2 മുതലായവ ചില ഉദാഹരണങ്ങൾ മാത്രം. തനിക്കു സംഭവിക്കാൻ പോകുന്ന പീഡാസഹനവും മരണവുമാണ് "പാനപാത്രം" എന്ന പ്രതീകത്തിലൂടെ യേശു സൂചിപ്പിക്കുന്നത് എന്നതിൽ സംശയമില്ല. "സ്നാനം സ്വീകരിക്കുക" എന്ന മറ്റൊരു പ്രതീകവും ഇതേ അർത്ഥത്തിൽ മർക്കോസ് രേഖപ്പെടുത്തിയിട്ടുണ്ട് (മർക്കോ 10,38-39). മത്തായി ഈ ആവർത്തനം ഒഴിവാക്കിയിരിക്കുന്നു.

അർത്ഥം പൂർണ്ണമായി മനസിലാക്കിയിട്ടോ എന്നറിയില്ല, ശിഷ്യന്മാർ രണ്ടുപേരും തങ്ങളുടെ സന്നദ്ധത ഏറ്റുപറഞ്ഞു. യേശു അതു അംഗീകരിച്ചു. ചരിത്രം അത് സാക്ഷാൽക്കരിച്ചു. യാക്കോബാണ് അപ്പസ്തോലന്മാരിൽ ആദ്യത്തെ രക്തസാക്ഷി (അപ്പ 12,2). യോഹന്നാൻ കഠിനമായ പീഡനങ്ങൾക്കിരയായി; നാടുകടത്തപ്പെട്ടു (വെളി 1,9). എന്നാൽ ഇതുകൊണ്ടുമാത്രം അവരുടെ അപേക്ഷ സ്വീകാര്യമാകുന്നില്ല. തന്നെയുമല്ല, അവർ ചോദിക്കുന്നതും സ്വപ്നം കാണുന്നതും യേശുവിന്റെ വീക്ഷണത്തിനും സ്വപ്നങ്ങൾക്കും കടകവിരുദ്ധമാണെന്ന് അവർ ഗ്രഹിക്കേണ്ടതുമുണ്ട്.

### 4. പുതിയ അധികാരശൈലി

യേശുവുമായുള്ള രക്തബന്ധത്തിന്റെ പേരിൽ രണ്ടുപേർ സ്ഥാനക്കയറ്റത്തിനു ശ്രമിച്ചത് മറ്റ് അപ്പസ്തോലന്മാരെ ക്രുദ്ധരാക്കി. അധികാരമോഹം ആ രണ്ടുപേരുടെ കുത്തകയല്ല എന്ന് ഈ പ്രതികരണത്തിലൂടെ സുവിശേഷകൻ വ്യക്തമാക്കുന്നു. അപ്പസ്തോല സമൂഹത്തെ മുഴുവൻ ബാധിച്ച ഒരർബുധമാണത്; മുളയിലേ നുള്ളിക്കളയേണ്ട ഒരു വിപത്ത്. അതു വളർന്നാൽ സഭയെ തകർക്കും എന്നതിന് രണ്ടായിരം വർഷത്തെ സഭാചരിത്രം തന്നെ സാക്ഷി. ക്രിസ്തുവിന്റെ സഭ ചരിത്രത്തിലൂടെ കടന്നുപോന്നപ്പോൾ ഉണ്ടായ നിരവധി പിളർപ്പുകൾക്ക് കാരണം ഈ

അധികാര മോഹം തന്നെ ആയിരുന്നില്ലേ? ഇന്നും പിളർപ്പുകൾ നിലനിൽക്കുന്നതിനും പുതിയ പുതിയ വിഷത്തൈകൾ മുളച്ചു വളരുന്നതിനും ഒരു പ്രധാനകാരണം ഈ അധികാര മോഹ മല്ലേ?

വിജാതീയരുടെ ഭരണകർത്താക്കൾ എന്ന് യേശു വിശേഷി പ്പിക്കുന്നത് ഭൗതിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ നിലനിൽക്കുന്ന അധികാരശൈലിയെയാണ്-മറ്റുള്ളവരുടെ മേൽ ആധിപത്യം അടിച്ചേൽപ്പിക്കുന്ന, അധീനരെ അടിമകളാക്കുന്ന അധികാര വീക്ഷണം. ഇപ്രകാരം ഒരധികാരമാണ് പരസ്യജീവിതത്തിന്റെ ആരംഭത്തിൽ മരുഭൂമിയിൽ പ്രലോഭകൻ വച്ചു നീട്ടിയത് (മത്താ 4,8-9; ലൂക്കാ 4,5-7). അതിനെ പൈശാചികമായിക്കണ്ട യേശു തിരസ്കരിച്ചു. എന്നാൽ ആ പ്രലോഭനം യേശുവിന്റെ സഭയെ വിടാതെ പിന്തുടരും. അതുകൊണ്ടുതന്നെയാണ് വ്യക്തവും ശക്തവുമായ ഭാഷയിൽ യേശു ശിഷ്യരെ പഠിപ്പിക്കുന്നത്: “എന്നാൽ നിങ്ങളുടെ ഇടയിൽ അങ്ങനെ ആയിരിക്കരുത്” (മത്താ 20,28).

അധികാരത്തെ ആധിപത്യത്തിനുള്ള അനുവാദമായിട്ടല്ല, ശുശ്രൂഷിക്കാനുള്ള അവകാശവും കടമയുമായിട്ടാണ് യേശു അവ തരിപ്പിക്കുന്നത്. അനേകം വാക്കുകളിലൂടെയും സ്വന്തം മാതൃക കളിലൂടെയും ഈ സത്യം ശിഷ്യ ഹൃദയങ്ങളിൽ ആഴത്തിൽ പതിപ്പിക്കാൻ യേശു ശ്രമിച്ചു. അതിന്റെ ഭാഗമാണ് ഇവിടെ കാണുന്ന ഉപദേശം. യേശു തന്നെയാണ് യഥാർത്ഥ അധികാര ത്തിന്റെ ഉദാഹരണവും മാതൃകയും. സ്വന്തം ജീവൻ നൽകുന്നി ടത്തോളം താണു വരുന്ന ശുശ്രൂഷയാണ് യേശുവിന്റെ അധി കാരം; ആ അധികാരത്തിലാണ് ശിഷ്യന്മാർ പങ്കുചേരുന്നത്.

അന്ത്യ അത്താഴവേളയിൽ മഹത്വത്തിന്റെ മേലങ്കി മാറ്റിവച്ച്, അടിമയുടെ കച്ച അരയിൽ ചുറ്റി, ശിഷ്യന്മാരുടെ മുമ്പിൽ മുട്ടു കുത്തി, അവരുടെ പാദങ്ങൾ കഴുകിയതിനുശേഷമാണ് ക്രിസ്തു ശിഷ്യരുടെ ഇടയിൽ നിലനിൽക്കേണ്ട അധികാരത്തെപ്പറ്റി യേശു പഠിപ്പിച്ചത്: “നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങ ളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം. എന്തെന്നാൽ, ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്കൊരു മാതൃക നൽകി യിരിക്കുന്നു” (യോഹ 13,14-15).

തികച്ചും വിപ്ലവാത്മകമായൊരു സമൂഹവീക്ഷണമാണ് ഇവിടെ അവതരിപ്പിക്കുന്നത്. യേശു പ്രഘോഷിച്ചതും ഈ ഭൂമിയിൽ ഉദ്ഘാടനം ചെയ്തതുമായ ദൈവരാജ്യത്തിന്റെ ശൈലിയാണിത്. ഏറ്റവും മുകളിൽ നിലയുറപ്പിച്ച്, എല്ലാവരുടെയും സേവനം സ്വീകരിക്കുന്നവനെ ഏറ്റം വലിയവനും സമൂഹത്തിൽ ഒന്നാമനുമായി കാണുന്ന ലൗകികശൈലിയെ തലകുത്തി നിർത്തുന്ന വീക്ഷണം. ഏറ്റം ചെറിയവനെ ഏറ്റം വലിയവനും അവസാനത്തവനെ ഒന്നാമനുമായി കാണുന്ന ജീവിതവീക്ഷണം.

ഈ വീക്ഷണം നടപ്പിലാകുമ്പോൾ സമൂഹത്തിൽ യഥാർത്ഥ സമാധാനം സംജാതമാകും; ഹൃദയങ്ങളിൽ സന്തോഷം നിറയും. ആധിപത്യത്തിനുപകരം സേവനം; മത്സരത്തിനുപകരം സഹകരണം; ശത്രുതയ്ക്കുപകരം സാഹോദര്യം. പിടിച്ചടക്കാനും അടക്കി ഭരിക്കാനും ശ്രമിക്കുന്നതിനുപകരം വിട്ടുകൊടുക്കാനും പങ്കുവയ്ക്കാനുമുള്ള സന്നദ്ധത. എല്ലാ മനുഷ്യരും ദൈവത്തിന്റെ മുഖം വഹിക്കുന്ന മക്കളും അതിനാൽത്തന്നെ പരസ്പരം സഹോദരങ്ങളും ആണെന്ന സത്യം അംഗീകരിക്കുമ്പോൾ, അതനുസരിച്ച് ജീവിതം ക്രമീകരിക്കുമ്പോൾ, ദൈവരാജ്യം യാഥാർത്ഥ്യമാകും. സ്വയം ത്യജിക്കുന്നതിലൂടെ മാത്രമേ അതു സാധ്യമാകൂ. അതിനാൽ ദൈവരാജ്യത്തിലേക്കുള്ള വഴി സഹനത്തിലൂടെയാണ് കടന്നുപോകുന്നത്. കുരിശിന്റെ വഴിയിലേ ശിഷ്യത്വം പൂർണ്ണമാകൂ!

# 19

## നോമ്പ് 4 – ാം ഞായർ

# ഫലം നൽകുന്നില്ലെങ്കിൽ...

**(മത്താ 21,33 – 44)**

ജറുസലെമിലേക്കുള്ള രാജകീയ പ്രവേശവും ദേവാലയശുദ്ധീകരണവും കഴിഞ്ഞ് തുടർന്നുള്ള ദിവസങ്ങളിൽ യേശു നടത്തിയ സുവിശേഷ പ്രഘോഷണം ഫലത്തിൽ യഹൂദ നേതൃത്വവുമായുള്ള സംഘട്ടനങ്ങളായി പരിണമിച്ചു. ഈ സംഘട്ടനം ഫരിസേയരും നിമയജ്ഞരുമടങ്ങുന്ന നേതൃത്വ നിരയ്ക്കെതിരേ ഉതിർക്കുന്ന ഏഴു "ദുരിത" വചനങ്ങളിൽ (മത്താ 23) അവസാനിക്കുന്നതിനുമുമ്പേ അഞ്ചു വിവാദങ്ങൾ സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട്: യേശുവിന്റെ അധികാരം (21,23–27), സീസറിനു നികുതി (22,15–22), മരിച്ചവരുടെ പുനരുത്ഥാനം (22,23–33), സുപ്രധാന കല്പന (22,34–40), ക്രിസ്തുവിന്റെ ഉറവിടം (22,41–46). ഇതിൽ ആദ്യത്തെ വിവാദത്തിന്റെ തുടർച്ചയായി മൂന്ന് ഉപമകൾ അവതരിപ്പിച്ചിരിക്കുന്നു. അതിൽ രണ്ടാമത്തെ ഉപമയാണ് ഇന്നത്തെ വിചിന്തനത്തിനായി സഭ നിർദ്ദേശിച്ചിരിക്കുന്നത്. യേശു ആര്, അവന്റെ അധികാരത്തിന്റെ ഉറവിടം ഏത് എന്ന നിർണ്ണായകമായ ചോദ്യങ്ങളാണ് ഒന്നും അഞ്ചും വിവാദങ്ങളിൽ മുഖ്യവിഷയം. അതുതന്നെയാണ് പഠനവിഷയമായ ഉപമയിലെയും മുഖ്യപ്രമേയം.

യേശുവിന്റെ പരസ്യജീവിതത്തിലെ അവസാനത്തെ ആഴ്ചയാണിത്. തലസ്ഥാന നഗരിയിൽ യേശു നടത്തുന്ന സുവിശേഷ പ്രഘോഷണം അതിശക്തമായ വിമർശനവും ഭീകരമായ താക്കീതുകളും ഉൾക്കൊള്ളുന്നു. മാനസാന്തരത്തിനുള്ള ഏറ്റം അവസാനത്തെ ക്ഷണമായിട്ടാണ് ഈ പ്രഘോഷണങ്ങളും വിവാദ

ങ്ങളും അവതരിപ്പിച്ചിരിക്കുന്നത്. എന്നാൽ ദൈവം ആഗ്രഹിക്കുന്നതും പ്രതീക്ഷിക്കുന്നതുമായ മാനസാന്തരം ജനത്തിന്റെ ഭാഗത്തു നിന്നുണ്ടാവുകയില്ലെന്നും തന്മൂലം ഭീകരമായ ദുരന്തം ജനത്തിനുമേൽ പതിക്കാൻ പോകുന്നു എന്നുമുള്ള സംഭ്രമജനകമായ ഒരു മുന്നറിയിപ്പ് ഈ സംഘട്ടനത്തിലും ഉപമകളിലും ഉടനീളം കാണാം.

ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്ന യേശുവിന്റെ അധികാരത്തെ ചോദ്യം ചെയ്ത പുരോഹിത പ്രമുഖന്മാരും ജനപ്രമാണികളും തന്നെയാണ് തുടർന്നു വരുന്ന രണ്ടു പുത്രന്മാരുടെ ഉപമയിലും (21,28-32) പഠനവിഷയമായ മുന്തിരിത്തോട്ടത്തിന്റെ പാട്ടക്കാരെക്കുറിച്ചുള്ള ഉപമയിലും ശ്രോതാക്കൾ. നേതാക്കന്മാരായ അവരോടു പറയുന്നത് യഹൂദജനം മുഴുവനുമുള്ള സന്ദേശമായി അവതരിപ്പിച്ചിരിക്കുന്നു. യേശു കഥ പറഞ്ഞത് യഹൂദ നേതാക്കന്മാരോടാണെങ്കിൽ, മത്തായി സുവിശേഷം വഴി സംവദിക്കുന്നത് വായനക്കാരായ നമ്മോടാണ്; അഥവാ ഉപമയുടെ ശ്രോതാക്കൾ നമ്മൾ തന്നെ ആണെന്നു കരുതണം.

അനുദിനജീവിതത്തിൽനിന്ന് അടർത്തിയെടുത്തതും ഏവർക്കും സുപരിചിതവുമായ ഉദാഹരണങ്ങളാണ് ഉപമകളായി അവതരിപ്പിക്കുന്നത്. കേട്ടിരിക്കാൻ രസമാണ്; പക്ഷേ പറഞ്ഞു തീരുമ്പോഴേ കഥ തങ്ങളെക്കുറിച്ചു തന്നെയാണെന്ന് ശ്രോതാക്കൾ ഗ്രഹിക്കൂ. കഥയുടെ അവസാനം കഥാകാരന്റെ ചോദ്യത്തിന് ശ്രോതാവു നൽകുന്ന ഉത്തരം തന്റേമേൽത്തന്നെ ഉച്ചരിക്കുന്ന വിധിവാചകമായിത്തീരുന്നു. കഥയുടെ യുക്തിസഹമായ നീക്കത്തിൽ അനിവാര്യമായിരിക്കും ഉത്തരം. അത് വിധിവാചകമായിത്തീരുന്നതാണ് കഥാകൃത്തിന്റെ മികവ്. സാധാരണ ഉപമകളിൽ മുഖ്യമായ ഒരാശയമേ ഉണ്ടാകൂ. എന്നാൽ ഇവിടെ ഓരോ വിശദാംശത്തിനും പ്രത്യേകം പ്രത്യേകം അർത്ഥവും വിവക്ഷയുമുണ്ട്. അതിനാൽ ഇതിനെ ഉപമ (parable) എന്നതിലുപരി ഒരു അന്യാപദേശം (allegory) ആയി വ്യാഖ്യാതാക്കൾ കരുതുന്നത്.

സമാന്തര സുവിശേഷങ്ങൾ മൂന്നും വലിയ വ്യത്യാസങ്ങളില്ലാതെ ഈ ഉപമ രേഖപ്പെടുത്തിയിട്ടുണ്ട്. മർക്കോസിന്റെ വിവരണത്തെ ആധാരമാക്കിയാണ് മത്തായി തന്റെ വിവരണം രൂപപ്പെടുത്തിയിരിക്കുന്നത് എന്ന് അനുമാനിക്കാം. അതിനാൽത്തന്നെ

മത്തായിയുടെ വിവരണത്തിൽ കാണുന്ന വ്യത്യാസങ്ങൾ സവിശേഷ ശ്രദ്ധയർഹിക്കുന്നു.

യേശുവിന്റെ കാലത്ത് പലസ്തീനായിൽ, പ്രത്യേകിച്ചും ഗലീലിയിൽ, നിലവിലിരുന്ന ഒരു സാമൂഹ്യ സംവിധാനം ഈ കഥയിൽ പ്രതിഫലിക്കുന്നുണ്ട്. ഗലീലി പൊതുവേ കൃഷിഭൂമിയായിരുന്നു. ധനികരായ ഭൂ ഉടമകൾ കൃഷിഭൂമി പാട്ടത്തിന് ഏല്പിച്ചുകൊടുത്തിട്ട്, നഗരങ്ങളിലാണ് വസിച്ചിരുന്നത്. വർഷംതോറും കാര്യസ്ഥന്മാരെ അയച്ച് പാട്ടം പിരിക്കുകയാണ് പതിവ്. ഭൂമിയുടെ ഉടമ മക്കളില്ലാതെ മരിച്ചാൽ ഭൂമി ആദ്യം കൈവശമാക്കുന്നവന് സ്വന്തമായി ഉപയോഗിക്കാം എന്ന നാട്ടുനടപ്പും നിലവിലിരുന്നു. കൃഷിഭൂമിയാണ് സാധാരണമായി പാട്ടക്കാരെ ഏല്പിക്കുക. ഇവിടെയാകട്ടെ, പൂർണ്ണമായി കൃഷി ചെയ്ത് വിളവെടുപ്പിനു വേണ്ട സജ്ജീകരണങ്ങൾ എല്ലാം ഏർപ്പെടുത്തിയ മുന്തിരിത്തോട്ടമാണ് പാട്ടത്തിന് ഏല്പിക്കുന്നത് എന്നതുതന്നെ ശ്രദ്ധേയമാകുന്നു. വേലി വന്യമൃഗങ്ങളിൽനിന്നും കള്ളന്മാരിൽനിന്നും സംരക്ഷണം നൽകുന്നു. ചക്ക് മുന്തിരിയാട്ടി വീഞ്ഞാക്കാനും, ഗോപുരം കാവൽ നിൽക്കാനും കാവൽക്കാർക്ക് വിശ്രമിക്കാനും ഉപകരിക്കുന്നു.

പാട്ടം പിരിക്കാൻ ഉടമസ്ഥൻ അയയ്ക്കുന്ന വേലക്കാരോടുള്ള പാട്ടക്കാരുടെ പ്രതികരണം തികച്ചും അസാധാരണവും നാടകീയവുമായി അവതരിപ്പിച്ചിരിക്കുന്നു. മർക്കോസിന്റെ വിവരണത്തിൽനിന്നു വ്യത്യസ്തമായി അനേകം ഭൃത്യന്മാരെ അയച്ചതായി മത്തായി രേഖപ്പെടുത്തിയിരിക്കുന്നു. ആരംഭത്തിൽ സൂചിപ്പിച്ചതുപോലെ ഇവിടെ വിവരണം ഉപമയുടെ പരിധികൾ വിട്ട് ഒരന്യാപദേശമായി മാറുന്നു. യേശുവിന്റെ കേൾവിക്കാർക്ക് സുപരിചിതമാണ് മുന്തിരിത്തോട്ടത്തിന്റെ ഉപമ. സൂക്ഷ്മമായ പരിചരണം ലഭിച്ചിട്ടും വിഷഫലം പുറപ്പെടുവിച്ച മുന്തിരിത്തോട്ടത്തെക്കുറിച്ച് പറഞ്ഞ ഏശയ്യായുടെ വ്യാഖ്യാനം: “സൈന്യങ്ങളുടെ കർത്താവിന്റെ മുന്തിരിത്തോട്ടം ഇസ്രായേൽ ജനമാണ്. യൂദാജനമാണ് അവിടുന്ന് ആനന്ദം കൊള്ളുന്ന കൃഷി”- യഹൂദർക്കെല്ലാം അറിയാം. എന്നാൽ പാട്ടക്കാരുടെ പ്രതികരണവും ഉടമസ്ഥന്റെ പ്രവർത്തങ്ങളും ഏറെ വ്യത്യസ്തമാണിവിടെ. അതിനാൽത്തന്നെ എന്താണ് മുന്തിരിത്തോട്ടംകൊണ്ട് യേശു അർത്ഥമാക്കുന്നത് എന്നന്വേഷിക്കണം.

യേശു പറഞ്ഞ കഥയിൽ മുന്തിരിത്തോട്ടം ഇസ്രായേൽ ജനമല്ല. ഇസ്രായേൽ ജനം പാട്ടക്കാരാണ്; ഉടമസ്ഥനായ ദൈവത്തിന് യഥാകാലം പാട്ടം-ഫലം-നൽകേണ്ടവർ. അതു പിരിക്കാനായി അയയ്ക്കപ്പെടുന്ന ദാസന്മാർ പ്രവാചകന്മാരാണെന്ന കാര്യത്തിൽ സംശയമില്ല. അവരോടുള്ള ജനത്തിന്റെ പ്രതികരണവും പാട്ടക്കാരുടേതിനു സമാനമാണ്. എന്നാൽ എന്താണ് തോട്ടം? ഇസ്രായേൽ ജനത്തെ ഏല്പിച്ചിരുന്നതും അവരുടെ അവിശ്വസ്തത മൂലം അവരിൽ നിന്നെടുത്ത് ഫലം പുറപ്പെടുവിക്കുന്ന ജനതയ്ക്കു കൊടുക്കുന്നതുമായ മുന്തിരിത്തോട്ടം ദൈവരാജ്യമാണെന്ന് ഉപമയുടെ അവസാനം യേശുതന്നെ വിശദീകരിക്കുന്നു.

അബ്രാഹത്തിൽ തുടങ്ങിയ ഇസ്രായേൽ ജനത്തിന്റെ പ്രത്യേക തിരഞ്ഞെടുപ്പും ദൈവം നൽകിയ വാഗ്ദാനങ്ങളും എല്ലാം സൗജന്യദാനം എന്നതോടൊപ്പം വലിയൊരു ദൗത്യവും ഉൾക്കൊള്ളുന്നുണ്ടായിരുന്നു. “നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗൃഹീതമാകും” (ഉൽപ 12,3) എന്ന വാഗ്ദാനം ലോകത്തിന്റെ പ്രകാശമാകാനുള്ള ദൗത്യം ഉൾക്കൊള്ളുന്നുവെന്ന് പ്രവാചകന്മാർ അനുസ്മരിപ്പിച്ചു (ഉദാ: ഏശ 42,7: 49,6). ദൈവം നൽകുന്ന രക്ഷ അഥവാ ദൈവരാജ്യം എല്ലാവർക്കും ലഭ്യമാകണമെങ്കിൽ ഇസ്രായേൽ ജനം ഉടമ്പടിയിലൂടെ ദൈവം നൽകിയ കല്പനകൾ അനുസരിക്കണം. അതാണ് ദൈവം പ്രതീക്ഷിക്കുന്ന പാട്ടം, അഥവാ ഫലം. എന്നാൽ നാളിതുവരെയുള്ള ഇസ്രായേലിന്റെ ചരിത്രം അവിശ്വസ്തതയുടെതും അനുസരണക്കേടിന്റേതുമാണെന്ന്, പാട്ടം പിരിക്കാൻ അയയ്ക്കപ്പെട്ട ദാസന്മാരെ കയ്യേറ്റം ചെയ്യുകയും കൊല്ലുകയും ചെയ്യുന്നതിലൂടെ ചിത്രീകരിക്കുന്നു.

എവിടെയാണ് അവിശ്വസ്തതയുടെ ഈ ചരിത്രം അവസാനിക്കുക? അതാണ് പുത്രന്റെ ചിത്രത്തിലൂടെ വിവരിക്കുന്നത്. കഥയുടെ പരിധിയിൽനിന്നുകൊണ്ടു തന്നെയാണ് പുത്രനെ അയയ്ക്കുന്നതിന്റെ വിവരണവും. വേലക്കാരെ മാനിച്ചില്ലെങ്കിലും ഉടമസ്ഥന്റെ പുത്രനെ മാനിക്കും എന്ന പ്രതീക്ഷ തികച്ചും സ്വാഭാവികമാണല്ലോ. ഇവിടെ കഥ തികച്ചും അപ്രതീക്ഷിതവും അചിന്ത്യവുമായ ഒരു മേഖലയിലേക്കു കടക്കുന്നു. ദൈവത്തെയും യേശുക്രിസ്തുവിനെയും സംബന്ധിച്ച ചില അടിസ്ഥാന സത്യങ്ങളാണ് ഇവിടെ വെളിവാക്കപ്പെടുന്നത്. ഇസ്രായേൽ ജനത്തിന്റെ കാര്യത്തിൽ ദൈവം അതീവ തല്പരനാണ്. അവരുടെ ഇതുവ

രെയുള്ള അവിശ്വസ്തകളെല്ലാം മറക്കാനും അവരെ സ്വന്തം ജന മായി തുടർന്നും പരിഗണിക്കാനും അവിടുന്ന് സന്നദ്ധനാണ്. മാത്രമല്ല, അവസാനത്തെ ശ്രമം എന്ന നിലയിൽ ദൈവം അയ ച്ചിരിക്കുന്നത്, മുൻപെന്നപോലെ ദാസന്മാരായ പ്രവാചകന്മാരെ യല്ല, സ്വന്തം പുത്രനെത്തന്നെയാണ്. യേശു ദൈവത്തിന്റെ ഏക പുത്രനാണെന്നും അവനെ സ്വീകരിക്കുകയോ തിരസ്കരിക്കു കയോ ചെയ്യുന്നത് ഇസ്രായേൽ ജനത്തെ സംബന്ധിച്ച് നിർണ്ണാ യകമായിരിക്കുമെന്നും ഇതു സൂചിപ്പിക്കുന്നു.

ഇവിടെയാണ് പാട്ടക്കാരുടെ പ്രതികരണത്തിന്റെ പ്രാധാന്യം. ഉടമസ്ഥന്റെ ഏക അവകാശിയെ കൊന്നാൽ തോട്ടത്തിന്റെ അവ കാശം തങ്ങൾക്കാകും എന്ന ചിന്ത കഥയുടെ ഭാഗം തന്നെ. അതേസമയം തനിക്കെന്താണ് സംഭവിക്കാൻ പോകുന്നതെന്നും അതിന്റെ അനന്തരഫലം എന്തായിരിക്കുമെന്നും ഇതിലൂടെ യേശു മുൻകൂട്ടി അറിയിക്കുന്നു. ഇവിടെ കഥ ചരിത്രത്തിൽനിന്ന് വർത്തമാനകാലത്തിലേക്കും തുടർന്ന് ഭാവിയിലേക്കും തിരി യുന്നു. മകനെ തോട്ടത്തിനു വെളിയിലേക്കെറിഞ്ഞ് കൊന്നു കളഞ്ഞു എന്ന മത്തായിയുടെ വിവരണത്തിൽ യേശുവിന്റെ മര ണത്തിന്റെ ചരിത്രപരമായ ഒരു പരാമർശം കാണാം. നഗരത്തിനു വെളിയിൽ വച്ചാണല്ലോ യേശു വധിക്കപ്പെട്ടത്. മകനെ കൊന്ന തിനുശേഷം തോട്ടത്തിന് വെളിയിലേക്ക് എറിഞ്ഞു എന്ന മർക്കോ സിന്റെ വിവരണം മൂലത്തോട് കൂടുതൽ വിശ്വസ്തത പുലർത്തു ന്നെന്നു കരുതപ്പെടുന്നു.

കഥയുടെ അവസാനം ചോദ്യവും അതിനുള്ള ഉത്തരവും മർക്കോസിന്റെ വിവരണത്തിൽ യേശു തന്നെയാണ് നൽകുന്നത്. മത്തായിയിൽ വ്യത്യാസമുണ്ട്. യേശു ചോദ്യം ഉന്നയിക്കുന്നു. മറുപടി പറയുന്നത് ശ്രോതാക്കളായ നേതാക്കളാണ്. കഥയുടെ ഒഴുക്കിന് തികച്ചും അനുയോജ്യവും യുക്തിഭദ്രവുമാണ് മറുപടി. എന്നാൽ അതിന്റെ ഭീകരമായ ധ്വനികൾ ഉത്തരം പറഞ്ഞവർ പിന്നീടാണ് മനസിലാക്കുന്നത്: "അവൻ ആ ദുഷ്ടരെ നിഷ്ഠൂര മായി നശിപ്പിക്കുകയും യഥാകാലം ഫലം കൊടുക്കുന്ന മറ്റു കൃഷിക്കാരെ മുന്തിരിത്തോട്ടം ഏല്പിക്കുകയും ചെയ്യും" (21,40).

അവരുടെ ഉത്തരം ശരിയാണെന്ന് അംഗീകരിച്ചുകൊണ്ട് യേശു കഥയുടെ ലക്ഷ്യം വിശദീകരിക്കുന്നത് ഒരു സങ്കീർത്തന വാക്യം (118,22-23) ഉദ്ധരിച്ചുകൊണ്ടാണ്. വലിയ ക്ലേശവും ദുരി

തവും നേരിട്ട ജനത്തിന് ദൈവം നൽകിയ സംരക്ഷണവും വിജയവുമാണ് 118-ാം സങ്കീർത്തനത്തിന്റെ പ്രമേയം. ലോക ജനതകൾക്കു മുന്നിൽ നിസ്സാരരും പരിത്യക്തരുമായ ഇസ്രായേൽ ജനത്തെ ദൈവം സ്വന്തമായി സ്വീകരിച്ചു സംരക്ഷിച്ചു; താൻ നിർമ്മിക്കുന്ന രക്ഷാസൗധത്തിന്റെ ഏറ്റം പ്രധാന ഘടകമായ മൂലക്കല്ലാക്കി. ഈ വാക്യം യേശു തന്റെ തന്നെ ജീവിതത്തെ സംബന്ധിച്ച ഒരു പ്രവചനമായി വ്യാഖ്യാനിക്കുന്നു. ഇപ്പോൾ ഭവനം പണിയുന്നവർ യഹൂദജനത്തിന്റെ നേതൃനിരയാണ്. അവർ യേശുവിനെ തിരസ്കരിക്കും; വധിക്കും. എന്നാൽ ദൈവം തന്നെ ഉയർത്തി രക്ഷാസൗധത്തിന്റെ, അഥവാ ദൈവരാജ്യത്തിന്റെ അടിസ്ഥാനശിലയായി സ്ഥാപിക്കും.

ഈ വ്യാഖ്യാനം ഭീകരമായ വിധിവാചകത്തിലേക്കു നയിക്കുന്നു. “ദൈവരാജ്യം നിങ്ങളിൽ നിന്നെടുത്ത്, ഫലം പുറപ്പെടുവിക്കുന്ന ജനതയ്ക്കു നൽകപ്പെടും” (21,43). ഇസ്രായേലിന്റെ ആസന്നമായിരിക്കുന്ന തിരസ്കരണവും തൽസ്ഥാനത്ത് ഒരു പുതിയ ജനത്തിന്റെ സംസ്ഥാപനവുമാണ് ഇതിലൂടെ പ്രഖ്യാപിക്കുന്നത്. മൂലക്കല്ലിനെക്കുറിച്ചുള്ള പരാമർശം തകർക്കുന്ന മറ്റൊരു കല്ലിനെക്കുറിച്ചു പറയാൻ പ്രേരിപ്പിക്കുന്നു. മൺകുടം കല്ലേൽ വീണാലും കല്ല് മൺകുടത്തേൽ വീണാലും മൺകുടം തകരും. ഈ ഒരു ഉപമ ചില പ്രവാചക വചനങ്ങളിലേക്കു വിരൽ ചൂണ്ടുന്നു. ഏശ 8,14-ൽ ദൈവം തന്നെ ഇസ്രായേലിന്റെ പതനത്തിനു കാരണമാകുന്ന പാറയായിത്തീരും എന്നു പറയുമ്പോൾ അഭയം നൽകുന്ന പാറയും രക്ഷാമാർഗ്ഗവുമായ ദൈവം എപ്രകാരം നാശത്തിനു കാരണമാകും എന്നത് വിരോധാഭാസമായി തോന്നാം. കർത്താവിൽ ആശ്രയിക്കുകയും അവിടുത്തെ അനുസരിക്കുകയും ചെയ്യുന്നവർക്ക് രക്ഷ; ധിക്കരിച്ചാൽ നാശം എന്ന പ്രബോധനത്തിൽ സംശയത്തിനു പഴുതില്ല.

നബുക്കദ്നേസർ സ്വപ്നത്തിൽ കണ്ടതും ദാനിയേൽ വ്യാഖ്യാനിച്ചതുമായ കല്ലിനോടാണ് (ദാനി 2,31-35) യേശു വചനത്തിനു കൂടുതൽ ബന്ധം. ആരും തൊടാതെ മലയിൽ നിന്നടർന്നുവന്ന കല്ല് വിഗ്രഹത്തെ ഇടിച്ചു തകർത്തതിനുശേഷം മഹാപർവ്വതമായി വളർന്നു എന്ന സ്വപ്നം ഇസ്രായേൽ ജനത്തെക്കുറിച്ചുള്ള ദർശനമായി ദാനിയേൽ വിശദീകരിച്ചു (ദാനി 3,44-46). എന്നാൽ ആ പ്രവചനം തന്നെക്കുറിച്ചായിരുന്നു എന്ന് യേശു വ്യാഖ്യാനിക്കുന്നു. മനുഷ്യകരം തൊടാതെ വന്ന കല്ല് കന്യക

യിൽനിന്നു ജനിച്ചവനെ സൂചിപ്പിക്കുന്നു. പ്രതിമയെ തകർത്ത്, പർവ്വതമായി വളർന്നത് യേശു സകല പ്രതിബന്ധങ്ങളെയും തൂത്തെറിഞ്ഞ് ദൈവിക പദ്ധതി പൂർത്തിയാക്കും; ദൈവരാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കും എന്നും സൂചിപ്പിക്കുന്നു. പ്രതിമ തകർത്തത് ഇസ്രായേൽ ജനത്തിനു സംഭവിക്കാൻ പോകുന്ന ദുരന്തത്തെ മുൻകൂട്ടി അറിയിക്കുന്നു.

ഉപമയും വ്യാഖ്യാനവും അർത്ഥശങ്കയ്ക്കിടമില്ലാത്തവിധ ത്തിൽ വ്യക്തമായി; കേട്ടിരുന്ന നേതാക്കൾ അക്രമാസക്തരായി. ഉപമയിലെ പ്രവചനം അപ്പോൾത്തന്നെ പൂർത്തിയാക്കാൻ അവർ ആഗ്രഹിച്ചെങ്കിലും ജനത്തെ ഭയന്നതിനാൽ രോഷം ഉള്ളിലൊ തുക്കി പിൻവലിഞ്ഞു. തുടർന്ന് മഹാവിരുന്നിന്റെ ഉപമയിലൂടെ യഹൂദജനത്തിന്മേലുള്ള വിധി കൂടുതൽ രൂക്ഷമായി ആവർത്തി ച്ചുറപ്പിച്ചു (മത്താ 22,7).

എന്താണ് യേശു ഈ ഉപമയിലൂടെ ഇന്ന് നമ്മോടു പറ യുക? പിതാവായ ദൈവത്തിന്റെ അനന്തമായ സ്നേഹവും സൗജ ന്യദാനവും പ്രകടമാക്കുന്ന ഏകപുത്രനാണ് യേശു. അവനെ ഹൃദയം തുറന്ന് സ്വീകരിക്കുക, പൂർണ്ണമനസ്സോടെ അവന്റെ കല്പ നകൾ അനുസരിക്കുക; എങ്കിൽ മാത്രമേ ദൈവരാജ്യത്തിൽ പങ്കു ചേരാൻ കഴിയൂ. തങ്ങൾ തിരഞ്ഞെടുക്കപ്പെട്ട ദൈവജനമാണെന്ന ഔദ്ധത്യവും അവകാശബോധവും ഇസ്രായേൽ ജനത്തിനു രക്ഷാകരമായില്ല. അതുതന്നെ ഇന്നു നമുക്കും സംഭവിക്കാം.

യേശുവിന്റെ കാലത്ത് ഇസ്രായേലിൽ തീർത്ഥാടനങ്ങൾ, തിരുനാളാഘോഷങ്ങൾ, ബലിയർപ്പണങ്ങൾ മുതലായ മതാനു ഷ്ഠാനങ്ങൾ ഒന്നിനും കുറവില്ലായിരുന്നു. എന്നാൽ ഇതൊന്നും ദൈവം ആഗ്രഹിച്ച ഫലമായി യേശു കണ്ടില്ല. ബാഹ്യാനുഷ്ഠാ നങ്ങൾ കൊണ്ടുമാത്രം ആരും രക്ഷപ്പെടുകയില്ല എന്ന് ഈ ഉപ മയിലൂടെ വ്യക്തമായി പഠിപ്പിക്കുന്നു. യേശു നൽകിയ സ്നേഹ ത്തിന്റെ പ്രമാണമാണ് പ്രധാനം. 23-ാം അദ്ധ്യായത്തിലെ ദുരിത വചനങ്ങളിലെ ഒരാഹ്വാനം ഇവിടെ സവിശേഷശ്രദ്ധയർഹി ക്കുന്നു: "നിയമത്തിലെ ഗൗരവമേറിയ കാര്യങ്ങളായ നീതി, കാരുണ്യം, വിശ്വസ്തത എന്നിവ...യാണ് നിങ്ങൾ ചെയ്യേണ്ടി യിരുന്നത്" (മത്താ 23,23).

സഭയിലെ അംഗമായതുകൊണ്ടു മാത്രം ആർക്കും രക്ഷ ലഭി ക്കണമെന്നില്ല. ദൈവം നൽകുന്ന സകലദാനങ്ങളുടെയും ആക

ത്തുകയായി മുന്തിരിത്തോട്ടത്തെ പരിഗണിക്കാം. ഇത് ഒന്നും ആരുടെയും അവകാശമല്ല, ദൈവം നൽകുന്ന സൗജന്യദാനമാണ്. ദൈവം ആഗ്രഹിക്കുന്നവിധം അവ ഉപയോഗിക്കുന്നില്ലെങ്കിൽ ഏതു നിമിഷവും തിരിച്ചെടുക്കപ്പെടാം. ഫലം പുറപ്പെടുവിക്കുന്നില്ലെങ്കിൽ പുറന്തള്ളപ്പെടും; നിത്യനാശമായിരിക്കും കാത്തിരിക്കുക. അതിനാൽ "പൂർവ്വാധികം ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ സ്വന്തം രക്ഷയ്ക്കുവേണ്ടി അധ്വാനിക്കുവിൻ" (ഫിലി 2,12).

# 20

## നോമ്പ് 5 – ാം ഞായർ

# യേശു ലോകത്തിന്റെ പ്രകാശം

**(യോഹ 8,12 – 20)**

ലോകത്തിന്റെ പ്രകാശമായി യേശു സ്വയം വെളിപ്പെടുത്തിയതിന്റെ വിവരണമാണ് ഇന്നത്തെ വായനയ്ക്കായി നിർദ്ദേശിച്ചിരിക്കുന്ന സുവിശേഷഭാഗം. പാപത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ വിധിക്കാനായി യേശുവിന്റെ മുമ്പിൽ നിർത്തിയ സംഭവത്തിനു ശേഷം പ്രത്യേക മുഖവുരയൊന്നും കൂടാതെ, "യേശു വീണ്ടും അവരോടു പറഞ്ഞു" എന്ന തുടക്കം ഏതു സംഭവത്തിന്റെ തുടർച്ചയാണിത് എന്ന് വ്യക്തമാക്കുന്നില്ല. പാപിനിയെ സംബന്ധിച്ച വിവരണവുമായി അടുത്ത ബന്ധമൊന്നും ഈ പ്രബോധനത്തിനില്ല എന്നു തോന്നും. അതേസമയം ഏഴാം അധ്യായത്തിൽ വിവരിച്ച യേശുവിന്റെ സ്വയം വെളിപ്പെടുത്തലുമായി കൂടുതൽ ബന്ധമുള്ളതായും തോന്നും. കൂടാരത്തിരുനാളിന്റെ അവസാന ദിനത്തിൽ ജീവജലത്തിന്റെ ഉറവയായി സ്വയം വെളിപ്പെടുത്തി. ഇവിടെ ലോകത്തിന്റെ പ്രകാശമായും സ്വയം വെളിപ്പെടുത്തുന്നു. ജലം, പ്രകാശം എന്നീ രണ്ടു പ്രമേയങ്ങൾ കൂടാരതിരുനാളിന്റെ പശ്ചാത്തലത്തിൽ ഏറെ ശ്രദ്ധേയമാണ്. തന്നെയുമല്ല, അഞ്ചാം അധ്യായത്തിലെ രോഗസൗഖ്യവുമായി ബന്ധിപ്പിക്കുന്നതിലൂടെ (യോഹ 7,23) ജീവൻ, ജലം, പ്രകാശം എന്നീ മൂന്നു സുപ്രധാന വിഷയങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്നതായും കാണാം.

ഇസ്രായേൽ ജനം, വാഗ്ദത്തഭൂമിയെ ലക്ഷ്യംവച്ച് മരുഭൂമിയിലൂടെ 40 വർഷം നടത്തിയ തീർത്ഥാടനത്തെ അനുസ്മരിക്കുന്ന കൂടാരത്തിരുനാളിലെ ഒരു മുഖ്യപ്രമേയമായിരുന്നു പ്രകാശം. ദേവാലയാങ്കണത്തിൽ സ്ഥാപിക്കുന്ന, ഏഴു ശാഖക

ളുള്ള മെനോറാ എന്നറിയപ്പെടുന്ന നാലു വലിയ വിളക്കുകൾ, അഥവാ ദീപസ്തംഭങ്ങൾ, ദേവാലയാങ്കണത്തെയും പരിസരങ്ങളെയും പ്രകാശപൂരിതമാക്കുമായിരുന്നു. അവസാനദിവസത്തെ തിരുനാളാഘോഷം രാത്രി മുഴുവൻ ദീർഘിക്കും. പ്രഭാതവന്ദനവും ആശിർവ്വാദവും കഴിഞ്ഞാണ് ഈ തിരുനാൾ സമാപിക്കുക.

രാത്രി മുഴുവൻ ദീർഘിക്കുന്ന ഈ തിരുനാളിന്റെ ബാക്കിപത്രം എന്ന നിലയിലാണ് യോഹ 8,1-11-ൽ കാണുന്ന ഇടർച്ചയുടെ ചിത്രം അവതരിപ്പിക്കുന്നത്. അതിനുശേഷമാണ് പ്രകാശത്തെ സംബന്ധിച്ച വിവരണം. ദേവാലയാങ്കണം പ്രകാശത്തിൽ കുളിച്ചു നിൽക്കുമ്പോൾ പിന്നാമ്പുറങ്ങളിൽ നടന്ന ഒരവിഹിത പ്രവൃത്തിയുടെ ചിത്രം അവതരിപ്പിക്കുന്നതിലൂടെ പ്രകാശവും അന്ധകാരവും തമ്മിലുള്ള സംഘർഷത്തിന്റെയും സംഘട്ടനത്തിന്റെയും ഒരു സൂചന നൽകുന്നതായി കാണാം. പ്രത്യക്ഷത്തിൽ വ്യഭിചാരകുറ്റം ആരോപിക്കപ്പെടുന്ന പതിതയാണ് അന്ധകാരത്തിന്റെ പ്രതീകം.

എന്നാൽ സുവിശേഷകന്റെ വിവരണം അടുത്തു പരിശോധിച്ചാൽ അവളെ വിചാരണയ്ക്കായി വലിച്ചിഴച്ചുകൊണ്ട് വന്ന് യേശുവിന്റെ മുമ്പിൽ നിർത്തിയ നേതാക്കൾ കൂടുതൽ കനത്ത അന്ധകാരത്തിലാണെന്നു വ്യക്തമാകും. അതിനാൽ യോഹന്നാന്റെ വിവരണത്തിൽ പാപിനിയുടെ വിചാരണയും വിമോചനവും തുടർന്നു നൽകുന്ന വിവരണങ്ങളുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു എന്ന നിഗമനത്തിനു സാധുതയുണ്ട്. യേശുവിന്റെ വിധിവാചകം കേട്ട്, കയ്യിൽ കരുതിയിരുന്ന കല്ലുകൾ താഴെയിട്ട് വിടവാങ്ങിയ നേതാക്കന്മാർ തന്നെയാണ് ഇപ്പോൾ വീണ്ടും യേശുവുമായി വിവാദത്തിൽ ഏർപ്പെടുന്നത്. വിവാദത്തിന്റെ അവസാനം ആ കല്ലുകൾ അവർ വീണ്ടും കയ്യിലെടുക്കും, യേശുവിനെ എറിയാൻ (8,59).

ഇന്നത്തെ വായനയ്ക്കായി നിർദ്ദേശിച്ചിരിക്കുന്ന സുവിശേഷഭാഗം വലിയൊരു വിവാദത്തിന്റെ തുടക്കം മാത്രമാണ്. വിവാദം സംഘർഷത്തിലേക്കും ശക്തമായ സംഘട്ടനത്തിലേക്കും നയിക്കും. ആരോപണങ്ങളും പ്രത്യാരോപണങ്ങളും മൂർച്ചയേറി, വധശ്രമത്തിൽ കലാശിക്കും. യേശുവിനെ വെറുക്കപ്പെട്ട സമറിയാക്കാരനും പിശാചുബാധിതനുമായി എതിരാളികൾ ചിത്രീക

രിച്ചു; ദൈവനിന്ദക്കുറ്റം ആരോപിച്ചു; അവസാനം എറിഞ്ഞു കൊല്ലാൻ അവർ കല്ലുകളെടുത്തു (യോഹ 8,48-59). യേശു തന്റെ നിലപാടിൽ ഉറച്ചുനിന്നു; പ്രസ്താവനകൾ കൂടുതൽ കൂടുതൽ വ്യക്തമാക്കി. മാത്രമല്ല, മതാധികാരികളായ തന്റെ എതിരാളികൾ ദൈവത്തെ അറിയുന്നില്ല; യേശു പറയുന്നത് അവർക്കു ഗ്രഹിക്കാൻ കഴിയുകയില്ല; കാരണം അവർ സാത്താന്റെ സന്തതികളാണ് (യോഹ 8,19. 27-44). അതിരൂക്ഷമായ ഈ സംഘട്ടനത്തിന്റെ പശ്ചാത്തലത്തിൽ വേണം പഠനവിഷയമായ സുവിശേഷഭാഗം മനസ്സിലാക്കാൻ. സുപ്രധാനമായ ഒരു വെളിപ്പെടുത്തലാണ് ഇവിടെ അവതരിപ്പിക്കുന്നത്.

ദേവാലയഭണ്ഡാരസ്ഥലത്തു പഠിപ്പിച്ചുകൊണ്ടിരുന്നപ്പോഴാണ് അവൻ ഇതെല്ലാം പറഞ്ഞത് (യോഹ 8,20) എന്ന പരാമർശം സംഭവസ്ഥലത്തെക്കുറിച്ച് വ്യക്തമായ സൂചന നൽകുന്നു. *സ്ത്രീകളുടെ അങ്കണം* എന്നറിയപ്പെട്ടിരുന്ന സ്ഥലമാണ് ഇവിടെ പരാമർശവിഷയം. വിജാതീയർക്കു പ്രവേശനം അനുവദിച്ചിരുന്ന അങ്കണത്തിൽനിന്ന് പതിനഞ്ചു പടവുകൾ ഉയരത്തിൽ, എല്ലാ ഇസ്രായേൽക്കാർക്കും പ്രവേശിക്കാവുന്ന ഒരിടമാണിത്. ഈ അങ്കണത്തിന്റെ പലഭാഗങ്ങളിലായി പതിമൂന്നു നേർച്ചപ്പെട്ടികൾ വച്ചിരുന്നു. വൃത്താകൃതിയിൽ അടിഭാഗം വലുതും മുകളിലേക്കു വരുന്തോറും ഇടുങ്ങിയതും ആയ, കാഹളം പോലുള്ള വലിയ പെട്ടികളായിരുന്നു ഇവിടെ ഭണ്ഡാരം എന്നു വിവക്ഷിക്കുന്നത്. പലതരത്തിലുള്ള നേർച്ചകളും കാണിക്കകളും ദേവാലയ നികുതികളും എല്ലാം ഈ പെട്ടികളിലാണ് നിക്ഷേപിക്കുക. അതിനാൽ വലിയ ആൾത്തിരക്കുള്ള ഒരു സ്ഥലമായിരുന്നു ഇത്. ഈ സ്ഥലം പ്രബോധനത്തിനായി തിരഞ്ഞെടുക്കുന്നതിലൂടെ തന്റെ വാക്കുകൾ എല്ലാവരും കേൾക്കണം എന്ന് യേശുവിനു നിർബന്ധമുണ്ടായിരുന്നതായി കരുതാം.

മൂന്നു പ്രധാന കാര്യങ്ങളാണ് പഠനവിഷയമായ സുവിശേഷഭാഗത്തു പ്രതിപാദിക്കുന്നത്. 1. യേശുവിന്റെ സ്വയം വെളിപ്പെടുത്തൽ. 2. യേശു നൽകുന്ന സാക്ഷ്യം. 3. ശ്രോതാക്കളുടെ പ്രതികരണം. തികച്ചും നാടകീയമാണ് അവതരണം. പ്രതികരിക്കുന്ന ശ്രോതാക്കൾ സാധാരണ ജനമല്ല, മറിച്ച് നേതൃനിരയിലുള്ള ഫരിസേയരാണ്. അതിനാൽത്തന്നെ ഈ സംഭാഷണം ഒരു ഔദ്യോഗിക വിചാരണയുടെ രൂപഭാവങ്ങൾ കൈക്കൊള്ളുന്നു. യേശുവിനെതിരേ കുറ്റാരോപണം നടത്താൻ അവസരമൊരുക്കുകയാ

യിരുന്നു വ്യഭിചാരിണിയെ അവതരിപ്പിച്ചുകൊണ്ട് നടത്തിയ നാടകത്തിന്റെ ലക്ഷ്യം. അവളെ വധശിക്ഷയ്ക്കു വിധിച്ചാൽ റോമൻ നിയമത്തിന്റെ ലംഘനമാകും. കാരണം വധശിക്ഷ വിധിക്കാനുള്ള അവകാശം റോമാക്കാരുടേതു മാത്രമായിരുന്നു (യോഹ 18,31); വെറുതെ വിട്ടാൽ ദൈവനിയമത്തിന്റെയും. ഈ ഊരാക്കുടുക്ക് തങ്ങളുടെ മേൽത്തന്നെ പതിച്ചതിന്റെ അമർഷവും ഇവിടെ പ്രതിയോഗികൾക്കുണ്ടാകും.

"ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു" എന്ന സ്വയം വെളിപ്പെടുത്തലോടെയാണ് സംഭാഷണം ആരംഭിക്കുന്നത്. *"ഞാൻ ആകുന്നു"* (I am) എന്ന യേശുവിന്റെ പ്രസ്താവന യോഹന്നാന്റെ സുവിശേഷത്തിൽ അനേകം തവണ പ്രത്യക്ഷപ്പെടുന്നുണ്ട്. എന്തെങ്കിലും ഒരു വിശേഷണത്തോടെയാണ് പലപ്പോഴും കാണുന്നത്. ഉദാ: ഞാൻ ജീവന്റെ അപ്പമാകുന്നു (യോഹ 6,35-41); ഞാൻ വാതിലാകുന്നു (10,7,9); ഞാൻ നല്ല ഇടയനാകുന്നു. (10,11); ഞാൻ ജീവനും പുനരുത്ഥാനവുമാകുന്നു (11,25); ഞാൻ വഴിയും സത്യവും ജീവനുമാകുന്നു (14,6). ഇതുപോലെയാണ് "ലോകത്തിന്റെ പ്രകാശം" എന്ന വിശേഷണവും അവതരിപ്പിച്ചിരിക്കുന്നത്.

എന്നാൽ ഒരു വിശേഷണവും കൂടാതെ *"ഞാൻ ആകുന്നു"* എന്ന പ്രസ്താവനയും യോഹന്നാൻ പലതവണ അവതരിപ്പിക്കുന്നുണ്ട്. 6,20 ലാണ് ഇപ്രകാരമൊരു വെളിപ്പെടുത്തൽ ആദ്യമേ പ്രത്യക്ഷപ്പെടുന്നത്. രാത്രിയിൽ കടലിനു മീതേ നടന്ന് തങ്ങളെ സമീപിക്കുന്ന രൂപം കണ്ട് വഞ്ചിയിൽനിന്ന ശിഷ്യന്മാർ ഭയാക്രാന്തരായപ്പോഴാണ് ഈ മഹാവാക്യം യേശു പറയുന്നത്; "ഞാനാണ്. ഭയപ്പെടേണ്ട" പ്രത്യക്ഷത്തിൽ, അവർ ഭയന്നതുപോലെ ഒരു ഭൂതമല്ല, അവരുടെ ഗുരുനാഥനായ യേശു തന്നെയാണ് എന്നു ധൈര്യപ്പെടുത്തുന്ന ഒരു പ്രസ്താവനയാണിത്. എന്നാൽ പ്രത്യക്ഷത്തിൽ കാണുന്നതിനേക്കാൾ ആഴമേറിയ അർത്ഥമുണ്ടിതിന്.

മോശയ്ക്കു മുൾപ്പടർപ്പിൽ വച്ചു വെളിപ്പെടുത്തിയ ദൈവത്തിന്റെ പേരുമായി ഇതിനു ബന്ധമുണ്ട്. *"ഞാൻ ഞാൻ തന്നെ"* (I am who I am) എന്നാണ് ആ പേരു വിശദീകരിക്കുന്നത്. പിന്നീട് ദൈവത്തിന്റെ പേരിനെക്കുറിച്ചു പറയുമ്പോൾ *"ഞാനാകുന്നവൻ"* എന്നത്രേ ബൈബിൾ രേഖപ്പെടുത്തുന്നത് (പുറ 3,14-15). *യാഹ്വേ* എന്ന് ഈ പേരിന്റെ ഉച്ചാരണം. എന്നാൽ ദൈവത്തോടുള്ള

ഭക്ത്യാദരവുകൾ നിമിത്തം ഇസ്രായേൽക്കാർ ഈ പേര് ഉച്ചരിക്കാറില്ല. പകരം *"അദോനായ്"* എന്നു പറയും. എന്റെ നാഥൻ, കർത്താവ്, എന്നാണ് ഈ വാക്കിനർത്ഥം. ഈ വാക്കാണ് പഴയ നിയമത്തിൽ ദൈവത്തിന്റെ പേരായി പൊതുവേ കാണുന്നത്. എന്നാൽ *"ഞാൻ ആകുന്നു"*, അഥവാ *"ഞാൻ ആകുന്നവൻ"* എന്ന പേര് വിസ്മരിക്കാനാവില്ല.

യേശു ഇപ്രകാരമൊരു വിശേഷണം സ്വയം വെളിപ്പെടുത്തലിനായി ഉപയോഗിച്ചു എന്ന് യോഹന്നാൻ പലതവണ ആവർത്തിക്കുന്നുണ്ട്. പഠനവിഷയമായ സുവിശേഷഭാഗത്തിന്റെ തുടർച്ചയായ സംഭാഷണത്തിൽ മൂന്നുതവണ ഈ വെളിപ്പെടുത്തൽ രേഖപ്പെടുത്തിയിട്ടുണ്ട് (8,24. 28,58). വീണ്ടും പീഡാനുഭവ വിവരണത്തിൽ മൂന്നു തവണകൂടി (18,5.6.8) ഈ പ്രയോഗം കാണാം. ദൈവവുമായുള്ള തുല്യതയിലേക്ക്, അഥവാ യേശുവിന്റെ ദൈവത്വത്തിലേക്ക് വിരൽചൂണ്ടുന്ന ഒരു വെളിപ്പെടുത്തലായിട്ടാണ് യോഹന്നാൻ ഈ പ്രയോഗം (I am sayings) ഉപയോഗിക്കുന്നത് എന്ന പശ്ചാത്തലത്തിൽ, വിശേഷണങ്ങളോടുകൂടിയ "ഞാൻ ആകുന്നു" പ്രയോഗങ്ങളും കൂടുതൽ വ്യക്തമാകുന്നു. ഓരോ വിശേഷണവും ദൈവികതയുടെ സവിശേഷതയായി പരിഗണിക്കണം.

നാലാം സുവിശേഷത്തിന്റെ സുപ്രധാനമായ ഒരു പ്രമേയമാണ് പ്രകാശം. സുവിശേഷത്തിന്റെ സാരസംഗ്രഹമായ ആമുഖത്തിലെ ആദ്യത്തെ എട്ടു വാക്യങ്ങളിൽ ഏഴുതവണ ആവർത്തിച്ചുകൊണ്ട് പ്രകാശം എന്ന പ്രമേയത്തിന്റെ പ്രാധാന്യം യോഹന്നാൻ ഊന്നിപ്പറയുന്നു. യേശുവിൽ പ്രകടമായ ജീവൻ മനുഷ്യർക്കു പ്രകാശമായിരുന്നു എന്നു പറഞ്ഞുകൊണ്ടാണ് ഈ പ്രമേയം അവതരിപ്പിക്കുന്നത് (യോഹ 1,4). തുടർന്ന് പ്രകാശത്തിനു ലഭിക്കുന്ന സ്വീകരണവും തിരസ്കരണവും ചിത്രീകരിച്ചുകൊണ്ട് യേശുവിന്റെ വരവിലൂടെ സംജാതമായ തിരഞ്ഞെടുപ്പിന്റെ അനിവാര്യതയും, സംഭവിക്കുന്ന അതിരൂക്ഷമായ സംഘട്ടനവും പരാമർശവിഷയമാകുന്നു. പ്രകാശം അന്ധകാരത്തിൽ പ്രകാശിക്കുന്നു; എന്നാൽ പ്രകാശത്തെ സ്വീകരിക്കാനോ ഉന്മൂലനം ചെയ്യാനോ അന്ധകാരത്തിനു കഴിയുന്നില്ല (യോഹ 1,5). ഇപ്രകാരം തുടക്കത്തിലേ സൂചിപ്പിച്ച പ്രകാശവും അന്ധകാരവും തമ്മിലുള്ള സംഘട്ടനത്തിന്റെ ഒരു മുഹൂർത്തമാണ് എട്ടാം അധ്യായത്തിൽ വിവരിക്കുന്നത്.

യേശുവിന്റെ പരസ്യജീവിതം മുന്നേറുന്തോറും ഈ സംഘട്ട നത്തിന്റെ രൂക്ഷത വർദ്ധിക്കും. അവസാനം യേശുവിന്റെ കുരിശു മരണത്തിൽ അന്ധകാരം പ്രകാശത്തെ കീഴടക്കിയെന്നു തോന്നും. അങ്ങനെയൊരു സൂചനയാണല്ലോ യേശുവിന്റെ മരണസമയത്ത്, മധ്യാഹ്നത്തിൽ സൂര്യൻ അസ്തമിച്ചതും ഭൂമി മുഴുവൻ ഇരുൾ വ്യാപിച്ചതും. പക്ഷേ, സമാന്തര സുവിശേഷകർ വിവരിക്കുന്ന ഈ സംഭവം യോഹന്നാൻ രേഖപ്പെടുത്തിയിട്ടില്ല. ഇതു മനഃപൂർവ്വം വിട്ടുകളയുന്നതിലൂടെ അന്ധകാരം പ്രകാശത്തെ കീഴടക്കി എന്ന പ്രതീതി തന്നെ ഒഴിവാക്കുന്നു. ലോകത്തിന്റെ അധികാരി എന്നു വിശേഷിപ്പിക്കുന്ന തിന്മയുടെ ശക്തിയാണ് അന്ധകാരത്തിന്റെ അധിപൻ. എന്നാൽ പിശാചെന്നും സാത്താനെന്നും വിളിക്കപ്പെ ടുന്ന ഈ അന്ധകാരലോകത്തിന്റെ അധിപന് തന്റെമേൽ ഒരധി കാരവുമില്ല; യേശുവിന്റെ മരണത്തിലൂടെ അന്ധകാരം വിജയി ക്കുകയല്ല, നിർണ്ണായകമായ പരാജയം ഏറ്റുവാങ്ങുകയാണ് ചെയ്യു ന്നത് എന്നു യോഹന്നാൻ വ്യക്തമാക്കിയിട്ടുണ്ട് (12,31;14,30).

പ്രകാശത്തിന്റെ മുഖ്യമായ ദൗത്യം കാഴ്ച സാധ്യമാക്കുക യാണല്ലോ. പ്രകാശത്തിന്റെ അഭാവത്തെയാണ് അന്ധകാരം എന്നു വിളിക്കുന്നത്. അന്ധകാരം ഭയം ജനിപ്പിക്കുന്നു, കാരണം ഒന്നും കാണാനും അറിയാനും കഴിയാത്ത അവസ്ഥയാണ് അന്ധ കാരം വഴി സംജാതമാകുന്നത്. ഈ അന്ധകാരം ഭൗതികമോ ആത്മീയമോ ആകാം. സൂര്യാസ്തമയത്തോടെ അന്ധകാരം വ്യാപിക്കുമ്പോൾ പ്രാകൃതമനുഷ്യനു ഭയമുണ്ടായിരുന്നു. എല്ലാം തകരുന്നതുപോലെ, അവസാനിക്കുന്നതുപോലെ ഒരു പ്രതീതി. ഇനി എന്തു സംഭവിക്കും എന്നറിയാത്തതിനാലുണ്ടാകുന്ന ഭയം. അതിനാൽത്തന്നെ രാത്രിയാകുന്നതിനുമുമ്പേ വീടുപറ്റാൻ യാത്രി കർ ശ്രദ്ധിക്കും. ഇതും ഒരു ആത്മീയാവസ്ഥയുടെ പ്രതീകമായി കരുതാനാവും.

രണ്ടു കണ്ണിനും നല്ല കാഴ്ചയും പുറത്ത് നല്ല പ്രകാശവും ഉണ്ടെങ്കിലും ഉള്ളിൽ ഇരുട്ടു നിറയുന്ന അനുഭവമുണ്ടാകാം. ആരോഗ്യം നഷ്ടപ്പെടുന്നു; തുണയ്ക്ക് ആരുമില്ലാതാകുന്ന അവസ്ഥ. ഇനി എങ്ങനെ മുന്നോട്ടു പോകും എന്നറിയില്ല. കരുതി വച്ചിരുന്നതെല്ലാം നഷ്ടപ്പെടുന്നു. സുരക്ഷിതത്വം നൽകിയ കൂടാ രവിരികൾ നൊടിയിടയിൽ കീറിപ്പറയുന്നു. ഉള്ളിൽ ഇരുട്ടു നിറ യുന്ന അനുഭവം. ഇവിടെയാണ് പ്രകാശത്തിന്റെ അർത്ഥവും പ്രസ ക്തിയും വ്യക്തമാവുക.

യേശുവിന്റെ പ്രഖ്യാപനം: "ഞാൻ ലോകത്തിന്റെ പ്രകാശ മാകുന്നു" ഈ പ്രതിസന്ധിയിലേക്കു കടന്നുവരുന്ന പ്രത്യാശ യുടെ കിരണമാണ്; കൊള്ളിയാൻ പോലെ മിന്നിമറയുന്ന പ്രകാ ശമല്ല യേശു; ഇല്ലാത്ത നിറങ്ങൾ കാട്ടിത്തരുന്ന വ്യാജപ്രകാശ വുമല്ല അവൻ. ഏവർക്കും വഴികാട്ടിയാണ് യേശു. "ലോകം" എന്നത് ഏറ്റം വിശാലമായ അർത്ഥത്തിൽത്തന്നെ എടുക്കണം. "ജനതകൾക്കു പ്രകാശം" (ഏശ 42,7) എന്ന പ്രവചനത്തിൽ ഇതിന്റെ ഒരു സൂചന കാണാം. "എല്ലാ മനുഷ്യരെയും പ്രകാശി പ്പിക്കുന്ന യഥാർത്ഥ പ്രകാശം ലോകത്തിലേക്കു വരുന്നുണ്ടായി രുന്നു" (യോഹ 1,9). ആ പ്രകാശമാണ് യേശു.

ഈ പ്രകാശത്തിനു രണ്ടു സവിശേഷതകൾ നൽകിയിരി ക്കുന്നു. 1. ജീവൻ നൽകുന്നു; 2. ജീവനിലേക്കു നയിക്കുന്നു. ദൈവ വുമായുള്ള അഭേദ്യബന്ധമാണ് ജീവൻ എന്നതുകൊണ്ട് അർത്ഥ മാക്കുക. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവത്തിലെ മൂന്നാളുകൾ തമ്മിൽ നിലനിൽക്കുന്ന, അവരെ പരസ്പരം ബന്ധിപ്പിക്കുന്ന സ്നേഹം തന്നെയാണ് ഈ ജീവൻ. അതിനാൽ യേശു ലോകത്തിന്റെ പ്രകാശമാകുന്നു എന്ന പ്രസ്താ വന യേശുവിലൂടെയാണ് ദൈവികജീവൻ സകലർക്കും ലഭ്യമാ വുക എന്നു പഠിപ്പിക്കുന്നു. അതുകൊണ്ടാണല്ലോ "അവനിൽ ജീവനുണ്ടായിരുന്നു, ആ ജീവൻ മനുഷ്യരുടെ പ്രകാശമായിരുന്നു" (യോഹ 1,4) എന്നു പറയുന്നത്. പ്രകാശമായ യേശു എല്ലാ വർക്കും ജീവൻ നൽകുന്നത് ജീവന്റെ ഉറവിടമായ പിതാവിലേക്കു നയിച്ചുകൊണ്ടാണ്. പിതാവിൽനിന്നു പുത്രനിലേക്കും പുത്ര നിൽനിന്നു പിതാവിലേക്കും നിരന്തരം നിർഗ്ഗളിക്കുന്ന സ്നേഹ പ്രവാഹമായ പരിശുദ്ധാത്മാവിലേക്കു ലയിച്ചുചേരുന്നതാണ് ഈ ജീവൻ പ്രാപിക്കൽ. ഇതു സംഭവിച്ചു കഴിയുമ്പോൾ വി. പൗലോ സിനെപ്പോലെ ഓരോ വ്യക്തിക്കും പറയാൻ കഴിയും "ഇനി ഞാനല്ല, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" (ഗലാ 2,20).

ഈ ജീവിക്കലും പ്രകാശിക്കലും യാന്ത്രികമായി സംഭവി ക്കുന്ന ഒരു കാര്യമല്ല. അന്ധകാരത്തിൽനിന്നു മുക്തിനേടണമെ ങ്കിൽ യേശുവിനെ അനുഗമിക്കണം എന്ന് തുടർന്നു പഠിപ്പിക്കുന്നു. "എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല; അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും" (8,12). അനുഗമിക്കുക എന്ന പദത്തിന് പല ധ്വനികളുണ്ട്. ശിഷ്യത്വവുമായി ബന്ധപ്പെട്ട താണ് ഏറ്റം പ്രധാനം. അടിമ ഉടമയുടെ പിന്നാലെ പോകുന്നതു

പോലെ, പൗരൻ രാജ്യത്തിന്റെ നിയമങ്ങൾ പാലിക്കുന്നതുപോലെ, സംശയാവസരങ്ങളിൽ ജ്ഞാനിയുടെ ഉപദേശം സ്വീകരിക്കുന്നതുപോലെ ഒക്കെയാണത്, എന്നാൽ അതു മാത്രമല്ല. ഗുരുശിഷ്യബന്ധമാണ് ഇവിടെ മുഖ്യമായും സൂചിപ്പിക്കുന്നത്. യേശുവിനെ ഗുരുവും നാഥനുമായി സ്വീകരിക്കണം; അവന്റെ വാക്കു കേൾക്കണം, വിളി സ്വീകരിക്കണം; പൂർണ്ണമായി സ്വയം അടിയറ വയ്ക്കണം. അവന്റെ ലക്ഷ്യം എന്റെ ലക്ഷ്യമാകണം; അവന്റെ മാർഗ്ഗം എന്റെ മാർഗ്ഗവും. യേശുവിനെ നാഥനും രക്ഷകനും ദൈവവുമായി സ്വീകരിച്ച്, പൂർണ്ണമനസ്സോടെ അവനെ അനുസരിച്ചു ജീവിക്കുമ്പോഴാണ് ജീവന്റെ പ്രകാശം ലഭിക്കുക; അഥവാ ജീവന്റെയും പ്രകാശത്തിന്റെയും ഉറവിടമായ ദൈവത്തിലേക്കു വരുക.

എന്നാൽ യേശുവിനെ സ്വീകരിക്കാനോ വിശ്വസിക്കാനോ സന്നദ്ധരല്ല യഹൂദനേതാക്കൾ. പ്രകാശവും അന്ധകാരവും തമ്മിലുള്ള സംഘട്ടനം ഇവിടെ ദൃശ്യമാകുന്നു. യേശുവിന്റെ ആധികാരികതയെ നേതാക്കൾ ചോദ്യം ചെയ്യുന്നത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് (നിയ 17,6; 19,15). ഒരു കാര്യത്തിന്റെ സത്യാവസ്ഥ സ്വീകരിക്കാൻ രണ്ടുപേരുടെയെങ്കിലും സാക്ഷ്യം ആവശ്യമാണ്. അതിനാൽ യേശു തനിക്കുതന്നെ സാക്ഷ്യം നൽകുന്നത് സ്വീകാര്യമല്ല. അതിന് യേശു രണ്ടു മറുപടികൾ നൽകുന്നു. താൻ എന്താണ് പറയുന്നതെന്നു കൃത്യമായി അറിയുന്നു; തന്റെ ഉറവിടവും ലക്ഷ്യവും എന്തെന്നും കണിശമായി അറിയുന്നു. ദൈവത്തിൽനിന്നു വന്നുവെന്നും ദൈവത്തിലേക്കു പോകുന്നുവെന്നും ഉള്ള ഈ അറിവ് സത്യത്തിനു മതിയായ തെളിവാണ്. അതിനു പുറമേ യേശുവിനെ അയച്ച പിതാവും സാക്ഷ്യം നൽകുന്നു. എന്നാൽ ഇതൊന്നും അറിയാത്ത നേതാക്കൾ യേശുവിന്റെ സാക്ഷ്യം സ്വീകരിക്കുന്നില്ല. മാത്രമല്ല, സാക്ഷ്യം നൽകുന്നവനെ വധിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

പ്രകാശം കുത്തിക്കെടുത്താൻ ശ്രമിക്കുന്ന അന്ധകാരശക്തികൾ ഇവിടെ മറനീക്കി പ്രത്യക്ഷമാകുന്നു. ഈ സംഘട്ടനം യേശുവിന്റെ കാലത്തിന്റെ മാത്രം പ്രത്യേകതയല്ല. നുണപറഞ്ഞ് വഞ്ചിച്ച്, ആദി മനുഷ്യനെ ദൈവത്തിൽ നിന്നകറ്റിയ പറുദീസായിൽ തുടങ്ങിയതാണിത്. ലോകാവസാനം വരെ ഈ സംഘട്ടനം തുടരുകയും ചെയ്യും. പ്രകാശവും അന്ധകാരവും തമ്മിൽ, നന്മയും തിന്മയും തമ്മിൽ, നേരും നുണയും തമ്മിലുള്ള സംഘട്ടനം എന്നത്തേക്കാളേറെ ഇന്ന് രൂക്ഷമായിരിക്കുന്നു.

നുണ നേരായി അവതരിപ്പിക്കാൻ എത്ര സമർത്ഥമായാണ് ഇന്നു മനുഷ്യനു സാധിക്കുക! മതനിരപേക്ഷതയുടെ മറവിൽ ദൈവനിഷേധം അവകാശമായി അംഗീകരിക്കപ്പെടുന്നു. അപരനെ ശത്രുവായി കണ്ട് ഉന്മൂലനം ചെയ്യാൻ മതതീവ്രതയുടെ മുഖംമൂടിയണിഞ്ഞ സാത്താൻ വിജയിക്കുന്നു. മരണമാണ് ജനനത്തെക്കാൾ മെച്ചം എന്ന് സാമ്പത്തികവിദഗ്ധർ കണക്കുകൾ നിരത്തി തെളിയിക്കാൻ ശ്രമിക്കുന്നു. "നട്ടുച്ചയും ഇന്നിവർക്കു പാതിരാ" എന്നു കവികൾ കേഴുന്നു. "വെളിച്ചം ദുഃഖമാണുണ്ണീ; തമസ്സല്ലോ സുഖപ്രദം" എന്ന ആക്ഷേപഹാസ്യം സ്വീകാര്യമാകുന്നു. ഇവിടെയാണ് പ്രകാശമായ യേശുവിനെ അനുഗമിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാകുന്നത്.

വ്യക്തിസ്വാതന്ത്ര്യത്തിന്റെയും പുരോഗമനത്തിന്റെയും പേരുപറഞ്ഞ് ചിരപുരാതനങ്ങളായ ധാർമ്മിക മൂല്യങ്ങളെ തമസ്കരിക്കാൻ, ചവിട്ടിമെതിക്കാൻ, നിർമ്മാർജ്ജനം ചെയ്യാൻ ഇന്നു മനുഷ്യനു മടിയില്ലാതായിരിക്കുന്നു. ക്രിസ്തീയ വിശ്വാസവും ധാർമ്മികതയും പഴഞ്ചരക്കായി അവഗണിക്കുകയും അവഹേളന വിധേയമാക്കുകയും ചെയ്യുന്നവർ എത്തിപ്പെടുന്നത് ഇരുട്ടറയിലാണെന്ന്, വൈകിയെങ്കിലും വലിയൊരു ഞെട്ടലോടെ ഇന്നു തിരിച്ചറിയുന്നു. മനഃപൂർവ്വം കുത്തിക്കെടുത്തിയ പ്രകാശത്തിന്റെ ഉറവിടത്തിലേക്ക് ഒരു മടക്കയാത്ര ആവശ്യമായിരിക്കുന്നു. അല്ലെങ്കിൽ പ്രകാശമെന്നു കരുതി അന്ധകാരത്തെ അനുധാവനം ചെയ്ത് സമൂല നാശത്തിൽ നാം നിപതിക്കാം എന്നതിന്റെ സൂചനയും നമുക്ക് ധാരാളം ലഭിക്കുന്നു, ആകാശത്തിലും ഭൂമിയിലും സർവ്വോപരി മനുഷ്യഹൃദയങ്ങളിലും, തകരുന്ന ബന്ധങ്ങളിലും.

അതിനാൽ ഔദ്ധത്യവും കപടമായ സുരക്ഷിതത്വബോധവും അടിസ്ഥാനരഹിതമായ വ്യാമോഹങ്ങളും വെടിഞ്ഞ്, ലോകത്തിന്റെ പ്രകാശമായ യേശുവിലേക്കു തിരിയാൻ കാലം അതിക്രമിച്ചിരിക്കുന്നു. "അല്പസമയത്തേക്കുകൂടി പ്രകാശം നിങ്ങളുടെ ഇടയിലുണ്ട്. അന്ധകാരം നിങ്ങളെ കീഴടക്കാതിരിക്കാൻ പ്രകാശമുള്ളപ്പോൾ നടക്കുവിൻ... നിങ്ങൾ പ്രകാശത്തിന്റെ മക്കളാകേണ്ടതിന് പ്രകാശമുള്ളപ്പോൾ പ്രകാശത്തിൽ വിശ്വസിക്കുവിൻ" (യോഹ 13,35-36).

# 21

## നോമ്പ് 6 – ാം ഞായർ

# യേശു നല്ല ഇടയൻ

**(യോഹ 10,1 – 18)**

കേൾവിക്കാർക്കു സുപരിചിതമായ ഒരു ഉപമയിലൂടെ യേശു തന്റെ വ്യക്തിത്വവും ആഗമനോദ്ദേശ്യവും വ്യക്തമാക്കുന്ന ഒരു സംഭവമാണ് യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ നിന്ന് ഇന്നത്തെ വായനയ്ക്കായി സഭ നിശ്ചയിച്ചിരിക്കുന്നത്. ഇടയ ജീവിതത്തിൽനിന്ന് പെറുക്കിയെടുത്ത പല ഉദാഹരണങ്ങൾ അടുക്കിവച്ചതാണ് നല്ല ഇടയനെക്കുറിച്ചുള്ള പ്രതിപാദനം. ഇടയനും കള്ളനും തമ്മിലുള്ള അന്തരം (10,1–3), ഇടയനു വാതിൽ തുറന്നു കൊടുക്കുന്ന കാവൽക്കാരൻ (10,3); ഇടയന്റെ സ്വരം തിരിച്ചറിയുന്ന ആടുകൾ (10,4), ആടുകൾക്കു മുമ്പേ പോകുന്ന ഇടയൻ (10,5–6); കള്ളനും ഇടയനും (10,10–11) ഇടയനും കൂലിക്കാരനും തമ്മിലുള്ള വ്യത്യാസം (10,12–13) ഈ വിശദാംശങ്ങളെല്ലാം യേശുവിന്റെ വ്യക്തിത്വത്തിന്റെ തനതാത്മകതയും സവിശേഷതകളും പ്രകടമാക്കുന്നു.

ഒമ്പതാം അധ്യായത്തിൽ വിവരിച്ച സംഭവങ്ങളുടെ തുടർച്ചയായിട്ടാണ് യോഹന്നാൻ നല്ല ഇടയനെ സംബന്ധിച്ച ഈ പ്രബോധനം അവതരിപ്പിക്കുന്നത്. വെളിച്ചത്തിനെതിരേ മനഃപൂർവ്വം കണ്ണടയ്ക്കുന്ന ഫരിസേയ നേതാക്കൾ തന്നെയാണ് ഇവിടെയും ശ്രോതാക്കൾ. "നിങ്ങൾ കാണുന്നു എന്നു പറയുന്നു. അതുകൊണ്ട് നിങ്ങളിൽ പാപം നിലനിൽക്കുന്നു" (9,41) എന്ന വിധിവാചകത്തിനുശേഷം സ്ഥലമോ കഥാപാത്രങ്ങളോ മാറുന്നില്ല. മറ്റൊരധ്യായം തുടങ്ങുന്നു എന്നത് പിൽക്കാലത്ത് നടത്തിയ വിഭജനത്തിന്റെ ഫലമാണ്. സുവിശേഷകന്റെ അവതര

ണത്തിൽ യേശു സംസാരിക്കുന്നത് തന്നെ എതിരിടുന്ന ഫരിസേയരോടു തന്നെയാണ്. "പിശാചു ബാധിതന് അന്ധരുടെ കണ്ണുകൾ തുറക്കാൻ കഴിയുമോ" (10,21) എന്ന കേൾവിക്കാരുടെ പ്രതികരണം 9-ാം അധ്യായത്തിലെ പ്രമേയത്തിന്റെ തുടർച്ചയാണ് ഇവിടെയും അവതരിപ്പിക്കുന്നത് എന്നു വ്യക്തമാക്കുന്നു.

യേശുവിന്റെ ശ്രോതാക്കൾക്ക് സുപരിചിതമായിരുന്നു ഇടയന്മാരുടെ ജീവിതം. യേശുവിന്റെ കാലത്തും പാലസ്തീനായിൽ, പ്രത്യേകിച്ച് യൂദയായിൽ, ധാരാളം ഇടയന്മാരുണ്ടായിരുന്നു. ഇന്നും അവരെ അവിടെ കാണാം. ഇസ്രായേൽ ജനത്തിന്റെ പൂർവ്വപിതാക്കന്മാർ ഇടന്മാരായിരുന്നു. കാനാൻ ദേശത്തു വാസമുറപ്പിച്ചതിനുശേഷവും ആടുമേയ്ക്കൽ അവരുടെ ഒരു മുഖ്യ തൊഴിലായിരുന്നു. ഇസ്രായേലിന്റെ ഏറ്റം വലിയ രാജാവ് ദാവീദും ഇടയനായിരുന്നു. ആടുകളെ മേയ്ക്കുന്നതിനിടയിലാണ് സാമുവേൽ അയാളെ രാജാവായി അഭിഷേചിച്ചത്. ഇടയന്മാരായ ജനം തങ്ങൾക്കു സ്വയം വെളിപ്പെടുത്തിയ ദൈവത്തെയും ഇടയനായി കണ്ടു, "ഇസ്രായേലിന്റെ ഇടയനേ" (സങ്കീ 80,1) എന്ന് അവർ ദൈവത്തെ വിളിച്ചു. ജനത്തോടുള്ള ദൈവത്തിന്റെ സ്നേഹവും പരിഗണനയും പരിപാലനയും വ്യക്തമാക്കാൻ "ഇടയൻ" എന്ന പ്രതീകം ഏറ്റം പര്യാപ്തമായി.

"കർത്താവാണ് എന്റെ ഇടയൻ" എന്നു തുടങ്ങുന്ന 23-ാം സങ്കീർത്തനം ഈ ആശയത്തിനു സാക്ഷ്യമായി നിൽക്കുന്നു. ഇസ്രായേലിലെ നേതാക്കന്മാരെയും ഇടയന്മാർ എന്നാണ് ബൈബിൾ വിശേഷിപ്പിച്ചത്. എന്നാൽ ഈ ഇടയന്മാർ ജനമാകുന്ന അജഗണത്തെ പരിപാലിക്കുന്നതിനുപകരം സ്വന്തം താല്പര്യങ്ങൾ മാത്രം ശ്രദ്ധിച്ചപ്പോൾ അവർക്കു പകരം ഒരു നല്ല ഇടയനെ അയയ്ക്കും (ജറെ 3,15;23,4); അല്ല, താൻ തന്നെ നല്ല ഇടയനായി അവരെ നയിക്കും എന്ന് ദൈവം പ്രവാചകന്മാരിലൂടെ അരുളിച്ചെയ്തു (എസെ 34; ജറെ 31,10). ഇപ്രകാരം അനുദിന ജീവിതാനുഭവങ്ങളുടെയും ബൈബിളിലെ വിവരണങ്ങളുടെയും പശ്ചാത്തലത്തിൽ നല്ല ഇടയനെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനം ഗ്രഹിക്കാൻ ജനങ്ങൾക്ക് എളുപ്പമായിരുന്നു.

"യേശു നല്ല ഇടയൻ" എന്ന പ്രധാന പ്രമേയം അപഗ്രഥിക്കുന്നതിനുമുമ്പേ, ഉപമകൾ മനസിലാക്കാൻ സഹായിക്കുന്ന ചില സവിശേഷതകൾ ഓർത്തിരിക്കുന്നത് നല്ലതാണ്. പലസ്തീനാ

യിൽ രണ്ടുതരം ഇടന്മാരുണ്ടായിരുന്നു, സ്വന്തം ആടുകളെ നേരിട്ടു മേയ്ക്കുന്ന ഉടമസ്ഥരായ ഇടയന്മാരും അന്യരുടെ ആടുകളെ കൂലിക്കു മേയ്ക്കുന്ന കൂലിക്കാരും. ആടുകളെ രാത്രി പൊതുവായ ഒരാലയിൽ അഥവാ വളപ്പിൽ ആയിരിക്കും സൂക്ഷിക്കുക. ഗ്രാമത്തിനുള്ളിൽ ആടുകൾക്കു വേണ്ടിയുള്ള ആലകളുണ്ടായിരിക്കും. ആലയ്ക്ക് ഒരു വാതിലും കാവല്ക്കാരനും ഉണ്ടാകും. ഇടയന്മാർ സന്ധ്യയാകുമ്പോൾ തങ്ങളുടെ ആടുകളെ ആലയിലേക്കു കൊണ്ടുവരും; പ്രഭാതത്തിൽ വീണ്ടും പുറത്തേക്കു കൊണ്ടുപോകും. എന്നാൽ അധികസമയവും ആടുകളെ ഗ്രാമത്തിനു വെളിയിൽ, തുറസ്സായ സ്ഥലത്തായിരിക്കും രാത്രിയിലും സൂക്ഷിക്കുക. അതിനായി വേലികെട്ടി സുരക്ഷിതമാക്കിയ വളപ്പുണ്ടാകും. ഇവിടെയും സന്ധ്യയാകുമ്പോൾ ആടുകളെയെല്ലാം ഒരുമിച്ചുകൂട്ടും. രാവിലെ ഓരോ ഇടയനും തന്റെ ആടുകളെ പുറത്തേക്കു നയിക്കും. ആലയ്ക്കു പുറത്തുനിന്ന് ഇടയൻ പുറപ്പെടുവിക്കുന്ന പ്രത്യേക ശബ്ദം തിരിച്ചറിഞ്ഞ് ഓരോ ഗണവും താന്താങ്ങളുടെ ഇടയന്റെ പിന്നാലെ പോകും. ചില ഇടയന്മാർ തങ്ങളുടെ ഓരോ ആടിനും ഓമനപ്പേരു നല്കിയിരിക്കും. ആ പേരു വിളിക്കുമ്പോൾ ആട് ഇടയന്റെ അടുത്തേക്ക് ഓടിയെത്തും. ഇതാണ് വിവരണത്തിന്റെ ഒരു പശ്ചാത്തലം.

ആടുകൾ നേരിടുന്ന വലിയ ഭീഷണിയായിരുന്നു വന്യമൃഗങ്ങളും കള്ളന്മാരും. ചെന്നായ്ക്കൾ ധാരാളമുണ്ടായിരുന്നു. ആടുകളെ സംരക്ഷിക്കാനായി കരടിയോടും സിംഹത്തോടും പൊരുതിയ ദാവീദിനെക്കുറിച്ചും ബൈബിൾ പറയുന്നുണ്ട് (1 സാമു 17,37). സ്വന്തം ജീവൻ അപകടപ്പെടുത്തിക്കൊണ്ടും ആടുകളെ സംരക്ഷിക്കുന്നവനാണ് നല്ല ഇടയൻ എന്ന് യേശു പറയുന്നത് ഈ പശ്ചാത്തലത്തിൽ മനസിലാക്കണം. അതേസമയം കൂലിക്കുവേണ്ടി മാത്രം ആടു നോക്കുന്നവൻ അപകടമുണ്ടാകുമെന്നു തോന്നുമ്പോൾ ഓടിയൊളിക്കുക സ്വാഭാവികം.

കഥ കേട്ടെങ്കിലും സാരം മനസിലായില്ല. “അവൻ തങ്ങളോടു പറഞ്ഞത് എന്തെന്ന് അവർ മനസിലാക്കിയില്ല” (യോഹ 10,6) എന്ന സുവിശേഷകന്റെ നിരീക്ഷണം കേൾവിക്കാരുടെ അജ്ഞതയിലേക്കും അന്ധതയിലേക്കും ശ്രദ്ധ തിരിക്കുന്നു. “കാഴ്ചയുള്ളവർ അന്ധരായിത്തീരുന്നതിന് ന്യായവിധിക്കായിട്ടാണ് ഞാൻ ഈ ലോകത്തിലേക്കു വന്നത്” (യോഹ 9,39) എന്ന പ്രസ്താവനയുടെ ഒരു ഉദാഹരണമായി ഇതിനെ കരുതാം. “ഇട

യൻ" എന്ന പ്രതീകത്തിൽനിന്ന് "വാതിൽ" എന്ന പ്രതീകത്തിലേക്കു ശ്രദ്ധ തിരിച്ചുകൊണ്ട് യേശു ഇടയനും, വാതിലും, വാതിൽ കാവൽക്കാരനുമായി സ്വയം ചിത്രീകരിക്കുന്നു. കതകില്ലാത്ത ഇടുങ്ങിയ വാതിൽക്കലാണ് രാത്രിയിൽ ഇടയൻ കിടക്കുക. അപ്പോൾ ആലയിലേക്ക് കടക്കണമെങ്കിൽ ഇടയനെ ചവിട്ടി കയറണം. ഈ അർത്ഥത്തിൽ ഇടയൻ തന്നെ വാതിലായി മാറുന്നു. ഇവിടെയാണ് യേശുവും മുൻഗാമികളും തമ്മിലുള്ള അന്തരം.

"എനിക്കുമുമ്പേ വന്നവരെല്ലാം കള്ളന്മാരും കവർച്ചക്കാരും ആയിരുന്നു" (10,8). മനസിലാക്കാൻ ബുദ്ധിമുട്ടുള്ള ഒരു സാമാന്യവൽക്കരണമായി തോന്നാം. ദൈവം പ്രത്യേകം തിരഞ്ഞെടുത്ത പൂർവ്വപിതാക്കന്മാരും അഭിഷേകം ചെയ്തയച്ച പ്രവാചകന്മാരും എല്ലാം കള്ളന്മാരായിരുന്നു എന്ന് ഇതർത്ഥമാക്കുന്നില്ല. ജനത്തെ വഴിതെറ്റിച്ച, വഴിതെറ്റിക്കുന്ന നേതാക്കന്മാരാണ് ഇവിടെ പരാമർശവിഷയം. ആ കൂട്ടത്തിൽ രാജാക്കന്മാരും പുരോഹിതന്മാരും വ്യാജപ്രവാചകന്മാരുമുണ്ട്. എസെക്കിയേൽ 34-ാം അധ്യായം ഏറ്റം വ്യക്തമായ ഉദാഹരണമാണ്. യേശുവിനു തൊട്ടുമുമ്പുള്ള രണ്ടു നൂറ്റാണ്ടിൽ ഇപ്രകാരം അനേകം വ്യാജന്മാർ കടന്നുവരുകയും ജനത്തെ വഴിതെറ്റിക്കുകയും ചെയ്തിരുന്നു. ആ പരമ്പരയിലാണ് യേശുവിന്റെ എതിരാളികളായ ശ്രോതാക്കളും നിൽക്കുക.

"ഞാനാണ് ആടുകളുടെ വാതിൽ" എന്ന പ്രസ്താവന "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു" എന്ന ആമുഖത്തോടെ അവതരിപ്പിക്കുന്നതിനാൽ ഒരു ദൈവിക വെളിപാടിന്റെ പരിവേഷം ഉൾക്കൊള്ളുന്നു. *"ഞാൻ ആകുന്നു"* (I am) എന്ന പ്രസ്താവന തന്നെ യോഹന്നാന്റെ സുവിശേഷത്തിൽ ആഴമേറിയ അർത്ഥസൂചനകൾ ഉള്ളതാണ്. മോശയ്ക്ക് വെളിപ്പെടുത്തിയ ദൈവത്തിന്റെ പേരുമായി (ഞാൻ-ഞാനാകുന്നവൻ -I am) എന്ന പ്രസ്താവനയ്ക്ക് അടുത്ത ബന്ധമുണ്ട്. അതിലൂടെ യേശുവിന്റെ ദൈവികതയിലേക്കുള്ള ഒരു സൂചനയും ഇവിടെ കാണാം. "വഴിയും സത്യവും ജീവനും" (യോഹ 14,6) എന്നു വിശേഷിപ്പിക്കുമ്പോൾ ഈ സൂചന തന്നെയാണ് ലഭിക്കുക. യേശുവാകുന്ന വാതിലിലൂടെ മാത്രമേ ആർക്കും ജീവനിലേക്ക്, ദൈവിക ജീവനിലേക്ക് പ്രവേശനം ലഭിക്കൂ! അപ്പോൾ ഇടയൻ തന്നെ വാതിലായി മാറുന്നു. അകത്തു വരുകയും പുറത്തു പോവുകയും ചെയ്യുക എന്നത് സ്വതന്ത്രമായ ഒരു ജീവിതത്തിന്റെ ചിത്ര

മാണ്. മേച്ചിൽ സ്ഥലം മറ്റൊന്നുമല്ല, പിതാവിന്റെ സ്നേഹമാണ്. ജീവന്റെ ഉറവിടമായ ദൈവഹൃദയത്തിലേക്കു തുറക്കുന്ന വാതിലും നയിക്കുന്ന ഇടയനും യേശുവാണ്. സങ്കീർത്തകന്റെ വിശ്വാസം (സങ്കീ. 23,1-2) ഇവിടെ സ്ഥിരീകരിക്കപ്പെടുന്നു.

യേശുവാകുന്ന നല്ല ഇടയന്റെ ഒരു സവിശേഷത ആടുകളോടുള്ള ബന്ധമാണ്. ആടുകൾക്കു ജീവൻ സമൃദ്ധമായുണ്ടാകാൻ വേണ്ടി ഇടയൻ സ്വന്തജീവൻ ബലിയായി അർപ്പിക്കുന്നു. പഴയ നിയമത്തിന്റെ മുഴുവൻ, പ്രത്യേകിച്ചും ബലികളുടെ, സാരസംഗ്രഹം ഇവിടെ കാണാം. ദൈവികജീവനിലുള്ള പങ്കുചേരലാണ് ഇവിടെ സമൃദ്ധമായ ജീവൻ എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. സ്വന്തജീവൻ ബലിയായി നൽകുന്നത് ആരുടെയെങ്കിലും നിർബന്ധത്തിനു വഴങ്ങിയോ എന്തെങ്കിലും സ്വാർത്ഥലാഭം മോഹിച്ചോ അല്ല, ആടുകളോടുള്ള നിസ്സീമമായ സ്നേഹത്താൽ മാത്രം പ്രേരിതമായിട്ടാണെന്ന് തുടർന്നു വ്യക്തമാക്കുന്നു (10,18). സ്വതന്ത്രമായ ഈ ആത്മസമർപ്പണത്തിലൂടെ പ്രകടമാകുന്നത് പിതാവിന്റെ ഹിതം തന്നെയാണ്; അഥവാ പിതാവിന്റെ സ്നേഹമാണ്. ദൈവത്തെ തന്റെ പിതാവായി അവതരിപ്പിക്കുകയും അതേസമയം പിതാവിന്റെയും പുത്രന്റെയും ഹിതം ഒന്നുതന്നെയെന്ന്, ഇരുവരും തമ്മിൽ സമ്പൂർണ്ണ ഐക്യമുണ്ടെന്ന് ഏറ്റുപറയുകയും ചെയ്യുന്നതാണ് ഈ പ്രസ്താവന. പിതാവിൽനിന്നു ലഭിച്ച കൽപന അനുസരിക്കുന്ന പുത്രൻ പിതാവിന്റെ ഹിതവും പദ്ധതിയും സ്വന്തമാക്കിയവനാണ്. ഈ ഐക്യം തുടർന്നുള്ള സംഭാഷണത്തിൽ "ഞാനും പിതാവും ഒന്നാണ്" (10,30) എന്ന മഹാവാക്യത്തിലൂടെ നടത്തുന്ന വെളിപാടിൽ ചെന്നു നിൽക്കുന്നു.

ആടുകളും ഇടയനും തമ്മിലുള്ള ബന്ധത്തെ "അറിയുക" എന്ന വാക്കിലൂടെ ചിത്രീകരിക്കുമ്പോൾ ഒരു സവിശേഷ മാനത്തിലേക്ക് സുവിശേഷകൻ ശ്രദ്ധ ക്ഷണിക്കുന്നു. വെറും ബാഹ്യമോ ബൗദ്ധികമാത്രമോ ആയ ഒരറിവല്ല ഇവിടെ വിവക്ഷിക്കുന്നത്. പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തെ "അറിയുക" എന്ന ക്രിയയിലൂടെ വിശേഷിപ്പിക്കുന്നതിൽ നിന്ന് ഇതു വ്യക്തമാകുന്നു. ആഴമേറിയ ആത്മബന്ധത്തെയും, സമ്പൂർണ്ണമായ പരസ്പര പങ്കുവയ്ക്കലിനെയും, സർവ്വോപരി സ്നേഹത്താൽ പ്രേരിതമായ സമ്പൂർണ്ണ ദാനത്തെയും ഇതു സൂചിപ്പിക്കുന്നു. "എനിക്കുള്ളവ എന്നെയും അറിയുന്നു" (10,5) എന്ന പ്രസ്താവന യേശുവിനെ അറിയുന്നത്, സ്നേഹിതനും നാഥനും

രക്ഷകനുമായി സ്വീകരിക്കുന്നത്, രക്ഷയുടെ അവശ്യമാർഗ്ഗമായി അവതരിപ്പിക്കുന്നു. യേശുവിലൂടെ മാത്രമേ ആർക്കും ദൈവിക ജീവനിലേക്കു പ്രവേശനം ലഭിക്കൂ. അതിനു വേണ്ടി യേശു സ്വയം ബലിയായി സമർപ്പിക്കേണ്ടതുണ്ട്.

"ഈ തൊഴുത്തിൽപ്പെടാത്ത മറ്റ് ആടുകളും എനിക്കുണ്ട്" (10,16) എന്ന പ്രസ്താവന സുപ്രധാനമായ ചില ഉൾക്കാഴ്ചകൾ നൽകുന്നുണ്ട്. "ഈ തൊഴുത്ത്" എന്നതുകൊണ്ട് ദൃശ്യമായ അധികാര-ആചാരസംവിധാനങ്ങളുള്ള ഒരു സഭയെ ആണ് അർത്ഥമാക്കുന്നത് എന്ന് കരുതാനാവും. അപ്പസ്തോലിക പാരമ്പര്യമുള്ള കത്തോലിക്കാ സഭയാണ് ഈ തൊഴുത്ത് എന്നു പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ തൊഴുത്തിൽ പെടാത്തവരോ? കാലാകാലങ്ങളിൽ, പലവിധ കാരണങ്ങളാൽ ഭിന്നിച്ചു പിരിഞ്ഞുപോയ ഇതര ക്രൈസ്തവ സമൂഹങ്ങളെയാണ് ഇവിടെ വിവക്ഷിക്കുന്നത് എന്നു കരുതുന്നവരുണ്ട്. ആയിരക്കണക്കിനുള്ള ഈ സഭാവിഭാഗങ്ങൾ എല്ലാം ചേർന്ന് ഒരേ ഒരു സഭയാകും, അഥവാ എല്ലാവരും കത്തോലിക്കാ സഭയുടെ അംഗങ്ങളാകും എന്നാണോ ഈ പ്രസ്താവനയുടെ അർത്ഥം? അങ്ങനെ വ്യാഖ്യാനിക്കുന്ന ധാരാളം കത്തോലിക്കാ മതപണ്ഡിതരുണ്ട്. എന്നാൽ അതു മാത്രമല്ല എന്ന് അടുത്തു പരിശോധിച്ചാൽ മനസിലാകും.

"ഒരു ഇടയനും ഒരു തൊഴുത്തും" എന്നല്ല, ഒരിടയനും ഒരാട്ടിൻ പറ്റവും ആകും എന്നാണ് യേശു പറയുന്നത്. ഇവിടെ രണ്ടു നിഗമനങ്ങൾ ഉരുത്തിരിഞ്ഞു വരുന്നു. 1. യേശുവാണ് കേന്ദ്രം; യേശു തന്നെയാണ് എല്ലാവരെയും ഐക്യത്തിലേക്കു നയിക്കുന്നത് - അത് ഏതെങ്കിലും ദൃശ്യമായ അധികാര സംവിധാനത്തിനു കീഴിൽ വരുന്നതാകണം എന്നില്ല. യേശുവിനെ നാഥനും രക്ഷകനുമായി ഏറ്റുപറയുന്നു, യേശുവിനെ ജീവിതത്തിന്റെ കേന്ദ്രമായി സ്വീകരിക്കുന്ന, ഒരു ജനസമൂഹമാകാം. അതാണ് അജഗണം-അതിനാൽ എല്ലാ ക്രിസ്തീയ സഭകളും കത്തോലിക്കാസഭയിലേക്കു വരും എന്ന ഒരു പ്രവചനമാണിതെന്നു കരുതാനാവില്ല.

2. "മറ്റ് ആടുകൾ" എന്നത് വിവിധ ക്രൈസ്തവ സഭകളെ മാത്രമല്ല, യേശുവിനെ അറിയാത്ത സകല ജനതകളുമാകാം. ഇവിടെ അജഗണത്തിന്റെ വ്യാപ്തി വർദ്ധിക്കുന്നു; അത് ലോകത്തോളം തന്നെ വിശാലമാകുന്നു. സകല ജനതകളും ജനപദങ്ങളും യേശുവിനെ അറിയും; അറിയണം. യേശുവാകുന്ന കേന്ദ്രബിന്ദുവിൽ സകലരും ഒരുമിക്കണം, ഇതാണ് ദൈവത്തിന്റെ

രക്ഷാപദ്ധതി. ഇതാണ് യേശുവിന്റെ ആഗമനത്തിന്റെയും ആത്മ സമർപ്പണത്തിന്റെയും ലക്ഷ്യം. മനുഷ്യരക്ഷയ്ക്കുവേണ്ടി, അഥവാ മനുഷ്യന് ദൈവികജീവൻ സമൃദ്ധമായി ലഭിക്കുന്നതിനുവേണ്ടി, മാംസം ധരിച്ച് മനുഷ്യനായവതരിച്ച ദൈവം തന്നെയായ വച നമാണ് യേശു എന്ന വിശ്വാസത്തിന്റെ പശ്ചാത്തലത്തിൽ ഈ ലക്ഷ്യം വ്യക്തമാകുന്നു.

ഈ ഐക്യത്തിന് ഉപാധിയായി നിൽക്കുന്നത് ശ്രവണമാണ്. “അവ എന്റെ സ്വരം ശ്രവിക്കും. അങ്ങനെ ഒരാട്ടിൻപറ്റവും ഒരിട യനുമാകും” (10,15). യേശുവിന്റെ സ്വരമാണ് സകല ജനതക ളെയും ഒരുമിപ്പിക്കുന്നത്. അത് ധാർഷ്ട്യത്തിന്റെയും ആജ്ഞ യുടേതുമല്ല, വിനയത്തിന്റെയും ആഹ്വാനത്തിന്റെയും സ്വരമാണ്; വിദ്വേഷത്തിന്റെയും വിഭാഗീയതയുടേതുമല്ല, സ്നേത്തിന്റെയും സഹവർത്തിത്വത്തിന്റെയുമാണ്; ശകാരത്തിന്റെയും ശിക്ഷാവി ധിയുടേതുമല്ല, വാത്സല്യത്തിന്റെയും കരുണയുടെയും സ്വരമാണ്. ഇപ്രകാരം യേശുവിന്റെ സ്വരം ഇന്ന് സഭയിൽ കേൾക്കാൻ കഴി യുന്നുണ്ടോ എന്ന് തൊഴുത്തിനുള്ളിലാണെന്നു കരുതുന്നവർ ആത്മാർത്ഥമായൊരു ഹൃദയപരിശോധനയ്ക്കു തയ്യാറാകണം. ഒരുപക്ഷേ ഇടയന്മാരെന്നഭിമാനിക്കുന്നവൻ കള്ളന്മാരും കൊള്ള ക്കാരുമായി മാറുന്നുണ്ടോ എന്നും ആത്മപരിശോധന ചെയ്യണം.

ഒരുപക്ഷേ ഇടയന്മാരായി കരുതപ്പെടുന്നവരുടെ ക്രൂരവും സ്നേഹരഹിതവും സ്വാർത്ഥതാൽപര്യങ്ങളാൽ പ്രേരിതവുമായ പ്രവർത്തനശൈലി തന്നെയല്ലേ യേശുവിനെ നല്ല ഇടയനും രക്ഷകനുമായി കാണുന്നതിന് അനേകർക്ക് വിഘാതമായി നിൽക്കുന്നത് എന്നും പരിശോധിക്കണം. മാർപ്പാപ്പ, കർദ്ദിനാൾ, മെത്രാൻ, വികാരി എന്നിങ്ങനെ കത്തോലിക്കാ സഭയിലെ അധി കാര ശ്രേണിയിൽ ഉള്ളവരെയാണ് പൊതുവേ ഇടയന്മാർ എന്നു വിശേഷിപ്പിക്കുക. എന്നാൽ അവർ മാത്രമല്ല, മറ്റുള്ളവരുടെ പേരിൽ ഏതെങ്കിലും തരത്തിൽ ഉത്തരവാദിത്വമുള്ളവരെ അവ രുടെ ഇടയന്മാരായി പരിഗണിക്കണം. ഈ കാഴ്ചപ്പാടിൽ മാതാ പിതാക്കൾ മക്കൾക്ക് ഇടയന്മാർ; അധ്യാപകർ വിദ്യാർത്ഥി കൾക്കും രാഷ്ട്രീയാധികാരികൾ പ്രജകൾക്കും ഇടയരായിരി ക്കണം. ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കാൻ വരെ സന്നദ്ധ രാകുന്ന നല്ല ഇടയരാകാൻ ഇന്നത്തെ സുവിശേഷം എല്ലാവ രെയും ആഹ്വാനം ചെയ്യുന്നു.

# 22

## നോമ്പ് 7 – ാം ഞായർ

# ദേവാലയത്തിലേക്കു വരുന്ന മിശിഹാരാജാവ്

### ഓശാന ഞായർ (മത്താ 21,1 – 17)

ആയിരങ്ങളുടെ അകമ്പടിയോടെ, ജയ് വിളികൾക്കു മധ്യേ, ജറുസലെം നഗരത്തിൽ പ്രവേശിച്ച യേശു നേരെ ദേവാലയത്തിലേക്കു ചെന്ന്, അവിടെ കച്ചവടം നടത്തിക്കൊണ്ടിരുന്നവരെ പുറത്താക്കി, ദൈവാലയത്തെ യഥാർത്ഥ പ്രാർത്ഥനാലയമായി പുനഃപ്രതിഷ്ഠിക്കുന്നതോടെ പീഡാനുഭവവാരത്തിന്റെ തുടക്കമായി. നഗരപ്രവേശം, ദേവാലയ ശുദ്ധീകരണം എന്നീ രണ്ടു സംഭവങ്ങളാണ് "ഓശാന ഞായർ" എന്നു പൊതുവേ അറിയപ്പെടുന്ന ഇന്നത്തെ വായനയ്ക്കായി തിരുസഭ നിർദ്ദേശിച്ചിരിക്കുന്നത്. ഈ രണ്ടു സംഭവങ്ങളും പരസ്പരം അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. ഈ സംഭവങ്ങൾ രണ്ടും നാലു സുവിശേഷകന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സമാന്തര സുവിശേഷങ്ങൾ മൂന്നും രണ്ടു സംഭവങ്ങളെയും ഒരുമിച്ച് അവതരിപ്പിക്കുമ്പോൾ യോഹന്നാൻ ദേവാലയശുദ്ധീകരണത്തെ പരസ്യജീവിതത്തിന്റെ തുടക്കത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇവയിൽ ഏതാണ് ചരിത്ര വസ്തുതകളോട് കൂടുതൽ അടുത്തു നിൽക്കുന്നത് എന്നു തീരുമാനിക്കുക എളുപ്പമല്ല; അതിനാൽത്തന്നെ വ്യാഖ്യാതാക്കളുടെ ഇടയിൽ അഭിപ്രായ ഐക്യവുമില്ല. അതിനാൽ എന്നു സംഭവിച്ചു എന്ന് അന്വേഷിക്കുന്നതിനേക്കാൾ ഈ സംഭവങ്ങളുടെ അർത്ഥവും ധ്വനികളും മനസിലാക്കാൻ ശ്രമിക്കുകയാണ് കരണീയം.

സമാന്തര സുവിശേഷങ്ങൾ മൂന്നിലും ഈ സംഭവങ്ങൾ തുടർന്നുവരുന്ന അതിശക്തമായ സംഘട്ടനങ്ങളുടെ ആമുഖമായി

നിൽക്കുന്നു. ഈ സംഘട്ടനം മത്തായിയാണ് ഏറ്റം നാടകീയമായി അവതരിപ്പിച്ചിരിക്കുന്നത്. ജനക്കൂട്ടത്തിന്റെ ഹോസാന വിളികളും യേശു ദേവാലയത്തിൽ നടത്തിയ കയ്യേറ്റവും യഹൂദ മത നേതാക്കളുടെ ശക്തമായ പ്രതിഷേധത്തിനു വഴി തെളിച്ചു. മത നേതാക്കളുടെ ഓരോ വിഭാഗവും വെവ്വേറെയും, കൂട്ടം ചേർന്നും യേശുവിനെ ചോദ്യം ചെയ്തു. തീപാറുന്ന മറുചോദ്യങ്ങളാൽ യേശു അവരെ നേരിട്ടു. അഞ്ചുതവണ ആവർത്തിക്കുന്ന ഈ സംഘട്ടനങ്ങൾക്കു മധ്യേ രണ്ടു പുത്രന്മാർ, മുന്തിരിത്തോട്ടം, വിവാഹവിരുന്ന് എന്നീ മൂന്ന് ഉപമകളിലൂടെ യഹൂദനേതൃത്വത്തിന്റെ മാരകമായ അവിശ്വസ്തതയും തദ്ഫലമായി വന്നുഭവിക്കാൻ പോകുന്ന ഭീകരമായ വിനാശവും യേശു വ്യക്തമായി ചിത്രീകരിച്ചു. "ചുങ്കക്കാരും വേശ്യകളും നിങ്ങൾക്കു മുമ്പേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കും" (21,31), "ദൈവരാജ്യം നിങ്ങളിൽനിന്ന് എടുത്ത് ഫലം പുറപ്പെടുവിക്കുന്ന ജനതയ്ക്കു നൽകും" (2,43), "കൈകാലുകൾ കെട്ടി പുറത്തെ അന്ധകാരത്തിലേക്കു വലിച്ചെറിയും" (22,13) എന്നിങ്ങനെയുള്ള അതിഭീകരമായ വിധി വാചകങ്ങൾക്കു പിന്നാലെ വരുന്നത് യഹൂദ നേതൃത്വത്തിനെതിരേ യേശു ഉയർത്തിയ വിധി പ്രഖ്യാപനങ്ങളാണ് (23). യുഗാന്ത പ്രഭാഷണത്തോടെ (24-25) അവസാനിക്കുന്ന ഈ ഭാഗം പീഡാനുഭവ ചരിത്രത്തിലേക്കു (26-27) നയിക്കുന്നു.

മത്തായി സുവിശേഷകന്റെ കാഴ്ചപ്പാടിൽ യഹൂദമതനേതൃത്വത്തിനു മുമ്പിൽ യേശു നടത്തിയ അവസാന സുവിശേഷ പ്രഘോഷണത്തിന്റെ തുടക്കമാണ് നഗരപ്രവേശനവും ദേവാലയ ശുദ്ധീകരണവും. വിശുദ്ധ ഗ്രന്ഥത്തിൽ അവഗാഹം നേടിയിരുന്ന നേതാക്കന്മാർ ആ സംഭവങ്ങളുടെ ആന്തരാർത്ഥ ധ്വനികൾ മനസിലാക്കണമായിരുന്നു. എന്നാൽ പ്രവചനങ്ങൾക്കും, അവയുടെ സാക്ഷാൽക്കാരത്തിനു സാക്ഷ്യം വഹിക്കുന്ന അടയാളങ്ങൾക്കും നേരെ കണ്ണടച്ചവർക്ക് എല്ലാം വിപരീതാർത്ഥത്തിലാണ് മനസിലായത്. യേശുവും യഹൂദമതനേതൃത്വവും തമ്മിൽ നടന്ന നിർണ്ണായകമായ ഏറ്റുമുട്ടലായിരുന്നു അത്. യാഥാർത്ഥ്യത്തിനു നേരേ കണ്ണടച്ചവർ എല്ലാം തെറ്റായി വ്യാഖ്യാനിച്ചു. അവസാന യേശുവിന്റെ ഉത്ഥാനം പോലും നുണക്കഥയായി പ്രചരിപ്പിച്ച് സത്യത്തിനെതിരേ ഹൃദയവാതിൽ കൊട്ടിയടച്ചു (മത്താ 28,11-15).

### രാജകീയ നഗരപ്രവേശം

തന്റെ അത്ഭുതകൃത്യങ്ങൾ പരസ്യമാക്കരുത് എന്നു നിർബ ന്ധപൂർവ്വം താക്കീതു നൽകിയിരുന്ന യേശു ഇപ്പോൾ പതിവിനു വിപരീതമായി, താൻ തന്നെ മുൻകൈ എടുത്ത്, വലിയ ഒരു പരസ്യ പ്രകടനത്തിനു കളമൊരുക്കുന്നു. രഹസ്യമായിരിക്കേണ്ട കാലം കഴിഞ്ഞു. യഹൂദമതത്തിന്റെ സിരാകേന്ദ്രമായ തലസ്ഥാന നഗരിയിലും ദേവാലയത്തിലും തന്റെ സ്വത്വവും ദൗത്യവും, സംശയത്തിനു പഴുതടച്ച്, ഉച്ചത്തിൽ പ്രഘോഷിക്കുകയാണ് യേശു ചെയ്യുന്നത്. ഇനി സംഭവിക്കുന്ന ഓരോ കാര്യവും ഉച്ചരി ക്കപ്പെടുന്ന ഓരോ വാക്കും ഈ വെളിപാടിന്റെ അടയാളങ്ങ ളാണ്. ശത്രുക്കളെ പരാജയപ്പെടുത്തി, യുദ്ധം ജയിച്ച്, തലസ്ഥാന നഗരിയിലേക്ക് മടങ്ങിവരുന്ന രാജാവ് കഴുതപ്പുറത്താണ് നഗര ത്തിൽ പ്രവേശിക്കുക; യുദ്ധം ചെയ്യാൻ പുറത്തേക്കു പോകു ന്നത് കുതിരപ്പുറത്തും. ഈ ചിത്രമാണ് സഖറിയാ പ്രവാചകൻ പ്രവാചകദൃഷ്ടിയിലൂടെ കണ്ട് ജനമധ്യേ അവതരിപ്പിച്ചത് (സഖ 9,9). ഈ പ്രവചനം യേശുവിൽ അക്ഷരാർത്ഥത്തിൽ പൂർത്തി യാകുന്നതായി മത്തായി എടുത്തു പറയുന്നു.

ഇവിടെ വ്യാഖ്യാതാക്കളെ കുഴക്കുന്ന ഒരു ചോദ്യമാണ് എത്ര കഴുത എന്നത്. കഴുതക്കുട്ടിയെ എന്ന് മർക്കോസും ലൂക്കായും എഴുതുമ്പോൾ കഴുതയെയും കഴുതക്കുട്ടിയെയും എന്നു മത്തായി രേഖപ്പെടുത്തുന്നു. മൂലത്തിലേക്കു പോയാൽ അവിടെയും ഒരു കഴുത എന്ന നിഗമനത്തിനാണ് കൂടുതൽ സാധ്യത. "കഴുതയുടെ, അതായത് കഴുതക്കുട്ടിയുടെ പുറത്ത്" എന്നാണ് സഖറിയാ. ഇതു വരെ ആരും സഞ്ചരിച്ചിട്ടില്ലാത്ത കഴുതക്കുട്ടി എന്ന് ഊന്നിപ്പറ യുന്നതാണ് ഈ സമാന്തരാവതരണം. കന്യകയിൽനിന്നു ജനി ച്ചവൻ ആരും കയറിയിട്ടില്ലാത്ത കഴുതയുടെ പുറത്ത് രാജാവായി നഗരത്തിൽ പ്രവേശിക്കുന്നു; അവസാനം ആരെയും അടക്കിയി ട്ടില്ലാത്ത പുതിയ കല്ലറയിൽ സംസ്കരിക്കപ്പെടുന്നു. കഴുതയും കല്ലറയും അന്യന്റേത് എന്നതും ശ്രദ്ധേയം. ആദ്യമായി ഒരാൾ പുറത്തു കയറുമ്പോൾ കഴുതക്കുട്ടി പരിഭ്രമിക്കുമെന്നും, തള്ള കൂടെയുണ്ടെങ്കിൽ നിയന്ത്രിക്കാൻ എളുപ്പമായതിനാലാണ് രണ്ടി നെയും കൂട്ടിക്കൊണ്ടുവരാൻ കല്പിച്ചത് എന്നും ഒരു വ്യാഖ്യാന സാധ്യതയുണ്ട്. എന്നാൽ അതിലുപരി പ്രവചനം അക്ഷരാർത്ഥ ത്തിൽത്തന്നെ നിറവേറി എന്ന് എടുത്തുകാട്ടുകയാവണം സുവി ശേഷകന്റെ മുഖ്യലക്ഷ്യം.

സഖറിയായുടെ പ്രവചനം ഉദ്ധരിക്കുമ്പോൾ മത്തായി ശ്രദ്ധേയമായ ഒരു മാറ്റം വരുത്തിയിട്ടുണ്ട്. “പ്രതാപവാനും ജയശാലിയും” എന്ന വിശേഷണങ്ങൾ വിട്ടുകളഞ്ഞ്, വിനയാന്വിതനായി എന്നതിന് ഊന്നൽ നൽകുന്നു. നഗരത്തിലേക്കു പ്രവേശിക്കുന്ന രാജാവിന്റെ വിനയത്തിനും സമാധാനത്തിനും പ്രാധാന്യം കൽപിച്ചിരിക്കുന്നു. വസ്ത്രങ്ങൾ വഴിയിൽ വിവരിക്കുന്നത് രാജകീയമായ വരവേൽപിന്റെ സൂചനയാണ്. ശത്രുകരങ്ങളിൽ നിന്ന് മക്കബായ സഹോദരങ്ങളിലൂടെ തങ്ങൾക്കു സ്വാതന്ത്ര്യം നൽകിയ ദൈവത്തെ ഇസ്രായേൽ ജനം ആഹ്ലാദത്തോടെ സ്തുതിക്കുന്നതിന്റെ (1 മക്ക 13,51) ഒരു അനുസ്മരണവും ഇവിടെ കാണാം.

ജനക്കൂട്ടത്തിന്റെ ആർപ്പുവിളിയിൽ മൂന്നു കാര്യങ്ങൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. 1. ദാവീദിന്റെ പുത്രൻ, 2. കർത്താവിന്റെ നാമത്തിൽ വരുന്നവൻ. 3. ഹോസാന. നാഥാൻ പ്രവാചകൻ വഴി ദാവീദിനു ദൈവം നൽകിയ വാഗ്ദാനത്തെയാണ് (2 സാമു 7,8-16) ഈ സ്ഥാനപ്പേര് അനുസ്മരിപ്പിക്കുന്നത്. ഇതുപോലുള്ള അനേകം പ്രവചനങ്ങളെ അടിസ്ഥാനമാക്കി ഇസ്രായേൽ ജനം പ്രതീക്ഷിച്ചിരുന്ന രാജാവാണ് ഇപ്പോൾ നഗരത്തിൽ പ്രവേശിക്കുന്നത് എന്ന് ഈ വിശേഷണം സൂചിപ്പിക്കുന്നു: “കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ” എന്ന് ഉദ്ഘോഷണം സങ്കീ 118,26 ന്റെ ഉദ്ധരണിയാണ്. യുദ്ധം ജയിച്ചു മടങ്ങിവരുന്ന രാജാവിനെ വരവേൽക്കാനായി ആലപിക്കുന്ന ഗാനമാണ് 118-ാം സങ്കീർത്തനം. അവിടെയും മരച്ചില്ലകളും പ്രദക്ഷിണവും പരാമർശവിഷയമാകുന്നുണ്ട് (സങ്കീ 118,27). “കർത്താവേ രക്ഷിക്കണേ” *(ഹോഷെയാനാ)* എന്ന യാചനയാണ് പിന്നീട് ഒരു ജയ്‌വിളിയായി രൂപാന്തരപ്പെടുന്നത്. മിശിഹായെ അയച്ചു രക്ഷിക്കണമേ എന്ന പ്രാർത്ഥന, മിശിഹായെ എതിരേല്ക്കാനുള്ള ജയ്‌വിളിയായി മാറി. അങ്ങനെ ഈ മൂന്നു കാര്യങ്ങളും യേശുവിന്റെ രാജത്വത്തിലേക്കു വിരൽ ചൂണ്ടുന്നു.

അതുകൊണ്ടു തന്നെയാവണം “നഗരം മുഴുവൻ ഇളകി വശായത്”, യഹൂദരുടെ രാജാവായി ജനിച്ചവനെ അന്വേഷിച്ച് കിഴക്കുനിന്നു ജ്ഞാനികൾ വന്നപ്പോൾ ഹേറോദോസ് രാജാവും നഗരവും അന്യസ്ഥരായതുപോലെ. രാജശിശുവിനെ വധിക്കാൻ ശ്രമിച്ചവർ അന്ന് പരാജയപ്പെട്ടു. എന്നാൽ ഇത്തവണ ശ്രമം വിജയിക്കും. നൂറ്റാണ്ടുകളായി, ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ അടിയുറപ്പിച്ച്, പ്രതീക്ഷിച്ചിരുന്ന അബ്രാഹത്തിന്റെ മകനായ ദാവീ

ദിന്റെ പുത്രൻ മിശിഹാരാജാവിനെ സ്വീകരിക്കാൻ ജനം ഒരുക്കമല്ല എന്നു മാത്രമല്ല, അവന്റെ ആഗമനത്തിൽ അസ്വസ്ഥതയും ഭയവും ശത്രുതയും ആണുളവാകുക. അത് തങ്ങളുടെ രാജാവിനെ തള്ളിപ്പറയാനും വധിക്കാനും അവന്റെ രക്തത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാനും (മത്താ 27, 15-25) അവരെ പ്രേരിപ്പിക്കുന്നു.

ഈ സംഘർഷത്തിനു മധ്യത്തിൽ "ആരാണ് യേശു" എന്ന ചോദ്യം ഉന്നയിക്കുന്ന ജറുസലെം നിവാസികൾക്ക് ആർപ്പുവിളിക്കുന്ന ആൾക്കൂട്ടം നൽകുന്ന മറുപടിയും ശ്രദ്ധേയമത്രേ! "നസ്രത്തിൽ നിന്നുള്ള പ്രവാചകൻ യേശു". യേശുവിന്റെ രാജത്വം എപ്രകാരമുള്ളതാണെന്ന് ഈ ചോദ്യോത്തരങ്ങളിലൂടെ സുവിശേഷകൻ വ്യക്തമാക്കുന്നു. യേശു പ്രഘോഷിച്ചതും യാഥാർത്ഥ്യമാക്കിയതും ദാവീദിന്റെ ഭൗതിക സാമ്രാജ്യമല്ല, മറിച്ച് സത്യത്തിലും നീതിയിലും, സാഹോദര്യത്തിലും കാരുണ്യത്തിലും വിടരുന്ന ദൈവരാജ്യമാണ്. യേശുവിനെ രാജാവായി ഏറ്റുപറയുകയും ആ രാജത്വം ആഘോഷിക്കുകയും ചെയ്യുമ്പോൾ ഈ സവിശേഷതയും വ്യത്യാസവും മറക്കരുത്. ഇത് മറക്കുന്നതിന്റെ തിക്താനുഭവങ്ങൾ സഭയുടെ ചരിത്രത്തിൽ, ഇന്നും, വിരളമല്ലല്ലോ.

**ദൈവപുത്രൻ പിതൃഭവനത്തിൽ**

മിശിഹാ രാജാവായി ജറുസലെമിൽ പ്രവേശിച്ച യേശു നേരെ ദേവാലയത്തിലേക്കാണ് പോകുന്നത്. നഗര പ്രവേശനവും ദേവാലയ ശുദ്ധീകരണവും രണ്ടു ദിവസങ്ങളിലായി അവതരിപ്പിച്ചുകൊണ്ട്, അവയ്ക്കു മധ്യേ, ദേവാലയ ശുദ്ധീകരണത്തിന്റെ അർത്ഥവും ആഴവും വ്യക്തമാക്കുന്ന പ്രതീകാത്മക പ്രവർത്തനമായ അത്തിവൃക്ഷത്തിന്റെ ശാപം ചിത്രീകരിച്ച മാർക്കോസിന്റേതിൽനിന്നും വ്യത്യസ്തമാണ് മത്തായിയുടെ വിവരണം. ജറുസലേമിലേക്കു വന്നതിന്റെ ലക്ഷ്യം തന്നെ ദേവാലയവും അവിടെ നൽകുന്ന പ്രഘോഷണവും പ്രബോധനങ്ങളും ആണെന്ന് സുവിശേഷകൻ സൂചിപ്പിക്കുന്നു.

നടകളും മതിലുകളും വാതിലുകളും വഴി പല തട്ടുകളും തലങ്ങളുമായി വേർതിരിക്കപ്പെട്ട ബൃഹത്തായ ഒരു കെട്ടിട സമുച്ചയമായിരുന്നു ഏകദേശം നാല്പത് ഏക്കർ സ്ഥലത്തു നിറഞ്ഞുനിന്ന ജറുസലെം ദേവാലയം. കവചിതമായ സ്തൂപ നിര

കളാൽ വലയം ചെയ്യപ്പെട്ട ഏറ്റം പുറമേയുള്ള തളത്തെ *വിജാതീയരുടെ അങ്കണം* (Court of gentiles) എന്നു വിളിച്ചിരുന്നു. അശുദ്ധർക്കും വിജാതീയർക്കും പ്രാർത്ഥിക്കാനായി നീക്കി വച്ചിരുന്ന ഈ സ്ഥലം സാവധാനം കച്ചവടക്കാർ കയ്യടക്കി. ഇതായിരിക്കണം യേശുവിന്റെ ശക്തമായ പ്രതിഷേധത്തിനും കർശനമായ നിലപാടിനും പശ്ചാത്തലമൊരുക്കിയ ഒരു സാഹചര്യം.

*കച്ചവടക്കാർ* എന്ന വിശേഷണം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ബലിയർപ്പണത്തിനാവശ്യമായ മൃഗങ്ങളും പക്ഷികളും, എണ്ണ, വീഞ്ഞ്, ധാന്യം മുതലായ വസ്തുക്കളുമാണ് അവിടെ ക്രയവിക്രയം ചെയ്തിരുന്നത്. ആദ്യമാദ്യം ഇത്തരം ബലിവസ്തുക്കൾ ഒലിവു മലമുകളിലുണ്ടായിരുന്ന ചന്തയിലായിരുന്നു വിറ്റിരുന്നത്. എന്നാൽ യേശുവിന്റെ കാലമായപ്പോഴേക്കും പ്രധാന പുരോഹിതന്റെ നേതൃത്വത്തിൽ ദേവാലയത്തിലെ വിജാതീയരുടെ അങ്കണത്തിൽതന്നെ വിൽപന തുടങ്ങി. ഊനമറ്റതും ശുദ്ധവുമായ മൃഗങ്ങളും വസ്തുക്കളും ഭക്തർക്ക് എളുപ്പത്തിൽ ലഭ്യമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യമാണ് ഈ പ്രവർത്തനത്തിനുണ്ടായിരുന്നതെങ്കിലും അതിനു പിന്നിൽ വലിയ അനീതി കണ്ടെത്താൻ കഴിയും.

വിജാതീയർക്കായി മാറ്റിവച്ചിരുന്ന പ്രാർത്ഥനാങ്കണം ചന്തയാക്കി മാറ്റിയതു വഴി അവർക്കു പ്രാർത്ഥിക്കാൻ സ്ഥലമില്ലാതായി എന്നതാണ് ഒരു പ്രശ്നം. എന്നാൽ രണ്ടാമത്തേത് അതിനേക്കാൾ രൂക്ഷമായിരുന്നു. പുരോഹിതന്മാർ ശുദ്ധം എന്ന സാക്ഷിപത്രം നൽകുന്ന ഈ ചന്തയിലെ വിൽപനച്ചരക്കുകൾക്ക് പുറത്തുള്ളതിനേക്കാൾ പത്തും ഇരുപതും മടങ്ങ് വില ഈടാക്കിയിരുന്നു. അങ്ങനെ കച്ചവടം പിടിച്ചു പറിയ്ക്കലായി; പുരോഹിതർ തസ്ക്കരസംഘവും; പ്രധാന പുരോഹിതൻ തന്നെ കൊള്ളത്തലവൻ. നാണയമാറ്റത്തിലും ഇതുപോലെ അനീതിയും ചൂഷണവും അരങ്ങേറി. ദേവാലയത്തിൽ അർപ്പിക്കേണ്ട നികുതിയും നേർച്ചകളും പണമായി അടയ്ക്കുമ്പോൾ അത് ദേവാലയത്തിൽ നിലവിരുന്ന ഷെക്കൽ നാണയങ്ങളായിത്തന്നെ കൊടുക്കണം എന്ന നിബന്ധനയുണ്ടായിരുന്നു. കാരണം വിദേശങ്ങളിൽനിന്നു വരുന്നവരുടെ കൈവശം രൂപങ്ങളും ലിഖിതങ്ങളുമുള്ള നാണയങ്ങളായിരിക്കും ഉണ്ടാവുക. രൂപങ്ങളെയെല്ലാം വിഗ്രഹങ്ങളായി കരുതിയിരുന്നതിനാൽ അത് ദേവാലയ ഭണ്ഡാരത്തിൽ നിക്ഷേപിക്കുന്നത് നിഷിദ്ധമായിരുന്നു. അതിനാൽ രൂപ

ങ്ങളുള്ള നാണയങ്ങൾ ദേവാലയ നാണയങ്ങളിലേക്കു മാറ്റുന്ന ഒരു ഫോറിൻ എക്സ്ചേഞ്ച് ഡിപ്പാർട്ടുമെന്റും ദേവാലയത്തിൽ, പുരോഹിതന്മാരുടെ മേൽനോട്ടത്തിൽ, പ്രവർത്തിച്ചിരുന്നു. വിനിമയനിരക്കിൽ വലിയ അനീതി നിലനിന്നു. ഇവിടെയും കച്ചവടം കവർച്ചയായിത്തീർന്നു. ഈ സാഹചര്യത്തിൽവേണം യേശുവിന്റെ വാക്കും ചെയ്തികളും മനസിലാക്കാൻ.

അന്ധന്മാർക്കും മടുന്തന്മാർക്കും ദേവാലയത്തിൽ പ്രവേശനം നിഷേധിച്ചിരുന്നു. ജറുസലെം കീഴടക്കിയ സംഭവവുമായി ബന്ധപ്പെട്ട ഒരു ചൊല്ല് ഈ നിലപാടിനു കാരണമായി ചൂണ്ടിക്കാണിക്കാറുണ്ട് (2 സാമു 5,6–8). ഇപ്രകാരം വിലക്കപ്പെട്ടിരുന്നവർ ദേവാലയത്തിൽ യേശുവിന്റെ അടുത്തെത്തിയത് ദേവാലയത്തിനു തന്നെ പുതിയ അർത്ഥവും മാനവും നൽകുന്നു. ആരെയും ഒഴിവാക്കാതെ സകലർക്കും ദൈവസന്നിധിയിൽ പ്രവേശനം സാധ്യമാക്കുന്ന ദൈവരാജ്യത്തിന്റെയും അതോടൊപ്പം ദൈവരാജ്യത്തിന്റെ ഉപകരണവും ഭൂമിയിലെ സാന്നിധ്യവുമായ സഭയുടെയും പ്രതീകമായി മാറുന്നു, യേശു ശുദ്ധീകരിച്ച് പുനഃപ്രതിഷ്ഠിച്ച ദേവാലയം.

"പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും" എന്ന പ്രഖ്യാപനം ഏശ 56,7 ൽ നിന്നുള്ള ഉദ്ധരണിയാണ്. കവർച്ചക്കാരുടെ ഗുഹയെന്ന വിശേഷണം ജറെ 7,11 ൽ നിന്നും. മതനേതാക്കൾ തന്നെ ദേവാലയത്തിന്റെ പവിത്രതയ്ക്കു വിഘാതമാവുകയും ജനത്തിന് ദൈവാനുഭവത്തിലേക്കുള്ള വഴിയടയ്ക്കുകയും ചെയ്തതിൽ രോഷാകുലനായ യേശുവിന്റെ ചെയ്തികളെ തങ്ങൾ പടുത്തുയർത്തിയതും താങ്ങിനിർത്തുന്നതും, തങ്ങളുടെ മതാത്മകതയുടെയും വിശ്വാസ ജീവിതത്തിന്റെയും മുഴുവൻ പ്രതീകവുമായ ദേവാലയത്തിന്മേലുള്ള ഒരു കടന്നാക്രമണമായേ യഹൂദ മതനേതാക്കൾക്കു മനസിലാക്കാൻ കഴിഞ്ഞുള്ളൂ. നഗരപ്രവേശത്തിലെന്നതുപോലെ ഇവിടെയും അടയാളത്തിനു പിന്നിലെ അർത്ഥവും അതുൾക്കൊള്ളുന്ന വെല്ലുവിളിയും അവർ കണ്ടില്ല; അല്ലെങ്കിൽ മനഃപൂർവ്വം അവയ്ക്കെതിരെ കണ്ണടച്ചു. കുഞ്ഞുങ്ങളുടെ ജയ്വിളികൾ അവരുടെ രോഷാഗ്നിയിൽ എണ്ണയൊഴിച്ചു. കുട്ടികളുടെ ആർപ്പുവിളികൾ ദൈവദൂഷണമായി വിശദീകരിച്ച നേതാക്കന്മാർക്ക് സങ്കീ 8,2 ഉദ്ധരിച്ചുകൊണ്ട് യേശു മറുപടി നൽകി. എന്നാൽ അതുൾക്കൊള്ളാൻ അവർ സന്നദ്ധരായില്ല. കൂടുതൽ രൂക്ഷമായ ഏറ്റുമുട്ടലുകൾക്കൊരുങ്ങാൻ ഇരുക്കൂട്ടരും

തൽക്കാലത്തേക്കു പിൻവാങ്ങി. അങ്ങനെ പീഡാനുഭവവാരത്തിന്റെ, കുരിശുമരണവും ഉത്ഥാനവും വഴി മനുഷ്യരക്ഷ യാഥാർത്ഥ്യമാക്കുന്ന യേശുവിന്റെ മഹത്വീകരണത്തിന്റെ അരങ്ങൊരുങ്ങി.

ദേവാലയശുദ്ധീകരണം സുപ്രധാനമായ ഒട്ടേറെ സൂചനകൾ നൽകുന്നുണ്ട്. പ്രാർത്ഥിക്കാനായി ദൈവജനം ഒരുമിച്ചുകൂടുന്ന സ്ഥലത്തെയാണ് സാധാരണമായി ദേവാലയം എന്നു വിളിക്കുക. അവിടെ ദൈവ-മനുഷ്യ സമാഗമത്തിനു തടസമാകുന്ന ഒന്നും സംഭവിക്കരുത്. പള്ളിപ്പറമ്പ് തിരുന്നാളുകൾക്കു വേണ്ടിയാണെങ്കിൽ പോലും ചന്തയാക്കി മാറ്റുന്നതിനെക്കുറിച്ച് ഗാഢമായി ചിന്തിക്കാൻ ഈ തിരുവചനം പ്രേരിപ്പിക്കുന്നു. എല്ലാവർക്കും പ്രവേശിക്കാനും പ്രാർത്ഥിക്കാനും കഴിയുന്ന ഒരിടമായിരിക്കണം ദേവാലയം. എന്നാൽ അതു മാത്രമല്ല.

ദൈവം വസിക്കുന്ന ഇടമാണ് ദേവാലയം. അത് കല്ലും മണ്ണും തടിയും കൊണ്ട് നിർമ്മിച്ച ഭൗതികമായ ഒരു ഭവനമല്ല; മറിച്ച്, ദൈവവചനം മാംസം ധരിച്ച, ദൈവം മനുഷ്യനു പ്രത്യക്ഷനായ യേശുക്രിസ്തുവാണ്. ഈ അർത്ഥത്തിലാണല്ലോ "നിങ്ങൾ ഈ ആലയം നശിപ്പിക്കുവിൻ, മൂന്നു ദിവസത്തിനകം ഞാനതു പുനരുദ്ധരിക്കും" (യോഹ 2,19) എന്ന് യേശു പറഞ്ഞത്. ദേവാലയത്തിന്റെ കാര്യത്തിൽ ശ്രദ്ധിക്കുമ്പോൾ യഥാർത്ഥ ദൈവാലയമായ യേശുവിനെ മറക്കരുത്. ഒരുപടികൂടി കടന്ന് മനുഷ്യഹൃദയം തന്നെയാണ്, അഥവാ മനുഷ്യശരീരമാണ് ദേവാലയം എന്ന പ്രബോധനം പ്രത്യേകം അനുസ്മരിക്കണം (1 കൊറി 6,19). ശരീരത്തെ മലിനമാക്കുന്നവർ, അതു സ്വന്തമോ മറ്റുള്ളവരുടേതോ ആകട്ടെ, ദൈവാലയത്തെയാണ് അശുദ്ധമാക്കുന്നത്. അതു ഭീകരമായ വിപത്തുകൾക്ക് കാരണമാകും. മനുഷ്യശരീരത്തോടൊപ്പം മനുഷ്യസമൂഹവും ദൈവാലയമാണ്. നമ്മുടെ മധ്യേ വസിക്കുന്നവനാണ് ദൈവം. അതുകൊണ്ടാണല്ലോ എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടുന്നത്. ഓരോ മനുഷ്യവ്യക്തിയിലും മനുഷ്യസമൂഹത്തിലും ദൈവം വസിക്കുന്നു. അതിനാൽ യഥാർത്ഥ ദൈവാരാധന മനുഷ്യസേവനം ആവശ്യപ്പെടുന്നു; ഒപ്പം എല്ലാവരെയും ആദരിക്കാനും. ''എനിക്കുതന്നെയാണ് നിങ്ങൾ ചെയ്തത്" (മത്താ 25,31-46) എന്ന ഗുരുവചനം ഇതിലേക്കു ശ്രദ്ധക്ഷണിക്കുന്നു.

യേശു പ്രഘോഷിച്ചതും സ്ഥാപിച്ചതുമായ ദൈവരാജ്യ ത്തിന്റെ അർത്ഥവും മൂല്യവും ഗ്രഹിച്ച്, സ്വായത്തമാക്കി, യേശു വിനെ ഹൃദയത്തിലും സമൂഹത്തിലും രാജാവായി സ്വീകരിച്ച്, ദൈവാലയമാകുന്ന ശരീരത്തിൽ അവിടുത്തെ ദൈവപുത്രനായ മിശിഹായും രാജാവുമായി പൂജിക്കുവാൻ ഈ ദൈവവചനഭാഗ ങ്ങൾ ഉദ്ബോധിപ്പിക്കുന്നു. ക്രിസ്തുരാജന് ജയ് വിളിക്കുന്നവർ ദൈവരാജ്യത്തിന്റെ മൂല്യങ്ങളായ സത്യം, നീതി, സാഹോദര്യം, സ്വാതന്ത്ര്യം, കാരുണ്യം മുതലായവ സ്വജീവിതത്തിൽ പകർത്താനും താൻ ജീവിക്കുന്ന സമൂഹത്തിൽ യാഥാർത്ഥ്യമാ ക്കാനും യത്നിക്കണം. തന്റെയും സഹോദരങ്ങളുടെയും ശരീരം ദൈവാലയമാണെന്ന ബോധ്യത്തിൽനിന്ന് പരസ്പരം മാനി ക്കാനും സഹായിക്കാനും ശുശ്രൂഷിക്കാനും സന്നദ്ധരാകണം.

# 23

### പെസഹാ വ്യാഴം

## നിങ്ങൾക്കൊരു മാതൃക

**(യോഹ 13,1 – 14; മത്താ 26,26 – 30)**

ഇന്നു പെസഹാത്തിരുന്നാളാണ്. ആരാധനക്രമവർഷത്തിലെ പ്രധാനപ്പെട്ട തിരുനാളുകളിൽ ഒന്നാണ് പെസഹാ; ഒരുപക്ഷേ, ഏറ്റം പ്രധാനപ്പെട്ട തിരുനാൾ എന്നുതന്നെ പറയുന്നതാവും ശരി. ഇസ്രായേൽ ജനം രക്ഷാചരിത്രവുമായി ബന്ധപ്പെട്ട് ആഘോഷിച്ചിരുന്നതിൽ ആദ്യത്തേതും ഏറ്റം പ്രധാനപ്പെട്ടതും പെസഹാ ആയിരുന്നു. കടന്നുപോകൽ എന്നാണ് പെസഹാ എന്ന ഹീബ്രു വാക്കിന്റെ അർത്ഥം.

ഈജിപ്തിലെ ആദ്യജാതന്മാരെ വധിച്ച സംഹാരദൂതൻ ഇസ്രായേൽക്കാരുടെ ഭവനങ്ങളെ തൊടാതെ കടന്നുപോയതിനെയാണ് മുഖ്യമായും ഈ തിരുനാളിൽ അനുസ്മരിച്ചിരുന്നത്, ആഘോഷിച്ചിരുന്നത്. അതേ സമയം അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽ നിന്ന് വാഗ്ദത്ത ഭൂമിയുടെ സ്വാതന്ത്ര്യത്തിലേക്കു കടന്നുപോയതിനെയും അവർ അനുസ്മരിച്ചിരുന്നു. ഈ സംഭവ പരമ്പരയിൽ അത്ഭുതകരമായി ചെങ്കടൽ കടന്നത് പ്രമുഖസ്ഥാനത്തു നിൽക്കുന്നു. ഈ രണ്ടു കടന്നുപോകലും ഒരു വിമോചനത്തെയാണ് അനുസ്മരിപ്പിക്കുന്നത്–മരണത്തിൽനിന്നും അടിമത്തത്തിൽ നിന്നുമുള്ള വിമോചനം.

ഇന്നത്തെ വായനയ്ക്കായി നാലു ബൈബിൾ ഭാഗങ്ങൾ സഭ നിർദ്ദേശിച്ചിരിക്കുന്നു. ആദ്യവായന (പുറ 12,1–20) പെസഹ ആചരണവും പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കലും വിവരിക്കുന്നു. രണ്ടു വ്യത്യസ്ത സാഹചര്യങ്ങളിൽ രൂപംകൊണ്ട ഈ ആചാരങ്ങൾ ഇസ്രായേൽ ജനത്തിന്റെ ആരാധന വർഷാചരണത്തിൽ

സംയോജിപ്പിക്കപ്പെട്ടു. ഇടയന്മാരുടെ ജീവിതവുമായി ബന്ധപ്പെട്ടതാണ് പെസഹാ ആചരണം. ധാന്യക്കൊയ്ത്ത് കഴിയുമ്പോൾ ഇടയന്മാർക്ക് ആടുകളുമായി വയലുകളിലേക്കു വരാം. അതുവരെ അവർ മരുഭൂമിയിലായിരിക്കും കഴിയുക. മരുഭൂമിയിൽ നിന്ന് കൃഷി ഭൂമിയിലേക്കു കടന്നുപോകുന്നത് അവർക്ക് ഒരാഘോഷമായിരുന്നു. തന്നെയുമല്ല ആ കാലഘട്ടം പൊതുവേ ആടുകൾക്കു പ്രസവകാലമായിരുന്നു. പ്രസത്തോടനുബന്ധിച്ച് പലപ്പോഴും കുഞ്ഞുങ്ങൾ ചത്തുപോകുന്നത് പിശാചിന്റെ ഉപദ്രവം മൂലമാണെന്നു കരുതിയ അവർ ഇതിനു പ്രതിവിധിയായി ഒരാടിനെ കൊന്ന് കൂടാരത്തിനു മുമ്പിൽ കോലിൽ നാട്ടിനിർത്തും. ആടിന്റെ രക്തം കൂടാരവാതിലിൽ പുരട്ടും. ഇതു കാണുന്ന പിശാച് അകന്നുപോകും. ഇടയന്മാരായിരുന്ന ഇസ്രായേൽക്കാരുടെ പൂർവ്വികർക്കും ഈ ആചാരം പരിചിതമായിരിക്കണം. പുരാതനമായ ഈ ആചാരം പുറപ്പാടനുഭവത്തിന്റെ വെളിച്ചത്തിൽ പുതുതായി വ്യാഖ്യാനിക്കപ്പെട്ടതായി കരുതാൻ കഴിയും.

പുളിപ്പില്ലാത്ത അപ്പത്തിനും ഇതുപോലൊരു പശ്ചാത്തലമുണ്ട്; അതു കാർഷിക മേഖലയിൽ നിന്നാണെന്നു മാത്രം. ഒരു ദിവസം ഉപയോഗിച്ച പുളിപ്പിച്ച മാവിൽനിന്ന് ചെറിയ ഒരംശം അടുത്ത ദിവസത്തേക്ക് മാറ്റിവയ്ക്കും. അങ്ങനെ ഓരോ ദിവസവും കഴിഞ്ഞ ദിവസത്തെ പുളിപ്പുപയോഗിച്ചാണ് മാവു പുളിപ്പിക്കുക. എന്നാൽ ആണ്ടുവട്ടത്തിൽ ഒരിക്കൽ ഈ പതിവിനു മാറ്റം വരും. കൊയ്ത്തു തുടങ്ങുമ്പോൾ വീട്ടിൽനിന്നു പഴയ പുളിപ്പ് പൂർണ്ണമായും മാറ്റിക്കളയും. പിന്നീട് ഏഴു ദിവസത്തേക്ക് പുളിപ്പില്ലാത്ത അപ്പമായിരിക്കും ഭക്ഷിക്കുക. ആണ്ടുതോറും ദൈവം നൽകുന്ന പുതിയ കൃപകളെ അനുസ്മരിക്കാനും ജീവിതത്തെ നവീകരിക്കാനും ഈ ആചാരം സഹായിക്കും. കാനാൻ ദേശത്തു വാസമുറപ്പിച്ച ഇസ്രായേൽക്കാർ തദ്ദേശവാസികളുടെ ഈ ആചാരം സ്വീകരിച്ച്, തങ്ങളുടെ ദൈവാനുഭവത്തിന്റെ വെളിച്ചത്തിൽ പുതുതായി വ്യാഖ്യാനിച്ചു. ഈജിപ്തിൽനിന്ന് തിടുക്കത്തിൽ പോരേണ്ടിവന്നതുകൊണ്ട് കുഴച്ചു വച്ച മാവു പുളിക്കാൻ സമയം കിട്ടാതിരുന്നതിനാൽ അവർ പുളിപ്പില്ലാത്ത അപ്പം ഭക്ഷിച്ചു എന്നാണ് വിശദീകരണം. കാലക്രമത്തിൽ പെസഹാത്തിരുനാളും പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളും സംയോജിപ്പിച്ചു; രണ്ടും രക്ഷാചരിത്രവുമായി ബന്ധിപ്പിക്കുകയും ചെയ്തു. യഹൂദർ ആണ്ടുതോറും ആഘോഷിച്ചിരുന്ന ഏറ്റവും

പ്രധാനപ്പെട്ട ഈ തിരുനാളിന്റെ പശ്ചാത്തലത്തിലാണ് യേശു പെസഹാ ആഘോഷിച്ചതും അതിന് പുതിയൊരു മാനം നൽകിയതും.

രണ്ടാമത്തെ വായന (മലാക്കി 1,10-14) ഇസ്രായേലിന്റെ ബലിയർപ്പണത്തിൽ വന്ന അപാകതകളെയും അനാചാരങ്ങളെയും അപലപിച്ചതിനുശേഷം ലോകമെങ്ങും അർപ്പിക്കപ്പെടാൻ പോകുന്ന, കർത്താവിനു സ്വീകാര്യമായ ഒരു ബലിയെക്കുറിച്ചു പ്രതിപാദിക്കുന്നു. യേശുവിന്റെ പെസഹാ ഈ പ്രവചനത്തിന്റെ പൂർത്തീകരണമായി കാണണം.

മൂന്നാമത്തെ വായന (1 കോറി 11,23-29) ആദിമ സഭയിലെ അപ്പം മുറിക്കൽ കൂട്ടായ്മയുടെ വിവരണമാണ്. കൂട്ടായ്മയിൽ വന്ന അപാകതകൾ എടുത്തുകാട്ടി കർശനമായി വിമർശിക്കുന്ന അപ്പസ്തോലൻ തങ്ങൾ ആചരിക്കുന്ന അപ്പം മുറിക്കൽ ശുശ്രൂഷയുടെ ഉത്ഭവവും അർത്ഥവും വിശദീകരിക്കുന്നു; മാത്രമല്ല, അപ്പം മുറിക്കാൻ ഒരുമിച്ചു കൂടുന്നവരുടെ ഇടയിൽ നിലനിൽക്കേണ്ട സാഹോദര്യത്തെയും പങ്കുവയ്ക്കലിനെയും ഊന്നിപ്പറയുന്നു. സാമൂഹ്യ-സാമ്പത്തിക ഉച്ചനീചത്വങ്ങൾ ഉന്മൂലനം ചെയ്യാൻ പര്യാപ്തമായിരിക്കണം ഈ ശുശ്രൂഷ. അതില്ലാതെ വന്നാൽ ജീവന്റെ ഔഷധമായി യേശു സ്ഥാപിച്ച വിശുദ്ധ കുർബാന മാരക വിഷമായിത്തീരും എന്ന ഭീതിദമായ താക്കീതും നൽകുന്നു.

സുവിശേഷമായി രണ്ടു വായനകൾ നിർദ്ദേശിച്ചിട്ടുണ്ട് (യോഹ 13,1-14; മത്താ 26,26-30). യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ അന്ത്യത്താഴ വേളയിലെ അപ്പം മുറിക്കൽ രേഖപ്പെടുത്തിയിട്ടില്ല. പകരം യേശു ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിക്കൊണ്ട് പുതിയൊരു മാതൃകയും പുതിയൊരു കല്പനയും നൽകിയതാണ് വിവരിക്കുന്നത്. യേശുവിന്റെ മരണത്തെ ഒരു കടന്നുപോകൽ, അഥവാ പെസഹാ ആയി അവതരിപ്പിച്ചുകൊണ്ടാണ് യോഹന്നാൻ വിവരണം തുടങ്ങുന്നത്. ഇസ്രായേൽക്കാർ ഈജിപ്തിൽനിന്നു വാഗ്ദത്ത ഭൂമിയിലേക്കു കടന്നുപോയതിനെ പഴയ പെസഹാ അനുസ്മരിച്ചിരുന്നെങ്കിൽ ഈ ലോകത്തിൽ നിന്നു പിതാവിന്റെ സന്നിധിയിലേക്കുള്ള കടന്നുപോകലാണ് യേശുവിന്റെ പെസഹാ. പിതാവിന്റെയടുക്കൽ നിന്ന് ഈ ഭൂമിയിലേക്കു വന്നതും (മനുഷ്യാവതാരം) ഇവിടെനിന്ന് വീണ്ടും

പിതാവിലേക്കു മടങ്ങിപ്പോകുന്നതും (മരണവും ഉത്ഥാനവും വഴിയുള്ള മഹത്വീകരണം) അനന്തമായ സ്നേഹത്തിന്റെ ദൃശ്യമായ പ്രകടനമാണ്. അവസാനം വരെ സ്നേഹിച്ചു എന്നു പറഞ്ഞു കൊണ്ടാണ് വിവരണം ആരംഭിക്കുന്നത്.

പാദം കഴുകലിന്റെ വിവരണത്തിൽത്തന്നെ മനുഷ്യാവതാരത്തിന്റെ പ്രതീകങ്ങൾ കാണാം. എഴുന്നേറ്റ്, മേലങ്കി മാറ്റി, തൂവാല അരയിൽ ചുറ്റുന്നത് പിതാവിൽ നിന്ന് പുറപ്പെട്ട്, ദൈവികമഹത്വം മാറ്റിവച്ച്, മനുഷ്യപ്രകൃതി സ്വീകരിച്ചതിനെ സൂചിപ്പിക്കുന്നു. പാദം കഴുകൽ ദാസ്യവൃത്തിയാണ്. അങ്ങനെ യേശു ദാസന്റെ രൂപം സ്വീകരിച്ചതായി ഇവിടെ വ്യക്തമാക്കുന്നു. പാദം കഴുകൽ എന്ന ശുദ്ധീകരണ പ്രക്രിയ പാപം കഴുകി ശുദ്ധീകരിക്കുന്ന രക്ഷാകര പ്രവൃത്തി പ്രതീകാത്മകമായി അവതരിപ്പിക്കുന്നു. യഥാർത്ഥത്തിൽ പാപം കഴുകി മനുഷ്യനെ ശുദ്ധീകരിക്കുന്നത് യേശുവിന്റെ രക്തമാണ്. അതിനാൽ പാദം കഴുകൽ തന്നെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും പ്രതീകമായി മാറുന്നു. അതിനാലാണ് തന്റെ പാദം കഴുകാൻ ഒരിക്കലും സമ്മതിക്കുകയില്ല എന്നു തറപ്പിച്ചു പറഞ്ഞ പത്രോസിനോട് "ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല" (13,8) എന്ന് താക്കീതായി പറയുന്നത്. "നിന്നെ കഴുകുന്നില്ലെങ്കിൽ" എന്ന പ്രയോഗം പ്രത്യേകം ശ്രദ്ധിക്കണം. നിന്റെ പാദം കഴുകുന്നില്ലെങ്കിൽ എന്നല്ല യേശു പറഞ്ഞത്. പാദം കഴുകുന്നത് മുഴുവൻ കഴുകുന്നതിന്റെ സൂചനയായി കാണണം. ആ കഴുകലാകട്ടെ, ശാരീരികമായ ഒരു ശുദ്ധീകരണത്തെയല്ല, ആത്മാവിന്റെ അഥവാ സമ്പൂർണ്ണ മനുഷ്യന്റെ വിശുദ്ധീകരണത്തെയാണ് സൂചിപ്പിക്കുന്നത്. ഇതിനെ ഒരു പീഡാനുഭവ പ്രവചനവും അതേസമയം പീഡാനുഭവത്തിന്റെ വിശദീകരണവുമായി കാണാനാവും.

അപ്പം വാഴ്ത്തി മുറിച്ചു നൽകിയതിന്റെ വിവരണം യോഹന്നാൻ നൽകുന്നില്ല. ആറാം അധ്യായത്തിൽ അപ്പത്തിന്റെ പ്രാധാന്യവും അർത്ഥവും വിശദമായി അവതരിപ്പിച്ചിട്ടുണ്ട്. ഇവിടെ പെസഹായുടെ അർത്ഥമാണ് വ്യക്തമാക്കുന്നത്. അതോടൊപ്പം യേശു നൽകിയ മാതൃകയ്ക്കും പുതിയ കല്പനയ്ക്കും ഊന്നൽ നൽകുന്നു. ഗുരുവും കർത്താവുമായവൻ നൽകിയ മാതൃക അനുകരിക്കാൻ ശിഷ്യർ ബാധ്യസ്ഥരാണ്; അതനുസരിക്കുന്നവർക്കു മാത്രമേ യേശുവിന്റെ ശിഷ്യരാകാൻ കഴിയൂ. അപരന്റെ മുമ്പിൽ മുട്ടുകുത്തി, കുനിഞ്ഞ് പാദം കഴുകുന്നതുവരെ എത്തുന്ന

സ്നേഹവും സേവനവുമാണ് യേശു നൽകിയ മാതൃക. "സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല" (യോഹ 15,13) എന്ന ഗുരുമൊഴി ഈ പാദം കഴുകലിന്റെ വ്യാഖ്യാനമായി കാണണം.

സ്വന്തം ശരീരരക്തങ്ങൾ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ ശിഷ്യന്മാർക്കു നൽകിക്കൊണ്ടാണ് യേശു അന്ത്യ അത്താഴവേളയിൽ വി. കുർബാന സ്ഥാപിച്ചത് (മത്താ. 26-30). അത് പുതിയ ഉടമ്പടിയായി യേശു വിശദീകരിച്ചു. സ്ഥാപനവേളയിൽത്തന്നെ ലംഘിക്കപ്പെട്ട സീനായ് ഉടമ്പടിക്കുപകരം ഒരു പുതിയ ഉടമ്പടി ദൈവം ഉറപ്പിക്കുമെന്ന് പ്രവാചകന്മാരിലൂടെ നൽകിയ വാഗ്ദാനം (ജറെ 31,31-37; എസെ 36,25-28) യേശു പൂർത്തിയാക്കുന്നു. മരണം വരെ എത്തുന്ന, സ്നേഹത്താൽ പ്രേരിതമായ, ആത്മദാനത്തിന്റെയും സേവനത്തിന്റെയും മാതൃക അനുകരിക്കാനാണ് യേശു ശിഷ്യരോട് ആവശ്യപ്പെടുന്നത്. അപ്പം മുറിച്ചു പങ്കുവയ്ക്കുന്നത് സ്വയം വിഭജിച്ചു നൽകുന്നതിന്റെ അടയാളവും അതിനുള്ള പ്രേരകശക്തിയുമാകണം.

ഇപ്രകാരം ഒരു പങ്കുവയ്ക്കൽ കൂടാതെ, വെറും അപ്പം മുറിച്ചു ഭക്ഷിക്കൽ മാത്രമായാൽ യേശുവിന്റെ പെസഹായും വി. കുർബാന ആചരണവും അർത്ഥശൂന്യമായ ആചാരങ്ങൾ മാത്രമായി അധഃപതിക്കും. അപ്പോൾ കോറിന്തോസിലെ സഭയ്ക്കു നൽകിയ താക്കീത് നമുക്കും ബാധകമാകും. പാദം കഴുകലും അപ്പം മുറിക്കലും ഒരുമിച്ചു പോകണം. അത് ത്യാഗനിർഭരമായ സ്നേഹത്തിലേക്കും വിനയ പൂർവ്വകമായ സേവനത്തിലേക്കും നയിക്കണം. "ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ" (13,34). പാദം കഴുകലിന്റെ സമാപനമായ ഈ ആഹ്വാനം തന്നെയാണ് പെസഹാത്തിരുനാളിന്റെ മുഖ്യസന്ദേശം. "തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3,16) എന്ന ഗുരുമൊഴി പെസഹായുടെ അർത്ഥവും ദൗത്യവും വ്യക്തമാക്കുന്നു.

ഓരോ ദിവസവും വിശുദ്ധ കുർബ്ബാനയുടെ തുടക്കത്തിൽ പുരോഹിതൻ പെസഹാത്തിരുനാളിനെ അനുസ്മരിപ്പിക്കുന്നത് ശ്രദ്ധിക്കണം. ഹൃദയം തുറന്നു സഹോദരങ്ങളോടു ക്ഷമിച്ചും,

സ്വന്തം സമ്പത്ത്, അത് ധനമോ, സമയമോ, കഴിവുകളോ എന്തുമാകട്ടെ, ആവശ്യക്കാരുമായി പങ്കുവച്ചും കൊണ്ടു മാത്രമേ പെസഹാ അർത്ഥവത്തായി ആഘോഷിക്കാൻ കഴിയൂ. യഥാർത്ഥമായ അനുരഞ്ജനത്തിലേക്കും കൂട്ടായ്മയിലേക്കും നയിക്കുന്നതായിരിക്കണം പെസഹാ ആഘോഷം. തന്റെ ഏകജാതനെ നൽകിക്കൊണ്ട് സ്നേഹത്തിന്റെ ആഴം വെളിപ്പെടുത്തിയ പിതാവിങ്കലേക്കു പോകാനുള്ളവരാണ് നാം എല്ലാവരും.

നമുക്കെല്ലാം ഒരു പെസഹാ ആഘോഷിക്കാനുണ്ട്. ആത്യന്തികമായി നമ്മുടെ മരണമാണ് ആ പെസഹാ. മാമ്മോദീസായിൽ അതിന്റെ പ്രതീകാത്മകമായ ഒരു മുന്നാസ്വാദനമുണ്ടായി. എന്നാൽ യഥാർത്ഥ പെസഹാ, യേശുവിനെപ്പോലെ, ഈ ലോകം വിട്ടു പിതൃഭവനത്തിലേക്കു പോകുന്നതാണ്. അവിടെ നമുക്കു പ്രവേശനം ലഭിക്കണമെങ്കിൽ ഇവിടെ വച്ച് യേശു നൽകിയ മാതൃക അനുകരിക്കണം. സമ്പത്തിന്റെ ഡംഭും അധികാരത്തിന്റെ ഗർവ്വും ആസക്തികളുടെ അടിമത്തവും വെടിഞ്ഞ്, എളിയവരുടെ തലത്തിലേക്ക് ഇറങ്ങി വരാൻ പെസഹാ ആഘോഷം എല്ലാവർക്കും പ്രേരകമാകണം. അധികാരത്തിന്റെ മേലങ്കി അഴിച്ചുവച്ച്, അടിമയുടെ കച്ച ചുറ്റുന്നത് ആണ്ടിൽ ഒരിക്കൽ നടക്കുന്ന ഒരു ചടങ്ങു മാത്രമാകാതെ, യഥാർത്ഥ ജീവിതപരിവർത്തനത്തിനുള്ള ആഹ്വാനമാകണം. അപ്പോൾ നാം ആചരിക്കുന്ന ഓരോ പെസഹായും, ആഘോഷിക്കുന്ന ഓരോ വിശുദ്ധ കുർബ്ബാനയും പിതാവിന്റെ സ്നേഹം അനുഭവിച്ചറിയാനുള്ള അവസരമാകും; പിതൃഭവനത്തിലേക്ക് ഒരുപടി നമ്മെ അടുപ്പിക്കും. അതിന് ഈ പെസഹാത്തിരുനാളിൽ നാഥൻ കൃപയരുളട്ടെ.

# 24

## ഉയിർപ്പു 1 – ാം ഞായർ

## കണ്ടു, വിശ്വസിച്ചു

**(യോഹ 20,1 – 18)**

തികച്ചും അപ്രതീക്ഷിതമായിരുന്നു ആ കണ്ടുമുട്ടൽ. അതിലേറെ അത്ഭുതാവഹമായിരുന്നു ആ തിരിച്ചറിയൽ. എല്ലാം നഷ്ടപ്പെട്ടു എന്നവൾ കരുതി. ഏഴു ദുർഭൂതങ്ങളുടെ പിടിയിൽനിന്ന് അത്ഭുതകരമായി മോചനം ലഭിച്ചനാൾ മുതൽ അവൾ വിടാതെ പിന്തുടർന്നതാണ് ഗുരുവിനെ, അങ്ങ് വടക്ക് മാഗ്ദലമുതൽ ജറുസലെം നഗരം വരെ. അവളെ ബാധിച്ചിരുന്ന ഏഴു ദുഷ്ടാത്മാക്കൾ (ലൂക്കാ 8,2) ആരായിരുന്നു, അഥവാ എന്തിനെ സൂചിപ്പിക്കുന്നു എന്ന കാര്യത്തിൽ ബൈബിൾ വ്യാഖ്യാതാക്കൾ ഇന്നും തർക്കത്തിലാണ്. ഏതോ മാരകരോഗമായിരുന്നു എന്നു ചിലർ. അല്ല സാക്ഷാൽ പിശാചുബാധ എന്നു മറ്റുചിലർ. ഏഴു പൂർണ്ണതയെ സൂചിപ്പിക്കുന്ന സംഖ്യയാകയാൽ പിശാചിന്റെ പിടിയിൽ പൂർണ്ണമായും അമർന്നു പോയിരുന്നു എന്ന് മറ്റൊരു ഭാഷ്യം. എന്നാൽ നല്ലൊരു ഭാഗം വ്യാഖ്യാതാക്കൾക്ക് അവളെ ബാധിച്ചിരുന്നത് വ്യഭിചാര ദുർഭൂതമായിരുന്നു എന്നതിൽ സംശയമില്ല. ഈ അഭിപ്രായക്കാരാണ് അവളെ വേശ്യയായി ചിത്രീകരിക്കുന്നത്. ഇതിൽ ഏതാണ് യഥാർത്ഥ വ്യാഖ്യാനം എന്നു തീർച്ചപ്പെടുത്തുക എളുപ്പമല്ല.

യേശുവിന്റെ കാലത്ത് വളരെ പ്രാധാന്യമുള്ള ഒരു വ്യവസായ നഗരമായിരുന്നു മാഗ്ദല. ഗലീലി തടാകതീരത്ത്, തിബേരിയാസ് പട്ടണത്തോടടുത്തായി സ്ഥിതി ചെയ്തിരുന്ന മാഗ്ദല ഒരു മത്സ്യ സംസ്കരണ കേന്ദ്രമായിരുന്നു. "ഉയർന്ന ഗോപുരം" എന്നാണ് മിഗ്ദോൽ എന്ന വാക്കിനർത്ഥം. ഇതിൽനിന്നാണ് മാഗ്ദല എന്ന

പേരുണ്ടായത്. നഗരകാവൽക്കാർ നിലയുറപ്പിച്ചിരുന്ന കാവൽ ഗോപുരമായിരുന്നു ഇതെന്നു കരുതുന്നവരുണ്ട്. പേരിന്റെ ഉത്ഭവം എന്തായാലും മാഗ്ദല സാമാന്യം തിരക്കേറിയ ഒരു പട്ടണമായിരുന്നു എന്നതിൽ സംശയമില്ല. പുരാവസ്തു ഗവേഷകർ കണ്ടെടുത്തിട്ടുള്ള നഷ്ടാവശിഷ്ടങ്ങൾ ഇതിനു തെളിവായി നിൽക്കുന്നു.

മാഗ്ദലയിൽ നിന്നുള്ളവൾ എന്നാണ് മഗ്ദലേന എന്ന പേരിനർത്ഥം. ഇതൊരു വിശേഷണമാണെന്നും, "വേശ്യ" എന്നാണ് ഇതിനർത്ഥമെന്നും വാദിക്കുന്നവരുണ്ട്. നഗരങ്ങൾ അന്നും ഇന്നും വേശ്യാലയങ്ങൾക്ക് താവളം ഒരുക്കുന്നതിനാൽ ഈ വ്യാഖ്യാനം സ്വീകാര്യമായി കരുതുന്നവർ അനേകം. പല സഭാപിതാക്കന്മാരും ഈ വ്യാഖ്യാനം സ്വീകരിച്ചു. ഈ വിശ്വസത്തിന്റെ പശ്ചാത്തലത്തിൽ വി. മറിയം മഗ്ദേലനായുടെ തിരുനാൾ ദിവസത്തെ (ജൂലായ് 22) ദിവ്യബലിമധ്യേയുള്ള സുവിശേഷ വായനയ്ക്ക് ലൂക്കാ 7,36-50 ആണ് ലത്തീൻ റീത്തിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ ആരാധനക്രമനവീകരണത്തിന്റെ ഭാഗമായി ഈ വായനമാറ്റി, യോഹ 20,1-2.11-18 നിർദ്ദേശിച്ചിരിക്കുന്നത് മഗ്ദലേനായെ വേശ്യയെന്നു വിശേഷിപ്പിക്കുന്നത് വിശ്വസനീയമല്ല എന്ന സൂചന നൽകുന്നു. മാഗ്ദല എന്ന പട്ടണത്തിൽ വസിച്ചിരുന്നത് മാത്രം അവൾ വേശ്യ ആയിരുന്നു കരുതാൻ തക്കതായ കാരണമല്ല. ലൂക്കാ 7,31-50 ൽ വിവരിക്കുന്നത് മഗ്ദലേനായെക്കുറിച്ചാണെന്ന വാദം വിലപ്പോകില്ല; കാരണം തൊട്ടുപിന്നാലെ 8,1-3 ൽ യേശുവിനെ അനുഗമിച്ചിരുന്ന സ്ത്രീകളുടെ പട്ടിക അവതരിപ്പിക്കുമ്പോൾ തികച്ചും പുതിയ ഒരു കഥാപാത്രമെന്ന പോലെയാണ് അവളെക്കുറിച്ചു പ്രതിപാദിക്കുന്നത്. "ഏഴു ദുഷ്ടാത്മാക്കൾ വിട്ടുപോയവളും മഗ്ദലേനാ എന്നു വിളിക്കപ്പെടുന്നവളുമായ മറിയവും" എന്ന വിവരണം മുൻപു പറഞ്ഞ വ്യക്തിയായി ഇവളെ കാണാൻ അനുവദിക്കുന്നില്ല.

മഗ്ദലേനായുടെ പൂർവ്വകാല ചരിത്രം ചികഞ്ഞെടുക്കാനുള്ള ശ്രമം ജിജ്ഞാസയെ തൃപ്തിപ്പെടുത്താനല്ലാതെ സുവിശേഷം നൽകുന്ന സന്ദേശം ഗ്രഹിക്കാൻ ഉപകരിക്കുകയില്ല. നാലു സുവിശേഷങ്ങളിലും യേശുവിന്റെ ഏറ്റം വിശ്വസ്തയായ ഒരു ശിഷ്യയാണ് അവൾ. മുക്തി നേടിയ നാൾ മുതൽ അവൾ യേശുവിനെ അനുഗമിച്ചു. ശിഷ്യരിൽ ഏറെപ്പേർ വിട്ടുപോയപ്പോഴും (യോഹ 6,60) അവൾ ഉറച്ചുനിന്നു, ഗുരുവിന്റെ കൂടെ. മരണത്തിലേക്കാണ്

പോക്ക് എന്നറിഞ്ഞിട്ടും അവൾ ഗുരുവിനെ അനുഗമിച്ചു. എല്ലാ സ്വപ്നങ്ങളും തകർന്നടിഞ്ഞ്, നട്ടുച്ചയ്ക്ക് ഇരുട്ടു വ്യാപിച്ച ഗാഗുൽത്തായിലും അവൾ നിന്നു, കുരിശിന്റെ ചുവട്ടിൽ, ക്രൂശിതന്റെ പാദാന്തികത്തിൽ. പന്ത്രണ്ടുപേരിൽ ഒരുവൻ ഒറ്റിക്കൊടുക്കുകയും അപ്പസ്തോല പ്രമുഖൻ മൂന്നുതവണ തള്ളിപ്പറയുകയും അവസാനം എല്ലാവരും ഓടിയൊളിക്കുകയും ചെയ്തപ്പോഴും ചുരുക്കം ചില സ്ത്രീകളോടൊപ്പം അവൾ കുരിശിൻ ചുവട്ടിൽ നിന്നു, യഥാർത്ഥശിഷ്യത്വത്തിന്റെ മാതൃകയായി.

സാബത്താരംഭിക്കുന്നതിനുമുമ്പേ തിടുക്കത്തിൽ യേശുവിന്റെ മൃതശരീരം സംസ്കരിച്ച ശിഷ്യന്മാർ അതിവേഗം തങ്ങളുടെ ഒളിത്താവളത്തിലേക്കു മടങ്ങി. എല്ലാം അവസാനിച്ചു എന്ന് അവർ കരുതി. ഇനി ഏതുവിധേനയും ശത്രുകരങ്ങളിൽപ്പെടാതെ ഗലീലിയിലേക്കു മടങ്ങണം എന്ന ഒരേ ഒരു ചിന്തയേ ശിഷ്യന്മാർക്കുള്ളൂ എന്നു തോന്നും. എന്നാൽ യോഹന്നാന്റെ വിവരണത്തിൽ മഗ്ദലേനാ തികച്ചും വ്യത്യസ്തയാണ്. സാബത്തു കഴിഞ്ഞ്, ആഴ്ചയുടെ ഒന്നാം ദിവസം, സൂര്യൻ ഉദിക്കുന്നതിനു മുമ്പേ അവൾ വീണ്ടും കല്ലറയിങ്കലേക്കു വന്നു. തനിച്ച്! സമാന്തരസുവിശേഷകന്മാർ പല സ്ത്രീകളെക്കുറിച്ചു പ്രതിപാദിക്കുന്നിടത്ത്, യോഹന്നാന്റെ വിവരണത്തിൽ മഗ്ദലേനാ തനിച്ചാണ്. അവളുടെ പ്രവർത്തനരീതികളും അതിലേക്കു നയിക്കുന്ന ചേതോവികാരങ്ങളും തികച്ചും വ്യത്യസ്തമത്രേ.

ഉത്ഥാന ഞായറിന്റെ വായനയ്ക്കായി നിർദ്ദേശിച്ചിരിക്കുന്ന സുവിശേഷഭാഗം മൂന്നു ഭാഗങ്ങളായി തിരിക്കാം. 1. മഗ്ദലേനാ കബറിടം സന്ദർശിക്കുന്നു (20,1-2). 2. മഗ്ദലേനായുടെ അറിയിപ്പും രണ്ട് അപ്പസ്തോലന്മാരുടെ പ്രതികരണവും (20,3-10); 3. ഗുരുവുമായുള്ള കണ്ടുമുട്ടൽ (20,10-18). ഈ വിവരണത്തിലുടനീളം യോഹന്നാൻ തനതായ ഒരു ശൈലിയാണ് പിൻതുടരുന്നത്. അതിലൂടെ മഗ്ദലേനായുടെ മിഴിവുറ്റ ഒരു ചിത്രം പ്രത്യക്ഷമാകുന്നു, അപ്പസ്തോലന്മാരെ ഉത്ഥാനത്തിന്റെ സുവിശേഷം അറിയിച്ച ഒരു ഉത്തമശിഷ്യയുടെ ചിത്രം. ശിഷ്യത്വം എന്തായിരിക്കണം, എങ്ങനെ ആയിരിക്കണം എന്നു വ്യക്തമാക്കുന്നതാണ് യോഹന്നാൻ വരച്ചു കാട്ടുന്ന മറിയം മഗ്ദലേനായുടെ ചിത്രം.

സമാന്തര സുവിശേഷങ്ങളിൽ ശിഷ്യരായ പല സ്ത്രീകൾ ഒരുമിച്ചാണ്, ആഴ്ചയുടെ ആദ്യദിവസം അതിരാവിലെ കല്ലറയി

ങ്കലേക്കു വരുന്നത്. അത് മൃതശരീരം ആചാരപ്രകാരം ലേപനം ചെയ്യാൻ വേണ്ടിയാണ്. കല്ലറയിൽനിന്ന് കല്ല് എങ്ങനെ ഉരുട്ടി മാറ്റും എന്ന ചിന്തയേ അവർക്കുള്ളൂ. എന്നാൽ യോഹന്നാന്റെ വിവരണത്തിൽ മഗ്ദലേനാ തനിച്ചാണ്. വന്നതിന്റെ ലക്ഷ്യം എന്താണെന്നു പറയുന്നില്ല. ലേപനം ചെയ്യാനല്ല എന്നു വ്യക്തം. കാരണം ആചാരപ്രകാരമുള്ള ലേപനകർമ്മം നടത്തിയശേഷ മാണ് അവർ യേശുവിനെ സംസ്കരിച്ചത് (യോഹ 19,39-42). അപ്പോൾ എന്തിനു വേണ്ടിയാണ് അവൾ ശവകുടീരത്തിലേക്കു വന്നത് എന്ന ചോദ്യം അവശേഷിക്കുന്നു. ഉത്തരം ഒന്നേ ഉള്ളൂ. ഗുരു സാന്നിധ്യം തേടി. മരിച്ചെങ്കിലും ശരീരമെങ്കിലും കല്ലറയി ലുണ്ട്. അവിടെ ഗുരുനാഥന്റെയടുക്കൽ ഇരിക്കണം, കരയണം. വേറൊരു ലക്ഷ്യവുമില്ല, പോകാൻ അവൾക്കു വേറെ ഇടവുമില്ല. ഗുരുവിനോടുള്ള സ്നേഹം, അതുമാത്രമാണ് അവളെ നയിക്കുന്ന വികാരം. അതിനാൽത്തന്നെ ശൂന്യമായ കല്ലറ അവളിൽ ഏല്പിച്ച ആഘാതത്തിന്റെ കാഠിന്യം അളക്കാനാവില്ല.

ആരോടു പറയണം, എവിടെ അന്വേഷിക്കണം, എന്നറി യാതെ അവൾ ഓടിച്ചെന്നത് ശിഷ്യന്മാരുടെ അടുത്തേക്കാണ്. കേട്ടപാടെ പത്രോസും യോഹന്നാനും കല്ലറയുടെ അടുത്തേക്ക് ഓടി. എന്തേ യോഹന്നാൻ ഇങ്ങനെ ഓട്ടത്തിന് ഊന്നൽ കൊടു ക്കുന്നു എന്നതു ചിന്തനീയമാണ്-സംഭവത്തിന്റെ നാടകീയത വർദ്ധിപ്പിക്കുകയാവാം ഒരു ലക്ഷ്യം. അതോടൊപ്പം ഓടുന്നവ രുടെ മാനസികാവസ്ഥയും അതു വെളിപ്പെടുത്തുന്നു. മഗ്ദലനാ യുടെ ഓട്ടം എല്ലാം നഷ്ടപ്പെട്ടതിലുള്ള ദുഃഖവും ഹൃദയത്തെ തകർത്ത നിരാശയുമാണെങ്കിൽ ശിഷ്യന്മാർ ഓടുന്നത് എന്തു സംഭവിച്ചു എന്നറിയാൻ വേണ്ടിയാണ്.

ശൂന്യമായ കല്ലറ കാണുമ്പോഴുണ്ടാകുന്ന പ്രതികരണ ത്തിലും വ്യത്യാസമുണ്ട്. പത്രോസിന്റെ പ്രാമുഖ്യം അംഗീകരി ച്ചുകൊണ്ട് യുവാവായ യോഹന്നാൻ മാറിനിന്നു. പിറകേ വന്ന പത്രോസ് ആദ്യമേ കല്ലറയിൽ പ്രവേശിച്ചു. എല്ലാം കണ്ടു. ഒന്നും മനസിലാകാതെ മടങ്ങി. കണ്ടെങ്കിലും ഒരു പ്രതികരണവുമില്ല. പിന്നാലെ കല്ലറയിൽ പ്രവേശിച്ച യോഹന്നാൻ കണ്ടു. വിശ്വ സിച്ചു. എന്നാൽ എന്താണ് വിശ്വസിച്ചതെന്ന് പറയുന്നില്ല. ആരെ ങ്കിലും ശരീരം മോഷ്ടിച്ചു എന്ന് മഗ്ദലേനാ കരുതിയതു തന്നെ യാണോ യോഹന്നാൻ വിശ്വസിച്ചത് എന്നും വ്യക്തമല്ല. “യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ” യോഹന്നാൻ തന്നെയാണെന്ന

പൊതു അഭിപ്രായം സ്വീകാര്യമാണ്. ശിഷ്യന്മാർ രണ്ടുപേരും നിർവ്വികാരരായി മടങ്ങി, തങ്ങളുടെ ഒളിത്താവളത്തിലേക്ക്. അവർക്കു കൂടുതലായൊന്നും ചെയ്യാനില്ല; അറിയാനുമില്ല. എല്ലാം അവസാനിച്ചു എന്ന് തീരുമാനിച്ചതാണ്. എന്നാൽ മറിയം മഗ്ദ ലേനായുടെ പ്രതികരണം തികച്ചും വ്യത്യസ്തമത്രേ.

അവൾ കല്ലറയ്ക്കു വെളിയിൽ കരഞ്ഞുകൊണ്ടു നിന്നു. എല്ലാം നഷ്ടപ്പെട്ട അവൾക്ക് അവശേഷിച്ചിരിക്കുന്നത് കണ്ണീർ മാത്രം. കണ്ണീരിനിടയിലൂടെ കണ്ടത് സത്യമോ, മിഥ്യയോ എന്നു തിരിച്ചറിയുക എളുപ്പമല്ല. യേശുവിനെ കിടത്തിയതിന്റെ തല യ്ക്കലും കാല്ക്കലും കാവലിരിക്കുന്ന രണ്ടുപേർ, ദൈവദൂത ന്മാർ, വെള്ള വസ്ത്രധാരികൾ. അവരുടെ ചോദ്യത്തിന് മറുപടി ഒന്നേയുള്ളൂ. "എന്റെ കർത്താവിനെ അവർ എടുത്തുകൊണ്ടു പോയി. അവർ അവനെ എവിടെയാണ് വച്ചിരിക്കുന്നതെന്ന് എനി ക്കറിയില്ല." ശിഷ്യന്മാരോടു പറഞ്ഞ അതേ വാക്കുകൾ. ദൂത ന്മാർക്കു മറുപടിയില്ല. തിരിഞ്ഞു നോക്കിയപ്പോൾ മുന്നിൽ നിൽക്കുന്ന അപരിചിതൻ തോട്ടക്കാരനാണെന്ന വിശ്വാസത്തിൽ അയാളോടും അവൾ അതേ പരിദേവനം ആവർത്തിച്ചു. ഒരു പടി കൂടി കടന്ന് ഞാൻ അവനെ എടുത്തുകൊണ്ടു പൊയ്ക്കൊള്ളാം എന്നു പറയുന്നതിന്റെ യുക്തി ചോദ്യം ചെയ്യരുത്, സ്നേഹ ത്തിന്റെ ഭാഷയാണത്.

മറിയം മഗ്ദലേനായ്ക്ക് കല്ലറയിൽ സംസ്കരിച്ചത് യേശു വിന്റെ ജഡമല്ല. തന്റെ ഗുരുവാണ്. ഗുരുവിനെ പിരിഞ്ഞ് ഒരു ജീവിതം അവൾക്ക് അചിന്ത്യം. മൂന്നുതവണ അവൾ ആവർത്തിച്ചു. എന്റെ കർത്താവിനെ അവർ എടുത്തുകൊണ്ടു പോയി. അതാണ് ഹൃദയം തകർന്ന് കണ്ണീരൊഴുകുന്നതിനു കാരണം. ബുദ്ധിയും യുക്തിയുമല്ല, ഹൃദയമാണ്, വികാരമാണ് ഇവിടെ പ്രവർത്തിക്കുന്നത്. തന്റെ എല്ലാമായിരുന്നവനെ നഷ്ട പ്പെട്ടു. ഇനി ഈ ജീവിതത്തിന് എന്തർത്ഥം? എവിടെയാണ് നഷ്ട പ്പെട്ട കർത്താവിനെ കണ്ടെത്തുക?

അവൾക്കു തന്റെ കാതുകളെ വിശ്വസിക്കാനായില്ല; "മറിയം!" അതു തന്റെ ഗുരുവിന്റെ ശബ്ദമോ! ഹൃദയത്തിൽ കൊള്ളിയാൻ മിന്നി. കണ്ണിന്റെ മൂടലകന്നു. മുമ്പിൽ നിൽക്കുന്നതു നാഥൻ തന്നെ, സംശയമില്ല. എന്നേക്കുമായി കൈവിട്ടുപോയി എന്നു കരുതിയതെല്ലാം ഒറ്റനിമിഷം കൊണ്ട് അവൾക്കു തിരിച്ചുകിട്ടി.

ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന് അവൾ അറിയാതെ ഉയർന്ന നിലവിളിയാണ് സുവിശേഷകൻ അരമായ ഭാഷയിൽത്തന്നെ കുറിച്ചു വച്ചിരിക്കുന്നത്. "റബ്ബൂനീ!" സ്നേഹാർദ്രമായൊരു അഭിസംബോധനയാണിത്. റബ്ബീ എന്നതിന്റെ ആർദ്രരൂപം, എന്റെ പ്രിയ ഗുരോ!

ഇനി ഒരിക്കലും നാഥൻ കൈവിട്ടുപോകാൻ അവൾ അനുവദിക്കുകയില്ല. അതല്ലേ പാദത്തിൽ വീണു മുറുകെ കെട്ടിപ്പിടിക്കുന്നതിന്റെ അർത്ഥം? യേശു അവളെ തടഞ്ഞില്ല. എന്നാൽ ഇതല്ല ഇനി ആവശ്യം എന്ന് അവളെ ബോധ്യപ്പെടുത്തി. "എന്നെ തടഞ്ഞുനിർത്തരുത്" എന്ന വാക്കുകൾ പുതിയൊരു അവബോധത്തിന്റെ, അതിൽനിന്നുരുത്തിരിയുന്ന പുതിയൊരു ബന്ധത്തിന്റെ ആവശ്യകതയിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. മരണവും ഉത്ഥാനവും വഴി യേശു പിതാവിന്റെ മഹത്വത്തിലേക്കു പ്രവേശിക്കുന്നു. അവനെ ഇനി ശാരീരികമായ തലത്തിൽ അന്വേഷിക്കരുത്.

ഉത്ഥിതനോടു കൂടെ ആയിരിക്കാൻ ഇനി സ്ഥലകാലങ്ങൾ തടസ്സമായിരിക്കുകയില്ല. ശാരീരിക നേത്രങ്ങൾ കൊണ്ടു കാണുകയോ കരങ്ങൾകൊണ്ട് ആശ്ലേഷിക്കുകയോ ചെയ്യാൻ ഇനി സാധിക്കുകയില്ല; അതിന് ആവശ്യവുമില്ല. ദൈവിക മഹത്വത്തിൽ പ്രവേശിക്കുന്ന യേശു ഇനി സ്ഥലകാലങ്ങൾക്ക് അതീതനാണ്; എന്നും എപ്പോഴും തന്റെ ശിഷ്യരുടെ കൂടെ, തന്നെ സ്നേഹിക്കുന്നവരോടു കൂടെ ഉണ്ടായിരിക്കും. ഇതു മഗ്ദലേനാ മനസിലാക്കണം. പോരാ. അപ്പസ്തോലന്മാരെ ഈ സുവിശേഷം അറിയിക്കുകയും വേണം.

"എന്റെ സഹോദരന്മാർ" എന്ന് ശിഷ്യന്മാരെ വിശേഷിപ്പിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കണം. അന്ത്യ അത്താഴവേളയിൽ സ്നേഹിതന്മാർ (യോഹ 15,15) എന്നാണ് വിളിച്ചത്. ഇവിടെ ഒരു പടികൂടി കടന്ന് സഹോദരന്മാർ എന്നു വിശേഷിപ്പിക്കുന്നു. അതേസമയം "എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും" എന്ന് വേർതിരിച്ചുള്ള വിശേഷണം വ്യത്യസ്തമായൊരു പുത്രത്വത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. യേശു സ്വഭാവേന ദൈവപുത്രനാണ്; ശിഷ്യരാകട്ടെ ദത്തുപുത്രന്മാരും. യേശുവിന്റെ മരണവും ഉത്ഥാനവും വഴി പരിശുദ്ധാത്മാവിലൂടെ നല്കപ്പെടുന്നതാണ് ഈ ദത്തുപുത്രസ്ഥാനം (റോമ 8,14-17).

യഥാർത്ഥ ശിഷ്യത്വത്തിന്റെ ഉത്തമോദാഹരണമാണ് മറിയം മഗ്ദലേനാ. അവൾ എല്ലാം ത്യജിച്ച് ഗുരുവിനെ അനുഗമിച്ചു. കുരിശിൻ ചുവട്ടിൽനിന്നു; മരിച്ച് അടക്കപ്പെട്ട്, ഇനി പ്രതീക്ഷയ്ക്കു വകയില്ല എന്നു കരുതിയപ്പോഴും അവൾ വിട്ടുപോയില്ല. ഗുരുവിനെ പിരിഞ്ഞ് അവൾക്കു ജീവിതമില്ല; ഗുരുചരണം വിട്ട് എങ്ങോട്ടും അവൾ പോകില്ല. ഈ സ്നേഹം, ആത്മസമർപ്പണം, ഇതാണ് അവൾക്ക് ഉത്ഥിതനെ തിരിച്ചറിയാൻ അവസരം ഒരുക്കിയത്. റബ്ബൂനീ എന്ന അഭിസംബോധന ഗാഢമായൊരു സ്നേഹബന്ധം വിളിച്ചറിയിക്കുന്നു. എന്നാൽ ശാരീരിക സാന്നിധ്യമല്ല ഇനി ആവശ്യം. ഉത്ഥിതനായ നാഥനെ ഇനി കല്ലറയിൽ തേടേണ്ടാ. അവൻ കൂടെയുണ്ട്. സ്നേഹമായി, ശക്തിയായി, പ്രകാശവും പ്രചോദനവും നിറചൈതന്യവുമായി. ഈ അനുഭവം അവൾ പങ്കുവയ്ക്കണം. ആദ്യമേ ഭയംമൂലം ഒളിവിൽ കഴിയുന്ന അപ്പസ്തോലന്മാരോട്; തുടർന്ന് ലോകം മുഴുവനോടും.

ഇതാണ് മഗ്ദലേനായും തുടർന്നു സകല ക്രിസ്തുശിഷ്യരും ചെയ്യുന്നത്, ചെയ്യേണ്ടത്. ആദിമക്രൈസ്തവർ പരസ്പരം കണ്ടുമുട്ടുമ്പോൾ ആശംസിക്കുന്ന ഒരു വാക്യമുണ്ട്: *ക്രിസ്തോസ് അനെസ്തെ*! മറുപടി *അലേഥോസ് അനസ്തെ*. (ക്രിസ്തു ഉത്ഥാനം ചെയ്തിരിക്കുന്നു-മറുപടി: അവൻ സത്യമായും ഉത്ഥാനം ചെയ്തിരിക്കുന്നു). ഇതു തന്നെയാണ് ഉത്ഥാനത്തിരുനാളിന്റെ സന്ദേശം. അവൻ എന്നും നമ്മോടുകൂടെയുണ്ട്-പുതുജീവനായി, പുത്തൻ പ്രതീക്ഷയായി, പുതുശക്തിയായി. അതിനാൽ ദുഃഖവും വിഷാദവും ഉപേക്ഷിച്ച്, സന്തോഷത്തോടെ നമുക്കും ഏറ്റുപറയാം. ക്രിസ്തു സത്യമായും ഉത്ഥാനം ചെയ്തിരിക്കുന്നു. അവൻ നമ്മോടുകൂടെയുണ്ട്. ഒരിക്കൽ നാമും അവനെപ്പോലെ ഉത്ഥാനം ചെയ്യും. ശരീരങ്ങളുടെ പുനരുത്ഥാനത്തിലും നിത്യജീവനിലുമുള്ള വിശ്വാസത്തിന്റെ അടിസ്ഥാനവും യേശുവിന്റെ പുനരുത്ഥാനം തന്നെ.

# 25

### ഉയിർപ്പ് 2 – ാം ഞായർ

## ഉത്ഥിതന്റെ ദർശനവും വിശ്വാസവും

**(യോഹ 20,19 – 29)**

ഉത്ഥിതനായ യേശുവിന്റെ മൂന്നു ദർശനങ്ങളാണ് യോഹന്നാന്റെ സുവിശേഷം 20–ാം അധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ ദർശനങ്ങളുടെ വിവരണങ്ങൾക്കുശേഷം സുവിശേഷ രചനയുടെ ലക്ഷ്യത്തെ സംബന്ധിച്ച ഒരു പ്രസ്താവനയോടെ (20,30–31) 20–ാം അധ്യായം അവസാനിക്കുന്നു. ഇതു സുവിശേഷത്തിന്റെ തന്നെ ഉപസംഹാരമാണെന്നും തുടർന്നു വരുന്ന 21–ാം അധ്യായം ഒരു അനുബന്ധമായി പില്ക്കാലത്ത് കൂട്ടിച്ചേർക്കപ്പെട്ടതാണെന്നും ബൈബിൾ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ കല്ലറയിങ്കലേക്ക് പോയ മറിയം മഗ്ദലേനായ്ക്കാണ് ഉത്ഥിതന്റെ ദർശനം ആദ്യമായി ലഭിച്ചത് (20,1–18). തുടർന്ന് വൈകിട്ട് പത്തുശിഷ്യന്മാർക്ക് യേശു പ്രത്യക്ഷപ്പെട്ടതിന്റെ വിവരണവും (20,19–23) അവസാനമായി അപ്പസ്തോലൻ തോമസിനു ലഭിച്ച ദർശനവും അദ്ദേഹത്തിന്റെ വിശ്വാസ പ്രഖ്യാപനവും രേഖപ്പെടുത്തിയിരിക്കുന്നു. അവസാനത്തെ രണ്ടു ദർശനങ്ങളാണ് “പുതു ഞായറാഴ്ച” ആയ ഇന്നത്തെ പരിചിന്തനത്തിനായി സഭ നിർദ്ദേശിച്ചിരിക്കുന്നത്.

**20,19 – 23: ശിഷ്യന്മാർക്കു ദർശനം**

ശിഷ്യന്മാർക്കു ലഭിച്ച ഉത്ഥിതന്റെ ദർശനമാണ് ഇവിടെ വിവരിക്കുന്നത്. “ആഴ്ചയുടെ ആദ്യദിവസം” എന്ന കാലത്തെക്കുറിച്ചുള്ള പരാമർശം പല അർത്ഥസൂചനകൾ നൽകുന്നു. ആദ്യദിവസം ഒരു പുതിയ തുടക്കത്തിലേക്ക് വിരൽചൂണ്ടുന്നു. യേശു

വിന്റെ ഉത്ഥാനത്തിലൂടെ ഒരു പുതുസൃഷ്ടി ആരംഭിക്കുകയായി; എല്ലാം പുതുതായി തുടങ്ങുന്നു. അതോടൊപ്പം ആദിമസഭയുടെ ആരാധനയിലേക്കും ഒരു സൂചന ഇവിടെ കാണാം. ആഴ്ചയുടെ ആദ്യ ദിവസമാണ് യേശുവിന്റെ കല്പനയനുസരിച്ച് അപ്പം മുറിക്കാനായി ശിഷ്യർ ഒരുമിച്ചു കൂടിയിരുന്നത്. ആരാധനാസമൂഹത്തിൽ ഉത്ഥിതന്റെ സജീവസാന്നിധ്യം അവർക്ക് അനുഭവവേദ്യമായിരിക്കുന്നു. ആ കണ്ടുമുട്ടലുകളുടെ തുടക്കം ഇവിടെ കാണാം.

ദർശനത്തിന്റെ വിവരണത്തിൽനിന്ന് ഉത്ഥിതനെയും ശിഷ്യഗണത്തെയും സംബന്ധിച്ച് ചില സുപ്രധാന ഉൾക്കാഴ്ചകൾ ലഭിക്കുന്നുണ്ട്. കതകടച്ചിരുന്ന മുറിയിലേക്കാണ് പെട്ടെന്ന് യേശു കടന്നുവരുന്നത്. സ്ഥലകാലങ്ങളുടെ പരിമിതികളെ മറികടന്നവനാണ് ഉത്ഥിതൻ. അടച്ച കതകുകൾ തുറക്കാതെ മുറിയിൽ പ്രവേശിക്കുന്നതിലൂടെ ഉത്ഥിതനായ ക്രിസ്തുവിന്റെ ശരീരത്തിന് പുതിയമാനങ്ങൾ സിദ്ധിച്ചിരിക്കുന്നു എന്ന് സുവിശേഷകൻ എടുത്തുകാട്ടുന്നു. അക്ഷയം, ലഘുത്വം, ദീപ്തി എന്നിങ്ങനെ മൂന്നുഗുണങ്ങൾ പിൽക്കാലത്ത് എടുത്തുകാട്ടുന്നതിന്റെ തുടക്കം ഇവിടെയാണ്. അടച്ച വാതിലിലൂടെ കടന്നുവന്നവന്റെ കൈകളിലും പാർശ്വത്തിലും ഉള്ള അടയാളങ്ങൾ അതു കുരിശിൽ മരിച്ച യേശു തന്നെയാണെന്ന് ബോധ്യപ്പെടുത്തുന്നു. ശിഷ്യന്മാരുടെ മധ്യത്തിൽ നിന്നത് വെറും ഒരു തോന്നലോ, ദർശനം മാത്രമോ അല്ല, യഥാർത്ഥത്തിൽ ജീവിച്ചു മരിച്ച നസ്രായനായ യേശു തന്നെയാണ്. ചരിത്ര പുരുഷനായ യേശുവും ഉത്ഥിതനായ ക്രിസ്തുവും ഒരേ ആൾ തന്നെ എന്ന് ഇതിലൂടെ തെളിയിക്കുന്നു.

യഹൂദരെക്കുറിച്ചുള്ള ഭയം സുവിശേഷത്തിൽ പലതവണ ആവർത്തിച്ച ഒരു പ്രമേയമാണ് (യോഹ 7,13;9,22;12,42). യോഹന്നാൻ ജീവിച്ചിരുന്ന സഭാ സമൂഹത്തിലും ഈ ഭയം നിലനിന്നു. യേശുവിന്റെ പേരിൽ പീഡനത്തിനിരയാകുന്ന ഒരു സമൂഹത്തിന്റെ മധ്യത്തിലേക്കാണ് ഉത്ഥിതൻ കടന്നുവരുന്നത്; അഥവാ അവരുടെ മധ്യത്തിൽ ഉത്ഥിതൻ നിൽക്കുന്നു. യേശുവിന്റെ ആദ്യവാക്കുകൾ അവരുടെ ഭയത്തെ ദൂരീകരിക്കാൻ പോന്നവയാണ്. “നിങ്ങൾക്കു സമാധാനം!” എന്നാൽ ഭയമകറ്റുക മാത്രമല്ല ഈ ആശംസയുടെ ഉദ്ദേശ്യം. ദൈവമനുഷ്യബന്ധത്തിൽ വന്നിരിക്കുന്ന സമൂലമായ ഒരു പരിവർത്തനത്തെ, അഥവാ സംജാതമായിരിക്കുന്ന പുതിയ അവസ്ഥാവിശേഷത്തെ സൂചിപ്പിക്കുന്നതാണ് ഈ വാക്കുകൾ.

യേശുവിന്റെ മരണവും ഉത്ഥാനവും വഴി ദൈവവും മനുഷ്യനും തമ്മിൽ സമ്പൂർണ്ണമായ ഐക്യം ഉളവായിരിക്കുന്നു. ഈ ഐക്യത്തെയാണ് സമാധാനം (ഹെബ്രായ ഭാഷയിൽ *ശാലോം*) എന്നു വിളിക്കുന്നത്. ശിഷ്യന്മാർക്കു നൽകും എന്ന് യേശു വാഗ്ദാനം ചെയ്തായിരുന്നു ഈ സമാധാനം (യോഹ 14,27; 16,33). ആ വാഗ്ദാനം ഇപ്പോൾ പൂർത്തിയാക്കുന്നു.

ഈ ദർശനത്തിൽ യേശു രണ്ടു തവണ സമാധാനം ആശംസിക്കുന്നുണ്ട് (20,20.21). വീണ്ടും അടുത്ത ദർശനത്തിലും ഇതേ ആശംസ തന്നെ നൽകുന്നു (20,26). ഉത്ഥിതനായ നാഥൻ നൽകുന്ന സമ്മാനമാണ് സമാധാനം. അതു ശിഷ്യന്മാർക്ക് സന്തോഷം പ്രദാനം ചെയ്യുന്നു. ഉത്ഥിതന്റെ ദർശനം ശിഷ്യരുടെ ഭയം അകറ്റുന്നു. ഇതാണ് ഓരോ ആരാധനാ സമ്മേളനത്തിലും സംഭവിക്കുന്നത്; സംഭവിക്കേണ്ടത്. യേശുവിന്റെ ഓർമ്മ ആചരിക്കാനായി ഒരുമിച്ചുകൂടുന്ന ശിഷ്യ സമൂഹത്തിന്റെ മധ്യേ അവിടുന്ന് സന്നിഹിതനാണ്; ആ സാന്നിധ്യം ഭയമകറ്റി സന്തോഷം പ്രദാനം ചെയ്യും എന്ന് ഈ വിവരണത്തിലൂടെ സുവിശേഷകൻ സൂചിപ്പിക്കുന്നു. തുടർന്ന് മൂന്നു കാര്യങ്ങളാണ് യേശു ചെയ്യുന്നത്. 1. അവരെ അയയ്ക്കുന്നു. 2. പരിശുദ്ധാത്മാവിനെ നൽകുന്നു. 3. പാപം മോചിക്കാൻ അധികാരം നൽകുന്നു.

**1. ദൗത്യം:** "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു." ശിഷ്യന്മാർക്കു നൽകുന്ന ദൗത്യം യേശുവിന്റെ തന്നെ ദൗത്യത്തിന്റെ തുടർച്ചയാണ്. പിതാവിന്റെ സ്നേഹവും കരുണയും കരുതലും മനുഷ്യർക്ക് അനുഭവവേദ്യമാക്കാൻ വേണ്ടിയാണ് യേശു അയയ്ക്കപ്പെട്ടത്. പിതാവിനോടു പരിപൂർണ്ണ വിധേയത്വം പുലർത്തിക്കൊണ്ട് യേശു തന്റെ ദൗത്യം പൂർത്തിയാക്കി. യേശുവിന്റെ വാക്കും പ്രവൃത്തികളും പിതാവിന്റെ തന്നെ വാക്കും പ്രവൃത്തികളും ആയിരുന്നു. പിതാവുമായുള്ള സമ്പൂർണ്ണ ഹൃദയ ഐക്യമാണ് ഈ ദൗത്യത്തിനു പിന്നിൽ നിൽക്കുന്നത്. അതേ ഐക്യം ശിഷ്യന്മാരിലും ഉണ്ടാകണം. ശിഷ്യരുടെ വാക്കും പ്രവൃത്തികളും യേശുവിന്റെ തന്നെ വാക്കും പ്രവൃത്തികളും ആയിരിക്കണം. അതിന് യേശുവിനോട് പൂർണ്ണമായ വിധേയത്വവും ഹൃദയ ഐക്യവും ശിഷ്യന്മാർക്കുണ്ടായിരിക്കണം.

**2. പരിശുദ്ധാത്മദാനം:** ആത്മാവിനെ നൽകും എന്ന് യേശു പലതവണ വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ അത് തന്റെ

മഹത്വീകരണത്തിനു ശേഷമായിരിക്കും എന്നു പറഞ്ഞിരുന്നു (7,39; 14,15; 16,7). ആ വാഗ്ദാനം ഇവിടെ പൂർത്തിയാകുന്നു. ശിഷ്യന്മാരുടെ മേൽ നിശ്വസിക്കുന്നത് ആദ്യമനുഷ്യനിലേക്ക് ദൈവം ജീവൻ നിവേശിപ്പിച്ചതിനെ അനുസ്മരിപ്പിക്കുന്നു (ഉൽപ 2,7). അസ്ഥികൂടങ്ങളെ ജീവനുള്ള മനുഷ്യരാക്കി മാറ്റുന്ന ജീവാത്മാവിനെക്കുറിച്ചുള്ള പ്രവചനവും (എസെ 37) ഇവിടെ അനുസ്മരിക്കപ്പെടുന്നു. അപ്പസ്തോല പ്രവർത്തനങ്ങളിൽ വിവരിക്കുന്ന പന്തക്കുസ്താ അനുഭവത്തിന് സമാന്തരമായ ഒരനുഭവമാണ് ഇവിടെ ഉണ്ടാകുന്നത്. ശിഷ്യർക്കു സമാധാനവും സന്തോഷവും നൽകുന്നതും ഭയം അകറ്റുന്നതും പരിശുദ്ധാത്മാവാണ്. യേശുവിന്റെ ഉത്ഥാനത്തിനുശേഷം പരിശുദ്ധാത്മാവായിരിക്കും അവരെ നയിക്കുക.

**3. പാപമോചനാധികാരം:** ഉത്ഥിതനായ യേശു നൽകുന്ന മൂന്നാമത്തെ ദാനമാണ് പാപമോചനാധികാരം. ശിഷ്യസമൂഹത്തിന്റെ നേതാക്കന്മാരും പ്രതിനിധികളും എന്ന നിലയിൽ അപ്പസ്തോല സമൂഹത്തിനാണ് ഈ അധികാരം നൽകപ്പെട്ടിരിക്കുന്നത്. മോചിക്കുക-ബന്ധിക്കുക എന്ന പ്രക്രിയ മനുഷ്യരെ ദൈവവുമായി രമ്യതയിലെത്തിക്കാനുള്ള ദൗത്യത്തെ സൂചിപ്പിക്കുന്നു. പരിശുദ്ധാത്മാവിനെ നൽകുന്നതിന്റെ മുഖ്യലക്ഷ്യം തന്നെ ദൈവവുമായുള്ള ഈ അനുരഞ്ജനമാണ്. ഈ ദൗത്യമാണ് സഭ ഇന്നും സുവിശേഷ പ്രഘോഷണവും പാപമോചനമെന്ന കൂദാശയും വഴി തുടരുന്നത്.

### തോമസിന്റെ വിശ്വാസ പ്രഖ്യാപനം (20,24 – 29)

സുപ്രധാനങ്ങളായ മൂന്നു പ്രമേയങ്ങളാണ് ഉത്ഥിതന്റെ മൂന്നാമത്തെ ദർശനത്തിന്റെ വിവരണത്തിലൂടെ സുവിശേഷകൻ അവതരിപ്പിക്കുന്നത്. 1. ഉത്ഥാനത്തിന്റെ സത്യാവസ്ഥ. 2. അപ്പസ്തോലൻ തോമസിന്റെ വിശ്വാസം. 3. വിശ്വാസവും ദർശനവും തമ്മിലുള്ള ബന്ധം. മൂന്നും എന്നും പ്രസക്തമായ പ്രമേയങ്ങളാണ്.

**1. ഉത്ഥാനം-ഒരു യാഥാർത്ഥ്യം:** ആഴ്ചയുടെ ഒന്നാം ദിവസം വൈകിട്ട് യേശു പ്രത്യക്ഷപ്പെട്ടപ്പോൾ മറ്റു ശിഷ്യന്മാരുടെ കൂടെ തോമസ് ഉണ്ടായിരുന്നില്ല എന്ന് സുവിശേഷകൻ എടുത്തു പറയുന്നുണ്ട്. എന്തായിരുന്നു കാരണം എന്നു സൂചിപ്പിക്കുന്നതു പോലുമില്ല. മറ്റുള്ളവരിൽ നിന്നകന്ന് ഒറ്റയാനായി മാറി നിന്നതാണ് തോമസ് എന്ന വിശദീകരണം സ്വീകാര്യമല്ല. ശിഷ്യസമൂഹത്തിന്റെ ഐക്യവും കെട്ടുറപ്പും നഷ്ടപ്പെട്ടു എന്ന സൂചനയാ

ണിതു നൽകുന്നതെന്ന വ്യാഖ്യാനവും തൃപ്തികരമല്ല. യൂദാസ് നഷ്ടപ്പെട്ടു. പക്ഷേ തോമസോ? എന്തേ അവിടെ ഇല്ലാതെ പോയി? ഒരു കാര്യം വ്യക്തമാണ്. മറ്റു ശിഷ്യരെല്ലാം യഹൂദരെ ഭയന്ന് കതകടച്ച് മുറിക്കുള്ളിൽ ഒളിച്ചപ്പോൾ പുറത്തിറങ്ങി നടക്കാൻ ധൈര്യം കാട്ടിയ ഏക ശിഷ്യനാണ് തോമസ്. അദ്ദേഹത്തിന്റെ ധീരതയും സാഹസികതയും യോഹന്നാൻ നേരത്തെ സൂചിപ്പിച്ചിട്ടുണ്ട് (യോഹ 11,16). ഒരുപക്ഷേ ശിഷ്യർക്കാവശ്യമായ ഭക്ഷണം അന്വേഷിച്ചു പോയതായിരുന്നു എന്നു കരുതാനാവുമോ? ഏതായാലും മനഃപൂർവ്വം ഐക്യം നഷ്ടപ്പെടുത്തിയതല്ല എന്നു തീർത്തു പറയാൻ കഴിയും.

ഉത്ഥിത ദർശനത്തെക്കുറിച്ച് മറ്റു ശിഷ്യർ പറഞ്ഞപ്പോഴുള്ള തോമസിന്റെ പ്രതികരണം ഉത്ഥാനത്തെ ഒരു യാഥാർത്ഥ്യമായി സ്വീകരിക്കുന്നതിനുള്ള തെളിവ് ആവശ്യപ്പെടുന്നു. കൈകളിലും പാർശ്വത്തിലുമുള്ള മുറിവുകൾ ക്രൂശിതന്റെ അടയാളങ്ങളാണ്. അതു കണ്ടാലേ താൻ വിശ്വസിക്കൂ എന്ന ശാഠ്യം ഉത്ഥിതനും ചരിത്രപുരുഷനും ഒരാൾ തന്നെ എന്ന് സംശയത്തിനതീതമായി തെളിയിക്കാനുള്ള മാർഗ്ഗമാണ്. ഇവിടെ തോമസിനെ സംശയിക്കുന്ന തോമ്മാ എന്നു വിശേഷിപ്പിക്കുന്നതിന് ന്യായീകരണമില്ല. സംശയമല്ല, വിശ്വസിക്കാൻ വിസമ്മതിക്കലാണ്.

ആവശ്യപ്പെടുന്ന തെളിവിന്റെ പ്രത്യേകതയും ശ്രദ്ധേയമത്രെ. മുറിപ്പാടുകളാണ് തെളിവായി ആവശ്യപ്പെടുന്നത്. മുറിവേറ്റു മരിച്ച ഒരു രക്ഷകനിലേ താൻ വിശ്വസിക്കൂ. ഉയിർത്തെഴുന്നേറ്റപ്പോഴും മുറിപ്പാടുകൾ ഉണങ്ങാതെ നിൽക്കണം. മുറിവേറ്റവനായ യേശുവിനെ തൊട്ടു വിശ്വസിക്കുമ്പോൾ മുറിവേറ്റവരിൽ യേശുവിനെ കാണുന്നതിന്റെ ഒരു സൂചനയും ദൃശ്യമാണ്. മഹത്വീകൃതനായ ക്രിസ്തു മുറിപ്പാടുകൾ ഉണങ്ങാത്തവൻ തന്നെയാണ്. ഈ ഐക്യം വിശ്വാസത്തിന്റെ അടിസ്ഥാനമായി നിൽക്കണം എന്ന തോമസിന്റെ നിർബന്ധം തോമാശ്ലീഹായുടെ ക്രിസ്ത്വനുഭവത്തിന്റെയും വിശ്വാസ പൈതൃകത്തിന്റെയും കാതലായി കാണാൻ കഴിയും.

**2. അപ്പസ്തോലന്റെ വിശ്വാസം**: അപ്പസ്തോലന്റെ നിർബ്ബന്ധത്തിന് യേശു വഴങ്ങി. എട്ടാം ദിവസം വീണ്ടും പ്രത്യക്ഷനായപ്പോൾ തോമസിനെ പ്രത്യേകം ക്ഷണിച്ചു. മുറിവുകളിൽ തൊട്ടു ബോധ്യപ്പെടാൻ. അവിശ്വാസിയാകാതെ, വിശ്വാസി ആയിരിക്കണം. അതിനാവശ്യമായ തെളിവുകൾ നൽകാൻ യേശു ഒരു

ക്കമാണ്. അപ്പസ്തോലനു തൃപ്തിയായി. തൊട്ടു ബോധ്യപ്പെടാൻ നിൽക്കാതെ വിശ്വാസം ഏറ്റുപറഞ്ഞു: ഏറ്റം ഹ്രസ്വവും അതേസമയം സമഗ്രവുമായ വിശ്വാസ പ്രഖ്യാപനമാണ് ഒരു നിലവിളിപോലെ അപ്പസ്തോലന്റെ അധരങ്ങളിൽ നിന്നുയരുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ ഉടനീളം അനേകം വിശ്വാസ പ്രഖ്യാപനങ്ങൾ കാണാം. അവയിൽ ഏറ്റം പൂർണ്ണമാണിത്: "എന്റെ കർത്താവേ, എന്റെ ദൈവമേ!" "വചനം ദൈവമായിരുന്നു" (1,1) എന്ന പ്രഖ്യാപനത്തോടെ ആരംഭിക്കുന്ന സുവിശേഷം യേശുവിനെ കർത്താവും ദൈവവുമായി ഏറ്റുപറഞ്ഞുകൊണ്ട് സമാപിക്കുമ്പോൾ ഈ പ്രഖ്യാപനത്തിന് സുവിശേഷകൻ നൽകുന്ന പ്രാധാന്യം മനസിലാക്കാൻ കഴിയും. ആരാധനാസമൂഹം ഏറ്റു പറയുന്ന ഏറ്റം ഹ്രസ്വമായ വിശ്വാസ പ്രമാണമാണിത്. അങ്ങനെ സഭയുടെ വിശ്വാസം ഏറ്റുപറയുന്ന ആദ്യത്തെ ശിഷ്യനായി തോമ്മാശ്ലീഹാ പ്രത്യക്ഷപ്പെടുന്നു. ആ പ്രഖ്യാപനത്തിന്റെ വെളിച്ചത്തിലാവണം പുതുഞായറാഴ്ച തോമ്മാശ്ലീഹായുടെ പ്രത്യേക ഓർമ്മ ആചരിക്കുന്നത്.

**3. വിശ്വാസവും ദർശനവും:** തോമ്മാശ്ലീഹായെ വിശ്വാസത്തിന്റെ മാതൃകയായി എടുത്തുകാട്ടുന്നതോടൊപ്പം വിശ്വാസത്തിന് ആവശ്യകമായ മറ്റൊരു സവിശേഷതയിലേക്കും സുവിശേഷകൻ ശ്രദ്ധ ക്ഷണിക്കുന്നു. ചരിത്രപുരുഷനായ യേശുവിനെ കാണണം എന്ന നിർബന്ധം സ്വീകാര്യമല്ല. ഇനി അങ്ങോട്ട് പരിശുദ്ധാത്മാവിന്റെ പ്രചോദനവും അപ്പസ്തോലിക സാക്ഷ്യവും ആയിരിക്കും യേശുവിൽ വിശ്വസിക്കുന്നതിനുള്ള അടിസ്ഥാനം. "കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ". ഇപ്രകാരം ഒരു വിശ്വാസമാണ് ഇനി ആവശ്യം.

യേശുവിനെ ശാരീരികമായി, നേരിട്ടു കാണാവുന്ന കാലം കഴിഞ്ഞു. ഇപ്പോൾ പരിശുദ്ധാത്മാവ് സഭയെ നയിക്കുന്ന കാലമാണ്. അവിടെ വിശ്വാസത്തിന് അടിസ്ഥാനമായി നിൽക്കുന്നത് അപ്പസ്തോലന്മാരുടെ സാക്ഷ്യവും പ്രബോധനവും മാത്രം. നേരിട്ടു കാണാനുള്ള നിർബന്ധം വെടിഞ്ഞ്, കേൾവിയിൽനിന്നു വിശ്വസിക്കാൻ തയ്യാറാകണം. "വിശ്വാസം കേൾവിയിൽ നിന്നും കേൾവി ക്രിസ്തുവിനെപ്പറ്റിയുള്ള പ്രസംഗത്തിൽനിന്നുമാണ്" (റോമാ 10,17) എന്ന പൗലോസിന്റെ പ്രബോധനത്തിനു സമാനമാണ് ഈ ഗുരുമൊഴി. സഭാസമൂഹത്തിലും, പ്രത്യേകിച്ച് ആരാധനാ സമ്മേളനത്തിലും, പ്രഘോഷിക്കപ്പെടുന്ന വചനം ശ്രവിച്ച് വിശ്വസിക്കാനുള്ള ആഹ്വാനമാണ് ഈ തിരുമൊഴിയിലൂടെ നൽകപ്പെടുന്നത്.

# 26

### ഉയിർപ്പ് 3 – ാം ഞായർ

## വഴിയും സത്യവും ജീവനും

**(യോഹ 14,1 – 14)**

യേശുവിന്റെ "വിടവാങ്ങൽ പ്രസംഗം" എന്നറിയപ്പെടുന്ന സുവിശേഷഭാഗത്തിന്റെ ആരംഭമാണ് ഇന്നത്തെ വിചിന്തനത്തിനായി സഭ നിർദ്ദേശിച്ചിരിക്കുന്നത്. യോഹന്നാൻ എഴുതിയ സുവിശേഷത്തെ അടയാളങ്ങളുടെ പുസ്തകം (യോഹ 1–12), മഹത്വത്തിന്റെ പുസ്തകം (യോഹ 13–21) എന്നിങ്ങനെ രണ്ടു ഭാഗങ്ങളായി വിഭജിക്കാറുണ്ട്. ആദ്യഭാഗത്ത് യേശുവിനെ ജീവനും പ്രകാശവുമായി വെളിപ്പെടുത്തുന്ന ഏഴ് അടയാളങ്ങളും അവയുമായി ബന്ധപ്പെട്ട വിശദീകരണങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഭാഗമാകട്ടെ യേശുവിലൂടെ പ്രകടമാകുന്ന ദൈവിക മഹത്വം അഥവാ യേശുവിന്റെ മഹത്വീകരണം അവതരിപ്പിക്കുന്നു. ഈ രണ്ടാംഭാഗത്ത് സുദീർഘമായ വിടവാങ്ങലും തുടർന്ന് പീഡാനുഭവ-മരണ-ഉത്ഥാനങ്ങളിലൂടെ നടക്കുന്ന യേശുവിന്റെ മഹത്വീകരണവും വിവരിക്കുന്നു. ഈ പ്രസംഗത്തിന്റെ ആദ്യഭാഗമാണ് ഇന്നത്തെ ധ്യാനവിഷയം.

വിടവാങ്ങൽ തന്നെ മൂന്ന് ഉപവിഭാഗങ്ങൾ ഉൾക്കൊള്ളുന്നു. 1. ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിക്കൊണ്ട് ഗുരു നൽകുന്ന പാഠവും ഒരു ശിഷ്യന്റെ വഞ്ചനയെക്കുറിച്ചുള്ള മുന്നറിയിപ്പും (13,1–30); 2. വിടവാങ്ങൽ പ്രസംഗം (13,31–16,33); 3. യേശുവിന്റെ പ്രാർത്ഥന (യോഹ 17). വിടവാങ്ങൽ പ്രസംഗം വീണ്ടും മൂന്നു ഉപവിഭാഗങ്ങളായി തിരിക്കാം. 13,31–14,31; 15,1–16–4; 16,5–33. ഇതിൽ ഒന്നും മൂന്നും വിഭാഗങ്ങൾ തമ്മിൽ വളരെയേറെ സാമ്യമുണ്ട്. സൂക്ഷ്മമായി അപഗ്രഥിച്ചാൽ രണ്ടു ഭാഗങ്ങളിലും ഒരേ പ്രമേയ

ങ്ങളും ഒരേ വാക്കുകളും പലതവണ പ്രത്യക്ഷപ്പെടുന്നതായി കാണാം. അതിനാൽ ഈ രണ്ടു ഭാഗങ്ങളും ഒരേ പ്രസംഗത്തിന്റെ തന്നെ രണ്ടു രീതിയിലുള്ള അവതരണമായി, അല്ലെങ്കിൽ ഒരേ പ്രസംഗത്തിന്റെ രണ്ടു വ്യത്യസ്ത പാരമ്പര്യങ്ങളായി കരുതുന്ന ബൈബിൾ വ്യാഖ്യാതാക്കളുണ്ട്. ഇതിന്റെ വിശദാംശങ്ങളിലേക്കു കടക്കാതെ 13,31–14, 31 ഒരു യൂണിറ്റായി കാണുന്നത് പഠനത്തിനു സഹായകമാകും.

"അവൻ പുറത്തുപോയിക്കഴിഞ്ഞപ്പോൾ" (യോഹ 13,31) എന്ന മുഖവുരയോടെ തുടങ്ങുന്ന പ്രഭാഷണം "എഴുന്നേൽക്കുവിൻ നമുക്ക് ഇവിടെ നിന്ന് പോകാം" (യോഹ 14,31) എന്ന ആഹ്വാനത്തിൽ അവസാനിക്കുന്നതായി തോന്നാം. തുടർന്നുള്ള 15–16 അധ്യായങ്ങൾ വിടവാങ്ങലിന്റെ കൂടുതൽ വിവരങ്ങൾ നൽകുന്നു. "ഇത്രയും പറഞ്ഞതിനുശേഷം" (യോഹ 17) പ്രസംഗത്തിന്റെ സമാപനവും പ്രാർത്ഥനയുടെ ആരംഭവും കുറിക്കുന്നു. "ഇതു പറഞ്ഞതിനുശേഷം" (യോഹ 18,1) എന്ന മുഖവുര പ്രാർത്ഥനയുടെ അന്ത്യവും പീഡാനുഭവവിവരണത്തിന്റെ തുടക്കവും കുറിക്കുന്നു.

പത്രോസ്, തോമസ്, ഫിലിപ്പ്, യൂദാസ് എന്നീ ശിഷ്യന്മാർ ഉന്നയിക്കുന്ന ചോദ്യങ്ങൾ (13,36; 14,5–8–22) പ്രസംഗത്തിന്റെ ആദ്യഭാഗത്തെ ഒറ്റ യൂണിറ്റായി ഒരുമിച്ചു നിർത്തുന്നു. ഇതിനുള്ളിൽത്തന്നെ "നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട" എന്ന ആശ്വാസവചനം രണ്ടുതവണ അവതരിപ്പിച്ചുകൊണ്ട് (14,1.27) അവയ്ക്കുമധ്യേ പറയുന്ന കാര്യങ്ങൾ ഒരുമിച്ചു കാണണം എന്ന് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു. യേശുവിന്റെ വേർപാടാണ് സാഹചര്യമെങ്കിലും പ്രസംഗത്തിന്റെ മുഖ്യപ്രമേയം വേർപാടല്ല; വേർപാടിനുശേഷമുളവാകുന്ന ശിഷ്യന്മാരുടെ അവസ്ഥയാണ്. എടുത്തുപറയുന്ന ശിഷ്യന്മാരുടെ ചോദ്യങ്ങൾ അവരുടെ അസ്വസ്ഥതയും അതിലുപരി അജ്ഞതയും, യേശു ക്രിസ്തുവാകുന്ന ദൈവ രഹസ്യം ഗ്രഹിക്കാനുള്ള കഴിവുകേടും അടിവരയിട്ടു കാട്ടുന്നു.

ഭയപ്പെടേണ്ടാ, ഹൃദയം അസ്വസ്ഥമാകേണ്ടാ എന്ന ഉപദേശത്തിന് ഉപോദ്ബലകമായി നിൽക്കുന്ന കാര്യങ്ങളാണ് ഈ പ്രസംഗഭാഗത്ത് അവതരിപ്പിച്ചിരിക്കുന്നത്. ഭയം ഇല്ലാതാകണമെങ്കിൽ വിശ്വസിക്കണം. എന്താണ്, എന്തിലാണ് അഥവാ ആരി

ലാണ് വിശ്വസിക്കേണ്ടത് എന്ന് അനേകം വാഗ്ദാനങ്ങളിലൂടെ ആവർത്തിച്ചു പഠിപ്പിക്കുന്നു. 1. നിങ്ങളെ കൂട്ടിക്കൊണ്ടു പോകാൻ ഞാൻ വീണ്ടും വരും (14.3); നിങ്ങളുടെ പ്രാർത്ഥന കേൾക്കും (14,13-14); എന്നും കൂടെ ആയിരിക്കാൻ സഹായകനെ നൽകും (14,16-17.26); ഞാൻ വീണ്ടും വരും (14,18); യേശുവും പിതാവും ശിഷ്യന്മാരിൽ വന്നു വാസമുറപ്പിക്കും (14,23).

ഈ പ്രഭാഷണത്തിലുടനീളം അടിവരയിട്ടു പറയുന്നത് യേശുവിന്റെ വേർപാടല്ല, മടങ്ങി വരവും ശിഷ്യന്മാരോടൊത്തുള്ള വാസവുമാണ് (14,3.18-19.23.28). എന്നാണ് ഈ മടങ്ങി വരവു സംഭവിക്കുക? മൂന്നു വിധത്തിലുള്ള യേശുവിന്റെ മടങ്ങിവരവിനെക്കുറിച്ച് സുവിശേഷങ്ങൾ പ്രതിപാദിക്കുന്നുണ്ട്. 1. യുഗാന്തത്തിൽ, രക്ഷാചരിത്രം അതിന്റെ പൂർണ്ണതയിലെത്തുമ്പോൾ നാഥനും വിധിയാളനുമായി. 2. ഓരോ വ്യക്തിയുടെയും മരണസമയത്ത്. 3. അനുദിനജീവിതത്തിൽ-ദൈവചനം, കൂദാശകൾ, ആന്തരിക പ്രചോദനങ്ങൾ, പ്രാർത്ഥനകൾക്കു നൽകുന്ന ഉത്തരങ്ങൾ, സഹോദരങ്ങൾ എന്നിങ്ങനെ വിവിധ മാർഗ്ഗങ്ങളിലൂടെയുള്ള വരവ്. ഞാൻ മടങ്ങിവരും, നിങ്ങളോടുകൂടെ എന്നും വസിക്കാൻ സഹായകനെ തരും, പിതാവും പുത്രനും വന്ന് ശിഷ്യഹൃദയങ്ങളിൽ വാസമുറപ്പിക്കും എന്നിങ്ങനെയുള്ള വാഗ്ദാനങ്ങൾ ഈ മൂന്നുവിധത്തിലുള്ള വരവിനെയും സൂചിപ്പിക്കാം; എന്നാൽ ഏറ്റവും അധികം ഊന്നൽ നൽകുന്ന മൂന്നാമതു വിവരിച്ച വിധത്തിനാണ്. പൊതുവായ ഈ അവലോകനത്തിനുശേഷം ധ്യാനവിഷയമായ പ്രസംഗഭാഗത്തിലെ ചില വാക്കുകളും പദപ്രയോഗങ്ങളും പ്രത്യേകം അപഗ്രഥിക്കാനാണ് അടുത്തതായി ശ്രമിക്കുന്നത്.

***ഹൃദയം അസ്വസ്ഥമാകേണ്ടാ:*** പിടിച്ചുകുലുക്കുക, ഇളക്കിമറിക്കുക എന്നൊക്കെയാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്ന *"തരാസ്സോ"* എന്ന ഗ്രീക്കു വാക്കിന്റെ വാച്യാർത്ഥം ഭയപ്പെടുക, പേടിച്ചു വിറയ്ക്കുക, സംഭ്രമിക്കുക, അസ്വസ്ഥമാകുക എന്നൊക്കെ ഈ വാക്കിനെ വിവർത്തനം ചെയ്യാം. പുറമേ പ്രകടമാകുന്ന വിധത്തിൽ ഉള്ളിലുണ്ടാകുന്ന ഭയമാണ് ഉദ്ദേശിക്കുന്നത് എല്ലാം നഷ്ടപ്പെടുന്ന, നിലയില്ലാക്കയത്തിൽ വീണുപോകുന്ന ഒരു വ്യക്തിയുടെ അനുഭവമാണിത്. ഇപ്രകാരമൊരവസ്ഥയിലേക്കാണ് അന്ത്യഅത്താഴവേളയിൽ ശിഷ്യന്മാർ എത്തിച്ചേർന്നിരിക്കുന്നത്. അതിന് അവർക്കു തക്കതായ കാരണവുമുണ്ടായിരുന്നു.

യേശു തങ്ങളിൽ നിന്നകന്നു പോകുന്നുവെന്നും അതു ക്രൂരമായ മരണത്തിലൂടെ ആയിരിക്കുമെന്നും, തങ്ങളിൽ ഒരുവൻ തന്നെയാണ് ആ മരണത്തിന് ഗുരുവിനെ ഏല്പിച്ചുകൊടുക്കാൻ പോകുന്നതെന്നുമുള്ള വെളിപാടുകൾ അവരുടെ കാൽക്കീഴിലെ മണ്ണ് മാറ്റിക്കളഞ്ഞു. തങ്ങൾ ചവുട്ടി നിൽക്കുന്ന തറയും പടുത്തുയർത്തിയ സ്വപ്നങ്ങളും എല്ലാം തകർന്നടിയുന്നതായി അവർക്കു തോന്നി. മുന്നിൽ ഭീകരമായ ശൂന്യത. ഇവിടെയാണ് ഗുരുവിന്റെ സാന്ത്വനം. അവരുടെ ആന്തരികാവസ്ഥ ശരിക്കും മനസിലാക്കിയ ഗുരുനാഥൻ അവർക്ക് പ്രത്യാശയിലൂടെ ധൈര്യം പകരുന്നു.

***ദൈവത്തിൽ വിശ്വസിക്കുവിൻ:*** തങ്ങളെ ഗ്രസിക്കുന്ന ഭയത്തിൽ നിന്നു മോചനം നേടാനുള്ള ഏകമാർഗ്ഗമായി യേശു ഊന്നിപ്പറയുന്നത് വിശ്വാസമാണ്. "ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ". ഇവിടെ ദൈവത്തിൽ, എന്നിൽ എന്നീ പദങ്ങളുടെ അവസാനം ചേർത്തിരിക്കുന്ന "ഇൽ" എന്ന പ്രത്യയത്തിന് രണ്ടു രൂപങ്ങളും വ്യത്യാസ്താർത്ഥങ്ങളുമുണ്ട്. *"എൻ"* (en) എന്ന പ്രത്യയം ഒരു വസ്തു അഥവാ വ്യക്തി ഇരിക്കുന്ന സ്ഥലത്തെ സൂചിപ്പിക്കുന്നു, അഥവാ സ്ഥലസൂചികയാണത്. ഉദാ: ഗ്ലാസ്സിൽ വെള്ളം, കടലാസിൽ മഷി, കസേരയിൽ മനുഷ്യൻ. രണ്ടാമത്തേത് *ഏയിസ്* (eis). ഇത് വിശ്രമസ്ഥലത്തേക്കാൾ ദിശയെ സൂചിപ്പിക്കുന്ന പ്രത്യയമാണ്. ഉദാ: മുകളിലേക്കു നോക്കി, താഴേക്കു ചാടി, മുറിയിൽ പ്രവേശിച്ചു. അവസാനത്തെ ഉദാഹരണത്തിന്റെ അർത്ഥം, കൃത്യമാകണമെങ്കിൽ മുറിയിലേക്കു പ്രവേശിച്ചു എന്നു പറയണം.

ഇതിൽ രണ്ടാമത്തെ പ്രത്യയമാണ് പഠനവിഷയമായ വാക്കിലുള്ളത്. അപ്പോൾ ദൈവത്തിൽ, എന്നിൽ എന്നതിനുപകരം "ദൈവത്തിലേക്ക്", "എന്നിലേക്ക്" എന്നാണ് അക്ഷരാർത്ഥത്തിൽ വിവർത്തനം ചെയ്യേണ്ടത്. എന്നാൽ ഈ പ്രയോഗം ഭാഷയോടു ചെയ്യുന്ന അതിക്രമമാകയാൽ "എന്നിൽ" എന്നുതന്നെ വിവർത്തനം ചെയ്യുന്നു. വിവർത്തകർ നേരിടുന്ന പ്രതിസന്ധികളുടെ ഒരുദാഹരണമാണിത്. വിവർത്തനം പൂർണ്ണമല്ലാത്തതിനാൽ വിശദീകരണം ആവശ്യമായി വരുന്നു. അക്ഷരാർത്ഥത്തിൽ "ദൈവത്തിലേക്കു വിശ്വസിക്കുവിൻ, എന്നിലേക്കും വിശ്വസിക്കുവിൻ" എന്നാണ് വിവർത്തനം ചെയ്യേണ്ടത്. ഇതിൽനിന്ന് വിശ്വാസത്തെ സംബന്ധിച്ച ആഴമേറിയ ഉൾക്കാഴ്ച ലഭിക്കുന്നു.

വിശ്വസിക്കുക എന്നാൽ ഏതെങ്കിലും തത്വസംഹിതക ളെയോ യാഥാർത്ഥ്യങ്ങളെയോ ചോദ്യം ചെയ്യാതെ സത്യം എന്ന് ബുദ്ധികൊണ്ട് അംഗീകരിക്കുക എന്നല്ല മറിച്ച് സ്വയം സമർപ്പി ക്കുക, വിട്ടുകൊടുക്കുക, അടിയറവയ്ക്കുക എന്നാണ് ഈ വാക്കിന് അർത്ഥം. ദൈവത്തിൽ വിശ്വസിക്കുക എന്നു പറഞ്ഞാൽ ദൈവം ഉണ്ട് എന്ന് ബുദ്ധികൊണ്ട് അംഗീകരിക്കുക എന്നല്ല, ദൈവത്തിന് സ്വയം സമർപ്പിക്കുക, തന്നെത്തന്നെ പൂർണ്ണമായി ദൈവകരങ്ങളിൽ ഏല്പിച്ചുകൊടുക്കുക എന്നതാണ് മുഖ്യമായ അർത്ഥം. ദൈവകരങ്ങളിൽ സ്വയം സമർപ്പിക്കുന്നവൻ യേശു വിനും തന്നെത്തന്നെ സമർപ്പിക്കണം. (പിതാവായ ദൈവവും താനും തമ്മിലുള്ള ബന്ധം യേശു തുടർന്നു വ്യക്തമക്കുന്നുണ്ട്.) ഇപ്രകാരമുള്ള വിശ്വാസമാണ് ഭയത്തിനു പ്രതിവിധി. ദൈവകര ങ്ങളിൽ ഞാൻ സുരക്ഷിതനാണ് എന്ന് വിശ്വാസം എനിക്ക് ബോധ്യം നൽകുന്നു. ഈ ബോധ്യമാണ് ശിഷ്യന്മാർക്കു പകർന്നു കൊടുക്കാൻ യേശു ശ്രമിക്കുന്നത്.

***പിതാവിന്റെ ഭവനത്തിൽ ധാരാളം വാസസ്ഥലങ്ങൾ:*** *ഒയി ക്കിയാ* (Oikia) എന്ന ഗ്രീക്കു വാക്കാണ് ഇവിടെ ഭവനം എന്നു വിവർത്തനം ചെയ്യുന്നത്. എന്നാൽ എന്താണ്, എവിടെയാണ് പിതാവിന്റെ ഭവനം? എന്താണ് വാസസ്ഥലങ്ങൾ? പിതാവിന്റെ ഭവനത്തെ വലിയൊരു കെട്ടിട സമുച്ചയം (building complex) ആയും വാസസ്ഥലങ്ങളെ ആ സമുച്ചയത്തിലുള്ള പലതരം കെട്ടി ടങ്ങളായും വിഭാവനം ചെയ്യാനാണ് എളുപ്പം. അങ്ങനെ ആകാശ വിതാനത്തിനു മുകളിൽ വലിയ നഗരം പോലുള്ള പിതാവിന്റെ ഭവനത്തിൽ പല വലുപ്പത്തിലും തരത്തിലുമുള്ള കെട്ടിടങ്ങൾ; സ്വർഗ്ഗത്തിൽ പോകാൻ ഭാഗ്യം ലഭിക്കുന്ന വ്യക്തികൾക്ക് ഭൂമി യിൽ അവർ നേടിയ യോഗ്യതകൾക്കനുസരിച്ച് സൗകര്യങ്ങളിൽ ഏറ്റക്കുറച്ചിലുകളുള്ള വീടുകൾ. ഇതാണ് വാക്കുകളുടെ വാച്യാർത്ഥം മനസിലേക്കു കൊണ്ടു വരുന്ന ചിത്രം. എന്നാൽ ഇതല്ല ഗ്രന്ഥകാരൻ പറയാൻ ഉദ്ദേശിക്കുന്നത്.

*"ഒയിക്കിയാ"* എന്ന വാക്കിന് വീട്, ഭവനം, കെട്ടിടം എന്നു മാത്രമല്ല "കുടുംബം" എന്നും അർത്ഥമുണ്ട്. അപ്പോൾ പിതാ വിന്റെ കുടുംബത്തിലേക്കാണ് ശിഷ്യന്മാരെ കൂട്ടിക്കൊണ്ടു പോകുന്നത്. ഒരു പടികൂടി കടന്ന്, കുടുമ്പത്തിനുമപ്പുറം പിതാ വുതന്നെയാണ് ഭവനം എന്നു പറയാനാവും. ഇത് തികച്ചും വ്യത്യ

സ്തമായൊരു ചിത്രം നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്നു. പിതാവു വസിക്കുന്ന നഗരത്തിലേക്കല്ല, പിതാവാകുന്ന ഭവനത്തിലേക്കാണ് ശിഷ്യന്മാർക്കു പ്രവേശനം നൽകുന്നത്. ദൈവം "തന്റെ സാന്നിധ്യത്തിന്റെ കൂടാരത്തിൽ അവർക്ക് അഭയം നൽകും" (വെളി 7,16) എന്നു വെളിപാടു ഗ്രന്ഥകാരൻ പറയുന്നത് ഈ അർത്ഥത്തിലാണ്, സാന്നിധ്യം തന്നെയാണ് കൂടാരം. "നഗരത്തിൽ ഞാൻ ദേവാലയം കണ്ടില്ല. എന്തുകൊണ്ടെന്നാൽ സർവ്വശക്തനും ദൈവവുമായ കർത്താവും കുഞ്ഞാടുമാണ് അതിലെ ദേവാലയം" (വെളി 21,22) എന്ന് ഗ്രന്ഥകാരൻ കൂടുതൽ വ്യക്തമാക്കുന്നു.

ദൈവമാണ് ഭവനമെങ്കിൽ എന്താണ് വാസസ്ഥലങ്ങൾ? *"മൊനായ്"* എന്ന ഗ്രീക്കു പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. *"മൊനേ"* എന്നത് ഏകവചനം. "വസിക്കുക" എന്നർത്ഥമുള്ള *"മെനേയിൻ"* എന്ന ക്രിയാധാതുവിൽ നിന്നാണ് ഈ നാമത്തിന്റെ നിഷ്പത്തി. "ധാരാളം വാസസ്ഥലങ്ങൾ" എന്നതുകൊണ്ട് എല്ലാവർക്കും വസിക്കാൻ ഇടം എന്ന് അർത്ഥമാക്കുന്നു. സകല മനുഷ്യരെയും തന്നിൽ ഉൾക്കൊള്ളാൻ മാത്രം വിശാലമാണ് പിതാവാകുന്ന ഭവനം, ആരെയും ഒഴിവാക്കുന്നില്ല (വെളി 7,9-15).

***സ്ഥലം ഒരുക്കൽ:*** പിതാവാകുന്ന ഭവനത്തിലേക്കു സകല മനുഷ്യരെയും ആകർഷിക്കുക, അഥവാ കൊണ്ടുപോകുക എന്നതാണ് യേശുവിന്റെ ലക്ഷ്യം. പാപം മൂലം ദൈവിക ജീവൻ നഷ്ടപ്പെട്ട്, ദൈവത്തിൽ നിന്നകന്നു പോയവരെ വീണ്ടും ആ പിതൃസന്നിധിയിലേക്ക് ആനയിക്കുക, അറ്റുപോയ ബന്ധം വിളക്കിച്ചേർക്കുക, അടഞ്ഞുപോയ വാതിൽ തുറക്കുക എന്നിങ്ങനെ പ്രതീകങ്ങളിലൂടെ യേശുവിന്റെ രക്ഷാകര പ്രവൃത്തിയെ വിശേഷിപ്പിക്കാനാവും. യേശു ശിഷ്യന്മാരെ വിട്ടു പിതാവിന്റെയടുത്തേക്കു പോകുന്നത് (യോഹ 13,1) ഒരു ഉപേക്ഷിക്കലോ വേർപാടോ അല്ല, പുതിയബന്ധം സ്ഥാപിക്കലാണ്. വാസസ്ഥലം ഒരുക്കുക എന്നാൽ പിതാവിൽ വസിക്കൽ സാധ്യമാക്കുക എന്നാണർത്ഥം. പീഡാസഹനവും മരണവും ഉത്ഥാനവും വഴിയാണ് യേശു ഈ ബന്ധം പുനഃസ്ഥാപിക്കുന്നത്, അഥവാ സ്ഥലം ഒരുക്കുന്നത്.

***വഴിയും സത്യവും ജീവനും:*** തോമസിന്റെ ചോദ്യം അജ്ഞത വെളിവാക്കുന്നതോടൊപ്പം കൂടുതൽ വിശദീകരണത്തിനു വഴി തെളിക്കുന്നു. രക്ഷാചരിത്രം മുഴുവൻ ഉൾക്കൊള്ളുന്ന മഹാവാക്യമാണ്

യേശു തോമസിനു മറുപടിയായി നൽകുന്നത്. ഞാൻ വഴി കാണിക്കുന്നു, സത്യം പറയുന്നു, ജീവൻ നൽകുന്നു എന്നല്ല യേശു പറയുന്നത്. മറിച്ച് ഞാനാണ് വഴി, ഞാനാണ് സത്യം, ഞാനാണ് ജീവൻ എന്നത്രെ. അടിത്തട്ടിലെത്താനാവാത്തത്ര ആഴമേറിയ ഈ വെളിപ്പെടുത്തലിന്റെ സാരാംശം ഗ്രഹിക്കുകയോ ചുരുക്കം വാക്കുകളിൽ അവതരിപ്പിക്കുകയോ എളുപ്പമല്ല.

ലക്ഷ്യത്തിലേക്കു നയിക്കുന്നതാണ് വഴി. പിതാവാകുന്ന ഭവനമാണ് ഇവിടെ ലക്ഷ്യം. അപ്പോൾ വഴി മറ്റൊന്നുമല്ല, യേശു തന്നെയാണ്. അതുകൊണ്ടാണ് എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെയടുക്കലേക്കു വരുന്നില്ല എന്നു തുടർന്നു പറയുന്നത്. "ഞാനാണു വാതിൽ" (യോഹ 10,7) എന്നതിനു സമാനമായൊരു പ്രയോഗമാണിത്. യേശുവാണ് വഴിയെങ്കിൽ, അവിടുത്തെ മാതൃകയനുസരിച്ച്, അഥവാ കാട്ടിത്തന്ന വഴിയിലൂടെ നടന്നാൽ പോരാ, യേശുവിനെത്തന്നെ സ്വീകരിക്കണം. അതാണ് ആദ്യമേ പറഞ്ഞത്. "എന്നിലേക്കു വിശ്വസിക്കുക!"

യേശുവാകുന്ന വഴി നയിക്കുന്നത് പിതാവിലേക്കാണ്. തുടർന്നു പറയുന്നു: "ഞാനാണ് സത്യം" യേശു സത്യം പറയുകയോ സത്യം വെളിപ്പെടുത്തുകയോ സത്യത്തിനു സാക്ഷ്യം വഹിക്കുകയോ മാത്രമല്ല ചെയ്യുന്നത്, മറിച്ച് യേശു തന്നെയാണ് സത്യം. അപ്പോൾ "എന്താണ് സത്യം" എന്ന പീലാത്തോസിന്റെ ചോദ്യം (യോഹ 18,38) പ്രസക്തമാകുന്നു. ചുരുക്കിപ്പറഞ്ഞാൽ ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലാണ് സത്യം. അത് ഒന്നേയുള്ളൂ. ആ വെളിപ്പെടുത്തലാണ് യേശു-ദൈവവചനം മാംസമായി നമ്മുടെ ഇടയിൽ കൂടാരമടിച്ചതാണ് (യോഹ 1,1-14) യേശു. "അവസാന നാളുകളിൽ തന്റെ പുത്രൻ വഴി അവിടുന്ന് നമ്മോടു സംസാരിച്ചിരിക്കുന്നു" (ഹെബ്രാ1,2), അഥവാ നമുക്കു സ്വയം വെളിപ്പെടുത്തിയിരിക്കുന്നു. ഈ സത്യം അംഗീകരിച്ചാൽ പോരാ, സ്വീകരിക്കണം; ഈ സത്യത്തിനു സ്വയം സമർപ്പിക്കണം. അപ്പോഴാണ് ജീവനുണ്ടാകുക.

മൂന്നാമത്തെ വെളിപ്പെടുത്തലാണ് "ജീവൻ". യേശു തന്നെയാണ് ജീവൻ. അപ്പോൾ സത്യത്തെക്കുറിച്ചെന്നതുപോലെ ഇവിടെയും ചോദ്യം പ്രസക്തമാകുന്നു. എന്താണ് ജീവൻ? യോഹന്നാൻ എഴുതിയ സുവിശേഷത്തിന്റെ മുഴുവൻ ഇതിവൃത്തം ഈ ഒറ്റവാക്കിലുണ്ട്. "അവനിൽ ജീവൻ ഉണ്ടായിരുന്നു. ആ ജീവൻ

മനുഷ്യരുടെ വെളിച്ചമായിരുന്നു" (യോഹ 1,4). ഒറ്റവാക്കിൽ പറഞ്ഞാൽ, ദൈവം തന്നെയാണ് ജീവൻ. ജീവന്റെ ഉറവിടവും ഇരുപ്പിടവും എല്ലാം ദൈവം തന്നെ. പിതാവിൽനിന്നു പുത്രനിലേക്കും പുത്രനിൽ നിന്ന് പിതാവിലേക്കും അനർഗ്ഗളം പ്രവഹിക്കുന്ന സ്നേഹമാണ് ജീവൻ. അതുതന്നെയാണ് പരിശുദ്ധാത്മാവ്. അതു തന്നെയാണ് ദൈവം. അപ്പോൾ പിതാവിന്റെ ഭവനത്തിലായിരിക്കുക, സത്യം അറിയുക, ജീവനുണ്ടാകുക എന്നൊക്കെപ്പറയുന്നത് ഈ ഒരേയൊരു യാഥാർത്ഥ്യത്തിനാണ്. ദൈവത്തിലായിരിക്കുക, ദൈവത്തിൽ ജീവിക്കുക, ദൈവികജീവനിൽ പങ്കുചേരുക എന്നിങ്ങനെ അനേകം വാക്കുകളിലൂടെ വിവരിച്ചിട്ടും അർത്ഥം വീണ്ടും അവ്യക്തമായി തുടരുന്നു. അതിനാൽത്തന്നെ വിശ്വാസം ആവശ്യമായി വരുന്നു.

പിതാവും യേശുവും തമ്മിലുള്ള ഗാഢമായ, അഭേദ്യമായ ബന്ധത്തെയാണ് ശിഷ്യർക്കു സ്വന്തമായി വാഗ്ദാനം ചെയ്യുന്നത്. പിതാവിനെ കാണാനുള്ള പീലിപ്പോസിന്റെ ആഗ്രഹം വിശ്വാസരാഹിത്യമാണ് പ്രകടമാക്കുന്നത്. യേശു പിതാവിലും പിതാവ് യേശുവിലുമാണ്, അഥവാ പിതാവിന്റെ സ്വയം പ്രകാശനമാണ് മനുഷ്യനായി അവതരിച്ച വചനമാകുന്ന യേശു. വിശ്വാസത്തിന്റെ ഉൾക്കണ്ണു തുറക്കുമ്പോൾ നമ്മുടെ മുന്നിൽ തെളിയുന്നത് അചിന്ത്യ മനോഹരമായൊരു ദൃശ്യമാണ്. പിതാവും പുത്രനും സ്നേഹത്തിൽ ഒന്നായിരിക്കുന്നതുപോലെ യേശുവിൽ വിശ്വസിക്കുന്നവരും ദൈവത്തിൽ ഒന്നാകുന്നു. ഇതാണ് ദൈവത്തോടൊന്നിച്ചുള്ള, അഥവാ ദൈവത്തിലുള്ള വാസം. ഇപ്രകാരം ഒരു വിശ്വാസം ഉണർത്തുന്നതാണ് യേശുവിന്റെ വാക്കും ജീവിതവും പ്രവൃത്തികളും.

ഇങ്ങനെ വിശ്വസിച്ചുകൊണ്ട് പ്രാർത്ഥിച്ചാൽ ചോദിക്കുന്നതെല്ലാം യേശു ചെയ്തുതരും. യേശു പ്രവർത്തിച്ചതിനേക്കാൾ വലിയ കാര്യങ്ങൾ വിശ്വസിക്കുന്ന ശിഷ്യനു പ്രവർത്തിക്കാൻ കഴിയും എന്ന വാഗ്ദാനം പിതാവിലുള്ള ജീവിതത്തെയാണ് സൂചിപ്പിക്കുക. തന്റെ മഹത്വീകരണത്തിലൂടെ പിതാവുമായുള്ള ഐക്യം, അഥവാ ദൈവിക ജീവൻ യേശു സാധ്യമാക്കിയതിനാൽ ശിഷ്യന്മാർക്ക് വിശ്വാസവും സാക്ഷ്യവും വഴി അനേകരെ പിതാവിലേക്കു നയിക്കാൻ കഴിയും. ഇതാണ് അവരുടെ ദൗത്യം; ഇതിനുവേണ്ടി ആയിരിക്കണം അവരുടെ പ്രാർത്ഥന.

# 27

## ഉയിർപ്പ് 4-ാം ഞായർ

# സന്തോഷം പൂർണ്ണമാകാൻ

**(യോഹ 16,16-33)**

മനുഷ്യർ എന്താണ് ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത് എന്നു ചോദിച്ചാൽ ഒരു സംശയവും ആലോചനയും കൂടാതെ ആരും പറയും: "സന്തോഷം". നിലനിൽക്കുന്ന, ഒരിക്കലും കുറയാത്ത, അസ്തമിക്കാത്ത, നിത്യമായ യഥാർത്ഥ സന്തോഷം. ഏറ്റവും കൂടുതൽ ആഗ്രഹിക്കുക മാത്രമല്ല അധ്വാനിക്കുന്നതും സന്തോഷത്തിനു വേണ്ടിയാണെന്ന കാര്യത്തിൽ രണ്ടഭിപ്രായത്തിനിടയില്ല. എന്നാൽ ഏറ്റം തീവ്രമായും തീക്ഷ്ണമായും ആഗ്രഹിക്കുന്ന സന്തോഷം ലഭിക്കുന്നില്ല എന്നതും ഒരു സത്യം. എന്തേ ഇങ്ങനെ?

സങ്കടത്തിന്റെയും ദുഃഖത്തിന്റെയും കലർപ്പില്ലാത്ത സന്തോഷം ഈ ഭൂമിയിൽ ലഭ്യമല്ല എന്നു കരുതുന്നവരുണ്ട്. യഥാർത്ഥവും ശാശ്വതവുമായ സന്തോഷം മരണാനന്തരം മാത്രമേ ലഭിക്കൂ എന്നു കരുതുന്നവരുമുണ്ട്. പലപ്പോഴും മനുഷ്യൻ സന്തോഷം തേടുന്നത് ഭൗതികവസ്തുക്കളിലും സൗകര്യങ്ങളിലുമായിരിക്കും. ശാശ്വത സന്തോഷം എന്നതിനേക്കാൾ രസവും സുഖവും ഒക്കെയാവും തേടുന്നത്. താൽക്കാലികമായ സുഖം നൽകുന്ന പലതും നിലനിൽക്കുന്നില്ല എന്നു മാത്രമല്ല യഥാർത്ഥത്തിൽ അവ ദുഃഖത്തിലേക്കും ആത്മാവിന്റെ മാത്രമല്ല, ശരീരത്തിന്റെയും നാശത്തിലേക്കും ആയിരിക്കും നയിക്കുക. മദ്യലഹരിയും സ്വരുക്കൂട്ടി വയ്ക്കുന്ന സമ്പത്തും അനുഭവിച്ചു തൃപ്തിയടയാൻ ശ്രമിക്കുന്ന ആസക്തികളും എല്ലാം നൽകുന്നത് സന്തോഷത്തിന്റെ മരീചികകൾ മാത്രമാണെന്ന തിരിച്ചറിവ് പലപ്പോഴും

ഏറെ വൈകിയാവും കടന്നുവരുക. അപ്പോഴേക്കും കരകയറാൻ പറ്റാത്ത പടുകുഴിയിൽ പതിച്ചിട്ടുണ്ടാവും. അതിനാൽ സ്ഥായിയായ സന്തോഷം എന്നത് വെറും ഒരു പാഴ്ക്കിനാവാണോ? മനസിനെ മയക്കാനായി മതം കണ്ടുപിടിച്ച് നൽകിയ കറുപ്പ്?

അല്ല എന്നതാണ് ഇന്നത്തെ വായനയ്ക്കായി സഭ നിർദ്ദേശിച്ചിരിക്കുന്ന സുവിശേഷഭാഗം പഠിപ്പിക്കുന്നത്. യേശുവിന്റെ വിടവാങ്ങൽ പ്രസംഗം, അഥവാ അന്തിമോപദേശം ആയി യോഹന്നാൻ അവതരിപ്പിക്കുന്ന സുദീർഘമായ (യോഹ 14-16) പ്രഭാഷണത്തിന്റെ അവസാനഭാഗമാണ് ഇന്നത്തെ വായന. ഹ്രസ്വവും (യോഹ 16,16-24) ദീർഘവും (16,16-33) ആയ രണ്ടു സാധ്യതകൾ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, അവതരിപ്പിക്കുന്ന പ്രമേയം പൂർണ്ണമായി ഗ്രഹിക്കാൻ ദീർഘമായ വായനതന്നെ എടുക്കണം.

“അല്പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല. വീണ്ടും അല്പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും” (യോഹ 16,16) എന്ന പ്രസ്താവനയോടെയാണ് ഈ ഭാഗം ആരംഭിക്കുന്നത്. ദുർഗ്രഹമായ ഈ ഗുരുമൊഴി ശിഷ്യരുടെ ഇടയിൽ ചർച്ചാവിഷയമാകുന്നു. ഇത് യോഹന്നാൻ സാധാരണ അവലംബിക്കുന്ന ഒരു അവതരണ രീതിയാണ്. യേശുവിന്റെ വചനം കേൾവിക്കാർക്കു മനസിലാകുന്നില്ല; അവർ തെറ്റിധരിക്കുന്നു. തുടർന്ന് ചർച്ചയിലൂടെ ഗുരുമൊഴിയുടെ ആഴത്തിലേക്കു നയിക്കുന്നു... നിക്കോദേമോസും (3,1-21), സമറിയാക്കാരിയും (4,4-30) കഫർണാമിലെ നേതാക്കന്മാരും (6,25-59) മറ്റുമായുള്ള സംഭാഷണങ്ങൾ ഉദാഹരണങ്ങളാണ്.

ശിഷ്യന്മാരുടെ സംശയം മനസിലാക്കിയ യേശു തന്റെ പ്രസ്താവന വിശദീകരിക്കുന്നു. എന്നാൽ എളുപ്പം മനസിലാക്കാവുന്നതല്ല ഈ വിശദീകരണം. കാരണം യേശുവിന്റെ പ്രസ്താവന തന്റെ തന്നെ വ്യക്തിത്വത്തിന്റെ നിഗൂഢതയിലേക്കു വിരൽ ചൂണ്ടുന്നതാണ്. എന്താണ് ഈ അല്പസമയം? പ്രത്യക്ഷത്തിൽ ഉടനെ സംഭവിക്കാൻ പോകുന്ന പീഡാസഹനവും മരണവുമാണ് എന്നു തോന്നാം. ഒരു പരിധിവരെ അതു ശരിയാണുതാനും. കാരണം യേശുവിന്റെ പീഡാനുഭവവും മരണവും ശിഷ്യന്മാർക്ക് വലിയ ദുഃഖത്തിനും ഭയത്തിനും കാരണമാകും. യേശുവിനെ വധിച്ചവർ തങ്ങളെയും വധിക്കും എന്ന് അവർ ന്യായമായും ഭയന്നു. എന്നാൽ മൂന്നാം ദിവസം ഉത്ഥാനം

ചെയ്യുന്ന യേശു അവരെ കണ്ടുമുട്ടും. അപ്പോൾ അവരുടെ ദുഃഖം സന്തോഷമായി മാറും. യേശുവിനെ കുരിശിലേറ്റി വിജയം ആഘോഷിച്ചവർ യേശുവിന്റെ ഉത്ഥാനത്തോടെ ആഘോഷങ്ങൾ അവസാനിപ്പിക്കേണ്ടിവരും. എന്നാൽ ഇതു മാത്രമല്ല യേശു പഠിപ്പിക്കാൻ ആഗ്രഹിക്കുന്നത് എന്ന് തുടർന്നുള്ള വിശദീകരണങ്ങൾ സൂചിപ്പിക്കുന്നു.

യേശുവിന്റെ വേർപാട് താൽക്കാലികമാണെന്നു പറയുന്നെങ്കിലും, പീഡാനുഭവവും മരണവും തുടർന്ന് ഉത്ഥാനവും വഴി യേശുവിന് ശിഷ്യരോടുള്ള ബന്ധത്തിൽ, അതിനെക്കുറിച്ചുള്ള ശിഷ്യരുടെ അനുഭവത്തിൽ മാറ്റം വരുന്നു. ഉത്ഥാനത്തിനുശേഷം യേശു അവരുടെ കൂടെ സന്നിഹിതനാണെങ്കിലും ആ സാന്നിധ്യം മുമ്പത്തേതുപോലെ ശാരീരികമോ, നഗ്നനേത്രങ്ങൾക്കു ദൃശ്യമോ അല്ല. യോഹന്നാൻ യേശുവിന്റെ സ്വർഗ്ഗാരോഹണം വിവരിക്കുന്നില്ല എന്നതു ശരിതന്നെ. എന്നാലും അവന്റെ സാന്നിധ്യം വിശ്വാസത്തിന്റെ കണ്ണിലൂടെ മാത്രമേ കാണാനും അനുഭവിക്കാനും കഴിയൂ. ഈ സത്യം 14-15 അധ്യായങ്ങളിൽ, പല വിധത്തിൽ ആവർത്തിച്ചുപറയുകയുണ്ടായി. അതിനാൽ യേശുവിനെ കാണാൻ കഴിയാത്ത അല്പസമയം മരണവും ഉത്ഥാനവും തമ്മിലുള്ള അകലം മാത്രമല്ല സൂചിപ്പിക്കുന്നത്. തന്നെയുമല്ല, യോഹന്നാന്റെ കാഴ്ചപ്പാടിൽ കുരിശാരോഹണം തന്നെ യേശുവിന്റെ മഹത്വീകരണമാണ്.

എപ്പോഴാണ് യേശു ശിഷ്യന്മാരെ വീണ്ടും കാണുന്നത് (16,22)? ഉത്ഥിതന്റെ ദർശനമാകാം. അതോടൊപ്പം തങ്ങളോടൊത്തു വസിക്കുന്ന ഉത്ഥിതന്റെ സാന്നിധ്യമാകാം; സഹായകനിലൂടെയുള്ള സാന്നിധ്യവുമാകാം. സർവ്വോപരി ഓരോരുത്തരുടേയും മരണസമയത്തും, ഏറ്റം ഒടുവിലായി യുഗാന്തത്തിലും ഉണ്ടാകുന്ന കണ്ടുമുട്ടലുമാകാം. ഏതായാലും സന്തോഷത്തിന്റെ നിദാനമായി എടുത്തുകാട്ടുന്നത് യേശുവുമായുള്ള കണ്ടുമുട്ടലും സഹവാസവുമാണ്. യേശു ഈ ലോകത്തിലേക്കു വന്നതും ജീവിതവും പ്രബോധനവും പ്രവർത്തനവും, സർവ്വോപരി മരണവും ഉത്ഥാനവും വഴി നല്കാൻ ആഗ്രഹിച്ചതും സന്തോഷമാണ്. തന്റെ ശിഷ്യന്മാർ സന്തോഷമുള്ളവരായി കഴിയണം. പിതാവിന്റെ ദാനവും ഈ സന്തോഷം തന്നെ. "ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും. അതുമൂലം നിങ്ങളുടെ സന്തോഷം പൂർണ്ണമാവുകയും ചെയ്യും" (16,24).

ബൈബിളിൽ ഉടനീളം അനേകം തവണ ആവർത്തിക്കപ്പെടുന്ന ഒരു പ്രമേയമാണ് സന്തോഷം. പ്രപഞ്ചസൃഷ്ടിയുടെ ലക്ഷ്യംതന്നെ ദൈവത്തിന്റെ സന്തോഷം പങ്കുവയ്ക്കലാണ്. തനിക്ക് എന്തെങ്കിലും കുറവോ ആവശ്യമോ ഉണ്ടായിട്ടല്ല ദൈവം പ്രപഞ്ചത്തെയും അതിന്റെ മകുടമായി മനുഷ്യനെയും സൃഷ്ടിച്ചത്. മറിച്ച്, തന്റെ സന്തോഷം പങ്കുവയ്ക്കുക എന്ന ഏകലക്ഷ്യമാണ് സൃഷ്ടികർമ്മത്തിനു പിന്നിലുള്ളത്. സൃഷ്ടവസ്തുക്കളും ജീവികളും എല്ലാം ദൈവത്തിന്റെ സന്തോഷത്തിൽ പങ്കുചേരണം. "കർത്താവ് തന്റെ സൃഷ്ടികളിൽ ആനന്ദിക്കട്ടെ" (സങ്കീ 104,31). സൃഷ്ടി മാത്രമല്ല, പരിപാലനയും അടിമത്തത്തിൽനിന്നുള്ള വിമോചനവും എല്ലാം ഈ സന്തോഷത്തിന്റെയും സന്തോഷം പങ്കുവയ്ക്കലിന്റെയും അടയാളങ്ങളാണ്. ദൈവത്തിന്റെ സന്തോഷത്തിൽ സകലരും പങ്കുചേരണം. "രക്ഷയുടെ കിണറ്റിൽ നിന്ന് നീ സന്തോഷത്തോടെ ജലം കോരിയെടുക്കും... സീയോൻ നിവാസികളേ, ആർത്തട്ടഹസിക്കുവിൻ; സന്തോഷത്തോടെ കീർത്തനങ്ങൾ ആലപിക്കുവിൻ" (ഏശ 12,3-6).

പുതിയ നിയമത്തിലും മുന്നിട്ടു നിൽക്കുന്ന ഒരു പ്രമേയമാണ് സന്തോഷം. ഇവിടെ സന്തോഷത്തിന്റെ നിദാനം രക്ഷകന്റെ സാന്നിധ്യമാണ്. മുന്നോടിയുടെ ജനനം തന്നെ സന്തോഷത്തിനു കാരണമാകും (ലൂക്കാ 1,14). ബേത്‌ലെഹെമിലെ ജനനം സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്തയാണ് (ലൂക്കാ 2,10-11). ലൂക്കാ എഴുതിയ സുവിശേഷത്തിലാണ് സന്തോഷം എന്ന പ്രമേയം ഏറ്റം അധികം പ്രത്യക്ഷപ്പെടുന്നത് (10,17; 13,17; 15,7.10.32; 19,6; 24,52). യോഹന്നാന്റെ സുവിശേഷത്തിൽ സന്തോഷത്തിനുള്ള ആഹ്വാനം അന്തിമ പ്രഭാഷണത്തിൽ അഞ്ചുതവണ പ്രത്യക്ഷപ്പെടുന്നുണ്ട്. (15,11; 16,20.21.22.24). തന്റെ സന്തോഷം അതിന്റെ പൂർണ്ണതയിൽ ശിഷ്യർക്കും ഉണ്ടാകണം എന്നത് യേശുവിന്റെ അന്തിമാഭിലാഷവും പുരോഹിത പ്രാർത്ഥനയുടെ ഭാഗവുമായിരുന്നു (17,13).

സമ്പത്തിന്റെ സമൃദ്ധിയോ ഭൗതിക സുഖസൗകര്യങ്ങളോ ഒന്നുമല്ല യഥാർത്ഥ സന്തോഷത്തിന്റെ അടിസ്ഥാനം. പീഡനങ്ങളുടെയോ രോഗങ്ങളുടെയോ ദാരിദ്ര്യത്തിന്റെയോ ഒന്നും അഭാവവുമല്ലത്. യഥാർത്ഥസന്തോഷം ആത്മാവിന്റെ ഒരു ഭാവമാണ്; അതു മനസിന്റെ അനുഭവവുമാണ്. അതിനാൽ ദാരിദ്യത്തിലും പട്ടിണിയിലും, രോഗത്തിലും പീഡനങ്ങളിലും, കഷ്ടപ്പാടുക

ളിലും മരണ ഭീതിയിലും പോലും ഈ സന്തോഷം അനുഭവിക്കാൻ സാധിക്കും. യേശുവിന്റെ ഈ വാഗ്ദാനം ശിഷ്യസമൂഹം എന്നും അനുഭവിച്ചറിഞ്ഞിരുന്നു. അതിന്റെ വ്യക്തമായ സാക്ഷ്യങ്ങൾ പുതിയ നിയമ ലിഖിതങ്ങളിലെല്ലാം കാണാം.

തടവറയിൽനിന്നാണ് പൗലോസ് ഫിലിപ്പിയിലെ സഭയ്ക്കു ലേഖനമെഴുതിയത്. താൻ ഏറ്റം അധികം സ്നേഹിക്കുകയും, തന്റെ പ്രേഷിതപ്രവർത്തനങ്ങളിൽ ഏറ്റം അധികം സഹായിക്കുകയും ചെയ്തിട്ടുള്ള ഫിലിപ്പിയിലെ സഭയ്ക്ക് അപ്പസ്തോലൻ ഹൃദയം തുറന്നു കാട്ടുന്നു. നാളെ വന്യമൃഗങ്ങൾക്ക് ഇരയായിത്തീരും എന്നു കരുതുന്ന സാഹചര്യത്തിലാണ് ഈ കത്തെഴുതുന്നത് എന്നത് ശ്രദ്ധിക്കണം. ഫിലിപ്പിയിലെ സഭ മതപീഡനം അനുഭവിക്കുന്ന സാഹചര്യമായിരുന്നു. അവരോടാണ് പറയുന്നത്: “നിങ്ങൾ എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിക്കുവിൻ. ഞാൻ വീണ്ടും പറയുന്നു നിങ്ങൾ സന്തോഷിക്കുവിൻ... കർത്താവ് അടുത്തെത്തിയിരിക്കുന്നു” (ഫിലെ 4,4-5).

അതാണ് സന്തോഷത്തിന്റെ നിദാനം. കർത്താവിന്റെ സാമീപ്യം, സാന്നിധ്യം. അതുണ്ടെങ്കിൽ പിന്നെ ഒന്നിനെക്കുറിച്ചും ആകുലരാകേണ്ടതില്ല. അതിനാലാണ് ഏതു പീഡനത്തിന്റെയും നടുവിലും ക്രിസ്തുശിഷ്യർക്കു സന്തോഷിക്കാനും കീർത്തനങ്ങൾ ആലപിക്കാനും കഴിഞ്ഞത്. ഈ സത്യം വ്യക്തമാക്കുന്ന ഒരു ദൃശ്യം. “ക്വോവാദിസ്” എന്ന ഫിലിമിൽ ചിത്രീകരിച്ചിട്ടുണ്ട്. റോമിലെ അഗ്നിബാധയെത്തുടർന്ന് ക്രിസ്ത്യാനികൾക്കെതിരേ നീറോ ചക്രവർത്തി അഴിച്ചുവിട്ട മതപീഡനമാണ് ഫിലിമിന്റെ ഇതിവൃത്തം. വന്യമൃഗങ്ങളുമായി മല്ലടിക്കാൻ മത്സരക്കളത്തിലേക്ക് കൊണ്ടുപോകുന്ന ക്രിസ്ത്യാനികൾ, അവരിൽ സ്ത്രീകളും കുട്ടികളും വൃദ്ധരുമുണ്ട്, സന്തോഷത്തോടെ, വലിയൊരു വിരുന്നിൽ അഥവാ ആഘോഷത്തിൽ പങ്കെടുക്കാനെന്നതുപോലെ കീർത്തനങ്ങൾ ആലപിക്കുന്നത് കേട്ട് അസ്വസ്ഥനായ നീറോ അവരോടു നിശബ്ദരായിരിക്കാൻ കല്പിക്കുന്നു. മരണത്തിലേക്കു നീങ്ങുന്ന അവർക്കു ഭയമില്ല. എല്ലാം കഴിഞ്ഞ് അരങ്ങൊഴിഞ്ഞപ്പോൾ കടന്നുവന്നു ശരീരാവശിഷ്ടങ്ങൾ പരിശോധിക്കുന്ന നീറോ കാണുന്നത് തന്നെ നോക്കി ചിരിക്കുന്ന പല്ലുകൾ! ബാക്കിയെല്ലാം സിംഹങ്ങൾ തിന്നു കഴിഞ്ഞിരുന്നു. “നോക്കൂ, അവർ ഇപ്പോഴും ചിരിക്കുന്നു! എന്നെ പരിഹസിക്കുന്നു!”

ഇതാണ് ക്രിസ്തീയ വിശ്വാസം നൽകുന്ന സന്തോഷം. ഏതു പീഡനങ്ങൾക്കു മധ്യത്തിലും ആ സന്തോഷം നിലനിൽക്കും. അത് യേശുവിന്റെ സന്തോഷമാണ്; യേശു നൽകിയ അന്ത്യസമ്മാനം. ആർക്കും അത് എടുത്തു മാറ്റാനാവില്ല. "ഇതു ഞാൻ നിങ്ങളോടു പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകാനും വേണ്ടിയാണ്" (യോഹ 15,11). ഞാൻ ആരാണ്, എന്താണ് എന്റെ ഉറവിടം, എന്താണ് എന്റെ ലക്ഷ്യം എന്ന അറിവിൽ നിന്നാണ് യഥാർത്ഥ സന്തോഷം ഉണ്ടാകുന്നത്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട്, ദൈവപുത്രന്റെ രക്തത്താൽ രക്ഷിക്കപ്പെട്ട, ദൈവത്തോടൊന്നിച്ച് എന്നേക്കും സന്തോഷമായി ജീവിക്കാൻ വിളിക്കപ്പെട്ട ദൈവപുത്രനാണ്/പുത്രിയാണ് ഞാൻ. തന്റെ ഏകജാതനെ നൽകാൻ മാത്രം ദൈവം അത്രയേറെ സ്നേഹിച്ച മകൻ/മകൾ (യോഹ 3,16). ദൈവത്തെ അബ്ബാ എന്നു വിളിക്കാൻ പരിശുദ്ധാത്മാവുവഴി അവകാശം ലഭിച്ച വ്യക്തിയാണു ഞാൻ (റോമ 8,16-31-39).

യാതൊരു ഭൗതിക വസ്തുക്കൾക്കും തരാൻ കഴിയുന്നതല്ല ഈ സന്തോഷം; ആർക്കും അത് എടുത്തുമാറ്റാനും കഴിയില്ല. പരമവും ശാശ്വതവുമായ ഈ സന്തോഷം ഞാൻ അധ്വാനിച്ചു സമ്പാദിക്കുന്നതല്ല, ദൈവം ദാനമായി നൽകുന്നതാണ്. അതിനെയാണ് നാം രക്ഷ എന്നു വിശേഷിപ്പിക്കുന്നത്. ദൈവം യേശുക്രിസ്തുവിലൂടെ സൗജന്യമായി വച്ചുനീട്ടുന്ന ഈ ദാനം നാം സ്വതന്ത്രമനസ്സോടെ സ്വീകരിക്കണം. അതിനു രണ്ടു കാര്യങ്ങൾ ആവശ്യമാണ്. 1. വിശ്വാസം 2. സ്നേഹം. യേശുക്രിസ്തുവിലൂടെ നമ്മുടെ പാപങ്ങളെല്ലാം തുടച്ചു നീക്കി നമ്മെ ദൈവമക്കളായി സ്വീകരിച്ചിരിക്കുന്നു എന്നു നാം വിശ്വസിക്കണം. ഈ വിശ്വാസം സ്നേഹത്തിലൂടെ പ്രകടമാക്കണം, ദൈവത്തേയും സഹോദരങ്ങളേയും സ്നേഹിക്കണം.

ദൈവത്തെ സ്നേഹിക്കുക എന്നത് ഒരു വൈകാരിക ഭാവമല്ല, മറിച്ച് ദൈവത്തിന്റെ കല്പന അനുസരിക്കലാണ്. "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും" (യോഹ 14,23). വിശ്വാസത്തിൽ നിന്നുരുത്തിരിയുന്ന ഈ അനുസരണം സഹോദരസ്നേഹത്തിലേക്കു നയിക്കും. "ഞാൻ പുതിയൊരു കല്പന

നിങ്ങൾക്കു നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13,34). ഇപ്രകാരമുള്ള സ്നേഹമാണ് യഥാർത്ഥ സന്തോഷത്തിന്റെ അടിസ്ഥാനമായി നിൽക്കുന്നത്. ഈ സന്തോഷം എന്നും നമ്മിൽ നിലനിൽക്കണം എന്ന് യേശു ആഗ്രഹിച്ചു. അതിനാൽത്തന്നെയാണ് തന്റെ ചാവരുളായി, അന്തിമാഭിലാഷമായി, ശിഷ്യന്മാരോടു പങ്കുവച്ചതും പിതാവിനോടു പ്രാർത്ഥിച്ചതും. യേശുവിന്റെ പ്രാർത്ഥന പിതാവു തിരസ്കരിക്കുകയില്ല.

ശിഷ്യന്മാർ നേരിടേണ്ടിവരുന്ന ക്ലേശങ്ങളും പീഡനങ്ങളും അറിയാതെയല്ല യേശു ഈ വാഗ്ദാനം നൽകുന്നത്. "എന്നിൽ നിങ്ങൾ സമാധാനം കണ്ടെത്തേണ്ടതിനുവേണ്ടിയാണ് ഞാൻ ഇതു നിങ്ങളോടു പറഞ്ഞത്. ലോകത്തിൽ നിങ്ങൾക്കു ഞെരുക്കമുണ്ടാകും. എങ്കിലും ധൈര്യമായിരിക്കുവിൻ. ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു" (യോഹ 16,33). ഈ ആഹ്വാനവും ഉറപ്പുമാണ് ഇന്നും പീഡനത്തിനിരയാകുന്ന പതിനായിരക്കണക്കിന് ക്രിസ്തു വിശ്വാസികൾക്ക് ശക്തിയും ധൈര്യവും നൽകുന്നത്; ക്ലേശങ്ങളുടെയും ഭീഷണികളുടെയും നടുവിലും സന്തോഷം നൽകുന്നത്. "സന്തോഷിക്കുവിൻ! ഞാൻ വീണ്ടും പറയുന്നു, സന്തോഷിക്കുവിൻ! രക്ഷ അടുത്തെത്തിയിരിക്കുന്നു" (ഫിലി 4,4). പോരാ, രക്ഷകൻ നമ്മോടു കൂടെയുണ്ട്. അവന്റെ സാന്നിധ്യം നമുക്കു ശക്തി പകരും; ഒരിക്കലും കുറയാത്ത സന്തോഷം നൽകും. അതിനായി വിശ്വസിക്കുക, പ്രത്യാശിക്കുക, യേശു സ്നേഹിച്ചതുപോലെ സ്നേഹിക്കുക.

# 28

### ഉയിർപ്പ് 5 –ാം ഞായർ

## കടൽത്തീരത്തെ തിരിച്ചറിവ്

**(യോഹ 21,1 – 14)**

ഇന്നത്തെ വിചിന്തനത്തിനും ധ്യാനത്തിനുമായി സഭ നിർദ്ദേശിച്ചിരിക്കുന്ന വായനകൾ നാലും രക്ഷകനും രക്ഷയുടെ മാർഗ്ഗവുമായ യേശുവിലേക്കു വിരൽചൂണ്ടുന്നു. യേശുവാണ് ഏകരക്ഷകൻ. അവനെ കണ്ടുമുട്ടി, സ്വജീവിതം അവന്റെ കൈകളിൽ സമർപ്പിച്ച്, അവൻ നയിക്കുന്ന വഴിയിലൂടെ അനുഗമിക്കുമ്പോഴാണ് രക്ഷ യാഥാർത്ഥ്യമാവുക. പ്രലോഭനങ്ങളും പ്രതിസന്ധികളും വഴിതെറ്റി നടക്കാൻ പ്രേരകമാകാം; പരാജയങ്ങൾ നിരാശയിലേക്കു തള്ളിവിട്ടെന്നും വരാം. ഇപ്രകാരമുള്ള അനുഭവങ്ങളിലൂടെ കടന്നു പോയവരുടെ ഉദാഹരണങ്ങൾ എടുത്തുകാട്ടി ലക്ഷ്യബോധവും പ്രത്യാശയും നൽകുന്നതാണ് ഈ വായനകൾ നാലും.

തങ്ങളുടെ നിരന്തരമായ അവിശ്വസ്തതയുടെയും അനുസരണക്കേടിന്റെയും ഫലമായി എല്ലാം നഷ്ടപ്പെട്ട് പ്രവാസത്തിൽ നിരാശരായി കഴിഞ്ഞ ഇസ്രായേൽ ജനത്തിന് ഏശയ്യാ പ്രവാചകൻ വഴി ദൈവം നൽകുന്ന ആശ്വാസത്തിന്റെയും പ്രത്യാശയുടെയും വചനങ്ങളാണ് ആദ്യവായന (ഏശ 49,7–13). ഒരിക്കലും വറ്റാത്ത കരുണയുടെ ഉറവിടമാണ് ഇസ്രായേലിന്റെ ദൈവം. അവിടുന്ന് എന്നേക്കുമായി കൈവിടുകയില്ല. പ്രവാസം വേഗം അവസാനിക്കും. ക്ലേശങ്ങളുടെ മൂശയിൽ ഉരുക്കി ശുദ്ധീകരിക്കപ്പെട്ട ജനത്തെ ദൈവം വീണ്ടും വാഗ്ദത്ത ഭൂമിയിലേക്കു നയിക്കും. അത് ഒരു രണ്ടാം പുറപ്പാടായിരിക്കും; ദൈവത്തിന്റെ കരുത്തും കരുതലും ഒരുപോലെ പ്രകടമാകുന്ന ഒരു ഘോഷ

യാത്ര. അത് നയിക്കാൻ ദൈവം അയയ്ക്കുന്ന ദാസനിൽ, പാപ ത്തിന്റെയും മരണത്തിന്റെയും ദാസ്യത്തിൽ നിന്ന് പിതൃഭവന ത്തിന്റെ സ്വാതന്ത്ര്യത്തിലേക്കു നയിക്കുന്ന യേശുക്രിസ്തുവിന്റെ നിഴൽ വീഴുന്നതു കാണാം.

അജ്ഞതയും ഔദ്ധത്യവും മൂലം അന്ധനായിരുന്നു താർസൂ സിൽ നിന്നുള്ള തീക്ഷ്ണമതിയായ സാവൂൾ. ഡമാസ്കസിലേ ക്കുള്ള വഴിയിൽ ഉത്ഥിതനായ കർത്താവ് അവനെ നേരിട്ടു. യേശുവിന്റെ മാരക ശത്രുവായിരുന്ന സാവൂളിനെ ഏറ്റം ശക്ത നായ അപ്പസ്തോലനാക്കി മാറ്റിയ ആ കണ്ടുമുട്ടലിന്റെ ആദ്യ വിവരണമാണ് രണ്ടാമത്തെ വായന. യേശുവിനെ കടുത്ത ദൈവ ദൂഷകനും ക്രിസ്തീയതയെ പാഷണ്ഡതയുമായി തെറ്റിധരിച്ച സാവൂൾ സർവ്വശക്തിയും ഉപയോഗിച്ച് അതിനെ ഉന്മൂലനം ചെയ്യാൻ ശ്രമിച്ചു. എന്നാൽ ഡമാസ്കസ് പട്ടണ വാതിൽക്കൽ വച്ച് ഉത്ഥിതനെ കണ്ടുമുട്ടിയ സാവൂൾ തന്റെ അജ്ഞത തിരിച്ച റിഞ്ഞു; മൂന്നു ദിവസത്തേക്ക് നീണ്ടുനിന്ന ശാരീരികാന്ധതയായി അത് അനുഭവപ്പെട്ടു. രണ്ടു സത്യങ്ങൾ ഈ അനുഭവത്തിലൂടെ സാവൂൾ തിരിച്ചറിഞ്ഞു. 1. കുരിശിൽ മരിച്ച യേശു മരണത്തെ കീഴടക്കി ഉയിർത്തെഴുന്നേറ്റു; അവൻ ജീവിക്കുന്നു. 2. സഭ അവന്റെ ശരീരമാണ്. സഭാംഗങ്ങളിൽ അവൻ ജീവിക്കുന്നു, സഹിക്കുന്നു. ക്രിസ്ത്യാനിയെ പീഡിപ്പിക്കുന്നവൻ ക്രിസ്തുവിനെത്തന്നെയാണ് പീഡിപ്പിക്കുന്നത്. പൗലോസായി മാറിയ സാവൂളിന്റെ പിന്നീ ടുള്ള ജീവിതവും പ്രവർത്തനങ്ങളും പ്രബോധനങ്ങളും എല്ലാം ഈ ആദ്യദർശനത്തിന്റെ ചുരുളഴിയലാണ്.

പാപം മൂലം ബഹിഷ്കൃതരായ മനുഷ്യർക്ക് ദൈവസന്നി ധിയിലേക്ക് യേശുവഴി വീണ്ടും പ്രവേശനം സാധ്യമായിരിക്കുന്നു എന്ന് മൂന്നാം വായന (ഹെബ്രാ 10,19-25) പഠിപ്പിക്കുന്നു. യേശു വാണ് വഴിയും വഴികാട്ടിയും; രക്ഷകനും രക്ഷയും. അവനിലാണ് നമ്മുടെ പ്രത്യാശ. ആഴ്ചതോറും നടത്തുന്ന സഭായോഗങ്ങളും അപ്പം മുറിക്കൽ ശുശ്രൂഷയും ഈ സത്യത്തെ അനുസ്മരിപ്പി ക്കുന്നു; ആഘോഷിക്കുന്നു; ഇതിൽ പങ്കുകാരാക്കുന്നു. അതി നാൽ കൂട്ടായ്മയിൽ പങ്കുചേരാൻ തീക്ഷ്ണതയോടെ ഉദ്ബോ ധിപ്പിക്കുന്ന വായന നമുക്ക് ഇന്നും ഏറെ പ്രസക്തമാണല്ലോ.

പരാജയത്തിന്റെ തീരത്തുവച്ച് അപ്പസ്തോലന്മാർ യേശു വിനെ വീണ്ടും കണ്ടുമുട്ടി, ലക്ഷ്യബോധവും ശക്തിയും വീണ്ടും

സമാർജ്ജിച്ചതിന്റെ വിവരണം സുവിശേഷത്തിൽ (യോഹ 21,1-14) നൽകുന്നു. എല്ലാം നഷ്ടപ്പെട്ടവരായിരുന്നു അവർ. ഗാഗുൽത്തായിൽ ഉയർത്തി നാട്ടിയ കുരിശിൽ അവരുടെ സകലപ്രതീക്ഷകളും അസ്തമിച്ചു. ഭാവിയെ സംബന്ധിച്ചു പടുത്തുയർത്തിയ സങ്കല്പങ്ങളെല്ലാം ചീട്ടുകൊട്ടാരം പോലെ തകർന്നു വീണു. സംഭവിച്ചതിന്റെയൊന്നും അർത്ഥം മനസിലാകാതെ, നിരാശനിറഞ്ഞ മനസ്സോടെ, ഇരുൾമൂടിയ ഭാവിയിലേക്ക്, തളർന്ന ശരീരവും അതിലേറെ തകർന്ന ഹൃദയവുമായി അവർ മടങ്ങി, ഒരിക്കൽ വിട്ടുപോന്ന തിബേരിയാസ് കടൽത്തീരത്തേക്ക്; മത്സ്യബന്ധനമെന്ന പഴയ കുലത്തൊഴിലിലേക്ക്. നിങ്ങളെ ഞാൻ മനുഷ്യരെ പിടിക്കുന്നവരാക്കാം എന്നു പറഞ്ഞ് മോഹിപ്പിച്ച്, വീടുകളിൽനിന്നും വിളിച്ചിറക്കിക്കൊണ്ടുപോയവൻ നിസ്സാഹായനെപ്പോലെ നിലവിളിച്ചു മരിച്ചപ്പോൾ ഏല്പിച്ച പ്രഹരം അവർക്കു താങ്ങാവുന്നതിലും വലുതായിരുന്നു.

"ഞാൻ മീൻ പിടിക്കുവാൻ പോവുകയാണ്", സംഘത്തലവന്റെ വാക്കുകൾ. പത്രോസിന്റെ സംഘത്തിൽ ഇപ്പോൾ മൊത്തം ഏഴുപേർ. ഒരുവൻ ഗുരുവഞ്ചനയുടെ ശാപം തലയിലേറ്റി സ്വയം ജീവനൊടുക്കി. ബാക്കി നാലുപേർക്ക് എന്തുസംഭവിച്ചു എന്ന് സുവിശേഷകൻ പറയുന്നില്ല. എന്നാൽ ഒരു കാര്യം വ്യക്തം. വലിയ വാഗ്ദാനങ്ങളുമായി യേശു സ്ഥാപിച്ച പന്ത്രണ്ടു പേരുടെ നേതൃനിര തകർന്നു. ഇനി അവശേഷിക്കുന്നത് പഠിച്ച പഴയ തൊഴിൽ മാത്രം. പത്രോസാണ് മുൻപന്തിയിൽ. മറ്റുള്ളവരെകൂടെ അവൻ പഴയ തൊഴിലിലേക്കു നയിച്ചു. അതൊരു വിശ്വാസത്യാഗത്തിനു സമാനമായിരുന്നു. "ഞങ്ങളും നിന്നോടുകൂടെ വരുന്നു" എന്നുപറഞ്ഞ് അവർ വലയുമായി പുറപ്പെട്ടു. പാറ ആയിരിക്കേണ്ടവൻ മെഴുകുപോലെ ഉരുകി. കൂട്ടരെ വിശ്വാസത്തിൽ ഉറപ്പിക്കേണ്ടവൻതന്നെ വിശ്വാസ ത്യാഗത്തിനു മുൻകൈ എടുത്തു. ഇതിനപ്പുറം എന്ത് അവിശ്വസ്തത? ഇതിലുപരി എന്തു പരാജയം?

മീൻ പിടിക്കാൻ പോയവർ അവിടെയും പരാജയപ്പെട്ടു. "അവർക്ക് ഒന്നും കിട്ടിയില്ല". അപ്പോഴാണ് അതു സംഭവിച്ചത്. ശൂന്യമായ വലയും ഉറക്കച്ചടവുള്ള കണ്ണുകളും ആകെ തകർന്ന മനസ്സുമായി, നിരാശയുടെ പടവിൽ തളർന്നിരുന്നവരുടെ മുമ്പിൽ ഒരു നിശാദർശനം. തീരത്തു പ്രത്യക്ഷമായ അവ്യക്തരൂപത്തിൽ നിന്നു പുറപ്പെട്ടതു പരിചിതമായ ശബ്ദം; ആർദ്രത ആറ്റിക്കുറു

ക്കിയ വിളി; "കുഞ്ഞുങ്ങളേ, നിങ്ങളുടെ അടുക്കൽ മീൻ വല്ലതു മുണ്ടോ?" ശബ്ദം ആരുടേതെന്നറിയാതെ അവരുടെ മറുപടി. "ഇല്ല". ഇല്ലായ്മയുടെ വല്ലായ്മ ഘനീഭവിച്ച ആ ഉത്തരത്തിൽ അവരുടെ വലയുടെ മാത്രമല്ല, മനസിന്റെയും അവസ്ഥ വ്യക്ത മായി പ്രതിഫലിക്കുന്നു. രണ്ടുവാക്യത്തിൽ മൂന്നു തവണ "ഇല്ല" എന്ന പ്രസ്താവന സുവിശേഷകൻ ആവർത്തിക്കുന്നതിന്റെ ലക്ഷ്യവും മറ്റൊന്നായിരിക്കുകയില്ല. ഗുരുമൊഴികൾ മറന്ന്, ഗുരു വിന്റെ താക്കീതുകൾ അവഗണിച്ച്, പ്രാർത്ഥിക്കാൻ മറന്ന്, സ്വന്തം ചങ്കൂറ്റത്തിൽ അമിതമായി വിശ്വസിച്ച അവർ വഴിമാറി നടന്നു; ഫലം ശൂന്യം. രാത്രി മുഴുവൻ അധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല; തീരത്തു നിൽക്കുന്ന ഗുരുവിനെ തിരിച്ചറിഞ്ഞില്ല; വലയിൽ ഒന്നു മില്ല.

അപ്പോഴാണ് സൗമ്യമായൊരു നിർദ്ദേശം: വലത്തുവശത്തു വലയിടുക! അവർ അനുസരിച്ചു. വല നിറഞ്ഞു. വലിച്ചു കയ റ്റാൻ അവർക്കു കഴിഞ്ഞില്ല. ഇതു നാലാമത്തേത്; എന്നാൽ ഈ "ഇല്ല"യ്ക്കു വ്യത്യാസമുണ്ട്. അവർക്കു തങ്ങളുടെ കണ്ണുകളെ ത്തന്നെ വിശ്വസിക്കാനായില്ല. രാത്രി മുഴുവൻ, തങ്ങളുടെ സകല അറിവും കഴിവും ഉപയോഗിച്ച് അധ്വാനിച്ചിട്ടും ഒരു ചെറുമീൻ പോലും കിട്ടാതിരുന്നിടത്ത് ഇതാ പൊടുന്നനെ 153 വലിയ മീനു കൾ! അവൻ എപ്പോഴും അങ്ങനെയാണ്. മനുഷ്യന്റെ സകല കണ ക്കുകൂട്ടലുകളെയും അവൻ തെറ്റിക്കും. യേശു സ്നേഹിച്ച ശിഷ്യ നാണത് തിരിച്ചറിഞ്ഞത്. യേശു! സകല വാഗ്ദാനങ്ങളും ലംഘിച്ച്, തങ്ങളുടെ സകല പ്രതീക്ഷകളും തച്ചുടച്ച്, എന്നേക്കു മായി തങ്ങളെ വിട്ടുപോയി എന്നു കരുതിയ ഗുരു അതാ തീരത്തു നിൽക്കുന്നു. "കുഞ്ഞുങ്ങളേ" എന്ന വിളിയിൽ ആർദ്രതയുടെ നനവ്. അവരുടെ ലോകം വീണ്ടും കീഴ്മേൽ മറിയുകയായി. എല്ലാം നഷ്ടപ്പെട്ടു എന്നതു വെറും തോന്നലായിരുന്നു എന്ന വർ തിരിച്ചറിഞ്ഞു.

പത്രോസിനു തിടുക്കമായി, എത്രയും വേഗം ഗുരുപാദത്തി ലെത്തണം. വള്ളവും വലയും, വല നിറച്ച മീനും കൂട്ടുകാരും ഒന്നും ഇനി ചിന്താവിഷയമേയല്ല. ഒന്നുമാത്രം. ഗുരുവിന്റെ അടു ത്തെത്തണം. കടലിലേക്ക് ചാടാൻ തുടങ്ങുമ്പോഴാണ് നടുക്കുന്ന ഒരവബോധം. താൻ നഗ്നനാണ്! അരക്കച്ച മാത്രമുടുത്ത് വഞ്ചി യിൽ മീൻ പിടിച്ചവന്റെ ശാരീരിക നഗ്നതയ്ക്കപ്പുറം എന്തോ

ഒന്ന് സുവിശേഷകൻ ഇവിടെ സൂചിപ്പിക്കുന്നുണ്ട്. പുറങ്കുപ്പായം വാരിച്ചുറ്റിയാലും മറയ്ക്കാനാവാത്ത നഗ്നത (ഉൽപ. 3,10–11). എന്നാലും അവൻ കുതിച്ചു, ഗുരുസാന്നിധ്യത്തിലേക്ക്. (നീ എന്നെ സ്നേഹിക്കുന്നുവോ എന്ന് മൂന്നു തവണ ആവർത്തിച്ച ഗുരുവിന്റെ ചോദ്യവും അതിന് പശ്ചാത്താപത്താൽ തകർന്ന ഹൃദയത്തിൽനിന്ന് തേങ്ങൽ പോലെ ഉയർന്ന പത്രോസിന്റെ മറുപടിയുമാണ് (21,15–17) ഈ നഗ്നത മറയ്ക്കുന്നത്).

കരയിൽ കണ്ട കാഴ്ചകൾ അവനെ വികാരസ്തബ്ധനാക്കി: ചുട്ടെടുത്ത അപ്പവും മീനുമായി കാത്തുനിൽക്കുന്ന ഗുരു. രാത്രി മുഴുവൻ അധ്വാനിച്ചു തളർന്നു വീട്ടിലേക്കു വരുന്ന മക്കൾക്കായി ഏഴുവെളുപ്പിനെണീറ്റ്, തീകൂട്ടി പ്രാതൽ ഒരുക്കി, കാത്തിരിക്കുന്ന അമ്മയുടെ ചിത്രം ഗുരുവിൽ തെളിഞ്ഞു. അതുകൊണ്ടും തീർന്നില്ല വിസ്മയം. "നിങ്ങൾ ഇപ്പോൾ പിടിച്ച മീൻ കുറച്ചു കൊണ്ടുവരുവിൻ! വന്നു പ്രാതൽ കഴിക്കുവിൻ!"

അതാണ് ഗുരു: അതുതന്നെയാണ് ഗുരുനാഥൻ വരച്ചുകാട്ടിയ പിതാവ്. ഒറ്റിക്കൊടുത്തതിൽ പരാതിയില്ല; തള്ളിപ്പറഞ്ഞതിൽ പരിഭവമില്ല; ഒളിച്ചോടിയതിൽ സങ്കടമില്ല. വിചാരണയില്ല; കുറ്റാരോപണവുമില്ല. എല്ലാം മറക്കുന്ന, എല്ലാം ക്ഷമിക്കുന്ന, ആർദ്രത വഴിഞ്ഞൊഴുകുന്ന മാതൃഹൃദയത്തിന്റെ മൂർത്തീഭാവമാണ് ഗുരു. എന്തെന്തു വികാരങ്ങളോടെയാവണം അവർ ഗുരുവിനെ സമീപിച്ചത്! കടൽത്തീരത്തു വച്ചു കണ്ടുമുട്ടി, അവന്റെ വിളികേട്ട് ഇറങ്ങിപ്പുറപ്പെട്ടതു മുതലുള്ള മൂന്നു വർഷത്തെ നാൾവഴികൾ–വ്യർത്ഥമായ പ്രതീക്ഷകൾ, അധികാരസ്ഥാന മോഹങ്ങൾ, ഗുരുവഞ്ചന, ഭീരുത്വം, ഒളിച്ചോട്ടം, എല്ലാം നിരത്തി ചോദ്യം ചെയ്താൽ എന്തു മറുപടി പറയും? പക്ഷേ ഇതൊന്നുമില്ല. വന്നു പ്രാതൽ കഴിക്കുവിൻ!

അവരുടെ ബലഹീനതകളും വീഴ്ചകളും അവനറിയാം. അതിലുപരി അവരുടെ നല്ല മനസ്, എല്ലാം ഉപേക്ഷിച്ച് തന്നെ അനുഗമിക്കാൻ അവർ കാട്ടിയ ത്യാഗസന്നദ്ധത. പിച്ചവച്ചു നടക്കാൻ ശ്രമിക്കുമ്പോൾ വീഴുന്ന കുഞ്ഞിനെ താങ്ങിയെടുത്തു, കഴുകി വൃത്തിയാക്കി, മുറിവു വച്ചുകെട്ടി, ചുംബിച്ച് ആശ്വസിപ്പിക്കുന്ന അമ്മയെപ്പോലെയാണ് ഗുരു. വന്നു പ്രാതൽ കഴിക്കുവിൻ! അവർ ക്ഷീണിതരാണെന്ന്, അവർക്കു വിശക്കുന്നുണ്ടെന്ന്, ഗുരുവിന്നറിയാം. ശാരീരികം മാത്രമല്ല ഈ ക്ഷീണവും വിശപ്പും. അവ

രുടെ ഹൃദയമാണ് തളർന്നിരിക്കുന്നത്. എല്ലാം അറിയുന്ന ഗുരു ക്ഷണിച്ചു. വന്നു പ്രാതൽ കഴിക്കുവിൻ!

പത്രോസ് എപ്പോഴും മുമ്പിലാണ്; ഗുരുവിനെ അനുഗമിക്കാനും പുറം തിരിഞ്ഞു നടക്കാനും. ഇപ്പോൾ വീണ്ടും അവനാണ് ആധികാരികമായി വല വലിച്ചു കരയ്ക്കു കയറ്റുന്നത്. വഴിതെറ്റി നടന്ന്, അപ്പസ്തോല സംഘത്തെ വീണ്ടും പഴയ തൊഴിലിലേക്കു നയിച്ചതിന്റെ പ്രായശ്ചിത്തമാവുമോ ഈ തീക്ഷ്ണത? വലയിൽ നിറഞ്ഞ 153 വലിയ മത്സ്യങ്ങൾ ഒരു പ്രതീകാത്മക സംഖ്യയാണെന്നു വ്യാഖ്യാതാക്കൾ. പഴയ മത്സ്യശാസ്ത്രമനുസരിച്ച് കടലിൽ 153 ഇനം മത്സ്യങ്ങളുണ്ടത്രെ! അതിനാൽ വല ക്രിസ്തുവിന്റെ സഭയാണെന്നും അതിൽ ലോക ജനതകൾക്കു മുഴുവൻ ഇടമുണ്ടെന്നും, വല കീറിയില്ല എന്ന വിശദാംശം ക്രിസ്തുവിന്റെ സഭ ഒന്നു മാത്രമായിരിക്കണം, പിളർപ്പും ഭിന്നിപ്പും ഉണ്ടാകരുതെന്നും ഈ പ്രതീകത്തിലൂടെ പഠിപ്പിക്കുന്നതായി കരുതാം.

"അത് യേശുവാണെന്ന് ശിഷ്യർ അറിഞ്ഞില്ല" (21,4) എന്ന പ്രസ്താവനയുടെ മറുപുറമാണ് "അത് കർത്താവാണെന്ന് അവർ അറിഞ്ഞിരുന്നു" (21,12) എന്ന വിശദീകരണം. കർത്താവിൽ നിന്നു മാത്രമേ ഇത്ര ആർദ്രമായ കരുതലും ക്ഷമിക്കുന്ന സ്നേഹവും ലഭിക്കൂ. യേശു അപ്പമെടുത്ത് വാഴ്ത്തിക്കൊടുത്തപ്പോൾ മറ്റൊരു അപ്പം വാഴ്ത്തലിന്റെ ഓർമ്മ അവരുടെ മനസിൽ തെളിഞ്ഞു, യേശുവിന്റെ അന്ത്യ അത്താഴവും ആദ്യത്തെ വിശുദ്ധ കുർബ്ബാനയുമായ അപ്പം വാഴ്ത്തി മുറിക്കൽ. രമ്യതയുടെ അടയാളമാണത്; യേശുവിലൂടെ ലഭ്യമായ അനുരഞ്ജനത്തിന്റെ കൂദാശ.

യോഹന്നാൻ തന്റെ സുവിശേഷം സമാപിക്കുന്നത് കടൽത്തീരത്തെ ഈ അപ്പം പങ്കുവയ്ക്കലിന്റെ രംഗം ചിത്രീകരിച്ചുകൊണ്ടാണ്. സ്വർഗ്ഗാരോഹണത്തിന്റെ വിവരണമില്ല. അനുവാചകരുടെ മനസിൽ തങ്ങിനിൽക്കേണ്ടത് ഈ ചിത്രമാണ്. എല്ലാം ക്ഷമിക്കുന്ന, എല്ലാം മറക്കുന്ന, എല്ലാം വീണ്ടും തുടങ്ങാൻ സഹായിക്കുന്ന, മാതൃതുല്യമായ സ്നേഹം. "ദൈവം സ്നേഹമാകുന്നു" എന്നു നിർവ്വചിക്കുന്ന ശിഷ്യൻ (1 യോഹ 4,8-16) തന്റെ യേശുചരിത്രം ഇപ്രകാരം അവസാനിപ്പിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ.

യേശു ഇന്നും കാത്തിരിക്കുന്നു, പരാജിതരുടെ കടൽത്തീര

ങ്ങളിൽ. വഴിമാറി നടപ്പിന്റെ, തള്ളിപ്പറയലിന്റെ, ഒറ്റിക്കൊടുക്കലിന്റെ, ഒളിച്ചോട്ടങ്ങളുടെ കുറ്റബോധവും പേറി, തകർന്നടിഞ്ഞ സ്വപ്നങ്ങളുടെ ചുടലപ്പറമ്പായി മാറിയ, നഷ്ടങ്ങൾ മാത്രം നിരത്തിവച്ചിരിക്കുന്ന പരാജയത്തിന്റെ കടൽത്തീരത്ത് നാഥൻ കാത്തിരിക്കുന്നു. എരിയുന്ന തീക്കനലല്ല, ഹൃദയത്തിൽ നിന്നുയരുന്ന സ്നേഹജ്വാലയുമായി; ചുട്ടെടുത്ത അപ്പവും മീനുമല്ല, മുറിച്ചു പങ്കുവയ്ക്കുന്ന ശരീരരക്തങ്ങളുമായി. നിരാശയുടെ മരവിപ്പു മാറ്റാൻ; മുറിവുണക്കാൻ, വിശപ്പടക്കാൻ, ഉണർവ്വും ഊർജ്ജവും ഉന്മേഷവും പകരാൻ; വന്നു പ്രാതൽ കഴിക്കുവിൻ!

# 29

## ഉയിർപ്പ് 6 – ാം ഞായർ

# യേശുവിന്റെ പ്രാർത്ഥന

**(യോഹ 17:20 – 26)**

വി. യോഹന്നാൻ എഴുതിയ സുവിശേഷം രണ്ടു ഭാഗമായി തിരിച്ചിരിക്കുന്നു. ആദ്യഭാഗം (1-12 അധ്യായങ്ങൾ) അടയാളങ്ങളുടെ പുസ്തകം എന്നും രണ്ടാം ഭാഗം (13-21) മഹത്വത്തിന്റെ പുസ്തകം എന്നും അറിയപ്പെടുന്നു. ആദ്യ ഭാഗത്ത് ഏഴു അത്ഭുതങ്ങളും അവയെ സംബന്ധിച്ച വിശകലനങ്ങളും വിശദീകരണങ്ങളും വഴി യേശുവിനെ ജീവനും പ്രകാശവുമായി അവതരിപ്പിക്കുന്നു. അത്ഭുതങ്ങളെ അടയാളങ്ങൾ എന്നാണ് യോഹന്നാൻ വിശേഷിപ്പിക്കുന്നത്. മഹത്വത്തിന്റെ പുസ്തകം എന്നു വിശേഷിപ്പിക്കപ്പെടുന്ന രണ്ടാം ഭാഗം വീണ്ടും രണ്ടായി തിരിക്കാം. അഞ്ച് അധ്യായങ്ങൾ (13-17) ഉൾക്കൊള്ളുന്ന ആദ്യഭാഗം യേശുവിന്റെ വിടവാങ്ങൽ പ്രസംഗമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. തുടർന്നുള്ള 18-21 അധ്യായങ്ങൾ യേശുവിന്റെ പീഡാനുഭവം-മരണം- ഉത്ഥാനം- പ്രത്യക്ഷീകരണം എന്നിവ ഉൾക്കൊള്ളുന്ന പെസഹാ രഹസ്യത്തിന്റെ വിവരണമാണ്. ഇതിൽ വിടവാങ്ങൽ പ്രസംഗത്തിന്റെ അവസാനഭാഗമാണ് ഇന്നത്തെ വായനയ്ക്കും വിചിന്തനത്തിനുമായി തിരുസഭ നിർദ്ദേശിച്ചിരിക്കുന്നത്.

“ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്ക് പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനു മുമ്പ് യേശു അറിഞ്ഞു” (13:1) എന്ന ആമുഖത്തോടെ ആരംഭിക്കുന്ന ഭാഗം യേശുവിന്റെ തന്നെ പെസഹായുടെ വിവരണമാണെന്ന് സുവിശേഷകൻ സൂചിപ്പിക്കുന്നു. പിതാവിന്റെ സന്നിധിവിട്ട് ഈ ലോകത്തിലേക്ക് വന്ന് മാംസമായ ദൈവവചനം ഇപ്പോൾ പിതാവിന്റെ സന്നിധിയിലേക്കു മടങ്ങുന്നു. അതുതന്നെയാണ് യേശുവിന്റെ

പെസഹാ. കടന്നുപോകൽ എന്നാണല്ലോ പെസഹാ എന്ന വാക്കിന്റെ അർത്ഥം. ദാസ്യഭവനമായ ഈജിപ്തിൽനിന്ന് സ്വാതന്ത്ര്യത്തിന്റെ നാടായ വാഗ്ദത്തഭൂമിയിലേക്ക് ഇസ്രായേൽ ജനം നടത്തിയ കടന്നുപോകലിന്റെ യാത്രയായിരുന്നു ആദ്യത്തെ പെസഹാ. ആ യാത്രയുടെ മധ്യത്തിൽ സീനായ് ഉടമ്പടി നിൽക്കുന്നു- ഒരു ചുഴിക്കുറ്റിപോലെ, അടിമത്തത്തിൽനിന്നു സ്വാതന്ത്ര്യത്തിലേക്കു തുറക്കുന്ന വാതിൽ പോലെ. ആ കടന്നുപോകലിന്റെയും ഉടമ്പടിയുടെയും സ്ഥാനത്താണ് യേശുവിന്റെ കടന്നുപോകലും പുതിയ ഉടമ്പടിയും നിൽക്കുന്നത്.

സീനായ് ഉടമ്പടിയുടെ മധ്യസ്ഥൻ മോശയായിരുന്നു. ഉടമ്പടിയുടെ സ്വഭാവവും നിബന്ധനകളും വാഗ്ദാനങ്ങളും ചുമതലകളും എല്ലാം വിവരിച്ചുകൊണ്ട് മോശ ദീർഘമായൊരു വിടവാങ്ങൽ പ്രസംഗം നടത്തി- അതാണ് നിയമാവർത്തന പുസ്തകത്തിന്റെ ഇതിവൃത്തം. അതിനു സമാനമായി, പുതിയ ഉടമ്പടയുടെ മധ്യസ്ഥനായ യേശു തന്റെ ശിഷ്യന്മാർക്ക് നൽകുന്ന സമാപന സന്ദേശമാണ് 13-17 അധ്യായങ്ങളിൽ യോഹന്നാൻ വിവരിക്കുന്നത്. യേശുവിന്റെ ബലിയിലൂടെ, രക്തത്തിൽ ഒപ്പുവയ്ക്കുന്ന പുതിയ ഉടമ്പടിയുടെ വിശദീകരണം ഈ അധ്യായങ്ങളിൽ കാണാം. 13-ാം അധ്യായത്തിൽ വിവരിക്കുന്ന പാദം കഴുകൽ യേശുവിന്റെ മരണത്തേയും അതുവഴി മനുഷ്യവർഗ്ഗത്തിനു ലഭ്യമായ പാപമോചനത്തെയും രക്ഷയെയും സൂചിപ്പിക്കുന്നു. തുടർന്നു വരുന്ന ദീർഘമായ ഉപദേശം (14-16) ഈ ഉടമ്പടിയുടെ സ്വഭാവം വിശദീകരിക്കുന്നു. സ്നേഹമാണ് കേന്ദ്രം - അതാണ് യേശു നൽകുന്ന പുതിയ കല്പന; യേശു നൽകുന്ന മാതൃക.

ഉടമ്പടിയുടെ വിശദമായ അവതരണം ഒരു പ്രാർത്ഥനയിലാണ് സമാപിക്കുന്നത്. അതാണ് 17-ാം അധ്യായം. നിത്യപുരോഹിതനായ യേശു പിതാവിന്റെ മുമ്പിൽ അർപ്പിക്കുന്ന ഈ പ്രാർത്ഥന സുവിശേഷത്തിലുടനീളം പഠിപ്പിച്ചതും വിടവാങ്ങൽ പ്രസംഗത്തിൽ അവതരിപ്പിച്ചതുമായ എല്ലാ കാര്യങ്ങളുടെയും ഒരു സംക്ഷിത്പരൂപമായി കരുതാനാവും. ഒരേസമയം പ്രാർത്ഥനയും പ്രബോധനവുമാണിത്. നിയ 32-33 അധ്യായങ്ങളിൽ കാണുന്ന മോശയുടെ പ്രാർത്ഥനയോട് ഇതിന് സാമ്യമുണ്ട്. ഉടമ്പടി ഉറപ്പിക്കുന്ന പ്രാർത്ഥനയും ഒപ്പം പ്രബോധനവും ആശീർവ്വാദവുമായി ഇതിനെ കരുതാനാവും.

“ഇത്രയും പറഞ്ഞതിനുശേഷം യേശു സ്വർഗ്ഗത്തിലേക്കു കണ്ണുകളുയർത്തി പ്രാർത്ഥിച്ചു. പിതാവേ സമയമായി പുത്രൻ അവിടുത്തെ മഹത്വപ്പെടുത്തേണ്ടതിന് പുത്രനെ അങ്ങു മഹത്വപ്പെടുത്തണമേ” (17:1) എന്ന തുടക്കം തന്നെ പ്രാർത്ഥനയുടെ സാഹചര്യം, സ്വഭാവം, ലക്ഷ്യം എന്നിവ വ്യക്തമാക്കുന്നു. തിനക്കു സ്വന്തമായുള്ള ശിഷ്യന്മാരെ അവസാനം വരെ സ്നേഹിച്ച (13:1) യേശു അവർക്കു നൽകുന്ന പ്രബോധനത്തിന്റെ രത്നചുരുക്കം പിതാവിനോടുള്ള തീക്ഷ്ണമായ പ്രാർത്ഥനയായി അവതരിപ്പിച്ചിരിക്കുന്നു.

ഈ പ്രാർത്ഥനയ്ക്കു മൂന്നു ഭാഗങ്ങളുണ്ട്. 1–8 വാക്യങ്ങൾ യേശു തനിക്കുവേണ്ടിത്തന്നെ പിതാവിനോടു നടത്തുന്ന പ്രാർത്ഥന അവതരിപ്പിക്കുന്നു. 9–19 വാക്യങ്ങൾ ശിഷ്യഗണത്തിനുവേണ്ടിയുള്ള പ്രാർത്ഥനയാണ്. 20–26 വാക്യങ്ങൾ ശിഷ്യരാകാൻ പോകുന്ന സകലർക്കും വേണ്ടിയുള്ള പ്രാർത്ഥന അവതരിപ്പിക്കുന്നു. ഈ വിഭജനം സുവിശേഷകൻ തന്നെ വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. ഞാൻ അവർക്കുവേണ്ടിയാണ് പ്രാർത്ഥിക്കുന്നത്” (17:9); “അവർക്കുവേണ്ടി മാത്രമല്ല, അവരുടെ വചനം മൂലം എന്നിൽ വിശ്വസിക്കുന്നവർക്കുംവേണ്ടി കൂടിയാണ് ഞാൻ പ്രാർത്ഥിക്കുന്നത്” (17:20) എന്നീ ആമുഖ വചനങ്ങൾ പ്രാർത്ഥനയുടെ വ്യത്യസ്ത ഭാഗങ്ങൾ എടുത്തു കാട്ടുന്നു. ഇതിൽ മൂന്നാം ഭാഗമാണ് (17:20–24); ഇന്നത്തെ വായനയ്ക്കും വിചിന്തനത്തിനുമായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

യേശുവും പിതാവും തമ്മിലുള്ള ഗാഢമായ ബന്ധം ഈ പ്രാർത്ഥനയിൽ ഉടനീളം തുടിച്ചു നിൽക്കുന്നുണ്ട്. പിതാവു തന്നെ ഏൽപ്പിച്ച സകലർക്കും നിത്യജീവൻ നല്കുക എന്ന ദൗത്യം പൂർത്തിയാക്കിയ യേശു എന്താണ് ആ ദൗത്യമെന്നും എങ്ങനെയാണതു പൂർത്തിയാക്കിയതെന്നും തുടക്കത്തിലേ പറയുന്നു. എല്ലാവർക്കും നിത്യജീവൻ നൽകണം. അതാണ് ദൗത്യം. നിത്യജീവൻ എന്നാൽ അമർത്യത എന്നല്ല, ദൈവത്തിന്റെ തന്നെ ജീവനിലുള്ള പങ്കുചേരൽ എന്നാണർത്ഥമാക്കുക. ഈ പങ്കുചേരൽ സാധ്യമാകുന്നത് സ്നേഹത്തിലൂടെയാണ്; പോരാ സ്നേഹം തന്നെയാണ് നിത്യജീവൻ. “ദൈവം സ്നേഹമാകുന്നു” (1 യോഹ 4:8–16) എന്നു നിർവചിച്ച യോഹന്നാൻ യേശുവിന്റെ പ്രാർത്ഥനയിലൂടെ ഈ നിർവചനത്തിനു പശ്ചാത്തലം ഒരുക്കുന്നു, പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു.

നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനിൽക്കുവിൻ. ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനിൽക്കും (15:9-10).

അതാണ് നിത്യജീവൻ - ദൈവത്തിന്റെ സ്നേഹത്തിൽ നിലനിൽക്കുക, വസിക്കുക. പിതാവും പുത്രനും തമ്മിലുള്ള നിരന്തരമായ ഈ സ്നേഹപ്രവാഹമാണ് പരിശുദ്ധാത്മാവ്. ഈ പ്രവാഹത്തിലേക്കു ശിഷ്യരെ ഉൾച്ചേർക്കുന്ന പ്രക്രിയയാണ് ജ്ഞാനസ്നാനം. "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ" (മത്താ 28,20) എന്ന കല്പനയിൽ ഈ സത്യം വെളിവാക്കുന്നുണ്ട്. "നാമത്തിൽ" എന്നു വിവർത്തനം ചെയ്യുന്ന ഗ്രീക്കു വാക്കിന് "നാമത്തിലേക്ക്" എന്നാണർത്ഥം. നാമം വ്യക്തിത്വത്തെ സൂചിപ്പിക്കുന്നു. അതിനാൽ ത്രിയേക ദൈവമെന്ന സ്നേഹത്തിന്റെ കൂട്ടായ്മയിലേക്ക്, സ്നേഹപ്രവാഹമാകുന്ന നിത്യജീവനിലേക്ക്, ശിഷ്യർ ഉൾച്ചേരണം. അങ്ങനെ ദൈവാത്മാവിനാൽ നയിക്കപ്പെട്ട്, നിത്യമായി, സ്നേഹത്തിൽ ജീവിക്കണം. യേശുവിന്റെ പുരോഹിത പ്രാർത്ഥനയുടെ ഒരു മുഖ്യ വിഷയം ഇതാണ്. തനിക്കുവേണ്ടിയും ശിഷ്യഗണത്തിനുവേണ്ടി പ്രാർത്ഥിക്കുമ്പോഴും ഈ ലക്ഷ്യം ഊന്നിപ്പറയുന്നുണ്ട്.

പ്രാർത്ഥനയുടെ മൂന്നാം ഭാഗത്ത് രണ്ടു വിഷയങ്ങൾ പ്രത്യേകം ഊന്നിപ്പറയുന്നു. 1. ഐക്യം. 2. മഹത്വം. ഈ രണ്ടു വിഷയങ്ങളും പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

**1. ഐക്യം:** ശിഷ്യസമൂഹത്തിൽ നിലനിൽക്കേണ്ട ഐക്യം ഈ പ്രാർത്ഥനയുടെ മാത്രമല്ല, സുവിശേഷത്തിന്റെ മുഴുവൻ സുപ്രധാനമായൊരു വിഷയമാണ്. യേശുവിന്റെ കാലത്തുതന്നെ ശിഷ്യരുടെയിടയിൽ അനൈക്യത്തിന്റെ വിത്തുകൾ പ്രത്യക്ഷപ്പെട്ടിരുന്നു. മറ്റുള്ളവരെക്കാൾ വലിയവനാകാൻ, വലുപ്പം പ്രകടിപ്പിക്കാൻ ഉള്ള പ്രവണതയ്ക്കു തടയിടാൻ വേണ്ടിയാണ് ഗുരുനാഥൻ തന്നെ ശിഷ്യരുടെ മുമ്പിൽ മുട്ടുകുത്തി, അവരുടെ പാദങ്ങൾ കഴുകിയത്. മാത്രമല്ല, അതൊരു മാതൃകയും കല്പനയുമായി അവതരിപ്പിക്കുകയും ചെയ്തു: "ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്കൊരു മാതൃക നല്കിയിരിക്കുന്നു" (13:15). മരണം വരെ സ്വയം ശൂന്യവൽക്കരിച്ചതിന്റെ ഒരു പ്രതീകമായിരുന്നു ഈ പാദം കഴുകൽ.

യേശു ആഗ്രഹിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്ന ഐക്യത്തിനു മാതൃക ദൈവം തന്നെയാണ് - പിതാവും പുത്രനും തമ്മിലുള്ള ഐക്യം. അതു സാധ്യമാകണമെങ്കിൽ ശിഷ്യർ യേശുവിൽ വസിക്കണം; അതിന് അവർ യേശുവിന്റെ കല്പന പാലിക്കണം. യേശുവിൽ വിശ്വസിക്കുന്ന എല്ലാവരും "ഒന്നാകാൻ വേണ്ടി പിതാവേ അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിന് അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (17.21). പിതാവിനെയും പുത്രനെയും തമ്മിൽ ബന്ധിപ്പിക്കുന്ന സ്നേഹമാണ് പരിശുദ്ധാത്മാവ്. മൂവരും ഒന്നായിരിക്കുമ്പോഴും വ്യക്തിത്വത്തിലുള്ള വ്യതിരിക്തത നിലനിൽക്കുന്നു. ഇതുപോലെ ആയിരിക്കണം ശിഷ്യർക്ക് തമ്മിൽ ഉണ്ടാകേണ്ട ഐക്യം. പൂർണ്ണമായി ദാനം ചെയ്യുക, സ്വീകരിക്കുക, അംഗീകരിക്കുക - ചുരുക്കത്തിൽ, യേശു സ്നേഹിച്ചതുപോലെ സ്നേഹിക്കുക.

ഈ സ്നേഹവും തജ്ജന്യമായ ഐക്യവും പാപിയായ മനുഷ്യനു സ്വന്തം പ്രയത്നംകൊണ്ടു നേടിയെടുക്കാൻ കഴിയുന്നതല്ല. അതു ദൈവം നൽകുന്ന ദാനമാണ്. അതിനാൽത്തന്നെയാണ് യേശു തന്റെ അന്തിമാഭിലാഷമായി ഈ യാചന പിതാവിന്റെ മുമ്പിൽ സമർപ്പിക്കുന്നത് ദൈവം നൽകുന്ന ദാനം ഹൃദയം തുറന്ന് സ്വീകരിക്കാൻ മനുഷ്യൻ തയ്യാറാകണം. അതിനായി പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിനു സ്വയം വിട്ടുകൊടുക്കണം. ഇപ്രകാരം ദൈവത്തിന്റെ സ്നേഹചൈതന്യത്താൽ നയിക്കപ്പെടുന്നവരുടെ ഇടയിൽ ഐക്യമുണ്ടാകും. ആ ഐക്യം യേശുവിലൂടെ ദൈവം നൽകുന്ന സ്നേഹത്തിനും രക്ഷയ്ക്കും സാക്ഷ്യമാകും. ശിഷ്യർ തമ്മിലുള്ള സ്നേഹവും ഐക്യവുമാണ് ക്രൈസ്തവസമൂഹത്തിന് ലോകത്തിന്റെ മുമ്പിൽ വയ്ക്കാവുന്ന ഏറ്റം വലുതും വിശ്വസനീയവുമായ സാക്ഷ്യം (17:22-23).

**2. മഹത്വം:** ബൈബിളിൽ മുഴുവൻ നിറഞ്ഞുനില്ക്കുന്ന വലിയൊരു പ്രമേയമാണ് ദൈവമഹത്വം. പ്രപഞ്ചസൃഷ്ടിയിൽ, സൃഷ്ടവസ്തുക്കളിൽ, ഈ മഹത്വം പ്രകടമാക്കുന്നു; "ആകാശം ദൈവത്തിന്റെ മഹത്വം പ്രഘോഷിക്കുന്നു, വാനവിതാനം അവിടുത്തെ കരവേലയെ വിളംബരം ചെയ്യുന്നു" (സങ്കി 29:1). സൃഷ്ടിവസ്തുക്കളിലുപരി ദൈവമഹത്വം പ്രകടമാകുന്ന അനേകം വേളകൾ

ബൈബിൾ രേഖപ്പെടുത്തുന്നുണ്ട്. പുറപ്പാടു സംഭവത്തിൽ ഉട നീളം ദൈവമഹത്വത്തിന്റെ പ്രത്യക്ഷീകരണങ്ങൾ കാണാം. ചാമ്പ ലാകാതെ എരിയുന്ന മുൾപ്പടർപ്പും (പുറ 3:1-5) ദൈവിക സാന്നി ധ്യത്തിൽ പുകയുന്ന സീനായ് മലയും (പുറ 19:16-19), കൂടാര ത്തിൽ നിറയുന്ന മേഘവും (പുറ 40:34) സോളമൻ നിർമ്മിച്ച ആലയത്തിൽ നിറയുന്ന മേഘവും (1 രാജ 8:10) ഏശയ്യാ കണ്ടു ഭയന്ന ദേവാലയത്തിലെ ദർശനവും (ഏശ 6:1-5) പഴയനിയമ ത്തിൽ നിന്നുള്ള ചുരുക്കം ചില ഉദാഹരണങ്ങൾ മാത്രം. ദൈവിക സാന്നിധ്യത്തെയാണ് ഇവയെല്ലാം സൂചിപ്പിക്കുക. തിരഞ്ഞെടു ക്കപ്പെട്ട മൂന്നു ശിഷ്യന്മാർക്ക് യേശുവിന്റെ രൂപാന്തരീകരണ വേള യിൽ പ്രത്യക്ഷമായ മഹത്വവും (ലൂക്കാ 9:31) സമാനമത്രേ. ദൈവം എല്ലാറ്റിനും ഉപരി, എല്ലാറ്റിൽനിന്നും വ്യത്യസ്തൻ, സർവ്വ ശക്തൻ, എന്നൊക്കെയാവും ഈ ഉദാഹരണങ്ങളിൽ കാണുന്ന മഹത്വത്തിന്റെ അർത്ഥം. ജ്വലിക്കുന്ന അഗ്നി, കനത്ത മേഘം അപ്രാപ്യമായ പ്രകാശം എന്നിങ്ങനെ പല പ്രതീകങ്ങൾ ദൈവ മഹത്വത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നു. എന്നാൽ ഇതു മാത്രമല്ല ദൈവ മഹത്വം.

യേശുവിന്റെ പുരോഹിത പ്രാർത്ഥനയിൽ നിന്നു തന്നെ ദൈവമഹത്വത്തെക്കുറിച്ച് കൂടുതൽ വ്യക്തമായ ചില സുചന കൾ ലഭിക്കുന്നുണ്ട്. പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് പിതാവ് പുത്രനെ മഹത്വപ്പെടുത്തണമേ എന്നതാണ് പ്രാർത്ഥന യുടെ തുടക്കം (17,1). എന്താണ് ഈ മഹത്വീകരണം? എങ്ങനെ യാണതു സംഭവിക്കുക? "പിതാവേ അങ്ങയുടെ നാമത്തെ മഹ ത്വപ്പെടുത്തണമേ" (12:28) എന്ന യേശുവിന്റെ പ്രാർത്ഥനയ്ക്ക് പിതാവ് സ്വർഗ്ഗത്തിൽനിന്ന് ഇടിമുഴക്കത്തിലൂടെ ഉത്തരം നൽകി: "ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു; ഇനിയും മഹത്വപ്പെടുത്തും" (യോഹ. 12,28). യേശുവിന്റെ ജീവിതവും വാക്കും പ്രവൃത്തിയും എല്ലാം പിതാവിനെ മഹത്വപ്പെടുത്തലായിരുന്നു, അഥവാ പിതാ വിന്റെ മഹത്വം വെളിപ്പെടുത്തുകയായിരുന്നു. ഇനിയും മഹത്വ പ്പെടുത്തുന്നത് പീഡാസഹനം, മരണം, ഉത്ഥാനം എന്ന പെസഹാ സംഭവത്തിലൂടെ ആയിരിക്കും. അപ്പോൾ കുരിശു മരണം മഹ ത്വീകരണത്തിന്റെ ഉച്ചകോടിയാകുന്നു. കാരണം അവിടെയാണ് ദൈവത്തിന്റെ സ്നേഹം ഏറ്റം ആഴത്തിൽ പ്രകടമായത് (യോഹ 3:16). കുരിശിൽ ഉയർത്തപ്പെടുക എന്നാൽ മഹത്വീകൃതനാവുക എന്നാണർത്ഥം (12:32-33).

"അവിടുന്ന് എന്നെ ഏൽപ്പിച്ച ജോലി പൂർത്തിയാക്കിക്കൊണ്ട് ഭൂമിയിൽ അവിടുത്തെ ഞാൻ മഹത്വപ്പെടുത്തി" (17:4). അതിന്റെ പൂർത്തീകരണമാണ് കുരിശുമരണവും ഉത്ഥാനവും വഴി സംഭവിക്കുന്നത്. പഠനവിഷയമായ ഭാഗത്ത് മഹത്വത്തെക്കുറിച്ച് രണ്ടുതവണ പ്രതിപാദിക്കുന്നുണ്ട്. "നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന് അങ്ങ് എനിക്കു തന്ന മഹത്വം ഞാൻ അവർക്കു നൽകി" (17,22). ഒന്നിപ്പിക്കുന്ന മഹത്വം സ്നേഹമല്ലാതെ മറ്റൊന്നുമല്ല. ഇതുതന്നെയാണ് 17,24 ൽ വീണ്ടും വ്യക്തമാക്കുന്നത്: "പിതാവേ, ലോകസ്ഥാപനത്തിനു മുമ്പ്, എന്നോടുള്ള സ്നേഹത്താൽ അവിടുന്ന് എനിക്കു മഹത്വം നൽകി. അങ്ങ് എനിക്കു നൽകിയവരും അതു കാണാൻ ഞാൻ ആയിരിക്കുന്നിടത്ത് അവരും ആയിരിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു.

കുരിശുമരണവും ഉത്ഥാനവും വഴി യേശു പിതാവിന്റെ സന്നിധിയിലേക്കു മടങ്ങിപ്പോകുന്നു, രക്ഷാകരദൗത്യം പൂർത്തിയാക്കിക്കൊണ്ട്. യേശുവിന്റെ ഈ പെസഹായാണ് ശിഷ്യരെ പിതൃസന്നിധിയിൽ എത്തിക്കുന്നതും പിതാവിന്റെ ജീവനിൽ അവർക്ക് പങ്ക് നൽകുന്നതും. അവർ കാണണം എന്ന് യേശു തീവ്രമായി ആഗ്രഹിക്കുന്ന മഹത്വം പിതാവിന്റെ സ്നേഹത്തിന്റെ വെളിപ്പെടുത്തൽ തന്നെ. അതിനാൽ മഹത്വം ദർശിക്കാനും മഹത്വത്തിൽ പങ്കുചേരാനും യേശു സ്നേഹിച്ചതുപോലെ ശിഷ്യരും സ്നേഹിക്കണം.

സ്നേഹമാണ് മഹത്വത്തിന്റെ മാനദണ്ഡം; സ്നേഹത്തിന്റെ പ്രവർത്തനമാണ് മഹത്വത്തിന്റെ വെളിപ്പെടുത്തൽ. കാലിത്തൊഴുത്തു മുതൽ കാൽവരി വരെ യേശു വെളിപ്പെടുത്തിയത് ദൈവത്തിന്റെ സ്നേഹമാണ് – സ്വയം ദാനം ചെയ്യുന്ന, ശൂന്യവൽക്കരിക്കുന്ന സ്നേഹം. അതുതന്നെയാണ് അവിടുത്തെ മഹത്വം. "സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല" (15:13) എന്നു പഠിപ്പിച്ചവൻ കുരിശിൽ ജീവൻ അർപ്പിച്ചുകൊണ്ട് സ്നേഹത്തിന്റെ പാരമ്യം വെളിപ്പെടുത്തി. അതുതന്നെയാണ് ദൈവമഹത്വത്തിന്റെയും വെളിപ്പെടുത്തൽ.

മഹത്വത്തെക്കുറിച്ചുള്ള നമ്മുടെ പൊതുവായ കാഴ്ചപ്പാടുകൾ ഈ വെളിപ്പടുത്തലുകളുടെ വെളിച്ചത്തിൽ തിരുത്തിക്കുറിക്കാൻ യേശുവിന്റെ പുരോഹിത പ്രാർത്ഥന നമ്മെ നിർബന്ധി

ക്കുന്നു. മറ്റുള്ളവരിൽ നിന്നകന്ന്, ഉയർന്നു നിൽക്കുന്നതിലല്ല മഹത്വം, മറിച്ച് താഴേക്കിറങ്ങിവന്ന്, ആത്മത്യാഗത്തോളം എത്തുന്ന സ്നേഹത്തിന്റെ പ്രവർത്തനമാണത്. ഇപ്രകാരമുള്ള മഹത്വീകരണം, അഥവാ സ്നേഹത്തിന്റെ പ്രവർത്തനം ഐക്യത്തിലേക്ക് നയിക്കും. പരസ്പരം സ്നേഹിക്കുന്ന ശിഷ്യരുടെ കൂട്ടായ്മയിൽ ദൈവമഹത്വം പ്രകടമാകും. ശിഷ്യസമൂഹത്തിന്റെ ഐക്യം തന്നെ ആ മഹത്വത്തിനു സാക്ഷിയാകും. ഈ പ്രാർത്ഥന നമ്മുടെ ജീവിതത്തിൽ ഒരു യഥാർത്ഥ്യമാക്കാൻ ദൈവം കനിഞ്ഞ് അനുഗ്രഹിക്കട്ടെ.

# 30

## സ്വർഗ്ഗാരോഹണം

# അവൻ വീണ്ടും വരും

**(ലൂക്കാ 24,44 – 53)**

രണ്ടു സുവിശേഷങ്ങൾ (മത്തായി, യോഹന്നാൻ) യേശുവിന്റെ സ്വർഗ്ഗാരോഹണം വിവരിക്കുന്നില്ല. "യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28,20) എന്ന വാഗ്ദാനത്തോടെയാണ് ആദ്യത്തെ സുവിശേഷം സമാപിക്കുന്നത്. യേശു പിതാവിന്റെ പക്കലേക്കു പോകുന്നതിനെക്കുറിച്ച് യോഹന്നാൻ പലതവണ സൂചിപ്പിക്കുന്നുണ്ടെങ്കിലും സ്വർഗ്ഗാരോഹണത്തിന്റെ വിവരണം നൽകുന്നില്ല. എന്നാലും പിതാവിന്റെ അടുക്കലേക്കു പോകുന്ന യേശു വീണ്ടും വരും എന്നും (യോഹ 14,3), ശിഷ്യന്മാരുടെ അടുത്തേക്ക് വന്ന് അവരോടുകൂടെ ആയിരിക്കും (14,18; 16,16) എന്നും ഉള്ള വാഗ്ദാനങ്ങൾ നാലാം സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട്. മർക്കോസും ലൂക്കായുമാകട്ടെ ഉത്ഥിതനായ ക്രിസ്തു ശിഷ്യന്മാർ നോക്കിനിൽക്കെ സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ടു എന്ന് സംശയത്തിനു പഴുതില്ലാതെ രേഖപ്പെടുത്തിയിരിക്കുന്നു. (മർക്കോ 16,19; ലൂക്കാ 24,51).

ലൂക്കായുടെ സുവിശേഷത്തിലെ വിവരണത്തിൽനിന്ന് ഉത്ഥാനവും സ്വർഗ്ഗാരോഹണവും ഒരേ ദിവസം തന്നെ സംഭവിച്ചു എന്ന പ്രതീതിയാണ് ലഭിക്കുക. എന്നാൽ അപ്പസ്തോല പ്രവർത്തനങ്ങളിലാകട്ടെ, ഉത്ഥാനത്തിനുശേഷം നാല്പതു ദിവസത്തേക്ക് യേശു ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടു എന്നും അതിനുശേഷമാണ് സ്വർഗ്ഗത്തിലേക്ക്, ഉന്നതങ്ങളിലേക്കു സംവഹിക്കപ്പെട്ടത് എന്നും രേഖപ്പെടുത്തിയിരിക്കുന്നു (അപ്പ 1,3-9). സ്ഥലകാലങ്ങളെ ഒരു കുഴൽ കണ്ണാടിയിലൂടെ എന്നപോലെ ഒതുക്കി,

ചുരുക്കി അവതരിപ്പിക്കുക ലൂക്കായുടെ രചനയുടെ ഒരു സവിശേഷതയാണ്. അതിനാൽ രണ്ടു വിവരണങ്ങളും തമ്മിൽ വൈരുദ്ധ്യം കാണേണ്ടതില്ല. അപ്പസ്തോലപ്രവർത്തനങ്ങളിൽ ദീർഘമായി അവതരിപ്പിക്കുന്ന കാലത്തെ സുവിശേഷത്തിൽ ഒറ്റ ദിവസമായി ചുരുക്കി അവതരിപ്പിക്കുന്നു എന്നു കരുതാൻ ന്യായമുണ്ട്. സ്വർഗ്ഗാരോഹണത്തെക്കുറിച്ചുള്ള ലൂക്കായുടെ വിവരണമാണ് ഇന്നത്തെ പരിചിന്തനത്തിനായി സഭ നിർദ്ദേശിച്ചിരിക്കുന്നത്.

ഉത്ഥിതന്റെ രണ്ടു പ്രത്യക്ഷീകരണങ്ങളാണ് ലൂക്കാ രേഖപ്പെടുത്തിയിരിക്കുന്നത്, എമ്മാവൂസിലേക്കു പോയ രണ്ടു ശിഷ്യന്മാർക്കും (ലൂക്കാ 24,13-35) ജറുസലെമിൽ കൂടിയിരുന്ന ശിഷ്യന്മാർക്കും (24,36-43). ശിമയോനു പ്രത്യക്ഷപ്പെട്ടതിനെക്കുറിച്ചുള്ള ഒരു പരാമർശവും (24,34) നൽകുന്നുണ്ടെങ്കിലും പ്രത്യക്ഷീകരണത്തിന്റെ വിവരണം നൽകിയിട്ടില്ല. രണ്ടാമത്തെ പ്രത്യക്ഷീകരണത്തിന്റെ വിവരണത്തിന്റെ തുടർച്ചയാണ് ഇന്നത്തെ വായനയ്ക്കുള്ള സുവിശേഷഭാഗം. തങ്ങൾ കാണുന്നത് ഒരു മായാദർശനമോ വെറും ഒരു തോന്നൽ മാത്രമോ അല്ല, യഥാർത്ഥത്തിൽ തങ്ങളോടൊപ്പം ജീവിച്ചിരുന്ന യേശു തന്നെയാണ് എന്നതിന് ആവശ്യമായ തെളിവുകൾ നൽകുകയാണ് രണ്ടാം ദർശനത്തിന്റെ ആദ്യഭാഗത്തു ചെയ്യുന്നത് (24,36-43).

കൈകാലുകൾ കാണിച്ചുകൊടുക്കുന്നത് അവയിലെ മുറിപ്പാടുകൾ കണ്ട് ശിഷ്യന്മാർ വിശ്വസിക്കുന്നതിനുവേണ്ടിയാണ്. അവർ കൊടുത്ത വറുത്ത മീൻ ഭക്ഷിച്ചതിന്റെ ഉദ്ദേശ്യവും ഈ തെളിവു നൽകൽ തന്നെയാണ്. തങ്ങളുടെ മുമ്പിൽ നിൽക്കുന്നത് ചരിത്രപുരുഷനായ യേശു തന്നെയാണെന്നു ശിഷ്യന്മാർക്കു ബോധ്യപ്പെടുത്തുകയാണ് ഈ തെളിവുകളുടെ ലക്ഷ്യം. ചരിത്രപുരുഷനായ യേശുവും വിശ്വാസവിഷയമായ, ഉത്ഥിതനായ ക്രിസ്തുവും ഒരാൾതന്നെ. ചരിത്രത്തിന്റെ ഈ തുടർച്ച ശിഷ്യസമൂഹത്തിന്റെ വിശ്വാസത്തിന് അടിസ്ഥാനമായി നിൽക്കുന്നു.

ശിഷ്യന്മാർക്ക് മനസ്സിലാക്കാനും സ്വീകരിക്കാനും ഏറെ പ്രയാസമുള്ള കാര്യമായിരുന്നു യേശുവിന്റെ പീഡാസഹനവും മരണവും. അതിനെക്കുറിച്ച് മുൻകൂട്ടി അറിയിച്ചപ്പോഴെല്ലാം ശിഷ്യന്മാർ തങ്ങളുടെ അജ്ഞതയും പ്രതിഷേധവും പ്രകടമാക്കിയിരുന്നു (മത്താ 16,22; 17,23; മർക്കോ 9,32; ലൂക്കാ 9,45). “ഇക്കാര്യ

ങ്ങൾ ഒന്നും അവർ ഗ്രഹിച്ചില്ല. ഈ പറഞ്ഞതിന്റെ പൊരുൾ അവരിൽനിന്നു മറയ്ക്കപ്പെട്ടിരുന്നു" (ലൂക്കാ 18,34) എന്ന് ലൂക്കാ തന്നെ വ്യക്തമായി വിവരിക്കുന്നുണ്ട്. മനസിലാക്കാൻ കഴിയാത്ത രഹസ്യമായിരുന്ന പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ആവശ്യകതയാണ് ഉത്ഥിതനായ ഗുരുനാഥൻ ശിഷ്യന്മാർക്കു വെളിപ്പെടുത്തുന്നത്. എമ്മാവൂസിലേക്കുപോയ രണ്ടു പേർക്കു നൽകിയ വെളിപ്പെടുത്തലും ഇതുതന്നെ ആയിരുന്നു.

പീഡാനുഭവവും കുരിശുമരണവും ആകസ്മികമായി സംഭവിച്ചതല്ല; ചരിത്രത്തിന്റെ അനിവാര്യതയുമല്ല. മറിച്ച് ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ ഭാഗമാണ്. ദൈവം മുൻകൂട്ടി നിശ്ചയിക്കുകയും ബൈബിളിലൂടെ വെളിപ്പെടുത്തുകയും ചെയ്തതാണിത്. "മോശ തുടങ്ങി എല്ലാ പ്രവാചകന്മാരും വിശുദ്ധ ലിഖിതങ്ങളിൽ തന്നെപ്പറ്റി എഴുതിയിരുന്നവയെല്ലാം അവൻ അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു" (24,27). മോശ, പ്രവാചകന്മാർ, ലിഖിതങ്ങൾ എന്നിവ ബൈബിളിനെ മൊത്തമായി സൂചിപ്പിക്കുന്നു. ഇങ്ങനെയാണ് യഹൂദർ ബൈബിളിനെ വിഭജിച്ചിരുന്നത്. വിശുദ്ധ ലിഖിതങ്ങൾ മുഴുവൻ വരാനിരുന്ന ഒരു രക്ഷകനെക്കുറിച്ചു പ്രതിപാദിക്കുന്നു. അവയെല്ലാം തന്നിൽ പൂർത്തിയായിരിക്കുന്നു എന്നാണ് യേശു ശിഷ്യന്മാർക്ക് പറഞ്ഞുകൊടുക്കുന്നത്. എന്നാൽ വിശദീകരണം കൊണ്ടുമാത്രം, വിശദീകരിക്കുന്നത് യേശു തന്നെ ആണെങ്കിൽപോലും, ശ്രോതാക്കൾക്ക് അർത്ഥം ഗ്രഹിക്കാൻ കഴിയുന്നില്ല, കാരണം "അവരുടെ കണ്ണുകൾ മൂടപ്പെട്ടിരുന്നു" (24,16).

പീഡാനുഭവത്തിന്റെ അനിവാര്യതയാണ് അഗ്രാഹ്യമായ രഹസ്യമായി നിലകൊള്ളുന്നത്. ഇതുതന്നെയാണ് മറ്റു ശിഷ്യന്മാരുടെയും അവസ്ഥ. മോശയുടെ നിയമം, പ്രവാചകന്മാർ, സങ്കീർത്തനങ്ങൾ (24,44) എന്ന വിവരണം ബൈബിളിനെ മുഴുവൻ സൂചിപ്പിക്കുന്നു. ബൈബിളിൽ തന്നെക്കുറിച്ച് മുൻകൂട്ടി അറിയിച്ചിരിക്കുന്ന കാര്യങ്ങൾ തന്നെയാണ് തന്നിൽ നിറവേറിയത് എന്ന് യേശുവിന്റെ മുന്നറിയിപ്പുകളുടെ വെളിച്ചത്തിൽ ശിഷ്യർ ഗ്രഹിക്കണമായിരുന്നു. പക്ഷേ അതുണ്ടായില്ല. അതിനാൽ "വിശുദ്ധ ലിഖിതങ്ങൾ ഗ്രഹിക്കത്തക്കവിധം അവരുടെ മനസ് തുറന്നു" (24,45). ബൈബിൾ വചനങ്ങൾ, അവ യേശുവിന്റെ തന്നെ വചനങ്ങൾ ആണെങ്കിൽ പോലും, ദൈവത്തിന്റെ പ്രത്യേക സഹായം കൂടാതെ ഗ്രഹിക്കാൻ കഴിയില്ല എന്ന ഒരു സൂചനയും ഈ തിരു

മൊഴിയിലുണ്ട്. യേശുവിന്റെ പീഡാസഹനവും മരണവും മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള ദൈവിക പദ്ധതിയുടെ ഭാഗമാണ്.

ഈ പദ്ധതിയുടെ പൂർത്തീകരണമാണ് യേശുവിൽ സംഭവിച്ചത്. യേശുവിന്റെ മരണവും ഉത്ഥാനവും വഴി ലഭ്യമായ രക്ഷയുടെ സുവിശേഷം ലോകത്തെല്ലായിടത്തും പ്രഘോഷിക്കപ്പെടണം എന്നതും ദൈവിക പദ്ധതി തന്നെ. സുവിശേഷ പ്രഘോഷണം ജറുസലെമിൽ ആരംഭിച്ച് ലോകത്തിന്റെ അതിർത്തികൾവരെ എത്തണം. സുവിശേഷ പ്രഘോഷണത്തിന്റെ ഈ രൂപരേഖ അപ്പ 1,8 ൽ കൂടുതൽ വിശദമായി അവതരിപ്പിക്കുന്നുണ്ട്. “എല്ലാ ജനതകളോടും പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു” (24,47) എന്ന പ്രസ്താവന ലൂക്കാ സുവിശേഷകൻ വിജാതീയരുടെ സുവിശേഷവൽക്കരണത്തിനു നൽകുന്ന പ്രാധാന്യം എടുത്തുകാട്ടുന്നു.

സ്വന്തം ചിന്താമണ്ഡലത്തിൽ ഉരുത്തിരിയുന്ന ആശയങ്ങളോ, മറ്റാരെങ്കിലും പറഞ്ഞ് കേട്ടുകേൾവിയോ അല്ല, അനുഭവിച്ചറിഞ്ഞ സത്യമാണ് ശിഷ്യന്മാർ പ്രഘോഷിച്ചത്. സുവിശേഷ പ്രഘോഷണം എന്നാൽ അനുഭവിച്ചറിയുകയും വിശ്വസിക്കുകയും ചെയ്യുന്ന സത്യത്തിനു സാക്ഷ്യം വഹിക്കലാണ്. “നിങ്ങൾ ഇവയ്ക്കു സാക്ഷികളാണ്” (24,48) എന്ന യേശുവചനം തന്നോടൊന്നിച്ചു ശിഷ്യന്മാർ നയിച്ച ജീവിതത്തെയും അവർക്കു ലഭിച്ച അനുഭവങ്ങളെയും സൂചിപ്പിക്കുന്നു.

സ്വന്തം കഴിവും ബുദ്ധിശക്തിയും സംസാരപാടവവും കൊണ്ട് നിർവ്വഹിക്കാവുന്ന ഒന്നല്ല യേശുവിനു സാക്ഷ്യം നൽകുക എന്ന സുവിശേഷ പ്രഘോഷണം. അതിന് ദൈവത്തിന്റെ പ്രത്യേകമായ സഹായവും പ്രചോദനവും ശാക്തീകരണവും ആവശ്യമാണ്. അതിനായി ക്ഷമാപൂർവ്വം പ്രാർത്ഥനയോടെ കാത്തിരിക്കണം. യേശുവിന്റെ ഉത്ഥാനത്തിനും സ്വർഗ്ഗാരോഹണത്തിനും ശേഷം സഭയെ നയിക്കുന്നത് പരിശുദ്ധാത്മാവാണ്. “ഉന്നതത്തിൽ നിന്നുള്ള ശക്തി” എന്ന് ഇവിടെ പരിശുദ്ധാത്മാവിനെ വിശേഷിപ്പിക്കുന്നു (24,49). പിതാവിന്റെ വാഗ്ദാനവും സ്വർഗ്ഗത്തിൽനിന്ന് ശിഷ്യന്മാരുടെ മേൽ ആവസിക്കുന്ന ശക്തിയുമാണ് പരിശുദ്ധാത്മാവ്. പന്തക്കുസ്താദിവസം പരിശുദ്ധാത്മാവ് അഗ്നിയും ശക്തിയുമായി ശിഷ്യന്മാരുടെ മേൽ വന്നു വസിക്കുന്നത് അപ്പ 2,1-4 ൽ ലൂക്കാ തന്നെ രേഖപ്പെടുത്തിയി

ട്ടുണ്ട്. ആത്മാവിനെ സ്വീകരിക്കാൻ പ്രാർത്ഥനാപൂർവ്വം കാത്തിരിക്കണം.

ഉപദേശങ്ങളും നിർദ്ദേശങ്ങളും വാഗ്ദാനങ്ങളും എല്ലാം നൽകിയതിനുശേഷം ശിഷ്യന്മാരെ ജറുസലെമിനു പുറത്ത്, ബെഥാനിയാവരെ കൂട്ടിക്കൊണ്ടുപോയി. കൈകൾ ഉയർത്തി അവരെ അനുഗ്രഹിച്ചു. അനുഗ്രഹിച്ചുകൊണ്ടിരിക്കെ അവൻ അവരിൽനിന്നു മറഞ്ഞു; സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ടു. സ്വർഗ്ഗാരോഹണത്തിന്റെ ഈ വിവരണം രണ്ടു കാര്യങ്ങൾക്ക് ഊന്നൽ നൽകുന്നു. 1. യേശുവിന്റെ ശാരീരികമായ സാന്നിധ്യം ഇനി പ്രതീക്ഷിക്കേണ്ടതില്ല. അവൻ അപ്രത്യക്ഷനായി. 2. യേശു സ്വർഗ്ഗത്തിലേക്കാണ് പോയത്, അഥവാ പിതാവിന്റെ സന്നിധിയിലേക്ക്. ഇത് ഒരു അകന്നുപോകലല്ല, പുതിയ വിധത്തിലുള്ള ഒരു സാന്നിധ്യമാണ്.

ദൈവം സർവ്വ വ്യാപിയാണെങ്കിൽ ദൈവത്തിലേക്കു പോയ യേശുവും അവിടുത്തോടൊപ്പം എല്ലായിടത്തും സന്നിഹിതനായിരിക്കുന്നു. പിതാവിലേക്കു തിരിച്ചു പോയത് മഹത്വീകരണത്തെ സൂചിപ്പിക്കുന്നു. തന്നെ ഏല്പിച്ച രക്ഷാകർമ്മം യേശു പൂർത്തിയാക്കി; മനുഷ്യാവതാരത്തിനു മുമ്പുണ്ടായിരുന്ന മഹത്വത്തിലേക്ക് അവൻ പ്രവേശിച്ചു. ഇതിനെ “പിതാവിന്റെ വലതു ഭാഗത്ത് ഉപവിഷ്ടനായി” എന്നു മർക്കോസ് വിശേഷിപ്പിക്കുന്നു (മർക്കോ 16,19). “എല്ലാ അധികാരവും നൽകപ്പെട്ടിരിക്കുന്നു” (മത്താ 28,18) എന്നാണ് മത്തായി മഹത്വീകരണത്തെ വിവരിക്കുന്നത്. സ്വർഗ്ഗാരോഹണം വഴി യേശു സ്ഥലകാല പരിമിതികൾക്ക് അതീതനായി, എന്നും എല്ലായിടത്തും നമ്മോടൊപ്പം വസിക്കുന്നു.

അദൃശ്യനെങ്കിലും അവന്റെ സാന്നിധ്യം യഥാർത്ഥ്യമാണ്- അതിനാൽ യേശു തങ്ങളുടെ ദൃഷ്ടിയിൽനിന്നു മറഞ്ഞപ്പോൾ ശിഷ്യന്മാർക്ക് അനുഭവപ്പെടുന്നത് വിരഹദുഃഖമോ നഷ്ടബോധമോ അല്ല, മറിച്ച് സന്തോഷമാണ്: “അത്യന്തം ആനന്ദത്തോടെ അവർ ജറുസലെമിലേക്കു മടങ്ങി.” ഇനി നാഥനെത്തേടി അലയേണ്ടതില്ല; അവൻ മരിച്ചുമൺമറഞ്ഞു എന്നു കരുതാനാവില്ല. എപ്പോഴും എല്ലായിടത്തും തങ്ങളോടു കൂടെയുണ്ട് എന്ന് അവർക്കു ബോധ്യമായി. ഈ ബോധ്യം സന്തോഷം പ്രദാനം ചെയ്തു, ശക്തിയുടെയും പ്രത്യാശയുടെയും ഉറവിടമായി.

യേശു നൽകിയ പിതാവിന്റെ വാഗ്ദാനമാകുന്ന പരിശുദ്ധാ

ത്മാവിനെ സ്വീകരിക്കാൻ വേണ്ടി "അവർ ദൈവത്തെ സ്തുതിച്ചുകൊണ്ട് സദാസമയവും ദേവാലയത്തിൽ കഴിഞ്ഞുകൂട്ടി" (24,53). അങ്ങനെ സുവിശേഷം തുടങ്ങിയിടത്തു തന്നെ ലൂക്കാ അവസാനിപ്പിക്കുന്നു. രക്ഷകനെ കാത്തിരിക്കുന്ന ഇസ്രായേൽ ജനം ആരാധനയ്ക്കായി ദേവാലയത്തിൽ സമ്മേളിച്ചു പ്രാർത്ഥനാനിരതരായിരിക്കുന്നതിന്റെ ചിത്രം വരച്ചുകാട്ടിക്കൊണ്ടാണ് ലൂക്കാ സുവിശേഷം ആരംഭിച്ചത് (ലൂക്കാ 1,8-10). രക്ഷണീയ കർമ്മം പൂർത്തിയാക്കിയ മിശിഹാ വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ ദേവാലയത്തിൽ പ്രാർത്ഥനാനിരതരായി കാത്തിരിക്കുന്ന പുതിയ ദൈവജനത്തിന്റെ പ്രതിനിധികളെ ചിത്രീകരിച്ചു കൊണ്ട് സുവിശേഷം സമാപിക്കുന്നു.

ഈ സമാപന ചിത്രം മനോഹരമായ ഒരു മാതൃകയും തീക്ഷ്ണമായ ഒരു നിർദ്ദേശവും ഉൾക്കൊള്ളുന്നു. ആദ്യശിഷ്യന്മാർ എന്നതുപോലെ ദൈവജനം മുഴുവൻ ദൈവത്തിന്റെ വാഗ്ദാനവും ശക്തിയുമായ പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ ഒരുങ്ങണം. അതിനായി പ്രാർത്ഥനാപൂർവ്വം ജാഗ്രതയോടെ "ഉന്നതത്തിൽ നിന്നു ശക്തി ധരിക്കുന്നതുവരെ" കാത്തിരിക്കണം. സ്വർഗ്ഗാരോഹണം പന്തക്കുസ്തായിലേക്കു വിരൽ ചൂണ്ടുന്നു, സ്വർഗ്ഗാരോപിതനായ നാഥൻ പരിശുദ്ധാത്മാവിലേക്കും. യേശുവിന്റെ പീഡാസഹനവും മരണവും ഉത്ഥാനവും ഉൾക്കൊള്ളുന്ന പെസഹാ രഹസ്യം ഗ്രഹിക്കാനും അതിനു ലോകജനതകൾക്കു മധ്യേ സാക്ഷ്യം വഹിക്കാനുമുള്ള ആത്മാവിന്റെ ശക്തിക്കായി നമുക്കും പ്രാർത്ഥനയോടെ കാത്തിരിക്കാം.

# 31

## ഉയിർപ്പ് 7 – ാം ഞായർ

## സുവിശേഷ ദൗത്യം

**(മർക്കോ 16:9 – 20)**

ഉയിർപ്പുകാലത്തെ ഏഴാമത്തേതും അവസാനത്തേതുമായ ഞായറാഴ്ചയാണിന്ന്. കഴിഞ്ഞ വ്യാഴാഴ്ച യേശുവിന്റെ സ്വർഗ്ഗാരോഹണം ആഘോഷിച്ച സഭ അടുത്ത ഞായറാഴ്ച പരിശുദ്ധത്മാവിന്റെ ആഗമനത്തെ അനുസ്മരിക്കുന്ന പന്തകുസ്താതിരുനാൾ ആഘോഷിക്കുന്നു. യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനും പരിശുദ്ധാത്മാവിന്റെ ആഗമനത്തിനും മധ്യേ വരുന്ന ഈ ഞായറാഴ്ച ഉത്ഥിതനും മഹത്വീകൃതനുമായ നാഥൻ ശിഷ്യഗണത്തെ ഏൽപ്പിക്കുന്ന സുവിശേഷ പ്രഘോഷണം എന്ന ദൗത്യമാണ് മുഖ്യ ധ്യാന വിഷയമാകുന്നത്.

ക്രിസ്തീയവിശ്വാസത്തിന്റെ അടിസ്ഥാനമാണ് യേശുവിന്റെ ഉത്ഥാനം (1 കോറി 15:14). പാപത്തെയും മരണത്തെയും തിന്മയുടെ സകല ശക്തികളെയും പരാജയപ്പെടുത്തിക്കൊണ്ട് കുരിശിൽ മരിച്ച യേശു മരണത്തിൽനിന്ന് ഉയിർത്തെഴുന്നേറ്റു. മനുഷ്യവതാരവേളയിൽ മാറ്റി വച്ച ദൈവിക മഹത്വത്തിലേക്ക് (ഫിലി 2: 6–11) വീണ്ടും പ്രവേശിച്ചു എന്നതാണ് മഹത്വീകരണം കൊണ്ട് അർത്ഥമാക്കുന്നത്. ഇതുതന്നെയാണ് സ്വർഗ്ഗാരോഹണത്തിന്റെയും അർത്ഥം. ദൈവം തന്നെ ആയ വചനം പിതാവിൽ നിന്നു പുറപ്പെട്ട്, മനുഷ്യശരീരം ധരിച്ച്, മനുഷ്യനായി, സുവിശേഷപ്രഘോഷണവും പെസഹാ രഹസ്യവും വഴി മനുഷ്യവർഗ്ഗത്തിന് പാപത്തിൽനിന്നു മോചനവും നിത്യജീവനും ലഭ്യമാക്കിക്കൊണ്ട് വീണ്ടും പിതാവിന്റെ മഹത്വത്തിലേക്കു പ്രവേശിച്ചു. പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവ വഴി ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്ക് യേശു കടന്നുപോയതിനെയാണ് നാം

പെസഹാ രഹസ്യം എന്നു വിശേഷിപ്പിക്കുന്നത്. ഇതിലൂടെ ലഭ്യമായ രക്ഷയും അതു നൽകുന്ന സന്തോഷവും എല്ലാവരും അറിയണം, വിശ്വസിക്കണം, ഈ സന്തോഷത്തിൽ പങ്കുകാരാകണം. അതിനായി, നാഥൻ തന്റെ ശിഷ്യന്മാരെ അയച്ചു; ദൗത്യവും അധികാരവും നൽകി. ആ ദൗത്യത്തിന്റെ വിവരണമാണ് ഇന്നത്തെ വായനയ്ക്കായി നിർദ്ദേശിച്ചിരിക്കുന്ന സുവിശേഷ ഭാഗം.

മർക്കോ 16:14-20 (9-20) എന്ന രണ്ടു നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. രണ്ടും ഉത്ഥിതന്റെ ദർശനത്തെയും ഉത്ഥിതൻ നൽകുന്ന ദൗത്യത്തെയും സൂചിപ്പിക്കുന്നു. 9-13 വാക്യങ്ങൾ രണ്ടു വ്യത്യസ്ത ദർശനങ്ങൾ വിവരിക്കുമ്പോൾ 14-20 വാക്യങ്ങൾ യേശു അപ്പസ്തോലന്മാർക്ക് പ്രത്യക്ഷപ്പെട്ട് അവരെ സുവിശേഷ പ്രഘോഷണദൗത്യം ഏൽപ്പിച്ചതിനു ശേഷം സ്വർഗ്ഗാരോഹണം ചെയ്യുന്നതും അപ്പസ്തോലന്മാർ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുന്നതും രേഖപ്പെടുത്തയിരിക്കുന്നു. പലസ്തീനായുടെ അതിരുകൾക്കുള്ളിൽ അരങ്ങേറിയ ക്രിസ്തു സംഭവം ലോകം മുഴുവൻ പ്രഘോഷിക്കപ്പെടണം. എല്ലാവരും അതറിയണം, വിശ്വസിച്ച് രക്ഷ പ്രാപിക്കണം. ഇതാണ് സുവിശേഷ രചനയുടെ ലക്ഷ്യം.

പഠനവിഷയമായ സുവിശേഷ ഭാഗം (16:9-20) അനേകം പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നതായി ബൈബിൾ പഠിതാക്കൾ കരുതുന്നു. ബൈബിളിന്റെ അതിപുരാതനവും ഏറ്റം ആധികാരികവുമായ പല കയ്യെഴുത്തു പ്രതികളിലും ഈ വാക്യങ്ങൾ ഇല്ല എന്നതാണ് ആദ്യമേ പഠിതാക്കളുടെ ശ്രദ്ധയിൽപ്പെടുന്ന പ്രശ്നം. വത്തിക്കാൻ, സീനായ് എന്നീ രണ്ടു കയ്യെഴുത്തു പ്രതികളാണ് ഏറ്റം ആധികാരികമായവ. ഇവ രണ്ടിലും പഠനവിഷയമായ വാക്യങ്ങൾ ഇല്ല. അതിനാൽ ഈ വാക്യങ്ങൾ പിൽക്കാലത്ത് കൂട്ടിച്ചേർത്തതായിരിക്കാം എന്നു കരുതപ്പെടുന്നു. ഇങ്ങനെ കരുതാൻ തക്കതായ കാരണങ്ങളുമുണ്ട്. അത് ചുവടെ എടുത്തു കാണിക്കുന്നതാണ്. സുപ്രധാനമായ രണ്ടു കയ്യെഴുത്തു പ്രതികളിൽ ഇല്ലെങ്കിലും ഈ വാക്യങ്ങളും കനോനിക സുവിശേഷത്തിന്റെ ഭാഗമായി സഭ അംഗീകരിച്ചിട്ടുണ്ട്. അതിനാൽ ഇവയും ദൈവ നിവേശിതവും ആധികാരികവുമായി പരിഗണിക്കണം.

9-20 വാക്യങ്ങൾ ഒഴിവാക്കിയാൽ അവശേഷിക്കുന്നത് തികച്ചും ആശ്ചര്യകരമായ ഒരു ഉപസംഹാരമായിരിക്കും. ശവ

കുടീരത്തിങ്കലേക്കു പോയ മൂന്നു സ്ത്രീകൾക്കുണ്ടായ ദർശനം അവരെ പരിഭ്രാന്തരാക്കി. തുറന്നു കിടക്കുന്ന ശവകുടീരം, അതിനുള്ളിൽ വെള്ളവസ്ത്രം ധരിച്ച ഒരു യുവാവ്, ദൈവദൂതൻ എന്നാണ് സൂചന. അയാളാണ് യേശു ഉയിർത്തെഴുന്നേറ്റു എന്ന സുവിശേഷം സ്ത്രീകളെ അറിയിക്കുന്നത്. ശിഷ്യന്മാരോട് ഗലീലിയിലേക്ക് മടങ്ങണമെന്നും അവിടെ വച്ച് അവർ യേശുവിനെ കാണും എന്നും ദൂതൻ തുടർന്നു നിർദ്ദേശിക്കുന്നു. എന്നാൽ സ്ത്രീകളാകട്ടെ "പേടിച്ചു വിറയ്ക്കുകയും ആശ്ചര്യപ്പെടുകയും ചെയ്തു. അവർ ആരോടും ഒന്നും പറഞ്ഞില്ല. അവർ അത്യന്തം ഭയപ്പെട്ടിരുന്നു" (16:8).

തുറന്നു കിടക്കുന്ന ശൂന്യമായ ശവകുടീരത്തിൽ നിന്ന് ഭയന്നോടി, നിശബ്ദരായിരിക്കുന്ന മൂന്നു സ്ത്രീകളുടെ ചിത്രം കൊണ്ട് സുവിശേഷം സമാപിക്കുന്നത് ഉചിതമല്ല എന്നു കരുതിയവരാവാം തുടർന്നുള്ള വാക്യങ്ങൾ കൂട്ടിച്ചേർത്തത്. എന്നാൽ മർക്കോസിന്റെ സുവിശേഷം സമഗ്രമായി പരിശോധിക്കുമ്പോൾ ഈ ഭയവും നിശബ്ദതയും ആ സുവിശേത്തിന്റെ പൊതു സ്വഭാവത്തിനു യോജിച്ചതാണെന്നു കാണാനാവും.

"ദൈവപുത്രനായ യേശു ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം" (1:1) എന്നു പറഞ്ഞു തുടങ്ങിയ മർക്കോസിന്റെ അവതരണത്തിൽ യേശു തിരഞ്ഞെടുത്ത പന്ത്രണ്ടു ശിഷ്യന്മാർ തികഞ്ഞ പരാജയമായിരുന്നു. യേശുവിനെ ദൈവപുത്രനായി തിരിച്ചറിയാൻ അവർക്കു കഴിഞ്ഞില്ല. സ്വർഗ്ഗത്തിൽ നിന്നു മുഴങ്ങിയ പിതാവിന്റെ സ്വരം യേശുവിനെ ദൈവപുത്രനായി രണ്ടു തവണ പ്രഖ്യാപിച്ചു (1,11; 9,7). പിശാചുകൾക്ക് ഈ സത്യം അറിയാമായിരുന്നു: അവർ അത് ഉച്ചത്തിൽ വിളിച്ചു പറയുകയും ചെയ്തു (1,24-34; 5, 7). എന്നാൽ യേശുവിനെ ദൈവപുത്രനായി ഏറ്റു പറഞ്ഞ ഏക മനുഷ്യവ്യക്തി ആരാച്ചാരുടെ കർമ്മം നിർവഹിച്ച ശതാധിപനാണ് (15:39). അയാളെ ഈ വിശ്വാസ പ്രഖ്യാപനത്തിലേക്കു നയിച്ചത് രണ്ടു കാര്യങ്ങളാണ്. അയാൾ കുരിശിൻ ചുവട്ടിൽ യേശുവിന് അഭിമുഖമായി നിന്നു; യേശു മരിച്ച വിധം കണ്ടു.

ഈ രണ്ടു കാര്യങ്ങളിലും ശിഷ്യന്മാർ പരാജയപ്പെട്ടു. യേശു പറഞ്ഞതും പഠിപ്പിച്ചതും അവർക്ക് മനസ്സിലായില്ല, (4,13. 40-41; 6:52; 7,18; 8,17-21). യേശുവിന്റെ വ്യക്തിത്വത്തെ ശിഷ്യർക്കു മന

സ്സിലായില്ല. അവനെ ക്രിസ്തു എന്ന് ഏറ്റു പറഞ്ഞവർ ഇസ്രയേലിനെ ഭരിക്കാൻ വരുന്ന ഭൗതിക രാജാവായി തെറ്റിധരിച്ചു. പീഡാനുഭവത്തെക്കുറിച്ചു പറഞ്ഞപ്പോഴൊന്നും അവർ അർത്ഥം ഗ്രഹിച്ചില്ല. അധികാരക്കസേരയിലായിരുന്നു അവരുടെ കണ്ണ് (8,30-35; 9,30-37; 10,32-45). അവസാനം നിർണ്ണായക സമയത്ത് ഒരുവൻ ഒറ്റിക്കൊടുത്തു; മറ്റൊരുവൻ തള്ളിപ്പറഞ്ഞു; എല്ലാവരും ഓടിയൊളിച്ചു (14,43-52, 66-72). ഗലീലിയിൽ തുടങ്ങിയ ശിഷ്യന്മാരുടെ പരിശീലനം ജറുസലെമിൽ കുരിശിന്റെ മുമ്പിൽ തകർന്നു വീണു. പന്ത്രണ്ടു പേരിൽ ഒരുവൻ പോലും കൂടെ നിന്നില്ല!

ഈ സാഹചര്യത്തിലാണ് ഗലീലിയിലേക്കു മടങ്ങണം എന്നും അവിടെ വച്ച് അവർ യേശുവിനെ കാണും എന്നും ദൂതൻ പറയുന്നത്. എല്ലാം വീണ്ടും തുടങ്ങാം, ഒരിക്കൽക്കൂടി. അതിന് ആദ്യം തുടങ്ങിയിടത്തേക്കു തിരിയെ പോകണം. കടന്നു പോന്ന വഴികൾ തിരിച്ചറിയണം, വനചം ശ്രവിക്കണം, സാക്ഷ്യം സ്വീകരിക്കണം. കാണാനായി ശാഠ്യം പിടിക്കരുത്. ഇതായിരിക്കും ഭയന്നോടുന്ന സ്ത്രീകളുടെ നിശബ്ദതയിൽ സുവിശേഷം സമാപിക്കാൻ കാരണം. എന്നാൽ ഇത് ദുർഗ്രഹവും തെറ്റിധാരണാജനകവും ആകുമെന്നു കരുതിയതിനാലാവാം കുടുതൽ ദീർഘമായ ഒരു ഉപസംഹാരം ചേർത്തിരിക്കുന്നത്.

കൂടുതൽ ദീർഘമായ ഉപസംഹാരത്തിൽ മൂന്നു ദർശനങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ഈ വിവരണങ്ങളിൽ മറ്റു സുവിശേഷങ്ങൾ നല്കുന്ന വിവരണങ്ങളുടെ സ്വാധീനം കാണാം. 9-11 വാക്യങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നത് മഗ്ദലേനായ്ക്കുണ്ടായ ഉത്ഥിതദർശനവും അവളുടെ സാക്ഷ്യത്തിന് അപ്പസ്തോലന്മാരുടെ നിഷേധാത്മക മറുപടിയുമാണ്. ഇത് യോഹ 20, 1-18ൽ നല്കുന്ന ദീർഘമായ വിവരണത്തിന്റെ സംക്ഷിപ്തരൂപമാണ്. 12-13 വാക്യങ്ങളിൽ കാണുന്ന രണ്ടാമത്തെ ദർശനം ലൂക്കാ 24, 13-35ൽ വിവരിക്കുന്ന എമ്മാവൂസ് സംഭവത്തിന്റെ ചുരുക്കെഴുത്താണെന്നു കരുതാൻ ന്യായമുണ്ട്. രണ്ടു ദർശനങ്ങളും സാക്ഷ്യങ്ങളും അപ്പസ്തോലസമൂഹത്തെ വിശ്വാസത്തിലേക്കു നയിക്കുന്നില്ല. ഈ സാഹചര്യത്തിലാണ് മൂന്നാമത്തെ പ്രത്യക്ഷീകരണവും ദൗത്യവും. ഇവിടെയും മറ്റു സുവിശേഷങ്ങളിലെ വിവരണങ്ങളുടെ സ്വാധീനം ദൃശ്യമാണ് (മത്താ 28, 16-20; ലൂക്കാ 24, 36-49; യോഹ 20, 19-23). ഇന്നത്തെ ധ്യാനത്തിനായി നിർദ്ദേശിച്ചിരിക്കുന്ന ഈ സുവിശേഷഭാഗം (16, 14-20) അല്പമൊന്ന്

അടുത്തു പരിശോധിക്കുന്നത് നന്നായിരിക്കും. ഈ വാക്യങ്ങളെ നാലു ഭാഗങ്ങളായി തിരിക്കാം.

**1. പ്രത്യക്ഷീകരണം, ശാസന (16, 14):** ഭക്ഷണസമയത്ത് യേശു ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടതായി ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം ഒരു പ്രത്യക്ഷീകരണം ലൂക്കായും (24, 36-49) യോഹന്നാനും 20, 19-23) രേഖപ്പെടുത്തിയിട്ടുണ്ട്. ആ വിവരണങ്ങളുടെ സ്വാധീനം ഇവിടെയും കാണാം. എവിടെ വച്ചാണ് ഇതു സംഭവിച്ചതെന്ന് മർക്കോസ് പറയുന്നില്ല. ഗലീലിയിൽ വച്ചു കാണാം (16, 7) എന്നു സ്ത്രീകളോട് പറഞ്ഞിരുന്നെങ്കിലും ഇപ്പോൾ വിവരിക്കുന്ന ദർശനം ജറുസലെമിൽ വച്ചുതന്നെ സംഭവിച്ചു എന്ന സൂചനയാണ് മർക്കോസിന്റെ വിവരണം നല്കുന്നത്.

ശിഷ്യരുടെ "വിശ്വാസരാഹിത്യത്തെയും ഹൃദയകാഠിന്യത്തെയും" കുറിച്ചുള്ള ശാസന മർക്കോസിന്റെ സുവിശേഷത്തിലെ ഒരു പ്രധാന പ്രമേയമാണ് (ഉദാ 8, 17-21). "ഉയിർപ്പിക്കപ്പെട്ടതിനുശേഷം തന്നെ കണ്ടവരെ വിശ്വസിക്കാത്തതു നിമിത്തം" (16, 14) ആണ് ശിഷ്യരെ കുറ്റപ്പെടുത്തുകയും ശാസിക്കുകയും ചെയ്യുന്നത്. ഇത് യേശുവിന്റെ കൂടെ നടന്ന അപ്പസ്തോലന്മാർക്കു മാത്രമല്ല, അതിലുപരി, സുവിശേഷം വായിക്കുന്ന ആർക്കും പ്രസക്തമാണ്. ഉത്ഥിതനെ കാണണം എന്നു ശഠിക്കരുത്. കണ്ടവരുടെ സാക്ഷ്യം സ്വീകരിക്കണം. അതിനു തയ്യാറാകുന്നില്ലെങ്കിൽ വിശ്വാസരാഹിത്യമാകും കാരണം. ഹൃദയം കഠിനമാക്കിയാൽ രക്ഷതന്നെ അസാധ്യമാകും. ആ ഒരു വിപത്ത് മുന്നിൽ കണ്ടുകൊണ്ടാണ് ഈ ഗുരുവചനം രേഖപ്പെടുത്തിയിരിക്കുന്നത്. കാണണം എന്ന നിർബ്ബന്ധം വിശ്വാസരാഹിത്യത്തിന്റെയും ഹൃദയകാഠിന്യത്തിന്റെയും അടയാളമാണ്. അതിനാൽ സുവിശേഷപ്രഘോഷണത്തിലൂടെ കേൾക്കുന്ന സത്യം സ്വീകരിക്കാനായി ഹൃദയം തുറക്കണം.

**2. സുവിശേഷദൗത്യം (16, 15-18)**: ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുക, സ്നാനപ്പെടുത്തുക എന്നീ ദൗത്യങ്ങൾ മത്തായി രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ 28, 19-20). "എല്ലാ ജനതകളോടും" എന്ന് മത്തായി എഴുതുമ്പോൾ "എല്ലാ സൃഷ്ടികളോടും" എന്നാണ് മർക്കോസ് രേഖപ്പെടുത്തുന്നത്. രണ്ടിന്റെയും അർത്ഥം ഒന്നുതന്നെ എന്നു ബൈബിൾ വ്യാഖ്യാതാ

ക്കൾ കരുതുന്നു. അചേതന വസ്തുക്കളോടും പക്ഷിമൃഗാദിക ളോടും വൃക്ഷലതാദികളോടും ഒക്കെ വാചികമായി സുവിശേഷം പ്രഘോഷിക്കണം എന്ന് ഇതിനർത്ഥമില്ല. എന്നാൽ സുവിശേഷം സൃഷ്ടി മുഴുവന്റെയും നവീകരണമാണ് ലക്ഷ്യം വയ്ക്കുന്നത് എന്ന സത്യത്തിന് ഈ അവതരണം ഊന്നൽ നല്കുന്നതായി കാണാം. "ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഞാൻ കണ്ടു... ഇതാ ഞാൻ സകലതും നവീകരിക്കുന്നു" (വെളി 21, 1 – 5). "സൃഷ്ടി ജീർണ്ണതയുടെ അടിമത്തത്തിൽനിന്നു മോചിത മാവുകയും ദൈവമക്കളുടെ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യും..." (റോമാ 8, 21–22). ഇപ്രകാരമുള്ള ദൈവവചനങ്ങളുടെ വെളിച്ചത്തിൽ സർവ്വ സൃഷ്ടികളോടും സുവിശേഷം പ്രസംഗി ക്കാനുള്ള ആഹ്വാനം ഗ്രഹിക്കാൻ കഴിയും.

സുവിശേഷ പ്രഘോഷണത്തിനുമുമ്പിൽ തീരുമാനമെടു ക്കാൻ വ്യക്തികൾക്കു സ്വാതന്ത്ര്യമുണ്ട്. എന്നാൽ വിശ്വസിക്കു ന്നവർക്കു ലഭിക്കുന്ന രക്ഷയും വിശ്വസിക്കാത്തവർക്കുണ്ടാകുന്ന നഷ്ടവും വ്യക്തമായി മനസിലാക്കിക്കൊണ്ടാവണം തീരുമാനം എടുക്കുന്നത്. അതിനു സഹായകമാണ് തുടർന്നു വിവരിക്കുന്ന അടയാളങ്ങൾ. തിന്മയുടെ എല്ലാവിധ സ്വാധീനങ്ങളിൽനിന്നും മോചിപ്പിക്കുന്നതാണ് പിശാചു ബഹിഷ്കരണം. ബോധ്യം ജനി പ്പിക്കുംവിധം സുവിശേഷം പ്രഘോഷിക്കാൻ പരിശുദ്ധാത്മാവു നല്കുന്ന കഴിവാണ് ഭാഷാവരം. സർപ്പവും വിഷവും ഉപദ്രവി ക്കുകയില്ല എന്ന് വാഗ്ദാനം ദൈവം നല്കുന്ന സംരക്ഷണത്തെ സൂചിപ്പിക്കുന്നു. മാൾട്ടായിൽ വച്ചു പൗലോസിനുണ്ടായ ഒരനു ഭവം (അപ്പ 28, 3–6) ഉദാഹരണമാണ്.

വിശ്വാസം തെളിയിക്കാൻ വേണ്ടി വിഷം കുടിക്കാം എന്ന് ഇതിനർത്ഥമില്ല. യേശുവിനും സുവിശേഷത്തിനും വേണ്ടി ജീവിതം സമർപ്പിക്കുന്നവരെ ദൈവം തന്നെ സംരക്ഷിച്ചു കൊള്ളും; നിർഭയം സാക്ഷികളായിരിക്കുക. രോഗികൾക്ക് ലഭി ക്കുന്ന സൗഖ്യവും അടയാളമായിരിക്കും. ഇന്ന് ഏറ്റവും കൂടു തൽ സംഭവിക്കുന്നതും അറിയപ്പെടുന്നതും ഈ അടയാളമാ ണല്ലോ. അടയാളങ്ങളെല്ലാം വിശ്വാസത്തിലേക്കു നയിക്കാൻ ദൈവം തരുന്ന ദാനങ്ങളായി പരിഗണിക്കണം. ഈ അടയാള ങ്ങളല്ല, അവ സൂചിപ്പിക്കുന്ന രക്ഷയും അതിലേക്കു നയിക്കുന്ന വിശ്വാസവുമാണ് പ്രധാനം.

**3. സ്വർഗ്ഗാരോഹണം (16, 19):** നാലു സുവിശേഷങ്ങളിൽ മർക്കോസും ലൂക്കായും മാത്രമേ യേശുവിന്റെ സ്വർഗ്ഗാരോഹണത്തെക്കുറിച്ചു പ്രതിപാദിക്കുന്നുള്ളൂ. "യുഗാന്തം വരെ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28, 20) എന്ന വാഗ്ദാനത്തോടെയാണ് മത്തായി സുവിശേഷം സമാപിക്കുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ പിതാവിന്റെ അടുക്കലേക്കു പോകുന്നു എന്ന് യേശു പറയുന്നുണ്ടെങ്കിലും (യോഹ 14, 2. 27–28; 16, 5) യേശുവിന്റെ സ്വർഗ്ഗാരോഹണത്തെക്കുറിച്ചു പ്രതിപാദിക്കുന്നില്ല. തന്നെയുമല്ല, യേശു വീണ്ടും വരുമെന്നും ശിഷ്യരുടെ ഹൃദയങ്ങളിൽ വാസമുറപ്പിക്കുമെന്നും ആവർത്തിച്ചു വാഗ്ദാനം ചെയ്യുന്നുമുണ്ട് (യോഹ 14, 18–23). അതിനാൽ ശിഷ്യരുടെ മധ്യേ, അവരുടെ കൂടെ, അവരുടെ ഉള്ളിൽ, ഒരു അദൃശ്യ സാന്നിധ്യമായി യേശു ഉണ്ടായിരിക്കും എന്നാണ് മത്തായിയും യോഹന്നാനും പറയുന്നത്.

സ്വർഗ്ഗാരോഹണം എന്നാൽ ഇവിടെ നിന്നകന്ന്, അങ്ങകലെ ഏതോ ഒരു ഇടത്തിലേക്ക് പോകുന്നു എന്നർത്ഥമില്ല. "സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ടു; അവൻ ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായി" (16, 19) എന്ന പ്രഖ്യാപനം ഭൗതികമായൊരു യാഥാർത്ഥ്യത്തിന്റെ യഥാതഥ വിവരണമായി മനസിലാക്കാൻ കഴിയില്ല. "സംവഹിക്കപ്പെട്ടു" എന്ന കർമ്മിണി പ്രയോഗം പിതാവായ ദൈവം പരിശുദ്ധാത്മാവു വഴി പുത്രനായ യേശുവിനെ ഉയിർപ്പിച്ച് മഹത്വീകരിച്ചു എന്ന സൂചനയാണ് നല്കുന്നത്. ഉത്ഥാനത്തിലുള്ള വിശ്വാസത്തിന്റെ ആദ്യത്തെ പ്രഘോഷണം ഇപ്രകാരം ദൈവത്തിന്റെ പ്രവൃത്തിക്ക് ഊന്നൽ നല്കിയിരുന്നു (റോമാ 8, 11).

സ്വർഗ്ഗാരോഹണം എന്നാൽ മഹത്വീകരണം എന്നാണർത്ഥം. മനുഷ്യാവതാരവേളയിൽ മാറ്റിവച്ച ദൈവികമഹത്വം അവൻ വീണ്ടും സ്വീകരിച്ചു. ഇതാണ് ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായി എന്നു പറയുന്നതിന്റെയും അർത്ഥം. പിതാവിന്റെ ഹിതം അനുസരിച്ച് കുരിശുമരണംവരെ സ്വയം താഴ്ത്തിയവനെ ദൈവം അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നൽകുകയും ചെയ്തു..." (ഫിലി 2,6–11). സ്വർഗ്ഗം എന്നാൽ ദൃശ്യമായ ഏതെങ്കിലും ഒരു സ്ഥലമല്ല; ദൈവത്തിന്റെ തന്നെ പര്യായമായിട്ടാണ് ബൈബിൾ സ്വർഗ്ഗത്തെ കാണുന്നത്. ദൈവത്തോടുള്ള ആദരവു മൂലം "യാഹ്‌വേ" എന്ന വെളിപ്പെടുത്ത

പ്പെട്ട പേരു മാത്രമല്ല, ദൈവം എന്ന പദംപോലും ഉപയോഗിക്കാൻ യഹൂദർ മടിച്ചിരുന്നു. അതിനുപകരമാണ് സ്വർഗ്ഗം, സിംഹാസനം എന്നൊക്കെയുള്ള സ്ഥലസൂചനകൾ നൽകുന്നത്, "അങ്ങ്, അവിടുന്ന്" എന്നൊക്കെ മലയാളത്തിൽ പറയുന്നതുപോലെ. "ദൈവരാജ്യം" എന്നു പുതിയ നിയമത്തിൽ പൊതുവേ വിശേഷിപ്പിക്കുന്ന യാഥാർത്ഥ്യത്തെ "സ്വർഗ്ഗരാജ്യം" എന്നു മത്തായി അവതരിപ്പിക്കുന്നതിൽ ഈ പ്രവണത ദൃശ്യമാണ്. യേശു പഠിപ്പിച്ച പ്രാർത്ഥനയിൽ "പിതാവേ" എന്ന് ലൂക്കായുടെ സുവിശേഷത്തിൽ പറയുമ്പോൾ "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്നാണ് മത്തായി എഴുതുന്നത്. സ്വർഗ്ഗം എന്നാൽ ദൈവം തന്നെയാണ്. സ്ഥലകാലങ്ങൾക്കതീതമായി, എന്നേക്കും ദൈവത്തോടൊന്നിച്ചായിരിക്കുക. ഇതാണ് സ്വർഗ്ഗാരോഹണത്തിന്റെ അർത്ഥം.

ദൈവം എവിടെയോ അവിടെയാണ് സ്വർഗ്ഗം. ദൈവം സർവ്വവ്യാപിയെങ്കിൽ സ്വർഗ്ഗവും അങ്ങനെതന്നെ. അദൃശ്യവും അസ്പൃശ്യവുമായ ഈ യാഥാർത്ഥ്യത്തിലേക്ക്, അഥവാ അവസ്ഥയിലേക്ക് യേശു പ്രവേശിച്ചു. എന്നാൽ അവൻ നമ്മിൽ നിന്ന് അകന്നു പോയിട്ടില്ല; പുതിയൊരു വിധത്തിൽ ആത്മീയമായി, നമ്മോടൊന്നിച്ചായിരിക്കുന്നു. ദൈവികസാന്നിധ്യത്തെക്കുറിച്ച് അരെയോപഗസിൽവച്ച് പൗലോസ് നടത്തിയ സുവിശേഷപ്രഘോഷണത്തിൽ ഈ യാഥാർത്ഥ്യത്തിന്റെ സൂചന കാണാം: "അവിടുന്ന് നമ്മിലാരിലും നിന്ന് അകലെയല്ല; എന്തെന്നാൽ അവിടുന്നിൽ നാം ജീവിക്കുന്നു; ചരിക്കുന്നു; നിലനിൽക്കുന്നു" (അപ 17,28).

"വലത്തു ഭാഗത്ത് ഇരുന്നു" എന്ന വിവരണവും പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ഉത്ഥിതനും മഹത്വീകൃതനുമായ യേശുവിന്റെ ശരീരം സ്ഥലകാലപരിമിതികൾക്കുപരിയാണ്. സൂക്ഷ്മശരീരം എന്നോ ആത്മീയശരീരം എന്നോ ഇതിനെ വിളിക്കാം. അതുപോലെതന്നെ, ഭൗമികമായൊരു ശരീരം പിതാവായ ദൈവത്തിനുമില്ല. അതിനാൽ "വലത്തുഭാഗത്ത്" ഇരിക്കുക എന്നതിനെ ഒരു പ്രതീകമായി കാണണം. വലത്തുകൈ ആണല്ലോ പൊതുവേ എല്ലാവരും ഉപയോഗിക്കുക. അതിനാൽ ആ കൈയ്ക്കാണു കൂടുതൽ ശക്തി. ഈ പശ്ചാത്തലത്തിൽ "വലതുഭാഗം" എന്നത് ശക്തിയുടെയും അധികാരത്തിന്റെയും പ്രതീകമായി മാറുന്നു. വലത്തുഭാഗത്തിരിക്കുന്നത് അധികാരം സ്വീകരിക്കുന്നതിന്റെ അടയാള

മായി മാറുന്നു. അതിനാൽ പിതാവിൽനിന്ന് യേശു സർവ്വ അധികാരവും സ്വീകരിച്ചു എന്നതാണ് ഈ പ്രസ്താവനയുടെ അർത്ഥം. മത്തായി ഇത് പ്രതീകമൊന്നും കൂടാതെ തെളിച്ചു പറയുന്നു: "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു" (മത്താ 28,18). പ്രതീകങ്ങളെ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിച്ചാൽ അർത്ഥം വ്യക്തമാവുകയില്ല.

**4. ഉത്ഥിതന്റെ സാന്നിധ്യം (16,20)** ഉത്ഥിതനായ നാഥൻ ഏല്പിച്ച ദൗത്യം ശിഷ്യന്മാർ വിശ്വസ്തതയോടെ നിർവ്വഹിച്ചു. "എല്ലായിടത്തും പോയി" എന്നത് സുവിശേഷപ്രഘോഷണത്തിന്റെ സാർവ്വത്രികമാനം വ്യക്തമാക്കുന്നു. സ്വർഗ്ഗാരോപിതനായ നാഥൻ അവരോടു കൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾകൊണ്ട് വചനം സ്ഥിരീകരിക്കുകയും ചെയ്തുകൊണ്ടിരുന്നു എന്ന പ്രസ്താവനയോടെ സുവിശേഷം സമാപിക്കുമ്പോൾ ശിഷ്യസമൂഹം നിരന്തരം ചെയ്യുന്നതും ചെയ്യേണ്ടതുമായ ഒരു പ്രവൃത്തിയിലേക്കും, അതിനു പിൻബലമാകുന്ന ഉത്ഥിതന്റെ സാന്നിധ്യത്തിലേക്കുമാണ് മർക്കോസ് ശ്രദ്ധ ക്ഷണിക്കുന്നത്.

ഉത്ഥിതനായ നാഥൻ ശിഷ്യരെ ഏല്പിച്ചിരിക്കുന്ന ദൈവിക ദൗത്യമാണ് സുവിശേഷ പ്രഘോഷണം. ഈ ദൗത്യം ഐച്ഛികമല്ല, നിർബ്ബന്ധിതമാണ്. ക്രിസ്തുശിഷ്യർ സാക്ഷികളായിരിക്കണം. അവരുടെ വാക്കും പ്രവൃത്തിയും സർവ്വോപരി ജീവിതവും സുവിശേഷത്തിനു സാക്ഷ്യം വഹിക്കുന്നതാകണം. എന്താണ് സുവിശേഷം എന്നു 16 അധ്യായങ്ങളിലായി മർക്കോസ് സവിസ്തരം പ്രതിപാദിച്ചു. ഈ ദൗത്യം നിർവ്വഹിക്കാൻ ഇറങ്ങിത്തിരിക്കുന്നവർ തനിച്ചായിരിക്കുകയില്ല. യേശുവിന്റെ വചനങ്ങളാണ് അവർ പറയുന്നതെങ്കിൽ യേശുതന്നെ ആ വചനം സ്ഥിരീകരിക്കും; വക്താക്കളെ സംരക്ഷിക്കും. അതിനാൽ ഭയം വേണ്ടാ; സംശയവും വേണ്ടാ. ഉത്ഥിതനായ നാഥൻ, പിതാവിൽനിന്ന് സകല അധികാരവും സ്വീകരിച്ച ദൈവപുത്രനായ യേശുക്രിസ്തു നമ്മോടുകൂടെയുണ്ട്, നയിക്കാൻ, സംരക്ഷിക്കാൻ, പ്രചോദിപ്പിക്കാൻ.

ഈ ദൗത്യം സ്വീകരിക്കണം; വാഗ്ദാനങ്ങളിൽ വിശ്വസിക്കണം. സുവിശേഷകൻ പറയുന്നതുപോലെ എല്ലായിടത്തും പോയി സുവിശേഷം പ്രസംഗിക്കണം. അതാണ് ഇന്നും എന്നും,

ലോകാവസാനം വരെ നമ്മെ ഏല്പിച്ചിരിക്കുന്ന ദൗത്യം. കാതോർക്കാം, സ്വീകരിക്കാം. ബാഹ്യമായ അടയാളങ്ങളേക്കാൾ ആന്തരികമായ ബോധ്യവും ഉറച്ച വിശ്വാസവുമാണ് പ്രധാനം. ഓർക്കണം, കുരിശിൻചുവട്ടിൽ, ക്രൂശിതന് അഭിമുഖമായി നില്ക്കുകയും വിജയാട്ടഹാസത്തോടെ യേശു ജീവൻ വെടിഞ്ഞതു കാണുകയും ചെയ്ത ശതാധിപനാണ് യേശുവിനെ ദൈവപുത്രനായി ഏറ്റുപറഞ്ഞ ഏക മനുഷ്യവ്യക്തി, മർക്കോസിന്റെ സുവിശേഷത്തിൽ. സഹനവും മരണവും സുവിശേഷത്തിന്റെയും സുവിശേഷ പ്രഘോഷണത്തിന്റെയും അവശ്യഘടകമാണെന്നതു മറക്കാതിരിക്കാം.

# 32

### ശ്ലീഹാക്കാലം 1 – ാം ഞായർ

## പന്തക്കുസ്താ: പരിശുദ്ധാത്മാവിന്റെ പ്രവർത്തനം

**(യോഹ 16, 5 – 15)**

പന്തക്കുസ്താ തിരുനാൾ ദിവസമായ ഇന്നത്തെ പരിചിന്തനത്തിനായി സഭ നിർദ്ദേശിച്ചിരിക്കുന്നത് യോഹ 16, 5–15 വാക്യങ്ങളാണ്. അടുത്ത ഞായറാഴ്ച പ. ത്രിത്വത്തിന്റെ തിരുനാൾ ആഘോഷിക്കുമ്പോൾ ഇതേ വായനയുടെ അവസാന ഭാഗം (16, 12–15) നിർദ്ദേശിച്ചിരിക്കുന്നു. പിതാവ്, പുത്രൻ പരിശുദ്ധാത്മാവ് എന്ന മൂന്നാളുകളെയും കുറിച്ചു വ്യക്തമായി പ്രതിപാദിക്കുന്ന ഒരു സുവിശേഷ ഭാഗമായതിനാലാവണം ഈ നാലു വാക്യങ്ങൾ നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ സുവിശേഷത്തിന്റെ പൊതുവായ ഘടനയും വിടവാങ്ങൽ പ്രസംഗത്തിന്റെ പ്രത്യേക ഘടനയും കണക്കിലെടുക്കുമ്പോൾ 5–15 വാക്യങ്ങൾ ഒരുമിച്ചു വായിക്കുന്നത് വി. ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്ന അർത്ഥം ഗ്രഹിക്കാൻ സാഹയകമാകും. രണ്ടു വായനകളും ഒരുമിച്ചു വിശദീകരിക്കാനാണ് തുടർന്നു ശ്രമിക്കുന്നത്.

യേശുവിന്റെ വേർപാടിൽ ശിഷ്യന്മാർക്കുണ്ടാകുന്ന ദുഃഖം, പരിശുദ്ധാത്മാവിന്റെ ആഗമനം, പ്രവർത്തനങ്ങൾ, ലോകത്തിന്റെ അധികാരിയുടെ മേൽ വിജയം എന്നീ വിഷയങ്ങളാണ് ഈ ഭാഗത്തു ചർച്ച ചെയ്യുന്നത്. വിടവാങ്ങൽ പ്രസംഗത്തിന്റെ ആദ്യ ഭാഗത്ത് (14,1–31) ഈ പ്രമേയങ്ങളെല്ലാം തന്നെ പരാമർശ വിഷയമായിരുന്നു. വിടവാങ്ങൽ പ്രസംഗത്തിന്റെ ഘടനയും പ്രമേയങ്ങൾ തമ്മിലുള്ള പരസ്പര ബന്ധവും യോഹ 14,1–14 ചർച്ച ചെയ്തപ്പോൾ എടുത്തു കാട്ടിയതാണ് (ഉയിർപ്പ് 3–ാം ഞായറിന്റെ വായനയുടെ വിശദീകരണം കാണുക). പഠനവിഷയമായ സുവി

ശേഷഭാഗത്തെ മൂന്നായി തിരിക്കാം. 1. യേശുവിന്റെ വേർപാടും പരിശുദ്ധാത്മാവിന്റെ ആഗമനവും (16,5-7); 2. പരിശുദ്ധാത്മാവു നല്കുന്ന ബോധ്യം (16,8-11); 3. പരിശുദ്ധാത്മാവു നൽകുന്ന പ്രബോധനം (16,12-15).

### 1. യേശുവിന്റെ വേർപാടും പരിശുദ്ധാത്മാവിന്റെ ആഗമനവും 16,5 – 7

ശിഷ്യന്മാർ അനുഭവിക്കുന്ന ദുഃഖമാണ് ഇവിടെ വാഗ്ദാനത്തിന്റെയും വിശദീകരണങ്ങളുടെയും പശ്ചാത്തലം. യേശു എങ്ങോട്ടു പോകുന്നു എന്ന് ശിഷ്യന്മാർ ചോദിക്കുന്നില്ല എന്ന പ്രസ്താവനയ്ക്ക് 14,5 ൽ രേഖപ്പെടുത്തിയിരിക്കുന്ന തോമസിന്റെ ചോദ്യവുമായി പ്രത്യക്ഷത്തിൽ പൊരുത്തക്കേടുണ്ട്. വിടവാങ്ങൽ പ്രസംഗത്തിന്റെ വ്യത്യസ്തരൂപത്തിലുണ്ടായിരുന്ന രണ്ടു പാരമ്പര്യങ്ങൾ സംയോജിപ്പിച്ചതാണ് ഇന്നു നമുക്കു ലഭിച്ചിരിക്കുന്ന പ്രസംഗം എന്നു വാദിക്കുന്ന വ്യാഖ്യാതാക്കൾ തങ്ങളുടെ വാദത്തിന് അടിസ്ഥാനമായി ഈ പൊരുത്തക്കേടും എടുത്തുകാട്ടാറുണ്ട്. എന്നാൽ "ചോദിക്കുന്നില്ല" എന്ന പ്രസ്താവനയ്ക്ക് കൂടുതൽ ആഴമേറിയ അർത്ഥം ഉണ്ടാകാം. യേശു പറഞ്ഞെങ്കിലും അതിന്റെ അർത്ഥം ശിഷ്യന്മാർ ഇനിയും ഗ്രഹിച്ചില്ല എന്ന് ഈ പ്രസ്താവനയെ വ്യാഖ്യാനിക്കാവുന്നതാണ്.

യേശു പറഞ്ഞതിന്റെ അർത്ഥവും ധ്വനിയും മനസിലാക്കാൻ കഴിയാത്തവിധം അവരുടെ ഹൃദയം ദുഃഖപൂരിതമായിരിക്കുന്നു. യേശുവിന്റെ വേർപാട് എന്നേക്കുമുള്ള നഷ്ടമായി അവർ കരുതുന്നു, പ്രത്യേകിച്ചും വേർപാടിനുശേഷം നേരിടാൻ പോകുന്ന പീഡനങ്ങളുടെ സാഹചര്യത്തിൽ. അന്ത്യ അത്താഴത്തിൽ പങ്കുചേരുന്ന അപ്പസ്തോലന്മാരുടെ മാത്രം അവസ്ഥയല്ല ഇത്. ശിഷ്യസമൂഹം ലോകത്തിൽ അനുഭവിക്കുന്ന ഏകാന്തതയിലേക്ക് ഈ പ്രസ്താവന വിരൽചൂണ്ടുന്നു. യേശുവിൽ വിശ്വസിക്കുന്ന ശിഷ്യന്മാർ ആ വിശ്വാസത്തിന്റെ മാത്രം പേരിൽ ഒറ്റപ്പെടുത്തലും ഒറ്റിക്കൊടുക്കലും, പീഡനവും മരണവും അനുഭവിക്കേണ്ടിവരുമ്പോൾ എവിടെയാണ് തങ്ങൾ വിശ്വസിക്കുകയും പ്രത്യാശയർപ്പിക്കുകയും ചെയ്ത യേശു, അവൻ വിരൽ ചൂണ്ടിയ പിതാവ്, എന്ന ചോദ്യത്തിന് ഉത്തരം കിട്ടാതെ പോകുന്നു. ശിഷ്യന്റെ സഹനത്തിൽ ദൈവത്തിന്റെ നിശ്ശബ്ദത മനസിലാക്കാൻ കഴിയാതെ വരുന്നു. എന്നാൽ കഠിനമായ ദുഃഖത്തിന്റെയും ഏകാന്തതയുടെയും നടുവിൽ ചോദിക്കേണ്ട ഏക ചോദ്യം അവർ മറന്നു പോകുന്നു.

എവിടേക്കാണ് യേശു പോകുന്നത്, അഥവാ എന്താണ് ഈ പോക്കിന്റെ അർത്ഥം എന്ന് അവർ ഗ്രഹിച്ചിരുന്നെങ്കിൽ അവർക്ക് ദുഃസഹമായ ഈ ഏകാന്തത, അഥവാ ദൈവത്തിന്റെ നിശ്ശബ്ദത അനുഭവിക്കേണ്ടിവരുമായിരുന്നില്ല. യേശുവിന്റെ പോക്ക് ശൂന്യതയിലേക്കല്ല, പിതാവിലേക്കാണ്. അതു വേർപാടല്ല, വീണ്ടും കണ്ടുമുട്ടലിനുള്ള ഒരുക്കമാണ്. യേശുവിന്റെ മരണത്തിനും യുഗാന്തത്തിലെ മടങ്ങിവരവിനും ഇടയിലുള്ള സമയം അർത്ഥശൂന്യമായ, ഏകാന്തതയിലുള്ള കാത്തിരിപ്പു മാത്രമാണെന്നു കരുതുന്നത് ഒരു വലിയ പ്രലോഭനമാണ്. യഥാർത്ഥത്തിൽ ഈ സമയം തികച്ചും അർത്ഥവത്തും അനുഗ്രഹ സമ്പൂർണ്ണവുമാണ്. യേശുവിന്റെ മരണം വഴി ലഭ്യമായ അനുഗ്രഹങ്ങൾ, പ്രത്യേകിച്ചും പരിശുദ്ധാത്മാവിന്റെ ആഗമനം, ഇപ്പോൾത്തന്നെ അനുഭവവേദ്യമാകുന്നു; അതിനായി യുഗാന്തം വരെ കാത്തിരിക്കേണ്ടതില്ല.

പരിശുദ്ധാത്മാവിന്റെ ആഗമനത്തിന് അവശ്യമായ നിബന്ധനയാണ് പിതാവിലേക്കുള്ള യേശുവിന്റെ തിരിച്ചുപോക്ക്. യേശുവിന്റെ മരണം മഹത്വീകരണമാണ്; അത് മനുഷ്യർക്കു ജീവന്റെ ഉറവിടമാണ്. പരിശുദ്ധാത്മാവു വരാൻ ഈ വേർപാടിലൂടെ മാത്രമേ കഴിയൂ (യോഹ 7,39; 20,22-23). പരിശുദ്ധാത്മാവിനെ ആരാണയയ്ക്കുന്നത് എന്ന് സംശയം ജനിപ്പിക്കുന്നതാണ് യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്ന യേശു വചനങ്ങൾ. "ഞാൻ അയയ്ക്കും" എന്ന് ഇവിടെ (16,7) പറയുമ്പോൾ "പിതാവ് അയയ്ക്കും" എന്ന് 14,26 ലും കാണുന്നു. പിൽക്കാലത്ത് ദൈവശാസ്ത്രകാരന്മാരുടെ ഇടയിൽ ഏറെ വിവാദങ്ങൾക്കു വഴി മരുന്നിട്ട ഒരു പ്രസ്താവനയാണിത്. പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള പരസ്പരബന്ധമാണ് ഇവിടെ ചർച്ചാവിഷയം.

ഒരു പ്രസംഗക്കുറിപ്പിന്റെ പരിധിക്കുള്ളിൽ നിന്നു വിശകലനം ചെയ്യാവുന്ന ഒരു പ്രമേയമല്ല ഇത്. യേശു തന്റെ ജീവിതവും വാക്കും പ്രവൃത്തിയും വഴി പിതാവിനെ വെളിപ്പെടുത്തിയതുപോലെ പരിശുദ്ധാത്മാവ് യേശുവിനെ വെളിപ്പെടുത്തും. ശാരീരികമായ വേർപാടിനുശേഷം പരിശുദ്ധാത്മാവിലൂടെ യേശു ശിഷ്യരുടെ മധ്യത്തിൽ സന്നിഹിതനായിരിക്കും. അതിനാൽ തന്റെ മരണം ഒരു വേർപാടല്ല, തികച്ചും പുതിയ രീതിയിലുള്ള ഒരു സാന്നിധ്യത്തിന്റെ അവശ്യനിബന്ധനയാണെന്നു യേശു പഠി

പ്പിക്കുന്നു. ആത്മാവിന്റെ പ്രവർത്തനങ്ങളെക്കുറിച്ചാണ് തുടർന്നു പ്രതിപാദിക്കുന്നത്.

### 2. പരിശുദ്ധാത്മാവു നൽകുന്ന ബോധ്യം: 16,8 – 11

''ബോധ്യപ്പെടുത്തും'' എന്നു വിവർത്തനം ചെയ്യുന്നത് *“എലെഗ്ഖോ”* (elegcho) എന്ന ഗ്രീക്കു പദമാണ്. നീതിന്യായ കോടതിയിലെ വ്യവഹാരവുമായി ബന്ധപ്പെട്ട ഒരു പദമാണിത്. കുറ്റവാളിയ്ക്കെതിരേ സാക്ഷ്യം നൽകുക, പ്രതിയുടെ കുറ്റം തെളിയിക്കുക, നിഷേധിക്കാനാവാത്ത വിധം തെളിവു നിരത്തി ബോധ്യപ്പെടുത്തുക, ശാസിക്കുക, തിരുത്തുക, ശിക്ഷിക്കുക എന്നൊക്കെ ഈ വാക്കിന് അർത്ഥമുണ്ട്. ഇതിൽ ഏതെങ്കിലും ഒരർത്ഥം മാത്രം തിരഞ്ഞെടുക്കാതെ ഈ വ്യത്യസ്തധ്വനികൾ ഒരുമിച്ചെടുത്തെങ്കിലേ വി. ഗ്രന്ഥകാരൻ കൈമാറാൻ ഉദ്ദേശിക്കുന്ന അർത്ഥം ഗ്രഹിക്കാനാവൂ. ലോകത്തെ പ്രതിക്കൂട്ടിൽ നിർത്തി അതിന്റെ യഥാർത്ഥാവസ്ഥയെക്കുറിച്ച് പരിശുദ്ധാത്മാവ് ബോധ്യപ്പെടുത്തും. മൂന്നു കാര്യങ്ങളെക്കുറിച്ചാണ് ഈ ബോധ്യങ്ങൾ നൽകുന്നത്.

***a. പാപത്തെക്കുറിച്ച്:*** ആഴമേറിയ അർത്ഥവും ഏറെ ധ്വനികളുമുള്ള *“ഹമർത്തിയ”* (hamartia) എന്ന ഗ്രീക്കു പദമാണ് പാപം എന്നു വിവർത്തനം ചെയ്യുന്നത്. യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ 17 ഉം ഒന്നാം ലേഖനത്തിൽ 15 ഉം തവണ ഉപയോഗിച്ചിരിക്കുന്ന ഈ പദത്തിന് പല അർത്ഥസൂചനകളുണ്ട്. “പാപം നിയമലംഘനമാണ്” (1 യോഹ 3,4) എന്നു നിർവ്വചിക്കുന്നുണ്ടെങ്കിലും ആത്യന്തികമായി, വെളിപ്പെടുത്തപ്പെട്ട സത്യത്തിന്റെ നിഷേധമാണ് പാപം. അത് യേശുവിനെ തിരസ്കരിക്കലാണ്. തന്നിൽ വിശ്വസിക്കാത്തതാണ് പാപം എന്ന് യേശു തന്നെ തുറന്നു പറയുന്നു (16,9). കണ്ണു തുറന്നു സത്യം സ്വീകരിക്കാനും ദൈവത്തിലേക്കു തിരിയാനും വിസമ്മതിച്ച്, തങ്ങളുടെ തന്നെ ദൈവവിരുദ്ധമായ നിലപാടിൽ തുടരുന്നതാണ് പാപം. “അന്ധരായിരുന്നെങ്കിൽ നിങ്ങൾക്കു പാപം ഉണ്ടാകുമായിരുന്നില്ല. എന്നാൽ കാണുന്നു എന്ന് നിങ്ങൾ പറയുന്നു. അതിനാൽ നിങ്ങളിൽ പാപം നിലനിൽക്കുന്നു” (യോഹ 9,41) എന്ന് യഹൂദ മത നേതൃത്വത്തിന്റെ അന്ധതയും ഹൃദയകാഠിന്യവും തുറന്നു കാട്ടുമ്പോൾ പാപത്തിന്റെ യഥാർത്ഥ സ്വഭാവം വ്യക്തമാക്കുകയാണ്.

യേശുവിന്റെ വേർപാട് അക്രമാസക്തമായ ഒരു തിരസ്കര

ണത്തിലൂടെയാണ് സംഭവിച്ചത്. വേർപാടിനുശേഷം വരുന്ന പരിശുദ്ധാത്മാവ് ആദ്യമേ നൽകുന്ന ബോധ്യം ഈ പാപത്തെക്കുറിച്ചാണ്. ദൈവനിന്ദകനായി ലോകം വിധിയെഴുതി, കുരിശിൽ തറച്ചുകൊന്ന യേശു യഥാർത്ഥത്തിൽ ദൈവത്തിന്റെ സ്വയം പ്രകാശനമായ വചനം, അഥവാ പുത്രനും, ജീവന്റെ ഉറവിടം, അഥവാ ജീവൻ തന്നെയും ആയിരുന്നു എന്ന് ആത്മാവിന്റെ സാന്നിധ്യം തെളിയിക്കും.

***b. നീതി:*** യേശു പിതാവിന്റെയടുക്കലേക്ക് പോകുന്നതുകൊണ്ട് നീതിയെക്കുറിച്ചു ബോധ്യം നൽകും എന്നു പറയുമ്പോൾ "നീതി" എന്ന പദത്തിന് ആഴമേറിയതും ആധ്യാത്മികവുമായ അർത്ഥം ഉണ്ടാകുന്നു. പാപിയായ മനുഷ്യന് യേശുവിന്റെ മരണത്തിലൂടെ ലഭ്യമായ നീതികരണമാണ് ഇവിടെ വിവക്ഷിക്കുന്നത്. ഇതു ദൈവത്തിന്റെ മുമ്പിൽ മനുഷ്യനെ സ്വീകാര്യനാക്കുന്നു. ദൈവവും മനുഷ്യനും തമ്മിൽ പാപം മൂലം അറ്റുപോയ ബന്ധം വിളക്കിച്ചേർത്ത്, ദൈവിക ജീവനിൽ മനുഷ്യനെ പങ്കുകാരനാക്കുന്നതാണ് യേശുവിന്റെ വേർപാട്, അഥവാ മഹത്വീകരണം. ദൈവദൂഷകനും ദൈവനിഷേധിയുമായി യഹൂദന്യായാസനം വിധിയെഴുതി മരണത്തിന് ഏല്പിച്ചു കൊടുത്ത യേശുവാണ് യഥാർത്ഥത്തിൽ നീതിമാൻ, മനുഷ്യനെ ദൈവത്തിന്റെ മുമ്പിൽ നീതികരിച്ച് ദൈവത്തോടുള്ള കൂട്ടായ്മയിലേക്കു നയിക്കുന്നവൻ എന്ന് പരിശുദ്ധാത്മാവ് ബോധ്യപ്പെടുത്തും.

***c. ന്യായവിധി:*** യേശുവിന്റെ മേൽ പ്രഖ്യാപിച്ച മരണശിക്ഷാവിധിയിലൂടെ യഥാർത്ഥത്തിൽ സംഭവിച്ചത് ലോകത്തിന്റെ അധികാരിയായ സാത്താന്റെ പരാജയമാണ്. തിന്മയുടെ മേൽ പ്രഖ്യാപിക്കപ്പെട്ട ശിക്ഷാവിധിയായിരുന്നു അത്. പ്രത്യക്ഷത്തിൽ യേശുവിന്റെ മരണം വലിയ പരാജയവും ലോകത്തിന്റെ വിജയവുമായി തോന്നാമെങ്കിലും യഥാർത്ഥത്തിൽ അത് തിന്മയുടെ ശക്തിയായ പിശാചിന്റെ മേലുള്ള വിജയമായിരുന്നു. സത്യത്തെ നിഷേധിച്ച്, യേശുവിനെ തിരസ്കരിക്കുന്ന സമൂഹത്തെയാണ് യോഹന്നാൻ "ലോകം" എന്ന പദം കൊണ്ട് പൊതുവേ വിവക്ഷിക്കുന്നത്; ലോകത്തിന്റെ അധികാരി എന്നു വിശേഷിപ്പിക്കുന്നത് തിന്മയുടെ ശക്തിയായി പിശാചിനെയും.

"ഇപ്പോഴാണ് ഈ ലോകത്തിന്റെ ന്യായവിധി. ഇപ്പോൾ ലോകത്തിന്റെ അധികാരി പുറന്തള്ളപ്പെടും" (യോഹ 12,31) എന്ന്

തന്റെ മരണത്തിലൂടെ സംഭവിക്കുന്ന സാത്താന്റെ പരാജയത്തെക്കുറിച്ച് യേശു തന്നെ മുന്നറിയിപ്പു നൽകിയിരുന്നു. "ഈ ലോകത്തിന്റെ അധികാരി വരുന്നു. എന്നാൽ അവന് എന്റെ മേൽ അധികാരമില്ല" (14,30) എന്ന് വിടവാങ്ങൽ പ്രസംഗത്തിന്റെ തുടക്കത്തിൽ പറഞ്ഞത് ഇപ്പോൾ ആത്മാവിന്റെ സാക്ഷ്യമായി വീണ്ടും അവതരിപ്പിക്കുന്നു. അന്തിമമായ വിധി ലോകാവസാനത്തിൽ, യേശുവിന്റെ മഹത്വപൂർണ്ണമായ പുനരാഗമനത്തിലായിരിക്കും സംഭവിക്കുക. എന്നാൽ യേശുവിന്റെ മരണത്തിൽത്തന്നെ നിർണ്ണായകമായ ശിക്ഷാവിധി പ്രഖ്യാപിച്ചു കഴിഞ്ഞു. ഒരു പടികൂടി കടന്ന്, യേശുവിന്റെ സാന്നിധ്യത്തിൽ വ്യക്തികൾ എടുക്കുന്ന തീരുമാനം വിധിയായി മാറുന്നു. യേശുവിനെ തിരസ്കരിക്കുന്നവർ അതിനാൽ ത്തന്നെ തങ്ങളുടെ മേൽ ശിക്ഷാവിധി ഉറപ്പിക്കുന്നു.

യേശുവിന്റെ വേർപാടിനുശേഷം ശിഷ്യസമൂഹത്തിലൂടെ ലോകത്തിന്മേലുള്ള വിധി തുടർന്നുകൊണ്ടിരിക്കുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ, യേശുവിന്റെ സഭ ലോകത്തിന്റെയും അതിന്റെ മൂല്യങ്ങളുടെയും മേലുള്ള ദൈവത്തിന്റെ ശിക്ഷാവിധിയുടെ പ്രത്യക്ഷ അടയാളമായിത്തീരുന്നു. സുഖലോലുപതയുടെയും, ആഡംബരത്തിന്റെയും, കടിഞ്ഞാണില്ലാത്ത ഉപഭോഗത്തിന്റെയും ധാർമ്മികതയുടെ അതിരുകളെ ലംഘിക്കുന്ന ആർത്തിയുടെയും ആഘോഷങ്ങളുടെയും മേലുള്ള ദൈവത്തിന്റെ ശിക്ഷാവിധിയുടെ സാക്ഷ്യമായി മാറുന്നു സഭയുടെ സാന്നിധ്യം.

ഈ ശിക്ഷാവിധി ദൈവ നിഷേധിയായ ലോകത്തിന്റെ മേൽ മാത്രമല്ല, തന്റെ സാക്ഷിയാകാൻ യേശു തിരഞ്ഞെടുത്തു സ്ഥാപിച്ചു, നയിക്കുന്ന സഭയുടെ ഉള്ളിൽത്തന്നെ ഉടലെടുക്കാവുന്ന ലൗകികതയിലേക്കുള്ള പ്രലോഭനങ്ങളുടെയും വ്യതിയാനങ്ങളുടെയും അപഥസഞ്ചാരങ്ങളുടെയും മേലുള്ള ശിക്ഷാവിധിയുമാകാം. യേശുവിന്റെ ആത്മാവ് സകലരെയും നിരന്തരമായ ആത്മശോധനയ്ക്കും ജീവിതനവീകരണത്തിനും, അതിലൂടെ സമൂഹത്തിന്റെ തന്നെ ഉടച്ചു വാർക്കലിനും ക്ഷണിച്ചുകൊണ്ടിരിക്കും. ദൈവത്തിന്റെ കണ്ണിലൂടെ വ്യക്തികളുടെയും സമൂഹത്തിന്റെയും ജീവിതത്തെ വീക്ഷിച്ച്, വിലയിരുത്തി, വിധി പ്രസ്താവിക്കാനും പരിവർത്തനത്തിനു ക്ഷണിക്കാനും പ്രേരിപ്പിക്കുന്ന ആത്മാവ് പ്രവാചക ദൗത്യമാണ് നിർവ്വഹിക്കുന്നത്. അതു സഭയുടെ ഉള്ളിൽത്തന്നെ മുഴങ്ങിക്കൊണ്ടിരിക്കും.

### 3. പരിശുദ്ധാത്മാവ് നൽകുന്ന പ്രബോധനം 16,12 – 15

യേശുവിന്റെ വ്യക്തിത്വം ഉൾക്കൊള്ളുന്ന ആഴവും യേശുവിലൂടെ വെളിപ്പെടുന്ന സത്യവും പൂർണ്ണമായി ഗ്രഹിക്കാൻ ശിഷ്യന്മാർക്കുള്ള കഴിവുകേടിനെക്കുറിച്ച് അനുസ്മരിപ്പിച്ചതിനുശേഷം പരിശുദ്ധാത്മാവ് അവർക്കു നൽകുന്ന പ്രബോധനത്തെക്കുറിച്ച് തുടർന്ന് പ്രതിപാദിക്കുന്നു. സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കുക എന്നതാണ് ഇവിടെ അവതരിപ്പിക്കുന്ന പ്രവർത്തനം. യേശുവും പരിശുദ്ധാത്മാവും തമ്മിലും, യേശുവും പിതാവും തമ്മിലുമുള്ള ബന്ധം, മൂവരുടെയും പ്രവർത്തനങ്ങൾ, മൂവരും തമ്മിലുള്ള ഐക്യവും വ്യതിരിക്തതയും, എന്നിങ്ങനെ പരിശുദ്ധ ത്രിത്വത്തെ സംബന്ധിച്ച പ്രബോധനങ്ങളുടെ അടിസ്ഥാനമാണ് ഇവിടെ അവതരിപ്പിക്കുന്നത്.

പിതാവിനെ വെളിപ്പെടുത്താനായി യേശു വന്നതുപോലെ യേശുവിനെ വെളിപ്പെടുത്താനായി പരിശുദ്ധാത്മാവു വരും. പിതാവ് വചനമായ യേശുവിലൂടെയും പുത്രൻ പരിശുദ്ധാത്മാവിലൂടെയും സ്വയം വെളിപ്പെടുത്തുന്നു. ഈ ദൈവികസത്യത്തിന്റെ ആഴങ്ങൾ ക്രമേണ ആയിരിക്കും ശിഷ്യസമൂഹത്തിനു വെളിപ്പെട്ടു കിട്ടുക. യേശു വെളിപ്പെടുത്തിയതിൽ കൂടുതലായോ, അതിൽനിന്നു വ്യത്യസ്തമായോ ഒന്നും പരിശുദ്ധാത്മാവു വെളിപ്പെടുത്തും എന്നു ഇവിടെ സൂചിപ്പിക്കുന്നില്ല. പിതാവിന്റെ സമ്പൂർണ്ണമായ വെളിപ്പെടുത്തലാണ് മാംസം ധരിച്ച വചനമായ യേശുക്രിസ്തു. എന്നാൽ അവന്റെ ഐഹിക ജീവിതകാലത്തു യേശുവിനെ പൂർണ്ണമായി മനസിലാക്കാൻ ശിഷ്യന്മാർക്കുപോലും കഴിഞ്ഞില്ല. മനുഷ്യശരീരമാകുന്ന ആവരണം ദൈവികസ്വത്വത്തെ മറച്ചുവച്ചിരുന്നു. അതുകൊണ്ട് പൂർണ്ണമായി ഗ്രഹിക്കാൻ കഴിഞ്ഞില്ല എന്നു മാത്രമല്ല, ഭീകരമാംവിധം തെറ്റിധരിക്കപ്പെടുകയുമുണ്ടായി. അതിനാൽ തന്റെ മഹത്വീകരണത്തിലൂടെ യേശു അയയ്ക്കുന്ന പരിശുദ്ധാത്മാവ് യേശുവാകുന്ന സത്യത്തിലേക്ക് ശിഷ്യസമൂഹത്തെ പടിപടിയായി നയിക്കും.

സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കുന്ന പരിശുദ്ധാത്മാവ് വരാനിരിക്കുന്ന കാര്യങ്ങൾ അറിയിക്കും എന്നതുകൊണ്ട് ഭാവി സംഭവങ്ങൾ മുൻകൂട്ടി അറിയിക്കും എന്നു തോന്നാമെങ്കിലും നാലാം സുവിശേഷത്തിന്റെ തനതായ കാഴ്ചപ്പാടിൽ ഈ വാഗ്ദാനത്തിന് വ്യത്യസ്തമായൊരു അർത്ഥമാണുള്ളത്. യേശു

വിന്റെ ജീവിതവും മരണവും ഉത്ഥാനവും വഴി ദൈവം ചരിത്രത്തിൽ നടത്തിയ ഇടപെടലിനെ വ്യാഖ്യാനിച്ചു പഠിപ്പിക്കുകയാണ് പരിശുദ്ധാത്മാവ് ചെയ്യുന്നത്. യുഗാന്തത്തിന്റെ വെളിച്ചത്തിൽ ആനുകാലിക ചരിത്രത്തെ വ്യാഖ്യാനിക്കാൻ, ആനുകാലിക യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ ക്രിസ്തു സംഭവത്തെയും യേശുവചനങ്ങളെയും പുനർ വ്യാഖ്യാനിക്കാൻ, ശിഷ്യസമൂഹത്തെ പരിശുദ്ധാത്മാവു സഹായിക്കും.

ദൈവത്തെ സംബന്ധിക്കുന്ന സത്യങ്ങളുടെ ഒരു സമാഹാരം അവതരിപ്പിക്കുകയല്ല, ദൈവം എന്ന സത്യത്തിന്റെ ഉള്ളിലേക്കു പ്രവേശിക്കാൻ സഹായിക്കുകയാണ് പരിശുദ്ധാത്മാവു ചെയ്യുന്നത്. അവിടെ ഭൂതവും ഭാവിയും വർത്തമാനവും എല്ലാം ഒന്നാകുന്നു. ശിഷ്യസമൂഹം നേരിടുന്ന അവഹേളനവും തിരസ്കരണവും പീഡനങ്ങളും പരാജയത്തിന്റെയല്ല, ലോകത്തിന്റെമേൽ യേശുവും അതിലൂടെ അവരും നേടുന്ന വിജയത്തിന്റെ അടയാളങ്ങളാണ്. യേശുവിന്റെ മരണം യഥാർത്ഥത്തിൽ മരണത്തിന്മേലുള്ള വിജയമായിരുന്നു എന്ന് അവന്റെ ഉത്ഥാനത്തിലൂടെ തെളിഞ്ഞതുപോലെ, ആനുകാലിക ജീവിതത്തിൽ യേശുവിന്റെ ശിഷ്യസമൂഹമാകുന്ന സഭ നേരിടുന്ന പീഡനങ്ങൾ തിന്മയുടെ മേലുള്ള, ലോകത്തിന്മേലുള്ള, വിജയത്തിന്റെ അടയാളങ്ങളാണെന്ന് പരിശുദ്ധാത്മാവ് പഠിപ്പിക്കും. യേശുവിന്റെ കുരിശ് ലോകത്തിന്റെയും അതിന്റെ അധികാരിയുടെയും മേലുള്ള വിജയമായിരുന്നു. ആ വിജയത്തിലാണ് തങ്ങൾ നേരിടുന്ന പീഡനങ്ങളിലൂടെ ശിഷ്യർ പങ്കുചേരുന്നത്. അതിനാൽ ഭയപ്പെടേണ്ടാ, ദുഃഖിക്കുകയും വേണ്ടാ. യേശുവിന്റെ വേർപാടിൽ ശിഷ്യർ സന്തോഷിക്കണം. പരിശുദ്ധാത്മാവിലൂടെ യേശുവും യേശുവിലൂടെ പിതാവും ശിഷ്യരിലും സഭയിലും വസിക്കുന്നു. പരിശുദ്ധ ത്രിത്വത്തിന്റെ ഈ സഹവാസത്തെക്കുറിച്ചാണ് ഈ സുവിശേഷഭാഗം പഠിപ്പിക്കുന്നത്.

# 33

### ശ്ലീഹാക്കാലം 2 – ാം ഞായർ

## പാപമോചനവും സ്നേഹവും

**(ലൂക്കാ 7,36 – 50)**

വി. ലൂക്കാ എഴുതിയ സുവിശേഷത്തിലെ അതിമനോഹരവും ഉദ്വേഗജനകവുമായ ഒരു വിവരണമാണ് ഇന്നത്തെ വായനയ്ക്കായി നിശ്ചയിച്ചിരിക്കുന്നത്. ശിമയോൻ എന്ന ഫരിസേയപ്രമാണിയുടെ ക്ഷണം സ്വീകരിച്ച് വിരുന്നുശാലയിൽ ഭക്ഷണത്തിനിരിക്കുന്ന യേശുവിന്റെ അടുക്കലേക്ക് തികച്ചും അപ്രതീക്ഷിതമായി ഒരു സ്ത്രീ കടന്നുവന്നു. അവൾ യേശുവിന്റെ കാല്ക്കൽ വീണു കരഞ്ഞു. പാദം ചുംബിച്ചു. സുഗന്ധതൈലം പൂശി. ഈ പ്രവൃത്തികളെ സംശയദൃഷ്ടിയോടെ വീക്ഷിച്ച ശിമയോനെ യേശു ഒരു കഥയിലൂടെ ആത്മശോധനയ്ക്ക് പ്രേരിപ്പിച്ചു. വിവരണം അവസാനിക്കുമ്പോൾ പാപമോചനം കിട്ടിയതിലുള്ള സന്തോഷത്തോടെ, നട്ടെല്ലു നിവർത്തി, തല ഉയർത്തി അവൾ ഇറങ്ങിപ്പോകുന്നു. ഫരിസേയരാകട്ടെ സംശയത്തിലും അജ്ഞതയിലും ആണ്ടുപോകുന്നു. പാപിയെന്നു സ്വയം അംഗീകരിച്ചവൾക്ക് മോചനം; വിശുദ്ധരെന്ന് സ്വയം വിലയിരുത്തിയവർക്ക് തികഞ്ഞ അന്ധത.

ഏറെ അറിയപ്പെടുന്ന ഒരു വിവരണമാണിത്; അതേ സമയം വലിയ തെറ്റിദ്ധാരണകൾക്കും ദുർവ്യാഖ്യാനങ്ങൾക്കും ഈ വിവരണം ഇരയായിട്ടുണ്ട്. അതിനാൽ അല്പം ഒന്ന് അടുത്ത് പരിശോധിക്കേണ്ടതുണ്ട്. ലൂക്കാ വളരെ താല്പര്യത്തോടെ അവതരിപ്പിക്കുന്ന ഒരു പ്രമേയമാണ് യേശുവിനു പാപികളോടും ദരിദ്രരോടും, പാർശ്വവൽക്കരിക്കപ്പെടുന്നവരോടുമുള്ള പ്രത്യേക സ്നേഹം. അതിന്റെ വ്യക്തമായ ഒരു ചിത്രീകരണമാണ് ഈ

സംഭവം. ഇതിന്റെ മറുപുറമാണ് സ്വയം വിശുദ്ധരെന്നഭിമാനിക്കുകയും മറ്റുള്ളവരെ പാപികളെന്ന് മുദ്രകുത്തി പുച്ഛത്തോടെ വീക്ഷിക്കുകയും ചെയ്യുന്ന ഫരിസേയ മനോഭാവം (ഉദാ: ലൂക്കാ 18,9-14; 19.10). ഈ മനോഭാവങ്ങളുടെ ഏറ്റം ദൃശ്യമായ ഉദാഹരണമാണ് പഠന വിഷയമായ സുവിശേഷഭാഗം. ഒരു വിവരണം പഠനവിഷയമാക്കുമ്പോൾ ആ വിവരണം അവതരിപ്പിച്ചിരിക്കുന്ന സാഹചര്യം, വിവരണത്തിലെ കഥാപാത്രങ്ങൾ, ഓരോരുത്തരുടെയും പ്രവർത്തനങ്ങൾ, സംഭവത്തിന്റെ തുടക്കം, നീക്കങ്ങൾ, ഉപസംഹാരം, എന്നിവയെല്ലാം പരിഗണിക്കേണ്ടതുണ്ട്. സുദീർഘമായ ഈ പ്രക്രിയ മുഴുവൻ നടത്താൻ മുതിരാതെ സുപ്രധാനമായ ചില കാര്യങ്ങൾ മാത്രം എടുത്തുകാട്ടാനാണ് തുടർന്നു ശ്രമിക്കുന്നത്.

**1. സാഹചര്യം:** ലൂക്കായുടെ സുവിശേഷത്തിൽ യേശുവിന്റെ ചെയ്തികളുടെ ആദ്യഭാഗം വിവരിക്കുന്ന ഗലീലിയിലെ പ്രവർത്തനങ്ങളുടെ (4,14-9,50) മധ്യഭാഗത്തായിട്ടാണ് പഠനവിഷയമായ വിവരണം അവതരിപ്പിച്ചിരിക്കുന്നത്. നസ്രത്തിൽ വച്ചു നടത്തിയ പ്രഖ്യാപനത്തിന്റെ (4,18-19,21) നിർവ്വഹണത്തിലെ ഒരു മുഹൂർത്തമാണ് ഇവിടെ അവതരിപ്പിക്കുന്നത്. ദരിദ്രർക്ക് സദ്വാർത്ത, ബന്ധിതർക്ക് മോചനം. അതോടൊപ്പം ഈ വിവരണത്തിന് തൊട്ടു മുമ്പു വരുന്ന മൂന്നു പരാമർശങ്ങൾ ഇതിന്റെ പ്രാധാന്യത്തിലേക്കും അർത്ഥതലങ്ങളിലേക്കും വെളിച്ചം വീശുന്നുണ്ട്.

നായിനിലെ വിധവയുടെ മകനെ ഉയിർപ്പിച്ചതു കണ്ട ജനം ആർത്തു വിളിച്ചു: "ഒരു വലിയ പ്രവാചകൻ നമ്മുടെ ഇടയിൽ ഉദയം ചെയ്തിരിക്കുന്നു" (7,16). അതിനു പിന്നാലെയാണ് സ്നാപകദൂതന്മാരുടെ ചോദ്യവും, "വരാനിരിക്കുന്നവൻ നീ തന്നെയോ?" അതിന് യേശു നൽകുന്ന മറുപടിയും: കാണുന്ന നിങ്ങൾ തന്നെ തീരുമാനിക്കുവിൻ (7,20-22). തുടർന്ന് സ്നാപകനെക്കുറിച്ചു നൽകുന്ന സാക്ഷ്യത്തിൽ യേശു തനിക്കെതിരേ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെ എടുത്തുകാട്ടുന്നു: "ഭോജനപ്രിയനും മദ്യപനും, ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതനും" (7,34). ഈ ആരോപണം സാധൂകരിക്കുന്നതെന്നു തോന്നാം പഠനവിഷയമായ വിവരണം. വിരുന്നുശാലയിൽ ചാരിക്കിടന്നു ഭക്ഷിക്കുന്ന യേശുവിന്റെ കാല്ക്കൽ കമിഴ്ന്നു കിടന്നു തൈലം പൂശി ചുംബിക്കുന്ന പരസ്യപാപിനി. നായിൻകാരുടെ വിശ്വാസ പ്രഖ്യാപനത്തെ ചോദ്യം ചെയ്യുന്നതാണ് ഫരിസേയന്റെ സ്വഗതം: "ഇവൻ പ്രവാചകനാണെങ്കിൽ..."

**2. കഥാപാത്രങ്ങൾ:** പട്ടണത്തിൽ പേരുകേട്ട പാപിനിയും സമൂഹത്തിലെ ആദരണീയരുടെ പട്ടികയിൽ മുൻപിൽ നില്ക്കുന്ന ഫരിസേയപ്രമാണിയുമാണ് യേശുവിനു പുറമെയുള്ള രണ്ടു കഥാപാത്രങ്ങൾ. വിഭാവനം ചെയ്യാവുന്നതിൽ ഏറ്റം വലിയ വൈരുദ്ധ്യം. കല്ലെറിഞ്ഞു കൊല്ലാൻ വിധിക്കപ്പെടേണ്ട, ഏവരും വെറുത്ത് അകലം പാലിക്കേണ്ട പരസ്യപാപിനി, അഥവാ വേശ്യ വിശുദ്ധനെന്ന് അഭിമാനിച്ചിരുന്ന ഫരിസേയ പ്രമാണിയുടെ വിരുന്നുശാലയിൽ നിർഭയം കടന്നുവന്നതുതന്നെ വിസ്മയാവഹം. ഇരുവരെയും നിരസിക്കാത്ത യേശു. അതേസമയം ഇരുവരുടെയും അന്തർഗതങ്ങളും മനോഭാവങ്ങളും അറിഞ്ഞ്, വിവേകപൂർവ്വം, എന്നാൽ നിശ്ചയദാർഢ്യത്തോടെയുള്ള യേശുവിന്റെ പ്രതികരണം- എല്ലാം ശ്രദ്ധേയം.

പാപിനിയുടെ പേരു പറയുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കണം. പില്ക്കാല പാരമ്പര്യങ്ങളാണ് അവളുടെ ഊരും പേരും തേടിപിടിച്ചവതരിപ്പിച്ചത്-മറിയം മഗ്ദലേനാ! സുവിശേഷങ്ങളിൽ പേരു പറയാത്ത വ്യക്തികളുടെ പേരും മറ്റു വിവരങ്ങളും കണ്ടെത്തുക ആദിമസഭയിലെ പാരമ്പര്യങ്ങളുടെ ഒരു ഭാഗമായിരുന്നു. ഈ ജിജ്ഞാസയാണ് മത്തായി അവതരിപ്പിക്കുന്ന കിഴക്കുനിന്നു വന്ന ജ്ഞാനികളെ, മെൽക്കിയോർ, കാസ്പർ, ബെൽത്താസർ എന്ന മൂന്നു രാജാക്കന്മാരാക്കിയത്. യേശു മരിച്ചു എന്ന് ഉറപ്പാക്കാൻ പാർശ്വത്തിൽ കുത്തിയ പടയാളിക്കും പാരമ്പര്യം പേരു കൊടുത്തു-ലൊങ്കീനോസ്-കുന്തക്കാരൻ എന്നർത്ഥം. കുന്തം എന്നർത്ഥമുള്ള *"ലുങ്കെ"* എന്ന ഗ്രീക്കു വാക്കിൽനിന്ന് രൂപപ്പെടുത്തിയതാണ് *ലൊങ്കിനോസ്* എന്ന പേര്.

മറിയം മഗ്ദലേനാ പാപിയായിരുന്നു എന്ന് ഒരു സുവിശേഷകനും പറയുന്നില്ല. ഈ സംഭവത്തിനു തൊട്ടുപിന്നാലെ അവതരിപ്പിക്കുന്ന യേശുവിനെ അനുഗമിച്ച സ്ത്രീകളുടെ പട്ടികയിൽ "ഏഴു ദുഷ്ടാത്മാക്കൾ വിട്ടുപോയവളും മഗ്ദലേനാ എന്നു വിളിക്കപ്പെടുന്നവളുമായ മറിയം" (8,2) എന്ന വിശദീകരണം ഒരാളെ ആദ്യമായി അവതരിപ്പിക്കുന്ന പ്രതീതിയാണ് നൽകുക. എന്നാൽ പിശാചു ബാധയിൽനിന്നു മുക്തയായ മറിയമാണ് അതിനുമുമ്പ് പാപിനിയായി കടന്നുവന്നതും പാപമോചനം സ്വീകരിച്ച് തിരിച്ചുപോയതും എന്നു പറയാൻ ലൂക്കായുടെ വിവരണം അനുവദിക്കുന്നില്ല.

വലിയൊരു വ്യവസായ കേന്ദ്രമായിരുന്നു ഗലീലിയുടെ തല സ്ഥാനമായ തിബേരിയാസിനടുത്തുണ്ടായിരുന്ന മാഗ്ദല. പട്ട ണങ്ങളിൽ വേശ്യാവൃത്തി സാധാരണായിരുന്നതിനാൽ *മാഗ്ദ ലക്കാരി* എന്ന വിശേഷണത്തിൽ വേശ്യ എന്ന് അർത്ഥമുണ്ടാ യിരുന്നു എന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ മാഗ്ദലയിൽ നിന്നു വന്ന സ്ത്രീകളെല്ലാം വേശ്യകളായിരുന്നു എന്ന നിഗമനത്തിനു സാധുതയില്ല.

വ്യക്തികളുടെ പൂർവ്വകാല ചരിത്രം തേടിപ്പോയ പാരമ്പര്യം വേറെയും ചില രസകരമായ നിഗമനങ്ങൾ അവതരിപ്പിച്ചു. ബെഥാനിയായിലെ ലാസറിന്റെയും മർത്തായുടെയും സഹോ ദരി മറിയം ഒരു റോമൻ പടയാളിയുടെ കൂടെ ഒളിച്ചോടി മാഗ്ദ ലയിൽ ചെന്നു താമസമാക്കി. പടയാളി ഉപേക്ഷിച്ചുപോയപ്പോൾ വേശ്യാവൃത്തി ഉപജീവനമാർഗ്ഗമായി തിരഞ്ഞെടുത്തു. യേശു വിനെക്കുറിച്ചു കേട്ട മറിയം ശിമയോന്റെ വീട്ടിൽ വന്ന് കാലിൽ തൈലം പൂശി മാനസാന്തരം പ്രകടമാക്കി, പാപമോചനം നേടി. പക്ഷേ സ്വഭാവത്തിൽ മാറ്റം വന്നില്ല. അവളെയാണ് പിന്നീട് ജറു സലെമിന്റെ പരിസരത്തുനിന്നു പിടികൂടി കല്ലെറിയാനായി യേശു വിന്റെ അടുക്കൽ കൊണ്ടുവന്നത് (യോഹ 8,1-11). അവിടെനിന്ന് രക്ഷപ്പെട്ടതോടെ യഥാർത്ഥ മാനസാന്തരമുണ്ടായി, ബെഥാനി യായിലെ വീട്ടിലേക്കു മടങ്ങി. പെസഹാത്തിരുനാളിനു മുമ്പ് വീട്ടിൽവന്ന യേശുവിന്റെ പാദത്തിൽ തൈലം പൂശി തന്റെ മാന സാന്തരം ഉറപ്പിച്ചു.

കേൾക്കാൻ രസമുള്ള കഥ എന്നല്ലാതെ ഇതിനെ ചരിത്രവ സ്തുതയായി അംഗീകരിക്കാനാവില്ല. ഒരുകാലത്ത് കത്തോലി ക്കാസഭയിൽ മറിയം മഗ്ദലേനായെ പാപിനിയായി കരുതുന്ന ഒരു പാരമ്പര്യമുണ്ടായിരുന്നു. മഗ്ദലേനായുടെ തിരുനാൾ ദിവ സത്തെ വി. ബലിയുടെ മധ്യേ വായിക്കാൻ നിർദ്ദേശിച്ചിരുന്ന സുവിശേഷ ഭാഗം ലൂക്കാ 7,36-50 ആയിരുന്നു. എന്നാൽ രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം വായന മാറ്റി, പകരം മറിയം മാഗ്ദലേനാ യേശുവിന്റെ ഉത്ഥാനത്തിനു സാക്ഷ്യം വഹി ക്കുന്ന യോഹ 20,1-18 നിർദ്ദേശിച്ചിരിക്കുന്നത് മാറിയ മനോഭാവ ത്തിന്റെ പ്രകടനമാണല്ലോ.

ബെഥാനിയായിലെ മറിയം, ശിമയോന്റെ വീട്ടിൽ കടന്നു വന്ന പാപിനി, കല്ലെറിയാൻ കൊണ്ടുവന്ന വ്യഭിചാരിണി, മാഗ്ദ

ലേനാമറിയം-ഇവർ നാലുപേരാണ് സുവിശേഷങ്ങളിൽ. അങ്ങനെത്തന്നെ കരുന്നതാവും ചരിത്രത്തോടും, സുവിശേഷങ്ങളോടും, സർവ്വോപരി ഈ വ്യക്തികളോടും, നീതി പുലർത്തുന്ന മനോഭാവം. അതിനാൽ മോചനം തേടി മനസ്താപത്തോടെ യേശുവിന്റെ അടുക്കൽ വന്ന ഒരു പാപിനിയായിത്തന്നെ അവൾ നിലനിൽക്കട്ടെ. അവൾക്ക് ഊരും പേരും നൽകേണ്ടതില്ല.

**3. പ്രവർത്തനങ്ങൾ–പ്രതികരണങ്ങൾ:** യേശുവിന്റെ പിന്നിൽ വന്നുനിന്ന പാപിനിയെ യേശു തടഞ്ഞില്ല. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. പാപബോധം, പശ്ചാത്താപം, യേശു തന്നെ തടയാതെ സ്വീകരിച്ചതിലുള്ള നന്ദിയും സ്നേഹവും- എല്ലാം ആ കണ്ണീർ പ്രവാഹത്തിലുണ്ടായിരുന്നു. പിന്നെ അവൾ തന്നെത്തന്നെ മറന്നു, പരിസരം മറന്നു, ഫരിസേയരുടെ വിമർശനദൃഷ്ടിയും മറന്നു. യേശുവിന്റെ കാല്പാദത്തിൽ വീണ കണ്ണീർ തന്റെ തലമുടികൊണ്ട് അവൾ തുടച്ചു; കയ്യിൽ കരുതിയിരുന്ന സുഗന്ധതൈലം പാദങ്ങളിൽ പൂശി. ഉള്ളിൽ നിറഞ്ഞുതുളുമ്പിയ നന്ദിയും സ്നേഹവും ചുംബനങ്ങളിലൂടെ പ്രകടമാക്കി. അവൾക്കു മുന്നിൽ ഒരാൾമാത്രം. തന്നെ അശുദ്ധയെന്നു കരുതി മാറ്റി നിർത്താത്ത, സ്നേഹത്തോടെ തന്നെ സ്വീകരിക്കുന്ന ഗുരുനാഥൻ. അവൾ ഒരു വാക്കുപോലും പറയുന്നില്ല. ഒരു വാക്കിനും പ്രകടിപ്പിക്കാനാവാത്ത പശ്ചാത്താപവും സ്നേഹവും നന്ദിയുമെല്ലാം അവളുടെ പ്രവൃത്തികൾ ദൃശ്യമാക്കി. യേശു അത് അംഗീകരിച്ചു, സ്വീകരിച്ചു.

ഈ സ്നേഹപ്രകടനം ആതിഥേയനെ അസ്വസ്ഥനാക്കി. യേശുവിനെക്കുറിച്ചുണ്ടായിരുന്ന പ്രവാചകൻ എന്ന ധാരണ തന്നെ തിരുത്തിയെഴുതാൻ തുടങ്ങി. ഒന്നുകിൽ ഇവൻ പ്രവാചകനല്ല; അല്ലെങ്കിൽ ഇവന്റെ സ്വഭാവം പ്രതീക്ഷിച്ചിരുന്നതുപോലെ വിശുദ്ധമല്ല. മനസിൽ വിധിയെഴുതുന്ന ഫരിസേയൻ ഒരു പ്രതീകമായി നിൽക്കുന്നു- വിശുദ്ധിയുടെ മുഖംമൂടിയണിഞ്ഞ്, മറ്റുള്ളവരെ വിധിക്കുന്ന കാപട്യത്തിന്റെ പ്രതീകം.

ആ മുഖംമൂടി വലിച്ചുകീറുന്നതാണ് പ്രത്യക്ഷത്തിൽ ലളിതമെന്നു തോന്നാവുന്ന യേശുവിന്റെ പ്രതികരണം. ചെറിയൊരു കഥ. രണ്ടു കടക്കാർ. 500 ഉം 50 ഉം വീതം കടപ്പെട്ടവർ. കടം വീട്ടാൻ കഴിവില്ലാത്തതിനാൽ ഇരുവർക്കും ഇളച്ചുകിട്ടുന്നു. അപ്പോൾ ആരാണ് കടമിളവു നൽകിയ ആളെ കൂടുതൽ സ്നേഹി

ക്കുക? ഉത്തരം ലളിതം-സ്വാഭാവികം. കൂടുതൽ ഇളച്ചുകിട്ടിയ വൻ. കാര്യമറിയാതെ ആ മറുപടിയിലൂടെ അയാൾ തന്റെ മേൽത്തന്നെ വിധി പ്രസ്താവിച്ചു കഴിഞ്ഞു. ആ വിധിയുടെ വിശദീകരണമാണ് തുടർന്നു നൽകുന്നത്.

''നീ ഈ സ്ത്രീയെ കാണുന്നല്ലോ'' എന്ന പി.ഒ.സി. വിവർത്തനം അപൂർണ്ണമാണ്. ഗ്രീക്കുമൂലത്തിൽ ഇതൊരു ചോദ്യമാണ്: "നീ ഈ സ്ത്രീയെ കാണുന്നുവോ?" (Do you see this woman?) എന്ന് ഇംഗ്ലീഷിൽ. അനേകം ധ്വനികൾ ഈ ചോദ്യത്തിനുണ്ട്. ശിമയോൻ കുരുടനല്ല. എന്നാൽ അയാൾ എങ്ങനെയാണ് ഈ സ്ത്രീയെ കാണുന്നത്? ഇവിടെ കാഴ്ചപ്പാടാണ് പ്രധാനം. ഇവൾ നിനക്ക് ആരാണ്? ആരായിട്ടാണ് നീ ഇവളെ കാണുന്നത്? ആഴമേറിയ ഒരു ആത്മശോധനയുള്ള ആഹ്വാനം ഈ ചോദ്യത്തിനു പിന്നിലുണ്ട്. ഇവൾ നിനക്കൊരു വേശ്യമാത്രം. അല്ലേ? എന്നാകുമോ ചോദ്യത്തിലെ ധ്വനി?

അവളുടെ ചെയ്തികൾ യേശു തുടർന്നു വിവരിക്കുമ്പോൾ ശിമയോൻ ശരിക്കും പ്രതിക്കൂട്ടിലാകുന്നു. വിരുന്നിനു ക്ഷണിക്കപ്പെട്ടവരോടു കാണിക്കേണ്ട സാമാന്യ മര്യാദകൾ അവഗണിച്ചത് യേശു ഒന്നൊന്നായി അക്കമിട്ടവതരിപ്പിച്ചു. ശിമയോൻ മനഃപൂർവ്വം അവഗണിച്ചതെല്ലാം ഇവൾ ആയിരം ഇരട്ടിയായി, ആത്മാർത്ഥതയോടെ അനുഷ്ഠിച്ചു. നീ വേശ്യയെന്നു മുദ്രകുത്തി മാറ്റിനിർത്തുന്ന ഈ സ്ത്രീയാണ് യഥാർത്ഥത്തിൽ ആതിഥേയന്റെ കടമ നിർവ്വഹിച്ചത്. യേശു പറയാതെ പറഞ്ഞു.

തുടർന്നുള്ള പ്രഖ്യാപനമാണ് ഏറ്റം ശ്രദ്ധേയം. അതുപോലെതന്നെ മനസിലാക്കാൻ പ്രയാസമുള്ളതും "അതിനാൽ ഞാൻ നിന്നോടു പറയുന്നു. ഇവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ ഇവൾ അധികം സ്നേഹിച്ചു. ആരോട് അല്പം ക്ഷമിക്കുന്നുവോ അവൻ അല്പം സ്നേഹിക്കുന്നുണ്ട്" (7,47). പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നതാണ് മുഖ്യപ്രഖ്യാപനം. അത് സ്ത്രീയോടായി വീണ്ടും ആവർത്തിക്കുന്നുമുണ്ട് (7,48). പാപം മോചിക്കാൻ യേശുവിന് എവിടെനിന്ന് അധികാരം കിട്ടി എന്നതായിരിക്കാം ഫരിസേയർ മനസിൽ ഉന്നയിക്കുന്ന ചോദ്യം. അതു ദൈവദൂഷണമായി കരുതി യേശുവിനെ തള്ളിപ്പറയാനും ഈ ചിന്ത അവരെ പ്രേരിപ്പിക്കുന്നുണ്ടാവും. എന്നാൽ പാപമോചനവും മോചനം ലഭിച്ച ആളിന്റെ

സ്നേഹവും തമ്മിലുള്ള ബന്ധം മനസിലാക്കാൻ പ്രയാസമുണ്ട്. ഏതാണ് ആദ്യം വരുന്നത്? ക്ഷമയോ അതോ സ്നേഹമോ? പാപം ക്ഷമിച്ചത് പാപിയുടെ സ്നേഹത്തിനുള്ള മറുപടിയോ അതോ കാരണമോ? വ്യക്തമായൊരുത്തരം കണ്ടെത്തുക എളുപ്പമല്ല.

**4. പാപമോചനവും സ്നേഹവും:** യേശു പറഞ്ഞ കഥയുടെ യുക്തി പരിഗണിച്ചാൽ ലഭിച്ച മോചനത്തിനു നൽകുന്ന പ്രതികരണമാണ് സ്നേഹം. എന്നാൽ യേശുവിന്റെ വിശദീകരണം നേരെ വിപരീതമായ ഉത്തരമായിരിക്കും നൽകുക. “ഇവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ ഇവൾ അധികം സ്നേഹിച്ചു.” പരസ്പര വിരുദ്ധങ്ങളെന്നു തോന്നാവുന്ന ഈ വിശദീകരണങ്ങളെ എങ്ങനെ മനസിലാക്കണം? ക്ഷമയാണോ സ്നേഹമാണോ ആദ്യം എന്ന ചോദ്യം തന്നെ അപ്രസക്തമാക്കുന്നതാണ് ഇവിടെ വിവരിക്കുന്ന സംഭവം എന്ന് അല്പമൊന്ന് അടുത്തു പരിശോധിച്ചാൽ മനസിലാകും. ക്ഷമയും സ്നേഹവും ഒന്നിനുശേഷം ഒന്നെന്ന രീതിയിൽ പൂർത്തിയാകുന്ന രണ്ടു സംഭവങ്ങളല്ല, മറിച്ച് ഒന്നോടൊന്നു ചേർന്നു വളരുന്ന, പ്രകടമാകുന്ന, പൂർത്തിയാകുന്ന ഒരു പ്രക്രിയയാണ്.

പാപബോധനത്തിലാണ് തുടക്കം. താൻ പാപിയാണ്, ദൈവത്തിനെതിരേ പാപം ചെയ്തു, ദൈവത്തിൽനിന്നകന്ന് അവിടുത്തെ സ്നേഹത്തെ തിരസ്കരിച്ച് വീടുവിട്ടുപോയ ധൂർത്തപുത്രനെപ്പോലെ. ഈ അവബോധം തന്നെ ദൈവത്തിന്റെ ദാനമാണെന്നതു മറക്കരുത്. ദൈവത്തെയും അവിടുത്തെ സ്നേഹത്തെയും കല്പനകളെയും കുറിച്ചുള്ള അറിവിലും വിശ്വാസത്തിലും നിന്നാണ് തന്റെ പാപാവസ്ഥയെക്കുറിച്ചു ബോധമുണ്ടാകുന്നത്. ഇതും ദൈവത്തിന്റെ ദാനമായിത്തന്നെ കാണണം. ഇതിനുള്ള പ്രതികരണമാണ് പശ്ചാത്താപവും മാനസാന്തരവും.

പൂർണ്ണമനസ്സോടെ പാപങ്ങൾ ഏറ്റുപറഞ്ഞ് മടങ്ങിവരുന്നവന് ദൈവത്തിന്റെ ക്ഷമ അനുഭവിക്കാൻ കഴിയുന്നു. ആ അനുഭവം പശ്ചാത്താപത്തിൽനിന്ന് സ്നേഹത്തിലേക്കു നയിക്കുന്നു. അഥവാ തന്റെ എല്ലാ പാപങ്ങളും ക്ഷമിക്കുന്ന ദൈവത്തോടുള്ള സ്നേഹവും നന്ദിയും മുഖ്യപ്രതികരണമാകുന്നു. ഇത് വീണ്ടും ദൈവസ്നേഹം കൂടുതൽ ആഴത്തിൽ അനുഭവിച്ചറിയാൻ സഹാ

യിക്കുന്നു. ഒരിക്കലും നിലയ്ക്കാത്ത ഒരു പ്രക്രിയയാണിത്. അതിനാൽ ഏതാണ് ആദ്യം എന്ന ചോദ്യം തന്നെ അപ്രസക്തമാകുന്നു.

എല്ലാം ദൈവത്തിന്റെ ദാനമാണ്. എന്റെ പാപാവസ്ഥയെ ചൂണ്ടിക്കാണിച്ചു ബോധ്യപ്പെടുത്തുന്നതും ദൈവദാനം തന്നെ. എന്നാൽ ഇതു സ്വീകരിക്കാൻ മനസിനു തുറവിയും ഹൃദയത്തിൽ എളിമയും ഉണ്ടാകണം. യേശുവിന്റെ പാദത്തിങ്കൽ വീണു കണ്ണീരൊഴുക്കിയവൾക്ക് ഇതു രണ്ടും ഉണ്ടായിരുന്നു. സമൂഹത്തിന്റെ പ്രതികരണങ്ങൾ അവളിൽ പാപബോധം വർദ്ധിപ്പിക്കുന്നതായിരുന്നു. അതിൽപ്പെട്ട് നിരാശയുടെ നീർച്ചുഴിയിൽ ആണ്ടുപോകാതെ അവൾ യേശുവിന്റെ പാദാന്തികത്തിൽ അഭയം തേടി. കണ്ണീരൊഴുക്കി, മോചനം നേടി. ഹൃദയത്തിൽ നന്ദിയും സ്നേഹവും നിറഞ്ഞു. അവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടു. അവൾ വളരെയധികം സ്നേഹിച്ചു.

എന്നാൽ ഫരിസേയന്റെ അവസ്ഥ ഇതല്ല. തനിക്കെന്തെങ്കിലും കുറവോ, തന്നിൽ എന്തെങ്കിലും പാപമോ ഉണ്ടെന്ന് അയാൾക്ക് ബോധ്യമില്ല. അതിനാൽത്തന്നെ പശ്ചാത്താപത്തിന്റെയോ മാനസാന്തരത്തിന്റെയോ ആവശ്യം അയാൾക്കു തോന്നുന്നില്ല. അപ്പോൾ മോചനവുമില്ല. ഇവരെയാണ് പശ്ചാത്താപം ആവശ്യമില്ലാത്ത നീതിമാന്മാർ എന്ന് യേശു വിശേഷിപ്പിച്ചത് (ലൂക്കാ 15,7). കുറച്ചു ക്ഷമിച്ചു, കുറച്ചു സ്നേഹിക്കുന്നു എന്നു പറയുന്നത് ഭംഗിവാക്കാണ്. പാപബോധത്തിന്റെ അഭാവം ക്ഷമയ്ക്കു വിഘാതമായി നിൽക്കുന്നു. അതുപോലെ താൻ വിശുദ്ധനാണെന്ന അഹംഭാവം യഥാർത്ഥമായ അനുതാപത്തിനും സ്നേഹത്തിനും തടസ്സമാകുന്നു. ആകയാൽ ഒന്നേ ചെയ്യേണ്ടതുള്ളൂ. യാഥാർത്ഥ്യബോധത്തോടെ ഉള്ളിലേക്കു തിരിയുക. മുഖംമൂടി മാറ്റി, യഥാർത്ഥ അവസ്ഥ തിരിച്ചറിഞ്ഞ് ഏറ്റുപറയുക. ദൈവത്തിന്റെ ക്ഷമയ്ക്കായി ഹൃദയം തുറക്കുക. അപ്പോൾ ദൈവത്തിന്റെ അനന്തമായ ക്ഷമയും കാരുണ്യവും ഹൃദയത്തിൽ നിറയും. അതു നന്ദിയും പ്രതിസ്നേഹവുമായി പ്രതിഫലിക്കും. അതിനായി നാഥൻ തന്നെ ഹൃദയം തുറന്നു തരട്ടെ!

# 34

### ശ്ലീഹാക്കാലം 3 – ാം ഞായർ

## യഥാർത്ഥ അയൽക്കാരൻ

**(ലൂക്കാ 10,25 – 37)**

യാതൊരു വിശദീകരണവും ആവശ്യമില്ലാത്തത്ര വ്യക്തവും സുപരിചിതവുമാണ് ഇന്നത്തെ ധ്യാനവിചിന്തനങ്ങൾക്കായി തിരുസഭ നിർദ്ദേശിച്ചിരിക്കുന്ന സുവിശേഷഭാഗം. യേശു പറഞ്ഞ ഉപമകളിൽതന്നെ ഒരു പക്ഷേ ഏറ്റം അധികം അറിയപ്പെടുന്നതാണ് നല്ല സമറിയാക്കാരന്റെ ഉപമ. സുപരിചിതമെങ്കിലും പലപ്പോഴും കഥയുടെ മർമ്മം മനസിലാകാതെ പോവുകയും വ്യാഖ്യാനത്തിൽ പ്രധാന ആശയം ചോർന്നു പോവുകയും ചെയ്യാറുണ്ട്. കഥ അതിൽത്തന്നെ വ്യക്തമാണെങ്കിലും അത് സുവിശേഷത്തിൽ അവതരിപ്പിച്ചിരിക്കുന്ന സാഹചര്യവും കഥയുടെ ചരിത്രപശ്ചാത്തലവും മനസിലാക്കിയാലേ യേശു ലക്ഷ്യം വച്ചതും സുവിശേഷകൻ ഊന്നൽ നൽകുന്നതുമായ അർത്ഥം ഗ്രഹിക്കാൻ കഴിയൂ.

ലൂക്കാ സുവിശേഷത്തിന്റെ മധ്യഭാഗം (9,51–19, 46) “യാത്രാവിവരണം” എന്ന പേരിൽ അറിയപ്പെടുന്നു. തന്റെ പീഡാനുഭവത്തിലൂടെ നടക്കാൻ പോകുന്ന മഹത്വീകരണത്തെ, അഥവാ ആരോഹണത്തെ, മുന്നിൽകണ്ടുകൊണ്ട് യേശു ശിഷ്യന്മാരോടൊപ്പം ജറുസലെമിലേക്കു നടത്തുന്ന യാത്രയാണ് ഈ ഭാഗത്ത് പ്രതിപാദിക്കുന്നത്. നിത്യജീവനെ സംബന്ധിച്ച രണ്ടു ചോദ്യങ്ങൾ യാത്രയുടെ തുടക്കത്തിലും (10,25) അവസാനവും (18,18) അവതരിപ്പിച്ചുകൊണ്ട് യാത്രാവിവരണത്തിന്റെ മുഖ്യലക്ഷ്യം വ്യക്തമാക്കുന്നു. രക്ഷ പ്രാപിക്കുന്നവർ ചുരക്കമാണോ (13,23) എന്ന ചോദ്യം യാത്രയുടെ മധ്യത്തിലും അവതരിപ്പിച്ചുകൊണ്ട്

നിത്യരക്ഷ, അഥവാ നിത്യജീവൻ എന്ന പ്രമേയത്തിന് ഊന്നൽ നൽകുന്നു. നിത്യജീവനെ സംബന്ധിച്ച പ്രബോധനങ്ങളാണ് ഈ ഭാഗത്തു മുഴുവൻ അവതരിപ്പിക്കുന്നത്. അങ്ങനെ ഒരു ചോദ്യം ഉന്നയിച്ചുകൊണ്ടാണ് ഇന്നത്തെ വായന ആരംഭിക്കുന്നത്.

വായനയ്ക്കു മുഖ്യമായും രണ്ടു ഭാഗങ്ങളുണ്ട്. ഒന്നാംഭാഗം (10,25-28) നിത്യജീവനെ സംബന്ധിച്ച താത്വികമായ ഒരു സംഭാഷണമാണ്. രണ്ടാം ഭാഗമാകട്ടെ (10,29-37) ഒരുപമയുടെ സഹായത്തോടെ പ്രായോഗികമായ ഒരു നിർദ്ദേശം നൽകുന്നു. താത്വികവും യുക്തിഭദ്രവുമായ തർക്കവിതർക്കങ്ങളിലൂടെയല്ല, കരുണാർദ്രമായ സ്നേഹത്താൽ പ്രേരിതമായ പ്രവൃത്തിയിലൂടെ മാത്രമേ ഒരാൾക്കു നിത്യജീവനിൽ പ്രവേശിക്കാൻ സാധിക്കൂ എന്നതാണ് വായനയുടെ പൊതുപ്രമേയം.

യഹൂദരുടെ ഇടയിൽ മോശയുടെ നിയമത്തെയും അതിന്റെ നിരവധിയായ പ്രായോഗിക വിശകലനങ്ങളെയും സംബന്ധിച്ച് അവഗാഹം സിദ്ധിച്ചവരാണ് നിയമജ്ഞർ അഥവാ നിയമപണ്ഡിതർ. യഹൂദമതത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന നിയമപണ്ഡിതൻ എസ്രായുടെ പിന്മുറക്കാരായ അവർ ജനങ്ങൾക്ക് നിയമസംബന്ധമായ പ്രബോധനങ്ങളും വിശദീകരണങ്ങളും നൽകിയിരുന്നു. നിയമത്തിന്റെ പ്രായോഗികവശങ്ങളെക്കുറിച്ച് വ്യക്തത നേടാൻ വേണ്ടി നിയമജ്ഞർ തമ്മിൽ തർക്കങ്ങൾ നടക്കുക സാധാരണമായിരുന്നു. വ്യത്യസ്ത വ്യാഖ്യാനരീതികളുടെ അടിസ്ഥാനത്തിൽ യേശുവിന്റെ കാലത്ത് വ്യത്യസ്ത അഭിപ്രായ കളരികൾ അഥവാ സ്കൂളുകൾ നിലവിലിരുന്നു. ഇപ്രകാരം ഒരു തർക്കത്തിന് യേശുവിനെ പ്രേരിപ്പിക്കുക, നിയമത്തിലുള്ള അവന്റെ അവഗാഹം അളക്കുക, നിലപാട് മനസിലാക്കുക മുതലായ ലക്ഷ്യത്തോടെയാണ് നിയമജ്ഞൻ യേശുവിനെ സമീപിച്ചത്. “പരീക്ഷിക്കാൻ” എന്ന് സുവിശേഷകൻ എടുത്തുപറയന്നതിലൂടെ ചോദ്യകർത്താവിന്റെ ഉദ്ദേശ്യം സുവ്യക്തമാകുന്നു.

ഏറ്റം പ്രധാനപ്പെട്ട പ്രമേയമാണ് ചോദ്യവിഷയം. നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം? “ഗുരോ” എന്ന അഭിസംബോധനയിലൂടെ യേശുവിനെ തനിക്കു തുല്യനായ ഒരു റബ്ബിയായി അയാൾ അംഗീകരിക്കുന്നു. തർക്കമാണ് ലക്ഷ്യം. കടിച്ച പാമ്പിനെക്കൊണ്ട് വിഷം എടുപ്പിക്കുന്ന ശൈലിയാണ് യേശുവിന്റെ മറുപടി. ഉത്തരം പറയാൻ ചോദ്യകർത്താവിനെ

ത്തന്നെ നിർബന്ധിക്കുന്നു. വ്യക്തവും കൃത്യവുമായ ഉത്തരം അയാൾ നൽകി. ഏത് ഇസ്രായേലി ബാലനും അറിയാവുന്ന താണ് ഉത്തരത്തിന്റെ ആദ്യഭാഗം. ജീവിതത്തിലെ വിഷമസന്ധി കളിൽ മാത്രമല്ല, ദിവസം അനേകം തവണ ഒരു രക്ഷാമന്ത്ര മെന്നപോലെ അവർ ഉരുവിടുന്ന ഒരു പ്രാർത്ഥനയാണ് *ഷ്മാ പ്രാർത്ഥന* എന്നറിയപ്പെടുന്ന ഒരു ബൈബിൾ വാക്യം.

"ഇസ്രായേലേ കേൾക്കുക, നമ്മുടെ ദൈവമായ കർത്താവ് ഒരേ ഒരു കർത്താവണ്. നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തി യോടും കൂടെ സ്നേഹിക്കണം" (നിയ 6,4). ഇതിന്റെകൂടെ, അത്ര തന്നെ പ്രാധാന്യമില്ലാത്ത മറ്റൊരു വാക്യം: "നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക" (ലേവ്യ 19,18) കൂട്ടിച്ചേർത്തു കൊണ്ട് നിയമജ്ഞൻ നല്കിയ ഉത്തരം പൂർണ്ണമാണ്. ഒന്നും കൂട്ടിച്ചേർക്കാനില്ല. യേശു അത് അംഗീകരിച്ചു. അറിയാവുന്ന കാര്യം ചെയ്താൽ മതി. യഥാർത്ഥമായ അറിവനുസരിച്ചുള്ള പ്രവൃത്തി നിത്യജീവൻ നൽകും. അറിവ് വന്ധ്യമാകരുത്, പ്രവൃ ത്തിയിലൂടെ ഫലവത്താകണം. ഇതാണ് യേശു നൽകുന്ന പ്രബോധനം. ചർച്ച ഇവിടെ അവസാനിപ്പിക്കാമായിരുന്നു. എന്നാൽ നിയമജ്ഞൻ. തോൽവി സമ്മതിക്കാൻ തയ്യാറല്ല. സ്വയം ന്യായീകരിക്കുക എന്ന ലക്ഷ്യത്തോടെ മറ്റൊരു ചോദ്യം ഉന്നയിക്കുമ്പോൾ പഠനവിഷയമായ സുവിശേഷത്തിന്റെ രണ്ടാം ഭാഗത്തേക്കു കടക്കുന്നു.

ആരാണ് എന്റെ അയൽക്കാരൻ എന്ന ചോദ്യം വെറും തർക്ക ത്തിനുവേണ്ടി മാത്രം ഉന്നയിക്കുന്ന ഒന്നല്ല; അത് യഹൂദരുടെ ഇടയിൽ വലിയ ചർച്ചാവിഷയമായിരുന്നു. തൊട്ടടുത്ത് വസി ക്കുന്നവൻ എന്നല്ല "അയൽക്കാരൻ" എന്ന പദത്തിന് അവർ അർത്ഥം നൽകിയിരുന്നത്. ജാതി, വർണ്ണം, വർഗ്ഗം, തൊഴിൽ, വിശ്വാസം, പ്രത്യയശാസ്ത്രം തുടങ്ങി വിവിധ അടിസ്ഥാനങ്ങ ളിൽ ഒരാളെ അയൽക്കാരനായി പരിഗണിക്കാം. തൊട്ടടുത്തു താമസിക്കുന്ന വിജാതീയനെക്കാൾ നൂറു മൈൽ അകലെ വസി ക്കുന്ന യഹൂദൻ യഹൂദന് അയൽക്കാരനായിരിക്കും. ഇസ്രായേ ലിക്ക് ഇസ്രായേലി അയൽക്കാരൻ; ഫരിസേയർക്ക് ഫരിസേ യർ; സദുക്കായർക്ക് സദുക്കായർ; എസേനർക്ക് എസേനർ അയൽക്കാർ. ഈ ഒരു ചിന്താഗതിയാണ് "എന്റെ അയൽക്കാ രൻ" എന്ന വിശേഷണത്തിൽ മുഴങ്ങുന്നത്. ഇവിടെയും യേശു

ഒരു താത്വിക വിശകലനത്തിനോ തർക്കത്തിനോ തയ്യാറല്ല; നേരെമറിച്ച് ഒരു കഥയിലൂടെയാണ് ഉത്തരം നൽകുന്നത്. അവിടെയും ഉത്തരം യേശു പറയുകയല്ല, ചോദ്യകർത്താവിനെക്കൊണ്ട് പറയിക്കുകയാണ്.

അനുദിനജീവിതത്തിൽ നിന്ന് അടർത്തിയെടുത്ത ഒരു സംഭവമാണ് ഉപമയായി അവതരിപ്പിക്കുന്നത്. കഥാപാത്രങ്ങളും അവരുടെയെല്ലാം പ്രവർത്തനശൈലിയും ഏവർക്കും എളുപ്പം മനസിലാക്കാൻ കഴിയുന്നതാവും. ഉപമയിൽ ഒരു മുഖ്യ പ്രമേയമേ ഉണ്ടാകൂ; വിശദാംശങ്ങൾ കഥയ്ക്കു മിഴിവും ആകർഷണീയതയും നൽകാൻ സഹായിക്കുന്നവ മാത്രമായി കരുതിയാൽ മതി. മുഖ്യ ആശയത്തിൽ നിന്നു ശ്രദ്ധ പതറാൻ അവ കാരണമാകരുത്. സാധാരണ സംഭവമാണ് കഥാവിഷയമെങ്കിലും കഥാകൃത്ത് ശ്രദ്ധാപൂർവ്വം മെനഞ്ഞെടുക്കുന്ന കഥയുടെ ചുറ്റൊഴുക്കിൽ താനും പൊട്ടുപോകുന്നതായി കേൾവിക്കാരൻ മനസിലാക്കുന്നില്ല. കഥയവസാനിക്കുമ്പോഴാണ് കേട്ടത് തന്റെ തന്നെ കഥയാണെന്ന് ഗ്രഹിക്കുക. അവിടെ തീരുമാനം എടുക്കാൻ ശ്രോതാവ് നിർബന്ധിതനാകുന്നു. “ആ മനുഷ്യൻ മരിക്കണം” എന്നു താൻ കല്പിച്ച വിധി തന്റെ തന്നെ തലയിൽ പതിക്കുന്നതു കണ്ട് (“ആ മനുഷ്യൻ നീ തന്നെ”) സംഭ്രാന്തനായ ദാവീദിനെപ്പോലെ. ആരാണ് എന്റെ അയൽക്കാരൻ എന്ന ചോദ്യത്തിന് യേശു നൽകുന്ന മറുപടിയാണ് കഥയെന്ന കാര്യം മറക്കരുത്.

കേൾവിക്കാർക്ക് സുപരിചിതമാണ് യേശു കഥയിൽ അവതരിപ്പിക്കുന്ന സ്ഥലവും കഥാപാത്രങ്ങളും. ഇസ്രായേലിന്റെ മതപരവും രാഷ്ട്രീയവുമായ തലസ്ഥാന നഗരിയാണ് ജറുസലെം. മധ്യധരണ്യാഴിയുടെ നിരപ്പിൽനിന്ന് ഏകദേശം 800 മീറ്റർ ഉയരത്തിലാണ് ഈ നഗരം സ്ഥിതിചെയ്യുന്നത്. ഇവിടെ നിന്നും ഏകദേശം മുപ്പതു കിലോ മീറ്റർ കിഴക്ക്, സമുദ്രനിരപ്പിൽ നിന്ന് നാനൂറോളം മീറ്റർ താഴെയുള്ള നഗരമാണ് ജെറീക്കോ. അതിന് മതാത്മക പ്രാധാന്യം ഇല്ല. ലൗകിക നഗരം എന്നു വിശേഷിപ്പിക്കാം.

ഈ പശ്ചാത്തലത്തിൽ ഊന്നിനിന്ന് പലരും കഥയ്ക്ക് ഒരാധ്യാത്മിക വ്യാഖ്യാനം നൽകാറുണ്ട്. ദൈവത്തിന്റെ നഗരത്തിൽ നിന്ന് ലോകത്തിന്റെ നഗരത്തിലേക്ക്, മുകളിൽനിന്ന് താഴേക്ക്,

യാത്രചെയ്തവൻ പാപത്തിലാണ്ടുപോയ മനുഷ്യന്റെ പ്രതീകമാണ്. അവനെ കൊള്ളയടിച്ച ശത്രു പിശാച്; കടന്നുപോയ പുരോഹിതനും ലേവായനും രക്ഷ നൽകാൻ കഴിവില്ലാത്ത പഴയനിയമം; കഴുതപ്പുറത്തു കയറ്റി സത്രത്തിലാക്കി ശുശ്രൂഷിച്ച സമരിയാക്കാരൻ യേശു. സത്രം തിരുസഭ, മുറിവിലൊഴിച്ച എണ്ണ മാമ്മോദീസ, സ്ഥൈര്യലേപനം, രോഗീലേപനം; വീഞ്ഞ് വി. കുർബാന; സത്രക്കാരനു കൊടുത്ത രണ്ട് ദനാറാ സഭയ്ക്ക് യേശു നൽകിയിരിക്കുന്ന വിശുദ്ധീകരിക്കാനും ഭരിക്കാനുമുള്ള അധികാരം-ഇങ്ങനെ ഭാവനാസമ്പന്നമായ വ്യാഖ്യാനത്തെ "മിദ്രാഷ്" എന്നു വിളിക്കുന്നു. സഭാപിതാക്കന്മാർ തുടങ്ങി വച്ചതാണ് ഈ വ്യാഖ്യാനരീതി. എന്നാൽ ഇതല്ല യേശു പറഞ്ഞ കഥയുടെ അർത്ഥവും മുഖ്യലക്ഷ്യവും. കഥയെ അതിന്റെ തന്നെ പശ്ചാത്തലത്തിൽ മനസിലാക്കാൻ ശ്രമിക്കണം.

ജറുസലെമിൽനിന്നു ജെറീക്കോയിലേക്കുള്ള വഴി അപകടം നിറഞ്ഞതായിരുന്നു. മുഴുവൻ മരുഭൂമി; വളഞ്ഞുതിരിഞ്ഞ്, പലപ്പോഴും ഒറ്റയടിപ്പാതയായി പോകുന്ന വഴിയുടെ പല തിരിവുകളിലും ഗുഹകൾ ഉണ്ട്; കള്ളന്മാർക്കും കൊള്ളക്കാർക്കും ഒളിച്ചിരിക്കാൻ പറ്റിയ സ്ഥലം. "ചുവന്ന പാത" എന്നും "രക്തത്തിന്റെ വഴി" എന്നും ഈ വഴി അറിയപ്പെട്ടിരുന്നു. കള്ളന്മാരെ ഭയന്ന് യാത്രക്കാർ സംഘം ചേർന്നേ യാത്ര ചെയ്യാറുള്ളൂ. അതിനാൽ ത്തന്നെ നമ്മുടെ കഥാപാത്രമായ പഥികൻ ഒറ്റയ്ക്കു യാത്ര ചെയ്ത് കവർച്ചക്കാരുടെ കയ്യിൽപ്പെട്ടതിൽ അത്ഭുതമില്ല. ഒരു പക്ഷേ ചെറുത്തുനിൽക്കാൻ ശ്രമിച്ചതുകൊണ്ടാവാം അയാൾക്കു മുറിവേറ്റത്. ശ്രദ്ധേയമായത് ഒന്നേയുള്ളൂ. മുറിവേറ്റ് രക്തം വാർന്ന്, അർദ്ധപ്രാണനായി വഴിയിൽ കിടക്കുന്ന ഏകാന്ത പഥികൻ. അയാൾക്ക് ഊരും പേരുമില്ല; ജാതിയും തൊഴിലും എന്തെന്നറിയില്ല. മുറിവേറ്റ ഒരു മനുഷ്യൻ. അയാളോടുള്ള വ്യത്യസ്ത പ്രതികരണങ്ങളാണ് ശ്രദ്ധേയം.

ഇസ്രായേലിൽ വിശുദ്ധിയുടെ പര്യായമായിരിക്കേണ്ടവനാണ് പുരോഹിതൻ. അഹറോന്റെ വംശത്തിൽ പിറന്ന, പൂർണ്ണ ശുദ്ധിയുള്ളവൻ; ദൈവശുശ്രൂഷയ്ക്കായി മാറ്റിവയ്ക്കപ്പെട്ടവൻ. അനുഷ്ഠാന പ്രധാനമായ മതാത്മകതയുടെ പ്രതീകം. അയാൾ എവിടെനിന്ന് എങ്ങോട്ടുപോകുന്നു എന്നതു ശ്രദ്ധിക്കുന്നില്ല. ഒറ്റക്കാര്യം മാത്രം പറയുന്നു. ആ വഴി വന്നു; അവനെ കണ്ടു. മറുവ

ശത്തുകൂടെ കടന്നുപോയി. പിന്നാലെ വന്ന ലേവായനും ദേവാലയശുശ്രൂഷകനാണ്. ലേവിയുടെ മക്കളെല്ലാം ലേവായരായിരുന്നു; എന്നാൽ അഹറോന്റെ മക്കൾ മാത്രമേ പുരോഹിതരാകൂ. മറ്റുള്ളവർ പുരോഹിതരെ സഹായിക്കും. ദേവാലയ കാവൽ, കാഹളം മുഴക്കൽ, ബലിയർപ്പണത്തിന് മൃഗങ്ങളെ ഒരുക്കൽ എന്നിങ്ങനെ അനേകം ജോലികൾ അവർക്കുമുണ്ട്. അയാളുടെ പ്രതികരണവും പുരോഹിതന്റേതുതന്നെ. കണ്ടു; കടന്നുപോയി. അവർ ഒരു തെറ്റും ചെയ്തയായി കഥാകാരൻ പറയുന്നില്ല. മുറിവേറ്റു കിടന്നവൻ അവരുടെ ഉള്ളിൽ എന്തു വികാരമുളവാക്കിയെന്നും അറിയില്ല. കണ്ടു, കടന്നുപോയി–അത്രമാത്രം.

കടന്നുപോകാൻ പല കാരണങ്ങളുണ്ടാവാം. വഴിയിൽ രക്തം വാർന്നു കിടക്കുന്നവൻ മരിച്ചതാവാം. അങ്ങനെയെങ്കിൽ ശവത്തെതൊട്ടാൽ അശുദ്ധനാകും എന്ന കാരണമാകാം കടന്നുപോകാൻ പ്രേരിപ്പിച്ചത്. അല്ലെങ്കിൽ, വഴിയിൽ കിടക്കുന്നവനെ മുറിവേല്പിച്ച കവർച്ചക്കാർ അടുത്തുതന്നെ പതിയിരിക്കുന്നുണ്ടാവാം എന്നു ഭയപ്പെട്ടതിനാലാവാം. ഇതൊന്നും കഥാകാരൻ പറയുന്നില്ല. പ്രതികരിക്കാതെ കടന്നുപോയ രണ്ടു ഭക്തർ; അഥവാ പ്രതികരണശേഷി നഷ്ടപ്പെട്ട മതാത്മകതയുടെ രണ്ടു വക്താക്കൾ, പ്രതീകങ്ങൾ.

മൂന്നാമത്തെ വഴിപോക്കൻ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. സമറിയാക്കാരൻ എന്ന പ്രയോഗം ഒരു ജാതിയെ അഥവാ വർഗ്ഗത്തെ സൂചിപ്പിക്കുന്നു. ഇതിന്റെ ഉത്ഭവവും സ്വഭാവവും അറിഞ്ഞാലേ കഥയിൽ അയാൾക്കുള്ള പ്രാധാന്യവും അയാളുടെ കടന്നുവരവ് ഉളവാക്കുന്ന നടുക്കവും ഗ്രഹിക്കാൻ കഴിയൂ. സോളമന്റെ മരണത്തെത്തുടർന്ന് ബി.സി. 931 ൽ രാജ്യം രണ്ടായി പിളർന്നു. വടക്ക് പത്തു ഗോത്രങ്ങൾ ചേർന്ന് ഇസ്രായേൽ എന്ന രാജ്യം രൂപം കൊണ്ടു. തെക്ക് യൂദായും ബെഞ്ചമിനും ചേർന്ന് യൂദാ എന്ന പേരിൽ തുടർന്നു. ബി.സി. 880 ലാണ് ഓമ്രി രാജാവ് സമറിയാമല വിലയ്ക്കുവാങ്ങി രാജ്യത്തിന്റെ തലസ്ഥാനം പടുത്തുയർത്തിയത്. ബി.സി. 721-ൽ അസീറിയായുടെ ആക്രമണത്തിൽ വടക്കൻ രാജ്യമായ ഇസ്രായേൽ നാമാവശേഷമായി. അനേകം ഇസ്രായേൽക്കാരെ അസീറിയായുടെ പല ഭാഗങ്ങളിലേക്കു നാടുകടത്തി. പകരം മറ്റു ജനതകളെ സമറിയായിലും പരിസരത്തും കുടിയിരുത്തി. കാലക്രമത്തിൽ ഇവരും നാടുകടത്തപ്പെടാതെ അവശേഷിച്ചിരുന്ന ഇസ്രായേല്യരും തമ്മിൽ മിശ്രവിവാഹം

നടന്നു. അങ്ങനെ സംജാതമായ സങ്കരവർഗ്ഗം *സമറിയാക്കാർ* എന്ന പേരിൽ അറിയപ്പെട്ടു. സമറിയാക്കാർ പഞ്ചഗ്രന്ഥം മാത്രമേ ബൈബിളായി അംഗീകരിച്ചിരുന്നുള്ളൂ.

സമറിയാക്കാരും തെക്കുണ്ടായിരുന്ന യൂദായും തമ്മിൽ നിരന്തരം സംഘർഷമുണ്ടായിരുന്നു. സങ്കരവർഗ്ഗക്കാരെ അശുദ്ധരായി കരുതിയ ശുദ്ധ യഹൂദർ അവരെ അവജ്ഞയോടെയാണ് വീക്ഷിച്ചത്. ബാബിലോൺ പ്രവാസത്തിനുശേഷം മടങ്ങി വന്ന യഹൂദർ തകർന്നു കിടന്ന ജറുസലെം ദേവാലയം പുനർനിർമ്മിക്കാൻ ശ്രമിച്ചപ്പോൾ സമറിയാക്കാർ ആ സംരംഭത്തിൽ സഹകരിക്കാൻ താൽപര്യം കാണിച്ചു; പക്ഷേ യഹൂദർ വിസമ്മതിച്ചു. ക്ഷുഭിതരായ സമറിയാക്കാർ ദേവാലയനിർമ്മാണവും തുടർന്ന് കോട്ടയുടെ കേടുപോക്കലും തടസ്സപ്പെടുത്തി. ശത്രുത വർദ്ധിച്ചു. പിൽക്കാലത്ത് ഗരിസിം മലയിൽ സമറിയാക്കാർ സ്വന്തമായി ഒരു ദേവാലയം നിർമ്മിച്ചത് യഹൂദർക്ക് ഇഷ്ടമായില്ല. ഹസ്മൊണേയ രാജവംശത്തിലെ രാജാവും പ്രധാന പുരോഹിതനുമായ ജോൺ ഹിർക്കാനൂസ് ബി.സി. 108-ൽ ഗരിസിം ദേവാലയം നശിപ്പിച്ചതോടെ ശത്രുത മൂർച്ഛിച്ചു. എ.ഡി. 8-ൽ ചില സമറിയാക്കാർ ജറുസലെം ദേവാലയത്തിൽ, വിജാതിയരുടെ സ്ഥലത്ത്, മനുഷ്യാസ്ഥികൾ വിതറി ദേവാലയം അശുദ്ധമാക്കിയത് ദുർബ്ബലരുടെ പ്രതികാരമായിരുന്നു.

യേശുവിന്റെ കാലത്ത് ഇരുവർഗ്ഗങ്ങളും തമ്മിൽ ശത്രുത നിലനിന്നു. ജറുസലെമിൽ നിന്ന് ഗലീലിയിലേക്ക് പോകാൻ എളുപ്പവഴി സമറിയായിലൂടെ ആയിരുന്നെങ്കിലും യഹൂദർ സാധാരണ സമറിയാ ഒഴിവാക്കി, ജോർദ്ദാൻ നദീതീരത്തിലൂടെയുള്ള വളഞ്ഞ വഴിക്കാണ് യാത്ര ചെയ്തിരുന്നത്. ഇപ്രകാരം അധഃകൃതനും വർഗ്ഗശത്രുവും അശുദ്ധനും അവിശ്വാസിയുമായി യഹൂദർ മുദ്ര കുത്തിയിരുന്ന ഒരു സമറിയാക്കാരനെ തന്റെ കഥയിൽ യേശു മുഖ്യകഥാപാത്രമാക്കിയതുവഴി കേൾവിക്കാർക്കുണ്ടാകാവുന്ന അമ്പരപ്പ് ചെറുതല്ല.

മറ്റു രണ്ടു കഥാപാത്രങ്ങളെപ്പോലെ തന്നെയാണ് സമറിയാക്കാരനും ആ വഴി വന്നത്. എന്നാൽ അയാളുടെ പ്രതികരണം തികച്ചും വ്യത്യസ്തമായിരുന്നു. "മനസ്സലിഞ്ഞു" എന്നതാണ് സമറിയാക്കാരന്റെ സവിശേഷത. ഉദരകോശങ്ങൾ വലിഞ്ഞുമുറുകി അതികഠിനമായ വേദന പെട്ടെന്നുണ്ടാകുന്നതിനെ സൂചിപ്പിക്കു

ന്നതാണ് ഗ്രീക്കുമൂലം. മനസിനെയും ശരീരത്തെയും ഒരുപോലെ ബാധിക്കുന്ന അതിശക്തമായ വികാരം. അവിടെയാണ് തുടക്കം. അനുകമ്പ, കരുണ, ആർദ്രത എന്നൊക്കെ ഇതിനെ വിവർത്തനം ചെയ്യാം. അപരന്റെ ദുരവസ്ഥയിൽ ഉണ്ടാകുന്ന കഠിനമായ വേദന, അതു പരിഹരിക്കാൻ നിർബന്ധിക്കുന്ന ആന്തരിക പ്രചോദനം. പിന്നെ എല്ലാം തിടുക്കത്തിൽ സംഭവിക്കുന്നു.

ശവത്തെതൊട്ട് അശുദ്ധനായേക്കും എന്ന ചിന്തയില്ല; കവർച്ചക്കാർ തന്നെയും ആക്രമിച്ചേക്കും എന്ന ഭയമില്ല; സമയ നഷ്ടം, ധനനഷ്ടം, തനിക്കുണ്ടാകാവുന്ന അസൗകര്യങ്ങൾ യാതൊന്നും അയാൾക്കു തടസ്സമാകുന്നില്ല. വഴിയിൽ കിടക്കുന്ന ഹതഭാഗ്യന്റെ ജീവൻ രക്ഷിക്കണം എന്ന ഒരേയൊരു ചിന്ത മാത്ര മാണ് അയാളെ നയിക്കുന്നത്. ആസന്നമരണന്റെ ജാതി ചോദി ക്കുന്നില്ല; അയാളുടെ ജീവൻ രക്ഷിച്ചതുകൊണ്ട് തനിക്കെന്തു ലാഭം എന്ന ചിന്തയുമില്ല. ഒന്നുമാത്രം. രക്തം വാർന്ന് ജീവൻ പോകുന്നതിനുമുമ്പേ അയാളെ രക്ഷിക്കണം. തികച്ചും മാനുഷി കമായ ചിന്ത. അതിന് മതാത്മകതയുടെ പരിവേഷമില്ല; ഭക്തി യുടെ ആവരണമില്ല; പിന്നീടു ലഭിച്ചേക്കാവുന്ന നിത്യസമ്മാന ത്തെക്കുറിച്ചുള്ള പ്രതീക്ഷയുമില്ല. ഇതാണ് സമറിയാക്കാരന്റെ ചിത്രം.

അയാൾ എല്ലാം തിടുക്കത്തിൽ ചെയ്തു. കഴുതപ്പുറത്തുനിന്ന് താഴെയിറങ്ങി. മുറിവിൽ വീഞ്ഞൊഴിക്കുന്നത് സാംക്രമിക രോഗാ ണുക്കളെ നശിപ്പിക്കുന്നതിനു (disinfect) വേണ്ടിയാണ്; എണ്ണ പുരട്ടുന്നത് വേദന കുറയ്ക്കാനും മുറിവുണക്കാനും സഹാ യിക്കും. ഇതൊക്കെ പ്രാഥമികശുശ്രൂഷമാത്രം. ഇതുകൊണ്ടു തൃപ്തിപ്പെടാതെ അയാളെ തന്റെ കഴുതപ്പുറത്തുകയറ്റി, സത്ര ത്തിൽ കൊണ്ടുപോയി ശുശ്രൂഷിക്കുന്നു. പൂർണ്ണാരോഗ്യം വീണ്ടെ ടുക്കുന്നതുവരെ ശുശ്രൂഷിക്കാൻ ആവശ്യമായ തുകയും നൽകി യാണ് സമറിയാക്കാരൻ രംഗം വിടുന്നത്.

മനോഹരമായ കഥയുടെ അപ്രതീക്ഷിതമായ മുന്നേറ്റത്തിൽ സ്വയം മറന്നു കേട്ടിരുന്ന നിയമജ്ഞൻ യേശുവിന്റെ ചോദ്യം കേട്ട് അക്ഷരാർത്ഥത്തിൽ ഞെട്ടിയിട്ടുണ്ടാവും. കവർച്ചക്കാരുടെ കയ്യിൽപ്പെട്ട ആ മനുഷ്യന് ഈ മൂവരിൽ ആരാണ് അയൽക്കാര നായി വർത്തിച്ചത്? സ്വയം അശുദ്ധമാകുമെന്നു ഭയന്നിട്ടോ എന്ന റിയില്ല, സമറിയാക്കാരൻ എന്ന പേര് അയാൾ പറയുന്നില്ല. അവ

നോടു കരുണ തോന്നിയവൻ എന്ന മറുപടി യേശുവിനും പൂർണ്ണമായും സ്വീകാര്യമായിരുന്നു. തുടർന്ന് വരുന്നതാണ് കഥയുടെ മർമ്മം. "നീയും പോയി അതുപോലെ ചെയ്യുക." നിത്യജീവൻ അവകാശമാക്കാൻ ഇതു മാത്രമാണ് ഏകമാർഗ്ഗം.

ഈ കഥ വ്യക്തമായൊരു നിർദ്ദേശം നൽകുന്നതോടൊപ്പം കപടമതാത്മകതയ്ക്കെതിരേ ഉയർത്തുന്ന ശക്തമായ പ്രതിഷേധവും നിഷേധവും കാണാതെ പോകരുത്. നമ്മുടെ ജീവിതപാതയിൽ നാം കണ്ടുമുട്ടുന്ന മുറിവേറ്റവരെ അവഗണിച്ച് ചെന്നാൽ ദേവാലയത്തിൽ ദൈവത്തെ കണ്ടെത്താൻ കഴിയുകയില്ല. നിത്യജീവനിലേക്കു നയിക്കുന്ന വഴി കടന്നുപോകുന്നത് മുറിവേറ്റവരിലൂടെയാണ്. അന്തിമവിധിയുടെ മാനദണ്ഡവും മറ്റൊന്നല്ല എന്ന് മത്താ 25,31-46 ൽ പറഞ്ഞു വച്ചിരിക്കുന്നതും ഇതിനോട് കൂട്ടി വായിക്കണം. "ഈ എളിയ സഹോദരരിൽ ഒരുവനു ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്, ചെയ്യാതിരുന്നത്" എന്ന വിധിവാചകം സമറിയാക്കാരന്റെ കഥയുടെ വിശദീകരണമായി കാണേണ്ടതാണ്.

സമറിയാക്കാരന്റെ കഥയുടെ ഒരനുബന്ധമായി അടുത്തകാലത്തു വായിച്ച ഒരു വിശദീകരണം ശ്രദ്ധേയമായി തോന്നുന്നു. രണ്ടു ദേനാറായും കൊടുത്ത് സത്രത്തിൽ നിന്നുപോയ സമറിയാക്കാരന്റെ വഴിയിൽ വീണ്ടും അതാ കിടക്കുന്നു മറ്റൊരു മുറിവേറ്റവൻ! അയാളെയും സത്രത്തിലെത്തിച്ചു. അങ്ങനെ പലരെയും എത്തിച്ചപ്പോൾ സത്രക്കാരൻ പറഞ്ഞു, ഇത് ആശുപത്രിയല്ല, വഴിയമ്പലമാണ്. ഇനി ആളെ എടുക്കാനാവില്ല. ഇത് പുതിയൊരാശയം നൽകി. വഴിയിൽ വീഴുന്ന മുറിവേറ്റവരെ ശുശ്രൂഷിക്കാൻ ഒരാശുപത്രി! ജറുസലെം ജെറിക്കോ റോഡിലും നാട്ടിലെ മറ്റു പല റോഡുകളിലും ഇതുപോലെ മുറിവേറ്റു വീഴുന്നവർക്കുവേണ്ടി ഒരാശുപത്രി ശൃംഖല തന്നെ തുടങ്ങി. "ഗുഡ് സമാറിറ്റൻ ഹോസ്പിറ്റൽ ചെയിൻ". ഇരുളിന്റെ മറവിലാണ് കവർച്ച അധികവും നടക്കുന്നതെന്നറിഞ്ഞതിനാൽ വഴിവിളക്കുകൾ സംഘടിപ്പിച്ചു. വഴികളിൽ റോന്തു ചുറ്റാൻ കാവൽപ്പടയെയും നിശ്ചയിച്ചു. പക്ഷേ ഇതുകൊണ്ടൊന്നും കവർച്ചയോ മുറിവേറ്റവരുടെ എണ്ണമോ കുറഞ്ഞില്ല. അപ്പോഴാണ്, ഒരു സായാഹ്നത്തിൽ താൻ കൂലി കൊടുക്കുന്ന കാവൽക്കാരിൽ ഒരുവൻ മുഖംമൂടി ധരിച്ച ഒരുവനിൽനിന്ന് ഒളിച്ചുനിന്ന് പണം കൈപ്പറ്റുന്നതു കണ്ടത്. അതോടെ തന്റെ നാളിതുവരെയുള്ള കഷ്ടപ്പാടും അധ്വാ

നവും എല്ലാം വ്യർത്ഥമായി എന്നു കരുതിയ പാവം സമറിയാക്കാരൻ നിരാശനായി വീട്ടിലേക്കു മടങ്ങി.

മടങ്ങുംവഴി ഒരു സംഘം ആളുകൾ എതിരേ വരുന്നു. അടുത്തു വന്നപ്പോൾ കണ്ടു ഓരോരുത്തരുടെയും തോളിൽ ഓരോ കോടാലി. മുമ്പിൽ നടന്ന ആളോടു ചോദിച്ചു, നിങ്ങൾ ആരാണ്? സമറിയാക്കാരനെ നന്ദിപൂർവ്വം സൂക്ഷിച്ചുനോക്കിയിട്ട് മുമ്പൻ പറഞ്ഞു. എന്നെ അറിയില്ലേ? വർഷങ്ങൾക്കുമുമ്പ് അന്നൊരിക്കൽ ജറുസലെം-ജെറിക്കോ റോഡിൽ രക്തം വാർന്നു കിടന്നവനാണ് ഞാൻ. അതുപോലെ നല്ല ശമറായൻ ആശുപത്രികളിലൂടെ സൗഖ്യം പ്രാപിച്ചവരാണ് ഇവരെല്ലാം. നിങ്ങൾ എങ്ങോട്ടാണ് കോടാലിയുമായി? "ഞങ്ങൾ വേരുകൾ തേടി ഇറങ്ങിയതാണ്. ഈ അക്രമത്തിന്റെയും കവർച്ചയുടെയും ഇരകളെ ശുശ്രൂഷിച്ചാൽ പോരാ, ഈ അവസ്ഥാവിശേഷത്തിന്റെ വേരുകൾ മുറിച്ചു മാറ്റിയേ മതിയാകൂ! ഞങ്ങൾ അതിനായി ഇറങ്ങിയതാണ്". എവിടെയാണ് ആ വേരുകൾ? കണ്ടുപിടിക്കേണ്ടതും മറുപടി പറയേണ്ടതും നാം ഓരോരുത്തരുമാണ്.

# 35

## ശ്ലീഹാക്കാലം 4 – ാം ഞായർ

## പിതാവിന്റെ പൂർണ്ണത: കരുണ

**(ലൂക്കാ 6,27 – 36)**

പുതിയനിയമത്തിന്റെ കേന്ദ്രം എന്നു വിശേഷിപ്പിക്കാവുന്ന ഒരു പ്രമേയമാണ് ഇന്നത്തെ വിചിന്തനത്തിനായി സഭ നിർദ്ദേശിച്ചിരിക്കുന്നത്. മത്തായി എഴുതിയ സുവിശേഷത്തിലെ അഞ്ചു പ്രസംഗങ്ങളിൽ ആദ്യത്തേത് "മലയിലെ പ്രസംഗം" എന്നറിയപ്പെടുന്നു. അത് ദൈവരാജ്യത്തിന്റെ സുവിശേഷമായ പുതിയ നിയമം സംക്ഷിപ്തമായി അവതരിപ്പിക്കുന്നുണ്ട്. 110 വാക്യങ്ങളിൽ മത്തായി അവതരിപ്പിക്കുന്ന പ്രസംഗം ലൂക്കാ 30 വാക്യങ്ങളിലായി ഒതുക്കിപ്പറയുന്നതിന്റെ കേന്ദ്രഭാഗമാണ് ഇന്നത്തെ വായന. അവതരണത്തിന്റെ ദൈർഘ്യത്തിൽ മാത്രമല്ല, സാഹചര്യത്തിലും, ഊന്നലുകളിലും ലൂക്കാ തനതാത്മകത പാലിക്കുന്നതു കാണാം.

രാത്രി മുഴുവൻ ദീർഘിച്ച പ്രാർത്ഥനയ്ക്കുശേഷം, ശിഷ്യഗണത്തിൽനിന്നു പന്ത്രണ്ടുപേരെ വിളിച്ച് വേർതിരിച്ച് അപ്പസ്തോലന്മാരെന്ന പേരും നൽകി, തന്റെ അടുത്ത സഹപ്രവർത്തകരും വക്താക്കളുമാകാൻ നിശ്ചയിച്ചതിനു പിന്നാലെയാണ് പ്രസംഗം അവതരിപ്പിച്ചിരിക്കുന്നത്. മത്തായിയുടെ വിവരണം അനുസരിച്ച് മലയിലേക്കു കയറി അവിടെ ഇരുന്ന യേശുവിന്റെ അടുക്കലേക്ക് ശിഷ്യന്മാർ കയറിവന്നു. അവിടെ ഇരുന്നു പ്രസംഗിക്കുന്നത് ദൈവരാജ്യത്തെക്കുറിച്ചുള്ള ആധികാരികമായ ദൈവിക വെളിപ്പെടുത്തലായി കരുതണം. എന്നാൽ ലൂക്കായുടെ വിവരണങ്ങളിൽ ശിഷ്യന്മാരോടൊപ്പം യേശു താഴ്വരയിലേക്ക് ഇറങ്ങിവന്ന് അവിടെ സമ്മേളിച്ചിരുന്ന ജനക്കൂട്ടത്തിന്റെ മധ്യേ നിന്നു.

തലസ്ഥാന നഗരിയിൽനിന്നും വിദേശങ്ങളിൽനിന്നുപോലും യേശുവിന്റെ അടുക്കൽ ജനങ്ങൾ വന്നിരുന്നു. അവർ വന്നതിനു രണ്ടു ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു. 1. വചനം ശ്രവിക്കുക. 2. രോഗ ശാന്തി നേടുക. എന്നും പ്രസക്തമായ രണ്ടു പ്രമേയങ്ങൾ. ദാഹി ക്കുന്ന ജനത്തിന്റെ മധ്യത്തിലേക്ക് ഇറങ്ങിവന്ന് അവരുടെ ദാഹം പൂർണ്ണമായി ശമിപ്പിക്കുന്ന യേശുവിന്റെ ചിത്രം ലൂക്കാ സുവി ശേഷകൻ വരച്ചുകാട്ടുന്നു (ലൂക്കാ 6,17-19). സമതലത്തിലെ പ്രസം ഗത്തിന്റെ ആമുഖമാണ് ഈ പശ്ചാത്തലവിവരണം. തുടർന്ന് വച നപ്രഘോഷണം ചുരുക്കമായി അവതരിപ്പിക്കുന്നു.

സുവിശേഷ ഭാഗ്യങ്ങൾ (6,20-26), ശത്രുക്കളെ സ്നേഹിക്കുക (6,27-36), അന്യരെ വിധിക്കരുത് (6,37-42), ഫലമാണ് പ്രധാനം (6,43-45), ഉറച്ച അടിസ്ഥാനം (6,44-49) എന്നിങ്ങനെ അഞ്ചുഭാഗ ങ്ങളായിട്ടാണ് സമതലത്തിലെ പ്രസംഗം അവതരിപ്പിച്ചിരിക്കു ന്നത്. അതിൽ രണ്ടാംഭാഗമാണ് ഇന്നത്തെ ധ്യാനവിഷയം.

സുവിശേഷ ഭാഗ്യങ്ങൾ എന്ന ശീർഷകത്തിനു കീഴിൽ മത്തായി ഒമ്പതു കാര്യങ്ങൾ പറഞ്ഞുവച്ചു (മത്താ 5,1-12). തൽസ്ഥാനത്ത് ലൂക്കാ നാലു ഭാഗ്യങ്ങളും നാലു ദുരിതങ്ങളും (ലൂക്കാ 6,20-26) അവതരിപ്പിക്കുന്നു. മത്തായിയുടെ സുവിശേ ഷത്തിൽ ഒരു പൊതുതത്വം പോലെ അവതരിപ്പിച്ച ഭാഗ്യങ്ങൾ (ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ) ലൂക്കാ ശിഷ്യന്മാർക്കു വ്യക്തിപരമായി നൽകുന്ന പ്രബോധനമായി അവതരിപ്പിക്കുന്നു. യേശു ശിഷ്യത്വം സ്വീകരിക്കുന്നവർക്കു നൽകുന്ന നിർദ്ദേശ ങ്ങളും, വാഗ്ദാനങ്ങളും, താക്കീതുകളുമാണിത്. നിങ്ങളുടെ അവസ്ഥ എത്രയോ അനുഗൃഹീതം അഥവാ സന്തോഷപ്രദം എന്നാണ് ഭാഗ്യവാന്മാർ എന്ന ഉദ്ഘോഷണത്തിനർത്ഥം.

സുവിശേഷ ഭാഗ്യങ്ങൾ ലൂക്കായുടെ അവതരണത്തിൽ നാലു ഭാഗ്യങ്ങളും അവയ്ക്കു വിരുദ്ധമായി നിൽക്കുന്നു നാലു ദുരിതങ്ങളുമായി മാറി (ലൂക്കാ 6,20-26). നിങ്ങളുടെ നില എത്രയോ ദയനീയം, പരിതാപകരം എന്നത്രേ "ദുരിതം!" എന്ന വിലാപത്തിനർത്ഥം രണ്ടും ഭാവിയിൽ സംഭവിക്കാനിരിക്കുന്നവ എന്നതിലുപരി ഇപ്പോൾത്തന്നെ സംഭവിക്കുന്ന യാഥാർത്ഥ്യം എന്ന നിലയിലാണ് ലൂക്കാ അവതരിപ്പിക്കുന്നത്. യേശു പ്രഘോ ഷിച്ച സുവിശേഷത്തിന്റെ കാതലാണ് ഈ ഭാഗ്യം-ദുരിതം ഉദ്ഘോഷങ്ങൾ. തുടർന്ന് സുവിശേഷഭാഗ്യം സ്വന്തമാക്കാൻ ആവ

ശ്യകമായ നിബന്ധനകൾ അവതരിപ്പിക്കുന്നു. അതാണ് ഇന്നത്തെ ധ്യാനവിഷയം.

"എന്റെ വാക്കു ശ്രവിക്കുന്ന നിങ്ങളോടു ഞാൻ പറയുന്നു" എന്ന ആമുഖവാക്യം തന്നെ ശിഷ്യത്വത്തിന്റെ പ്രാധാന്യം എടുത്തുകാട്ടുന്നു. മാത്രമല്ല, ശിഷ്യർക്കുണ്ടായിരിക്കേണ്ട സുപ്രധാന സവിശേഷതകളാണ് തുടർന്നു പറയാൻ പോകുന്നത് എന്ന് അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. "ശത്രുക്കളെ സ്നേഹിക്കുവിൻ" എന്ന ആഹ്വാനം ഒരു ആമുഖമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത് (6,22). പ്രബോധനത്തിന്റെ ഉപസംഹാരമായി ഇതേ വാക്കുകൾ വീണ്ടും ആവർത്തിച്ചുകൊണ്ട് (6,35) അവയ്ക്കുമധ്യേ പറയുന്ന കാര്യങ്ങൾ ഈ പ്രമേയത്തിന്റെ വിശദീകരണമാണെന്ന് സൂചിപ്പിക്കുന്നു. ശിഷ്യത്വത്തിന്റെ മുഖമുദ്രയായിരിക്കേണ്ട ഏഴു കാര്യങ്ങൾ അക്കമിട്ടു പറഞ്ഞതിനുശേഷം അവയെല്ലാംകൂടി "മറ്റുള്ളവർ നിങ്ങളോടു എങ്ങനെ പെരുമാറണം എന്നാഗ്രഹിക്കുന്നുവോ അങ്ങനെതന്നെ നിങ്ങൾ മറ്റുള്ളവരോടും പെരുമാറുവിൻ" എന്ന മഹാവാക്യത്തിൽ സംഗ്രഹിച്ചതിനുശേഷമാണ് ശത്രുക്കളെ സ്നേഹിക്കുവിൻ എന്ന ആഹ്വാനം ആവർത്തിക്കുന്നത്. ഇതിന്റെയെല്ലാം സംഗ്രഹവും ഉപസംഹാരവുമായി മറ്റൊരു മഹാവാക്യം "നിങ്ങളുടെ പിതാവു കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (6,36) അവതരിപ്പിച്ചിരിക്കുന്നു.

യേശു ഉദ്ഘാടനം ചെയ്ത ദൈവരാജ്യത്തിന്റെയും അതിൽ പ്രവേശിക്കാൻ, അഥവാ ദൈവരാജ്യനുഭവത്തിൽ പങ്കുചേരാൻ ആവശ്യമായ ജീവിതശൈലിയുടെയും പുതുമ അതിന്റെ പൂർണ്ണതയിൽ പ്രകടമാക്കുന്നതാണ് ശത്രുക്കളെ സ്നേഹിക്കുവിൻ എന്ന കല്പന. പഴയനിയമവുമായി ഇതിനുള്ള വ്യത്യാസം മത്തായി എടുത്തുകാട്ടുന്നുണ്ട് (ത്താ 5,43-44). "പൂർവ്വികരോടു പറയപ്പെട്ടതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ... എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു" എന്ന മുഖവുരയോടെ ആറുതവണ മത്തായി ആവർത്തിക്കുന്ന ഈ പ്രമേയം (മത്താ 5,21-46) വ്യത്യസ്തമായ രീതിയിലാണ് ലൂക്കാ അവതരിപ്പിക്കുന്നത്. ഇവിടെ വ്യത്യാസം പഴയ ഇസ്രായേലും യേശുവിന്റെ ശിഷ്യഗണമായ സഭയും തമ്മിലല്ല, മറിച്ച് ശിഷ്യന്മാരും ശിഷ്യരല്ലാത്തവരും (പാപികൾ) തമ്മിലാണ്. ശിഷ്യത്വത്തിന്റെ തനതാത്മകതയാണ് ഇവിടെ ശ്രദ്ധാകേന്ദ്രം.

എടുത്തു പറയുന്ന ഏഴുകാര്യങ്ങൾ അനുദിനജീവിത്തിൽ ശിഷ്യത്വം എങ്ങനെ പ്രകടമാക്കണം എന്ന് അനുശാസിക്കുന്നു. ശത്രുസ്നേഹം എന്നത് വെറും ഒരു വികാരത്തിലോ, പ്രതികാരം ചെയ്യാത്ത നിഷ്ക്രിയത്വത്തിലോ, നിസംഗതയിലോ, ഒതുക്കി നിർത്താവുന്നതല്ല. യാതൊരു വിശദീകരണവും ആവശ്യമില്ലാത്തത്ര ലളിതമാണ് യേശു ആവശ്യപ്പെടുന്ന ഏഴു കാര്യങ്ങൾ. ദ്വേഷിക്കുന്നവർക്കു നന്മ ചെയ്യുക- മനോഭാവത്തിൽ വരുന്ന മാറ്റം പ്രവൃത്തിയിൽ പ്രകടമാകണം. ശപിക്കുന്ന ശത്രുവിനെ അനുഗ്രഹിക്കണം. നിനക്കെതിരേ തിന്മ ചെയ്യുകയും നിനക്കു നാശം ഭവിക്കട്ടെ എന്ന് ആഗ്രഹിക്കുകയും പറയുകയും ചെയ്യുന്നവർക്കു ദൈവനാമത്തിൽ നന്മനേരണം. ജനസമൂഹത്തിൽ നിന്നെ അപഹാസ്യനാക്കിത്തീർക്കുംവിധം അധിക്ഷേപിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കണം. പ്രതികാരം ചെയ്യുന്നതിലല്ല, നിരുപാധികം ക്ഷമിക്കുകയും ആ ക്ഷമ മനോഭാവത്തിലും സമീപനത്തിലും പ്രവൃത്തിയിലും പ്രകടമാക്കുകയും ചെയ്യുന്നതിലാണ് ശിഷ്യത്വത്തിന്റെ മഹത്വം പ്രകടമാകുന്നത്. പോരാ, ഈ ഒരു മനോഭാവത്തിലൂടെയും തജ്ജന്യമായ പ്രവൃത്തികളിലൂടെയും മാത്രമേ നീതിനിഷ്ഠവും സമാധാനപൂർണ്ണവും സന്തോഷപ്രദവുമായ ഒരു സമൂഹജീവിതം സാധ്യമാകൂ.

ക്രിസ്തുശിഷ്യന്മാരുടെ ജീവിതം മറ്റുള്ളവരുടേതിൽനിന്നു വ്യത്യസ്തമായിരിക്കണം. സ്നേഹം, നന്മപ്രവൃത്തി, വായ്പ കൊടുക്കൽ എന്ന മൂന്നു പ്രവൃത്തികൾ ഉദാഹരണമായി എടുത്തുകാട്ടുന്നു (6,32-36). ഇതിനെല്ലാം ഒരു കാരണമുണ്ട്. നിങ്ങൾ യഥാർത്ഥത്തിൽ ആരാണ്, ആരാകാൻ വിളിക്കപ്പെട്ടവരാണ് എന്ന അവബോധം. രണ്ടു വാഗ്ദാനങ്ങളാണ് ഇതുമായി ബന്ധപ്പെടുത്തി നൽകുന്നത്; അല്ല, ഒരു വാഗ്ദാനം രണ്ടുതരത്തിൽ അവതരിപ്പിക്കുന്നത്. “അപ്പോൾ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും”. എന്താണ് ഈ വലിയ പ്രതിഫലം? നിങ്ങൾ അത്യുന്നതന്റെ പുത്രന്മാരായിരിക്കും. ദൈവമക്കളാകാനുള്ള അവസരവും അവകാശവുമാണ് യേശു വച്ചുനീട്ടുന്നത്. അതിനുള്ള ഏക ഉപാധി ശത്രുക്കളെ സ്നേഹിക്കുക എന്നതുമാത്രം.

മക്കളാണെങ്കിൽ അവരുടെ ജീവിതത്തിൽ പിതാവിന്റെ സ്വഭാവം പ്രകടമാകണം. പിതാവായ ദൈവത്തിന്റെ ഒരേയൊരു സ്വഭാവ വിശേഷതയിലാണ് യേശു ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ദൈവത്തിന്റെ സർവ്വശക്തിയോ, സർവ്വജ്ഞാനമോ ഒന്നുമല്ല,

എല്ലാവരോടും കരുണകാണിക്കുന്ന, പരിധിയില്ലാത്ത സ്നേഹം. "അവിടുന്ന് നന്ദിഹീനരോടും ദുഷ്ടരോടും കരുണ കാണിക്കുന്നു" (6,35). ഇതു തന്നെയാണ് ശിഷ്യൻ അനുകരിക്കേണ്ടത്. ഈ അവതരണത്തിൽ ലൂക്കായുടെ തനതായ വീക്ഷണവും പ്രത്യക്ഷമാകുന്നുണ്ട്.

പഴയതിനെ മറികടക്കുന്ന പുതിയ നിയമസംഹിതയുടെ സംക്ഷേപമെന്ന നിലയിൽ, മലയിലെ പ്രസംഗത്തിന്റെ ആദ്യഭാഗത്ത് മത്തായി ഒരു മഹാവാക്യം രേഖപ്പെടുത്തിയിട്ടുണ്ട്. "സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (മത്താ 5,48). പ്രത്യക്ഷത്തിൽ അസാധ്യം എന്നു തോന്നാവുന്നതാണ് ഈ കല്പന. കേവലം സൃഷ്ടിയും പാപത്തിലേക്കുള്ള ആകർഷണം ജനനം മുതലേ ലഭിച്ചവനുമായ മനുഷ്യന് എങ്ങനെ ദൈവത്തെപ്പോലെ പരിപൂർണ്ണനാകാൻ കഴിയും?

അപ്രാപ്യമായ പ്രകാശത്തിൽ വസിക്കുന്നവൻ, സർവ്വശക്തൻ, സ്രഷ്ടാവ്, പരിപാലകൻ, സൃഷ്ടികൾക്കെല്ലാം അതീതനായി നിൽക്കുന്ന സർവ്വാതിശായി. എണ്ണിയാൽ തീരാത്ത വിശേഷണങ്ങൾ ദൈവത്തിനു നാം നൽകാറുണ്ട്. ആ ദൈവത്തെപ്പോലെ പരിപൂർണ്ണനാകുക? തികച്ചും അസാധ്യം എന്നേ പറയാനാകൂ! അപ്പോൾ മനുഷ്യന് അസാധ്യമായ ഒരു കല്പന യേശു ശിഷ്യന്മാർക്കു നൽകുന്നതിന്റെ സംഗത്യവും ചോദ്യം ചെയ്യപ്പെടാം. അതിനാൽ പിതാവിനെപ്പോലെ പരിപൂർണ്ണരാകുവിൻ എന്ന കല്പന എന്താണ് അർത്ഥമാക്കുന്നതെന്നു വിശദീകരിക്കുക ആവശ്യമായി വരുന്നു. ആ വിശദീകരണമാണ് ലൂക്കായുടെ അവതരണത്തിലുള്ളത്.

മനുഷ്യന് അപ്രാപ്യവും അസാധ്യവുമായ ഏതെങ്കിലും ഒരു വിശേഷണമല്ല യേശു ആവശ്യപ്പെടുന്നത്. മറിച്ച് ഏവർക്കും ആവശ്യവും സാധ്യവും സമൂഹത്തിന്റെ നിലനിൽപിന് ഒഴിച്ചുകൂടാനാവാത്തതുമായ കരുണ. അതാണ് ശിഷ്യർ അനുകരിക്കേണ്ട പിതാവിന്റെ സവിശേഷത. പരിപൂർണ്ണതകൊണ്ട് എന്താണർത്ഥമാക്കുന്നതെന്ന് അനേകം ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കിയതിനുശേഷമാണ് മത്തായിയും ഈ കല്പന അവതരിപ്പിക്കുന്നത് എന്ന കാര്യം (മത്താ 5,43-48) ശ്രദ്ധിക്കാതെ പോകരുത്. ശിഷ്ടരുടെയും ദുഷ്ടരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും നീതി

മാന്മാരുടെയും നീതിരഹിതരുടെയും മേൽ മഴ പെയ്യിക്കുകയും ചെയ്യുന്ന സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരണം, അതിനുവേണ്ടി എല്ലാവരെയും, പ്രത്യേകിച്ച് ശത്രുക്കളെയും സ്നേഹിക്കണം ഇതാണ് മത്തായിയുടെ ഭാഷ്യത്തിൽ യേശു വരച്ചുകാട്ടുന്ന പരിപൂർണ്ണത. ഇതിനെ സംശയാതീതമാംവിധം മനസിലാക്കാൻ വേണ്ടി ലൂക്കാ "കരുണ" എന്ന വിശേഷണം ഉപയോഗിക്കുന്നു.

ദൈവത്തിന്റെ സ്വഭാവത്തെ ചിത്രീകരിക്കാൻ ബൈബിൾ ഏറ്റം അധികം ഉപയോഗിക്കുന്ന പദമാണ് കരുണ. *ഒയിക്തിർമ്മോൺ* (Oiktirmon) എന്ന ഗ്രീക്കുപദമാണ് "കരുണ" എന്നു വിവർത്തനം ചെയ്യുന്നത്. ഈ ഗ്രീക്കുപദമാകട്ടെ *"റഹമിം"* എന്ന ഹീബ്രുവാക്കിന്റെ വിവർത്തനമാണ്. മാതാവിന്റെ ഉദരം, ഗർഭപാത്രം, എന്നർത്ഥമുള്ള *"റെഹെം"* എന്ന വാക്കിൽനിന്നാണ് *"റഹമിം"* എന്ന വാക്കിന്റെ നിഷ്പത്തി. അമ്മയ്ക്ക് ഗർഭസ്ഥ ശിശുവിനോടുള്ള, ഉണ്ടായിരിക്കേണ്ട, മനോഭാവത്തെയാണ് ഇത് സൂചിപ്പിക്കുന്നത്.

കുഞ്ഞിന് സ്വന്തമായി ഒന്നുമില്ല; നിലനിൽപ്പില്ല. എല്ലാം അമ്മയിൽ നിന്നു ലഭിക്കണം. ഇപ്രകാരം ഒരവസ്ഥയാണ് ദൈവത്തിന്റെ മുമ്പിൽ മനുഷ്യന്റേത്. എല്ലാം ദാനമായി നൽകുന്ന ദൈവം അമ്മയെപ്പോലെയാണ്, ഗർഭസ്ഥ ശിശുവിനെ പരിപാലിക്കുന്ന അമ്മയെപ്പോലെ. ഈ ഒരു മനോഭാവമാണ് ശിഷ്യർ സ്വന്തമാക്കേണ്ടത്. ശിഷ്യരുടെ ജീവിതത്തിൽനിന്ന് ദൈവം ആരെന്ന് ലോകം അറിയണം. അപ്പോഴാണ് ശിഷ്യർ ദൈവമക്കളാകുന്നത്. ഈ സ്വഭാവ സവിശേഷതയാണ് കരുണ. അർഹത നോക്കാതെ സഹായിക്കുന്ന, ദാനം ചെയ്യുന്ന സ്നേഹം. മുറിവേറ്റ് രക്തംവാർന്ന് വഴിയിൽ കിടന്ന ഹതഭാഗ്യനോട് സമറിയാക്കാരനുണ്ടായ അനുകമ്പ. എല്ലാം നഷ്ടപ്പെടുത്തി, തകർന്ന ഹൃദയവും നാറുന്ന വസ്ത്രവുമായി മടങ്ങിവരുന്ന മകനോട് പിതാവിനു തോന്നുന്ന സ്നേഹം. വഴിതെറ്റി മുൾപ്പടർപ്പിൽപ്പെട്ട ആടിനോട് ഇടയനു തോന്നുന്ന ആർദ്രത-അതാണ് കരുണ.

ദൈവമക്കളും യേശുവിന്റെ ശിഷ്യ-സഹോദരങ്ങളുമാകാൻ അവശ്യം ആവശ്യമാണ് ഈ നിബന്ധന. വ്യക്തികളുടെയും കുടുംബങ്ങളുടെയും സഭാസമൂഹം മുഴുവന്റെയും ജീവിതത്തെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ട പരമമൂല്യമാണ് കരുണ.

ഈ ഒരേ ഒരു മാനദണ്ഡത്തിലായിരിക്കും ദൈവം വിധി പ്രസ്താവിക്കുക. "എനിക്കു വിശന്നു, നിങ്ങൾ എനിക്ക് ആഹാരം തന്നു; തന്നില്ല" (മത്താ 25,31–46). ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ഇതു പ്രകടമാകണം. മാതാപിതാക്കൾക്കു മക്കളോടും മക്കൾക്കു മാതാപിതാക്കളോടും കരുണയുണ്ടാകണം. എന്നെ വ്യക്തിതലത്തിലും സമൂഹതലത്തിലും വെറുക്കുകയും നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നവരോടും ഞാൻ കരുണ കാട്ടണം.

കരുണയുടെ പരിപ്രേക്ഷ്യത്തിൽനിന്ന് ആരെയും ഒഴിവാക്കാനാവില്ല. ഇതു ബലഹീനതയുടെയോ ഭീരുത്വത്തിന്റെയോ അടയാളമല്ല; മറിച്ച് വിശ്വാസത്തിൽനിന്നുത്തിരിയുന്ന സ്നേഹത്തിന്റെ ശക്തിയാണ് ഇവിടെ പ്രകടമാകുക. സമൂഹത്തിന്റെ നിലനിൽപിനും സുസ്ഥിതിക്കും കരുണ കൂടിയേ തീരൂ! ദൈവം എന്റെ പിതാവും സകല മനുഷ്യരും സഹോദരങ്ങളും ആണെന്ന വിശ്വാസത്തിൽനിന്നാണ് ഈ മനോഭാവം രൂപപ്പെടുക. ഇതു ദൈവം തന്നെ നൽകുന്ന ദാനമാണ്. സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളാകാൻ അവശ്യം പാലിക്കേണ്ട നിബന്ധന: "കരുണയുള്ളവർ ഭാഗ്യവാന്മാർ അവർക്കു കരുണ ലഭിക്കും" (മത്താ 5,7). "കാരുണ്യം കാണിക്കാത്തവന്റെ മേൽ കാരുണ്യരഹിതമായ വിധിയുണ്ടാകും. എങ്കിലും കാരുണ്യം വിധിയുടെ മേൽ വിജയം വരിക്കും" (യാക്കോബ് 2,13). പിതാവിനെപ്പോലെ കരുണയുള്ളവരാകാൻ പിതാവുതന്നെ നമ്മെ അനുഗ്രഹിച്ചു ശക്തരാക്കട്ടെ.

# 36

## ശ്ലീഹാക്കാലം 5 – ാം ഞായർ

## ഉൽക്കണ്ഠ വേണ്ടാ

(ലൂക്കാ 12,22 – 34)

സർവ്വസാധാരണമായ ഒരു മാനുഷിക പ്രശ്നത്തെയാണ് ഇന്നത്തെ സുവിശേഷഭാഗം അഭിസംബോധന ചെയ്യുന്നത്. ആഹാരം, വസ്ത്രം, പാർപ്പിടം എന്നിങ്ങനെയുള്ള ഏറ്റം അടിസ്ഥാനപരമായ മാനുഷികാവശ്യങ്ങളോട് ക്രിസ്തു ശിഷ്യർക്കുണ്ടായിരിക്കേണ്ട മനോഭാവം എന്താണെന്ന് യേശുനാഥൻ പഠിപ്പിക്കുന്നു. ഏവർക്കും സുഗ്രാഹ്യമാംവിധം അത്ര ലളിതവും വ്യക്തവുമാണ് ഈ ഗുരുമൊഴികൾ. മനുഷ്യർ നേരിടുന്ന ഉൽക്കണ്ഠകളും അവയുടെ കാരണങ്ങളും പ്രതിവിധിയും എടുത്തുകാട്ടിയതിനുശേഷം എന്തിനെക്കുറിച്ചാണ് ഏറ്റം അധികം ശ്രദ്ധിക്കേണ്ടത് എന്നും ഗുരുനാഥൻ പഠിപ്പിക്കുന്നു. മലയിലെ പ്രസംഗത്തിന്റെ ഭാഗമായി മത്തായി സുവിശേഷകനും ഈ വാക്യങ്ങൾ അവതരിപ്പിക്കുന്നുണ്ട് (മത്താ 6,25–34:19–21). എന്നാൽ ഇരു സുവിശേഷകന്മാരുടെയും അവതരണരീതിയിലും നൽകുന്ന ഊന്നലുകളിലും വ്യത്യാസങ്ങളുണ്ട്.

സഹോദരനുമായുള്ള സ്വത്തുതർക്കത്തിൽ ഇടപെടാൻ ആവശ്യപ്പെട്ടവനെ ഭൗതിക സമ്പത്തിന്റെ ക്ഷണികതയെക്കുറിച്ചും ദൈവസന്നിധിയിൽ സമ്പന്നനായിരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അനുസ്മരിപ്പിച്ചതിനുശേഷമാണ് (ലൂക്കാ 12,13–21) ധ്യാനവിഷയമായ തിരുമൊഴികൾ അവതരിപ്പിച്ചിരിക്കുന്നത്. ഒന്നിനെക്കുറിച്ചും ആകുലരാകേണ്ട, ഉൽക്കണ്ഠ വേണ്ടാ എന്ന് ഏറ്റം ലളിതമായ ഉദാഹരണങ്ങളിലൂടെ പഠിപ്പിക്കുന്നു. ഉൽക്കണ്ഠയുടെ കാരണങ്ങളും അതിനുള്ള പ്രതിവിധിയും നിർദ്ദേശിക്കുന്നു.

മനുഷ്യന്റെ ഏറ്റം പ്രാഥമികാവശ്യമാണല്ലോ ഭക്ഷണം. രണ്ടാ

മത്തേതാണ് തണുപ്പകറ്റാനും നാണം മറയ്ക്കാനും ആവശ്യമായ വസ്ത്രം. ജീവൻ നിലനിർത്താൻ ഭക്ഷണവും ശരീരം മറയ്ക്കാൻ വസ്ത്രവും ആവശ്യമാണെന്ന കാര്യവും രണ്ടിന്റെയും പ്രാധാന്യവും അംഗീകരിച്ചുകൊണ്ടുതന്നെയാണ് ഗുരുനാഥൻ ശിഷ്യരെ പഠിപ്പിക്കുന്നത്. ഇവയെക്കുറിച്ച് ചിന്തിക്കേണ്ടതില്ലെന്നോ, ഇവയ്ക്കുവേണ്ടി അധ്വാനിക്കേണ്ടാ എന്നോ ഒന്നുമല്ല യേശു പറയുന്നത്. ആഹാരവും വസ്ത്രവും എല്ലാവരുടെയും പ്രാഥമികാവശ്യങ്ങളാണ്. അവയ്ക്കുവേണ്ടി അധ്വാനിക്കുക എന്നത് തികച്ചും മാനുഷികവും. എന്നാൽ ഈ ചിന്തകൾ ആരെയും ആകുലരാക്കരുത് എന്ന് യേശു പഠിപ്പിക്കുന്നു. ആകുലത എന്നും ഉൽക്കണ്ഠ എന്നും വിവർത്തനം ചെയ്യുന്നത് *മെറിമ്നാവോ* (merimnao) എന്ന ഗ്രീക്കു പദമാണ്. മനസിനെ ഭാരപ്പെടുത്തുകയും ആന്തരിക ശക്തി ചോർത്തിക്കളഞ്ഞ് ഭയത്തിനടിമയാക്കുകയും ചെയ്യുന്ന ഒരു മനോഭാവമാണ് ഇവിടെ വിവക്ഷിക്കുന്നത്. ഇത് കഴിഞ്ഞ കാലത്തെ വേദനിപ്പിക്കുന്ന ഓർമ്മകളാകാം. ഭാവിയെ സംബന്ധിച്ച ഭയങ്ങളാകാം. രണ്ടും ആവശ്യമില്ല എന്ന് യേശു പഠിപ്പിക്കുന്നു. ഉൽക്കണ്ഠയും ഭയവും കൂടാതെ ജീവിക്കാൻ യേശു നൽകുന്ന പ്രതിവിധി ദൈവത്തിൽ വിശ്വസിക്കുക, ആശ്രയിക്കുക എന്നതത്രെ.

ജീവൻ നിലനിർത്താൻ ഭക്ഷണം ആവശ്യമാണ്; എന്നാൽ ജീവൻ ഭക്ഷണത്തെക്കാൾ വിലപ്പെട്ടതാണ്; അതുപോലെ വസ്ത്രം ശരീരത്തെക്കാളും. ജീവനും ശരീരവും നൽകിയ ദൈവം അവ രണ്ടും നിലനിർത്താനും പോഷിപ്പിക്കാനും ആവശ്യമായതും നൽകും എന്നു ചിന്തിക്കുക തികച്ചും സ്വാഭാവികമാണല്ലോ. ഏറ്റം ലളിതമായ ഈ സത്യം പ്രകൃതിയിലെ രണ്ട് ഉദാഹരണങ്ങളിലൂടെ യേശു വ്യക്തമാക്കുന്നു. ആകശത്തിലെ പറവകളും വയലിലെ ലില്ലികളും. കളപ്പുരയും കലവറയുമില്ലാത്ത കാക്കകളും നൂൽക്കുകയോ നെയ്യുകയോ ചെയ്യാത്ത ലില്ലികളും മനോഹരമായി പരിപാലിക്കപ്പെടുന്നുണ്ടെങ്കിൽ പിന്നെ അവയെക്കാൾ ആയിരം മടങ്ങു വിലപ്പെട്ട മനുഷ്യനെ ദൈവം പരിപാലിക്കാതിരിക്കുമോ? അതിനാൽ ഉൽക്കണ്ഠ വേണ്ടാ.

ആകുലതയും ഉൽക്കണ്ഠയും ആർക്കും ഒരു ഗുണവും ചെയ്യുന്നില്ല, മറിച്ച് വലിയ ദ്രോഹം ചെയ്തെന്നുവരും. നാളെ എന്തു സംഭവിക്കും എന്ന് ആർക്കും നിശ്ചയമില്ല. സംഭവിച്ചേക്കാം എന്നു ഭയപ്പെടുന്ന വിപത്തുകൾ ഒന്നും തന്നെ സംഭവിക്കണമെന്നില്ല. യഥാർത്ഥ സംഭവത്തെക്കാൾ സംഭവിച്ചേക്കാം എന്ന ഭയമാണ് മനുഷ്യനെ ദുർബ്ബലനും നിർവീര്യനുമാക്കുന്നത്. അതി

നാൽ ജീവിതം ദൈവകരങ്ങളിൽ സമർപ്പിച്ച്, നിർഭയരായി ജീവിക്കുക. ഞാൻ ചോദിക്കാതെ തന്നെ എനിക്കു ജീവൻ നൽകിയ ദൈവം എനിക്ക് ആവശ്യമായതെല്ലാം തരും എന്ന ഉറച്ച വിശ്വാസം ഭയത്തിനും ഉൽക്കണ്ഠയ്ക്കും അറുതി വരുത്തുന്നു.

"നിങ്ങൾക്ക് ഇതെല്ലാം ആവശ്യമാണെന്ന് നിങ്ങളുടെ പിതാവിനറിയാം". ഈ ബോധ്യമാണ് യേശു തന്റെ ശിഷ്യന്മാർക്ക് നൽകുന്നത്. ഈ ബോധ്യമാണ് ക്രിസ്തുശിഷ്യരെ മറ്റുള്ളവരിൽനിന്ന് വ്യത്യസ്തരാക്കേണ്ടത്. എല്ലാം അറിയുന്നവനും എല്ലാം കഴിയുന്നവനും എല്ലാവരെയും മക്കളായി സ്നേഹിക്കുന്നവനുമായ പിതാവിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുമ്പോൾ പിന്നെ ഒന്നിനെയും ഭയപ്പെടാനില്ല; ഒന്നിനെക്കുറിച്ചും ഉൽക്കണ്ഠയും ഉണ്ടാവുകയില്ല. ഉൽക്കണ്ഠയകറ്റുന്ന ഈ വിശ്വാസത്തോടൊപ്പം രണ്ടു കാര്യങ്ങൾകൂടെ യേശു ആവശ്യപ്പെടുന്നുണ്ട്. 1. ദൈവത്തിന്റെ രാജ്യം അന്വേഷിക്കുക. 2. തങ്ങൾക്കുള്ളത് മറ്റുള്ളവരുമായി പങ്കുവയ്ക്കുക. ഇതുവഴി ജീവിതം എന്നേക്കും സുരക്ഷിതമായിരിക്കും.

വിശ്വാസവും ദൈവാശ്രയവും നിഷ്ക്രിയത്വത്തിലേക്കോ അലസതയിലേക്കോ നയിക്കുന്നതാകരുത്. കാക്കകളും ലില്ലികളും ഉൽക്കണ്ഠപ്പെടുന്നില്ലെങ്കിലും തങ്ങളുടെ കഴിവിനൊത്ത് അധ്വാനിക്കുന്നുണ്ട്. വിതയ്ക്കുകയോ കൊയ്തു കളപ്പുരയിൽ ശേഖരിക്കുകയോ ചെയ്യാത്ത പറവകളും തീറ്റിതേടി അലയുന്നുണ്ട്. വെറുതെ ഇരുന്നാൽ പട്ടിണിയും മരണവുമാകും ഫലം. അതുപോലെ തന്നെ വയലിലെ പുൽചെടികളും അധ്വാനിക്കുന്നുണ്ട്. അവയുടെ വേരും തണ്ടും ഇലകളുമെല്ലാം നിരന്തരം അധ്വാനത്തിൽ വ്യാപൃതമാണ്. അതിനാൽ അധ്വാനം വേണ്ട എന്നല്ല, ആകുലത വെടിയുക എന്നാണ് യേശു പഠിപ്പിക്കുന്നത്. കഴിഞ്ഞതിനെ ഓർത്ത് ആകുലപ്പെടേണ്ടാ. അതു മാറ്റാൻ നമുക്കാവില്ല. വരാനിരിക്കുന്നതിനെക്കുറിച്ചു ആകുലരാവേണ്ടാ. അത് എന്തെന്ന് നമുക്കറിയില്ല. അതിനാൽ എല്ലാം അറിയുന്ന, എല്ലാം ക്ഷമിക്കുന്ന, ആവശ്യമായതെല്ലാം നൽകുന്ന പിതാവിന്റെ പരിപാലനയിൽ ആശ്രയിച്ച്, ലഭിച്ചിരിക്കുന്ന അറിവും കഴിവും സാഹചര്യങ്ങളും ഉപയോഗിച്ച് പരമാവധി അധ്വാനിക്കുക. അതു തന്നെയല്ലേ ദൈവരാജ്യം അന്വേഷിക്കുക എന്നാൽ? അപ്പോൾ ജീവിതം ദൈവകരങ്ങളിൽ സുരക്ഷിതമായിരിക്കും.

അനശ്വരമായ സമ്പത്ത് ശേഖരിക്കാനാണ് യേശു അടുത്ത

തായി ആവശ്യപ്പെടുന്നത്. കൊടുക്കുമ്പോഴാണ് നേടുന്നത് എന്ന ഒരു പുതിയ നിയമം യേശു പഠിപ്പിക്കുന്നു. തങ്ങൾക്കുള്ളത് ആവശ്യമനുഭവിക്കുന്നവരുമായി പങ്കുവയ്ക്കുമ്പോഴാണ് ഒരാൾ ദൈവസന്നിധിയിൽ സമ്പന്നനാകുന്നത്. സകല തിന്മകളുടെയും അടിസ്ഥാന കാരണമായ ധനമോഹത്തിന് (1 തിമോ 6,10) അങ്ങനെ യേശു തടയിടുന്നു. പങ്കുവയ്ക്കാൻ പ്രേരിപ്പിക്കുന്ന മനോഭാവം എന്താണെന്നും യേശു പഠിപ്പിക്കുന്നു. "നിങ്ങൾക്കു രാജ്യം നൽകാൻ നിങ്ങളുടെ പിതാവ് പ്രസാദിച്ചിരിക്കുന്നു". ശിഷ്യഗണം എന്നും ചെറിയ അജഗണമായിരിക്കും. എന്നാൽ ഭയം വേണ്ടാ, അവരെ പരിപാലിക്കുന്നതും സംരക്ഷിക്കുന്നതും സർവ്വശക്തനായ പിതാവാണ്. അവിടുത്തെ മക്കളാകുക, മക്കൾക്ക് അനുയോജ്യമായ ജീവിതം നയിക്കുക-ഇതാണ് ശിഷ്യർ ചെയ്യേണ്ടത്. ഹൃദയം തുറന്ന് സ്നേഹിക്കാനും കൈ അയച്ച് പങ്കുവയ്ക്കാനും തയ്യാറാകുമ്പോൾ ശിഷ്യർ യഥാർത്ഥ നിക്ഷേപത്തിന് ഉടമകളാകുന്നു. ആ നിക്ഷേപം ഒരിക്കലും നഷ്ടമാകില്ല; ആരും മോഷ്ടിക്കുകയോ നശിപ്പിക്കുകയോ ചെയ്യുകയുമില്ല.

യഥാർത്ഥ ശിഷ്യത്വത്തിന്റെ അളവുകോലായി ഒരു മഹാവാക്യവും യേശു നൽകുന്നുണ്ട്. "നിന്റെ നിക്ഷേപം എവിടെയോ, അവിടെ നിന്റെ ഹൃദയവും." എന്തിനെക്കുറിച്ചാണ് ഞാൻ ഏറ്റവും കൂടുതൽ ചിന്തിക്കുന്നത്? എന്തിലേക്കാണ് എന്റെ മനസ് ഏറ്റം കൂടുതൽ ആകർഷിക്കപ്പെടുന്നത്? എന്റെ പ്രാർത്ഥനകളിലെ പല വിചാരങ്ങളും അലസചിന്തകളിലെ പ്രധാന പ്രമേയങ്ങളും എന്ത്? അവയൊക്കെത്തന്നെയാണ് എന്റെ നിക്ഷേപങ്ങൾ, ഞാൻ അറിഞ്ഞോ അറിയാതെയോ വിലമതിക്കുന്ന കാര്യങ്ങൾ. ഹൃദയം എവിടെയാണെന്ന് കണ്ടെത്തിയാൽ എന്താണ് ഞാൻ വിലമതിക്കുന്ന നിക്ഷേപം എന്നു വ്യക്തമാകും. ഇവിടെയാണ് മാറ്റങ്ങൾ ആവശ്യമായി വരുന്നത്. ദൈവരാജ്യമായിരിക്കണം ഞാൻ ഏറ്റം കൂടുതൽ വിലമതിക്കുന്നതും, അന്വേഷിക്കുന്നതുമായ സമ്പത്ത്. "ദൈവരാജ്യം അന്വേഷിക്കുക" എന്നാൽ എന്നെ സംബന്ധിച്ച ദൈവഹിതം എന്തെന്നു മനസിലാക്കാനും അതനുസരിച്ച് ജീവിക്കാനും ശ്രമിക്കുക എന്നാണല്ലോ അർത്ഥം. "ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല, പ്രസ്തുത, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ്" (റോമ 14,17) എന്ന അപ്പസ്തോലന്റെ പ്രബോധനത്തോടു ചേർത്തു വായിക്കുമ്പോൾ എന്താണ് യഥാർത്ഥ നിക്ഷേപം എന്നും അത് എങ്ങനെ സ്വന്തമാക്കാം എന്നും വ്യക്തമാകും.

# 37

### ശ്ലീഹാക്കാലം 6 – ാം ഞായർ

## കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിയുക

### (ലൂക്കാ 12,57 – 13,5)

അനുദിനജീവിതത്തിൽ ദൈവം നൽകുന്ന അടയാളങ്ങൾ തിരിച്ചറിഞ്ഞ് വിവേകത്തോടെ ജീവിക്കാനുള്ള ആഹ്വാനമാണ് ഇന്നത്തെ വായനയ്ക്കായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സുവിശേഷഭാഗത്തിന്റെ മുഖ്യസന്ദേശം. ശിഷ്യത്വത്തെ സംബന്ധിച്ച പ്രബോധനത്തിന്റെ ഭാഗമായിട്ടാണ് ലൂക്കാ സുവിശേഷകൻ ഇതവതരിപ്പിച്ചിരിക്കുന്നത്. 12,1-48 ൽ ശിഷ്യത്വത്തെ സംബന്ധിച്ച വിവിധ നിർദ്ദേശങ്ങൾ നൽകുന്നു. ദൈവ പരിപാലനയിൽ ആശ്രയിക്കുക എന്നതാണ് മുഖ്യപ്രബോധനം. സ്വന്തം ജീവിതത്തിലൂടെ യേശുവിനു നിർഭയം സാക്ഷ്യം വഹിക്കാൻ ശിഷ്യൻ തയ്യാറായിരിക്കണം (12,1-12). നശ്വരമായ സമ്പത്തിൽ അല്ല, ദൈവത്തിലാണ് ആശ്രയിക്കേണ്ടത് (12,13-34). സദാ ജാഗ്രത പാലിക്കണം (12,35-46). ആരെയാണ് തങ്ങൾ അനുഗമിക്കുന്നത് എന്നു ശിഷ്യർ അറിഞ്ഞിരിക്കണം. യേശുവിനെ അനുഗമിക്കുന്നവർ എതിർപ്പുകൾ നേരിടേണ്ടിവരും. യേശു സ്വീകരിക്കുന്ന മരണമാകുന്ന സ്നാനത്തിൽ പങ്കുചേരുകയും, കത്തിച്ച തീയിൽ ശുദ്ധീകരിക്കപ്പെടുകയും ചെയ്യാൻ ഒരുങ്ങിയിരിക്കണം (12,49-53).

ശിഷ്യത്വത്തെക്കുറിച്ചുള്ള ഈ പ്രബോധനങ്ങളുടെ തുടർച്ചയാണ് ഇന്നത്തെ വായന. പഞ്ചാംഗം നിർദ്ദേശിച്ചിരിക്കുന്നത് ലൂക്കാ 12,57-13,5 ആണെങ്കിലും പ്രബോധനം സമഗ്രമായി മനസിലാക്കാൻ 12,54-13,9 ഒരുമിച്ച് എടുക്കുന്നതാണ് കൂടുതൽ സഹായകം. കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിഞ്ഞ് അതനുസരിച്ച് ജീവിതം ക്രമീകരിക്കേണ്ടതിന്റെ ആവശ്യകതയും അതിനു തയ്യാ

റായില്ലെങ്കിൽ സംഭവിക്കാൻ പോകുന്ന ദുരന്തങ്ങളും ഇവിടെ എടുത്തുകാട്ടുന്നു. പ്രകൃതിയിൽനിന്നു ലഭിക്കുന്ന രണ്ട് അടയാളങ്ങൾ ഭാവാത്മകമായും (12,54–56) രണ്ടു ആനുകാലികസംഭവങ്ങൾ താക്കീതുകളായും (13,1–5) അവതരിപ്പിക്കുന്നതിനിടയിൽ രമ്യതപ്പെടേണ്ടതിന്റെ ആവശ്യകതയെ ഒരു ഉദാഹരണം വഴി പഠിപ്പിക്കുന്നു (12,58–59). മാനസാന്തരത്തിനു യോജിച്ച ഫലം പുറപ്പെടുവിക്കുന്നില്ലെങ്കിൽ സംഭവിക്കാൻ പോകുന്ന ഭീകരദുരന്തത്തെ ഫലം തരാത്ത അത്തിവൃക്ഷത്തിന്റെ ഉപമയിലൂടെ (13, 6–9) അവതരിപ്പിച്ചുകൊണ്ടാണ് ശിഷ്യത്വത്തെ സംബന്ധിച്ച ഈ പ്രബോധനഭാഗം സമാപിക്കുന്നത്.

കാലാവസ്ഥ വ്യതിയാനങ്ങളെ സസൂക്ഷ്മം നിരീക്ഷിച്ച് വിലയിരുത്താനുള്ള ജനത്തിന്റെ കഴിവിനെക്കുറിച്ചുള്ള ഉദാഹരണം മത്തായി സുവിശേഷകനും രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ 16,1–2). അടയാളം ചോദിച്ച് തന്നെ സമീപിച്ച യഹൂദനേതാക്കൾക്ക് യേശു നൽകിയ മറുപടി ആയിട്ടാണ് മത്തായി ഈ അടയാളങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. ലൂക്കാ ഈ സാഹചര്യം ഒഴിവാക്കിയിരിക്കുന്നു. ജനക്കൂട്ടത്തോടു പൊതുവായിട്ടാണ് യേശു സംസാരിക്കുന്നത്. അടയാളങ്ങൾ രണ്ടും ലളിതവും സർവ്വ സാധാരണവും, അതിനാൽത്തന്നെ പ്രബോധനം സുഗ്രാഹ്യവുമാണ്.

പാലസ്തീനായുടെ പടിഞ്ഞാറ് മധ്യധരണ്യാഴിയിൽ നിന്നു മേഘം ഉയരുന്നതു കണ്ടാൽ താമസിയാതെ മഴയുണ്ടാകും എന്ന് ഏവർക്കും അറിയാം. കടലിൽ നിന്ന് ചെറിയ മേഘം പൊന്തിവരുന്നതുകണ്ട ഏലിയായുടെ നിഗമനം (1 രാജാ 18,44) ഉദാഹരണമാണ്. തെക്ക് മരുഭൂമിയിൽനിന്ന് കാറ്റടിക്കുന്നത് അത്യുഷ്ണം വരുന്നതിന്റെ സൂചനയായും എല്ലാവരും കരുതുന്നു. പ്രകൃതിയുടെ ഭാവഭേദങ്ങൾ വ്യാഖ്യാനിക്കാൻ കഴിയുന്നവർ എന്തേ തങ്ങൾ ജീവിക്കുന്ന കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിയുന്നില്ല? യേശുവിന്റെ സാന്നിധ്യവും അവനിലൂടെ സംഭവിക്കുന്ന കാര്യങ്ങളും ദൈവം ചരിത്രത്തിൽ നിർണ്ണായകമായി ഇടപെടുന്നതിന്റെ അടയാളങ്ങളായി കാണണം. യേശുവിന്റെ അത്ഭുത പ്രവൃത്തികൾ, പ്രത്യേകിച്ചും പിശാചു ബഹിഷ്കരണം (ലൂക്കാ 11,20), ദൈവരാജ്യം ഈ ഭൂമിയിൽ സംജാതമായിരിക്കുന്നു, ദൈവം തന്റെ ഭരണം ആരംഭിച്ചുകഴിഞ്ഞു എന്നതിന്റെ അടയാളങ്ങളാണ്. പക്ഷേ ജനവും നേതാക്കളും അതു തിരിച്ചറിയുന്നില്ല.

ന്യായാധിപന്റെ മുമ്പിൽ എത്തുന്നതിനുമുമ്പേ കലഹം പറഞ്ഞു തീർത്ത് രമ്യതയിലെത്താനുള്ള ആഹ്വാനം മാനസാന്തരത്തിന്റെ അടിയന്തിരാവശ്യകത സൂചിപ്പിക്കുന്നു. യഥാർത്ഥ മാനസാന്തരം ദൈവത്തോടും സഹോദരങ്ങളോടുമുള്ള രമ്യതയുടെ പ്രകടനമാകണം. ഇതു സംഭവിക്കുന്നില്ലെങ്കിൽ നിത്യനാശമായിരിക്കും ഉണ്ടാകാൻ പോകുന്നത് (12,58-59). മാനസാന്തരത്തിനുള്ള ആഹ്വാനത്തെ ഊന്നിപ്പറയുന്നതാണ് അടുത്തതായി അവതരിപ്പിക്കുന്ന രണ്ടു ചരിത്ര സംഭവങ്ങൾ. ഒന്നു മനുഷ്യന്റെ ക്രൂരതമൂലം സംഭവിച്ചതും രണ്ടാമത്തേത് യാദൃശ്ചികമായ ഒരു അപകടവും ആണ്.

ഗലീലിയിൽ നിന്നു ബലിയർപ്പിക്കാനായി ജറുസലെമിലേക്കു വന്ന ചില തീർത്ഥാടകരെ റോമൻ സൈന്യം വധിച്ചതാണ് ആദ്യത്തെ സംഭവം (13,1). റോമൻ ആധിപത്യത്തിൽ നിന്ന് സായുധ സമരത്തിലൂടെ പാലസ്തീനായെ മോചിപ്പിക്കാൻ കച്ച കെട്ടി ഇറങ്ങിയവരായിരുന്നു *സെലട്ട്* (zealot) എന്ന പേരിൽ അറിയപ്പെട്ടിരുന്ന തീവ്രവാദി സംഘടന. എ.ഡി. 6ൽ ഗലീലിക്കാരനായ യൂദാസ് എന്നയാളാണ് ഈ സംഘടനയ്ക്ക് തുടക്കം കുറിച്ചത്. യേശുവിന്റെ കാലമായപ്പോഴേക്കും അവർ വലിയൊരു ശക്തിയായി വളർന്നുകഴിഞ്ഞിരുന്നു. ഗലീലിയിലാണ് തുടങ്ങിയതെങ്കിലും പാലസ്തീനായിൽ ഉടനീളം സംഘടനയ്ക്ക് അനുയായികളുണ്ടായിരുന്നു; ജറുസലെമിലും.

വലിയ തിരുനാളുകളുടെ അവസരങ്ങളിൽ, പ്രത്യേകിച്ചും ദൈവം നൽകിയ വിമോചനത്തിന്റെ ഓർമ്മ ആഘോഷിക്കുന്ന പെസഹാത്തിരുനാളിനോടനുബന്ധിച്ച്, ഈ തീവ്രവാദികൾ പലപ്പോഴും റോമൻ സൈനികരെ കൊലപ്പെടുത്തിക്കൊണ്ട് കലാപം തുടങ്ങാൻ ശ്രമിച്ചിരുന്നു. ഇപ്രകാരം ഒരു തീവ്രവാദിയായിരുന്നു ബറാബസ്. അതീവ ജാഗ്രത പാലിച്ചിരുന്ന റോമാക്കാർ നടപടിക്കു വൈകിയില്ല. ദേവാലയാങ്കണത്തിന്റെ മുമ്പിലുണ്ടായിരുന്ന അന്തോണിയാക്കോട്ടയിൽ റോമൻ സൈന്യം താവളമടിച്ചിരുന്നു. കലാപത്തിന്റെ സൂചന കാണുമ്പോൾത്തന്നെ അവർ ശക്തമായി ഇടപെടും. ഇപ്രകാരം ഒരു സംഭവമായിരിക്കാം യേശുവിനോടു പറയുന്നത്.

രണ്ടാമത്തെ സംഭവം ഒരു അപകടമാണ്. സീലോഹായിലെ ഗോപുരം ഇടിഞ്ഞുവീണ് പതിനെട്ടുപേർ കൊല്ലപ്പെട്ടു. ഇതും പീലാത്തോസുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നും ജലക്ഷാമം

അനുഭവിച്ചിരുന്ന ഒരു നഗരമാണ് ജറുസലെം. പട്ടണത്തിൽ വെള്ളം എത്തിക്കാനായി ഹെസെക്കിയാ രാജാ നിർമ്മിച്ച തുരങ്കം ശാശ്വത പരിഹാരമായില്ല. ഈ സാഹചര്യത്തിൽ പട്ട ണത്തിലേക്ക് ആവശ്യത്തിനു വെള്ളം കൊണ്ടുവരാൻ വേണ്ടി, തുരങ്കങ്ങളും പാലങ്ങളും അടങ്ങുന്ന ഒരു കനാൽ നിർമ്മിക്കാൻ പീലാത്തോസ് തീരുമാനിച്ചു. അതിന് ആവശ്യമായ തുക ദേവാ ലയഭണ്ഡാരത്തിൽ നിന്നെടുത്തത് വലിയ എതിർപ്പിനു കാരണ മായി. പീലാത്തോസ് കുലുങ്ങിയില്ല. എതിർത്ത അനേകരെ വധിച്ചു. ഈ നിർമ്മാണ പ്രവൃത്തിയുടെ ഇടയ്ക്കു സംഭവിച്ച ഒരപകടമാണ് ഇവിടെ പരാമർശ വിഷയമാകുന്ന സീലോഹാ ഗോപുരം എന്നു ബൈബിൾ പഠിതാക്കൾ കരുതുന്നു.

വ്യക്തമായ, ഏവർക്കും അറിയാവുന്ന രണ്ട് ആനുകാലിക സംഭവങ്ങൾ. അവയുടെ കാരണമോ ഉത്തരവാദിത്വമോ ഒന്നു മല്ല യേശുവിന്റെ ശ്രദ്ധാകേന്ദ്രം. തന്നെയുമല്ല അന്നു പ്രചാര ത്തിലിരുന്ന, ഇന്നും ഏറെ പ്രചാരത്തിലിരിക്കുന്ന ഒരു ചിന്താഗ തിയെ പാടേ നിഷേധിക്കുകയാണ് ആദ്യമേ ചെയ്യുന്നത്. അപക ടമരണങ്ങളും മറ്റ് അത്യാഹിതങ്ങളും തങ്ങളുടെ, അല്ലെങ്കിൽ പൂർവ്വികരുടെ പാപത്തിനു ദൈവം നൽകുന്ന ശിക്ഷയാണ് എന്ന തായിരുന്നു നിലവിലിരുന്ന വ്യാഖ്യാനം. രോഗം, അംഗവൈക ല്യം, സാമ്പത്തികനഷ്ടം, ദാരിദ്ര്യം, അത്യാഹിതങ്ങൾ - ഇവയെ താന്താങ്ങളുടെയോ പൂർവ്വികരുടെയോ പാപത്തിനു ദൈവം നൽകുന്ന ശിക്ഷയാണ് എന്ന ലളിതവ്യാഖ്യാനം യേശുവിനു സ്വീകാര്യമല്ല.

അപകടങ്ങളിൽ മരിച്ചവർ മറ്റുള്ളവരേക്കാൾ കൂടുതൽ പാപി കളായിരുന്നു എന്ന ധാരണ തികച്ചും അപകടകാരിയാണ്. 1. ഈ ധാരണ മറ്റുള്ളവരുടെ മേൽ വിധി പ്രസ്താവിക്കുന്നു, അവരെ കുറ്റക്കാരായി പ്രഖ്യാപിക്കുന്നു, കാരണം അറിയാതെ; തക്കതായ തെളിവുകൾ കൂടാതെ. 2. അപകടത്തിൽ പെടാതിരുന്നവരെല്ലാം നീതിമാന്മാരും ദൈവത്തിനു പ്രിയങ്കരരും ആണെന്ന മിഥ്യാധാ രണ പ്രചരിപ്പിക്കുന്നു. രണ്ടും ഒരുപോലെ അസ്വീകാര്യമാണ് എന്നു പ്രഖ്യാപിച്ചതിനുശേഷം യേശു നൽകുന്ന ഗുണപാഠം ഏറെ ശ്രദ്ധേയവും പ്രസക്തവുമാണ്.

“പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും അതുപോലെ നശിക്കും” (13,3-5). “പശ്ചാത്തപിക്കുക” എന്ന വിവർത്തനം അർത്ഥം മുഴുവൻ വ്യക്തമാക്കുന്നില്ല. *മെത്താനൊയേയിൻ*

(metanoein) എന്നാണ് ഗ്രീക്കുമൂലം. മനസുമാറുക എന്നാണ് വാച്യാർത്ഥം. ചെയ്തുപോയ തെറ്റിനെക്കുറിച്ചുള്ള ദുഃഖമാണല്ലോ പശ്ചാത്താപം, അനുതാപം എന്നൊക്കെ നാം പറയുന്നത്. എന്നാൽ രക്ഷപ്രാപിക്കാൻ ഇതുമാത്രം പോരാ. ചെയ്തതു തെറ്റാണെന്ന് അംഗീകരിച്ച് ദുഃഖിച്ചാൽ പോരാ, തെറ്റിന്റെ വഴിയിൽനിന്നു മാറണം. പുതുതായ മനോഭാവവും ജീവിതരീതിയും ഉണ്ടാകണം. സംഭവിച്ച അത്യാഹിതത്തെ ഒരു അടയാളവും താക്കീതുമായി കരുതണം.

യഥാർത്ഥമായ മാനസാന്തരമാണാവശ്യം. അതുണ്ടായില്ലെങ്കിൽ സംഭവിക്കാൻ പോകുന്ന ദുരന്തത്തിന്റെ വ്യക്തമായ ചിത്രീകരണമാണ് ഫലം തരാത്ത അത്തിവൃക്ഷത്തിന്റെ ഉപമ (13,6-9). മത്തായിയും (21,19-22) മർക്കോസും (11,12-14, 20-24) ഒരു സംഭവമായി അവതരിപ്പിക്കുന്ന അത്തിവൃക്ഷത്തിന്റെ നാശം ലൂക്കാ ഒരു ഉപമയിലൂടെ അവതരിപ്പിക്കുന്നു. രണ്ടും നൽകുന്ന പാഠം ഒന്നുതന്നെ. മാനസാന്തരപ്പെട്ടു ജീവിതം തിരുത്തുന്നില്ലെങ്കിൽ സമൂലനാശമായിരിക്കും ഫലം. ദേവാലയശുദ്ധീകരണവുമായി ബന്ധപ്പെടുത്തി അത്തിവൃക്ഷത്തിന്റെ നാശം ചിത്രീകരിക്കുന്നതിലൂടെ ദേവാലയത്തിനും അതു പ്രതിനിധാനം ചെയ്യുന്ന ജനത്തിനും സംഭവിക്കാൻ പോകുന്ന ദുരന്തത്തിനു മത്തായി-മർക്കോസ് സുവിശേഷകർ ഊന്നൽ നൽകുന്നു. ആചാരാനുഷ്ഠാനങ്ങളും ആഘോഷങ്ങളും സമൃദ്ധമായി നടക്കുമ്പോഴും യഥാർത്ഥ വിശ്വാസവും വിശ്വാസാധിഷ്ഠിത ജീവിതവും ഇല്ലാതായിരിക്കുന്നു എന്ന് കവർച്ചക്കാരുടെ ഗുഹയായിത്തീർന്ന ദേവാലയം സൂചിപ്പിക്കുന്നു. അതു നശിപ്പിക്കപ്പെടാൻ പോകുന്നു എന്ന സൂചനയാണ് ഉണങ്ങിപ്പോയ അത്തിവൃക്ഷം നൽകുന്നത്.

ലൂക്കായുടെ അവതരണത്തിൽ അന്തിമതീരുമാനം ഇനിയും ആയിട്ടില്ല. ഇതുവരെ ഫലശൂന്യമായിരുന്നെങ്കിലും വീണ്ടും കിളച്ചിളക്കി വളമിടുന്നതിലൂടെ ഫലം പുറപ്പെടുവിച്ചേക്കാം എന്ന പ്രതീക്ഷ നിലനിർത്തുന്നു. "ഒരു വർഷം" എന്നത് ദൈവം നൽകുന്ന അവസാനത്തെ അവസരമായി പരിഗണിക്കണം. ജറുസലെമിലേക്കുള്ള യാത്രാമധ്യേ ഗലീലിയിൽ വച്ചാണ് ഇതു പറയുന്നതെന്നതും ശ്രദ്ധേയമാണ്. അതിനാൽ മാനസാന്തരത്തിന് ഇനിയും സാധ്യതയുണ്ട്. പക്ഷേ അടിയന്തിരമായി മാനസാന്തരം സംഭവിച്ചേ മതിയാകൂ. എന്നാൽ അതുണ്ടായില്ല എന്ന് പട്ടണപ്രവേശനത്തിനു തൊട്ടുമുമ്പ്, ഒലിവുമലയിൽ വച്ച് ജറുസലെമിനെ നോക്കി വിലപിക്കുമ്പോൾ (ലൂക്കാ 19,41-44) യേശു വ്യക്തമാക്കുന്നു.

പ്രകൃതിയിലെ സൂചനകളും ചരിത്രസംഭവങ്ങളും ഉപമകളും എല്ലാം ആസന്നമായിരിക്കുന്ന ഒരു മഹാവിപത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. തീവ്രവാദികൾ മനസു മാറ്റിയില്ല. ജനം അടയാളങ്ങൾ മനസിലാക്കിയില്ല; മാനസാന്തരത്തിന്റെ ഫലം പുറപ്പെടുവിച്ചില്ല. നാല്പതു വർഷം കഴിഞ്ഞപ്പോൾ, എ.ഡി. 70-ൽ, ഒഴിവാക്കാമായിരുന്ന, ആ മഹാവിപത്തു സംഭവിച്ചു. 66-ൽ തീവ്രവാദികൾ ആരംഭിച്ച കലാപം വെസ്പസിയാന്റെ നേതൃത്വത്തിൽ റോമൻ സൈന്യം അടിച്ചൊതുക്കി. 70-ൽ പട്ടണമതിലുകൾ തകർത്തു. ദേവാലയം അഗ്നിക്കിരയാക്കി. ഒന്നരവർഷം ദീർഘിച്ച ഉപരോധത്തിൽ പട്ടിണി കിടന്നു മരിക്കാതെ ജറുസലെം നഗരിയിൽ അവശേഷിച്ച പതിനായിരങ്ങൾ അടിമകളായി റോമാസാമ്രാജ്യത്തിന്റെ വിവിധ നഗരങ്ങളിൽ വിലപേശി വിൽക്കപ്പെട്ടു. ഇതെല്ലാം ഒഴിവാക്കാമായിരുന്നു, പക്ഷേ അന്ധരായ നേതാക്കൾ വഴിനയിച്ച ജനം നാശകൂപത്തിൽ പതിച്ചു.

ഇന്നും ഏറെ പ്രസക്തമായ പാഠങ്ങൾ നൽകുന്നതാണ് ഈ സുവിശേഷഭാഗം. പ്രകൃതിയിൽ കാണുന്ന അടയാളങ്ങൾ ഒരു വ്യാഖ്യാനവും ആവശ്യപ്പെടാത്തത്ര വ്യക്തവും ഭീകരവുമാണ്. കാലാവസ്ഥയിൽ വന്നുകൊണ്ടിരിക്കുന്ന വ്യതിയാനങ്ങൾ, ദിശമാറി വീശുന്ന മഴക്കാറ്റുകൾ, ഞെട്ടി വിറയ്ക്കുന്ന ഭൂമി, ഭൂചലനത്തിൽ തകർന്നു വീഴുന്ന നഗരങ്ങൾ, കലികയറി, ഉറഞ്ഞു തുള്ളി നഗരങ്ങളെയും മനുഷ്യരെയും ചവിട്ടിക്കുഴയ്ക്കുന്ന "കത്തറീനാ"യും "മത്തായി"യും പോലുള്ള ചുഴലിക്കൊടുങ്കാറ്റുകൾ, പടരുന്ന മരുഭൂമികൾ, വറ്റിവരണ്ടു പോകുന്ന നദികൾ, കുളങ്ങൾ, കായലുകൾ. ഒന്നിനു പിറകേ ഒന്നായി, ഈജിപ്തിലെ മഹാമാരികളെ അനുസ്മരിപ്പിക്കുന്ന, എലിപ്പനി, കോഴിപ്പനി, പന്നിപ്പനി, ഡെങ്കിപ്പനി, എയ്ഡ്സ് തുടങ്ങി എത്രയെത്ര മഹാരോഗങ്ങൾ!

മനുഷ്യനിർമ്മിതമായ മഹാവിപത്തുകൾ എത്രയോ ഭീകരമായിരിക്കുന്നു! ലോകത്തെ മുഴുവൻ കാവിയുടുപ്പിക്കാൻ പ്രതിജ്ഞാബദ്ധരായ തീവ്രവാദികൾ ശീതികരിച്ച ഗോശാലകൾക്കു കോടികൾ മുടക്കുമ്പോൾ പട്ടിണികിടക്കുന്ന ജനകോടികൾ ശ്രദ്ധിക്കപ്പെടാതെ പോകുന്നു. തങ്ങളുടെ വിശ്വാസപ്രകാരമുള്ള ദൈവത്തെ അംഗീകരിക്കാത്ത സകലരെയും ഉന്മൂലനം ചെയ്യാൻ വ്രതം ചെയ്തിറങ്ങിയിരിക്കുന്ന ഐ എസ് പോലുള്ള മറ്റു മതഭീകരർ, ലോകത്തിലെ മുഴുവൻ കമ്പ്യൂട്ടർ ശൃംഖലകളെയും ഒറ്റയടിക്ക് ഉപയോഗശൂന്യമാക്കാൻ കഴിയുന്ന വൈറസുകളെ നിർമ്മിക്കുന്ന സൈബർ ഭീകരർ.

ഇതിനെയെല്ലാം നിഷ്പ്രഭമാക്കുമാറ്, ഈ ഭൂമി മുഴുവൻ ചുട്ടു ചാമ്പലാക്കാൻ കരുത്തുള്ള ആണവായുധങ്ങൾ അണിയറയിൽ ഒരുക്കിവച്ച് പരസ്പരം വെല്ലുവിളിക്കുന്ന രാഷ്ട്രീയനേതാക്കൾ. ആധിപത്യത്തിന്റെ ദുരാത്മാവു ബാധിച്ച് സുബോധം നഷ്ടപ്പെട്ട അതിൽ ഏതെങ്കിലും ഒരു ഭ്രാന്തന്റെ വിരലൊന്നു ചലിച്ചാൽ മതി ഈ ഭൂഗോളം പൊട്ടിത്തെറിക്കാൻ. യേശുവിന്റെ സമകാലികർ കണ്ടതിനേക്കാൾ എത്രയധികം വ്യക്തവും ഭീകരവുമാണ് നാം കാണുന്ന അടയാളങ്ങൾ!

എന്നാലും ഇതൊന്നും നമുക്കു ബാധകമല്ല എന്ന രീതിയിൽ ജീവിതം തുടരുന്നു. ആധിപത്യമാണ് ലക്ഷ്യം. എത്ര കിട്ടിയാലും മതിയാകാത്ത ആർത്തിയാണതിന്റെ മുഖമുദ്ര. അനുതാപത്തിനു ക്ഷണിക്കുന്ന മതനേതാക്കൾക്കും ആത്മീയഗുരുക്കൾക്കും പോലും കാഴ്ച നഷ്ടപ്പെടുന്നുവോ? അനുതാപം മാനസാന്തരത്തിലേക്കു നയിക്കുന്നില്ലേ? കൺമുന്നിൽ വയ്ക്കുന്ന ലക്ഷ്യം തന്നെ പിഴയ്ക്കുന്നുവോ? സമ്പത്തിന്റെ, സമൃദ്ധിയുടെ, സുഖഭോഗങ്ങളുടെ സുവിശേഷം പ്രസംഗിക്കുന്നവർക്കും വഴി തെറ്റുന്നുവോ?

യേശു കാട്ടിത്തരുന്ന ഒരേ ഒരു മാർഗ്ഗം മാനസാന്തരത്തിന്റേതാണ്. ഇപ്പോൾ നടക്കുന്ന വിശാലമായ വഴി നാശത്തിലേക്കാണ് നയിക്കുന്നതെന്ന് കാണാനും ഉറക്കെ പ്രഘോഷിക്കാനും ആവശ്യമായ ദീർഘദൃഷ്ടിയും മനക്കരുത്തും ആർജ്ജിക്കാനാണ് ഇന്നത്തെ സുവിശേഷം ആഹ്വാനം ചെയ്യുന്നത്. ദൈവപരിപാലനയിൽ ആശ്രയിക്കുക; സമ്പത്തിൽ അഭിരമിക്കാതെ, പങ്കുവയ്ക്കാൻ തയ്യാറാകുക. ഇടുങ്ങിയ വഴിയേ കുരിശുമെടുത്തു നടക്കുക. വ്യർത്ഥമായ സുരക്ഷിതത്വബോധവും, ഞാൻ മാത്രം വിശുദ്ധൻ എന്ന അഹന്തയും, അന്യരെ വിധിക്കുന്ന ധാർഷ്ട്യവും ഒഴിവാക്കി, വിശ്വാസത്തോടെ, വിനയത്തോടെ, ദൈവത്തിന്റെ കരുണയിൽ ആശ്രയിച്ച്, ക്ഷമിക്കുന്ന സ്നേഹത്തോടെ ക്രൂശിതനെ അനുഗമിക്കുക–അതുമാത്രമാണ്, മുന്നിൽ വാ പിളർന്നു നിൽക്കുന്ന ദുരന്തത്തിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗം. അതു കാണാനും സ്വീകരിക്കാനും നാഥൻ തുണയ്ക്കട്ടെ.

# 38

## ശ്ലീഹാക്കാലം 7 – ാം ഞായർ

## വാതിലടയ്ക്കും മുമ്പേ...

**(ലൂക്കാ 13,22 – 30)**

ജറുസലെമിലേക്കുള്ള യാത്രാമധ്യേ ശിഷ്യന്മാർക്കു നൽകുന്ന ഉപദേശത്തിന്റെ ഭാഗമായിട്ടാണ് ഇന്നത്തെ വിചിന്തനത്തിനായി സഭ നിർദ്ദേശിച്ചിരിക്കുന്ന സുവിശേഷഭാഗം ലൂക്കാ സുവിശേഷകൻ അവതരിപ്പിച്ചിരിക്കുന്നത്. രക്ഷ ലഭിച്ചു കഴിഞ്ഞു എന്ന ഉറപ്പിൽ അലസ ജീവിതം നയിക്കുന്നത് മാരകമായ തെറ്റാണെന്നും അവസാനദിവസം അപ്രതീക്ഷിതമായ ചില തകിടം മറിയലുകൾ ഉണ്ടാകാമെന്നും ഈ തിരുവചനങ്ങൾ പഠിപ്പിക്കുന്നു. അതിനാൽ അതീവജാഗ്രതയോടെ നിത്യജീവനു വേണ്ടി എല്ലാവരും അധ്വാനിക്കണം.

ലൂക്കാ 9,51 ൽ ആരംഭിച്ച ജറുസലെം യാത്രയുടെ വിവരണത്തിന്റെ ഭാഗം തന്നെയാണിത്. ഗുരുവും ശിഷ്യരും യാത്രയിലാണ്; ലക്ഷ്യം ജറുസലെമിലെ ആരോഹണം, അഥവാ മഹത്വീകരണം. ലക്ഷ്യത്തിലെത്താൻ തിരക്കില്ല; അതിനുമുമ്പേ എല്ലായിടത്തും നിത്യജീവന്റെ സുവിശേഷം എത്തിക്കണം. പട്ടണങ്ങളിലും ഗ്രാമങ്ങളിലും പഠിപ്പിക്കുന്നതിലൂടെ യേശു ആരെയും ഒഴിവാക്കാതെ എല്ലാവർക്കും തന്റെ പ്രബോധനം നൽകുന്നു എന്നു സൂചിപ്പിക്കുന്നു. യാത്രയുടെ ആരംഭത്തിലും (10,25) അവസാനത്തിലും (18,18) ഉന്നയിച്ച ചോദ്യത്തോടു സമാനമാണ് ഇവിടെ ഉന്നയിക്കുന്ന ചോദ്യം: "രക്ഷ പ്രാപിക്കുന്നവർ ചുരുക്കമാണോ?" (13,23).

രക്ഷയെ സംബന്ധിച്ച ഈ ചോദ്യത്തിന് പല ധ്വനികളുണ്ട്. ചോദ്യകർത്താവ് ആരെന്നു പറയുന്നില്ലെങ്കിലും തങ്ങൾ രക്ഷ

പ്പെടും എന്ന ഉറപ്പുള്ള ഏതോ ഒരു ഗ്രൂപ്പിന്റെ പ്രതിനിധിയായി അയാളെ കാണാം. രക്ഷ പ്രാപിക്കാൻ എന്തു ചെയ്യണം എന്ന തല്ല, ആരൊക്കെയാണ് രക്ഷപ്രാപിക്കുക എന്നതാണ് ചോദ്യ വിഷയം. നിയമജ്ഞരുടെ ഇടയിൽ നിലവിലിരുന്ന, തർക്കങ്ങ ളിലൂടെ കാര്യങ്ങൾ പഠിപ്പിക്കുന്ന, ഒരു രീതിയാണ് ഇവിടെ അവ ലംബിച്ചിരിക്കുന്നത്. അതിനാൽ ചോദ്യകർത്താവിനെ ഇത്തരം ഒരു ഗ്രൂപ്പിലെ അംഗമായി കാണുന്നതിൽ തെറ്റില്ല. രക്ഷപ്രാപി ക്കുക എന്നതും നിത്യജീവൻ അവകാശമാക്കുക എന്നതും ഒരേ അർത്ഥമുള്ള പദപ്രയോഗങ്ങളാണ്. ദൈവത്തോടൊന്നിച്ച് എന്നേക്കും സന്തോഷമായി കഴിയുക എന്നാണ് സൂചന. ആർക്കാണ് ഈ ഭാഗ്യം ലഭിക്കുക?

യേശുവിന്റെ കാലത്തെ യഹൂദരുടെ ഇടയിൽ ചൂടുപിടിച്ച ചർച്ചയ്ക്കു വിഷയമായിരുന്നു ഇവിടെ ഉന്നയിക്കുന്ന ചോദ്യം. ആരാണ് രക്ഷ പ്രാപിക്കുക? അബ്രാഹത്തിന്റെ സന്തതികളും വാഗ്ദാനങ്ങളുടെയും ഉടമ്പടിയുടെയും അവകാശികളുമായ യഹൂ ദർ മാത്രമേ രക്ഷപ്രാപിക്കൂ എന്ന് അവർ പൊതുവേ വിശ്വസി ച്ചിരുന്നു. വിജാതീയർക്കു രക്ഷയില്ല; നിത്യശിക്ഷയുടെ സ്ഥല മായ നരകത്തിൽ എരിയുന്ന നിത്യാഗ്നിയുടെ വിറകാണവർ! യഹൂദരിൽത്തന്നെ എല്ലാവരും രക്ഷപ്രാപിക്കുകയില്ല എന്നു വാദിച്ചിരുന്നവരുമുണ്ട്. തങ്ങൾ മാത്രമേ രക്ഷ പ്രാപിക്കൂ എന്ന് കരുതിയിരുന്ന ഫരിസേയരുണ്ട്. രക്ഷ തങ്ങൾക്കു മാത്രം അവ കാശപ്പെട്ടതാണെന്നു കരുതിയ എസ്സേനർ അഥവാ ഖുമ്റാൻ സന്യാസികളുണ്ട്. ഈ പശ്ചാത്തലത്തിൽ യേശുവിന്റെ അഭി പ്രായം അറിയാൻ വേണ്ടിയാണ് ചോദ്യം.

ആരാണ് രക്ഷ പ്രാപിക്കുക എന്ന ചോദ്യം തന്നെ അപ്രസ ക്തമാക്കുന്നതാണ് യേശുവിന്റെ മറുപടി. അതോടൊപ്പം ചോദ്യ ത്തിൽ ഒളിഞ്ഞിരിക്കുന്ന ഔദ്ധത്യത്തിന്റെ മുഖംമൂടി പിച്ചിച്ചീ ന്തുകയും ചെയ്യുന്നു. രക്ഷ പ്രാപിച്ചു എന്ന് ആരും ഉറപ്പാക്കേണ്ടാ. ഏതെങ്കിലും ഒരു ഗ്രൂപ്പിൽ അംഗത്വം ഉള്ളതുകൊണ്ടോ, എന്തെ ങ്കിലും അനുഷ്ഠാനങ്ങൾ യാന്ത്രികമായി നടത്തിയതുകൊണ്ടോ മാത്രം ആരും രക്ഷ പ്രാപിക്കുകയില്ല എന്ന ഗുരുവചനം നിശി തമായ ആത്മശോധനയ്ക്കും ഉറച്ച തീരുമാനത്തോടെയുള്ള തീക്ഷ്ണമായ പ്രവർത്തനത്തിനും ആഹ്വാനം ചെയ്യുന്നു.

നിത്യരക്ഷയെ സംബന്ധിച്ച രണ്ടു സുപ്രധാന പ്രബോധന

ങ്ങൾ ഇവിടെ നൽകുന്നു. 1. വാതിൽ ഇടുങ്ങിയതാണ്. വിശ്വാസത്തിൽ നിന്നുരുത്തിരിയുന്നതും നിരന്തരവുമായ കഠിനാധ്വാനം ചെയ്യുന്നവർക്കേ രക്ഷ ലഭിക്കൂ. ഇടുങ്ങിയ വാതിലിന്റെ ചിത്രം വ്യർത്ഥമായ സുരക്ഷിതത്വബോധവും തജ്ജന്യമായ അലസതയും വെടിഞ്ഞ്, നിതാന്ത ജാഗ്രതയോടെ നിത്യ രക്ഷയ്ക്കായി അധ്വാനിക്കാൻ പ്രേരിപ്പിക്കുന്നു. ഇവിടെ ആർക്കും പ്രത്യേക പരിഗണനയൊന്നുമില്ല. ആരുടെയും ശുപാർശകൾ വിലപ്പോവുകയില്ല. സമൂഹത്തിൽ അലങ്കരിക്കുന്ന സ്ഥാനമാനങ്ങളും പദവികളും ഒന്നും നിത്യരക്ഷയ്ക്ക് ഗ്യാരന്റിയാവില്ല. ദൈവതിരുമുമ്പിൽ, അവിടുത്തെ ന്യായാസനത്തിനു മുമ്പിൽ സകലരും തുല്യരാണ്. പ്രധാന പുരോഹിതനും ഫരിസേയ പ്രമാണിയും, ചുങ്കക്കാരനും വേശ്യയും എല്ലാം ദൈവതിരുമുമ്പിൽ തുല്യർ തന്നെ. ഓരോരുത്തരും അവരവരുടെ പ്രവൃത്തികൾക്കനുസൃതമായിരിക്കും വിധിക്കപ്പെടുക. അതിനാൽ ഇടുങ്ങിയ വാതിലിലൂടെ അകത്തു കടക്കാൻ ശ്രമിക്കണം. ശ്രമിക്കുന്നവരിൽ പോലും അനേകർ പരാജയപ്പെടും എന്ന താക്കീത് അലസതയിൽ നിന്നുണരാൻ പ്രേരിപ്പിക്കുന്നു.

2. വാതിൽ അടയ്ക്കും. രക്ഷയിലേക്കുള്ള വാതിൽ എന്നും തുറന്നു കിടക്കുകയില്ല. വീട്ടുടമസ്ഥൻ എണീറ്റ് വാതിൽ അടയ്ക്കുന്ന ഒരു സമയമുണ്ട്. അന്നു നിലവിലിരുന്ന വിരുന്നുസൽക്കാരത്തിന്റെ പശ്ചാത്തലത്തിൽ ഈ പ്രതീകം മനസിലാക്കണം. വിരുന്നിനു ക്ഷണിക്കുമ്പോൾ എന്നാണ്, എപ്പോഴാണ് വിരുന്ന് ആരംഭിക്കുക എന്നു കൃത്യമായി പറഞ്ഞിരിക്കും. വിരുന്നിന്റെ അന്ന് ക്ഷണിതാക്കളെ വീണ്ടും അനുസ്മരിപ്പിക്കാനായി ദാസന്മാരെ അയയ്ക്കും. സാധാരണ ഗതിയിൽ സൂര്യാസ്തമയത്തോടെയാണ് വിരുന്നാരംഭിക്കുക. അതിനു തൊട്ടുമുമ്പ് ഗൃഹനാഥൻ വിരുന്നുശാലയുടെ വാതിലടയ്ക്കും; വിരുന്ന് ആരംഭിച്ചതിന്റെ അടയാളമായി വാതിലിനുമുകളിൽ കൊടിക്കൂറതൂക്കും. അതിനുശേഷം വിരുന്നുശാലയിലേക്ക് ആർക്കും പ്രവേശനമില്ല. നിത്യരക്ഷയെ ഒരു വിരുന്നിനോട് ഉപമിക്കുന്നതാണ് ഈ പ്രതീകം. "ദൈവരാജ്യത്തിൽ അപ്പം ഭക്ഷിക്കുന്നവൻ ഭാഗ്യവാൻ" (ലൂക്കാ 14,15) എന്ന അതിഥിയുടെ പ്രസ്താവനയും അതിന് യേശു കൊടുക്കുന്ന മറുപടിയായ വിരുന്നിന്റെ ഉപമയും നൽകുന്ന വിവരണത്തിന്റെ വെളിച്ചത്തിൽ ഈ വിഷയം വ്യക്തമാകുന്നു.

വാതിലടയ്ക്കും മുമ്പേ അകത്തു കയറിയില്ലെങ്കിൽ വിരു

ന്നിൽ പങ്കെടുക്കാൻ സാധിക്കുകയില്ല എന്നത് ഭീഷണമായൊരു താക്കീതാണ്. നിത്യരക്ഷയുടെ മറുപുറം നിത്യശിക്ഷയാണ്. പുറത്തു നിൽക്കുന്നവർ സ്വന്തം കുറ്റത്താൽ, അഥവാ കുറ്റകരമായ അനാസ്ഥയാൽ പുറന്തള്ളപ്പെട്ടവരാണ്. നിത്യശിക്ഷയെ സംബന്ധിച്ച സുപ്രധാനമായൊരു സത്യം ഇവിടെ വെളിവാകുന്നു. ദൈവം ശിക്ഷിച്ചതുകൊണ്ടല്ല അവർക്ക് വിരുന്നിൽ പങ്കെടുക്കാൻ കഴിയാതെ വന്നത്; മറിച്ച് അവരുടെ കുറ്റം മൂലമാണ്. അവരെ ആരും പുറത്താക്കിയതല്ല, സമയത്തിന് അകത്തു കടക്കാതിരുന്നതിനാൽ സ്വയം പുറത്താക്കപ്പെട്ടതാണ്. അതിനാൽ സുരക്ഷിതത്വബോധവും അലസതയും വെടിഞ്ഞ് നിത്യരക്ഷയ്ക്കായി അധ്വാനിക്കണം എന്ന് ഈ ഗുരുമൊഴി പഠിപ്പിക്കുന്നു. "പൂർവ്വാധികം ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ സ്വന്തം രക്ഷയ്ക്കുവേണ്ടി അധ്വാനിക്കുവിൻ" (ഫിലി 2,12) എന്ന വി. പൗലോസിന്റെ ആഹ്വാനം ഈ ഗുരുമൊഴിയുടെ വ്യാഖ്യാനമായി കാണാനാവും. രക്ഷപ്രാപിക്കാൻ കഴിയാതെ വന്നേക്കാം എന്ന പ്രബോധനം നൽകുന്ന താക്കീതിൽനിന്ന് ആരും ഒഴിവാക്കപ്പെടുന്നില്ല. തങ്ങൾ തീർച്ചയായും രക്ഷപ്രാപിക്കും, വിജാതീയർ മാത്രമേ ശിക്ഷിക്കപ്പെടൂ എന്നു കരുതിയ ചോദ്യകർത്താവിനും അയാൾ പ്രതിനിധാനം ചെയ്യുന്ന ആശയക്കാർക്കും നടുക്കം സൃഷ്ടിക്കുന്ന ഈ ഗുരുവചനം എല്ലാവരും ശ്രദ്ധയോടെ പരിഗണിക്കണം.

രണ്ടു കാര്യങ്ങളാണ് അടഞ്ഞ വാതിലിനു പുറത്തു നിൽക്കുന്നവർ അവകാശവാദങ്ങളായി ഉന്നയിക്കുന്നത്. 1. ഗുരുവിനോടൊത്തു ഭക്ഷിച്ചു. 2. ഗുരുവിന്റെ പ്രഭാഷണം ശ്രവിച്ചു. എന്നാൽ ഇവ രണ്ടും അടച്ച വാതിൽ തുറക്കാൻ മതിയായ ന്യായങ്ങളല്ല. "നിങ്ങൾ എവിടെനിന്നാണെന്നു ഞാനറിയുന്നില്ല" എന്ന പ്രസ്താവനയ്ക്ക് പ്രത്യക്ഷത്തിൽ തോന്നുന്നതിനേക്കാൾ ആഴമേറിയ അർത്ഥമുണ്ട്. ബൗദ്ധികമായ ഒരറിവല്ല ഇവിടെ ഉദ്ദേശിക്കുന്നത്. അവർ ആരെന്നും എന്തൊക്കെ ചെയ്തു, ചെയ്തില്ല എന്നും വിധിയാളനറിയാം. ഇവിടെ പ്രസ്താവനയ്ക്ക് വ്യത്യസ്തമായൊരു അർത്ഥമുണ്ട്. നിങ്ങൾ എനിക്കുള്ളവരല്ല; നിങ്ങളെ ഞാൻ എന്റെ സ്വന്തമായി പരിഗണിക്കുന്നില്ല. അതിനാൽ നിങ്ങൾക്കു പോകാം എന്നാണ് ഈ പ്രസ്താവനയുടെ ധ്വനി. എങ്ങോട്ടാണ് പോകേണ്ടത്? "എന്നിൽ നിന്നകന്ന്" എന്നാൽ നിത്യശിക്ഷയിലേക്ക്, നിത്യമരണത്തിലേക്ക് എന്നർത്ഥം. ജീവന്റെ

ഉറവിടമായ ദൈവത്തിൽനിന്ന് അകറ്റപ്പെട്ടാൽ അവശേഷിക്കുന്നത് നിത്യനാശമാണല്ലോ. അതിന്റെ വിവിധ ചിത്രങ്ങൾ യേശു തന്നെ പലപ്പോഴായി വരച്ചുകാട്ടിയിട്ടുണ്ട് (മത്താ 5,20; 11,23; 13,40-42; 22,13; 25,31-46).

ഇപ്രകാരം നിത്യമായി തിരസ്കരിക്കപ്പെടുന്നതിന് ഒരേയൊരു കാരണം മാത്രമേ എടുത്തുകാട്ടുന്നുള്ളൂ. "അനീതി പ്രവർത്തിക്കുന്നവർ". ദൈവകല്പനകളനുസരിച്ച് ദൈവത്തോടും സഹജീവികളോടുമുള്ള തന്റെ ജീവിതത്തെ ക്രമപ്പെടുത്തുന്നതാണ് നീതി; അപ്രകാരം ജീവിക്കാത്തവർ അനീതി പ്രവർത്തിക്കുന്നവർ. നീതിനിഷ്ഠമായ ജീവിതമാണ് നിത്യരക്ഷയുടെ മാനദണ്ഡം എന്ന് ഇവിടെ ഊന്നിപ്പറയുന്നു. അതില്ലാതെ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും മാത്രം അടിയുറപ്പിച്ച അവകാശവാദങ്ങൾ ദൈവതിരുമുമ്പിൽ വിലപ്പോകില്ല. സമയത്തിന് അകത്തു കടക്കാത്തവർക്ക് അവശേഷിക്കുന്ന വിലാപവും പല്ലുകടിയും സ്വന്തം കുറ്റത്താൽ നഷ്ടപ്പെടുത്തിയ നിത്യജീവനെക്കുറിച്ചുള്ള ഒരു ചിത്രം വരച്ചുകാട്ടുന്നു. അതോടൊപ്പം താമസിച്ചുണ്ടാകുന്ന നഷ്ടബോധവും വിലാപവും ഒരു ഗുണവും ചെയ്യുകയില്ല എന്ന താക്കീതും നൽകുന്നു.

നാലുദിക്കുകളിൽനിന്നും വന്ന് വിരുന്നിനിരിക്കുന്നവർ വിജാതീയർക്കു ലഭിക്കുന്ന രക്ഷയെ സൂചിപ്പിക്കുന്നു. അകത്താണെന്നു കരുതുന്ന പലരും പുറത്തും, പുറത്താണെന്നു കരുതുന്ന പലരും അകത്തും ആണെന്ന സത്യം വെളിവാക്കുന്ന മഹനീയവും അതേ സമയം ഭയാനകവുമായ മുഹൂർത്തമായിരിക്കും അന്ത്യവിധി. അതിനാൽ വെറും തർക്കത്തിനും അധരവ്യായാമത്തിനും വേണ്ടിയുള്ള വ്യർത്ഥമായ ചോദ്യങ്ങൾ ചർച്ച ചെയ്ത് സമയം നഷ്ടപ്പെടുത്താതെ, തങ്ങൾ രക്ഷിക്കപ്പെട്ടവരാണെന്ന മിഥ്യാബോധം വെടിഞ്ഞ്, ഒരുനിമിഷംപോലും വൈകാതെ നിത്യരക്ഷയ്ക്കുവേണ്ടി അധ്വാനിക്കാൻ യേശു ക്ഷണിക്കുന്നു. "ഇപ്പോൾ രക്ഷ നമ്മൾ ആരും പ്രതീക്ഷിച്ചതിനേക്കാൾ അടുത്തെത്തിയിരിക്കുന്നു" (റോമ 13,11); "ഇതാ ഇപ്പോൾ സ്വീകാര്യമായ സമയം; ഇതാ ഇപ്പോൾ രക്ഷയുടെ ദിവസം" (2 കോറി 6,2). വൈകുന്നത് മാരകമാകും; വാതിലടയ്ക്കും മുമ്പേ അകത്തു കടന്നില്ലെങ്കിൽ എന്നേക്കുമായി പുറന്തള്ളപ്പെടും.

# 39

## കൈത്താ 1 – ാം ഞായർ

# മഹത്വത്തിന്റെ മാനദണ്ഡം

**(ലൂക്കാ 14,1 – 14)**

ഒരു വിരുന്നിന്റെ പശ്ചാത്തലത്തിൽ യേശു നൽകിയ രോഗശാന്തിയും രണ്ട് ഉപദേശങ്ങളുമാണ് ഇന്നത്തെ വായനയ്ക്കായി സഭ നിർദ്ദേശിച്ചിരിക്കുന്ന സുവിശേഷഭാഗത്തിന്റെ ഉള്ളടക്കം. യേശുവിനെ സംബന്ധിച്ച എല്ലാ കാര്യങ്ങളും ക്രമമായി എഴുതുക തന്റെ പ്രഖ്യാപിതലക്ഷ്യമായി ലൂക്കാ ആരംഭത്തിൽത്തന്നെ അവതരിപ്പിച്ചിരുന്നു (ലൂക്കാ 1,3). അതനുസരിച്ച് ഒരേ സ്വഭാവമുള്ള സംഭവങ്ങളും പ്രബോധനങ്ങളും ഒരുമിച്ച് അവതരിപ്പിക്കാൻ സുവിശേഷകൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ഇപ്രകാരം ഒരു അവതരണമാണ് ലൂക്കാ 14,1-24 വാക്യങ്ങളിൽ കാണുന്നത്. വിരുന്നിന്റെ പൊതുപശ്ചാത്തലത്തിൽ രോഗശാന്തിയും തുടർന്നുള്ള ഉപദേശങ്ങളും, അതിനുശേഷം മഹാവിരുന്നിന്റെ ഉപമയും അവതരിപ്പിച്ചുകൊണ്ട് നിത്യജീവനെ സംബന്ധിച്ച വിശ്വാസപരവും ധാർമ്മികമായ പഠനങ്ങൾ നൽകുന്നു. മഹാവിരുന്നിന്റെ ഉപമ ഇന്നത്തെ വായനയ്ക്കായി നിർദ്ദേശിച്ചിരിക്കുന്ന ഭാഗത്തില്ല; എന്നാൽ ഇതുംകൂടി വായിക്കുന്നത് പ്രബോധനത്തിന്റെ സമഗ്രമായൊരു ചിത്രം ലഭ്യമാകാൻ സഹായിക്കും.

വിരുന്നിൽ പങ്കെടുക്കുന്ന യേശുവിന്റെ ചിത്രം ലൂക്കാ പലതവണ അവതരിപ്പിക്കുന്നുണ്ട് (7,3,6-50; 11,37-54; 14,1-24; 19,1-10). ഈ വിരുന്നുക്കളല്ലാം തന്നെ പ്രബോധനത്തിന്റെ വേദികളായി മാറുന്നു. പ്രബോധനം സംഘർഷത്തിലേക്കും രൂക്ഷമായ സംഘട്ടനത്തിലേക്കും നയിക്കുന്നതായും കാണാം. യഹൂദ റബ്ബിമാരുടെ ഇടയിൽ പ്രചാരത്തിലിരുന്ന ഒരു പ്രബോധന രീതിയാണ് വിരുന്നുശാലയിലെ സംഭാഷണങ്ങൾ. ഇതു ഗ്രീക്കു സംസ്കാരത്തിൽ

നിന്നു കടം കൊണ്ടതായി കരുതുന്നവരുണ്ട്. പണ്ഡിതരും തത്വ ജ്ഞാനികളും വിരുന്നുശാലകളിൽ ഒരുമിച്ചുകൂടി ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നതിനിടയിൽ ഗഹനമായ വിഷയ ങ്ങൾ ചർച്ചചെയ്യും. *സിംപോസിയം* (symposium) എന്നാണ് ഇപ്ര കാരമുള്ള സമ്മേളനങ്ങൾ അറിയപ്പെട്ടിരുന്നത്. ഓരോരുത്തരും ആശയങ്ങൾ അവതരിപ്പിക്കുകയും ചോദ്യങ്ങൾക്കു മറുപടി നൽകുകയും ചെയ്യുന്ന ഈ വേദി സമൂഹത്തിലെ ഉന്നതർക്കു തങ്ങളുടെ കഴിവു പ്രകടിപ്പിക്കാനുള്ള അവസരം ഒരുക്കിയിരുന്നു.

എന്നാൽ യേശു പങ്കെടുത്ത വിരുന്നുകളിൽ തികച്ചും നൂത നവും വ്യത്യസ്തവുമായവ സംഭവിച്ചു. ശിമയോന്റെ വീട്ടിൽ (7,36–50) പാപമോചനവും സ്നേഹവും തമ്മിലുള്ള ബന്ധം വ്യാഖ്യാനിക്ക പ്പെട്ടു. 11,37–54 ൽ വിവരിക്കുന്ന വിരുന്ന് അതിരൂക്ഷമായ വിമർശന ത്തിലാണ് കലാശിച്ചത്. 19,1–10 ൽ സക്കേവൂസിന്റെ വീട്ടിലെ വിരു ന്നിലും സമാനമായതു സംഭവിച്ചു. നഷ്ടപ്പെട്ടു പോയതിനെ തേടി വന്നവന്റെ കഥ പത്തു നാണയങ്ങളുടെ ഉപമയിലും അവസാനം ശത്രുക്കളെ കൊന്നു കളയാനുള്ള കല്പനയിലും (19,11–27) ആണ് സമാപിക്കുന്നത്. യേശുവിന്റെ അവസാനത്തെ പ്രബോധനവും ഒരു വിരുന്നിന്റെ–പെസഹാ ആഘോഷത്തിന്റെ–പശ്ചാത്തലത്തിലാ ണല്ലോ നൽകപ്പെട്ടത് (22,14–38).

യേശു വിരുന്നുകൾക്കു നൽകുന്ന പ്രാധാന്യം ദൈവികമായ ഒരു വെളിപ്പെടുത്തലിന്റെ അടയാളമാണ്. വിലക്കപ്പെട്ട പഴംതിന്ന് പറുദീസാ നഷ്ടപ്പെടുത്തിയ മനുഷ്യന് ദൈവം വീണ്ടും നിത്യ ജീവന്റെ ഭക്ഷണം നൽകും; അതിനായി തന്നോടൊപ്പം വിരു ന്നിരുത്തും. നിത്യജീവൻ അഥവാ നിത്യജീവിതം തന്നെ ദൈവ ത്തോടൊന്നിച്ചുള്ള വിരുന്നിൽ പങ്കുചേരുന്നതായിട്ടാണ് സുവി ശേഷങ്ങൾ അവതരിപ്പിക്കുന്നത്. ഈ ആശയത്തിന് ലൂക്കാ വലിയ പ്രാധാന്യം നൽകുന്നുണ്ട്.

പഠനവിഷയമായ സുവിശേഷഭാഗം, ആരംഭത്തിൽ സൂചി പ്പിച്ചതുപോലെ, ഒരു വിരുന്നിന്റെ പശ്ചാത്തലത്തിൽ നടന്ന ഒരു രോഗശാന്തിയും തുടർന്ന് യേശു നൽകിയ രണ്ട് ഉപദേശങ്ങളും അവതരിപ്പിക്കുന്നു. അവയെ അടുത്തു പരിശോധിക്കാനാണ് തുടർന്നു ശ്രമിക്കുന്നത്.

### 1. സാബത്തിൽ രോഗശാന്തി 14,1 – 6

ക്ഷണം സ്വീകരിച്ച് ഒരു ഫരിസേയ പ്രമാണിയുടെ വീട്ടിൽ

വിരുന്നിനിരിക്കുന്ന യേശുവാണ് മുഖ്യകഥാപാത്രം. "അവർ അവനെ ശ്രദ്ധിച്ചുകൊണ്ടിരുന്നു" എന്ന സാഹചര്യ വിശദീകരണം ആതിഥേയന്റെയും കൂടെ വിരുന്നിനിരിക്കുന്ന ഫരിസേയരുടെയും സ്വഭാവസവിശേഷതയിലേക്കും ഉദ്ദേശ്യലക്ഷ്യങ്ങളിലേക്കും വെളിച്ചം വീശുന്നു. ഒരു സൗഹൃദസംഭാഷണത്തിനല്ല, ഏതെങ്കിലും തരത്തിൽ കുറ്റം കണ്ടുപിടിച്ച് വിമർശിക്കാൻ വേണ്ടിയാണ് യേശുവിനെ ക്ഷണിച്ചത് എന്നു വ്യക്തം.

സുവിശേഷകൻ ശ്രദ്ധ ക്ഷണിക്കുന്നത് അവിടെ ഉണ്ടായിരുന്ന ഒരു മഹോദര രോഗിയിലേക്കാണ്. വിരുന്നുശാലയിൽ ഇരിക്കുന്ന മഹോദരരോഗി വ്യക്തവും വ്യംഗ്യമായ സൂചനകൾ നൽകുന്നുണ്ട്. വെള്ളം കെട്ടിക്കിടന്ന് വയർ വീർക്കുന്നതാണ് മഹോദരരോഗം- dropsy എന്ന് ഇംഗ്ലീഷിൽ- "ഹൈഡ്രോപിക്" (hydropic) എന്ന് ഗ്രീക്ക്. ഉദരസംബന്ധമായ രോഗമാണിത്. പുറമേനിന്ന് കാണുന്നവർക്ക് വീർത്തവയർ മാത്രമേ ദൃശ്യമാകൂ. കാരണം എന്തെന്ന് അറിയില്ലെങ്കിലും ഈ രോഗം ഒരു പ്രതീകമായി കരുതാനാവും-അന്നും ഇന്നും. ശ്രദ്ധ മുഴുവൻ ഉദര കേന്ദ്രീകൃതമാക്കിയ ഒരു സംസ്കാരത്തിന്റെ പ്രതീകമാണ് വിരുന്നുശാലയിൽ ഇരിക്കുന്ന മഹോദര രോഗി. ഭക്ഷിക്കുക, ആസ്വദിക്കുക, അതിനായി സംഭരിക്കുക-അതുമാത്രം ജീവിത ലക്ഷ്യമാക്കുന്ന ഒരു ഉപഭോഗ സംസ്കാരത്തിന്റെ പ്രതീകമാണോ ഈ രോഗി?

സാബത്തിന്റെ യഥാർത്ഥ ലക്ഷ്യവും അർത്ഥവുമാണ് യേശു തുടങ്ങിവയ്ക്കുന്ന ചർച്ചയുടെ കേന്ദ്രം. നിസംഗത പ്രകടമാക്കുന്ന നിശ്ശബ്ദതയാണ് ആതിഥേയരുടെ മറുപടി. യേശു രോഗിക്കു സൗഖ്യം നൽകി, തുടർന്നു സാബത്തിന്റെ വിശദീകരണവും. കിണറ്റിൽ വീണ മകന്റെയും കാളയുടെയും ഉദാഹരണത്തിലൂടെ യേശു സാബത്തിന്റെ അർത്ഥവും വ്യക്തമാക്കി. മനുഷ്യനുവേണ്ടിയാണ് സാബത്ത്; മാത്രമല്ല എല്ലാ നിയമങ്ങളും. ദൈവം നിയമങ്ങൾ നൽകിയതുതന്നെ മനുഷ്യന് യഥാർത്ഥ ജീവനും സന്തോഷവും സമാധാനവും സംലഭ്യമാക്കുന്നതിനുവേണ്ടിയാണ്.

ഏറ്റം പ്രധാന നിയമമായിരുന്നു സാബത്ത്. എന്നാൽ കാലക്രമത്തിൽ അർത്ഥം നഷ്ടപ്പെട്ട് വെറും ഒരു ആചാരവും അനുഷ്ഠാനവും മാത്രമായി മാറിയ ആ നിയമത്തെ പുനർവ്യാഖ്യാനിക്കുകയാണ് യേശു ചെയ്തത്. അധ്വാനിക്കുന്ന മനുഷ്യനു വിശ്രമം നൽകാൻ വേണ്ടിയായിരുന്നു സാബത്തുനിയമം. എന്നാൽ നിയമജ്ഞരുടെ വ്യഖ്യാനം അതിനെ ദുർവ്വഹമായ ഭാരമാക്കിമാറ്റി.

യേശുവിന്റെ ചോദ്യത്തിനു മുമ്പിൽ സഹവിരുന്നുകാർക്കു വാക്കു മുട്ടി. 13-ാം അധ്യായത്തിൽ കണ്ട കൂനിയെപ്പോലെയാണ് ഇവിടത്തെ മഹോദരരോഗി. ഇരുവർക്കും യേശു സാബത്തിൽ സൗഖ്യം നൽകിക്കൊണ്ട് സാബത്തിന്റെ യഥാർത്ഥ ലക്ഷ്യം പുനഃസ്ഥാപിച്ചു.

മനുഷ്യന്റെ ആത്യന്തിക നന്മയെ ലക്ഷ്യംവച്ചു നൽകപ്പെട്ട പല നിയമങ്ങളും, പ്രത്യേകിച്ച് മതാത്മക മേഖലയിൽ, പിൽക്കാലത്ത് വെറും ചടങ്ങുകൾ മാത്രമായി അധഃപതിക്കുക അസാധാരണമല്ലല്ലോ. അക്ഷരാർത്ഥത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നവർ പലപ്പോഴും തീവ്രവാദികളായി മാറുന്നു; അതോടൊപ്പം നിയമത്തിന്റെ ലക്ഷ്യമായ മനുഷ്യന്റെ ആത്യന്തിക നന്മ മറക്കുകയും ചെയ്യുന്നു, യേശുവിന്റെ കാലത്തെ നിയമജ്ഞർക്കും ഫരിസേയർക്കും സംഭവിച്ചതുപോലെ. നിയമത്തിന്റെ അക്ഷരാർത്ഥത്തിലല്ല, ആത്മാവിലാണ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് (2 കോറി 3,6).

**2. ഒന്നാം സ്ഥാനം (14,7 – 11)**

രോഗശാന്തി നൽകിയശേഷം വിരുന്നിനു ക്ഷണിക്കപ്പെട്ടവരുടെ പ്രവർത്തനശൈലിയെ നിരീക്ഷിച്ച്, യേശു നൽകുന്ന രണ്ട് ഉപദേശങ്ങളാണ് ലൂക്കാ തുടർന്ന് അവതരിപ്പിക്കുന്നത്. അതിൽ ആദ്യത്തേത് സമൂഹത്തിൽ നിലനിർത്തേണ്ട ഒരു ക്രമത്തെ സൂചിപ്പിക്കുന്നു. ഒരു ഉപമയിലൂടെയാണ് ഈ പ്രബോധനം-അനുദിന ജീവിതത്തിൽ നിന്ന് അടർത്തിയെടുത്തതും കേൾവിക്കാർ കൺമുന്നിൽ കാണുന്നതും, അവർ തന്നെ പങ്കുകാരാകുന്നതുമായ ഒരു സംഭവം.

വിരുന്നിലെ പ്രമുഖസ്ഥാനമാണ് ചർച്ചാവിഷയം. അന്നത്തെ വിരുന്നുശാലയിലെ സ്ഥാനക്രമം മനസിലാക്കിയാലേ യേശു പറയുന്ന ഉപമയുടെ ധ്വനികൾ ഗ്രഹിക്കാനാവൂ. റോമാക്കാരെ അനുകരിച്ച് ദിവാൻ പോലുള്ള ഇരിപ്പിടങ്ങളിൽ, ഒരു കൈയിൽ തല താങ്ങി ചാരിക്കിടന്നാണ് വിരുന്നു ഭക്ഷിക്കുക. അതിഥികളുടെ മാന്യതയും സമൂഹത്തിലെ സ്ഥാനവും പരിഗണിച്ച് ഓരോരുത്തർക്കും സ്ഥലം നിശ്ചയിച്ചിരുന്നു. ആതിഥേയന്റെ വലത്തുവശത്തെ ഇരിപ്പിടമാണ് ഏറ്റം പ്രധാനപ്പെട്ടത്. ആതിഥേയന്റെ ഇടതുവശത്തേത് രണ്ടാം സ്ഥാനം. അങ്ങനെ ഇരിപ്പിടങ്ങൾക്കെല്ലാം ക്രമനമ്പർ നൽകിയിരുന്നു. അതിനാൽ ഏറ്റം പ്രാധാന്യമുള്ള സ്ഥാനത്തിരിക്കാൻ വേണ്ടി അതിഥികൾ മത്സരിക്കുന്നതു കണ്ടപ്പോഴാണ് യേശുവിന്റെ ഉപദേശം.

ഒന്നാം സ്ഥാനത്തു കയറിപ്പറ്റാൻ ശ്രമിക്കേണ്ടാ. സ്വയം വലുതായിക്കാണാൻ, സ്വയം ഉയർത്താൻ ശ്രമിക്കുന്നതു വീഴ്ചക്കു കാരണമാകും. അവസാനത്തെ സീറ്റിൽ പോയി ഇരിക്കാൻ പറയുന്നത് പിന്നീട് മുന്നിലേക്കു കയറിയിരിക്കാൻ പറയുകയും അങ്ങനെ താൻ മറ്റുള്ളവരുടെ മുമ്പിൽ വലിയവനായി പ്രത്യക്ഷപ്പെടുകയും ചെയ്യും എന്ന പ്രതീക്ഷയോടെ ആകരുത്. യഥാർത്ഥ്യം അംഗീകരിക്കുക, നീയല്ല നിന്നെ പുകഴ്ത്തേണ്ടത്. നിന്റെ സൽപ്രവൃത്തികൾ കണ്ട് മറ്റുള്ളവർ ദൈവത്തെ സ്തുതിച്ചു മഹത്വപ്പെടുത്തട്ടെ. കാപട്യവും മുഖംമൂടികളും ദൈവം വെറുക്കുന്നു. മനുഷ്യദൃഷ്ടിയിൽ വലിയവനായി പ്രത്യക്ഷപ്പെടുന്നവനല്ല, ദൈവം അംഗീകരിക്കുന്നവനാണ് യഥാർത്ഥ മഹത്വമുള്ളത്.

ഈ ഉദാഹരണത്തിലൂടെ മത്സരത്തിന്റെ തായ്‌വേരിനാണ് യേശു കത്തിവയ്ക്കുന്നത്. ഒന്നാമനാകാനുള്ള ശ്രമമല്ലേ ഇന്നു നാം കാണുന്ന യുദ്ധങ്ങളുടെയും അക്രമങ്ങളുടെയും അനീതിയുടെയും എല്ലാം മുഖ്യ കാരണം? ലോകത്തിൽ ഒന്നാമനാകുക, മറ്റെല്ലാവരെയും തന്റെ കീഴിലാക്കുക-പൈശാചികമാണ് ഈ പ്രലോഭനം. ഇത് കുടുംബങ്ങളിലും സമൂഹങ്ങളിലും രാജ്യങ്ങളിലും അന്താരാഷ്ട്ര സമൂഹത്തിലും എല്ലാം പ്രകടമാകുന്ന മാരകമായ പ്രലോഭനമാണ്. സ്ഥാനമോഹികൾക്കു സഭയിൽ സ്ഥലമില്ല എന്നു ഫ്രാൻസീസ് പാപ്പാ പറയുമ്പോൾ കത്തോലിക്കാസഭയിലും സന്യാസസമൂഹങ്ങളിലും എല്ലാം ഈ പ്രവണത നിലനിൽക്കുന്നു എന്ന് അംഗീകരിക്കുകയാണല്ലോ? ഉള്ളതുകൊണ്ട് തൃപ്തിപ്പെടുക, അവസാന സ്ഥാനത്തു നിൽക്കാൻ തയ്യാറാവുക, മറ്റുള്ളവരെ കാണിക്കാൻ വേണ്ടി ഒന്നും ചെയ്യാതിരിക്കുക. ദൈവം നൽകുന്ന അംഗീകാരം കൊണ്ടു തൃപ്തിപ്പെടുക. ഇതാണ് ഒന്നാമത്തെ ഉപദേശം.

**3. ആരെ ക്ഷണിക്കണം (14,12 – 14)**

ഒരു വിശദീകരണവും ആവശ്യമില്ലാത്തത്ര ലളിതവും വ്യക്തവും, എന്നാൽ പാലിക്കാൻ അത്ര എളുപ്പമല്ലാത്തതുമാണ് രണ്ടാമത്തെ ഉപദേശം. സാധാരണ സംഭവിക്കുന്നതിലും ഘടകവിരുദ്ധമാണ് യേശു വിഭാവനം ചെയ്യുന്ന വിരുന്നാഘോഷം. തന്റെ ജീവിതവും പ്രബോധനവും പ്രവൃത്തിയും വഴി യേശു ഊന്നൽ നൽകിയ പ്രമേയമാണ് ദരിദ്രർക്കു മുൻഗണന. നസ്രത്തിലെ നയപ്രഖ്യാപനത്തിൽ അവതരിപ്പിച്ചതാണ് ഈ പ്രമേയം; ദരിദ്രർക്കു

സദ്വാർത്ത, ബന്ധിതർക്കു മോചനം, അന്ധർക്കു കാഴ്ച, അടിച്ച മർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യം. ഇതാണ് ദൈവത്തിനു സ്വീകാര്യമായ സമയം, ഇതാണ് ദൈവരാജ്യത്തിന്റെ സ്വഭാവം (ലൂക്കാ 4,18-21) സുവിശേഷഭാഗ്യങ്ങളിൽ ഈ പ്രമേയം വ്യക്തമായി പ്രഘോഷിച്ചു: ദരിദ്രരേ, നിങ്ങൾ ഭാഗ്യവാന്മാർ... (ലൂക്കാ 6,20-23). വരാനിരിക്കുന്നവൻ ആരെന്നു കണ്ടെത്താനുള്ള അടയാളമായി സ്നാപകശിഷ്യർക്ക് യേശു ചൂണ്ടിക്കാണിച്ചതും ഇതുതന്നെ. കുരുടന്മാർ കാണുന്നു, മുടന്തന്മാർ നടക്കുന്നു,... ദരിദ്രരോട് സുവിശേഷം പ്രസംഗിക്കപ്പെടുന്നു (ലൂക്കാ 7,22). പഠനവിഷയമായ സുവിശേഷ ഭാഗത്തിന്റെ തുടർച്ചയായ മഹാവിരുന്നിന്റെ ഉപമയിലും ഇതേ പ്രമേയം ആവർത്തിക്കപ്പെടുന്നു (ലൂക്കാ 14,15-24). "ക്ഷണിക്കപ്പെട്ടവരിൽ ആരും വിരുന്നാസ്വദിക്കുകയില്ല" എന്ന ശിക്ഷാവിധിയോടെ സംഭാഷണം അവസാനിപ്പിക്കുമ്പോൾ ഈ പ്രമേയത്തിന്റെ പ്രാധാന്യം എത്രയെന്നു വ്യക്തമാക്കുന്നു.

ദൈവം കനിഞ്ഞു നൽകുന്ന ദാനമാണ് ദൈവരാജ്യം. അവിടെ വലിയവൻ, ചെറിയവൻ എന്ന വ്യത്യാസം തന്നെ ഇല്ലാതാകുന്നു. എല്ലാവരും ദൈവത്തിന്റ മക്കൾ, തുല്യമഹത്വവും തുല്യ അവകാശവുമുള്ളവർ. ആ ദൈവരാജ്യത്തിൽ പങ്കുചേരണമെങ്കിൽ ഇന്ന് ചെറിയവരോടും എളിയവരോടും ചേർന്നു നിൽക്കാൻ, പക്ഷം ചേരാൻ തയ്യാറാവണം. വിരുന്നിനു ക്ഷണിക്കുന്നത് പ്രായോഗികമായ ഒരു ഉദാഹരണമാണ്. സമൂഹത്തിൽ മാന്യത അവകാശപ്പെടാനില്ലാത്ത, വേലിയിറമ്പുകളിലേക്കു പുറന്തള്ളപ്പെടുന്ന പാവപ്പെട്ടവരുടെ പ്രതീകവും പ്രതിനിധികളുമാണ് ദരിദ്രർ, വികലാംഗർ, മുടന്തർ, കുരുടർ എന്നിവർ.

ഈ ഉപദേശം രണ്ടു കാര്യങ്ങളിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. **1:** ***ആരെ ക്ഷണിക്കണം:*** വിരുന്നുകൾ ഇന്നു വളരെ സാർവ്വത്രികമായിത്തീർന്നിരിക്കുന്നു. വിവാഹം, മാമ്മോദീസാ, ആദ്യ കുർബാന സ്വീകരണം തുടങ്ങി അനേകം അവസരങ്ങൾ വിരുന്നിനു സാഹചര്യമൊരുക്കുന്നു. വൈദികരും വൈദികശ്രേഷ്ഠരും സന്യസ്തരും ഒന്നും ഇവിടെ അപവാദമാകുന്നില്ല. രജതജൂബിലി, സുവർണ്ണജൂബിലി തുടങ്ങി എന്തെല്ലാം ആഘോഷങ്ങൾ! വ്രതവാഗ്ദാനം, പൗരോഹിത്യ സ്വീകരണം എന്നിങ്ങനെ എത്രയെത്ര അവസരങ്ങൾ! എന്നാൽ ആരാണ് ഇവിടെ ക്ഷണിക്കപ്പെടുന്നത്, എന്തിനുവേണ്ടിയാണീ ആഘോഷങ്ങൾ എന്നൊക്കെ ഈ ഗുരുവചനത്തിന്റെ വെളിച്ചത്തിൽ ആത്മശോധന ചെയ്യാൻ നാം

നിർബന്ധിതരാകുന്നു. അടുത്തകാലത്ത് പ്രബലപ്പെടുന്ന ഊട്ടു നേർച്ചകളും ഈ ഗണത്തിൽപ്പെടും. വിശക്കുന്നവർക്ക് ആഹാരം നൽകുകയാണോ അതോ ആഘോഷിക്കുന്ന വ്യക്തികളുടെയും സമൂഹങ്ങളുടെയും പ്രശസ്തിയും വരുമാനവും വർദ്ധിപ്പിക്കുക യാണോ എന്നു സംശയം ജനിപ്പിക്കുന്നതാണ് ഇപ്രകാരമുള്ള പല ആഘോഷങ്ങളും.

**2: *വിരുന്നിന്റെ ലക്ഷ്യം:*** എന്തിനുവേണ്ടിയാണ് വിരുന്നു നട ത്തുന്നത്, എന്തായിരിക്കണം അതിന്റെ ആത്യന്തിക ലക്ഷ്യം എന്ന് യേശു വ്യക്തമായി പഠിപ്പിക്കുന്നുണ്ട്: "നീതിമാന്മാരുടെ പുനരു ത്ഥാനത്തിൽ നിനക്കു പ്രതിഫലം ലഭിക്കും" (14,14). നിത്യജീവി തത്തിലുള്ള വിശ്വാസവും പ്രത്യാശയും ഇവിടെ ശ്രദ്ധേയമാകുന്നു. മറ്റുള്ളവരുടെ മുമ്പിൽ വലിയവനായി പരിഗണിക്കപ്പെടുക, മറ്റു ള്ളവരുടെ അംഗീകാരവും പ്രത്യുപകാരവും ലഭിക്കുക ഇതൊന്നു മായിരിക്കരുത് പാവപ്പെട്ടവർക്കു വിരുന്നു നൽകുന്നതിന്റെ ലക്ഷ്യം. ദരിദ്രരെ വിളിച്ചുവരുത്തി, വിരുന്നു നൽകി, മാധ്യമങ്ങളിലൂടെ കൊട്ടി ഘോഷിച്ച് പേരെടുക്കാനുള്ള ശ്രമമായി ഈ ഉപദേശം തെറ്റിധരി ക്കപ്പെടരുത്. യഥാർത്ഥ സ്നേഹമായിരിക്കണം വിരുന്നൊരു ക്കാനും ക്ഷണിക്കാനും പ്രേരിപ്പിക്കുന്നത്. പ്രതിഫലം നൽകു ന്നത് ദൈവമാണെന്ന കാര്യം മറക്കാതിരിക്കുക.

വിരുന്നിന്റെ പശ്ചാത്തലത്തിലുള്ള പ്രബോധനം യേശു തന്നെ ഒരുക്കിയ അന്ത്യ അത്താഴത്തിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. ഒരു മേശയ്ക്കു ചുറ്റും ഒരുമിച്ചുകൂടുന്ന ഒരു കൂട്ടായ്മയായിരിക്കണം തന്റെ ശിഷ്യർ, തന്റെ സഭ എന്ന് യേശു ആഗ്രഹിച്ചു, പഠിപ്പിച്ചു, കല്പിച്ചു. അതനുസരിച്ചാണ് ഊട്ടുമേശയിലെ കൂട്ടായ്മ സഭാസമൂ ഹത്തിന്റെ അടിസ്ഥാനവും കേന്ദ്രവുമായത് (അപ്പ 2,42. 46-47). ഈ കൂട്ടായ്മയ്ക്കു ഭംഗം വരുന്നത് മാരകപാപമായി അപ്പസ്തോ ലൻ വ്യാഖ്യാനിച്ചു (1 കോറി 11,17-34) എന്നതും ഓർമ്മിക്കണം.

ദൈവത്തോടൊപ്പം നിത്യവിരുന്നിൽ പങ്കുചേരാൻ വിളിക്ക പ്പെട്ടവരാണ് നാം. വിശക്കുന്നവരുമായി ആഹാരം ഇന്നു പങ്കുവ ച്ചെങ്കിൽ മാത്രമേ നിത്യവിരുന്നിൽ പങ്കു ലഭിക്കൂ. വിരുന്നാഘോ ഷങ്ങൾ പ്രൗഢി പ്രകടനങ്ങളുടെ വേദിയാകരുത്, മറിച്ച് വിശ ക്കുന്നവന് ആഹാരം നൽകുന്ന, പങ്കുവയ്ക്കുന്ന സ്നേഹത്തിന്റെ ദൃശ്യമായ പ്രകടനങ്ങളായിരിക്കണം.

# 40

### കൈത്താ 2 – ാം ഞായർ

## സ്നേഹനിധിയായ പിതാവ്

**(ലൂക്കാ 15,11 – 32)**

കരുണയുടെ സുവിശേഷം എന്ന് ലൂക്കാ എഴുതിയ സുവിശേഷത്തെ വിശേഷിപ്പിക്കാറുണ്ട്. വാക്കും പ്രവൃത്തിയും വഴി യേശു ദൈവത്തിന്റെ കാരുണ്യം പ്രകടമാക്കിയതിന് പ്രത്യേക ഊന്നൽ നൽകുന്നതിനാലാണ് ഈ വിശേഷണം. ദൈവത്തിന്റെ കാരുണ്യം ഏറ്റം പ്രകടമാക്കുന്ന ഒരുപമയാണ് ഇന്നത്തെ ധ്യാന വിഷയം. "ധൂർത്തപുത്രന്റെ ഉപമ" എന്നാണ് ഈ സുവിശേഷ ഭാഗത്തെ സാധാരണ വിശേഷിപ്പിക്കാറെങ്കിലും കരുണാർദ്രമായ സ്നേഹത്തിന്റെ ഉറവിടമായ പിതാവാണ് ഉപമയിലെ മുഖ്യകഥാപാത്രം.

"സുവിശേഷത്തിലെ സുവിശേഷം" എന്നു വിശേഷിപ്പിക്കാറുള്ള ലൂക്കാ 15-ാം അധ്യായത്തിലാണ് ഈ ഉപമ രേഖപ്പെടുത്തിയിരിക്കുന്നത്. പാപിയുടെ മാനസാന്തരത്തിൽ സന്തോഷിക്കുന്ന ദൈവത്തിന്റെ ചിത്രം കാണാതായ ആടിന്റെയും (ലൂക്കാ 15,3-7) കാണാതായ നാണയത്തിന്റെയും (ലൂക്കാ 15,8-10) ഉപമകളിലൂടെ വരച്ചുകാട്ടിയതിനുശേഷമാണ് "ധൂർത്തപുത്രന്റെ" ഉപമ അവതരിപ്പിച്ചിരിക്കുന്നത്. ഉപമകൾ മൂന്നിന്റെയും മുഖ്യപ്രമേയം ഒന്നുതന്നെ. നഷ്ടപ്പെട്ടതു വീണ്ടുകിട്ടുന്നതിലുള്ള സന്തോഷം. ആടിനെ തേടുന്ന ഇടയനും നാണയം തിരയുന്ന വീട്ടമ്മയും പുത്രന്റെ മടങ്ങിവരവിൽ സന്തോഷിക്കുന്ന പിതാവും സ്വർഗ്ഗസ്ഥനായ പിതാവിന്റെ പ്രതീകങ്ങളത്രെ. ദൈവത്തിന്റെ യഥാർത്ഥ ചിത്രം വരച്ചുകാട്ടാൻ വേണ്ടിയാണ് യേശു ഈ ഉപമകൾ മൂന്നും പറഞ്ഞത്. നിലവിലിരുന്ന ദൈവസങ്കല്പങ്ങൾക്കു കടകവിരു

ഢമാണ് യേശു വരച്ചുകാട്ടുന്ന ഈ ദൈവചിത്രം. ഉപമകൾക്ക് ആമുഖമായി ലൂക്കാ അവതരിപ്പിക്കുന്ന സാഹചര്യം (ലൂക്കാ 15,1-2) ഇതു വ്യക്തമാക്കുന്നു.

ഉടമ്പടിയുടെ നിയമങ്ങളും അവയുടെ വ്യാഖ്യാനങ്ങളും കണിശമായി അനുസരിക്കുമെന്നു വ്രതം ചെയ്തവരായിരുന്നു ഫരിസേയർ. നിയമത്തിന്റെ വിശദാംശങ്ങൾ ഇഴതിരിച്ച് വിശദീകരിക്കുകയും വ്യത്യസ്ത ജീവിതസാഹചര്യങ്ങൾക്കനുസൃതം വ്യാഖ്യാനിച്ചു പഠിപ്പിക്കുകയും ചെയ്യുന്നവരാണ് നിയമജ്ഞർ. അവരുടെ കാഴ്ചപ്പാടിൽ യേശുവിന്റെ വാക്കും പ്രവൃത്തിയും ആശ്ചര്യം ജനിപ്പിക്കുക മാത്രമല്ല, അവ മറ്റുള്ളവരെക്കൂടി പാപത്തിനു പ്രേരിപ്പിക്കുംവിധം കുറ്റകരവുമായിരുന്നു. "ചുങ്കക്കാരും പാപികളും" എന്ന പൊതു വിശേഷണം നിയമം അനുസരിക്കാതെ ജീവിക്കുന്നവരെ സൂചിപ്പിക്കുന്നു. നിയമലംഘനം മാത്രമല്ല, നിയമം ലംഘിക്കുന്നവരോടു സഹവസിക്കുന്നതും അവരുമായി സമ്പർക്കത്തിൽ ഏർപ്പെടുന്നതുപോലും പാപമായി പരിഗണിച്ച ഫരിസേയരും നിയമജ്ഞരും യേശുവിനെ നിയമലംഘകനും മറ്റുള്ളവരെ വഴിതെറ്റിക്കുന്നവനുമായി ചിത്രീകരിച്ചു. ഈ സാഹചര്യത്തിലാണ് നിയമദാതാവായ ദൈവത്തിന്റെ യഥാർത്ഥമുഖം ഉപമകളിലൂടെ യേശു അനാവരണം ചെയ്യുന്നത്.

"അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പത് നീതിമാന്മാരെക്കുറിച്ച് എന്നതിനേക്കാൾ അനുതപിക്കുന്ന പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും" എന്ന് ആദ്യത്തെ രണ്ടുപമകളുടെയും അവസാനം പ്രഖ്യാപിച്ചതിനു ശേഷം ആ സന്തോഷത്തിന്റെ വ്യക്തമായ ഒരു ചിത്രം അടുത്ത ഉപമയിലൂടെ അവതരിപ്പിക്കുന്നു. അനുതപിക്കുന്ന പാപിയുടെ പ്രതിനിധിയാണ് ഇളയമകൻ; അനുതാപം ആവശ്യമില്ലാത്ത നീതിമാന്റെ പ്രതിനിധി മൂത്തമകൻ. രണ്ടുപേരെയും ഒരുപോലെ സ്നേഹിക്കുന്ന പിതാവ്. ഈ കഥയിലൂടെ പ്രകടമാകുന്നത് തികച്ചും വിപ്ലവാത്മകമായ ഒരു ദൈവചിത്രമാണ്. ഉപമ വ്യക്തമായും രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ആദ്യഭാഗം (15,11-24) അനുതപിച്ചു മടങ്ങിവരുന്ന ഇളയമകന്റെയും രണ്ടാം ഭാഗം വീട്ടിനു പുറത്തു നിൽക്കുന്ന മൂത്തമകന്റെയും ചിത്രങ്ങൾ അവതരിപ്പിക്കുന്നു. ഇരുവരുടെയും സ്വഭാവസവിശേഷതകളും ഇരുവരോടുമുള്ള പിതാവിന്റെ സമീപനവും സവിശേഷ ശ്രദ്ധയർഹിക്കുന്നു.

മനുഷ്യന്റെ വ്യത്യസ്ത സ്വഭാവങ്ങളും ദൈവത്തിന്റെ സമീപനവും വ്യക്തമാക്കുന്നതാണ് ഈ ചിത്രങ്ങൾ.

ഇളയമകനെ സംബന്ധിച്ച വിവരണം അഞ്ച് ഘടകങ്ങൾ ഉൾക്കൊള്ളുന്നു. 1. സ്വാർത്ഥം തേടി വീടുപേക്ഷിച്ച് വിദേശ ത്തേക്കു പോകുന്നു (15,11-13); 2. എല്ലാം നഷ്ടപ്പെടുത്തി കഷ്ട തയിലാകുന്നു (15,14-16); 3. പിതൃഭവനത്തെക്കുറിച്ചുള്ള ചിന്ത മാനസാന്തരത്തിലേക്കു നയിക്കുന്നു (15,17-19); 4. പിതൃഭവന ത്തിലേക്കു മടങ്ങിവരുന്നു (15,20-21); 5. പിതാവ് സന്തോഷ ത്തോടെ സ്വീകരിച്ച് മകനായി പുനഃസ്ഥാപിക്കുന്നു. ഈ അഞ്ചു ഘടകങ്ങളിൽ പാപത്തെയും മാനസാന്തരത്തെയും സംബന്ധിച്ച യേശുവിന്റെ പ്രബോധനം വ്യക്തമായി കാണാം.

പിതൃസ്വത്തിൽ പുത്രന് അവകാശമുണ്ട്. പുത്രന്മാരുടെ എണ്ണ മനുസരിച്ച് സ്വത്തു പങ്കുവയ്ക്കുമ്പോൾ മൂത്തപുത്രന് മറ്റുള്ള ഓരോരുത്തർക്കും ലഭിക്കുന്നതിന്റെ ഇരട്ടി പങ്കു ലഭിക്കുന്നു. (നിയ 21,17). ഈ നിയമമനുസരിച്ച് പിതൃസ്വത്തിന്റെ മൂന്നിൽ ഒരുഭാഗം ഇളയവനു ലഭിച്ചു. പിതാവിന്റെ മരണശേഷം മാത്രമേ തനിക്കു ലഭിച്ച സ്വത്തുവിൽക്കാൻ മകന് അവകാശമുള്ളൂ. എന്നാൽ ഇവിടെ പിതാവു ജീവിച്ചിരിക്കെത്തന്നെ മകൻ സ്വത്തു മുഴുവൻ ശേഖരിച്ച് നാടുവിടുകയാണ്. പിതാവിനെ തള്ളിപ്പറഞ്ഞ് വീടുവിട്ടറങ്ങുന്നതിന്റെ ചിത്രമാണിത്. പാപത്തിന്റെ യഥാർത്ഥ മുഖം ഇവിടെ അനാവൃതമാകുന്നു. സ്വത്തുശേഖരിച്ച് വിദൂര ത്തേക്കു പോകുന്ന മകൻ വിലക്കപ്പെട്ട കനി ഭക്ഷിച്ച് പറുദീസാ യ്ക്കു പുറത്തായ ആദ്യമനുഷ്യൻ മുതൽ ദൈവത്തിനു പുറം തിരിയുന്ന സകല മനുഷ്യരുടെയും പ്രതിനിധിയും പ്രതീകവു മാണ്. ദൈവത്തെ ഉപേക്ഷിക്കുക, ദൈവികസാന്നിധ്യം ഉപേ ക്ഷിക്കുക ഇതാണ് പാപത്തിന്റെ അന്തഃസത്ത. പിതൃഭവനത്തി ലായിരിക്കുന്നതു പരിമിതിയായി കരുതി, സ്വാതന്ത്ര്യം തേടി പുറത്തു പോകുന്നതാണ് പാപം.

പിതൃഭവനത്തിൽനിന്ന് പുറത്ത്, വാഗ്ദത്ത ഭൂമിക്കു പുറത്തു കടന്നുവന്നവന് സ്വാതന്ത്ര്യം ലഭിച്ചു. സുഖഭോഗങ്ങളിൽ മുഴു കാൻ കഴിഞ്ഞു. എന്നാൽ ഈ സ്വാതന്ത്ര്യം അധികനാൾ ദീർഘി ച്ചില്ല. സ്വത്തുതീർന്നു. ക്ഷാമമുണ്ടായി. വിശപ്പറിഞ്ഞു. ആഹാര ത്തിനുവേണ്ടി ജോലിതേടി. കിട്ടിയത് പന്നിമേയ്ക്കാൻ. ഇസ്രാ യേൽക്കാരന് അശുദ്ധമൃഗമാണ് പന്നി. അവയെ മേയ്ക്കുന്നത് ഏറ്റം നികൃഷ്ടമായ ജോലി. പന്നി തിന്നുന്ന തവിട് അരോച

കവും അശുദ്ധവുമായ ഭക്ഷണം. അതുപോലും ലഭിക്കാത്തവന്റെ അവസ്ഥ പാപം മനുഷ്യനെ കൊണ്ടുചെന്നെത്തിക്കുന്ന ദുരിതത്തിന്റെയും നിരാശയുടെയും ഭീകരത വ്യക്തമാക്കുന്നു. ദൈവത്തിൽനിന്നകന്ന് ആസ്വദിക്കുന്ന സ്വാതന്ത്ര്യവും സുഖഭോഗങ്ങളും നൈമിഷികമത്രെ. അത് കടുത്ത നിരാശയിലേക്കും സഹനത്തിലേക്കുമേ നയിക്കൂ.

വിശപ്പടക്കാൻ വഴി കാണാതെ വന്നപ്പോഴാണ് മാനസാന്തരമുണ്ടായത്. "അവനു സുബോധമുണ്ടായി" എന്നു വിവർത്തനം ചെയ്യുന്ന ഗ്രീക്കുമൂലത്തിന്റെ അർത്ഥം "അവൻ തന്നിലേക്കു തന്നെ വന്നു" എന്നാണ്. യഥാർത്ഥമായ അനുതാപത്തെയും മാനസാന്തരത്തെയും സൂചിപ്പിക്കുന്ന *"ശൂബ്"* എന്ന അരമായ വാക്കാണ് ഇതിനു പിന്നിൽ നിൽക്കുന്നത്. തന്നെക്കുറിച്ച്, തന്റെ അവസ്ഥയെക്കുറിച്ച് വ്യക്തമായ അവബോധമുണ്ടായത് സഹനത്തിന്റെ തീച്ചൂളയിൽവച്ചാണ്. വിശന്നു വലഞ്ഞപ്പോൾ പിതൃഭവനത്തെയും അവിടെ ലഭിക്കുന്ന സുഭിക്ഷമായ ഭക്ഷണത്തെയും കുറിച്ചുള്ള ഓർമ്മ കടന്നുവന്നു. പിതാവിന്റെ സ്നേഹത്തെക്കുറിച്ച് എന്നതിനേക്കാൾ പിതൃഭവനത്തിൽ ലഭിക്കുന്ന ആഹാരത്തെക്കുറിച്ചാണ് അവൻ ചിന്തിക്കുന്നത്. ഇതിനെ ഉത്തമ മനസ്താപം എന്നു വിശേഷിപ്പിക്കാനാവില്ല. എങ്കിലും ഇതൊരു തുടക്കമാണ്. മടക്കയാത്രയുടെ തുടക്കം. പിതാവിനോട് ഏറ്റുപറയാൻ തന്റേയായ കുറ്റങ്ങളുടെ പട്ടികയും ഒരു യാചനയുമായിട്ടാണ് അവൻ മടക്കയാത്രയ്ക്ക് ഒരുങ്ങുന്നത്. "ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുത്തേക്കു പോകും" എന്ന തീരുമാനം ഉറച്ചതാണ്. പിതൃഭവനം ഉപേക്ഷിച്ചതാണ് തന്റെ ദുരിതങ്ങളുടെ കാരണമെന്നും പിതൃഭവനത്തിലേ തനിക്കു സമാധാനം ലഭിക്കൂ എന്നുമുള്ള ഉറച്ച ബോധ്യം ഈ തീരുമാനത്തിൽ പ്രകടമാകുന്നു. പുത്രസ്ഥാനം പ്രതീക്ഷിക്കുന്നില്ല. ദിവസക്കൂലിയായി ആഹാരം സമ്പാദിക്കുന്ന ഒരു വേലക്കാരന്റെ സ്ഥാനമേ ആഗ്രഹിക്കുന്നുള്ളൂ. അഹങ്കാരം വെടിഞ്ഞു. അവകാശവാദങ്ങളില്ല. കരുണയ്ക്കു വേണ്ടിയുള്ള യാചനമാത്രം. യഥാർത്ഥ അനുതാപിയുടെ ചിത്രം ഇവിടെ തെളിയുന്നു.

മടങ്ങിവരുന്ന പുത്രനെ അകലെ വച്ചുതന്നെ പിതാവു കണ്ടു. അവനെ കാത്തിരിക്കുകയായിരുന്നു. മകന്റെ ദൈന്യതയിൽ പിതാവിന്റെ മനസലിഞ്ഞു എന്നു പ്രത്യേകം എടുത്തു പറയുന്നു. അലിവ്, ആർദ്രത, വാത്സല്യം, കാരുണ്യം ഇതൊക്കെയാണ്

പിതാവിന്റെ പ്രത്യേകത. ഓടിച്ചെന്ന് കെട്ടിപ്പിടിച്ചു ചുംബിക്കുന്നത് ഇതിന്റെ ദൃശ്യമായ അടയാളമാണ്. പഠിച്ചുവച്ച പാപസങ്കീർത്തനം പൂർത്തിയാക്കാൻ മകനെ പിതാവനുവദിക്കുന്നില്ല. പുത്രനെന്നു വിളിക്കപ്പെടാൻ അർഹതയില്ല എന്നു പറയുന്നതോടെ പിതാവ് ഇടപെട്ടു; പാപസങ്കീർത്തനം നിർത്തി. മടങ്ങിവന്നതുമതി. അതുതന്നെ ഒരു വലിയ മാനസാന്തരത്തിന്റെ അടയാളമായി കണക്കിലെടുക്കുന്നു.

മടങ്ങിവരുന്ന മകനെ പിതാവ് ശാസിക്കുന്നില്ല; വിചാരണ ചെയ്യുന്നില്ല; ശിക്ഷയും പ്രായശ്ചിത്തവും ഒന്നും കല്പിക്കുന്നുമില്ല. പുത്രസ്ഥാനത്തേക്കു വീണ്ടും രണ്ടു കൈയും നീട്ടി സ്വീകരിക്കുകയാണ്. മേലങ്കി മഹത്വത്തിന്റെ അടയാളമാണ്. നഷ്ടപ്പെടുത്തിയ മഹത്വം തിരിച്ചു നൽകുന്നതിന്റെ സൂചനയാണ് നീളമുള്ള വിശേഷവസ്ത്രമായ മേലങ്കി. ("മേൽത്തരം വസ്ത്രം" എന്ന പി.ഒ.സി. വിവർത്തനം മൂലപദത്തിന്റെ അർത്ഥം പൂർണ്ണമായും ഉൾക്കൊള്ളുന്നില്ല). കൈയിൽ അണിയിക്കുന്ന മുദ്രമോതിരം പുത്രത്വത്തിന്റെയും അതു നൽകുന്ന അധികാരത്തിന്റെയും സൂചനയാണ്. കാലിൽ ചെരുപ്പണിയിക്കുന്നത് സ്വാതന്ത്ര്യത്തെ സൂചിപ്പിക്കുന്നു. അടിമകൾ നിഷ്പാദുകരായേ നടക്കാറുള്ളൂ. കൊഴുത്ത കാളക്കുട്ടി വിശേഷാവസരത്തിലെ സദ്യക്കുവേണ്ടി പ്രത്യേകം കൊഴുപ്പിച്ച മൃഗമാണ്. മകൻ മടങ്ങിവന്നത് വലിയ ആഘോഷമാക്കി മാറ്റുന്ന പിതാവ് പാപിയുടെ മാനസാന്തരത്തിൽ സന്തോഷിക്കുന്ന ദൈവത്തിന്റെ പ്രതീകം തന്നെ. ഇത്രയും കഥയുടെ ആദ്യഭാഗം.

രണ്ടാംഭാഗം ഇതിനു കടകവിരുദ്ധമായി നിൽക്കുന്നു. വയലിൽനിന്നു മടങ്ങിവരുന്ന മൂത്തമകൻ വേലക്കാരിൽ നിന്നാണ് വിശേഷങ്ങൾ ചോദിച്ചറിയുന്നത്. മൂത്തമകൻ സ്വതന്ത്രനും സ്വത്തിന്റെ മുഴുവൻ അവകാശിയുമാണെങ്കിലും വീട്ടിൽ അന്യനെപ്പോലെ പെരുമാറുന്നു. തന്റെ സഹോദരൻ മടങ്ങിവന്നതും പിതാവ് അവനുവേണ്ടി സദ്യ ഒരുക്കി ആഘോഷിക്കുന്നതും അവനു ദഹിക്കുന്നില്ല. വീട്ടിൽ കയറാൻ വിസമ്മതിച്ചു പുറത്തു നിൽക്കുന്ന മൂത്ത മകന്റെ ഉള്ളിൽ വെറുപ്പും വിദ്വേഷവും നിറഞ്ഞു കവിയുന്നു. തന്റെ അടുക്കലേക്കു വന്ന് സാന്ത്വനവാക്കുകൾ പറയുന്ന പിതാവിന്റെ നേരെ അവൻ തട്ടിക്കയറി. ഉള്ളിൽ തിളച്ചു പൊന്തിയ രോഷം ശകാരവർഷമായി പുറത്തുചാടി. അവന്റെ വാക്കുകളിൽ ഒരിക്കൽപോലും "പിതാവേ" എന്നു വിളിക്കുന്നില്ല;

മടങ്ങിവന്നിരിക്കുന്നത് തന്റെ സഹോദരൻ ആണെന്ന് അംഗീകരിക്കുന്നുമില്ല "നിന്റെ ഈ മകൻ" എന്ന വിശേഷണത്തിൽ വെറുപ്പും കോപവുമുണ്ട്.

പിതൃഭവനത്തിലെ തന്റെ അവസ്ഥയും മടങ്ങിവന്നവന്റെ അവസ്ഥയും തമ്മിൽ താരതമ്യം ചെയ്ത് പിതാവിനെ ശകാരിക്കുകയാണവൻ. താൻ വീട്ടിൽ അടിമയെപ്പോലെ വേലചെയ്യുന്നു; കല്പനകൾ അനുസരിക്കുന്നത് ഭാരമാണ്; നിർബന്ധത്തിനു വഴങ്ങിയാണ്. ആഗ്രഹിക്കുന്നതുപോലെ ജീവിക്കാനോ ചെറുതായിപോലും ജീവിതം ആഘോഷിക്കാനോ കഴിയുന്നില്ല. എന്നാൽ ഇളയമകൻ ഇതിനെല്ലാം വിപരീതമാണ്. സ്വത്തു ധൂർത്തടിച്ചു. "വേശ്യകളോടൊപ്പം" എന്നത് അവന്റെ തന്നെ ഭാവനാസൃഷ്ടിയാണ്. ഇളയവൻ അനുഭവിക്കുന്നു എന്നു താൻ സങ്കല്പിക്കുന്ന സുഖങ്ങളൊന്നും തനിക്കു ലഭിക്കാത്തതിൽ അമർഷവും പ്രതിഷേധവുമുണ്ട്. വിശുദ്ധരെന്ന് നടിക്കുകയും മറ്റുള്ളവരെ കുറ്റം വിധിക്കുകയും ചെയ്യുന്ന ഫരിസേയരുടെയും നിയമജ്ഞരുടെയും മുഖം മൂത്തപുത്രന്റെ ചിത്രത്തിൽ തെളിയുന്നു.

പിതാവിന്റെ സാന്ത്വനവചനങ്ങൾ അവനെ യാഥാർത്ഥ്യബോധത്തിലേക്കു നയിക്കാൻ സഹായിക്കുന്നതാണ്. ഇളയവൻ അവകാശം വാങ്ങിപോയതിനാൽ ശേഷിച്ചതെല്ലാം മൂത്തവനുള്ളതാണ്. അവനാണ് അവകാശി. ദാസനല്ല, പുത്രനാണ്. അനുസരണം അടിമത്തമല്ല, പിതാവിനോടുള്ള സ്നേഹത്തിന്റെ അടയാളമായിരിക്കണം. മടങ്ങിവന്ന ധൂർത്തൻ തന്റെ സഹോദരനാണ്. അവന്റെ പുനർജനനത്തിൽ സന്തോഷിക്കണം. ഇതെല്ലാം ഇന്നും പ്രസക്തമായ വലിയ പാഠങ്ങളത്രെ. സ്വന്തം വിശുദ്ധിയിൽ ഊറ്റം കൊള്ളുകയും മറ്റുള്ളവരെ പാപികളായി മുദ്രകുത്തി എഴുതിത്തള്ളുകയും ചെയ്യുന്നവർക്ക് പ്രസക്തമായ പാഠം. കർക്കശനായ വിധിയാളനല്ല, സ്നേഹനിധിയായ പിതാവാണ് ദൈവം.

കഥ തീരുമ്പോൾ മൂത്തമകൻ വീടിനു പുറത്തും ഇളയമകൻ അകത്തുമാണ്. മൂത്തവൻ അകത്തുവരുമോ? ഇളയവനെപ്പോലെ അനുതപിച്ചു മടങ്ങിവരുമോ? മൂത്തവൻ പിതാവിന്റെ വാക്കുകേട്ട് അകത്തുപ്രവേശിച്ച്, ഇളയവനെ സഹോദരനായി സ്വീകരിച്ച്, ഒരുമിച്ചു ജീവിക്കാൻ തയ്യാറാകുമോ? അതു കേൾവിക്കാർ തീരുമാനിക്കണം. ദൈവത്തിന്റെ കരുണാർദ്ര സ്നേഹം സ്വീകരിച്ച് പങ്കുവയ്ക്കാനുള്ള ആഹ്വാനമാണ് ഈ ഉപമയിലൂടെ യേശു നൽകുന്നത്.

# 41

## കൈത്താ 3 – ാം ഞായർ

# കാഴ്ച

**(യോഹ 9,1 – 41)**

വി. യോഹന്നാൻ എഴുതിയ സുവിശേഷത്തിലെ രണ്ടു മുഖ്യ പ്രമേയങ്ങളാണ് ജീവനും പ്രകാശവും. സുവിശേഷത്തിന്റെ ആമുഖത്തിൽ(യോഹ 1,1–18)ത്തന്നെ അവതരിപ്പിക്കുന്ന ഈ അടിസ്ഥാന പ്രമേയങ്ങളുടെ വിശദീകരണമാണ് സുവിശേഷം മുഴുവൻ എന്നുപറഞ്ഞാൽ തെറ്റുണ്ടാവില്ല. യേശുവാണ് ജീവൻ; യേശുവാണ് പ്രകാശം. ഈ രണ്ടു പ്രമേയങ്ങളെയും സംയോജിപ്പിച്ച "ജീവന്റെ പ്രകാശം" എന്ന അവതരണം (യോഹ 8,12) സുവിശേഷത്തിന്റെ കാതൽ തന്നെയാണ്. യോഹന്നാൻ എഴുതിയ സുവിശേഷത്തിന്റെ ഓരോ അധ്യായത്തിലും വിവരിക്കുന്ന ഓരോ സംഭവത്തിലും, അവതരിപ്പിക്കുന്ന ഓരോ സംഭാഷണത്തിലും, പ്രബോധനത്തിലും ഈ പ്രമേയം നിറഞ്ഞുനിൽക്കുന്നതായി കാണാം. ഇന്നത്തെ വിചിന്തനത്തിനായി സഭ നിർദ്ദേശിച്ചിരിക്കുന്ന വായന (യോഹ 9,1–41) വെളിച്ചം എന്ന പ്രമേയത്തിന്റെ ഏറ്റം വിശദവും നാടകീയവുമായ അവതരണമാണ്.

സുവിശേഷവായനയുടെ ദൈർഘ്യം കുറയ്ക്കാനായി യോഹ 9,1–12. 35–38 എന്ന ഒരു നിർദ്ദേശം നൽകിയിട്ടുണ്ട്. സംഭവം മുഴുവൻ വായിക്കാൻ ആഗ്രഹിക്കുന്നവർക്കായി 9,1–38 എന്നും നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ സുവിശേഷകൻ അവതരിപ്പിക്കുന്ന സന്ദേശം പൂർണ്ണമായി ഗ്രഹിക്കണമെങ്കിൽ അധ്യായം മുഴുവൻ (9,1–41) വായിക്കണം. "അന്ധനെ സുഖപ്പെടുത്തുന്നു" എന്നാണ് പി.ഒ.സി ബൈബിളിലെ ശീർഷകം. രണ്ടാം ഭാഗത്തിന് ആത്മീയാന്ധത എന്നും തലക്കെട്ടു കൊടുത്തിരിക്കുന്നു. എന്നാൽ

ശ്രദ്ധിച്ചു വായിക്കുമ്പോൾ അന്ധനു കാഴ്ച നൽകുന്ന സംഭവം രണ്ടേ രണ്ടു വാക്യങ്ങളിൽ (9,6-7) ഒതുക്കിയിരിക്കുന്നതായി കാണാം. 41 വാക്യങ്ങളുള്ള അധ്യായത്തിൽ വെറും രണ്ടു വാക്യങ്ങൾ മാത്രമേ അത്ഭുതത്തിന്റെ വിവരണത്തിനു നൽകുന്നുള്ളെങ്കിൽ സുവിശേഷകന്റെ ശ്രദ്ധ അത്ഭുതത്തിലല്ല, അതുമായി ബന്ധപ്പെട്ട ചർച്ചയിലൂടെ നൽകുന്ന പ്രബോധനത്തിലാണെന്നു വ്യക്തം.

യേശു പ്രവർത്തിച്ച അത്ഭുതങ്ങളെ അടയാളങ്ങളായിട്ടാണ് യോഹന്നാൻ അവതരിപ്പിക്കുന്നത്. അപ്രകാരം ഏഴടയാളങ്ങൾ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ അടയാളങ്ങളും ജീവൻ, പ്രകാശം എന്നീ പ്രമേയങ്ങൾ വിശദീകരിക്കുന്നു. യേശുവിനെ ലോകത്തിന്റെ പ്രകാശമായി അവതരിപ്പിക്കുന്ന അടയാളമാണ് പഠനവിഷയമായ അത്ഭുതവും വിവരണവും.

തികച്ചും നാടകീയമായ ഒരു അവതരണശൈലിയാണ് സുവിശേഷകൻ ഇവിടെ സ്വീകരിച്ചിരിക്കുന്നത്. നാടകത്തിൽ സംഭവങ്ങളേക്കാൾ പ്രാധാന്യം സംഭാഷണങ്ങൾക്കാണല്ലോ. ആ സംഭാ. ണങ്ങൾ തന്നെ സംഘട്ടനങ്ങളിലേക്കു നയിക്കുന്നു. സംഘർഷങ്ങളും സംഘട്ടനങ്ങളും വഴി കേന്ദ്രവത്തായ ഒരാശയം അനുവാചകരുടെ മനസിൽ പതിപ്പിക്കാനാണ് നാടകകൃത്ത് ശ്രമിക്കുന്നത്. ഈ ആശയം അനുവാചകരെ, അഥവാ പ്രേക്ഷകരെ വലിയ ബോധ്യങ്ങളിലേക്കും അതിൽ നിന്നുരുത്തിരിയുന്ന പ്രവർത്തനങ്ങളിലേക്കും നയിക്കും. ഇപ്രകാരമൊരു ലക്ഷ്യമാണ് കുരുടനു കാഴ്ച നൽകുന്ന സംഭവത്തോടനുബന്ധിച്ച് അരങ്ങേറുന്ന നാടകത്തിനുള്ളത്.

ഏഴു രംഗങ്ങളായി ചുരുൾ വിടരുന്ന ഈ നാടകത്തിലെ ഓരോ കഥാപാത്രവും സംഭവവും സംഭാഷണങ്ങളും ശ്രദ്ധിച്ചു പഠിക്കണം. മുൻവിധികളും മുന്നറിവുകളും തല്ക്കാലത്തേക്കു മാറ്റിവച്ച് സുവിശേഷകന്റെ വിവരണത്തിൽ, അഥവാ അവതരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. അപ്പോൾ ഇവിടെ അവതരിപ്പിക്കുന്ന കഥാപാത്രങ്ങളുടെയും സംഭവങ്ങളുടെയും പിന്നിൽ ചരിത്രത്തിന്റെ മാത്രമല്ല, ഓരോ വ്യക്തിയുടെയും (പ്രേക്ഷകന്റെ -അനുവാചകന്റെ) ജീവിതത്തിന്റെയും ചുരുൾ അഴിയുന്നതായി കാണാൻ കഴിയും. നാടകത്തിൽ പ്രത്യക്ഷപ്പെടുന്ന ഏതു കഥാപാത്രവുമായിട്ടാണ് എനിക്കു സാമ്യം-ബന്ധം-ഉള്ളതെന്ന്

കണ്ടെത്താൻ ശ്രമിക്കുന്നതും വിവരണത്തിന്റെ അർത്ഥം ഗ്രഹിക്കാൻ സഹായിക്കും.

വിവരണത്തെ ഏഴുഭാഗങ്ങൾ അഥവാ ഏഴു രംഗങ്ങൾ ആയി തിരിക്കാം. 1. കുരുടനു കാഴ്ച; 9,17; 2. ആദ്യവിചാരണ-അയൽക്കാർ 9,8-12; 3. രണ്ടാം വിചാരണ-ഫരിസേയർ 9,13-17; 4. മൂന്നാം വിചാരണ-മാതാപിതാക്കൾ 9,18-23; 5. നാലാം വിചാരണ-ഭ്രഷ്ട് 9,24-34; 6. ഭ്രഷ്ടനു ലഭിക്കുന്ന വെളിപാട്; 9,35-38; 7. വിധി-ഫരിസേയർ; 9,39-41.

ഈ ഘടനയുടെ പൊതുവായ അവലോകനത്തിൽ നിന്നു തന്നെ ഒരു കാര്യം വ്യക്തമാകും. കുരുടനായിരുന്നവൻ യേശുവിൽനിന്നു കാഴ്ചയും വെളിപാടും സ്വീകരിച്ച് യഥാർത്ഥ ശിഷ്യനായി, കാഴ്ചയുള്ളവനായി മാറുമ്പോൾ ജനത്തെ പഠിപ്പിക്കാൻ നിയുക്തരായിരുന്ന ഫരിസേയ നേതാക്കൾ അന്ധകാരത്തിൽ, പാപത്തിൽ നിലനിൽക്കുക മാത്രമല്ല, യഥാർത്ഥ പ്രകാശമായ യേശുവിനെ തിരസ്കരിച്ചുകൊണ്ട് അന്ധകാരത്തിലും പാപത്തിലും കൂടുതൽ ആഴ്ന്നിറങ്ങുന്നു. ഈ നാടകത്തിൽ നിറഞ്ഞു നിൽക്കുന്നത് വിചാരണകളാണ്. കുരുടനു കാഴ്ച കിട്ടിയതിൽ സന്തോഷിച്ച് ദൈവത്തെ സ്തുതിക്കുന്നതിനുപകരം കാഴ്ച നൽകിയ പ്രവർത്തനത്തെ നിയമലംഘനമായും കാഴ്ച നൽകിയവനെ നിയമനിഷേധിയും പാപിയുമായി മുദ്രകുത്താനാണ് അധികാരികൾ ശ്രമിക്കുന്നത്. കുരുടൻ ദേവാലയ വാതിൽക്കൽ ഭിക്ഷ യാചിച്ചിരുന്നപ്പോൾ ശ്രദ്ധിക്കാത്തവർ ഇപ്പോൾ അവനെ കർശനമായി വിചാരണ ചെയ്ത്, അവസാനം സമൂഹത്തിൽ നിന്നു തന്നെ പുറത്താക്കുന്നു. കാഴ്ച ലഭിക്കുന്നത് ഇത്ര വലിയൊരപരാധമോ എന്നു ചോദിച്ചുപോകും! നാടകം ഒരു ആന്റിക്ലൈമാക്സിൽ അവസാനിക്കുന്നതു പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. ആർക്കും സംഭവിക്കാവുന്ന ഒരു ദുരന്തമാണിതെന്ന് സുവിശേഷകൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നുണ്ടാവാം.

സംഭവത്തിന്റെ വിശദമായ ഒരു വിശകലനം ഈ ലേഖനത്തിന്റെ പരിധിയിൽ ഒതുങ്ങുകയില്ല. പ്രധാനപ്പെട്ട ചില കാര്യങ്ങൾ മാത്രം ചൂണ്ടിക്കാണിക്കാനാണ് അടുത്തതായി ശ്രമിക്കുന്നത്. സംഭവം അവതരിപ്പിച്ചിരിക്കുന്ന സാഹചര്യമാണ് ആദ്യമേ ശ്രദ്ധയിൽ പെടുന്നത്. "അവൻ കടന്നു പോകുമ്പോൾ" (9,1). 8,59 ൽ പറഞ്ഞു വച്ചതിന്റെ തുടർച്ചയായി ഇതിനെ കാണണം.

ലോകത്തിന്റെ പ്രകാശമായി സ്വയം അവതരിപ്പിച്ച യേശുവിനെ കല്ലെറിയാൻ ശ്രമിച്ചപ്പോൾ അവരിൽനിന്നു മറഞ്ഞ് ദേവാലയത്തിനു പുറത്തേക്കു പോയ യേശുവാണ് കുരുടനെ കണ്ടുമുട്ടുന്നത്. ദേവാലയത്തിനുപുറത്തുവച്ചാണ് സംഭവം. ദേവാലയാധികൃതികർ തിരസ്കരിക്കുക മാത്രമല്ല, വധിക്കാൻ ശ്രമിക്കുകൂടി ചെയ്തപ്പോഴാണ് യേശു പുറത്തേക്കുപോയത്.

ദേവാലയത്തിനുപുറത്തുവച്ച് യേശു കണ്ടുമുട്ടുന്ന കുരുടൻ യാചകനായിരുന്നു എന്ന് പിന്നീടാണ് സുവിശേഷകൻ പറയുന്നത്; അതും അയൽക്കാരുടെ വാക്കുകളിൽ. കുരുടനെ കണ്ടുമുട്ടുമ്പോൾ ശിഷ്യന്മാരുടെയും യേശുവിന്റെയും പ്രതികരണങ്ങളിലെ വ്യത്യാസം ഏറെ ശ്രദ്ധേയമാണ്. ഒരാൾ കുരുടനായി പിറന്നതിന്റെ പിന്നിലെ കാരണങ്ങളിലേക്കാണ് ശിഷ്യന്മാരുടെ അന്വേഷണം. അവർക്ക് കുരുടൻ ഒരു വസ്തുവാണ്, അഥവാ ദൈവശാസ്ത്രവിചിന്തനത്തിന് ഒരു വിഷയം. ആരുടെ പാപം മൂലമാണ് ഇയാൾ കുരുടനായി ജനിച്ചത്? കുരുടനായി പിറന്നവന്റെയും മാതാപിതാക്കളുടെയും പാപങ്ങൾ ചികഞ്ഞെടുക്കാൻ ശ്രമിക്കുന്നവരിൽ, കാഴ്ചയില്ലാതെ, യാചകനായി കഴിയുന്ന ആ ഹതഭാഗ്യൻ ഒരു വികാരവും ഉണർത്തുന്നില്ല. നിർവ്വികാരമായ ദൈവശാസ്ത്രവിചിന്തനങ്ങൾക്കു തടയിട്ടുകൊണ്ട് യേശു ആ മനുഷ്യനിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. ദൈവത്തിന്റെ പ്രവൃത്തികൾ അവനിൽ പ്രകടമാകണം. ജന്മനാ അന്ധനായിരുന്നവനു കാഴ്ച ലഭിക്കുമ്പോൾ വെളിപ്പെടാൻ പോകുന്ന ദൈവത്തിന്റെ മഹത്വം, അഥവാ കാരുണ്യം-അതാണ് യേശുവിന്റെ ശ്രദ്ധാകേന്ദ്രം.

രോഗത്തെയും നഷ്ടങ്ങളെയും പൂർവ്വികരുടെ പാപത്തിന്റെ ഫലമായ ശാപമായി കാണുന്ന വഴിപിഴച്ച ചിന്തകൾക്കും പ്രബോധനങ്ങൾക്കും അറുതി വരുത്തേണ്ടതാണ് ഈ ഗുരുമൊഴി (9,3). പക്ഷേ ഇന്നും എത്രയോ ആത്മീയാചാര്യന്മാരും ധ്യാനകേന്ദ്രങ്ങളും പൂർവ്വികരുടെ പാപത്തിലും തദ്ഫലമായ ശാപത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് പരിഹാരമനുഷ്ഠിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു! ആരോഗ്യവും സമ്പത്തും മാത്രം ദൈവാനുഗ്രഹത്തിന്റെ അടയാളമായി കാണുന്നവർ സ്വന്തം പ്രവൃത്തികളുടെ ഉത്തരവാദിത്വം ഏറ്റെടുക്കാനും ജീവിതം നവീകരിക്കാനും പ്രേരിപ്പിക്കുന്നതിനുപകരം പൂർവ്വികരുടെ പാപത്തിന് പരിഹാരം അനുഷ്ഠിക്കാൻ നിർബന്ധിക്കുമ്പോൾ വ്യക്തികൾ ഏതോ മിഥ്യാധാരണകളിൽ കുടുങ്ങുന്നു. രോഗവും ദാരിദ്ര്യവും ദൈവശാപമായി കരുതുകയും ചെയ്യുന്നു.

ലോകത്തിന്റെ പ്രകാശമായി സ്വയം വിശേഷിപ്പിച്ചതിനുശേഷം യേശു കുരുടന്റെ കണ്ണിൽ ചളിപൂശി. കല്പനയനുസരിച്ച് അയാൾ ശീലോഹാക്കുളത്തിൽ മുഖം കഴുകി കാഴ്ചയുള്ളവനായി തിരിച്ചുവന്നു. വിവരണം ഇവിടെ അവസാനിപ്പിക്കാമായിരുന്നു. എന്നാൽ സുവിശേഷകനെ സംബന്ധിച്ച് ഇതൊരു തുടക്കം മാത്രമാണ്. "ശീലോഹാ" എന്ന കുളത്തിന്റെ പേരുതന്നെ ഒരു വലിയ പ്രമേയത്തിലേക്കു വിരൽചൂണ്ടുന്നു. "അയയ്ക്കപ്പെട്ടവൻ" എന്നാണ് പേരിനർത്ഥം. കൃത്രിമമായി നിർമ്മിച്ച തുരങ്കത്തിലൂടെ വെള്ളം കുളത്തിലേക്ക് എത്തിച്ചതിനാലാണ് കുളത്തിന് ഈ പേരുണ്ടായത്. എന്നാൽ ഈ പേരുതന്നെ യേശുവിന്റെ വ്യക്തിത്വത്തെ സൂചിപ്പിക്കുന്നതായി സുവിശേഷകൻ കാണുന്നു; മാത്രമല്ല, രക്ഷാചരിത്രത്തിന്റെ ഒരു സൂചനയും ഇവിടെ കാണാം. പിതാവിനാൽ അയയ്ക്കപ്പെട്ട പുത്രനായ യേശു ശിഷ്യന്മാരെ അയയ്ക്കുന്നു. ഈ അയയ്ക്കൽ പ്രക്രിയ ചരിത്രത്തിലൂടെ തുടരുന്നു. അതാണല്ലോ മിഷൻ പ്രവർത്തനം സൂചിപ്പിക്കുന്നത്.

ആദ്യഭാഗത്ത് അവതരിപ്പിച്ച അത്ഭുതം തുടർന്നുവരുന്ന രംഗങ്ങളിൽ വലിയ ചർച്ചകൾക്കും സംഘട്ടനങ്ങൾക്കും കാരണമാകുന്നു. കുരുടനു കാഴ്ച ലഭിച്ചതിലുള്ള സന്തോഷമല്ല, കാഴ്ച നൽകാൻ സ്വീകരിച്ച മാർഗ്ഗമാണ് ചർച്ചാവിഷയമാകുന്നത്. എങ്ങനെയാണ് തനിക്കു കാഴ്ച ലഭിച്ചത്, ആരാണ് കാഴ്ച നൽകിയത് എന്ന് കാഴ്ച ലഭിച്ചവനറിയാം. അത് അവൻ വീണ്ടും വീണ്ടും ആവർത്തിച്ചുപറയും. കുരുടനായിരുന്നവന്റെ സാക്ഷ്യത്തിൽ പടിപടിയായ ഒരു വളർച്ച ദൃശ്യമാണ്. "യേശു എന്ന പേരുള്ള മനുഷ്യൻ"-ഇതാണ് തുടക്കം. തുടർന്നു ചോദ്യം ചെയ്യപ്പെടുമ്പോൾ യേശുവിനെ പ്രവാചകനായി (9,17), ദൈവത്താൽ അയയ്ക്കപ്പെട്ടവനും ദൈവഹിതം നിറവേറ്റുന്നവനുമായി (9,31) ഏറ്റുപറയുന്നു. അവസാനം യേശുവിന്റെ സ്വയം വെളിപ്പെടുത്തലിനുമുമ്പിൽ കാഴ്ച പൂർണ്ണമാകുന്നു; "കർത്താവേ ഞാൻ വിശ്വസിക്കുന്നു" എന്ന് പറഞ്ഞ് സാഷ്ടാംഗം പ്രണമിച്ച് യേശുവിനെ ആരാധിക്കുന്നു. ഇത് വളർച്ചയുടെയും സാക്ഷ്യത്തിന്റെയും ചിത്രം; അന്ധകാരത്തിൽനിന്ന് പ്രകാശത്തിലേക്കു കടന്നു വരുന്നതിന്റെ വിവരണം. ഇത് ആറാം രംഗത്തിലാണ് സംഭവിക്കുന്നത്.

മറുവശത്ത് സംശയങ്ങളും ചോദ്യങ്ങളും വിവാദങ്ങളും എതിർപ്പുകളുമായി നിൽക്കുന്ന വ്യക്തികൾ, സമൂഹങ്ങൾ. അയൽക്കാരും കാഴ്ചക്കാരും ആദ്യം അവിശ്വസിക്കുന്നു. എന്തിനാണ് കാഴ്ച കിട്ടിയ കുരുടനെ അവർ നേതാക്കന്മാരുടെ മുമ്പിൽ

കൊണ്ടുവരുന്നത് എന്നു സുവിശേഷകൻ പറയുന്നില്ല. എന്തോ വലിയ അപരാധം ചെയ്തവനെപ്പോലെയാണ് ജനക്കൂട്ടവും മതാധികാരികളും അവനെ പരിഗണിക്കുന്നത്. അവന്റെ വിവരണത്തിൽ യേശുവിനെതിരേ കുറ്റാരോപണത്തിന് അവർ ഒരു പഴുതു കണ്ടു: ചളിയുണ്ടാക്കിയത് സാബത്തു ലംഘനമാണ്, പാപമാണ്. തുടക്കം മുതലേ യേശുവിനെ തിരസ്കരിക്കുകയും വധിക്കാൻ ശ്രമിക്കുകയും ചെയ്തവരാണ് മതാധികാരികൾ. കാരണം യേശുവിന്റെ വാക്കും പ്രവൃത്തികളും അവയിലൂടെ പ്രകടമായ അവകാശവാദങ്ങളും, പ്രമാണങ്ങളുടെ ലംഘനവും ദൈവദൂഷണവുമായിട്ടേ അവർക്കു കാണാൻ കഴിഞ്ഞുള്ളൂ. അവരുടെ മതവിശ്വാസങ്ങളും ബോധ്യങ്ങളും പുതിയ വെളിപാടുകൾ സ്വീകരിക്കാൻ അവരെ അപ്രാപ്തരാക്കി. പ്രകാശം എന്ന് അവർ കരുതിയത് യഥാർത്ഥത്തിൽ അന്ധകാരമായിരുന്നു എന്ന് അവർക്കു മനസിലായില്ല. അതിനാൽ പ്രകാശത്തിന്റെ ഉറവിടത്തെത്തന്നെ ഉന്മൂലനം ചെയ്യാനാണ് അവർ ശ്രമിക്കുക.

ആരെങ്കിലും യേശുവിനെ ക്രിസ്തുവായി അംഗീകരിക്കുകയോ ഏറ്റു പറയുകയോ ചെയ്താൽ അവരെ സമൂഹത്തിൽ നിന്നു പുറത്താക്കണം എന്ന നിയമം ഈ ആത്മീയാന്ധതയുടെ ഉത്തമോദാഹരണമാണ്. ചോദ്യം ചെയ്യപ്പെട്ട മാതാപിതാക്കളുടെ പ്രതികരണം ഈ വിലക്കിന്റെ കാഠിന്യം പ്രകടമാക്കുന്നു. സമൂഹം പുറന്തള്ളാതിരിക്കാൻ യേശുവിനെ തള്ളിപ്പറയുന്നു! ഇവിടെയാണ് കാഴ്ച ലഭിച്ചവന്റെ ധീരതയും വിശ്വാസദൃഢതയും ശ്രദ്ധേയമാകുന്നത്. ഫരിസേയ നേതാക്കൾ രണ്ടാംതവണ വിചാരണ ചെയ്യുമ്പോൾ തനിക്കറിയില്ല എന്ന് അയാൾ ആവർത്തിക്കും. അതേ സമയം തങ്ങൾക്കറിയാം എന്നു നേതാക്കൾ ശഠിക്കും. എന്നാൽ അറിയാം എന്ന് അവകാശപ്പെടുന്നവർ അറിയേണ്ടത് അറിയുന്നില്ലെന്നും അറിയില്ല എന്നു പറയുന്നവൻ യാഥാർത്ഥ്യം അറിയുന്നുവെന്നും സാവകാശം വെളിവാകുന്നു.

താൻ കണ്ടറിഞ്ഞ സത്യത്തിനു സാക്ഷ്യം വഹിക്കുന്നവനാണ് ഇവിടത്തെ പ്രധാന കഥാപാത്രം. താൻ അന്ധനായിരുന്നു; യേശു തന്നിൽ പ്രവർത്തിച്ചു; ഇപ്പോൾ തനിക്കു കാണാം. ഇരുളിൽനിന്ന് വെളിച്ചത്തിലേക്കു തന്നെ നയിച്ചത് യേശുവാണ്. ഈ അറിവ് അവൻ വിളിച്ചുപറയും. അവന്റെ നാവടക്കാൻ ആർക്കും സാധിക്കുകയില്ല. അനുഭവിച്ചറിഞ്ഞ സത്യത്തിനു സാക്ഷിയാകാൻ ഏതു നഷ്ടവും ഒറ്റപ്പെടുത്തലും പീഡനവും സഹിക്കാൻ അവൻ തയ്യാറാണ്. അതാണ് യേശു നൽകിയ കാഴ്ചയുടെ പ്രത്യേകത.

കുരുടനായവനു ലഭിച്ചത് ശാരീരികമായ കാഴ്ച മാത്രമല്ല, എല്ലാറ്റിനെയും പുതിയൊരു വെളിച്ചത്തിൽ കാണാൻ സഹായിക്കുന്ന ഒരു കാഴ്ചപ്പാടു കൂടിയാണ്. അതാണല്ലോ യേശുവാകുന്ന പ്രകാശത്തിന്റെ സവിശേഷത. വെളിച്ചം നാം കാണുന്നില്ല; എല്ലാറ്റിനെയും കാണാൻ സഹായിക്കുന്ന മാധ്യമമാണ് വെളിച്ചം. “ഞാൻ ലോകത്തിന്റെ പ്രകാശമാണ്” എന്ന ഗുരുവചനം ഈ കാഴ്ചപ്പാടിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. യേശുവാകുന്ന പ്രകാശത്തിൽ എല്ലാം കാണണം. അപ്പോൾ ദൈവത്തെ പിതാവായും സകല മനുഷ്യരെയും സഹോദരങ്ങളായും കാണാൻ കഴിയും. ഞാനും എന്റെ സഹോദരങ്ങളും ദൈവത്തിന്റെ മക്കളും, ദൈവിക ജീവനിലും സ്വഭാവത്തിലും പങ്കുചേരുന്നവരുമാണെന്ന ബോധ്യമുദിക്കും. അപ്പോൾ സമൂഹത്തിലെ ആരും വിലകെട്ടവരല്ല; ഓരോരുത്തരും അമൂല്യരും ആദരവിനർഹരുമാണെന്നറിയും.

ഇപ്രകാരം ഒരറിവ് കുരുടനായിരുന്നവനു ലഭിച്ചു. പക്ഷേ കാഴ്ചയുള്ളവർ എന്നഭിമാനിച്ചിരുന്നവർക്ക് ഈ അറിവു ലഭിക്കാതെ പോയി. അതിനാൽ “നിങ്ങളിൽ പാപം നിലനിൽക്കുന്നു” എന്ന ശിക്ഷാവിധി കേൾക്കേണ്ടിവരുന്നു. ശാരീരികമായ അന്ധതയേക്കാൾ ഏറെ ഭയാനകമാണ് ആത്മീയാന്ധത! അതു നിത്യനാശത്തിനു തന്നെ കാരണമായിത്തീരും എന്ന താക്കീത് വളരെ ഗൗരവമായി കണക്കിലെടുക്കാൻ ഈ വിവരണം ഉദ്ബോധിപ്പിക്കുന്നു. “അറിയാം” എന്ന അഹന്ത വെടിഞ്ഞ് പ്രകാശത്തിനായി, യഥാർത്ഥ അറിവിനായി കർത്താവിനോടു പ്രാർത്ഥിക്കണം. ലഭിക്കുന്ന അറിവനുസരിച്ച് ജീവിക്കണം. കിട്ടുന്ന പ്രകാശത്തിൽ നടക്കണം.

സമൂഹം ഭ്രഷ്ടു കല്പിച്ചു പുറത്താക്കിയവനെ യേശു തേടിയെത്തി എന്നതും ശ്രദ്ധേയമാണ്. തന്റെ വിശ്വാസത്തിനു നിർഭയം സാക്ഷ്യം വഹിക്കുകയും ആ സാക്ഷ്യത്തിന്റെ പേരിൽ പുറത്താക്കപ്പെടുകയും ചെയ്ത വിശ്വാസിയെ യേശു ഉപേക്ഷിക്കുന്നില്ല. മറിച്ച് അവനെ തേടിവരുന്നു. അവനോടു ചേർന്നു നിൽക്കുന്നു. അവനെ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കുന്നു. ആക്രമണങ്ങളിൽനിന്നു സംരക്ഷിക്കുന്നു. നഷ്ടം സഹിച്ചും യേശുവിലുള്ള വിശ്വാസം ഏറ്റു പറയാനും വിശ്വാസത്തിന്റെ സാക്ഷികളായി വർത്തിക്കാനുമുള്ള ശക്തമായൊരാഹ്വാനവും ഈ വിവരണത്തിൽ കേൾക്കാം.

# 42

## കൈത്താ 4 – ാം ഞായർ

# ശുദ്ധിയും വിശുദ്ധിയും

(മർക്കോ 7,1 – 13(23)

ബൈബിളിൽ മുഴുവൻ, പഴയനിയമത്തിലും പുതിയ നിയമത്തിലും ഒരുപോലെ, നിറഞ്ഞുനിൽക്കുന്ന ഒരു പ്രമേയമാണ് വിശുദ്ധി. ദൈവത്തിന്റെ വിശുദ്ധിയിൽ പങ്കുചേരാൻ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരാണ് തങ്ങൾ എന്ന അവബോധം ഇസ്രായേൽ ജനത്തിനുണ്ടായിരുന്നു: "നിങ്ങൾ എനിക്ക് പുരോഹിത രാജ്യവും വിശുദ്ധ ജനവുമായിരിക്കും" (പുറ 19,6) എന്ന പ്രഖ്യാപനം ജനത്തിനു നൽകപ്പെട്ടിരിക്കുന്ന വിളിയുടെയും സ്വഭാവത്തിന്റെയും രത്നചുരുക്കമായി കാണാം. "നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ, എന്തെന്നാൽ, നിങ്ങളുടെ ദൈവവും കർത്താവുമായ ഞാൻ പരിശുദ്ധനാണ്" (ലേവ്യ 19,2) എന്ന അനുശാസനം ജനം കാത്തുസൂക്ഷിക്കേണ്ട വിശുദ്ധിയുടെ സ്വഭാവവും മാനദണ്ഡവും സൂചിപ്പിക്കുന്നു.

"നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (മത്താ 5,48) എന്ന യേശുവിന്റെ ആഹ്വാനവും ഇതേ കാര്യത്തിലേക്കു തന്നെയാണ് ശ്രദ്ധ ക്ഷണിക്കുന്നത്. പരിപൂർണ്ണത എന്നത് വിശുദ്ധിയെത്തന്നെയാണ് സൂചിപ്പിക്കുക. "യേശുക്രിസ്തുവിൽ വിശുദ്ധരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരും" (1 കോറി 1,2) എന്ന് കോറിന്തിലെ വിശ്വാസികളെ വിളിക്കുന്ന പൗലോസും വിശുദ്ധിയെക്കുറിച്ച് സമാനമായ പ്രബോധനം നൽകുന്നതായി കാണാം.

അപ്പോൾ എന്താണ് വിശുദ്ധി, എങ്ങനെയാണ് ഒരാൾ വിശുദ്ധനാവുക എന്ന ചോദ്യം ഉദിക്കുന്നു. ദൈവത്തിന്റെ സ്വഭാവ

സവിശേഷതയെ സൂചിപ്പിക്കുന്ന ഒരു വിശേഷണം എന്ന രീതിയിലാണ് "വിശുദ്ധൻ", "വിശുദ്ധി" എന്ന പദം ബൈബിളിൽ മുഖ്യമായും ഉപയോഗിച്ചിരിക്കുന്നത്. ദൈവിക സദസിൽ "പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ" എന്ന് നിരന്തരം ഉദ്ഘോഷിക്കുന്ന സെറാഫുകളുടെ കീർത്തനം (ഏശ 6,3) ഇതത്രേ സൂചിപ്പിക്കുക. പരിശുദ്ധൻ എന്നും വിശുദ്ധൻ എന്നും വിവർത്തനം ചെയ്യുന്നത് ഹീബ്രുവിലെ ഒരേ വാക്കാണ്: *കോദെശ്* (Qodesh). ഇതിന്റെ സുറിയാനി രൂപമാണ് *"കന്തീശാ"* വേർതിരിക്കപ്പെട്ടത്, മാറ്റിവയ്ക്കപ്പെട്ടത് എന്നൊക്കെയാണ് ഈ പദത്തിന്റെ മൂലാർത്ഥം. അതിനാൽ, ദൈവം വിശുദ്ധനാണെന്നു പറയുമ്പോൾ ദൈവം മറ്റെല്ലാവരിലും നിന്ന്, മറ്റെല്ലാറ്റിലും നിന്ന് വ്യത്യസ്തൻ, വ്യതിരിക്തൻ ആണെന്നു സൂചിപ്പിക്കുന്നു. എല്ലാറ്റിനും അതീതൻ, അഗ്രാഹ്യൻ സർവ്വാതിശായി, എന്നൊക്കെ ഇതിനെ വിശദീകരിക്കാം. യാതൊരു കുറവും പരിമിതിയുമില്ലാത്തവൻ, ഒന്നും ആവശ്യമില്ലാത്തവൻ, എല്ലാം തികഞ്ഞവൻ, പരിപൂർണ്ണൻ എന്നിങ്ങനെ വ്യത്യസ്ത രീതികളിൽ "വിശുദ്ധൻ" എന്ന വിശേഷണം വ്യാഖ്യാനിക്കാനാവും ഇതിനെ *അസ്തിത്വപരമായ വിശുദ്ധി* (existential or ontological holiness) എന്നു വിശേഷിപ്പിക്കാം. ഇതു ദൈവത്തിന്റെ തന്നെ വിശേഷണമാണ്. വിശുദ്ധൻ എന്നതിനു മറ്റൊരു മാനം കൂടിയുണ്ട്. ദൈവം നൽകിയിരിക്കുന്ന നിയമങ്ങളെല്ലാം പൂർണ്ണമായി അനുസരിക്കുന്നവൻ. ഇതിനെ *ധാർമ്മിക വിശുദ്ധി* (moral holiness) എന്നു വിശേഷിപ്പിക്കാം. വിശുദ്ധിയുടെ ഈ രണ്ടു മാനങ്ങൾക്കും മാനദണ്ഡം ദൈവം തന്നെയാണ്.

വിശുദ്ധരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരും എന്ന് അപ്പസ്തോലൻ ക്രിസ്ത്യാനികൾക്കു നൽകുന്ന വിശേഷണത്തിൽ ഈ രണ്ടു മാനങ്ങളും ദൃശ്യമാണ്. ദൈവത്തിനുവേണ്ടി പ്രത്യേകം തിരഞ്ഞെടുത്ത് മാറ്റിവയ്ക്കപ്പെട്ടവർ എന്ന നിലയിൽ അവർ വിശുദ്ധരാണ്. ഈ അർത്ഥത്തിൽ വസ്തുക്കളും സ്ഥലങ്ങളും എല്ലാം വിശുദ്ധമെന്നു വിശേഷിപ്പിക്കപ്പെടാറുണ്ട്. വ്യക്തികളെ സംബന്ധിച്ച് അസ്തിത്വപരമായ ഈ വിശുദ്ധി ഒരു ദാനമാണ്; അതേ സമയം ഇതൊരു വിളിയുമാണ്-അഥവാ ഒരു ദൗത്യവും ഉൾക്കൊള്ളുന്നു. വിശുദ്ധരായി ജീവിക്കാനുള്ള ദൗത്യം. അതാണ് നിയമം അനുസരിച്ചുള്ള ജീവിതം.

ഈ പശ്ചാത്തലത്തിൽ വേണം ഇന്നത്തെ വായനയ്ക്കായി നിർദ്ദേശിച്ചിരിക്കുന്ന സുവിശേഷഭാഗം മനസിലാക്കാൻ. ദൈവ

ത്തിന്റെ വിശുദ്ധിയിൽ പങ്കുചേർന്ന് വിശുദ്ധരായി ജീവിക്കാൻ വിളിക്കപ്പെട്ടവരാണ് തങ്ങൾ എന്ന അവബോധം ഇസ്രായേൽ ജനത്തിന്റെ പൈതൃകമായിരുന്നു. വിശുദ്ധരായി ജീവിക്കാൻ ദൈവിക നിയമങ്ങൾ പൂർണ്ണമായും അനുസരിക്കണം എന്ന് അവർ വിശ്വസിച്ചു, പഠിപ്പിച്ചു. ഏതെല്ലാം നിയമങ്ങൾ എന്ന ചോദ്യം അപ്പോൾ ന്യായമായി ഉദിക്കുന്നു. ബൈബിളിൽ എഴുതപ്പെട്ട 613 നിയമങ്ങൾ ഉണ്ട്. സ്ഥല-കാല സാഹചര്യങ്ങൾക്കനുസൃതം ഈ നിയമങ്ങൾ വ്യാഖ്യാനിക്കപ്പെട്ടു. നിയമങ്ങൾക്ക് പല വിഭാഗങ്ങളും ഉപവിഭാഗങ്ങളും ഉണ്ടായി. നിയമം വ്യാഖ്യനിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന നിയമജ്ഞരുടെ ഗണം നിലവിൽ വന്നു. തലമുറകളായി ഈ ഗുരുക്കന്മാർ അഥവാ റബ്ബിമാർ, നൽകിയ വ്യാഖ്യാനങ്ങൾ വാമൊഴിയായി കൈമാറ്റം ചെയ്യപ്പെട്ടു. ഇതിനെ പൂർവ്വികരുടെ പാരമ്പര്യം എന്ന് അവർ വിശേഷിപ്പിച്ചു.

ഇതിൽ ജീവിതവിശുദ്ധിയെ സംബന്ധിച്ച പ്രബോധനമാണ് ചർച്ചാവിഷയം. യഹൂദ നിയമങ്ങളുടെ സങ്കീർണ്ണത അപരിചിതമായ റോമിലെ വിശ്വാസികൾക്കുവേണ്ടി സുവിശേഷം രചിക്കുന്ന മർക്കോസ് ഇവിടെ ഒരു ചെറിയ വിശദീകരണം നൽകുന്നു. അതാണ് ചർച്ചയുടെ തുടക്കത്തിൽ (7,2-4) ചുരുക്കമായി അവതരിപ്പിക്കുന്നത്. വിശുദ്ധരായിരിക്കണം, അതിനായി ദൈവിക നിയമങ്ങൾ അനുസരിക്കണം എന്ന പ്രബോധനം നിയമജ്ഞരുടെ വ്യാഖ്യാനത്തിലൂടെ കടന്നുവന്നപ്പോൾ ബാഹ്യമായ ശുദ്ധിയിൽ ഒതുങ്ങി. ശരീരവും ഉപയോഗിക്കുന്ന വസ്തുക്കളും എല്ലാം ശുദ്ധമായിരിക്കണം എന്ന് അവർ പഠിപ്പിച്ചു. അശുദ്ധമായ എന്തെങ്കിലും സ്പർശിച്ചാൽ, മനുഷ്യരും വസ്തുക്കളും ഒരുപോലെ അശുദ്ധമാകും. അതിനാൽ കഴുകി ശുദ്ധീകരിക്കണം. യാത്രകഴിഞ്ഞു വരുന്നവൻ വീട്ടിൽ കയറുന്നതിനു മുമ്പ് ദേഹം കഴുകി ശുദ്ധമാക്കണം; ചുരുങ്ങിയത് കൈകാലുകൾ എങ്കിലും. കാനായിലെ വിവാഹവീട്ടിൽ വച്ചിരുന്ന 80-120 ലിറ്റർ വെള്ളം കൊള്ളുന്ന ആറു കൽഭരണികൾ ഈ ആചാരത്തിന്റെ അടയാളമാണ്.

ഭക്ഷണത്തിനുമുമ്പ് കൈ കഴുകി ശുദ്ധമാക്കിയില്ല എന്നതാണ് ശിഷ്യന്മാരുടെ കുറ്റമായി നിയമജ്ഞർ യേശുവിന്റെ മുമ്പിൽ അവതരിപ്പിക്കുന്നത്. കയ്യിൽനിന്ന് ചളി കഴുകിക്കളഞ്ഞില്ല എന്നല്ല ഇതിനർത്ഥം. ഭക്ഷണത്തിനുമുമ്പും, ഭക്ഷണമധ്യേ ഓരോ വിഭവങ്ങളും ഭക്ഷിക്കുന്നതിനുമുമ്പും കൈവിരലുകൾ കഴുകണം എന്ന് നിമയജ്ഞർ ശഠിച്ചിരുന്നു. വി. കുർബാനയുടെ മധ്യേ, കാഴ്ചവയ്പിനു

മുമ്പായി, പുരോഹിതൻ കൈവിരലുകൾ കഴുകുന്നതുപോലെ. ഇതൊരു ചടങ്ങാണ്. ഹൃദയവിശുദ്ധിയുടെ ആവശ്യകതയെ അനുസ്മരിപ്പിക്കുന്ന ഒരാചാരം. ഇപ്രകാരം കൈകഴുകാൻ എത്ര വെള്ളം വേണം എന്ന ചോദ്യത്തിന് മറുപടി-ഒരു മുട്ടത്തോടിന്റെ പകുതിയിൽ കൊള്ളുന്നത്ര എങ്കിലും എന്നായിരുന്നു. കൈകൾ വൃത്തിയാക്കുകയല്ല ഇതിന്റെ ലക്ഷ്യം എന്നു വ്യക്തം.

യേശുവിന്റെ മറുപടി നിയമത്തിന്റെ ലക്ഷ്യത്തിലേക്കു ശ്രദ്ധ തിരിക്കുന്നു; അതോടൊപ്പം നിയമജ്ഞരുടെ കാപട്യത്തിലേക്കും. "കപടനാട്യക്കാർ" എന്നു വിവർത്തനം ചെയ്യുന്നത് *"ഹിപോക്രിത്തേസ്"* (hypocrites) എന്ന ഗ്രീക്കുവാക്കാണ്. മറുപടി പറയുന്നവൻ, അഥവാ മറുപടി പറയാൻ കടപ്പെട്ടവൻ എന്നാണ് വാച്യാർത്ഥം. നാടകങ്ങളുമായി ബന്ധപ്പെട്ട ഒരു വാക്കാണിത്. നാടകത്തിൽ വിവിധ വേഷങ്ങളിടുന്നവർ, തങ്ങൾ അവതരിപ്പിക്കുന്ന വ്യക്തികളുടെ രൂപത്തിലുള്ള മുഖംമൂടി ധരിക്കുമായിരുന്നു. അവർ പറയുന്നത് സ്വന്തം വാക്കുകളല്ല, മറിച്ച് തങ്ങൾ അവതരിപ്പിക്കുന്ന കഥാപാത്രത്തിന്റെ വാക്കുകളായിരിക്കും. അപ്പോൾ പറയുന്ന ആളും വാക്കുകളും തമ്മിൽ ഭിന്നതയുണ്ടാകുന്നു. അതാണ് നാട്യം (നാട്യം തന്നെ കാപട്യമാകയാൽ "കപടനാട്യക്കാർ" എന്ന ആവർത്തനം ആവശ്യമുണ്ടോ എന്നതു ചിന്തനീയം). ഇല്ലാത്തത് ഉണ്ടെന്നു നടിക്കുന്ന കാപട്യമാണ് യേശു തന്റെ പ്രതിയോഗികളിൽ ആരോപിക്കുന്നത്.

ഏശയ്യാ 29,13 ഉദ്ധരിച്ചുകൊണ്ട് യേശു തന്റെ ആരോപണം സ്ഥിരീകരിക്കുന്നു. ഉള്ളും പുറവും തമ്മിലുള്ള അന്തരമാണ് ആരോപണ വിഷയം. പ്രാർത്ഥനയും ബലിയർപ്പണവും മറ്റ് മതാചാരങ്ങളും എല്ലാം വെറും അഭ്യാസങ്ങളായി മാറുന്നു. കാതൽ ദ്രവിച്ചുപോയ, പ്രകടനാത്മകമായ, മതാചാരങ്ങളാണ് ഇവിടെ പ്രതിക്കൂട്ടിലാകുക. മറ്റുള്ളവരെ കാണിക്കാൻ വേണ്ടിയുള്ള ഭക്തിപ്രകടനങ്ങൾ, അന്തഃസത്ത അറ്റുപോയ മതാചാരങ്ങൾ, അർത്ഥശൂന്യമായ അനുഷ്ഠാനങ്ങൾ. വിശുദ്ധരായിരിക്കണം, ദൈവത്തിന്റേതുമാത്രമായിരിക്കണം, ദൈവം നൽകിയ നിയമങ്ങൾ പൂർണ്ണമായും അനുസരിക്കണം എന്ന പ്രബോധനം ഇപ്പോൾ ബാഹ്യമായ ചില ആചാരാനുഷ്ഠാനങ്ങളിൽ ഒതുങ്ങി; ഹൃദയമില്ലാത്ത ഭക്തിപ്രസ്ഥാനങ്ങളായി അധഃപതിച്ചു.

വ്യക്തമായ ഒരു ഉദാഹരണത്തിലൂടെ യേശു തന്റെ ആരോപണം സ്ഥിരീകരിച്ചു. മാതാപിതാക്കന്മാരോടുള്ള മക്കളുടെ കട

മയെ നിർണ്ണയിക്കുന്ന നാലാം പ്രമാണമാണ് ഉദാഹരണം. മാതാപിതാക്കളെ ആദരിക്കുക എന്നാൽ അവരെ സംരക്ഷിക്കുക എന്നും അർത്ഥമുണ്ട്. അവർക്കാവശ്യമായതെല്ലാം മക്കൾ കൊടുക്കണം. ഇസ്രായേൽ ജനത്തിന്റെ അടിസ്ഥാനമായ പത്തു പ്രമാണങ്ങളിൽ നാലാമത്തേതും മനുഷ്യർ തമ്മിലുള്ള പരസ്പര ബന്ധത്തെ നിർണ്ണയിക്കുന്നതിൽ ആദ്യത്തേതുമാണ് ഈ പ്രമാണം. എന്നാൽ നിയമപണ്ഡിതർ തങ്ങളുടെ വ്യാഖ്യാനങ്ങളിലൂടെ ഈ ദൈവികനിയമത്തെ എങ്ങനെ നിരർത്ഥകമാക്കി എന്നു വ്യക്തമാക്കുന്നതാണ് യേശു ചൂണ്ടിക്കാണിക്കുന്ന "കൊർബാൻ" എന്ന ഉദാഹരണം.

"അടുത്തുവരുക" എന്നർത്ഥമുള്ള *ഖാറെബ്* (Qareb) എന്ന ക്രിയാധാതുവിൽ നിന്നാണ് *ഖുർബാൻ* (Qurban) എന്ന വാക്കിന്റെ നിഷ്പത്തി. അടുത്തുവരുക എന്ന ക്രിയയുടെ ഒരു പ്രത്യേക രൂപത്തിന് *അടുത്തു കൊണ്ടുവരുക* എന്ന അർത്ഥമുണ്ട്. അതിൽനിന്ന് സമർപ്പിക്കുക, നേർച്ചനേരുക, കാഴ്ചവയ്ക്കുക എന്നിങ്ങനെയുള്ള അർത്ഥസൂചനകളുണ്ടായി. ഈ ക്രിയയിൽ നിന്നുരുത്തിരിഞ്ഞ നാമമാണ് ഖുർബാൻ. ഇതിൽനിന്നാണ് മലയാളത്തിൽ സുപരിചിതമായ "കുർബാന" എന്ന സുറിയാനിപദത്തിന്റെ ഉത്ഭവം. "കുർബാൻ" എന്നു പറയുകയെന്നാൽ കർത്താവിനായി നേർച്ച നേരുക എന്നാണർത്ഥം. ഏതെങ്കിലും വസ്തുവോ സ്ഥലമോ ഇപ്രകാരം കർത്താവിനായി നേരാം. ഇതു "കുർബാൻ" ആണെന്നു പറഞ്ഞാൽ ദൈവത്തിനായി നേർന്നതാണെന്നു ചുരുക്കം. നമുക്കു പരിചിതമായ "നേർച്ചക്കോഴി" യെപ്പോലെ. ഇപ്രകാരം നേർച്ച നേർന്നത് എന്തായാലും അത് മറ്റു കാര്യങ്ങൾക്കായി ഉപയോഗിക്കാൻ പാടില്ല. എന്നാൽ നേർച്ച ഉടനെ നിറവേറ്റണം എന്ന് അർത്ഥമില്ല. തത്തുല്യമായ വിലകൊടുത്ത് നേർച്ച നിറവേറ്റുകയും ആവാം. ഇതാണ് യേശു ഉന്നയിക്കുന്ന ആരോപണത്തിന്റെ പശ്ചാത്തലം.

ഈ കാഴ്ചപ്പാടിൽ റബ്ബിമാർ നൽകിയ വിശദീകരണങ്ങളാണ് ശ്രദ്ധേയം. മാതാപിതാക്കന്മാരുടെ പരിരക്ഷണത്തിനായി മാറ്റിവച്ചിരിക്കുന്ന ധനം, അതു സ്ഥലമോ ഉൽപന്നങ്ങളോ, പണമോ എന്തുമാകട്ടെ, കുർബാൻ ആണെന്നു ഒരാൾ പറഞ്ഞാൽ മതി. അത് ഒരു സമർപ്പിതവസ്തുവാകും. മാതാപിതാക്കന്മാർക്ക് അതിൽ അവകാശമുണ്ടാവുകയില്ല; മാതാപിതാക്കളെ പരിചരിക്കുന്നതിനുള്ള ഉത്തരവാദിത്വത്തിൽനിന്ന് മക്കൾ മുക്തരാകുന്നു.

ദൈവികനിയമത്തെ മറികടക്കുന്ന ഈ വ്യാഖ്യാനം കാപട്യത്തിന്റെ ഉത്തമോദാഹരണമാണ്.

മാനുഷിക പാരമ്പര്യങ്ങൾ ദൈവികനിയമത്തെ അർത്ഥരഹിതമാക്കുന്ന ഈ പ്രവൃത്തി ഒരു ഉദാഹരണം മാത്രമാണ്. "ഇങ്ങനെ പലതും നിങ്ങൾ ചെയ്യുന്നു" എന്ന ആരോപണം കൂടുതൽ വിശാലമായ മേഖലകളിലേക്കു വഴി തെളിക്കുന്നു. ശിഷ്യന്മാരുമായി തുടർന്നു നടത്തുന്ന ചർച്ചയിൽ (7,14-23) ഫരിസേയരുടെയും നിയമജ്ഞരുടെയും കാപട്യം കൂടുതൽ വ്യക്തമാക്കുന്നുണ്ട്. നിയമത്തിന്റെ ലക്ഷ്യമാണ് ശ്രദ്ധാകേന്ദ്രം. അവിടെ അകവും പുറവും തമ്മിൽ പൊരുത്തമുണ്ടാകണം; വാക്കും പ്രവൃത്തിയും തമ്മിൽ ഐക്യമുണ്ടാകണം. ഉള്ളിൽ നിറയുന്ന തിന്മയെ മറച്ചുവയ്ക്കുന്ന മുഖംമൂടികളാകരുത് മതാനുഷ്ഠാനങ്ങൾ. നിയമത്തിന്റെ അക്ഷരം കൊല്ലുന്നു, ആത്മാവ് ജീവൻ നൽകുന്നു (2 കോറി 3,6) എന്ന അപ്പസ്തോലന്റെ നിരീക്ഷണം ഇവിടെ ശ്രദ്ധേയമാണ്.

ദൈവം നൽകിയ നിയമങ്ങൾ എല്ലാം നല്ലതാണ്. അവയിൽ ഒന്നുപോലും യേശു നിഷേധിക്കുന്നില്ല (മത്താ 5,17). എന്നാൽ ലക്ഷ്യം മറക്കുന്ന അക്ഷരവ്യാഖ്യാനങ്ങളെയും അവയിൽ അടിയുറപ്പിച്ചുള്ള ആചാരാനുഷ്ഠാനങ്ങളെയും യേശു നിശിതമായി വിമർശിച്ചു; അക്ഷരത്തിൽ നിന്നു ആത്മാവിലേക്കു ശ്രദ്ധ ക്ഷണിച്ചു. ഇതാണ് പഠനവിഷയമായ ഗുരുമൊഴികളിലും സംഭവിക്കുന്നത്. ദൈവത്തിന്റെ കല്പന ഉപേക്ഷിച്ച്, മനുഷ്യരുടെ പാരമ്പര്യം നിങ്ങൾ മുറുകെ പിടിക്കുന്നു... നിങ്ങളുടെ പാരമ്പര്യം പാലിക്കാൻ വേണ്ടി നിങ്ങൾ കൗശലപൂർവ്വം ദൈവകല്പന അവഗണിക്കുന്നു എന്ന കുറ്റാരോപണം യേശുവിന്റെ സമകാലിക ഫരിസേയ മതാത്മകതയ്ക്കു മാത്രമല്ല എക്കാലത്തും പ്രസക്തമാണ്; ഇന്നും, പൊതു സമൂഹത്തിലും സഭയിലും ഒരുപോലെ.

ശരീരശുദ്ധിയെയും ഭക്ഷണശുദ്ധിയെയും മറ്റും സംബന്ധിച്ച നിയമങ്ങൾ അടയാളങ്ങളായിരുന്നു. തങ്ങൾ ദൈവത്തിന്റെ സ്വന്തം ജനമാണ്, ദൈവഹിതം അനുസരിച്ചായിരിക്കണം തങ്ങളുടെ ജീവിതം എന്ന് നിരന്തരം അനുസ്മരിപ്പിക്കുന്ന അടയാളങ്ങൾ. എന്നാൽ നിയമജ്ഞരുടെ തൂലിക (ജെറെ 8,8) ഈ നിയമങ്ങളെ മനുഷ്യനു താങ്ങാനാവാത്ത ഭാരമാക്കി; കരുണയെന്ന കാതൽ അറ്റുപോയ ആചാരഭാണ്ഡങ്ങൾ.

ദൈവത്തിനായി മാറ്റിവയ്ക്കപ്പെട്ടവരാണ് വിശുദ്ധർ. ദൈവി

കസ്വഭാവത്തിൽ പങ്കുചേരുന്നതാണ് വിശുദ്ധി. അതിന് നിയമ ങ്ങളുടെ അക്ഷരാർത്ഥത്തിൽ നിന്ന് ആത്മാവിലേക്കു കടക്കണം. മലയിലെ പ്രസംഗമധ്യേ പൂർവ്വിക പാരമ്പര്യവും നിയമത്തിന്റെ യഥാർത്ഥലക്ഷ്യവും തമ്മിൽ ആറുതവണ വൈരുധ്യം എടുത്തു കാട്ടിയതിനുശേഷം യേശു നൽകുന്ന കല്പന ശ്രദ്ധേയമാണ്; "നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവു പരിപൂർണ്ണനായിരിക്കു ന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (മത്താ 5,48). ഈ പരിപൂർണ്ണത എന്താണെന്ന് ലൂക്കാ വ്യക്തമാക്കിത്തരുന്നു: "നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6,36).

കരുണയാണ് പൂർണ്ണത. കരുണയാണ് വിശുദ്ധിയുടെ മാന ദണ്ഡം. സമകാലിക മതാത്മകതയോട് യേശു കലഹിച്ചതിന്റെ മുഖ്യകാരണം കരുണയായിരുന്നു. പാരമ്പര്യങ്ങളിൽ അടിയുറച്ച നേതൃത്വം ദൈവത്തെ കഠിനചിത്തനായ ന്യായാധിപനായി ചിത്രീ കരിച്ചു. കരുണ മറന്നു. അതിനാലാണ് സുവിശേഷഭാഗ്യങ്ങളുടെ കാതലായി യേശു പ്രഖ്യാപിച്ചത്: "കരുണയുള്ളവർ ഭാഗ്യവാ ന്മാർ. അവർക്കു കരുണ ലഭിക്കും" (മത്താ 5,7). മനുഷ്യനിർമ്മി തമായ പാരമ്പര്യങ്ങൾ ദൈവികനിയമങ്ങളെ അവഗണിക്കാൻ പ്രേരകമാകരുത്. നിയമത്തിന്റെ അക്ഷരാർത്ഥത്തിൽ കടിച്ചുതൂ ങ്ങുന്നവർ അന്തഃസത്ത മറന്നുപോകരുത്. നിയമത്തിന്റെ കാതൽ എന്തെന്ന് യേശുതന്നെ വ്യക്തമാക്കുന്നുണ്ട്: "നീതി, കാരുണ്യം, വിശ്വസ്തത" (മത്താ 23,23).

ഭക്ഷണത്തിനു മുമ്പ് കൈകഴുകിയോ, കൈ ഏതറ്റം വരെ കഴുകി എന്നിങ്ങനെയുള്ള ചോദ്യങ്ങൾ യഥാർത്ഥ മതാത്മകത യിൽ അർത്ഥശൂന്യമാണ്. ഹൃദയമാണ് പ്രധാനം. വായിലേക്കു പോകുന്നതല്ല, വായിൽനിന്നു വരുന്നതാണ് പ്രധാനം എന്ന യേശുവിന്റെ പ്രബോധനത്തിന്റെ പ്രസക്തി ഇന്നും ഒട്ടും കുറ ഞ്ഞിട്ടില്ല. വിഗ്രഹാർപ്പിത ഭക്ഷണങ്ങളെക്കുറിച്ച് തർക്കിക്കു മ്പോൾ ഈ പ്രബോധനം മനസിലുണ്ടാവണം. ഹൃദയമാണ് പ്രധാനം; ഹൃദയപരിവർത്തനമാണാവശ്യം. പരിവർത്തനത്തിന്റെ കാതലായി നിൽക്കേണ്ടത് കരുണയും. അതിനാൽ വ്യർത്ഥവും അപ്രസക്തവുമായ പാരമ്പര്യങ്ങളുടെ തടവറയിൽനിന്ന് പുറത്തു കടന്ന്, എല്ലാവരോടും കരുണയോടെ ജീവിക്കാൻ ശ്രമിക്കാം. കരുണയാണ് ദൈവത്തിന്റെ സ്വഭാവം. കരുണയിലാണ് വിശുദ്ധി; കരുണയിലാണ് പൂർണ്ണത.

# 43

### കൈത്താ 5 – ാം ഞായർ

## കണ്ണീരു കാണുന്നില്ലെങ്കിൽ...

**(ലൂക്കാ 16,19 – 31)**

"ധനവാനും ലാസറും" എന്ന പേരിൽ അറിയപ്പെടുന്ന ഒരു പമയാണ് ഇന്നത്തെ വായനയ്ക്കും ധ്യാനത്തിനുമായി സഭ നിർദ്ദേശിച്ചിരിക്കുന്നത്. വേദനിക്കുന്ന അയൽക്കാരന്റെ കണ്ണീരു കണ്ട് അവന്റെ സഹായത്തിനെത്തുന്നില്ലെങ്കിൽ, നാളെ നീ കരയും, അപ്പോൾ നിന്റെ നിലവിളി കേൾക്കാനോ കണ്ണീരൊപ്പാനോ ആരും, ദൈവംപോലും, ഉണ്ടായിരിക്കുകയില്ല എന്ന സുപ്രധാനമായൊരു പ്രബോധനവും താക്കീതും നൽകുന്ന ഈ ഉപമ ലൂക്കാ സുവിശേഷകൻ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. കേന്ദ്രവത്തായ സന്ദേശം പകൽ വെളിച്ചംപോലെ വ്യക്തമാണെങ്കിലും ഏറെ തെറ്റിധാരണകൾക്കും ദുർവ്യാഖ്യാനങ്ങൾക്കും ഈ ഉപമ വിധേയമായിട്ടുണ്ട്.

എന്തായിരുന്നു ധനികന്റെ പാപം, ലാസർ സമ്മാനിതനാകാൻ എങ്ങനെ അർഹത നേടി, മരണാനന്തര ജീവിതം എപ്രകാരമുള്ളതായിരിക്കും, മരിച്ചവരുടെ ആത്മാക്കൾ ചെന്നെത്തുന്ന നരകവും അബ്രാഹത്തിന്റെ മടിയും എന്ത്, അവ തമ്മിലുള്ള ബന്ധവും അകലവും എത്ര, ലാസറിനെ മടക്കി അയയ്ക്കാൻ അബ്രാഹം വിസമ്മതിക്കുന്നതെന്തുകൊണ്ട്, മരിച്ചവർ തമ്മിൽ ഇപ്രകാരം ഒരു സംഭാഷണം സാധ്യമോ എന്നിങ്ങനെ നിരവധി ചോദ്യങ്ങൾ ഉന്നയിക്കുകയും അവയ്ക്കെല്ലാം തൃപ്തികരമായ ഉത്തരം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുമ്പോൾ കഥയിലൂടെ യേശു പഠിപ്പിക്കാൻ ഉദ്ദേശിച്ചതിൽനിന്ന് വളരെ അകലെയാണ് നാം ചെന്നെത്തുക. അതിനാൽത്തന്നെ ഉപമയുടെ സ്വഭാവ

ത്തെയും ലക്ഷ്യത്തെയും അതു മനസിലാക്കാൻ ഉപയോഗി ക്കേണ്ട മാർഗ്ഗങ്ങളെയും കുറിച്ച് അറിവുണ്ടായിരിക്കണം.

ദൈവികമായ ഒരു സത്യം വിശദീകരിക്കാൻ വേണ്ടി അനു ദിനാനുഭവത്തിൽനിന്ന് അടർത്തിയെടുക്കുന്ന ഉദാഹരണത്തെ യാണ് "ഉപമ" എന്ന് നാം വിശേഷിപ്പിക്കുക. ദൈവത്തെയും അവിടുത്തെ രക്ഷാകര പദ്ധതിയെയും, ഓരോ വ്യക്തിയെക്കു റിച്ചുമുള്ള ദൈവഹിതത്തെയും വിശദീകരിക്കാൻ വേണ്ടിയാണ് യേശു ഉപമകൾ പറഞ്ഞത്. ഏവർക്കും സുപരിചിതവും ഏവരും അംഗീകരിക്കുന്നതുമായ യാഥാർത്ഥ്യങ്ങളായിരിക്കും ഉപമകളായി വിവരിക്കുന്നത്. ഈ വിവരണത്തിൽനിന്ന് അദൃശ്യവും അജ്ഞാ തവുമായ ദൈവിക പദ്ധതിയിലേക്ക് ഉൾക്കാഴ്ച ലഭിക്കുന്നു. *പാരാബൊാളേ* (Pababole) എന്ന ഗ്രീക്കു വാക്കാണ്, (ഇംഗ്ലീഷിൽ Parable) നാം ഉപമ എന്നു വിവർത്തനം ചെയ്യുന്നത്. സമാന്തര മായി വയ്ക്കപ്പെട്ടത് എന്നാണ് വാച്യാർത്ഥം. ദൈവിക യാഥാർത്ഥ്യത്തെ മനസ്സിലാക്കാൻ വേണ്ടി അതിനു സമാന്തര മായി ഒരു ഭൗതിക യാഥാർത്ഥ്യത്തെ അവതരിപ്പിക്കുമ്പോൾ ഉപ മയായി.

ഉപമകൾ പൊതുവേ ഏതെങ്കിലും ഒരു സുപ്രധാന സത്യ മായിരിക്കും അവതരിപ്പിക്കുക. കേന്ദ്രവത്തായ ഒരു ആശയം മാത്രമേ ഉപമകളിലുണ്ടാവൂ. കഥ ആകർഷകമാക്കാൻ വേണ്ടി ചേർക്കുന്ന വിശദാംശങ്ങളിൽ തങ്ങി നിൽക്കാതെ കേന്ദ്രവത്തായ ആശയം എന്തെന്നു കണ്ടെത്താനാണ് വ്യാഖ്യാനത്തിൽ ആദ്യമേ ശ്രദ്ധിക്കേണ്ടത്. വിശദാംശങ്ങളിൽ ശ്രദ്ധ ഊന്നുമ്പോൾ പ്രധാന ആശയം നഷ്ടമായേക്കാം. ഇതുതന്നെയാണ് ആരംഭത്തിൽ ഉന്ന യിച്ച ചോദ്യങ്ങളിലും സംഭവിക്കുന്നത്. മരിച്ചവർ ചെന്നെത്തുന്ന ലോകത്തിന്റെ ഭൂമിശാസ്ത്രമോ, പാതാളത്തിന്റെ അളവുകളോ സ്ഥലമോ ഒന്നും വിശദീകരിക്കുകയല്ല കഥയുടെ ലക്ഷ്യം. ആദ്യമേ തന്നെ, ഇവിടെ വിവരിക്കുന്നത് ചരിത്രമല്ല, ഉപമയാ ണെന്ന കാര്യം ഓർത്തിരിക്കണം. മുഖ്യമായ പ്രമേയം എന്തെന്നു കണ്ടെത്തുകയും വേണം.

ഉപമയിലൂടെ പഠിപ്പിക്കുന്ന സത്യത്തിന്റെ പ്രാധാന്യവും പ്രസ ക്തിയും മനസിലാക്കാൻ സുവിശേഷത്തിന്റെ ഘടനയിൽ ഈ ഉപമയ്ക്കുള്ള സ്ഥാനവും സുവിശേഷം അവതരിപ്പിക്കുന്ന മുഖ്യ പ്രമേയങ്ങളുമായി ഇതിനുള്ള ബന്ധവും പരിഗണിക്കണം. ഒറ്റ

പ്പെട്ട കഥകളായിട്ടാണ് ഉപമകൾ കൈമാറപ്പെട്ടതെങ്കിലും സുവിശേഷത്തിന്റെ ഒരു പ്രത്യേക ഭാഗത്ത് അത് അവതരിപ്പിക്കുന്നതിലൂടെ സുവിശേഷകൻ ചില കാര്യങ്ങൾക്ക് ഊന്നൽ നൽകുന്നുണ്ടാവും. ഈ പറഞ്ഞതിന്റെ വെളിച്ചത്തിൽ ധ്യാനവിഷയമായ ഉപമ വിശകലനം ചെയ്യുമ്പോൾ സുപ്രധാനമായ ചില ഉൾക്കാഴ്ചകൾ ലഭിക്കുന്നു.

സമ്പത്തിനെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനത്തിന്റെ ഭാഗമായിട്ടാണ് ഈ ഉപമ അവതരിപ്പിച്ചിരിക്കുന്നത് ലൂക്കാ 12,16 അധ്യായങ്ങൾ ഈ പ്രമേയം വിശദമായി ചർച്ച ചെയ്യുന്നുണ്ട്. 12,16-21-ൽ ദൈവത്തെക്കുറിച്ചു ചിന്തിക്കാതെ സ്വന്തം സമ്പത്തു വർദ്ധിപ്പിക്കുന്നതിലും സൂക്ഷിക്കുന്നതിലും ആസ്വദിച്ചു തൃപ്തി അടയുന്നതിലും മാത്രം ശ്രദ്ധിച്ച ധനികന്റെ ജീവിതത്തിലേക്ക് വെള്ളിടിപോലെ കടന്നുവരുന്ന ദൈവശബ്ദം നാം കേൾക്കുന്നു. "ഭോഷാ ഇന്നു രാത്രി... ഇവയെല്ലാം ആരുടേതായിരിക്കും" (ലൂക്കാ 12,20). ഭൗതികസമ്പത്ത് ദൈവത്തെ മറക്കാൻ കാരണമാകാം എന്നും മരണത്തിനപ്പുറത്തേക്ക് മനുഷ്യനെ അനുഗമിക്കാൻ അതിനു കഴിയുകയില്ല എന്നും ഈ ഉപമ വ്യക്തമായി പഠിപ്പിക്കുന്നു. അതിന്റെ മറുവശമാണ് ധനവാന്റെയും ലാസറിന്റെയും ഉപമയിലൂടെ പഠിപ്പിക്കുന്നത്. ദൈവത്തെ മാത്രമല്ല, സഹോദരനെയും മറക്കാനും അവഗണിക്കാനും ഭൗതികസമ്പത്ത് ഇടവരുത്താം എന്ന താക്കീതാണ് ഇവിടെ മുഴങ്ങുന്നത്. അങ്ങനെ ദൈവത്തിൽനിന്നും സഹോദരനിൽനിന്നും അകറ്റി, ഇരുവരെയും അവഗണിച്ച്, സ്വന്തം സുഖം മാത്രം ലക്ഷ്യമാക്കി ജീവിക്കാൻ പ്രേരിപ്പിക്കുന്ന ഭൗതികസമ്പത്ത് അവസാനം നിത്യനാശത്തിനും അവസാനമില്ലാത്ത സഹനത്തിനും കാരണമാകും എന്ന് ഈ കഥയിലൂടെ പഠിപ്പിക്കുന്നു. ലൂക്കായുടെ സുവിശേഷത്തിൽ നിരന്തരമായി മുഴങ്ങുന്ന ഈ താക്കീത് യേശുവിന്റെ പ്രബോധനത്തിന്റെ ഒരു മുഖ്യഘടകമായിരുന്നു.

അവിശ്വസ്തനായ കാര്യസ്ഥന്റെ ഉപമയുടെ ഗുണപാഠമെന്നോണം ദരിദ്രരുമായി ഭൗതികസമ്പത്തു പങ്കുവയ്ക്കുന്നതിലൂടെ നിത്യഭാഗ്യം ഉറപ്പുവരുത്താൻ യേശു ആഹ്വാനം ചെയ്തപ്പോൾ "പണക്കൊതിയരായ ഫരിസേയർ അവനെ പുച്ഛിച്ചു" (ലൂക്കാ 16,14). ഇതിനുള്ള മറുപടി എന്നോണമാണ് പഠനവിഷയമായ ഉപമ ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുന്നത്.

ഉപമ രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ആദ്യഭാഗത്ത് (16,19–22) ധനവാന്റെയും ദരിദ്രന്റെയും ഭൂമിയിലെ അവസ്ഥയും മരണശേഷം അവസ്ഥകൾക്കുണ്ടാകുന്ന മാറ്റവും വിവരിക്കുന്നു. ഈ വിവരണത്തിന്റെ വിശദീകരണവും അതിൽനിന്ന് ഉൾക്കൊള്ളേണ്ട പ്രായോഗിക പാഠവുമാണ് രണ്ടാംഭാഗത്ത് (16,23–31) അവതരിപ്പിക്കുന്നത്. ആദ്യഭാഗം നാലു വാക്യത്തിൽ ഒതുക്കിയപ്പോൾ രണ്ടാം ഭാഗത്തിനായി ഒമ്പതു വാക്യങ്ങൾ മാറ്റിവച്ചിരിക്കുന്നു.

മൂന്നു കഥാപാത്രങ്ങളാണ് ഉപമയിലുള്ളത്. ധനവാൻ, ലാസർ, അബ്രാഹം. കഥ തുടങ്ങുന്നത് "ഒരു ധനവാൻ ഉണ്ടായിരുന്നു" എന്ന പൊതുവായ അവതരണത്തിലൂടെയാണ്. അയാൾക്ക് ഊരും പേരുമില്ല. ധനവാന്റെ മാതൃകയാണയാൾ. ഏതു കാലത്തും ഏതു നാട്ടിലും കാണാവുന്ന ധനവാൻ. അയാളുടെ ജീവിതശൈലി പ്രത്യേകം എടുത്തു പറയുന്നു. ചെമന്ന പട്ടും മൃദുലവസ്ത്രങ്ങളും വളരെ വിലകൂടിയതും വലിയ ധനികർക്കു മാത്രം സ്വന്തമാക്കാൻ കഴിയുന്നവയുമാണ്, ഇസ്രായേലിലെ പ്രധാന പുരോഹിതന്റെ ഔദ്യോഗിക വേഷംപോലെ വിലയേറിയവ. എന്നും വിരുന്നാഘോഷിച്ചിരുന്നു എന്നതാണ് അയാളുടേതായി പറയുന്ന ഏക പ്രവൃത്തി. മാസത്തിലൊരിക്കലോ, ആഴ്ചയിൽ ഒരിക്കലോ വിരുന്നാഘോഷിക്കുന്നതു മനസിലാക്കാം. എന്നാൽ നമ്മുടെ കഥാപാത്രം എല്ലാ ദിവസവും സമൃദ്ധമായി വിരുന്നുണ്ണുന്നു. ഈ രണ്ടു കാര്യങ്ങളും തെറ്റോ, പാപമോ ആണെന്ന ഒരു സൂചനയും കഥയിലില്ല. അനുവദനീയമല്ലാത്ത എന്തെങ്കിലും അയാൾ ചെയ്തതായി പറയുന്നുമില്ല.

ഇതിനു കടകവിരുദ്ധമായി വരുന്നു അടുത്ത കഥാപാത്രം. അയാൾക്കു വേറൊന്നുമില്ലെങ്കിലും ഒരു പേരുണ്ട്. ലാസർ. *"ഏലിയേസർ"* എന്ന ഹീബ്രു നാമത്തിന്റെ ഗ്രീക്കു രൂപമാണിത്. *എന്റെ ദൈവം സഹായിക്കുന്നു,* അഥവാ *"ദൈവസഹായം"* എന്നാണ് പേരിനർത്ഥം. യേശു പറഞ്ഞ ഉപമകളിൽ പേരുള്ള ഏകവ്യക്തിയാണയാൾ. ഏറ്റം ദയനീയവും ഭീകരവുമാണ് അയാളുടെ അവസ്ഥ. ഭക്ഷണമില്ല, കിടക്കാൻ ഇടമില്ല; ആരോഗ്യമില്ല. വ്രണം നിറഞ്ഞ ദേഹത്തിൽ നിന്നൊഴുകുന്ന ചലം നക്കുന്ന തെരുവുനായ്ക്കളെ ആട്ടിയകറ്റാൻ പോലും അയാൾക്കു കരുത്തില്ല. രുചികരമായ വിഭവങ്ങൾ ഭക്ഷിച്ച് വൃത്തികേടാകുന്ന കൈവിരൽ തുടച്ചശേഷം ധനവാൻ തീൻ മേശയിൽ നിന്നു വലിച്ചെറിയുന്ന അപ്പ

ക്ഷണം കിട്ടുമെന്ന അയാളുടെ ഏകപ്രതീക്ഷയും വ്യർത്ഥമാകുന്നു. "വിശപ്പടക്കാൻ ആഗ്രഹിച്ചു" എന്ന പദപ്രയോഗത്തിന് ഗ്രീക്കുഭാഷയിൽ "സാധിച്ചില്ല" എന്ന ധ്വനിയുണ്ട്.

ഇരുവരുടെയും മരണത്തോടെ അവസ്ഥകൾ മാറുന്നു. ലാസർ മരിച്ചപ്പോൾ ദൈവദൂതന്മാർ അയാളെ അബ്രാഹത്തിന്റെ മടിയിലേക്കു സംവഹിച്ചു. നീതിമാന്മാർ മരണാനന്തരം നിത്യവിശ്രമവും നിത്യസന്തോഷവും അനുഭവിക്കും എന്ന പ്രബോധനമാണ് ഇവിടെ പ്രകടമാകുന്നത്. ധനവാന്റെ മരണവിവരണം മൂന്നു വാക്കുകളിൽ ഒതുങ്ങി. മരണാനന്തരം പീഡനത്തിന്റെ സ്ഥലമായ നരകത്തിലാണ് അയാളെ നാം കാണുന്നത്. ഈ അവസ്ഥാന്തരത്തിന്റെ അർത്ഥവും ലക്ഷ്യവും തുടർന്നുള്ള സംഭാഷണത്തിലൂടെ വ്യക്തമാക്കുന്നു. ഇവിടെ വിശദാംശങ്ങളിൽ തങ്ങിനിൽക്കാതെ കേന്ദ്രവത്തായ ആശയത്തിൽ ശ്രദ്ധ ചെലുത്തണം.

ധനവാനാണ് സംഭാഷണം ആരംഭിക്കുന്നത്. അയാളുടെ പീഡനവും ലാസറിന്റെ ആനന്ദവും പശ്ചാത്തലമായി നിൽക്കുന്നു. അബ്രാഹത്തെ പിതാവേ എന്നു വിളിക്കുന്നതിലൂടെ അയാൾ വാഗ്ദാനങ്ങൾക്ക് അവകാശിയായ ഇസ്രായേൽക്കാരൻ ആണെന്നു സൂചനയുണ്ട്. തന്റെ പടിവാതിൽക്കൽ കിടന്നു മരിച്ച ലാസറിനെയും അയാൾക്കറിയാം. കണ്ടില്ലെന്നു നടിച്ചെങ്കിലും കാണാതെ പോയില്ല എന്ന് അയാൾ തന്നെ സമ്മതിക്കുന്നു. എന്നാൽ തന്റെ സഹായത്തിനായി ലാസറിനെ അയയ്ക്കണം എന്ന യാചനയിൽ അധികാരത്തിന്റെയും അവകാശവാദത്തിന്റെയും ധ്വനി കേൾക്കാം.

ധനവാനെ മകനായി അംഗീകരിച്ചു കൊണ്ടുതന്നെയാണ് അബ്രാഹം മറുപടി പറയുന്നത്. മറുപടിയിൽ രണ്ടു കാര്യങ്ങൾ വ്യക്തമാക്കുന്നു. ലാസറിന്റെ ദൈന്യതയിൽ അവനെ സഹായിക്കാതെ സ്വന്തം സുഖഭോഗങ്ങളിൽ മുഴുകിയത് വലിയ പാപമായി. ഇത് ഉപേക്ഷവഴിയുള്ള പാപമാണ്. തനിക്കു ലഭിച്ചിരിക്കുന്ന സമ്പത്തും സൗകര്യങ്ങളും ആവശ്യമനുഭവിക്കുന്നവരുമായി പങ്കുവയ്ക്കാതിരിക്കുന്നത് മാരകമായ പാപമാണെന്ന് ഇതിലൂടെ വ്യക്തമാക്കുന്നു. ഇരുവർക്കും തമ്മിലുള്ള, മറികടക്കാനാവാത്ത, അഗാധഗർത്തം മരണശേഷം മാനസാന്തരം അസാധ്യമാണെന്നു പഠിപ്പിക്കുന്നു. മാരകമായ പാപത്തോടെ മരിക്കുന്നവനു ലഭിക്കുന്ന ശിക്ഷ നിത്യമായിരിക്കും.

നിർണ്ണായകമായ ഈ വിധിവാചകത്തിനുശേഷം സുപ്രധാനമായ മറ്റൊരു പ്രമേയത്തിലേക്ക് ശ്രദ്ധതിരിക്കുന്നു. ഭൂമിയിൽ ജീവിക്കുന്ന ധനികരായ അഞ്ചു സഹോദരങ്ങൾക്കു താക്കീതു നൽകാൻ ലാസറിനെ അയയ്ക്കണം. ജീവിച്ചിരുന്നപ്പോൾ ലാസറിനെ ശ്രദ്ധിക്കാതിരുന്നയാൾ ഇപ്പോൾ ധനികരായ തന്റെ സഹോദരങ്ങളുടെ കാര്യത്തിൽ ശ്രദ്ധിക്കുന്നു. അവരുടെ സേവനത്തിനായി ലാസറിനെ ഉപയോഗിക്കാൻ ശ്രമിക്കുന്നു. ധനികരുടെ കൂട്ടായ്മ? എന്നാൽ ഇതിനും അബ്രാഹത്തിന്റെ മറുപടി നിഷേധാത്മകമാണ്. മരിച്ചവൻ ഉയിർക്കുക എന്ന വലിയൊരടയാളം കണ്ടാൽ അവർ മാനസാന്തരപ്പെടും എന്ന വാദവും അബ്രാഹം സ്വീകരിക്കുന്നില്ല.

"മോശയും പ്രവാചകന്മാരും പറയുന്നത് അവർ കേൾക്കുന്നില്ലെങ്കിൽ മരിച്ചവരിൽ നിന്ന് ഒരുവൻ ഉയിർത്താലും അവർക്കു ബോധ്യമാവില്ല" (ലൂക്കാ 16,31) എന്ന ഉപസംഹാരം വലിയൊരു വിധിതീർപ്പാണ്; കഥയുടെ ഉച്ചകോടിയും. "മോശയും പ്രവാചകന്മാരും...." എന്ന പ്രയോഗം വിശുദ്ധ ഗ്രന്ഥത്തെയാണ് സൂചിപ്പിക്കുന്നത്. മനുഷ്യരക്ഷയ്ക്കാവശ്യമായ കാര്യങ്ങൾ ദൈവം വിശുദ്ധഗ്രന്ഥത്തിലൂടെയും ആധികാരിക പ്രബോധനങ്ങളിലൂടെയും വ്യക്തമായി നൽകിയിട്ടുണ്ട്. അതു സ്വീകരിക്കാനും അനുസരിക്കാനും തയ്യാറാകാത്തവർ അത്ഭുതങ്ങൾ കണ്ടാലും മാനസാന്തരപ്പെടുകയില്ല. മരണത്തിൽ നിന്നുയിർപ്പിച്ച യേശുവിനെയും ഉയിർത്ത ലാസറിനെയും വധിക്കാനാണ് യഹൂദനേതാക്കൾ പദ്ധതിയിട്ടത് (യോഹ. 11,53; 12,10-11).

സ്ഥലകാലങ്ങൾക്ക് അതീതമായൊരു സന്ദേശം ഈ ഉപമ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നുണ്ട്. ധനികർ കൂടുതൽ ധനമാർജ്ജിക്കുകയും പുതിയ പുതിയ ആഘോഷങ്ങളും ആർഭാടങ്ങളും കണ്ടുപിടിച്ച് അഭിരമിക്കുകയും ചെയ്യുമ്പോൾ ദരിദ്രർ വറച്ചട്ടിയിൽ നിന്ന് എരിതീയിലേക്ക് വീഴുന്ന അനുഭവം ഒരു ആഗോള പ്രതിഭാസമായി അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അയൽപക്കത്തു പട്ടിണി കിടക്കുന്നവരെ കാണാതെ വിരുന്നാഘോഷിക്കുന്നവരുടെ എണ്ണവും വിരുന്നുകളുടെ ആർഭാടവും വർദ്ധിച്ചുവരുമ്പോൾ യേശു പറഞ്ഞ കഥയ്ക്കു പ്രസക്തി ഏറിയിട്ടേയുള്ളൂ എന്നു നാം കാണുന്നു. നിന്റെ വീട്ടിൽനിന്ന് ഉയരുന്ന പൊരിച്ച കോഴിയുടെയും മീനിന്റെയും മണം അയലത്തു പട്ടിണി കിടക്കുന്നവന്റെ വായിൽ വെള്ളം ഊറാൻ ഇടയാക്കു

മ്പോൾ നരകത്തിലേക്കുള്ള ആദ്യപടി നീ ഇറങ്ങിക്കഴിഞ്ഞു എന്നൊരു പഴഞ്ചൊല്ലുണ്ട്. അയൽക്കാരന്റെ കണ്ണീർ ഇപ്പോൾ നീ കാണുകയും അതിനു പരിഹാരമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നില്ലെങ്കിൽ പിന്നീടു നീ കരയും. നിന്റെ കണ്ണീർ തുടയ്ക്കാൻ ആരുമുണ്ടാവില്ല. ജീവിതകാലത്ത് കരുണ കാണിക്കാത്തവന്റെ മേൽ കാരുണ്യരഹിതമായ വിധിയുണ്ടാകും. ജീവിതത്തിന്റെ കണക്ക് മരണംകൊണ്ടവസാനിക്കുന്നില്ല. സമ്മാനവും ശിക്ഷയും ഇവിടെ വച്ചുതന്നെ ലഭിക്കണം എന്നുമില്ല.

നിത്യജീവിതത്തെ സംബന്ധിച്ച വിധി പ്രസ്താവിക്കുന്നത് മരണാനന്തരമോ, മരണനിമിഷത്തിലോ മാത്രമല്ല, ഇപ്പോഴാണ് എന്ന് യേശു പഠിപ്പിക്കുന്നു. ഇന്നു ഞാൻ ജീവിക്കുന്ന ശൈലിയും എടുക്കുന്ന തീരുമാനങ്ങളും ചെയ്യുന്ന പ്രവൃത്തികളും മാത്രമല്ല, ചെയ്യാതെ പോകുന്ന നന്മകളുമാണ് എന്റെ വിധിവാചകം എഴുതുന്നത്. ചുരുക്കത്തിൽ, എന്റെ മേലുള്ള വിധി ഞാൻ തന്നെ എഴുതുന്നു. അരുത് എന്ന വിലക്കുകൾ ലംഘിക്കാതിരിക്കുന്നതുപോലെ തന്നെ ജീവൽ പ്രധാനമാണ് ചെയ്യണം എന്ന കല്പനകൾ അനുസരിക്കുന്നതും. കഥ കേട്ടശേഷം നിഷ്ക്രിയരായിരിക്കാനാവില്ല. അനാസ്ഥ മാരകമായിരിക്കും. ഈ കഥയിൽ ഞാൻ എവിടെ നിൽക്കുന്നു?

അബ്രാഹത്തിന്റെ മടി, പാതാളം എന്നീ പ്രയോഗങ്ങൾ യേശുവിന്റെ കാലത്തു യഹൂദരുടെ ഇടയിൽ നിലവിലിരുന്ന വിശ്വാസത്തെ അനുസ്മരിപ്പിക്കുന്നു. മരണാനന്തരജീവിതത്തെക്കുറിച്ചുള്ള അറിവ് സാവധാനമാണ് നൽകപ്പെട്ടത്. മരിച്ചവർ നിത്യനിദ്രയിലാണ്. അവർ ഒന്നും അറിയുന്നില്ല. ഇനി ഒരിക്കലും അവർ ഉണരുകയില്ല. ഇങ്ങനെ നിത്യനിദ്രയിൽ കഴിയുന്നവർ വസിക്കുന്ന ഇടത്തെ *ഷെയോൽ* എന്ന് ഹീബ്രുവിൽ വിളിച്ചിരുന്നു. അതിനെ *ഹാദെസ്* എന്നു ഗ്രീക്കിലും *പാതാളം* എന്നു മലയാളത്തിലും വിളിക്കുന്നു (ജോബ് 7,9; 10,21-22; 14,2; സുഭാ 1,12; സങ്കീ 6,5; 30,9; ഏശ 14,11).

കാലക്രമത്തിൽ മരിച്ചവരുടെ അവസ്ഥയിൽ ചില വ്യത്യാസങ്ങൾ ഉണ്ട് എന്ന ആശയം കടന്നുവന്നു. ജീവിതകാലത്തു നന്മ ചെയ്തവർക്ക് സന്തോഷകരമായ വിശ്രമവും തിന്മ ചെയ്തവർക്ക് പീഡനവും എന്ന ആശയം പ്രബലപ്പെട്ടു. ഇതു രണ്ടും പാതാളത്തിന്റെ വിവിധ തട്ടുകളിലാണെന്നും കരുതപ്പെട്ടു. യേശു

വിന്റെ കാലമായപ്പോഴേക്കും നന്മ ചെയ്തവരുടെ വാസസ്ഥലത്തെ അബ്രാഹത്തിന്റെ മടി എന്നും തിന്മ ചെയ്തവർ പീഡനമേൽക്കുന്ന സ്ഥലം, നരകം (*ഗേഹെന്നാ*) എന്നും അറിയപ്പെട്ടിരുന്നു. എ.ഡി. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ എഴുതപ്പെട്ട എസ്രായുടെ 4-ാം പുസ്തകം ഇപ്രകാരം ഒരു ചിത്രം നൽകുന്നുണ്ട്. "അപ്പോൾ പീഡനങ്ങളുടെ അഗാധഗർത്തം പ്രത്യക്ഷപ്പെടും; അതിനുമുമ്പിലായി ആശ്വാസത്തിന്റെ സ്ഥലവും. നരകത്തിന്റെ തീച്ചൂള കാണപ്പെടും; അതിനു മുമ്പിലായി സന്തോഷത്തിന്റെ പറുദീസായും" (4 എസ്രാ 7,36). ബി.സി. ഒന്നാം നൂറ്റാണ്ടോടെ ഈ ആശയം പ്രബലപ്പെട്ടിരുന്നു. വിരുന്നുശാലയിൽ ആതിഥേയന്റെ മടിയിൽ വിശ്രമിക്കുന്നത് ഏറ്റം ബഹുമാന്യമായ സ്ഥാനം ലഭിക്കുന്നതിന്റെ പ്രതീകമാണ് (യോഹ. 13,23). ഈ ഭൂമിയിൽ അവഗണനയും അവഹേളനവും മാത്രം ലഭിച്ചവനെ ഏറ്റം ബഹുമാന്യനായി ദൈവം ഉയർത്തി എന്ന് ഈ ചിത്രം സൂചിപ്പിക്കുന്നു. (ഈ വിഷയത്തെക്കുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നവർ ഫാ. കാരിമറ്റം; "ആത്മാക്കളുടെ ലോകം" PP 56-94 കാണുക).

# 44

### കൈത്താക്കാലം 5 – ാം ഞായർ

## സൗഖ്യവും രക്ഷയും

### (ലൂക്കാ 17,11 – 19)

ലഭിക്കുന്ന അനുഗ്രഹങ്ങൾക്ക് ദൈവത്തിനു നന്ദി പറയാനുള്ള കടമയെ അനുസ്മരിപ്പിക്കുന്ന ഒരു സംഭവമാണ് ഇന്നത്തെ സുവിശേഷം. അതോടൊപ്പം രോഗശാന്തിയും ആത്മരക്ഷയും തമ്മിലുള്ള ബന്ധത്തെപ്പറ്റിയും ഒരു സൂചന വായനയിൽ കാണാം. പ്രത്യക്ഷത്തിൽ കാണുന്ന ഈ പ്രമേയങ്ങൾ മാത്രമല്ല, മറ്റു പല വിഷയങ്ങളും ഈ സുവിശേഷഭാഗത്ത് പരാമർശിക്കപ്പെടുന്നുണ്ട്. ചൂണ്ടിക്കാട്ടിയ രണ്ടു പ്രമേയങ്ങളും ആഴമേറിയ അർത്ഥസൂചനകളും ധ്വനികളും ഉൾക്കൊള്ളുന്നുമുണ്ട്. അതിനാൽ സംഭവവിവരണം അടുത്തു പരിശോധിക്കണം.

ലൂക്കാ എഴുതിയ സുവിശേഷം, ഒരുക്കത്തെ വിവരിക്കുന്ന ശൈശവവും സ്നാപകപ്രഘോഷണവും വിവരിക്കുന്ന ആമുഖവും (ലൂക്കാ 1,1-4,13) ഉത്ഥിതദർശനങ്ങൾ വിവരിക്കുന്ന ഉപസംഹാരവും (ലൂക്കാ 24) ഒഴികെയുള്ള മുഖ്യഭാഗം മൂന്നായി തിരിച്ചിരിക്കുന്നു. 1. ഗലീലിയിലെ പ്രവർത്തനങ്ങൾ (4,14—9,50) 2. ജറുസലെം യാത്ര (9,51-19, 48(26); 3. ജറുസലെമിലെ പ്രവർത്തനങ്ങൾ (20-23). ഇതിൽ രണ്ടാം ഭാഗമാണ് ഏറ്റം ദീർഘം. യേശുവിന്റെ പരസ്യജീവിതത്തെ ഇപ്രകാരം മൂന്നുഭാഗമായി തിരിച്ച് അവതരിപ്പിക്കുന്ന ഘടന മർക്കോസാണ് തുടങ്ങിവച്ചത് എന്നു ബൈബിൾ പഠിതാക്കൾ കരുതുന്നു. ആ ഘടന സ്വീകരിക്കുമ്പോഴും ലൂക്കാ തനതായ ഒരു അവതരണരീതിയും ലക്ഷ്യങ്ങളും പ്രകടമാക്കുന്നുണ്ട്.

പത്രോസിന്റെ വിശ്വാസ പ്രഖ്യാപനത്തോടെ യേശുവിന്റെ ഗലീലിയിലെ പ്രവർത്തനങ്ങൾ സമാപിക്കുന്നു. തുടർന്ന് ശിഷ്യ

രെയും കൂട്ടി ജറുസലെമിലേക്കുള്ള യാത്രയാണ് സമാന്തര സുവിശേഷകർ മൂവരും രേഖപ്പെടുത്തുന്നത്. ഈ യാത്ര തുടങ്ങുന്നത് ജറുസലെമിൽ സംഭവിക്കാനിരിക്കുന്ന പീഡാസഹനം-മരണം-ഉത്ഥാനം എന്നീ പെസഹാ രഹസ്യത്തെക്കുറിച്ചുള്ള വെളിപ്പെടുത്തലോടെയാണ്. യാത്രാമധ്യേ ഇക്കാര്യങ്ങൾ യേശു പലതവണ ആവർത്തിക്കുന്നുണ്ട്. കൃത്യമായ മൂന്നു പീഡാനുഭവ പ്രവചനങ്ങൾ മർക്കോസ് രേഖപ്പെടുത്തുമ്പോൾ ലൂക്കാ അതിനുപുറമേ മറ്റു പല സൂചനകളും നൽകുന്നുണ്ട്. എന്നാൽ യേശുവിന്റെ ഈ മുന്നറിയിപ്പ് മനസിലാക്കാനോ പ്രബോധനം സ്വീകരിക്കാനോ ശിഷ്യർ തയ്യാറാകുന്നില്ല; അഥവാ അവർക്കു കഴിയുന്നില്ല.

ഈ പശ്ചാത്തലത്തിൽ ശിഷ്യത്വത്തെ സംബന്ധിച്ച സുദീർഘമായൊരു പ്രബോധനവും പരിശീലനവും ആവശ്യമായി വരുന്നു. അതാണ് മൊത്തം സുവിശേഷത്തിന്റെ മൂന്നിലൊരു ഭാഗത്തിലധികം വരുന്ന യാത്രാ വിവരണമായി ലൂക്കാ അവതരിപ്പിക്കുന്നത്. പീഡാനുഭവ-മരണ-ഉത്ഥാനത്തിന്റെ വെളിച്ചത്തിൽ ശിഷ്യർക്കുണ്ടായിരിക്കേണ്ട വിശ്വാസം, മനോഭാവം, പ്രതീക്ഷകൾ, ജീവിതശൈലി മുതലായവ അനേകം സംഭവങ്ങളിലൂടെയും പ്രബോധനങ്ങളിലൂടെയും വിശദമാക്കുന്നു.

ഈ യാത്രാ വിവരണം തന്നെ മൂന്നു ഭാഗമായി തിരിച്ചിട്ടുണ്ട്. ജറുസലെമിലേക്കുള്ള യാത്രയെക്കുറിച്ചു പരാമർശിച്ചുകൊണ്ടാണ് ഈ വിഭജനം നടത്തിയിരിക്കുന്നത് (9,51-13, 21; 13,22-17,10; 17,11-19,49). മൂന്നു ഭാഗങ്ങളിലും പീഡാനുഭവപ്രവചനം, ശിഷ്യരുടെ പ്രതികരണം, യേശുവിന്റെ തുടർപ്രബോധനം എന്ന ഒരു ക്രമം കാണാം. ഇതിൽ മൂന്നാം ഭാഗത്തിന്റെ തുടക്കത്തിലാണ് പഠനവിഷയമായ സുവിശേഷഭാഗം. “ജറുസലെമിലേക്കുള്ള യാത്രയിൽ” (17,11) എന്ന ആമുഖം സാഹചര്യത്തെ സൂചിപ്പിക്കുന്നു. സമറിയായ്ക്കും ഗലീലിക്കും മധ്യേ എന്നത് കൃത്യമായ ഒരു സ്ഥല സൂചന നൽകുന്നില്ല. ഏതു ഗ്രാമത്തിന്റെ പ്രാന്തപ്രദേശത്തു വച്ചാണ് ഇതു സംഭവിച്ചതെന്നും സൂചിപ്പിക്കുന്നില്ല. ഏതോ ഒരു അതിർത്തിഗ്രാമം എന്നു കരുതിയാൽ മതി. എന്നാലും ഇസ്രായേൽക്കാരുടെ വാസഭൂമിയായ ഗലീലിയിൽത്തന്നെയാണ് സംഭവം എന്ന സൂചന പുരോഹിതന്മാരെ കാണിക്കാൻ നൽകുന്ന നിർദ്ദേശത്തിൽ കാണാം. അതിലുപരി ഇരുകൂട്ടരും തമ്മിൽ നിലനിൽക്കുന്ന വൈരുധ്യവും വ്യതിരിക്തതയും എടുത്തുകാട്ടാനും സുവിശേഷകൻ ശ്രദ്ധിക്കുന്നതായി കരുതണം.

ഗ്രാമത്തിന്റെ വാതിൽക്കൽവച്ച് യേശുവിനെ കാണുന്ന പത്തു കുഷ്ഠരോഗികളാണ് മുഖ്യശ്രദ്ധാവിഷയം. അവർക്കു നഗരത്തിലും ഗ്രാമത്തിലും പ്രവേശനം നിഷേധിച്ചിരുന്നു. പൊതുജനം നടക്കുന്ന നടപ്പാതയിലൂടെ നടക്കാനും അവർക്ക് അനുവാദമുണ്ടായിരുന്നില്ല. ശരീരം കാർന്നുതിന്ന കുഷ്ഠരോഗം ദൈവശാപത്തിന്റെ ദൃശ്യാടയാളമായാണ് ജനങ്ങൾ കരുതിയിരുന്നത്. അതിനാൽ കുഷ്ഠരോഗികൾ വെറും രോഗികൾ മാത്രമല്ല, ദൈവത്തിന്റെ ശാപം പേറുന്നവരാണെന്നു കരുതപ്പെട്ടിരുന്നു. അതിനാൽത്തന്നെ അവരുമായി ഏതെങ്കിലും തരത്തിലുള്ള സമ്പർക്കത്തിൽ വരുന്നതും ശാപകാരണമായിത്തീരും എന്ന വിശ്വാസം അവരെ തീർത്തും സമൂഹത്തിൽനിന്നും അകറ്റി, ഒറ്റപ്പെടുത്തി. അവർ നിൽക്കുന്ന ഇടവും തൊടുന്ന വസ്തുക്കളും എല്ലാം അശുദ്ധമായിത്തീരും. കുഷ്ഠരോഗത്തെ സംബന്ധിച്ച വിശദമായ നിബന്ധനകൾ വിവരിക്കാൻ ലേവ്യരുടെ പുസ്തകത്തിലെ രണ്ട് അധ്യായങ്ങൾ (13-14) മൊത്തം 116 വാക്യങ്ങൾ മാറ്റിവച്ചിരിക്കുന്നതിൽ നിന്നുതന്നെ പഴയ നിയമം ഇതിനു കല്പിക്കുന്ന പ്രാധാന്യം എത്ര വലുതെന്നു കാണാനാവും.

അഭിശപ്തരെന്നു മുദ്രകുത്തി സമൂഹം വേലിക്കു പുറത്തേക്കു വലിച്ചെറിഞ്ഞ ഹതഭാഗ്യരായിരുന്നു കുഷ്ഠരോഗികൾ. അറ്റുപോകുന്ന അവയവങ്ങളിലും അഴുകിനാറുന്ന ശരീരത്തിലും ദൈവശാപം അവരും ദർശിച്ചു. എല്ലാതരത്തിലും പുറന്തള്ളപ്പെട്ടവർ. എന്നാൽ ഇവിടെ അവതരിപ്പിക്കുന്ന കുഷ്ഠരോഗികൾക്ക് ഒരു സവിശേഷതയുണ്ട്. അവർ സംഘം ചേർന്നാണ് സഞ്ചരിക്കുക. പുറന്തള്ളപ്പെട്ടവരുടെ ഒരു കൂട്ടായ്മ? പത്തു കുഷ്ഠരോഗികൾ ഒരുമിച്ച്, ഗ്രാമത്തിനു വെളിയിൽ. അവർ ഒരുമിച്ചു നടക്കുന്നു; ഒരുമിച്ച് യേശുവിനെ വിളിച്ചപേക്ഷിക്കുന്നു.

മാത്രമല്ല, ഈ പത്തുപേരിൽ ഒരാൾ സമറിയാക്കാരനായിരുന്നു എന്ന് വിവരണത്തിന്റെ അവസാനം നടത്തുന്ന നിരീക്ഷണം കൂടുതൽ ശ്രദ്ധേയമായ മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കുന്നു. യഹൂദരും സമറിയാക്കാരും ബദ്ധശത്രുക്കളായിരുന്നു. നൂറ്റാണ്ടുകൾ പഴക്കമുള്ളതാണ് ആ ശത്രുത. ബി.സി. 721 ൽ അസീറിയാ സാമ്രാജ്യം വടക്കൻ രാജ്യമായ ഇസ്രായേലിനെ കീഴടക്കി, പന്ത്രണ്ടിൽ പത്തു ഗോത്രങ്ങളെയും നാടുകടത്തി. അവർ വസിച്ചിരുന്ന ഇടങ്ങളിൽ വിജാതീയരെ കുടിയിരുത്തി. കാലക്രമത്തിൽ കുടിയേറിയ വിജാതീയരും നാടുകടത്തപ്പെടാതെ അവ

ശേഷിച്ച ഇസ്രായേൽക്കാരും തമ്മിൽ വിവാഹങ്ങൾ നടന്നു. അങ്ങനെ ഒരു സങ്കരവർഗ്ഗം സംജാതമായി.

ഇസ്രായേലിന്റെ തലസ്ഥാനമായിരുന്ന സമറിയാപട്ടണത്തിന്റെ പേരിൽ "സമറിയാക്കാർ" എന്ന് അവർ അറിയപ്പെടാൻ തുടങ്ങി. തുടർന്നുള്ള ചരിത്രത്തിന്റെ ഗതിവിഗതികളിൽ ഈ സമറിയാക്കാരെ തെക്കുണ്ടായിരുന്ന യഹൂദർ വെറുത്തു, പുച്ഛിച്ചു, പരിഹസിച്ചു. യേശുവിന്റെ കാലമായപ്പോഴേക്കും ഇരുകൂട്ടരും തമ്മിൽ കടുത്ത ശത്രുത നിലനിന്നു. അതിനാൽ ജറുസലെമിൽ നിന്നു ഗലീലിയിലേക്കും തിരിച്ചും യാത്ര ചെയ്യുന്ന യഹൂദർ സമറിയായിലൂടെ കടന്നു പോകാറില്ല. പകരം കൂടുതൽ ദീർഘമെങ്കിലും മറ്റൊരു വളഞ്ഞ വഴിയാണ് എടുക്കുക. ജറുസലെമിലേക്കു പോവുകയായിരുന്നു എന്നതിന്റെ പേരിൽ യേശുവിന് ആതിഥ്യം നിരസിച്ച സമറിയാക്കാരെക്കുറിച്ച് ലൂക്കാ തന്നെ പ്രതിപാദിക്കുന്നുണ്ട് (9,51-56).

പഠനവിഷയമായ സംഭവത്തിൽ ഈ ശത്രുത തികച്ചും അപ്രത്യക്ഷമായിരിക്കുന്നു എന്നതാണ് ആദ്യമേ ശ്രദ്ധയിൽപെടുന്നത്. ദൈവത്തിന്റെ പ്രത്യേക സ്വന്തം ജനമാണ് തങ്ങൾ എന്ന ഔദ്ധത്യം യഹൂദനു നഷ്ടപ്പെട്ടു. അഭിശപ്തനെന്നു കരുതിയ സമറിയാക്കാരന്റെ കൂടെ നടക്കാൻ പ്രയാസം തോന്നിയില്ല. അതുപോലെ തന്നെ വെറുക്കപ്പെട്ട വരേണ്യവർഗ്ഗം എന്നു കരുതിയിരുന്നവരോട് സംഘം ചേരാൻ സമറിയാക്കാരനും കഴിഞ്ഞു. വേലിക്കു പുറത്താകുമ്പോൾ എല്ലാവരും ഒരുപോലെയാകുന്നു. എന്നതാണോ സുവിശേഷകൻ നൽകുന്ന പാഠം? സമ്പത്തും സമൃദ്ധിയും ആരോഗ്യവും സമൂഹത്തിലെ ഉന്നതസ്ഥാനവും എല്ലാം മനുഷ്യരെ വ്യത്യസ്തചേരികളിലാക്കുന്നു. ചിലരെ ഉന്നതരും മറ്റുചിലരെ നികൃഷ്ടരും ആയി പരിഗണിക്കാൻ കാരണമാകുന്നു എന്ന ഒരു നിരീക്ഷണവും പ്രസക്തമാണ്. ഇല്ലായ്മയിൽ കൂട്ടായ്മയുണ്ടാകുന്നു. ഒരുപക്ഷേ പലതും നഷ്ടപ്പെടുമ്പോഴേ മനുഷ്യർ തമ്മിൽ ഐക്യവും സാഹോദര്യവും സംജാതമാകൂ എന്നും ഇതിൽനിന്നു വായിച്ചെടുക്കാനാകുമോ?

പുറമ്പോക്കിൽ നിന്നവർ ഒറ്റക്കെട്ടാണ്. ഒരുമിച്ചാണ് അവർ നിലവിളിക്കുന്നത്. "യേശുവേ, ഗുരോ, ഞങ്ങളിൽ കനിയണമേ" (17,13). ഇതൊരു യാചനയാണ്, എന്നാൽ അതിസ്വാഭാവികമായ വിശ്വാസമൊന്നും ഈ നിലവിളിയിൽ ഉണ്ടെന്നു പറയാനാവില്ല. "ഗുരോ" എന്ന അഭിസംബോധന തന്നെ ശ്രദ്ധേയം. ഏതൊരു

യഹൂദറബ്ബിയെയും പോലെ ഒരു റബ്ബി. ചില അത്ഭുതസിദ്ധിക ളുള്ള ഒരു ഗുരു. അയാൾക്കു തങ്ങളോടു കരുണ തോന്നണം. എന്തിന്? സൗഖ്യം ലഭിക്കുകയാണ് ലക്ഷ്യം. എന്നാൽ അത് തുറന്നു പറയുന്നില്ല. വെറുപ്പും വിദ്വേഷവും അവഗണനയും പരി ഹാസവും മാത്രം ഏറ്റു തളർന്നവർ അല്പം കരുണയ്ക്കുവേ ണ്ടിയാണ് യാചിക്കുന്നത്.

യേശുവിന്റെ മറുപടിയും ശ്രദ്ധേയമത്രെ. നിങ്ങൾക്കു സൗഖ്യ മുണ്ടാകട്ടെ എന്നു പറയുന്നില്ല. രോഗശാന്തിയെക്കുറിച്ച് ഒരു സൂച നയുമില്ല. പോയി നിങ്ങളെത്തന്നെ പുരോഹിതന്മാർക്കു കാണിച്ചു കൊടുക്കുവിൻ എന്നാണ് കല്പന. എന്തിനുവേണ്ടി? അവർ ചോദി ച്ചില്ല. അനുസരിക്കുകമാത്രം ചെയ്തു. പോകുന്ന വഴിക്കാണ് സൗഖ്യം ലഭിച്ചത് എന്ന നിരീക്ഷണവും പ്രത്യേക ശ്രദ്ധയർഹി ക്കുന്നു. അവരുടെ അനുസരണമാണ് സൗഖ്യത്തിലേക്കു വഴി നയിച്ചത്. സൗഖ്യത്തെക്കുറിച്ചു ചിന്തിക്കാതെ തന്നെ അവർ പോയി. വഴിയിൽ എവിടെയോ വച്ച് അവർ തിരിച്ചറിഞ്ഞു, തങ്ങൾ രോഗവിമുക്തരായിരിക്കുന്നുവെന്ന്. തുടർന്നുള്ള പ്രതി കരണങ്ങളാണ് മുഖ്യപാഠം.

സുഖം പ്രാപിച്ചു എന്ന് തിരിച്ചറിഞ്ഞവരിൽ ഒരാൾ മടങ്ങി വന്നു. പുരോഹിതനെ കാണിക്കാൻ പോകുന്നവഴിയിൽ നിന്നാണ് അയാൾ മടങ്ങുന്നത്. അയാൾ രണ്ടു കാര്യങ്ങൾ ചെയ്യുന്നു. 1. ദൈവത്തെ സ്തുതിക്കുന്നു. 2. യേശുവിന്റെ കാൽക്കൽ സാഷ്ടാംഗം പ്രണമിച്ച് നന്ദി പറയുന്നു. അയാൾ ഒരു സമറിയാക്കാരനായിരുന്നു. എന്തേ ഇങ്ങനെ? എന്തുകൊണ്ട് ഇയാൾ മാത്രം മടങ്ങിവന്നു? ഒരുപക്ഷേ യഹൂദ പുരോഹിതന്റെ സാക്ഷിപത്രം തനിക്ക് ആവശ്യമില്ല എന്നു കരുതിയിട്ടാവുമോ? ബാക്കി ഒമ്പതുപേരും രോഗമുക്തിയുടെ സാക്ഷിപത്രം വാങ്ങി സമൂഹത്തിന്റെ മുഖ്യധാരയിലേക്കു പ്രവേശിക്കാനാണ് ശ്രദ്ധി ച്ചത്. യേശു ആവശ്യപ്പെട്ടതും അതായിരുന്നു!

സമറിയാക്കാരന്റെ പ്രവൃത്തിക്ക് യേശുവിന്റെ പ്രതികരണ മാണ് കഥയുടെ മർമ്മം. പത്തുപേരും സുഖം പ്രാപിച്ചു. എന്നാൽ ഈ വിജാതീയൻ മാത്രമേ ദൈവത്തെ മഹത്വപ്പെടുത്താൻ ശ്രദ്ധി ച്ചുള്ളൂ. ദൈവത്തെ മഹത്വപ്പെടുത്തുക എന്നത് യേശു നൽകുന്ന വ്യാഖ്യാനമാണ്. എങ്ങനെയാണ് ദൈവത്തെ മഹത്വപ്പെടുത്തേ ണ്ടത്, എന്താണ് ദൈവമഹത്വം എന്ന് ഇതിലൂടെ പഠിപ്പിക്കു ന്നുണ്ട്. ദൈവം ചെയ്ത വലിയ കാര്യങ്ങൾ, സ്വന്തം ജീവിത

ത്തിൽ അനുഭവിച്ചറിഞ്ഞ ദൈവത്തിന്റെ പ്രവൃത്തികൾ, പരസ്യ മായി പ്രഘോഷിക്കുക. അതാണ് മഹത്വപ്പെടുത്തൽ. ദൈവ ത്തിന്റെ കരുണയുടെയും അതിരുകളില്ലാത്ത സ്നേഹത്തിന്റെയും പ്രകടനമാണ് ദൈവമഹത്വം. സുഖം പ്രാപിച്ച സമറിയാക്കാരൻ അതു തിരിച്ചറിഞ്ഞു; ഉറക്കെ പ്രഘോഷിച്ചു; എല്ലാവരെയും അറി യിച്ചു. അങ്ങനെ ദൈവത്തെ മഹത്വപ്പെടുത്തി. മാത്രമല്ല.

യേശുവിന്റെ പാദത്തിൽ വീണ് പ്രണമിക്കുന്നത് നന്ദിയുടെ മാത്രമല്ല, ആരാധനയുടെയും പ്രകടനമാണ്. ഇവിടെ, ലഭിച്ച രോഗ ശാന്തിയുടെ പേരിലുള്ള നന്ദി പ്രകടനത്തിനുപരി, വലിയൊരു വിശ്വാസപ്രഖ്യാപനവും കാണാൻ കഴിയും. മനുഷ്യന് അസാ ധ്യമായൊരു കാര്യമാണ് യേശു ചെയ്തത്. ഒറ്റവാക്കാൽ കുഷ്ഠ രോഗിക്കു സൗഖ്യം നൽകി. അത് ദൈവത്തിന്റെ തന്നെ പ്രവൃത്തി ആയിരുന്നു. അപ്പോൾ ദൈവമാണ് യേശുവിലൂടെ പ്രവർത്തിച്ചത്. അഥവാ, ദൈവത്തിന്റെ ദൃശ്യരൂപം തന്നെയാണ് യേശു. പ്രണാമവും നന്ദിപ്രകടനവും വഴി മൂകമായ ഭാഷയിൽ സമറിയാക്കാരൻ ഏറ്റുപറഞ്ഞത് ഈ വിശ്വാസമായിരുന്നു.

ഈ വിശ്വാസം അവനെ മറ്റൊരു തലത്തിലേക്കു നയിക്കുന്നു, ശാരീരിക സൗഖ്യത്തിൽനിന്ന് ആത്മീയരക്ഷയിലേക്ക്. അതാണ് യേശു പരസ്യമായി പ്രഖ്യാപിക്കുന്നത്; “നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.” യേശു നൽകുന്ന രോഗശാന്തികളും മറ്റ് അത്ഭു തങ്ങളും എല്ലാം അടയാളങ്ങളായി കാണണം. അവയെല്ലാം കൂടു തൽ പ്രാധാന്യമുള്ള, പോരാ, ഏറ്റം പ്രധാനപ്പെട്ട രക്ഷയുടെ സൂചനകളാണ്. നിത്യരക്ഷയാണ് സുപ്രധാനം. ദൈവത്തോടു പൂർണ്ണമായ രമ്യതയിലെത്തുക; ദൈവികജീവനിൽ പങ്കുചേരുക; ദൈവത്തിന്റെ മകനായി/മകളായി പരിഗണിക്കപ്പെടുക. അതാണ് ദൈവപുത്രൻ മനുഷ്യനായി അവതരിച്ചതിന്റെ ലക്ഷ്യം; എല്ലാ പ്രവൃത്തികളുടെയും ഉള്ളിൽ ഒളിഞ്ഞു കിടക്കുന്ന സത്യം.

തന്റെ പാദത്തിൽ കമിഴ്ന്നു കിടക്കുന്ന സമറിയാക്കാരനോട് യേശു മറ്റൊന്നുകൂടി പറഞ്ഞു: എഴുന്നേറ്റു പൊയ്ക്കൊള്ളുക! ആർക്കും തടഞ്ഞുനിർത്താനാവാത്ത സ്വാതന്ത്ര്യത്തിലേക്ക്; ആർക്കും എടുത്തുകളയാനാവാത്ത സന്തോഷത്തിലേക്ക്. ഇനി അവൻ സാക്ഷിപത്രത്തിനുവേണ്ടി കാത്തു നിൽക്കേണ്ടതില്ല. മറ്റാ രുടെയും മുമ്പിൽ ലജ്ജിച്ചു തലതാഴ്ത്തേണ്ടതില്ല. പോകൂ, സ്വത ന്ത്രനായി, നീ മഹത്വപ്പെടുത്തിയ ദൈവത്തിന്റെ മകൻ എന്ന അഭിമാനത്തോടെ! പോയി എല്ലാവരോടും പറയൂ, ദൈവത്തിനു

ജാതി നോട്ടമില്ല; വർണ്ണ വർഗ്ഗ വ്യത്യാസമില്ല. മനുഷ്യനിർമ്മിതമായ ശുദ്ധാ-ശുദ്ധ വേലിക്കെട്ടുകൾ ദൈവം അംഗീകരിക്കുന്നില്ല.

പുറമ്പോക്കിൽ കഴിഞ്ഞവരുടെ ഇടയിലേക്ക് ദൈവം ഇറങ്ങിവരുമ്പോൾ വേലികൾക്കകത്തു കഴിയുന്നവർ തങ്ങൾ തന്നെ നിർമ്മിച്ച തടവറയിൽ ബന്ധിതരാവുകയാണ്. ദൈവം അവരുടെ വേലിക്കകത്തല്ല എന്ന് പ്രഖ്യാപിക്കുകയല്ലേ സൗഖ്യം പ്രാപിച്ച ഈ സമറിയാക്കാരനെ സ്വതന്ത്രനായി വിടുന്നതിലൂടെ ചെയ്യുന്നത്? രോഗസൗഖ്യം തുടക്കമാണ്; നിത്യരക്ഷയാണ് ലക്ഷ്യം. വിശ്വസിച്ച്, ദൈവത്തെ മഹത്വപ്പെടുത്തി, യേശുവിന് നന്ദി പറഞ്ഞവന് അതു ലഭിച്ചു. എന്നാൽ ബാക്കി ഒമ്പതു പേർക്കോ?

തീർച്ചയായും അവർക്കും ശാരീരികമായ സൗഖ്യം ലഭിച്ചു; പുരോഹിതരുടെ സാക്ഷി പത്രത്തിലൂടെ സമൂഹത്തിന്റെ അംഗീകാരവും. എന്നാൽ ദൈവം നൽകുന്ന രക്ഷ, ദൈവമക്കളുടെ സ്ഥാനം, അതിൽ നിന്നു ജനിക്കുന്ന സ്വാതന്ത്ര്യവും സന്തോഷവും. അതെല്ലാം ഇനിയും അകലെയാണ്. അവർ മടങ്ങി, തങ്ങളുടെ പഴയ ജീവിതത്തിലേക്ക്, പഴയ വേലിക്കെട്ടുകളുടെ തടവറയിലേക്ക്. സ്വതന്ത്രരാണ് തങ്ങൾ എന്ന മിഥ്യാധാരണയോടെ!

ഒരുപക്ഷേ ഇതുതന്നെ ആയിരിക്കുകയില്ലേ ഈ സംഭവത്തിന്റെ വിവരണത്തിലൂടെ സുവിശേഷകൻ എടുത്തുകാട്ടാൻ ഉദ്ദേശിക്കുന്ന സത്യം? ശിഷ്യത്വത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള പ്രബോധനമാണ് യാത്രാവിവരണത്തിലൂടെ ലൂക്കാ അവതരിപ്പിക്കുന്നത് എന്ന് ആരംഭത്തിൽ കണ്ടുവച്ചു. അതിൽ ഒരു വശമാണ് ഇവിടെ അനാവരണം ചെയ്യുന്നത്.

ശിഷ്യർ വിശ്വാസമുള്ളവരാകണം; ഗുരുവായ യേശുവിന്റെ പ്രബോധനം സ്വീകരിക്കണം, അനുസരിക്കണം. തങ്ങളുടെ ജീവിതത്തിൽ ഇടപെടുന്ന ദൈവത്തിന്റെ പ്രവർത്തനങ്ങളെ, അതു രോഗമോ സൗഖ്യമോ ആകട്ടെ, തിരിച്ചറിയണം, ഏറ്റുപറയണം. സർവ്വോപരി നന്ദി നിറഞ്ഞതായിരിക്കണം ശിഷ്യന്റെ ജീവിതം.

അവിടെ മനുഷ്യനിർമ്മിതമായ ജാതി-വർഗ്ഗ-വർണ്ണ വ്യത്യാസങ്ങളുടെ വേലിക്കെട്ടുകൾക്കു സ്ഥാനമില്ല, പ്രസക്തിയുമില്ല. തങ്ങൾ മാത്രം വിശുദ്ധർ, തിരഞ്ഞെടുക്കപ്പെട്ടവർ എന്നു കരുതി, മറ്റെല്ലാവരെയും പുറത്താക്കാൻ വേലികെട്ടുന്നവർ അവസാനം ആ വേലിക്കുള്ളിൽത്തന്നെ തടവുകാരായി കഴിയും-ശാരീരിക സൗഖ്യം കിട്ടിയിട്ടും രക്ഷ കിട്ടാതെ പോയ ആ ഒമ്പതു പോരെപ്പോലെ. അതു നമുക്കു സംഭവിക്കാതിരിക്കട്ടെ!

# 45

## കൈത്താക്കാലം 6 – ാം ഞായർ

## പ്രാർത്ഥന കേൾക്കുന്ന ദൈവം

**(ലൂക്കാ 18,1 – 8)**

മനസു മടുക്കാതെ നിരന്തരം പ്രാർത്ഥിക്കണം എന്നു പഠിപ്പിക്കാൻ വേണ്ടി യേശു പറഞ്ഞ ഒരു ഉപമയാണ് ഇന്നത്തെ ധ്യാനവിഷയം. ആദ്യവായനയിൽ സംശയം ഉളവാക്കുന്ന ഒരു ഉപമയാണിത്. ഉപമയുടെ പൊതുവായ നീക്കം ഗ്രഹിക്കാൻ പ്രയാസമില്ല. സഹായത്തിന് ആരുമില്ലാത്ത വിധവ. ഭർത്താവിന്റെ മരണത്തോടെ അവൾ നിസ്സഹായ ആയിത്തീർന്നു. ന്യായമായി തനിക്കു ലഭിക്കേണ്ട അവകാശം നേടിക്കൊടുക്കാൻ അവൾക്കാരുമില്ല. എന്താണവളുടെ ആവശ്യം എന്നു കഥാകാരൻ പറയുന്നില്ല. അവളുടെ നിസഹായാവസ്ഥയിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

നീതി നടത്തിക്കൊടുക്കാൻ ഇസ്രായേലിൽ പല സംവിധാനങ്ങളുണ്ടായിരുന്നു. സമൂഹത്തിലെ മൂപ്പന്മാരുടെ സംഘമാണ് സാധാരണമായി നീതി നിർവ്വഹണം നടത്തിയിരുന്നത്. മൂന്നു ന്യായാധിപന്മാർ അടങ്ങുന്ന സംഘമാണ് മറ്റൊരു സംവിധാനം. പരാതിക്കാരനും പ്രതിയും പിന്നെ സമൂഹ നേതൃത്വവും നിശ്ചയിക്കുന്ന മൂന്നു ന്യായാധിപർ. അവരുടെ തീരുമാനം അന്തിമമായിരിക്കും. എന്നാൽ അതിനുപുറമേ രാജാവിനാൽ നിയമിതരായ ന്യായാധിപന്മാരുണ്ടായിരുന്നു. അവർ കേസ് വിചാരണ ചെയ്തിരുന്നത് വക്കീലന്മാരുടെ സാന്നിധ്യത്തിലും സഹകരണത്തോടും കൂടെയും ആയിരുന്നു. ഇപ്രകാരമുള്ള ന്യായാധിപന്മാർ പൊതുവേ നീതിരഹിതരും, കിട്ടുന്ന കോഴയ്ക്കനുസൃതം വിധി പ്രസ്താവിക്കുന്നവരും ആയിരുന്നു. ഇങ്ങനെ ഒരു ന്യായാധിപന്റെ അടുക്കലാണ് തനിക്കു നീതി നടത്തിത്തരണം എന്ന്

വിധവ അപേക്ഷിക്കുന്നത്. വിധവയ്ക്കുവേണ്ടി വാദിക്കാൻ ആരുമില്ല. എതിർഭാഗം ന്യായാധിപനെ സ്വാധീനിച്ചിരുന്നു എന്ന സൂചനയും കഥയിലുണ്ട്. ഈ സാഹചര്യത്തിൽ തനിക്ക് അനുകൂലമായ വിധി സമ്പാദിച്ചെടുക്കാൻ വിധവയ്ക്ക് ഒരേ ഒരായുധമേ കൈവശമുള്ളൂ. നിരന്തരമായ അഭ്യർത്ഥന.

ദൈവഭയമോ, നീതിബോധമോ, മാനുഷിക പരിഗണനയോ ഒന്നുമല്ല നീതി നടത്തിക്കൊടുക്കാൻ ന്യായാധിപനെ നിർബ്ബന്ധിക്കുന്നത്. മറിച്ച് ശല്യം ഒഴിവാക്കുക എന്ന ഒരു ലക്ഷ്യം മാത്രം. എന്നാൽ ഇങ്ങനെയാണോ ദൈവം? നീതിബോധമോ, കരുണയോ ഇല്ലാത്ത ന്യായാധിപനെപ്പോലെയാണ് ദൈവം എന്നു പറയുന്നത് ദൈവദൂഷണത്തിൽ കുറഞ്ഞ ഒന്നുമല്ല. അപ്പോൾ എന്തു സന്ദേശമാണ് ഈ ഉപമയിലൂടെ യേശു നൽകുന്നത് എന്ന ചോദ്യം പ്രസക്തമാണ്.

യേശു പറഞ്ഞ ഉപമകൾ എപ്പോഴും ഒന്നിനെ മറ്റൊന്നിനോടു താരതമ്യപ്പെടുത്തി, അതുപോലെയാണ് ഇത് എന്നു പഠിപ്പിക്കുക മാത്രമല്ല ചെയ്യുന്നത്. താരതമ്യം രണ്ടു വിധത്തിലാകാം. സാമ്യം എടുത്തുകാട്ടുന്നതാവാം. അല്ലെങ്കിൽ വൈരുദ്ധ്യം വ്യക്തമാക്കുന്നതാവാം. ഇതിൽ രണ്ടാമത്തെ വിഭാഗത്തിൽപെട്ടതാണ് ചർച്ചാവിഷയമായ ഉപമ. നിരീശ്വരനും നീതിരഹിതനുമായ ഒരു ന്യായാധിപൻപോലും നിരന്തരമായ യാചനയ്ക്കു മുന്നിൽ കനിവു തോന്നി നീതി നടത്തിക്കൊടുക്കുന്നെങ്കിൽ, കാരുണ്യത്തിന്റെ ഉറവിടമായ ദൈവം എത്രയോ അധികമായി തന്റെ ഭക്തരുടെ പ്രാർത്ഥന കേൾക്കുകയില്ല! ഇതാണ് കഥയുടെ സാരം. നൽകുന്ന സന്ദേശമാകട്ടെ ഭഗ്നാശരാകാതെ നിരന്തരം പ്രാർത്ഥിക്കണം എന്നതും. ലൂക്കാ 11-ാം അധ്യായത്തിൽ പ്രാർത്ഥനയെക്കുറിച്ചു നൽകിയ പാഠത്തിനോടു സദൃശമാണിത്. വിരുന്നുകാരനു നൽകാനായി അർദ്ധരാത്രിക്ക് അപ്പം ചോദിക്കുന്നവന്റെ ശല്യം ഒഴിവാക്കാൻ വേണ്ടി എഴുന്നേറ്റ് കൊടുക്കുന്ന അയൽക്കാരനും (ലൂക്കാ 11,5-8) ഈ ഉപമയിലെ ന്യായാധിപനും തമ്മിൽ സാദൃശ്യമുണ്ട്. രണ്ടു കഥകളുടെയും ലക്ഷ്യം ഒന്നുതന്നെ. മടുത്തു പിന്മാറാതെ പ്രാർത്ഥിക്കുക.

പ്രാർത്ഥിക്കുന്ന കാര്യങ്ങൾ ഉടനെ സാധിച്ചുകിട്ടുന്നില്ല എന്നത് പൊതുവായ ഒരനുഭവമാണല്ലോ. എന്റെ പ്രാർത്ഥന ആരെങ്കിലും കേൾക്കുന്നുണ്ടോ? ഇങ്ങനെ തുടർന്ന് പ്രാർത്ഥിച്ചതുകൊണ്ട് എന്തു ഗുണം എന്നു ചിന്തിച്ച് പ്രാർത്ഥന തന്നെ

ഉപേക്ഷിക്കാൻ പ്രേരിതരാകുന്ന സാഹചര്യങ്ങൾ ഉണ്ടാകാം. അതൊരു പ്രലോഭനമാണ്; പ്രാർത്ഥന കേൾക്കുന്ന കാരുണ്യവാനായ പിതാവാണ് ദൈവം.

പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കാൻ വൈകുന്നതിന് പല കാരണങ്ങളുണ്ടാകാം. ഒരുപക്ഷേ നാം യാചിക്കുന്ന കാര്യങ്ങൾ ആത്യന്തികമായി നമ്മുടെ നന്മയ്ക്ക് ഉപകരിക്കുന്നവ അല്ലായിരിക്കാം. അതിനാൽത്തന്നെ അതു ദൈവികപദ്ധതിക്കു വിരുദ്ധമായിരിക്കും. എത്ര നിർബ്ബന്ധിച്ചാലും കരഞ്ഞാലും മൂർച്ചയുള്ള കത്തി ഒരമ്മയും കുഞ്ഞിന്റെ കയ്യിൽ കൊടുക്കില്ലല്ലോ. ഗത്സെമനിയിലെ യേശുവിന്റെ പ്രാർത്ഥനയും പിതാവിന്റെ മറുപടിയും ഇവിടെ പ്രസക്തമാകുന്നു. തീവ്രദുഃഖത്തോടെ മുട്ടിപ്പായി പ്രാർത്ഥിച്ചിട്ടും പിതാവ് പാനപാത്രം മാറ്റിക്കൊടുത്തില്ല. പുത്രനോടു സ്നേഹമില്ലാഞ്ഞിട്ടല്ല. പുത്രനെ ഭൂമിയിലേക്കയച്ചതിന്റെ ലക്ഷ്യം ഈ പാനപാത്രം കുടിച്ചുകൊണ്ട് മനുഷ്യരക്ഷ സാധ്യമാക്കുക എന്നതായിരുന്നു. അതിനാൽ യേശുവിന്റെ പ്രാർത്ഥന സമാപിക്കുന്നത് ശ്രദ്ധേയമായ മാതൃകയാണ്. “എങ്കിലും എന്റെ ഹിതമല്ല, അവിടുത്തെ ഹിതം നിറവേറട്ടെ” (ലൂക്കാ 22,42). പാനപാത്രം മാറ്റുകയല്ല, അതു കുടിക്കാനുള്ള ശക്തി നൽകുകയാണ് പിതാവു ചെയ്യുന്നത്. നമ്മുടെ പ്രാർത്ഥനയിലും ഇതു തന്നെ സംഭവിക്കാം. നന്മയായതു മാത്രമേ ദൈവം നല്കൂ. അതിനാൽ നമ്മുടെ പ്രാർത്ഥനകളെല്ലാം ദൈവഹിതത്തിനു സമർപ്പിക്കണം; അപ്പോൾ പ്രാർത്ഥന സ്വീകരിക്കപ്പെടുക തന്നെ ചെയ്യും.

പ്രാർത്ഥനയ്ക്കു ഫലം കിട്ടാൻ വൈകുന്നതിന്റെ മറ്റൊരു കാരണം വിശ്വാസത്തിലും പ്രത്യാശയിലും നമ്മെ ശക്തിപ്പെടുത്താനുള്ള ദൈവത്തിന്റെ ആഗ്രഹമാകാം. ഉടനെ കിട്ടിയില്ലെങ്കിലും തുടർന്നും പ്രാർത്ഥിക്കുക. മകന്റെ മാനസാന്തരത്തിനു വേണ്ടി പ്രാർത്ഥിച്ച വി. മോനിക്കാ മാത്രമല്ല ഇതിന് ഉദാഹരണം. വലിയ വിശുദ്ധനായ ആഗസ്തീനോസിനെ വാർത്തെടുക്കാൻ ആ അമ്മയുടെ നിരന്തരമായ പ്രാർത്ഥനയും കണ്ണീരും ഉപകരണമായി. ഇതുപോലെ എത്രയോ ഉദാഹരണങ്ങൾ! ഒരുപക്ഷേ നമ്മുടെ വ്യക്തിഗത ജീവിതത്തിലും ഇതുപോലുള്ള അനുഭവങ്ങളുണ്ടാകാം. ആഗ്രഹത്തോടെ ദീർഘനാൾ കാത്തിരുന്നു കിട്ടുന്ന സമ്മാനത്തിനു മാധുര്യമേറും.

പരസ്പരം ക്ഷമിച്ചും അടിപതറാതെ വിശ്വസിച്ചുകൊണ്ടും പ്രാർത്ഥിച്ചാലേ ഫലമുണ്ടാകൂ എന്നു യേശു പഠിപ്പിച്ചിട്ടുണ്ട്

(മർക്കോ 11,20-26). കർത്താവിന്റെ കൃപ നമ്മിലേക്ക് ഒഴുകാൻ തടസ്സമായി നിൽക്കുന്ന പ്രതിബന്ധങ്ങളാണ് വിശ്വാസരാഹിത്യവും ക്ഷമിക്കായ്കയും. ഇങ്ങനെ പ്രാർത്ഥനയുടെ വിവിധ വശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്ന ഈ ഉപമ ലൂക്കായുടെ സുവിശേഷത്തിൽ നിൽക്കുന്ന സ്ഥാനം മറ്റു ചില ഉൾക്കാഴ്ചകൾ കൂടി നൽകുന്നുണ്ട്; പ്രത്യേകിച്ചും കഥയുമായി പ്രത്യക്ഷത്തിൽ യാതൊരു ബന്ധവുമില്ല എന്നു തോന്നിക്കുന്ന സമാപനം. “എങ്കിലും മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ” (ലൂക്കാ 18,8).

യുഗാന്തത്തെ സംബന്ധിച്ച ഫരിസേയരുടെ ചോദ്യത്തിന് ഉത്തരമായി യേശു നൽകിയ പ്രബോധനത്തിന്റെ അവസാനത്തിലാണ് വിശ്വാസത്തോടുകൂടിയ നിരന്തരമായ പ്രാർത്ഥനയുടെ ആവശ്യകതയെക്കുറിച്ചുള്ള ഉപമ അവതരിപ്പിച്ചിരിക്കുന്നത്. പ്രത്യക്ഷമായ അത്ഭുത പ്രതിഭാസങ്ങളോടുകൂടെ ആയിരിക്കുകയില്ല ദൈവരാജ്യം വരുന്നത്. അത് ഇപ്പോൾതന്നെ ഭൂമിയിൽ സന്നിഹിതമായിരിക്കുന്നു എന്ന പ്രബോധനമാണ് യേശുവിന്റെ ആദ്യത്തെ മറുപടി (ലൂക്കാ 17,26-27). ഈ പ്രബോധനത്തിനു ശേഷം യുഗാന്തത്തെ സംബന്ധിച്ച് ശിഷ്യന്മാരെ വിശദമായി പഠിപ്പിക്കുമ്പോൾ യുഗാന്തവും മനുഷ്യപുത്രന്റെ മടങ്ങിവരവും തമ്മിൽ ബന്ധിപ്പിക്കുന്നു (ലൂക്കാ 17,22-37). ഇതിലൂടെ ആദിമ സഭ നേരിട്ട വലിയൊരു പ്രതിസന്ധിക്കും അതിൽനിന്ന് ഉരുത്തിരിഞ്ഞ ചോദ്യങ്ങൾക്കും മറുപടി നൽകുന്നു.

യേശുവിന്റെ ജീവിത കാലത്തുതന്നെ മഹത്വത്തോടെ പ്രത്യക്ഷമാകുന്ന ദൈവരാജ്യം ഈ ഭൂമിയിൽ സംജാതമാകും എന്ന് ശിഷ്യന്മാർ വിശ്വസിച്ചിരുന്നു. അതിനാലാണല്ലോ ഇടത്തും വലത്തും ഇരിക്കാനുള്ള ആഗ്രഹവുമായി രണ്ടു ശിഷ്യന്മാർ യേശുവിനെ സമീപിച്ചത് (മർക്കോ 10, 35-37). യേശുവിന്റെ കുരിശുമരണം ഈ പ്രത്യാശയ്ക്കു മങ്ങലേൽപ്പിച്ചെങ്കിലും ഉത്ഥിതനെ കണ്ടു മുട്ടിയപ്പോൾ അതു വീണ്ടും ജ്വലിച്ചു. “ഇസ്രായേലിനു രാജ്യം പുനഃസ്ഥാപിച്ചു നൽകുന്നത് ഇപ്പോഴാണോ?” (അപ്പ 1,6). യുഗാന്തത്തിന്റെ സമയം അറിയേണ്ടത് രക്ഷയ്ക്ക് ആവശ്യകമല്ലെന്നും ശിഷ്യന്മാർ തങ്ങൾക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന സുവിശേഷ പ്രഘോഷണം എന്ന ദൗത്യം തുടരുകയാണ് വേണ്ടത് എന്നും യേശു പഠിപ്പിക്കുന്നത് ഈ പശ്ചാത്തലത്തിൽ മനസിലാക്കണം.

ലോകാവസാനം ഉടനെയുണ്ടാകും, മനുഷ്യപുത്രൻ വീണ്ടും

പ്രത്യക്ഷപ്പെടും; ദൈവരാജ്യം അതിന്റെ സർവ്വ മഹത്വത്തോടും കൂടെ ഉടനെ വരും എന്ന പ്രതീക്ഷ യഹൂദരും ക്രിസ്തുശിഷ്യരും ഒരുപോലെ കാത്തുസൂക്ഷിച്ചിരുന്നു. ജറുസലെമിന്റെ നാശം യുഗാന്തത്തിന്റെ തുടക്കമായിരിക്കും എന്ന് അവർ കരുതി. എന്നാൽ അവർ പ്രതീക്ഷിച്ചതുപോലെ ഒന്നും സംഭവിച്ചില്ല. മനുഷ്യപുത്രൻ മടങ്ങി വന്നില്ല. ദൈവരാജ്യത്തിന്റെ മഹത്വം ദൃശ്യമായില്ല. പകരം അവസാനമില്ലാതെ നീളുന്ന അതികഠിനമായ മതപീഡനമാണ് ശിഷ്യസമൂഹത്തിൽ നല്ലൊരു വിഭാഗം നേരിടേണ്ടിവന്നത്. യഹൂദരുടെയും, തുടർന്ന് റോമാക്കാരുടെയും (പ്രത്യേകിച്ച്, നീറോയുടെ കാലത്ത്). പീഡനങ്ങൾക്കിരയായ ക്രിസ്തുശിഷ്യർ നിരന്തരമായി വിലപിച്ചുകൊണ്ടു പ്രാർത്ഥിച്ചു. പക്ഷേ ഫലമുണ്ടായില്ല. മതപീഡനങ്ങൾ കുറയുന്നതിനുപകരം കൂടുതൽ ശക്തിയാർജ്ജിക്കുകയത്രേ ചെയ്തത്.

കർത്താവിന്റെ മടങ്ങി വരവിനായി കാത്തിരുന്ന് തളർന്ന പലരും നിരാശരായി. അവൻ മടങ്ങിവരും എന്ന വാഗ്ദാനം തന്നെ ഒരു നുണയായി പലർക്കും അനുഭവപ്പെട്ടു. വാക്കു പാലിക്കാത്ത ഒരുവനുവേണ്ടി കാത്തിരിക്കുന്നത് മൗഢ്യമാണെന്നു പലരും കരുതി. കഠിനമായ മതപീഡനം ഒരുവശത്ത്; പ്രത്യാശയറ്റു പോകാൻ കാരണമാകുന്ന ദൈവത്തിന്റെ മൗനം മറുവശത്ത്. ഈ സാഹചര്യത്തിൽ ക്രിസ്തുസഭ വലിയൊരു പ്രതിസന്ധിയിലായി. ജീവൻ നിലനിർത്താൻ വേണ്ടി പലരും വിശ്വാസം ത്യജിക്കാൻ തയ്യാറായി. മതപീഡനം അത്രതന്നെ നടക്കാതിരുന്ന ഇടങ്ങളിൽ അലസത കടന്നുകൂടി. കാത്തിരുപ്പിന്റെ തീവ്രത നഷ്ടപ്പെട്ടു. വരാത്ത രാജ്യത്തിനും രാജാവിനും വേണ്ടി കാത്തിരുന്ന് ജീവൻ വ്യർത്ഥമാക്കുന്നതിനേക്കാൾ മെച്ചം ഇപ്പോൾ ലഭ്യമായ ലൗകിക സുഖഭോഗങ്ങൾ ആസ്വദിച്ച് ജീവിതം സന്തോഷപ്രദമാക്കുന്നതാണ് എന്നു പലരും കരുതി.

ഈ പ്രതിസന്ധിയെക്കുറിച്ച് യേശുനാഥന്റെ വചനങ്ങൾ ലൂക്കാ തന്നെ വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്. "സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവയാൽ നിങ്ങളുടെ മനസു ദുർബ്ബലമാവുകയും... ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുവിൻ" (ലൂക്കാ 21, 34). സദാ പ്രാർത്ഥിച്ചുകൊണ്ട് ജാഗരൂകരായിരിക്കാൻ ഇവിടെയും ഉപദേശിക്കുന്നുണ്ട് (21,36). മറ്റു പല സുവിശേഷ ഭാഗങ്ങളിലും ജാഗ്രതയ്ക്കുള്ള ഈ ആഹ്വാനം കാണാം (മത്താ. 24,37-44; മർക്കോ 13, 33-37; ലൂക്കാ 12, 39-48; 17,26-30;21,34-36).

യുഗാന്തം വൈകുന്നതും മതപീഡനം വർദ്ധിക്കുന്നതും ശിഷ്യരുടെ വിശ്വാസം നേരിട്ട ഒരു വലിയ പ്രതിസന്ധിയായിരുന്നു. ഈ പശ്ചാത്തലത്തിൽ വേണം മനസു മടുക്കാതെ നിരന്തരം പ്രാർത്ഥിക്കാനുള്ള ആഹ്വാനം മനസിലാക്കാൻ. അതോടൊപ്പം വിശ്വാസം നഷ്ടപ്പെടാൻ സാധ്യതയുണ്ട് എന്ന മുന്നറിയിപ്പ് ഈ ആഹ്വാനത്തിന് തീവ്രത വർദ്ധിപ്പിക്കുന്നു. ഇത് ആദിമസഭ നേരിട്ട ഒരു പ്രതിസന്ധി മാത്രമല്ല എന്ന് ആനുകാലിക സംഭവങ്ങൾ ഉച്ചത്തിൽ വിളിച്ചറിയിക്കുന്നു.

ക്രിസ്തു വിശ്വാസികളെ ഉന്മൂലനം ചെയ്ത്, ആ വിശ്വാസം തന്നെ ഭൂമിയിൽനിന്നു തുടച്ചുമാറ്റാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്ന മതതീവ്രവാദികളുടെ കൊടുംക്രൂരതകൾ ഒരുവശത്ത്. പൂർണ്ണമായ മതസ്വാതന്ത്ര്യം അനുഭവിക്കുന്ന രാജ്യങ്ങളിൽ ക്രിസ്തുവും അവന്റെ സഭയും പ്രബോധനങ്ങളും കാലഹരണപ്പെട്ടതായി കരുതി തിരസ്കരിക്കുന്ന സെക്കുലർ ഹ്യുമനിസ്റ്റ്-നിരീശ്വര പ്രവണതകൾ മറുവശത്ത്. മനുഷ്യപുത്രൻ മടങ്ങിവരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ എന്ന ചോദ്യത്തിന് ഉത്തരം പറയേണ്ടത് നാം ഓരോരുത്തരുമാണ്. ഇല്ല എന്ന തോന്നൽ ഒരു ഭാഗത്ത് ശക്തിപ്പെടുന്നെങ്കിലും അതു തോന്നൽ മാത്രമാണ്, യാഥാർത്ഥ്യമല്ല എന്ന ബോധ്യം നൽകുന്ന സംഭവങ്ങൾ നിരവധിയുണ്ട്. മുഖംമൂടി ധരിച്ച കാപാലികർക്കു മുമ്പിൽ പുഞ്ചിരിച്ചുകൊണ്ട് കഴുത്തു കാട്ടി മുട്ടുകുത്തി നിൽക്കുന്ന ക്രൈസ്തവ സാക്ഷ്യം ഉച്ചത്തിൽ ഉദ്ഘോഷിക്കുന്ന സത്യമാണത്. പീഡനങ്ങൾ തകർക്കുന്നില്ല; കൂടുതൽ ശക്തിപ്പെടുത്തുന്നു (2 കോറി 6,4-10). അലസതയുടെയും അതിരുകളില്ലാത്ത സ്വാതന്ത്ര്യപ്രകടനങ്ങളുടെയും നാടുകളിൽ വിശ്വാസത്തിനും ധാർമ്മികതയ്ക്കും പ്രാധാന്യം നൽകി പുതുജീവൻ പടുത്തുയർത്താൻ ശ്രമിക്കുന്ന യുവജനനിര പ്രബലപ്പെടുത്തുന്നതും പ്രത്യാശയ്ക്കു തിളക്കം നൽകുന്നു.

അതിനാൽ സംശയം വേണ്ടാ, ദൈവം പ്രാർത്ഥന കേൾക്കും; കേൾക്കുന്നുണ്ട്. ഉത്തരം നൽകുക തന്നെ ചെയ്യും. നിർഭയം വിശ്വാസത്തിനു സാക്ഷികളാവുക; അലസത വിട്ടുണരുക. വിശ്വാസത്തോടെയുള്ള പ്രാർത്ഥനവഴി കരുത്താർജ്ജിക്കുക. ദൈവത്തിന്റെ ഇടപെടലിനായി കാത്തിരിക്കുക. ഇതാണ് ഇന്നത്തെ സുവിശേഷത്തിന്റെ രത്നചുരുക്കം. “നിന്റെ ദൈവത്തിന്റെ സഹായത്തോടെ തിരിച്ചു വരുക. നീതിയും സ്നേഹവും മുറുകെപ്പിടിക്കുക. നിന്റെ ദൈവത്തിനുവേണ്ടി നിരന്തരം കാത്തിരിക്കുക” (ഹോസി 12,6).

# 46

## ഏലിയാ 1 – ാം ഞായർ

# അന്ധതയിൽനിന്ന് ശിഷ്യത്വത്തിലേക്ക്

**(ലൂക്കാ 18,35 – 43)**

വഴിവക്കിൽ ഭിക്ഷ യാചിച്ചിരുന്ന ഒരു കുരുടൻ കാഴ്ച പ്രാപിച്ച് യേശുവിനെ അനുഗമിക്കുന്നതിന്റെ വിവരണമാണ് ഇന്നത്തെ ധ്യാനത്തിനായി തിരുസഭ നിർദ്ദേശിച്ചിരിക്കുന്നത്. സമാന്തര സുവിശേഷങ്ങൾ മൂന്നിലും രേഖപ്പെടുത്തിയിരിക്കുന്ന ഈ സംഭ വത്തിന്റെ ആദ്യവിവരണം മർക്കോസിന്റേതാണെന്നു പൊതുവേ കരുതപ്പെടുന്നു. വസ്തുതകളുടെ സത്യാവസ്ഥ സ്ഥിരീകരിക്കാൻ രണ്ടുപേരുടെയെങ്കിലും സാക്ഷ്യം ഉണ്ടായിരിക്കണം എന്ന നിയ മത്തിന്റെ സ്വാധീനത്തിലായിരിക്കാം (നിയ 17,6) മത്തായി രണ്ടു കുരുടന്മാർ എന്നെഴുതിയിരിക്കുന്നത് (മത്താ 20,30). മർക്കോ സിന്റെ വിവരണത്തിലെ ചില വിശദാംശങ്ങൾ ലൂക്കാ വിട്ടു കള ഞ്ഞിട്ടുണ്ട്; ചുരുക്കം ചില മാറ്റങ്ങളും വരുത്തിയിട്ടുണ്ട്. എന്നാൽ വിവരണത്തിന്റെ അർത്ഥത്തിൽ കാര്യമായ മാറ്റമൊന്നും തന്നെ യില്ല.

മർക്കോസിന്റെ വിവരണത്തിൽ (മർക്കോ 10,46–52) യേശു ജെറീക്കോ വിട്ടുപോകുമ്പോഴാണ് കുരുടനെ കണ്ടുമുട്ടുന്നത്; ലൂക്കായിലാകട്ടെ ജെറീക്കോയിലേക്കു പ്രവേശിക്കുന്നതിനു തൊട്ടുമുമ്പും. സക്കേവൂസുമായുള്ള കണ്ടുമുട്ടൽ വിവരിക്കുന്ന തിനുവേണ്ടിയാണ് ലൂക്കാ സ്ഥലത്തെ സംബന്ധിച്ച ഈ മാറ്റം വരുത്തിയത് എന്നു കരുതപ്പെടുന്നു. ബർതിമേയൂസ് എന്ന പേര് ലൂക്കാ ഒഴിവാക്കിയിട്ടുണ്ട്. ഒരുപക്ഷേ അനുവാചകർക്ക് കുരു ടന്റെ പേര് അത്ര പ്രസക്തമല്ല എന്നു കരുതിയതിനാലാവാം ഒഴിവാക്കിയത്. യേശു അന്ധനെ വിളിക്കുന്നതിലും അല്പം

വ്യത്യാസം കാണാം. മർക്കോസിന്റെ വിവരണത്തിൽ നിശ്ശബ്ദരായിരിക്കാൻ കല്പിച്ച ജനക്കൂട്ടം തന്നെയാണ് യേശുവിന്റെ നിർദ്ദേശപ്രകാരം കുരുടനെ വിളിക്കുന്നത്. ഈ നാടകീയത വിവരണത്തിന്റെ അവശ്യഘടകമല്ലാത്തതിനാൽ ലൂക്കാ ഒഴിവാക്കിയിരിക്കുന്നു. വിവരണങ്ങളിലെ വിശദാംശങ്ങൾ വിട്ടുകളഞ്ഞ്, പ്രധാന പ്രമേയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക ലൂക്കാ സുവിശേഷകന്റെ ഒരു പ്രത്യേകതയാണ്. അതേ സമയം അത്ഭുതത്തിന്റെ ഉപസംഹാരമായി ജനം ദൈവത്തെ സ്തുതിച്ചു എന്ന് ലൂക്കാ കൂട്ടിച്ചേർക്കുന്നുണ്ട്. യേശുവിലൂടെ ദൈവമാണ് പ്രവർത്തിച്ചതെന്നു ജനം മനസിലാക്കി; അവർ അതേറ്റു പറഞ്ഞു എന്ന ഒരു സൂചന ഇതിലൂടെ നൽകുന്നു.

യേശുവിന്റെ പരസ്യജീവിതത്തിന്റെ രണ്ടാംഭാഗം സുദീർഘമായ ഒരു യാത്രയായിട്ടാണ് ലൂക്കാ അവതരിപ്പിക്കുന്നത്. പത്ത് അധ്യായങ്ങൾ (9,51-19,46) ഇതിനായി മാറ്റിവച്ചിരിക്കുന്നു. ശിഷ്യത്വത്തെ സംബന്ധിച്ച് യേശു നൽകുന്ന പ്രബോധനമാണ് ഈ ഭാഗത്തെ മുഖ്യപ്രമേയം. നിത്യജീവൻ അവകാശപ്പെടുത്താൻ എന്തു ചെയ്യണം എന്ന് ഇവിടെ വിശദമായി പഠിപ്പിക്കുന്നു. ഈ യാത്രാവിവരണത്തിന്റെ സമാപനത്തോടടുത്ത് ലൂക്കാ രേഖപ്പെടുത്തിയിരിക്കുന്ന രണ്ടു സംഭവങ്ങളിൽ ആദ്യത്തേതാണ് കുരുടനു കാഴ്ച നൽകുന്നത്. തുടർന്ന് സക്കേവൂസ് എന്ന ചുങ്കക്കാരന്റെ മാനസാന്തരം വിവരിക്കുന്നു (ലൂക്കാ 19,1-10). ഈ രണ്ടു സംഭവങ്ങൾ ശിഷ്യത്വത്തിന്റെ രണ്ടു ഭാവങ്ങൾ ചിത്രീകരിക്കുന്നു. നിത്യജീവൻ അവകാശമാക്കാൻ എന്തു ചെയ്യണം എന്ന ചോദ്യത്തിനു നൽകുന്ന ഉത്തരങ്ങളായി ഈ വിവരണങ്ങളെ കാണാം.

നസ്രത്തിലെ നയപ്രഖ്യാപനത്തിൽ (ലൂക്കാ 4,16-30) എടുത്തുപറഞ്ഞ ഒരു ദൗത്യമായിരുന്നു അന്ധർക്കു കാഴ്ച നൽകുക എന്നത്. ഏശയ്യായുടെ പ്രവചനത്തിൽനിന്ന് ഉദ്ധരിക്കുമ്പോൾ യേശുവിൽ പൂർത്തിയായ ദൗത്യമായി അഞ്ചുകാര്യങ്ങൾ എടുത്തുകാട്ടുന്നുണ്ട്.

1. ദരിദ്രരെ സുവിശേഷം അറിയിക്കുക
2. ബന്ധിതർക്കു മോചനം നൽകുക.
3. അന്ധർക്കു കാഴ്ച നൽകുക
4. അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യം നൽകുക.
5. കർത്താവിനു സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കുക.

(ലൂക്കാ 4,18–19). ഇതിൽ ആദ്യത്തേത്, ദരിദ്രർക്കു സുവിശേഷം, പൊതുവായ ഒരു പ്രഖ്യാപനമാണ് അതിന്റെ തന്നെ ഒരു വിശദീകരണവും ആവർത്തനവുമാണ് “കർത്താവിനു സ്വീകാര്യമായ വത്സരം.” എന്താണ് ഈ സുവിശേഷം എന്ന് 2,3,4, കാര്യങ്ങൾ വിശദീകരിക്കുന്നു. ബന്ധിതർക്കു മോചനവും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും ഒരേകാര്യം തന്നെ ഊന്നലിനുവേണ്ടി സമാന്തരമായി ആവർത്തിക്കുന്നതാണ്. ഈ അവതരണരീതിയിൽ “അന്ധർക്കു കാഴ്ച നൽകുക” എന്ന ദൗത്യം കേന്ദ്രസ്ഥാനത്തു നിൽക്കുന്നു. യേശു പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായതും ഈ ലോകത്തിലേക്ക് അയയ്ക്കപ്പെട്ടതും മുഖ്യമായും കാഴ്ച നൽകുക എന്ന ദൗത്യത്തോടെയാണെന്ന് ഇതിലൂടെ ഊന്നിപ്പറയുന്നതായി കാണാം.

വരാനിരിക്കുന്നവൻ നീ തന്നെയോ അതോ ഞങ്ങൾ മറ്റൊരുവനെ പ്രതീക്ഷിക്കണമോ എന്ന ചോദ്യത്തിനു സ്നാപക ശിഷ്യന്മാർക്കു നൽകുന്ന ഉത്തരത്തിലും അന്ധർക്കു കാഴ്ച നൽകുന്നതിന് അതുല്യ പ്രാധാന്യം കല്പിച്ചിരിക്കുന്നു. ദരിദ്രർക്കു സുവിശേഷം എന്നു സമാപിക്കുന്ന പട്ടികയുടെ തുടക്കത്തിൽ നിൽക്കുന്നത് കുരുടർക്കു ലഭിക്കുന്ന കാഴ്ചയാണ് (ലൂക്കാ 7,22). കാഴ്ച എന്നതുകൊണ്ട് വെറും ശാരീരികമായ കാഴ്ച മാത്രമല്ല, വിശ്വാസത്തിലൂടെ ലഭിക്കുന്ന ദൈവികമായ ഒരു കാഴ്ചപ്പാടും ഉൾക്കാഴ്ചയും കൂടി സൂചിപ്പിക്കുന്നുണ്ട്. “നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു” (ലൂക്കാ 18,42) എന്ന ഗുരുമൊഴി ഇതാണല്ലോ വ്യക്തമാക്കുന്നത്.

മുഖ്യമായും മൂന്നു കഥാപാത്രങ്ങളാണ് വിവരണത്തിലുള്ളത്, വഴി വക്കിലിരുന്ന് ഭിക്ഷ യാചിക്കുന്ന കുരുടൻ, ജനക്കൂട്ടം, കടന്നുപോകുന്ന യേശു. മൂവരുടെയും പ്രവർത്തനങ്ങളും പ്രതികരണങ്ങളും ശ്രദ്ധേയമാണ്. പട്ടണവാതിൽക്കൽ ഇരിക്കുന്ന കുരുടൻ യാചകനാണ്. ആരെങ്കിലുമൊക്കെ കൊടുക്കുന്ന ഭിക്ഷ കൊണ്ട് ഉപജീവനം കഴിക്കുന്നവൻ. ആഹാരത്തിനുള്ള വക യാചിച്ചു നേടുക എന്ന ഏകലക്ഷ്യമാണ് വഴിവക്കിലിരിക്കാൻ അവനെ പ്രേരിപ്പിക്കുന്നത്. അതിൽ കൂടുതലൊന്നും അവൻ പ്രതീക്ഷിക്കുന്നില്ല.

ഇവിടെ വിവരിക്കുന്ന സംഭവ പരമ്പരകളിൽ ആദ്യത്തേത് കുരുടന്റെ അന്വേഷണമാണ്. അസാധാരണമായ ആരവം കേട്ട

പ്പോൾ അവൻ കാരണം അന്വേഷിച്ചു. യാചകനെങ്കിലും ഭിക്ഷ കിട്ടണം എന്നു മാത്രമല്ല, ചുറ്റും സംഭവിക്കുന്ന കാര്യങ്ങൾ അറിയണമെന്നും അവന് ആഗ്രഹമുണ്ട്. അതോടൊപ്പം കിട്ടുന്ന അറിവിനോട് തന്റെ കഴിവനുസരിച്ച് പ്രതികരിക്കുന്നവനുമാണ് കുരുടൻ. നസ്രായനായ യേശു കടന്നു പോകുന്നു എന്നറിഞ്ഞപ്പോൾ ഉടനെ അവൻ പ്രതികരിച്ചു. അത് ഒരു വിശ്വാസ പ്രഖ്യാപനവും ഒപ്പം യാചനയുമായിരുന്നു; ദാവീദിന്റെ പുത്രനായ യേശുവേ എന്ന വിളിയിൽ അഗാധമായ വിശ്വാസമുണ്ട്. അത് ജനക്കൂട്ടം പറഞ്ഞു കൊടുത്തതല്ല, അവന്റെ ഉള്ളിൽ ഉദിച്ച അവബോധമാണ്. നൂറ്റാണ്ടുകളായി ഇസ്രായേൽ ജനം പ്രതീക്ഷിച്ചിരുന്ന രക്ഷകനായ മിശിഹായാണ് നസ്രായനായ യേശു എന്ന് അവൻ വിശ്വസിച്ചു; ആ വിശ്വാസം ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. അതോടൊപ്പം കരുണയ്ക്കു വേണ്ടിയുള്ള യാചനയും.

കടന്നുപോകുന്ന യേശുവിനെ ഏതെങ്കിലും വിധത്തിൽ തടഞ്ഞു നിർത്തണം എന്ന നിർബ്ബന്ധബുദ്ധിയോടെ അവൻ നിർത്താതെ നിലവിളിച്ചു. അവന്റെ ശബ്ദം അലോസരവും ശല്യവുമായി കണ്ട ജനക്കൂട്ടത്തിന്റെ ഭീഷണിയെ വകവയ്ക്കാതെ അവൻ നിലവിളിച്ചുകൊണ്ടേയിരുന്നു. കാഴ്ചയില്ലാത്തവന്റെ ഏക ആയുധമായിരുന്നു ശബ്ദം, കടന്നുപോകുന്ന രക്ഷകനെ തടഞ്ഞുനിർത്താൻ തനിക്കുണ്ടായിരുന്ന ഏകമാർഗ്ഗം അവൻ ഉപയോഗച്ചു. കുരുടന്റെ നിലവിളി സുവിശേഷകൻ രണ്ടു തവണ വിവരിക്കുന്നുണ്ട്. ഗ്രീക്കുമൂലത്തിൽ രണ്ടു വ്യത്യസ്ത പദങ്ങളാണുപയോഗിക്കുന്നത് എന്ന കാര്യം ശ്രദ്ധയർഹിക്കുന്നു. *"ബൊആവോ"* എന്നതാണ് ആദ്യം ഉപയോഗിക്കുന്ന പദം. തീവ്രമായ വേദനയും ദുഃഖവും മൂലം ഉയർന്നുവരുന്ന നിലവിളിയെയാണ് ഈ പദം സൂചിപ്പിക്കുന്നത്. രണ്ടാമത്തെ പദമായ *"ക്രാസോ"* എന്ന ഗ്രീക്കു ക്രിയാപദത്തിന് അലറുക, അലമുറയിട്ടു നിലവിളിക്കുക എന്നാണർത്ഥം. ഒരുതരത്തിലും നിയന്ത്രിക്കാനും അടിച്ചമർത്താനും കഴിയാത്തൊരു നിലവിളിയാണിത്. സർവ്വശക്തിയുമുപയോഗിച്ച് അവൻ അലറിവിളിച്ചു എന്നർത്ഥം.

ശബ്ദം കേട്ട് യേശു നിന്നു. കുരുടനെ വിളിച്ചു. നിനക്കു വേണ്ടി ഞാൻ എന്തു ചെയ്തുതരണം എന്ന ചോദ്യത്തിന് അവനു കൃത്യമായ ഉത്തരമുണ്ടായിരുന്നു. എനിക്കു കാണണം "കാഴ്ച വീണ്ടു കിട്ടണം" എന്നത് ഒരു വിവർത്തനസാധ്യതയാണ്. *'അനാബ്ലെപ്പോ'* എന്ന ഗ്രീക്കു വാക്കിന് "വീണ്ടും കാണുക"

എന്ന അർത്ഥമുണ്ട്, എന്നാൽ അതു മാത്രമല്ല. "അനാ" എന്ന പദത്തിന് "വീണ്ടും" എന്നും "ഉന്നതത്തിൽ നിന്ന്" എന്നും അർത്ഥമുണ്ട്. ഈ അർത്ഥത്തിലാണ് നിക്കാദേമോസിനോട് യേശു "വീണ്ടും ജനിക്കണം" എന്നു പറഞ്ഞത്. ഇവിടെ "കാഴ്ച വീണ്ടുകിട്ടണം" എന്നു വിവർത്തനം ചെയ്യുമ്പോൾ അയാൾക്ക് കാഴ്ച ഉണ്ടായിരുന്നുവെന്നും ഏതോ സാഹചര്യത്തിൽ കാഴ്ച നഷ്ടപ്പെട്ടാണ് കുരുടനായത് എന്നും ഒരു സൂചനയുണ്ട്. എന്നാൽ *"അനാ ബ്ലേപ്പോ"* എന്ന വാക്കിന് *മുകളിലേക്കു നോക്കുക* എന്നും *നന്നായി കാണുക* എന്നും അർത്ഥമുണ്ട്. അതിനാൽ ഇയാൾ കാഴ്ച നഷ്ടപ്പെട്ട് കുരുടനായി എന്നു കരുതേണ്ടതില്ല. എന്നാൽ അവന്റെ യാചനയിൽ കാണണം എന്ന ആഗ്രഹമാണ് മുന്നിട്ടു നിൽക്കുന്നത്. അതവതരിപ്പിക്കാൻ സുവിശേഷകൻ ഉപയോഗി ച്ചിരിക്കുന്ന പദത്തിൽ കാഴ്ചയുടെ സവിശേഷതയെക്കുറിച്ച് നൽകുന്ന സൂചന കാണാതെ പോകരുത്. "കാണണം, നന്നായി കാണണം, ആത്യന്തികമായി കാഴ്ചയുടെ ദാതാവായ ദൈവ ത്തിൽ കാഴ്ച ചെന്നെത്തണം".

"കർത്താവേ" എന്ന അഭിസംബോധനയും ഇവിടെ ശ്രദ്ധേ യമാകുന്നു. "ദാവീദിന്റെ പുത്രനായ യേശുവേ" എന്ന നിലവിളി യേശുവിനെ മിശിഹായായി ഏറ്റുപറഞ്ഞെങ്കിൽ, ഇവിടെ ഒരുപ ടികൂടി കടന്ന് യേശുവിന്റെ ദൈവത്വം തന്നെയാണ് കുരുടൻ ഏറ്റുപറയുന്നത്, അഥവാ ഇപ്രകാരമൊരു നിഗമനത്തിലേക്കാണ് സുവിശേഷകൻ അനുവാചകരെ നയിക്കുന്നത്. കർത്താവു നൽകുന്ന കാഴ്ച ഒരുവനു ഭൗതികവും ശാരീരികവുമായ കാഴ്ച മാത്രമല്ല എന്ന് യേശുവിന്റെ മറുപടിയും വ്യക്തമാക്കുന്നു. കുരു ടൻ ഉപയോഗിച്ച അതേ ക്രിയാപദത്തിന്റെ ആദേശകം അഥവാ ആജ്ഞാരൂപമാണ് യേശു ഉപയോഗിക്കുന്നത്. "കാണുക!" വിശ്വാ സത്തെക്കുറിച്ചും രക്ഷയെക്കുറിച്ചുമുള്ള സൂചനകളും ഈ കാഴ്ച യുടെ സവിശേഷതയിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു.

യേശുവിന്റെ ആജ്ഞയനുസരിച്ച് അന്ധത വിട്ടുമാറി. കുരു ടനു കാഴ്ച ലഭിച്ചു. അവന്റെ പ്രതികരണമായി മൂന്നു കാര്യങ്ങ ളാണ് സുവിശേഷകൻ എടുത്തു പറയുന്നത്. 1. *ഉടനെ കാഴ്ച ലഭിച്ചു*, അവന്റെ പ്രതീക്ഷകൾ പൂവണിഞ്ഞു; യാചന സഫല മായി. 2. *അവൻ ദൈവത്തെ മഹത്വപ്പെടുത്തി.* തനിക്കു കാഴ്ച തന്നത് ദൈവമാണ് എന്ന് അവൻ ഉറച്ചു വിശ്വസിച്ചു; ഉറക്കെ പ്രഖ്യാപിച്ചു. അങ്ങനെ വഴിവക്കിലിരുന്ന അന്ധയാചകൻ വലി

യൊരു സുവിശേഷകനായി മാറി. അവന്റെ സാക്ഷ്യം ദൈവമഹത്വം വിളിച്ചറിയിച്ചു. 3. *അവൻ യേശുവിനെ അനുഗമിച്ചു.* ജറുസലെമിലേക്കാണ് യാത്ര - കുരിശിലൂടെയുള്ള മഹത്വീകരണത്തിലേക്ക്. ആ യാത്രയിൽ അവസാനമായി യേശുവിനോടു ചേർന്ന ശിഷ്യനായി അവൻ. സഫലമായൊരു ജീവിതം; നിർവൃതിദായകമായൊരനുഭവം.

ജനക്കൂട്ടമാണ് രണ്ടാമത്തെ കഥാപാത്രം-അവർക്കു പേരില്ല; രൂപവുമില്ല, യേശുവിനുചുറ്റും തിങ്ങിക്കൂടി അനുഗമിക്കുന്നു. ഇസ്രായേലിലെ ഗുരുക്കന്മാരായ റബ്ബിമാരുടെ ഉപദേശങ്ങൾ കേൾക്കാൻ ആളുകൾ ചുറ്റും കൂടുമായിരുന്നു; അനുധാവനം ചെയ്യുമായിരുന്നു. അതുപോലൊരു ചിത്രമാണ് ലൂക്കാ അവതരിപ്പിക്കുന്നത്. ഗുരുമൊഴി കേൾക്കാൻ തടസമായതിനാലാവാം അവർ കുരുടനെ ശാസിച്ചത്. ഭിക്ഷാടകനായ കുരുടന്റെ വേദനയും ദുഃഖവും, നിരാശയും പ്രതീക്ഷകളും ഒന്നും അവർക്കു പ്രശ്നമല്ല. അവന്റെ യാചന തങ്ങൾക്കും ഗുരുവിനും ശല്യമായി അവർ കരുതി. ഗുരുവിനെ ഈ ശല്യത്തിൽ നിന്നു സംരക്ഷിക്കുക എന്ന ലക്ഷ്യവും അവരുടെ ശകാരത്തിലുണ്ടാവാം. പാവങ്ങളുടെയും പതിതരുടെയും പരാതികളിലും നിലവിളികളിലും നിന്ന് ദൈവത്തിനു സംരക്ഷണം ഒരുക്കാൻ ശ്രമിക്കുന്ന ഭക്തർ ഇന്നും വിരളമല്ലല്ലോ?

ജനക്കൂട്ടത്തിന്റെ ആരവത്തിനും ശകാരത്തിനും മുകളിൽ ഉയർന്നുകേട്ട ശബ്ദത്തിന്റെ ഉറവിടം മനസിലാക്കിയ യേശു കുരുടനെ വിളിക്കാൻ കല്പിച്ചപ്പോൾ ജനക്കൂട്ടത്തിന്റെ സമീപനം മാറി. ലൂക്കാ അത് എടുത്തു പറയുന്നില്ലെങ്കിലും ധ്വനിപ്പിക്കുന്നുണ്ട്. മർക്കോസാകട്ടെ ജനക്കൂട്ടത്തിന്റെ അനുഭാവ പൂർണ്ണമായ പ്രതികരണം എടുത്തു പറയുന്നുണ്ട്: “അവർ അന്ധനെ വിളിച്ച് അവനോടു പറഞ്ഞു; ധൈര്യമായിരിക്കൂ. എഴുന്നേൽക്കൂ, യേശു നിന്നെ വിളിക്കുന്നു” (മർക്കോ 10,49). കുരുടനു കാഴ്ച നൽകുന്ന സംഭവത്തിലൂടെ ജനക്കൂട്ടത്തിനും കാഴ്ച ലഭിച്ചു എന്ന് സുവിശേഷകൻ സൂചിപ്പിക്കുന്നതായി തോന്നും. ഇപ്പോൾ കുരുടന്റെ നിലവിളി ശല്യമായിട്ടല്ല, കടന്നുപോകുന്ന രക്ഷകനെ തടഞ്ഞുനിർത്തുന്ന തീവ്രമായ വിശ്വാസപ്രകടനവും പ്രാർത്ഥനയുമായിട്ടാണ് അവർ കാണുന്നത്. അതിനാൽ ജനം മുഴുവൻ കുരുടനോടു ചേർന്ന് ദൈവത്തെ സ്തുതിച്ചു. തങ്ങൾ ദൃക്സാക്ഷികളായ അത്ഭുതത്തിന്റെ മുമ്പിൽ അവരുടെ പ്രതികരണമാണത്-ദൈവസ്തുതി.

ഏറ്റം പ്രധാനകഥാപാത്രം യേശു തന്നെയാണ്. കടന്നുപോകുന്നു എന്ന വിശേഷണമാണ് ആദ്യമേ ശ്രദ്ധയിൽപ്പെടുന്നത്. ജറുസലെമിലേക്കുള്ള യാത്രയെക്കുറിച്ച് ഒരു സൂചന ഇവിടെ കാണാം. മാത്രമല്ല യേശുവിന്റെ ഐഹിക ജീവിതം മുഴുവൻ നന്മചെയ്തുകൊണ്ടുള്ള ഒരു കടന്നുപോകലായിരുന്നു (അപ്പ 1,22;10,38) എന്ന സത്യത്തിന്റെ ഒരുദാഹരണവുമാണിത്. കടന്നുപോകുന്നെങ്കിലും ചുറ്റിലും ഉയരുന്ന ആരവങ്ങൾക്കപ്പുറം ഉയരുന്ന ദീനരോദനങ്ങളും നിലവിളികളും കേൾക്കാൻ ജാഗ്രതയുള്ളതാണ് അവന്റെ കാതുകൾ. പാവപ്പെട്ടവന്റെ നിലവിളി ഒഴിവാക്കേണ്ട ശല്യമായിട്ടല്ല, ഉടൻ മറുപടി നൽകേണ്ട യാചനയായിട്ടാണ് അവൻ കാണുന്നത്. കടന്നുപോകുന്നവനെ നിലവിളി പിടിച്ചു നിർത്തും.

യേശു അവിടെനിന്നു. ഇനി നിലവിളിയുടെ കാരണം കണ്ടറിഞ്ഞ് പരിഹരിച്ചതിനുശേഷമേ ഒരടി മുന്നോട്ടുവയ്ക്കൂ! ശകാരിച്ചവരെത്തന്നെ ഉപകരണമാക്കുകയാണ് അടുത്തപടി. അവനെ ഇവിടെ കൊണ്ടുവരുവിൻ! നിലവിളിച്ചവന്റെ ആവശ്യമെന്തെന്ന് അറിയാത്തവനല്ല, ദൈവപുത്രനും ക്രിസ്തുവുമായ യേശു. എന്നാൽ അതു വ്യക്തമായി പറഞ്ഞു കേൾപ്പിക്കാൻ യേശു അവന് ഒരവസരം നൽകുന്നു. ഒരു ബ്ലാങ്ക് ചെക്ക് ഒപ്പിട്ടു കൊടുക്കുന്നതുപോലെയാണ് യേശുവിന്റെ ചോദ്യം. "ഞാൻ നിനക്കുവേണ്ടി എന്തു ചെയ്തുതരണമെന്നാണ് നീ ആഗ്രഹിക്കുന്നത്?" ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും (ലൂക്കാ 11,9); നിങ്ങൾ എന്നോട് എന്തു ചോദിച്ചാലും ഞാനതു ചെയ്തുതരും (യോഹ 14,14) എന്നു വാഗ്ദാനം ചെയ്തവനാണ് ഇപ്പോൾ കുരുടനോട് ചോദിക്കുന്നത്.

വിശ്വാസത്തോടുകൂടെയുള്ള പ്രാർത്ഥനയുടെ, അഥവാ യാചനയുടെ ആവശ്യകതയെക്കുറിച്ചുള്ള ഒരു പ്രബോധനവും ഇവിടെ കാണാം. യാചനകൊണ്ട് തടഞ്ഞുനിർത്തുന്നത് യേശുവിനെ അലോസരപ്പെടുത്തുന്നില്ല. അതിനുവേണ്ടിത്തന്നെയാണ് അവൻ ഈ ഭൂമിയിലേക്കു വന്നത്. ജായിറോസിന്റെ വീട്ടിൽ മരണത്തോടു മല്ലടിക്കുന്ന മകളുടെ അടുത്തേക്കു തിടുക്കത്തിൽ പോയവൻ നടുവഴിയിൽ തിരിഞ്ഞുനിന്ന് സമയം കളഞ്ഞത് (മർക്കോ 5,21-43) ഒരു രക്തസ്രാവക്കാരിയെ സുഖപ്പെടുത്താനായിരുന്നു; അവളുടെ വിശ്വാസം ഏവർക്കും മാതൃകയായി എടുത്തുകാട്ടാനായിരുന്നു.

ഇല്ല, യേശുവിനു തിരക്കില്ല. അവന് സമയമുണ്ട്. ഏറ്റം ചെറിയ വരുടെ ആവശ്യവും യാചനയും പരിഗണിക്കാനും പരിഹരി ക്കാനും അവനു സമയവും സന്നദ്ധതയുമുണ്ട്.

അന്ധയാചകനു ശാരീരികമായ കാഴ്ച മാത്രമല്ല ആവശ്യം എന്ന് യേശുവിനറിയാം. ശാരീരികമായ കാഴ്ച ആഴമേറിയ ഉൾക്കാഴ്ചയുടെ ഒരു പ്രതീകവുമാണ്. "നിനക്കു കാഴ്ചയുണ്ടാ കട്ടെ" എന്ന കല്പനയിൽ ഈ ഉൾക്കാഴ്ചയും വിശ്വാസത്തി ലൂടെ ലഭിക്കുന്ന ദർശനവും ഉൾച്ചേർന്നിരിക്കുന്നു. അതു വ്യക്ത മാക്കുന്നതാണ് യേശുവിന്റെ പ്രസ്താവന. "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു". ദൈവവചനം മനുഷ്യനായി നമ്മുടെ ഇടയിൽ വസിച്ചതിന്റെ മുഖ്യലക്ഷ്യം ഈ രക്ഷയായിരുന്നു. നിത്യ ജീവനെന്നും ദൈവിക ജീവനിലുള്ള പങ്കുചേരലെന്നും ഒക്കെ പയുന്നത് ഒരേയൊരു യാഥാർത്ഥ്യമാണ്. മനുഷ്യമക്കളെ ദൈവ മക്കളായി മാറ്റുക; പാപം മൂലം അകന്നുപോയവരെ വീണ്ടും ദൈ സ്നേഹത്തിലേക്ക് തിരിയെ കൊണ്ടുവരുക. ആ വലിയ ദാനം സ്വീകരിക്കാൻ അവശ്യം വേണ്ട ഏക ഉപാധിയാണ് വിശ്വാസം. കുരുടന് അതുണ്ടായിരുന്നു. അതിനാൽ അവന് രക്ഷയും ലഭിച്ചു. അതിന്റെ ദൃശ്യമായ പ്രകടനമാണ് അവൻ പരസ്യമായി ദൈവത്തെ മഹത്വപ്പെടുത്തുന്നതും യേശുവിനെ അനുഗമിക്കു ന്നതും.

ഈ വിവരണത്തിലൂടെ സുവിശേഷകൻ ലക്ഷ്യം വയ്ക്കു ന്നതും മറ്റൊന്നുമല്ല. ഭിക്ഷ യാചിച്ചു വഴിയരുകിലിരുന്ന കുരു ടൻ ഇവിടെ ഒരു മാതൃകയായി മാറുന്നു. ഏവർക്കും അനുകരി ക്കാൻ പറ്റുന്ന ഒരു ജീവിതമാതൃക. സ്വന്തം ഇല്ലായ്മകളെക്കു റിച്ചും ആവശ്യങ്ങളെക്കുറിച്ചും അവബോധമുണ്ടായിരിക്കണം. അവസരങ്ങൾ പാഴാക്കാതെ വിളിച്ചപേക്ഷിക്കണം, ലഭിക്കുന്ന ആന്തരിക പ്രചോദനങ്ങൾക്കു കാതോർക്കണം. ക്ഷണം ലഭി ക്കുമ്പോൾ ഗുരുവിനു മുമ്പിലെത്തണം. വിശ്വാസത്തോടെ, പ്രത്യാ ശയോടെ പ്രാർത്ഥിക്കണം. ലഭിക്കുന്ന കൃപകൾക്കു നന്ദി പറ യണം. ഉണ്ടാകുന്ന ദൈവാനുഭവങ്ങൾ മടികൂടാതെ ഏറ്റുപറഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്തണം. സർവ്വോപരി യേശുവിനെ അനു ഗമിക്കണം, അത് കുരിശിന്റെ വഴിയാണെന്നറിഞ്ഞുകൊണ്ടു തന്നെ. കുരിശിലും കുരിശിനപ്പുറവും ദൈവികമഹത്വം കാത്തി രിക്കുന്നു എന്ന വിശ്വാസവും ഉണ്ടായിരിക്കണം.

# 47

## ഏലിയാ 2 – ാം ഞായർ

## തുടക്കം

**(മത്തായി 4,12 – 17)**

യേശുവിന്റെ പരസ്യജീവിതത്തിന്റെ തുടക്കമാണ് ഇന്നത്തെ വായനയ്ക്കായി നിർദ്ദേശിച്ചിരിക്കുന്ന സുവിശേഷഭാഗം വിവരിക്കുന്നത്. എപ്പോഴാണ് യേശു പരസ്യജീവിതം ആരംഭിച്ചത്, എവിടെയാണ് തുടക്കം, എന്താണ് ആ തുടക്കത്തിന്റെ പ്രത്യേകത, എങ്ങനെയാണ് തുടങ്ങിയത് എന്നിങ്ങനെ ചില വിവരങ്ങൾ മത്തായി സുവിശേഷകൻ ചുരുക്കമായി ഇവിടെ അവതരിപ്പിക്കുന്നു. മർക്കോസിന്റെ വിവരണവുമായി (മർക്കോ 1,14-15) അടുത്ത സാമ്യമുണ്ടിതിന്. അതിനാൽത്തന്നെ മർക്കോസിൽ നിന്നു കടമെടുത്തതാണ് ഈ വിവരണം എന്നു ബൈബിൾ വ്യാഖ്യാതാക്കൾ കരുതുന്നു. എന്നാൽ മത്തായി തനതായ ചില വിശദാംശങ്ങൾ കൂട്ടിച്ചേർക്കുകയും ചിലതു ചുരുക്കുകയും ചെയ്തിരിക്കുന്നതായി കാണാം.

യോഹന്നാൻ ബന്ധനസ്ഥനായി എന്നു കേട്ടപ്പോൾ യേശു ഗലീലിയിലേക്കു പിൻവാങ്ങി. കാലസൂചനയാണ് ഇവിടെ ആദ്യമേ ശ്രദ്ധയിൽപ്പെടുന്നത്. യേശു തന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് യോഹന്നാൻ ബന്ധനസ്ഥനായതിനുശേഷമാണ്. യോഹന്നാനിൽ നിന്നു സ്നാനം സ്വീകരിച്ച യേശു കുറച്ചു നാളത്തേക്കെങ്കിലും യോഹന്നാനോടു കൂടെയോ, സമാന്തരമായോ പ്രവർത്തിച്ചിരുന്നു എന്ന് യോഹന്നാന്റെ സുവിശേഷം സാക്ഷ്യപ്പെടുത്തുന്നുണ്ട് (യോഹ 3,22-24). യോഹന്നാൻ സ്നാനം നൽകിയിരുന്ന സ്ഥലത്തിനടുത്തുതന്നെ യേശുവും ശിഷ്യന്മാരും സ്നാനം നൽകിയിരുന്നെന്നും യേശുവിന്റെയടുക്കലേക്ക് കൂടു

തൽ ആളുകൾ വരാൻ തുടങ്ങിയത് സ്നാപകയോഹന്നാന്റെ ശിഷ്യന്മാർക്ക് അതൃപ്തിക്കും അസൂയയ്ക്കും കാരണമായി എന്നു കേട്ടതിനാലാണ് യേശു യൂദയാ വിട്ട് ഗലീലിയിലേക്ക് പോയത് എന്നും സൂചിപ്പിക്കുന്നതാണ് യോഹന്നാന്റെ വിവരണം (യോഹ 4,1-3).

യോഹന്നാന്റെ ബന്ധനത്തിനുമുമ്പുള്ള പ്രവർത്തനങ്ങൾ ഒന്നും രേഖപ്പെടുത്താതെ യേശുവിന്റെ പരസ്യ ജീവിതത്തിന്റെ തുടക്കം ബന്ധനത്തിനു ശേഷമാണ് എന്നു പറയുന്നതിലൂടെ രണ്ടു പേരുടെയും പ്രവർത്തനങ്ങൾ തമ്മിൽ വേർതിരിക്കുക മാത്രമല്ല, രണ്ടുപേരും രണ്ടു വ്യത്യസ്ത കാലങ്ങളിലാണ് നില കൊള്ളുന്നത് എന്ന് സുവിശേഷകൻ സൂചിപ്പിക്കുകയും ചെയ്യുന്നു. യേശുവിന് സ്നാനം നൽകുകയും ജനസമൂഹത്തിനു മുമ്പിൽ സാക്ഷ്യപ്പെടുത്തുകയും ചെയ്തെങ്കിലും യോഹന്നാന്റെ സ്ഥാനം പഴയനിയമത്തിന്റെ കൂടെയാണ്, അഥവാ യോഹന്നാന്റെ കാലം ഒരുക്കത്തിന്റെ കാലമാണ്. യേശുവിലാണ് പൂർത്തീകരണം ആരംഭിക്കുക. ഇതാണ് ദൈവരാജ്യത്തെക്കുറിച്ചുള്ള പരാമർശത്തിൽ വ്യക്തമാകുന്നത്. ലൂക്കാ എഴുതിയ സുവിശേഷത്തിൽ ഈ കാലവ്യത്യാസം കൂടുതൽ വ്യക്തമാണ്. "നിയമവും പ്രവാചകന്മാരും യോഹന്നാൻ വരെ ആയിരുന്നു. അതിനുശേഷം ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കപ്പെടുന്നു" (ലൂക്കാ 16,16).

എന്തുകൊണ്ടാണ് യോഹന്നാന്റെ ബന്ധനത്തെക്കുറിച്ചു കേട്ടപ്പോൾ യേശു സ്ഥലം വിട്ടത് എന്നതിനെക്കുറിച്ച് ബൈബിൾ വ്യാഖ്യാതാക്കളുടെ ഇടയിൽ തർക്കമുണ്ട്. തുടക്കത്തിലെങ്കിലും യോഹന്നാന്റെ ശിഷ്യനായിട്ടാണ് യേശു അറിയപ്പെട്ടിരുന്നത്. രണ്ടുപേരുടെയും പ്രവർത്തനശൈലിയും അതിലുപരി സന്ദേശവും സമാനമായിരുന്നു. അതിനാൽ യോഹന്നാനെ കാരാഗൃഹത്തിലടച്ചവർ തന്നെയും ബന്ധിച്ചേക്കും എന്നു കരുതിയാണ് യേശു യൂദയാ വിട്ടത് എന്നു വ്യാഖ്യാനിക്കുന്നവരുണ്ട്. യോഹന്നാനെ ബന്ധിച്ചു കാരാഗൃഹത്തിലടച്ചത് ജോർദ്ദാന്റെ കിഴക്ക് പേരെയായിലുള്ള മക്കേരൂസ് പട്ടണത്തിലെ രാജകൊട്ടാരത്തിന്റെ നിലവറയിലായിരുന്നു. മക്കേരൂസ് ഹേറോദേസിന്റെ വേനൽക്കാല വസതിയായിരുന്നു. എന്നാൽ ഗലീലിതടാകത്തിന്റെ തെക്കുപടിഞ്ഞാറെ തീരത്ത് പുതുതായി പണികഴിപ്പിച്ച തിബേരിയാസ് പട്ടണമായിരുന്നു ഹേറോദേസ് ഭരിച്ച രാജ്യത്തിന്റെ തലസ്ഥാനം.

അതിനാൽ ഹേറോദേസിനെ ഭയന്നാണ് യേശു യൂദയാ വിട്ട് ഗലീലിയിലേക്കു പോയത് എന്ന വാദത്തിനു ബലക്ഷയമുണ്ട്. അതിനാൽ ഗലീലിയിലേക്കു പിൻവാങ്ങി എന്ന പ്രസ്താവനയ്ക്ക് വേറെ വിശദീകരണം തേടണം.

*"പിൻവാങ്ങി"* എന്ന പ്രസ്താവന തന്നെ പ്രത്യേക ശ്രദ്ധ യർഹിക്കുന്നു. രണ്ടുതവണ കൂടി മത്തായി സമാനമായ പ്രസ്താവന നടത്തുന്നുണ്ട്. സാബത്തിൽ നടത്തിയ രോഗശാന്തിയെ തുടർന്ന് ഫരിസേയർ യേശുവിനെ വധിക്കാൻ ആലോചന നടത്തി. ''ഇതു മനസ്സിലാക്കിയ യേശു അവിടെ നിന്നു *പിൻവാങ്ങി*" (മത്താ 12,14-15). വീണ്ടും സ്നാപകൻ വധിക്കപ്പെട്ടതറിഞ്ഞപ്പോൾ "യേശു ഇത് കേട്ട് അവിടെനിന്ന് *പിൻവാങ്ങി*" (മത്താ 14,12-13). ഈ പശ്ചാത്തലത്തിൽ പിതാവു നിശ്ചയിച്ച സമയത്തിനു മുമ്പേ ഒരു സംഘട്ടനവും അതുവഴി സംഭവിക്കാവുന്ന മരണവും ഒഴിവാക്കാൻ വേണ്ടിയാണ് യേശു പിൻവാങ്ങിയത് എന്നു വാദിച്ചാൽ നിഷേധിക്കാനാവില്ല.

രക്ഷാചരിത്രത്തിൽത്തന്നെ തികച്ചും പുതുതായ ഒരു തുടക്കമാണ് യേശുവിന്റേത്. അത് ഒരു പിൻവാങ്ങലിലൂടെയാണു സംഭവിക്കുന്നത് എന്ന സൂചനയും പരിഗണിക്കണം. സ്വീകരിക്കാൻ തയ്യാറാകാത്തവരുടെ മേൽ നിർബന്ധപൂർവ്വം അടിച്ചേൽപ്പിക്കുകയല്ല യേശു ചെയ്യുന്നത്. പിതാവിന്റെ ദാനമായ രക്ഷ വച്ചുനീട്ടുന്നു. തിരസ്കരിക്കപ്പെട്ടാൽ അടുത്ത മേഖലകളിലേക്കു മാറുന്നു. ശിഷ്യന്മാരെ സുവിശേഷ പ്രഘോഷണത്തിനായി അയയ്ക്കുമ്പോഴും ഇതേ പ്രവർത്തന ശൈലിയാണ് യേശു ആവശ്യപ്പെടുന്നത്. ആരെങ്കിലും സ്വീകരിക്കാൻ തയ്യാറല്ലെങ്കിൽ അവിടം വിട്ടുപോവുക (മത്താ 10,14-15). ഇത് നമുക്ക് വലിയൊരു പാഠവും അതേസമയം ഒരു താക്കീതുമായി നിലകൊള്ളുന്നു. സുവിശേഷത്തിനെതിരേ കാതടച്ചാൽ നിത്യനാശമായിരിക്കും ഫലം.

യൂദയായിൽ നിന്നു മാത്രമല്ല, സ്വന്തം പട്ടണമായ നസ്രത്തിൽനിന്നും യേശു പിൻവാങ്ങി. ചെന്നു താമസമാക്കിയത് ഗലീലി തടാകത്തിന്റെ വടക്കു പടിഞ്ഞാറെ തീരത്തുള്ള കഫർണാം എന്ന പട്ടണത്തിലാണ്. ഇതിനും സുവിശേഷകൻ പ്രത്യേക അർത്ഥവും ലക്ഷ്യവും കാണുന്നു. മത്തായി തന്റേതായ ശൈലിയിൽ പ്രവചനങ്ങളുടെ പൂർത്തീകരണമായിരുന്നു ഇതെന്ന് സാക്ഷ്യപ്പെടുത്തുന്നു: "പ്രവാചകൻ വഴി അരുളിച്ചെയ്യ

പ്പെട്ടത് നിവൃത്തിയാകാൻ വേണ്ടിയാണിത്" (മത്താ 4,13). യേശുവിൽ സംഭവിച്ചതെല്ലാം ദൈവം മുൻകൂട്ടി അറിയിച്ചതനുസരിച്ചാണ് എന്ന് ആവർത്തിച്ചു പറയുന്നതിലൂടെ (മത്താ 1,22; 2,15 17,23; 3,15; 5,17;8,17 13,4548; 21,4; 23,32;26,54.56; 27,9). യേശുവിനെ രക്ഷകനായി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയും അവനിൽ വിശ്വസിക്കാത്തവർ ദൈവത്തെതന്നെയാണ് തിരസ്കരിക്കുന്നത് എന്ന സത്യവും ഊന്നിപ്പറയുന്നു; യേശുവിനെ സ്വീകരിക്കാൻ തയ്യാറാകാത്ത യഹൂദമനോഭാവത്തിനെതിരേയുള്ള കർശനമായൊരു താക്കീതായും പ്രവചനങ്ങളുടെ പൂർത്തീകരണത്തെക്കുറിച്ചുള്ള ഈ പരാമർശങ്ങളെ മനസിലാക്കാനാവും.

ഏശയ്യാ 9,1-2 ൽ പറയുന്ന മിശിഹായെ സംബന്ധിച്ച പ്രവചനമാണ് സുവിശേഷകൻ ഇവിടെ ഉദ്ധരിക്കുന്നത്. അസീറിയൻ ചക്രവർത്തിയായ തിഗ്ലാത്ത് പിലേസർ III (ബി.സി. 745-727) വടക്കൻ രാജ്യമായ ഇസ്രായേലിൽ വരുത്തിവച്ച നാശങ്ങളാണ് ഈ പ്രവചനത്തിന്റെ ചരിത്രപശ്ചാത്തലം. ഗലീലി തടാകത്തിനു വടക്കുപടിഞ്ഞാറ്, മധ്യധരണ്യാഴിക്കും ജോർദ്ദാനും ഇടയിലുള്ള പ്രദേശങ്ങളാണ് സെബുലൂൺ-നഫ്താലി ഗോത്രങ്ങൾക്ക് അവകാശമായി കിട്ടിയത്. ആ പ്രദേശങ്ങളിലാണ് അസീറിയൻ ആക്രമണത്തിൽ ഏറ്റം അധികം നാശനഷ്ടങ്ങൾ സംഭവിച്ചത്. അസീറിയായുടെ പൊതുവായ നയം അനുസരിച്ച് കീഴടക്കുന്ന പ്രദേശങ്ങളിലുള്ള ജനങ്ങളിൽ ഏറെപ്പേരെ അടിമകളാക്കി സാമ്രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ കുടിയിരുത്തും. മറ്റു പ്രദേശത്തുള്ളവരെ പുതുതായി കീഴടക്കിയ രാജ്യത്തേക്കു മാറ്റി പാർപ്പിക്കും. ഇതുതന്നെയാണ് വടക്കൻ രാജ്യമായ ഇസ്രായേലിനും സംഭവിച്ചത്. അങ്ങനെ ഇസ്രായേൽക്കാരുടെ വാസസ്ഥലമായിരുന്ന ഗലീലി വിജാതീയരുടെ ഗലീലിയായിത്തീർന്നു.

അവിടെ ജീവിച്ചിരുന്നവർ തികച്ചും അന്ധകാരത്തിലായിരുന്നു. ഭാവിയെ സംബന്ധിച്ച പ്രതീക്ഷകളില്ലാതെ, രക്ഷിക്കാൻ ആരുമില്ലാതെ, നാശത്തിനുഴിഞ്ഞിടപ്പെട്ടവരാണ് തങ്ങൾ എന്ന് അവർ കരുതി. ഈ സാഹചര്യത്തിലാണ് ഏശയ്യാ പ്രവാചകനിലൂടെ ദൈവം വലിയൊരു വാഗ്ദാനം നൽകുന്നത്. രക്ഷകൻ വരും, അന്ധകാരത്തിൽ പ്രകാശമായി, മരണത്തിൽ ജീവനായി, നിരാശയിൽ പ്രത്യാശയായി. പ്രത്യാശയറ്റ ഒരു ജനത്തിനിടയിൽ സുവിശേഷത്തിന്റെ പ്രകാശവുമായി യേശു കടന്നുവന്നത് ദൈവത്തിന്റെ പ്രത്യേക തീരുമാനമായിരുന്നു. യഹൂദരുടെ നാടായ

യൂദയായിലോ വിശുദ്ധ നഗരമായ ജറുസലെമിലോ അല്ല, വിജാതീയരുടെ ഇടയിലാണ് രക്ഷകനായ മിശിഹാ പ്രവർത്തനം ആരംഭിച്ചതെന്ന സത്യം സുവിശേഷകൻ അടിവരയിട്ട് ഉറപ്പിക്കുന്നു. ഇത് എന്നും ഏവർക്കും പ്രസക്തമാണ്; പ്രത്യാശയുടെ ഉറവിടമാണ്, അന്ധകാരത്തിൽ തിളങ്ങുന്ന പ്രകാശമാണവൻ. "തമസോമാ ജ്യോതിർ ഗമയാ'' എന്നു സഹസ്രാബ്ദങ്ങളായി പ്രാർത്ഥിക്കുന്നവർക്ക് ദൈവം നൽകുന്ന പ്രത്യുത്തരം.

"*അപ്പോൾ മുതൽ* യേശു പ്രസംഗിക്കാൻ തുടങ്ങി" എന്ന ആമുഖവാക്യവും പ്രത്യേക ശ്രദ്ധയർഹിക്കുന്നു. രണ്ടു തവണ കൂടി മാത്രമേ മത്തായിയുടെ സുവിശേഷത്തിൽ "*അപ്പോൾ മുതൽ*" (apo tote - ഗ്രീക്ക്) എന്ന പ്രയോഗം കാണുന്നുള്ളൂ. രണ്ടു നിർണ്ണായക മുഹൂർത്തങ്ങളിലാണ് ഈ പ്രയോഗം. പത്രോസിന്റെ വിശ്വാസ പ്രഖ്യാപനത്തിനു തൊട്ടുപിന്നാലെ, ആദ്യത്തെ പീഡാനുഭവ പ്രവചനത്തിന് ആമുഖമായിട്ടാണ് ഒന്ന്; "*അപ്പോൾ മുതൽ* തനിക്ക് ജറുസലെമിലേക്കു പോകേണ്ടിയിരിക്കുന്നുവെന്നും... ശിഷ്യന്മാരെ അറിയിച്ചുതുടങ്ങി" (മത്താ 16,21). ഇവിടെ പരസ്യജീവിതത്തിന്റെ രണ്ടാംഘട്ടം ആരംഭിക്കുന്നുവെന്ന് സുവിശേഷകൻ സൂചിപ്പിക്കുന്നു. മൂന്നാമത് ഈ പ്രയോഗം പ്രത്യക്ഷപ്പെടുന്നത് 26,16ലാണ്: "*അപ്പോൾ മുതൽ* അവൻ യേശുവിനെ ഒറ്റിക്കൊടുക്കാൻ അവസരം അന്വേഷിച്ചുകൊണ്ടിരുന്നു." യേശുവിനെ ഒറ്റിക്കൊടുക്കാൻ യൂദാസ് തീരുമാനിക്കുന്നതോടെ യേശുവിന്റെ പരസ്യജീവിതത്തിലെ മൂന്നാംഘട്ടം-പീഡാനുഭവ-മരണ-ഉത്ഥാനം വഴിയുള്ള മഹത്വീകരണവും രക്ഷാചരിത്രത്തിന്റെ പൂർത്തീകരണവും ആരംഭിക്കുന്നു. മഹത്വീകരണത്തിൽ പൂർത്തിയാകുന്ന പരസ്യജീവതത്തിന്റെ തുടക്കമാണ് ഇവിടെ വിവരിക്കുന്നത് എന്ന് സുവിശേഷകൻ സൂചിപ്പിക്കുന്നു.

യേശുവിന്റെ സന്ദേശം അവതരിപ്പിക്കാൻ ഉപയോഗിക്കുന്ന വാക്കും ശ്രദ്ധേയമാണ്. "പ്രസംഗിക്കാൻ" എന്നു വിവർത്തനം ചെയ്യുന്നത് "*കെരുസ്സെയിൻ*" (kerussein) എന്ന ഗ്രീക്കു പദമാണ്. വിളിച്ചുപറയുക, ഉച്ചത്തിൽ വിളിച്ചറിയിക്കുക, പ്രഘോഷിക്കുക എന്നൊക്കെയാണ് വാച്യാർത്ഥം. സന്ദർശിക്കാൻ വരുന്ന രാജാവിന്റെ വരവ് അറിയിക്കാനായി മുൻപേ അയയ്ക്കപ്പെടുന്ന ദൂതൻ വിളിച്ചറിയിക്കുന്നതിനെയാണ് ഈ പദം സൂചിപ്പിക്കുന്നത്. ഇതാ രാജാവുവരുന്നു, അവനെ സ്വീകരിക്കാൻ എല്ലാവരും ഒരുങ്ങിയിരിക്കുവിൻ. ഇതാണ് ദൂതൻ വിളിച്ചുപറയുന്നത്. യേശുവിന്റെ

പ്രഘോഷണത്തെ ഈ ഒരുപദംകൊണ്ട് അവതരിപ്പിക്കുമ്പോൾ സുവിശേഷകൻ ലക്ഷ്യം വയ്ക്കുന്നതും മറ്റൊന്നല്ലായെന്ന് പ്രഘോഷണവിഷയം വ്യക്തമാക്കുന്നു.

വിളിച്ചു പറയുക എന്നർത്ഥമുള്ള കെരുസ്സെയിൻ എന്ന പദത്തിന്റെ കൂടെ "പറയുക" എന്നർത്ഥമുള്ള ഒരുപദം കൂടെ ഗ്രീക്കു മൂലത്തിലുണ്ട്. "*പ്രഘോഷിക്കാനും പറയാനും തുടങ്ങി*" എന്നാണ് മൂലാർത്ഥം. ഇത് സെമിറ്റിക് ശൈലിയുടെ ഒരു പ്രത്യേകതയായ ആവർത്തനമായി കരുതിയതിനാലാവാം ഒഴിവാക്കിയിരിക്കുന്നത്. പ്രഘോഷണത്തിന്റെ ഉള്ളടക്കമാണ് പ്രധാനം. അത് മൂന്ന് വാക്കുകളിൽ ഒതുക്കിയിരിക്കുന്നു. "മാനസാന്തരപ്പെടുവിൻ. സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു". ഗ്രീക്കു മൂലവുമായി താരതമ്യം ചെയ്യുമ്പോൾ ആദ്യമേ ശ്രദ്ധയിൽപെടുന്നത് *എന്തുകൊണ്ടെന്നാൽ* ("*ഗാർ*" എന്ന് ഗ്രീക്ക്) എന്ന വാക്ക് വിട്ടുപോയി, അഥവാ വിട്ടുകളഞ്ഞിരിക്കുന്നു എന്നതാണ്. ഭാഷാഭംഗിക്കു വേണ്ടി ചെയ്തതാണെങ്കിലും അതുവഴി വലിയൊരാശയം ചോർന്നുപോയതായി കാണാം.

"മാനസാന്തരപ്പെടുവിൻ" എന്ന ആഹ്വാനത്തിനു കാരണമായിട്ടാണ് ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്ന പ്രസ്താവന. ഈ കാര്യകാരണബന്ധം വളരെ പ്രധാനപ്പെട്ടതാണ്. മാനസാന്തരത്തിനുള്ള ആഹ്വാനമാണ് എല്ലാ പ്രവാചകന്മാരും നടത്തിയത്. "*ഷൂബ്*" എന്ന ഹീബ്രു മൂലമാണ് "*മെത്താനൊവേയിൻ*" എന്ന് ഗ്രീക്കിലേക്കു വിവർത്തനം ചെയ്യുന്നത്. ആ പദമാണ് മത്തായി ഉപയോഗിച്ചിരിക്കുന്നത്. മർക്കോസും ഈ പദം തന്നെ ഉപയോഗിച്ചിരിക്കുന്നു. മർക്കോസിന്റെ അവതരണത്തിൽ രണ്ട് പ്രസ്താവനകളും രണ്ട് ആഹ്വാനങ്ങളുമുണ്ട്. ആവർത്തനം എന്നു തോന്നിയതിനാലാവാം മത്തായി അത് പകുതിയാക്കി ചുരുക്കി, ഒരാഹ്വാനവും ഒരു പ്രസ്താവനയുമാക്കി. മർക്കോസിൽ പ്രസ്താവനയാണ് ആദ്യം വരുന്നത്: "സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു." പിന്നീടാണ് ആഹ്വാനം. "അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ 1,15). അതിനാൽത്തന്നെ ആഹ്വാനത്തിന്റെ സാഹചര്യവും കാരണവും വ്യക്തമായതിനാൽ "കാരണം" എന്ന് എടുത്തു പറയുന്നില്ല. എന്നാൽ മത്തായിയിൽ ആഹ്വാനമാണ് ആദ്യം വരുന്നത്. അതിനാൽ തുടർന്നു വരുന്ന പ്രസ്താവന "കാരണം" എന്ന പദം കൊണ്ടു ബന്ധിപ്പിച്ചിരിക്കുന്നു.

ഒരേ ഒരു ആഹ്വാനമേ മത്തായി രേഖപ്പെടുത്തുന്നുള്ളൂ. ഏറ്റം അടിസ്ഥാനപരമാണ് ഈ ആഹ്വാനം. യേശു നടത്തിയ എല്ലാ ആഹ്വാനങ്ങളുടെയും നൽകിയ കല്പനകളുടെയും അടിത്തറ യായി ഇതിനെ കാണാൻ കഴിയും. "മനസു തിരിയുക". *പിൻതി രിയുക* എന്നാണ് "*ഷൂബ്*" എന്ന ഹീബ്രു മൂലത്തിനർത്ഥം, ഒരു പുതിയ മനസുണ്ടാകുക എന്ന് "*മെത്താനൊയേയിത്തെ*" എന്ന ഗ്രീക്കു മൂലത്തിനും. സമൂലവും സമ്പൂർണ്ണവുമായ ഒരു മാറ്റമാണ് ഇവിടെ ആവശ്യപ്പെടുന്നത്. ഈ മാറ്റം ജീവിത വീക്ഷണത്തിലും, വിശ്വാസങ്ങളിലും, കാത്തു സൂക്ഷിക്കുന്ന മൂല്യങ്ങളിലും, പ്രതീ ക്ഷകളിലും, ജീവിതശൈലിയിലും, പരസ്പരബന്ധങ്ങളിലും എല്ലാം പ്രകടമാകണം. വഴിതെറ്റിയെങ്കിൽ എവിടെവച്ചാണ് തെറ്റി യതെന്നു മനസിലാക്കി തിരിച്ചു നടക്കുക; ശരിയായ വഴിയേ നടക്കുക. ഇതാണ് ആഹ്വാനം. എവിടെയൊക്കെയാണ് വഴി തെറ്റി യതെന്നും ഏതാണ് ശരിയായ വഴിയെന്നും യേശു കാണിച്ചുതരും.

ഈ വഴിമാറ്റത്തിന്, അഥവാ ജീവിതനവീകരണത്തിന് കാര ണമായി നിൽക്കുന്നത് ദൈവരാജ്യത്തിന്റെ സാന്നിധ്യമാണ്. സെമിറ്റിക് ശൈലിയിൽ, ദൈവത്തോടുള്ള വലിയ ആദരവുമൂലം ദൈവം എന്ന പദം കഴിയുന്നത്ര മത്തായി ഒഴിവാക്കിയിട്ടുണ്ട്. പകരം ഉപയോഗിക്കുന്ന പദമാണ് "സ്വർഗ്ഗം". അതിനാൽ മറ്റു സുവിശേഷങ്ങളിൽ ദൈവരാജ്യം എന്നു പറയുന്നത് മത്തായി യിൽ "സ്വർഗ്ഗരാജ്യം" എന്നായി. എന്നാൽ അതു സൂചിപ്പിക്കുന്ന യാഥാർത്ഥ്യത്തിൽ മാറ്റമില്ല. "ദൈവരാജ്യം" എന്നത് ഏതെ ങ്കിലും ഒരു ഭൂപ്രദേശത്തെയോ ജനപദത്തെയോ അല്ല സൂചിപ്പി ക്കുക, മറിച്ച് ദൈവഭരണത്തെയാണ്. ദൈവം രാജാവായി വാഴുന്ന അവസ്ഥയാണ് ദൈവരാജ്യം. ഇത് ഏതെങ്കിലും ഒരു പ്രദേ ശത്തോ ജനതയിലോ മാത്രം സംഭവിക്കുന്നതല്ല. ദൈവം തന്റെ ഭരണം ഈ ഭൂമിയിൽ നടപ്പിലാക്കുന്നു. ഈ പ്രസ്താവനയുടെ അർത്ഥം ഗ്രഹിക്കാൻ ഏശയ്യായുടെ ഒരു പ്രവചനം സഹായക മാകും.

"സദ്വാർത്ത അറിയിക്കുകയും സമാധാനം വിളംബരം ചെയ്യു കയും രക്ഷയുടെ സന്ദേശം പ്രഘോഷിക്കുകയും സീയോനോട് *നിന്റെ ദൈവം ഭരിക്കുന്നു* എന്നു പറയുകയും ചെയ്യുന്നവന്റെ പാദം മലമുകളിൽ എത്ര മനോഹരം!" (ഏശ 52,7). അടിമക ളായി നാടുകടത്തപ്പെട്ട മക്കളെ ഓർത്തു വിലപിക്കുന്ന അമ്മ

യായ ജറുസലേമിനോടാണ് ദൂതൻ വിളിച്ചുപറയുന്നത്. ശത്രുക്കളുമായുള്ള യുദ്ധത്തിൽ ദൈവം വിജയിച്ചിരിക്കുന്നു. ഇതാ നിന്റെ ദൈവം രാജാവായിരിക്കുന്നു. "*മല്ആക് യാഹ്വേ*" എന്നാണ് മൂലം. വാസ്തവത്തിൽ ഇതാണ് സുവിശേഷം, അഥവാ സദ്വാർത്ത. ദൈവം സകല ശത്രുക്കളെയും പരാജയപ്പെടുത്തി തന്റെ ഭരണം സ്ഥാപിച്ചിരിക്കുന്നു. അതിനാൽ ഇനി ആരും ആരുടെയും അടിമയല്ല. ദൈവം ഭരിക്കുന്നിടം, അഥവാ ദൈവഭരണത്തിനു വിധേയർ-അതാണ് ദൈവരാജ്യം.

ഇതുവരെ പ്രതീക്ഷയായി കഴിഞ്ഞിരുന്ന ദൈവഭരണം ഇന്നിതാ യാഥാർത്ഥ്യമായിരിക്കുന്നു. ഇതാണ് യേശുവിന്റെ പ്രഖ്യാപനം. "*എഗ്ഗിക്കെൻ*" എന്ന ഗ്രീക്കു വാക്കിന് "*അടുത്തെത്തിയിരിക്കുന്നു*" എന്നാണ് വാച്യാർത്ഥം. എന്താണ് ഈ ദൈവഭരണത്തിന്റെ സവിശേഷതകൾ? അതായിരിക്കും യേശു തന്റെ പ്രവർത്തനങ്ങളും പ്രബോധനങ്ങളും വഴി വെളിപ്പെടുത്തുക. ഇതൊരു തുടക്കമാണ്. ഒരു വലിയ തുടക്കം. സകല പ്രതീക്ഷകളുടെയും പൂർത്തീകരണത്തിന്റെ തുടക്കം.

രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ഗലീലിയിൽ യേശു പ്രഘോഷണം തുടങ്ങിയപ്പോൾ ഉണ്ടായിരുന്നതിനേക്കാൾ ഒട്ടും മെച്ചമല്ല ഇന്നത്തെ അവസ്ഥയെന്ന് അനുദിനാനുഭവങ്ങൾ പഠിപ്പിക്കുന്നു. ചുറ്റും ഇരുൾപടരുന്നു. വർഗ്ഗവിദ്വേഷത്തിന്റെയും മതഭീകരതയുടെയും ഇരുട്ട്; അയൽക്കാരന്റെ ജീവരക്തം ഊറ്റിക്കുടിച്ച് ഉന്മത്തനാകുന്ന ധനികൻ പരത്തുന്ന ഇരുട്ട്. സമ്പത്തും സുഖഭോഗങ്ങളും പരമമൂല്യങ്ങളായി കരുതുന്നവർ വിവിധ മാധ്യമങ്ങളിലൂടെ നിരന്തരം വ്യാപിപ്പിക്കുന്ന അന്ധകാരം. മനുഷ്യവർഗ്ഗം തന്നെ മരണത്തിന്റെ നിഴലിൽ ആണ്ടുപോകുന്നുവോ? ആധുനിക സംസ്കാരം ഊർദ്ധശ്വാസം വലിക്കുന്നുവോ? പ്രത്യാശ നഷ്ടപ്പെട്ട് ആത്മഹത്യയിൽ അഭയം തേടുന്നവരുടെ എണ്ണം വർദ്ധിക്കുന്നുവോ? ഇവിടെയാണ് യേശു പ്രസരിപ്പിക്കുന്ന പ്രകാശം കടന്നുവരേണ്ടത്. വിശ്വസനീയമായ രീതിയിൽ സുവിശേഷം പ്രഘോഷിക്കാനുള്ള ഉത്തരവാദിത്വവും സുവിശേഷം സ്വീകരിക്കാനായി മനസുമാറേണ്ടതിന്റെ ആവശ്യകതയുമാണ് ഈ വലിയ തുടക്കം നമ്മുടെ മുമ്പിൽ വച്ചിരിക്കുന്നത്. കണ്ണു തുറക്കാം; വഴി മാറാം; സുവിശേഷം സ്വീകരിക്കാം.

# 48

### ഏലിയാ 3 – ാം ഞായർ

## സൗഖ്യവും നികുതിയും

**(മത്താ 17,14 – 27)**

അപസ്മാരരോഗിക്കു സൗഖ്യം, പീഡാനുഭവപ്രവചനം, നികുതിയെക്കുറിച്ചുള്ള പ്രബോധനം എന്നിങ്ങനെ മൂന്നു വ്യത്യസ്ത കാര്യങ്ങളാണ് ഇന്നത്തെ വായനയ്ക്കായി സഭ നിർദ്ദേശിച്ചിരിക്കുന്ന സുവിശേഷ ഭാഗത്തുള്ളത്. അപസ്മാരരോഗിയെ സുഖപ്പെടുത്തുന്ന വിവരണം വിശ്വാസത്തിന്റെ പ്രാധാന്യത്തെ ഊന്നിപ്പറയുന്നതിലൂടെ പത്രോസിന്റെ വിശ്വാസ പ്രഖ്യാപനത്തോടും (16.16) രൂപാന്തരീകരണവേളയിലെ പിതാവിന്റെ പ്രഖ്യാപനത്തോടും (17,5) ബന്ധപ്പെട്ടിരിക്കുന്നു. പീഡാനുഭവ പ്രവചനം 16,21 ൽ രേഖപ്പെടുത്തിയിരിക്കുന്ന ആദ്യ പ്രവചനത്തോടു സമാനമാണ്. നികുതിയെ സംബന്ധിച്ച ചർച്ചയും പ്രബോധനവും ശിഷ്യന്മാർ പാലിക്കേണ്ട ജീവിതക്രമത്തെ സൂചിപ്പിച്ചുകൊണ്ട് തുടർന്നു വരുന്ന സഭയെ സംബന്ധിച്ച പ്രഭാഷണത്തോട് (അധ്യാ. 18) ബന്ധപ്പെട്ടിരിക്കുന്നു.

### *1. അപസ്മാരരോഗിക്കു സൗഖ്യം 17,14 – 21*

ഈ അത്ഭുതം സമാന്തര സുവിശേഷങ്ങൾ മൂന്നും രേഖപ്പെടുത്തിയിട്ടുണ്ട്. സുദീർഘവും നാടകീയവും വിശദാംശങ്ങൾക്കു പ്രാധാന്യം നൽകുന്നതുമായ മർക്കോസിന്റെ വിവരണം (16 വാക്യങ്ങൾ) മത്തായി നേർപകുതിയായി (8 വാക്യങ്ങൾ) ചുരുക്കിയിരിക്കുന്നു. അത്ഭുതത്തിന്റെ വിശദാംശങ്ങളും കാണികളുടെ പ്രതികരണവും അത്ഭുതപ്രവർത്തനത്തിന്റെ നാടകീയതയും എല്ലാം ഒഴിവാക്കി, രോഗിക്കു സൗഖ്യം നൽകുന്ന കാര്യം മാത്രം എടുത്തു കാട്ടുന്നതാണ് മത്തായിയുടെ വിവരണം. ശിഷ്യന്മാ

രുടെ വിശ്വാസരാഹിത്യത്തിനും വിശ്വാസത്തിന്റെ പ്രാധാന്യത്തിനുമാണ് മത്തായി തന്റെ വിവരണത്തിൽ ഊന്നൽ നൽകുന്നത്.

"ജനക്കൂട്ടത്തിന്റെ അടുത്തേക്കു വന്നപ്പോൾ" എന്ന ആമുഖം ഈ സംഭവത്തെ മലയിൽ വച്ചു നടന്ന രൂപാന്തരീകരണവുമായി (17,1-13) ബന്ധിപ്പിക്കുന്നു. രാത്രി മുഴുവൻ ദൈവിക സാന്നിധ്യത്തിൽ, പിതാവിന്റെ മഹത്വം ദർശിച്ചു കഴിഞ്ഞ യേശു പ്രഭാതത്തിൽ മനുഷ്യൻ വേദനിക്കുകയും നിലവിളിക്കുകയും ചെയ്യുന്ന താഴ്‌വരയിലേക്ക് ഇറങ്ങിവരുന്നു. മലമുകളിലെ പ്രാർത്ഥനയും സമതലത്തിലെ സൗഖ്യദാനശുശ്രൂഷയും യേശുവിൽ സമ്മേളിച്ചിരിക്കുന്നു. രണ്ടും ശിഷ്യസമൂഹത്തിന് മാതൃകയും പ്രചോദനവുമായി അവതരിപ്പിച്ചിരിക്കുന്നു.

തന്റെ പുത്രനുവേണ്ടി യാചിക്കുന്ന പിതാവിന്റെ പ്രവൃത്തിയും അഭിസംബോധനയും പ്രത്യേക ശ്രദ്ധയർഹിക്കുന്നു. "പ്രണമിച്ചുകൊണ്ട്" (പി.ഒ.സി. പുതിയ വിവർത്തനം- "മുട്ടുകുത്തിക്കൊണ്ട്"-എന്നതാണ് മൂലത്തോടു കൂടുതൽ വിശ്വസ്തത പുലർത്തുന്നത്) "കർത്താവേ" എന്ന് അഭിസംബോധന ചെയ്യുന്നത് ആരാധനയെ സൂചിപ്പിക്കുന്നു. ഭക്തനും വിശ്വാസിയുമാണ് ഈ പിതാവ്. തന്റെ മകനെ സുഖപ്പെടുത്താൻ യേശുവിനു കഴിയും എന്ന വിശ്വാസം അയാളുടെ യാചനയിൽ ദൃശ്യമാണ്.

"അപസ്മാരം" പിടിപെട്ട് എന്നു വിവർത്തനം ചെയ്യുന്ന "*സെലെനിയാസെത്തായ്*" എന്ന ഗ്രീക്കു വാക്കിന് "*ചന്ദ്രനാൽ പീഡിപ്പിക്കപ്പെട്ടു*" എന്നാണ് വാച്യാർത്ഥം. *സെലെനെ*-Selene എന്ന ഗ്രീക്കു വാക്കിന് ചന്ദ്രൻ എന്നർത്ഥം. ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾക്കനുസൃതം ചില മനുഷ്യരിൽ മാനസികരോഗത്തിന്റെ ലക്ഷണങ്ങൾ കാണാറുള്ളതിനാൽ അവർ ചന്ദ്രനാൽ പീഡിപ്പിക്കപ്പെടുന്നു എന്ന ഒരു ധാരണ പുരാതന കാലത്തു നിലവിലിരുന്നു. മാനസികരോഗി എന്നു വിവർത്തനം ചെയ്യുന്ന "*lunatic*" എന്ന ഇംഗ്ലീഷ് വാക്കിന് "*ചന്ദ്രരോഗി*" എന്നാണല്ലോ വാച്യാർത്ഥം. പിശാച് പീഡിപ്പിക്കുന്നു എന്ന മർക്കോസിന്റെ വിവരണത്തിൽ നിന്ന് വ്യത്യസ്തമായി ഇവിടെ ബാലന്റെ അവസ്ഥയെ ഒരു രോഗമായി അവതരിപ്പിക്കുന്നു. എന്നാൽ പിശാചു വിട്ടുപോയപ്പോഴാണ് സൗഖ്യം ലഭിച്ചത് എന്ന് വിവരണത്തിന്റെ അവസാനം രേഖപ്പെടുത്തുന്നതിലൂടെ മത്തായിയും ഈ രോഗത്തെ പിശാചുബാധയുമായി ബന്ധിപ്പിച്ചിരിക്കുന്നു. രോഗങ്ങൾ, പ്രത്യേകിച്ചും

മാനസികരോഗങ്ങൾ, പിശാചുബാധയുടെ ഫലമായി കരുതപ്പെട്ടിരുന്നു.

തന്റെ മകനെ സുഖപ്പെടുത്താൻ യേശുവിന്റെ ശിഷ്യന്മാർക്കു കഴിഞ്ഞില്ല എന്ന പ്രസ്താവന ശ്രദ്ധേയമത്രെ. യേശു അവർക്ക് അധികാരം നൽകിയിരുന്നതാണ് (മത്താ 10,1-8). പക്ഷേ ആ അധികാരം ഫലപ്രദമായി ഉപയോഗിക്കുന്നതിൽ അവർ പരാജയപ്പെട്ടു. ക്രിസ്തു ശിഷ്യർ എന്നും നേരിടുന്ന ഒരു പ്രതിസന്ധിയാണിത്. യേശു നൽകിയിരിക്കുന്ന അധികാരവും കഴിവും അവൻ ആഗ്രഹിക്കുന്ന വിധത്തിൽ ഫലപ്രദമായി ഉപയോഗിക്കുന്നതിൽ പരാജയപ്പെടുന്നത് മാനുഷിക ബലഹീനതയുടെ ഫലമാണ്. വിശ്വാസരാഹിത്യം എന്ന് യേശു ഇതിനെ വ്യാഖ്യാനിക്കും. ശിഷ്യന്മാർ പരാജയപ്പെട്ടെങ്കിലും യേശുവിന് തന്റെ മകനെ സുഖപ്പെടത്താൻ കഴിയും എന്ന വിശ്വാസം ആ പിതാവിനുണ്ട്. അതുപോലെ സംഭവിക്കുകയും ചെയ്തു.

തങ്ങളുടെ പരാജയ കാരണം തേടിയ ശിഷ്യന്മാർക്ക് യേശു നൽകിയ ഉത്തരം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. അല്പവിശ്വാസമാണ് യേശുവിന്റെ വാഗ്ദാനങ്ങൾ ഫലമണിയാതിരിക്കാൻ കാരണം. ശിഷ്യന്മാരെ "അല്പവിശ്വാസികളേ" എന്നു വിളിച്ച് യേശു ഉപദേശിക്കുന്നതായി മത്തായി നാലു തവണ രേഖപ്പെടുത്തിയിട്ടുണ്ട് (6,30; 8,26; 14,31; 16,8). വിശ്വാസത്തിന് വേണ്ടത്ര ഉറപ്പും ആഴവും ഇല്ലാതിരുന്നതിനാലാണ് കടലിനു മീതേ നടന്ന പത്രോസ് പെട്ടെന്ന് വെള്ളത്തിൽ താഴാൻ തുടങ്ങിയത് (മത്താ 14,28-31). "കടുകു മണിയോളം വിശ്വാസം" എന്നത് ഒരു ഉപമയാണ്. മലയും കടുകുമണിയും തമ്മിലുള്ള താരതമ്യമാണ് ശ്രദ്ധാവിഷയം. ശ്രോതാക്കൾക്കു പരിചിതമായ വിത്തുകളിൽ ഏറ്റം ചെറുതാണ് കടുകുമണി. അതേസമയം ഉറപ്പുള്ള വിത്താണത്. മല മാറിപ്പോകും എന്നു പറയുന്നതിനെ ഒരു പഴഞ്ചൊല്ലിന്റെ രൂപത്തിൽ മനസിലാക്കണം. വലുതും ക്ലേശകരവുമായ ജോലിക്ക് "മലമറിക്കുക" എന്നൊരു ചൊല്ല് നമുക്കു പരിചിതമാണല്ലോ. ഇപ്രകാരം ഒരർത്ഥമാണ് ഈ ഗുരുമൊഴിക്കുള്ളത്. ദൈവഹിതമനുസരിച്ച് ജീവിക്കുന്നതിന് മലപോലെ ഉയർന്നു നിൽക്കുന്ന പ്രതിബന്ധങ്ങളുണ്ടെങ്കിലും വിശ്വാസത്തോടെ നേരിട്ടാൽ അവയെല്ലാം മറികടക്കാനാകും. അല്ലാതെ ഒരു മലയെ അക്ഷരാർത്ഥത്തിൽ മാറ്റി പ്രതിഷ്ഠിക്കാൻ സാധാരണ മനുഷ്യന് ആവശ്യമുണ്ടാകാറില്ലല്ലോ?

ആഗ്രഹിക്കുന്നതും പ്രാർത്ഥിക്കുന്നതുമായ കാര്യങ്ങളെല്ലാം സാധിച്ചുകിട്ടാത്തത് വിശ്വാസക്കുറവുകൊണ്ടുമാത്രം ആകണമെന്നില്ല. ആഗ്രഹവും യാചനയും ദൈവഹിതമനുസരിച്ചായിരിക്കണം. യഥാർത്ഥ നന്മ ആയതു മാത്രമേ ദൈവം നൽകൂ. അതിനാൽ എന്താണ് ചോദിക്കുന്നത് എന്നും ശ്രദ്ധിക്കണം. അതേസമയം മനുഷ്യന്റെ വിശ്വാസമല്ല, ദൈവമാണ് അത്ഭുതം പ്രവർത്തിക്കുന്നത് എന്ന കാര്യം മറക്കാതിരിക്കണം. ദൈവത്തിനു പ്രവർത്തിക്കാൻ കളമൊരുക്കുകയാണ് വിശ്വാസം ചെയ്യുന്നത്. ഇക്കാര്യം വിസ്മരിക്കുന്നത് മനുഷ്യനെ അഹങ്കാരത്തിലേക്കും അതുവഴി വലിയ നാശത്തിലേക്കും നയിച്ചെന്നുവരും. വലിയ അത്ഭുതപ്രവർത്തകരായി അറിയപ്പെടുന്ന പലർക്കും സംഭവിക്കുന്ന ഒരു വീഴ്ചയാണിത്. അതേസമയം ശിഷ്യന്മാരുടെ അല്പ വിശ്വാസത്തെക്കുറിച്ചുള്ള പരാമർശം സഭാസമൂഹത്തിനു മുഴുവൻ ഒരു താക്കീതും ഉപദേശവും ഉൾക്കൊള്ളുന്നു. ക്രിസ്തുവിന്റെ സഭ വിശ്വസിക്കുന്നവരുടെ സമൂഹമായിരിക്കണം. ഞാനല്ല, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നതും പ്രവർത്തിക്കുന്നതും എന്ന ബോധ്യം സഭാസമൂഹത്തിനും അതിലെ ഓരോ വ്യക്തിക്കും ഉണ്ടായിരിക്കണം.

### *2. പീഡാനുഭവപ്രവചനം 17,22-23*

മർക്കോസിന്റെ സുവിശേഷത്തെ അനുഗമിച്ച് മത്തായിയും യേശുവിന്റെ മൂന്നു പീഡാനുഭവ പ്രവചനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് (16,21; 17,22-23; 20,17-19). അതിൽ ഏറ്റം ഹ്രസ്വമാണ് ഇവിടെ വിചിന്തന വിഷയമായ പ്രവചനം. മനുഷ്യപുത്രൻ എന്നാണ് യേശു തന്നെത്തന്നെ വിശേഷിപ്പിച്ചിരുന്നത്. അനേകം ധ്വനികളുള്ള ഒരു പദമാണിത്. മനുഷ്യവതാരം, പരസ്യജീവിതത്തിലെ വാക്കും പ്രവൃത്തിയും, പീഡാസഹനം, മരണം, ഉത്ഥാനം, മഹത്വീകരണം, വിധിയാളനായി രണ്ടാംവരവ് എന്നിങ്ങനെ രക്ഷാകരചരിത്രം മുഴുവനിലേക്കും ഈ പദം സൂചനകൾ നൽകുന്നു. "ഏല്പിക്കപ്പെടാൻ പോകുന്നു" എന്നത് കർമ്മിണി പ്രയോഗത്തിലൂടെ ആത്യന്തികമായി ദൈവം തന്നെയാണ് മരണത്തിന് ഏല്പിച്ചുകൊടുക്കുന്നതും ഉയിർപ്പിക്കുന്നതും എന്നു സൂചിപ്പിക്കുന്നു. പീഡാനുഭവ പ്രവചനങ്ങളെല്ലാം ഉത്ഥാന പ്രവചനത്തോടെയാണവസാനിക്കുന്നത്. എന്നാലും പ്രവചനം ശിഷ്യരെ ദുഃഖാർത്തരാക്കുന്നു. "അവൻ പറഞ്ഞതിന്റെ അർത്ഥം അവർക്കു

മനസ്സിലായില്ല" എന്ന മർക്കോസിന്റെ പരാമർശത്തെ (മർക്കോ 9,32) "അവർ അതീവ ദുഃഖിതരായിത്തീർന്നു" എന്നു മത്തായി വിശേഷിപ്പിക്കുന്നു. ആസന്നമായിരിക്കുന്ന മരണത്തെക്കുറിച്ചുള്ള അറിവും ഉത്ഥാനത്തെക്കുറിച്ചുള്ള അജ്ഞതയുമാണ് ശിഷ്യരുടെ ദുഃഖകാരണം. വിശ്വാസത്തിന്റെ ആവശ്യകത ഇവിടെയും തെളിയുന്നു. പീഡാസഹനവും മരണവും രക്ഷയുടെ വഴിയിൽ അനിവാര്യമാണെന്ന് ഇതിലൂടെ പഠിപ്പിക്കുന്നു.

### *3. ദേവാലയ നികുതി 17,24 – 27*

മത്തായി സുവിശേഷകൻ മാത്രം രേഖപ്പെടുത്തിയിട്ടുള്ള ഈ സംഭവം ക്രിസ്തുശിഷ്യർ സമൂഹത്തിൽ അനുവർത്തിക്കേണ്ട ഒരു പ്രവർത്തനശൈലിയെക്കുറിച്ച് ഉദ്ബോധിപ്പിക്കുന്നു. ഒപ്പം പന്ത്രണ്ടുപേരുടെ ഇടയിൽ പത്രോസിനുള്ള പ്രമുഖസ്ഥാനത്തെ സൂചിപ്പിക്കുകയും ചെയ്യുന്നു. "*ദിദ്രാക്മാ*" എന്ന ഗ്രീക്കു പദമാണ് ദേവാലയ നികുതി എന്നു വിവർത്തനം ചെയ്തിരിക്കുന്നത്.

ജറുസലെം ദേവാലയത്തിലെ ബലിയർപ്പണത്തിനും മറ്റു ശുശ്രൂഷകൾക്കും, ദേവാലയത്തിന്റെയും ദേവാലയ ശുശ്രൂഷികളുടെയും സംരക്ഷണത്തിനും വേണ്ടി ഇരുപതു വയസ്സു തികഞ്ഞ എല്ലാ പുരുഷന്മാരും പ്രതിവർഷം അര ഷെക്കൽവീതം നൽകണം എന്നു നിയമമുണ്ടായിരുന്നു. പുറ 30,11-16 ൽ രേഖപ്പെടുത്തിയിരിക്കുന്ന കർത്താവിന്റെ കല്പനയെ ആസ്പദമാക്കിയാണ് ഈ നിയമം നടപ്പിലാക്കിയിരുന്നത്. പ്രവാസത്തിൽ നിന്നു മടങ്ങിവന്നവർ ദേവാലയ ശുശ്രൂഷയ്ക്കായി മൂന്നിൽ ഒരു ഷെക്കൽ നല്കാം എന്നു പ്രതിജ്ഞ ചെയ്തതായി നെഹെ 10,32-33 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. യേശുവിന്റെ കാലത്ത് ഇപ്രകാരം ദേവാലയ ശുശ്രൂഷകൾക്കായി പിരിച്ചിരുന്ന തുകയെ "ദിദ്രാക്മാ" എന്നാണ് വിശേഷിപ്പിച്ചിരുന്നത്. ദിദ്രാക്മാ എന്നാൽ "*ഇരട്ടദ്രാക്മാ*" എന്നർത്ഥം. ദ്രാക്മായുടെയും ദേനാറയുടെയും മൂല്യം ഒന്നുതന്നെ ആയിരുന്നു. അതിനാൽ ദിദ്രാക്മാ ഒരു സാധാരണ തൊഴിലാളിയുടെ രണ്ടു ദിവസത്തെ കൂലിയായി കണക്കാക്കാം. ഇന്നു കേരളത്തിൽ നിലവിലിരിക്കുന്ന കൂലിയനുസരിച്ച് ആയിരം രൂപ.

ആദാർമാസം (ഫെബ്രുവരി 15-മാർച്ച് 15) ഒന്നാം തിയ്യതി ദേവാലയ നികുതി പിരിവിനെക്കുറിച്ച് ദേശത്തു മുഴുവൻ അറി

യിപ്പുണ്ടാകും. ആ മാസം 15-25 തിയ്യതികളിൽ ഓരോ ഗ്രാമത്തിലും പട്ടണത്തിലും ഒരു പ്രത്യേക സ്ഥലത്ത് ഈ നികുതി സ്വീകരിക്കാൻ ഉദ്യോഗസ്ഥരുണ്ടാകും. ഈ കാലയളവിൽ നികുതിയടയ്ക്കാൻ കഴിയാത്തവർ പിന്നീട് സൗകര്യംപോലെ ജറുസലെം ദേവാലയത്തിൽ നേരിട്ട് അടയ്ക്കണം. സ്വന്തം പട്ടണമായ കഫർണാമിൽ തിരിച്ചെത്തിയ പത്രോസിനോട് നികുതി പിരിവുദ്യോഗസ്ഥർ ഗുരു നികുതി കൊടുക്കുന്നില്ലേ എന്നു ചോദിച്ചത് ഈ പശ്ചാത്തലത്തിൽ മനസിലാക്കാം. ചർച്ചയ്ക്കു നില്ക്കാതെ "ഉവ്വ്" എന്ന മറുപടി പറഞ്ഞ പത്രോസുമായുള്ള യേശുവിന്റെ സംഭാഷണം സമൂഹത്തിൽ അനുവർത്തിക്കേണ്ട ജീവിതശൈലിയെക്കുറിച്ച് ശ്രദ്ധേയമായ ചില ഉൾക്കാഴ്ചകൾ നൽകുന്നുണ്ട്.

ഭൂമിയിലെ രാജാക്കന്മാർ പുത്രന്മാരിൽ നിന്നില്ല, അന്യരിൽ നിന്നാണ് നികുതി പിരിക്കുന്നത് എന്ന സാധാരണ പതിവിന്റെ വെളിച്ചത്തിൽ പുത്രനായ യേശു ദേവാലയ നികുതികൊടുക്കാൻ ബാധ്യസ്ഥനല്ല. തന്റെ ദൈവപുത്രസ്ഥാനത്തെക്കുറിച്ചുള്ള സൂചനയാണ് ഈ മറുപടിയിലുള്ളത്. നിയമവും നാട്ടുനടപ്പും അനുസരിച്ച് ദേവാലയ നികുതികൊടുക്കാൻ കടമയില്ലെങ്കിലും ഇടർച്ചയുണ്ടാകാതിരിക്കാൻ വേണ്ടി യേശു നികുതികൊടുക്കാൻ തയ്യാറാകുന്നു. ഇടർച്ച എന്നത് മറ്റുള്ളവരെ തിന്മചെയ്യാൻ പ്രേരിപ്പിക്കുന്ന പ്രവൃത്തിയോ സംസാരമോ ആകാം. ഉപരി നന്മയെ ലക്ഷ്യംവച്ച് തനിക്കു ലഭ്യമായിരുന്ന ആനുകൂല്യം വേണ്ടെന്നുവയ്ക്കാൻ യേശു തയ്യാറാകുന്നു. തനിക്കു വേണ്ടി മാത്രമല്ല, ശിഷ്യപ്രധാനിയായ പത്രോസിനുവേണ്ടിയും യേശു നികുതി കൊടുക്കുന്നു.

ആദ്യം ചൂണ്ടയിൽ കൊത്തുന്ന മത്സ്യത്തിന്റെ വായിൽ ദിദ്രാക്മാ കാണുമെന്നും അതു നികുതിയായി കൊടുക്കണമെന്നും പറയുന്നത് ഒരു അത്ഭുതത്തെ സൂചിപ്പിക്കുന്നതാവാം; എന്നാൽ അങ്ങനെ ആകണം എന്നില്ല. സ്വന്തം ആവശ്യത്തിനായി അത്ഭുതം പ്രവർത്തിക്കുന്നത് പൈശാചിക പ്രലോഭനമായി കണ്ട് തിരസ്കരിച്ച യേശു ഇപ്പോൾ തനിക്കുവേണ്ടി ഒരത്ഭുതം പ്രവർത്തിച്ചു എന്നു വിശ്വസിക്കാൻ മടിക്കുന്ന ധാരാളം ബൈബിൾ വ്യാഖ്യാതാക്കളുണ്ട്. മീനിന്റെ വായിൽനിന്ന് നികുതിക്കുള്ള നാണയം കിട്ടും എന്നത്, പോയി മീൻ പിടിച്ച് വിറ്റ്

നികുതിയടയ്ക്കാൻ നേരിട്ടു പറയുന്നതിനുപകരം ഒരു ആലങ്കാരിക പ്രയോഗമായി കാണാൻ കഴിയും.

മത്തായി സുവിശേഷം എഴുതുന്ന കാലത്ത് ഈ നിയമത്തിനു കൂടുതൽ പ്രസക്തിയും പ്രാധാന്യവുമുണ്ട്. എ.ഡി. 70-ൽ ജറുസലെം ദേവാലയം നശിപ്പിക്കപ്പെട്ടു. അന്നുവരെ ദേവാലയത്തിനുവേണ്ടി യഹൂദർ കൊടുത്തിരുന്ന രണ്ടു ദ്രാക്മാ ഇനി റോമിലെ ജൂപ്പിറ്ററിന്റെ ദേവാലയത്തിലേക്കു നികുതിയായി നൽകണം എന്ന് വെസ്പസിയാൻ ചക്രവർത്തി കല്പന പുറപ്പെടുവിച്ചു. ഇതിനെതിരേ യഹൂദരുടെ ഇടയിൽ വ്യാപകമായ പ്രതിഷേധമുണ്ടായി. ഈ പശ്ചാത്തലത്തിൽ യേശുവിന്റെ ഉപദേശത്തിന് ആനുകാലിക പ്രസക്തി വർദ്ധിക്കുന്നു. രാജ്യത്തിന്റെ ന്യായവും നീതിയുക്തവുമായ നിയമങ്ങൾ ക്രിസ്തുശിഷ്യർ പാലിക്കണം. അതിന് ഒഴികഴിവു പറയുകയോ ഇളവുകൾ തേടി പോവുകയോ അരുത്. ദേശത്തെ മറ്റെല്ലാ പൗരന്മാരെയും പോലെ ക്രിസ്ത്യാനികളും ദേശത്തിന്റെ നിയമങ്ങൾക്കു വിധേയരായിരിക്കണം.

ഈ നിലപാടാണ് ആദ്യനൂറ്റാണ്ടിൽ സഭ പൊതുവേ സ്വീകരിച്ചിരുന്നത് എന്നു പുതിയ നിയമത്തിന്റെ പല ഭാഗങ്ങളിൽ നിന്നും മനസിലാക്കാം. "ഓരോരുത്തർക്കും അവകാശപ്പെട്ടിരിക്കുന്നതു കൊടുക്കുവിൻ. നികുതി അവകാശപ്പെട്ടവനു നികുതി; ചുങ്കം അവകാശപ്പെട്ടവനു ചുങ്കം..." (റോമാ 13,7) എന്ന് വി. പൗലോസും "നിങ്ങൾ കർത്താവിനെ പ്രതി എല്ലാ മാനുഷികാധികാരികൾക്കും വിധേയരായിരിക്കുവിൻ..." (1 പത്രോ2,14-15) എന്ന് വി. പത്രോസും ഉദ്ബോധിപ്പിക്കുന്നത് ഈ മനോഭാവത്തോടെയാണ്. കോൺസ്റ്റന്റൈൻ ചക്രവർത്തി ക്രിസ്തുമതത്തെ റോമിന്റെ ഔദ്യോഗികമതമായി പ്രഖ്യാപിക്കുകയും വിവിധ ആനുകൂല്യങ്ങൾ നല്കുകയും ചെയ്തതു മുതൽ ഈ നിലപാടിനു മാറ്റം വരുകയുണ്ടായി. എന്നാലും ദേശത്തു നിലനിൽക്കുന്ന നിയമങ്ങളെല്ലാം കണിശമായി അനുസരിക്കാനും ന്യായമായ നികുതികൾ കൊടുക്കാനും എല്ലാവരും ബാധ്യസ്ഥരാണ്. അതുപോലെതന്നെ ദൈവശുശ്രൂഷയ്ക്കാവശ്യമായ ചിലവുകൾ വഹിക്കാൻ വിശ്വാസികൾ സന്നദ്ധരായിരിക്കണം എന്നും ഈ സംഭവത്തിലൂടെ യേശു പഠിപ്പിക്കുന്നു.

# 49

## ഏലിയാ 4 – ാം ഞായർ

# അഗ്നിപരീക്ഷയെ അതിജീവിച്ച വിശ്വാസം

**(മത്താ 15,21 – 28)**

തികച്ചും അസാധാരണവും അതിനാൽത്തന്നെ മനസ്സിലാക്കാനും സ്വീകരിക്കാനും ഏറെ ബുദ്ധിമുട്ടുള്ളതുമായ ഒരു സംഭവമാണ് ഇന്നത്തെ സുവിശേഷഭാഗം അവതരിപ്പിക്കുന്നത്. ദൈവകാരുണ്യത്തിന്റെ മൂർത്തിമദ്ഭാവമാണ് നസ്രത്തിലെ യേശു. എല്ലാവരോടും, പ്രത്യേകിച്ച് ദരിദ്രരും രോഗികളും സമൂഹം ഭ്രഷ്ട് കല്പിച്ചവരുമായ വ്യക്തികളോട്, അവന് പ്രത്യേക സ്നേഹവും കാരുണ്യവും ഉണ്ടായിരുന്നു. അതിനാലാണ് രോഗികളും അശരണരുമായവർ അവന്റെയടുത്തേക്ക് വന്നത്. എന്നാൽ ഇന്നത്തെ വായനയിൽ ഇതിനു കടകവിരുദ്ധം എന്നു തോന്നാവുന്നതാണ് യേശുവിന്റെ പ്രവൃത്തി.

പിശാചു ബാധിതയായ മകളെ സുഖപ്പെടുത്തണം എന്ന യാചനയുമായി വന്ന ഒരു കാനാൻകാരിയോടുള്ള യേശുവിന്റെ പ്രതികരണം അസാധാരണം എന്നു മാത്രമല്ല, മനസിലാക്കാൻ ഏറെ വിഷമമുള്ളതുമാണ്. ചിരപരിചിതമായതിൽ നിന്നും ഏറെ വ്യത്യസ്തമാണ് ഈ വിവരണം അവതരിപ്പിക്കുന്ന യേശുചിത്രം. ഇവിടെ കരുണയുടെ ലാഞ്ചനപോലും ഇല്ലെന്നു മാത്രമല്ല, ഹൃദയം തകർന്ന പ്രാർത്ഥനയുമായി പിന്നാലെ വരുന്ന ഒരു സ്ത്രീയെ പരസ്യമായി അവഹേളിക്കുന്നതുപോലെ തോന്നും യേശുവിന്റെ മറുപടി കേട്ടാൽ. അതിനാൽത്തന്നെ ഈ സംഭവം അടുത്തു പരിശോധിക്കേണ്ടതുണ്ട്.

പാലസ്തീനായ്ക്കു പുറത്ത്, വിജാതീയരുടെ ദേശത്താണ് സംഭവം. മർക്കോസും ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്

(മർക്കോ 7,24-30). പ്രത്യക്ഷത്തിൽ വിജാതീയരോട് പരുഷമായി പെരുമാറുന്നു എന്നു തോന്നിയതിനാലാവാം ഈ സംഭവം ലൂക്കാ രേഖപ്പെടുത്തിയിട്ടില്ല. മർക്കോസിന്റെ വിവരണവുമായി താരതമ്യം ചെയ്താൽ മത്തായിയുടേത് കൂടുതൽ ദീർഘവും പരുഷവും, നാടകീയവുമാണ്. മർക്കോസിന്റെ വിവരണത്തിൽ സ്ത്രീയുടെ അഭ്യർത്ഥനയ്ക്ക് യേശു ഉടനെ മറുപടി നൽകുന്നു. അവളുടെ വിശ്വാസം പ്രകടമാക്കുന്ന മറുപടിക്ക് ഉത്തരമെന്നോണം അവൾ ആവശ്യപ്പെട്ട കാര്യം സാധിച്ചുകൊടുക്കുകയും ചെയ്യുന്നു.

ഈ വിവരണം മത്തായി കൂടുതൽ നാടകീയമായി അവതരിപ്പിക്കുന്നു. കാനാൻകാരിയുടെ അപേക്ഷ പൂർണ്ണമായും അവഗണിക്കുന്നതാണ് ആദ്യത്തെ പ്രതികരണം. പിന്നാലെ നടന്നു നിലവിളിക്കുന്ന തള്ളയുടെ ശല്യം ഒഴിവാക്കാൻ വേണ്ടിയെന്നു തോന്നുമാറ് ശിഷ്യന്മാർ യേശുവിനോട് അഭ്യർത്ഥിച്ചു: "അവളെ പറഞ്ഞയച്ചാലും. അവൾ നമ്മുടെ പിന്നാലെ വന്നു നിലവിളിക്കുന്നല്ലോ". ഇവിടെ കരുണയോ സഹാനുഭൂതിയോ അല്ല, ശല്യം ഒഴിവാക്കുകയാണ് അവരുടെ അഭ്യർത്ഥനയുടെ ലക്ഷ്യം എന്നു തോന്നും. അതിന് യേശു കൊടുക്കുന്ന മറുപടിയാണ് കൂടുതൽ ദുരൂഹമാകുന്നത്.

അവൻ മറുപടി പറഞ്ഞു. "ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്കു മാത്രമാണ് ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്." ഈ മറുപടി അക്ഷരാർത്ഥത്തിൽ എടുത്താൽ യേശുവിന്റെ ദൗത്യം തന്നെ ദുരൂഹമായിത്തീരുന്നു. ഇസ്രായേൽ ജനത്തിന്റെ മാത്രം രക്ഷകനാണ് യേശുവെങ്കിൽ അവനെ എങ്ങനെ ലോകരക്ഷകനായി കരുതാനാവും? രക്ഷകൻ എന്നർത്ഥമുള്ള യേശു എന്ന പേര് ഇസ്രായേൽ ജനത്തിന്റെ രക്ഷയെ മാത്രമാണോ സൂചിപ്പിക്കുക? ഇത് രക്ഷകനെക്കുറിച്ചുള്ള പ്രവചനങ്ങൾക്കും യേശുവിനെക്കുറിച്ചുള്ള സകല ധാരണകൾക്കും കടകവിരുദ്ധമായി നിൽക്കുന്നു. അതിനാൽ ഈ പ്രസ്താവനയ്ക്ക് പ്രത്യക്ഷത്തിൽ കാണുന്നതിനേക്കാൾ കൂടുതൽ വ്യാപകവും ആഴമേറിയതുമായ അർത്ഥം ഉണ്ടെന്നു കരുതണം.

താൻ അവഗണിക്കപ്പെടുന്നു എന്ന് ദുഃഖാർത്തയായ ആ മാതാവ് മനസിലാക്കി. തന്റെ മകളെ സുഖപ്പെടുത്താൻ കഴിയുന്ന

ഏക വ്യക്തിയാണ് കടന്നുപോകുന്നത്. ഈ അവസരം പാഴാക്കിയാൽ തന്റെ മകൾക്കു ഒരിക്കലും സൗഖ്യം ലഭിക്കില്ല എന്നവൾ കരുതി. അതിനാൽ ഏതു വിധേനയും യേശുവിനെ നിർബ്ബന്ധിക്കാൻ അവൾ തീരുമാനിച്ചു. തുടർന്ന് ചെയ്തത് ഒരു വലിയ സാഹസമായിരുന്നു.

പിന്നാലെ നടന്നു നിലവിളിച്ചവൾ ഇപ്പോൾ മുന്നിൽ കയറി വഴിതടഞ്ഞു. എന്റെ മകളെ സുഖപ്പെടുത്തിയിട്ടല്ലാതെ ഇനി ഒരടി മുന്നോട്ടുവയ്ക്കാൻ ഞാൻ സമ്മതിക്കുകയില്ല. അങ്ങനെ കടന്നുപോകണമെങ്കിൽ എന്റെ മേലായിരിക്കും നിന്റെ ആദ്യത്തെ പാദം പതിക്കുന്നത്. വഴിയിൽ വിലങ്ങടിച്ചു കിടന്ന പ്രവൃത്തിയെ “പ്രണമിച്ചു” എന്നാണ് സുവിശേഷകൻ വിശേഷപ്പിക്കുന്നത്. ദൈവാരാധനയെ സൂചിപ്പിക്കുന്നതാണ് ഗ്രീക്കുമൂലം. ഒരേസമയം യേശുവിന്റെ ദൈവത്വത്തെ അംഗീകരിച്ച് ആരാധിക്കുകയും അതോടൊപ്പം തന്റെ ദൈന്യതയും നിർബ്ബന്ധവും വ്യക്തമാക്കുകയും ചെയ്യുന്നതാണ് ഈ പ്രവൃത്തി.

പക്ഷേ, ഇവിടെയും യേശുവിന്റെ മനസ് അലിയുന്നില്ല എന്നു തോന്നും. മാത്രമല്ല അവന്റെ മറുപടി ഒരു പരിഹാസമായും കരുതാൻ കഴിയും. “മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്ക് എറിഞ്ഞു കൊടുക്കുന്നത് ഉചിതമല്ല.” ആരാണ് മക്കൾ? ആരാണ് നായ്ക്കൾ? ഇസ്രായേൽക്കാരുടെ ഇടയിൽ അന്നു നിലവിലിരുന്ന കാഴ്ചപ്പാടിൽ ഈ പ്രസ്താവനയുടെ ധ്വനി വ്യക്തമാണ്. അബ്രാഹത്തിന്റെ സന്തതികളായ ഇസ്രായേൽക്കാരാണ് മക്കൾ. ശുദ്ധാശുദ്ധ വിവേചനമില്ലാതെ കിട്ടുന്നതെല്ലാം ഭക്ഷിക്കുമെന്നതിനാൽ വിജാതീയർ നായ്ക്കളെപ്പോലെയാണ്. ഇസ്രായേലും വിജാതീയരും തമ്മിലുള്ള വ്യത്യാസം തന്നെയാണ് പ്രമേയം. അപ്പോൾ യേശുവും ഒരു വർഗ്ഗീയ വാദിയോ?

ആവശ്യക്കാരന് ഔചിത്യബോധമില്ല എന്ന പഴഞ്ചൊല്ല് അന്വർത്ഥമാക്കുന്നതാണ് ആ അമ്മയുടെ മറുപടി: “അതേ കർത്താവേ, നായ്ക്കളും യജമാനന്റെ മേശയിൽ നിന്നു വീഴുന്ന അപ്പക്കഷ്ണങ്ങൾ തിന്നുന്നുണ്ടല്ലോ”. യേശുവിന്റെ മറുപടിയെ അവഹേളനമോ തിരസ്കരണമോ ആയിട്ടല്ല അവൾ കണ്ടത്. നായെന്നു വിളിച്ച് തന്നെ പരിഹസിക്കുന്നതായും അവൾ കരുതിയില്ല. വിജാതീയരെ പുച്ഛത്തോടെ കാണുന്ന ഇസ്രായേൽക്കാരന്റെ ആഢ്യത്വഭാവവും അവൾ പരിഗണിച്ചില്ല. യേശുവിന്റെ മറുപടി തന്നെ ഒരു കച്ചിത്തുരുമ്പാക്കി അവൾ പിടിച്ചുനിന്നു.

"*നായ*" എന്ന പദത്തിന്റെ ഗ്രീക്കുമൂലം ഇവിടെ ശ്രദ്ധേയമാണ്. നായയെ സൂചിപ്പിക്കാൻ ഗ്രീക്കിൽ രണ്ടു പദങ്ങളുണ്ട്. "*കുവോൺ*" എന്നതാണ് സാധാരണ ഉപയോഗിക്കുന്ന പദം. *തെരുവുനായ*, *കില്ലപട്ടി* എന്നൊക്കെ ഇതിനെ വിശേഷിപ്പിക്കാം. ഈ അർത്ഥത്തിലാണ് യഹൂദർ വിജാതീയരെക്കുറിച്ച് നായ്ക്കൾ എന്നു പറഞ്ഞിരുന്നത്. എന്നാൽ ഇവിടെ ഉപയോഗിച്ചിരിക്കുന്നത് മറ്റൊരു പദമാണ്: "*കുനാരിയോൺ*". ഇതിനെ *വളർത്തുനായ*, *പട്ടിക്കുഞ്ഞ്* എന്നൊക്കെ വിശേഷിപ്പിക്കാം. ഈ പദമാണ് കാനാൻകാരിക്കു പ്രത്യാശ നൽകുന്നത്. വളർത്തുനായയെങ്കിൽ അതിനു തീറ്റിക്കൊടുക്കാനുള്ള ഉത്തരവാദിത്വം യജമാനന്റേതാണ്. അവഹേളനമായി കരുതാമായിരുന്ന മറുപടി അംഗീകാരമായി പരിഗണിച്ചുകൊണ്ട് അവൾ യാചന തുടർന്നു.

വാക്കിന്റെ അർത്ഥത്തിലുള്ള സൂക്ഷ്മമായ ഈ വ്യത്യാസം അവൾ മനസിലാക്കിയോ എന്ന ചോദ്യത്തിനു പ്രസക്തിയില്ല. മറിച്ച് ഈ വിവരണത്തിലൂടെ സുവിശേഷകൻ നൽകുന്ന സന്ദേശമാണ് പ്രധാനം. ആ സന്ദേശം യേശുവിന്റെ അവസാനത്തെ മറുപടിയിൽ വ്യക്തമാകുന്നു. "സ്ത്രീയേ നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു സംഭവിക്കട്ടെ." വിജാതീയരോടുള്ള വിദ്വേഷമോ അവഗണനയോ ആയിരുന്നില്ല യേശുവിന്റെ നിസംഗതയ്ക്കു കാരണം. മറിച്ച് അവളുടെ വിശ്വാസത്തിന്റെ ആഴം അളക്കുക, അതിലുപരി ആ വിശ്വാസത്തിന്റെ ആഴം പ്രകടമാക്കാൻ അവൾക്ക് അവസരം നൽകുക എന്നതായിരുന്നു ഈ സമീപനത്തിന്റെ ലക്ഷ്യം-ഏകജാതനെ ബലിയർപ്പിക്കാൻ കല്പന ലഭിച്ച അബ്രാഹം നേരിട്ടതുപോലുള്ള ഒരഗ്നി പരീക്ഷ.

ആ പരീക്ഷണത്തിൽ അവൾ വിജയിച്ചു. അല്പ വിശ്വാസികളായ ശിഷ്യന്മാരെയും അല്പംപോലും വിശ്വസിക്കാത്ത യഹൂദനേതാക്കളെയുംകാൾ ആയിരം മടങ്ങ് ശ്രേഷ്ഠയാണ് വിജാതീയ സ്ത്രീയായ ഈ കാനാൻകാരി. പ്രതിബന്ധങ്ങളുടെയും പരാജയങ്ങളുടെയും മുന്നിൽ തളരാത്ത അവളുടെ വിശ്വാസം ലക്ഷ്യം കണ്ടു. "ആ സമയം മുതൽ അവളുടെ പുത്രി സൗഖ്യമുള്ളവളായി." മനം തളരാതെ, മടുപ്പു തോന്നാതെ, ഉറച്ച വിശ്വാസത്തോടെ നിരന്തരം പ്രാർത്ഥിക്കണം, ദൈവം പ്രാർത്ഥന കേൾക്കുക തന്നെ ചെയ്യും എന്ന സന്ദേശമാണ് ഈ വിവരണത്തിലൂടെ സുവിശേഷകൻ നൽകുന്നത്. എന്നാൽ അതു മാത്ര

മല്ല. സുവിശേഷത്തിന്റെ പൊതുഘടനയിൽ ഈ സംഭവത്തിന് കൂടുതൽ വ്യാപകമായ അർത്ഥവും പ്രസക്തിയുമുണ്ട്.

അബ്രാഹത്തിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ യേശു ക്രിസ്തു എന്ന വിശേഷണത്തിലൂടെ ആരംഭിക്കുന്ന സുവിശേഷം യഹൂദർ തിരസ്കരിക്കുകയും വിജാതീയർ സ്വീകരിക്കുകയും ചെയ്ത രക്ഷകനാണ് അവൻ എന്ന അടിസ്ഥാന പ്രമേയത്തിന് ഊന്നൽ നൽകുന്നു. ഈ പ്രമേയം തുടക്കം മുതൽ വ്യക്തമാണ്. ദാവീദിന്റെ പട്ടണമായ ബേത്ലെഹെമിൽ യേശു ജനിച്ചപ്പോൾ കിഴക്കുനിന്ന് വിജാതീയരായ ജ്ഞാനികൾ അവനെ തേടി ജറുസലെമിൽ എത്തി. വാർത്തയറിഞ്ഞ ഹേറോദോസ് രാജാവും നഗരം മുഴുവനും അസ്വസ്ഥമായി. ശിശുവിനെ വധിക്കാൻ രാജാവ് കരുക്കൾ നീക്കുമ്പോൾ വിജാതീയജ്ഞാനികൾ ശിശുവിനെകണ്ട് ആരാധിച്ച് സന്തോഷത്തോടെ സ്വന്തം നാട്ടിലേക്കു മടങ്ങി. തുടർന്നു സംഭവിക്കുന്നത് രക്ഷകനായി ജനിച്ച ശിശുവിനെ വധിക്കാനുള്ള വ്യഥാശ്രമമാണ്. രക്ഷകശിശു അഭയാർത്ഥിയായി വിദേശത്ത് അഭയം തേടുന്നു.

പരസ്യജീവിതകാലത്ത് ഈ അനുഭവം അനേകം തവണ ആവർത്തിച്ചു. തുടക്കം മുതലേ യഹൂദനേതാക്കൾ അവനെ സംശയദൃഷ്ടിയോടെ വീക്ഷിച്ചു. ചോദ്യം ചെയ്തു; അവന്റെ പ്രവൃത്തികളിലും വാക്കുകളിലും കുറ്റം കണ്ടുപിടിച്ചു. അവനെ എതിർത്തു; തിരസ്കരിച്ചു. മാത്രമല്ല ഉന്മൂലം ചെയ്യാൻ ശ്രമിച്ചു (9,3;11,14.24;12,14). നേതാക്കൾ അവനെ വധിക്കാൻ ആലോചന നടത്തുമ്പോൾ യേശു അവരിൽനിന്നും അകന്നു പോകുന്നതായി പലതവണ സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട്: "ഇതു മനസിലാക്കിയ യേശു അവിടെ നിന്നു പിൻവാങ്ങി" (മത്താ 12,15). സ്നാപകന്റെ ശിരഛേദത്തെക്കുറിച്ചു കേട്ടപ്പോൾ യേശു "അവിടെ നിന്നു പിൻവാങ്ങി" (മത്താ 14,13). ഇപ്രകാരമുള്ള എതിർപ്പിന്റെയും പിൻവാങ്ങലിന്റെയും പശ്ചാത്തലത്തിലാണ് വിജാതീയ സ്ത്രീയുടെ വിശ്വാസം രേഖപ്പെടുത്തിയിരിക്കുന്നത്. അതിനു തൊട്ടുമുമ്പ് നാം കാണുന്നത് ഫരിസേയരുടെ കുറ്റാരോപണവും യേശുവിന്റെ മറുപടിയുമാണ് (മത്താ 15,1-20).

സ്വജനത്താൽ തിരസ്കൃതനായ യേശുവിന്റെ വഴിയിൽ കുരിശിന്റെ നിഴൽ പതിഞ്ഞു. അടുത്ത അധ്യായം മുതൽ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും അനിവാര്യതയെക്കുറിച്ചാണ്

യേശു പഠിപ്പിക്കുക (മത്താ 16,21-23). ഈ പശ്ചാത്തലത്തിൽ ഒരു വിജാതീയ സ്ത്രീയുടെ ദൃഢമായ വിശ്വാസപ്രഖ്യാപനം സവിശേഷ ശ്രദ്ധയർഹിക്കുന്നു. യേശുവിന്റെ വരവിലൂടെ ദൈവത്തിന്റെ പ്രത്യേക ജനം എന്നു സ്വയം വിശേഷിപ്പിച്ചിരുന്ന ഇസ്രായേൽക്കാരല്ല, വിജാതീയരായിരിക്കും രക്ഷ പ്രാപിക്കുക എന്ന പ്രമേയത്തിന്റെ ഒരുദാഹരണമാണിത്. മേശയ്ക്കിരിക്കുന്ന മക്കൾ ഭക്ഷിക്കാതെ അപ്പം എറിഞ്ഞു കളയുമ്പോൾ മേശയ്ക്കടിയിൽനിന്നു നായ്ക്കൾ അപ്പക്കഷ്ണങ്ങൾ തിന്നുന്ന ചിത്രത്തിൽ തെളിയുന്ന വിരോധാഭാസം ചെറുതല്ല.

ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുക്കലേക്കു മാത്രമാണ് താൻ അയ്ക്കപ്പെട്ടിരിക്കുന്നത് എന്ന യേശുവിന്റെ പ്രസ്താവന വിശദീകരണം ആവശ്യപ്പെടുന്നു. തന്റെ പന്ത്രണ്ട് ശിഷ്യന്മാരെ സുവിശേഷം പ്രസംഗിക്കാൻ ആദ്യമായി അയയ്ക്കുമ്പോൾ നൽകുന്ന നിർദ്ദേശങ്ങളിലും ഈ ഒരു പ്രമേയം പ്രത്യക്ഷപ്പെടുന്നുണ്ട്; "നിങ്ങൾ വിജാതീയരുടെ അടുത്തേക്കു പോകരുത്; സമറിയാക്കാരുടെ പട്ടണത്തിൽ പ്രവേശിക്കയുമരുത്. പ്രത്യുത ഇസ്രായേൽ വംശത്തിലെ നഷ്ടപ്പെട്ടുപോയ ആടുകളുടെ അടുക്കലേക്കു പോകുവിൻ" (മത്താ 10,5).

സമയബന്ധിതമായ ഒരു സുവിശേഷദൗത്യമാണ് ഇവിടെ സൂചിപ്പിക്കുന്നത്. അബ്രാഹത്തിന്റെ മക്കളായ ഇസ്രായേൽക്കാരെ ദൈവം പ്രത്യേകം തിരഞ്ഞെടുത്തതാണ്. "നിന്നിലൂടെ ഭൂമുഖത്തെ ജനതകളെല്ലാം അനുഗൃഹീതമാകും" (ഉൽപ 12,3) എന്ന വാഗ്ദാനം ആ തിരഞ്ഞെടുപ്പിന്റെ ലക്ഷ്യം വ്യക്തമാക്കുന്നു. അബ്രാഹവും മക്കളും തിരഞ്ഞെടുക്കപ്പെട്ടത് തങ്ങൾക്കുവേണ്ടി മാത്രമല്ല, സകല ജനതകൾക്കും വേണ്ടിയാണ്. "ഭൂമി മുഴുവൻ എന്റേതാണ്, നിങ്ങൾ എനിക്ക് പുരോഹിതരാജ്യവും വിശുദ്ധജനവും ആയിരിക്കും" (പുറ. 19,6) എന്ന ഉടമ്പടിയുടെ പ്രസ്താവന ഈ ലക്ഷ്യത്തിലേക്കു വിരൽ ചൂണ്ടുന്നു. പ്രവാസകാലത്ത് ഈ ദൗത്യം കൂടുതൽ വ്യക്തമായി. "ഞാൻ നിന്നെ ജനത്തിന് ഉടമ്പടിയും ജനതകൾക്കു പ്രകാശവുമായി നൽകിയിരിക്കുന്നു" (ഏശ 42,7).

ഇസ്രായേൽ ജനത്തിലൂടെ സകലജനതകൾക്കും രക്ഷ നൽകുക എന്ന ദൈവിക പദ്ധതിയുടെ പൂർത്തീകരണമാണ് യേശുവിന്റെ ദൗത്യം. ആദ്യം യഹൂദർക്ക്; പിന്നീട് അവരിലൂടെ

സകല ജനതകൾക്കും രക്ഷ എന്ന ഈ പദ്ധതി പൂർത്തിയാക്കു ന്നതാണ് യേശുവിന്റെ പ്രവർത്തനശൈലി എന്ന് മത്തായി സുവി ശേഷകൻ എടുത്തുകാട്ടുന്നു. അതുകൊണ്ടാണ് യേശുവിന്റെയും യേശുവിന്റെ ഐഹികജീവിതകാലത്ത് ശിഷ്യരുടെയും പ്രവർത്തന മണ്ഡലം ഇസ്രായേൽക്കാരുടെ ഇടയിൽ മാത്രം ഒതുങ്ങിനിൽക്കാൻ ആഗ്രഹിക്കുന്നത്. ദൈവം നൽകുന്ന രക്ഷ യെക്കുറിച്ച്, അഥവാ വാഗ്ദാനങ്ങളുടെ പൂർത്തീകരണത്തെക്കു റിച്ച്, ഇസ്രായേൽ ദേശത്തുള്ള സകലരും അറിയണം; സ്വീകരി ക്കാൻ അവർക്ക് അവസരം ലഭിക്കണം. ഇത് സമയബന്ധിത മായ ഒരു ദൗത്യമാണ്.

എന്നാൽ ഇസ്രായേൽ ജനത്തിന് രക്ഷകനെ തിരിച്ചറിയാനും സ്വീകരിക്കാനും കഴിഞ്ഞില്ല. ആ പരാജയത്തിന് ഉത്തരവാദികൾ അവരല്ലാതെ മറ്റാരുമല്ല എന്ന് മത്തായി സുവിശേഷകൻ വ്യക്ത മാക്കുന്നു. യേശുവിന്റെ ഉത്ഥാനത്തിന് അനിഷേധ്യമായ തെളിവു ലഭിച്ചിട്ടും കല്ലറ കാവൽക്കാരെ കൈക്കൂലി കൊടുത്ത് സ്വാധീ നിച്ച് കള്ളം പറയാൻ പ്രേരിപ്പിക്കുന്നതിലൂടെ (മത്താ 28,11-15) അവരുടെ അക്ഷന്തവ്യമായ പരാജയവും കുറ്റവും സുവിശേഷ കൻ എടുത്തുകാട്ടുന്നു.

തിരഞ്ഞെടുക്കപ്പെട്ട ജനം മനഃപൂർവ്വം ദൈവത്തിനു പുറം തിരിഞ്ഞപ്പോൾ രക്ഷാചരിത്രം മറ്റൊരു വഴിയേ മുന്നേറുന്നതായി സുവിശേഷസമാപനത്തിൽ സുവിശേഷകൻ വരച്ചുകാട്ടുന്നു: "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പോയി എല്ലാ ജനത കളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ 28,19-20). മുഖ്യമായും യഹൂദ ക്രൈസ്തവരെ മുന്നിൽ കണ്ടുകൊണ്ട് സുവിശേഷം എഴു തുന്ന മത്തായി അവതരിപ്പിക്കുന്ന രക്ഷാചരിത്രത്തിന്റെ ഒരു വിശ ദീകരണം ഈ ഘടനയിൽ നിന്നു വ്യക്തമാകുന്നു. വിജാതീയരെ അവഹേളിക്കുകയോ അവഗണിക്കുകയോ തരം താഴ്ത്തുകയോ അല്ല, അവരാണ് യഥാർത്ഥത്തിൽ യേശുവിലൂടെ ദൈവം നൽകുന്ന രക്ഷ സ്വീകരിച്ചത് എന്ന് ഊന്നിപ്പറയുകയാണ് ഈ വിവരണത്തിന്റെ ലക്ഷ്യം. ടയിർ, സീദോൻ പ്രദേശങ്ങൾ വിജാ തീയരുടെ സ്ഥലമാണ്. യേശു അവിടേക്കു ചെന്നത് ഈ കാനാൻ കാരിയുടെ വിശ്വാസം എടുത്തു കാട്ടാനും അവളുടെ മകൾക്കു സൗഖ്യം നൽകാനും വേണ്ടി മാത്രം ആയിരുന്നു എന്നു തോന്നും. ഈ സംഭവം കഴിഞ്ഞ ഉടനെ യേശു ഗലീലിയിലേക്കു തിരിച്ചു

പോന്നു. വിജാതീയരുടെ അടുക്കലേക്ക് സുവിശേഷം എത്തുന്നതിന്റെ ഒരു മുന്നാസ്വാദനമായി ഇതിനെ കാണണം.

യഹൂദനേതാക്കളുടെ വിശ്വാസരാഹിത്യത്തിന്റെ പശ്ചാത്തലത്തിൽ കാനാൻകാരിയുടെ വിശ്വാസമാഹാത്മ്യം വരച്ചുകാട്ടുന്നതിലൂടെ സുവിശേഷകൻ ലക്ഷ്യംവയ്ക്കുന്ന മറ്റൊരു കാര്യമുണ്ട്. ദൈവത്തിന്റെ പ്രത്യേക പരിഗണനയും പരിപാലനയും അനുഭവിച്ചറിഞ്ഞ ഇസ്രായേൽ ജനം രക്ഷകനെ സ്വീകരിക്കുന്നതിൽ പരാജയപ്പെട്ടെങ്കിൽ, ഇന്ന് യേശുവിന്റെ സഭയിലെ അംഗങ്ങൾ എന്ന് അഭിമാനിക്കുന്നവർക്കും അതേ ദുർഗതി തന്നെ സംഭവിക്കാം. "ഞങ്ങൾക്കു പിതാവായി അബ്രാഹമുണ്ട് എന്നഭിമാനിക്കേണ്ടാ ഈ കല്ലുകളിൽ നിന്ന് അബ്രാഹത്തിനു സന്താനങ്ങളെ പുറപ്പെടുവിക്കാൻ ദൈവത്തിനു കഴിയും" (മത്താ 3,3) എന്ന സ്നാപക വചനത്തിൽ ഈ പ്രബോധത്തിന്റെ വ്യാഖ്യാനം കാണാം. അതിനാൽ കാനാൻകാരിയുടെ വിശ്വാസ ദാർഢ്യത്തെ പുകഴ്ത്തുന്നതോടൊപ്പം സ്വന്തം വിശ്വാസം എപ്രകാരമുള്ളതാണ് എന്ന് ആത്മപരിശോധന ചെയ്യാൻ ഓരോ ക്രിസ്തുവിശ്വാസിയെയും നിർബ്bന്ധിക്കുന്നതാണ് പരിചിന്തനവിഷയമായ സുവിശേഷഭാഗം. അപ്പത്തേയും മേശയേയും കുറിച്ചുള്ള പരാമർശത്തിൽ വിശുദ്ധ കുർബ്ബാനയിലേക്കുള്ള ഒരു സൂചനയും കാണാം.

# 50

## ഏലിയാ 5 – ാം ഞായർ

## തുല്യവേതനം

**(മത്താ 20,1 – 16)**

മുന്തിരിത്തോട്ടത്തിലേക്കു വേലക്കാരെ ക്ഷണിച്ച ഉടമസ്ഥൻ സാമാന്യ നീതിക്കു നിരക്കാത്ത രീതിയിൽ കൂലികൊടുത്തു എന്ന ധാരണയാണ് ഇന്നത്തെ ധ്യാനവിഷയമായ ഉപമയുടെ ആദ്യ വായനയിൽ ഉണ്ടാവുക. പന്ത്രണ്ടുമണിക്കൂർ ജോലിചെയ്തവർക്കും വെറും ഒരു മണിക്കൂർ മാത്രം വേലചെയ്തവർക്കും തുല്യമായ വേതനം നൽകുന്നത് നീതികരിക്കാനാകുമോ? അതിനാൽത്തന്നെ ഈ ഉപമയും അതു രേഖപ്പെടുത്തിയിരിക്കുന്ന സാഹചര്യവും അടുത്തു പരിശോധിക്കേണ്ടതുണ്ട്. അതുപോലെ തന്നെ യേശു ഉപമ പറഞ്ഞ സാഹചര്യം, മത്തായി എഴുതുമ്പോൾ സഭയിൽ നിലനിൽക്കുന്ന അവസ്ഥാവിശേഷം എന്നിവയും ശ്രദ്ധിക്കണം. അവസാനമായി ഈ ഉപമയിലൂടെ എന്താണ് ദൈവം നമ്മോടു പറയുന്നത് എന്നും ചിന്തിക്കണം.

### 1. ഉപമ

മുന്തിരിത്തോട്ടത്തിലേക്കു വേലക്കാരെ ക്ഷണിക്കുന്ന ഉടമസ്ഥനാണ് മുഖ്യശ്രദ്ധാകേന്ദ്രം. ഒരു ദിവസം തന്നെ അഞ്ചുതവണ വേലക്കാരെ തേടിയിറങ്ങുന്നത് സാഹചര്യത്തിന്റെ അടിയന്തിരസ്വഭാവം വ്യക്തമാക്കുന്നു. മുന്തിരിപ്പഴം ശേഖരിക്കുന്നതാവും ജോലി. മുന്തിരി പഴുത്തുപാകമാകുമ്പോൾ ഒരാഴ്ചയ്ക്കകം മുഴുവൻ ശേഖരിക്കണം. അതിനിടെ മഴ വരാനും സാധ്യതയുണ്ട്. അതിനാൽ കഴിയുന്നത്ര വേഗം ശേഖരിക്കുക. അതിനായി കിട്ടാവുന്നത്ര ആളുകളെ ജോലിക്കെടുക്കുക. ഇതാണ് സാഹചര്യം.

അന്നത്തെ സമയഗണനയനുസരിച്ച് പകലിനെ പന്ത്രണ്ടുമ

ണിക്കൂറായി തിരിച്ചിരുന്നു. സൂര്യോദയം ഒന്നാം മണിക്കൂർ, സൂര്യാസ്തമയം പന്ത്രണ്ടാം മണിക്കൂർ. ഈ കണക്കനുസരിച്ച് രാവിലെ ആറുമണിക്കും അവസാനം വൈകുന്നേരം അഞ്ചുമ ണിക്കും ജോലിക്കാരെ തോട്ടത്തിലേക്കു വിളിക്കുന്നു. കൂലിയായി വാഗ്ദാനം ചെയ്യുന്ന ഒരു ദേനാറാ അന്നു നാട്ടിൽ സാധാരണ മായ കൂലിയായി പരിഗണിക്കണം. ആദ്യം വിളിക്കുന്നവരുമായി ഉടമസ്ഥൻ കരാർ ചെയ്യുന്നു. ഉഭയസമ്മതപ്രകാരം നിശ്ചയിച്ച കൂലി ന്യായമായി കരുതണം. പിന്നീടു വരുന്നവർക്ക് കൂലി നിശ്ച യിക്കുന്നില്ല. "ന്യായമായത്" എന്ന വാഗ്ദാനം ഉടമസ്ഥന്റെ തീരു മാനത്തിനു പ്രാധാന്യം നൽകുന്നു. പതിനൊന്നാം മണിക്കൂറിൽ വരുന്നവർ നൽകുന്ന വിശദീകരണം-ഞങ്ങളെ ആരും ജോലിക്കു വിളിച്ചില്ല-അന്നത്തെ സാമൂഹ്യാവസ്ഥയെ വ്യക്തമായി പ്രതി ഫലിക്കുന്നുണ്ട്. ദിവസം മുഴുവൻ കാത്തുനിന്നിട്ടും ജോലി കിട്ടാതെ വീട്ടിലേക്കു മടങ്ങേണ്ടിവരുന്ന തൊഴിൽ രഹിതരുടെ ദാരിദ്ര്യവും പട്ടിണിയും മാനസികാവസ്ഥയും നന്നായി അറിയാം കഥാകാരന്. എന്നാൽ അതല്ല കഥയുടെ കേന്ദ്രം.

ഉപമയുടെ രണ്ടാം ഭാഗം വേതനം നൽകുന്നതു വിവരി ക്കുന്നു. വേലക്കാരെ വിളിക്കാൻ പോയത് ഉടമസ്ഥനാണെങ്കിൽ, കൂലി നൽകുന്നത് കാര്യസ്ഥനാണ്. ഇവിടെ ഉടമസ്ഥനെ, "കൂരി യോസ്" എന്നാണ് വിശേഷിപ്പിക്കുന്നത്. കർത്താവ്, നാഥൻ എന്നൊക്കെയാണ് ഈ ഗ്രീക്കു പദം സാധാരണ വിവർത്തനം ചെയ്യുക. തോട്ടത്തിന്റെ ഉടമസ്ഥനെയാണ് സൂചിപ്പിക്കുന്നതെ ങ്കിലും അതിനുപിന്നിൽ എല്ലാറ്റിന്റെയും ഉടമയും വിധികർത്താ വുമായ ദൈവത്തിന്റെ നിഴൽ വീഴുന്നത് കാണാതെ പോകരുത്.

കൂലി കൊടുക്കുന്നതിൽ രണ്ടു പ്രത്യേകതകൾ ആശ്ചര്യമുള വാക്കുന്നു. അവസാനം വന്നവർക്ക് ആദ്യം എന്നത് തികച്ചും അസാധാരണം എന്നേ പറയാനാകൂ. എല്ലാവർക്കും ഒരേ കൂലി നൽകിയതും അനീതിയായി വ്യാഖ്യാനിക്കാം. അതാണ് ആദ്യം വന്നവർ ചെയ്യുന്നത്. എന്നാൽ ഉടമസ്ഥനു കുലുക്കമില്ല. താൻ വാഗ്ദാനം ചെയ്തതും അവർ സമ്മതിച്ചതുമായ ഒരു ദേനാറാ കൂലി വാങ്ങി സ്ഥലം വിടാൻ പറയുമ്പോൾ നീതി നിഷേധമി ല്ലെങ്കിലും അസ്വസ്ഥതയുണ്ടാകുക സ്വാഭാവികം. ഇവിടെ നീതിയെ മറി കടക്കുന്ന കരുണയാണ് ഉടമസ്ഥൻ കാട്ടുന്നത്. ആദ്യം വന്നവർക്കും അവസാനം വന്നവർക്കും ആവശ്യം ഒരു പോലെയാണല്ലോ. ഓരോരുത്തരുടെയും ജോലിക്കു തക്ക കൂലി

എന്നതിനേക്കാൾ ആവശ്യമനുസരിച്ചു വേതനം എന്ന നിലപാടാണ് ഉടമസ്ഥൻ സ്വീകരിക്കുന്നത്. അതിനാൽത്തന്നെ ഉപമ ദൈവരാജ്യത്തിന്റെ വിശദീകരണമായി മാറുന്നു.

ഉപമയുടെ അനുബന്ധം എന്നതുപോലെ ഒരു വിധിവാചകം ചേർത്തിരിക്കുന്നു: ഇപ്രകാരം "പിമ്പന്മാർ മുമ്പന്മാരും മുമ്പന്മാർ പിമ്പന്മാരും ആകും" (20,16). ദൈവരാജ്യത്തിന്റെ ഒരു സവിശേഷതയെന്ന രീതിയിലാണ് ഈ തത്വം അവതരിപ്പിച്ചിരിക്കുന്നത്. ഉപമയ്ക്കു തൊട്ടുമുമ്പ്, 19,30 ൽ ഇതേ വാക്യം ചേർത്തിരിക്കുന്നതും ശ്രദ്ധിക്കണം. ആരംഭത്തിലും അവസാനത്തിലും ചേർത്തിരിക്കുന്ന ഈ വാക്യം ഉപമ പറയുന്നതിന്റെ ലക്ഷ്യത്തിലേക്കു വിരൽ ചൂണ്ടുന്നു. തന്നെയുമല്ല 19-ാം അധ്യായത്തിൽ വിവരിച്ച കുടുംബം, ശിശുക്കൾ, യുവാക്കൾ ധനത്തിന്റെ വിനിയോഗം എന്നീ പ്രമേയങ്ങളുമായി ഉപമയ്ക്കുള്ള ബന്ധവും കണക്കിലെടുക്കണം.

## 2. യേശുവിന്റെ വിവരണത്തിൽ

യേശു ഉപമ പറഞ്ഞ സാഹചര്യം മനസിലാക്കിയാലേ എന്താണ് ഈ ഉപമകൊണ്ട് യേശു അർത്ഥമാക്കിയത് എന്നു ഗ്രഹിക്കാനാകൂ. രണ്ടു കാര്യങ്ങൾ ഇവിടെ ശ്രദ്ധേയമാകുന്നു. ദൈവരാജ്യത്തിന്റെ വിശദീകരണമാണ് ഈ ഉപമ എന്ന ആമുഖമാണ് ആദ്യത്തേത്. ശ്രോതാക്കൾക്കു പരിചിതമായ ഒരു സംഭവം സ്വർഗ്ഗരാജ്യത്തിന്റെ പ്രതീകമായി യേശു അവതരിപ്പിക്കുന്നു (ദൈവരാജ്യം എന്നു പൊതുവേ കാണുന്ന യാഥാർത്ഥ്യത്തെ മത്തായി സ്വർഗ്ഗരാജ്യം എന്നാണ് വിളിക്കുക. രണ്ടിന്റെയും അർത്ഥം ഒന്നുതന്നെ). വേതനമാണ് രണ്ടാമത്തേത്. ആദ്യം വിളിക്കപ്പെട്ടവർ നിശ്ചിതകൂലിക്കു സമ്മതിച്ചു വന്നവരാണ്. പിന്നെ വന്നവർക്ക് പ്രത്യേക തുക വാഗ്ദാനം ചെയ്തിട്ടില്ല. എന്നാൽ എല്ലാവർക്കും തുല്യവേതനം ലഭിക്കുന്നു. ആദ്യം വന്നവർ ചോദ്യം ചെയ്യുന്നത് ഈ തുല്യതയെയാണ്. തങ്ങൾക്ക് അർഹമായത് കിട്ടിയില്ല എന്നല്ല അവരുടെ പരാതി. അവസാനം വന്നവരെ തങ്ങളോടു തുല്യരാക്കിയിരിക്കുന്നു. അതാണ് അവരുടെ കലഹത്തിനു കാരണം.

യേശുവിന്റെ ജീവിതവും പ്രവർത്തനവും പ്രബോധനവും എല്ലാം ഇവിടെ ഉപമയുടെ രൂപത്തിൽ പ്രതിക്കൂട്ടിൽ നിർത്തപ്പെടുന്നു. നിയമങ്ങളെല്ലാം കണിശമായി അനുഷ്ഠിച്ചിരുന്ന ഫരി

സേയരും മറ്റു യഹൂദ നേതാക്കളുമാണ് ഇവിടെ ആദ്യം വന്ന വർ. എന്നാൽ ഒരു നിയമവും അനുസരിക്കാതെ നടക്കുന്നു എന്ന് അവർ കുറ്റം വിധിച്ച ചുങ്കക്കാരും പാപികളും യേശുവിന്റെ പ്രത്യേക പരിഗണനയ്ക്കു പാത്രീഭൂതരാകുന്നു. ഇതാണ് പ്രശ്നം. യേശുവിന്റെ പ്രവർത്തനങ്ങളെ യഹൂദനേതാക്കൾ നിശിതമായി വിമർശിച്ചിരുന്നു. അതിനുള്ള മറുപടിയും ഈ ഉപമയിൽ കാണാം.

ദൈവരാജ്യം ആരും നേടിയെടുക്കുന്നതല്ല, ദൈവം സൗജ ന്യമായി ദാനം ചെയ്യുന്നതാണ് എന്ന് അനേകം തവണ പഠിപ്പി ച്ചിട്ടുള്ള സത്യം ഈ ഉപമയിൽ വീണ്ടും അവതരിപ്പിക്കുന്നു. അതോടൊപ്പം മനുഷ്യൻ കാണുന്നതുപോലെയല്ല ദൈവം വിധി ക്കുന്നത് എന്നും സൂചിപ്പിക്കുന്നു. “ചുങ്കക്കാരും വേശ്യകളുമാ യിരിക്കും നിങ്ങൾക്കു മുമ്പേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക” (മത്താ 21,31) എന്ന വിധി വാചകത്തിൽ ഈ യാഥാർത്ഥ്യം ശക്ത മായി അവതരിപ്പിച്ചിരിക്കുന്നുണ്ട്. നിയമങ്ങളെല്ലാം അനുസരി ക്കുന്നതു വഴി വിശുദ്ധരെന്നു സ്വയം അഭിമാനിച്ചിരുന്നവരാണ് മുമ്പന്മാർ. അവർ പിന്നിലേക്കു തള്ളപ്പെട്ടു.

യേശുവിന്റെ പ്രത്യേക പരിഗണന ലഭിച്ചത് അശുദ്ധരും പാപി കളും എന്ന് മുദ്രകുത്തി സമൂഹത്തിൽനിന്നു പുറന്തള്ളപ്പെട്ട വർക്കാണ്. അവരാണ് ഈ ഉപമയിലെ അവസാനം വന്നവർ. അവർക്കു ലഭിക്കുന്ന ഒരു ദേനാറ ദൈവരാജ്യത്തിലെ അംഗത്വ ത്തിന്റെ സൂചനയാണ്. സ്വർഗ്ഗരാജ്യത്തിൽ എല്ലാവർക്കും പ്രവേ ശനം ലഭിക്കും. അത് അവകാശമായി കരുതരുത്; ദൈവം നൽകുന്ന ദാനമായി സ്വീകരിക്കുക. ഔദ്ധത്യം വെടിഞ്ഞ് എളി യവരുടെ തലത്തിലേക്കിറങ്ങിവന്ന് സന്തോഷത്തോടെ സ്വീക രിക്കുക. ഫരിസേയനും ചുങ്കക്കാരനും ഒരുമിച്ച് അവിടെ, തുല്യ അവകാശമുള്ള ദൈവമക്കളായി ജീവിക്കണം. ഈ മനോഭാവം ഉൾക്കൊള്ളാത്തവർക്ക് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ സാധി ക്കുകയില്ല. ഇതാണ് ഉപമയിലൂടെ നൽകുന്ന സന്ദേശം. യേശു വിന്റെ ശ്രോതാക്കൾക്ക് അതു വ്യക്തമായിരുന്നു.

### 3. മത്തായിയുടെ അവതരണത്തിൽ

മുഖ്യമായും യഹൂദക്രൈസ്തവരെ മുന്നിൽ കണ്ടുകൊണ്ടാണ് മത്തായി സുവിശേഷം എഴുതിയത് എന്നു പൊതുവേ അംഗീക രിക്കപ്പെട്ടിട്ടുണ്ട്. ഈ സഭയിൽ രണ്ടു പ്രധാന പ്രശ്നങ്ങൾ നില നിന്നിരുന്നു. 1. യഹൂദരും ക്രൈസ്തവരും തമ്മിലുള്ള ബന്ധം.

2. യഹൂദ ക്രൈസ്തവരും വിജാതീയ ക്രൈസ്തവരും തമ്മിലുള്ള ബന്ധം. ഇതിൽ ആദ്യത്തേത് യേശു തന്നെ നേരിട്ട പ്രശ്നമാണ്. “ദൈവരാജ്യം നിങ്ങളിൽ നിന്നെടുത്ത് ഫലം പുറപ്പെടുവിക്കുന്ന ജനതയ്ക്കു നൽകപ്പെടും” (മത്താ. 21,41) എന്ന വിധിവാചകത്തിൽ ഈ സംഘർഷത്തിന്റെ മൂർദ്ധന്യാവസ്ഥ കാണാനാകും. ഇതുതന്നെയാണ് മത്തായിയുടെ സഭ നേരിട്ട ഒരു പ്രശ്നം. തങ്ങളാണ് യഥാർത്ഥ ദൈവജനം എന്ന് അവകാശപ്പെടുന്ന ക്രൈസ്തവസമൂഹം. പഠനവിഷയമായ ഉപമയിൽ ആദ്യം വന്നവർ പഴയ ഇസ്രായേൽ ജനവും അവസാനം വന്നവർ പുതിയ ഇസ്രായേലായ സഭയും ആയി പരിഗണിക്കാനാവും. എന്നാൽ അതു മാത്രമല്ല.

മത്തായി ആർക്കുവേണ്ടി സുവിശേഷം എഴുതുന്നുവോ ആ സഭയിലും ഉണ്ടായിരുന്നു ചേരിതിരിവ്. മുമ്പ് യഹൂദരായിരുന്നവർ യേശുവിനെ രക്ഷകനായി സ്വീകരിച്ച് ക്രിസ്ത്യാനികളായി. അതുപോലെ തന്നെ വിജാതീയരായിരുന്നവരും ക്രിസ്തുവിനെ സ്വീകരിച്ചു. അങ്ങനെ ഒരേ സഭാസമൂഹത്തിൽ യഹൂദക്രൈസ്തവരും വിജാതീയ ക്രൈസ്തവരും ഉണ്ടായി. ഇതിൽ ആദ്യത്തെ ഗണം തങ്ങളാണ് മുമ്പന്മാർ എന്നു സ്വയം വിശേഷിപ്പിച്ചു. അതോടൊപ്പം വിജാതീയ ക്രൈസ്തവരെ അവജ്ഞയോടെ വീക്ഷിക്കാനും രണ്ടാംകിട പൗരന്മാരായി പരിഗണിക്കാനും തുടങ്ങി. ഈ സാഹചര്യത്തിൽ ഉപമ ഒരു പുനർവായന ആവശ്യപ്പെടുന്നു.

തന്റെ സഭാസമൂഹത്തിൽ നിലവിൽവന്ന ഈ ചേരിതിരിവിനെതിരേയുള്ള ശക്തമായ വിധിവാചകമായി മാറുന്നു ഉപമയുടെ പുനർവായന. മുമ്പന്മാർ എന്നു സ്വയം വിശേഷിപ്പിച്ച യഹൂദ ക്രൈസ്തവർ ശ്രദ്ധിക്കണം, തങ്ങളുടെ എന്തെങ്കിലും യോഗ്യത പരിഗണിച്ചല്ല സ്വർഗ്ഗരാജ്യത്തിൽ പ്രവേശനം ലഭിക്കുന്നത്. ഇവിടെ സ്വർഗ്ഗരാജ്യം സഭയുടെ പ്രതീകമായും വ്യാഖ്യാനിക്കപ്പെടുന്നു. എല്ലാം ദാനമാണ്. അവസാനം വന്ന് ഒരു മണിക്കൂർ മാത്രം വേല ചെയ്തു എന്നു പറയുന്ന വിജാതീയർക്കും ദൈവം സ്വർഗ്ഗരാജ്യത്തിന്റെ പടിവാതിൽ തുറന്നിട്ടിരിക്കുന്നു. ഇരുകൂട്ടരും ഒരേ പിതാവിന്റെ ഭവനത്തിൽ സഹോദരങ്ങളായി, സന്തോഷത്തോടെ കഴിയണം. അതിനു സാധിക്കാത്തവരുടെ സ്ഥാനം പിൻപന്തിയിലായിരിക്കും, അതായത് ഭവനത്തിനുപുറത്ത്. തീരുമാനമെടുക്കാൻ പ്രേരിപ്പിക്കുന്ന ആഹ്വാനമായി മാറുന്നു ഉപമ.

**4. ഇന്ന്**

ദൈവവചനം വഴിവിളക്കാകുന്നത് അത് നമ്മുടെ ജീവിത പാതകളിൽ പ്രകാശം ചൊരിയുമ്പോഴാണ്. എന്താണ് ഈ ഉപ മയിലൂടെ നാഥൻ നമ്മോടു പറയുന്നത്? പല തരത്തിലുള്ള തരം തിരിവുകൾ ഇന്നു നമ്മുടെ സഭയിൽ നിലനിൽക്കുന്നതായി കാണാൻ കഴിയും. പരമ്പരാഗത ക്രിസ്ത്യാനികൾ ഒരു വശത്ത്; പുതുക്രിസ്ത്യാനികൾ മറുവശത്ത്. മാർത്തോമ്മാ ശ്ലീഹായിൽ നിന്നു നേരിട്ടു മാമ്മോദീസാ സ്വീകരിച്ചവരുടെ മക്കളാണ് തങ്ങൾ എന്നു സ്ഥാപിക്കാൻ വേണ്ടി കുടുംബവൃക്ഷവേരുകൾ തേടുന്ന വർ, പ്രായേണ പുതുതായി സഭയിലേക്കു വന്നവരെ പുച്ഛ ത്തോടെ പരിഗണിക്കുക ഇന്നും വിരളമല്ല. ഭാരതത്തിലെ ജാതീയ വ്യവസ്ഥയും ഇതോടു ചേരുമ്പോൾ മുമ്പന്മാരും പിമ്പന്മാരും ആരെന്നു തിരിച്ചറിയുക പ്രയാസമില്ലാത്ത കാര്യമാകുന്നു. ചോദ്യം ചെയ്യപ്പെടുന്നെങ്കിലും പലരുടെയും ജീവിതത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്ന ഈ മനോഭാവത്തിനെതിരേ ഒരു താക്കീതായി ഈ ഉപമയെ കാണാൻ കഴിയും.

ഭക്താനുഷ്ഠാനങ്ങളുടെ ബാഹുല്യത്തിൽ വിശുദ്ധി കാണു ന്നവർ അനുഷ്ഠാന പ്രധാനമായ മതാത്മകതയ്ക്ക് അത്ര തന്നെ പ്രാധാന്യം കല്പിക്കാത്തവരെ പാപികളും അവിശ്വാസികളുമായി കരുതുക ഇന്ന് അത്ര വിരളമല്ല. തങ്ങൾ മാത്രം വിശുദ്ധർ എന്ന ഈ കാഴ്ചപ്പാട് യേശുവിന്റെ കാലത്തെ ഫരിസേയ മനോഭാവ ത്തിന്റെ പുതിയ പതിപ്പായി കാണാനാകും. അതിനാൽ വിശു ദ്ധിയുടെ പരിവേഷം അഴിച്ചുവച്ച്, ദൈവതിരുമുമ്പിൽ വിനയ ത്തോടെ നിൽക്കാൻ പഠിക്കണം. അവസാനം വന്നു എന്നു കരു തുന്നവർ ഒരുപക്ഷേ കൂടുതൽ ആത്മാർത്ഥമായും തീക്ഷ്ണ മായും വിശ്വാസം ഏറ്റു പറയുകയും ജീവിക്കുകയും ചെയ്യുന്നു എന്ന് കാണാനും ശ്രമിക്കണം. അവസാനമായി, രക്ഷ ദൈവ ത്തിന്റെ ദാനമാണെന്നറിഞ്ഞ്, വിനയത്തോടെ, വിശ്വസ്തത യോടെ ജീവിക്കാൻ ശ്രമിക്കണം.

# 51

### ഏലിയാ 6 – ാം ഞായർ

## സൗഖ്യം-ജീവൻ-രക്ഷ

### (ലൂക്കാ 8,41 – 56)

സമാന്തരസുവിശേഷങ്ങൾ മൂന്നും രേഖപ്പെടുത്തിയിരിക്കുന്ന ഒരു സംഭവമാണ് ഇന്നത്തെ വായനയ്ക്കും വിചിന്തനത്തിനുമായി സഭ നിർദ്ദേശിച്ചിരിക്കുന്നത്. ഏറ്റം ദീർഘവും നാടകീയവുമായ വിവരണം മാർക്കോസിന്റേതാണ് (15,21–43) 23 വാക്യങ്ങൾ. എല്ലാ വിശദാംശങ്ങളും വിട്ടുകളഞ്ഞ് കേന്ദ്രവത്തായ ആശയത്തിൽമാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന മത്തായിയുടെ വിവരണമാണ് ഏറ്റം ഹ്രസ്വം (9,18–26) വെറും 9 വാക്യങ്ങൾ. ഇവ രണ്ടിനും മദ്ധ്യേയാണ് ലൂക്കായുടെ വിവരണം (8,41–56) 16 വാക്യങ്ങൾ. മർക്കോസിന്റെ വിവരണം ചുരുക്കുന്നതിനു പുറമേ ലൂക്കാ തനതായ ചില വിശദാംശങ്ങൾ കൂട്ടിച്ചേർക്കുന്നുമുണ്ട്.

രണ്ടു സംഭവങ്ങൾ ഒരുമിച്ചു ചേർത്തതാണ് വിവരണം. ആസന്ന മരണയായ മകൾക്കുവേണ്ടി യേശുവിന്റെ സഹായം യാചിക്കുന്ന ജായിറോസിന്റെ കൂടെ യേശു പുറപ്പെട്ടു. വീട്ടിൽ എത്തി മകളെ സുഖപ്പെടുത്തുന്നതിനുമുമ്പേ ഒരു രോഗി യേശുവിനെ തടഞ്ഞുനിർത്തി. അവളുടെ സൗഖ്യവും യേശുവിന്റെ പ്രതികരണവും വിശദീകരിക്കുന്നതിനിടയിൽ മകൾ മരിച്ചു എന്ന വാർത്തയുമായി ജായിറോസിന്റെ വീട്ടിൽ നിന്നു ദൂതന്മാർ വരുന്നു. മകൾ മരിച്ചെന്ന വാർത്ത കേട്ടു സ്തബ്ധനായ പിതാവിനെ ധൈര്യപ്പെടുത്തിയ യേശു വീട്ടിൽച്ചെന്ന് മരിച്ച ബാലികയെ ഉയിർപ്പിക്കുന്നു.

ഒരുമിച്ചുപോകേണ്ട ഈ വിവരണത്തിനിടയിൽ വേറൊരു സംഭവം തിരുകി വയ്ക്കുന്നതിനെ സാൻഡ്‌വിച്ച് വിവരണം (sand-

wich narrative) എന്നാണ് ബൈബിൾ പഠിതാക്കൾ വിശേഷിപ്പിക്കുക. രണ്ടു സംഭവങ്ങളും ഒരുമിച്ചു കാണണമെന്നും അവ തമ്മിലുള്ള പരസ്പരബന്ധം പ്രത്യേകം ശ്രദ്ധിക്കണം എന്നും ഈ വിവരണശൈലി നിർദ്ദേശിക്കുന്നു. ആസന്ന മരണയായ ബാലികയെ സുഖപ്പെടുത്താൻ തിരക്കിട്ടു പോകുന്നതിനിടയിൽ രക്തസ്രാവക്കാരി യേശുവിനെ തടഞ്ഞുനിർത്തിയത് സമയനഷ്ടത്തിനും തദ്ഫലമായി ബാലികയുടെ മരണത്തിനും കാരണമായി. രോഗിയെ സുഖപ്പെടുത്താൻ ഗുരുവിനു കഴിയും എന്നു ജായിറോസിന്റെ വിശ്വാസം ഇവിടെ വലിയൊരു പരീക്ഷണത്തിനു വിധേയമാകുന്നു. മരിക്കുന്നതിനുമുമ്പു മാത്രമല്ല, മരിച്ചതിനുശേഷവും സഹായിക്കാൻ യേശുവിനു കഴിയും എന്ന് വിശ്വസിക്കാൻ ജായിറോസിനെ നിർബ്ബന്ധിക്കുന്നു. അങ്ങനെ വിശ്വാസത്തിൽ ഒരു പടികൂടി വളരാൻ അയാൾക്ക് അവസരമൊരുക്കുന്നതാണ് ഈ വിവരണം.

ദൈവരാജ്യത്തെക്കുറിച്ച് ഉപമകളിലൂടെ പഠിപ്പിച്ചതിനുശേഷം (ലൂക്കാ 8,4-21) രണ്ട് വലിയ അത്ഭുതങ്ങൾ യേശു പ്രവർത്തിച്ചതായി ലൂക്കാ വിവരിക്കുന്നു. അതിലൂടെ പ്രകൃതിശക്തികളുടെ മേലും (കൊടുങ്കാറ്റ് ശാന്തമാക്കുന്നു. 8,23-25) പൈശാചിക ശക്തികളുടെ മേലും (8,26-39) അധികാരമുള്ളവനായി യേശു പ്രത്യക്ഷപ്പെടുന്നു. ആരാണ് ഇവൻ എന്നു ശിഷ്യന്മാർ പോലും അത്ഭുതപ്പെടുന്നു (8,25). ഈ പശ്ചാത്തലത്തിലാണ് സുവിശേഷകൻ രണ്ട് അത്ഭുതങ്ങൾകൂടെ വിവരിക്കുന്നത്. ഒന്ന് രോഗസൗഖ്യം വിവരിക്കുമ്പോൾ രണ്ടാമത്തേത് മരിച്ചയാളെ ഉയിർപ്പിക്കുന്ന സംഭവമാണ് വിവരിക്കുന്നത്. ഇതുവഴി യേശു പ്രകൃതിശക്തികളുടെയും പൈശാചികശക്തികളുടെയും രോഗത്തിന്റെയും മരണത്തിന്റെയും മേൽ അധികാരമുള്ള പ്രപഞ്ചനാഥനും ജീവന്റെ ഉടയവനുമായി പ്രത്യക്ഷപ്പെടുന്നു. പ്രബോധനവും അതിലുപരി പ്രവർത്തനങ്ങളും വഴി താൻ ആരാണെന്ന് യേശു പടിപടിയായി വെളിപ്പെടുത്തുന്നതിന്റെ വിവരണമാണ് സുവിശേഷത്തിന്റെ ആദ്യഭാഗമായ ഗലീലിയിലെ പ്രവർത്തനങ്ങൾ വഴി (ലൂക്കാ 4,14-9,51) ലൂക്കാ അവതരിപ്പിക്കുന്നത്. പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തിലേക്കും (9,18-20) തുടർന്നുവരുന്ന പീഡാനുഭവപ്രവചനങ്ങളിലേക്കും (9,21-27;44-45) ഇവ രണ്ടിനും പിതാവായ ദൈവം നൽകുന്ന സ്ഥിരീകരണത്തിലേക്കുമാണ് (9,28-36) ഈ അവതരണം എത്തിനിൽക്കുന്നത്.

സിനഗോഗധികാരി യേശുവിന്റെ കാൽക്കൽ വീണ് കേണ പേക്ഷിക്കുന്നത് അയാൾക്ക് യേശുവിലുള്ള വിശ്വാസം, അഥവാ രോഗം സുഖപ്പെടുത്താൻ യേശുവിനു കഴിയും എന്ന ബോധ്യം പ്രകടമാക്കുന്നു. യഹൂദനേതാക്കന്മാർ യേശുവിനെ എതിർത്തി രുന്നെങ്കിലും എല്ലാവരും എതിരാളികളായിരുന്നില്ല എന്ന് ഈ സംഭവം സൂചിപ്പിക്കുന്നു. അതോടൊപ്പം ഒരു മതാധികാരിയുടെ വിനയവും ഇവിടെ വ്യക്തമാക്കുന്നു. തന്നെ സ്വീകരിക്കാൻ തയ്യാ റുള്ള ആരുടെയും ക്ഷണം യേശു സ്വീകരിക്കും. തന്നെ പരീ ക്ഷിക്കാനും ചോദ്യം ചെയ്യാനുമായി വിരുന്നിനു ക്ഷണിച്ച ശിമ യോന്റെ ക്ഷണവും അവൻ സ്വീകരിച്ചു (ലൂക്കാ 7,36-51). അതേ സമയം ജായിറോസിന്റെ വിശ്വാസം കഠിനമായി പരീക്ഷിച്ച് വളർത്താൻ യേശു ഈ അവസരം ഉപയോഗിക്കുന്നതായും കാണാം. അതിനു വേണ്ടിത്തന്നെയാണ് വഴി തടയുന്ന രോഗി ണിയുടെ ചിത്രം അവതരിപ്പിക്കുന്നത്.

ഏതുതരത്തിലുള്ള സ്രാവവും മനുഷ്യനെ അശുദ്ധനാക്കും എന്ന് നിയമം കല്പിച്ചിരുന്നു. രക്തസ്രാവം മൂലമുണ്ടാകുന്ന അശു ദ്ധിയെക്കുറിച്ച് വിശദമായ വിവരണമുണ്ട് (ലേവ്യർ 15,26-30). ആർത്തവകാലത്തോ അതിനുപുറമേയോ രക്തസ്രാവമുണ്ടാകുന്ന സ്ത്രീ സ്രാവകാലം മുഴുവൻ അശുദ്ധയായി പരിഗണിക്കപ്പെടും. അവൾ നടക്കുന്ന വഴിയും ഇരിക്കുന്ന ഇടവും എന്നല്ല അവൾ തൊടുന്നതും അവളെ തൊടുന്നതുമായ ആരും എന്തും അശു ദ്ധമായിത്തീരും. അതിനാൽ അവൾ മുറിക്കുള്ളിൽത്തന്നെ കഴി യണം. ബാഹ്യമായ അശുദ്ധിയും ആന്തരികമായ പാപവും തമ്മിൽ വ്യത്യാസം കൽപിക്കാതിരുന്ന ഒരു സമൂഹത്തിൽ ശാരീ രികാശുദ്ധിയുള്ളവർ പാപികളായി മുദ്രകുത്തപ്പെട്ടിരുന്നു. രോഗ ത്താൽ ശരീരവും മനസും തളർന്നവരെ പൂർണ്ണമായും തകർക്കു ന്നതായിരുന്നു ഈ മനോഭാവം.

പന്ത്രണ്ടു വർഷം എന്നത് ദീർഘമായൊരു കാലമാണ്. ആസ ന്നമരണയായിക്കിടക്കുന്ന ബാലികയ്ക്ക് പന്ത്രണ്ടു വയസു പ്രായ മായിരുന്നു എന്ന പ്രസ്താവനയും ഇതുമായി കൂട്ടിവായിക്കണം. രോഗകാലത്തിന്റെ ദൈർഘ്യം മാത്രമല്ല വൈദ്യന്മാരുടെ പരാജ യവും ലൂക്കാ എടുത്തു കാട്ടുന്നുണ്ട്. എന്നാൽ തനിക്കുണ്ടായി രുന്ന സമ്പത്തു മുഴുവൻ വൈദ്യന്മാർക്കു നൽകാനായി ചിലവ ഴിച്ചിട്ടും അവളുടെ നില മെച്ചപ്പെടുകയല്ല, കൂടുതൽ വഷളാവു കയാണ് ചെയ്തത് എന്ന മർക്കോസിന്റെ ആക്ഷേപധ്വനി, ഒരു

ഭിഷഗ്വരൻ കൂടി ആയിരുന്ന ലൂക്കാ ഒഴിവാക്കിയിരിക്കുന്നത് മന സിലാക്കാൻ വിഷമമില്ല.

രോഗിയുടെ ആത്മഗതം ലൂക്കാ അവതരിപ്പിക്കുന്നില്ല. വസ്ത്ര ത്തിന്റെ വിളുമ്പിൽതൊട്ടു എന്ന ഒരു വിശദാംശം കൂട്ടി ച്ചേർക്കുന്നു. "വിളുമ്പ്" എന്ന പദം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. "*ക്രാസ്പെദോൺ*" (kraspedon) എന്നാണ് ഗ്രീക്കുമൂലം. വസ്ത്രത്തിന്റെ അരിക്, മൂല, അറ്റം എന്നൊക്കെ പൊതുവായൊരു അർത്ഥം ഈ വാക്കിനുണ്ട്. എന്നാൽ അതിലുപരി യഹൂദപുരു ഷന്മാർ ധരിച്ചിരുന്ന മേലങ്കിയുടെ മൂലകളിൽ ചേർത്തു തുന്നി യിരുന്ന '*തൊങ്ങൽ*' (tassel) എന്നും ഈ വാക്കിന് അർത്ഥമുണ്ട് (സംഖ്യ 15,38; നിയ 22,12). നിയമം പൂർണ്ണമായും അനുസരിച്ചു ജീവിക്കുന്നു എന്നതിന്റെ അടയാളമായി ഈ തൊങ്ങലുകൾ കരുതപ്പെട്ടിരുന്നു. വിശുദ്ധരായ വ്യക്തികളുടെ വസ്ത്രത്തിന്റെ തൊങ്ങലുകളിൽ തൊട്ടാൽ രോഗസൗഖ്യം കിട്ടും എന്ന വിശ്വാ സവും അന്ന് ജനത്തിനിടയിൽ നിലനിന്നു. ഈ വിശ്വാസമായി രിക്കാം ഇവിടെ വിവരിക്കുന്ന സ്ത്രീയെ ഇപ്രകാരം ഒരു സാഹ സത്തിനു പ്രേരിപ്പിച്ചത്.

ആരും കാണാതെ, ആരെയും അറിയിക്കാതെ ഒന്നു തൊട്ടി ട്ടുപോകണം എന്നേ അവൾക്ക് ആഗ്രഹമുണ്ടായിരുന്നുള്ളൂ. അതി നുവേണ്ടി അവൾ എടുത്തത് തികച്ചും അപകടം നിറഞ്ഞ ഒരു വഴിയാണ്. ജനക്കൂട്ടത്തിനിടയിലൂടെ തിക്കിത്തിരക്കി ഗുരുവിന്റെ പിന്നിൽ എത്തി, തൊട്ടു. തൽക്ഷണം തനിക്കു ലഭിച്ച സൗഖ്യം അവൾ തിരിച്ചറിഞ്ഞു. സന്തോഷത്തോടെ, സമാധാനമായി, ആരും അറിയാതെ, വന്നതുപോലെ തിരിച്ചുപോകാൻ ഒരുങ്ങു മ്പോഴാണ് സപ്തനാഡികളും തളർത്തുന്ന ഗുരുസ്വരം: ആരാ ണെന്നെ തൊട്ടത്?

കേട്ടവർക്കെല്ലാം വലിയൊരു തമാശയായേ തോന്നിയുള്ളൂ. ആരാണ് നിന്നെ തൊടാത്തത്? പക്ഷേ യേശുവിന്റെ പ്രതിക രണം തമാശയല്ല, ഗൗരവതരമാണ്. ആരോ എന്നെ തൊട്ടു, എന്നിൽനിന്ന് ശക്തി പ്രവഹിച്ചിരിക്കുന്നു! അനേകർ തൊടുക മാത്രമല്ല, ഞെക്കിഞെരുക്കിയിട്ടും ഒന്നും സംഭവിക്കാതിരുന്നി ടത്ത്, ഒരു വ്യക്തി അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ തൊട്ട പ്പോൾ അത്ഭുതം സംഭവിച്ചു. തൊട്ടയാളിന്റെ വിശ്വാസത്തിന് ദൈവം നൽകിയ മറുപടി. ഏറെ അർത്ഥധ്വനികളുള്ളതാണ് ഈ

വിശദാംശം. വിശ്വാസമാണ് പ്രധാനം. ദൈവത്തിന്റെ ശക്തിയുടെ ഉറവു പൊട്ടാൻ എന്റെ വിശ്വാസം വേണം. വസ്ത്രത്തിന്റെ വിളുമ്പിൽ തൊടുകയല്ല, ഗുരുവിനെത്തന്നെ പൂർണ്ണമായി അപ്പത്തിന്റെ രൂപത്തിൽ സ്വീകരിച്ചു സ്വന്തമാക്കിയിട്ടും എന്തേ നമ്മിൽ കാര്യമായ മാറ്റമൊന്നും സംഭവിക്കുന്നില്ല എന്ന ആത്മശോധനയ്ക്ക് ഈ സംഭവം പ്രേരിപ്പിക്കും.

ഒഴിഞ്ഞുമാറാൻ കഴിയാത്തവിധം താൻ പിടിക്കപ്പെട്ടു എന്നു മനസിലാക്കിയ അവൾ ഭയന്നുവിറച്ചു. അല്പംമുമ്പ് ജായ്റോസ് ചെയ്തതുപോലെ ഗുരുവിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിച്ചു, തന്റെ "കുറ്റം" ഏറ്റുപറഞ്ഞു. രഹസ്യമായല്ല, പരസ്യമായി: "താൻ അവനെ എന്തിനു സ്പർശിച്ചു എന്നും എങ്ങനെ പെട്ടെന്നു സുഖമാക്കപ്പെട്ടു എന്നും എല്ലാ ജനങ്ങളുടെയും മുമ്പാകെ പ്രസ്താവിച്ചു" (ലൂക്കാ 8,47). കുറ്റം ഏറ്റു പറയുന്നതിനേക്കാൾ ഉപരി അത് ഒരു സാക്ഷ്യപ്പെടുത്തലായിരുന്നു. വിശ്വാസത്തിലൂടെ യേശുവിന്റെ ശക്തി തൊട്ടറിയാൻ, അനുഭവിക്കാൻ കഴിഞ്ഞു എന്ന സാക്ഷ്യം. ഗുരുതന്നെ ശാസിക്കുമോ? ശിക്ഷിക്കുമോ? ജനം തന്നെ കല്ലെറിയുമോ? താൻ എല്ലാവരെയും അശുദ്ധരാക്കിയതല്ലേ! എന്തും സംഭവിക്കട്ടെ. സൗഖ്യം ലഭിച്ചു. അത് ഗുരുവിന്റെ ദാനമാണ്. അതുമതി. ഇനി എന്തും ഏറ്റുവാങ്ങാൻ ഒരുക്കമാണവൾ.

ഭയപ്പെട്ടതല്ല സംഭവിച്ചത്. "മകളേ" എന്ന വിളി. ആരാണ് തന്നെ അവസാനമായി ഇങ്ങനെ വിളിച്ചത്? ഓർമ്മിച്ചെടുക്കുക എളുപ്പമല്ല. എല്ലാവരുടെയും മുമ്പിൽ അവൾ അഭിശപ്തയായിരുന്നു. ദൈവശാപം ശരീരത്തിൽ പേറി നടക്കുന്നവൾ. എന്നാൽ ഇതാ ഗുരു മകളേ എന്നു വിളിക്കുന്നു! ഇതിൽപരം എന്തുദാനം! എന്തു നിർവൃതി! എന്നാൽ അതുകൊണ്ടവസാനിച്ചില്ല. ഗുരുവിന്റെ പ്രതികരണം. "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു സമാധാനത്തോടെ പോവുക" (8,48).

''രക്ഷിച്ചിരിക്കുന്നു'' എന്നു വിവർത്തനം ചെയ്യുന്നത് *സോസെയിൻ*- Sozein എന്ന ഗ്രീക്കു വാക്കാണ്. ഈ വാക്കിന് മുഖ്യമായും രണ്ടർത്ഥതലങ്ങളുണ്ട്. അപകടത്തിൽനിന്നു കാത്തുപാലിക്കുക, സുരക്ഷിതത്വത്തിലെത്തിക്കുക, മരണത്തിൽനിന്നു രക്ഷിക്കുക, രോഗത്തിൽനിന്നു സുഖപ്പെടുത്തുക എന്നൊക്കെയാണ് ഒരർത്ഥതലം. ഇതെല്ലാം ശാരീരികമായ തലങ്ങൾ തന്നെ.

എന്നാൽ ആത്മീയമായൊരു തലവും ഈ വാക്കിനുണ്ട്. നിത്യമരണത്തിൽപ്പെടാതെ കാത്തുസൂക്ഷിക്കുക, നിത്യജീവൻ നൽകുക; പാപം മൂലമുള്ള മരണത്തിൽനിന്നു രക്ഷിക്കുക, പാപത്തിൽ നിന്നു മോചനം നൽകുക എന്നൊക്കെ ഈ വാക്കിന് അർത്ഥമുണ്ട്. ഇതിൽ ഏതു തലമാണ് യേശു ഉദ്ദേശിച്ചത്, അഥവാ സുവിശേഷകൻ പറയുന്നത് എന്ന കാര്യത്തിൽ വ്യാഖ്യാതാക്കൾക്കു തർക്കിക്കാം. രണ്ടു തലങ്ങളും ഒരുമിച്ച് എടുക്കുന്നതാവും സുവിശേഷകൻ ഉദ്ദേശിക്കുന്ന അർത്ഥം ഗ്രഹിക്കാൻ സഹായകം. ശാരീരികമായി അനുഭവിക്കുന്ന സൗഖ്യം ദൈവം നൽകുന്ന പാപമോചനത്തിന്റെയും നിത്യജീവന്റെയും, അഥവാ യഥാർത്ഥവും ശാശ്വതവുമായ സൗഖ്യത്തിന്റെ ബാഹ്യമായ അടയാളമായി കാണണം.

സമാധാനത്തോടെ പോവുക എന്നത് വ്യർത്ഥമായൊരു ആശംസയല്ല. ആഴമേറിയ അർത്ഥമുള്ള ഒരു ദാനമാണ്. ഇനി നിനക്കു പോകാം, തല ഉയർത്തി, സ്വതന്ത്രയായി; ആത്മാഭിമാനമുള്ള അബ്രാഹത്തിന്റെ മകളായി, ആരുടെ മുമ്പിലും ഇനി അപകർഷബോധത്തോടെ കുനിഞ്ഞുനിൽക്കേണ്ട. ഒളിച്ചിരിക്കേണ്ടാ. പോകൂ, ജീവിതവഴിയിലൂടെ. നിനക്കു ലഭിച്ച സൗഖ്യത്തിൽ സന്തോഷിച്ച്, നിനക്കു കിട്ടിയ രക്ഷയുടെ സാക്ഷിയായി. ആരും നിന്നെ തടഞ്ഞുനിർത്തില്ല. വിശ്വാസത്തോടെ യേശുവിന്റെ അടുക്കൽ വരുന്ന ആർക്കും ലഭിക്കുന്നതാണ് ഈ സ്വാതന്ത്ര്യവും സമാധാനവും സന്തോഷവും.

ഇടയിൽ തിരുകിയ ഈ വിവരണത്തിന്റെ അവസാനത്തോടെയാണ് ജായിറോസിന്റെ വീട്ടിൽനിന്ന് മരണവാർത്തയുമായി സേവകർ എത്തുന്നത്. വലിയ പ്രതീക്ഷയോടെ ഗുരുവിനെ കൂട്ടിക്കൊണ്ടുവരുന്ന സിനഗോഗധികാരി തികച്ചും നിരാശനായി. എല്ലാം അവസാനിച്ചു. ഏകമകൾ യാത്രയായി. ഗുരു അല്പം കൂടെ വേഗം നടന്നിരുന്നെങ്കിൽ, വഴിയിൽ വച്ച് ഈ സ്ത്രീയുമായി സംഭാഷണത്തിനു നിൽക്കാതിരുന്നെങ്കിൽ, തന്റെ മകൾ ജീവിക്കുമായിരുന്നു. ഇനി എന്തിന് ഗുരുവിനെ ബുദ്ധിമുട്ടിക്കണം? മരണവാർത്തയുമായി വന്നവർ മാത്രമല്ല, ജായിറോസും ഇപ്രകാരം ചിന്തിച്ചിട്ടുണ്ടാവാം. "ബുദ്ധിമുട്ടിക്കുക" എന്നു വിവർത്തനം ചെയ്യുന്ന "*സ്കുള്ളോ*" (Scullo) എന്ന ഗ്രീക്കുവാക്കിന് ശല്യം ചെയ്യുക, ക്ലേശിപ്പിക്കുക എന്നൊക്കെ അർത്ഥമുണ്ട്. ഇതിൽ പരിഭവത്തിന്റെ ഒരു ധ്വനിയും മുഴങ്ങുന്നതു കേൾക്കാം.

യേശുവിന്റെ പ്രതികരണം ഉടനെ ഉണ്ടായി: "ഭയപ്പെടേണ്ടാ, വിശ്വസിക്കുക മാത്രം ചെയ്യുക. അവൾ സുഖം പ്രാപിക്കും" (8,56). "*സുഖം പ്രാപിക്കും*" എന്ന വിവർത്തനം ഒരു വ്യാഖ്യാനമാണ്. രക്തസ്രാവക്കാരിയോടു പറഞ്ഞ അതേ വാക്കാണ് (*സോസെയിൻ*) ഇവിടെയും പറയുന്നത്. അതിനെ "*ജീവിക്കും*" എന്നും രക്ഷ പ്രാപിക്കും എന്നുമൊക്കെ വിവർത്തനം ചെയ്യാം. പല ധ്വനികൾ ഉള്ളതിൽ ഏറ്റം സ്പഷ്ടമായത് വിവർത്തകർ എടുത്തതാവാം. എന്നാൽ മരിച്ച വ്യക്തി എങ്ങനെയാണ് സുഖം പ്രാപിക്കുക എന്ന ചോദ്യം ന്യായമായും ഉന്നയിക്കപ്പെടാം.

ഏതായാലും വലിയൊരു പ്രതിസന്ധിയിലാണ് പിതാവ് ജായിറോസ്. "വിശ്വസിക്കുക" എന്ന് യേശു പറയുന്നതിന്റെ അർത്ഥമെന്ത് എന്ന് അയാൾ ന്യായമായും ചോദിച്ചിട്ടുണ്ടാവാം. എന്തു വിശ്വസിക്കണം? ആരിൽ വിശ്വസിക്കണം? ഒന്നുമാത്രം: യേശു പറയുന്നതു വിശ്വസിക്കുക. തന്റെ മകൾ സുഖം പ്രാപിക്കും. അതിനു കഴിവുള്ളവനാണ്, അധികാരമുള്ളവനാണ് പറയുന്നത് എന്നും വിശ്വസിക്കണം. യേശുവിൽ വിശ്വാസമർപ്പിക്കുക; അവൻ പറയുന്നതു വിശ്വസിക്കുക. ഈ ഒരു നിബന്ധനയാണ് അത്ഭുതങ്ങൾക്കായി യേശു ആവശ്യപ്പെടുന്നത്.

വീട്ടിൽ എത്തിയ യേശുവിന്റെ വാക്കു കേട്ടവർ അവനെ പരിഹസിച്ചു: "കരയേണ്ടാ, അവൾ മരിച്ചിട്ടില്ല. ഉറങ്ങുകയാണ്". ഉറക്കവും മരണവും തമ്മിൽ തിരിച്ചറിയാൻ കഴിയാത്ത വിഡ്ഢികളല്ല തങ്ങൾ എന്നാവും പരിഹസിച്ച വിലാപക്കാരുടെ നിലപാട്. എന്നാൽ എന്താണ് യേശു പറഞ്ഞതിനർത്ഥം? ലാസറിനെ സംബന്ധിച്ചും യേശു ഇങ്ങനെ പറയുകയുണ്ടായി. "നമ്മുടെ സ്നേഹിതൻ ലാസർ ഉറങ്ങുകയാണ്. ഞാൻ അവനെ ഉണർത്താൻ പോകുന്നു" (യോഹ 11,11). മരണമാകുന്ന ഉറക്കത്തെക്കുറിച്ചാണ് യേശു പറഞ്ഞതെന്ന് ശിഷ്യർ മനസിലാക്കിയില്ല എന്നു സുവിശേഷകൻ എടുത്തു പറയുന്നു. മരണത്തെ ഉറക്കമായി ചിത്രീകരിക്കുക ഇന്നും പതിവാണല്ലോ? "കർത്താവിൽ നിദ്ര പ്രാപിച്ചു", "മരിച്ചവരെല്ലാം നിദ്രചെയ്യുന്നു" എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ സർവ്വസാധാരണമാണ്. ശാരീരികമായ മരണം ശാശ്വതമായ മരണമല്ലെന്നും ഒരിക്കൽ ഈ ഉറക്കത്തിൽനിന്ന് മനുഷ്യർ ഉണർന്നെഴുന്നേൽക്കും, അഥവാ ഉണർത്തപ്പെടും എന്നും ഉള്ള വിശ്വാസമാണ് ഈ പ്രയോഗത്തിനു പിന്നിലുള്ളത്.

ബാലികേ എഴുന്നേൽക്കൂ! എന്ന യേശുവിന്റെ വാക്കുകൾ ഒരു കല്പനയായിരുന്നു. ശവകുടീരത്തിലേക്കു കൊണ്ടുപോയ നായിനിലെ യുവാവിനോടും ഇതേ വാക്കാണ് യേശു പറഞ്ഞത്: "യുവാവേ എഴുന്നേൽക്കൂ!" അതു കേട്ട യുവാവ് ശവമഞ്ചത്തിൽ എണീറ്റിരുന്നു (ലൂക്കാ 7,14). ഇവിടെ ബാലികയുടെ കൈയ്ക്കു പിടിച്ചുകൊണ്ടാണ് എഴുന്നേൽക്കാൻ പറയുന്നത്. "എഴുന്നേൽക്കൂ" എന്നു വിവർത്തനം ചെയ്യുന്ന "*എഗെയ്രെയിൻ*" (egeirein) എന്ന ഗ്രീക്കു വാക്കിനും പല അർത്ഥസൂചനകളുണ്ട്. ഇരിക്കുന്നിടത്തുനിന്ന് എഴുന്നേൽക്കുക, ഉറക്കമുണർന്ന് എഴുന്നേൽക്കുക, മരണത്തിൽനിന്ന് ഉയിർത്തെഴുന്നേൽക്കുക എന്നൊക്കെ ഈ വാക്കിന് അർത്ഥമുണ്ട്. അതിനാൽ യേശു ഉറക്കത്തിൽനിന്നു വിളിച്ചുണർത്തിയതാണോ അതോ മരണത്തിൽ നിന്ന് ഉയിർപ്പിച്ചതാണോ എന്നു തർക്കിക്കാം. മരണം തന്നെ നിദ്രയായി കാണുമ്പോൾ യേശു പറഞ്ഞതും സുവിശേഷകൻ രേഖപ്പെടുത്തിയതും എന്ത് ഉദ്ദേശ്യത്തോടെയാണെന്നതിൽ സംശയിക്കേണ്ടതില്ല.

യേശുവിന്റെ വാക്കിനുണ്ടായ പ്രതികരണവും പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ബാലിക എണീറ്റു നടന്നു എന്ന മർക്കോസിന്റെ വിവരണം (മർക്കോ 5,42) മറ്റൊരു വിധത്തിലാണ് ലൂക്കാ അവതരിപ്പിക്കുന്നത്. "അവളുടെ ജീവൻ തിരിച്ചു വന്നു. ഉടനെ അവൾ എഴുന്നേറ്റിരുന്നു" (ലൂക്കാ 8,55). "ജീവൻ" എന്നു വിവർത്തനം ചെയ്യുന്ന "*പ്നെവുമാ*" (Pneuma) എന്ന ഗ്രീക്കു വാക്കിനും പല അർത്ഥതലങ്ങളുണ്ട്. കാറ്റ്, ശ്വാസം, ജീവൻ, ആത്മാവ് എന്നൊക്കെ ഈ പദം വിവർത്തനം ചെയ്യാം. മനുഷ്യസൃഷ്ടിയുടെ അവസരത്തിൽ മണ്ണിൽനിന്നു മെനഞ്ഞെടുത്ത രൂപത്തിലേക്ക് ദൈവം ഊതിയത് ഈ "പ്നെവുമാ"യാണ്. ജീവൻ ആത്യന്തികമായി ദൈവത്തിന്റെ ദാനമാണെന്നും ഏതുസമയവും അതു തിരിച്ചെടുക്കാമെന്നും ബൈബിൾ പഠിപ്പിക്കുന്നുണ്ട്. മനുഷ്യനെ മനുഷ്യനാക്കുന്നതെന്തോ അതാണ് ഈ *പ്നെവുമാ*. അതിനെ ആത്മാവെന്നും വിളിക്കാം.

അപ്പോൾ എന്താണ് ഇവിടെ സംഭവിച്ചതെന്ന് ന്യായമായും ചോദിക്കാം. ഉറങ്ങിയവളെ വിളിച്ചുണർത്തുകയല്ല, മരിച്ചയാളെ ജീവിപ്പിക്കുകയാണ് യേശു ചെയ്തത്. ഇത് ഒരു പുനരുജ്ജീവനമായിരുന്നു. സുവിശേഷങ്ങൾ രേഖപ്പെടുത്തുന്ന മൂന്നു സംഭവങ്ങളും പുനരുജ്ജീവനം തന്നെ. മരണത്തിൽനിന്ന് വീണ്ടും ജീവ

നിലേക്കു തിരിച്ചുകൊണ്ടുവരപ്പെടുന്ന ആൾ പഴയ വ്യക്തിതന്നെ. അയാൾ വീണ്ടും മരിക്കും. എന്നാൽ പുനരുത്ഥാനം ഇതിൽനിന്നു തികച്ചും വ്യത്യസ്തമാണ്. യേശുവും അമ്മയായ മറിയവും മാത്രമേ ഇപ്രകാരം പുനരുത്ഥാനം ചെയ്തിട്ടുള്ളൂ (മാതാവിനെക്കുറിച്ച് ജീവിതാന്ത്യത്തിൽ ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ടു എന്നാണ് കത്തോലിക്കാ സഭ പഠിപ്പിക്കുന്നത്. മാതാവ് മരിച്ചോ ഇല്ലയോ എന്ന തർക്കത്തിൽ വിധി പ്രസ്താവിച്ചിട്ടില്ല. അതിനാൽ പുനരുത്ഥാനം എന്നത് ശരീരത്തിന്റെ രൂപാന്തരീകരണമായി പരിഗണിക്കണം). ബാക്കി എല്ലാവർക്കും ഒരിക്കൽ ശരീരങ്ങളുടെ പുനരുത്ഥാനമുണ്ടാകും; അത് ലോകാവസാനത്തിലായിരിക്കും.

മരിച്ച ബാലികയെ ജീവനിലേക്ക് വിളിച്ചുണർത്തിയ യേശു ജീവന്റെയും മരണത്തിന്റെയും മേൽ അധികാരമുള്ളവനാണ്. അവന് ഒന്നും അസാധ്യമല്ല. അത്ഭുതസ്തബ്ധരായ മാതാപിതാക്കളോട് യേശു പറയുന്ന വാക്കുകളും ശ്രദ്ധേയമാണ്. “ഇക്കാര്യം ആരോടും പറയരുത്”. യേശുവിന്റെ വ്യക്തിത്വത്തെയും ദൗത്യത്തെയും കുറിച്ച് തെറ്റായ ധാരണകൾ ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ് ഈ നിർദ്ദേശം. തന്റെ മരണവും ഉത്ഥാനവും വഴി മാത്രമാണ് ആ വ്യക്തിത്വം പൂർണ്ണമായി വെളിപ്പെടുക. അതുവരെ ഇക്കാര്യം രഹസ്യമായി സൂക്ഷിക്കണം. അതേസമയം മാതാപിതാക്കളും യേശുവിന്റെ ശിഷ്യരും ഈ സത്യം അറിഞ്ഞു; വിശ്വസിച്ചു. ആ വിശ്വാസമാണ് സുവിശേഷകൻ പങ്കുവയ്ക്കുന്നത്.

ഭയപ്പെടേണ്ടാ എന്ന യേശുവിന്റെ വാക്ക് എന്നും ഏവർക്കും പ്രസക്തമാണ്. മരണമാകുന്ന അവസാന ശത്രുവിനെയും പരാജയപ്പെടുത്തിയവനാണ് യേശു. അവന്റെ പുനരുത്ഥാനത്തോടെ മരണത്തിന്റെ വിഷപ്പല്ലു നഷ്ടപ്പെട്ടു (1 കോറി 15,55). മരണം അവസാനമല്ല, തുടക്കം മാത്രമാണ്. മരിച്ച ബാലികയെ വിളിച്ചുണർത്തിയവൻ നമ്മെയും ഒരിക്കൽ മരണത്തിൽനിന്നു വിളിച്ചുണർത്തും. മരണം പിതാവിന്റെ ഭവനത്തിലേക്കുള്ള പ്രവേശനകവാടമാണ്. അതിനാൽ ഒന്നിനെയും ഭയപ്പെടേണ്ടാ, യേശുവിൽ വിശ്വസിക്കുക. അതാണ് ഭയത്തെ കീഴടക്കാനുള്ള മാർഗ്ഗം. വിശ്വാസം പ്രത്യാശയും ധൈര്യവും നൽകും; ശാശ്വതമായ സന്തോഷവും.

# 52

### ഏലിയാ 7 – ാം ഞായർ

## പ്രപഞ്ചത്തിന്റെ നാഥൻ

**(മത്താ 8,23 – 34)**

എത്ര വലിയ പ്രതിസന്ധിയിലും അപകടത്തിലും ഭയപ്പെടാതെ ധൈര്യമായിരിക്കണം, കാരണം സർവ്വശക്തനും പ്രപഞ്ചത്തിന്റെ നാഥനുമായ കർത്താവു കൂടെയുണ്ട് എന്ന ഉറപ്പാണ് ഇന്നത്തെ വായനയ്ക്കായി നിർദ്ദേശിച്ചിരിക്കുന്ന സുവിശേഷ ഭാഗം നൽകുന്ന പ്രധാന സന്ദേശം. ഈ വായനയിൽ രണ്ട് അത്ഭുതങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. കൊടുങ്കാറ്റിൽപ്പെട്ട തോണിയിൽ ഭയവിഹ്വലരായ ശിഷ്യന്മാർ ഉറങ്ങിക്കിടന്ന യേശുവിനെ വിളിച്ചുണർത്തി പ്രാർത്ഥിക്കുന്നതും യേശു കടലിനെ ശാന്തമാക്കി സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതുമായ സംഭവമാണ് ആദ്യത്തേത്. വിജാതീയരുടെ ഇടയിൽ, ഗദറായുടെ ദേശത്തുവച്ച് രണ്ടു പിശാചു ബാധിതരെ സുഖപ്പെടുത്തിയതാണ് രണ്ടാമത്തെ സംഭവം. ഈ രണ്ടു സംഭവങ്ങളും യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തെയും യേശുവിന്റെ സഭയേയും സംബന്ധിച്ച സുപ്രധാനമായ ചില ഉൾക്കാഴ്ചകൾ നൽകുന്നുണ്ട്. സമാന്തരസുവിശേഷങ്ങൾ മൂന്നും ഈ സംഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. മർക്കോസിന്റെ വിവരണമാണ് മൂലമെന്നും മറ്റു രണ്ടു സുവിശേഷങ്ങളും തങ്ങളുടേതായ രീതിയിൽ വ്യത്യാസങ്ങൾ വരുത്തി അവതരിപ്പിച്ചതാണെന്നും ബൈബിൾ പഠിതാക്കൾ കരുതുന്നു.

മത്തായി എഴുതിയ സുവിശേഷത്തിൽ ദൈവരാജ്യത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുന്ന അഞ്ചു പ്രഭാഷണങ്ങളുണ്ട് (മത്താ 5–7; 10; 13; 18; 24–25). സീനായ് മലയിൽവച്ച് സ്ഥാപിതമായ പഴയ ഉടമ്പടിയുടെ സ്ഥാനത്ത് യേശു അവതരിപ്പിക്കുന്ന

പുതിയ ഉടമ്പടിയുടെ സ്വഭാവവും നിബന്ധനകളും വിവരിക്കുന്ന മലയിലെ പ്രസംഗത്തിനു തൊട്ടുപിന്നാലെ യേശു പ്രവർത്തിച്ച പത്ത് അത്ഭുതങ്ങളാണ് മത്തായി വിവരിക്കുന്നത്. ഈ പത്ത് അത്ഭുതങ്ങളെ മോശയിലൂടെ ദൈവം ഈജിപ്തിൽ പ്രവർത്തിച്ച പത്ത് അടയാളങ്ങളുമായി താരതമ്യം ചെയ്യാവുന്നതാണ്. ഈ സാമ്യം തന്നെ യേശുവിനെ പുതിയ ഉടമ്പടിയുടെ മധ്യസ്ഥനായ പുതിയ മോശയായി അവതരിപ്പിക്കുന്നതിന്റെ ഭാഗമായും കരുതാനാവും. ഈജിപ്തിലെ അടയാളങ്ങളെല്ലാം നാശം വിതയ്ക്കുന്ന ശിക്ഷകളായിരുന്നു. എന്നാൽ യേശു പ്രവർത്തിച്ച അത്ഭുതങ്ങൾ എല്ലാം ഭയം അകറ്റുകയും ജീവൻ നൽകുകയും ചെയ്യുന്നവ ആയിരുന്നു എന്ന വ്യത്യാസമുണ്ട്. ഈജിപ്തിനെ ബാധിച്ച മഹാമാരികൾ ഇസ്രായേലിനെ മോചിപ്പിക്കാൻ കൽപിക്കുന്ന യാഹ്വേയുടെ ശക്തിയും വിമോചക സ്വഭാവവും വെളിപ്പെടുത്തി. അതിനു സമാനമായൊരു വെളിപ്പെടുത്തലാണ് മത്തായി വിവരിക്കുന്ന പത്ത് അത്ഭുതങ്ങളിലൂടെ സംഭവിക്കുന്നത്. യേശുവിനെ സർവ്വശക്തനും പ്രപഞ്ചത്തിന്റെ നാഥനുമായി അവതരിപ്പിക്കുന്നു. പഠനവിഷയമായ അത്ഭുതങ്ങൾ അപഗ്രഥിക്കുമ്പോൾ ഈ പശ്ചാത്തലങ്ങൾ മനസിൽ സൂക്ഷിക്കുന്നത് അർത്ഥവും ആഴമേറിയ ധ്വനികളും ഗ്രഹിക്കാൻ സഹായിക്കും.

കടലിനെ ശാന്തമാക്കുന്നതാണ് ആദ്യത്തെ അത്ഭുതം. മർക്കോസിന്റെ വിവരണം (4,35-41) മത്തായി ഗണ്യമായി ചുരുക്കിയിട്ടുണ്ട്; അതേസമയം മർക്കോസിന്റേതിൽനിന്നും ശ്രദ്ധേയമായ ചില മാറ്റങ്ങളും ഊന്നലുകളും നൽകുന്നുമുണ്ട്. “യേശു തോണിയിൽ കയറിയപ്പോൾ ശിഷ്യന്മാർ അവനെ അനുഗമിച്ചു” (മത്താ 8,23) എന്ന കാര്യമാത്ര പ്രസക്തമായ വിവരണത്തിലെ ഊന്നൽ വ്യക്തമാണ്-ശിഷ്യന്മാർ യേശുവിനെ അനുഗമിച്ചു; അഥവാ യേശുവിനെ അനുഗമിക്കുന്നവരാണ് ശിഷ്യർ. ഗുരുവിന്റെ കൂടെ തോണിയിൽ യാത്ര ചെയ്യുന്ന ശിഷ്യന്മാർ സഭയുടെ തന്നെ പ്രതീകമാണ്. ഇനി അങ്ങോട്ടു പറയാൻ പോകുന്ന കാര്യങ്ങൾ ശിഷ്യത്വത്തെയും സഭയെയും സംബന്ധിച്ചവ ആയിരിക്കും.

കടലിൽ ഉഗ്രമായ കൊടുങ്കാറ്റുണ്ടായി എന്ന വിവരണത്തിലും മത്തായി വ്യതിരിക്തത പാലിക്കുന്നു. ശക്തമായ കാറ്റ്, അഥവാ കൊടുങ്കാറ്റ് എന്നർത്ഥമുള്ള *ലയ്‌ലാപ്സ്* (lailaps) എന്ന ഗ്രീക്കു വാക്കാണ് മർക്കോസും ലൂക്കായും ഉപയോഗിക്കുന്നത്.

എന്നാൽ തികച്ചും വ്യത്യസ്തമായ "*സെയ്സ്മോസ്*" (Seismos) എന്ന ഗ്രീക്കു വാക്കാണ് മത്തായി ഉപയോഗിച്ചിരിക്കുന്നത്. ഭൂമി കുലുക്കം എന്നാണ് ഈ പദത്തിനർത്ഥം. പ്രപഞ്ചത്തെ മുഴുവൻ പ്രകമ്പനം കൊള്ളിക്കുന്ന അതിഭയാനകമായൊരു സംഭവമായി മത്തായി ഇതിനെ അവതരിപ്പിക്കുന്നു.

യുഗാന്തത്തോടനുബന്ധിച്ചുണ്ടാകാൻ പോകുന്ന ഒരടയാള മായി മർക്കോസും (13,8) ലൂക്കായും (21,11) ഭൂമികുലുക്കത്തെ അവതരിപ്പിക്കുന്നുണ്ട്. അതേ ആശയം മത്തായിയും സ്വീകരി ച്ചിട്ടുണ്ട് (24,7). ഇതിനു പുറമേ യേശുവിന്റെ മരണസമയത്തും (മത്താ 27,54) ഉത്ഥാനത്തിന്റെ അവസരത്തിലും (28,2) ഭൂമികുലു ക്കമുണ്ടായതായി മത്തായി മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽനിന്നു വ്യക്തമാകുന്ന ഒരു കാര്യമുണ്ട്. ഗലീലിത്തടാക ത്തിൽ സാധാരണമായുണ്ടാകുന്ന ഒരു കാറ്റും കടൽക്ഷോഭവു മെന്നതിലുപരി യുഗാന്തത്തെ സൂചിപ്പിക്കുംവിധം ഭീകരമായൊരു പ്രകമ്പനമാണിവിടെ സംഭവിക്കുന്നത്. അതിനാൽത്തന്നെ ശിഷ്യ ന്മാരുടെ ഭയവും പരിഭ്രാന്തിയും മനസിലാക്കാൻ കഴിയും.

ശിഷ്യന്മാരുടെ പ്രതികരണത്തിലും മത്തായിക്ക് തനതായ കാഴ്ചപ്പാടുണ്ട്. "ഗുരോ ഞങ്ങൾ നശിക്കാൻ പോകുന്നു. നീ അതു ഗൗനിക്കുന്നില്ലേ" (മർക്കോ 4,38) എന്ന അല്പം പരു ഷവും പരിഭവം നിറഞ്ഞതെന്നു തോന്നാവുന്നതുമാണ് മർക്കോസ് അവതരിപ്പിക്കുന്ന ശിഷ്യന്മാരുടെ വാക്കുകൾ. മത്താ യിയിൽ ഇതും തികച്ചും വ്യത്യസ്തമത്രേ: "കർത്താവേ, രക്ഷി ക്കണേ. ഞങ്ങൾ ഇതാ നശിക്കുന്നു" (മത്താ 8,25) എന്നത് ഒരു യാചനയാണ്. "കർത്താവേ" എന്ന അഭിസംബോധന അഗാധ മായൊരു വിശ്വാസപ്രഖ്യാപനമാണ്. പുറപ്പാടിന്റെ അവസരത്തിൽ മോശയ്ക്കു വെളിപ്പെടുത്തിയ ദൈവത്തിന്റെ പേരാണ് "യാഹ്‌വേ". ദൈവത്തോടുള്ള ഭക്തിയുടെയും ആദരവിന്റെയും പേരിൽ യഹൂദർ ഈ പേരുച്ചരിക്കാറില്ല. മറിച്ച് "അദോനായ്" എന്നാണു പറയുക. കർത്താവ്, നാഥൻ, അധിനാഥൻ എന്നൊ ക്കെയാണ് അദോനായ് എന്ന വാക്കിന്റെ അർത്ഥം. ശിഷ്യന്മാർ ഈ പദംകൊണ്ട് യേശുവിനെ വിളിക്കുമ്പോൾ യേശുവിന്റെ ദൈവത്വം തന്നെയാണ് ഏറ്റുപറയുന്നത്.

പുറപ്പാടു സംഭവത്തിൽ കർത്താവിന്റെ ശക്തി ഏറ്റം പ്രകട മായ സംഭവമാണ് കടൽ വിഭജിച്ച് ജനത്തിന് കടലിൽ നടുവിൽ

സുരക്ഷിതമായ വഴിയൊരുക്കിയത്. കർത്താവേ എന്ന അഭിസം ബോധനയും രക്ഷിക്കണമേ എന്ന യാചനയും വഴി മത്തായി ഈ പുറപ്പാടു സംഭവത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. അന്ന് ഇസ്രായേൽ ജനത്തെ ചെങ്കടലിന്റെ മധ്യത്തിലൂടെ സുരക്ഷിത രായി നയിച്ച ദൈവം തന്നെയാണ് ഇപ്പോൾ തോണിയിൽ ഉറ ങ്ങുന്ന യേശുവിൽ തങ്ങൾക്കു മധ്യേ സന്നിഹിതനായിരിക്കു ന്നത് എന്ന് അവർ ഉറച്ചു വിശ്വസിച്ചു. ഉറക്കെ പ്രഖ്യാപിച്ചു.

"കർത്താവേ രക്ഷിക്കണേ" എന്ന യാചന അനുദിനം സഭ യിൽ മുഴങ്ങുന്ന പ്രാർത്ഥനയാണ്. അതിനാൽ ഉത്ഥിതനായ ക്രിസ്തുവിലുള്ള വിശ്വാസം തന്നെയാണ് സഭയുടെ പ്രതിനി ധികളും പ്രതീകവും എന്ന നിലയിൽ ശിഷ്യന്മാർ ഏറ്റുപറയു ന്നത്. അപകടത്തിൽപ്പെട്ട തോണിയും ശിഷ്യന്മാരും കാലമാ കുന്ന കടലിലൂടെ നീങ്ങുന്ന സഭാനൗകയെ സൂചിപ്പിക്കുന്നു. സഭ പലപ്പോഴായി നേരിട്ടതും ഇന്നും നേരിട്ടുകൊണ്ടിരിക്കുന്നതുമായ വിവിധങ്ങളായ പ്രതിസന്ധികളെയും അപകടങ്ങളെയും സൂചി പ്പിക്കുന്നതാണ് പഠനവിഷയമായ സംഭവം എന്ന് അനുമാനിക്കു ന്നതിൽ തെറ്റില്ല.

ആദിമസഭ നേരിട്ട വലിയൊരു പ്രതിസന്ധിയായിരുന്നു വിജാ തീയരുടെ സുവിശേഷവൽക്കരണം. ആദ്യം യഹൂദനാകുക, പിന്നെ ക്രിസ്ത്യാനി എന്നതായിരുന്നു അപ്പസ്തോലന്മാരിൽ പലരും സ്വീകരിച്ച നിലപാട്. പൗലോസിന്റെ നേതൃത്വത്തിൽ വിജാതീയരുടെ ഇടയിൽ സുവിശേഷ പ്രഘോഷണം ശക്തി പ്പെടുകയും അനേകം വിജാതീയർ യേശുവിനെ നാഥനും രക്ഷ കനുമായി സ്വീകരിക്കുകയും ചെയ്തപ്പോൾ ഈ പ്രതിസന്ധി രൂക്ഷമായി. അപ്പസ്തോലപ്രമുഖർ എന്നു വിശേഷിപ്പിക്കാവുന്ന പത്രോസും പൗലോസും തമ്മിൽപ്പോലും ഈ വിഷയത്തിൽ ശക്തമായ അഭിപ്രായ ഭിന്നതയുണ്ടായി. യഹൂദക്രൈസ്തവർ, വിജാതീയ ക്രൈസ്തവർ എന്നിങ്ങനെ സഭതന്നെ രണ്ടായി പിളരും എന്ന ഭയാനകമായൊരവസ്ഥ സംജാതമായി. ഇതിനെ ക്കുറിച്ച് പൗലോസ് വ്യക്തമായി സൂചിപ്പിക്കുന്നുണ്ട് (ഗലാ 2,1-14). ഈ സാഹചര്യത്തിലാണ് ആദ്യത്തെ സാർവ്വത്രിക സൂനഹദോസ് ജറുസലേമിൽ സമ്മേളിച്ച് തീരുമാനമുണ്ടാക്കുകയും സഭയുടെ ഐക്യം കാത്തു സൂക്ഷിക്കുകയും ചെയ്തത് (അപ്പ 15).

യേശുവും ശിഷ്യന്മാരും കൂടെ വിജാതീയരുടെ ദേശമായ

ഗദറായരുടെ നാട്ടിലേക്കു യാത്ര ചെയ്യുമ്പോഴാണ് ഭീകരമായ ഈ പ്രകമ്പനം തോണിയെ അപകടത്തിലാക്കിയത് എന്നതും ശ്രദ്ധേയമത്രെ. വിജാതീയരുടെ നാട്ടിലേക്കു പോകരുത് (മത്താ 10,5) എന്ന നിർദ്ദേശവും ഇസ്രായേൽക്കാരുടെ അടുത്തേക്കു മാത്ര മാണ് താൻ അയയ്ക്കപ്പെട്ടിരിക്കുന്നത് (മത്താ 15,24) എന്ന യേശു വിന്റെ പ്രഖ്യാപനവും ഈ സംഭവത്തിന്റെ വിവരണത്തോട് ചേർത്ത് വായിക്കണം. അപ്പോൾ ഗലീലിത്തടാകത്തിൽ ശിഷ്യ ന്മാർ നേരിട്ട പ്രതിസന്ധി ഭാവിയിൽ സഭാ നൗക നേരിടാൻ പോകുന്ന നിരവധിയായ പ്രതിസന്ധികളുടെ പ്രതീകമായിരുന്നു എന്നു കാണാനാവും.

ഈ പ്രതിസന്ധിയിൽ ഒന്നേ ചെയ്യാനുള്ളൂ, കർത്താവിനെ വിളിച്ചപേക്ഷിക്കുക. അവൻ ഉണർന്ന് കടലിനെ ശാസിക്കും; ശാന്തതയുണ്ടാകും. അതുതന്നെയാണ് സംഭവിച്ചത്. "അവൻ എഴു ന്നേറ്റു; കാറ്റിനെയും കടലിനെയും ശാസിച്ചു. വലിയ ശാന്തതയു ണ്ടായി" (മത്താ 8,26). ആശ്ചര്യഭരിതരായ ശിഷ്യന്മാരുടെ ചോദ്യം സംശയമുണർത്താം: "ഇവൻ ആര്? കാറ്റും കടലും പോലും ഇവനെ അനുസരിക്കുന്നല്ലോ" (മത്താ 8,27). കർത്താവേ രക്ഷി ക്കണേ എന്നു വിളിച്ചപേക്ഷിച്ചെങ്കിലും ഭയവിഹ്വലരായ തങ്ങൾ പറഞ്ഞതിന്റെ അർത്ഥമെന്തെന്ന് അവർ പൂർണ്ണമായും ഗ്രഹിച്ചി രുന്നില്ല.

ഗലീലിത്തടാകത്തിന്റെ കിഴക്കേക്കരയിൽ ഗദറായരുടെ ദേശ ത്തുവച്ച് യേശു നടത്തിയ പിശാചുബഹിഷ്കരണമാണ് അടുത്ത സംഭവം (മത്താ 8,28-34). മർക്കോസ് 20 ഉം ലൂക്കാ 14 ഉം വാക്യ ങ്ങളിൽ വിവരിക്കുന്ന ഈ സംഭവം മത്തായി വെറും 7 വാക്യങ്ങ ളിൽ ഒതുക്കിയിരിക്കുന്നു. വിശദാംശങ്ങളെല്ലാം വിട്ടുകളഞ്ഞ് ഒരേ ഒരു കാര്യത്തിൽ മത്തായി ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പിശാചു ക്കൾ യേശുവിനെ ദൈവപുത്രനായി ഏറ്റു പറയുന്നു; യാചി ക്കുന്നു. ഇവിടെ ശ്രദ്ധ മുഴുവൻ യേശുവിലാണ്. പിശാചുബാധി തന്റെ സവിശേഷതകൾക്കോ പിശാചുക്കളുടെ സംഖ്യയ്ക്കോ അതിക്രമങ്ങൾക്കോ ഒന്നും പ്രസക്തിയില്ല. പിശാചുക്കൾ യാചി ച്ചതനുസരിച്ച് അവർക്കു പന്നികളിൽ പ്രവേശിക്കാൻ യേശു അനു വാദം നൽകി. പന്നികളെല്ലാം കടലിൽ ചാടിച്ചത്തു. നാട്ടുകാർ കൂട്ടമായി വരുന്നത് സൗഖ്യം പ്രാപിച്ച പിശാചുബാധിതനെ കാണാനല്ല, മറിച്ച് യേശുവിനെ കാണാനാണ്. കണ്ടപ്പോൾ യേശു

വിനോടു നാടുവിട്ടുപോകാൻ ആവശ്യപ്പെട്ടു. യേശു തോണിയിൽ കയറി തിരിച്ചുപോന്നു.

മത്തായിയുടെ വിവരണത്തിൽമാത്രം കാണുന്ന ചില സവിശേഷതകൾ ശ്രദ്ധിക്കണം. ആദ്യമേ ശ്രദ്ധയിൽ പെടുന്നത് പിശാചുബാധിതരുടെ സംഖ്യയാണ്. മർക്കോസും ലൂക്കായും ഒരാളെക്കുറിച്ചു പറയുമ്പോൾ മത്തായിയുടെ വിവരണത്തിൽ രണ്ടു പേരുണ്ട്. സാക്ഷ്യം അംഗീകരിക്കണമെങ്കിൽ രണ്ടു പേരെങ്കിലും സാക്ഷ്യപ്പെടുത്തണം എന്ന നിയമത്തിന്റെ (നിയ 19,15) സ്വാധീനമായിരിക്കാം ഇതിനു കാരണം. ജെറീക്കോയിലെ കുരുടന്റെ കാര്യത്തിലും (മർക്കോ 10,46-50; മത്താ 20,29-34) ഇതുപോലൊരു വ്യത്യാസം കാണാം.

പിശാചുബാധിതന്റെ ചോദ്യത്തിലും മത്തായിയുടെ വിവരണത്തിൽ വ്യത്യാസമുണ്ട്. "സമയത്തിനുമുമ്പ് ഞങ്ങളെ പീഡിപ്പിക്കാൻ നീ ഇവിടെ വന്നിരിക്കുന്നുവോ?" (മത്താ 8,29). എന്താണ് ''സമയത്തിനുമുമ്പ്'' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്? സാത്താന്റെ ഭരണം അവസാനിപ്പിച്ച് ദൈവരാജ്യം ഈ ഭൂമിയിൽ പൂർണ്ണമായി സ്ഥാപിക്കപ്പെടുന്നത് യുഗാന്തത്തിലായിരിക്കും. അതുവരെ പിശാചിന്റെ ആധിപത്യം ഈ ഭൂമിയിൽ തുടരും എന്ന യഹൂദരുടെ വിശ്വാസമായിരിക്കാം ഈ ചോദ്യത്തിൽ പ്രതിധ്വനിക്കുന്നത്. വിജാതീയരെ മുന്നിൽക്കണ്ട് സുവിശേഷം രചിക്കുന്ന മർക്കോസിനും ലൂക്കായ്ക്കും ഈ ഒരു വിശദാംശം പ്രാധാന്യമർഹിക്കുന്നില്ല.

''ഇവിടെ'' എന്നതുകൊണ്ട് വിജാതീയരുടെ നാട്ടിൽ എന്നാണ് സൂചന. അപ്പോൾ പിശാചിന്റെ സ്വാധീനം ഇസ്രായേലിന്റെ അതിരുകൾക്കപ്പുറത്ത് അനുവദിച്ചിരിക്കുന്നു എന്ന സൂചനയുണ്ടാവാം. യേശുവിന്റെ മരണവും ഉത്ഥാനവും കഴിഞ്ഞതിനുശേഷമേ വിജാതീയരുടെ അടുക്കലേക്കു സുവിശേഷവുമായി പോകൂ എന്ന മത്തായിയുടെ സുവിശേഷത്തിലെ നിലപാടും ഇവിടെ വ്യക്തമാകുന്നു. ഉത്ഥിതനായ ക്രിസ്തുവാണ് ശിഷ്യന്മാരെ ലോകത്തിന്റെ അതിർത്തികളിലേക്ക്, എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ എന്ന കല്പനയുമായി (മത്താ 28,19) അയയ്ക്കുന്നത്. അതിന്റെ ഒരു മുന്നാസ്വാദനമായി ഈ സംഭവത്തെ മത്തായി അവതരിപ്പിക്കുന്നതായി കരുതാം.

പന്നി മേയ്ക്കുന്നവരുടെ വാക്കുകേട്ടു പട്ടണവാസികൾ

മുഴുവൻ വന്നത് യേശുവിനെ കാണാനാണ്. എന്നാൽ ആ കാഴ്ച അവർക്കു രക്ഷണീയമായില്ല. തങ്ങളുടെ അതിർത്തി വിട്ടുപോകണം എന്ന് അവർ ആവശ്യപ്പെട്ടതിന്റെ കാരണം സുവിശേഷകൻ വ്യക്തമാക്കുന്നില്ല. "അവർ അത്രയേറെ ഭയപ്പെട്ടിരുന്നു" എന്ന് ഒരു വിശദീകരണം ലൂക്കാ (8,37) നൽകുന്നുണ്ട്. ജനം ഭയപ്പെടുന്നത് യേശുവിൽ ദൈവിക സാന്നിധ്യം അറിഞ്ഞതിനാലാണ് എന്ന് ലൂക്കായുടെ വിശദീകരണം സൂചിപ്പിക്കുന്നു. ഇതേ ആശയം മത്തായിയിലും ഉണ്ടാവാം; എന്നാൽ അതു പറയുന്നില്ല. പറയുന്ന ഒരേ ഒരു കാര്യം വലിയൊരു പന്നിക്കൂട്ടം കടലിൽ ചാടിച്ചത്തു എന്നു മാത്രമാണ്. ഈ പന്നി നഷ്ടമാകുമോ യേശുവിനെ നാടുകടത്താൻ പ്രേരിപ്പിച്ചത്? ഒരാൾക്കു സുബോധമുണ്ടായപ്പോൾ ഒരു പന്നിക്കൂട്ടം മുഴുവൻ നശിച്ചെങ്കിൽ യേശുവിന്റെ സാന്നിധ്യം ഇനി എന്തെല്ലാം നഷ്ടങ്ങൾക്കു കാരണമാകും എന്ന ഭയമായിരിക്കുമോ അവർ യേശുവിനെ തിരസ്കരിക്കാൻ കാരണം? ഈ സാധ്യതയും തള്ളിക്കളയാനാവില്ല.

വിജാതീയരുടെ അടുക്കലേക്ക് സുവിശേഷവുമായി കടന്നുചെല്ലുമ്പോൾ സഭാസമൂഹം നേരിടുന്ന പ്രതിസന്ധികളും വെല്ലുവിളികളും ഈ രണ്ടു സംഭവങ്ങളിലും നിഴലിക്കുന്നുണ്ട്. ഇവയുടെ പ്രസക്തി ഇന്നും നഷ്ടമായിട്ടില്ല. പ്രതിസന്ധിയിൽ ഉലയുന്ന വഞ്ചിയിൽ യേശു ഉണ്ടെന്ന കാര്യം മറക്കരുത്. നഷ്ടധൈര്യരായി നിരാശപ്പെടാതെ, വിശ്വാസത്തോടെ യേശുവിനെ വിളിച്ചപേക്ഷിക്കണം. അവൻ ഉണരും. പ്രതികൂല ശക്തികളെ ശാസിക്കും, ശാന്തതയുണ്ടാകും, വ്യക്തിജീവിതങ്ങളിലും സഭയിലും സമൂഹത്തിലും. കാരണം പ്രപഞ്ചത്തിന്റെ നാഥനായ സർവ്വശക്തനാണവൻ. അതേസമയം സ്വകാര്യ താൽപര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി യേശുവിനെ തള്ളിപ്പറയാൻ ഇടയാകരുത്. ഗദറായരെപ്പോലെ പന്നി സംരക്ഷണാർത്ഥം യേശുവിനെ ബഹിഷ്കരിക്കാൻ ഇടയാകാതിരിക്കട്ടെ!

# 53

### ഏലിയാ 8 – ാം ഞായർ

## മരിച്ചവരുടെ പുനരുത്ഥാനം

### (മത്താ 22,23–33)

ഏലിയ-സ്ലീവാ-മൂശക്കാലത്തെ അവസാന ഞായറാഴ്ചയാണിന്ന്. യേശുവിന്റെ മരണവും ഉത്ഥാനവും വഴി മനുഷ്യകുലത്തിന് ലഭ്യമായ രക്ഷയെയും മഹത്വപൂർണ്ണമായ സ്വർഗ്ഗഭാഗ്യത്തെയും കുറിച്ച് ഈ കാലഘട്ടത്തിൽ വിവിധ ബൈബിൾ ഭാഗങ്ങളിലൂടെ തിരുസഭ വിശ്വാസ സമൂഹത്തെ ഉദ്ബോധിപ്പിച്ചു. ദൈവിക മഹത്വത്തിലുള്ള പൂർണ്ണമായ പങ്കുചേരൽ മരിച്ചവരുടെ പുനരുത്ഥാനത്തിലൂടെ ആയിരിക്കും സംഭവിക്കുക. അതിനാൽ ഈ കാലഘട്ടത്തിന്റെ സമാപനത്തിൽ പുനരുത്ഥാനത്തെയും മരണാനന്തര ജീവിതത്തെയും കുറിച്ച് പഠിപ്പിക്കുന്നു.

പരസ്യജീവിതത്തിന്റെ അവസാനത്തെ ആഴ്ച യേശു ജറുസലെമിലാണ് ചിലവഴിച്ചതെന്ന് നാലു സുവിശേഷങ്ങളും രേഖപ്പെടുത്തുന്നുണ്ട്. പതിനായിരങ്ങളുടെ അകമ്പടിയോടെ, കഴുതപ്പുറത്ത് ജറുസലെമിലേക്കു നടത്തിയ ഘോഷയാത്രയും നഗരപ്രവേശനവും ഇസ്രായേൽജനം പ്രതീക്ഷിച്ചിരുന്ന മിശിഹാരാജാവ് യേശു ആണെന്നു വിളിച്ചു പറയുകയായിരുന്നു. പക്ഷേ ആ രാജാവിന്റെ സ്വഭാവവും പ്രവൃത്തികളും അവരുടെ പ്രതീക്ഷകൾക്കു വിരുദ്ധമായിരുന്നു എന്ന് തുടർന്നുണ്ടായ സംഭവങ്ങളും പ്രബോധനങ്ങളും വ്യക്തമാക്കുന്നു. രാജകീയമായ നഗരപ്രവേശനത്തിന് തൊട്ടുപിന്നാലെ സമാന്തരസുവിശേഷങ്ങൾ മൂന്നും രേഖപ്പെടുത്തുന്നത് ദേവാലയശുദ്ധീകരണമാണ്. തുടർന്ന് യഹൂദനേതൃത്വം യേശുവിനെ ചോദ്യം ചെയ്യുന്നു, വിവാദങ്ങളുമായി എതിരിടുന്നു. അങ്ങനെ ജറുസലെമിലെ സുവിശേഷപ്ര

ഘോഷണം രൂക്ഷമായ സംഘട്ടനമായി പരിണമിക്കുന്നു. ഇപ്ര കാരമുള്ള അഞ്ചു വിവാദങ്ങൾ സമാന്തര സുവിശേഷങ്ങൾ മൂന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ മൂന്നാമത്തെ വിവാദമാണ് ഇന്നത്തെ വിചിന്തനത്തിനായി തിരുസഭ നിർദ്ദേശിച്ചിരിക്കുന്നത്.

ദേവാലയ ശുദ്ധീകരണത്തെ തുടർന്ന് യഹൂദ നേതാക്കളിലെ എല്ലാ വിഭാഗങ്ങളും യേശുവുമായി തർക്കത്തിൽ ഏർപ്പെട്ടു. ആദ്യമേ വരുന്നത് "പ്രധാന പുരോഹിതരും, ജനപ്രമാണികളു മാണ്" (മത്താ 21,23). ഇവർ സാൻഹദ്രിൻ സംഘത്തിന്റെ ഔദ്യോ ഗിക പ്രതിനിധികളായിരുന്നു എന്നു കരുതണം. യേശുവിന്റെ അധികാരമാണ് ചോദ്യവിഷയം. ആത്മീയ നേതൃത്വത്തിന്റെ പ്രതീ കമാണ് ഫരിസേയർ. അവർ രാഷ്ട്രീയ നേതൃത്വത്തെ സൂചിപ്പി ക്കുന്ന ഹേറോദേസ് പക്ഷക്കാരുമായി കൂട്ടുചേർന്ന് യേശുവിനെ വാക്കിൽ കുടുക്കി ഉന്മൂലനം ചെയ്യാം എന്ന ദുഷ്ടലാക്കോടെ യാണ് രണ്ടാമത്തെ ചോദ്യം ഉന്നയിക്കുന്നത്. സീസറിനു നികുതി കൊടുക്കുന്നതിന്റെ നൈയ്യാമിക സാധുതയാണ് ചർച്ചാവിഷയം (മത്താ 22,15-22).

അവർ തോറ്റു പിന്മാറിയപ്പോൾ ഔദ്യോഗികമതനേതാക്ക ളായ സദ്ദുക്കായരുടെ പ്രതിനിധികൾ യേശുവിനെ ജനമധ്യത്തിൽ അപഹാസ്യനാക്കാൻ വേണ്ടിയാണ് പുനരുത്ഥാനത്തെ സംബ ന്ധിച്ച ചോദ്യം ഉന്നയിക്കുന്നത് (22,22-23). ഫരിസേയരിലെ നിയ മപണ്ഡിതൻ നിയമത്തിലുള്ള യേശുവിന്റെ അവഗാഹവും നിയ മത്തോടുള്ള സമീപനവും പരീക്ഷിക്കാൻ സുപ്രധാനമായ കല്പ നയെക്കുറിച്ചുള്ള ചോദ്യം ഉന്നയിച്ചു (22,34-40). എതിരാളികൾ എല്ലാം തോറ്റു പിൻമാറിയപ്പോൾ യേശു ഒരു മറുചോദ്യം ഉന്ന യിച്ചു. ഫരിസേയ നേതാക്കളാണ് ഇപ്പോൾ ഉത്തരം പറയേണ്ടത്. യേശുവിനെ ദൈവപുത്രനായി അംഗീകരിക്കാൻ കഴിയാത്ത, അഥവാ മനസില്ലാത്ത അവർ ഉത്തരം പറയാതെ ഒഴിഞ്ഞുമാറു ന്നതോടെ സംഭാഷണം അവസാനിക്കുന്നു (22,41-46).

തുടർന്നുവരുന്നത് അതിശക്തമായ താക്കീതുകളും ഓർമ്മ പ്പെടുത്തലുകളുമാണ് (23,1-39) പരസ്യജീവിതത്തിന്റെ ആരംഭ ത്തിൽ പ്രഘോഷിച്ച സുവിശേഷ ഭാഗ്യങ്ങൾക്ക് ("ഭാഗ്യവാ ന്മാർ"-മത്താ 5,1-12) സമാന്തരമായി നിൽക്കുന്നു പരസ്യജീവി തത്തിന്റെ അവസാനം ജറുസലെമിൽ വച്ച് വിളിച്ചറിയിച്ച ദുരിത വചനങ്ങൾ (23,13-36). "ദുരിതം" എന്നു വിവർത്തനം ചെയ്യുന്ന

വാക്കിന്റെ ഗ്രീക്ക്-ഹീബ്രു മൂലത്തിന് ഹാ കഷ്ടം! എന്നാണർത്ഥം. ഇതൊരു ശാപമല്ല, വിലാപമാണ്. നിങ്ങളുടെ അവസ്ഥ എത്രയോ അനുഗൃഹീതം എന്നാണ് ഭാഗ്യവാന്മാർ എന്നതിന്റെ അർത്ഥം; അതിനു ഘടകവിരുദ്ധമാണ് ദുരിതം! എന്ന ഉദ്ഘോഷണം. നിങ്ങളുടെ അവസ്ഥ എത്രയോ ദയനീയം, പരിതാപകരം- എന്നാണ് ധ്വനി. ഈ പശ്ചാത്തലത്തിൽ വേണം ഇന്നത്തെ ധ്യാന വിഷയമായ സുവിശേഷഭാഗം അപഗ്രഥിക്കാൻ. ഇതിൽ ചില കാര്യങ്ങൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

**1. സദ്ദുക്കായർ:** "പുനരുത്ഥാനമില്ല എന്നു പറയുന്ന സദ്ദുക്കായർ" എന്ന വിശേഷണം ശ്രദ്ധേയമാണ്. ദാവീദിന്റെയും പിന്നീട് സോളമന്റെയും കാലത്ത് പ്രധാന പുരോഹിതനായിരുന്ന സാദോക്കിന്റെ (1രാജാ 1,34) സന്തതിപരമ്പരയാണ് സദ്ദുക്കായർ എന്ന പേരിൽ അറിയപ്പെട്ടിരുന്നത്. പ്രധാന പുരോഹിതനും പുരോഹിതപ്രമുഖന്മാരും, സമൂഹത്തിൽ പ്രാധാന്യവും അധികാരവുമുള്ള പുരോഹിതർ എല്ലാവരും സദ്ദുക്കായരായിരുന്നു. "ഉന്നതകുലജാതരായ പുരോഹിതർ" (Priestly aristocracy) എന്ന് അവർ പരിഗണിക്കപ്പെട്ടിരുന്നു. അധികാരവും സമ്പത്തും അവർക്കുണ്ടായിരുന്നു. വിശ്വാസകാര്യത്തിൽ സ്വതന്ത്രചിന്താഗതി (liberal) വച്ചു പുലർത്തിയിരുന്ന അവർ മരിച്ചവരുടെ പുനരുത്ഥാനത്തിലോ മാലാഖമാരുടെ അസ്തിത്വത്തിലോ വിശ്വസിച്ചിരുന്നില്ല. മോശയുടെ പുസ്തകം എന്നറിയപ്പെടുന്ന പഞ്ചഗ്രന്ഥം മാത്രമേ ബൈബിളിന്റെ ഭാഗമായി അവർ അംഗീകരിച്ചിരുന്നുള്ളൂ. അവർ യേശുവിനെ സമീപിക്കുന്നത് പുനരുത്ഥാനത്തിലുള്ള വിശ്വാസം എത്ര അപഹാസ്യമാണെന്നു സ്ഥാപിച്ച്, യേശുവിന്റെ പ്രബോധനത്തെ തള്ളിപ്പറയാനും തദ്വാരാ യേശുവിനെ സമൂഹ മധ്യത്തിൽ പരിഹാസ്യനായി ചിത്രീകരിക്കാനും വേണ്ടിയാണ്.

**2. മരിച്ചവരുടെ പുനരുത്ഥാനം:** മരണാനന്തര ജീവിതത്തെക്കുറിച്ച് വ്യത്യസ്തമായ കാഴ്ചപ്പാടുകളാണ് യേശുവിന്റെ കാലത്ത് യഹൂദരുടെ ഇടയിൽ നിലവിലിരുന്നത്. മരണശേഷം ഒരു പുനരുത്ഥാനമുണ്ടാകും എന്ന് ഫരിസേയർ വിശ്വസച്ചിരുന്നു. എന്നാൽ ഉയിർത്തെഴുന്നേറ്റവരുടെ അവസ്ഥ എന്തായിരിക്കും എന്നതിനെക്കുറിച്ച് വ്യക്തതയില്ലായിരുന്നു. മരിച്ചപ്പോൾ ഉണ്ടായിരുന്ന അതേ ശരീരത്തോടെ ഉയിർക്കും; ഈ ലോകത്തിലെ സകല സുഖഭോഗങ്ങളും അവർ നിത്യമായി ആസ്വദിക്കും എന്ന്

ചിലർ വിശ്വസിച്ചു, പഠിപ്പിച്ചു. സദ്ദുക്കായരാകട്ടെ, മരണത്തോടെ എല്ലാം അവസാനിക്കും. അതിനാൽ ഈ ജീവിതം കഴിയുന്നത്ര ആസ്വദിക്കുക, ആഘോഷിക്കുക എന്ന നിലപാടാണ് സ്വീകരിച്ചത്.

മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള അറിവ് ബൈബിളിലും വളരെ വൈകിയാണ് പ്രത്യക്ഷപ്പെടുന്നത്. മരിച്ചവർ നിത്യനിദ്രയിലാണ്. അവർ ഒന്നും അറിയുന്നില്ല. ശൂന്യതയ്ക്കു സമാനമാണ് മരിച്ചവരുടെ അവസ്ഥ. ഈ വിശ്വാസമാണ് ജോബിന്റെ പുസ്തകത്തിൽ സജീവമായി ചർച്ച ചെയ്യപ്പെടുന്നത്. മരണത്തോടെ എല്ലാം അവസാനിക്കുന്നെങ്കിൽ നീതിമാന്റെ സഹനത്തിന് എന്ത് അർത്ഥം? ദുഷ്ടൻ ഇവിടെ സുഖസമൃദ്ധിയിൽ കഴിയുന്നതിന് എന്തു ന്യായീകരണം? എവിടെയാണ് ദൈവത്തിന്റെ നീതി? ഈ ചോദ്യങ്ങൾക്ക് ജോബിനു വ്യക്തമായ ഉത്തരം കിട്ടുന്നില്ല. എന്നാൽ പുനരുത്ഥാനത്തെക്കുറിച്ച് വ്യംഗ്യമായൊരു സൂചന കാണാം: "…. എന്റെ ചർമ്മം അഴുകി ഇല്ലാതായാലും എന്റെ മാംസത്തിൽ ഞാൻ ദൈവത്തെ കാണും. അവിടുത്തെ ഞാൻ എന്റെ പക്ഷത്തു കാണും" (ജോബ് 18,26-27). പുനരുത്ഥാനത്തെയാണോ അതോ രോഗസൗഖ്യത്തെയാണോ ഇതു സൂചിപ്പിക്കുന്നത് എന്നതിൽ തർക്കമുണ്ട്.

ഏശയ്യായുടെ പ്രവചനത്തിൽ "അങ്ങയുടെ മരിച്ചവർ ജീവിക്കും; അവരുടെ ശരീരം ഉയിർത്തെഴുന്നേൽക്കും. പൂഴിയിൽ ശയിക്കുന്നവരേ, ഉണർന്നു സന്തോഷകീർത്തനം ആലപിക്കുവിൻ…" (ഏശ 26,19) പുനരുത്ഥാനത്തെക്കുറിച്ച് ഒരു സൂചന കാണാം. എന്നാൽ ഇവിടെയും വ്യാഖ്യാതാക്കളുടെ ഇടയിൽ അഭിപ്രായ ഭിന്നതയുണ്ട്. വ്യക്തികളുടെ പുനരുത്ഥാനത്തെയല്ല, ഇസ്രായേൽ ജനത്തിന്റെ പുനരുദ്ധാരണത്തെയാണ് ഇതു സൂചിപ്പിക്കുന്നത് എന്ന അഭിപ്രായമാണ് ഭൂരിഭാഗം വ്യാഖ്യാതാക്കൾക്കുമുള്ളത്. ഇതുതന്നെയാണ് അസ്തികളുടെ താഴ്‌വരയെക്കുറിച്ചുള്ള എസെക്കിയേലിന്റെ പ്രവചനത്തിന്റെയും (എസെ 37,1-14) അർത്ഥം. പ്രവാസികളായി കഴിയുന്ന ഇസ്രായേൽ ജനത്തെ വീണ്ടും വാഗ്ദത്ത ഭൂമിയിലേക്കു കൊണ്ടുവരും, അത് ചിതറിപ്പോയ അസ്ഥികൾ വീണ്ടും ഒരുമിച്ചു ചേർന്ന് ജീവൻ പ്രാപിക്കുന്നതുപോലെ ഒരത്ഭുതമായിരിക്കും എന്നാണ് എസെക്കിയേൽ പ്രവചിക്കുന്നത്.

ബി.സി. രണ്ടാം നൂറ്റാണ്ടോടെയാണ് പുനരുത്ഥാനത്തിലുള്ള വിശ്വാസം ഇസ്രായേലിൽ ശക്തമായത്. സിറിയാരാജാവായ അന്തിയോക്കസ് നാലാമന്റെ മതപീഡനകാലത്ത് (ബി.സി.167-164) രൂപം കൊണ്ട ദാനിയേലിന്റെ പുസ്തകത്തിൽ ഈ വിശ്വാസം വ്യക്തമായി പ്രതിഫലിക്കുന്നുണ്ട്: "ഭൂമിയിലെ പൊടിയിൽ ഉറങ്ങുന്ന അനേകർ ഉണരും; ചിലർ നിത്യജീവനായും ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കുമായും" (ദാനി 12,1-4). മരിച്ചവരുടെ പുനരുത്ഥാനവും തുടർന്ന് അന്തിമവിധിയും ഉണ്ടാകും, അത് ലോകാവസാനത്തോടെ ആയിരിക്കും എന്ന് ഈ പ്രവചനം പഠിപ്പിക്കുന്നു.

ഏതാണ്ട് ഇതേ സാഹചര്യത്തിൽ രചിക്കപ്പെട്ട മക്കബായരുടെ രണ്ടാം പുസ്തകം മരിച്ചവരുടെ പുനരുത്ഥാനത്തെയും നിത്യസമ്മാനം-ശിക്ഷയെയും കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട് (2മക്ക 7,9,23,29;12,43-45). ബി.സി. ഒന്നാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട "ജ്ഞാനം" എന്ന ഗ്രന്ഥത്തിലും പുനരുത്ഥാനത്തെയും നിത്യസമ്മാനത്തെയും കുറിച്ച് സൂചനയുണ്ട് (ജ്ഞാനം 2,23-24; 3,1-8;4,7-14).

യേശുവിന്റെ പ്രബോധനത്തിലെ ഒരു മുഖ്യവിഷയമായിരുന്നു പുനരുത്ഥാനവും നിത്യജീവനും. വി. പൗലോസാണ് പുനരുത്ഥാനത്തെക്കുറിച്ച് ഏറ്റം വ്യക്തമായി പ്രതിപാദിക്കുന്നത് (1 കോറി 15). മരിച്ചവർ ഉയിർത്തെഴുന്നേൽക്കും എന്ന വിശ്വാസം യേശുവിന്റെ പുനരുത്ഥാനത്തിലാണ് പൗലോസ് ഉറപ്പിച്ചിരിക്കുന്നത്. "മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നില്ലെങ്കിൽ ക്രിസ്തുവും ഉയിർപ്പിക്കപ്പെട്ടിട്ടില്ല. ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം നിഷ്ഫലമാണ്" (1 കോറി 15,16-17). ശരീരങ്ങളുടെ ഉയിർപ്പിൽ വിശ്വസിക്കുമ്പോഴും ആ ശരീരം എപ്രകാരമുള്ളതായിരിക്കും എന്ന ചോദ്യത്തിന് വ്യക്തമായൊരുത്തരം തരാൻ പൗലോസിനും സാധിക്കുന്നില്ല. അത് ഒരു പുതിയ സൃഷ്ടിപോലെ ആയിരിക്കും എന്നേ പറയാൻ കഴിയൂ (1 കോറി 15,35-54).

**3. ഭർത്തൃസഹോദരധർമ്മം:** യഹൂദരുടെ ഇടയിൽ നിലവിലിരുന്ന, വിശുദ്ധഗ്രന്ഥാധിഷ്ഠിതമായ, ഒരു നിയമമാണ് സദ്ദുക്കായർ തങ്ങളുടെ ഹാസ്യകഥയ്ക്ക് ആധാരമായി എടുക്കുന്നത്. വിവാഹിതനായ ഒരാൾ മക്കളില്ലാതെ മരിച്ചാൽ അയാളുടെ

സഹോദരൻ വിധവയെ വിവാഹം കഴിച്ച് മക്കളെ ഉല്പാദിപ്പിക്കണം. ആദ്യത്തെ സന്തതി മരിച്ചുപോയ സഹോദരന്റേതായി പരിഗണിക്കപ്പെടും. ഇതാണ് നിയമം (നിയ 25,5-10). പുനരുത്ഥാനത്തെക്കുറിച്ച് അറിവില്ലാതിരുന്ന കാലഘട്ടത്തിൽ പിൻതലമുറകളിലൂടെ ജീവിതം തുടരുന്നു എന്ന് വിശ്വസിച്ചുപോന്നു. അതിനാൽ മക്കളില്ലാതെ മരിക്കുന്നത് നിത്യനാശമായി പരിഗണിക്കപ്പെട്ടിരുന്നു. ഈ സാഹചര്യത്തിലാണ് ഭർത്തൃസഹോദര ധർമ്മം ഏറെ പ്രസക്തമാകുന്നത്. ഈ നിയമമാണ് യേശുവിന്റെ പ്രബോധനത്തെ അപഹാസ്യമാക്കി ചിത്രീകരിക്കാൻ സദ്ദുക്കായർ പ്രയോഗിക്കുന്നത്. അവർ പറയുന്ന കഥയിലെ മുഖ്യ കഥാപാത്രമായ സ്ത്രീ തോബിത്തിന്റെ പുസ്തകത്തിലെ ഹതഭാഗ്യയായ സാറായെ (തോബി 3,7-9) പുനരവതരിപ്പിക്കുന്നു എന്ന വ്യാഖ്യാനത്തിന് വലിയ പിൻതുണയില്ല. ഏഴുപേരുടെയും ഭാര്യയായി ജീവിച്ച അവൾ പുനരുത്ഥാനത്തിൽ ആരുടെ ഭാര്യ ആയിരിക്കും എന്ന ചോദ്യം ഉത്തരം പ്രതീക്ഷിച്ചുള്ളതല്ല എന്നു വ്യക്തം. പുനരുത്ഥാനം എന്ന വിശ്വാസം തന്നെ അസാധ്യം എന്നു സ്ഥാപിക്കുകയാണ് ചോദ്യത്തിന്റെ ലക്ഷ്യം.

**4. അജ്ഞത:** യേശുവിന്റെ മറുപടിയിൽ കോപമില്ല, വിലാപവുമില്ല. ചോദ്യകർത്താക്കളുടെ അജ്ഞതമൂലം അവരോടുള്ള സഹതാപമാണ് മറുപടി പ്രകടമാക്കുന്നത്. അറിവില്ലായ്മയാണ് അവരുടെ പ്രശ്നം. വിശുദ്ധ ലിഖിതങ്ങളെക്കുറിച്ചുള്ള അജ്ഞതയാണ് ആദ്യത്തേത്. ഒരുപക്ഷേ അവർ വിശുദ്ധ ലിഖിതങ്ങൾ വായിച്ചിട്ടുണ്ടാവും. എന്നാൽ അവയുടെ ആഴമേറിയ അർത്ഥം അവർ ഗ്രഹിക്കുന്നില്ല. ദൈവനിവേശിതമായി അവരും അംഗീകരിക്കുന്ന മോശയുടെ പുസ്തകങ്ങളായ പഞ്ചഗ്രന്ഥത്തിൽ ത്തന്നെ പുനരുത്ഥാനത്തിനു തെളിവുണ്ട് എന്ന് യേശു അവരെ ചൂണ്ടിക്കാണിക്കുന്നു. മുൻവിധി കൂടാതെ, വിശ്വാസത്തിൽ നിന്നുത്ഭവിക്കുന്ന വിനയത്തോടെ ദൈവവചനം വായിക്കണം. ദൈവാത്മാവിന്റെ പ്രകാശനത്തിനായി പ്രാർത്ഥിക്കണം; ഹൃദയംകൊണ്ട് ശ്രവിക്കണം. എങ്കിലേ വചനത്തിന്റെ അർത്ഥം ഗ്രഹിക്കാൻ കഴിയൂ.

ദൈവത്തിന്റെ ശക്തിയെക്കുറിച്ചുള്ളതാണ് രണ്ടാമത്തെ അജ്ഞത. ദൈവത്തിന്റെ ശക്തിക്കും പ്രവർത്തനങ്ങൾക്കും അതിരു നിശ്ചയിക്കാൻ മനുഷ്യൻ ആരാണ്? ഇല്ലായ്മയിൽ നിന്നു സൃഷ്ടിക്കുന്ന ദൈവത്തിന് മരിച്ചു മണ്ണടിഞ്ഞ മനുഷ്യനെ പുതു

ജീവൻ നൽകി ഉയിർപ്പിക്കാൻ കഴിയില്ല എന്നു പറയാനാകുമോ? ദൈവത്തിന്റെ ശക്തിയിലും പദ്ധതിയിലും പരിപാലനയിലും വിശ്വസിക്കുക. മരിച്ചവരുടെ പുനരുത്ഥാനവും ആ പദ്ധതിയുടെ ഭാഗമാണ്. അതിനാൽ ലാഘവബുദ്ധിയോടെ ചിരിച്ചുതള്ളാനുള്ള വിഷയമല്ല പുനരുത്ഥാനം. മനുഷ്യ ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും വ്യക്തമാക്കുന്ന യാഥാർത്ഥ്യമാണത്. തന്റെ തന്നെ പുനരുത്ഥാനത്തിലൂടെ യേശു ഈ വിശ്വാസത്തിന് അടിത്തറ യിട്ടു.

**5. ഉത്ഥിതശരീരം:** ഉത്ഥാനത്തിനുശേഷമുള്ള ജീവിതം എപ്ര കാരമായിരിക്കും എന്ന് യേശു തുടർന്നു പഠിപ്പിക്കുന്നു. ഉത്ഥാന മില്ല എന്നു പഠിപ്പിക്കുന്ന സദ്ദുക്കായരുടെ മാത്രമല്ല, ഈ ലോക ജീവിതത്തിന്റെ അവസാനമില്ലാത്ത തുടർച്ചയാണ് ഉത്ഥിതരുടെ ജീവിതം എന്ന ഫരിസേയരുടെ നിലപാടും യേശു തിരുത്തുന്നു. മരണം ഒരു അവസാനമാണ്. ഭൗതികമായ സകലതിന്റെയും അന്ത്യം. ഉത്ഥാനം ഒരു പുതിയ സൃഷ്ടിപോലെ ആയിരിക്കും. അവിടെ ഭൗതികമായ ആവശ്യങ്ങളോ, ആഗ്രഹങ്ങളോ അഭിലാ ഷങ്ങളോ ആസക്തികളോ ഒന്നും ഉണ്ടാവില്ല.

സ്ത്രീ പുരുഷ വ്യത്യാസം ഈ ഭൂമിയിലേ ഉള്ളൂ. രണ്ടു ലക്ഷ്യ ങ്ങളാണ് ബൈബിൾ ഈ വ്യത്യാസത്തിന് നൽകുന്നത്. സന്താ നോല്പാദനവും കൂട്ടായ്മയും (ഉൽപ 1,28;2,18). മരണശേഷം ഈ രണ്ടു ലക്ഷ്യങ്ങളും നിലനിൽക്കുന്നില്ല. “പുനരുത്ഥാനത്തിൽ അവർ വിവാഹം ചെയ്യുകയോ ചെയ്തു കൊടുക്കുകയോ ഇല്ല. പിന്നെയോ, അവർ സ്വർഗ്ഗ ദൂതന്മാരെപ്പോലെ ആയിരിക്കും” (മത്താ 22,30). ഇതാണ് യേശു നൽകുന്ന മറുപടിയുടെ കേന്ദ്രം.

ഇവിടെ ശാസനയില്ല, കുറ്റപ്പെടുത്തലുമില്ല. വ്യക്തമായ ഒരു പ്രബോധനം, ശക്തമായ ഒരു ഉപദേശം. “സ്വർഗ്ഗത്തിലുള്ള ദൈവ ത്തിന്റെ ദൂതന്മാരെപ്പോലെ” എന്നാണ് ഗ്രീക്കുമൂലം. മാലാഖ എന്ന വാക്കിന്റെ അർത്ഥം “ദൂതൻ” എന്നാണല്ലോ. അവരെ ശക്ത രായ പുരുഷന്മാരും സുന്ദരികളായ സ്ത്രീകളും നിഷ്കളങ്കരായ ശിശുക്കളും ഒക്കെ ആയി ചിത്രീകരിക്കുന്നത് കലാകാരന്മാരുടെ ഭാവനയാണ്. മാലാഖമാർ അശരീരികളാണ്. ഭൗതികശരീരം അതേപടി ഉയിർത്തെഴുന്നേൽക്കുന്നതല്ല പുനരുത്ഥാനം. ജായി റോസിന്റെ മകളും നായിനിലെ വിധവയുടെ മകനും ലാസറും പുനരുത്ഥാനം ചെയ്തില്ല; അവർ പുനരുജ്ജീവിപ്പിക്കപ്പെടുക

മാത്രമായിരുന്നു. അവർ പഴയജീവിതം അതേപടി തുടർന്നു. ഇതല്ല മരിച്ചവരുടെ പുനരുത്ഥാനം.

മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കപ്പെടുന്ന ശരീരത്തെ "ആത്മീയ ശരീരം" എന്നാണ് പൗലോസ് വിശേഷിപ്പിക്കുന്നത്. "വിതയ്ക്കപ്പെടുന്നത് ഭൗതികശരീരം; പുനർജീവിക്കുന്നത് ആത്മീയശരീരം. ഭൗതികശരീരമുണ്ടെങ്കിൽ ആത്മീയശരീരവുമുണ്ട്" (1 കോറി 15,44). ഉയിർപ്പിക്കപ്പെടുന്ന ആത്മീയശരീരത്തിന് മൂന്നു ഗുണങ്ങൾ ഉള്ളതായി സഭാപിതാക്കന്മാർ പഠിപ്പിച്ചു. ***1. അക്ഷയം***- അത് ഒരിക്കലും ക്ഷയിക്കുകയില്ല. നശിക്കുകയില്ല. രോഗമോ മറ്റെന്തെങ്കിലും കുറവുകളോ ഉണ്ടാവുകയില്ല. മരണമില്ലാതെ, ഒരു കുറവുമില്ലാതെ, എന്നേക്കും ജീവിക്കും. ***2. ലഘുത്വം***- ഈ ശരീരം സ്ഥല-കാല പരിമിതികൾക്ക് അതീതമായിരിക്കും, മനസുപോലെ. ഭൗതികമായ പരിമിതികൾ ഈ ശരീരത്തിനു ബാധകമല്ല. എപ്പോഴും ദൈവത്തോടൊന്നിച്ചായിരിക്കും. ദൈവം എവിടെയോ അവിടെ ഉത്ഥിതരും ഉണ്ടായിരിക്കും. ***3. ദീപ്തി***- പ്രകാശമാനമായിരിക്കും ഈ ശരീരം. ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു എന്നു പറഞ്ഞ യേശു തന്നെ നിങ്ങൾ ലോകത്തിന്റെ പ്രകാശമായിരിക്കണം എന്ന് ഉദ്ബോധിപ്പിച്ചു. ദൈവിക മഹത്വത്തിൽ പങ്കുചേരുന്ന ഉത്ഥിതർ സൂര്യനെപ്പോലെ, പോരാ, യേശുവിനെപ്പോലെ, പ്രശോഭിക്കും. അദൃശ്യവും അജ്ഞാതവുമായ ഒന്നിനെ വിശദീകരിക്കാൻ ഉപയോഗിക്കുന്ന പ്രതീകങ്ങൾ മാത്രമാണ് ഇവയെല്ലാം എന്ന കാര്യം മറക്കാതിരിക്കാം.

**6. വചനസാക്ഷ്യം:** പ്രതിയോഗികളായ സദ്ദുക്കായരും ദൈവവചനമായി അംഗീകരിക്കുന്ന പുറപ്പാടു പുസ്തകത്തിൽനിന്ന് ഉദ്ധരിച്ചുകൊണ്ട് യേശു തന്റെ പ്രബോധനം ഉറപ്പിക്കുന്നു. പിതാക്കന്മാരുടെ ദൈവം എന്ന് മോശയ്ക്കു സ്വയം പരിചയപ്പെടുത്തുന്നത് മരിച്ചവരുടെയല്ല, ജീവിച്ചിരിക്കുന്നവരുടെ ദൈവമാണ് (പുറ 3,6; മത്താ 22,32). മരിച്ചുപോയി എന്നു നാം കരുതുന്ന ആരും എന്നേക്കുമായി മരിച്ചിട്ടില്ല; അവർ എന്നും ദൈവത്തോടുകൂടെയുണ്ട് എന്നതാവും ഈ ഉദ്ധരണിയുടെ പ്രത്യക്ഷമായ അർത്ഥം. ദൈവത്തോടൊന്നിച്ചായിരിക്കുന്നവർ ദൈവദൂതന്മാരെപ്പോലെ ആയിരിക്കും എന്നതു നിഗമനം. എന്നാൽ ശരീരങ്ങളുടെ പുനരുത്ഥാനം ഓരോ വ്യക്തിയുടെയും മരണനിമിഷത്തിൽത്തന്നെ സംഭവിക്കുന്നില്ല. അതിന് യുഗാന്തം വരെ കാത്തി

രിക്കണം എന്ന് യേശു പിന്നീട് വ്യക്തമായി പഠിപ്പിക്കുന്നുണ്ട് (മത്താ 24,31; 25,31-32).

**7. പ്രതികരണം:** മറുപടിയോട് സദ്ദുക്കായർ എങ്ങനെ പ്രതികരിച്ചു എന്ന് സുവിശേഷകൻ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഈ പ്രബോധനം കേട്ട ജനക്കൂട്ടം അത്യന്തം വിസ്മയിച്ചു. തികച്ചും നവീനവും അതേസമയം അത്യന്തം സന്തോഷപ്രദവുമാണ് ഈ മറുപടി. ഈ ലോകത്തിലെ ജീവിതം വ്യർത്ഥമല്ല; മനുഷ്യജീവിതം മരണത്തോടെ എന്നേക്കുമായി അവസാനിക്കുന്നില്ല. മരണം നിത്യജീവനിലേക്കുള്ള കവാടം മാത്രമാണ്. ഈ ഭൂമിയിൽ ദൈവഹിതം അനുസരിച്ച് ജീവിക്കുന്നവർ എന്നേക്കും ദൈവത്തോടൊന്നിച്ചായിരിക്കും.

വിശപ്പോ ദാഹമോ ഇല്ലാത്ത, വേദനയും വേർപാടുമില്ലാത്ത, കണ്ണീരും മുറവിളിയുമില്ലാത്ത, നിത്യമായ സന്തോഷമാണ് നമ്മെ കാത്തിരിക്കുന്നത് (വെളി 21,1-4) എന്ന യേശുവിന്റെ പ്രബോധനം എന്നും എല്ലാവർക്കും പ്രത്യാശയുടെ ഉറവിടമാകണം. പുനരുത്ഥാനത്തിലുള്ള വിശ്വാസമാണ് ക്രിസ്തീയ വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും മൂലക്കല്ല്, യേശു അത് വ്യക്തമായി പഠിപ്പിച്ചു; തന്റെ തന്നെ ഉത്ഥാനത്തിലൂടെ സ്ഥിരീകരിച്ചു. ഒന്നേ ചെയ്യേണ്ടതുള്ളൂ: ഉറച്ചു വിശ്വസിക്കുക; ആ വിശ്വാസത്തിനനുസൃതം ജീവിക്കുക.

യുഗാന്തത്തിൽ ഉത്ഥാനവും തുടർന്ന് പൊതുവിധിയും ഉണ്ടാകും. എന്നാൽ അതിനുമുൻപേ, ഓരോ വ്യക്തിയുടെയും മരണ നിമിഷത്തിൽത്തന്നെ, ഒരു വിധിയുണ്ടാകും-നിത്യസമ്മാനമോ നിത്യശിക്ഷയോ നിശ്ചയിക്കുന്ന വിധി. അതിനാൽ പ്രത്യാശയെ വിശ്വാസം കൊണ്ട് ഉറപ്പിക്കണം; വിശ്വാസത്തെ സ്നേഹം കൊണ്ട് ക്രിയാത്മകമാക്കണം. വി. പൗലോസിന്റെ ആഹ്വാനം ഇവിടെ ഏറെ പ്രസക്തമാകുന്നു; “അതിനാൽ എന്റെ വത്സലസഹോദരരേ, കർത്താവിൽ നിങ്ങളുടെ ജോലി വ്യർത്ഥമല്ല എന്നു ബോധ്യപ്പെട്ട്, അവിടുത്തെ ജോലിയിൽ സദാ അഭിവൃദ്ധി പ്രാപിച്ച്, സ്ഥിരചിത്തരും അചഞ്ചലരുമായിരിക്കുവിൻ” (1 കോറി 15,58).

# 54

## പള്ളിക്കൂദാശ 1 – ാം ഞായർ

## കേപ്പാ

**(മത്തായി 16, 13 – 19)**

സീറോ മലബാർ ആരാധനക്രമത്തിൽ ഒരു പുതിയ കാലം ആരംഭിക്കുകയാണിന്ന്: പള്ളിക്കൂദാശാക്കാലം. കർത്താവും നാഥനുമായ യേശു സഭയെ പൂർണ്ണമായി വിശുദ്ധീകരിച്ച് പിതാവിനു സ്വീകാര്യമായ കാഴ്ചയായി സമർപ്പിക്കുന്നതോടെ രക്ഷാചരിത്രം അതിന്റെ പരിസമാപ്തിയിലെത്തുന്നു. സഭയെ വിശുദ്ധീകരിക്കുന്നു എന്നതാണല്ലോ പള്ളിക്കൂദാശ എന്ന പേരിന്റെ തന്നെ അർത്ഥം. ദൈവത്തിനു സമർപ്പിക്കുന്നതാണ് വിശുദ്ധം. 'കറയോ ചുളിവോ മറ്റു കുറവുകളോ ഇല്ലാത്ത മഹത്വപൂർണ്ണ' (എഫേ 5, 26) എന്നു പൗലോസ് വിശേഷിപ്പിക്കുന്നത് സഭയുടെ വിശുദ്ധിയുടെ മറ്റൊരു മാനം പ്രകടമാക്കുന്നു. സഭയുടെ വിശുദ്ധീകരണമാണ് ഈ കാലഘട്ടത്തിലെ മുഖ്യമായ ധ്യാനവിഷയം.

ഒന്നാം ഞായറാഴ്ചയായ ഇന്നത്തെ വിചിന്തനത്തിനായി നിർദ്ദേശിച്ചിരിക്കുന്ന സുവിശേഷഭാഗം (മത്താ 16, 13–19) പത്രോസിന്റെ വിശ്വാസപ്രഖ്യാപനം എന്നാണ് പൊതുവേ അറിയപ്പെടുന്നത്. സമാന്തര സുവിശേഷങ്ങൾ മൂന്നും ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അവതരണ രീതിയിൽ കാതലായ വ്യത്യാസങ്ങളുമുണ്ട്. മൂന്നു സുവിശേഷങ്ങളിലും യേശുവിന്റെ പരസ്യജീവിതത്തിന്റെ നിർണ്ണായകമായൊരു വഴിത്തിരിവിലാണ് ഈ വിശ്വാസപ്രഖ്യാപനം രേഖപ്പെടുത്തിയിരിക്കുന്നത്. ഗലീലിയിലെ പ്രവർത്തനങ്ങൾ ഈ വിശ്വാസ പ്രഖ്യാപനത്തോടെ അതിന്റെ ഉച്ചകോടിയിൽ സമാപിക്കുന്നു. തുടർന്നു വരുന്നത് ജറുസലെമിലേക്കുള്ള യാത്രയാണ്. ആ യാത്രയുടെ മുമ്പിൽ കുരിശു തെളിയുന്നു. പീഡാസഹനവും മരണവും ഉത്ഥാനവും

വഴി സംഭവിക്കാൻ പോകുന്ന മഹത്വീകരണമാണ് ഈ യാത്രാ മധ്യേ മുഖ്യപ്രതിപാദന വിഷയം.

പഠനവിഷയമായ സുവിശേഷഭാഗം രണ്ടു ഭാഗങ്ങളായി തിരിക്കാം. 1. പത്രോസിന്റെ വിശ്വാസപ്രഖ്യാപനം. 2. യേശുവിന്റെ മറുപടി. ആദ്യഭാഗം ഇതര സമാന്തരസുവിശേഷങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട് (മർക്കോ 8, 27-30; ലൂക്കാ 9, 18-20). എന്നാൽ സുപ്രധാനമായ പല വ്യത്യാസങ്ങളും ഇവിടെ കാണാം. രണ്ടാം ഭാഗം മത്തായി മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ആദ്യഭാഗം യേശുവിന്റെ വ്യക്തിത്വത്തെക്കുറിച്ചു പരാമർശിക്കുമ്പോൾ രണ്ടാം ഭാഗം പത്രോസിനെയും സഭയെയും കുറിച്ചു പ്രതിപാദിക്കുന്നു.

**1. വിശ്വാസ പ്രഖ്യാപനം**

കേസറിയാ ഫിലിപ്പിയാണ് വിശ്വാസപ്രഖ്യാപനത്തിന്റെ സ്ഥലം. ഗലീലിയുടെ വടക്കേ അറ്റത്താണ് ഈ പട്ടണം. പുരാതനകാലത്ത് കാനാൻകാർ ബാൽ ദേവനെ ആരാധിച്ചിരുന്ന ഒരു പ്രമുഖ കേന്ദ്രമായിരുന്നു ഇത്. പിന്നീട് ഗ്രീക്കു സംസ്കാരത്തിന്റെ സ്വാധീനത്തിൽ "പാൻ" ദേവന്റെ ബഹുമാനാർത്ഥം ഇവിടെ ഒരു ക്ഷേത്രമുണ്ടായി. "പാനെയാസ്" എന്ന് പട്ടണം അറിയപ്പെട്ടു. ഹേറോദേസ് മഹാരാജാവ് ഇവിടെ അഗസ്റ്റസ് സീസറിന്റെ ബഹുമാനാർത്ഥം ഒരു ക്ഷേത്രം നിർമ്മിച്ചു. മകൻ ഹേറോദേസ് ഫിലിപ്പ് നഗരം കൂടുതൽ വിസ്തൃതമാക്കി. നഗരത്തിന് ഫിലിപ്പിന്റെ കേസറിയ എന്ന അർത്ഥത്തിൽ കേസറിയാ ഫിലിപ്പി എന്ന പേരും കൊടുത്തു. വിജാതീയരുടെ ദേവാരാധനയുടെ ഒരു പ്രമുഖകേന്ദ്രം യേശുവിന്റെ വ്യക്തിത്വം ഏറ്റു പറയാനായി തിരഞ്ഞെടുത്തതുതന്നെ ശ്രദ്ധേയമാണ്. യഥാർത്ഥ ദൈവമാണ് യേശു എന്ന് ഈ സ്ഥലനാമത്തിലൂടെ സൂചിപ്പിക്കുന്നതായി കാണാം.

രണ്ടു ചോദ്യങ്ങളാണ് യേശു ഉന്നയിക്കുന്നത്, ഒരു ഇടക്കാല വിലയിരുത്തൽ പോലെ. 'മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്?" (മത്തായി 16, 13). മറ്റു രണ്ടു സുവിശേഷങ്ങളും "ഞാൻ ആര്" എന്നുപറയുമ്പോൾ മത്തായി മാത്രം മനുഷ്യപുത്രൻ ആര് എന്നു വിശേഷിപ്പിക്കുന്നു. മനുഷ്യപുത്രൻ എന്ന പേരുതന്നെ അനേകം ധ്വനികൾ ഉൾക്കൊള്ളുന്നു. യേശു തന്നെത്തന്നെ വിശേഷിപ്പിക്കാൻ ഏറ്റം കൂടുതൽ ഉപയോഗിച്ചിട്ടുള്ള ഒരു പേരാണ് മനുഷ്യപുത്രൻ. മഹത്വീകൃതനായ മനുഷ്യപുത്രനെയും (ദാനി 7, 9-22) കർത്താവിന്റെ സഹന ദാസനെയും

(ഏശ 52, 13-53, 12) കുറിച്ചുള്ള പ്രവചനങ്ങൾ സംയോജിപ്പിച്ച താണ് ഈ പേരിന്റെ പശ്ചാത്തലം. സഹനവും മരണവും വഴി മഹത്വത്തിലേക്കു പ്രവേശിക്കുന്നവനാണ് യേശുവിന്റെ വാക്കു കളിൽ മനുഷ്യപുത്രൻ.

ജനങ്ങളുടെ അഭിപ്രായമാണ് ആദ്യമേ ആരായുന്നത്. മറു പടികൾ പലതുണ്ടായെങ്കിലും എല്ലാറ്റിന്റെയും കാതൽ ഒന്നു തന്നെ: ദൈവം അയച്ച പ്രവാചകനാണ് യേശു. ആ കാര്യത്തിൽ ആർക്കും സംശയമില്ല. ഉയിർത്തെഴുന്നേറ്റു എന്ന വ്യാഖ്യാനവും പ്രവാചകത്വത്തിനു തന്നെയാണ് ഊന്നൽ നല്കുന്നത്. എന്നാൽ യേശു ഈ പ്രഖ്യാപനങ്ങൾകൊണ്ട് നിർത്തുന്നില്ല. ഇതെല്ലാം ഒരു കേട്ടറിവിന്റെ പരിധിയിൽ നില്ക്കുന്നു. "എന്നാൽ ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്" ഇവിടെ പൊതുജനാഭിപ്രാ യത്തിനുപരി ശിഷ്യരുടെ കാഴ്ചപ്പാടിന് ഊന്നൽ നല്കുന്നു. "എന്നാൽ" എന്നത് ഒരു ചെറിയ വാക്കാണെങ്കിലും രണ്ടു പ്രസ് താവനകൾ തമ്മിലുള്ള അന്തരം എടുത്തുകാട്ടുന്നു എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

ശിഷ്യന്മാരുടെ പ്രതിനിധി എന്ന നിലയിൽ പത്രോസാണ് വിശ്വാസം ഏറ്റുപറയുന്നത്. ഈ ഒരു വിശ്വാസപ്രഖ്യാപനം നാലു സുവിശേഷകന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. മർക്കോസിന്റേതാണ് ഏറ്റം ഹ്രസ്വം: "നീ ക്രിസ്തുവാണ്". യഹൂദർ പ്രതീക്ഷിച്ചിരുന്ന ദാവീദിന്റെ പുത്രനായ മിശിഹാ രാജാവ് എന്നാണ് ധ്വനി. ലൂക്കാ അല്പം കൂടെ ദീർഘമാണ്: "നീ ദൈവത്തിന്റെ ക്രിസ്തുവാണ്". ദൈവം അയച്ചവൻ എന്ന സവിശേഷത ഈ അവതരണത്തി നുണ്ട്. വ്യത്യസ്തമായൊരു സാഹചര്യത്തിലാണെങ്കിലും യോഹ ന്നാനും സമാനമായൊരു വിശ്വാസപ്രഖ്യാപനം രേഖപ്പെടുത്തി യിട്ടുണ്ട്: "നീയാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു" (യോഹ 6, 69). ദൈവത്തിന്റെ പരിശുദ്ധൻ എന്നതിനു ദൈവത്തിന്റെ പുത്രൻ എന്നുതന്നെ അർത്ഥം.

മത്തായിയുടെ അവതരണമാണ് ഏറ്റം ദീർഘം. "നീ ജീവ നുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്." ഇസ്രായേൽ ജനത്തിന്റെ പരമ്പരാഗതമായ വിശ്വാസവും പ്രതീക്ഷയും യേശു വിൽ പൂർത്തിയായിരിക്കുന്നു എന്നതാണ് "ക്രിസ്തു" എന്ന വിശേ ഷണത്തിലെ ധ്വനി. മത്തായി സുവിശേഷം ആരംഭിച്ചതുതന്നെ

ഇപ്രകാരം ഒരു പ്രസ്താവനയോടെ ആയിരുന്നു: "അബ്രാഹത്തിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ" (മത്താ 1,1). ദൈവപുത്രൻ എന്ന വിശേഷണം വിശ്വാസത്തിന്റെ കേന്ദ്രമായി നില്ക്കുന്നു. ഉത്ഥാനാനന്തരം ശിഷ്യസമൂഹത്തിനുണ്ടായ ബോധ്യമാണ് ഈ പ്രഖ്യാപനത്തിലൂടെ പ്രകടമാകുന്നത് എന്ന് ബൈബിൾ വ്യാഖ്യാതാക്കൾ കരുതുന്നു. എന്നാൽ ദൈവം നല്കിയ പ്രത്യേകമായൊരു വെളിപ്പെടുത്തലാണിത് എന്നു യേശു പ്രഖ്യാപിക്കുമ്പോൾ ഈ വിശ്വാസപ്രഘോഷണത്തിന്റെ പ്രാധാന്യം വ്യക്തമാകുന്നു.

എന്നാലും ഇതല്ല ഈ സുവിശേഷഭാഗത്തിന്റെ കേന്ദ്രം. യേശുവിനെ ദൈവപുത്രനായി ശിഷ്യന്മാർ നേരത്തെതന്നെ മനസിലാക്കുകയും ഏറ്റുപറയുകയും ചെയ്തതാണ്. അത്ഭുതകരമാംവിധം കാറ്റും കടലും ശാന്തമായതു കണ്ട് "സത്യമായും നീ ദൈവപുത്രനാണ് എന്നു പറഞ്ഞു" (മത്താ 14, 33). മർക്കോസും ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ശിഷ്യന്മാരുടെ പ്രതികരണം വ്യത്യസ്തമാണ്. "ഇവൻ ആര്? കാറ്റും കടലും പോലും ഇവനെ അനുസരിക്കുന്നല്ലോ!" (മർക്കോ 5, 41). യേശുവിന്റെ പ്രഖ്യാപനത്തിലാണ് മത്തായി ശ്രദ്ധ കേന്ദ്രീകരിക്കുന്നത് എന്നു വ്യക്തം.

### 2. യേശുവിന്റെ മറുപടി

പത്രോസ് പ്രകടിപ്പിച്ച വിശ്വാസം സത്യമായി അംഗീകരിക്കുമ്പോഴും ഇക്കാര്യം ആരോടും പറയരുത് എന്ന് യേശു ശിഷ്യന്മാരെ വിലക്കിയതായി മർക്കോസും ലൂക്കായും രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ അതിനുമുമ്പോ അതിനു ശേഷമോ യേശു പറയുന്ന കാര്യങ്ങൾ ഒന്നും അവർ രേഖപ്പെടുത്തിയിട്ടില്ല. യേശുവിന്റെ മറുപടി രണ്ടു ഭാഗമായി മത്തായി അവതരിപ്പിച്ചിരിക്കുന്നു. ആദ്യഭാഗം പത്രോസിനെ വ്യക്തിപരമായി സ്പർശിക്കുന്നു. രണ്ടാം ഭാഗമാകട്ടെ യേശു സ്ഥാപിക്കാൻ പോകുന്ന സഭയെയും ആ സഭയിൽ പത്രോസിനുള്ള സവിശേഷ സ്ഥാനത്തെയും കുറിച്ചു പരാമർശിക്കുന്നു.

#### a. പത്രോസ് ഭാഗ്യവാൻ

"യോനായുടെ പുത്രനായ ശിമയോൻ" എന്നാണ് യേശു ശിഷ്യനെ അഭിസംബോധന ചെയ്യുന്നത്. അത് അയാളുടെ സ്വാ

ഭാവികവും നാളിതുവരെയുള്ളതുമായ വ്യക്തിത്വത്തെ സൂചിപ്പിക്കുന്നു. "ഭാഗ്യവാൻ" എന്നത് സുവിശേഷ ഭാഗ്യങ്ങളിൽ ഉപയോഗിച്ച "*മക്കാരിയോസ്*" എന്ന ഉദ്ഘോഷണമാണ്. നീ എത്രയോ അനുഗൃഹീതൻ, നിന്റെ അവസ്ഥ എത്രയോ ഭാഗ്യമുള്ളത്, സന്തോഷകരം, അനുഗൃഹീതം എന്നൊക്കെയാണ് ഈ ഉദ്ഘോഷണത്തിനർത്ഥം. സ്വന്തം നേട്ടമല്ല, ദൈവത്തിന്റെ കൃപാദാനമാണ് ഈ അവസ്ഥയ്ക്കു നിദാനം എന്നു തുടർന്നു വിശദീകരിക്കുന്നു.

"മാംസരക്തങ്ങളല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണ് നിനക്ക് ഇതു വെളിപ്പെടുത്തിത്തന്നത്". ഇതാണ് പത്രോസിന്റെ സവിശേഷത. ദൈവം അവനെ പ്രത്യേക കൃപയാൽ തിരഞ്ഞെടുത്തു; അതിപ്രധാനമായ ഒരു വെളിപ്പെടുത്തൽ നല്കിയനുഗ്രഹിച്ചു. "മാംസരക്തങ്ങൾ" എന്ന പ്രയോഗം സെമിറ്റിക് ശൈലിയിലുള്ള അവതരണമാണ്; "മാനുഷികം" എന്നേ അർത്ഥമുള്ളൂ. പത്രോസ് സ്വന്തം ബുദ്ധികൊണ്ടു കണ്ടുപിടിച്ചതല്ല ഇപ്പോൾ പറഞ്ഞ സത്യം. ദൈവത്തിന്റെ പ്രത്യേകമായൊരു വെളിപ്പെടുത്തൽ കൂടാതെ യേശുവിനെ ദൈവമായി അംഗീകരിക്കാനും ഏറ്റുപറയാനും ആർക്കും സാധിക്കുകയില്ല എന്ന ഒരു സൂചനയും ഇവിടെ കാണാം.

## b. യേശുവിന്റെ വാഗ്ദാനങ്ങൾ

പത്രോസിന്റെ വിശ്വാസ പ്രഖ്യാപനത്തെ പ്രത്യേകമായൊരു ദൈവികവെളിപ്പെടുത്തലായി അംംഗീകരിച്ചതിനുശേഷം യേശു നടത്തുന്ന പ്രഖ്യാപനത്തിൽ അഞ്ച് വാഗ്ദാനങ്ങൾ, അഥവാ തീരുമാനങ്ങൾ അടങ്ങിയിരിക്കുന്നു. 1. പത്രോസ് എന്ന പേര്; 2. സഭാസ്ഥാപനം. 3. നരകവാതിലുകൾ. 4. ദൈവരാജ്യത്തിന്റെ താക്കോലുകൾ. 5. കെട്ടാനും അഴിക്കാനും അധികാരം.

**1. പുതിയ പേര്: കേപ്പാ:** യേശു ആദ്യമേ ചെയ്യുന്നത് ശിമയോന് പുതിയൊരു പേരു നല്കുകയാണ്. അരമായ ഭാഷയിൽ "കേപ്പാ" എന്നതാണ് പുതിയ പേര്. "പാറ" എന്നർത്ഥം. ഗ്രീക്കിലേക്കു വിവർത്തനം ചെയ്യുമ്പോൾ പേത്രാ എന്നായിരുന്നു വരേണ്ടത്. എന്നാൽ "അ"യിൽ അവസാനിക്കുന്ന വാക്കുകൾ സ്ത്രീലിംഗരൂപത്തിലാകയാൽ, പുല്ലിംഗത്തെ സൂചിപ്പിക്കാൻ "ഓസ്" എന്നാക്കി, "പേത്രോസ്" എന്നു വിളിച്ചു. ലത്തീനിൽ ഇത് പേത്രൂസ് ആയി. ഇതിൽ നിന്നാണ് ഇംഗ്ലീഷിലെ പീറ്ററിന്റെ വരവ്.

യേശുവിന്റെ സംസാരഭാഷയായ അരമായയിൽ കേപ്പാ എന്നു തന്നെയാണ് പേരും. "ശിമയോനേ നീ കേപ്പായാണ്. ഈ കേപ്പ മേൽ എന്റെ പള്ളി ഞാൻ പണിയും" എന്നായിരിക്കണം മൂല ത്തോടു വിശസ്തത പുലർത്തുന്ന, അക്ഷരാർത്ഥത്തിലുള്ള വി വർത്തനം.

പുതിയൊരു പേരു നല്കുന്നതുതന്നെയാണ് ആദ്യമേ ശ്രദ്ധേ യമാകുന്നത്. പേര് ഒരു നിർവ്വചനമാണ്. അതേസമയം പേരു നല്കുന്ന ആളിന്റെ സ്വപ്നവും പേരു സ്വീകരിക്കുന്നയാളിന്റെ ദൗത്യവും അതു സൂചിപ്പിക്കുന്നു. അബ്രാമിനെ അബ്രാഹം എന്നും യാക്കോബിനെ ഇസ്രായേൽ എന്നും വിളിക്കുമ്പോൾ സംഭവിക്കുന്നത് ഉദാഹരണങ്ങൾ. പാറ ആദ്യമേ ഉറപ്പിന്റെ പ്രതീ കമാണ്. പാറപ്പുറത്തു വീടുപണിയുന്നത് ഉദാഹരണം (മത്താ 7, 24).

പത്രോസിനെ സഭയുടെ അടിത്തറ സ്ഥാപിക്കാനുള്ള പാറ യായി ചിത്രീകരിക്കുന്നതിന് ദൂരവ്യാപകമായ അർത്ഥസൂചനക ളുണ്ട്. അബ്രാഹം തന്റെ ഏകജാതനെ ബലിയർപ്പിക്കാനായി കിടത്തിയ പാറമേലാണ് പിന്നീട് സോളമൻ ദേവാലയം പണി തതെന്നും ഈ ദേവാലയവും അതിനെ താങ്ങുന്ന പാറയും ലോകത്തിന്റെ കേന്ദ്രമാണെന്നും യഹൂദ റബ്ബിമാർ പഠിപ്പിച്ചിരുന്നു. ജറുസലെമും ദേവാലയവും ഇസ്രായേൽ ജനത്തിന്റെ കേന്ദ്രവും പ്രതീകവുമാണ്. അതിനു സമാന്തരമായി, അഥവാ പകരമായി, വേറൊരു പാറയും ആലയവും ഇവിടെ രൂപം കൊള്ളുന്നു. അപ്പോൾ ശ്രദ്ധ യേശുവിന്റെ വ്യക്തിത്വത്തിൽ നിന്ന് സഭയുടെ സ്വഭാവത്തിലേക്കു തിരിയുന്നു.

**2. സഭ:** എന്റെ സഭ എന്ന വിശേഷണവും അതിലെ ഊന്നലും ശ്രദ്ധിക്കണം. യേശുവാണ് പണിയുന്നത്, പത്രോസല്ല. യേശു വിന്റേതാണ് സഭ, പത്രോസിന്റേതല്ല. പത്രോസിനെ അടിസ്ഥാ നശിലയാക്കുന്നതും യേശുതന്നെ. അതിനു കാരണമായി നില് ക്കുന്നതാകട്ടെ പിതാവിന്റെ തിരഞ്ഞെടുപ്പും വെളിപ്പെടുത്തലും. ഈ സവിശേഷതകൾ ശ്രദ്ധിച്ചില്ലെങ്കിൽ അമിതമായ വ്യക്തി പ്രാധാന്യം വിശ്വാസത്തിലേക്കു കടന്നുവരുകയും അത് അഹ ങ്കാരത്തിനും അസഹിഷ്ണുതയ്ക്കും പിളർപ്പുകൾക്കും കാരണ മാവുകയും ചെയ്യും എന്നതിനു ചരിത്രം തന്നെ സാക്ഷി.

"*എക്ലേസിയാ*" എന്ന ഗ്രീക്കു വാക്കാണ് സഭ എന്നു

വിവർത്തനം ചെയ്യുന്നത്. വിളിച്ചു കൂട്ടപ്പെട്ടവരുടെ സമൂഹം എന്നാണ് വാക്കിനർത്ഥം. ഇതൊരു സ്ഥാപനസമുച്ചയമല്ല, വ്യക്തികളുടെ കൂട്ടായ്മയാണ്. ദൈവം തിരഞ്ഞെടുക്കുകയും തന്റെ ജനമായിരിക്കാൻ വേണ്ടി വിളിച്ചു കൂട്ടുകയും ചെയ്തവരുടെ സമൂഹം. "*കഹാൽ*" എന്ന് ഹീബ്രുമൂലം. "ദൈവജനം" എന്ന സഭയുടെ നിർവ്വചനം മറക്കരുത്, ദൈവജനം യേശുവിന്റേതാണെന്ന കാര്യവും പ്രത്യേകം ഓർമ്മിക്കണം.

പാറ, ദൈവജനം എന്ന രണ്ടു കാര്യങ്ങൾ ഇസ്രായേൽ ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ വീക്ഷിക്കുമ്പോൾ സുപ്രധാനമായൊരു കാര്യം ശ്രദ്ധയിൽപ്പെടും. പത്രോസിനു ലഭിച്ച ദൈവിക വെളിപാടും അതിനു പത്രോസ് നല്കിയ വിശ്വാസത്തിന്റെ പ്രതികരണവും യേശുവിന്റെ പരസ്യജീവിതത്തിൽ മാത്രമല്ല, രക്ഷാചരിത്രത്തിൽത്തന്നെ നിർണ്ണായകമായൊരു വഴിത്തിരിവായി. ജറുസലെമിലെ പാറയുടെ സ്ഥാനത്ത് ശിഷ്യപ്രധാനമായ ശിമയോൻ പത്രോസും ഇസ്രായേൽ ജനത്തിന്റെ സ്ഥാനത്ത് യേശുവിന്റെ സഭയായ പുതിയ ദൈവജനവും പ്രതിഷ്ഠിക്കപ്പെടുന്നു. പഴയതിൽനിന്നു പുതിയതിലേക്കുള്ള വഴിത്തിരിവാണിത്. ഇതു ദൈവത്തിന്റെ പ്രവൃത്തി, യേശു അത് വ്യക്തമായി പ്രഖ്യാപിക്കുന്നു.

### 3. നരകകവാടങ്ങൾ

ഒരു പട്ടണത്തെ ശത്രുക്കൾ ആക്രമിക്കുമ്പോൾ നഗരകവാടത്തിലായിരിക്കും ഏറ്റം ശക്തമായ പോരാട്ടം നടക്കുക. കാരണം മതിലുകൾ തകർക്കുക കൂടുതൽ ദുഷ്കരമായിരിക്കും. അതിനാൽ "നഗരകവാടം" എന്ന പ്രയോഗത്തിന് "ശക്തി" എന്ന അർത്ഥമുണ്ട്. "നരകം" എന്നു വിവർത്തനം ചെയ്തിരിക്കുന്നത് "*ഹാദെസ്*" എന്ന ഗ്രീക്കു പദമാണ്. ഹീബ്രുവിൽ "*ഷെയോൽ*" എന്നായിരിക്കും. നരകം എന്നാൽ നിത്യശിക്ഷയനുഭവിക്കുന്നവരുടെ സ്ഥലം എന്നാണല്ലോ നാം പൊതുവേ മനസിലാക്കുക. എന്നാൽ അതിന് "*ഗേഹന്നാ*" എന്നൊരു പദമാണ് കൂടുതലായി ഉപയോഗിക്കുക. മറിച്ച് *ഷെയോൽ-ഹാദെസ്* എന്ന പദം മരിച്ചവരുടെ വാസസ്ഥലത്തെയാണ് മുഖ്യമായും സൂചിപ്പിക്കുന്നത്. ഇതിനെ പാതാളം എന്നു വിളിക്കുന്നു. ഒരുപക്ഷേ സ്ഥലം എന്നതിനേക്കാൾ "മരണത്തിന്റെ ശക്തി" എന്ന പ്രയോഗമാകും ഇവിടെ അർത്ഥം വ്യക്തമാക്കാൻ കൂടുതൽ സഹായകം.

മരിച്ചവർ മടങ്ങിവരുന്നില്ല; അവർ നിത്യനിദ്രയിലാണ്ടുപോ

യിരിക്കുന്നു. അവരുടെ നിത്യവിശ്രമത്തിന്റെ സ്ഥലമാണ് പാതാളം (ഏശ 38, 10; ജോബ് 38, 17; സങ്കീ 9, 13; 107, 18). അപ്പോൾ പാതാളകവാടം എന്നാൽ മരണത്തിന്റെ ശക്തി എന്നു വേണം മനസിലാക്കാൻ. ഇതിനെ തിന്മയുടെ ശക്തി, പൈശാചികശക്തി എന്നും വിശേഷിപ്പിക്കാം. യേശുവിന്റെ സഭയെ നശിപ്പിക്കാൻ തിന്മയുടെ ശക്തി ശ്രമിക്കും. എന്നാൽ സഭയുടെ മേൽ മരണം വിജയം വരിക്കുകയില്ല. അഥവാ, പത്രോസാകുന്ന പാറമേൽ യേശു പണിയുന്ന സഭയായ ദൈവജനം തിന്മയുടെ എല്ലാ ആക്രമണങ്ങളെയും ചെറുത്തു തോല്പിക്കും; വിജയം വരിക്കും, എന്നേക്കും നിലനില്ക്കും. ഇതാണ് ഒരു വാഗ്ദാനം. എതിരേ പ്രബലപ്പെടുകയില്ല എന്നാൽ തോല്പിക്കാൻ കഴിയില്ല എന്നാണ് അർത്ഥമാക്കുക.

സാത്താന്റെ സാമ്രാജ്യത്തിലേക്കുള്ള ദൈവരാജ്യത്തിന്റെ കടന്നുകയറ്റമായി യേശു തന്റെ പ്രവർത്തനങ്ങളെ വിശേഷിപ്പിച്ചിട്ടുണ്ട് (മത്താ 4, 8–10; 12, 25–27; ലൂക്കാ 11, 21–22). യേശുവിനെ പ്രലോഭിപ്പിച്ചവൻ സഭയെ പീഡിപ്പിക്കും. സഭയും തിന്മയുടെ ശക്തിയുമായി നിരന്തര സംഘട്ടനമുണ്ടാകും. എന്നാൽ സഭ യേശുവിന്റേതാകയാൽ അത് എന്നേക്കും നില്ക്കും.

**4. താക്കോലുകൾ:** സഭ സ്ഥാപിക്കും എന്ന പ്രഖ്യാപനത്തിനു തൊട്ടുപിന്നാലെ വരുന്ന താക്കോലുകളെക്കുറിച്ചുള്ള പരാമർശം സവിശേഷ ശ്രദ്ധയർഹിക്കുന്നു: “സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും”. ദൈവരാജ്യം എന്നതു തന്നെയാണ് മത്തായി സ്വർഗ്ഗരാജ്യം എന്നു വിശേഷിപ്പിക്കുന്നത്. താക്കോൽ നല്കുക എന്നാൽ അധികാരം ഏല്പിക്കുക എന്നാണർത്ഥം. ഇതിൽനിന്ന് രണ്ടു നിഗമനങ്ങൾ ഉരുത്തിരിയുന്നു. 1. ദൈവരാജ്യം ഒരു വീടോ പട്ടണമോ പോലെയാണ് വിഭാവനം ചെയ്യപ്പെടുന്നത്. അതിനു പ്രവേശനകവാടമുണ്ട്; കവാടത്തിനു താക്കോലുമുണ്ട്. ഇതൊരു പ്രതീകമോ ഉപമയോ ആയി കരുതണം. അകത്തു പ്രവേശിക്കുക എന്നാൽ അംഗമായി അംഗീകരിക്കപ്പെടുകയെന്നർത്ഥം. താക്കോൽ തുറക്കാനും പൂട്ടാനും ഉപയോഗിക്കാം. അതോടൊപ്പം ഈ ഉപമയിലൂടെ ദൈവജനമാകുന്ന യേശുവിന്റെ സഭയെ ഭൂമിയിൽ പ്രത്യക്ഷമായ ദൈവരാജ്യമായി ചിത്രീകരിക്കുകയും ചെയ്യുന്നു. 2. താക്കോലുകൾ അധികാരത്തെ സൂചിപ്പിക്കുന്നു. താക്കോൽ കൊടുക്കുന്നത് അധികാരം ഏല്പിക്കുന്നതിന്റെ പ്രതീകമാണ്. അപ്പോൾ സഭയിൽ പ്രവേശനം

നല്കാനും നിഷേധിക്കാനും പത്രോസിനു യേശു അധികാരം കൊടുക്കും എന്നാണ് വാഗ്ദാനം. ദൈവജനത്തെ മുഴുവൻ പരിപാലിക്കാനും നയിക്കാനുമുള്ള അധികാരമാണ് യേശു പത്രോസിനെ ഏല്പിക്കും എന്നു പറയുന്നത്.

**5. കെട്ടുക - അഴിക്കുക:** മനുഷ്യനെ ബന്ധിക്കുന്ന ചങ്ങലയാണിവിടെ ഉപമയുടെ പശ്ചാത്തലത്തിൽ നില്ക്കുന്നത്. അടിമയാക്കുന്ന ചങ്ങലകൊണ്ട് ബന്ധിക്കുന്നു; ബന്ധനത്തിൽനിന്നു മോചിപ്പിക്കാൻ അഴിക്കുന്നു. തടവുകാരെയും അടിമകളെയും മോചിപ്പിക്കുന്നതിന്റെ പ്രതീകമായി ഇതിനെ വ്യാഖ്യാനിക്കാം. പാപത്തിലൂടെ തിന്മയുടെ അടിമയായിത്തീർന്നവരെ മോചിപ്പിക്കുന്നതാവും മുഖ്യമായ അർത്ഥം. ഉത്ഥാനാനന്തരം ശിഷ്യന്മാർക്ക് ഈ അധികാരം നല്കുന്നതായി യോഹന്നാൻ രേഖപ്പെടുത്തിയിട്ടുണ്ട്: "അവരുടെ മേൽ നിശ്വസിച്ചുകൊണ്ട് അവരോടരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20, 22-23). ദൈവരാജ്യപ്രവേശനത്തിനു തടസ്സമായി നില്ക്കുന്ന പാപങ്ങൾ മോചിക്കാനുള്ള അധികാരം പത്രോസിനെ ഏല്പിക്കും എന്ന് ഈ വാഗ്ദാനത്തെ കാണാൻ കഴിയും.

താക്കോലുകൾ ഏല്പിക്കുന്നതും പാപം മോചിക്കാൻ അധികാരം നല്കുന്നതും ഒരേ യാഥാർത്ഥ്യത്തിന്റെ രണ്ടു വശങ്ങളായി കാണാം. ലക്ഷ്യം ഒന്നേയുള്ളൂ, എല്ലാ മനുഷ്യരെയും ദൈവരാജ്യത്തിലേക്കു കൊണ്ടുവരുക. അടച്ചുപുറത്താക്കാനല്ല, തുറന്ന് അകത്തേക്കു നയിക്കാനാണ് യേശു അധികാരം നല്കുന്നത്. ഈ വാഗ്ദാനങ്ങളെല്ലാം യേശുവിന്റെ മഹത്വീകരണത്തിനുശേഷം പരിശുദ്ധാത്മാവിന്റെ ആഗമനത്തോടെ പൂർത്തിയായി; ഇന്നും സഭയിൽ തുടർന്നുകൊണ്ടിരിക്കുന്നു.

കത്തോലിക്കാസഭയുടെ വിശ്വാസത്തിൽ സുപ്രധാനമായൊരു പങ്ക് ഈ സുവിശേഷഭാഗത്തിനുണ്ട്. ശിഷ്യരിൽ ഒരുവനായിരുന്ന ശിമയോനെ പ്രത്യേകം തിരഞ്ഞെടുത്ത് അപ്പസ്തോലന്മാരുടെ തലവനും യേശുവിന്റെ സഭയുടെ അടിത്തറയുമാക്കി; പറായെന്ന പേരു നല്കുന്നതിലൂടെ ആ അടിത്തറ ഭദ്രമായിരിക്കും എന്ന ഉറപ്പും നല്കി. അപ്പസ്തോലന്മാരുടെ പിൻഗാമികളായി

മെത്രാന്മാരെ കാണുന്ന സഭ പത്രോസിന്റെ പിൻഗാമിയായിട്ടാണ് റോമിന്റെ മെത്രാനെ കാണുന്നത്. റോമായിലെ സഭയ്ക്കു പത്രോസിനോടുള്ള പ്രത്യേക ബന്ധമാണ് ഈ പ്രാമുഖ്യത്തിന്റെ അടിസ്ഥാനം.

റോമാ മെത്രാനായ മാർപ്പാപ്പയ്ക്ക് മെത്രാൻ സംഘത്തോടൊപ്പം സഭയുടെ മേൽ പരമാധികാരം നല്കിയതും ക്രിസ്തുനാഥൻ തന്നെയാണ്, താക്കോലുകളുടെയും കെട്ടുക – അഴിക്കുക എന്ന ഉപമയിലൂടെയും, നരകവാതിലുകൾ പ്രബലപ്പെടുകയില്ല എന്ന വാഗ്ദാനം പത്രോസിന്റെയും പിൻഗാമികളുടെയും അപ്രമാദിത്വത്തിന് അടിസ്ഥാനമായി നില്ക്കുന്നു. വിശ്വാസത്തെയും ധാർമ്മികതയെയും സംബന്ധിച്ച കാര്യങ്ങളിൽ, സഭയുടെ പൊതുവിശ്വാസം ഔദ്യോഗികമായി പ്രഖ്യാപിക്കുമ്പോൾ തെറ്റുണ്ടാവുകയില്ല എന്നാണ് ഈ പ്രസ്താവനകൊണ്ട് അർത്ഥമാക്കുന്നത്. ദൈവവചനം തെറ്റുകൂടാതെ വ്യാഖ്യാനിക്കാനും സഭാസമൂഹത്തെ സത്യത്തിന്റെ പാതയിൽ, ദൈവരാജ്യത്തിലേക്കു നയിക്കാനുമുള്ള അധികാരവും വരവുമാണ് ഈ വാഗ്ദാനങ്ങളിലൂടെ നല്കപ്പെടുന്നത്.

പത്രോസിനെയും മറ്റ് അപ്പസ്തോലന്മാരെയും സഭയുടെ അടിത്തറയും (എഫേ 2, 20) നേതൃസ്തംഭങ്ങളും (ഗലാ 2, 9) ആയി അവതരിപ്പിക്കുന്ന പൗലോസും എടുത്തുപറയുന്ന ഒരു കാര്യമുണ്ട്. സഭ യേശുവിന്റേതാണ്. അവനാണ് സഭയുടെ നാഥനും മൂലക്കല്ലും (എഫേ 2, 20). യേശുവിനോടു ചേർന്ന്, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന നേതൃത്വമാണ് സഭയുടേത്. അതു ദൈവജനത്തെ നയിക്കാനും, പഠിപ്പിക്കാനും, ദൈവത്തിനു പ്രതിഷ്ഠിച്ച് വിശുദ്ധീകരിക്കാനുമുള്ള കടമയും കൃപയുമാണ്. ഇപ്രകാരം നയിക്കപ്പെടുന്ന സഭയെ ഒരിക്കലും തിന്മയുടെ ശക്തിക്ക് തോല്പിക്കാനോ നശിപ്പിക്കാനോ സാധിക്കുകയില്ല. നിരന്തരമായ സംഘട്ടനമുണ്ടാകും; എന്നാൽ സഭ പരാജയപ്പെടാൻ നാഥൻ അനുവദിക്കുകയില്ല.

# 55

### പള്ളിക്കൂദാശ 2 – ാം ഞായർ

## സാബത്തിന്റെ കർത്താവ്

**(മത്താ 12,1 – 14)**

സാബത്താചരണത്തെക്കുറിച്ചുള്ള രണ്ടു വിവാദങ്ങളും, സാബത്തിന്റെ അർത്ഥവും ലക്ഷ്യവും വ്യക്തമാക്കുന്ന യേശുവിന്റെ പ്രബോധനവുമാണ് ഇന്നത്തെ വായനയുടെ വിഷയം. മർക്കോസിന്റെ സുവിശേഷത്തിൽ യേശുവിന്റെ ഗലീലിയിലെ പ്രവർത്തനങ്ങളുടെ തുടക്കത്തിൽത്തന്നെ അവതരിപ്പിച്ചിരിക്കുന്ന അഞ്ചു വിവാദങ്ങളിൽ (മർക്കോ 2,1–3,6) അവസാനത്തെ രണ്ടു വിവാദങ്ങളാണ് ചുരുക്കം ചില വ്യത്യാസങ്ങളോടെ മത്തായി ഇവിടെ അവതരിപ്പിക്കുന്നത്. മർക്കോസിൽ എന്നതുപോലെ ഇവിടെയും വിവാദങ്ങളുടെ അവസാനം യേശുവിനെ വധിക്കാൻ മതനേതാക്കൾ രാഷ്ട്രീയ നേതാക്കളുമായി ആലോചന നടത്തുന്നു. കാരണം യേശുവിന്റെ പ്രബോധനങ്ങളും പ്രവൃത്തികളും തങ്ങളെയും തങ്ങളുടെ മതത്തെയും കർശനമായി വിമർശിക്കുക മാത്രമല്ല, രണ്ടിന്റെയും നിലനിൽപു തന്നെ അപകടത്തിലാക്കുന്നു എന്ന് അവർ കരുതി.

ഇസ്രായേൽക്കാരെ സംബന്ധിച്ചിടത്തോളം അതുല്യ പ്രാധാന്യമുള്ള ഒരു നിയമമായിരുന്നു സാബത്താചരണം. തങ്ങളെ ദൈവജനമാക്കി മാറ്റിയ സീനായ് ഉടമ്പടിയുടെ തന്നെ ദൃശ്യമായൊരു അടയാളമായി സാബത്താചരണം കരുതപ്പെട്ടു. അബ്രാഹവുമായി ദൈവം ചെയ്ത ഉടമ്പടിയുടെ അടയാളം പരിഛേദനമായിരുന്നു. എന്നാൽ അത് പരസ്യമായി ദൃശ്യമായൊരു അടയാളമല്ലല്ലോ. അതിനാൽ സാബത്താചരണത്തിലൂടെയാണ് ഒരാൾ താൻ ഇസ്രായേൽക്കാരനാണെന്ന് പരസ്യമായി പ്രഖ്യാ

പിച്ചിരുന്നത്. ബാബിലോൺ പ്രവാസകാലത്ത് ഈ പ്രമാണം മറ്റെല്ലാ പ്രമാണങ്ങളെയും കാൾ കൂടുതൽ പ്രാധാന്യമുള്ളതായി കരുതപ്പെട്ടു. സ്വന്തമായി രാജ്യവും രാജാവും, ദേവാലയവും പുരോഹിതരും മതകർമ്മങ്ങളും ഇല്ലാതായ അവസ്ഥയിൽ ദൈവ ജനമെന്ന തങ്ങളുടെ വ്യതിരിക്തവ്യക്തിത്വം വെളിവാക്കാൻ സാബത്താചരണമാണ് സഹായകമായത്. അതിനാൽത്തന്നെ ആ പ്രമാണത്തിന് ഏറ്റം വലിയ പ്രാധാന്യം നൽകപ്പെട്ടു; സാബത്തു ലംഘനം മരണാർഹമായ കുറ്റമായും കരുതപ്പെട്ടു.

സാബത്താചരണം ഉടമ്പടിയുടെ പത്തു പ്രമാണങ്ങളിൽ മൂന്നാമത്തേതാണ്. എന്നാൽ എന്താണ് സാബത്താചരണത്തിന്റെ ലക്ഷ്യം, എങ്ങനെയാണ് സാബത്താചരിക്കേണ്ടത് എന്നീ കാര്യങ്ങൾക്ക് കാലക്രമത്തിൽ വ്യത്യസ്തങ്ങളായ ഊന്നലുകൾ നൽകപ്പെടുന്നതായി കാണാം. ബൈബിളിൽത്തന്നെ ഈ വ്യത്യാസങ്ങൾ ദൃശ്യമാണ്. ഉടമ്പടിയുടെ പ്രമാണങ്ങളായ പത്തു കല്പനകളുടെ പട്ടിക ബൈബിളിൽ രണ്ടു തവണ പ്രത്യക്ഷപ്പെടുന്നുണ്ട്: പുറ 20,1-17; നിയ 5,6-21. പ്രമാണങ്ങൾ അവതരിപ്പിക്കുന്ന ക്രമം ഒന്നുതന്നെയാണെങ്കിലും വിധത്തിൽ വ്യത്യാസങ്ങളുണ്ട്. അതുപോലെതന്നെ പട്ടികയിൽ ഓരോ പ്രമാണത്തിന്റെയും ക്രമനമ്പർ വ്യക്തമല്ല. അതിനാൽ ദൈവത്തെ മാത്രം ആരാധിക്കണം എന്നത് ഒന്നാം പ്രമാണമായും വിഗ്രഹങ്ങൾ ഉണ്ടാക്കി ആരാധിക്കരുത് എന്നതു രണ്ടാം പ്രമാണവുമായും കരുതുന്നവരുണ്ട്. ഈ ക്രമം സ്വീകരിക്കുന്നവർ "മോഹിക്കരുത്" എന്ന ഒറ്റ പ്രമാണത്തിന്റെ കീഴിൽ അയൽക്കാരന്റെ ഭാര്യയും കഴുതയും വസ്തുക്കളും എല്ലാം ചേർക്കുന്നു. അപ്പോൾ ഭാര്യയ്ക്കും കഴുതയ്ക്കും, അഥവാ വ്യക്തിക്കും വസ്തുവിനും ഒരേ പ്രാധാന്യം നൽകപ്പെടുന്നു. എന്നാൽ വ്യക്തിയെ വസ്തുവിൽനിന്നു വേർതിരിച്ചു കാണുന്നതാണ് രണ്ടാമത്തെ വിഭജനക്രമം. ഇവിടെ അന്യന്റെ ഭാര്യയെ മോഹിക്കരുത് എന്നത് ഒമ്പതും അന്യന്റെ വസ്തുക്കളെ മോഹിക്കരുത് എന്നത് പത്തും പ്രമാണങ്ങളായി എണ്ണി. ഇതാണ് കത്തോലിക്കാസഭ സ്വീകരിച്ചിരിക്കുന്ന വിഭജനക്രമം. ഈ ക്രമത്തിൽ ദൈവാരാധനയും വിഗ്രഹാരാധനയുടെ വിലക്കും ഒന്നാം പ്രമാണത്തിന്റെ ഇരുവശങ്ങളായും പരിഗണിക്കുന്നു.

ഇപ്രകാരം ഒരു ക്രമം സ്വീകരിക്കുന്നതിന് ബൈബിളിന്റെ തന്നെ പിന്തുണയുണ്ട്. ബൈബിളിൽ കാണുന്ന രണ്ടു പ്രമാണപ്പട്ടികകൾ രണ്ടു വ്യത്യസ്ത പാരമ്പര്യങ്ങളിൽ നിന്നു വന്നതാ

ണെന്ന് ബൈബിൾ പണ്ഡിതർ അഭിപ്രായപ്പെടുന്നു. വിഗ്രഹാരാധനയെ വിലക്കുന്നതു രണ്ടാം പ്രമാണമായി എണ്ണുന്നത് പുറപ്പാടു പുസ്തകത്തിലെ പട്ടികയിലും, ഒന്നാം പ്രമാണത്തിന്റെ ഭാഗമായി കണക്കാക്കുന്നത് നിയമാവർത്തന പുസ്തകത്തിലെ പട്ടികയിലുമാണ്. ആദ്യത്തേത് പുരോഹിത പാരമ്പര്യത്തിന്റെയും (Priestly tradition-P) രണ്ടാമത്തേത് നിയമാവർത്തന പാരമ്പര്യത്തിന്റെയും (Deuteronomist-D) ഭാഗമാണ്. ഇതുപോലൊരു വ്യത്യാസം സാബത്താചരണത്തിന്റെ അർത്ഥവും ലക്ഷ്യവും വ്യക്തമാക്കുന്നതിലും ദൃശ്യമാണ്.

സാബത്തു ദിവസം ഒരു ജോലിയും ചെയ്യരുത്, കാരണം ദൈവം ആറു ദിവസം കൊണ്ട് സൃഷ്ടികർമ്മം പൂർത്തിയാക്കി, ഏഴാം ദിവസം വിശ്രമിച്ചു. അതിനാൽ സാബത്ത് വിശുദ്ധമായി ആചരിക്കണം (പുറ 20,8-11). ഇതാണ് പുരോഹിത പാരമ്പര്യം നൽകുന്ന വിവരണം. പുരോഹിത പാരമ്പര്യം രൂപം കൊണ്ടത് ബാബിലോൺ പ്രവാസകാലത്താണ്. അതിനാൽത്തന്നെ സാബത്താചരണം ഇസ്രായേൽ ജനത്തിന്റെ മതപരമായ തനതാത്മകത പ്രകടമാക്കുന്ന ഒരടയാളമായി പരിഗണിക്കപ്പെട്ടു. അപ്പോൾ ഒരു ജോലിയും ചെയ്യാതിരിക്കുക എന്നതിനാണ് ഊന്നൽ ലഭിച്ചത്.

എന്നാൽ ഇതിനേക്കാൾ പഴക്കമുള്ളതാണ് നിയമാവർത്തന പാരമ്പര്യം (D). അതിൽ സാബത്താചരണത്തിന് വ്യത്യസ്തമായൊരു കാരണവും ലക്ഷ്യവും നൽകുന്നു. "ആറുദിവസം അധ്വാനിക്കുകയും...... ഏഴാം ദിവസം നിന്റെ ദൈവവമായ കർത്താവിന്റെ സാബത്താണ്. അന്ന്... നിന്നെപ്പോലെതന്നെ നിന്റെ ദാസനും ദാസിയും വിശ്രമിക്കട്ടെ. നീ ഈജിപ്തിൽ ദാസനായിരുന്നുവെന്നും നിന്റെ ദൈവമായ കർത്താവ് തന്റെ കരുത്തുറ്റ കരം നീട്ടി അവിടെനിന്ന് നിന്നെ മോചിപ്പിച്ചു കൊണ്ടുവന്നുവെന്നും ഓർമ്മിക്കുക. അതുകൊണ്ട് സാബത്തുദിനം ആചരിക്കാൻ അവിടുന്ന് നിന്നോടു കല്പിച്ചിരിക്കുന്നു" (നിയ 5,13-15). ഇവിടെ ജോലി ചെയ്യരുത് എന്നതിനേക്കാൾ വിശ്രമിക്കണം എന്നതിനാണ് ഊന്നൽ നൽകുന്നത്. പുരോഹിതപാരമ്പര്യത്തിൽ ദൈവത്തിന്റെ വിശ്രമം അടിസ്ഥാനമായി എടുത്തു കാട്ടിയപ്പോൾ ഇവിടെ ഈജിപ്തിലെ അടിമത്തത്തിൽനിന്നു ദൈവം നൽകിയ വിമോചനത്തിനാണ് ഊന്നൽ. ഇതാണ് സാബത്താചരണത്തെക്കുറിച്ചുള്ള ബൈബിളിന്റെ ആദ്യത്തെ കാഴ്ചപ്പാട്.

ഇതു ബൈബിളിന്റെ മാത്രമല്ല, മറ്റു പല പുരാതന സംസ്കാരങ്ങളുടെയും കാഴ്ചപ്പാടാണ്. സാബത്ത് എന്ന വാക്കു തന്നെ പേർഷ്യൻ ഭാഷയിൽനിന്നു വന്നതായി ഭാഷാപണ്ഡിതർ കരുതുന്നു. "*ഷപ്പാത്തു*" എന്നാണത്രേ പേർഷ്യൻ വാക്ക്. വിരമിക്കുക എന്നാണ് വാക്കിനർത്ഥം. ഏതോ ഒരു ദേവന്റെ ബഹുമാനാർത്ഥം ഒരു ദിവസം ജോലിയൊന്നും ചെയ്യാതെ കഴിയണം, അഥവാ എല്ലാ ജോലിയിൽനിന്നും വിരമിക്കണം. ഇനി അന്ന് എന്തെങ്കിലും ജോലി ചെയ്താൽത്തന്നെ അതിന് ഒരു ഫലവും ഉണ്ടാവുകയുമില്ല.

ഏതാണ്ട് ഇതേ ആശയമാണല്ലോ "*ശനി*" എന്ന പദത്തിന് നമ്മുടെ ഇടയിലുള്ളത്. "*ശനിദശ*" ഉദാഹരണം. ആഴ്ചയുടെ അവസാനത്തെ ദിവസം ശനിയാണ്. അന്ന് അധ്വാനിച്ചിട്ട് ഒരു കാര്യവുമില്ല. അധ്വാനിക്കുന്ന മനുഷ്യന് വിശ്രമം ഉറപ്പു വരുത്തുന്നതിനുവേണ്ടി നൽകിയ മതപരമായ ഒരു വിശദീകരണമാണ് ഇതെന്നതിൽ സംശയമില്ല. സാമൂഹ്യനിയമങ്ങൾ മതനിയമങ്ങളായി അവതരിപ്പിക്കുമ്പോൾ കൂടുതൽ ഗൗരവം ലഭിക്കുന്നു; അനുസരിക്കുന്നതിന് കൂടുതൽ പ്രാധാന്യവും.

ഇതായിരുന്നു സാബത്താചരണം ഉടമ്പടിയുടെ നിയമമായി അവതരിപ്പിക്കുന്നതിന്റെ മുഖ്യകാരണം. മനുഷ്യൻ അധ്വാനത്തിനടിമയാകരുത്. അധ്വാനിക്കുന്നവന്റെ അവകാശമാണ് വിശ്രമം. ദൈവം തന്നെ ആ നിയമം ഉടമ്പടിയിലൂടെ ഉറപ്പിച്ചിരിക്കുന്നു. എന്നാൽ കാലക്രമത്തിൽ, പ്രത്യേകിച്ചും പ്രവാസാനന്തരം, ജോലി ചെയ്യരുത് എന്ന വശത്തിന് ഊന്നൽ നൽകപ്പെട്ടു. എന്താണ് ജോലി, ഏതെല്ലാം ജോലികളാണ് സാബത്തിൽ നിഷിദ്ധമായിരിക്കുന്നത് എന്നിങ്ങനെ കൃത്യമായി നിർവ്വചിക്കുന്നതിലാണ് നിയമപണ്ഡിതന്മാർ ശ്രദ്ധ വച്ചത്. അനേകം ജോലികൾ സാബത്തുലംഘനമായി അവർ തീരുമാനിച്ചു. അതിൽപ്പെട്ടതായിരുന്നു കൊയ്ത്ത്, മെതിക്കൽ, നെല്ലുകുത്ത് (കുത്തി ഉമിയും ചവരും കളയൽ), ഭക്ഷണം പാകം ചെയ്യൽ എന്നിവ. വൈദ്യന്മാരുടെ ചികിത്സയും സാബത്തിൽ നിഷിദ്ധമായ ജോലിയായി പരിഗണിക്കപ്പെട്ടിരുന്നു. ജീവൻ നിലനിർത്താൻ അത്യാവശ്യമായ ചികിത്സ മാത്രമേ സാബത്തിൽ അനുവദനീയമായിരുന്നുള്ളൂ. ഈ പശ്ചാത്തലത്തിൽ വേണം യേശുവിനും ശിഷ്യന്മാർക്കും എതിരേ ഉന്നയിക്കപ്പെടുന്ന ആരോപണങ്ങളെ അപഗ്രഥിക്കാൻ.

സാബത്തു ദിവസം ഗോതമ്പു വയലിലൂടെ നടന്നു പോകുമ്പോൾ ശിഷ്യന്മാർ കതിരുകൾ പറിച്ചുതിന്നതാണ് ആരോപിക്കപ്പെടുന്ന കുറ്റം. കതിരുപറിച്ച്, കയ്യിൽ ഇട്ടു തിരുമ്മി ഉമിയും ചവരും കളഞ്ഞ് വായിലിട്ടപ്പോൾ മേൽ വിവരിച്ച കൊയ്ത്ത്, മെതി, കുത്ത്, പാകം ചെയ്യൽ എന്നീ നാലു നിഷിദ്ധജോലികൾ അവർ ചെയ്തതായി ഫരിസേയർ ആരോപിച്ചു. അന്യന്റെ വയലിൽനിന്ന് ഗോതമ്പു പറിച്ചുതിന്നത് മോഷണമായി ആരോപിക്കപ്പെട്ടില്ല. കാരണം അതു നിയമപ്രകാരം അനുവദനീയമായിരുന്നു (നിയ 23,25). വിശന്നിട്ടാണ് ശിഷ്യന്മാർ പച്ചഗോതമ്പു പറിച്ചുതിന്നതെന്നത് അവർ പരിഗണിച്ചില്ല. വിശക്കുന്ന മനുഷ്യന് ആഹാരം ലഭിക്കുക എന്നതിനേക്കാൾ നിയമം വള്ളിപുള്ളി വിടാതെ അനുസരിക്കുക എന്നതാണ് അവർക്കു പ്രധാനം.

അവരുടെ കാപട്യം വ്യക്തമാക്കുന്നതാണ് യേശുവിന്റെ മറുപടി. ദാവീദിന്റെ ജീവിതത്തിൽ നിന്ന് ഒരു സംഭവം ഉദ്ധരിച്ചുകൊണ്ട് (1സാമു 21,1-6) അവരുടെ വാദത്തെ ഖണ്ഡിക്കുന്നു. തുടർന്ന് ദേവാലയത്തിൽ ശുശ്രൂഷ ചെയ്യുന്ന പുരോഹിതന്മാരും സാബത്തിനെ സംബന്ധിച്ച ഫരിസേയ കാഴ്ചപ്പാടിൽ കുറ്റകരമാകേണ്ട പ്രവൃത്തികൾ ചെയ്യുന്നെങ്കിലും അവരിൽ കുറ്റമാരോപിക്കപ്പെടുന്നില്ല എന്നു നിരീക്ഷിക്കുന്നു. ഈ നിരീക്ഷണങ്ങളുടെ പശ്ചാത്തലത്തിൽ യേശു മറ്റൊരു യാഥാർത്ഥ്യത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ദാവീദിനെക്കാളും ദേവാലയത്തെക്കാളും ശ്രേഷ്ഠമായ ഒരു വ്യക്തിത്വത്തിന്റെ മുമ്പിലാണ് തങ്ങൾ നിൽക്കുന്നതെന്ന് കുറ്റം ആരോപിക്കുന്ന മതനേതാക്കൾ മനസിലാക്കണം. യേശുവിന്റെ തന്നെ ദൈവികതയിലേക്കുള്ള വ്യംഗ്യമായ ഒരു സൂചന ഇവിടെ കാണാം. സാബത്തിന്റെയും കർത്താവായ മനുഷ്യപുത്രനാണ് അവരോടു സംസാരിക്കുന്നത് എന്നു പറയുമ്പോൾ യേശുവിന്റെ വ്യക്തിത്വവും അധികാരവും കൂടുതൽ പ്രകടമാകുന്നു.

“ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്” (ഹോസി 6,6). നിയമത്തിന്റെ രത്നചുരുക്കമായി ഹോസിയാ പ്രവാചകൻ അവതരിപ്പിച്ച ഈ സൂത്രവാക്യം കുറ്റാരോപകർ മനസ്സിലാക്കേണ്ടിയിരുന്നു. നിരപരാധരെ കുറ്റം വിധിക്കുന്നു എന്ന അതികഠിനമായ കുറ്റമാണ് ഇപ്പോൾ അവരുടെമേൽ ആരോപിക്കപ്പെടുന്നത്. അർത്ഥം ഗ്രഹിക്കാതെ ആചാരങ്ങൾ അനുഷ്ഠിക്കുന്നതിൽ വന്നു ഭവിക്കാവുന്ന പിഴവുകളിലേക്കും ദുരന്തങ്ങളിലേക്കും ഈ

മഹാവാക്യം ശ്രദ്ധ ക്ഷണിക്കുന്നു. കരുണയാണ് മതാത്മകതയുടെ കേന്ദ്രം; കരുണയാണ് നിയമത്തിന്റെ പൂർത്തീകരണം; കരുണയാണ് മനുഷ്യൻ അനുകരിക്കേണ്ട ദൈവത്തിന്റെ പൂർണ്ണത (മത്താ 5,48; ലൂക്കാ 6,36).

രണ്ടാമത്തെ വിവാദത്തിൽ (മത്താ 12,9–13) യേശു തന്നെയാണ് പ്രതിക്കൂട്ടിൽ. മർക്കോസിന്റെ വിവരണത്തിലെ നാടകീയത ഒഴിവാക്കി, മത്തായി വിവാദത്തിന്റെ കേന്ദ്രത്തിൽ ശ്രദ്ധവയ്ക്കുന്നു. ഇവിടെ ചോദ്യം ചെയ്യുന്നത് യേശുവിന്റെ ശത്രുക്കളാണ്. അവർ ആരെന്നു പറയുന്നില്ല; പക്ഷേ ചോദ്യത്തിന്റെ ലക്ഷ്യത്തിൽ സംശയമില്ല, യേശുവിൽ കുറ്റം ആരോപിക്കുക. ചോദ്യത്തിലെ കാപട്യം വ്യക്തം. സാബത്തിൽ രോഗശാന്തി നൽകുന്നത് അനുവദനീയമാണോ എന്നു ചോദിക്കുന്നവർക്കും കേൾവിക്കാർക്കും അറിയാം ഏതു സാഹചര്യത്തിലാണ് സാബത്തിൽ രോഗശാന്തി അനുവദനീയമാകുന്നതെന്ന്-ജീവൻ നിലനിർത്താൻ അത്യാവശ്യമായി വരുമ്പോൾ മാത്രം. എന്നാൽ ഇവിടെ നിൽക്കുന്ന കൈശോഷിച്ചവന്റെ ജീവൻ ഒരു ഭീഷണിയും നേരിടുന്നില്ല. അതിനാൽ അവനു സൗഖ്യം നൽകുക എന്നത് അത്യാവശ്യമായൊരു കാര്യമല്ല, മറിച്ച് സാബത്തു ലംഘനമാകും.

ഈ പശ്ചാത്തലത്തിൽ യേശുവിന്റെ മറുപടി കൂടുതൽ ശ്രദ്ധേയമാകുന്നു. കുഴിയിൽ വീണ ആടിനെ സാബത്തു കഴിഞ്ഞു പിടിച്ചു കയറ്റിയാലും അതിന്റെ ജീവൻ നിലനിർത്താൻ കഴിയും. എന്നാൽ യാതൊരു ശങ്കയും ചോദ്യവും കൂടാതെ ഉടമ ആടിനെ കുഴിയിൽനിന്നു കയറ്റുന്നു. ആടിനേക്കാൾ എത്രയോ വിലപ്പെട്ടവനാണ് മനുഷ്യൻ. തുടർന്നുള്ള പ്രബോധനമാണ് ശ്രദ്ധേയം. സാബത്തിൽ നന്മ ചെയ്യുന്നത് അനുവദനീയമാണ്. സാബത്തിന്റെ യഥാർത്ഥമായ ലക്ഷ്യം, ദൈവനിശ്ചിതമായ ഉദ്ദേശ്യം, ഇവിടെ അനാവരണം ചെയ്യപ്പെടുന്നു. മനുഷ്യനു സ്വാതന്ത്ര്യം, അധ്വാനിക്കുന്നവന് വിശ്രമം, ഉറപ്പുവരുത്തുകയാണ് സാബത്തു നിയമത്തിലൂടെ ദൈവം ആഗ്രഹിക്കുന്നത്.

ബൈബിളിൽ കാണുന്ന, ദൈവനിശ്ചിതമായ, എല്ലാ നിയമങ്ങളുടെയും ലക്ഷ്യം ഇതുതന്നെയാണ്. പ്രത്യക്ഷത്തിൽ സാമൂഹ്യനിയമങ്ങളായി കാണുന്ന നാലുമുതൽ പത്തുവരെയുള്ള പ്രമാണങ്ങൾ മാത്രമല്ല, ഏക ദൈവാരാധന കല്പിക്കുകയും വിഗ്രഹാരാധന വിലക്കുകയും ചെയ്യുന്ന ഒന്നാം പ്രമാണവും സ്വന്തം

ജീവിതവും പ്രവർത്തനങ്ങളും വഴി ദൈവനാമം അവഹേളന ത്തിനിടയാക്കരുത് എന്നു നിർദ്ദേശിക്കുന്ന രണ്ടാം പ്രമാണവും സാബത്തു വിശ്രമം നിർബ്ബന്ധമാക്കുന്ന മൂന്നാം പ്രമാണവും ദൈവത്തിനല്ല, മനുഷ്യനാണ് സംരക്ഷണം നൽകുന്നത്. ഈ തിരിച്ചറിവാണ് നിയമത്തെപ്പറ്റിയുള്ള നിലപാടുകളും പ്രബോധ നങ്ങളും വഴി യേശു പ്രദാനം ചെയ്യുന്നത്.

"നിയമത്തെയോ പ്രവാചകന്മാരെയോ... അസാധുവാക്കാനല്ല, പൂർത്തിയാക്കാനാണ് ഞാൻ വന്നിരിക്കുന്നത്" (മത്താ 5,17) എന്ന പ്രഖ്യാപനത്തിന്റെ വിശദീകരണം സാബത്തിനു നൽകുന്ന ഈ നിർവ്വചനത്തിൽ കാണാം. ഈജിപ്തിലെ അടിമത്തത്തിൽ നിന്നു മോചിപ്പിച്ച്, ദൈവം തന്റെ സ്വന്തം ജനമായി തിരഞ്ഞെടുത്ത വർ ഇനി ആരുടെയും അടിമയാകരുത്, ആരെയും അടിമയാ ക്കുകയും അരുത്. അതിനുവേണ്ടിയാണ് ഉടമ്പടിയും പ്രമാണ ങ്ങളും.എന്നാൽ മാനവവിമോചനത്തിന്റെയും സ്വാതന്ത്ര്യത്തി ന്റെയും മാഗ്നാകാർത്താ ആയിരിക്കേണ്ട പ്രമാണങ്ങൾതന്നെ, നിയമജ്ഞരായ മതനേതാക്കളുടെ വിശദീകരണത്തിലൂടെ മനു ഷ്യനു താങ്ങാനാവാത്ത ചുമടായിത്തീർന്നു (മത്താ 23,4). അവനെ അടിമത്തത്തിൽ തളച്ചിടുന്ന ചങ്ങലയായി. ഇതിനെതി രേയാണ് യേശു കലഹിക്കുന്നത്.

സാബത്തിനെ സംബന്ധിച്ച ഈ കാഴ്ചപ്പാടും നിലപാടും എല്ലാ നിയമങ്ങൾക്കും ബാധകമാണ്. അപ്പോൾ നിയമം മനു ഷ്യനുവേണ്ടിയാണ്; മനുഷ്യനെ നിയമത്തിനു ബലിയാടാക്കരുത് എന്ന യേശുവിന്റെ പ്രബോധനം നിയമത്തിന്റെ കാതലിലേക്കു വിരൽ ചൂണ്ടുന്നു. എന്നാൽ ഈ കാഴ്ചപ്പാട് തങ്ങൾ പടുത്തു യർത്തിയതും നിലനിർത്താൻ തത്രപ്പെടുന്നതുമായ സകല മത സംവിധാനങ്ങളുടെയും അടിത്തറ ഇളക്കുന്നതായി മതാധികാ രികൾക്കു തോന്നി. യേശുവിന്റെ ജീവിതവും പ്രബോധനങ്ങളും വിധ്വംസക പ്രവർത്തനങ്ങളായി വ്യാഖ്യാനിക്കപ്പെട്ടു. യേശു ദൈവദൂഷകനും കലാപകാരിയുമായി ചിത്രീകരിക്കപ്പെട്ടു. ഇനി ഒന്നേ കരണീയമായുള്ളൂ. ഏതു വിധേനയും അവനെ ഉന്മൂലനം ചെയ്യുക; തങ്ങളുടെ മതസംവിധാനങ്ങൾ സംരക്ഷിക്കുക. ഈ ഒരു തീരുമാനത്തിലാണ് സാബത്തു വിവാദം എത്തിനിൽക്കു ന്നത് (മത്താ 12,14).

ദൈവത്തെ സംരക്ഷിക്കാൻ ഇറങ്ങി പുറപ്പെടുന്ന നേതാക്ക

ന്മാർക്കു സംഭവിക്കാവുന്ന വലിയൊരു വിപത്താണിത്. യേശുവിന്റെ കാലത്തു മാത്രമല്ല, ഇന്നും മനുഷ്യന്റെ വ്യക്തി മഹത്വവും സ്വാതന്ത്ര്യവും ഉറപ്പുവരുത്താനായി നൽകപ്പെട്ട നിയമങ്ങൾ കാലക്രമത്തിൽ മനുഷ്യനെ അടിമയാക്കുന്ന അനുഭവങ്ങൾ വിരളമല്ല. അന്തഃസത്ത നഷ്ടപ്പെട്ട ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും കരുണയില്ലാത്ത നിമയവ്യാഖ്യാനങ്ങൾക്കും ഉദാഹരണങ്ങൾ വേണ്ടുവോളമുണ്ട് എല്ലാ മതങ്ങളിലും. "അക്ഷരം കൊല്ലുന്നു; ആത്മാവ് ജീവൻ നൽകുന്നു" (2 കോറി 3,6) എന്ന അപ്പസ്തോലന്റെ നിരീക്ഷണം ഇവിടെ അന്വർത്ഥമാകുന്നു.

നിയമത്തിന്റെ അക്ഷരാർത്ഥത്തിലുള്ള അനുസരണമല്ല, നിയമം ലക്ഷ്യംവയ്ക്കുന്ന മനോഭാവവും ജീവിതശൈലിയും രൂപപ്പെടുത്തുകയാണ് പ്രധാനം. അതാണ് സാബത്തിന്റെയും കർത്താവായ മനുഷ്യപുത്രൻ നിയമത്തിനു നൽകുന്ന വ്യാഖ്യാനം. നിയമം മനുഷ്യനുവേണ്ടിയാണ്. ഓരോരുത്തർക്കും തന്നിഷ്ടമനുസരിച്ചു വ്യാഖ്യാനിക്കാനല്ല, നിയമത്തിന്റെ ആത്യന്തികലക്ഷ്യം മനുഷ്യരുടെ, എല്ലാ മനുഷ്യരുടെയും, സമഗ്രമായ മോചനവും ശാശ്വതമായ സ്വാതന്ത്ര്യവും ഉറപ്പുവരുത്താൻ വേണ്ടിയാണ്. അതാണ് സാബത്തിന്റെയും മറ്റെല്ലാ നിയമങ്ങളുടെയും ആത്യന്തിക ലക്ഷ്യം.

# 56

## പള്ളിക്കൂദാശ – 3

## യേശു - ദേവാലയം

**(യോഹ 2, 13 – 22)**

പെസഹാ തിരുനാളിനോടനുബന്ധിച്ച് ജറുസലെമിലേക്കു തീർത്ഥാടനമായി വന്ന യേശു ദേവാലയത്തിൽ കണ്ട അനാചാരങ്ങളിൽ കുപിതനായി, അവിടെ ക്രയവിക്രയം ചെയ്തുകൊണ്ടിരുന്നവരെ പുറത്താക്കിയ ഒരു സംഭവം നാലു സുവിശേഷകന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. സമാന്തരസുവിശേഷങ്ങളിൽ ഈ സംഭവം പരസ്യജീവിതത്തിന്റെ അവസാനമാണുണ്ടായത്; യോഹന്നാന്റെ വിവരണപ്രകാരമാകട്ടെ, പരസ്യജീവിതത്തിന്റെ ആരംഭത്തിലും. വിവരണത്തിന്റെ വിശദാംശങ്ങളിലും വ്യത്യാസങ്ങളുണ്ട്. ഒരേ സംഭവത്തിന്റെ തന്നെ വ്യത്യസ്ത വിവരണങ്ങളാണിത് എന്ന കാര്യത്തിൽ വ്യാഖ്യാതാക്കളുടെ ഇടയിൽ അഭിപ്രായൈക്യമുണ്ട്.

ഗലീലിയിലെ പ്രവർത്തനം, ജറുസലെം യാത്ര, ജറുസലെമിലെ പ്രവർത്തനങ്ങൾ എന്നിങ്ങനെ മൂന്നു പ്രധാന ഭാഗങ്ങളായി തിരിച്ചാണ് സമാന്തരസുവിശേഷങ്ങൾ പരസ്യജീവിതം അവതരിപ്പിക്കുന്നത്. പരസ്യജീവിതത്തിന്റെ അധികപങ്കും ഗലീലിയിലാണ്. എന്നാൽ യോഹന്നാൻ യേശുവിന്റെ പല ജറുസലെം യാത്രകൾ വിവരിക്കുന്നുണ്ട്. യേശുവിന്റെ പ്രധാന പ്രവർത്തനമണ്ഡലം ജറുസലെമാണ്. ഇതിൽ യോഹന്നാന്റെ വിവരണമാണ് ചരിത്രവസ്തുതകളോട് കൂടുതൽ നീതി പുലർത്തുന്നത് എന്നു കരുതപ്പെടുന്നു. അവസാനത്തെ യാത്രയിൽ യേശു നടത്തിയ ദേവാലയ ശുദ്ധീകരണം, ദൈവശാസ്ത്രപരമായ കാരണങ്ങളാൽ, യോഹന്നാൻ ആദ്യത്തെ യാത്രയിലേക്കു മാറ്റി അവതരിപ്പിക്കുന്നതാണെന്നും കരുതപ്പെടുന്നു. യോഹന്നാന്റെ വിവരണമനു

സരിച്ച് യേശുവിന്റെ പരസ്യജീവിതം ആരംഭിക്കുന്നതും അവസാനിക്കുന്നതും പെസഹായോടനുബന്ധിച്ചാണ് (2, 13; 11, 55). പരസ്യജീവിത മധ്യേ മറ്റൊരു പെസഹായെക്കുറിച്ചും പരാമർശിക്കുന്നുണ്ട് (6, 4). അങ്ങനെ ആരംഭത്തിലും മധ്യത്തിലും അവസാനത്തിലും പെസഹായെക്കുറിച്ചു പ്രതിപാദിച്ചുകൊണ്ട് യേശുവിന്റെ പരസ്യജീവിതത്തെ യഹൂദരുടെ പെസഹായുമായി ബന്ധപ്പെടുത്തി, യേശുവിനെത്തന്നെ പെസഹാക്കുഞ്ഞാടായി അവതരിപ്പിക്കുന്നതിന് (1, 19.36) ഊന്നൽ നല്കുന്നു.

ദേവാലയത്തിൽ രണ്ടുതരം കച്ചവടങ്ങളാണ് യേശു കണ്ടത്, മൃഗങ്ങളും നാണയവും. രണ്ടിനും പ്രത്യേക പശ്ചാത്തലമുണ്ട്. ഇവിടെ ദേവാലയം എന്നു പറയുന്നതു മനസിലാക്കാൻ ജറുസലെം ദേവാലയത്തിന്റെ ഘടനയെക്കുറിച്ച് ഒരു ഏകദേശരൂപമെങ്കിലും അറിഞ്ഞിരിക്കണം. നാല്പതേക്കർ സ്ഥലത്തു നിറഞ്ഞുനിന്ന ഒരു കെട്ടിട സമുച്ചയമായിരുന്നു ജറുസലെം ദേവാലയം. പല തട്ടുകളായി തിരിച്ചിരുന്ന ഈ സമുച്ചയത്തിനു ചുറ്റും ഉയർന്ന മതിലുണ്ട്. മതിലിന്റെ നാലുഭാഗത്തുമായി ആകെ ഒമ്പതു വലിയ വാതിലുകൾ. വാതിലിലൂടെ അകത്തേക്കു പ്രവേശിക്കുമ്പോൾ ചെന്നെത്തുന്നത് അതിവിശാലമായ ചുറ്റമ്പലത്തിലാണ്. വിജാതിയരുടെ സ്ഥലം എന്നറിയപ്പെടുന്ന ഈ ഭാഗത്ത്, ജാതിമതഭേദമെന്യേ എല്ലാവർക്കും പ്രവേശനമുണ്ട്. ഇവിടെനിന്നും 15 പടികൾ ഉയരത്തിലാണ് രണ്ടാമത്തെ തട്ട്. സ്ത്രീകളുടെ സ്ഥലം എന്നറിയപ്പെടുന്ന ഈ ഭാഗത്ത് യഹൂദർക്കു മാത്രമേ പ്രവേശിക്കാൻ അനുവാദമുള്ളൂ. വീണ്ടും പതിനഞ്ചു പടവുകൾ ഉയരത്തിൽ യഹൂദപുരുഷന്മാർക്കു മാത്രം പ്രവേശിക്കാവുന്ന സ്ഥലം. വീണ്ടും പന്ത്രണ്ടു പടവുകൾ ഉയരത്തിലാണ് പുരോഹിതരുടെ സ്ഥലം. അവിടെയാണ് ദഹനബലിക്കുള്ള വലിയ ബലിപീഠം. ഇതിനു പിന്നിലാണ് യഥാർത്ഥ ദേവാലയം. അതുതന്നെ രണ്ടു ഭാഗമായി തിരിച്ചിരുന്നു. 20 മീറ്റർ നീളവും 10 മീറ്റർ വീതിയും 20 മീറ്റർ ഉയരവുമുള്ള കെട്ടിടഭാഗം വിശുദ്ധ സ്ഥലം എന്ന പേരിൽ അറിയപ്പെടുന്നു. ഇവിടെ ഇടതുഭാഗത്ത് രണ്ടുമീറ്റർ ഉയരവും ഏഴു ശാഖകളുമുള്ള ദീപപീഠം; വലതുഭാഗത്ത് കാഴ്ചയപ്പത്തിന്റെ മേശ; നടുവിൽ സുഗന്ധ ബലിപീഠം. ഈ ബലിപീഠത്തിലാണ് സഖറിയാ ധൂപം അർപ്പിച്ചത്. വിശുദ്ധ സ്ഥലത്തിനുപിന്നിൽ പത്തുമീറ്റർ നീളവും വീതിയും ഉയരവും ഉള്ള അതിവിശുദ്ധ സ്ഥലം. വിശുദ്ധ സ്ഥലവും അതിവിശുദ്ധ സ്ഥലവും തമ്മിൽ

കനത്ത ഒരു തിരശ്ശീലകൊണ്ട് വേർതിരിച്ചിരുന്നു. ഈ തിരശ്ശീലയാണ് യേശുവിന്റെ മരണത്തിന്റെ അവസരത്തിൽ കീറിയത്. സോളമൻ പണിയിച്ച ആദ്യത്തെ ദേവാലയത്തിന്റെ അതിവിശുദ്ധ സ്ഥലത്ത് ഉടമ്പടിയുടെ പേടകം ഉണ്ടായിരുന്നു. എന്നാൽ പ്രവാസത്തിനുശേഷം നിർമ്മിച്ച രണ്ടാം ദേവാലയത്തിൽ അതിവിശുദ്ധ സ്ഥലം ശൂന്യമായിരുന്നു. കാരണം പേടകം നഷ്ടപ്പെട്ടു.

ഈ ദേവാലയ സമുച്ചയത്തിൽ വിജാതീയരുടെ സ്ഥലം എന്നു പറയുന്ന ചുറ്റമ്പലത്തിലാണ് കച്ചവടം നടന്നിരുന്നത്. കച്ചവടം രണ്ടുതരമുണ്ടായിരുന്നു, പക്ഷി മൃഗാദികളും നാണയമാറ്റവും. യഹൂദരുടെ ഏറ്റം വലിയ തീർത്ഥാടന തിരുനാളായിരുന്നു പെസഹാ. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുമായി അനേകം പേർ പെസഹാ ആഘോഷത്തിന് ആണ്ടുതോറും ജറുസലെം ദേവാലയത്തിലേക്കു വരും. യഹൂദചരിത്രകാരനായ ഫ്ളാവിയൂസ് ജൊസേഫൂസ് നല്കുന്ന കണക്കനുസരിച്ച് വർഷംതോറും ഏകദേശം ഇരുപത്തഞ്ചുലക്ഷം ആളുകൾ പെസഹായ്ക്ക് ജറുസലെമിലേക്കു വരുമത്രെ. അതു വളരെ കൂടുതലാണെന്നും അതിന്റെ പത്തിലൊന്നേ തീർത്ഥാടകർ ഉണ്ടാകൂ എന്നും ബൈബിൾ പണ്ഡിതനായ ജൊവാക്കിം ജെറെമിയാസ് "യേശുവിന്റെ കാലത്തെ ജറുസലെം" എന്ന ഗ്രന്ഥത്തിൽ വിവിധ കണക്കുകൾ നിരത്തി വാദിക്കുന്നു. ഇതാണെങ്കിൽ പോലും വലിയൊരു പുരുഷാരം നഗരത്തിലും ദേവാലയത്തിലും ഉണ്ടാകും. വരുന്നവരെല്ലാം ബലിയർപ്പിക്കാൻ ആഗ്രഹിക്കും. ഓരോ കുടുംബത്തിനും ഭക്ഷിക്കാൻ വേണ്ട പെസഹാകുഞ്ഞാടിനെ കൊല്ലുന്നതും ദേവാലയത്തിൽ വച്ചായിരിക്കണം എന്നു നിയമമുണ്ടായിരുന്നു.

ബലിയർപ്പിക്കുന്ന മൃഗങ്ങൾ യാതൊരു ന്യൂനതയും ഇല്ലാത്തതായിരിക്കണം. കൊണ്ടുവരുന്ന മൃഗങ്ങളെ പരിശോധിച്ച്, ബലിയർപ്പണത്തിനു യോഗ്യമോ എന്നു നിശ്ചയിക്കാൻ ലേവായരുണ്ടായിരുന്നു. അതിനാൽ ശുദ്ധമായ മൃഗങ്ങളെ ദേവാലയവളപ്പിൽത്തന്നെ ലഭ്യമാക്കുക വലിയൊരു സേവനമായി കാണപ്പെട്ടു. അവിടെനിന്നു വാങ്ങുന്ന മൃഗങ്ങൾക്ക് പിന്നീട് ഒരു പരിശോധന വേണ്ടാ. എന്നാൽ പുറമെനിന്നു വാങ്ങികൊണ്ടുവരുന്നവ പലപ്പോഴും നിയമപ്രകാരം കുറ്റമറ്റതായിരിക്കുകയില്ല. അതിനാൽ ദേവാലയ വളപ്പിലെ ചന്തയിൽനിന്നു മൃഗങ്ങളെ വാങ്ങുക പതിവായി. പക്ഷേ അതു വഴി രണ്ടു പ്രശ്നങ്ങളുണ്ടായി. വിജാതീ

യർക്കു കടന്നുവന്നു പ്രാർത്ഥിക്കാനായി മാറ്റിവച്ചിരുന്ന സ്ഥലമാണ് കാളയും ആടും നിറഞ്ഞ ചന്ത ആയത്. പ്രാർത്ഥിക്കാൻ വരുന്നവർക്കു സ്ഥലം കിട്ടാതായി; പ്രാർത്ഥിക്കാൻ ആവശ്യമായ സ്വസ്ഥതയും. ദേവാലയവളപ്പിലെ മൃഗങ്ങൾക്ക് പുറത്തുണ്ടായിരുന്നതിനേക്കാൾ പത്തും ഇരുപതും മടങ്ങ് വില നല്കേണ്ടി വന്നു. അതിലൂടെ കാളച്ചന്ത ഒരു വലിയ ചൂഷക സങ്കേതമായി ത്തീർന്നു.

നാണയ മാറ്റമായിരുന്നു ദേവാലയത്തിലെ മറ്റൊരു കച്ചവടം. യേശുവിന്റെ കാലമായപ്പോഴേക്കും റോമാ സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി യഹൂദർ കുടിയേറി പാർത്തിരുന്നു. ജറുസലെമിൽ ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ യഹൂദർ ഈജിപ്തിലെ അലക്സാണ്ട്റിയായിലും റോമിലും വസിച്ചിരുന്നു. ഗാള്ളിയ; ജർമ്മനി, റോം, ഗ്രീസ്, സൈപ്രസ്, ഏഷ്യാമൈനർ കപ്പെദോക്കിയാ, മെസൊപൊട്ടാമിയ, പാർത്തിയാ, സിറിയാ എന്നിങ്ങനെ വിവിധ രാജ്യങ്ങളിൽനിന്നു വന്നവർ താന്താങ്ങളുടെ നാട്ടിൽ പ്രചാരത്തിലിരുന്ന നാണയങ്ങളാണ് ദേവാലയത്തിൽ കൊണ്ടുവരുക. അവയിലെല്ലാം ഏതെങ്കിലുമൊക്കെ രൂപങ്ങളും ചിത്രങ്ങളും ഉണ്ടായിരുന്നതിനാൽ, വിഗ്രഹം ഉണ്ടാക്കരുത്, വണങ്ങരുത് എന്ന കല്പന കർശനമായി പാലിച്ചിരുന്ന യഹൂദ ദേവാലയത്തിൽ സ്വീകാര്യമല്ലായിരുന്നു. അതിനാൽ ദേവാലയത്തിനു സ്വീകാര്യമായ ഷെക്കെൽ ആക്കി അവ മാറ്റിയെടുത്താലേ നേർച്ചയർപ്പിക്കാൻ കഴിയൂ.

താല്പര്യപൂർവ്വം നല്കുന്ന നേർച്ചയ്ക്കു പുറമെ, ദേവാലയ സംരക്ഷണത്തിനുവേണ്ടി പ്രായപൂർത്തിയായ എല്ലാ യഹൂദരും പ്രതിവർഷം നല്കാൻ കടപ്പെട്ടിരുന്ന അര ഷെക്കൽ വീതം ദേവാലയത്തിൽ അർപ്പിക്കേണ്ടിയിരുന്നു. രണ്ടു ദിവസത്തെ കൂലിയാണ് അര ഷെക്കെൽ. ഇന്നു നമ്മുടെ നാട്ടിൽ നിലവിലിരിക്കുന്ന തോതനുസരിച്ച് ഏകദേശം ആയിരം രൂപാ. ഇങ്ങനെ ദേവാലയ നികുതിയും നേർച്ചകളും ആയി ഭീമമായ ഒരു തുക ദേവാലയത്തിലേക്കു വന്നു. അവയെല്ലാം മാറ്റിയെടുക്കുന്നിടത്തും വലിയ അനീതി നടന്നു. നാണയമാറ്റത്തിനു കൂലിയായി തുകയുടെ മൂന്നിൽ ഒരു ഭാഗം വരെ ഈടാക്കിയിരുന്നു. ഈ കച്ചവടങ്ങൾ മുഴുവൻ തന്നെ പ്രധാന പുരോഹിതന്റെ മേൽനോട്ടത്തിലായിരുന്നു. അവയിൽനിന്നുണ്ടായ ലാഭത്തിൽ അധികപങ്കും അദ്ദേ

ഹത്തിനു ലഭിച്ചിരുന്നു. ഇതാണ് യേശു ദേവാലയത്തിൽവച്ച് ചാട്ടവാറെടുക്കാനുണ്ടായ പശ്ചാത്തലം.

"എന്റെ പിതാവിന്റെ ആലയം നിങ്ങൾ ചന്തയാക്കരുത്" എന്ന യേശുവചനം സമാന്തരസുവിശേഷങ്ങളിൽ "എന്റെ ഭവനം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്നെഴുതപ്പെട്ടിരിക്കുന്നു. നിങ്ങൾ അതിനെ കവർച്ചക്കാരുടെ ഗുഹയാക്കിത്തീർത്തിരിക്കുന്നു" (മർക്കോ 11, 46; മത്താ 21, 13; ലൂക്കാ 19, 46) എന്നാണു കാണുക. ഈ സംഭവം കണ്ട ശിഷ്യന്മാരുടെ പ്രതികരണം യോഹന്നാൻ രേഖപ്പെടുത്തുന്നത് ഒരു സങ്കീർത്തന വാക്യം ഉദ്ധരിച്ചുകൊണ്ടാണ്. പീഡനങ്ങൾക്കിരയായ ഒരുവന്റെ വിലാപഗാനമായി അവതരിപ്പിച്ചിരിക്കുന്ന 69-ാം സങ്കീർത്തനത്തിന്റെ പല ഭാഗങ്ങളും മിശിഹായുടെ സഹനത്തെക്കുറിച്ചുള്ള പ്രവചനമായി കാണാവുന്നതാണ്. ഈ പശ്ചാത്തലത്തിൽ ആലയത്തെക്കുറിച്ചുള്ള തീക്ഷണത കൂടുതൽ ആഴമേറിയ അർത്ഥസൂചനകൾ നല്കുന്നു. പഴയനിയമ പ്രവചനങ്ങളുടെ പൂർത്തീകരണം യേശുവിൽ ദർശിക്കുന്നതിന്റെ ഒരുദാഹരണമാണിത്. "ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളയും" എന്ന പ്രവചനം യേശുവിന്റെ ധാർമ്മിക രോഷത്തിലേക്കു മാത്രമല്ല, മരണത്തിലേക്കും വിരൽചൂണ്ടുന്നു.

മിശിഹാ വരുമ്പോൾ തന്റെ ദൈവിക ദൗത്യത്തിന്റെ അടയാളമായി വലിയ അത്ഭുതങ്ങൾ പ്രവർത്തിക്കുമെന്ന് യഹൂദർ വിശ്വസിച്ചിരുന്നു, പുറപ്പാടു നയിച്ച മോശ പ്രവർത്തിച്ചതിനേക്കാൾ വലിയ അത്ഭുതങ്ങൾ. അങ്ങനെ ഒരടയാളമാണ് നേതാക്കൾ യേശുവിനോട് ആവശ്യപ്പെടുന്നത്. ഈ ചോദ്യത്തിനു പിന്നിൽ ദേവാലയത്തിൽ പൊടുന്നനെ പ്രത്യക്ഷപ്പെടുന്ന കർത്താവിനെക്കുറിച്ചുള്ള മലാക്കിയുടെ പ്രവചനം. "നിങ്ങൾ തേടുന്ന കർത്താവ് ഉടൻ തന്നെ തന്റെ ആലയത്തിലേക്കുവരും... അവിടുന്ന് അവരെ... ശുദ്ധീകരിക്കും" (മലാ 3, 1-3) കാണാൻ കഴിയും. അതിനാൽ പ്രവചനത്തിന്റെ പൂർത്തീകരണത്തിനുള്ള തെളിവാണ് അവർ ആവശ്യപ്പെടുന്നത്.

യേശുവിന്റെ മറുപടി വളച്ചൊടിച്ച്, യേശുവിനെതിരേ സാക്ഷ്യമായി അവതരിപ്പിച്ചത് മർക്കോ 14, 58-ൽ അവതരിപ്പിച്ചിട്ടുണ്ട്. സമാനമായ ഒരാരോപണം യഹൂദർ ആദ്യ രക്തസാക്ഷിയായ സ്തേഫാനോസിനെതിരേ ഉന്നയിക്കുകയുണ്ടായി (അപ്പ

6, 14). “നിങ്ങൾ ഈ ആലയം നശിപ്പിക്കുക, മൂന്നു ദിവസത്തിനകം ഞാൻ അതു പുനരുദ്ധരിക്കും” (യോഹ 2, 19) എന്ന യേശുവിന്റെ മറുപടിയിൽ ആലയം, പുനരുദ്ധരിക്കും എന്ന രണ്ടു വാക്കുകൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

ഒരേ വാക്കിന് ഒന്നിലധികം അർത്ഥതലങ്ങൾ കല്പിക്കുന്നത് യോഹന്നാന്റെ രചനാശൈലിയുടെ ഭാഗമാണ്. ഇവിടെ “ആലയം” എന്ന പദം പ്രത്യക്ഷത്തിൽ ജറുസലെം ദേവാലയത്തെയാണ് സൂചിപ്പിക്കുക. ആ അർത്ഥത്തിലാണ് യഹൂദനേതാക്കൾ അതു മനസിലാക്കിയതും. അതുകൊണ്ടാണല്ലോ നാല്പത്താറു വർഷം പണിതതിനെക്കുറിച്ചു പരാമർശിക്കുക ബി.സി. 19-ലാണ് ഹേറോദേസ് ജറുസലെം ദേവാലയം പുതുക്കിപണിയാൻ തുടങ്ങിയത്. എ.ഡി. 27ലായിരിക്കണം ചർച്ചാവിഷയമായ സംഭവം നടന്നത്. അതാണ് 46 വർഷം എന്ന പരാമർശം അർത്ഥമാക്കുന്നത്. യേശുവിന്റെ കാലത്തും ദേവാലയത്തിന്റെ പണികൾ നടക്കുന്നുണ്ടായിരുന്നു. എ.ഡി. 64ലാണ് പണികൾ പൂർത്തിയായത്. ആറുകൊല്ലം കഴിഞ്ഞപ്പോൾ, എ.ഡി. 70-ൽ ദേവാലയം നശിപ്പിക്കപ്പെടുകയും ചെയ്തു. എന്നാൽ യേശു ഉദ്ദേശിച്ചത് ഈ ആലയമായിരുന്നില്ല.

പുനരുദ്ധരിക്കും എന്ന പദത്തിനും രണ്ട് അർത്ഥതലങ്ങളുണ്ട്. “*എഗെയിരോ*” (egeiro) എന്ന ഗ്രീക്കു വാക്കിന് എഴുന്നേൽക്കുക, ഉയർത്തുക തകർന്നുപോയതിനെ പണിതുയർത്തുക എന്നൊക്കെ അർത്ഥമുണ്ട്. എന്നാൽ അതിലുപരി മരണത്തിൽനിന്നും ഉയിർത്തെഴുന്നേല്ക്കുക, മരണത്തിൽനിന്ന് ഉയിർപ്പിക്കുക എന്ന അർത്ഥവും ഈ വാക്കിനുണ്ട്. യേശുവിന്റെ ഉത്ഥാനത്തെ സൂചിപ്പിക്കാൻ ഈ വാക്കാണ് സുവിശേഷങ്ങൾ ഉപയോഗിക്കുന്നത്. ദേവാലയം തകർത്താൽ മൂന്നു ദിവസംകൊണ്ട് അതു പുതുക്കി പണിയാൻ തനിക്കു കഴിയും എന്ന് യേശു അവകാശപ്പെട്ടതായി നേതാക്കൾ കരുതി. അതാണ് അവർക്കു മനസിലായതും വിശ്വസിക്കാതിരുന്നതും. എന്നാൽ യേശു പറഞ്ഞത് തന്റെ മരണത്തെയും പുനരുത്ഥാനത്തെയും കുറിച്ചായിരുന്നു എന്ന് പിന്നീടാണ് ശിഷ്യന്മാർ പോലും മനസിലാക്കിയത്.

ഈ ഗുരുമൊഴിയിലൂടെ അതിപ്രധാനമായ ഒരു വെളിപ്പെടുത്തൽ നല്കപ്പെടുന്നുണ്ട്. മനുഷ്യൻ ദൈവത്തെ കണ്ടുമുട്ടുന്ന

വേദിയാണ് ദേവാലയം. ദേവാലയത്തിൽ ബലിയർപ്പിച്ചാണ് ദൈവത്തെ ആരാധിച്ചിരുന്നത്. എന്നാൽ ഇനി അങ്ങോട്ട് ജെറുസലെം ദേവാലയമല്ല, യേശുവിന്റെ ശരീരമാണ്, അഥവാ, മാംസമായ ദൈവവചനമാണ് യഥാർത്ഥ ദൈവാലയം. ഈ സത്യം പിന്നീട് സമറിയാക്കാരിയുമായുള്ള സംഭാഷണത്തിൽ, ആത്മാവിലും സത്യത്തിലുമുള്ള ആരാധനയെക്കുറിച്ചു പരാമർശിച്ചുകൊണ്ട് യേശു പഠിപ്പിക്കുന്നുണ്ട് (യോഹ 4, 23). യഹൂദ മതനേതാക്കൾ തന്നെ വധിക്കുമെന്നും എന്നാൽ മൂന്നാം ദിവസം താൻ ഉയിർത്തെഴുന്നേല്ക്കുമെന്നും ഇതു തന്നെ ആയിരിക്കും തന്റെ ആധികാരികതയുടെ അടയാളം എന്നും യേശു പ്രഖ്യാപിച്ചു.

മൂന്നാം ദിവസം എന്ന പ്രയോഗവും പ്രത്യേക ശ്രദ്ധയർഹിക്കുന്നു. കൃത്യം 24 മണിക്കൂർ വീതമുള്ള മൂന്നു ദിവസങ്ങൾ എന്നല്ല ഈ പദപ്രയോഗത്തിനർത്ഥം. ഏതാനും ദിവസങ്ങൾ, ചുരുങ്ങിയ കാലം എന്നൊക്കെ വിവർത്തനം ചെയ്യാമെങ്കിലും അതുമല്ല ഈ വാക്കിന് ബൈബിളിലുള്ള അർത്ഥം. ദൈവം പ്രത്യേകമാംവിധം ചരിത്രത്തിൽ ഇടപെട്ട് പ്രവർത്തിക്കുന്ന സമയമാണ് മൂന്നാം ദിവസം. ഹോസിയാ പ്രവാചകനാണ് ഒരു സാങ്കേതിക പദം എന്ന രീതിയിൽ ആദ്യമായി ഇതുപയോഗിച്ചത്: "അവർ പറയും: വരുവിൻ, നമുക്കു കർത്താവിങ്കലേക്കു മടങ്ങിപ്പോകാം. അവിടുന്ന് നമ്മെ ചീന്തിക്കളഞ്ഞു. അവിടുന്നു തന്നെ സുഖപ്പെടുത്തും... രണ്ടു ദിവസത്തിനുശേഷം അവിടുന്നു നമുക്ക് ജീവൻ തിരിച്ചുതരും. മൂന്നാം ദിവസം അവിടുന്ന് നമ്മെ ഉയിർപ്പിക്കും" (ഹോസി 6, 1-2). പുതിയ നിയമത്തിൽ മൂന്നാം ദിവസം എന്ന പ്രയോഗം യേശുവിന്റെ പുനരുത്ഥാനത്തെയാണ് മുഖ്യമായും സൂചിപ്പിക്കുക. യേശുവിന്റെ പുനരുത്ഥാനത്തിനുശേഷം ശിഷ്യന്മാർ ഈ ഗുരുവചനം ഓർമ്മിക്കുകയും യേശുവിൽ വിശ്വസിക്കുകയും ചെയ്തു.

യേശുവാണ് യഥാർത്ഥ ദേവാലയം എന്ന പ്രബോധനം നമ്മുടെ വിശ്വാസ ജീവിതത്തിൽ കാതലായ സ്വാധീനം ചെലുത്തേണ്ടതുണ്ട്. ദേവാലയങ്ങൾ വീണ്ടും വീണ്ടും പൊളിച്ചുപണിയുകയും കൂടുതൽ വലുപ്പത്തിലും കൂടുതൽ ഭംഗിയിലും ദേവാലയങ്ങൾ നിർമ്മിക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ ദൈവം വസിക്കുന്നത് കല്ലും മണ്ണും തടിയും കൊണ്ടു നിർമ്മിച്ച ഭവനങ്ങളിലല്ല എന്ന സത്യം മറന്നുപോകാതിരിക്കാൻ ശ്രദ്ധിക്കണം. യേശുവാണ് യഥാർത്ഥ ദേവാലയം. ദൈവവും മനുഷ്യനും കണ്ടു

മുട്ടുന്നത് ദൈവമനുഷ്യനായ യേശുവിലാണ്. യേശുവിന്റെ മരണവും ഉത്ഥാനവും വഴി ദൈവം തികച്ചും പുതുതായ ഒരു വിധത്തിൽ മനുഷ്യരുടെ മധ്യേ സന്നിഹിതനാകുന്നു. "ലോകാവസാനംവരെ ഞാൻ നിങ്ങളോടുകൂടെയുണ്ട്" (മത്താ 28, 20) എന്ന വാഗ്ദാനത്തിൽ ഈ പുതിയ സാന്നിധ്യത്തിന്റെ സൂചനയുണ്ട്. മത്തായിയും യോഹന്നാനും യേശുവിന്റെ സ്വർഗ്ഗാരോഹണം വിവരിക്കുന്നില്ല, എന്നും നമ്മോടുകൂടെ ഉണ്ടായിരിക്കും എന്ന വാഗ്ദാനമാണ് നല്കുന്നത് (യോഹ 14, 18. 23). സ്വർഗ്ഗാരോഹണം വിവരിക്കുന്ന സുവിശേഷകന്മാരും യേശു നമ്മുടെ ഇടയിൽ, നമ്മോടുകൂടെ വസിക്കുന്നു എന്നു വ്യക്തമാക്കുന്നുണ്ട് (മർക്കോ 16, 20).

യേശുവിന്റെ സാന്നിധ്യം ഇന്ന് പലവിധത്തിൽ നമുക്കു അനുഭവവേദ്യമാകുന്നു. ഏറ്റം പ്രധാനമായും സഭയാണ് യേശുവിന്റെ സാന്നിധ്യമാകുന്ന ദേവാലയം. സഭയെ യേശുവിന്റെ ശരീരം എന്നാണല്ലോ വിശേഷിപ്പിക്കുന്നത് (എഫേ 1, 23; 1 കോറി 12, 27). സഭയിലാണ് ദൈവിക സന്നിധ്യം ഇന്ന് അനുഭവവേദ്യമാവുക. എന്നാൽ അതു മാത്രമല്ല. വേദനിക്കുന്നവരിലും മുറിവേറ്റവരിലും സഹായം അർഹിക്കുന്ന സകലരിലും ഇന്ന് ദൈവം സന്നിഹിതനാകുന്നു; അവരിലൂടെ ദൈവം നമ്മെ സമീപിക്കുന്നു. അവർ ദൈവത്തിന്റെ ആലയങ്ങളാകുന്നു എന്ന് യേശുനാഥൻ തന്നെ നമ്മെ പഠിപ്പിക്കുന്നു: "എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിക്കാൻ തന്നു....." (മത്താ 25. 31-46). അവസാനമായി നമ്മുടെ ശരീരം തന്നെ ദേവാലയമായിരിക്കുന്നു. "നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീരം എന്ന് നിങ്ങൾക്കറിഞ്ഞുകൂടേ? (1 കോറി 6, 19; 2 കോറി 13,5; റോമാ 8, 9.11; കൊളോ 1, 27; 3, 11).

ഇപ്രകാരം വൈവിധ്യമാർന്ന ദൈവികസാന്നിധ്യം തിരിച്ചറിഞ്ഞ് അതനുസരിച്ച് ജീവിക്കാനും ദൈവഭവനമാകുന്ന നമ്മുടെ ശരീരത്തിലും സഭയിലും ദൈവത്തെ മഹത്വപ്പെടുത്താനും ദേവാലയത്തെക്കുറിച്ചുള്ള പ്രബോധനം നമ്മെ ആഹ്വാനം ചെയ്യുന്നു. ആത്യന്തികമായി യേശു തന്നെയാണ് യഥാർത്ഥ ദേവാലയം. യേശുവിന്റെ സജീവസാന്നിധ്യമാണ് മറ്റെല്ലാ ആലയങ്ങളെയും ദൈവാലയങ്ങളാക്കുന്നത് എന്നും ഈ സംഭവം അനുസ്മരിപ്പിക്കുന്നു. ഈ ആലയത്തെ ചന്തയാക്കരുത്, അശുദ്ധമാക്കരുത് എന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.

ഇവയ്ക്കെല്ലാം ഉപരി മറ്റൊരു ദേവാലയത്തെക്കുറിച്ചുകൂടി ബൈബിൾ, പ്രത്യേകിച്ചും ബൈബിളിലെ അവസാനത്തെ ഗ്രന്ഥമായ വെളിപാടുപുസ്തകം, അനുസ്മരിപ്പിക്കുന്നുണ്ട്. അതു മറ്റൊന്നുമല്ല, ദൈവം തന്നെയാണ് ദൈവാലയം എന്ന സത്യമത്രെ. ദൈവം ഏതെങ്കിലും ഒരാലയത്തിൽ വസിക്കുന്നില്ല. "ആകാശം എന്റെ സിംഹാസനം; ഭൂമി എന്റെ പാദപീഠം എന്തു ഭവനമാണ് നിങ്ങൾ എനിക്കു നിർമ്മിക്കുക? ഏതാണ് എന്റെ വിശ്രമസ്ഥലം?" (ഏശ 66, 1) എന്ന പ്രവാചകവചനത്തിൽ ഈ ആലയത്തെക്കുറിച്ചുള്ള സൂചനകാണാം. "എന്റെ പിതാവിന്റെ ഭവനത്തിൽ ധാരാളം വാസസ്ഥലങ്ങളുണ്ട്..... ഞാൻ വീണ്ടും വന്ന് നിങ്ങളെ കൂട്ടിക്കൊണ്ടുപോകും" (യോഹ 14, 1-3) എന്ന വാഗ്ദാനത്തിലൂടെ യേശുനാഥൻ തന്നെ പിതാവാകുന്ന ഭവനത്തിലേക്കു ശ്രദ്ധക്ഷണിക്കുന്നു. "സിംഹാസനസ്ഥൻ തന്റെ സാന്നിധ്യത്തിന്റെ കൂടാരത്തിൽ അവർക്ക് അഭയം നല്കും" (വെളി 7, 15) എന്ന വാഗ്ദാനത്തിൽ സാന്നിധ്യത്തിന്റെ കൂടാരം എന്ന പ്രയോഗത്തിന് സാന്നിധ്യമാകുന്ന കൂടാരം എന്നത്രെ അർത്ഥം. ദൈവം തന്നെയാണ് നമ്മുടെയെല്ലാം ആത്യന്തിക ലക്ഷ്യമായ കൂടാരം.

സ്വർഗ്ഗീയ ജറുസലെമിനെക്കുറിച്ചുള്ള വിവരണത്തിൽ ഈ സത്യം ഏറ്റം വ്യക്തമാകുന്നു. "ഇതാ ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ... അവിടുന്ന് അവരോടുകൂടെ ആയിരിക്കും" (വെളി 21, 3). ദൈവം തന്നെയാണ് ദൈവാലയം എന്ന് സംശയത്തിന് പഴുതടച്ച് വെളിപാടു ഗ്രന്ഥകാരൻ പറയുന്നുണ്ട്: "നഗരത്തിൽ ഞാൻ ദൈവാലയം കണ്ടില്ല. എന്തുകൊണ്ടെന്നാൽ സർവ്വശക്തനും ദൈവവുമായ കർത്താവും കുഞ്ഞാടുമാണ് അതിലെ ദൈവാലയം" (വെളി 21, 22). ദൈവം തന്നെയാകുന്ന ഈ ആലയത്തിലേക്കാണ് നാമെല്ലാം വിളിക്കപ്പെട്ടിരിക്കുന്നത്; അവിടെ ആയിരിക്കാനാണ് നാം സൃഷ്ടിക്കപ്പെട്ടത്. ദൈവത്തോടൊന്നിച്ചായിരിക്കുക, ദൈവത്തിലായിരിക്കുക, അവിടുത്തെ ജീവനാൽ ജീവനുള്ളവരായിരിക്കുക - ഇതാണ് നമുക്കു ലഭിച്ചിരിക്കുന്ന വലിയ വിളിയും ദാനവും, അതോടൊപ്പം ഉൽകൃഷ്ടമായ ദൗത്യവും.

# 57

## പള്ളിക്കൂദാശ – 4

# ദൈവപുത്രനായ മിശിഹാരാജാവ്

**(മത്താ 22, 41 – 46)**

ആരാധനക്രമ വത്സരത്തിലെ അവസാനത്തെ ഞായറാഴ്ച ക്രിസ്തുവിന്റെ രാജത്വ തിരുനാളായി ആഘോഷിക്കുന്നു. മനുഷ്യവതാരത്തിന്റെ മുന്നറിയിപ്പായ മംഗലവാർത്തയിൽ തുടങ്ങുന്ന രക്ഷാചരിത്രം അതിന്റെ പരിസമാപ്തിയിലെത്തുന്നത് ദൈവരാജ്യം ഈ ഭൂമിയിൽ പൂർണ്ണമായി സ്ഥാപിക്കപ്പെടുന്നതോടെയാണ്; അഥവാ ഈ പ്രപഞ്ചം പൂർണ്ണമായും ദൈവരാജ്യമായി നവീകരിക്കപ്പെടുന്നതോടെയാണെന്ന് ഈ തിരുനാളാഘോഷത്തിലൂടെ സഭ അനുസ്മരിപ്പിക്കുന്നു.

‘‘അവൻ എല്ലാ ഭരണവും അധികാരവും ശക്തിയും നിർമ്മാർജനം ചെയ്ത്, രാജ്യം പിതാവായ ദൈവത്തിന് സമർപ്പിക്കുമ്പോൾ എല്ലാറ്റിന്റെയും അവസാനമാകും. എന്തെന്നാൽ, സകല ശത്രുക്കളെയും തന്റെ പാദസേവകരാക്കുന്നതുവരെ അവിടുന്നു വാഴേണ്ടിയിരിക്കുന്നു... ഇത് ദൈവം എല്ലാവർക്കും എല്ലാം ആകേണ്ടതിനാണ്'' (1 കോറി 15, 24–26). രക്ഷാചരിത്രത്തിന്റെ ഈ പരിസമാപ്തിയെ ആണ് വെളിപാടുഗ്രന്ഥകാരൻ *പുതിയ ആകാശവും പുതിയ ഭൂമിയും* എന്നു വിശേഷിപ്പിക്കുന്നത് (വെളി 2:1–4). തിന്മയുടെ സകല ശക്തികളെയും തോല്പിച്ച് ഉന്മൂലനം ചെയ്ത്, ദൈവം തന്റെ രാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കും എന്ന വിശ്വാസം ഈ തിരുന്നാളാഘോഷത്തിലൂടെ സഭ ഏറ്റു പറയുന്നു; അതോടൊപ്പം ആ ദിവസം വേഗം സമാഗതമാകണമേ എന്നു പ്രാർത്ഥിക്കുകയും അതിനായി യത്നിക്കാൻ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.

കത്തോലിക്കാ സഭ ആഘോഷിക്കുന്ന അനേകം തിരുനാ

ളുകളിൽ പ്രായേണ വളരെ പുതിയതാണ് ക്രിസ്തുവിന്റെ രാജത്വതിരുനാൾ. 1925-ൽ പതിനൊന്നാം പിയൂസ് മാർപ്പാപ്പയാണ് ഈ തിരുനാൾ ആഗോളസഭയിൽ ആഘോഷിക്കേണ്ട തിരുനാളായി പ്രഖ്യാപിച്ചത്. അന്നത്തെ പൊതുവായ രാഷ്ട്രീയ - സാംസ്കാരിക അന്തരീക്ഷത്തോടുള്ള പ്രതികരണം കൂടി ആയിരുന്നു ഈ പ്രഖ്യാപനം. 1870-ൽ ഗരിബാൾഡിയുടെ നേതൃത്വത്തിൽ ഇറ്റാലിയൻ സൈന്യം റോമാ കീഴടക്കി. അതോടെ നൂറ്റാണ്ടുകൾ ദീർഘിച്ച കത്തോലിക്കാസഭയുടെ രാഷ്ട്രീയാധികാരം അസ്തമിച്ചു. നാഥൻ തന്റെ സഭയെ സ്ഥാപിച്ചതിന്റെ ലക്ഷ്യവും ഏല്പിച്ച ദൗത്യവും ഭൗതികമായ ഒരു സാമ്രാജ്യസ്ഥാപനത്തിലൂടെ ദൈവരാജ്യം ഈ ഭൂമിയിൽ യാഥാർത്ഥ്യമാക്കുകയല്ല എന്ന തിരിച്ചറിവിന് ഇതു സഹായകമായി. "എന്റെ രാജ്യം ഐഹികമല്ല" എന്ന യേശുവിന്റെ പ്രഖ്യാപനം കൂടുതൽ ആഴത്തിൽ മനസിലാക്കാനും ഇതു കളമൊരുക്കി.

അതോടൊപ്പം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ ശക്തിയാർജ്ജിച്ച നിരീശ്വര പ്രസ്ഥാനങ്ങളും അതിനു വഴിയൊരുക്കിയ യുക്തിവാദ ചിന്തകളും മാറിവന്ന രാഷ്ട്രീയ സാഹചര്യങ്ങളും ആദ്ധ്യാത്മികമായ ഒരു രാജത്വത്തെക്കുറിച്ചു ഗാഢമായി ചിന്തിക്കാൻ പ്രേരകമായി. ഈ പശ്ചാത്തലത്തിൽ ക്രിസ്തുവിന്റെ രാജത്വവും ദൈവരാജ്യത്തിന്റെ രഹസ്യവും കൂടുതൽ വ്യക്തമായി വിശദീകരിക്കപ്പെട്ടു. ഇന്നു നാം ക്രിസ്തുരാജ തിരുനാൾ ആഘോഷിക്കുമ്പോൾ ഈ ചരിത്രപശ്ചാത്തലം മനസിൽ സൂക്ഷിക്കുന്നതു നന്നായിരിക്കും. പ്രത്യേകിച്ചും രാജാക്കന്മാരുടെയും രാജഭരണത്തിന്റെയും കഥകൾ ഗതകാലചരിത്രം മാത്രമായി പരിഗണിക്കപ്പെടുന്ന ഇന്ന്, യേശുവിന്റെ രാജത്വത്തിന്റെയും ദൈവരാജ്യത്തിന്റെയും അർത്ഥവും പ്രസക്തിയും മനസിലാക്കാൻ ഈ പശ്ചാത്തലവും സഹായകമാകും.

യേശുവിന്റെ വ്യക്തിത്വത്തിലേക്ക് ആഴമേറിയ ഉൾക്കാഴ്ച നല്കുന്നതാണ് ഇന്നത്തെ വായനയ്ക്കായി സഭ നിർദ്ദേശിച്ചിരിക്കുന്ന സുവിശേഷഭാഗം. മിശിഹായെക്കുറിച്ച് യഹൂദർ കാത്തുസൂക്ഷിച്ചിരുന്ന വിശ്വാസവും അതിന് ഉപോദ്ബലകമായ ഒരു സങ്കീർത്തന വാക്യവും ചോദ്യവിഷയമാക്കിക്കൊണ്ട് ആ തിരുവചനത്തിന്റെ നിഗൂഢമായ അർത്ഥതലങ്ങളിലേക്ക് യേശു ശ്രദ്ധ ക്ഷണിക്കുന്നു. ജറുസലെമിലേക്ക് യേശു നടത്തിയ രജകീയ പ്രവേശവും തുടർന്നു നടത്തിയ ദേവാലയ ശുദ്ധീകരണവും വിവരിച്ച

തിനുശേഷം യഹൂദ നേതാക്കന്മാരുമായുണ്ടായ അഞ്ചു വിവാദങ്ങൾ മത്തായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ അഞ്ചാമത്തേതാണ് പഠനവിഷയമായ സുവിശേഷഭാഗം. മർക്കോസ് അവതരിപ്പിച്ചിരിക്കുന്ന ക്രമം തന്നെയാണ് മത്തായിയും അവലംബിച്ചിരിക്കുന്നത്. എന്നാലും അവതരണശൈലിയിലും നല്കുന്ന ഊന്നലുകളിലും ചില വ്യത്യാസങ്ങളുണ്ട്.

ദേവാലയ ശുദ്ധീകരണത്തിന്റെ പശ്ചാത്തലത്തിൽ യേശുവിന്റെ അധികാരം ചോദ്യം ചെയ്യുന്നതാണ് ആദ്യത്തെ വിവാദം (മത്താ 21, 23-27). തുടർന്ന് രണ്ടു പുത്രന്മാർ, അക്രമികളായ പാട്ടക്കാർ, വിവാഹവിരുന്ന് എന്നീ മൂന്ന് ഉപമകളിലൂടെ (മത്താ 21, 28-22, 14) യഹൂദ നേതൃത്വത്തിന്റെ അവിശ്വസ്തതയും ജനത്തിനു വരാൻ പോകുന്ന ദുരന്തവും ചൂണ്ടിക്കാട്ടിയതിനുശേഷം സീസറിനു നികുതി കൊടുക്കുന്നതിനെ സംബന്ധിച്ച വിവാദം (22, 15-22) അവതരിപ്പിക്കുന്നു. പുനരുത്ഥാനത്തെക്കുറിച്ചുള്ള തർക്കം (22, 23-33) സുപ്രധാന കല്പനയെ സംബന്ധിച്ച വിവാദത്തിലേക്ക് 22, 34-40) നയിക്കുന്നു.

ഈ നാലു വിവാദങ്ങളും ആരംഭിക്കുന്നത് ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട യഹൂദനേതാക്കളാണ്. അതിനുശേഷം അഞ്ചാമത്തേതും അവസാനത്തേതുമായ വിവാദം ആരംഭിക്കുന്നത് യേശുവാണ് എന്നതു ശ്രദ്ധേയമത്രേ: "ഫരിസേയർ ഒന്നിച്ചുകൂടിയപ്പോൾ യേശു അവരോടു ചോദിച്ചു" (22, 41). "അവനോടു ഉത്തരമായി ഒരു വാക്കുപോലും പറയാൻ ആർക്കും കഴിഞ്ഞില്ല. അന്നുമുതൽ അവനോട് എന്തെങ്കിലും ചോദിക്കാൻ ആരും ധൈര്യപ്പെട്ടതുമില്ല" (22, 46) എന്ന ഉപസംഹാര വാക്യം സംഭാഷണവും വിവാദവും പൂർണ്ണമായും അവസാനിപ്പിക്കുന്നതായ സൂചന നല്കുന്നു. തുടർന്നു വരുന്നത് യഹൂദനേതൃത്വത്തിന്റെ കാപട്യം വ്യക്തമാക്കുന്ന അതിരൂക്ഷമായ വിമർശനങ്ങളാണ് (മത്താ 23).

"നിങ്ങൾ ക്രിസ്തുവിനെപ്പറ്റി എന്തു വിചാരിക്കുന്നു? അവൻ ആരുടെ പുത്രനാണ്?" (22, 42) എന്ന ചോദ്യത്തിന് ഏതു യഹൂദ ബാലനും ഉത്തരം പറയാൻ കഴിയും. അതാണ് യേശു പ്രതീക്ഷിച്ചതും നേതാക്കാൾ പറഞ്ഞതും: "ദാവീദിന്റെ". നാഥാന്റെ പ്രവചനം മുതൽ (2 സാമു 7, 8-16) ഇസ്രായേൽ ജനത്തിന്റെ സുപ്രധാനമായൊരു വിശ്വാസവും പ്രതീക്ഷയുമായിരുന്നു വരാ

നിരിക്കുന്ന രക്ഷകൻ ദാവീദിന്റെ വംശത്തിൽ ജനിക്കുന്ന രാജാവായിരിക്കും എന്നത്. ദാവീദുമുതൽ സെദെക്കിയാവരെ ദാവീദിന്റെ വംശത്തിൽനിന്ന് ഒരു രാജാവ് അവന്റെ സിംഹാസനത്തിൽ ഉപവിഷ്ടനായിരുന്നു. ഈ വംശപരമ്പര അറ്റുപോവുകയില്ലെന്ന് അവർ കരുതി.

ബാബിലോൺ പ്രവാസത്തോടെ രാജഭരണം അവസാനിച്ചെങ്കിലും വീണ്ടും ഒരു രാജാവു വരും; അവൻ ദാവീദിന്റെ വംശത്തിൽ പിറക്കുന്നവനായിരിക്കും. അവൻ ദാവീദിനെപ്പോലെ ജനത്തിനു സംരക്ഷണം നല്കുക മാത്രമല്ല, ഇസ്രായേലിനെ ഏറ്റം വലിയ സാമ്രാജ്യമായി ഉയർത്തും. സകലജനതകളും കാഴ്ചകളുമായി ജറുസലെമിലേക്കു വരും എന്ന് അവർ ഉറച്ചു വിശ്വസിച്ചു; പ്രാർത്ഥനാനിർഭരമായ പ്രതീക്ഷയോടെ അവനുവേണ്ടി അവർ കാത്തിരുന്നു. അനേകം പ്രവചനങ്ങൾ ഈ പ്രതീക്ഷയ്ക്കു കരുത്തു പകർന്നു (ഏശ 9, 5-6; 11, 1-9; ജറെ 23, 5; 30, 9; 33,15-17; എസെ 34, 23-24; 37, 24; ഹോസി 3, 5; ആമോ 9, 11). ഇപ്രകാരം വരുന്ന രാജാവിനെ അവർ മിശിഹാ അഥവാ ക്രിസ്തു എന്നു വിശേഷിപ്പിച്ചു. കാരണം അഭിഷിക്തനായ രാജാവായിരിക്കും അയാൾ എന്ന് അവർ ഉറച്ചു വിശ്വസിച്ചു.

ഈ വിശ്വാസം യേശുവിന്റെ കാലത്ത് ഏറെ സജീവമായിരുന്നു. വരാനിരിക്കുന്ന രക്ഷകനെക്കുറിച്ചുള്ള പ്രതീക്ഷകളിൽ ഏറ്റം മുൻപന്തിയിൽ നിന്നത് ദാവീദിന്റെ പുത്രനായ മിശിഹാ രാജാവിനെക്കുറിച്ചുള്ളതായിരുന്നു. യഹൂദനേതാക്കൾ അയച്ച പ്രതിനിധി സംഘത്തിന് സ്നാപകൻ നല്കുന്ന ആദ്യത്തെ മറുപടി "ഞാൻ ക്രിസ്തുവല്ല" (യോഹ 1, 20) എന്നായിരുന്നു. സമകാലികർ അധിക പങ്കും യേശുവിനെ ദാവീദിന്റെ പുത്രനായി കണ്ട് ഏറ്റു പറഞ്ഞിരുന്നത് സുവിശേഷങ്ങൾ അനേകം തവണ രേഖപ്പെടുത്തിയിട്ടുണ്ട്. യേശുവിന്റെ ശിഷ്യരും യേശുവിനെ കണ്ടത് ദാവീദിന്റെ പുത്രനായ മിശിഹാ രാജാവായിട്ടാണ്. ജറുസലെമിലേക്കുള്ള രാജകീയ പ്രവേശത്തിൽ ഇത് ഏറ്റം വ്യക്തമാകുന്നു: "ദാവീദിന്റെ പുത്രന് ഹോസാന! കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ" (മത്താ 21, 9). ദാവീദിന്റെ രാജ്യം പുനഃസ്ഥാപിക്കാൻ വരുന്ന രാജാവ്, ദാവീദിന്റെ പുത്രൻ - ഇതാണ് ജനഹൃദയത്തിൽ ആഴത്തിൽ വേരൂന്നിയ പ്രതീക്ഷ. എന്നാൽ യേശുവിന്റെ അടുത്ത ചോദ്യം ഈ വിശ്വാസത്തെയും പ്രതീക്ഷകളെയും പുനർവിചിന്തനം ചെയ്യാൻ പ്രേരിപ്പിക്കുന്നു.

"ദാവീദ് അവനെ കർത്താവ് എന്നു വിളിക്കുന്നെങ്കിൽ അവൻ അവന്റെ പുത്രനാകുന്നതെങ്ങനെ?" (മത്താ 22, 45). രാജാവിന്റെ സ്ഥാനാരോഹണാവസരത്തിൽ ഉരുവിട്ടിരുന്ന ഒരു സങ്കീർത്തന വാക്യമാണ് (110, 1) ഇവിടെ ചോദ്യവിഷയമാകുന്നത്. "കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു" എന്ന സങ്കീർത്തക നായ ദാവീദിന്റെ വാക്കുകളിൽ ഒളിഞ്ഞിരിക്കുന്ന ഒരു നിഗൂഢ സത്യം മറനീക്കി വെളിച്ചത്തു കൊണ്ടുവരുന്നതാണ് ഈ ചോദ്യം. "കർത്താവ്" എന്ന ആദ്യത്തെ പ്രയോഗം ദൈവത്തെ സൂചിപ്പി ക്കുന്നു എന്നു വ്യക്തം. ഇതൊരു അരുളപ്പാടാണ്. എന്നാൽ രണ്ടാ മത്തെ കർത്താവോ? അതു മിശിഹായെ സൂചിപ്പിക്കുന്നു എന്ന് എല്ലാവരും സമ്മതിക്കും. എന്നാൽ മിശിഹാ ദാവീദിന്റെ പുത്ര നായിരിക്കും എന്ന കാഴ്ചപ്പാടിൽ ഇതെങ്ങനെ വിശദീകരിക്കാ നാവും? പുത്രനെങ്കിൽ എങ്ങനെ കർത്താവാകും!

രണ്ടു സാധ്യതകളാണുള്ളത് - ഒന്നുകിൽ മിശിഹാ ദാവീ ദിന്റെ പുത്രനല്ല എന്നു സമ്മതിക്കുക. പക്ഷേ അത് ഇസ്രായേൽ ജനത്തിന്റെ നാളിതുവരെയുള്ള വിശ്വാസത്തെയും പ്രതീക്ഷക ളെയും നിഷേധിക്കുന്നതാവും. പിന്നെ അവശേഷിക്കുന്ന ഏക സാധ്യത മിശിഹാ ആയി അവതരിക്കുന്നത് ദൈവം തന്നെയാണ്; അഥവാ ദൈവത്തിന്റെ പുത്രൻ ദാവീദിന്റെ പുത്രനായി അവത രിക്കുന്നതാണ് മിശിഹാ. അപ്പോൾ മിശിഹായെ ദൈവതുല്യ നായ, ദൈവപുത്രനായി ബൈബിൾ തന്നെ അവതരിപ്പിക്കുന്നു എന്ന് അംഗീകരിക്കണം. യേശുവിന്റെ തന്നെ വ്യക്തിത്വത്തെ ക്കുറിച്ചുള്ള ഏറ്റം ആഴമേറിയ ഉൾക്കാഴ്ചയാണ് ഇവിടെ അനാ വരണം ചെയ്യപ്പെടുന്നത്.

ഈ സത്യമാണ് യേശുവിന്റെ ശിഷ്യർ വിശ്വസിച്ചതും ഏറ്റു പറഞ്ഞതും. "അവൻ ജഡപ്രകാരം ദാവീദിന്റെ സന്തതിയിൽനിന്നു ജനിച്ചവനും മരിച്ചവരിൽനിന്നുള്ള ഉത്ഥാനം വഴി വിശുദ്ധിയുടെ ആത്മാവിനു ചേർന്ന വിധം ശക്തിയിൽ ദൈവപുത്രനായി നിശ്ച യിക്കപ്പെട്ടവനുമാണ്" (റോമാ 1, 4). ഉത്ഥാനം വഴിയാണ് യേശു വിന്റെ യഥാർത്ഥ വ്യക്തിത്വം ശിഷ്യന്മാർക്കുപോലും അസന്ദി ഗ്ധമാംവിധം വെളിവായത്. ആ വിശ്വാസമാണ് സഭ ഏറ്റുപറയു ന്നത്: "യേശു കർത്താവാണെന്ന് അധരംകൊണ്ട് ഏറ്റുപറയു കയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്ന് ഹൃദ യത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും" (റോമാ 10, 9). ദാവീദിന്റെ പുത്രനായി യേശുവിനെ അവതരിപ്പി

ക്കുന്ന മത്തായി സുവിശേഷകനും (മത്താ 1, 1) ഈ വിശ്വാസത്തിന്റെ അടിസ്ഥാനം ഒരു ദൈവിക വെളിപാടാണെന്നും ദൈവത്തിന്റെ പ്രത്യേക നിവേശനത്താൽ മാത്രമേ ദാവീദിന്റെ പുത്രനായ യേശുവിനെ ദൈവപുത്രനായി വിശ്വസിക്കാനും ഏറ്റുപറയാനും കഴിയൂ എന്നും വ്യക്തമാക്കുന്നുണ്ട്. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ് എന്ന് ഏറ്റുപറഞ്ഞ പത്രോസിന് യേശു നല്കുന്ന മറുപടി: "മാംസ രക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണ് നിനക്ക് ഇതു വെളിപ്പെടുത്തിയത്" (മത്താ 16, 17) ഇതാണല്ലോ അർത്ഥമാക്കുന്നത്.

ഇപ്രകാരം ഒരു വിശ്വാസ പ്രഖ്യാപനത്തിന് യഹൂദനേതാക്കൾ തയ്യാറായില്ല; അഥവാ അവർക്ക് അത് അസാധ്യമായിരുന്നു. യേശു ഉന്നയിച്ച ചോദ്യത്തിന്റെ യുക്തി അവസാനം വരെ പിൻതുടർന്നാൽ ദൈവത്തെക്കുറിച്ചു നൂറ്റാണ്ടുകളായി അവർ കാത്തുസൂക്ഷിച്ചുവന്ന സങ്കല്പങ്ങളെല്ലാം തിരുത്തിക്കുറിക്കേണ്ടിവരും. ഏക ദൈവവിശ്വാസമാണ് യഹൂദ മതത്തിന്റെ അടിസ്ഥാന ശില - (നിയ 6, 4; പുറ 20, 1-3). തങ്ങൾ കർത്താവെന്നു വിളിക്കുന്ന ദൈവത്തിനു തുല്യനായി മറ്റൊരു കർത്താവ് അഥവാ ദൈവം കൂടെ ഉണ്ടെന്ന് അവർക്ക് അംഗീകരിക്കാനോ മനസിലാക്കാനോ ഊഹിക്കാൻപോലുമോ കഴിയുമായിരുന്നില്ല. അതിനാൽ സംഭാഷണം അവിടെ അവസാനിച്ചു. പിന്നീട് നിർണ്ണായകമായ വിചാരണയുടെ വേളയിൽ യേശു ഈ സത്യം സംശയത്തിനു പഴുതില്ലാതെ പ്രഖ്യാപിച്ചപ്പോൾ പ്രധാന പുരോഹിതൻ തന്റെ വസ്ത്രം കീറിയതും വധശിക്ഷ പ്രഖ്യാപിച്ചതും (മത്താ 26, 66-67) ഈ അനിവാര്യതയെ സൂചിപ്പിക്കുന്നു.

യേശുവിനെ രാജാവായി ഏറ്റു പറയുമ്പോൾ മനസിൽ സൂക്ഷിക്കേണ്ട ഏറ്റം പ്രധാനപ്പെട്ട സത്യമിതാണ്. ദാവീദിന്റെ ഗോത്രത്തിൽ ജനിച്ചുവെങ്കിലും യഥാർത്ഥത്തിൽ അവൻ ദൈവതുല്യനായ ദൈവപുത്രനാണ്. അവൻ സ്ഥാപിക്കുന്നത് ഭൗതികമായൊരു രാജ്യമല്ല, മറിച്ച് ദൈവത്തിന്റെ ഭരണമാണ്. അതിന് അതിരുകളില്ല. എല്ലാ ജനതകളെയും രാജ്യങ്ങളെയും ജാതികളെയും വർഗ്ഗങ്ങളെയും ഉൾക്കൊള്ളാൻ മാത്രം വിശാലമാണ് ക്രിസ്തുരാജൻ സ്ഥാപിക്കുന്ന ദൈവരാജ്യം. അത് "ഭക്ഷണവും പാനീയവുമല്ല, പ്രത്യുത, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ്" (Jace 14, 17).

ദൈവത്തെ പിതാവായും സകല മനുഷ്യരെയും സഹോദരങ്ങളായും അംഗീകരിച്ച് ഏറ്റു പറയുന്നതിലൂടെയാവണം ക്രിസ്തുവിന്റെ രാജത്വം പ്രഘോഷിക്കുന്നത്. ജീവിതം ഇവിടം കൊണ്ടവസാനിക്കുന്നില്ലെന്നും അവസാന ശത്രുവായ മരണത്തെയും പരാജയപ്പെടുത്തി അനശ്വരവും ശാശ്വതവുമായ ദൈവരാജ്യം ഈ ഭൂമിയുടെ സമ്പൂർണ്ണ നവീകരണത്തോടെ ഒരു യാഥാർത്ഥമാകുമെന്നുമുള്ള വിശ്വാസവും പ്രത്യാശയുമാണ് ക്രിസ്തുവിന്റെ രാജത്വത്തിലൂടെ നാം പ്രഘോഷിക്കുന്നത്. അതോടൊപ്പം ദൈവരാജ്യത്തിന്റെ മൂല്യങ്ങളായ സത്യം, സ്വാതന്ത്ര്യം, നീതി, സാഹോദര്യം, കാരുണ്യം മുതലായവ സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതുവഴി ദൈവരാജ്യത്തിന്റെ സാക്ഷാൽക്കാരത്തിനുവേണ്ടി തന്നാൽ കഴിവതു യത്നിക്കുമെന്ന് തീരുമാനം ആവർത്തിച്ചുറപ്പിക്കാനുള്ള ഒരവസരം കൂടിയാകണം രാജത്വ തിരുനാളാഘോഷം. മാത്രമല്ല, മനുഷ്യനെ അടിമയാക്കുന്ന സകല ആസക്തികളെയും പ്രത്യയ ശാസ്ത്രങ്ങളെയും തത്വസംഹിതകളെയും മനോഭാവങ്ങളെയും തള്ളിപ്പറയാനും ഈ തിരുനാളാഘോഷം സഹായിക്കണം.

# സൂചിക

## മത്തായിയുടെ സുവിശേഷം


മത്താ 1, 18-25 35
മത്താ 2,1-12 51
മത്താ 7,28 - 8,13 128
മത്താ 4,1-10 133
മത്താ 7,15-27 140
മത്താ 20,17-28 148
മത്താ 21,33-44 157
മത്താ 21,1-17 181
മത്താ 26,26-30 190
മത്താ 4,12-17 360
മത്താ 17,14-27 368
മത്താ 15,21-28 375
മത്താ 20,1-16 383
മത്താ 8,23-34 398
മത്താ 22,23-33 405
മത്താ 16, 13-19 414
മത്താ 12,1-14 424
മത്താ 22, 41-46 441


## മർക്കോസിന്റെ സുവിശേഷം


മർക്കോ 16:9-20 245


## ലൂക്കായുടെ സുവിശേഷം


ലൂക്കാ 1, 5-25 13
ലൂക്കാ 1, 26-38 21
ലൂക്കാ 1, 57-80 28
ലൂക്കാ 2:1-20 42
ലൂക്കാ 2,21-35 60
മത്താ 3,13-17 69
ലൂക്കാ 4,16-22 78
ലൂക്കാ 24,44-53 239
ലൂക്കാ 7,36-50 263
ലൂക്കാ 10,25-37 271
ലൂക്കാ 6,27-36 281
ലൂക്കാ 12,22-34 288
ലൂക്കാ 12,57-13,5 292
ലൂക്കാ 13,22-30 299
ലൂക്കാ 14,1-14 304
ലൂക്കാ 15,11-32 311
ലൂക്കാ 16,19-31 331
ലൂക്കാ 17,11-19 339
ലൂക്കാ 18,1-8 346
ലൂക്കാ 18,35-43 352
ലൂക്കാ 8,41-56 389


## യോഹന്നാന്റെ സുവിശേഷം


യോഹ 1:14-18 88
യോഹ 1,35-42 99
യോഹ 2,1-11 107
യോഹ 3,1-21 113
യോഹ 3: 22-31 121
യോഹ 8,12-20 165
യോഹ 10,1-18 174
യോഹ 13,1-14 190
യോഹ 20,1-18 196
യോഹ 20,19-29 203
യോഹ 14,1-14 209
യോഹ 16,16-33 217
യോഹ 21,1-14 224
യോഹ 17:20-26 231
യോഹ 16,5-15 255
യോഹ 9,1-41 317
യോഹ 2, 13-22 432